# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

2023 ഫെബ്രുവരി 6, തിങ്കൾ

## ഔദ്യോഗിക റിപ്പോർട്ട്

വാല്യം 191 - നമ്പർ 5

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 ഫെബ്രുവരി 6, തിങ്കൾ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ
ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

**ഉള്ളടക്കം** **പേജ്**

**I ചോദ്യോത്തരങ്ങൾ**

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു)

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിട്ട 4577-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

**III ഗവർണറുടെ സന്ദേശം**

**IV അറിയിപ്പ്**

അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ

-മി. സ്പീക്കർ

**V അടിയന്തരപ്രമേയം**

ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിലെ വീഴ്ച

- ശ്രീ. അനൂപ് ജേക്കബ്

(അവതരണാനുമതി നിഷേധിച്ചു)

**VI ശ്രദ്ധ ക്ഷണിക്കൽ**

(1) കേന്ദ്ര വൈദ്യുതി ചട്ടഭേദഗതിമൂലമുള്ള വൈദ്യുതി നിരക്ക് വർദ്ധനവ്

- ശ്രീ. കെ. ഡി. പ്രസേനൻ

(2) ഉന്നത വിദ്യാഭ്യാസ രംഗം ആകർഷണീയമാക്കേണ്ടതിന്റെ ആവശ്യകത

- ശ്രീ. മഞ്ഞളാംകുഴി അലി

## VII സബ്മിഷൻ

(1) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

(2) കരിച്ചാൽക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്

- ശ്രീ. എ. സി. മൊയ്തീൻ

(3) ബേക്കൽ ടൂറിസം റിസോർട്ട് സൈറ്റുകളിലെ നിർമ്മാണ പ്രവൃത്തികൾ

- ശ്രീ. സി. എച്ച്. കുഞ്ഞമ്പു

(4) നിലമ്പൂരിലെ വന്യമൃഗ ശല്യം

- ശ്രീ. പി. വി. അൻവർ

(5) ഭവാനി വന്യജീവി സങ്കേതം

- ശ്രീ. എൻ. ഷംസുദ്ദീൻ

(6) കണ്ണശ്ശ സ്മാരക എച്ച്.എസ്.എസ്., പാലയ്ക്കൽതകിടി ജി.എച്ച്.എസ്. എന്നിവയുടെ കെട്ടിട നിർമ്മാണം

- ശ്രീ. മാത്യു ടി. തോമസ്

(7) സംസ്ഥാന പെൻഷൻകാരുടെ പ്രശ്നങ്ങൾ

- ശ്രീ. ഇ. ചന്ദ്രശേഖരൻ

(8) എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനാംഗീകാരം
- ശ്രീ. ടി. വി. ഇബ്രാഹിം

(9) ചെറുകിട തോട്ടം തൊഴിലാളികളുടെ മിനിമം വേതനം വർദ്ധിപ്പിക്കൽ
- ശ്രീ. എ. രാജ

(10) കാലിത്തീറ്റയിൽ നിന്നുണ്ടായ വിഷബാധ
- ശ്രീ. മോൻസ് ജോസഫ്

**VIII റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട്

**IX റിപ്പോർട്ട് പരിഗണന**

**X പ്രസ്താവന**

പ്രതിപക്ഷ മെമ്പർമാരുടെ സത്യാഗ്രഹ സമരം

- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ)

**XI ധനകാര്യം**

2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ച പൊതുചർച്ച

**അനുബന്ധം I, II & III**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### എട്ടാം സമ്മേളനം

2023 ഫെബ്രുവരി 6, തിങ്കൾ

---

വാല്യം 191} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 5

---

നിയമസഭ 2023 ഫെബ്രുവരി മാസം 6-ാം തീയതി തിങ്കളാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ *61

(ചോദ്യോത്തരവേള ആരംഭിച്ചയുടൻ ബഡ്ജറ്റിലെ നികുതി നിരക്ക് വർദ്ധനവിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് അവരവരുടെ സീറ്റുകളിൽ എഴുന്നേറ്റുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

**മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

1 (*61) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ, ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിവരുന്ന വികസന, ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ മികവുറ്റതാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ സമഗ്ര ക്ഷേമം ഉറപ്പുവരുത്തുന്നതിന് കൂടുതൽ പദ്ധതികൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ,

(എ) മത്സ്യത്തൊഴിലാളികളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഉയർത്തുന്നതിനുതകുന്ന പദ്ധതികളാണിവയിൽ ഏറെയും, ഇതോടൊപ്പം മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും ഊന്നൽ നൽകുന്നു. മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികളുടെ കാര്യക്ഷമത ഉറപ്പാക്കി കൃത്യതയോടെയും സുതാര്യതയോടെയും യഥാസമയം നടപ്പാക്കുന്നതിനും ശ്രദ്ധിച്ചുവരുന്നു. പദ്ധതികൾ മികവുറ്റതാക്കുന്നതിനും യഥാസമയം ലക്ഷ്യം കൈവരിക്കുന്നതിനുമായി നടത്തിയ ഇടപെടലുകൾ ഇവയാണ്. (...ബഹളം....)

1. മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി ആനുകൂല്യം ലഭിക്കുന്നതിനുണ്ടായിരുന്ന കാലതാമസം പരിഹരിക്കുന്നതിന്, മത്സ്യത്തൊഴിലാളികൾ, മത്സ്യബോർഡ്, ഇൻഷ്വറൻസ് കമ്പനികൾ എന്നിവരെ പങ്കെടുപ്പിച്ച് തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ അദാലത്തുകൾ സംഘടിപ്പിച്ചു. അദാലത്തുകളിൽ പങ്കെടുത്ത 164 പേരുടെ അപേക്ഷകൾ പരിഗണിച്ച് 15.52 കോടി രൂപ ധനസഹായമായി അനുവദിച്ചു. തുടർന്ന് ഇൻഷ്വറൻസ് പരിരക്ഷ യഥാസമയം ലഭ്യമാക്കുന്നതിന് മേഖലകൾ കേന്ദ്രീകരിച്ച് പ്രത്യേക ഉദ്യോഗസ്ഥ സംവിധാനം മത്സ്യ ബോർഡിൽ ഒരുക്കി;

2. മത്സ്യത്തൊഴിലാളികളെ മത്സ്യബന്ധന യാനങ്ങളുടെ ഉടമകളാക്കുകയെന്ന ലക്ഷ്യ സാക്ഷാത്കാരത്തിന്റെ ആദ്യഘട്ടമായി 10 മത്സ്യത്തൊഴിലാളികൾ വീതമുള്ള 10 ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിന് 156 ലക്ഷം രൂപ വീതം വില വരുന്ന സുരക്ഷിത യാനങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്;

3. മത്സ്യത്തൊഴിലാളികൾ പിടിച്ചെടുക്കുന്ന മത്സ്യം കേടാകാതെ കരയ്ക്കെത്തിച്ച് ഗുണനിലവാരം ഉറപ്പാക്കി, ഉപഭോക്താക്കൾക്ക് ലഭ്യമാക്കാൻ ലക്ഷ്യമിട്ട് 75% സബ്സിഡിയോടെ ഇൻസുലേറ്റഡ് ഐസ്

ബോക്സുകൾ അനുവദിക്കുന്ന പദ്ധതി 2021-22 വർഷം മുതൽ നടപ്പാക്കി;

4. മത്സ്യം കൈകാര്യം ചെയ്യുന്ന ലാൻഡിംഗ് സെന്ററുകളും ഹാർബറുകളും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിന് നടപടിയെടുത്തുവരുന്നു;

5. മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും രക്ഷിക്കുന്നതിനും അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് ന്യായവില ലഭിക്കുന്നതിനും കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം, 2021 നടപ്പാക്കി. ചട്ടങ്ങൾ അംഗീകരിച്ച് മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തംകൂടി ഉറപ്പാക്കിയ ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ ഉടൻ നടപ്പിൽ വരുന്നതാണ്;

6. മണ്ണെണ്ണയുടെ വില വർദ്ധനവും ലഭ്യതക്കുറവും കണക്കിലെടുത്ത് പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കുന്നതിന് സഹായകമായ കിറ്റുകൾ സബ്സിഡിയോടെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു;

7. മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും ഉതകുന്നതരത്തിൽ കെ.എം.എഫ്.ആർ. നിയമം കാലോചിതമായി പരിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്തുവരുന്നു;

8. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി. വലകളുടെ കണ്ണിവലിപ്പവും ആകെ വലിപ്പവും നിയന്ത്രിച്ചു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യലഭ്യത ഉറപ്പാക്കുന്നതിനും തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനുമായി 20 മീറ്ററിന് മുകളിലും 250 എച്ച്.പി.-ക്ക് മുകളിലും ഇന്ധനക്ഷമതയുള്ള യാനങ്ങൾക്ക് തീരക്കടലിൽ മത്സ്യബന്ധനം നിരോധിച്ചു;

9. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുമെന്നതിനാൽ കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ച് നടപ്പാക്കിവരുന്നു;

10. മത്സ്യവിഭവ പരിപാലനത്തിനായി മത്സ്യ ഗ്രാമതലത്തിലും ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കിയ സമിതികൾ രൂപീകരിച്ചു;

11. മത്സ്യത്തൊഴിലാളി മേഖലയിൽ ക്യാൻസർ, വൃക്കരോഗം, കരൾ രോഗം, പക്ഷാഘാതം എന്നിവ ബാധിച്ചവരുടെ തുടർ ചികിത്സ

ഉറപ്പാക്കുന്നതിന് "സ്വാന്തന തീരം" പദ്ധതി 2021-22 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു;

12. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് യഥാസമയം വിദ്യാഭ്യാസാനുകൂല്യം ലഭ്യമാക്കുന്നതിന് ഇ-ഗ്രാന്റ്സ് പദ്ധതി നടപ്പാക്കി;

13. മത്സ്യത്തൊഴിലാളി അംഗത്വത്തിനുള്ള അപേക്ഷ ഓൺലൈനാക്കി. തന്മൂലം ഓഫീസിൽ നേരിട്ടെത്താതെ അപേക്ഷ സമർപ്പിക്കാൻ അവസരം ലഭിച്ചു;

14. ക്ഷേമ പദ്ധതികളിൽ ഇ-സേവനം ഉറപ്പാക്കി. കൂടുതൽ പദ്ധതികൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു;

15. പരമ്പരാഗത യാനങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തി. അപകടങ്ങൾക്ക് യഥാസമയം ധനസഹായം ലഭ്യമാക്കിവരുന്നു;

16. കടലാക്രമണത്താൽ കണ്ണീരും കനലുമായി കഴിഞ്ഞിരുന്ന ജനതയ്ക്ക് ആശ്വാസമേകാൻ 2450 കോടി രൂപയുടെ "പുനർഗേഹം പദ്ധതി" നടപ്പാക്കി വരുന്നു. പദ്ധതി പ്രകാരം 5435 കുടുംബങ്ങൾക്ക് പുനരധിവാസം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. മാറിത്താമസിക്കാൻ സന്നദ്ധരായ മുഴുവൻ

പേർക്കും പുനരധിവാസം ഉറപ്പാക്കാൻ നടപടിയെടുക്കും;

17. മത്സ്യത്തൊഴിലാളികളുടെ സമ്പൂർണ്ണ വിവരശേഖരണത്തിന് ഫിഷറീസ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം കാര്യക്ഷമമായി നടപ്പാക്കി വരുന്നു;

18. മത്സ്യത്തൊഴിലാളി വനിതകൾക്ക് യാത്രാ സൗകര്യമൊരുക്കാൻ "സമുദ്ര" ബസ് സർവ്വീസ് ആരംഭിച്ചു;

19. മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും പലിശരഹിത വായ്പാ പദ്ധതികൾ നടപ്പാക്കിവരുന്നു;

20. കടലും കടലോരവും പ്ലാസ്റ്റിക് മാലിന്യ മുക്തമാക്കുന്നതിന് ബഹുജന പങ്കാളിത്തം ഉറപ്പാക്കിയുള്ള "ശുചിത്വ സാഗരം സുന്ദര തീരം" പദ്ധതി നടപ്പാക്കും. ഇതിലൂടെ തീരത്തിന്റേയും തീരക്കടലിന്റേയും ആവാസ വ്യവസ്ഥ സംരക്ഷിക്കപ്പെടുന്നു;

21. ഉൾനാടൻ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും വേമ്പനാട്, അഷ്ടമുടി കായലുകൾ കേന്ദ്രീകരിച്ച് മത്സ്യ സങ്കേതങ്ങൾ നടപ്പാക്കി വരുന്നു;

22. പ്രധാന ഹാർബറുകൾ കേന്ദ്രീകരിച്ച് കടൽ സുരക്ഷാ സ്ക്വാഡുകളുടെ പ്രവർത്തനം ഉറപ്പാക്കി, കടൽ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിന് സംസ്ഥാനതല കൺട്രോൾ റൂം ആരംഭിച്ചിട്ടുണ്ട്;

23. കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ എല്ലാ തീരക്കടലിലും കൃത്രിമപ്പാര് സ്ഥാപിക്കും;

24. മത്സ്യത്തൊഴിലാളികൾക്ക് പദ്ധതികളെക്കുറിച്ചും സേവനങ്ങളെക്കുറിച്ചും അറിയുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ ആരംഭിച്ചു;

25. മത്സ്യത്തൊഴിലാളി വനിതാ ശാക്തീകരണത്തിലൂടെ മത്സ്യത്തൊഴിലാളി മേഖലയിൽ ബദൽ ജീവനോപാധികൾ സൃഷ്ടിച്ചുകൊണ്ട് മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ തൊഴിൽസുരക്ഷ ഉറപ്പാക്കുന്നതിനുമാവശ്യമായ സംരംഭകത്വവികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കും. (...ബഹളം....)

(ബി) മത്സ്യബന്ധന യാനങ്ങൾ ആധുനികവൽക്കരിക്കാൻ പുതിയ പദ്ധതി നടപ്പാക്കും. 60% നിരക്കിൽ പരമാവധി തുകയായി 10 ലക്ഷം രൂപ വരെ സബ്സിഡി ഇനത്തിൽ അനുവദിക്കാനാണ് ഉദ്ദേശിക്കുന്നത്.

മത്സ്യബന്ധന യാനങ്ങളുടെ എഞ്ചിനുകൾ ഘട്ടംഘട്ടമായി ഡീസൽ/പെട്രോൾ എഞ്ചിനുകളാക്കി മാറ്റുന്നതിന് പ്രത്യേക പദ്ധതി; നോർവെയിൽ നിന്നുള്ള ആർട്ടിഫിഷ്യൽ ഇൻറലിജൻസ് അധിഷ്ഠിത സാങ്കേതികവിദ്യയുടെ സഹായത്തോടെ സമുദ്ര കൂട് കൃഷി നടപ്പാക്കുന്നതിനായി നടപടി സ്വീകരിക്കും; ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ രൂപീകരിക്കും; ഫിഷറീസ് വകുപ്പിൽ ഇ-ഗവേണൻസ് നടപ്പാക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ സേവനങ്ങൾ, വിവര സാങ്കേതിക അടിസ്ഥാന സൗകര്യങ്ങൾ, കണക്റ്റിവിറ്റി, സപ്പോർട്ട് സർവീസുകൾ എന്നിവ മെച്ചപ്പെടുത്തുന്നതാണ്; മത്സ്യോത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സ്വയംതൊഴിൽ, ഉപജീവനമാർഗ്ഗം, വരുമാനം എന്നിവയ്ക്കായി പുതിയ മാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിനുമായി നൂതന മത്സ്യകൃഷി സമ്പ്രദായങ്ങൾ നടപ്പാക്കുന്നതാണ്; എല്ലാ പ്രതികൂല സാഹചര്യങ്ങളും തരണം ചെയ്യുന്നതിനും ആഴക്കടൽ മത്സ്യബന്ധനത്തിലേയ്ക്ക് കടക്കത്തക്കവിധം എല്ലാ സുരക്ഷാ സംവിധാനങ്ങളും സജ്ജീകരിച്ച് സംസ്ഥാനത്തെ മത്സ്യബന്ധന ഉപകരണങ്ങൾ ആധുനികവൽക്കരിക്കുന്നതിനുമുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കും; നിലവിലുള്ള മണ്ണെണ്ണ OBM-കൾക്ക് പകരം കൂടുതൽ

കാര്യക്ഷമതയും കുറഞ്ഞ മലിനീകരണവുമുള്ള പെട്രോൾ/ഡീസൽ/എൽ.പി.ജി. OBM-കൾ വാങ്ങുന്നതിന് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നൽകുന്നതാണ്; സാഫ്, മത്സ്യഫെഡ് എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. (...ബഹളം....)

മി. സ്പീക്കർ: സഭയ്ക്കകത്ത് ഇത്തരം പ്ലക്കാർഡുകൾ ഒരു തരത്തിലും ഉപയോഗിക്കാൻ പാടില്ലെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് സൂചിപ്പിക്കാനുള്ളത്. Rules of Procedure വായിച്ചുപഠിക്കുന്നത് നല്ലതാണ്. പ്ലീസ്...... സഹകരിക്കണം... (...ബഹളം....)

ശ്രീ. തോമസ് കെ. തോമസ്: സർ, അടിക്കടിയുണ്ടാകുന്ന കാലാവസ്ഥ വ്യതിയാനംമൂലമുള്ള തൊഴിൽ നഷ്ടം നികത്തുന്നതിന്, ട്രോളിംഗ് നിരോധന സമയത്തുൾപ്പെടെ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന സഹായം കാലോചിതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, കാലാവസ്ഥ വ്യതിയാനവുമായി ബന്ധപ്പെട്ട് കടലിൽ പോകാൻ കഴിയാത്ത സന്ദർഭങ്ങളിൽ മത്സ്യത്തൊഴിലാളികൾക്കായി നിരവധി ആശ്വാസ പദ്ധതികളാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 100

കോടിയോളം രൂപയുടെ സാമ്പത്തിക സഹായം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽനിന്ന് നൽകി. കഴിഞ്ഞ ദിവസം 50 കോടിയോളം രൂപ അനുവദിച്ചു. ഈ സർക്കാർ അധികാരമേറ്റശേഷം ആകെ 150 കോടിയോളം രൂപയുടെ സഹായം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പാക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമാണ് കേരളം.

(പ്രതിപക്ഷാംഗങ്ങൾ സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരായി)

ശ്രീ. തോമസ് കെ. തോമസ്: സർ, വേമ്പനാട്ട് കായലിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യം പിടിക്കുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടത് അത്യാവശ്യമാണ്. പോള ശല്യം കാരണം അവർക്ക് ശരിയായ രീതിയിൽ മത്സ്യം പിടിക്കാൻ സാധിക്കാത്തതിനാൽ ആവശ്യമായ നടപടി സ്വീകരിക്കണം. കേന്ദ്രസർക്കാരിന്റെ തെറ്റായ നയങ്ങൾമൂലം മത്സ്യത്തൊഴിലാളികൾക്ക് നിഷേധിച്ച മണ്ണെണ്ണ സബ്സിഡി പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനോടൊപ്പം ആഴക്കടൽ മത്സ്യബന്ധനത്തിലേർപ്പെടുന്ന പാവപ്പെട്ട തൊഴിലാളികളെ സഹായിക്കുന്നതിന് കേന്ദ്രസർക്കാരിൽ ശക്തമായ ഇടപെടലും നടത്തണം.

ശ്രീ. സജി ചെറിയാൻ: സർ, വേമ്പനാട്ട് കായലുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ സർക്കാർ ഇടപെടൽ നടത്തിയിട്ടുണ്ട്. വേലിയേറ്റവുമായി

ബന്ധപ്പെട്ട് അടിഞ്ഞുകൂടിയ ചെളി മാറ്റുന്നതിനാവശ്യമായ സമഗ്രപദ്ധതിയെക്കുറിച്ചും സർക്കാർ ആലോചിക്കുന്നുണ്ട്. പ്രസ്തുത വിഷയം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് ഇപ്പോൾ അഭിപ്രായം വ്യക്തമാക്കാൻ കഴിയില്ല. കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട വിഷയമായ മണ്ണെണ്ണ സബ്ഡിഡിയുടെ കാര്യം പുന:പരിശോധിക്കുന്നതാണ്. യാനങ്ങളുടെ എഞ്ചിനുകൾ കൂടുതൽ കാര്യക്ഷമതയും കുറഞ്ഞ മലിനീകരണവുമുള്ള പെട്രോൾ/ഡീസൽ/എൽ.പി.ജി. എഞ്ചിനുകളിലേയ്ക്ക് മാറ്റുന്നതിനുള്ള സംവിധാനത്തെക്കുറിച്ച് ആലോചിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ഓമനപ്പുഴയിൽ പരീക്ഷണാർത്ഥം പത്ത് വള്ളങ്ങൾക്ക് എൽ.പി.ജി. ഗ്യാസ് നൽകിയത് വിജയകരമായി. കേരളത്തിലെ മത്സ്യത്തൊഴിലാളികൾ ഇന്ന് അനുഭവിക്കുന്ന ദുരിതത്തിൽനിന്ന് അവരെ കരകയറ്റാൻ കഴിയുമെന്ന ശുഭപ്രതീക്ഷ സർക്കാരിനുണ്ട്.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, കടലിൽനിന്ന് മത്സ്യം പിടിക്കുന്നവരെയാണ് സാധാരണയായി മത്സ്യത്തൊഴിലാളികളായി കണക്കാക്കുന്നത്. എന്നാൽ പിടിച്ച മത്സ്യം വീടുകളിലെത്തിക്കുന്ന തൊഴിലാളികളുണ്ട്. അവർക്കും കൂടുതൽ ആനുകൂല്യങ്ങൾ നൽകണം. കൂടാതെ 60 വയസ്സ് കഴിയുന്ന അംഗങ്ങൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി

ബോർഡിൽനിന്നും പണം തിരിച്ചുകിട്ടാത്ത സ്ഥിതിയുള്ളതിനാൽ പ്രസ്തുത തുക ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യാനുബന്ധത്തൊഴിലാളികളുടെ പ്രശ്നങ്ങളെ ഗൗരവമായാണ് സർക്കാർ പരിഗണിക്കുന്നത്. ഇക്കാര്യത്തിൽ പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്; ഇവ നടപ്പാക്കുന്നതിന് മുൻകയ്യെടുക്കും.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, മത്സ്യത്തൊഴിലാളികൾ പിടിച്ച മത്സ്യം കേടുകൂടാതെ കരയ്ക്കെത്തിക്കുന്നതിനും അവയ്ക്ക് ന്യായവില ലഭ്യമാക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ഈ മേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്; മറ്റെന്തെല്ലാം പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന മത്സ്യം കേടുകൂടാതെ കരയ്ക്കെത്തിക്കുന്നതിനും സൂക്ഷിക്കുന്നതിനുമായി 75% സബ്സിഡി നിരക്കിൽ ഇൻസുലേറ്റഡ് ഐസ് ബോക്സുകൾ നൽകുന്ന പദ്ധതി 2021-22 വർഷം മുതൽ നടപ്പാക്കിയിട്ടുണ്ട്. ഇതുപ്രകാരം 1259 പരമ്പരാഗത യാനങ്ങൾക്ക് ഇൻസുലേറ്റഡ് ഐസ് ബോക്സുകൾ നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ഇതിനോടകം 127 ലക്ഷം രൂപ

ചെലവഴിച്ചിട്ടുണ്ട്. മത്സ്യങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കുകയും പ്രധാനപ്പെട്ട എല്ലാ വലകളുടേയും ആകെ വലിപ്പവും കുറഞ്ഞ കണ്ണി വലിപ്പവും നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.-ക്ക് മുകളിൽ ഇന്ധനക്ഷമതയുമുള്ള യാനങ്ങൾക്ക് തീരക്കടൽ മത്സ്യബന്ധന ലൈസൻസ് അനുവദിക്കുന്നില്ല. ചെറുമത്സ്യങ്ങളെ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുമെന്നതിനാൽ കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനമിറക്കുകയും ആയത് നടപ്പാക്കുകയും ചെയ്തുവരുന്നു. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി പി.എം.എം.എസ്.വൈ. (പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന) യിലുൾപ്പെടുത്തി കൃത്രിമ പാരുകൾ സ്ഥാപിക്കുന്നതിനായി 29.45 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

പദ്ധതിക്ക് പൂരകമായി സമുദ്രമത്സ്യവിത്ത് നിക്ഷേപംകൂടി ഉൾപ്പെടുത്തി പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കാവുന്നതാണ്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, കടലാക്രമണത്തിൽ തകർന്ന മത്സ്യത്തൊഴിലാളികളുടെ വീടുകൾ സുരക്ഷിതമായ സ്ഥലത്ത് നിർമ്മിച്ച് നൽകുന്നതോടൊപ്പം കടലാക്രമണം ചെറുക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് കടൽഭിത്തി നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോയെന്നും ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, സംസ്ഥാന സർക്കാരിന്റെ മാതൃകാപരമായ പദ്ധതിയാണ് 'പുനർഗേഹം'. ഇതുവരെ 390 കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിച്ചുനൽകി പുനരധിവാസം സാധ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമെ 2018-ൽ മുട്ടത്തറയിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 192 ഫ്ലാറ്റുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം വിവിധ തീരദേശ ജില്ലകളിലായി 1184 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം മുട്ടത്തറയിൽ 400 ഫ്ലാറ്റുകൾ

നിർമ്മിക്കുന്നതിന് ഈ മാസം 10-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി തറക്കല്ലിടുന്നുണ്ട്. കൂടാതെ കാസർഗോഡ് കോയിപ്പാടിയിലും കോഴിക്കോട് പൊന്നാനിയിലും ഫ്ലാറ്റുകൾക്ക് തറക്കല്ലിടുന്നുണ്ട്. 5435 പേരുടെ പുനരധിവാസം ഇതിനോടകം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. തീരദേശത്തുനിന്ന് മാറി താമസിക്കാൻ മത്സ്യത്തൊഴിലാളികൾ പലപ്പോഴും തയ്യാറാകുന്നില്ലെന്നതാണ് പ്രധാന പ്രശ്നം. തീരത്തോട് ചേർന്നുള്ള സ്ഥലത്തിന്റെ ലഭ്യതയും മറ്റൊരു വിഷയമാണ്. ഭവനം നഷ്ടപ്പെട്ട മുഴുവൻ മത്സ്യത്തൊഴിലാളികളുടെയും പുനരധിവാസം ഒന്നര വർഷത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് ഉറപ്പുനൽകുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, തീരദേശം മുഴുവൻ വറുതിയിലും പട്ടിണിയിലുമാണെന്ന് എല്ലാവർക്കുമറിയാം. സമീപകാല ചരിത്രത്തിലെ ഏറ്റവും പ്രയാസകരമായ സാഹചര്യത്തിലൂടെയാണ് മത്സ്യത്തൊഴിലാളികൾ മുന്നോട്ടുപോകുന്നത്. രണ്ട് കാര്യങ്ങൾ അടിയന്തരമായി പരിഹരിക്കപ്പെടേണ്ടതുണ്ട്. മണ്ണെണ്ണ സബ്സിഡിയുമായി ബന്ധപ്പെട്ടതാണ് ആദ്യ വിഷയം. മണ്ണെണ്ണയ്ക്ക് ലിറ്ററിന് 40-45 രൂപ വരെ വിലയുണ്ടായിരുന്ന സമയത്ത് 25 രൂപ സബ്സിഡിയാണ് നൽകിയത്. ലിറ്ററിന് 140 രൂപയായിട്ടും ഇതേ സബ്സിഡിയാണ്

നിലനിൽക്കുന്നത്. അതുകൊണ്ട് സബ്സിഡി വർദ്ധിപ്പിക്കാനുള്ള തീരുമാനമുണ്ടാകണം. തീരപ്രദേശത്തുനിന്ന് വീട് വിട്ടുപോകുന്നവർ പുനർഗേഹം പദ്ധതിപ്രകാരം നൽകുന്ന 10 ലക്ഷം രൂപ ഉപയോഗിച്ച് 3 സെന്റ് സ്ഥലം വാങ്ങി വീട് നിർമ്മാണം പൂർത്തിയാക്കുന്നത് എങ്ങനെയെന്ന് മനസ്സിലാകുന്നില്ല. അതുകൊണ്ട് ഈ രണ്ട് പദ്ധതികളും സമഗ്രമായി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, തീരദേശത്ത് വറുതിയാണെന്ന് അഭിപ്രായപ്പെട്ടതിനോട് യോജിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് രേഖകൾ പരിശോധിക്കാവുന്നതാണ്. തീരദേശത്തിന്റെ സംരക്ഷണത്തിനും സുരക്ഷയ്ക്കുംവേണ്ടി പരമാവധി സഹായങ്ങൾ ചെയ്യുന്നുണ്ട്. ഭവനനിർമ്മാണത്തെ സംബന്ധിച്ചും ഇവിടെ വിശദീകരിക്കുകയുണ്ടായി. അതിൽ ഒട്ടനവധി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. പുനർഗേഹം പദ്ധതിയിൽ ഭൂമി രജിസ്ട്രേഷൻ സൗജന്യമാക്കുന്നതിന് സർക്കാർ തീരുമാനിച്ചു. അതിന് പണം മുടക്കുന്നത് സർക്കാരാണ്. 60,000 രൂപയുടെ ലാഭം ഇതിലൂടെ ഗുണഭോക്താക്കൾക്ക് ലഭിക്കും. തീരത്തുനിന്ന് മാറിപ്പോകുന്ന ആളുകൾക്ക് ഭൂമി നഷ്ടപ്പെടുമോയെന്ന ആശങ്ക നിലനിന്നിരുന്നു. എന്നാൽ ആ ഭൂമിയിൽ വീട് വയ്ക്കുന്നതിനുമാത്രമേ

തടസ്സമുള്ള, മറ്റാവശ്യങ്ങൾക്കുവേണ്ടി അവർക്ക് ഉപയോഗിക്കാം. വീട് നിർമ്മിക്കാൻ 10 ലക്ഷം രൂപ നൽകുന്നുമുണ്ട്. നിലവിൽ വീട് നഷ്ടപ്പെട്ടവരെയെല്ലാം മുട്ടത്തറയിലെ 400 ഫ്ലാറ്റ് സമുച്ചയത്തിലും കൂടാതെ ഉടനെ നിർമ്മിക്കുന്ന 350 ഫ്ലാറ്റുകളിലുമായി പുനരധിവസിപ്പിക്കും. വലിയതുറയിൽ നിലനിന്നിരുന്ന പ്രശ്നങ്ങൾ ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പരിഹരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ ഏതാണ്ട് അഞ്ഞൂറോളം പുതിയ ഫ്ലാറ്റുകൾ സ്ഥാപിക്കാൻ കഴിയും. മണ്ണെണ്ണയുടെ വില വർദ്ധനവുമായി ബന്ധപ്പെട്ട് നിലവിൽ യാതൊന്നും ചെയ്യാൻ കഴിയുന്ന സ്ഥിതിയല്ല. ലിറ്ററിന് 50 രൂപയിൽ താഴെ വിലയുണ്ടായിരുന്നപ്പോൾ 25 രൂപ സബ്സിഡി നൽകിയതിനുപോലും 350 കോടി രൂപ വേണമായിരുന്നു. വില വർദ്ധിക്കുന്നതിനനുസരിച്ച് സബ്സിഡി വർദ്ധിപ്പിക്കുന്നതിന് അധികതുക ആവശ്യമായി വരും. കേന്ദ്രനയങ്ങളുടെ ഭാഗമായാണ് മണ്ണെണ്ണയുടെ വില വർദ്ധിക്കുന്നത്. എന്നാൽ അതിനെതിരായി ഒന്നും പറയുന്നില്ല. മത്സ്യബന്ധന യാനങ്ങൾ ഡീസൽ, പെട്രോൾ, എൽ.പി.ജി. എഞ്ചിനുകളിലേയ്ക്ക് മാറാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അതിനുവേണ്ടി അടിയന്തരനടപടി സ്വീകരിച്ചു.

പരീക്ഷണാർത്ഥം ആലപ്പുഴ ജില്ലയിലെ ഓമനപ്പുഴയിൽ ഐ.ഒ.സി. (ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ)-യുമായി ബന്ധപ്പെട്ട് 10 എൽ.പി.ജി. കൺവെർഷൻ കിറ്റുകൾ നൽകി. അതിന്റെ വിജയം വിലയിരുത്തി ഈ സർക്കാരിന്റെ കാലയളവിൽ കേരളത്തിലെ മുഴുവൻ മത്സ്യബന്ധന യാനങ്ങളിലെ മണ്ണെണ്ണ എഞ്ചിനുകളെയും പെട്രോൾ, ഡീസൽ, എൽ.പി.ജി. എഞ്ചിനുകളിലേയ്ക്ക് മാറ്റാൻ കഴിയും. അത് വൻ വിജയമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും നിയമം സമയബന്ധിതമായി നടപ്പിലാക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; അത് എത്ര ഹാർബറുകളിൽ നടപ്പിലാക്കി?

ശ്രീ. സജി ചെറിയാൻ: സർ, മത്സ്യത്തൊഴിലാളികളെ ഇടനിലക്കാർ ചൂഷണം ചെയ്യുന്നതിനെതിരായുള്ള നിയമമാണ് നിയമസഭ പാസ്സാക്കിയത്. അതിന്റെ ചട്ടങ്ങൾ തയ്യാറാക്കി അന്തിമ ചർച്ചയിലാണ്. തൊഴിലാളി സംഘടനകളുമായി ഇക്കാര്യം ചർച്ച ചെയ്യാൻ അടുത്തദിവസം യോഗം വിളിച്ചിട്ടുണ്ട്. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കേരളത്തിലെ മത്സ്യത്തൊഴിലാളികളെ രക്ഷിക്കുകയെന്ന നിലപാടാണ് സംസ്ഥാന

ഗവൺമെന്റിനുള്ളത്. അടിയന്തരമായി ചട്ടങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത നിയമം നടപ്പാക്കും. കേരളത്തിലെ ഹാർബറുകളിലും ഫിഷ് ലാൻഡിംഗ് സെന്ററുകളിലും മാർക്കറ്റുകളിലും ഇടനിലക്കാരുടെ ചൂഷണങ്ങൾ ഒഴിവാക്കുന്നതിനുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. മുരളി പെരുനെല്ലി: സർ, ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള നിരവധി സ്ഥലങ്ങൾ യാതൊരു പ്രവർത്തനവുമില്ലാതെ കിടക്കുന്ന സ്ഥിതിവിശേഷമുണ്ട്. മണലൂർ നിയോജകമണ്ഡലത്തിൽ വെങ്കിടങ്ങ് പഞ്ചായത്തിൽ പണ്ട് പ്രവർത്തിച്ചിരുന്ന ഫിഷറീസ് സ്കൂൾ തകരുകയും ഭൂമി അന്യാധീനപ്പെട്ട് പോയിക്കൊണ്ടിരിക്കുകയുമാണ്. പ്രസ്തുത ഭൂമി ലഭ്യമാക്കുന്നതിനായി അവിടെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഫിഷറീസ് സഹകരണ സംഘം നിവേദനം നൽകിയിരുന്നു. ഈ ഭൂമി സഹകരണ സംഘത്തിന് നൽകാനാവശ്യമായ നടപടി സ്വീകരിക്കുമോ; ഇത്തരം ഭൂമി മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉപയുക്തമാക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇതുസംബന്ധിച്ച് അങ്ങ് നൽകിയ കത്ത് പരിഗണനയിലാണ്. അത് തീർച്ചയായും നടപ്പാക്കാൻ കഴിയുന്നതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ പദ്ധതി നിലവിലുണ്ട്. 2016 വരെയുള്ള കടങ്ങളെ സംബന്ധിച്ചാണ് കടാശ്വാസ കമ്മീഷൻ ഇപ്പോൾ നടപടി സ്വീകരിക്കുന്നത്. അതിന്റെ സമയം നീട്ടിക്കൊടുത്തുവെന്നാണ് അറിയാൻ സാധിച്ചത്. 2020 വരെയുള്ള കടങ്ങൾക്ക് കടാശ്വാസം നൽകാൻ ഗവൺമെന്റ് തീരുമാനിച്ചാൽ വലിയൊരു ആശ്വാസമാകും. മത്സ്യത്തിന്റെ ലഭ്യതയില്ലായ്മ, നിരന്തരമായ കാലാവസ്ഥാ മുന്നറിയിപ്പുകൾ, തീരദേശത്തുണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്നിവ കണക്കിലെടുത്ത് ഇതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കടാശ്വാസ കമ്മീഷനുമായി ബന്ധപ്പെട്ട് മികച്ച പ്രവർത്തനമാണ് കാഴ്ചവച്ചിരിക്കുന്നത്. മത്സ്യത്തൊഴിലാളികൾക്ക് സഹായകരമായ നിലപാടുകൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. 2008 വരെയുള്ള കടങ്ങളുടെ കുറച്ച് പ്രശ്നങ്ങൾകൂടി പരിഹരിക്കേണ്ടതായിട്ടുണ്ട്. അതിന്റെ കാലാവധി ഇപ്പോൾ ഗവൺമെന്റ് നീട്ടിക്കൊടുത്തിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ച വിഷയം പ്രത്യേകമായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിശോധിക്കാം.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; 'സീ റാഞ്ചിംഗ്' പദ്ധതിയിലൂടെ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി തുടർന്ന് നടപ്പിലാക്കുന്നുണ്ടോ; ഉൾനാടൻ ജലാശയങ്ങളിലെ എക്കൽ നീക്കംചെയ്യുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനും പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. 'ഇന്റഗ്രേറ്റഡ് ഫിഷറി റിസോഴ്സ് മാനേജ്മെന്റ് ഇൻ ഇൻലാൻഡ് അക്വാട്ടിക് ഇക്കോസിസ്റ്റം' എന്ന പദ്ധതിക്ക് 463 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി കാർപ്പ്, ആറ്റുകൊഞ്ച്, കാരചെമ്മീൻ, കരിമീൻ, പൂമീൻ തുടങ്ങിയ 162 ലക്ഷം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചുവരുന്നു. ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രധാന പ്രശ്നമായ മത്സ്യലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ

ഉൾനാടൻ ജലാശയങ്ങളിലെ ആവാസവ്യവസ്ഥ പരിപാലിക്കുന്നതിനും മത്സ്യസ്രോതസ്സ് നിലനിർത്തുന്നതിനും മത്സ്യ/കക്ക സംരക്ഷണകേന്ദ്രങ്ങൾ സ്ഥാപിച്ച് സംരക്ഷിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. അനധികൃതവും അശാസ്ത്രീയവുമായ മത്സ്യബന്ധന രീതികളില്ലാതാക്കുന്നതിന് കേരള ഇൻലാൻഡ് ഫിഷറീസ് ആൻഡ് അക്വാകൾച്ചർ ആക്ട് പ്രകാരമുള്ള പട്രോളിംഗ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉൾനാടൻ മേഖലയിലെ പ്രശ്നങ്ങൾക്ക് പ്രത്യേക പരിഗണന സംസ്ഥാന ഗവൺമെന്റ് നൽകുന്നുണ്ട്. ഈ ബഡ്ജറ്റിൽ അതിനാവശ്യമായ പ്രഖ്യാപനങ്ങൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നടത്തിയിട്ടുണ്ട്.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ഫിഷറീസ് ഇന്നവേഷൻ കൗൺസിലിലൂടെ എന്താണ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ യൂറോപ്പ് പര്യടനവുമായി ബന്ധപ്പെട്ടാണ് ഈ പ്രശ്നം പ്രധാനമായും ചർച്ച ചെയ്യപ്പെട്ടത്. ഈ വർഷത്തെ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അത് പ്രഖ്യാപിച്ചിട്ടുമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സംഘത്തിന്റെയും യൂറോപ്പ് സന്ദർശനത്തിനുശേഷം രൂപീകരിച്ച ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിനാണ് ഫിഷറീസ് ഇന്നവേഷൻ

കൗൺസിൽ രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചത്. ഫിഷറീസ് വകുപ്പ്, വ്യവസായ വകുപ്പ്, കെ-ഡിസ്ക്, നോളജ് മിഷൻ, കേരള സ്റ്റാർട്ടപ്പ് മിഷൻ, ആർ&ഡി ഇൻസ്റ്റിറ്റ്യൂട്ടുകൾ, മത്സ്യമേഖലയിലെ ശാസ്ത്രജ്ഞർ, വിദഗ്ദ്ധർ, കയറ്റുമതിക്കാർ എന്നിവരുൾപ്പെട്ട ഒരു പ്രധാന ഫെസിലിറ്റേഷൻ കേന്ദ്രമായി ഫിഷറീസ് ഇന്നവേഷൻ കൗൺസിൽ പ്രവർത്തിക്കുന്നതാണ്. ഈ കൗൺസിലിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് മത്സ്യമേഖലയുടെ വളർച്ചയ്ക്കുവേണ്ടിയുള്ള പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയെന്നതാണ് ലക്ഷ്യമിടുന്നത്.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂരിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നത് സംബന്ധിച്ച പ്രഖ്യാപനങ്ങളും നടപടികളും തുടങ്ങിയിട്ടുണ്ട്. വിഴിഞ്ഞം പോർട്ട്, കമ്മീഷൻ ചെയ്യുന്നതിനോടൊപ്പം ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനത്തിനുള്ള സാധ്യതയും ഇല്ലാതാകുകയാണ്. ഇതെല്ലാം പരിഗണിച്ചാണ് പൊഴിയൂരിൽ ഒരു ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിന് ഗവൺമെന്റ് തുടക്കം കുറിച്ചത്. ആ പദ്ധതി വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട അംഗം നേരത്തെതന്നെ ഈ പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഞാൻ നേരിട്ട് സ്ഥലം സന്ദർശിച്ചിരുന്നു. അദ്ദേഹം പറയുന്നത് വസ്തുതയാണ്. തമിഴ്നാടിന്റെ അതിർത്തി വരെയുള്ള ഭാഗം ഫലപ്രദമായി കെട്ടി സംരക്ഷിച്ചതിന്റെ ഫലമായി, പൊഴിയൂർ തീരത്ത് വലിയ പ്രയാസങ്ങളുണ്ട്. അതിനാൽ അവിടെയൊരു ഹാർബർ നിർമ്മിക്കുന്നതിനും തീരസംരക്ഷണത്തിനുംവേണ്ടിയുള്ള പദ്ധതി ഗവൺമെന്റ് മുന്നോട്ട് കൊണ്ടുപോകുകയാണ്. അതിന്റെ പഠനം നടന്നുകൊണ്ടിരിക്കുന്നു; റിപ്പോർട്ട് ലഭ്യമായാലുടൻ ഇക്കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, തീരദേശവാസികൾക്ക് ഏറെ ആശ്വാസകരമായ പദ്ധതിയാണ് 'പുനർഗേഹം'. നിലവിൽ രണ്ട് പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന വിഷമകരമായ സാഹചര്യമാണുള്ളത്. ഒന്ന്, നിലവിൽ പറമ്പായിരിക്കുന്നതും രേഖകളിൽ നഞ്ചയായിരിക്കുന്നതുമായ സ്ഥലം ഏറ്റെടുക്കാൻ ഡി.എൽ.എം.സി.-യും ഫിഷറീസ് ഡിപ്പാർട്ട്മെന്റും വിമുഖത കാണിക്കുന്നുണ്ട്. അത് പരിഹരിക്കാനുള്ള ഏതെങ്കിലും നിർദ്ദേശം ഉണ്ടാകുമോ; രണ്ട്, ഈ പദ്ധതിപ്രകാരം പുതിയ വീട് നിർമ്മിക്കുന്നതിന് ടിപ്പറിലും ലോറിയിലും കൊണ്ടുവരാവുന്ന മെറ്റീരിയൽസിന്റെ അളവ്

സൂചിപ്പിക്കുന്നുണ്ട്. അതുമൂലം സാധനങ്ങൾ കൊണ്ടുവരാൻ കഴിയാത്ത പ്രശ്നമുണ്ട്. മുൻകാലങ്ങളെക്കാൾ നിർമ്മാണ ചെലവ് വർദ്ധിച്ചിരിക്കുകയാണ്. ഈ രണ്ട് വിഷയങ്ങളും പരിഹരിക്കാനുള്ള നിർദ്ദേശമുണ്ടാകുമോ; ഇതുസംബന്ധിച്ച് പ്രത്യേക ശ്രദ്ധയുണ്ടാകുമോ?

ശ്രീ. സജി ചെറിയാൻ: സർ, ഇത് ഫിഷറീസ് വകുപ്പുമായി മാത്രം ചർച്ച ചെയ്ത് പരിഹരിക്കേണ്ട വിഷയമല്ല, മറ്റ് വകുപ്പുകളുമായി ആലോചിച്ചശേഷം ആവശ്യമായ നടപടി സ്വീകരിക്കാം.

## വന്യമൃഗങ്ങളുടെ ആക്രമണത്തിനെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ

2(*62) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനവിസ്തൃതിക്ക് ഉൾക്കൊള്ളാവുന്നതിനപ്പുറം വന്യമൃഗങ്ങൾ പെരുകുന്നതാണ് അവ ജനവാസ മേഖലകളിലേയ്ക്ക് കടന്നുവരുന്നതിന്റെ കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ തുരത്തുന്നതിനോ പിടികൂടി കൂട്ടിലടയ്ക്കുന്നതിനോ ആവശ്യമായ സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(സി) ജനങ്ങൾക്ക് ഭീഷണിയാകുന്ന വന്യമൃഗങ്ങളുടെ ആക്രമണത്തിനെതിരെ ഫലപ്രദമായ പ്രതിരോധ പ്രവർത്തനങ്ങൾ ആവിഷ്കരിക്കാൻ തയ്യാറാകുമോ; എങ്കിൽ വിശദമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) കണ്ടെത്തിയിട്ടില്ല. വന്യമൃഗങ്ങളെ സംബന്ധിച്ച സെൻസസും പഠനങ്ങളും പൂർത്തിയായാൽ മാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരികയുള്ളൂ.

(ബി) നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങളെ തിരികെ വനത്തിലേയ്ക്ക് തുരത്തുന്നതിനും സ്ഥിരം ശല്യക്കാരെ പിടികൂടി കൂട്ടിലടയ്ക്കുന്നതിനും ആവശ്യമായ സംവിധാനം ഒരുക്കിയിട്ടുണ്ട്.

(സി) ജനങ്ങൾക്ക് ഭീഷണിയാകുന്ന വന്യമൃഗങ്ങൾ വനത്തിന് പുറത്തേയ്ക്ക് ഇറങ്ങാതിരിക്കുന്നതിനാവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ വനാതിർത്തികളിൽ (സോളാർ ഫെൻസിംഗ്, ഹാംഗിംഗ് ഫെൻസ്, ആനമതിൽ, കിടങ്ങുകൾ മുതലായവ) നിലവിൽ നടത്തിവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് അടുത്ത 10 വർഷത്തേയ്ക്കാവശ്യമായ 1150 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി കേരള വനം വകുപ്പ് ആസ്ഥാനത്തുനിന്നും സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25-01-2021-ൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം

ലഘൂകരിക്കുന്നതിനുവേണ്ടി അഞ്ചുവർഷ കാലയളവിലേയ്ക്ക് 620 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുന്നതിനായി സർക്കാർ പരിശോധിച്ചുവരികയാണ്.

ശ്രീ. കെ. പി. എ. മജീദ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽ ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തുമെന്നാണ് സൂചിപ്പിക്കുന്നത്. പഠനം നടത്തുന്നതുവരെ വന്യമൃഗങ്ങളുടെ ശല്യത്തിൽനിന്ന് ആളുകളെ രക്ഷപ്പെടുത്താനുള്ള മാർഗ്ഗമെന്താണ്; അതിന് ബദൽ സംവിധാനമെന്തെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ; താൽക്കാലിക സംവിധാനം കൊണ്ടുവരാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഇതുവരെ സ്വീകരിച്ച നടപടികൾ ഫലപ്രദമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്നാണ് ശാസ്ത്രീയ പഠനം നടത്തണമെന്നുള്ള നിഗമനത്തിലെത്തിയത്. നിലവിലുള്ള സംവിധാനത്തെ ശക്തിപ്പെടുത്താനുള്ള നിലപാടാണ് ഇപ്പോൾ സ്വീകരിക്കാൻ കഴിയുന്നത്; അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: സർ, നമ്മുടെ വനങ്ങളിൽ ഉൾക്കൊള്ളാൻ കഴിയാത്ത വിധത്തിലുള്ള വന്യമൃഗങ്ങളുണ്ടെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. ഏതൊക്കെ വന്യമൃഗങ്ങളാണ് അത്തരത്തിൽ

പെരുകിയിട്ടുള്ളത്; അതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ബദൽ സംവിധാനം ഒരുക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ആദ്യം പരാമർശിച്ച ഉത്തരം ഇതുമായി ബന്ധപ്പെട്ടാണ്. ഇതുസംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടില്ല. പഠനങ്ങൾ നടത്തുമ്പോൾ മാത്രമേ ഏതൊക്കെ ഇനത്തിലുള്ള മൃഗങ്ങളാണ് വർദ്ധിച്ചതെന്നും കുറഞ്ഞതെന്നും മനസ്സിലാക്കാൻ കഴിയൂ. 2012-ലും 2017-ലും നടത്തിയ സെൻസസിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോഴും കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. അത് അപര്യാപ്തമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ ആനകളുടെ എണ്ണം വർദ്ധിച്ചിട്ടുള്ളതിനാൽ വനമേഖലയുള്ള ജില്ലകളിലെല്ലാം പഠനം നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. വയനാട് ജില്ലയിൽ കടുവകളെ സംബന്ധിച്ച സെൻസസ് നടത്താനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാൽ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുവരെ നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിയും ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. കെ. ബഷീർ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. എ. പി. അനിൽ കുമാർ: സർ, സംരക്ഷിത വനമേഖലയ്ക്ക് പുറത്ത് മനുഷ്യജീവന് ഭീഷണിയാകുന്ന വന്യമൃഗങ്ങളുടെ നിയന്ത്രിത വേട്ടയാടലിനെക്കുറിച്ച് ചിന്തിക്കണമെന്നാണ് ശ്രീ. മാധവ് ഗാഡ്ഗിൽ ഉൾപ്പെടെയുള്ള പ്രമുഖർ പറയുന്നത്. പൊതുസമൂഹത്തിന്റെ ചിന്തയും ആ രീതിയിൽ വന്നിരിക്കുകയാണ്. അത്തരത്തിൽ നിലവിലുള്ള കേന്ദ്രനിയമം ഭേദഗതി ചെയ്യാനാവശ്യമായ നടപടികൾ എന്തെങ്കിലും മുന്നോട്ടുവയ്ക്കാൻ സർക്കാർ ആഗ്രഹിക്കുന്നുണ്ടോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഈ പ്രതിഭാസത്തെ നേരിടാൻ നിലവിലുള്ള നിയമങ്ങൾ സർക്കാരിനെ അനുവദിക്കുന്നില്ലെന്നത് ശരിയാണ്. ആ പരിമിതിയുള്ളതുകൊണ്ടാണ് ഫലപ്രദമായ ചില കാര്യങ്ങൾ ചെയ്യാൻ സർക്കാരിന് സാധിക്കാതെ പോകുന്നത്. ബഹുമാനപ്പെട്ട അംഗം നിർദ്ദേശിച്ചതുപോലെ കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയെന്നുള്ളതാണ് അതിനുള്ള ഏക പരിഹാരം. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട പാർലമെന്റ് അംഗങ്ങളോട് അഭ്യർത്ഥിക്കാനും വിശദവിവരങ്ങൾ നൽകാനുമാണ് ഇപ്പോൾ

ആലോചിക്കുന്നത്. നിയമഭേദഗതിക്കായി സംസ്ഥാന സർക്കാർ പ്രത്യേകമായി അപേക്ഷ നൽകണമോയെന്നുള്ള കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിസഭയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, 2020-21-ലെ കേരള ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് പ്രകാരം 8017 വന്യജീവി ആക്രമണമുണ്ടായതായും 122-ഓളം ആളുകൾ മരിച്ചതായും സൂചിപ്പിക്കുന്നു. മനുഷ്യ-വന്യജീവി സംഘർഷം വ്യാപകമായി നടക്കുകയാണ്. കാട്ടുപന്നികൾ വ്യാപകമായി നാട്ടിലിറങ്ങി കൃഷിയിടങ്ങൾ നശിപ്പിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയുമുണ്ട്. വന്യജീവികളുടെ ആവാസവ്യവസ്ഥയിലുണ്ടായ മാറ്റവും വംശവർദ്ധനവും ഇതിന് കാരണമാണ്. അതുകൊണ്ട് അവയുടെ ആവാസ വ്യവസ്ഥ പുനരുജ്ജീവിപ്പിക്കാനും വംശവർദ്ധനവ് നിയന്ത്രിക്കാനും നടപടിയുണ്ടാകണം. വന്യജീവികൾ ജനവാസമേഖലകളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണവും അതിന് സ്വീകരിക്കേണ്ട പ്രതിരോധമാർഗ്ഗങ്ങളെയും കുറിച്ച് ഡെറാഡൂണിലെ വൈൽഡ്‌ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും പെരിയാർ ടൈഗർ റിസർവ്വും സംയുക്തമായി നടത്തിയ പഠനം പൂർത്തിയാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വിശദമാക്കാമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഡെറാഡൂണിലെ ഇൻസ്റ്റിറ്റ്യൂട്ട് പഠനം നടത്തിവരികയാണ്, അതിന്റെ ഇടക്കാല റിപ്പോർട്ടാണ് ലഭിച്ചിട്ടുള്ളത്. അതിന്റെ മാത്രം അടിസ്ഥാനത്തിൽ ആധികാരികമായി തീരുമാനമെടുക്കുന്നത് ശരിയാകില്ല. അതുകൊണ്ട് പൂർണ്ണമായ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് അവരുടെ ശിപാർശകളിന്മേൽ ഉചിതമായ നടപടികൾ തീർച്ചയായും സ്വീകരിക്കുന്നതാണ്.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, വന്യമൃഗങ്ങൾ ജനവാസകേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുമ്പോൾ അവയെ പിടികൂടുന്നതിനുവേണ്ടി നിയോഗിക്കപ്പെടുന്ന വനപാലകർക്ക് സംരക്ഷണം നൽകാൻ എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് പ്രധാനപ്പെട്ട വിഷയമാണ്. ആർ.ആർ.ടി. (റാപ്പിഡ് റെസ്പോൺസ് ടീം)-കളുമായി ബന്ധപ്പെട്ടുകൊണ്ടാണ് ഈ നടപടികളൊക്കെ വനം-വന്യജീവി വകുപ്പ് സ്വീകരിച്ചുവരുന്നത്. ആർ.ആർ.ടി.-കളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ കൂടുതൽ

ആർ.ആർ.ടി.-കൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. നിലവിൽ 15 ആർ.ആർ.ടി.-കളാണ് പ്രവർത്തിക്കുന്നത്. അവർക്കാവശ്യമായ 24 വാഹനങ്ങൾ ഇതിനകം വാങ്ങുകയും വരുംദിവസങ്ങളിൽ അത് ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ എത്തുന്നതുമാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ അവർക്കാവശ്യമായ ആയുധങ്ങളില്ലെന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഒരു കോടിയോളം രൂപ ചെലവുവരുന്ന പമ്പ് ആക്ഷൻ ഗൺ വാങ്ങി നൽകുന്നതിനുവേണ്ടിയുള്ള തീരുമാനവും ഇതിനകം എടുത്തുകഴിഞ്ഞിട്ടുണ്ട്. ഈ രണ്ട് നടപടികളും മാർച്ച് 31-നുമുമ്പ് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പ്രമോദ് നാരായൺ: സർ, വന്യമൃഗ ആക്രമണം നിത്യസംഭവമാകുന്ന കേരളത്തിന്റെ വനമേഖലയ്ക്ക് മുഴുവനായി ഒരേ തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുപകരം ഓരോ വനമേഖലയുടെയും സവിശേഷതയും വനത്തിനും ആവാസവ്യവസ്ഥയ്ക്കും ഇടയിലുള്ള കോറിഡോറുകളുടെ പ്രത്യേകതയും കണക്കാക്കി ക്ലസ്റ്റർ ലെവൽ സമീപനം സ്വീകരിക്കാൻ വനം വകുപ്പ് തയ്യാറാകണമെന്നതാണ് അഭ്യർത്ഥന. കൃത്യമായ മുന്നറിയിപ്പുകൾ ലഭിക്കുന്നില്ലെന്നതാണ്

ഇപ്പോഴത്തെ പ്രധാന പ്രശ്നം. അതുകൊണ്ട് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള സാങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ട് പ്രതിരോധപ്രവർത്തനങ്ങൾക്കും കർഷകർക്ക് കൃത്യമായ മുന്നറിയിപ്പുകൾ നൽകുന്നതിനും ഒരു പ്രത്യേക ആർ&ഡി ഡിവിഷൻ രൂപീകരിക്കാനും വനം വകുപ്പിന്റെ കീഴിൽ ഇക്കാര്യത്തിൽ അടിയന്തരമായി ഒരു നോഡൽ ഓഫീസറെ നിയോഗിക്കാനും തീരുമാനമെടുക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ ഒരു വന്യജീവിസങ്കേതത്തിന് ബാധകമായ സംരക്ഷണപ്രവർത്തനങ്ങൾ മറ്റൊരു മേഖലയ്ക്ക് സ്വീകാര്യമാകില്ലെന്നത് ശരിയാണ്. ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾ പരിഗണിച്ചുകൊണ്ടുമാത്രമേ അത്തരം പദ്ധതികൾ ആവിഷ്കരിക്കാൻ സാധിക്കുകയുള്ളൂ. ആ രീതിയിലുള്ള നടപടികളുമായി മുന്നോട്ടുപോകാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. ആർ&ഡി വിഭാഗം രൂപീകരിക്കണമോയെന്ന് പരിശോധിക്കുന്നതിന് സർക്കാരിന് യാതൊരു വൈമനസ്യവുമില്ല. അതുകൊണ്ട് ഈ രണ്ട് നിർദ്ദേശങ്ങളും ഗൗരവമായിത്തന്നെ പരിശോധിക്കുന്നതാണ്.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, വന്യമൃഗ പ്രതിരോധത്തിനുവേണ്ടി കഴിഞ്ഞ ബഡ്ജറ്റിൽ നൂറ് കോടി രൂപ നീക്കിവച്ചിരുന്നു. പക്ഷേ അതുപ്രകാരം ചില പദ്ധതികളുമായി മുന്നോട്ടുപോയപ്പോൾ വനം വകുപ്പ് പദ്ധതികളുടെ എസ്.പി.വി.-യുടെ സാങ്കേതിക പരിജ്ഞാനക്കുറവുമൂലം അതിൽ പലതും നടപ്പാക്കാൻ സാധിച്ചിട്ടില്ല. അതിന്റെ എസ്റ്റിമേറ്റിൽ ചില മാറ്റങ്ങൾ വരുത്തി വീണ്ടും അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയുടെ കാര്യക്ഷമമായ ഇടപെടലുണ്ടാകണം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട മാനന്തവാടി എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ചില പദ്ധതികൾ തയ്യാറാക്കി നടത്തിപ്പിന്റെ ഘട്ടമാകുമ്പോൾ ബന്ധപ്പെട്ട കേന്ദ്രങ്ങളിൽനിന്ന് തിരുത്തലുകൾ ആവശ്യപ്പെടുന്നതുമൂലം സ്വാഭാവികമായും കാലതാമസമുണ്ടാകുകയും തനതുവർഷത്തെ പദ്ധതിപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് വിഘാതം സൃഷ്ടിക്കുകയും ചെയ്യുന്നുവെന്നുള്ളത് ശരിയാണ്. പ്രധാനമായും അത് സംഭവിക്കുന്നത് നബാർഡുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യത്തിലാണ്. ഓരോ പ്രാവശ്യവും ഒബ്ജക്ഷൻസ് പറഞ്ഞ് പദ്ധതി പ്രവർത്തനത്തിൽ കാലതാമസമുണ്ടാക്കുന്ന പ്രവണത അവരിൽനിന്നുണ്ടാകുന്നുവെന്ന്

സംശയിക്കേണ്ടിയിരിക്കുന്നു; ഞാൻ ആരോപണം ഉന്നയിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, സർക്കാർ കഴിയുന്നത്ര ശുഷ്കാന്തി കാണിച്ചുകൊണ്ടുതന്നെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, ചാലക്കുടി-വാഴച്ചാൽ ഡിവിഷനുകളുൾപ്പെട്ട കോടശ്ശേരി - പരിയാരം - അതിരപ്പിള്ളി പഞ്ചായത്തുകളിൽ വന്യമൃഗശല്യംകാരണം വ്യാപകമായ കൃഷിനാശമുണ്ടാകുകയും ജനജീവിതം തുടരാൻ കഴിയാത്ത അവസ്ഥയുമാണ്, എല്ലാ ദിവസവും കാട്ടാന നാട്ടിലിറങ്ങുന്നു; 'കബാലി' എന്ന ആന ജനങ്ങളെ ആക്രമിക്കുന്നത് നിത്യസംഭവമാണ്. വനം വകുപ്പ് ഈ പ്രദേശത്തോട് അവഗണനയാണ് കാണിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി ആ പ്രദേശം സന്ദർശിക്കുകയും 56 കിലോമീറ്റർ ദൂരം ഫെൻസിംഗ് സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമെന്ന് ഉറപ്പ് നൽകുകയും ചെയ്തതാണ്. പക്ഷേ ഇതുവരെയും ഒരു നടപടിയുമെടുത്തിട്ടില്ല. അതുപോലെ ആർ.ആർ.ടി. പ്രഖ്യാപിച്ചപ്പോൾ തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് ആർ.ആർ.ടി.-യുടെ

യൂണിറ്റ് രൂപീകരിക്കാനും ഫെൻസിംഗ് സ്ഥാപിക്കാനുമുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഒരംഗത്തോടും ഒരു പ്രദേശത്തോടും ഒരു അവഗണനയും കാണിക്കുന്ന പക്ഷപാതപരമായ നിലപാട് ഈ സർക്കാരിനില്ല. അതുകൊണ്ട് ദയവായി ഇതുപോലുള്ള പരാമർശങ്ങൾ ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റൊന്ന് ആർ.ആർ.ടി.-കൾ തുടങ്ങുന്നതിനുള്ള തീരുമാനം എടുത്തിട്ടേയുള്ളൂ, സ്ഥലങ്ങൾ പ്രഖ്യാപിച്ചിട്ടില്ല. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ 19 പുതിയ ആർ.ആർ.ടി.-കൾക്ക് വേണ്ടിയുള്ള പ്രൊപ്പോസലാണ് നേരത്തെതന്നെ സർക്കാർ ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ വർഷം അതിന് വേണ്ടത്ര പരിഗണന ലഭിച്ചിട്ടില്ലെന്ന വസ്തുത മനസ്സിലാക്കി ഈ വർഷം ആവശ്യമായ ആർ.ആർ.ടി.-കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ഗവർണറും സൂചിപ്പിച്ചിട്ടുണ്ട്. അതനുസരിച്ച് രൂക്ഷമായ പ്രശ്നബാധിത പ്രദേശങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. എസ്. സുപാൽ: സർ, മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിച്ചുവരുന്നതിനാൽ അതിനെ പ്രതിരോധിക്കാനുള്ള സംവിധാനം ശക്തിപ്പെടുത്താമോ? ഇതിനായി വേണ്ടത്ര കേന്ദ്രഫണ്ട് നമുക്ക് ലഭിക്കുന്നില്ല, സംസ്ഥാന സർക്കാർ കഴിഞ്ഞ പ്രാവശ്യത്തേക്കാൾ ഫണ്ട് നീക്കിവച്ചിട്ടുണ്ടെങ്കിലും കുറച്ചുകൂടി ഫണ്ട് അനുവദിക്കണം. പ്രതിരോധ പ്രവർത്തനങ്ങൾക്കായി ത്രിതലപഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് ഇപ്പോൾ വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെടൽ നടത്തി ത്രിതലപഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട് കൂടി വിനിയോഗിക്കുന്നതിന് അനുമതി നൽകിയാൽ ധാരാളം പ്രതിരോധ പ്രവർത്തനങ്ങൾ നടത്താൻ കഴിയും. ട്രഞ്ച് കുഴിക്കുന്നത് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യാം; ഇങ്ങനെയുള്ള ധാരാളം സ്കീമുകൾ സംയുക്തമായി സംഘടിപ്പിക്കാൻ കഴിയും. വന്യജീവി സംഘർഷമുള്ള മേഖലയായ തെന്മലയിൽ ഒരു ആർ.ആർ.ടി. ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് അങ്ങയുടെ സാന്നിദ്ധ്യത്തിൽ ചർച്ചകൾ നടന്നതാണ്. അതുകൂടി പരിഗണിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം പ്രധാനപ്പെട്ട പ്രശ്നങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ

ഫണ്ടിലുൾപ്പെടുത്തി പ്രത്യേകിച്ച് തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി പ്രതിരോധപ്രവർത്തനങ്ങൾ നടത്താൻ സാധിക്കുമെന്നൊരു നിർദ്ദേശമാണ് മുന്നോട്ടുവച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ പ്ലാൻ ഫണ്ടുപയോഗിക്കാൻ സാധിക്കുമോയെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ചെടുക്കേണ്ട തീരുമാനമാണ്. വനം വകുപ്പുമന്ത്രിക്ക് മാത്രമായി അക്കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കില്ലെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അറിയാവുന്നതാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഇന്ന് വയനാട്ടിൽ ആനയുടെയും കടുവയുടെയും ശല്യം അതിരൂക്ഷമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വയനാട് ജില്ലയിലെ മാനന്തവാടി-പിലാക്കാവ്, ബത്തേരി-പൊന്മുടിക്കോട്ട, ബത്തേരി-മരിയനാട്, ബത്തേരി-ചാമപ്പാറ എന്നീ നാല് ജനവാസകേന്ദ്രങ്ങളിൽ കടുവയുടെ സാന്നിദ്ധ്യമുണ്ട്. ഇതുമനസ്സിലാക്കി അവിടെ കൂടുകൾ സ്ഥാപിച്ചിട്ടുമുണ്ട്. മാത്രമല്ല, അഞ്ച് കടുവകളെ പിടികൂടി കൂട്ടിലടയ്ക്കുകയും ചെയ്തിട്ടുണ്ട്. നാല് കടുവകളെ മാത്രം സംരക്ഷിക്കാൻ സൗകര്യമുള്ള പരിചരണകേന്ദ്രത്തിൽ അഞ്ച് കടുവകളെയാണ് ഇപ്പോൾ പാർപ്പിച്ചിരിക്കുന്നത്. ഇനിയും കടുവകളെ പിടികൂടിയാൽ അവയെ എവിടെ

പരിചരിക്കുമെന്ന് വ്യക്തമാക്കാമോ? എന്റെ നിയോജകമണ്ഡലത്തിലെ കുപ്പാടിയിലാണ് ഈ പരിചരണകേന്ദ്രം സ്ഥിതിചെയ്യുന്നത്. അവിടെ ഭൂമിയുള്ളതിനാൽ കൂടുതൽ പരിചരണകേന്ദ്രം സ്ഥാപിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം സംസാരിച്ചത് കേട്ടപ്പോൾ കുറച്ച് പ്രയാസമുണ്ടായി. കാരണം, വളരെ കാര്യക്ഷമമായാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെയുള്ളവരുമായി സഹകരിച്ച് വയനാട്ടിൽ പ്രത്യേകിച്ച് കുപ്പാടിയിൽ പ്രവർത്തനങ്ങൾ നടത്തിവന്നത്. അവിടെ കടുവയുടെ ആക്രമണത്താൽ കൊല്ലപ്പെട്ട തോമസിന്റെ കുടുംബാംഗങ്ങൾക്ക് തൊട്ടടുത്ത ദിവസംതന്നെ നഷ്ടപരിഹാരത്തുക നൽകുകയും അദ്ദേഹത്തിന്റെ തൊഴിൽരഹിതനായ മകന് ജോലി നൽകുകയും ചെയ്തു. നാല് കടുവകളെ സംരക്ഷിക്കാൻ സൗകര്യമുള്ള പരിചരണകേന്ദ്രത്തിലെ കടുവകളുടെ എണ്ണം അഞ്ചാക്കി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇനിയും അവിടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ അങ്ങയുടെ അറിവോടെയും അങ്ങയെ വിശ്വാസത്തിലെടുത്തുമാണ് ചെയ്തിട്ടുള്ളത്.

അത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിയതിന് ഒരു നന്ദിവാക്കെങ്കിലും പറയുമെന്ന് ഞാൻ പ്രതീക്ഷിച്ചു.

**ബഫർ സോൺ**

3(*63) ഡോ. എം. കെ. മുനീർ:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബഫർ സോണായി പ്രഖ്യാപിച്ച സ്ഥലങ്ങളിൽ ജനവാസമേഖലയുൾപ്പെടുന്നുണ്ടോ; എങ്കിൽ ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ ആശങ്കയകറ്റുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വനപ്രദേശത്തോട് ചേർന്ന ഒരു കിലോമീറ്റർ ചുറ്റളവ് ബഫർ സോണാണെന്ന സർക്കാർ ഉത്തരവ് റദ്ദാക്കാനുദ്ദേശിക്കുന്നുണ്ടോ;

(സി) സീറോ ബഫർ സോൺ നടപ്പാക്കി പ്രസ്തുത മേഖലയിലെ ജനങ്ങളുടെ ആശങ്കയകറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, (എ) ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽ ജനങ്ങൾക്കുണ്ടായ

ആശങ്കകൾ പരിഹരിക്കുന്നതിനായി 28-09-2020-ൽ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റെ വെളിച്ചത്തിൽ ജനവാസമേഖലകളെയും സർക്കാർ/അർദ്ധസർക്കാർ/പൊതുസ്ഥാപനങ്ങളുൾപ്പെടുന്ന പ്രദേശങ്ങളെയും പരമാവധി ഒഴിവാക്കിക്കൊണ്ടുള്ള കരട് ഭേദഗതി നിർദ്ദേശമാണ് കേന്ദ്ര സർക്കാരിലേയ്ക്ക് വീണ്ടും സമർപ്പിച്ചത്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയുടെയടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേരുകയും ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുപ്രകാരം കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിന്റെ (KSREC) സഹായത്തോടെ ഉപഗ്രഹ സർവ്വേ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു. സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്തുപ്രകാരം കേന്ദ്രവനം

പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേനിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽനിന്നും ജനവാസമേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ W.P.(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും 10-08-2022-ൽ സ.ഉ. നമ്പർ 44/2022/വനം പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം.25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ആയതിൽ സംസ്ഥാനത്തുനിന്ന് ഭേദഗതി വരുത്തി കേന്ദ്രസർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനായാണ് അപേക്ഷിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന യോഗത്തിൽ KSREC സമർപ്പിച്ച കരട് റിപ്പോർട്ടിനുപുറമെ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും അതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ)നം.424/2022/വനം പ്രകാരം ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ദ്ധ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു. വിദഗ്ദ്ധ പരിശോധന സമിതിയുടെ യോഗ തീരുമാനപ്രകാരം KSREC ഉപഗ്രഹ സർവ്വേ പ്രകാരം തയ്യാറാക്കിയ കരട് റിപ്പോർട്ടും വനം വകുപ്പ് തയ്യാറാക്കി കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ള ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച കരട് പ്രൊപ്പോസലും (സർവ്വേ നമ്പർ കൂടി ഉൾപ്പെടുത്തി) ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ/ നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച പരാതികളുണ്ടെങ്കിൽ ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. അപ്രകാരം ലഭിച്ച 63615 പരാതികളിൽ 62640 പരാതികൾക്ക് 02-02-2023 വരെ പരിഹാരം കാണുകയും കേരള

സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിന്റെ അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 79193 അസ്സറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്രസർക്കാർ സമർപ്പിച്ച ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷിചേരുന്നതിനുള്ള അപേക്ഷ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വനപ്രദേശത്തോടുചേർന്ന ഒരു കിലോമീറ്റർ ചുറ്റളവ് ഇക്കോ സെൻസിറ്റീവ് സോണാണെന്ന് നിർദ്ദേശിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) ജനവാസമേഖലയെ പരമാവധി ഒഴിവാക്കിക്കൊണ്ടുള്ള കരട് പ്രൊപ്പോസലുകളാണ് കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ളത്. ആയത് അംഗീകരിച്ചുകിട്ടണമെന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയെത്തുടർന്ന് സർക്കാർ ചുമതലപ്പെടുത്തിയ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ 75 ദിവസംകൊണ്ടാണ് സർവ്വേ റിപ്പോർട്ട് പൂർത്തിയാക്കിയത്. ആഗസ്റ്റ് 29-ന് സർക്കാരിന് ലഭിച്ച

ഉപഗ്രഹ സർവ്വേ റിപ്പോർട്ട് 2022 ഡിസംബർ 12-ാം തീയതിയാണ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത്. പ്രസ്തുത റിപ്പോർട്ട് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ വൈകിയതിനുള്ള കാരണമെന്താണെന്ന് വനം വകുപ്പുമന്ത്രിയെന്ന നിലയിൽ വ്യക്തമാക്കാൻ സാധിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരമാണ് ഉപഗ്രഹ സർവ്വേ നടത്താൻ വനം വകുപ്പ് തീരുമാനിച്ചത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ നിശ്ചിത സമയത്തിനുള്ളിൽ പഠനം പൂർത്തിയാക്കിയെങ്കിലും ഉപഗ്രഹ സർവ്വേ നടത്തിയാൽ മതിയാകില്ല ഭൗതിക സ്ഥല സർവ്വേകൂടി നടത്തണമെന്ന പുതിയൊരു നിർദ്ദേശം വന്നു. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ നിയമസഭയിൽ ഉന്നയിച്ച സാഹചര്യത്തിലും ജനങ്ങളുടെ ആവശ്യമായതിനാലും ഭൗതിക സ്ഥല സർവ്വേ നടത്താൻ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത സർവ്വേയ്ക്ക് ഉപഗ്രഹ സർവ്വേയുടെ റിപ്പോർട്ട് ആവശ്യമാണെന്ന നിർദ്ദേശം ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിലാണ് ആയത് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചത്. അത് പരസ്പരപൂരകമായ

പ്രവർത്തനമായാണ് കണ്ടിട്ടുള്ളത്. അങ്ങനെ വരുന്നതുകൊണ്ട് മറ്റെന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടാകുമെന്ന് കരുതുന്നില്ല.

ഡോ. എം. കെ. മുനീർ: സർ, വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച സർവ്വേയ്ക്കെതിരെ എത്ര പരാതികൾ ലഭിച്ചുവെന്നും ഇതിൽ എത്രയെണ്ണം പരിഹരിച്ചുവെന്നും വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഈ ചോദ്യവുമായി ബന്ധപ്പെടാത്തതുകൊണ്ട് അതിന്റെ ഉത്തരം ശേഖരിച്ചിട്ടില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ബഫർ സോണുമായി ബന്ധപ്പെട്ട് നടത്തിയ സാറ്റലൈറ്റ് സർവ്വേ ഒരു അബദ്ധപഞ്ചാംഗമാണെന്നത് എല്ലാവരും ചർച്ചയിലൂടെ അംഗീകരിച്ച കാര്യമാണ്. വനത്തിൽനിന്ന് 8-10 കിലോമീറ്ററുകൾ ദൂരെയുള്ള മണ്ണാർക്കാട് ടൗണും മുനിസിപ്പാലിറ്റിയും സാറ്റലൈറ്റ് സർവ്വേപ്രകാരം ബഫർ സോണായി രേഖപ്പെടുത്തിയതിന്റെ പേരിൽ വലിയ പ്രതിഷേധങ്ങൾ ഉയർന്നുവന്നതാണ്. സർക്കാർ ഫണ്ടുപയോഗിച്ചാണ് സാറ്റലൈറ്റ് സർവ്വേ നടത്തുന്നത്. 8-10 കിലോമീറ്റർ ദൂരെയുള്ള മണ്ണാർക്കാട് മുനിസിപ്പാലിറ്റി സാറ്റലൈറ്റ് സർവ്വേപ്രകാരം ബഫർ സോണിലുൾപ്പെടുത്തിയതടക്കമുള്ള ഗുരുതരമായ വീഴ്ചകൾ നടത്തിയവർക്കെതിരെ നടപടി സ്വീകരിക്കുമോ; പ്രസ്തുത സർവ്വേ ടീമിനെ

ബ്ലാക്ക് ലിസ്റ്റിലുൾപ്പെടുത്തുമോ; അവർക്ക് നൽകിയ ഫണ്ട് തിരികെ വാങ്ങുമോ? അതോടൊപ്പം പ്രസ്തുത ഏജൻസി സമർപ്പിച്ച ലിസ്റ്റുപ്രകാരമുള്ള വിവരങ്ങൾ ഇപ്പോഴും രേഖകളിലുണ്ടാകും. ഭാവിയിൽ മണ്ണാർക്കാട് മുനിസിപ്പാലിറ്റി ബഫർ സോണിന്റെ പരിധിയിലാണെന്നതുപോലുള്ള വാദഗതികൾ ഇതുപ്രകാരം ആവർത്തിക്കപ്പെടാം. അതുകൊണ്ടുതന്നെ രേഖകളിൽ കടന്നുകൂടിയിട്ടുള്ള ഇത്തരം തെറ്റുകൾ തിരുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിച്ചതിൻപ്രകാരമാണ് സാറ്റലൈറ്റ് സർവ്വേ നടത്താൻ സർക്കാർ നിർബന്ധിതമായത്. അങ്ങനെ ചെയ്യാതിരുന്നാൽ ഭാവിയിൽ ഏതെങ്കിലുമൊരു വിചാരണ സമയത്ത് പ്രസ്തുത റിപ്പോർട്ട് സർക്കാർ നൽകാത്തതെന്തുകൊണ്ടാണെന്ന ചോദ്യം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഉയർന്നുവന്നാൽ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരിക്കൽ ചൂണ്ടിക്കാണിച്ചതുപോലെ, ടി കേസ് കോടതി വരാന്തയിൽ കയറ്റാൻപോലും സാധിക്കാത്തവിധത്തിൽ തള്ളിക്കളയുമെന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് അങ്ങനെ ചെയ്തത്. സാറ്റലൈറ്റ് സർവ്വേ പൂർണ്ണമായ രേഖയായി അംഗീകരിക്കാൻ ജനങ്ങൾക്ക്

ബുദ്ധിമുട്ടുണ്ടാകുമെന്ന് തോന്നിയതിനാലും ഈ സഭയിൽനിന്നുതന്നെ അങ്ങനെയൊരു ആവശ്യം ഉയർന്നുവന്നതിനാലുമാണ് ഭൗതികസ്ഥല സർവ്വേ നടത്തുന്നതിനായി സർക്കാർ ഏജൻസിയായ KSREC-നെ ചുമതലപ്പെടുത്തിയത്. അവരുടെ റിപ്പോർട്ടിൽ മണ്ണാർക്കാട് ഒഴിവാക്കിയെന്നാണ് അന്ന് ഇവിടെ ചൂണ്ടിക്കാണിച്ചത്. പക്ഷേ, ബഫർ സോണുമായി ബന്ധപ്പെട്ട് ജനവാസമേഖലയെ ഒഴിവാക്കുകയെന്നതാണ് നിയമസഭ ഒന്നടങ്കം ആവശ്യപ്പെട്ടിട്ടുള്ളത്. ആ ആവശ്യം നേടിയെടുക്കാൻ സർക്കാർ നടത്തുന്ന ശ്രമങ്ങൾ വിജയിച്ചാൽ ഇത്തരത്തിലുള്ള യാതൊരാശങ്കയുടെയും ആവശ്യമില്ല; അത് വിജയിക്കുമെന്ന ശുഭപ്രതീക്ഷയാണെനിക്കുള്ളത്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കേന്ദ്ര വന്യജീവി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 6 പ്രകാരം ഓരോ സംസ്ഥാനവും വന്യജീവികാര്യ ഉപദേശകസമിതി രൂപവൽക്കരിക്കുകയും ആ സമിതിയുടെ നിർദ്ദേശപ്രകാരം ദേശീയോദ്യാനം, സംരക്ഷിത പ്രദേശം, വന്യജീവി സങ്കേതം എന്നിവയുടെ വിസ്തൃതി നിർണ്ണയിക്കുകയും ചെയ്യണം. ഇക്കാര്യത്തിൽ കേരള സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? അതുപോലെ പരിസ്ഥിതിലോല മേഖലയിലെ നിർമ്മാണ

പ്രവർത്തനങ്ങളുടെയും കെട്ടിടങ്ങളുടെയും റിപ്പോർട്ട് സമർപ്പിക്കണമെന്ന് കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളോട് ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നു. സർക്കാർ കൃത്യസമയത്ത് പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിരുന്നോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, മൂന്ന് ചോദ്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിരിക്കുന്നത്. 23 ദേശീയോദ്യാനങ്ങളുടെയും വന്യജീവി സങ്കേതങ്ങളുടെയും അതിരുകൾ നിർണ്ണയിച്ചുകൊണ്ടുള്ള പ്രഖ്യാപനം നേരത്തെ വന്നുകഴിഞ്ഞതാണ്. അതിൽ ജനങ്ങൾക്ക് തർക്കമുണ്ടായിരുന്നില്ല; അത് ഇപ്പോഴും സംരക്ഷിച്ചുവരുന്നുമുണ്ട്. ആ അതിർത്തിയിൽനിന്നും ഒരു കിലോമീറ്റർ ദൂരമുള്ള പ്രദേശം ബഫർ സോണായി നിശ്ചയിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി വന്നതുകൊണ്ട് മാത്രമാണ് വീണ്ടും ചർച്ചാ വിഷയമായത്. ബഫർ സോണാക്കുന്നതുകൊണ്ട് ജനങ്ങൾക്ക് പ്രയാസമുണ്ടാകുമെന്നത് സംബന്ധിച്ച് ഈ സഭ ഐകകണ്ഠ്യേന ഉത്കണ്ഠ പ്രകടിപ്പിച്ചതാണ്. ആ ഉത്കണ്ഠയ്ക്ക് പരിഹാരം കാണാൻ നിയമവഴികളല്ലാതെ മറ്റൊന്നുമില്ലെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കണം. അതിനാവശ്യമായ നിയമവഴികളിലൂടെ സർക്കാർ നീങ്ങിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, സാറ്റലൈറ്റ് സർവ്വേയുടെ ഗുരുതരമായ പിശകുകളെക്കുറിച്ച് വളരെ വിശദമായി ഇവിടെ ചർച്ച ചെയ്യപ്പെടുകയുണ്ടായി. അതിനോടനുബന്ധമായി സുപ്രീംകോടതി നിർദ്ദേശിച്ചിരിക്കുന്നത് സാറ്റലൈറ്റ് സർവ്വേ ആണെന്നിരിക്കെ, ഭൗതിക സ്ഥല സർവ്വേ നടത്തുന്നതുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിക്കുമോ; അതുപോലെ ഇപ്പോൾ നടത്തുന്ന സർവ്വേവഴി എത്ര വീടുകളും കെട്ടിടങ്ങളും ബഫർ സോണിനകത്ത് വരുന്നുവെന്നുള്ളതിന്റെ കൃത്യമായ കണക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ കൈവശമുണ്ടോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ, സാറ്റലൈറ്റ് സർവ്വേ എന്നത് സർക്കാരിന്റെ തീരുമാനമല്ല, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശമാണ്. ആ സർവ്വേ വേണ്ടത്ര ഫലപ്രദമാകില്ലെന്ന് നേരത്തെതന്നെ മനസ്സിലാക്കിയതിന്റെയും ഈ സഭ ഉത്കണ്ഠ പ്രകടിപ്പിച്ചതിന്റെയും അടിസ്ഥാനത്തിലാണ് ഭൗതിക സ്ഥല സർവ്വേ നടത്താൻ തീരുമാനിച്ചത്. സുപ്രീംകോടതിയിൽ നടക്കുന്ന കേസിന് അതൊരു പ്രശ്നമല്ല. ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതി രണ്ടുതരത്തിലാണ് കേസ്

പരിഗണിക്കുന്നത്. കേന്ദ്രസർക്കാരും കേരള സർക്കാരും സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുള്ള മോഡിഫിക്കേഷൻ അപേക്ഷകൾ ഒരുമിച്ച് കേൾക്കുമെന്നാണ് ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചത്. രണ്ടാമത്തെ പ്രാവശ്യം കോടതി അത് കേട്ടപ്പോൾ അവരുടെ ഉദ്ദേശ്യം വെളിവാകത്തക്ക വിധത്തിലുള്ള ചില പരാമർശങ്ങൾ വന്നിട്ടുണ്ട്. സ്വാഭാവികമായും ആ പരാമർശങ്ങൾ ആത്യന്തികമാകണമെന്നില്ല; എന്നാലും അങ്ങനെ പരാമർശങ്ങൾ വന്നിട്ടുണ്ട്. അന്തിമവിജ്ഞാപനത്തിനുവേണ്ടി കേന്ദ്രഗവൺമെന്റിൽ കാത്തുകിടക്കുന്ന എഴുപത്തിയൊമ്പതോളം അപേക്ഷകളെ 03-06-2022-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയിൽനിന്നും ഒഴിവാക്കണമെന്നാണ് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ച അപേക്ഷയിൽ പറഞ്ഞിട്ടുള്ളത്. അങ്ങനെ ഒഴിവാക്കപ്പെട്ടാൽ കേരളത്തിന്റെ 23 ദേശീയോദ്യാനങ്ങളും വന്യജീവി സങ്കേതങ്ങളും ഇതിനകത്തുൾപ്പെടും. ആ വാദത്തിൽ തോൽക്കുകയാണെങ്കിൽ കേരളത്തിന്റെ കേസ് വാദിക്കുന്നതിനുവേണ്ടിയുള്ള പ്രത്യേക ഹർജിയുൾപ്പെടെ രണ്ടുതരം ഹർജികളും കോടതിയുടെ പരിഗണനയിലാണ്. ഇക്കാര്യത്തിൽ എനിക്ക് ശുഭപ്രതീക്ഷയാണുള്ളത്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പൊതുമേഖലാ ബാങ്കുകളായ നാഷണലൈസ്ഡ് ബാങ്കുകളും ഷെഡ്യൂൾഡ് ബാങ്കുകളും കർഷകർക്ക് വായ്പ കൊടുക്കുന്ന കാര്യത്തിൽ അമാന്തം കാണിച്ചുകൊണ്ടിരിക്കുകയാണ്. അതിനിടയിലാണ് ബഫർ സോണിന്റെ വിഷയം വരുന്നത്. ബഫർ സോണിലുൾപ്പെട്ടുവെന്ന് പറയുന്ന വില്ലേജുകളിലെ കർഷകരിൽനിന്നും അപേക്ഷകൾ സ്വീകരിക്കുകയോ ലോണുകൾ നൽകുകയോ ചെയ്യുന്നില്ല, അവർക്ക് യാതൊരു ആനുകൂല്യവും കൊടുക്കുന്നില്ലെന്ന സ്ഥിതി വന്നിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ബാങ്ക് കൺസോർഷ്യവുമായി ബന്ധപ്പെട്ട് അടിയന്തര ചർച്ച നടത്തി ലോൺ ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്തുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അത് ഗവൺമെന്റിന് പരിശോധിക്കാവുന്ന നിർദ്ദേശമാണ്. അക്കാര്യത്തിൽ വനം വകുപ്പുമന്ത്രിക്ക് മാത്രമായി സഭയ്ക്ക് ഉറപ്പുനൽകാൻ സാദ്ധ്യമല്ലെന്ന് എല്ലാവർക്കുമറിയാം.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഇക്കോ സെൻസിറ്റീവ് സോണിൽ വരുന്ന കൊട്ടിയൂർ പഞ്ചായത്തിലെ ജനവാസകേന്ദ്രത്തിൽ കഴിഞ്ഞ രണ്ടുമൂന്ന് ദിവസമായി രണ്ട് പുലികളിറങ്ങി വളർത്തുമൃഗങ്ങളെ കടിച്ചുതിന്ന

സംഭവമുണ്ടായി. വനം വകുപ്പിന്റെ ക്യാമറയിൽ അത് പതിഞ്ഞിട്ടുണ്ട്. അതിനെ പിടികൂടാൻ നടപടി സ്വീകരിക്കുമോ; അത്തരം പ്രദേശങ്ങൾ ഇക്കോ സെൻസിറ്റീവ് സോൺ ആകുന്നതുവഴി കൂടുതൽ ദുരിതങ്ങളുണ്ടാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. അതിന് പരിഹാരമുണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ബഫർ സോണിലോ മറ്റേത് സോണിലോ ആയാലും വന്യജീവികൾ നാട്ടിൽവന്ന് മനുഷ്യനെ കൊല്ലുകയും കൃഷിയിടങ്ങൾ നശിപ്പിക്കുകയും ചെയ്യുന്ന പ്രവണത അനുവദിക്കാൻ കഴിയില്ല. അത് ജനങ്ങൾക്ക് പ്രയാസമുണ്ടാക്കുന്ന കാര്യമാണ്. അത് പരിഹരിക്കുന്നതിന് അവിടത്തെ വനം വകുപ്പ് വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് അങ്ങേയ്ക്ക് നന്നായി അറിയാവുന്നതാണ്. അവിടെ പുലി ഇറങ്ങുന്നുണ്ടെന്നുള്ളത് സത്യമാണ്. പുലികളെ നിരീക്ഷിക്കാനും അവ എങ്ങോട്ടേയ്ക്കാണ് പോകുന്നതെന്ന് കണ്ടെത്തി മയക്കുവെടിവച്ച് വീഴ്ത്തി കൂട്ടിലാക്കി മറ്റേതെങ്കിലും സ്ഥലത്തേയ്ക്ക് കൊണ്ടുപോകുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്. കടുവകളെ പിടികൂടി പെരിയാർ ടൈഗർ റിസർവിലേയ്ക്കും പറമ്പിക്കുളം ടൈഗർ റിസർവിലേയ്ക്കും മാറ്റി പാർപ്പിക്കാൻ കഴിയുമോയെന്ന പരിശോധനയാണ് നടത്തിക്കൊണ്ടിരിക്കുന്നത്.

ഇത്തരത്തിൽ പിടികൂടുന്ന ആന, കടുവ തുടങ്ങിയ വന്യജീവികളെ സുരക്ഷിത മേഖലകളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കാനുള്ള നടപടിയെക്കുറിച്ചാണ് ഇപ്പോൾ ആലോചിക്കുന്നത്.

## വെള്ളക്കരത്തിലെ വർദ്ധനവ്

4(*64) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളക്കരം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഓരോ യൂണിറ്റ് (ആയിരം ലിറ്റർ) വെള്ളത്തിനും 10 രൂപ നിരക്കിൽ കരം വർദ്ധിപ്പിക്കാനാണോ തീരുമാനിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിരക്കിൽ വെള്ളക്കരം വർദ്ധിപ്പിച്ചാൽ ശരാശരി പതിനായിരം ലിറ്റർ വെള്ളം ഉപയോഗിക്കുന്ന ഒരു കുടുംബത്തിന്റെ നിലവിലെ വെള്ളക്കരം 44.41 രൂപയിൽനിന്നും 144.41 രൂപയായി വർദ്ധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇപ്രകാരമുള്ള വർദ്ധനവ് തീരുമാനിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ,

(എ&ബി) തീരുമാനിച്ചിട്ടുണ്ട്. ഒരു ലിറ്റർ കുടിവെള്ളത്തിന് ഒരു പൈസ നിരക്കിൽ വർദ്ധിപ്പിക്കാനാണ് തീരുമാനിച്ചത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) കേരള വാട്ടർ അതോറിറ്റിയുടെ ആരംഭകാലം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാർ നൽകുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരു പരിധിവരെ കേരള വാട്ടർ അതോറിറ്റിയെ സഹായിക്കുന്നത്. അംഗീകൃത താരിഫ് അനുസരിച്ച് ഉപഭോക്താക്കളിൽനിന്നും പിരിച്ചെടുക്കുന്ന വാട്ടർ ചാർജ്ജാണ് ജലഅതോറിറ്റിയുടെ പ്രധാന വരുമാനമാർഗ്ഗം. 1000 ലിറ്റർ കുടിവെള്ളത്തിന് ഉത്പാദന-പ്രസരണ ചെലവ് 22.85 രൂപയും 1000 ലിറ്റർ കുടിവെള്ളത്തിന്റെ വരുമാനം 10.92 രൂപയുമാണ്. അതായത്, 1000 ലിറ്റർ കുടിവെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടമുണ്ടാകുന്നു. കൂടാതെ, ജലശുദ്ധീകരണത്തിലും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞനിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം

വിതരണം ചെയ്യുന്നതുവഴി വാട്ടർ അതോറിറ്റിക്ക് പ്രതിവർഷം നഷ്ടമുണ്ടായിക്കൊണ്ടിരിക്കുന്നു. വർഷാവർഷം വർദ്ധിച്ചുവരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവയ്ക്കനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവുണ്ടാകുന്നില്ല. ഇതുമൂലം വാട്ടർ അതോറിറ്റിക്ക് 2021-22 സാമ്പത്തികവർഷത്തെ വാർഷിക കണക്കുകൾ (എ.ജി.-ക്ക് ഓഡിറ്റിന് നൽകിയത്) പ്രകാരം 4911.42 കോടി രൂപയാണ് സഞ്ചിത നഷ്ടം. വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് 1263.64 കോടി രൂപ വാട്ടർ അതോറിറ്റി നൽകാനുണ്ട്. മാത്രമല്ല, 2018 മുതലുള്ള പെൻഷൻ ആനുകൂല്യങ്ങളും പി.എഫ്. ഉൾപ്പെടെയുള്ള മറ്റാനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്തവകയിൽ കരാറുകാർക്ക് 137.06 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. ഈ സാഹചര്യത്തിലാണ് വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള കേരള വാട്ടർ അതോറിറ്റിയുടെ ശിപാർശ അംഗീകരിക്കാൻ തീരുമാനിച്ചത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വെള്ളക്കരം വർദ്ധനവ് സംബന്ധിച്ച് ഇന്നത്തെ മലയാള മനോരമ പത്രത്തിൽ ബൈജുവിന്റെ ഒരു കാർട്ടൂണുണ്ട്. വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചെന്ന വാർത്ത കേൾക്കുന്ന ഒരാൾ,

അതിനുശേഷം പെട്രോൾ/ഡീസൽ സെസ്സിന്റെ വർദ്ധനവുമൂലം വിലക്കയറ്റമുണ്ടാകുമെന്നുകൂടി കേൾക്കുമ്പോൾ ബോധംകെട്ട് വീഴുകയും അയാളുടെ ബോധക്കേട് മാറ്റാൻവേണ്ടി വെള്ളം തളിക്കുമ്പോൾ, വെള്ളം അധികം തളിക്കണ്ട, വെള്ളത്തിന്റെ ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് അടുത്തുനിൽക്കുന്ന ആൾ പറയുന്നതായാണ് കാർട്ടൂണിലുള്ളത്. അങ്ങനെ തളിക്കാൻപോലും വെള്ളം ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്. ഓരോ യൂണിറ്റ് വെള്ളത്തിനും 10 രൂപ നിരക്കിൽ കരം വർദ്ധിപ്പിച്ചാൽ നിലവിലെ വെള്ളക്കരം 44.41 രൂപയിൽനിന്നും 144.41 രൂപയായി വർദ്ധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന ചോദ്യത്തിന് 'ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്' എന്നുമാത്രമേ അങ്ങ് മറുപടി പറഞ്ഞിട്ടുള്ളൂ. അത് ശ്രദ്ധയിൽപ്പെട്ടിട്ടും ജനങ്ങളെ ദ്രോഹിക്കുന്ന ഈ വില വർദ്ധനവ് പിൻവലിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, അങ്ങനെ ചോദിച്ചത് വളരെ നന്നായി. ബോധംകെട്ട് കിടക്കുന്ന ആളിന് കുറച്ച് വെള്ളം തളിച്ചാൽ മതിയെന്നുപറഞ്ഞത് ഹാസ്യരൂപേണയാണെങ്കിലും ഈ രാജ്യത്ത് വെള്ളത്തിന്റെ ഉപയോഗം പരിമിതപ്പെടുത്താനും വിനിയോഗത്തിന്റെ സാദ്ധ്യതകൾ മനസ്സിലാക്കി പ്രയോജനപ്പെടുത്താനും ജനങ്ങൾക്ക് കഴിയട്ടെ

എന്നാണ് എനിക്ക് ആദ്യമേ പറയാനുള്ളത്. വെള്ളക്കരം 44 രൂപയെന്നോ 144 രൂപയെന്നോ പറയേണ്ട കാര്യമില്ല. ഒരു ലിറ്റർ വെള്ളത്തിന് ഒരു പൈസയാണ് വർദ്ധിപ്പിച്ചത്. വെള്ളക്കരം വർദ്ധിപ്പിക്കേണ്ടതില്ലേ; പ്രതിപക്ഷത്തിന് അങ്ങനെ അഭിപ്രായമുണ്ടോ? വാട്ടർ അതോറിറ്റിയുടെ വരുമാനമാർഗ്ഗമെന്താണ്? പ്ലാന്റിൽനിന്ന് ട്രീറ്റ് ചെയ്യുന്ന വെള്ളം കൊടുക്കുമ്പോൾ ലഭിക്കുന്ന തുക മാത്രമാണ് പ്രാരംഭകാലം മുതൽ വാട്ടർ അതോറിറ്റിയുടെ വരുമാനമാർഗ്ഗം. 1000 ലിറ്റർ വെള്ളം കൊടുക്കുമ്പോൾ 11.93 രൂപ നഷ്ടം വരുത്തിക്കൊണ്ട് എങ്ങനെ മുന്നോട്ടുപോകാൻ കഴിയും. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും പൈപ്പിന്റെ മെയിന്റനൻസ് വർക്ക് ചെയ്യുന്ന റണ്ണിംഗ് കോൺട്രാക്ടർമാർക്കുള്ള തുകയും കൊടുക്കേണ്ടതില്ലേ? ഇത്തരം കാര്യങ്ങളെല്ലാം പെൻഡിംഗ് വരുന്നത് കാരണം സേവനരംഗത്ത് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ കഴിയുന്നില്ല. അത് പരിഹരിക്കാൻ കഴിയുന്ന, അധികബുദ്ധിമുട്ടില്ലാത്ത ഒരു വർദ്ധനവ് വരുത്തുമ്പോൾ അതിന് ഇത്രമാത്രം പ്രശ്നമുണ്ടാക്കേണ്ടതുണ്ടോ? ജനങ്ങൾക്ക് വെള്ളത്തിന്റെ ഉപയോഗത്തെക്കുറിച്ച് അവബോധം നൽകാൻ കഴിയുന്ന മാർഗ്ഗം ഇതുമാത്രമേയുള്ളൂ. ഇത് വലിയ അധികഭാരമായി വരുന്നില്ല. ധാരാളം ആളുകൾ എന്നെ ഫോണിൽ വിളിക്കാറുണ്ട്. എന്നാൽ വാട്ടർ

ചാർജ്ജുമായി ബന്ധപ്പെട്ട വിഷയത്തിൽ നാളിതുവരെ സാധാരണക്കാരന്റെ ഒരു ഫോൺ വിളിപോലും വന്നിട്ടില്ല. വെള്ളം കിട്ടാനില്ല, പൈപ്പ് പൊട്ടിയിട്ടുണ്ട് എന്നൊക്കെ വിളിച്ചുപറയുമ്പോഴെല്ലാം ഞാൻ നേരിട്ട് ഇടപെടാറുണ്ട്. മിക്കവാറും എം.എൽ.എ.-മാർക്കും അത് ബോദ്ധ്യമുണ്ട്. എം.എൽ.എ.-മാരാണ് പരാതി പറയുന്നതെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നേരിട്ട് തിരിച്ചുവിളിക്കുന്ന സാഹചര്യവുമുണ്ടായിട്ടുണ്ട്. പരാതി പരിഹരിക്കാൻ വാട്ടർ അതോറിറ്റി ജീവനക്കാർ ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ടെന്നുള്ളത് നല്ലൊരു സൂചനയുടെ ഭാഗമായാണ് കാണുന്നത്. ഇത് അധികഭാരം അടിച്ചേല്പിക്കലല്ല. ഭാവിയിലേയ്ക്ക് ജനങ്ങളെ സംരക്ഷിക്കാനായി ഒരു ചെറിയ മാർഗ്ഗം സ്വീകരിച്ചുവെന്നേയുള്ളൂ.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, സർക്കാർ ഇതുപോലുള്ള വിലവർദ്ധനവ് നടപ്പിലാക്കുമ്പോൾ ബോധംകെടുന്ന ജനങ്ങളുടെ ബോധം തിരിച്ചുകിട്ടാൻവേണ്ടി ഉപയോഗിക്കേണ്ട വെള്ളത്തിന്റെ അളവിനെ സംബന്ധിച്ച് വാട്ടർ അതോറിറ്റി ഉത്തരവിറക്കിയാലും മതി. ഇങ്ങനെ ബോധരഹിതരാകുന്നവരെ ബോധത്തിലേയ്ക്ക് കൊണ്ടുവരാൻ വേണ്ടി ഇത്രമാത്രം വെള്ളമേ ഉപയോഗിക്കാൻ പാടുള്ളൂവെന്ന് നിർദ്ദേശിക്കണം. നിലവിലുള്ള കണക്ഷനുകളിൽപോലും ആഴ്ചകളോളം വെള്ളം ലഭിക്കാത്ത

സാഹചര്യമുണ്ട്. ഈ വർദ്ധനവുമൂലം മിനിമം ചാർജ് 22 രൂപയെന്നത് 72 രൂപയാകും. അപ്പോൾ വെള്ളം കിട്ടാത്തവർപോലും 72 രൂപ മിനിമം ചാർജ് കൊടുക്കേണ്ട സാഹചര്യമുണ്ടാകുകയാണ്. എല്ലാ അർത്ഥത്തിലും ജീവിതം ദുരിതപൂർണ്ണമായിരിക്കുന്ന ജനങ്ങൾക്കുമേൽ ഇത്തരത്തിലുള്ള അധികഭാരം അടിച്ചേൽപ്പിക്കുന്ന തീരുമാനങ്ങൾ പിൻവലിക്കണമെന്ന അഭ്യർത്ഥനയാണ് വീണ്ടും മുന്നോട്ടുവയ്ക്കാനുള്ളത്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് അക്കാര്യം മനസ്സിലായില്ലെന്ന് തോന്നുന്നു. ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കുന്നില്ല. ബഹുമാനപ്പെട്ട അംഗം ആദ്യം ഉന്നയിച്ചതിന് മറുപടി പറയാം. ബോധംകെട്ട് കിടക്കുന്ന ഒരാളെ എഴുന്നേൽപ്പിക്കുന്നതിനായി കൊടുക്കുന്ന വെള്ളത്തിന്റെ അളവ് കൂട്ടണമെങ്കിൽ എം.എൽ.എ. ഒരു കത്ത് തന്നാൽ ആവശ്യമായ വെള്ളം കൊടുക്കാനുള്ള നിർദ്ദേശം നൽകാം. അതിന് യാതൊരു ബുദ്ധിമുട്ടുമില്ല. രണ്ടാമത്തെ പ്രശ്നം, വെള്ളത്തിന്റെ ചാർജ്ജ് ഒരു പൈസ കൂട്ടിയെന്നുവച്ച് യാതൊരധികഭാരവുമുണ്ടാകുന്നില്ല. നാലുപേരടങ്ങുന്നൊരു കുടുംബത്തിന് ഒരു ദിവസം എത്ര ലിറ്റർ വെള്ളം വേണ്ടിവരും? സ്വാഭാവികമായും ഒരാൾക്ക് 100 ലിറ്റർ വെള്ളം പോരേ; നാലുപേരുണ്ടെങ്കിൽ 400 ലിറ്റർ വെള്ളം പോരേ; ഈയൊരളവിൽ

ദിനംപ്രതി 500 ലിറ്റർ വെള്ളം സൗജന്യമായി ബി.പി.എൽ. കുടുംബങ്ങൾക്ക് കൊടുക്കുന്നുണ്ട്. അങ്ങനെ ഒരു മാസം 15,000 ലിറ്റർ വെള്ളം സൗജന്യമായി കൊടുക്കുന്നുണ്ട്; അവരിൽനിന്നും തുക ഈടാക്കുന്നില്ല. അത്തരത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഏതെങ്കിലും സാഹചര്യങ്ങളുണ്ടോയെന്ന് പരിശോധിക്കും. ഇത് ജനങ്ങളിൽ അധികഭാരം അടിച്ചേൽപ്പിക്കാനല്ല; കണക്കുകൊണ്ട് മായാജാലം സൃഷ്ടിക്കേണ്ട യാതൊരാവശ്യവുമില്ല. ഒരു ലിറ്റർ വെള്ളത്തിന് ഒരു പൈസയാണ് കൂട്ടിയത്. ഒരു ലക്ഷം ലിറ്റർ വെള്ളത്തിന്റെ ചാർജ്ജ് നോക്കേണ്ട കാര്യമുണ്ടോ; ആവശ്യമുള്ള വെള്ളത്തിന്റെ കാര്യം പറഞ്ഞാൽ പോരേ? ഒരു കുടുംബത്തിന് ഒരു മാസം 30000 ലിറ്റർ വെള്ളം വേണമെന്ന കണക്ക് എവിടെയെങ്കിലുമുണ്ടോ? ഞാൻ പരിശോധിച്ചപ്പോൾ ഒരു കുടുംബത്തിന് ഒരു മാസം 15000 ലിറ്റർ വെള്ളം ധാരാളമാണെന്ന് മനസ്സിലായി. അവർക്ക് ഈ വില വർദ്ധന ബാധകമല്ല. നേരത്തെ പറഞ്ഞതുപോലെ, വെള്ളത്തിന്റെ ഉപയോഗം അല്പംകൂടി പരിമിതപ്പെടുത്തുന്ന ശീലം കൊണ്ടുവന്നാൽ 20000 ലിറ്റർ ഉപയോഗിക്കുന്ന ഒരാൾക്ക് 15000 ലിറ്ററിലേയ്ക്ക് കുറച്ചുകൊണ്ടുവരാൻ സാധിക്കും. അങ്ങനെ കുറച്ചുകൊണ്ടുവന്നാൽ ബി.പി.എൽ. ആണെങ്കിൽ അവർക്കും ഈ ആനുകൂല്യം ലഭ്യമാകും. ഇന്നത്തെ സാഹചര്യത്തിലെ ജലലഭ്യതയും അതിന്റെ

ഉപയോഗസാദ്ധ്യതകളും ജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്ന സ്വീകാര്യമായ ഒരു വർദ്ധനവ് മാത്രമാണ് ഇപ്പോൾ വരുത്തിയിട്ടുള്ളത്. അത് എല്ലാവരാലും അംഗീകരിക്കപ്പെടും. ഗവൺമെന്റിനോടൊപ്പംനിന്ന് ഇതിന്റെ സേവനം കൂടുതൽ മെച്ചപ്പെടുത്താൻ സഹായിക്കണമെന്നുള്ള അഭ്യർത്ഥനയാണ് മുന്നോട്ടുവയ്ക്കാനുള്ളത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അങ്ങയുടെ താർക്കികപ്രശ്നത്തിലേയ്ക്ക് ഞാൻ കടക്കുന്നില്ല. പക്ഷേ, ഒരു യാഥാർത്ഥ്യമുണ്ട്. അതായത് ജനങ്ങളിന്ന് വളരെ വേദനയിലും ദു:ഖത്തിലുമാണ്. കുടിവെള്ളം ലഭിക്കുകയെന്നത് മനുഷ്യാവകാശമല്ലേ; കുടിവെള്ളം കൊടുക്കാതെ ഒരു സമൂഹത്തിലെ ജനങ്ങളെ നിലനിർത്താൻ സാധിക്കുമോ; ഇവിടെ 40 ശതമാനത്തോളം ആളുകളും പൈപ്പ് വെള്ളമാണുപയോഗിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. ട്രീറ്റഡ് വാട്ടർ നൽകുമെന്നാണ് പറഞ്ഞിട്ടുള്ളതെങ്കിലും ഇപ്പോൾ കൊടുക്കുന്ന വെള്ളത്തിൽ മലിനജലവുമുണ്ടെന്നുള്ള യാഥാർത്ഥ്യം നിലനിൽക്കുകയല്ലേ? ഇതൊക്കെ ക്വാളിറ്റി സംബന്ധിച്ചുള്ള കാര്യങ്ങളാണ്. എനിക്ക് ചോദിക്കാനുള്ളത്, ഉത്തരവ് കൊടുക്കാതെതന്നെ വെള്ളക്കരം കൂട്ടിയിട്ടുണ്ടോ; എങ്കിൽ അതിന് നിർദ്ദേശം നൽകിയ ഉദ്യോഗസ്ഥൻ ആരാണെന്ന് അങ്ങ്

പരിശോധിച്ചിട്ടുണ്ടോ; ആ ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കാൻ തയ്യാറാകുണ്ടോ; ഈ പ്രധാനപ്പെട്ട പ്രശ്നങ്ങൾ അങ്ങ് പരിശോധിക്കേണ്ടതല്ലേ? വെള്ളം തരുന്നില്ലെന്നതുമാത്രമല്ല, നല്ല റോഡുകൾ കുത്തിപ്പൊളിക്കുകയാണ് ചെയ്യുന്നത്. പൈപ്പിൽ ലീക്കുണ്ടായി എന്നുപറഞ്ഞപ്പോൾ ഞാൻ ഒരാളെ വിളിച്ചു ചോദിച്ചു.

<u>മി. സ്പീക്കർ</u>: പ്ലീസ്...പ്ലീസ്.... ഇങ്ങനെ പ്രസംഗിക്കല്ലേ. നിങ്ങളൊക്കെ വളരെ സീനിയറായ ആൾക്കാരല്ലേ. നിങ്ങൾ ഇങ്ങനെ പ്രസംഗിച്ചാലോ, പ്ലീസ്...പ്ലീസ്.... ചോദ്യത്തിലേയ്ക്ക് വരൂ. ഒരു മിനിറ്റ് കഴിഞ്ഞു. ഇങ്ങനെ പ്രസംഗിച്ചാൽ ശരിയാകില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ചോദ്യത്തിൽ തന്നെ നിൽക്കുകയാണ്. ചോദ്യം ചോദിക്കാം; പക്ഷേ, ചോദ്യം ചെയ്യരുത്. വെള്ളം പൈപ്പിലൂടെ പോയാൽ പൈപ്പ് വാട്ടറും ഗ്രൗണ്ടിലൂടെ പോയാൽ ഗ്രൗണ്ട് വാട്ടറുമാണ്, അതുകൊണ്ട് യാതൊരു കുഴപ്പവുമില്ലെന്നാണ് പറയുന്നത്. ഈ കെടുകാര്യസ്ഥത അവസാനിപ്പിക്കാൻ എന്ത് നടപടിയെടുക്കുമെന്നതാണ് എന്റെ ചോദ്യം?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഞാൻ എല്ലാ ബഹുമാനത്തോടുംകൂടി ചോദിക്കുകയാണ്, വാട്ടർ അതോറിറ്റി നിലവിൽ വന്നതിനുശേഷം

വെള്ളത്തിന്റെ വിലവർദ്ധനവ് വരുത്തിയിട്ടില്ലേ; 2008-ലും 2014-ലും വെള്ളത്തിന്റെ ചാർജ്ജിൽ വർദ്ധനവ് വരുത്തിയിട്ടില്ലേ; അന്നൊക്കെ ഇത് ജനങ്ങൾക്കാവശ്യമുള്ള സർവ്വീസ് അല്ലായിരുന്നോ? (....ബഹളം....)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 2008-ൽ ആരാണ് ഭരിച്ചിരുന്നത്?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ആയിക്കോട്ടെ. 2014-ൽ അധികാരത്തിലിരുന്നത് ആരാണ്? ആര് ഭരിക്കുന്നുവെന്നുള്ളതല്ല വിഷയം. ആര് ഭരിച്ചാലും വാട്ടർ ചാർജ്ജ് കൂട്ടേണ്ടി വരും. അധികഭാരം ഉണ്ടാകാതിരിക്കണമെങ്കിൽ ഇത്തരം കാര്യങ്ങൾ ചെയ്യുന്നതുതന്നെയാണ് നല്ലത്. റോഡ് പൊളിഞ്ഞുവെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. അത് ശരിയായിരിക്കാം, പൊളിഞ്ഞ റോഡുകൾ അറ്റകുറ്റപ്പണി നടത്തി പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്. ഇനി എവിടെയെങ്കിലും ഇത്തരത്തിൽ പൊളിഞ്ഞ റോഡുണ്ടെങ്കിൽ ഉടൻതന്നെ നന്നാക്കാം. അതിലൊന്നും ഒരു തടസ്സവുമുണ്ടായിട്ടില്ല. ഒരുകാലത്തും കുടിവെള്ളം കൊടുക്കാൻ റോഡ് പൊളിച്ചല്ലാതെ മറ്റൊരു മാർഗ്ഗവും കേരളത്തിൽ സ്വീകരിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗം മന്ത്രിയായിരുന്ന കാലഘട്ടത്തിലും റോഡ് പൊളിച്ചുതന്നെയാണ് വാട്ടർ കണക്ഷൻ കൊടുത്തിരുന്നത്. അന്ന് വേറൊരു മാർഗ്ഗവും രൂപപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇത്തരം കാര്യങ്ങളിൽ

ഇനിയെന്തെങ്കിലും ചെയ്യാനുണ്ടെങ്കിൽ അത് പരിഗണിക്കുകയും പരിശോധിക്കുകയും ചെയ്യാം. കേരളത്തിലെ സാധാരണക്കാരായ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട കുടുംബത്തിന് ഒരു മാസം 15000 ലിറ്റർ വെള്ളം സൗജന്യമായി കൊടുക്കുന്ന രീതി തുടരും. അതിൽ യാതൊരു ആശങ്കയുടെയും ആവശ്യമില്ല.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, കൊച്ചി, തിരുവനന്തപുരം നഗരങ്ങളിൽ നടപ്പാക്കാൻ പോകുന്ന കേരള അർബൻ വാട്ടർ സർവ്വീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് എ.ഡി.ബി. സഹായത്തോടുകൂടിയുള്ള പദ്ധതിയാണ്. ഈ പദ്ധതി നടപ്പിലാക്കുമ്പോൾ ജനങ്ങൾക്ക് അധികഭാരമുണ്ടാകുമെന്ന ആശങ്ക നിലവിലുണ്ട്. ഇപ്പോൾ ഒരു കണക്ഷൻ ലഭിക്കാൻ 18.2 രൂപ ചെലവാകുന്നുണ്ട്. എന്നാൽ എ.ഡി.ബി. പദ്ധതി നടപ്പാക്കുമ്പോൾ അത് 235 രൂപയായി മാറുമെന്നുള്ള ആശങ്കയാണുള്ളത്. ഇത് ജനങ്ങളെ ബാധിക്കാത്ത വിധത്തിൽ നടപ്പാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ? വെള്ളത്തിന്റെ ദുർവിനിയോഗം കുറയ്ക്കാൻവേണ്ടിയാണ് വില വർദ്ധിപ്പിച്ചതെന്ന് നേരത്തെ ഇവിടെ പറഞ്ഞു. ഈ ഗവൺമെന്റിന്റെ നയമനുസരിച്ച് വെള്ളത്തിന്റെ ഉപയോഗം കുറയ്ക്കാൻ വെള്ളത്തിന്റെ ചാർജ്ജും

പെട്രോളിന്റെ ഉപയോഗം കുറയ്ക്കാൻ പെട്രോളിന്റെ സെസ്സും കൂട്ടുന്നു.

(..... മൈക്ക് ഓഫ്.....)

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്.... ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയൂ.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വെള്ളത്തിന്റെ ചാർജ്ജ് കൂട്ടാൻവേണ്ടി അതിന്റെ ഉപയോഗസാദ്ധ്യതയെക്കുറിച്ചല്ല പറഞ്ഞത്. സെൻസുള്ള എല്ലാവർക്കും മനസ്സിലാകും. ഇന്ന് കേരളത്തിൽ പഴയതുപോലെ ജലം ഉപയോഗിക്കാൻ സാധിക്കുന്ന ഒരു അന്തരീക്ഷമില്ല; ഭൂഗർഭജലം കുറയുകയാണ്. അതിനാൽ വെള്ളം സംരക്ഷിക്കപ്പെടണം. വാട്ടർ അതോറിറ്റി ട്രീറ്റ് ചെയ്ത് നൽകുന്ന വെള്ളമാണ് ടൗണുകളിൽ വാഹനം കഴുകാനും പൂച്ചെടി നനയ്ക്കാനും ഉപയോഗിക്കുന്നത്. അതൊക്കെ പരിമിതപ്പെടുത്തിയില്ലെങ്കിലുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് പൊതുജനം ചർച്ച ചെയ്യുമ്പോൾ നല്ല സെൻസോടുകൂടിയാവണം അക്കാര്യങ്ങൾ സഭയിൽ കൊണ്ടുവരേണ്ടത്. എ.ഡി.ബി.-യിലൂടെ നടപ്പിലാക്കുന്ന പദ്ധതിയെക്കുറിച്ച് യാതൊരാശങ്കയുമാവശ്യമില്ല. അതിലൂടെ അധികഭാരവുമുണ്ടാകില്ല. വെള്ളത്തിന്റെ വിതരണം, കണക്ഷൻ നൽകൽ, അളവ് എന്നിവയെല്ലാം വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ തന്നെ ചെയ്യും. വെള്ളമില്ലാത്ത ബുദ്ധിമുട്ടുണ്ടാകില്ല. ഇത്തരം സാദ്ധ്യതകൾ

പ്രയോജനപ്പെടുത്തി സേവനം മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിക്കുന്ന നല്ല തീരുമാനങ്ങളോട് യോജിക്കുക മാത്രമാണ് ചെയ്യേണ്ടത്.

(ശ്രീമതി കെ. കെ. രമ സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല.)

## ദേശീയോദ്യാനങ്ങളുടെയും വന്യമൃഗസങ്കേതങ്ങളുടെയും അതിർത്തിയിലെ നിയന്ത്രണങ്ങൾ

5(*65) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. എം. മണി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ൽ കേന്ദ്രസർക്കാർ രൂപീകരിച്ച മാനദണ്ഡങ്ങൾക്കനുസൃതമായ നിയന്ത്രണങ്ങൾ ദേശീയോദ്യാനങ്ങളുടെയും വന്യമൃഗ സങ്കേതങ്ങളുടെയും അതിർത്തിയിൽനിന്നും ഒരു കിലോമീറ്റർ ചുറ്റളവിൽ ഏർപ്പെടുത്തണമെന്ന് 2022 ജൂൺ മാസത്തിൽ സുപ്രീംകോടതി ഉത്തരവിട്ടത് സംസ്ഥാനത്തെ മലയോര ജില്ലകളിലെ ജനങ്ങളിൽ സൃഷ്ടിച്ച ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആശങ്കയകറ്റുന്നതിന് സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) സുപ്രീംകോടതി നിർദ്ദേശാനുസരണമുള്ള ഉപഗ്രഹ സർവ്വേയോടൊപ്പം നേരിട്ടുള്ള സർവ്വേ കൂടി നടത്താൻ തീരുമാനിച്ചതുവഴി ജനങ്ങളുടെ ആശങ്കയകറ്റാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിലുള്ള കേസിൽ സംസ്ഥാന സർക്കാർ കക്ഷി ചേർന്നിട്ടുണ്ടോയെന്ന് അറിയിക്കാമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിലെ ആശങ്കയകറ്റുന്നതിനും പൊതുജന താത്പര്യാർത്ഥവും സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുപ്രകാരം ഒരു കിലോ മീറ്റർ ESZ-ൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം, വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തി.

സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ, ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള ESZ പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്തുപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചു. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-09-2020-ന് ചേർന്ന യോഗതീരുമാനപ്രകാരം വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്രസർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേനിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽനിന്നും ജനവാസമേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ

നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും 10-08-2022-ലെ 44/2022/വനം നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം.25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ആയതിൽ സംസ്ഥാനത്തുനിന്ന് ഭേദഗതി വരുത്തി കേന്ദ്രസർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനാണ് അപേക്ഷിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ KSREC കരട് പഠന റിപ്പോർട്ട് അവതരിപ്പിക്കുകയും ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമെ ഭൗതിക സ്ഥലപരിശോധന കൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ)നം.424/2022/വനം പ്രകാരം ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ധസമിതിയും സാങ്കേതിക വിദഗ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ ലഭ്യമാക്കിയ പഠന റിപ്പോർട്ട് ആവശ്യമായ തുടർനടപടികൾക്കായി

അഡ്വക്കേറ്റ് ജനറലിന് 01-09-2022-ൽ സമർപ്പിച്ചിരുന്നു. വിദഗ്ധ പരിശോധന സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഉപഗ്രഹ സർവ്വേ സംബന്ധിച്ച് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ പഞ്ചായത്ത്/വില്ലേജ്തല സർവ്വേ നമ്പർ ഉൾപ്പെടെയുള്ള നിർമ്മിതികളുടെ വിവരങ്ങളും ഭൂപടങ്ങളും സഹിതമുള്ള സംക്ഷിപ്ത രൂപവും ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളും ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ/നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച പരാതികളുണ്ടെങ്കിൽ ആയത് ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ഫീൽഡ്തല വിലയിരുത്തലിനായി ജിയോ

ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വനം വകുപ്പിൽനിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ച 63615 പരാതികളിൽ 62640 പരാതികൾക്ക് 02-02-2023 വരെ പരിഹാരം കാണുകയും KSREC-ന്റെ അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 79193 അസ്സറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിലാണ് KSREC നടത്തിയ ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്കുപുറമെ ഭൗതിക സ്ഥലപരിശോധന കൂടി

നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിച്ചത്. ആയതിനായി 30-09-2022-ലെ (സാധാ) നം.424/2022/വനം സർക്കാർ ഉത്തരവുപ്രകാരം ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ധസമിതിയും സാങ്കേതികവിദഗ്ധരുടെ സമിതിയും രൂപീകരിച്ചു. വിദഗ്ധ പരിശോധന സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസമേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഉപഗ്രഹ സർവ്വേ സംബന്ധിച്ച് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ പഞ്ചായത്ത്/വില്ലേജ്തല സർവ്വേ നമ്പരുൾപ്പെടെയുള്ള നിർമ്മിതികളുടെ വിവരങ്ങളും ഭൂപടങ്ങളും സഹിതമുള്ള സംക്ഷിപ്തരൂപവും ജനവാസ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം- പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളും ആയതുസംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ/ നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ

വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച പരാതികളുണ്ടെങ്കിൽ ആയത് ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ഫീൽഡുതല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വനം വകുപ്പിൽനിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ധസമിതി തുടർനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ച 63615 പരാതികളിൽ 62640 പരാതികൾക്ക് 02-02-2023 വരെ പരിഹാരം കാണുകയും KSREC-ന്റെ അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 79193 അസ്സറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളിലൂടെ ടി വിഷയത്തിൽ ജനങ്ങളുടെ

ആശങ്കയകറ്റാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ടെന്ന വിലയിരുത്തലാണുള്ളത്.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. ലിന്റോ ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. കെ. ബാബു (നെന്മാറ): സർ, 2013-ലെ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് സർവ്വശ്രീ വി. ഡി. സതീശൻ, ടി. എൻ. പ്രതാപൻ, എൻ. ഷംസുദ്ദീൻ എന്നീ ഹരിത എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ ഉപസമിതികൾ രൂപീകരിക്കുകയും ബഫർ സോണുമായി ബന്ധപ്പെട്ട് തെളിവെടുപ്പ് നടത്തുകയും ചെയ്തിരുന്നു. പ്രസ്തുത ഉപസമിതി എത്ര കിലോമീറ്റർ വരെ ബഫർ സോണായി പ്രഖ്യാപിക്കണമെന്നാണ് ഗവൺമെന്റിന് നിർദ്ദേശം നൽകിയത്; അതിൽ ഏതെല്ലാം ഇനങ്ങളാണ് നിരോധിക്കപ്പെടേണ്ടതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, 04-12-2006-ലെ സുപ്രീംകോടതിവിധി വന്നതിനുശേഷം 09-02-2011-ൽ സംസ്ഥാനം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് ഇക്കോ സെൻസിറ്റീവ് സോൺ

സംബന്ധിച്ച കരട് പ്രൊപ്പോസലുകൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചത്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചതുപോലെ പൂജ്യം മുതൽ പന്ത്രണ്ട് കിലോമീറ്റർ വരെയുള്ള ജനവാസമേഖലയെ ഒഴിവാക്കി ബഫർ സോൺ ആയി പ്രഖ്യാപിക്കാമെന്നാണ് ആ പ്രൊപ്പോസലിലുള്ളത്. മറുപടിയുടെ ബാക്കിഭാഗം മേശപ്പുറത്തുവയ്ക്കുന്നു+.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+)

## 10.00 a.m]

## II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 4577-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിലെ 29-10-2021-ലെ നക്ഷത്രചിഹ്നമിടാത്ത 4577-ാം നമ്പർ ചോദ്യത്തിന്

+അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.
+അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.

നൽകിയ ഉത്തരത്തിൽവന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

## III ഗവർണറുടെ സന്ദേശം

മി. സ്പീക്കർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 15-ാം ചട്ടത്തിന്റെ (8)-ാം ഉപചട്ടപ്രകാരം ഗവർണറുടെ മറുപടി ഞാൻ സഭയെ അറിയിക്കുന്നു.

"I thank the 15th Kerala Legislative Assembly for the Motion of Thanks adopted on 2nd February, 2023 by its 8th session on my address to the Assembly on 23rd January, 2023".

## IV അറിയിപ്പ്

അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയിലെ എല്ലാ അംഗങ്ങളെയും ഉൾപ്പെടുത്തി ഒരു ഗ്രൂപ്പ് ഫോട്ടോ ഈ സമ്മേളനകാലത്തുതന്നെ എടുക്കണമെന്ന് 2023 ഫെബ്രുവരി 2-ാം തീയതി ചേർന്ന കാര്യോപദേശക സമിതി നിർദ്ദേശിക്കുകയുണ്ടായി. അതുപ്രകാരം ഫെബ്രുവരി 8-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് അൽപ്പസമയം സഭാ സമ്മേളനം നിർത്തിവച്ചശേഷം ആർ. ശങ്കരനാരായണൻ തമ്പി

+അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.

മെമ്പേഴ്സ് ലോഞ്ചിൽ വച്ച് ഗ്രൂപ്പ് ഫോട്ടോയെടുക്കാൻ ഉദ്ദേശിക്കുന്നു. എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും ഗ്രൂപ്പ് ഫോട്ടോ എടുക്കുന്നതിനായി എത്തിച്ചേരണമെന്ന് സഭയെ അറിയിക്കുകയാണ്.

**10.02. a.m]**

## V അടിയന്തരപ്രമേയം

ഭക്ഷ്യ സുരക്ഷാ നിയമം നടപ്പാക്കുന്നതിലെ വീഴ്ച

മി. സ്പീക്കർ: ഭക്ഷ്യ വിഷബാധമൂലമുള്ള മരണവും ഭക്ഷ്യസുരക്ഷാ വീഴ്ചകളും വർദ്ധിക്കുകയും ഹെൽത്ത് കാർഡ് വിതരണം അട്ടിമറിക്കപ്പെടുകയും ചെയ്യുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ അനൂപ് ജേക്കബ്, അൻവർ സാദത്ത്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, കഴിഞ്ഞ ദിവസം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ശ്രദ്ധക്ഷണിക്കലിലൂടെ കൊണ്ടുവന്ന വിഷയമാണ് ഇന്ന് ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ അടിയന്തരപ്രമേയത്തിനായി നൽകിയിരിക്കുന്ന

നോട്ടീസിലും ഉൾപ്പെട്ടിരിക്കുന്നതെന്ന സാധാരണമല്ലാത്ത ഒരു സാഹചര്യമുണ്ടെന്ന് ആദ്യംതന്നെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. പൊതുജനാരോഗ്യ സംരക്ഷണത്തിൽ ഭക്ഷ്യ സുരക്ഷ വളരെയേറെ പ്രധാനപ്പെട്ടതാണ്. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതും നടപടികൾ സ്വീകരിക്കുന്നതും കേന്ദ്ര നിയമമായ 2006-ലെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് ആക്ട് (എഫ്.എസ്.എസ്.എ.)-ന്റെ അടിസ്ഥാനത്തിലാണ്. സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ വകുപ്പ് 2009-ലും ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ റൂൾസ് ആൻഡ് റെഗുലേഷൻസ് 2011-ലുമാണ് നിലവിൽ വന്നത്. ഈ സർക്കാരിന്റെ കാലത്ത് ഭക്ഷ്യസുരക്ഷ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനും നിയമം കർശനമായി നടപ്പിലാക്കുന്നതിനുമായി 'നല്ല ഭക്ഷണം നാടിന്റെ അവകാശം' എന്ന ആപ്തവാക്യത്തോടെയുള്ള ഒരു ജനകീയ ക്യാമ്പയിന് തുടക്കമിട്ടു. ഇതിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷാ പരിശോധനകളിൽ ഗണ്യമായ വർദ്ധനവുണ്ടായി. മീൻ, വെളിച്ചെണ്ണ, ശർക്കര, പഴച്ചാറുകൾ, ജ്യൂസ്, ഷവർമ, കറിപൗഡർ തുടങ്ങി അനേകം ഭക്ഷ്യപദാർത്ഥങ്ങളിലെ മായം കണ്ടെത്തുന്നതിനായി പ്രത്യേക പരിശോധനാ യജ്ഞങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും അത് തുടരുകയും

ചെയ്യുന്നു. പരിശോധനകളുടെ ഭാഗമായി വീഴ്ചകൾ കണ്ടെത്തിയാൽ സ്ഥാപനങ്ങൾ മാനദണ്ഡപ്രകാരം അടച്ചുപൂട്ടാൻ നിർദ്ദേശം നൽകുകയും മറ്റ് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ നൽകിയ അടിയന്തരപ്രമേയ നോട്ടീസിൽ യു.ഡി.എഫ്.-ന്റെ കാലത്ത് മികച്ച പ്രകടനമാണ് നടത്തിയിരുന്നതെന്നും അന്ന് കേരളം ഭക്ഷ്യ സുരക്ഷാസൂചികയിൽ ഒന്നാം സ്ഥാനത്തായിരുന്നുവെന്നും പറയുന്നത് വസ്തുതാപരമായി തെറ്റാണ്. സംസ്ഥാനം ഇതിൽ രണ്ടാം സ്ഥാനത്ത് എത്തിയത് 2018-2019-ലാണ്. 2021-ൽ കേന്ദ്രസർക്കാർ അസ്സെസ്മെന്റിന്റെ മാനദണ്ഡങ്ങളിൽ കാര്യമായ മാറ്റങ്ങൾ വരുത്തി. ഡാറ്റയുടെ അടിസ്ഥാനത്തിൽ ഇക്കാര്യങ്ങളിലെ വസ്തുത എന്താണെന്നുള്ളത് പരിശോധിക്കാം. ഓരോ വർഷവും നടത്തിയ പരിശോധനകളുടെ എണ്ണമാണ് ആദ്യം സൂചിപ്പിക്കുന്നത്. അടിയന്തരപ്രമേയ നോട്ടീസിൽ സൂചിപ്പിച്ച 2012-13 കാലയളവിൽ സംസ്ഥാനത്ത് നടന്ന പരിശോധനകളുടെ ആകെ എണ്ണം 6358-ഉം 2013-14-ൽ 356-ഉം 2014-15-ൽ 1195-ഉം 2015-16-ൽ 3525-ഉം 2016-17-ൽ 5497-ഉം ആണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പരിശോധനയുടെ കാര്യത്തിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്. 2017-18 ആയപ്പോൾ അത് 25948-ലേയ്ക്ക് ഉയർന്നു.

2018-19-ൽ 27728-ഉം 2019-20-ൽ 33044-ഉം 2020-21-ൽ 40000-ഉം 2021-22-ൽ 44676-ഉം ആയി വർദ്ധിച്ചു. 2022-23 ജനുവരി മാസം വരെ 64086 പരിശോധനകൾ ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനത്ത് നടത്തിയിട്ടുണ്ട്. യു.ഡി.എഫ്-ന്റെ കാലത്ത് വർഷാടിസ്ഥാനത്തിൽ നോക്കിയാൽ പരിശോധനകൾ നടത്തിയതിന്റെ പരമാവധി എണ്ണം 6358 ആണ്; 356 പരിശോധനകൾ നടത്തിയ വർഷവുമുണ്ട്. എന്നാൽ ഈ സർക്കാർ ഈ വർഷം ഇതുവരെ 64086 പരിശോധനകൾ നടത്തുകയുണ്ടായി. കൂടാതെ പെനാൽറ്റി ചുമത്തുകയും കടകൾ അടപ്പിക്കുന്നതുൾപ്പെടെ നിയമപരമായ നടപടികൾ കൃത്യമായി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഭക്ഷ്യവിഷബാധയോ അല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട പരാതികൾ ഉണ്ടാകുമ്പോഴോ മാത്രമല്ല ഓരോ ദിവസവും പ്രത്യേക പരിശോധനകൾ നടത്തുന്നുണ്ട്.

ഭക്ഷ്യവിഷബാധമൂലമുള്ള മരണങ്ങൾ സംബന്ധിച്ച് അടിയന്തരപ്രമേയ നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ളതിനാൽ അതിന്റെ കണക്ക് പറയാം. അന്നത്തെയും ഇന്നത്തെയും മരണങ്ങളുടെ എണ്ണം സംബന്ധിച്ച് പറയുകയല്ല ചെയ്യുന്നത്. എന്നായാലും ഭക്ഷ്യവിഷബാധമൂലമുള്ള മരണമുണ്ടാകാൻ പാടില്ല. ഇത്രയും കടകൾ ഇല്ലാതിരുന്ന പത്ത് വർഷം മുമ്പുള്ള കണക്കാണ്

പറയുന്നത്. സംസ്ഥാനത്ത് 2012-13-ൽ ഭക്ഷ്യവിഷബാധയേറ്റ് 2 പേർ മരണപ്പെടുകയുണ്ടായി. 2012-13-ൽ ഷവർമ കഴിച്ചതിലൂടെ ഭക്ഷ്യവിഷബാധയുണ്ടായി ആദ്യമായി ഒരാൾ മരണപ്പെട്ടു. 2013-14-ൽ 1, 2015-ൽ 2, 2016-ൽ 1, 2017-ൽ 2, 2018-ൽ 1, 2019-ൽ 2, 2020-ൽ 1 എന്ന ക്രമത്തിൽ ആളുകൾ മരണപ്പെട്ടു, 2021-ൽ ആരും മരിച്ചിട്ടില്ല, 2022-ൽ ഒരാൾ മരണപ്പെട്ടു. ഭക്ഷ്യവിഷബാധമൂലം ആരും മരിക്കാതിരിക്കുന്നതിനുവേണ്ടിയുള്ള ശ്രമമാണ് ഈ സർക്കാർ നടത്തുന്നത്. ഭക്ഷണശാലകൾ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നുവെന്ന് ഉറപ്പാക്കിയും പരിശോധനകൾ ശക്തമാക്കിയുമാണ് വകുപ്പ് മുന്നോട്ടുപോകുന്നത്. ഇതിലൊരു ഘടകം മാത്രമാണ് ഹെൽത്ത് കാർഡ്. 2011-ലെ റെഗുലേഷൻ പ്രകാരം ഹെൽത്ത് കാർഡ് നടപ്പിലാക്കേണ്ടതാണ്. റെഗുലേഷനിലെ 17(1)-ൽ പറയുന്നത്, "Food handlers and employees of the establishment shall undergo a medical examination by a registered medical practitioner annually to ensure that they are free from any infectious and other communicable diseases. A record of these examinations shall be maintained" എന്നാണ്. ഭക്ഷണം ഉണ്ടാക്കുന്നവർക്കും വിതരണം ചെയ്യുന്നവർക്കും നിയമപരമായി ഹെൽത്ത്

കാർഡ് നിർബന്ധമാണ്. ഭക്ഷണമുണ്ടാക്കുന്നവരിൽനിന്നും വിതരണം ചെയ്യുന്നവരിൽനിന്നും ഭക്ഷണം കഴിക്കുന്ന ആളുകളിലേയ്ക്ക് പകർച്ചവ്യാധികൾ പകരുതെന്ന ലക്ഷ്യത്തോടെയാണ് ഹെൽത്ത് കാർഡ് വേണമെന്ന് നിയമപരമായി അനുശാസിക്കുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ അത് കർശനമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഫെബ്രുവരി 1 മുതൽ ഭക്ഷണശാലകളിലെ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് നിർബന്ധമായും ഉണ്ടാകണമെന്ന നിലപാട് സർക്കാർ സ്വീകരിച്ചു. ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷനും ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സംഘടനാ പ്രതിനിധികളും ഹെൽത്ത് കാർഡ് എടുക്കുന്നതിന് ഈ കാലയളവ് മതിയാകില്ലെന്നും കൂടുതൽ സമയം വേണമെന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സാവകാശം നൽകുകയാണ് ചെയ്തത്. പതിനൊന്ന് വർഷത്തോളമായി നിലവിലുണ്ടായിരുന്ന ഒരു നിയമം ശക്തമായി നടപ്പിലാക്കാൻ സർക്കാർ തീരുമാനിക്കുമ്പോൾ അതിനോട് ഈ മേഖലയിലുള്ളവർ പോസിറ്റീവായി പ്രതികരിച്ചുവെന്നത് നാം കാണേണ്ടതാണ്. ഹെൽത്ത് കാർഡ് എടുക്കുന്നതിന് ആരോഗ്യകേന്ദ്രങ്ങളിലൊക്കെ തിരക്ക് അനുഭവപ്പെട്ട സാഹചര്യത്തിലാണ്

സാവകാശം നൽകാൻ തീരുമാനിച്ചത്. സംസ്ഥാനത്ത് ഹെൽത്ത് കാർഡില്ലാതെ ഒരാൾക്കും ഇനി ഭക്ഷണശാലകളിൽ ജോലി ചെയ്യാൻ സാധിക്കില്ല. കർശനമായി ഈ നിയമം നടപ്പാക്കാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. ഹെൽത്ത് കാർഡ് എടുത്തിട്ടില്ലാത്ത നിരവധി ജീവനക്കാരുണ്ട്. ഈ സാഹചര്യത്തിൽ അവർക്ക് ഹെൽത്ത് കാർഡ് എടുക്കുന്നതിനുള്ള സാവകാശം അനുവദിച്ചുകൊണ്ട്, അതിനുള്ള ക്രമീകരണങ്ങൾ ചെയ്തുകൊണ്ട് മുന്നോട്ടുപോയി അത് പൂർണ്ണമായി നടപ്പാക്കുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കേണ്ടത് പൊതുസമൂഹത്തിന്റെകൂടി ഉത്തരവാദിത്വമാണ്. വാസ്തവവിരുദ്ധവും അടിസ്ഥാനമില്ലാത്തതുമായ ആരോപണം ഉന്നയിക്കാതെ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങളുമായി ചേർന്നുനിന്നുകൊണ്ട് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുകയെന്ന നമ്മുടെ ഉത്തരവാദിത്വം ഭംഗിയായി നിർവ്വഹിക്കുന്നതിന് പ്രതിപക്ഷം ഒപ്പമുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. സ്പീക്കർ: ഈ വിഷയം ശ്രദ്ധക്ഷണിക്കലിലൂടെ സഭയിൽ അവതരിപ്പിച്ചിട്ടുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഹെൽത്ത് കാർഡ് തട്ടിപ്പിനെ സംബന്ധിച്ച വിഷയമാണ് ഞങ്ങൾ അടിയന്തരപ്രമേയമായി കൊണ്ടുവന്നിരിക്കുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ശ്രദ്ധക്ഷണിക്കൽ കൊണ്ടുവരുമ്പോൾ ഹെൽത്ത് കാർഡ് തട്ടിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഇവിടെയില്ലായിരുന്നു. ഭക്ഷണശാലകളിലെ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് ഉണ്ടാകണമെന്ന് അന്നാണ് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിച്ചത്. അതിനുശേഷം രണ്ടുദിവസം കഴിഞ്ഞപ്പോൾ 300/- രൂപ കൈക്കൂലി വാങ്ങിക്കൊണ്ട് ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്ന കാഴ്ചയാണ് കാണാൻ സാധിച്ചത്. ഗൗരവതരമായ ഒരു വിഷയമാണിത്. 300 രൂപ കൊടുത്ത് ഹെൽത്ത് കാർഡ് വാങ്ങിക്കുന്ന ആൾ തയ്യാറാക്കുന്ന ഭക്ഷണം കഴിക്കേണ്ട സ്ഥിതിയാണ്. അതുകൊണ്ട് ഇത് പുതിയ വിഷയമാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ സമീപകാല സംഭവമാണ് ഞങ്ങൾ അടിയന്തരപ്രമേയമായി അവതരിപ്പിക്കുന്നത്. അടിസ്ഥാനമില്ലാത്ത ആരോപണമുന്നയിക്കാതെ പ്രതിപക്ഷം ചേർന്ന് നിൽക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഹെൽത്ത് കാർഡ് വിതരണത്തിലുണ്ടായിരിക്കുന്ന അപാകതകളും ന്യൂനതകളും ക്രമക്കേടുകളും

ചൂണ്ടിക്കാട്ടുമ്പോൾ കഴിഞ്ഞ ശ്രദ്ധക്ഷണിക്കലിന് പറഞ്ഞ അതേ മറുപടി തന്നെയാണ് ബഹുമാനപ്പെട്ട മന്ത്രി ഇന്നും ആവർത്തിച്ചത്. കേരളത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി ഭക്ഷ്യദുരന്തങ്ങളും ഭക്ഷ്യവിഷബാധയും ഒരു തുടർക്കഥയായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ഭക്ഷ്യവിഷബാധമൂലം മരണങ്ങളുണ്ടാകുമ്പോൾ അതുസംബന്ധിച്ച് ചർച്ച ചെയ്യുകയും അന്വേഷണം നടത്തുകയും കുറച്ചെങ്കിലും തുടർനടപടിയുണ്ടാകുകയും ചെയ്യും. പക്ഷേ അതുസംബന്ധിച്ച് യാതൊരു തുടർനടപടിയും പിന്നീടുണ്ടാകുന്നില്ല. ഭക്ഷ്യവിഷബാധയേറ്റ് ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ കാരണം ജീവിതം വഴിമുട്ടിപോകുന്ന നൂറുകണക്കിനാളുകൾ ഇന്ന് കേരളത്തിലുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം. അവരെക്കുറിച്ച് അന്വേഷിക്കാൻ ഗവൺമെന്റിന് കഴിയുന്നില്ല. കേരളത്തിൽ ഭക്ഷ്യദുരന്തങ്ങളും ഭക്ഷ്യവിഷബാധമൂലമുള്ള മരണങ്ങളും ആവർത്തിക്കുന്നത് എന്തുകൊണ്ടാണെന്നറിയാൻ ബഹുമാനപ്പെട്ട മന്ത്രി പാഴൂർ പടിപ്പുര വരെ പോകേണ്ട കാര്യമില്ല. അങ്ങയുടെ മൂക്കിന്റെ താഴെയുള്ള ജനറൽ ആശുപത്രിയിലെ ചില ഉദ്യോഗസ്ഥർ 300/- രൂപ കൈക്കൂലി വാങ്ങി ദോശ ചുടുന്നതുപോലെ ഹെൽത്ത് കാർഡ് എഴുതി കൊടുത്തില്ലേ; ആ ജീർണ്ണതയാണ്, അഴിമതിയാണ്, കെടുകാര്യസ്ഥതയാണ്

ഇത്തരത്തിലുള്ള ദുരന്തങ്ങൾ ആവർത്തിക്കാൻ ഇടവരുത്തുന്നത്. ഞാൻ എല്ലാ ഉദ്യോഗസ്ഥരെയും ആക്ഷേപിക്കുകയോ എല്ലാ ഡോക്ടർമാരും അഴിമതിക്കാരാണെന്ന് പറയുകയോ ചെയ്യുന്നില്ല. സെക്യൂരിറ്റി ക്യാബിനിലിരുന്നുകൊണ്ട് ഒരുദ്യോഗസ്ഥൻ 300 രൂപ വാങ്ങി ഹെൽത്ത് കാർഡുകൾ എഴുതിക്കൊടുക്കുന്ന കാഴ്ച ഏഷ്യാനെറ്റും മാതൃഭൂമിയുമടക്കമുള്ള വിവിധ ദൃശ്യമാധ്യമങ്ങളിലൂടെയും ഓൺലൈൻ ചാനലുകളിലൂടെയും നമ്മൾ കണ്ടതാണ്. മാനദണ്ഡങ്ങൾ നൂറ് ശതമാനം പാലിച്ചും എല്ലാ പരിശോധനകളും നടത്തിയുമാണ് ഹെൽത്ത് കാർഡുകൾ കൊടുത്തതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് സഭയിൽ ഉറപ്പുനൽകാൻ കഴിയുമോ? ഒരിക്കലും അങ്ങേയ്ക്ക് അതിന് കഴിയില്ല, കാരണം ഹെൽത്ത് കാർഡ് നൽകുന്നതിനുമുമ്പ് ധാരാളം പരിശോധനകൾ നടത്തേണ്ടതുണ്ട്. അതിന് ഒന്നോ രണ്ടോ ദിവസം വേണ്ടിവരും. വിവിധ തരത്തിലുള്ള രോഗങ്ങൾ/ പകർച്ചവ്യാധികളുണ്ടോ, വാക്സിനേഷൻ വിശദാംശങ്ങൾ എന്നിവയടക്കം പരിശോധിക്കണം. ചില കേസ്സുകളിൽ കുറെക്കൂടി പരിശോധനകൾ വേണ്ടിവരും. അങ്ങനെ പരിശോധിച്ചതിനുശേഷം നൽകേണ്ട കാർഡുകളാണ് അഞ്ച് മിനിട്ടുകൊണ്ട് മുഖംപോലും നോക്കാതെ എഴുതിക്കൊടുത്തുകൊണ്ടിരിക്കുന്നത്. ഈ വിഷയമാണ് ഞങ്ങൾ

അടിയന്തരപ്രമേയത്തിൽ ഉന്നയിക്കുന്നത്. ഹെൽത്ത് കാർഡ് വിതരണത്തിൽ അനോമലി വന്നിട്ടുണ്ടെന്നു മാത്രമല്ല, പല കാര്യങ്ങളിലും വ്യക്തതയുമില്ല. ഹെൽത്ത് കാർഡ് നൽകുന്നതിന് ഗവൺമെന്റ് മെഡിക്കൽ ഓഫീസർ വേണമെന്ന് നിർബന്ധമില്ല, ഒരു രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ മതി. അതുപോലെ പരിശോധന നടത്തുന്നത് സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നുവെന്നാണ് കഴിഞ്ഞ ദിവസം ഇതുമായി ബന്ധപ്പെട്ട് അന്വേഷിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത്. ഹെൽത്ത് കാർഡ് ഞങ്ങളുടെ trump card ആണ്, ഇതുവഴി വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ പോകുന്നുവെന്നാണ് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. ഒരു പരിശോധനപോലും നടത്താതെ ഹെൽത്ത് കാർഡുകൾ കൊടുക്കുന്ന ഗുരുതരമായ സാഹചര്യം നിലനിൽക്കുന്നു. കാർഡ് കൊടുത്തതിലുള്ള അപാകതയും കെടുകാര്യസ്ഥതയും അഴിമതിയും ഇന്ന് പുറത്തുവന്നിരിക്കുകയാണ്. ഹെൽത്ത് കാർഡിന്റെ അവസ്ഥ ഇതാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ആവർത്തിച്ച ബാക്കി പരിശോധനകളുടെ അവസ്ഥയെന്തായിരിക്കും; അതിന് എന്ത് ആധികാരികതയുണ്ടാകും; ഞങ്ങൾ അതെങ്ങനെ മുഖവിലയ്ക്കെടുക്കും. ഇപ്പോൾ ഭക്ഷണ സ്ഥാപനങ്ങളിലെ പരിശോധന എങ്ങനെയാണ് നടക്കുന്നത്? ഒരു പ്രശ്നമോ

വിവാദമോ ഉണ്ടാകുമ്പോൾ ഫുഡ് സേഫ്റ്റി ഓഫീസർമാർ കുറെ ചാനലുകാരെയും വിളിച്ചുകൊണ്ട് ഹോട്ടലുകളിലേയ്ക്ക് വരികയും ഭക്ഷണം സൂക്ഷിച്ചിരിക്കുന്ന പാത്രത്തിന്റെ അടപ്പ് മാറ്റി മണപ്പിച്ച് നോക്കിയിട്ട് റിപ്പോർട്ടെഴുതുകയും ചെയ്യും. ഭക്ഷണം മണത്തുനോക്കി എഴുതിക്കൊടുക്കുന്ന റിപ്പോർട്ട് കോടതി അംഗീകരിക്കുമോ? കോടതി അതെടുത്ത് ചവറ്റുകുട്ടയിലെറിയും. NABL (National Accreditation Board for Testing and Calibration Laboratories) അക്രെഡിറ്റേഷനുള്ള ലാബുകളിലെ പരിശോധനാ റിപ്പോർട്ടുകൾക്കാണ് ആധികാരികതയുള്ളത്; അതുമാത്രമേ കോടതിയിൽ നിലനിൽക്കുകയുള്ളൂ. അങ്ങനെയുള്ള മൈക്രോ ബയോളജി ലാബുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലില്ലായെന്നുള്ളതാണ് അങ്ങയുടെ മറുപടിയിൽനിന്ന് മനസ്സിലാക്കാൻ സാധിച്ചത്. ഇക്കാര്യം കഴിഞ്ഞ സി&എ.ജി. റിപ്പോർട്ടിലും പ്രതിപാദിച്ചിട്ടുണ്ട്. മൈക്രോ ബയോളജി ലാബുകൾക്ക് NABL അക്രെഡിറ്റേഷൻ ഇല്ലാത്തതിന്റെ പ്രശ്നങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലും അസംബ്ലിയുടെ മുന്നിലുമുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിച്ച മൂന്ന് കോടി രൂപ ഫലപ്രദമായി വിനിയോഗിക്കാൻപോലും ഗവൺമെന്റിന് കഴിഞ്ഞില്ലെന്നുള്ളതാണ് മറ്റൊരു പ്രധാനപ്പെട്ട വിഷയം. NABL

അക്രെഡിറ്റേഷനുള്ള ലാബുകളുടെ പരിശോധന റിപ്പോർട്ടുകളില്ലാതെ നമ്മൾ കേസ്സുകളുമായി മുന്നോട്ടുപോയാൽ അതിന്റെ അവസ്ഥ എന്തായിരിക്കും? നാലായിരത്തോളം കേസ്സുകളാണ് കേരളത്തിലെ വിവിധ കോടതികളിൽ കെട്ടിക്കിടക്കുന്നത്. ഈ കഴിഞ്ഞ ജനുവരിയിലും കഴിഞ്ഞ വർഷം മേയ് മാസത്തിലുമുണ്ടായ മരണത്തിന്റെയടിസ്ഥാനത്തിൽ കേസ്സുകൾ വേഗത്തിൽ തീർപ്പാക്കാൻ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. ഇത്രയുംനാൾ ആരോഗ്യ വകുപ്പ് എന്ത് ചെയ്യുകയായിരുന്നു; ഇതുസംബന്ധിച്ച് അന്വേഷണം നടത്തുകയോ അല്ലെങ്കിൽ വേഗത്തിൽ കേസെടുക്കുകയോ ചെയ്യാത്തത് എന്തുകൊണ്ടാണ്? 2500-ഓളം ക്രിമിനൽ സ്വഭാവമുള്ള കേസുകളും 1500-ഓളം സിവിൽ സ്വഭാവമുള്ള കേസുകളും കോടതികളിൽ കെട്ടിക്കിടക്കുകയാണ്. ആ കേസുകൾ വിചാരണയ്ക്കുവരുമ്പോൾ അതിന്റെ അവസ്ഥയെന്തായിരിക്കുമെന്ന് ഞാൻ പറയേണ്ട ആവശ്യമില്ല.

പതിമൂന്നാം കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി 2014-ൽ നൽകിയ റിപ്പോർട്ടിൽ ഒരുപാട് ശിപാർശകളുണ്ട്. അതിലെ പ്രധാനപ്പെട്ട രണ്ട് ശിപാർശകളാണ് ഭക്ഷ്യസുരക്ഷാ മേഖലയിൽ ഡാറ്റാബേസും ഹെൽത്ത് കാർഡുമുണ്ടായിരിക്കണമെന്നത്. ഓരോ ഫുഡ് സേഫ്റ്റി ഓഫീസറുടെയും അധികാരപരിധിയിൽവരുന്ന പ്രദേശങ്ങളിൽ

ഇതുമായി ബന്ധപ്പെട്ട കൃത്യമായ ഡാറ്റാബേസുണ്ടായിരിക്കണം. എന്നാൽ ഇവിടെ സംഭവിക്കുന്നത് എന്താണ്? പതിനാലോളം പഞ്ചായത്തുകളും ഏകദേശം പതിനായിരത്തിൽപ്പരം ഹോട്ടലുകളും ഉൽപാദനകേന്ദ്രങ്ങളും ഒരു ഉദ്യോഗസ്ഥന്റെ അധികാര പരിധിയിൽ വരുന്നുണ്ടെന്നാണ് മനസ്സിലാകുന്നത്. അപ്പോൾ പലപ്പോഴും ഈ ഉദ്യോഗസ്ഥൻ ill equipped ആകുന്നു, അവർക്ക് കൃത്യമായ നിലയിൽ മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യങ്ങളോ പരിശോധനാ സംവിധാനങ്ങളോ ഇല്ലാതെപോകുന്നു. കൂടാതെ പല ഹോട്ടലുകളും ഡാറ്റാബേസിൽ ഉൾപ്പെടാതെ പോകുന്ന സാഹചര്യവുമുണ്ട്. കാരണം രജിസ്ട്രേഷന്റെയും ലൈസൻസിന്റെയും വിഷയങ്ങളും ഇതിന്റെ ഭാഗമായി വരുന്നുണ്ട്. അപേക്ഷിച്ച് 60 ദിവസങ്ങൾക്കുള്ളിൽ ലൈസൻസ് കൊടുക്കാൻ കഴിയണം. അതിനുള്ളിൽ ലൈസൻസ്/രജിസ്ട്രേഷൻ എടുക്കാൻ കഴിഞ്ഞില്ലെങ്കിൽ ഈ സ്ഥാപനങ്ങൾക്ക് default ആയി ലൈസൻസ് ലഭിക്കുകയും അവ പ്രവർത്തനമാരംഭിക്കുകയും ഡാറ്റാബേസിൽ ഉൾപ്പെടാതെ പോകുകയും ചെയ്യും. അപ്പോൾ ഡാറ്റാബേസ് അപൂർണ്ണമായി നിലകൊള്ളും. ഡാറ്റാബേസിന്റെ പുറത്ത് അനവധി ഹോട്ടലുകളും സ്ഥാപനങ്ങളും നിലകൊള്ളുകയും അവയിൽ പരിശോധന നടക്കാതെ പോകുകയും

ചെയ്യുന്നവെന്നതാണ്. അതുപോലെ ഡാറ്റാബേസിൽ ഉൾപ്പെട്ടിട്ടുള്ള ഹോട്ടലുകളുടെയും വിവിധ ഉത്പാദനകേന്ദ്രങ്ങളുടെയും 26 ശതമാനത്തിൽതാഴെ മാത്രമാണ് പരിശോധനകൾ നടക്കുന്നത്. തട്ടുകടകൾ പോലെയുള്ള സ്ഥാപനങ്ങളിൽ 10 ശതമാനംപോലും പരിശോധനയ്ക്ക് വിധേയമാകുന്നില്ല; അങ്ങനെയുള്ള പ്രതിസന്ധിയുമുണ്ട്. സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി മുന്നോട്ടുവച്ച രണ്ടുപ്രധാന ശിപാർശകൾക്ക് കടലാസ്സിന്റെ വിലപോലും ആരോഗ്യ വകുപ്പ് നൽകുന്നില്ല. ബഹുമാനപ്പെട്ട ചെയർ ശ്രദ്ധിക്കേണ്ട മറ്റൊരു വിഷയമുണ്ട്. ഈ നടപ്പുസമ്മേളനത്തിൽ 221 മുതൽ 241 വരെയുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് കഴിഞ്ഞയാഴ്ച മറുപടി ലഭിക്കേണ്ടതായിരുന്നു. എന്നാൽ ഇന്നലെ വൈകുന്നേരം വരെയും മറുപടി അപ്‌ലോഡ് ചെയ്തിട്ടില്ലായിരുന്നു. പക്ഷേ അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുത്തപ്പോൾ, ഇന്ന് രാവിലെ അപ്‌ലോഡ് ചെയ്തിട്ടുണ്ട്; അഞ്ച് ചോദ്യങ്ങൾക്ക് ഇനിയും മറുപടി ലഭിക്കാനുണ്ട്. ഒരു എം.എൽ.എ. എഴുതിക്കൊടുക്കുന്ന ചോദ്യങ്ങൾക്ക് ഒരാഴ്ച കഴിഞ്ഞ് മറുപടി നൽകുമെന്ന് പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. ഇതുമായി ബന്ധപ്പെട്ട് അനവധി റൂളിംഗുകളുള്ളതാണ്. ചോദ്യങ്ങൾക്കുള്ള മറുപടി യഥാസമയം നൽകുകയെന്നത് എം.എൽ.എ.-യുടെ അവകാശവും ജനങ്ങളോടുള്ള

പ്രതിബദ്ധതയുടെ ഉദാഹരണവുമാണ്. അതുണ്ടാകണമെന്ന് വിനയപൂർവ്വം ഞാൻ ഓർമ്മിപ്പിക്കുകയാണ്.

വകുപ്പുകളുടെ ഏകോപനമില്ലായ്മ മറ്റൊരു പ്രശ്നമാണ്. ഇതുസംബന്ധിച്ച് സി.&എ.ജി.യുടെ ഓഡിറ്റ് റിപ്പോർട്ടിൽ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ 348 ലൈസൻസുകൾ പരിശോധിച്ചതിൽ 144 ഭക്ഷ്യ വ്യാപാര സ്ഥാപനങ്ങളും ജി.എസ്.ടി. രജിസ്ട്രേഷനുള്ള 338 സ്ഥാപനങ്ങൾ പരിശോധിച്ചതിൽ 122 ഭക്ഷ്യ വ്യാപാര സ്ഥാപനങ്ങളും ഭക്ഷ്യസുരക്ഷാ ഡാറ്റയിൽ ഉൾപ്പെട്ടിട്ടില്ലെന്ന് കണ്ടെത്തി. അതിന്റെ അർത്ഥമെന്താണ്? വകുപ്പുകളുടെ ഏകോപനമില്ലായ്മയാണ് ഇത് വ്യക്തമാക്കുന്നത്. ലൈസൻസിനുവേണ്ടിയുള്ള 64 ശതമാനത്തോളം അപേക്ഷകളിലും ആവശ്യമായ ഡിക്ലറേഷനോ രേഖകളോ ഇല്ല. ഇതൊന്നും പ്രതിപക്ഷം ഉന്നയിക്കുന്ന ആരോപണങ്ങളല്ല; ഓഡിറ്റ് റിപ്പോർട്ടുകളിൽ വ്യക്തമാക്കുന്നതാണ്, ഗവൺമെന്റിന്റെ മുന്നിലുള്ള ഡോക്യുമെന്റ്സാണ്. കാര്യങ്ങൾ എത്രമാത്രം കെടുകാര്യസ്ഥതയിലേയ്ക്ക് നീങ്ങുന്നുവെന്നതിന്റെ പ്രത്യക്ഷമായ അനവധി ഉദാഹരണങ്ങൾ നമ്മുടെ മുന്നിലുണ്ട്. ഇപ്പോൾ ഭക്ഷണം പുറത്തുനിന്ന് കഴിക്കുന്നത് സംസ്കാരം മാത്രമല്ല, ചിലർ അതിന് നിർബന്ധിതരാകുകയാണ്. ഇന്നത്തെ സാമൂഹിക പശ്ചാത്തലത്തിൽ

ജോലിയും മറ്റുമായി ബന്ധപ്പെട്ട് ധാരാളം യാത്ര ചെയ്യേണ്ടിവരുമ്പോൾ പുറത്തുനിന്ന് ഭക്ഷണം കഴിക്കാൻ ആളുകൾ നിർബന്ധിതരാകുകയാണ്. അവർ സ്വമേധയാ അല്ല, മറ്റ് മാർഗ്ഗങ്ങളില്ലാത്തതുകൊണ്ട് പോകുന്നതാണ്. അതുകൊണ്ടുതന്നെ പാക്കേജ്/പാക്ക്ഡ് ഫുഡിനെയും ഹോട്ടൽ ഫുഡിനെയും ആശ്രയിക്കുന്നവരുടെ എണ്ണം വർഷം കഴിയുന്തോറുമല്ല ദിവസേന വർദ്ധിച്ചുവരികയാണ്. ഈ സാഹചര്യത്തിൽ ബോധവത്കരണം നടത്തി ജങ്ക്ഫുഡോ ഷവർമയോ കഴിക്കരുതെന്ന് പറയാൻ സാധിക്കുമോ? ജനങ്ങൾ കഴിക്കുന്ന ഭക്ഷണം സുരക്ഷിതമാണെന്ന് ഉറപ്പുവരുത്താനുള്ള ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റിനുണ്ട്. അതിവിടെ നടപ്പിലാക്കാത്തതിനാലാണ് ഇത്തരം വിഷയങ്ങൾ ആവർത്തിക്കുന്നത്. ഏറ്റവും അടിസ്ഥാനപരമായ ഒരു കാര്യംകൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരാൻ ഞാൻ ആഗ്രഹിക്കുകയാണ്. സ്ഥാപനങ്ങളിൽ ഹെൽത്ത് ഓഫീസർമാരുടെ നമ്പർ പ്രദർശിപ്പിക്കണമെന്ന നിബന്ധനയും നിയമത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. എത്ര സ്ഥാപനങ്ങളിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ നമ്പർ പ്രദർശിപ്പിച്ചിട്ടുണ്ട്? പ്രദർശിപ്പിച്ചാൽതന്നെ ഇവിടെ മറ്റെന്തെങ്കിലും അത്ഭുതം സംഭവിക്കുകയൊന്നുമില്ല. പക്ഷേ നിയമത്തിൽ നിഷ്കർഷിക്കുന്ന അടിസ്ഥാനപരമായ കാര്യങ്ങൾപോലും ചെയ്യുന്നില്ല. നിയമം

നടപ്പിലാക്കുന്നതിൽ വന്ന പ്രശ്നങ്ങളാണിവ. 2006-നുമുമ്പ് ഈ വിഷയം സംസാരിക്കില്ലായിരുന്നു. കാരണം അതുവരെ ഇതുസംബന്ധിച്ചൊരു നിയമമില്ലായിരുന്നു. എന്നാൽ 2006-ൽ നിയമവും 2011-ൽ അതിന്റെ റൂൾസും നിലവിൽവന്നു. പല്ലും നഖവുമുള്ള ശക്തമായൊരു നിയമമുള്ളപ്പോൾ അത് കർശനമായി നടപ്പിലാക്കാൻ കഴിയാതിരിക്കുന്നുവെന്നതാണ് ഇന്നത്തെ ഗുരുതരമായ സാഹചര്യത്തിന് കാരണം. നിയമം കൃത്യമായി നടപ്പിലാക്കിയിരുന്നെങ്കിൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കുമായിരുന്നില്ല. ഇത്തരത്തിലുള്ള വിഷയങ്ങൾ ചൂണ്ടിക്കാട്ടുമ്പോൾ പ്രതിപക്ഷം ആരോപണങ്ങളും അടിസ്ഥാനമില്ലാത്ത വിഷയങ്ങളുമായി കടന്നുവരരുതെന്ന രീതിയിൽ ബഹുമാനപ്പെട്ട മന്ത്രി വളരെ ലാഘവത്തോടെയാണ് സംസാരിച്ചത്. അത്തരം പരാമർശം വളരെ നിർഭാഗ്യകരമായിപ്പോയി. പ്രതിപക്ഷം സഭയിൽ ഉന്നയിക്കുന്നത് ജനങ്ങളുടെയിടയിൽ ഉയർന്നുവരുന്ന ആശങ്കകളാണ്. ജനങ്ങളെ സംബന്ധിച്ച് ഈ ആശങ്ക വർദ്ധിച്ചുവരികയാണ്. അതിന്റെ കാരണം കൃത്യമായ നിലയിൽ മുന്നോട്ടുപോകാൻ സാധിക്കാത്തവിധത്തിലുള്ള പ്രതിസന്ധികൾ ഇന്ന് ഈ മേഖലയിൽ നിലനിൽക്കുന്നുവെന്നതാണ്. ആവശ്യമായ ഉദ്യോഗസ്ഥരുടെ അഭാവം, നിലവിലുള്ള ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥത, അഴിമതി, ill equipped

system, ലാമ്പുകളുടെ അഭാവം, സഞ്ചരിക്കാനുള്ള വാഹനങ്ങൾപോലുമില്ലാതെ ഇരുട്ടിൽതപ്പുന്ന ഉദ്യോഗസ്ഥർ എന്നിവമൂലം ഇത്തരത്തിലുള്ള ദുരന്തങ്ങൾ ആവർത്തിക്കുന്ന സാഹചര്യമുണ്ടാകും. അതുകൊണ്ടാണ് ഭക്ഷ്യസുരക്ഷയിൽ ഒന്നാം സ്ഥാനത്തുനിന്ന കേരളം ഏഴാം സ്ഥാനത്തേയ്ക്ക് കൂപ്പുകുത്തിയത്. അത് രണ്ടക്കം തികയ്ക്കാൻവേണ്ടിയുള്ള മത്സരമാണ് ഇപ്പോൾ ഗവൺമെന്റ് നടത്തുന്നത്. ഗൗരവമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (<u>ശ്രീമതി വീണാ ജോർജ്</u>): സർ, ഭക്ഷ്യ സുരക്ഷ സൂചികയിൽ സംസ്ഥാനത്തിന്റെ സ്ഥാനം സംബന്ധിച്ച് ഞാൻ ആദ്യമറുപടിയിൽതന്നെ വ്യക്തമാക്കിയതാണ്. കോൺഗ്രസിന്റെ ഭരണകാലത്ത് ഭക്ഷ്യസുരക്ഷയിൽ കേരളത്തിന് ഒന്നാം സ്ഥാനമായിരുന്നുവെന്നത് തെറ്റായ കാര്യമാണ്. 2018-19-ലാണ് സംസ്ഥാനം രണ്ടാം സ്ഥാനത്ത് എത്തപ്പെട്ടത്. ഹെൽത്ത് കാർഡിനെക്കുറിച്ചാണ് അടിയന്തരപ്രമേയം കൊണ്ടുവന്നതെന്നാണ് ബഹുമാന്യനായ പ്രതിപക്ഷനേതാവും ശ്രീ. അനൂപ് ജേക്കബും പറഞ്ഞത്. ഇത് പുതിയൊരു കാര്യമാണോ? 2011-ലെ ഫുഡ് സേഫ്റ്റി ആൻഡ്

സ്റ്റാൻഡേർഡ്സ് ആക്ടിന്റെ റെഗുലേഷൻ 17(1)-ഉം 17(2)-ഉം പ്രകാരമാണ് ഭക്ഷണമുണ്ടാക്കുന്നവർക്കും വിളമ്പുന്നവർക്കും ഹെൽത്ത് റെക്കോർഡ് വേണമെന്ന് നിഷ്കർഷിക്കപ്പെട്ടത്. അതിലെ 17(1) ഞാൻ നേരത്തെ വായിച്ചു. 17(2) കൂടി വായിക്കാം. " The employees on the food premises shall be inoculated against the enteric group of diseases as per recommended schedule of the vaccine and the record shall be maintained." 2014-ലെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ശിപാർശ നടപ്പാക്കാത്തതെന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട അംഗം ചോദിച്ചു. അതുപോലെ 2011-ലെ റെഗുലേഷൻ എങ്ങനെ നടപ്പിലാക്കുമെന്നത് സംബന്ധിച്ച് വ്യക്തതയില്ലെന്ന് പറയുമ്പോൾ അത് സ്വയം വിമർശനപരമായിക്കൂടി ചിന്തിക്കണമെന്ന് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. ഇങ്ങനെയൊരു ആരോപണ പ്രത്യാരോപണങ്ങളിലേയ്ക്ക് നാം പോകേണ്ടതില്ല. ഭരണപക്ഷവും പ്രതിപക്ഷവും ഒന്നിച്ചുനിന്ന് പ്രവർത്തിക്കേണ്ട ഒരു വിഷയമാണിത്. ഈ നിയമം കർശനമായി നടപ്പിലാക്കാനാണ് സർക്കാർ തീരുമാനിച്ചത്. ഹെൽത്ത് കാർഡ് സംബന്ധിച്ച് ഞാൻ നിയമസഭയിൽ രണ്ടുദിവസം മുമ്പല്ല പറഞ്ഞത്. ഒരു മാസംമുമ്പ് ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ്

അസോസിയേഷൻ നേതാക്കളുമായും കാറ്ററിംഗ്/തട്ടുകട നടത്തുന്നവരുടെ സംഘടനാ പ്രതിനിധികളുമായും സംസ്ഥാനതലത്തിൽ വിളിച്ചുചേർത്ത ചർച്ചയുടെ അടിസ്ഥാനത്തിൽ ഈ നിയമത്തിൽ അനുശാസിക്കുന്ന മുഴുവൻ കാര്യങ്ങളും കർശനമായി നടപ്പിലാക്കണമെന്നും അത് ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പിനും സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും അനിവാര്യമാണെന്നും പറഞ്ഞപ്പോൾ വളരെ പോസിറ്റീവായാണ് അവർ പ്രതികരിച്ചത്. ആ ചർച്ചയിൽ സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശമാണ് ഹെൽത്ത് കാർഡ്. റെഗുലേഷനിൽ പറയുന്ന ഒരു ഘടകമാണിത്. അത് കർശനമായി നടപ്പിലാക്കുന്നതിന് സഹകരിക്കണമെന്ന് പറഞ്ഞപ്പോൾ പൂർണ്ണമനസ്സോടെയാണ് അവർ സമ്മതിച്ചത്. ഇതുസംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നില്ല. 11 വർഷമായി നിലനിൽക്കുന്ന നിയമത്തിൽ അവ്യക്തതയുണ്ടെങ്കിൽ അത് നീക്കുന്നതിനുതന്നെയാണ് ശ്രമിക്കുന്നത്. മാധ്യമങ്ങളുടെ സ്റ്റിംഗ് ഓപ്പറേഷനിലാണ് കഴിഞ്ഞദിവസം തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ പണം വാങ്ങിക്കൊണ്ട് ആളെ കാണാതെ ഹെൽത്ത് കാർഡ് നൽകിയ സംഭവം കണ്ടെത്തിയത്. സർക്കാരിന്റെ തീരുമാനത്തെ അട്ടിമറിക്കുന്ന സമീപനം ചിലർ സ്വീകരിച്ചപ്പോൾ അതിനെതിരെ വകുപ്പ്

നടപടി സ്വീകരിക്കുകയാണ് ചെയ്തത്. മണിക്കൂറുകൾക്കകം പ്രാഥമികാന്വേഷണം നടത്തി അന്വേഷണവിധേയമായി മൂന്ന് ഡോക്ടർമാരെ സസ്പെന്റ് ചെയ്തു. മെഡിക്കൽ നൈതികതയ്ക്കെതിരായ പ്രവർത്തനം നടത്തിയതുകൊണ്ടാണ് അവരെ സസ്പെന്റ് ചെയ്തത്. കൂടുതൽ കർശന നടപടികൾ സ്വീകരിക്കാൻതന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. ക്രമക്കേട് നടത്തിയ സെക്യൂരിറ്റിയുൾപ്പെടെയുള്ള മുഴുവൻ ജീവനക്കാരെയും പുറത്താക്കുകയും ചെയ്തു. പരിശോധിക്കാതെ ഹെൽത്ത് കാർഡ് നൽകാൻ സാധിക്കില്ലെന്നും പരിശോധിച്ചിട്ട് വരണമെന്നുമാണ് സ്റ്റിംഗ് ഓപ്പറേഷനുവേണ്ടി സമീപിച്ച ഡോക്ടർമാരിൽ കൂടുതൽപേരും പറഞ്ഞത്. ഒരു സംവിധാനത്തിൽ പ്രവർത്തിക്കുന്ന ബഹുഭൂരിപക്ഷംപേരും പരിശോധിക്കാതെ ഹെൽത്ത് കാർഡ് നൽകാൻ കഴിയില്ലെന്നാണ് പറയുന്നത്. അങ്ങനെയുള്ള ആരോഗ്യപ്രവർത്തകരെ അഭിനന്ദിക്കുകയാണ്; അവർക്കാണ് ഞാൻ സല്യൂട്ട് അർപ്പിക്കുന്നത്. ഈ സംവിധാനത്തിലെ ബഹുഭൂരിപക്ഷം പേരും ഇത്തരം സമീപനം സ്വീകരിക്കുമ്പോൾ അതിനെ അട്ടിമറിക്കാൻ ശ്രമിക്കുന്ന, ഇത്തരം കുറ്റങ്ങൾ ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. അങ്ങനെയുള്ളവരുടെ പ്രവർത്തനം കണ്ടുകൊണ്ട് ഇത്

ജനറലൈസ് ചെയ്യരുതെന്നാണ് എനിക്ക് പ്രതിപക്ഷാംഗങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്.

ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ചില കാര്യങ്ങൾകൂടി സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഭക്ഷ്യസുരക്ഷാ പരിശോധനകൾ പല മടങ്ങ് വർദ്ധിപ്പിച്ചു. അതിന്റെ കണക്കുകൾ ഞാൻ ഇവിടെ വിശദീകരിച്ചു. ഈ വർഷം (2022 ഡിസംബർ മാസംവരെ) 2,21,11,793 രൂപയാണ് പെനാലിറ്റിയായി ചുമത്തിയത്. ഒൻപത് വർഷങ്ങൾക്കുമുമ്പുണ്ടായിരുന്ന 12 ലക്ഷം രൂപയിൽനിന്നാണ് ഈ തുകയിൽ എത്തിയത്. ഈ സാമ്പത്തികവർഷം അവസാനിക്കാൻ ഇനിയും രണ്ട് മാസംകൂടിയുണ്ട്. അതുപോലെ ലൈസൻസും രജിസ്ട്രേഷനും ഉറപ്പാക്കാൻ വ്യാപകമായ ഡ്രൈവുകൾ നടത്തി. കഴിഞ്ഞ ആറുമാസത്തിൽ (ഡിസംബർ വരെ) സംസ്ഥാനത്ത് 82406 പുതിയ രജിസ്ട്രേഷനുകളും 18037 പുതിയ ലൈസൻസുകളും സ്ഥാപനങ്ങൾക്ക് നൽകി. ലൈസൻസ് സർട്ടിഫിക്കറ്റും രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും 1800-4251125 എന്ന ടോൾ ഫ്രീ നമ്പരും എല്ലാ ഭക്ഷണ സ്ഥാപനങ്ങളിലും പ്രദർശിപ്പിച്ചിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ ചെയ്യാത്ത സ്ഥാപനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങൾ പരാതിപ്പെട്ടാൽ നടപടി

സ്വീകരിക്കുന്നതാണ്. ഷവർമ കഴിച്ച് ആളുകൾ മരണപ്പെടുന്ന സാഹചര്യമുണ്ടാകരുത്. അങ്ങനെയുണ്ടാകുമ്പോൾ അതിൽ നടപടി സ്വീകരിക്കുക മാത്രമല്ല ചെയ്യുന്നത്; അതിന്റെ കാരണം കണ്ടെത്തി അതുണ്ടാകാതിരിക്കാൻ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് കൃത്യമായ ഗൈഡ്‌ലൈനും പുറത്തിറക്കിയിട്ടുണ്ട്. അതുകൊണ്ടുമാത്രം അതിന്മേലുള്ള പ്രവർത്തനം അവസാനിപ്പിക്കുന്നില്ല; സംസ്ഥാന വ്യാപകമായി പ്രത്യേക പരിശോധനകളും നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം ലാബുകളെക്കുറിച്ചാണ്. തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോട്ടുമായി മൂന്ന് റീജിയണൽ അനലറ്റിക്കൽ ലാബുകളാണുള്ളത്. രാജ്യത്താദ്യമായി എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ നേടിയ ലാബുകളാണിവ. 2022 മാർച്ചിൽ തിരുവനന്തപുരത്തും 2021 ഡിസംബറിൽ എറണാകുളത്തും 2022 ജൂണിൽ കോഴിക്കോട്ടുമുള്ള അനലറ്റിക്കൽ ലാബുകൾക്ക് ഇന്റഗ്രേറ്റഡ് അക്രെഡിറ്റേഷൻ ലഭിച്ചു. മൈക്രോ ബയോളജി ലാബിന്റെ കാര്യം അദ്ദേഹം സൂചിപ്പിച്ചു. മൈക്രോ ബയോളജി ലാബിന് അക്രെഡിറ്റേഷൻ ലഭിക്കുന്നതിന് സംസ്ഥാനത്തിന്റെ എല്ലാ നടപടികളും പൂർത്തിയായി. കേന്ദ്രസർക്കാരാണ് ഇതിന്റെ ഏജൻസിയെ നിശ്ചയിച്ചിട്ടുള്ളത്. ടേൺ കീ അടിസ്ഥാനത്തിലാണ്

ഏജൻസി ഇത് നിർവ്വഹിക്കുന്നത്. രണ്ടുമൂന്ന് മാസത്തിനുള്ളിൽ മൈക്രോ ബയോളജി ലാബിനും അക്രെഡിറ്റേഷൻ ലഭിക്കുമെന്നാണ് ഏജൻസി അറിയിച്ചിട്ടുള്ളത്. പതിനാല് ജില്ലകളിലും മൊബൈൽ ഭക്ഷ്യ പരിശോധന ലാബുകളുള്ള രാജ്യത്തെ ആദ്യ സംസ്ഥാനമാണ് കേരളം. ആറ് മൊബൈൽ ഭക്ഷ്യ പരിശോധന ലാബുകൾകൂടി ഇപ്പോൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. 46 ഭക്ഷ്യ സുരക്ഷ ഓഫീസർമാരുടെ ഒഴിവുണ്ടായിരുന്നത് നികത്തിയിട്ടുണ്ട്. അതിൽ അഞ്ചെണ്ണത്തിൽ കേസ് നിലനിൽക്കുന്നുണ്ട്. നാലെണ്ണം സ്പെഷ്യൽ റിക്രൂട്ട്മെന്റാണ്. അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേസ് നിലനിൽക്കുന്നയിടങ്ങളിൽ നിയമനം നടത്താൻ കഴിയില്ല. വിദഗ്ദ്ധരുമായി ചർച്ച നടത്തിയപ്പോൾ ഏറ്റവുമധികം ഭക്ഷ്യ വിഷബാധ ഉണ്ടാകാൻ സാധ്യതയുള്ള പദാർത്ഥം മയോണൈസാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രത്യേകിച്ച് പച്ച മുട്ട ഉപയോഗിച്ച് തയ്യാറാക്കുന്ന മയോണൈസ് കൂടുതൽ സമയം പുറത്തിരുന്നാൽ സാൽമൊണെല്ല ബാക്ടീരിയ ഉൾപ്പെടെ പെട്ടെന്ന് വളർന്ന് മനുഷ്യരിലേയ്ക്ക് എത്തപ്പെടുകയും ഓരോരുത്തരുടെ ശാരീരിക അവസ്ഥകളനുസരിച്ച് രോഗം ബാധിക്കുകയും ചെയ്യും. അതുകൊണ്ട് അത് നിരോധിച്ചു. പാസ്ചറൈസ്ഡ് മുട്ട ഉപയോഗിക്കാം. പാഴ്സലിൽ തീയതിയും ഉപയോഗിക്കാവുന്ന സമയവും

രേഖപ്പെടുത്തുന്നത് നിർബന്ധമാക്കി. ഇപ്പോൾ ലഭിക്കുന്ന പാഴ്സലുകൾ പരിശോധിച്ചാൽ അത് കാണാൻ കഴിയും. അതില്ലാതെ എവിടെയെങ്കിലും പാഴ്സലുകൾ നൽകുന്നുണ്ടെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്. ഓഡിറ്റോറിയങ്ങളിൽ ലൈസൻസുള്ള കാറ്ററിംഗ് സ്ഥാപനങ്ങൾ മാത്രമേ ഭക്ഷണം നൽകാൻ പാടുള്ളൂവെന്നത് നിർബന്ധമാക്കി. സംസ്ഥാനത്ത് അപ്രതീക്ഷിതവും മുന്നറിയിപ്പില്ലാത്തതുമായ പരിശോധനകൾക്ക് അഞ്ചംഗ ടാസ്ക് ഫോഴ്സിനെ ഉത്തരവിലൂടെ നിയമിച്ചു. അസിസ്റ്റന്റ് കമ്മീഷണർ റാങ്കിലുള്ള ഉദ്യോഗസ്ഥനാണ് ഇതിന്റെ ചുമതല നൽകിയിരിക്കുന്നത്. 2021-ൽ അസ്സസ്മെന്റ് മാനദണ്ഡങ്ങൾ മാറ്റിയതുപ്രകാരം ഓൺലൈൻ എൻട്രി ഉണ്ടാകണമെന്ന് നിഷ്കർഷിച്ചതിനാൽ ഭക്ഷ്യപരിശോധനകൾ അപ്പപ്പോൾ ഓൺലൈനായി എന്റർ ചെയ്യുന്നത് നിർബന്ധമാക്കി. അതോടൊപ്പംതന്നെ BHOG (Blissful Hygienic Offering to God) പദ്ധതിയുടെ കീഴിൽ എല്ലാ ആരാധനാലയങ്ങളും വരണമെന്നുള്ളത് സംബന്ധിച്ചും അസ്സസ്മെന്റ് മാനദണ്ഡങ്ങളിലുണ്ട്. അതുപ്രകാരം നമ്മൾ BHOG പദ്ധതി ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി ഇപ്പോൾ ഇരുപത് ആരാധനാലയങ്ങളുടെ ഓഡിറ്റ് കഴിഞ്ഞിട്ടുണ്ട്. 2021-ൽ ആരാധനാലയങ്ങളൊന്നും BHOG പദ്ധതിയുടെ കീഴിലുണ്ടായിരുന്നില്ല. ഇത് കേന്ദ്രം നിഷ്കർഷിക്കുന്ന കാര്യമായതുകൊണ്ട്

നടപ്പാക്കിയേ മതിയാവുകയുള്ളൂ. ഹോട്ടലുകൾക്ക് ഹൈജീൻ റേറ്റിംഗ് ഏർപ്പെടുത്തി. എല്ലാ ഹോട്ടലുകളും റെസ്റ്റോറന്റുകളും ഇതിൽ പങ്കാളികളാകണം. നിലവിൽ ഏതാണ്ട് 1300 ഹോട്ടലുകളും റെസ്റ്റോറന്റുകളുമാണ് ഇതിലുള്ളത്. ഹൈജീൻ റേറ്റിംഗ് ആപ്പും ഗ്രീവൻസ് പോർട്ടലും തയ്യാറായിട്ടുണ്ട്; ഈയാഴ്ച അത് പ്രവർത്തനക്ഷമമാകുന്നതാണ്. ഗ്രീവൻസ് പോർട്ടൽ നിലവിൽ വരുന്നതോടുകൂടി നേരിട്ട് ജനങ്ങൾക്ക് പരാതി നൽകാനും വിഷ്വൽസും ഫോട്ടോയും അയയ്ക്കാനും കഴിയും. ഭക്ഷണശാലകളെ സംബന്ധിച്ച് ജനങ്ങളുടെ ഓഡിറ്റ് ഇതിലൂടെ നടപ്പിലാകുന്നതാണ്. ഭക്ഷ്യസുരക്ഷ ഗ്രാമപഞ്ചായത്ത് പദ്ധതി 433 പഞ്ചായത്തുകളിൽ നടപ്പിലാക്കി. ഒരു പഞ്ചായത്തിലെ പ്രധാന വാട്ടർ സോഴ്സസ് പരിശോധിക്കുക, അവിടെയുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ്/രജിസ്ട്രേഷൻ എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുക എന്നിവയാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. നിലവിൽ 140 പഞ്ചായത്തുകളിൽക്കൂടി ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. വളരെ ചെറിയ പ്രായത്തിൽ നല്ല ഭക്ഷണശീലങ്ങൾ പരിശീലിപ്പിക്കുന്നതിനുവേണ്ടി വിദ്യാർത്ഥികൾക്കായി 'സേഫ് ആൻഡ് ന്യൂട്രീഷ്യസ് ഫുഡ് @ സ്കൂൾ' പദ്ധതി 1603 സ്കൂളുകളിൽ നടപ്പിലാക്കി. ഇപ്പോൾ 500 സ്കൂളുകളിലുംകൂടി നടപ്പിലാക്കുകയാണ്. വളരെ

കർശനമായി നിയമം നടപ്പിലാക്കുകയും എൻഫോഴ്സ്മെന്റ് ആക്ടിവിറ്റീസ് വിട്ടുവീഴ്ചയില്ലാതെ മുന്നോട്ടുപോകുന്നുണ്ടെന്ന് സർക്കാർ ഉറപ്പാക്കുകയും ചെയ്യുകയാണ്. ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രിയും ഞാനുമായി യോഗം ചേർന്നിരുന്നു. ഫോസ്റ്റാക് (FoSTaC - Food Safety Training and Certification) നിർബന്ധമായതിനാൽ അത് നടപ്പിലാക്കുന്നുയെന്നുള്ളത് ഉറപ്പാക്കുന്നതിനുവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണം തേടിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷ പഞ്ചായത്താണ് ഇപ്പോൾ നടപ്പിലാക്കുന്നത്. തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി ഇത്തരത്തിൽ ഭക്ഷ്യസുരക്ഷ മണ്ഡലവും നമുക്ക് നടപ്പിലാക്കാൻ കഴിയുന്നതാണ്. 140 നിയോജകമണ്ഡലങ്ങളെയും ഭക്ഷ്യസുരക്ഷ മണ്ഡലങ്ങളാക്കി മാറ്റാൻ കഴിയും. അതിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ എം.എൽ.എ.-മാരുടെയുൾപ്പെടെ പിന്തുണയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഹോട്ടലുകളും റെസ്റ്റോറന്റുകളും ഭക്ഷ്യസുരക്ഷ ചെയിനിലെ അവസാന കണ്ണിയാണ്. ഭക്ഷ്യ പദാർത്ഥങ്ങളുടെ ഉൽപ്പാദനം, വിതരണം, സംഭരണം ഉൾപ്പെടെയുള്ള കാര്യങ്ങളാണ് ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട നിയമത്തിൽ പരിശോധിക്കുന്നത്. ഉദാഹരണത്തിന്, പാഴ്സലിൽ രേഖപ്പെടുത്തിയിരിക്കുന്ന

സമയത്തിനുള്ളിൽതന്നെ നമ്മൾ ആഹാരം കഴിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. ഒരു പൊതുജാഗ്രതയുടെകൂടി അടിസ്ഥാനത്തിൽ 'കേരളം സുരക്ഷിത ഭക്ഷണ ഇടം' എന്ന നിലയിലേയ്ക്ക് എത്തുകയെന്നതാണ് നമ്മുടെ ലക്ഷ്യം. അതിനായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാമെന്ന് പറഞ്ഞുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലെന്ന് അറിയിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുകയും ചെയ്യപ്പെടാതിരിക്കുകയും ചെയ്യുന്ന ഭക്ഷ്യവിഷബാധ വ്യാപകമായിരിക്കുന്നു. സംസ്ഥാനത്തുടനീളം ഇതുണ്ടാക്കിയിരിക്കുന്ന ഉത്കണ്ഠ നിസ്സാരമല്ല. ഭക്ഷണം കഴിക്കാൻ വരുന്നവരുടെ എണ്ണം അമ്പതുശതമാനമായി കുറഞ്ഞിരിക്കുന്നുവെന്നാണ് നല്ല രീതിയിൽ പ്രവർത്തിക്കുന്ന റെസ്റ്റോറന്റുകളുടെ ഉടമകൾപോലും പറയുന്നത്.

അതിനിടയിലാണ് സർക്കാരിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നിയമം കർശനമായി നടപ്പാക്കുന്നതിനുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനവും കഴിഞ്ഞ ദിവസം നിയമസഭയിൽ ശ്രദ്ധക്ഷണിക്കൽ വേളയിലുണ്ടായത്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രഖ്യാപനം കഴിഞ്ഞ് നാൽപ്പത്തിയെട്ട് മണിക്കൂറിനകം തിരുവനന്തപുരത്ത് ആരോഗ്യ വകുപ്പിന്റെ മൂക്കിന് താഴെയുള്ള ജനറൽ ആശുപത്രിയിൽ കൈക്കൂലി വാങ്ങി ഹെൽത്ത് കാർഡ് കൊടുക്കുന്ന സ്ഥിതിയുണ്ടായി. ഹെൽത്ത് കാർഡ് കൊടുക്കുന്നതിനുമുമ്പ് നിരവധി ടെസ്റ്റുകൾ നടത്തണം. ഫിസിക്കൽ എക്സാമിനേഷൻ, സ്കിൻ എക്സാമിനേഷൻ, eye test എന്നിവ നടത്തുകയും എല്ലാ ഷെഡ്യൂൾ ഓഫ് വാക്സിനുകളും എടുത്തിട്ടുണ്ടോയെന്നും സാംക്രമിക രോഗം (communicable disease), പകർച്ചവ്യാധി (infectious disease) എന്നിവയേതെങ്കിലും ഉണ്ടോയെന്നും പരിശോധിക്കണം. ഈ പരിശോധനകളെല്ലാം നടത്തിയതിന്റെ സർട്ടിഫിക്കറ്റ് ഫോം അനുസരിച്ച് കൊടുക്കുമ്പോഴാണ് ഹെൽത്ത് കാർഡ് നൽകുന്നത്. എന്നാൽ ഇതൊന്നും പരിശോധിക്കാതെ ഡോക്ടർമാർ 300-ഉം 400-ഉം രൂപ വാങ്ങി സർട്ടിഫിക്കറ്റ് കൊടുക്കുകയാണ്. അവർ വൈകിട്ട് ഭാര്യയും മക്കളുമായി ഈ റെസ്റ്റോറന്റുകളിൽ പോയല്ലേ ഭക്ഷണം കഴിക്കുന്നത് എന്നതാണ് ഇതിലെ

അത്ഭുതമെന്ന് പറയുന്നത്. അവർ ഹെൽത്ത് കാർഡ് നൽകുന്നത് ഏത് റെസ്റ്റോറന്റിലെ ജീവനക്കാർക്കാണെന്ന് അറിയാമോ? 300 രൂപയ്ക്കുവേണ്ടി നിസ്സാരമായി ഈ പ്രവൃത്തി ചെയ്യുകയെന്ന് പറഞ്ഞാൽ ആരോഗ്യ വകുപ്പിൽ എന്താണ് നടക്കുന്നത്? എവിടെ കിട്ടിയാലും കൈയിട്ട് വാരുകയാണ്. ആരോഗ്യ വകുപ്പിൽനിന്നും വരുന്ന വാർത്തകളെക്കുറിച്ച് ഞാൻ പറയുന്നില്ല. പിതാവിന്റെ ശവശരീരം ഏറ്റുവാങ്ങാൻ ചെന്ന ഒരു മകനെ പതിനഞ്ചു മിനിട്ട് കുനിച്ചുനിർത്തി ആറുപേർ ചേർന്ന് ക്രൂരമായി മർദ്ദിക്കുന്നത് കണ്ടാൽ ചങ്കുപൊട്ടിപോകും. ഇന്നലെ മുഴുവൻ സോഷ്യൽ മീഡിയയിലും ഇന്ന് മാധ്യമങ്ങളിലും ഇതിന്റെ വാർത്ത വന്നിരിക്കുകയാണ്. ടോയ്‌ലെറ്റിൽ പോകണമെന്ന് പറഞ്ഞ് നിർബന്ധം പിടിച്ചതിനാണ് ക്രൂരമായി മർദ്ദിച്ചത്. ഇതൊക്കെയാണ് സെക്രട്ടേറിയറ്റിന്റെ മൂക്കിനുതാഴെയുള്ള ആശുപത്രിയിൽ നടക്കുന്നത്. ഈ സർട്ടിഫിക്കറ്റെല്ലാം കളക്ട് ചെയ്ത് അക്ഷയകേന്ദ്രം വഴി ഓൺലൈനായി അപേക്ഷിക്കുന്ന സുതാര്യമായ സംവിധാനമുണ്ടാക്കണ്ടേ? നിലവിൽ ഇത് കൈക്കൂലി വാങ്ങാനുള്ള സംവിധാനമായി മാറുകയാണ്. ഹെൽത്ത് കാർഡ് വളരെ സുതാര്യമായും ഭംഗിയായും ഇഷ്യൂ ചെയ്യുന്നതിനുള്ള മെക്കാനിസമുണ്ടാക്കണ്ടേ? അതിനല്ലേ ഗവൺമെന്റും ഉദ്യോഗസ്ഥരുമുള്ളത്. പത്തുകൊല്ലം മുമ്പുണ്ടായിരുന്ന ഫുഡ് സേഫ്റ്റിയെ താരതമ്യം ചെയ്താണ്

ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്. 2011-ലാണ് റെഗുലേഷൻ നിലവിൽ വന്നത്. ആദ്യകാലഘട്ടമെന്ന് പറയുന്നത് ഒരു സിസ്റ്റം എസ്റ്റാബ്ലിഷ് ചെയ്യുന്ന transition period ആണ്. റെഗുലേഷൻ നിലവിൽ വന്നശേഷം അന്നത്തെ കാലഘട്ടത്തിനനുസൃതമായി ധാരാളം കാര്യങ്ങൾ രാജ്യത്ത് ആദ്യമായി ഏറ്റവും ഭംഗിയായി ചെയ്തത് കേരളത്തിലാണ്. അതുകൊണ്ടാണ് കേരളത്തിന് മുന്നിലേയ്ക്ക് വരാൻ കഴിഞ്ഞത്. പക്ഷേ ഇപ്പോഴുള്ള സ്ഥിതിയെന്താണ്? ഭക്ഷ്യവിഷബാധ വ്യാപകമാകുമ്പോൾ കുറെക്കൂടി ഗൗരവം വരേണ്ടതല്ലേ? പന്ത്രണ്ട് ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ള സ്ഥാപനങ്ങൾക്കാണ് ലൈസൻസ് കൊടുക്കുന്നത്. അതിന് താഴെയുള്ളവ രജിസ്ട്രേഷനാണ് എടുക്കേണ്ടത്. ശ്രീ. അനൂപ് ജേക്കബ് സൂചിപ്പിച്ചതുപോലെ കാലതാമസം കൊണ്ട് കൃത്യമായി ലൈസൻസ് കൊടുക്കാൻ സാധിക്കാത്തതിനാൽ default license ആണ് കൊടുക്കുന്നത്. Default license ഉള്ളവയാണ് ഇപ്പോൾ കൂടുതലായും പ്രവർത്തിക്കുന്നത്. എന്നാൽ ഇതൊന്നും വകുപ്പിന്റെ ഡാറ്റാബേസിൽ വരുന്നില്ല. സി.&എ.ജി. റിപ്പോർട്ടിൽ എണ്ണിയെണ്ണിയാണ് ഭക്ഷ്യസുരക്ഷ വകുപ്പിന്റെ വീഴ്ചകളെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. സർട്ടിഫിക്കറ്റും രജിസ്ട്രേഷനും കൊടുക്കുന്നതിന് അനാവശ്യമായ കാലതാമസം വരികയാണ്. ഇതൊന്നുമില്ലാതെയാണ്

ആയിരക്കണക്കിന് സ്ഥാപനങ്ങളും റെസ്റ്റോറന്റുകളും കേരളത്തിൽ പ്രവർത്തിക്കുന്നത്. ഇതുസംബന്ധിച്ച് ഭക്ഷ്യസുരക്ഷ വകുപ്പിന് കൃത്യമായ ഡാറ്റാബേസില്ല. റെഗുലേഷൻ അനുസരിച്ച് കൃത്യമായ ഡാറ്റാബേസ് മെയിന്റയിൻ ചെയ്യണം. എത്ര റെസ്റ്റോറന്റുകൾ കേരളത്തിലുണ്ടെന്ന് ഭക്ഷ്യസുരക്ഷ വകുപ്പിന് അറിയില്ല. ഇവരുടെ ആക്ടിവിറ്റികൾ പരിശോധിക്കാനോ ഗവൺമെന്റിന്റെ നിബന്ധനകൾ നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനോ സംവിധാനങ്ങളില്ല. നേരത്തെ ജി.എസ്.ടി. വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജോയിന്റായാണ് ഇതെല്ലാം ചെയ്തിരുന്നത്. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ഡാറ്റാബേസ് കിട്ടാൻ വളരെ എളുപ്പമായിരുന്നു. നാല് സെലക്ടഡ് ഡിസ്ട്രിക്റ്റുകളെടുത്തതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ലഭിച്ച 348 സ്ഥാപനങ്ങളുണ്ടെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. പക്ഷേ അതിൽ 144 എണ്ണം ഭക്ഷ്യസുരക്ഷ വകുപ്പിന്റെ ഡാറ്റയിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെയും കോർപ്പറേഷന്റെയും ലിസ്റ്റിലുള്ളതും ലൈസൻസ് കൊടുത്തിരിക്കുന്നതുമായ സ്ഥാപനങ്ങളിൽ പകുതിയുടെയും വിവരങ്ങൾ ഭക്ഷ്യസുരക്ഷ വകുപ്പിന്റെ കയ്യിലില്ല. 338 റെസ്റ്റോറന്റുകളുടെ വിവരം ജി.എസ്.ടി. വകുപ്പിന്റെ കയ്യിലുണ്ട്. അതിൽ 122 റെസ്റ്റോറന്റുകളുടെ കാര്യം

ഭക്ഷ്യസുരക്ഷ വകുപ്പിന് അറിയില്ല. തിരുവനന്തപുരം ജില്ലയിൽ 162 റെസ്റ്റോറന്റുകളുണ്ടെന്ന് ജി.എസ്.ടി. വകുപ്പിന് അറിയാം. പക്ഷേ, 96 എണ്ണത്തെക്കുറിച്ച് നിങ്ങൾ അറിഞ്ഞിട്ടില്ല. ഇത് എന്ത് ഡാറ്റാബേസാണ്; എന്തിന്റെ അടിസ്ഥാനത്തിലാണ് ഇത് ചെയ്യുന്നത്? എങ്ങനെയാണ് എൻഫോഴ്സ്മെന്റ് നടക്കുന്നത്. എൻഫോഴ്സ്മെന്റ് പരിധിയുടെ പുറത്താണ് ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. നാല് ജില്ലകളിലായി 259 ടെസ്റ്റ് കേസ് എടുത്തപ്പോൾ 165 കേസുകളിൽ ആവശ്യമായ ഡോക്യുമെന്റ്സ്, ഡിക്ലറേഷൻ എന്നിവയൊന്നും വാങ്ങാതെയാണ് ലൈസൻസ് കൊടുത്തിരിക്കുന്നത്. പിന്നെ എന്തിനാണ് ലൈസൻസ്/രജിസ്ട്രേഷൻ? സി. & എ. ജി. 259 എണ്ണം ടെസ്റ്റ് കേസായി എടുത്തപ്പോൾ ആവശ്യമായ രേഖകൾ സമർപ്പിക്കാത്ത 165 സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുവാദം കൊടുത്തിരിക്കുകയാണ്. ലൈസൻസ് കൊടുക്കുന്നതിന് അവിടെയും വേറെ ഏർപ്പാടുണ്ടാകും. കൂടുതൽ സ്ഥാപനങ്ങളും ലൈസൻസില്ലാതെയും രജിസ്ട്രേഷൻ നടത്താതെയുമാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ പ്രവർത്തിക്കുന്നതിൽ 26 ശതമാനം സ്ഥാപനങ്ങൾ മാത്രമാണ് പരിശോധനയ്ക്ക് വിധേയമാകുന്നത്. ചെറിയ തട്ടുകടകളിൽ ഒൻപത് ശതമാനം കടകളിൽ മാത്രമാണ് പരിശോധനയുള്ളത്. മേജർ റെസ്റ്റോറന്റുകളിൽ 26

ശതമാനത്തിൽ മാത്രമാണ് പരിശോധനയുള്ളത്. തട്ടുകടകളിൽ വർഷത്തിലൊരിക്കൽ പരിശോധന നടത്തണമെന്നിരിക്കെ അതൊന്നും ഒരിടത്തും ചെയ്യുന്നില്ല. അവർക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് മാത്രമാണ് കൊടുക്കുന്നത്. അതിനുശേഷം പുനർനടപടികളെക്കുറിച്ച് അന്വേഷിക്കുന്നില്ല. ഇതിൽ എൻഫോഴ്സ്മെന്റ് വിഭാഗം സാമ്പിളുകൾ ശേഖരിക്കേണ്ടതുണ്ട്. അങ്ങനെയുള്ള 708 കേസ്സുകളെടുത്തതിൽ 56 കേസ്സുകളിൽ മാത്രമാണ് റെഗുലേഷൻപ്രകാരമുള്ള സാമ്പിൾ ശേഖരിച്ചിട്ടുള്ളത്. സാമ്പിൾ ശേഖരിക്കാതെ എങ്ങനെയാണ് കേസ് ജയിക്കുന്നത്? ഒരുദാഹരണം പറയാം. അങ്കണവാടികളിലെ കുഞ്ഞുങ്ങൾക്ക് വിതരണം ചെയ്ത 'അമൃതം' ന്യൂട്രിമിക്സ് എന്ന സപ്ലിമെന്ററി ആഹാരപ്പൊടി സുരക്ഷിതമല്ലെന്ന് കണ്ടെത്തിയിരുന്നു. എന്നാൽ പരിശോധനയ്ക്കായി അതിൽനിന്നും സാമ്പിൾ ശേഖരിക്കാതെ നാലുമാസം കഴിഞ്ഞ് പുതിയതായി ഇറക്കിയ ബാച്ചിൽ നിന്നാണ് ശേഖരിച്ചത്. നേരത്തെയുള്ള ബാച്ചിൽനിന്നും സാമ്പിളെടുത്തപ്പോൾ സുരക്ഷിതമല്ലെന്ന് കണ്ടെത്തിയതിനെത്തുടർന്ന് കമ്പനി ആ പ്രശ്നം പരിഹരിച്ചിരുന്നു. അങ്കണവാടികളിൽ വിതരണം ചെയ്ത പൊടിയുടെ കൃത്യമായ സാമ്പിളെടുക്കാൻ കഴിയാത്തതുകൊണ്ട് ഇപ്പോഴും അതുതന്നെയാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. ഇതൊക്കെയാണ്

ഭക്ഷ്യസുരക്ഷ വകുപ്പിൽ നടക്കുന്നത്. എന്നിട്ടാണ് ബഹുമാനപ്പെട്ട മന്ത്രി ഇത്തരം കാര്യങ്ങൾ പറയുന്നത്. ഞങ്ങളുടെ ഭരണകാലത്ത് 62 ഫുഡ് സേഫ്റ്റി ഓഫീസർ മാത്രമുണ്ടായിരുന്നത് ഇപ്പോൾ 140 പേരാക്കി ഉയർത്തിയിരിക്കുന്നുവെന്നാണ് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറഞ്ഞത്. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ശിപാർശയിന്മേൽ നിങ്ങൾ എന്ത് നടപടി സ്വീകരിച്ചു; ആ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് 57 ഫുഡ് സേഫ്റ്റി ആഫീസർമാരെ നിയമിച്ചത്. ആദ്യം 30 പേരേയും പിന്നീട് 32-ഉം അതിനുശേഷം 57 പേരുടെയും നിയമനം നടത്തുകയുണ്ടായി. 2013-ൽ നിയമിച്ച 57 ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ ക്രെഡിറ്റ് 2016-നുശേഷം അധികാരത്തിൽവന്ന ഗവൺമെന്റോ 2021-നുശേഷം വന്ന ഗവൺമെന്റോ അവകാശപ്പെടുന്നത് ശരിയല്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സഭയിൽ കൊണ്ടുവന്ന ശ്രദ്ധക്ഷണിക്കലിന്റെ മറുപടിയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യം ആലോചിച്ചാൽമതി. ഞങ്ങൾ രേഖകളുടെ അടിസ്ഥാനത്തിലാണ് സഭയിൽ കാര്യങ്ങൾ അവതരിപ്പിക്കുന്നത്. സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ നിയമനം നടത്തിയ മൂന്ന് സർക്കാർ ഉത്തരവുകളും എന്റെ കൈവശമുണ്ട്. ഞങ്ങൾ

ആധികാരികമല്ലാത്ത ഒരു കാര്യവും സഭയിൽ പറയാറില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യത്തിൽ സംശയമുണ്ടെങ്കിൽ അതിന്റെ തെളിവ് ഹാജരാക്കാം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനം ഭക്ഷ്യസുരക്ഷ സൂചികയിൽ ഒന്നാം സ്ഥാനത്തായിരുന്നു. പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് പരമാവധി കാര്യങ്ങൾ അന്ന് നടപ്പാക്കിയിരുന്നു. 2011-ൽ നടപ്പാക്കിയ അതേ കാര്യങ്ങൾ 2021-ൽ നടപ്പാക്കിയാൽ മതിയാകില്ല. ഇന്ന് അതിനേക്കാൾ അപകടകരമായ സാഹചര്യമാണുള്ളത്. നമ്മളും നമ്മുടെ കുഞ്ഞുങ്ങളും ഭക്ഷണം കഴിക്കുകയല്ലേ, ഫോണിലൂടെ വിളിച്ചാൽ ഭക്ഷണം നമ്മുടെ വീടുകളിൽ എത്തുകയാണ്. എന്ത് ധൈര്യത്തിലാണ് ഇപ്പോഴുള്ള ചെറുപ്പക്കാർ ഷവർമ, അൽഫാം ചിക്കൻ എന്നിവയെല്ലാം ഉപയോഗിക്കുന്നത്? ഭക്ഷ്യസുരക്ഷ വകുപ്പ് പറയുന്നത് അതിൽ ചേർക്കുന്ന ചില സാധനങ്ങൾക്ക് പ്രശ്നമുണ്ടെന്നാണ്. ബഹുമാനപ്പെട്ട മന്ത്രി ഇനിമുതൽ ഇത്തരം പരിശോധനകൾ നടത്തുമ്പോൾ നേരത്തെ പ്രഖ്യാപിക്കരുത്. 'ഓപ്പറേഷൻ ഷവർമ' എന്നെല്ലാം പറഞ്ഞ് നേരത്തെ പ്രഖ്യാപനം നടത്തിയാൽ പ്രശ്നമുള്ളവ കണ്ടെത്താൻ കഴിയില്ല. അതിനാൽ ഇത്തരം പരിശോധനകൾ രഹസ്യമായി നടത്തണം. പ്രഖ്യാപിച്ചതിനുശേഷം പരിശോധന

നടത്തിയാൽ ആരെയും പിടികൂടാൻ സാധിക്കില്ല. വലിയരീതിയിലുള്ള വെട്ടിപ്പാണ് ഇതിൽ നടക്കുന്നത്. ഇത്രയും അപകടകരമായ ഭക്ഷണ സാധനങ്ങൾ കഴിക്കാനുള്ള ടെൻഡൻസി സംബന്ധിച്ച് അവരെ ബോദ്ധ്യപ്പെടുത്തേണ്ട ആവശ്യമുണ്ട്. സംസ്ഥാനത്ത് ധാരാളം റെസ്റ്റോറന്റുകളുണ്ട്. ധാരാളം ആളുകൾ പുറത്തുപോയി ഭക്ഷണം കഴിക്കുന്നുണ്ട്. കുഞ്ഞുങ്ങളുമായി പുറത്തുപോകുമ്പോഴും യാത്ര ചെയ്യുമ്പോഴും എത്ര പേരാണ് അത്തരത്തിൽ ഭക്ഷണം കഴിക്കുന്നത്. എന്നാൽ കേരളത്തിൽ എത്ര പേർക്ക് ഭക്ഷ്യ വിഷബാധയേറ്റിട്ടുണ്ടെന്നതിന്റെ കണക്കുണ്ടോ; ഇത് ഗൗരവമുള്ള ചോദ്യമല്ലേ? പനി ബാധിച്ചവർ ആശുപത്രിയിൽ പോയാൽ അവരുടെ കണക്ക് ചിലപ്പോൾ നമ്മുടെ കൈവശമുമുണ്ടാകും. എന്നാൽ ഭക്ഷ്യ വിഷബാധയേറ്റവരെക്കുറിച്ചുള്ള കണക്ക് ഭക്ഷ്യസുരക്ഷ വകുപ്പിന്റെ കൈവശമില്ല. പനി ബാധിച്ചാൽ ചിലപ്പോൾ വീടുകളിൽതന്നെ ചികിത്സ നടത്തും. പക്ഷേ ഭക്ഷ്യവിഷബാധയുണ്ടായാൽ ആശുപത്രിയിൽ പോകാതിരിക്കില്ല. അപ്പോൾ എത്രയായിരം പേർക്കാണ് ഭക്ഷ്യവിഷബാധയേറ്റിട്ടുള്ളത്? കുറച്ചുപേർക്ക് പന്നീട് പ്രശ്നങ്ങളുണ്ടാകുന്നു; ചിലർ മരണപ്പെടാറുമുണ്ട്. അപകടകരമായ രീതിയിലേയ്ക്ക് നമ്മുടെ ഭക്ഷണ രീതി പോകുകയാണ്. വിശ്വസിച്ച് ഭക്ഷണം കഴിക്കാൻ സാധിക്കാത്ത

അവസ്ഥയാണുള്ളത്. അതേസമയത്ത് നന്നായി ഭക്ഷണം നൽകുന്ന സ്ഥാപനങ്ങളുമുണ്ട്. ആ സ്ഥലങ്ങളിൽപ്പോലും ബിസിനസ് വളരെ കുറയുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി സഭയിൽ പറഞ്ഞ സമീപനമാണ് കേരളത്തിന്റെ ഭക്ഷ്യസുരക്ഷാ നയമെങ്കിൽ, നമ്മൾ വീണ്ടും അപകടത്തിലേയ്ക്ക് പോകും. ഇക്കാര്യത്തിൽ ഒരുപാട് പാളിച്ചകളുണ്ട്. എൻഫോഴ്സ്മെന്റിൽ പാളിച്ചകൾ മാത്രമേയുള്ളൂ. ഇവർ ചെയ്യുന്നതിന്റെ 25 ശതമാനം പോലും ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിധിയിൽപ്പെടുന്നില്ല. ഇതെല്ലാം മറച്ചുവയ്ക്കുന്നതും കൈക്കൂലി വാങ്ങിയതിനെ ന്യായീകരിക്കുന്നതും ഹെൽത്ത് കാർഡ് സംവിധാനത്തിലുണ്ടായ അപാകതയും അപമാനകരമാണ്. ഗവൺമെന്റെടുക്കുന്ന ഇത്തരം സമീപനങ്ങളിലും ജനങ്ങളുടെ ആരോഗ്യം സംബന്ധിച്ച ഗൗരവകരമായ പ്രശ്നത്തിൽ സ്വീകരിക്കുന്ന അലംഭാവത്തിലും നിസ്സഹകരണത്തിലും പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ഭക്ഷ്യസുരക്ഷാ വകുപ്പ് സമയോചിതമായി ഇടപെടാത്തതിന്റെയും കാര്യക്ഷമമായി പ്രവർത്തിക്കാത്തതിന്റെയും ഫലമായാണ് ഇത്തരത്തിലുള്ള കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ഭക്ഷ്യസുരക്ഷ വകുപ്പ് പല സ്ഥലങ്ങളിലും പരിശോധനയും മറ്റും നടത്തുന്നത് മാദ്ധ്യമപ്പടയുമായി വന്ന് വലിയ പരസ്യത്തിലും ആഘോഷത്തിലുമാണ്. കാര്യമായി ഒന്നും കണ്ടെത്താനായില്ലെങ്കിൽ അവിടെയെല്ലാം വൃത്തിഹീനമാണെന്നുള്ള റിപ്പോർട്ട് കൊടുത്തുകൊണ്ട് വാർത്തയാക്കുന്ന സ്ഥിതിയാണ് കണ്ടുവരുന്നത്. കാസർഗോഡ് നഗരത്തിലും ഇതാണ് സംഭവിച്ചത്. അവിടെ ഒരു ഹോട്ടലിൽനിന്നും ഓൺലൈനിലൂടെ വരുത്തിയ ഭക്ഷണം കഴിച്ച ഒരു കുട്ടി മരണപ്പെട്ടിരുന്നു. ആ ഹോട്ടലിൽനിന്നും ഭക്ഷണം കഴിച്ചതിന്റെ ഫലമായി മരിച്ചതെന്നാണ് പറഞ്ഞുകേട്ടത്. പക്ഷേ ആ കുട്ടിയുടെ ആത്മഹത്യാ കുറിപ്പ് കണ്ടെത്തിയപ്പോഴാണ് കാര്യങ്ങൾ വ്യക്തമായത്. അതുകൊണ്ട് ഒരു കാര്യത്തിലും വേണ്ടത്ര രീതിയിൽ പരിശോധന നടത്താത്ത പ്രവർത്തനങ്ങളാണ് സർക്കാരിനുള്ളത്. ഭക്ഷ്യ സുരക്ഷാ വകുപ്പ് കാര്യമായ പരിശോധന യഥാസമയം നടത്തുന്നില്ല. പാലുമായി വന്ന അന്യ സംസ്ഥാന വാഹനത്തെ മൃഗസംരക്ഷണ വകുപ്പ് പിടിച്ചെടുത്ത് പരിശോധന

നടത്തിയിരുന്നുവെന്ന് വാർത്തയുണ്ടായിരുന്നു. പരിശോധന നടത്തിയപ്പോൾ അതിൽ ഹൈഡ്രജൻ പെറോക്സൈഡിന്റെ തോത് കൂടുതലാണെന്ന് കണ്ടെത്തിയിരുന്നു. പക്ഷേ ഇത്തരം വാഹനങ്ങൾ മൃഗസംരക്ഷണ വകുപ്പിന് പരിശോധിക്കാനുള്ള അധികാരമില്ല. അതിനാൽ അവർ ഭക്ഷ്യസുരക്ഷ വകുപ്പിന് റിപ്പോർട്ട് കൊടുത്തു. ഏകദേശം അഞ്ചാറ് മണിക്കൂർ കഴിഞ്ഞതിനുശേഷമാണ് ഭക്ഷ്യസുരക്ഷ വകുപ്പ് പരിശോധന നടത്തുന്നത്. അത്രയും സമയം കഴിഞ്ഞ് പരിശോധിച്ചാൽ പ്രശ്നമൊന്നും കണ്ടെത്താൻ കഴിയില്ല. സമയോചിതമായി ഇടപെട്ട് മായം ചേർന്നിട്ടുണ്ടോയെന്നും മറ്റെന്തെങ്കിലും പ്രശ്നങ്ങളുണ്ടോയെന്നും പരിശോധിച്ച് റിപ്പോർട്ട് കൊടുക്കുന്നുണ്ടോയെന്ന് ചോദിച്ചാൽ അതും നടത്തുന്നില്ലെന്നുള്ളതാണ്. വകുപ്പുകൾ തമ്മിൽ യാതൊരുവിധത്തിലുള്ള ഏകോപനവുമില്ലാത്തതിന്റെ ഫലമായിട്ടാണ് ഇത്തരം കാര്യങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ഹോട്ടലുകളിൽ പരിശോധനകൾ നടത്തുന്നുണ്ടെങ്കിലും ഫലപ്രദമായ രീതിയിൽ അവ മുന്നോട്ടുപോകാത്തതിലും ഗവൺമെന്റിന്റെ അലംഭാവത്തിലും ബഹുമാനപ്പെട്ട മന്ത്രിയുടെ കാര്യക്ഷമമല്ലാത്ത മറുപടിയിലും പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. പി. എ. മജീദും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, ഹെൽത്ത് കാർഡ് നടപ്പാക്കിയ രീതിയിലുള്ള അപാകതകളാണ് പ്രതിപക്ഷം പ്രധാനമായും ചൂണ്ടിക്കാണിച്ചത്. ഹെൽത്ത് കാർഡിന്റെ പേരിൽ തട്ടിപ്പുകൾ നടക്കുകയാണ്. ഈ രംഗത്ത് അഴിമതി കടന്നുവന്നിരിക്കുന്നുവെന്നത് വളരെ ഗൗരവമായി കണ്ടുകൊണ്ട് നടപടി സ്വീകരിക്കാൻ ഗവൺമെന്റ് മുന്നോട്ടുവന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. എന്നാൽ വ്യാപകമായി ഈ കാര്യത്തിൽ അഴിമതി നടക്കുന്നുവെന്നുള്ളത് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന ആവശ്യമാണ് മുഖ്യമായും ഉന്നയിക്കുന്നത്. ഹോട്ടൽ ജീവനക്കാർക്ക് ഹെൽത്ത് കാർഡ് ഏർപ്പെടുത്തുന്നത് നല്ല കാര്യമാണ്. അതുകൊണ്ടുമാത്രം ഭക്ഷ്യ വിഷബാധയേൽക്കുന്ന പ്രശ്നം തീരുന്നില്ല. പഴകിയ ഇറച്ചിയും പച്ചക്കറികളും മീനുമെല്ലാം ഉപയോഗിക്കുന്നു എന്നുള്ളതുതന്നെയാണ് പ്രശ്നമായി ചൂണ്ടിക്കാണിക്കുന്നത്. ഇവ പരിശോധിക്കുന്നതിന് വേണ്ടത്ര സംവിധാനങ്ങൾ ആരോഗ്യ വകുപ്പിന്റെ കീഴിൽ ഇല്ലെന്ന ഗുരുതരമായ പ്രശ്നം

നിലനിൽക്കുകയാണ്. ഇവിടെ ഫുഡ് സേഫ്റ്റി ഓഫീസർമാരുടെ വലിയ ക്ഷാമം നിലനിൽക്കുകയാണ്. പരിമിതമായ സ്റ്റാഫുകളെവച്ചുകൊണ്ട് ഇവ മെയിന്റയിൻ ചെയ്യാൻ കഴിയുന്നില്ലെന്ന വസ്തുത സർക്കാർ പരിശോധിക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള ഹെൽത്ത് സംവിധാനങ്ങളെക്കൂടി പ്രയോജനപ്പെടുത്താൻ കഴിയണം. ഇക്കാര്യത്തിൽ ആരോഗ്യ-തദ്ദേശസ്വയംഭരണ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ഗവൺമെന്റ് നിലപാട് എടുക്കണം. ആളുകൾ ഭക്ഷ്യ വിഷബാധയേറ്റ് മരിക്കുന്ന സാഹചര്യം ആവർത്തിക്കാൻ പാടില്ല. അതുകൊണ്ട് വളരെ കർശന നിലപാട് ഗവൺമെന്റ് സ്വീകരിക്കണം. പ്രതിപക്ഷം ഈ വിഷയം നിയമസഭയിൽ ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ യോഗം വിളിച്ചുചേർക്കുകയും ഇക്കാര്യത്തിൽ വകുപ്പുകളുടെ ഏകോപനമുണ്ടാകുകയും പ്രശ്നങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികളുണ്ടാകുകയും ചെയ്യണം. അതിനുള്ള നടപടി സ്വീകരിക്കാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭയിൽനിന്ന് പുറത്തുപോയി.

സഭവിട്ടു പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനകം തിരികെ ഹാജരായി.)

**10.50 a.m]**

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## VI ശ്രദ്ധക്ഷണിക്കൽ

(1) കേന്ദ്ര വൈദ്യുതി ചട്ടഭേദഗതിമൂലമുള്ള വൈദ്യുതി നിരക്ക് വർദ്ധനവ്

ശ്രീ. കെ. ഡി. പ്രസേനൻ: സർ, വൈദ്യുതമേഖലയെ സ്വകാര്യമൂലധനശക്തികളുടെ ലാഭതാല്പര്യത്തിന് വിധേയമാക്കുന്ന കേന്ദ്രസർക്കാർ നയങ്ങളെയും വൈദ്യുതി റൂളിലും ദേശീയ വൈദ്യുതി നയത്തിലും കൊണ്ടുവരുന്ന ഭേദഗതിയെയും സംബന്ധിച്ച് സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. വൈദ്യുതി വിതരണമേഖലയെ പൂർണ്ണമായും സ്വകാര്യവൽക്കരിക്കുന്നതിനും സ്വകാര്യ വൈദ്യുതി ഉൽപ്പാദക കമ്പനികളുടെ താല്പര്യം സംരക്ഷിക്കുന്നതിനും ലക്ഷ്യംവച്ചുകൊണ്ട് നിരവധി ഇടപെടലുകളാണ് കേന്ദ്രസർക്കാരിൽ നിന്നുണ്ടാകുന്നത്. 2003-ലെ വൈദ്യുതി നിയമം ഭേദഗതി ചെയ്യുന്നതിനുള്ള ശ്രമം ഇതിന്റെ ഭാഗമാണ്. വൈദ്യുതി വിതരണ രംഗത്ത് മൾട്ടിപ്പിൾ ലൈസൻസ് അനുവദിക്കുന്നതിനും ഒരേ പ്രദേശത്തുതന്നെ ഒന്നിലേറെ സ്വകാര്യ കമ്പനികൾക്ക് വൈദ്യുതി

വിതരണം ചെയ്യുന്നതിന് അവസരം നൽകുന്നതിനുമാണ് വൈദ്യുതി നിയമ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്. 2022 ആഗസ്റ്റ് 8-ന് പാർലമെന്റിൽ നിയമഭേദഗതി ബിൽ അവതരിപ്പിച്ചതിനെത്തുടർന്ന് തൊഴിലാളികളും കർഷകരുമെല്ലാം രാജ്യവ്യാപകമായി പ്രക്ഷോഭം ഉയർത്തിക്കൊണ്ടുവന്ന സാഹചര്യത്തിൽ ബിൽ പാർലമെന്റിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുകയാണ് ചെയ്തത്. എന്നാൽ അത്തരം പരിഗണനയിലിരിക്കുമ്പോൾതന്നെ ആ ബില്ലിലെ വ്യവസ്ഥകൾ എക്സിക്യൂട്ടീവ് ഉത്തരവുകളും  ചട്ടങ്ങളും നിബന്ധനകളുമായി നടപ്പാക്കാനാണ് കേന്ദ്രസർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇലക്ട്രിസിറ്റി റൂൾ ഭേദഗതി ചെയ്യുന്നതിന് നിർദ്ദേശിച്ചുകൊണ്ട് 2022 സെപ്റ്റംബറിൽ കേന്ദ്രസർക്കാർ ഒരു കരട് പുറത്തിറക്കിയിരുന്നു. വൈദ്യുതി നിരക്കുകൾ കേന്ദ്രീകൃതമായി പൂൾ ചെയ്ത് സ്വകാര്യ വൈദ്യുതി ഉൽപ്പാദകർക്ക് ലാഭമുറപ്പുവരുത്തുകയും മാസംതോറും വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിന് അവസരം നൽകുകയും ചെയ്യുന്നതിനാണ് ഈ കരട് നിർദ്ദേശം മുന്നോട്ടുവച്ചത്. ഇതിന്മേൽ കേരളമടക്കമുള്ള പല സംസ്ഥാനങ്ങളും അറിയിച്ച എതിർപ്പുകളെയെല്ലാം അവഗണിച്ചുകൊണ്ട് 2022 ഡിസംബറിൽ റൂളുകൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് കേന്ദ്രസർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

ഇലക്ട്രിസിറ്റി റൂളിലെ ഈ ഭേദഗതി അംഗീകരിക്കപ്പെട്ടതോടെ സ്വകാര്യ കമ്പനികൾ ഉൽപ്പാദിപ്പിക്കുന്ന വില കൂടിയ വൈദ്യുതി, വില കുറവുള്ള വൈദ്യുതി ഉൽപ്പാദകരുടെ വൈദ്യുതിയുമായി കൂട്ടിക്കലർത്തി വില കുറച്ച് വിൽക്കുന്നതിന് അവസരം ഒരുക്കുകയാണ് ചെയ്തിട്ടുള്ളത്. വില കൂടിയ നിലയങ്ങളിൽനിന്ന് വൈദ്യുതി വാങ്ങാതെ ഒഴിവാക്കാനുള്ള വിതരണ കമ്പനികളുടെ അവകാശം നിഷേധിക്കുകയും പൂൾ ചെയ്ത വൈദ്യുതി വാങ്ങാൻ കെ.എസ്.ഇ.ബി. അടക്കമുള്ള വൈദ്യുതി വിതരണ കമ്പനികളെ നിർബന്ധിതമാക്കുകയും ചെയ്യുന്നതാണ് ഈ ഉത്തരവ്. ഇങ്ങനെ വിലകൂടിയ വൈദ്യുതി വാങ്ങാൻ നിർബന്ധിതമാക്കുന്നതിലൂടെ വരുന്ന അധിക ബാധ്യത ഉപഭോക്താക്കളിൽനിന്ന് കറന്റ് ചാർജ്ജായി പിരിച്ചെടുക്കാൻ അവസരം നൽകുന്നതാണ് റൂളിലെ ഫ്യൂവൽ സർചാർജ്ജ് സംബന്ധിച്ച ഭേദഗതി. വൈദ്യുതി ഉൽപ്പാദന മേഖലയിലെ സ്വകാര്യവൽക്കരണത്തിന്റെ ബാധ്യത സാധാരണജനങ്ങളിൽ അടിച്ചേൽപ്പിക്കുന്നതിനാണ് ഈ ചട്ട ഭേദഗതികൊണ്ട് സാധ്യമാകുന്നത്. ഇലക്ട്രിസിറ്റി റൂൾ ഭേദഗതി ചെയ്യുന്നതിന് ജനുവരി 19-ന് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച പുതിയ നിർദ്ദേശവും നിലവിലെ കെ.എസ്.ഇ.ബി. അടക്കമുള്ള പൊതുമേഖല കമ്പനികൾ വൈദ്യുതി വിതരണത്തിന് പ്രത്യേക ലൈസൻസ് എടുക്കേണ്ടതില്ലെന്ന ചട്ടത്തിന്

വിരുദ്ധമാണ്. കെ.എസ്.ഇ.ബി.-യുടേതുൾപ്പെടെ ലൈസൻസ് കാലാവധി 25 വർഷമായി പരിമിതപ്പെടുത്തുവാൻ പോകുകയാണ്. സ്വകാര്യ സ്ഥാപനങ്ങളെപോലെ ലൈസൻസ് എടുക്കുകയും പുതുക്കുകയും ചെയ്യാൻ പൊതുമേഖല സ്ഥാപനങ്ങളെ നിർബന്ധിക്കുന്നതായി ഈ ഭേദഗതി മാറുകയാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിലെ അംഗങ്ങളെയും ചെയർപേഴ്സനെയും നിയമിക്കുന്നതിനുള്ള യോഗ്യത ഭേദഗതി ചെയ്തുകൊണ്ടുള്ള മറ്റൊരു വ്യവസ്ഥകൂടി ഇതിലുണ്ട്. വൈദ്യുതി മേഖലയിൽ ഡയറക്ടർ അഥവാ ചീഫ് എക്സിക്യൂട്ടീവായി ജോലി ചെയ്തവരോ പ്രിൻസിപ്പൽ സെക്രട്ടറിതലത്തിൽ ജോലി ചെയ്തവരോ ആയിരിക്കണം കമ്മീഷൻ അംഗങ്ങളെന്ന് പറയുന്നതിനോടൊപ്പം നിയമനത്തിന് തൊട്ടുമുൻപ് മൂന്ന് വർഷക്കാലം പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥകൂടി ഭേദഗതിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇതിലൂടെ സ്വകാര്യ കമ്പനികളിലെ ഉന്നത ഉദ്യോഗസ്ഥരെ സംസ്ഥാന റെഗുലേറ്ററി കമ്മീഷനുകളിൽ കൊണ്ടുവരുന്നതിനുള്ള പരിശ്രമമാണ് നടത്തുന്നത്. ഇത്തരത്തിലുള്ള ഡ്രാഫ്റ്റ് നാഷണൽ ഇലക്ട്രിസിറ്റി പോളിസി വൈദ്യുതി വിതരണമേഖലയിൽ വൻ പ്രത്യാഘാതങ്ങൾക്ക് ഇടവരുത്തും. വൈദ്യുതി മേഖലയിലെ സ്വകാര്യവൽക്കരണം ശക്തിപ്പെടുത്തുന്നതിനുള്ള

ഇടപെടലുകളാണ് ഇലക്ട്രിസിറ്റി റൂളുകളുടെ ഭേദഗതിയിലൂടെയും കരട് വൈദ്യുതി നയത്തിലൂടെയും കേന്ദ്രസർക്കാർ നടത്തുന്നതെന്നത് വ്യക്തമാണ്. പാർലമെന്റിനെത്തന്നെ നോക്കുകുത്തിയാക്കിയാണ് ഈ വ്യവസ്ഥകൾ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത്. കേരളത്തിൽ സ്മാർട്ട് മീറ്ററുകൾ വ്യാപകമാക്കിക്കൊണ്ടിരിക്കുന്നത് കേന്ദ്രനിയമം എത്രയും പെട്ടെന്ന് നടപ്പാക്കുന്നതിനുവേണ്ടിയാണോയെന്ന ആശങ്കയിലാണ് കേരളത്തിലെ ജനങ്ങൾ. അതുകൊണ്ട് സംസ്ഥാനത്തിന്റെ വിയോജിപ്പ് ശക്തമായി രേഖപ്പെടുത്തുന്നതോടൊപ്പംതന്നെ ബദൽ നയങ്ങൾ ആവിഷ്കരിച്ച് ഇത്തരം പ്രതിലോമ ഇടപെടലുകളെ പ്രതിരോധിക്കാനും സംസ്ഥാന സർക്കാർ ശ്രമിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, കേന്ദ്ര സർക്കാർ 29-12-2022-ൽ പുറത്തിറക്കിയ വൈദ്യുതി ഭേദഗതി ചട്ടങ്ങൾ പ്രകാരം ഡിസ്ട്രിബ്യൂഷൻ ലൈസൻസികൾ തങ്ങളുടെ വൈദ്യുതി വാങ്ങൽ ചെലവുകൾ സമയബന്ധിതമായി വീണ്ടെടുക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. ചട്ടഭേദഗതി നിലവിൽ വരുന്നതിനുമുമ്പ് ഇന്ധന വിലയിലോ വൈദ്യുതി വാങ്ങൽ ചെലവിലോ ഉള്ള വ്യതിയാനംമൂലം വിതരണ

ലൈസൻസിക്കുണ്ടായ അധികഭാരം ഈടാക്കുന്നതിനായി വിതരണ കമ്പനികൾ ത്രൈമാസ അടിസ്ഥാനത്തിൽ റെഗുലേറ്ററി കമ്മീഷനെ സമീപിക്കുകയും കമ്മീഷൻ വസ്തുതകൾ പരിശോധിച്ചശേഷം ഉചിതമായ തീരുമാനം അറിയിക്കുകയുമാണ് ചെയ്തിരുന്നത്. ഇത്തരത്തിൽ ത്രൈമാസ വിവേക പരിശോധന ലൈസൻസികളുടെ വൈദ്യുതി വാങ്ങൽ ചെലവ് യുക്തിസഹമാണെന്ന് ഉറപ്പുവരുത്തുവാൻ സഹായിച്ചിരുന്നു. എന്നാൽ പുതിയ ചട്ടങ്ങൾ പ്രകാരം ഡിസ്ട്രിബ്യൂഷൻ ലൈസൻസിയുടെ ചെലവിലുണ്ടാകുന്ന ആഘാതം ബന്ധപ്പെട്ട റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന ഫോർമുല ഉപയോഗിച്ച് പ്രതിമാസ അടിസ്ഥാനത്തിൽ കണക്കാക്കി ഉപഭോക്താവിലേയ്ക്ക് താരിഫിലൂടെ കൈമാറ്റം ചെയ്യേണ്ടതാണ്. ഇതനുസരിച്ച് ഉപഭോക്താക്കളുടെ വൈദ്യുതിനിരക്ക് ഇടയ്ക്കിടയ്ക്ക് വ്യത്യാസപ്പെടാനുള്ള സാധ്യതയുണ്ട്. വിലയിരുത്തൽ കാലയളവിൽ ലൈസൻസിക്ക് വൈദ്യുതി വാങ്ങൽ, പ്രസരണ ചെലവ് എന്നിവയിലായി വന്ന ആകെ വർദ്ധനവ്, വിവിധ സ്രോതസ്സുകളിൽനിന്നും വാങ്ങിയ വൈദ്യുതിയുടെ അളവ്, പ്രസരണ-വിതരണ നഷ്ടങ്ങൾ, ശരാശരി ബില്ലിംഗ് നിരക്ക് എന്നിവ കണക്കിലെടുത്താണ് ഉപഭോക്താക്കളിൽനിന്നും പിരിച്ചെടുക്കേണ്ട അധിക തുക കണക്കാക്കുന്നതെന്നും ഓരോ

സംസ്ഥാനത്തിനും ബാധകമായ ഫോർമുല തയ്യാറാക്കുന്നതിൽ അതത് റെഗുലേറ്ററി കമ്മീഷനുകൾ താമസം വരുത്തുന്നപക്ഷം കേന്ദ്രസർക്കാർ പൊതുവായി തയ്യാറാക്കിയിട്ടുള്ള ഫോർമുല ഉപയോഗിക്കാമെന്നും ഭേദഗതി നിർദ്ദേശിക്കുന്നു. ഇന്ധനച്ചെലവ്, വൈദ്യുതി വാങ്ങൽ ചെലവ്, പ്രസരണ ചെലവ് എന്നിവ കമ്മീഷൻ മുൻകൂട്ടി അംഗീകരിച്ച നിലയിൽനിന്നും വർദ്ധിച്ചാൽ ആയത് രണ്ടുമാസത്തിനുള്ളിൽ പിരിച്ചെടുക്കാനാണ് നിർദ്ദേശം. ഈ ഇനത്തിൽ ഒരു വർഷം അർഹതപ്പെട്ടതിലും കൂടുതൽ തുക ലൈസൻസി പിരിച്ചെടുത്തിട്ടുണ്ടെന്ന് വാർഷിക ട്രൂ-അപ്പ് സമയം കണ്ടെത്തിയാൽ ആയത് റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന ക്യാരിയിംഗ് കോസ്റ്റിന്റെ 1.20 മടങ്ങ് സഹിതം ഉപഭോക്താവിന് തിരികെ നൽകണം. മുൻകാല ചട്ടങ്ങൾ പ്രകാരം ഇന്ധന സർചാർജ്ജ് ഈടാക്കുന്നതിൽ കാലതാമസം വരുന്നത് ലൈസൻസിക്ക് ലഭിക്കേണ്ട തുക നഷ്ടപ്പെടാൻ കാരണമായിരുന്നില്ല. അതുകൊണ്ടുതന്നെ കോവിഡ്, പ്രളയം തുടങ്ങി ജനങ്ങളുടെ സാമ്പത്തികസ്ഥിതി മോശമായിരുന്ന സാഹചര്യങ്ങളിൽ സർചാർജ്ജ് ഈടാക്കുന്നതിൽ സർക്കാർ ലൈസൻസികൾ ധൃതി കാണിച്ചിരുന്നില്ല. എന്നാൽ മാറിയ ചട്ടങ്ങൾ പ്രകാരം യഥാസമയം സർചാർജ്ജ് ഈടാക്കിയില്ലെങ്കിൽ ആയത് വിതരണ ലൈസൻസിയുടെ വീഴ്ചയായി

കണക്കാക്കും. നിർദ്ദിഷ്ട സമയത്തിനുള്ളിൽ അധിക തുക പിരിച്ചെടുക്കാത്തപക്ഷം ലൈസൻസിക്ക് പ്രസ്തുത തുക പിന്നീട് പിരിച്ചെടുക്കാൻ സാധിക്കാത്തവിധം നഷ്ടപ്പെടും. നിർദ്ദിഷ്ട ചട്ടങ്ങൾ പ്രകാരം മാസാമാസം ലൈസൻസികൾ ഇടാക്കുന്ന അധിക തുക പിന്നീട് വാർഷികാടിസ്ഥാനത്തിൽ മാത്രമാകും റെഗുലേറ്ററി കമ്മീഷൻ പരിശോധിച്ച് വേണ്ട തിരുത്തലുകൾ വരുത്തുന്നത്. നിലവിലെ സമ്പ്രദായത്തിന് വിപരീതമായി സ്റ്റേറ്റ് റെഗുലേറ്ററി കമ്മീഷനിൽ നിന്ന് വിവേകപൂർണമായ പരിശോധന കൂടാതെ അധിക ചാർജ്ജുകൾ വീണ്ടെടുക്കാൻ ഡിസ്കോമുകൾക്ക് (ഡിസ്ട്രിബ്യൂഷൻ കമ്പനികൾ) അനുവാദമുള്ളതിനാൽ ഭാവിയിൽ ലൈസൻസികൾ മാസംതോറുമുള്ള ചെലവുകൾ അധികരിച്ച് കാണിക്കാനും ഉപഭോക്താക്കളിൽനിന്ന് അനർഹമായ തുക പിരിച്ചെടുക്കാനും ശ്രമിക്കാനിടയുണ്ട്. ഉപഭോക്താക്കൾക്ക്, പ്രത്യേകിച്ച് വാണിജ്യ വ്യവസായ ഉപഭോക്താക്കൾക്ക് തങ്ങളുടെ കച്ചവട ചെലവ് കണക്കാക്കുന്നതിന് വൈദ്യുതി നിരക്കിനെ സംബന്ധിച്ച് മുൻധാരണ ആവശ്യമുണ്ട്. അടിക്കടി മാറുന്ന വൈദ്യുതി നിരക്ക് ഇതിന് വിഘാതമാകാൻ സാധ്യതയുണ്ട്. ഇത് നാട്ടിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിൽനിന്നും സംരംഭകരെ തടയുമെന്ന് ഭയപ്പെടുന്നു. അധിക ബാധ്യതയുടെ സാധ്യത മുന്നിൽ കണ്ടുകൊണ്ടാണ് വില

നിശ്ചയിക്കുന്നതെങ്കിൽ അത് ഉൽപ്പന്നങ്ങളുടെ വിലയും സാധാരണക്കാരുടെ ജീവിതച്ചെലവും ക്രമാതീതമായി വർദ്ധിക്കാനിടയാക്കും. കരട് ചട്ടത്തിന്മേൽ അഭിപ്രായം തേടിയപ്പോൾത്തന്നെ ഈ കാര്യങ്ങൾ സംബന്ധിച്ച് സംസ്ഥാനത്തിന്റെ ആശങ്കയും ഒപ്പം ഉപഭോക്താക്കളിൽനിന്ന് ഈടാക്കുന്ന നിരക്ക് ന്യായയുക്തമാണെന്നും ലൈസൻസികൾ മെറിറ്റ് ഓർഡർ ഡെസ്പാച്ച് പാലിക്കുന്നുണ്ടെന്നും ഉറപ്പാക്കാൻ സംസ്ഥാന കമ്മീഷന്റെ പരിശോധന ആവശ്യമാണെന്നും കമ്മീഷന്റെ മുൻകൂർ പരിശോധനയില്ലാതെ വൈദ്യുതി വാങ്ങൽ ചെലവിലെ വ്യതിയാനം ലൈസൻസികൾ സ്വമേധയാ കണ്ടെത്തി ഈടാക്കുന്ന നിർദ്ദേശത്തോട് സംസ്ഥാനം യോജിക്കുന്നില്ലെന്നും 06-09-2022-ലെ A1/183/2022/PD നമ്പർ അർദ്ധ ഔദ്യോഗിക കത്ത് മുഖേന കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ ഇതുസംബന്ധിച്ച അഭിപ്രായം കേന്ദ്രസർക്കാർ ചട്ടം അന്തിമമാക്കുന്ന സമയത്ത് പരിഗണിച്ചതായി കാണുന്നില്ല. വൈദ്യുതി മേഖലയിലെ കമ്പനികൾ സമർപ്പിക്കുന്ന ചെലവ് കണക്കിന്റെ അടിസ്ഥാനത്തിലാണ് വൈദ്യുതിയുടെ ഉൽപ്പാദനച്ചെലവ് കണക്കാക്കപ്പെടുന്നത്. അതനുസരിച്ചാണ് കെ.എസ്.ഇ.ബി.എൽ. വാങ്ങുന്ന വൈദ്യുതിയുടെ നിരക്ക് നിശ്ചയിക്കപ്പെടുന്നത്. വൈദ്യുതി ഉൽപ്പാദക കമ്പനികൾ കൂടുതലും സ്വകാര്യ

മേഖലയിലാണുള്ളത്. കമ്പനികൾ ഉൽപ്പാദന ചെലവ് ഉയർത്തിക്കാട്ടി ചെലവ് സമർപ്പിക്കുകയാണെങ്കിൽ വൈദ്യുതി വാങ്ങൽ നിരക്കും ഉയർന്നതായിരിക്കും. അതനുസരിച്ചുള്ള നിരക്ക് ഉപഭോക്താക്കളിൽനിന്ന് ഈടാക്കപ്പെടുകയും ചെയ്യും. വൈദ്യുതി മേഖലയിലെ ഉൽപ്പാദന വിതരണ കമ്പനികൾക്കുണ്ടാകുന്ന എല്ലാ ചെലവുകളും യഥാസമയം ഉപഭോക്താക്കളിൽ നിന്ന് ഈടാക്കാനുള്ള സംവിധാനമൊരുക്കി സ്വകാര്യ മേഖലയിലെ കമ്പനികളെ വൈദ്യുതി വിതരണ രംഗത്തേയ്ക്ക് ആകർഷിക്കുകയെന്ന ലക്ഷ്യമാണ് കേന്ദ്രസർക്കാരിനുള്ളതെന്ന് കാണാവുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കേന്ദ്ര നിയമ ഭേദഗതിയുടെ ആഘാതം കേരളീയ സമൂഹത്തിന് ഏൽക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വൈദ്യുതി വില ഏറ്റവും കുറവുണ്ടാകാൻ സാധ്യതയുള്ള സ്രോതസ്സുകളിൽനിന്നും കരാറിലേർപ്പെടാനും ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും ശ്രമിക്കും. വൈദ്യുതി വിലയിലെ ഏറ്റക്കുറച്ചിലുകൾ കുറയ്ക്കാനായി പുതിയ സാങ്കേതികവിദ്യയിലെ സ്റ്റോറേജ് സംവിധാനങ്ങൾ, ഹൈഡ്രജൻ ഉൽപ്പാദനം മുതലായവയ്ക്കുള്ള സാധ്യതാപഠനങ്ങൾ ഊർജ്ജിതമാക്കും. ഏറ്റെടുത്ത പദ്ധതികൾ

സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കും. പ്രസരണ-വിതരണ നഷ്ടം പരമാവധി കുറയ്ക്കും. വൈദ്യുത വിപണിയിലെ ഏറ്റക്കുറച്ചിലുകൾ യഥാസമയം വിലയിരുത്തുകയും കുറഞ്ഞ വിലയിലുള്ള വൈദ്യുതി കരാറുകളിലേർപ്പെടുകയും ചെയ്യും. വിതരണ കമ്പനികളുടെ വൈദ്യുതി വാങ്ങൽ ചെലവിൽ അന്തർ സംസ്ഥാന പ്രസരണ ചാർജ്ജ് കൂടി ഉൾപ്പെടും. ഈയിനത്തിൽ ചെലവാക്കേണ്ടി വരുന്ന തുകയിൽ കുറവുവരുത്തുന്നതിന് ശ്രമിക്കും. പുഗലൂർ-മാടക്കത്തറ HVDC (High Voltage Direct Current) ഇടനാഴി നാഷണൽ അസറ്റായി പരിഗണിക്കണമെന്ന കേരളത്തിന്റെ ആവശ്യം അനുഭാവപൂർവ്വം പരിഗണിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തും. റൂൾസ് ഭേദഗതികളുള്ളിൽ നിന്നുകൊണ്ട് ഉപഭോക്താക്കളുടെയും വിതരണ കമ്പനികളുടെയും താല്പര്യം സംരക്ഷിക്കുന്ന വിധത്തിൽ സർചാർജ്ജ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കാനുള്ള നിർദ്ദേശങ്ങൾ, പൊതുതാല്പര്യം മുൻനിർത്തി, വൈദ്യുതി നിയമം 2003-ലെ 108-ാം വകുപ്പുപ്രകാരം സംസ്ഥാന സർക്കാരിന് റെഗുലേറ്ററി കമ്മീഷനെ സമീപിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്.

(2) <u>ഉന്നത വിദ്യാഭ്യാസരംഗം ആകർഷണീയമാക്കേണ്ടതിന്റെ ആവശ്യകത</u>

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, പഠിച്ച് ഉയർന്ന മാർക്കുവാങ്ങി നാട്ടിൽത്തന്നെ എന്തെങ്കിലും നല്ല ജോലി ചെയ്ത് ജീവിക്കണമെന്ന ചിന്തയായിരുന്നു പഴയ തലമുറയ്ക്കുണ്ടായിരുന്നത്. അതിനുവേണ്ടി സ്വന്തം മുണ്ട് മുറുക്കിയുടുത്തുകൊണ്ട് എത്ര പണം വേണമെങ്കിലും മക്കൾക്കുവേണ്ടി ചെലവഴിക്കാൻ രക്ഷിതാക്കൾ തയ്യാറുമായിരുന്നു. എന്നാൽ അതിൽനിന്നും വ്യത്യസ്തമായി ഉന്നത വിദ്യാഭ്യാസത്തിനും ഉപരിപഠനത്തിനും മെച്ചപ്പെട്ട ജീവിതനിലവാരത്തിനുമായി നമ്മുടെ വിദ്യാർത്ഥികൾ കൂട്ടമായി വിദേശരാജ്യങ്ങളിലേയ്ക്ക് രക്ഷിതാക്കളുടെ സഹായത്തോടെ വിദ്യാഭ്യാസ കാലഘട്ടത്തിൽത്തന്നെ ചേക്കേറുന്ന പ്രവണതയാണ് ഇപ്പോൾ കാണാൻ കഴിയുന്നത്. നേരത്തെ എം.ബി.ബി.എസ്. പോലുള്ള പ്രൊഫഷണൽ കോഴ്സുകൾക്കാണ് വിദേശ രാജ്യങ്ങളെ ആശ്രയിച്ചിരുന്നതെങ്കിൽ ഇപ്പോൾ ബിരുദ-ബിരുദാനന്തര ബിരുദ പഠനത്തിനും മാത്രമല്ല, പ്ലസ് ടു കഴിഞ്ഞാൽത്തന്നെ വിദേശത്തേയ്ക്ക് പോകാൻ കുട്ടികൾ തയ്യാറായി നിൽക്കുകയാണ്. ഇതുമൂലം കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഇരുപത്തയ്യായിരത്തോളവും ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ പതിനായിരത്തിലധികവും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതായാണ്

അറിയുന്നത്. ബുദ്ധിയും കഴിവുമുള്ള ഒരു തലമുറ കൂട്ടമായി നാടുവിട്ടുപോകുന്നത് നമ്മുടെ നാടിന്റെ ഭാവിയേയും സാമ്പത്തിക നിലയേയും പ്രതികൂലമായി ബാധിക്കും. യുവതലമുറയില്ലാത്ത, പ്രായമായവർമാത്രം താമസിക്കുന്ന ഒരു വയസ്സൻ സംസ്ഥാനമായി കേരളം മാറുന്നതുപോലുള്ള സാമൂഹിക പ്രത്യാഘാതങ്ങൾ ഭാവിയിലുണ്ടാകും. നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ കാര്യക്ഷമതയില്ലായ്മയും മോശം പ്രവണതകളും ആഗോള റാങ്കിംഗിൽ വളരെ പിന്നാക്കം നിൽക്കുന്ന സർവ്വകലാശാലകളും ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഇവിടെ ലഭിക്കുന്നില്ലെന്ന തോന്നലും ഇതിനുള്ള കാരണങ്ങളാണ്. വിദ്യാഭ്യാസ സമ്പ്രദായത്തിലെ പരിമിതികളും സിലബസ്സുകൾ കാലോചിതമായി പരിഷ്കരിക്കാത്തതും പരിമിതമായ വിഭവങ്ങൾ, പഴഞ്ചൻ അദ്ധ്യാപന രീതികൾ എന്നിവയും പല വിദ്യാർത്ഥികളും വിദേശ രാജ്യങ്ങളെ ഉന്നതവിദ്യാഭ്യാസത്തിനായി തെരഞ്ഞെടുക്കുന്നതിന്റെ കാരണമാകുന്നു. ഇവിടെ ചിലർക്ക് മാത്രമേ യോഗ്യതയ്ക്കനുസരിച്ച് ശമ്പളമുള്ള തൊഴിൽ ലഭിക്കുന്നുള്ളൂവെന്ന പ്രശ്നവും രാജ്യംവിടാൻ യുവാക്കളെ പ്രേരിപ്പിക്കുന്നുണ്ട്. കേരളത്തിലെ സർക്കാർ കോളേജുകൾക്ക് പുതുതലമുറ കോഴ്സുകൾ നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതികളുണ്ടാകാം. എന്നാൽ ഇതിന്

തയ്യാറാകുന്ന സ്വകാര്യ-സഹകരണ മേഖലകളിലെ കോളേജുകൾക്ക് ഇത്തരം കോഴ്സുകൾ നടത്തുന്നതിനുള്ള അനുമതി നൽകാറുമില്ല. നമ്മുടെ സർവ്വകലാശാലകളിൽ യഥാസമയം പരീക്ഷകൾ നടത്തി റിസൽറ്റ് പ്രഖ്യാപിക്കാത്തത് വിദ്യാർത്ഥികളുടെ അക്കാദമികപരവും തൊഴിൽപരവുമായ പുരോഗതിക്ക് തടസ്സമുണ്ടാക്കാറുണ്ട്. അതുകൊണ്ട് ഉയർന്ന നിലവാരം പുലർത്തുന്ന സർവ്വകലാശാലകളെത്തേടി കാനഡ, യു.കെ., ആസ്ട്രേലിയ, ന്യൂസിലാന്റ് തുടങ്ങിയ രാജ്യങ്ങളിലേയ്ക്ക് വിദ്യാർത്ഥികൾ പോകുന്നു. പഠനത്തോടൊപ്പം പാർട്ട്ടൈം ജോലികൾ ചെയ്യാനുള്ള ഓപ്ഷനും കോഴ്സ് പൂർത്തിയാക്കി ആ രാജ്യത്ത് തുടരാനുള്ള അവസരവും വിദേശ സർവ്വകലാശാലാ പഠനം വിദ്യാർത്ഥികളെ മോഹിപ്പിക്കുന്നു. പ്രതിവർഷം ഏകദേശം 6 ലക്ഷത്തോളം വിദ്യാർത്ഥികളാണ് ഇന്ത്യയിൽനിന്നും വിദേശത്തേയ്ക്ക് വിദ്യാഭ്യാസത്തിനായി കുടിയേറുന്നതെന്നാണ് കരുതപ്പെടുന്നത്. ജനസംഖ്യാനുപാതികമായ കണക്കെടുത്താൽ ഇന്ത്യയിൽ കേരളത്തിൽ നിന്നാണ് ഏറ്റവുമധികം വിദ്യാർത്ഥികൾ പുറത്തേയ്ക്ക് പോകുന്നത്. അതിന്റെ കൃത്യമായ കണക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കൈവശമില്ല. ഈ സ്ഥിതി തുടർന്നാൽ പ്രതിവർഷം ഒരു ലക്ഷത്തിലധികം വിദ്യാർത്ഥികൾ

സംസ്ഥാനത്തുനിന്നും വിദേശ സർവ്വകലാശാലകളിലേയ്ക്ക് പോകുന്ന സ്ഥിതി വരാനിടയുണ്ട്. ഒരു വിദ്യാർത്ഥിക്ക് പ്രതിവർഷം ഏറ്റവും കുറഞ്ഞത് 20 ലക്ഷം രൂപയെങ്കിലും വിദ്യാഭ്യാസത്തിനായി വിദേശ സർവ്വകലാശാലകളിൽ ചെലവഴിക്കേണ്ടി വരുന്നുണ്ട്. ഇതുവഴി കോടിക്കണക്കിന് രൂപയാണ് നമ്മുടെ സമ്പദ്‌വ്യവസ്ഥയിൽനിന്നും കൈമാറ്റം ചെയ്യപ്പെടുന്നത്. ഈ വിദ്യാർത്ഥികൾ ആ രാജ്യത്തെ സ്ഥിര താമസക്കാരോ പൗരന്മാരോ ആയിത്തീരുന്നതുകൊണ്ട് മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽനിന്നും വരുന്നതുപോലെ കേരളത്തിലെ സമ്പദ്‌വ്യവസ്ഥയിലേയ്ക്ക് പണം തിരികെയെത്തുന്നുമില്ല. ഈ സ്ഥിതി തുടരുന്നത് സാമ്പത്തികമായി നാടിനെ തളർത്തും. ബുദ്ധിയും വൈദഗ്ദ്ധ്യവുമുള്ള ഒരു തലമുറ നാട് ഉപേക്ഷിക്കുന്നത് സംസ്ഥാനത്തിന്റെ പുരോഗതിയെ തടസ്സപ്പെടുത്തും. വിദ്യാഭ്യാസത്തിനായി പുറത്തേയ്ക്ക് പോകുന്ന വിദ്യാർത്ഥികളെ നിർബന്ധപൂർവ്വം ഇവിടെ തളച്ചിടണമെന്നല്ല, മറിച്ച് അവർക്ക് ഇവിടെ തുടരാനും അവർ ആഗ്രഹിക്കുന്ന വിദ്യാഭ്യാസം നൽകാനും ഈ നാടിന്റെ വികസനത്തിൽ പങ്കാളികളാകാനും അവസരമൊരുക്കുന്ന തരത്തിൽ നമ്മുടെ ഉന്നതവിദ്യാഭ്യാസ രംഗം ആകർഷണീയമാക്കുന്നതിനാവശ്യമായ അടിയന്തര നടപടികളും മറ്റ് പരിഹാരമാർഗ്ഗങ്ങളും സർക്കാർ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വിദ്യാർത്ഥികളുടെ കുടിയേറ്റം ഒരു ആഗോള പ്രതിഭാസമാണ്. ഇത് ആഗോളവൽക്കരണത്തിന്റെ കാലമാണ്. രാജ്യാതിർത്തികൾ അപ്രസക്തവും അസന്തുലിതവുമാകുന്ന കാലമാണ്. നമ്മുടെ പ്രകൃതി വിഭവങ്ങൾ എന്നതുപോലെ മാനവവിഭവശേഷിയും രാജ്യത്തിന്റേയും ഭൂഖണ്ഡങ്ങളുടേയും അതിർത്തിക്കപ്പുറത്തേയ്ക്ക് ഒഴുകാൻ പ്രേരിപ്പിക്കുന്നവയാണ് വികസിത മുതലാളിത്തത്തിന്റെ നവലിബറൽ നയങ്ങൾ. തുടർപഠനത്തിനും തൊഴിലിനുമായി വിദ്യാർത്ഥികൾ ഇന്ത്യയിൽനിന്ന് വിവിധ രാജ്യങ്ങളിലേയ്ക്ക് കുടിയേറാറുണ്ട്. ഇത് രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും പ്രകടമാണ്. ഇന്ത്യയിൽനിന്ന് വർഷങ്ങളായി വിദേശ രാജ്യങ്ങളിലേയ്ക്ക് വിദ്യാർത്ഥികൾ കുടിയേറുന്നതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പെർമനന്റ് റെസിഡൻസി, പോസ്റ്റ് ഗ്രാജുവേറ്റ് വർക്ക് പെർമിറ്റ് എന്നിവ നൽകുന്ന രാജ്യങ്ങളിലേയ്ക്കാണ് കൂടുതൽ വിദ്യാർത്ഥികളും കുടിയേറുന്നതെന്ന് ഈ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. കാനഡ, ആസ്ട്രേലിയ മുതലായ രാജ്യങ്ങളിൽ വേണ്ടത്ര മാനവ വിഭവശേഷി ഇല്ലാത്തതിനാലാണ് അവർ കുടിയേറ്റവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉദാരമാക്കിയിട്ടുള്ളത്. കാലാവസ്ഥയുടേയും ഭൂമിശാസ്ത്രത്തിന്റേയും പ്രതികൂല സാഹചര്യങ്ങൾ ഈ

നാട്ടുകൾക്ക് പ്രതിബന്ധങ്ങൾ സൃഷ്ടിക്കുമ്പോൾ അവിടെയുള്ള യുവജനങ്ങൾ കൂടുതൽ വികസിതമായ രാജ്യങ്ങളിലേയ്ക്ക് മൈഗ്രേറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള ഇടങ്ങളിലേയ്ക്കാണ് ഇന്ത്യൻ വിദ്യാർത്ഥികൾ എത്തിച്ചേരുന്നത്. അവിടെ അതിസാധാരണമായ തൊഴിലുകളാണ് പഠനവേളയിൽ വിദ്യാർത്ഥികൾ ചെയ്യുന്നത്. ഉദാഹരണത്തിന് ആസ്ട്രേലിയയിലെ വയോജനപരിപാലന രംഗത്താണ് വൻതോതിൽ ഇന്ത്യൻ വിദ്യാർത്ഥികൾ ജോലി ചെയ്യുന്നത്. കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ച കണക്കുപ്രകാരം 2022 നവംബർ വരെ 646206 വിദ്യാർത്ഥികൾ ഇന്ത്യയിൽനിന്നും ഉന്നതവിദ്യാഭ്യാസത്തിനായി വിദേശത്ത് പോയിട്ടുണ്ട്. റെഡ്സീർ എഡ്യൂക്കേഷൻ റിപ്പോർട്ടനുസരിച്ച് അത് 770000 ആണ്. ഇതിൽ 12 ശതമാനം ആന്ധ്രാപ്രദേശിൽനിന്നും 12 ശതമാനം പഞ്ചാബിൽനിന്നും 11 ശതമാനം മഹാരാഷ്ട്രയിൽനിന്നുമാണ്. ഓക്സ്ഫോർഡ് ഇന്റർനാഷണൽ എന്ന സ്ഥാപനം നടത്തിയ മറ്റൊരു പഠനവും ഇതേ കണക്ക് തന്നെയാണ് സൂചിപ്പിക്കുന്നത്. അതിൽ 4 ശതമാനം വിദ്യാർത്ഥികളാണ് കേരളത്തിൽനിന്നും വിദേശത്തേയ്ക്ക് പഠനത്തിനുപോയതായി കാണുന്നത്. 2016-ൽ 18428, 2017-ൽ 22093, 2018-ൽ 26456, 2019-ൽ 30948, 2020-ൽ 15277 എന്നിങ്ങനെയാണ്

കേരളത്തിൽനിന്നും വിദ്യാർത്ഥികളുടെ കുടിയേറ്റമുണ്ടായതായി റിപ്പോർട്ട് സൂചിപ്പിക്കുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ കുറഞ്ഞ കുടിയേറ്റം 2022-23-ൽ വർദ്ധിച്ചതായി കാണുന്നു. പെർമനന്റ് റെസിഡൻസി, പോസ്റ്റ് ഗ്രാജുവേറ്റ് വർക്ക് പെർമിറ്റ് തുടങ്ങിയവ നൽകുന്ന ആകർഷണത്തോടൊപ്പം കൂടുതൽ സ്വതന്ത്രമായ സാമൂഹിക അന്തരീക്ഷം ലഭ്യമാണെന്ന വിചാരവും വികസിത രാജ്യങ്ങളിലെ ജീവിത നിലവാരത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുകളും വിദ്യാഭ്യാസ വായ്പകളുടെ വർദ്ധിച്ച ലഭ്യതയുമാണ് ഈ കുടിയേറ്റത്തിന് കാരണമാകുന്നത്. എന്നാൽ അത് സർവ്വകലാശാലകളുടെ കാര്യക്ഷമതയില്ലായ്മയും പുതുതലമുറ കോഴ്സുകളുടെ അഭാവവും കൊണ്ടാണെന്ന് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വസ്തുതയ്ക്ക് ഒട്ടും നിരക്കുന്നതല്ല. കൂടുതൽ മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭിക്കുകയെന്നുള്ളത് ഏറ്റവുമൊടുവിൽ സൂചിപ്പിക്കപ്പെടുന്ന ഏകകം മാത്രമാണ്. 2019-ൽ 30948 വിദ്യാർത്ഥികൾ കേരളത്തിൽനിന്ന് വിദേശരാജ്യങ്ങളിലേയ്ക്ക് ഉപരിപഠനത്തിന് പോയിട്ടുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പുറത്തിറക്കിയ 11-ാം ആൾ ഇന്ത്യ ഹയർ എഡ്യൂക്കേഷൻ സർവ്വേ പ്രകാരം 5 വർഷംകൊണ്ട് കേരളത്തിൽ ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ 10

ശതമാനം വർദ്ധിച്ചിരിക്കുകയാണ്. കഴിഞ്ഞയാഴ്ച പുറത്തുവന്ന ഈ റിപ്പോർട്ട് ബഹുമാനപ്പെട്ട അംഗം പത്ര മാധ്യമങ്ങളിലൂടെ വായിച്ചിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. 2016-17-ൽ നമ്മുടെ ഗ്രോസ് എൻറോൾമെന്റ് റേഷ്യോ 32.4 ശതമാനവും 2017-18-ൽ 34 ശതമാനവും 2018-19-ൽ 34.5 ശതമാനവും 2019-20-ൽ 35.9 ശതമാനവും 2020-21-ൽ 43.2 ശതമാനവുമായിരുന്നു. അങ്ങനെ ക്രമമായ നിലയിൽത്തന്നെയാണ് അത് പോയിട്ടുള്ളത്. കഴിഞ്ഞ 5 വർഷം സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ചേർന്ന വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചിട്ടുണ്ടെന്നുള്ളത് സർവ്വേ റിപ്പോർട്ടിൽ കാണാൻ കഴിയും. 2016-17-ൽ 1033143, 2017-18-ൽ 1082917, 2018-19-ൽ 1095842, 2019-20-ൽ 1137853, 2020-21-ൽ 1364536 എന്നിങ്ങനെ വർദ്ധനവ് കാണിക്കുന്നുണ്ട്. കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് 3.3 ലക്ഷം കുട്ടികളാണ് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂടുതലായി പഠനത്തിന് എത്തിച്ചേർന്നിട്ടുള്ളത്. വിദേശത്തുപോയ 35000 കുട്ടികളുടെ കാര്യത്തിലാണ് ബഹുമാനപ്പെട്ട അംഗം ഉത്കണ്ഠ പ്രകടിപ്പിച്ചത്. ഇവിടെ പഠിക്കാൻ സൗകര്യം ലഭിച്ച 1364536 കുട്ടികൾക്ക് ഏറ്റവും മികച്ച വിദ്യാഭ്യാസ സാഹചര്യം ഒരുക്കിക്കൊടുക്കുന്നതിനായി ഗവൺമെന്റ് പരിശ്രമിക്കുകയാണ്. ആയിരം

കോടി രൂപയിൽകൂടുതൽ മൂല്യമുള്ള അടിസ്ഥാന സൗകര്യ വികസനമാണ് കഴിഞ്ഞ രണ്ട് വർഷംകൊണ്ട് ഉണ്ടായിട്ടുള്ളത്. കേരളത്തിൽ 2016-17 വർഷം 55007 അദ്ധ്യാപകർ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉണ്ടായിരുന്നെങ്കിൽ 2020-21-ൽ അത് 61080-ലേയ്ക്ക് ഉയർന്നു. അഞ്ച് വർഷംകൊണ്ട് 6073 അദ്ധ്യാപകരുടെ വർദ്ധനവുണ്ടായിട്ടുണ്ട്. സംസ്ഥാനത്തെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:16-ഉം ദേശീയ ശരാശരി 1:24-ഉം ആണ്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കോളേജുകളുള്ള 10 സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. കേരളത്തിൽ ഒരു ലക്ഷം വിദ്യാർത്ഥികൾക്ക് 50 കോളേജ് എന്ന അനുപാതത്തിൽ സ്ഥാപനങ്ങളുണ്ട്. എന്നാൽ ദേശീയ ശരാശരി ഒരു ലക്ഷം വിദ്യാർത്ഥികൾക്ക് 31 കോളേജ് എന്ന രീതിയിലാണ്. ഇതോടൊപ്പം ഉന്നതവിദ്യാഭ്യാസ രംഗത്ത് സമഗ്ര പരിഷ്കരണത്തിനായി നിയമിച്ച മൂന്ന് കമ്മീഷനുകളുടെയും റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിവരികയാണ്. അറിവിന്റെ ഉത്പാദനം, അറിവിനെ സമൂഹത്തിന് ഉപയോഗിക്കാൻ കഴിയുന്ന ഉത്പന്നങ്ങളാക്കുന്നതിനുള്ള ട്രാൻസ്‌ലേഷണൽ റിസർച്ച് ലാബുകൾ, ലഭ്യമാകുന്ന ആശയങ്ങളെ വ്യാവസായികാടിസ്ഥാനത്തിൽ പരിവർത്തിപ്പിക്കുന്ന ഇൻക്യുബേഷൻ കേന്ദ്രങ്ങൾ, ഉത്പാദനത്തിനായുള്ള സ്റ്റാർട്ടപ് കേന്ദ്രങ്ങൾ

തുടങ്ങിയവയൊക്കെ ചേർന്ന ഇന്നൊവേഷൻ ആൻഡ് ഇൻക്യുബേഷൻ എൻവയോൺമെന്റ് ഉയർത്തിക്കൊണ്ടുവന്ന് കേരളത്തെ ഇന്ത്യയിലെ ഏറ്റവും മികച്ച വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റിയെടുക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഇന്ന് സർക്കാർ പ്രവർത്തിക്കുന്നത്. പഠനത്തോടൊപ്പം ജോലി ചെയ്യാൻ കഴിയുന്ന Earn While You Learn, Connect Career to Campus, Industry on Campus എന്നീ പദ്ധതികൾ നല്ലരീതിയിൽ മുന്നോട്ടുപോകുകയാണ്. ഇതിന് സഹായകരമായ രീതിയിൽ പാഠ്യപദ്ധതിയും സമയക്രമവും ഉടൻ പരിഷ്കരിക്കും. ഇതെല്ലാമുൾപ്പെട്ട കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിംവർക്ക് തയ്യാറാക്കിവരികയാണ്. വിദേശരാജ്യങ്ങളിൽ പഠിക്കാൻ പോകുന്ന വിദ്യാർത്ഥികളെ നമുക്ക് തടയാൻ കഴിയില്ല. എന്നാൽ വിദേശരാജ്യങ്ങളിൽ ലഭിക്കുന്നുവെന്ന് കരുതപ്പെടുന്ന എല്ലാ സൗകര്യങ്ങളും ഇവിടെ ഒരുക്കിക്കൊടുക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതിനുള്ള പ്രവർത്തനങ്ങൾ അതിവേഗം നടന്നുവരുന്ന സ്ഥിതിയിൽ ബഹുമാനപ്പെട്ട അംഗം ഭയപ്പെടുന്നതരത്തിൽ ഒരു മസ്തിഷ്കചോർച്ച കേരളത്തിലുണ്ടാകില്ലെന്നാണ് പ്രതീക്ഷിക്കുന്നത്. ബ്രെയിൻ ഡ്രെയിൻ അല്ല, ബ്രെയിൻ ഗെയിൻ ആണ് നമ്മുടെ ലക്ഷ്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയ്ക്കകത്തും പുറത്തും പ്രഖ്യാപിച്ചിട്ടുള്ളതുപോലെ എത്രയുംവേഗം

ലോകോത്തര നിലവാരത്തിലുള്ള വിദ്യാഭ്യാസ സാഹചര്യങ്ങൾ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഉറപ്പാക്കിക്കൊണ്ട് നമ്മുടെ കുട്ടികളെയും പുറത്തുനിന്നുള്ള കുട്ടികളെയുമുൾപ്പെടെ ഇവിടേയ്ക്ക് ആകർഷിക്കാനുള്ള എല്ലാ സംവിധാനങ്ങളുമായി സർക്കാർ മുന്നോട്ട് പോയ്ക്കൊണ്ടിരിക്കുകയാണ്. കേരളത്തെ ഒരു ആഗോള വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റാനാണ് സർക്കാർ പരിശ്രമിക്കുന്നത്; അതിന് എല്ലാവരുടെയും സഹകരണം ആവശ്യമാണ്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇവിടെ ബ്രെയിൻ ഗെയിൻ അല്ല ബ്രെയിൻ ഡ്രെയിൻ തന്നെയാണ് നടക്കുന്നതെന്ന് ഇന്നത്തെ സാഹചര്യം കണ്ടാൽ എല്ലാവർക്കും മനസ്സിലാകുന്നതാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി അക്കാര്യം ഒന്നുകൂടി പരിശോധിക്കേണ്ടതാണ്. കാരണം ഇത് നമ്മുടെ മക്കളുടെ കാര്യമാണ്, ഭാവി തലമുറയുടെ കാര്യമാണ്, നമ്മൾ വിചാരിക്കുന്നതിനേക്കാളുമപ്പുറം വലിയ രീതിയിലേയ്ക്ക് അത് പോകുകയാണ്. ഉന്നതവിദ്യാഭ്യാസ കരിക്കുലം കമ്മിറ്റി സംസ്ഥാനത്തെ കോളേജുകളുടെ പ്രവർത്തന സമയം രാവിലെ 8.30 മുതൽ വൈകുന്നേരം 5 മണിവരെയാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; കുട്ടികളെ കൂടുതൽ സമയം കോളേജുകളിൽ തളച്ചിടുന്ന തലതിരിഞ്ഞ ഈ പരിഷ്കാരം

നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ അവർക്ക് പഠനത്തോടൊപ്പം ജോലി ചെയ്യാനും താൽപ്പര്യമുള്ള കാര്യങ്ങളിൽ ഇടപെടാനും കഴിയില്ലെന്ന വാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ തീരുമാനം പുനഃപരിശോധിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, പ്രവർത്തനസമയം വർദ്ധിപ്പിക്കുക എന്നുള്ളതുകൊണ്ട് ഉദ്ദേശിക്കുന്നത് ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയല്ല. ഇന്ന് ആഗോളതലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കലാലയങ്ങളും സർവ്വകലാശാലകളുമാണുള്ളത്. പ്രസ്തുത പശ്ചാത്തലത്തിൽ രാവിലെ 8 മണി മുതൽ വൈകുന്നേരം 8 മണിവരെ വിദ്യാർത്ഥികൾക്ക് ലബോറട്ടറികളും ലൈബ്രറികളും ഉപയോഗിക്കാനും ഇന്നൊവേഷൻ ആൻഡ് ഇൻക്യുബേഷൻ സെന്ററുകളിൽ പ്രവർത്തിക്കാനും Earn While You Learn പദ്ധതിയുടെ ഭാഗമായി പഠനത്തോടൊപ്പം ജോലിചെയ്യാനുമുള്ള സൗകര്യമുണ്ടാക്കണമെന്ന് കരുതിക്കൊണ്ടാണ് സമയത്തിന്റെ കാര്യത്തിൽ ഇത്തരത്തിലുള്ള ഫ്ലക്സിബിലിറ്റി നൽകിയിട്ടുള്ളത്. രാവിലെ 8 മണി മുതൽ വൈകുന്നേരം 8 മണിവരെ കോളേജിലെ വിവിധ സൗകര്യങ്ങൾ തുറന്നിരിക്കുന്നുവെന്ന് പറയുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആ സമയംമുഴുവനും പഠനസമയമാണെന്ന് കണക്കാക്കി കുട്ടികൾ ക്ലാസ് മുറികളിൽ

ഉണ്ടായിരിക്കണമെന്നല്ല. അക്കാദമികമായി ക്ലാസ് മുറികളിൽ വിനിമയം നടത്തേണ്ട സമയത്തെ സംബന്ധിച്ച് നേരത്തേയുള്ള തീരുമാനം തുടരുന്നതാണ്. സർഗ്ഗാത്മകവും അക്കാദമികവുമായ പഠനാന്തരീക്ഷം ഒരുക്കിക്കൊണ്ട് സെൽഫ് ലേണിംഗിനും എക്സ്പീരിയൻഷ്യൽ ലേണിംഗിനും പ്രാധാന്യം കൊടുക്കുകയാണ് ചെയ്യുന്നത്. പ്രായപൂർത്തിയായ കുട്ടികളാണ് കലാലയങ്ങളിലേയ്ക്ക് കടന്നുവരുന്നത്. അവർക്ക് സ്വയം പഠനത്തിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് ഇപ്രകാരം സമയം ദീർഘിപ്പിച്ചുനൽകുന്നത്. ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ സ്വകാര്യ കലാലയങ്ങൾ പുതുതലമുറ കോഴ്സുകൾക്ക് അനുമതി ലഭ്യമാക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ടെങ്കിൽ യഥാസമയംതന്നെ കൊടുത്തിട്ടുണ്ടെന്ന വിവരവും അറിയിക്കുകയാണ്.

**11.16 a.m**

## VII സബ്മിഷൻ

(1) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സംസ്ഥാനത്തെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സ്ഥിതി വളരെ പരിതാപകരമാണ്. 'സമഗ്ര ശിക്ഷ കേരള' പദ്ധതിയിൽ കരാറടിസ്ഥാനത്തിൽ നിയമിതരായ

കലാ-കായിക-പ്രവൃത്തിപരിചയ അദ്ധ്യാപകരുടെ (സ്പെഷ്യലിസ്റ്റ് ടീച്ചേഴ്സ്) വെട്ടിക്കുറച്ച ഓണറേറിയം പുനഃസ്ഥാപിക്കുന്നതിനും സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും സർക്കാർ ഇടപെടണമെന്നാണ് എന്റെ അഭ്യർത്ഥന. 2016-ൽ ജോലിയിൽ പ്രവേശിച്ച ഇവർക്ക് 2017-വരെ പ്രതിമാസം 25,200/- രൂപ ഓണറേറിയം ലഭിച്ചിരുന്നു. പിന്നീട് കേന്ദ്രഫണ്ട് വെട്ടിക്കുറച്ചതിനെത്തുടർന്ന് സംസ്ഥാന സർക്കാർ വിഹിതമടക്കം 2021 വരെ 14,000/- രൂപ നൽകിയിരുന്നു. എന്നാൽ 25-07-2022-ലെ നിർദ്ദേശപ്രകാരം സംസ്ഥാന വിഹിതം മുഴുവനായും വെട്ടിക്കുറച്ച് കേന്ദ്രവിഹിതം മാത്രമായ 10,000/- രൂപയാണ് ഇപ്പോൾ നൽകുന്നത്. നമ്മുടെ സ്കൂൾ പാഠ്യപദ്ധതിയിൽ കലാ-കായിക-പ്രവൃത്തിപരിചയ പഠനം ഒഴിച്ചുകൂടാനാകാത്തതാണ്; വ്യക്തിത്വ വികാസത്തിന് ഇത് അനിവാര്യമാണ്. അതുകൊണ്ട് അതത് കാലത്തെ ജീവിതനിലവാരത്തിനനുസരിച്ചുള്ള തുക വേതനമായി ഈ അദ്ധ്യാപകർക്ക് നൽകേണ്ടതുണ്ട്. എസ്.എസ്.എ. (സർവ്വ ശിക്ഷാ അഭിയാൻ)-യുടെ കീഴിലുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് കേന്ദ്രവിഹിതമായി ലഭിക്കുന്ന വേതനത്തിന് തുല്യമായ തുക സംസ്ഥാന സർക്കാരും അനുവദിക്കണമെന്ന് സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ ഒരു ഉത്തരവ് നിലവിലുണ്ട്. സമഗ്ര

ശിക്ഷ കേരളയിൽ പ്രവർത്തിക്കുന്ന ഓഫീസ് അറ്റൻഡന്റിന് മാസം 15,000/- രൂപ ശമ്പളം ലഭ്യമാകുന്നുണ്ട്, അതേസമയം സ്പെഷ്യലിസ്റ്റ് ടീച്ചറുടെ ശമ്പളം 10,000/- രൂപ മാത്രമാണ്. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഗവൺമെന്റിന്റെ വിഹിതത്തോടൊപ്പം സംസ്ഥാന ഗവൺമെന്റിന്റെ വിഹിതംകൂടി ചേർത്താണ് ഓണറേറിയം നൽകേണ്ടത്. എന്നാൽ മിനിമം കൂലിപോലും പ്രസ്തുത അദ്ധ്യാപകർക്ക് ലഭ്യമാകാത്ത സ്ഥിതിയാണുള്ളത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അവരുടെ പരിതാപകരമായ അവസ്ഥയെക്കുറിച്ചെല്ലാം അറിയാവുന്നതാണ്. 2023 ജനുവരി 18 മുതൽ അവർ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ ഓഫീസിനുമുമ്പിൽ സമരം നടത്തുകയാണ്. യാതൊരു നിവൃത്തിയുമില്ലാത്തതിനാലാണ് അവർ സമരം ആരംഭിച്ചത്. കേരളംപോലുള്ള ഒരു സംസ്ഥാനത്ത് ഇത്തരം കാര്യങ്ങൾ നടക്കുന്നത് അഭിമാനിക്കാവുന്നതല്ലെന്ന് പ്രത്യേകം പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ നിലവിലെ അവസ്ഥയിൽ മാറ്റമുണ്ടാക്കുന്നതിനായി അവരുടെ വെട്ടിക്കുറച്ച ഓണറേറിയം അടിയന്തരമായി പുനഃസ്ഥാപിച്ച് കുടിശ്ശിക ഉൾപ്പെടെ വിതരണം ചെയ്യണമെന്നും തുല്യ ജോലിക്ക് തുല്യവേതനം ഉറപ്പാക്കുന്ന രീതിയിൽ

ഇവരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വളരെ ഗൗരവമുള്ള വിഷയമാണ് സഭയിൽ ഉന്നയിച്ചത്. വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരവും സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് അനുസൃതമായും 100 കുട്ടികളിൽ കൂടുതലുള്ള യു.പി. സ്കൂളുകളിലേയ്ക്കും 150 കുട്ടികളിൽ കൂടുതലുള്ള എൽ.പി. സ്കൂളുകളിലേയ്ക്കും കല (സംഗീതം, ചിത്രകല), കായികം, പ്രവൃത്തിപരിചയം എന്നീ മൂന്ന് വിഷയങ്ങളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ (838x3=2514) കരാർ അടിസ്ഥാനത്തിൽ കൺസോളിഡേറ്റഡ് ശമ്പളം 25,200/- രൂപ പ്രതിമാസം നൽകിക്കൊണ്ട് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും കേരള എഡ്യൂക്കേഷൻ റൂളിലെ യോഗ്യത മാനദണ്ഡങ്ങൾക്കും അനുസൃതമായി നിയമിക്കുവാൻ സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തി 05-10-2016-ൽ ഉത്തരവായിരുന്നു. എന്നാൽ 2018-ൽ അതുവരെ നിലവിലുണ്ടായിരുന്ന സർവ്വ ശിക്ഷാ അഭിയാൻ, രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ എന്നീ പ്രോജക്ടുകൾ സംയോജിപ്പിച്ച് സമഗ്ര ശിക്ഷ കേരള എന്ന പുതിയ പ്രോജക്ട് നിലവിൽ

വന്നു. പ്രസ്തുത പ്രോജക്ടിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ വേതനം 7,000/- രൂപയാക്കി കുറച്ചു. 16-08-2018-ലെ ഉത്തരവുപ്രകാരം സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിയിൽ കരാർ വ്യവസ്ഥയിൽ പ്രവർത്തിച്ചുവരുന്ന മുഴുവൻ കലാ-കായിക-പ്രവൃത്തിപരിചയ അദ്ധ്യാപകരെയും സമഗ്ര ശിക്ഷ കേരളയിൽ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശാനുസരണം കരാർ വ്യവസ്ഥയിൽ 2018-2019 വർഷത്തേയ്ക്ക് നിയമനം നൽകുന്നതിനും ഇവർക്ക് കേന്ദ്ര മാനവ വിഭവശേഷി വികസനമന്ത്രാലയം നിശ്ചയിച്ചിട്ടുള്ള പ്രതിമാസ വേതനമായ 7,000/- രൂപയ്ക്ക് പുറമേ സർക്കാർ അനുവദിക്കുന്ന 7,000/- രൂപയും ചേർത്ത് പ്രതിമാസം 14,000/- രൂപ വേതനം നൽകി പാർട്ട് ടൈം അദ്ധ്യാപകരായി നിയമിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഇതേ നിരക്കിൽ 2019-2020 വർഷവും നൽകുന്നതിന് 04-09-2019-ലെ ഉത്തരവുപ്രകാരവും അനുമതി നൽകി. 2020-21 വർഷത്തേയ്ക്ക് പ്രതിമാസം 14,000/- രൂപ നിരക്കിൽ ശമ്പളം നൽകി നിയമിക്കുന്നതിന് 13-08-2020-ലെ ഉത്തവുപ്രകാരവും 2021-22 വർഷത്തേയ്ക്ക് 2685 അദ്ധ്യാപകരെ മുൻവർഷത്തെ പോലെ പ്രതിമാസം 14,000/- രൂപ ശമ്പളത്തോടുകൂടി നിയമിക്കുന്നതിന് 01-10-2020-ലെ ഉത്തരവുപ്രകാരവും അനുമതി നൽകിയിരുന്നു. 2021-22

സാമ്പത്തിക വർഷത്തെ Annual Work Plan and Budget (AWP&B) പ്രകാരം Salary of Teachers എന്ന ഒറ്റ മേജർ ശീർഷകത്തിലാണ് Total Financial Support for Salary of Teachers (Elementary, HM/Teachers) വകയിരുത്തിയിട്ടുള്ളത്. 2022-23 വർഷം ഈ മേജർ ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ആകെ തുക 17.150 കോടി രൂപ മാത്രമാണ്. മിനിസ്ട്രി ഓഫ് എഡ്യൂക്കേഷൻ വകയിരുത്തിയിട്ടുള്ള തുക ഉപയോഗിച്ച് 2022-23 വർഷം ജോലി ചെയ്തുവരുന്ന 1381 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർക്ക് പ്രതിമാസം 10,000/- രൂപ നിരക്കിൽ വേതനം നൽകി പാർട്ട് ടൈം വ്യവസ്ഥയിൽ ജോലി ചെയ്യുന്നതിന് കരാർ അടിസ്ഥാനത്തിൽ നിയമിച്ചു. നിലവിൽ ജോലി ചെയ്യുന്ന 1319 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ ആഴ്ചയിൽ മൂന്ന് പ്രവൃത്തി ദിവസം സ്കൂളിലും മാസത്തിൽ ഒരു ദിവസം ബി.ആർ.സി. (ബ്ലോക്ക് റിസോഴ്സ് സെന്റർ)-യിലും ഹാജരാകുന്നുണ്ട്. അദ്ധ്യാപകരുടെ ശമ്പളം സംബന്ധിച്ച കേന്ദ്ര സമഗ്ര ശിക്ഷയുടെ സാമ്പത്തിക വ്യവസ്ഥകൾ ഇപ്രകാരമാണ്. അദ്ധ്യാപകരുടെ ശമ്പള ഇനത്തിൽ ലഭ്യമാക്കുന്ന തുക അവരുടെ എണ്ണത്തിന് ആനുപാതികമായിട്ടായിരിക്കില്ല, പകരം ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ മൊത്തം തുകയായിരിക്കും നൽകുന്നത്.

2021-22: 2019-20/2020-21-ലെ ചെലവിന്റെ 100% കേന്ദ്രവിഹിതം

2022-23: 2019-20/2020-21-ലെ ചെലവിന്റെ 95% കേന്ദ്രവിഹിതം

2023-24: 2019-20/2020-21-ലെ ചെലവിന്റെ 90% കേന്ദ്രവിഹിതം

2024-25: 2019-20/2020-21-ലെ ചെലവിന്റെ 85% കേന്ദ്രവിഹിതം

2025-26: 2019-20/2020-21 -ലെ ചെലവിന്റെ 75% കേന്ദ്രവിഹിതം

2021-22-ലെ അതേ ശതമാനം ഒഴിവുകൾ നിലനിർത്തുന്ന സംസ്ഥാനങ്ങൾ/കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവയ്ക്ക് മേൽപ്പറഞ്ഞ രീതിയിലായിരിക്കും ഗ്രാന്റ് അനുവദിക്കുന്നത്. ഒഴിവുകളുടെ ശതമാനം കൂടുന്ന സാഹചര്യത്തിൽ അനുവദിക്കുന്ന ഗ്രാന്റിൽ ആനുപാതികമായ കുറവ് വരുത്തുന്നതാണ്. ഈ വ്യവസ്ഥകൾ പ്രകാരം വരുംവർഷങ്ങളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പളയിനത്തിൽ 5 ശതമാനം വീതം കുറവ് വരും. മേൽപ്പറഞ്ഞ സാഹചര്യത്തിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽനിന്ന് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ ശമ്പളയിനത്തിൽ അനുവദിക്കുന്ന തുകയുടെ 5% 2024-25-ലും 10% 2025-2026-ലും കുറയും. സമഗ്ര ശിക്ഷ കേരളം ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതുകൊണ്ടും മറ്റ് ഫണ്ടുകൾ ലഭ്യമല്ലാത്തതുകൊണ്ടും കേന്ദ്രത്തിൽനിന്നും അനുവദിക്കുന്ന തുകയിൽ കൂടുതൽ തുക ഒരു ഇനത്തിലും അനുവദിക്കാൻ നിർവ്വാഹമില്ലാത്ത അവസ്ഥയാണുള്ളത്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചിട്ടുള്ളതുപോലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ കാര്യം വളരെ കഷ്ടമാണ്; അതിൽ നമുക്കെല്ലാം അനുകമ്പയുള്ളതാണ്. ഞാൻ ഒരു പ്രാവശ്യം അവരുടെ പ്രധാനപ്പെട്ട സംഘടനാ നേതാക്കളുടെ യോഗം വിളിച്ചു ചേർത്തിരുന്നു. ഇപ്പോൾ അവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന വേതനം 10,000/- രൂപയാണ്. എസ്.എസ്.കെ.-യുടെ വേറെയേതെങ്കിലും ഫണ്ടുകൂടി അഡ്ജസ്റ്റ് ചെയ്ത് 2,000/- രൂപകൂടി കൂട്ടിക്കൊടുക്കാമെന്ന് പറഞ്ഞിരുന്നു. മൂന്ന് ദിവസം അവർ പാർട്ട് ടൈമായും ഒരു ദിവസം ബി.ആർ.സി.-യിലും ജോലി ചെയ്യുന്നതിനാണ് 12,000/- രൂപ നൽകുന്നത്. അങ്ങ് ഇത്രയും ഗൗരവത്തോടുകൂടി ഈ വിഷയം അവതരിപ്പിച്ചതുകൊണ്ട് ഞാൻ അവരുടെ യോഗം ഒന്നുകൂടി വിളിച്ചുചേർക്കാം. ഏതെങ്കിലും നിലയിൽ കുറച്ച് വർദ്ധനവുകൂടി അവർക്ക് നൽകിക്കൊണ്ട് പ്രശ്നം പരിഹരിക്കാൻ ശ്രമിക്കാം.

## (2) കരിച്ചാൽക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. എ. സി. മൊയ്തീൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കാട്ടകാമ്പാൽ പഞ്ചായത്തിനെയും ഗുരുവായൂർ നിയോജകമണ്ഡലത്തിലെ വടക്കേക്കാട് പഞ്ചായത്തിനെയും ബന്ധിപ്പിക്കുന്നതും പൊന്നാനി കോൾ മേഖലയിലുള്ള പ്രദേശവുമായ കരിച്ചാൽക്കടവിൽ ഒരു ചെക്ക് ഡാം-കം-

ബ്രിഡ്ജ് നിർമ്മിക്കുന്നതിന് 2018-ൽ എഗ്രിമെന്റുവച്ച് നാല് വർഷം കഴിഞ്ഞിട്ടും 30 ശതമാനം പ്രവൃത്തി മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയുടെ ഭാഗമായി നിലവിലുണ്ടായിരുന്ന ഗതാഗത സംവിധാനംപോലും നാല് വർഷക്കാലമായി തടസ്സപ്പെട്ടിരിക്കുകയാണ്. കരാറുകാരന്റെ നിരുത്തരവാദപരമായ സമീപനത്തിന്റെ ഭാഗമായാണ് ഈ രണ്ട് പ്രദേശത്തുള്ള ജനങ്ങളെയും കൃഷിക്കാരെയും ദുരിതത്തിലാക്കുന്ന സ്ഥിതിവിശേഷമുണ്ടായത്. ഇതിന്റെ പരിശോധന നിരവധി പ്രാവശ്യം നടന്നിട്ടുണ്ട്. ഒരു വർഷംമുമ്പ് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിലും പരിശോധന നടത്തി സമയബന്ധിതമായി ഈ സീസണിൽ പണി പൂർത്തീകരിക്കണമെന്ന് തീരുമാനിച്ചതാണ്. കരാർ കമ്പനിക്ക് നാല് പ്രാവശ്യം കാലാവധി നീട്ടി നൽകിയതുപ്രകാരം 2023 ജനുവരി 31-ാം തീയതിയാണ് കാലാവധി അവസാനിക്കുന്നത്. മൂവാറ്റുപുഴയിലെ സതേൺ ടെക് എന്നൊരു കമ്പനിയാണ് കരാർ ഏറ്റെടുത്തിട്ടുള്ളത്. കരാറുകാരൻ പ്രവൃത്തി ചെയ്യാത്തതിനാൽ നഷ്ടോത്തരവാദിത്വത്തിന്റെ ഭാഗമായി ടെർമിനേറ്റ് ചെയ്തിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കോൾ മേഖലയിലാണ് പണി നടക്കേണ്ടത് എന്നുള്ളതുകൊണ്ട്, ഈ സീസണിലും ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ പ്രവൃത്തി ഏറ്റെടുത്തിട്ട് അഞ്ച് വർഷം

പിന്നിടും. പ്രസ്തുത കരാറുകാരനെ വച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയാത്തതുകൊണ്ടാണ് അദ്ദേഹത്തെ ടെർമിനേറ്റ് ചെയ്തത്. അതുകൊണ്ട് അടിയന്തരമായി ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി എത്രയുംവേഗം തുടരണം. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ കാണിച്ചിട്ടുള്ള വീഴ്ചയും പരിശോധിക്കപ്പെടണമെന്ന അഭിപ്രായം എനിക്കുണ്ട്. നാട്ടുകാരേയും പൊന്നാനി മേഖലയിലുള്ള ജനങ്ങളേയും രക്ഷിക്കാനായി 30 ശതമാനം പ്രവൃത്തി പൂർത്തീകരിച്ച പദ്ധതിയുടെ പൂർത്തീകരണം അനിവാര്യമാണ്. കരാറുകാരൻ കേരളത്തിൽ നിരവധി വർക്കുകൾ ഏറ്റെടുത്തിട്ടുള്ളയാളാണ്. ഇതുപോലെ പല പ്രശ്നങ്ങളും അദ്ദേഹത്തിന് ഉണ്ടായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന്റെ ഭാഗമായുള്ള നിയമ നടപടികളുണ്ടാകണം. അയാളെ കരിമ്പട്ടികയിൽപ്പെടുത്താനുള്ള നടപടികളുൾപ്പെടെ സ്വീകരിക്കണം. ഈ പദ്ധതി എത്രയും വേഗം പൂർത്തീകരിക്കാനുള്ള ടെണ്ടർ നടപടികളിലേയ്ക്ക് കടക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. കരിച്ചാൽക്കടവ് ചെക്ക് ഡാമിന് 950 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി കരാറുകാരൻ ഏറ്റെടുത്തിട്ട് 4 വർഷം കഴിയുകയാണ്. 18

മാസക്കാലാവധിയോടുകൂടിയാണ് പ്രവൃത്തിസ്ഥലം കാരാറുകാരന് കൈമാറ്റം ചെയ്തത്. എന്നാൽ അവിടെ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചില്ലെന്ന് മാത്രമല്ല, ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാകുകയും ചെയ്തു. അതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. പ്രവൃത്തി നടക്കുമെന്ന ഉദ്ദേശ്യശുദ്ധിയോടുകൂടി തന്നെയാണ് ഓരോ ഘട്ടത്തിലും കാലാവധി നീട്ടിക്കൊടുത്തത്. എന്നാൽ ഇക്കാലമത്രയും 30 ശതമാനത്തിലേറെ പണി പുരോഗമിച്ചിട്ടുമില്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാജനും ബഹുമാനപ്പെട്ട എം.എൽ.എ.-യും ഉൾപ്പെടെ ചമ്രവട്ടം പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ചയുടെ ഭാഗമായും കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് എം.എൽ.എ. പറഞ്ഞതനുസരിച്ച് വിളിച്ചുചേർത്ത യോഗത്തിലും ഇതുസംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി. നിർമ്മാണ പ്രവൃത്തി അവശേഷിച്ചിരിക്കുന്നതും എന്നാൽ കാലാവധി പൂർത്തീകരിച്ചിരിക്കുന്നതുമായ ഈ ഘട്ടത്തിൽ കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ കരാർ ഉടമ്പടിയിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്. തുടർനടപടികൾ പുനഃക്രമീകരിക്കുന്നതിന് കാലതാമസമുണ്ടാകരുതെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ടത്. ഇതിന്റെ ഗൗരവം പൂർണ്ണമായും ഉൾക്കൊണ്ട് കാലതാമസമുണ്ടാകാതിരിക്കാൻ പ്രത്യേകം

ശ്രദ്ധിക്കുകയും ആവശ്യമാണെങ്കിൽ ഒരു പ്രത്യേക ഉദ്യോഗസ്ഥനെത്തന്നെ ചുമതലപ്പെടുത്തി പ്രവൃത്തി മോണിറ്റർ ചെയ്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുന്നതുമായിരിക്കും.

(3) ബേക്കൽ ടൂറിസം റിസോർട്ട് സൈറ്റുകളിലെ നിർമ്മാണ പ്രവൃത്തികൾ

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാസർഗോഡ് ജില്ലയിലെ ബേക്കൽ കോട്ട അന്താരാഷ്ട്ര വിനോദസഞ്ചാര ഭൂപടത്തിൽ സ്ഥാനം നേടിയൊരു ടൂറിസ്റ്റ് കേന്ദ്രമാണ്. വർദ്ധിച്ചുവരുന്ന വിനോദസഞ്ചാരികൾക്കാവശ്യമായ സൗകര്യമൊരുക്കുന്നതിനുവേണ്ടിയാണ് ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (ബി.ആർ.ഡി.സി.) രൂപീകരിച്ചത്. ഇതിനായി ബേക്കൽ പരിസരത്ത് ബി.ആർ.ഡി.സി. വലിയതോതിൽ ഭൂമി അക്വയർ ചെയ്യുകയും സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും റിസോർട്ട് സൈറ്റുകൾ ദീർഘകാലത്തേയ്ക്ക് പാട്ടത്തിന് നൽകുകയും ചെയ്തു. ലളിത്, താജ് എന്നീ രണ്ട് കമ്പനികൾ മാത്രമാണ് റിസോർട്ടുകൾ പൂർത്തിയാക്കി ടൂറിസ്റ്റുകൾക്ക് നൽകിയത്. ബാക്കി സൈറ്റുകൾ ലീസിനെടുത്ത നിർമ്മാണ കമ്പനികൾ പദ്ധതി പാതിവഴി ഉപേക്ഷിച്ചിരിക്കുകയാണ്. സർക്കാർ കോടിക്കണക്കിന് രൂപ മുടക്കിയ ഈ മനോഹരമായ സൈറ്റുകളിലെ റിസോർട്ട് നിർമ്മാണം പകുതിവഴിയിൽ

ഉപേക്ഷിച്ചതിനാൽ നാല് സൈറ്റുകൾ അനാഥമായിരിക്കുകയാണ്. മാത്രമല്ല, ബി.ആർ.ഡി.സി.-ക്ക് ലഭിക്കേണ്ട പാട്ടത്തുകയും ലഭിക്കുന്നില്ല. ഇങ്ങനെ നിരുത്തരവാദപരമായ നിലപാടെടുത്ത കമ്പനികളെയും സ്ഥാപനങ്ങളെയും ടെർമിനേറ്റ് ചെയ്യുകയും ലീസ് ക്യാൻസൽ ചെയ്ത് ഭൂമി ഏറ്റെടുക്കുകയും പാട്ട കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുകയും വേണം. ഈ സൈറ്റുകൾ പുനർലേലം ചെയ്ത് പുതിയ റിസോർട്ടുകൾ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. കഴിഞ്ഞ മാസം 'ബേക്കൽ ഇന്റർനാഷണൽ ഫെസ്റ്റ്' എന്നപേരിൽ വലിയൊരു ഉത്സവം സംഘടിപ്പിച്ചപ്പോൾ ലക്ഷക്കണക്കിനാളുകളാണ് പങ്കെടുത്തത്. വലിയ തോതിൽ ജനങ്ങളെ ആകർഷിക്കുന്ന കേന്ദ്രമാണ് ബേക്കൽ എന്നതാണ് ഇതിൽനിന്നും മനസ്സിലാകുന്നത്. അവിടെ സ്വദേശികളും വിദേശികളുമായ ധാരാളം ആളുകൾ വരുന്നുണ്ട്. ബി.ആർ.ഡി.സി.-യുടെ അനാഥമായി കിടക്കുന്ന റിസോർട്ടുകൾ തിരിച്ചുപിടിച്ച് പുതിയ ഏജൻസികളെ ഏൽപ്പിക്കുന്നതിനും ബി.ആർ.ഡി.സി.-യെ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, രാജ്യാന്തര തലത്തിൽ ശ്രദ്ധേയമായ ടൂറിസം

ഡെസ്റ്റിനേഷനാണ് ബേക്കൽ. ബേക്കലിന്റെ ടൂറിസം സാദ്ധ്യതകളെ പ്രയോജനപ്പെടുത്താൻ സമഗ്രമായ വികസനം ലക്ഷ്യമിട്ടാണ് ബി.ആർ.ഡി.സി.-ക്ക് തുടക്കമിട്ടത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബേക്കലിലെ പ്രവർത്തനങ്ങൾ സമഗ്രമായി വിലയിരുത്തിയിരുന്നു. ബേക്കലിൽ പാട്ടക്കരാർ വ്യവസ്ഥയിൽ റിസോർട്ട് നിർമ്മാണത്തിന് നൽകിയ ആറ് റിസോർട്ടുകളിൽ രണ്ട് റിസോർട്ടുകളുടെ നിർമ്മാണമാണ് പൂർത്തീകരിച്ചത്. ബാക്കിയുള്ളവയുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സൈറ്റ് നാലിലെ റിസോർട്ട് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. 149 മുറികളോടുകൂടിയ പ്രസ്തുത റിസോർട്ട് ഒരു വർഷത്തിനകം പൂർത്തിയാക്കാനുള്ള ഇടപെടൽ നടത്തിവരുന്നു. പണി പൂർത്തിയാകാതെ കിടക്കുന്ന രണ്ട് റിസോർട്ട് സൈറ്റുകളിൽ നിയമപരമായ നടപടി പുരോഗമിക്കുകയാണ്. അത് പൂർത്തിയായാലുടൻ മറ്റ് സംരംഭകർക്ക് കൈമാറാനാണ് ലക്ഷ്യമിടുന്നത്. കൊളവയലിലെ സൈറ്റ് ഒന്നിൽ പാരിസ്ഥിതികമായ പ്രത്യേകത കാരണം നിർമ്മാണപ്രവർത്തനങ്ങൾക്ക് പരിമിതിയുണ്ട്. ഈ സ്ഥലത്ത് ബേക്കൽ ടൂറിസ്റ്റ് വില്ലേജ് പദ്ധതി നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. 'അനുഭവവേദ്യ' ടൂറിസത്തിന് പ്രാധാന്യം

നൽകിക്കൊണ്ടാണ് ഈ പദ്ധതി ആവിഷ്കരിക്കുന്നത്. ഇതിനുപുറമേ പള്ളിക്കര ബീച്ച് പാർക്കിൽ കെ.ടി.ഡി.സി.-ക്ക് പാട്ടത്തിന് നൽകിയ 4.5 ഏക്കർ സ്ഥലത്ത് കോട്ടേജുകൾ നിർമ്മിച്ചെങ്കിലും ഉപയോഗപ്രദമായിട്ടില്ല. പ്രസ്തുത പ്രോജക്ട് പുനരാരംഭിക്കാനുള്ള നടപടികൾ കെ.ടി.ഡി.സി. സ്വീകരിച്ചിട്ടുണ്ട്. നിലവിൽ 5 ശതമാനത്തോളം വിദേശ വിനോദ സഞ്ചാരികളാണ് വടക്കൻ കേരളത്തിൽ സന്ദർശനം നടത്തുന്നത്. ഇതിന്റെ പ്രധാന പരിമിതി മികച്ച താമസ സൗകര്യങ്ങളുടെ കുറവാണ്. ആ പരിമിതി മറികടക്കാനാണ് ടൂറിസം വകുപ്പ് ഇപ്പോൾ ശ്രമിക്കുന്നത്. കൂടുതൽ ഹോട്ടലുകളുടെയും റിസോർട്ടുകളുടെയും നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ബേക്കലിലെ റിസോർട്ട് നിർമ്മാണത്തെയും ഈ പ്രാധാന്യത്തോടെയാണ് കാണുന്നത്. കേരളത്തിലെത്തുന്ന 100 വിനോദസഞ്ചാരികളിൽ 6 പേരാണ് മലബാറിലേയ്ക്ക് വരുന്നത്. ഇപ്പോൾ പി.ഡബ്ല്യു.ഡി. റെസ്റ്റ്ഹൗസുകൾ ഓൺലൈനായി ബുക്ക് ചെയ്ത് താമസിക്കാൻ കഴിയുന്നത് സഞ്ചാരികൾക്ക് കുറെയേറെ സൗകര്യപ്രദമായിട്ടുണ്ട്. ഹോം സ്റ്റേ പോലെയുള്ള മറ്റ് സാദ്ധ്യതകളും ഫലപ്രദമായി ഉപയോഗപ്പെടുത്താനാണ് ശ്രമിക്കുന്നത്. ബേക്കലിനെ പ്രധാന കേന്ദ്രമായാണ് ടൂറിസം വകുപ്പ് കാണുന്നത്; അതിന്റെ ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നത്.

(4) നിലമ്പൂരിലെ വന്യമൃഗ ശല്യം

ശ്രീ. പി. വി. അൻവർ: സർ, ഭാഗ്യവശാലോ നിർഭാഗ്യവശാലോ വന്യമൃഗ ശല്യംകൊണ്ട് പൊറുതിമുട്ടിയതും ആത്മഹത്യയുടെ വക്കിലെത്തിയതുമായ ഒരു ജനതയുടെ എം.എൽ.എ. ആകാൻ വിധിക്കപ്പെട്ടവനാണ് ഞാൻ. മലപ്പുറം ജില്ലയിലെ നിലമ്പൂർ നിയോജകമണ്ഡലത്തിലെ അടിയന്തര പ്രധാന്യമുള്ള ഒരു വിഷയത്തിന് പരിഹാരം കാണുന്നതിലേയ്ക്കാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. 2019-20, 2022-23 എന്നീ വർഷങ്ങളിലെ സംസ്ഥാന ബഡ്ജറ്റിൽ നിലമ്പൂർ നിയോജകമണ്ഡലത്തിലെ വനാതിർത്തികളിൽ വന്യമൃഗ ശല്യം തടയുന്നതിന് കരിങ്കൽ മതിൽ, ട്രഞ്ച് നിർമ്മാണം, റെയിൽ ഫെൻസിംഗ് തുടങ്ങിയവ സ്ഥാപിക്കുന്നതിന് 10 കോടി രൂപ മതിപ്പ് തുക കണക്കാക്കിയിരുന്നു. ഈ സാമ്പത്തികവർഷത്തിൽ എന്റെ നിയോജകമണ്ഡലത്തിലേയ്ക്ക് 20 ശതമാനം തുക വകയിരുത്തിയ ഏക പ്രവൃത്തിയാണ് ഈ പദ്ധതി. ഈ വിഷയത്തിൽ ഭരണാനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നിരവധി തവണ നിലമ്പൂർ നോർത്ത് ഡി.എഫ്.ഒ. (ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ)-യ്ക്ക് കത്തുകൾ നൽകിയിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിക്ക് ലഭ്യമായ രണ്ടുകോടി രൂപയാണ്

2019-20 വർഷത്തിൽ ലാപ്സാക്കിയത്. 2022-23 വർഷത്തിലെ ബഡ്ജറ്റിൽ വീണ്ടും തുക അനുവദിച്ചിട്ടും ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി സർക്കാരിൽനിന്ന് തുക ലഭ്യമാക്കാനുള്ള ഒരു ശ്രമവും ഈ ഡി.എഫ്.ഒ. നടത്തുന്നില്ല. ആക്ഷൻ പ്ലാനിലുൾപ്പെട്ടിട്ടില്ലെന്നാണ് അതിന് കാരണമായി പറയുന്നത്. ബഡ്ജറ്റിലുൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആ പണം വാങ്ങി പ്രവൃത്തി ചെയ്യാനുള്ള താൽപ്പര്യം എല്ലാ വകുപ്പുകളും കാണിക്കുന്നുണ്ട്. പക്ഷേ രൂക്ഷമായ വന്യമൃഗ ശല്യമുള്ള ഈ മണ്ഡലത്തിൽ സർക്കാർ തുക അനുവദിച്ചിട്ടുപോലും ഒരു ആക്ഷൻ പ്ലാൻ നൽകാൻ തയ്യാറാകാത്ത ഡി.എഫ്.ഒ. ആണ് നിലമ്പൂർ നോർത്തിലുള്ളത്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രി നേരിട്ടിടപെടേണ്ടതാണ്. ഇതുസംബന്ധിച്ച് പല പ്രാവശ്യം കത്ത് നൽകിയിട്ടുള്ളതാണ്. 100 കണക്കിന് ഹെക്ടർ ഭൂമിയാണ് നിലമ്പൂരിന്റെ പല ഭാഗത്തുമുള്ളത്. നിലമ്പൂർ അങ്ങാടിയിൽ ആന ഇറങ്ങുന്നതിനാൽ രാത്രി 7 മണി കഴിഞ്ഞാൽ മനുഷ്യർക്ക് പുറത്തിറങ്ങാൻ കഴിയില്ല. പന്നികളുടെ ശല്യം കാരണവും രാത്രി 7 മണിയോടുകൂടി ഗ്രാമങ്ങളിലെ കടകൾ അടയ്ക്കുകയാണ്. അത്രമാത്രം പന്നികൾ പെരുകുകയാണ്; അതോടൊപ്പം കുരങ്ങുകളുടെയും കടുവകളുടെയും ശല്യവുമുണ്ട്. അത് തടയുന്നതിന് ഫെൻസിംഗ് സ്ഥാപിക്കാനായി

ഗവൺമെന്റിൽ ശക്തമായ ഇടപെടൽ നടത്തി ലഭിച്ച പണംപോലും കഴിഞ്ഞ മൂന്നുവർഷമായി ഉപയോഗിക്കുന്നില്ല. 66000 പന്നികളാണ് കേരളത്തിൽ വന്നതെന്നുള്ള ഉദ്യോഗസ്ഥർ കൊടുത്ത കണക്ക് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വായിച്ചു. ഇവിടെനിന്നും നിലമ്പൂരിലേയ്ക്ക് രണ്ട് ട്രെയിൻ അയച്ചാൽ 2 ലക്ഷം പന്നികളെ അവിടെനിന്ന് കയറ്റി വിടാം. ആ അവസ്ഥയാണുള്ളത്. എവിടെ നിന്നാണ് ഉദ്യോഗസ്ഥർക്ക് ഈ കണക്ക് ലഭ്യമായതെന്ന് അറിയില്ല. സൂര്യൻ അസ്തമിച്ചാൽ മനുഷ്യർക്ക് പുറത്തേയ്ക്കിറങ്ങാൻ കഴിയാത്ത അവസ്ഥയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും ഈ വിഷയത്തിലിടപെടണം. കിട്ടിയ പണം ഉപയോഗിക്കാതെ മൂന്നുവർഷമായി ജനങ്ങളെ ശ്വാസംമുട്ടിച്ച് കൊല്ലുകയാണ്. അതുകൊണ്ട് ഇതിന്റെ പേരിൽ ശക്തമായ നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വനം-വന്യജീവി വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ശശീന്ദ്രൻ)</u>: സർ, ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ വനാതിർത്തികളിൽ ട്രഞ്ച് നിർമ്മാണം, റെയിൽ ഫെൻസിംഗ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നമാണ് ഉന്നയിച്ചത്. പ്രസ്തുത പ്രവൃത്തികൾക്കായി 2022-23 സാമ്പത്തികവർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II,

വാല്യം II-ലെ പേജ് നമ്പർ 6-ൽ ക്രമ നമ്പർ 118 ആയി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതിയില്ലാത്ത പ്രവൃത്തികൾക്കാവശ്യമായ തുക 2022-23 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. എന്നാലിത് 2022-23 വർഷത്തേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് ഉപരിയല്ല. ഇതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതിക്കായി ബഹുമാനപ്പെട്ട അംഗം നിരവധി കത്തുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും വനം വകുപ്പുമന്ത്രിക്കും നൽകിയിട്ടുണ്ടായിരുന്നു. ഇത് വിശദമായി പരിശോധിച്ചശേഷം എലിഫന്റ് പ്രൂഫ് ട്രഞ്ചസ് എന്ന പ്രവൃത്തിക്ക് വനം വകുപ്പിന്റെ ശീർഷകങ്ങളിൽ തുക വകയിരുത്തുന്നതിനും ഭരണാനുമതി ലഭിക്കുന്നതിനുമായി വിശദമായ അടങ്കൽ സഹിതം 396 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, പാലക്കാട് മുഖാന്തരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പ്ലാനിംഗ് & ഡെവലപ്മെന്റ്)-ന് സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച ശിപാർശയും വിശദമായ അടങ്കലും ഭരണാനുമതിയും ആവശ്യമായ ഫണ്ടും ലഭ്യമാക്കുന്നതിലേയ്ക്കായി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിച്ചു; ആയത് സർക്കാരിന്റെ

പരിഗണനയിലാണ്. നബാർഡ് പദ്ധതിയിലുൾപ്പെടുത്തി ഈസ്റ്റേൺ സർക്കിൾ പാലക്കാടിന് കീഴിൽവരുന്ന വനം ഡിവിഷനുകളിൽ സൗരോർജ്ജ വേലികൾ കെട്ടുന്നതിനുള്ള പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും 586 ലക്ഷം കോടി രൂപയുടെ പദ്ധതി നബാർഡ് അംഗീകരിച്ചിട്ടുള്ളതുമാണ്. നോർത്ത് ഡിവിഷനുകീഴിൽ 274.4 ലക്ഷം രൂപ ചെലവഴിച്ച് 41 കിലോമീറ്റർ സൗരോർജ്ജ വേലിയുടെയും സൗത്ത് ഡിവിഷനുകീഴിൽ 49 ലക്ഷം രൂപ ചെലവഴിച്ച് 18 കിലോമീറ്റർ സൗരോർജ്ജ വേലിയുടെയും നിർമ്മാണം നിർദ്ദിഷ്ട പദ്ധതിക്കകത്തുള്ളതാണ്. ഇതുസംബന്ധിച്ച് ഒരു ഉന്നതലയോഗം വിളിച്ചുചേർത്ത് പദ്ധതി നടപ്പാക്കുന്നതിലെ തടസ്സങ്ങൾ മനസ്സിലാക്കി അനന്തര നടപടികൾ സ്വീകരിക്കാമെന്നാണ് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കാനുള്ളത്.

(5) ഭവാനി വന്യജീവി സങ്കേതം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ സൈലന്റ്‌വാലി വന്യജീവി സങ്കേതത്തിന്റെ ബഫർ സോൺ ഭവാനി വന്യജീവി സങ്കേതം എന്നപേരിൽ പ്രഖ്യാപിക്കുവാനുള്ള ചില നിർദ്ദേശങ്ങൾ വനം വകുപ്പിൽ/സർക്കാരിൽനിന്നും കേന്ദ്രത്തിലേയ്ക്ക് നൽകിയതിനാൽ

പ്രദേശത്തെ ജനങ്ങൾ വലിയ ആശങ്കയിലാണ്. കേരളത്തിൽ നിലവിലുള്ള 24 വന്യജീവി സങ്കേതങ്ങളും അതിന്റെ ബഫർ സോണുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ മറ്റൊരു വന്യജീവി സങ്കേതംകൂടി പ്രഖ്യാപിക്കുകയെന്നുള്ളത് ക്രൂരതയാണ്. സൈലന്റ്‌വാലിയെ സംബന്ധിച്ചിടത്തോളം നിലവിലുള്ള വന്യജീവി സങ്കേതത്തിന്റെ ബഫർ സോൺ പൂർണ്ണമായും വനത്തിനകത്താണ്. ഈ ബഫർ സോണിനെ മറ്റൊരു വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുമ്പോൾ അതിന്റെ ബഫർ സോൺ ജനവാസകേന്ദ്രത്തിലാണ് വരുന്നത്. അങ്ങനെ വരുമ്പോൾ അട്ടപ്പാടിയിൽ ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത സ്ഥിതി വരും; മൊത്തം ബഫർ സോണായി മാറും. അതുപോലെ അലനല്ലൂർ, കോട്ടോപ്പാടം, കുമരമ്പുത്തൂർ, തെങ്കര പഞ്ചായത്തുകളും ബഫർ സോണിന്റെ ഏരിയയിലേയ്ക്ക് വരുന്നതുകൊണ്ട് പുതിയ ഭവാനി വന്യജീവി സങ്കേതം സൈലന്റ്‌വാലിയോട് ചേർന്ന് പ്രഖ്യാപിക്കാനുള്ള നീക്കത്തിൽനിന്ന് സർക്കാർ പിന്തിരിയുകയും ആ പ്രൊപ്പോസലിന്മേലുള്ള എല്ലാ തുടർനടപടികളും നിർത്തിവയ്ക്കുകയും ചെയ്യണമെന്നാണ് ആ പ്രദേശത്തെ ജനങ്ങൾക്കുവേണ്ടി സബ്മിഷനിലൂടെ എനിക്ക് ഉന്നയിക്കാനുള്ളത്. ഭവാനി വന്യജീവി സങ്കേതമെന്ന

പരിപാടിയുമായി സർക്കാരോ വനം വകുപ്പോ മുന്നോട്ടുപോകുന്നില്ലെന്ന് നമുക്ക് പ്രഖ്യാപിക്കാനും കഴിയണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, സൈലന്റ്‌വാലി ദേശീയോദ്യാനത്തിന്റെ ബഫർ സോൺ മേഖലയിൽ മറ്റൊരു വന്യജീവി സങ്കേതം പ്രഖ്യാപിക്കുന്നത് സംബന്ധിച്ചാണ് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത്. ഇപ്രകാരമൊരു നിർദ്ദേശം 30-11-2010-ന് കൂടിയ സംസ്ഥാന വന്യജീവി ബോർഡ്, സൈലന്റ്‌വാലി ദേശീയോദ്യാനത്തിന്റെ കരുതൽമേഖല വന്യജീവി സങ്കേതമായി പ്രഖ്യാപിക്കാനുള്ള ശിപാർശയായി സർക്കാരിന് സമർപ്പിച്ചു. ഇക്കാര്യം പരിഗണിച്ച സർക്കാർ ബഫർ സോൺ സംബന്ധിച്ച് സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയുടെ പശ്ചാത്തലത്തിൽ ഇതിന്റെ അനന്തരഫലങ്ങൾ എന്താണെന്ന് വിലയിരുത്തിയപ്പോൾ പ്രസ്തുത പദ്ധതിയുമായി മുന്നോട്ടുപോകേണ്ടതില്ലെന്ന തീരുമാനമാണ് കൈക്കൊണ്ടത്. കേന്ദ്ര ഗവൺമെന്റിലേയ്ക്ക് അത്തരമൊരു പ്രൊപ്പോസൽ വനം വകുപ്പോ സർക്കാരോ അയച്ചിട്ടില്ലെന്ന കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

## (6) കണ്ണശ്ശ സ്മാരക എച്ച്.എസ്.എസ്., പാലയ്ക്കൽതകിടി ജി.എച്ച്.എസ്. എന്നിവയുടെ കെട്ടിട നിർമ്മാണം

ശ്രീ. മാത്യു ടി. തോമസ്: സർ, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലുൾപ്പെടുത്തി 5 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത എന്റെ നിയോജകമണ്ഡലത്തിലെ സ്കൂളാണ് കണ്ണശ്ശ സ്മാരക ഹയർ സെക്കണ്ടറി സ്കൂൾ. എന്നാൽ അവിടെ നടപ്പിലാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചപ്പോൾ പ്രസ്തുത തുക മതിയാകില്ലെന്നും 5 കോടി 83 ലക്ഷം രൂപ വേണമെന്നും പറഞ്ഞതനുസരിച്ച് ആസ്തി വികസന ഫണ്ടിൽനിന്നും 83 ലക്ഷം രൂപ അധികമായി അനുവദിക്കുകയുണ്ടായി. എന്നാൽ 4 കോടി രൂപയുടെ പ്രവൃത്തികൾ മാത്രമാണ് അവിടെ നടപ്പിലാക്കിയത്. കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ആവശ്യമായ സ്ഥലം ലഭ്യമാക്കി കൊടുക്കാത്തതിനാൽ കിഫ്ബി അനുവദിച്ച 1 കോടി രൂപയും ആസ്തി വികസനഫണ്ടിൽനിന്നും അനുവദിച്ച 83 ലക്ഷം രൂപയും ചെലവഴിക്കാൻ സാധിക്കാതെ പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്. അവിടെയുണ്ടായിരുന്ന ആഡിറ്റോറിയം പൊളിച്ചുമാറ്റിയത് ഉൾപ്പെടെയുള്ള പ്രശ്നങ്ങളുമുണ്ട്. അതുപോലെ പാലയ്ക്കൽതകിടി സ്കൂളിൽ 3 കോടി രൂപയുടെ പദ്ധതിയാണുള്ളത്. ആസ്തി വികസനഫണ്ടിൽനിന്നും 1 കോടി രൂപ നേരത്തെ നൽകിയിരുന്നു.

പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് വിഭാഗത്തിനായിരുന്നു അവിടത്തെ പണികളുടെ ചുമതല നൽകിയിരുന്നത്. എന്നാൽ 1 കോടി രൂപ ചെലവഴിക്കാൻ കഴിയില്ലെന്ന് 4 വർഷങ്ങൾക്കുശേഷം അവർ അറിയിച്ചിരിക്കുകയാണ്. ഇത്തരത്തിൽ ആസ്തി വികസനഫണ്ടിൽനിന്നും നൽകുന്ന തുക നഷ്ടപ്പെടുത്തുന്ന സമീപനം ഏതുവകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടായാലും അതിനെ പിന്തുണയ്ക്കാനോ സഹിക്കാനോ കഴിയില്ല. കണ്ണശ്ശ സ്കൂളിന്റെ ആലോചനായോഗത്തിന് KITE (Kerala Infrastructure and Technology for Education)-ന്റെ ഉദ്യോഗസ്ഥർ പങ്കെടുത്തതുപോലുമില്ല. ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് സ്കൂളിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്നും ആസ്തി വികസന ഫണ്ടിൽനിന്നും നൽകിയ തുക നഷ്ടപ്പെടാതെ വിനിയോഗിക്കുന്ന രൂപത്തിൽ പ്രവൃത്തി നടത്താൻവേണ്ട നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, കണ്ണശ്ശ സ്മാരക ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് 5 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി KITE-നെ

ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പദ്ധതിയുടെ ഭാഗമായി പ്രസ്തുത സ്കൂളിന്റെ ഭൗതികസാഹചര്യ വികസനം ഹയർ സെക്കണ്ടറി ബ്ലോക്കും (G+2) കിച്ചൺ ബ്ലോക്കുമായി 2 കെട്ടിടങ്ങളാണ് ഡിസൈൻ കൺസൾട്ടന്റായ കിറ്റ്കോ ലിമിറ്റഡ് സമർപ്പിച്ച ഡി.പി.ആർ. പ്രകാരം വിഭാവന ചെയ്തിരുന്നത്. പ്രസ്തുത രൂപകൽപ്പന അനുസരിച്ച് കെട്ടിടത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ നടത്തുകയും തുടർ നിർമ്മാണത്തിനായി കെട്ടിടത്തിന്റെ ഘടനാപരമായ പരിശോധന നടത്തിയ അവസരത്തിൽ ബ്ലോക്കിന്റെ രണ്ടാം നിലയുടെ (G+2) നിർമ്മാണം സ്വീകാര്യമല്ലെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു. പ്രസ്തുത സ്കൂളിന്റെ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് എം.എൽ.എ. ഫണ്ടിൽനിന്നും അനുവദിച്ചിട്ടുള്ള 83 ലക്ഷം രൂപ ആവശ്യമില്ലാത്തതിനാൽ മറ്റ് പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണെന്ന് KITE അറിയിച്ചിട്ടുണ്ട്. കുന്നന്താനം പാലയ്ക്കൽതകിടി സെന്റ് മേരീസ് ഗവൺമെന്റ് ഹൈസ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് 3 കോടി രൂപ കിഫ്ബി ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകുകയും നിർമ്മാണത്തിനുള്ള എസ്.പി.വി.-യായി ഇൻകെലിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. തുടർന്ന് ഡി.പി.ആർ. തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കിക്കൊണ്ട് കിഫ്ബിയുടെ അംഗീകാരത്തോടെ ടെണ്ടർ നടപടികൾ സ്വീകരിച്ചു. ഡോറ

ഇൻഫ്രാസ്ട്രക്ചർ & പ്രോപ്പർട്ടീസ് (പ്രൈവറ്റ് ലിമിറ്റഡ്) കമ്പനിയാണ് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത്. പ്രസ്തുത കമ്പനിയുമായി കരാറിലേർപ്പെട്ട് എഗ്രിമെന്റ് ഒപ്പുവയ്ക്കുന്ന അവസരത്തിൽ പ്ലാനിൽ ചില ഭേദഗതികൾ ആവശ്യമായി വരികയും അതനുസരിച്ച് നിലവിലുള്ള എസ്റ്റിമേറ്റിലും പ്ലാനിലും ഭേദഗതി വരുത്തി കിഫ്ബിയിൽനിന്നുള്ള ഉദ്യോഗസ്ഥരുടെ അഭിപ്രായംകൂടി പരിഗണിച്ചുകൊണ്ട് പുതുക്കിയ പ്ലാൻ സാങ്കേതികാനുമതിക്ക് സമർപ്പിച്ചിരിക്കുകയുമാണ്. അത് ലഭ്യമാകുന്നമുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് നിർമ്മാണത്തിനുള്ള തുടർനടപടി സ്വീകരിക്കുന്നതാണ്.

ഗവൺമെന്റ് ഫണ്ട് കൊടുത്താലും പ്രവൃത്തി ഏറ്റെടുക്കുന്ന എസ്.പി.വി. അത് നന്നായി നിർവ്വഹിക്കാത്തതുകൊണ്ട് എം.എൽ.എ.-മാരെല്ലാം ബുദ്ധിമുട്ടിലായിരിക്കുകയാണ്. കിഫ്ബി ഫണ്ടിൽനിന്നും 1 കോടി രൂപ അനുവദിച്ചിട്ടുള്ള നൂറോളം കെട്ടിടങ്ങൾ നിർമ്മാണത്തിന്റെ പല ഘട്ടങ്ങളിലാണ്. നിയമസഭ നടക്കുന്ന അവസരത്തിൽത്തന്നെ ഇതുസംബന്ധിച്ചൊരു യോഗം ചേരാം. വിദ്യാഭ്യാസ വകുപ്പ് സ്കൂൾ അടിസ്ഥാനത്തിൽ യോഗങ്ങൾ ചേർന്നുകൊണ്ടിരിക്കുകയാണ്. നന്നായി ചെയ്യുന്ന എസ്.പി.വി.-കളുണ്ട്. അവർ കുറ്റമറ്റരീതിയിൽ ചെയ്യുന്ന

കരാറുകാർക്ക് വർക്ക് കൊടുക്കുന്നുണ്ട്. എന്നാൽ ചില വർക്കുകളെടുക്കുന്ന അവസരത്തിൽ എസ്.പി.വി-ക്കോ കരാറുകാർക്കോ സ്കൂളിനോ ഉത്തരവാദിത്വമില്ലാതെ അത് മുഴുവനും എം.എൽ.എ. ഏറ്റെടുക്കേണ്ട സാഹചര്യമാണുള്ളത്. ഇക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കിഫ്ബിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് പ്രത്യേക യോഗം ചേരാമെന്ന് അറിയിച്ചിട്ടുണ്ട്. മുൻമന്ത്രികൂടിയായ ബഹുമാനപ്പെട്ട മാത്യു ടി. തോമസ് ഉന്നയിച്ച പ്രശ്നം പ്രത്യേക വിഷയമായെടുത്തുകൊണ്ട് യോഗം ചേർന്ന് ഈ പ്രശ്നത്തിന് പരിഹാരം കാണാം.

## (7) സംസ്ഥാന പെൻഷൻകാരുടെ പ്രശ്നങ്ങൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പെൻഷൻകാരുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ളതാണ് എന്റെ സബ്മിഷൻ. ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക 4 ഗഡുക്കളായി നൽകുമെന്ന് പറഞ്ഞതിൽ 2 ഗഡുക്കൾ ലഭിച്ചുവെങ്കിലും 2021 ആഗസ്റ്റിലും 2021 നവംബറിലും ലഭിക്കേണ്ട രണ്ട് ഗഡുക്കൾ ഇപ്പോഴും ലഭിച്ചിട്ടില്ല എന്നതാണ് വസ്തുത. സർവ്വീസിലുള്ളവർക്കും ഇതൊക്കെ ബാധകമാണെങ്കിലും പെൻഷൻകാരെ സംബന്ധിച്ചിടത്തോളം ഇത്

പ്രധാനപ്പെട്ട വിഷയമായി മാറിയിരിക്കുകയാണ്. ആഗസ്റ്റിലേത് ജനുവരിയിലും നവംബറിലേത് അടുത്ത വർഷത്തിലും നൽകുമെന്നാണ് പറഞ്ഞിരിക്കുന്നത്. അക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്നും അനുഭാവപൂർവ്വമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. പെൻഷൻകാർക്ക് 11 ശതമാനം ഡി.എ. കുടിശ്ശികയും ലഭിക്കാനുണ്ട്. കുറഞ്ഞ തുക പെൻഷൻ ലഭിക്കുന്ന ഇവരെ സംബന്ധിച്ചിടത്തോളം കുടിശ്ശിക സമയത്തുതന്നെ ലഭിക്കുന്നത് സഹായകരമായിരിക്കുമെന്നാണ് ചൂണ്ടിക്കാണിക്കാനുള്ളത്. അതുപോലെ പെൻഷൻകാരുടെ കാര്യത്തിൽ മെഡിസെപ്പുമായി ബന്ധപ്പെട്ട ചില അപാകതകൾ പരിഹരിക്കേണ്ടതുണ്ടെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. എല്ലാ പ്രധാന ആശുപത്രികളും ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. ഉൾപ്പെട്ടിട്ടുള്ള ആശുപത്രികളിൽ എല്ലാ രോഗങ്ങൾക്കുമുള്ള ചികിത്സയും നടത്താൻ കഴിയാത്ത സാഹചര്യമുണ്ട്. അതുപോലെ ആയുർവ്വേദം, ഹോമിയോ ഉൾപ്പെടെയുള്ള ചികിത്സാ സംവിധാനങ്ങളും ഇതിൽ ഉൾപ്പെട്ടിട്ടില്ല. പ്രായമായ ആളുകളെ സംബന്ധിച്ചിടത്തോളം ആയുർവ്വേദ ചികിത്സയുൾപ്പെടെ ലഭിക്കുന്നതിനുള്ള സൗകര്യം പദ്ധതിയിലുണ്ടാകണമെന്നാണ് അവർ ആവശ്യപ്പെടുന്നത്. അതുകൊണ്ട്

മെഡിസെപ് പദ്ധതിയിലെ അപാകതകൾ പരിഹരിക്കാൻ നടപടിയുണ്ടാകണമെന്നും സർക്കാർ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിച്ചുകൊണ്ട് അവർക്കുള്ള സാമ്പത്തികാനുകൂല്യം എത്രയുംപെട്ടെന്ന് ലഭ്യമാക്കുന്നതിന് സംവിധാനമുണ്ടാകണമെന്നുമാണ് അഭ്യർത്ഥിക്കാനുള്ളത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പതിനൊന്നാം ശമ്പള-പെൻഷൻ പരിഷ്കരണത്തെത്തുടർന്നുള്ള പെൻഷൻ കുടിശ്ശികയുടെ നാല് ഗഡുക്കളിൽ രണ്ട് ഗഡുക്കൾ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന രണ്ട് ഗഡുക്കൾ നൽകുന്നതിന് 2800 കോടി രൂപ ആവശ്യമാണ്. കൂടാതെ നാല് ഗഡുക്കളായി അനുവദിച്ച ക്ഷാമാശ്വാസ കുടിശ്ശികയുടെ അവശേഷിക്കുന്ന രണ്ട് ഗഡുക്കൾ അനുവദിക്കുന്നതിന് 1400 കോടി രൂപ ആവശ്യമാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് ഇവ അനുവദിക്കുന്ന കാര്യം അടുത്ത സാമ്പത്തിക വർഷം പരിഗണിക്കാമെന്നാണ് പറയാനുള്ളത്.

നമ്മുടെ സംസ്ഥാനത്ത് മെഡിസെപ് പദ്ധതി നല്ലരീതിയിൽ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. മെഡിസെപ് കാർഡിൽ ആശ്രിതരുടെ പേര് വരാതിരിക്കുന്ന, തിരുത്തലുകൾ വരുത്തിയത് പ്രതിഫലിക്കാതിരിക്കുന്ന, ആശുപത്രികൾ രോഗികളിൽനിന്നും അഡ്വാൻസായി തുക സ്വീകരിക്കുന്ന,

ക്ലെയിം അപ്രൂവൽ ലഭിക്കുന്നതിലെ താമസം കാരണം ആശുപത്രികളിൽനിന്നും ഡിസ്ചാർജ്ജ് വാങ്ങുന്നതിന് കാലതാമസം വരുന്നു, പാക്കേജിന്റെ പരിധിക്കുള്ളിൽ ചികിത്സാ ചെലവ് നിർത്താതെ അധിക തുക ആശുപത്രികൾ വാങ്ങുന്നു തുടങ്ങി നിരവധി പരാതികൾ മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട് വന്നിട്ടുണ്ട്. ഇത് പുതിയൊരു സംവിധാനമാണ്. ഇൻഷ്വറൻസ് കമ്പനിക്ക് ഘട്ടംഘട്ടമായി ഡാറ്റകൾ നൽകിയതിന്റെ ഭാഗമായി കുറച്ച് ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ടെങ്കിലും നിലവിൽ അതുസംബന്ധിച്ചുള്ള പരാതികളെല്ലാം പരിഹരിച്ചിട്ടുണ്ട്. രോഗികളിൽനിന്നും അഡ്വാൻസായി തുക സ്വീകരിക്കുന്ന ആശുപത്രികളോട് വിശദീകരണമാവശ്യപ്പെടാനും ആവശ്യമെങ്കിൽ കരാറിൽ നിഷ്കർഷിച്ചപ്രകാരം നിയമ നടപടികൾ സ്വീകരിക്കാനും ഇപ്രകാരമുള്ള തെറ്റായ പ്രവണതകൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതൽ സ്വീകരിക്കാനും ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എംപാനൽ ചെയ്യപ്പെട്ട സ്വകാര്യ ആശുപത്രികളിലെ എല്ലാ ചികിത്സാ വിഭാഗവും പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ ആശുപത്രികളെ എംപാനൽ ചെയ്യുന്നതിനും എംപാനൽ ചെയ്ത ആശുപത്രികളിലെ എല്ലാ ചികിത്സാ വിഭാഗവും

പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ക്ലെയിം സെറ്റിൽമെന്റിലും ആശുപത്രികൾക്ക് തുക ലഭിക്കുന്നതിലും വരുന്ന കാലതാമസം സംബന്ധിച്ച പരാതികളിൽ സർക്കാർ തലത്തിലുള്ള ദ്വൈവാര റിവ്യൂ മീറ്റിംഗിലൂടെ ഇൻഷ്വറൻസ് കമ്പനിക്ക് കർശന നിർദ്ദേശം നൽകി നടപടികൾ സ്വീകരിക്കുവാനും ആയത് സർക്കാരിനെ അറിയിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. ഓരോ പതിനഞ്ച് ദിവസം കൂടുമ്പോഴും ക്ലെയിം സെറ്റിൽമെന്റിന്റെ പെർസന്റേജ് ഉൾപ്പെടെയുള്ള കണക്കുകൾ സർക്കാരിന് കൈമാറാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. മറ്റുപരാതികൾ പരിഹരിക്കുന്നതിനായി കൃത്യമായ അവലോകന യോഗങ്ങൾ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ കമ്പനിക്ക് നൽകുകയും ലഭിക്കുന്ന പരാതിയിൽ വിശദമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ ഇൻഷ്വറൻസ് കമ്പനിയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. മെഡിസെപ് പദ്ധതിപ്രകാരം അടിയന്തര സാഹചര്യങ്ങളിൽ (വാഹനാപകടം, പക്ഷാഘാതം, ഹൃദയാഘാതം തുടങ്ങിയവ) എംപാനൽ ചെയ്യാത്ത ആശുപത്രികളിൽ ചികിത്സ തേടിയതിന്റെ ചെലവുകൾക്ക് പദ്ധതിപ്രകാരമുള്ള തുകയും എംപാനൽ ചെയ്ത ആശുപത്രികളിൽ ചികിത്സ നിഷേധിക്കുന്നവയിൽ പണമൊടുക്കി ചികിത്സിക്കുന്ന സാഹചര്യത്തിൽ ടി തുകയും ഇൻഷ്വറൻസ്

കമ്പനി റീഇംബേഴ്സ് ചെയ്ത് നൽകുന്നുണ്ട്. മേൽ നിർവ്വചിച്ചിട്ടുള്ള റീഇംബേഴ്സ്മെന്റ് ആനുകൂല്യം മാത്രമേ മെഡിസെപ്പിന്റെ പരിധിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. ആയത് ജീവനക്കാർക്കും പെൻഷൻകാർക്കും ഒരുപോലെ ബാധകമാണ്. മെഡിസെപ് സ്കീം സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കാനുള്ള കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ പരിശോധിക്കാവുന്നതാണ്. പൊതുഇൻഷ്വറൻസിന്റെ പരിധിയിൽ വരുന്ന കാര്യങ്ങളൊക്കെ ഉൾപ്പെടുത്തിയാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്. പ്രതിമാസം 500 രൂപ പ്രീമിയം വാങ്ങിക്കൊണ്ട് ഇത്തരമൊരു ഇൻഷ്വറൻസ് നൽകുന്ന പദ്ധതി ഇന്ത്യയിൽത്തന്നെ ആദ്യമായാണ് നടപ്പാക്കുന്നത്. ഈ പദ്ധതി പ്രകാരം ആറ് മാസംകൊണ്ട് 405 കോടി രൂപയുടെ ക്ലെയിമുകൾ പാസ്സാക്കി നൽകിയിട്ടുണ്ട്. ഒന്നര ലക്ഷത്തിലധികം ആളുകൾ മെഡിസെപ് പദ്ധതിപ്രകാരം ചികിത്സ തേടിയിട്ടുണ്ട്. 33 കോടി രൂപയുടെ അവയവമാറ്റ ക്ലെയിമുകളും അനുവദിച്ചിട്ടുണ്ട്. മെഡിസെപ് സംബന്ധിച്ച് നിരവധി നല്ല കാര്യങ്ങളുണ്ട്; എന്നാൽ ചില ആശുപത്രികൾ ഈ പദ്ധതിക്കുകീഴിൽ വരുന്നില്ലെന്ന പരാതികളുമുണ്ട്. അത് പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ

നടത്തുന്നുണ്ട്. കമ്പനിയുമായി റിവ്യൂ നടത്തി ഇവിടെ പറഞ്ഞ കാര്യങ്ങൾ ഗൗരവത്തോടെ എടുക്കുകയും ചെയ്യും.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ബാബു (നെന്മാറ)]

## (8) എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനാംഗീകാരം

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയുടെ മികവിനെ പ്രതികൂലമായി ബാധിക്കുന്ന വിഷയമാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. നിയമനാംഗീകാരം ലഭിക്കാത്തതുകാരണം പതിനായിരക്കണക്കിന് അദ്ധ്യാപകർ സംസ്ഥാനത്ത് ശമ്പളമില്ലാതെ ജോലി ചെയ്യുകയാണ്. വിവിധ കാരണങ്ങളാണ് അവർക്ക് അംഗീകാരം നൽകുന്നതിന് തടസ്സമായി പറയുന്നത്. മലപ്പുറം ജില്ലയിൽമാത്രം 2059 അദ്ധ്യാപകരാണ് ഇത്തരത്തിൽ നിയമനം കാത്തുനിൽക്കുന്നത്. നിയമനത്തിന് അംഗീകാരം നൽകുന്നതിന് തടസ്സമായി നിൽക്കുന്നത് ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട വിഷയമാണ്. ഭിന്നശേഷി സംവരണത്തിന് കൃത്യമായ മാനദണ്ഡം നിശ്ചയിച്ചുകൊണ്ട് പ്രശ്നം പരിഹരിക്കുന്നതിനുള്ള ഇടപെടൽ സർക്കാർ കൃത്യസമയത്ത് നടത്താത്തതുകൊണ്ടാണ് ഇങ്ങനെയൊരു അവസ്ഥയുണ്ടായത്. സർക്കാർ ഇതൊരവസരമായി ഉപയോഗിക്കുന്നുവെന്നാണ് എനിക്ക് തോന്നുന്നത്.

2018 മുതൽ പതിനായിരക്കണക്കിന് അദ്ധ്യാപകർ ശമ്പളം ലഭിക്കാതെ ജോലി ചെയ്യുകയാണ്. സർക്കാർ ഖജനാവിൽനിന്ന് തുക നഷ്ടപ്പെടാതിരിക്കാനുള്ള ഒരു മാർഗ്ഗമായി ഇതിനെ ഉപയോഗിക്കുന്നുണ്ടോയെന്ന് സംശയിക്കുന്ന വിധത്തിലാണ് കാര്യങ്ങൾ പോകുന്നത്.

മി. ചെയർമാൻ: പ്ലീസ്..... സബ്മിഷൻ ഉന്നയിക്കാൻ ഒരു മിനിട്ട് സമയമാണ് അനുവദിച്ചിരിക്കുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, 1996 മുതൽ ഭിന്നശേഷി സംവരണം നടപ്പിലാക്കണമെന്ന് പറഞ്ഞിരുന്നു. 1996 മുതൽ 2017 ഏപ്രിൽ വരെ 3% സംവരണവും അതിനുശേഷം 4% സംവരണവും ഏർപ്പെടുത്തി. 25-01-2023-ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവനുസരിച്ച് ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിൽ ഇനിയും വർഷങ്ങൾ നീണ്ടുപോകാനുള്ള സാദ്ധ്യതയുണ്ട്. കാരണം സംവരണം നടപ്പിലാക്കുന്നത് സംബന്ധിച്ച റോസ്റ്റർ തയ്യാറാക്കുന്നത് സമന്വയ സോഫ്റ്റ്‌വെയർ മുഖേനയാകുമ്പോൾ നടപടിക്രമങ്ങളിൽ കാലതാമസമുണ്ടാകും. ഇത് കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയെ പ്രതികൂലമായി ബാധിക്കും. രണ്ട് വർഷം കൊറോണയുടെ പേരിൽ

ഫിക്സേഷൻ നടപ്പാക്കിയില്ല. 6000 തസ്തികകൾ ഫിക്സേഷൻ വഴി പുതിയതായി കണ്ടെത്തിയതായി ഇന്നത്തെ പത്രത്തിൽ വാർത്തയുണ്ട്.

മി. ചെയർമാൻ: പ്ലീസ്..... പ്ലീസ്...........

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കെ.ഇ.ആർ. പ്രകാരം മുമ്പ് പൊതുവിദ്യാഭ്യാസ ഓഫീസർമാർക്കുതന്നെ നിയമനാംഗീകാരം നൽകുന്നതിനുള്ള അവകാശമുണ്ടായിരുന്നു. എന്നാൽ കെ.ഇ.ആർ. ഭേദഗതി ചെയ്തുകൊണ്ട് അത് സർക്കാർ ഏറ്റെടുത്തു. (......മൈക്ക് ഓഫ്......)

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് പ്രധാനപ്പെട്ട വിഷയമാണ്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി മറികടക്കുന്നതിനുള്ള ചില നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ മാത്രമേ ഇതിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് കേരള ഹൈക്കോടതിയിൽ നിലനിന്നിരുന്ന റിട്ട് ഹർജി നമ്പർ 19808/21-ലും മറ്റനുബന്ധ ഹർജികളിലും എയ്ഡഡ് മേഖലയിൽ ഭിന്നശേഷി സംവരണം പാലിക്കുന്നത് സംബന്ധിച്ച് 10-08-2022-ന് വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കേഡർ സ്ട്രെംഗ്തിലെ മൊത്തം ഒഴിവുകളിൽ 07-02-1996 മുതൽ 3%

സംവരണത്തോതിൽ 07-02-1996 മുതൽ 18-04-2017 വരെയും 19-04-2017 മുതൽ 4% സംവരണത്തോതിലും ബാക്ക്‌ലോഗ് കണക്കാക്കി 07-05-2019-ലെ സർക്കാർ ഉത്തരവുപ്രകാരം മാനേജർമാർ നിയമനം നടത്തേണ്ടതാണ്. സാമൂഹ്യനീതി വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 18-11-2018-ലെ സർക്കാർ ഉത്തരവുപ്രകാരം ഉത്തരവ് തീയതിക്കുശേഷം (18-11-2018) നടത്തിയ നിയമനങ്ങളിൽ അംഗീകാരം നൽകാത്തവയ്ക്ക് ബാക്ക്‌ലോഗ് നികത്തിയതിനുശേഷം മാത്രമേ അംഗീകാരം നൽകാൻപാടുള്ളൂ. എന്നാൽ ഇതിനോടകം അംഗീകാരം നൽകിക്കഴിഞ്ഞ നിയമനങ്ങൾ പുനഃപരിശോധിക്കേണ്ടതില്ലെന്നും കോടതി വ്യക്തമാക്കിയിരുന്നു. 18-11-2018 മുതലുണ്ടായ ഒഴിവുകളിൽ ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തി കഴിഞ്ഞ് മാത്രമേ റെഗുലറായുള്ള മറ്റുനിയമനങ്ങൾ അംഗീകരിക്കാനാവൂ. ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച 25-06-2022-ലെയും 19-09-2022-ലെയും ഉത്തരവുകളുടെയും 28-10-2022-ലെ സർക്കാർ കത്തിന്റെയും അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ 23-11-2022-ലെ പരിപത്രം പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. 07-02-1996 മുതൽ 18-04-2017 വരെ മൂന്ന് ശതമാനവും 19-04-2017 മുതൽ നാല് ശതമാനവും

നിയമനങ്ങൾ ഭിന്നശേഷി വിഭാഗത്തിനായി മാറ്റിവയ്ക്കുന്ന തരത്തിൽ റോസ്റ്റർ തയ്യാറാക്കി അധികാരപ്പെട്ട വിദ്യാഭ്യാസ ഓഫീസർ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിക്കാനും അത്തരത്തിൽ തയ്യാറാക്കിയ റോസ്റ്ററിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം ഉദ്യോഗാർത്ഥികളെ വിട്ടുനൽകാൻ എംപ്ലോയ്മെന്റ് ഓഫീസർക്ക് കത്ത് നൽകുവാനും ലഭ്യമാകുന്ന ഉദ്യോഗാർത്ഥികളെ നിയമിച്ച് അംഗീകരിക്കുന്നമുറയ്ക്ക് നിലവിൽ വ്യവസ്ഥാപിത ഒഴിവിൽ നിയമിക്കപ്പെട്ട അംഗീകാരം ലഭ്യമാകാത്ത ജീവനക്കാരുടെ നിയമനം അംഗീകരിക്കാവുന്നതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. റിട്ട് ഹർജി നമ്പർ 19808/21-ലും മറ്റനുബന്ധ ഹർജികളിലും എയ്ഡഡ് മേഖലയിൽ ഭിന്നശേഷി സംവരണം പാലിക്കുന്നത് സംബന്ധിച്ച് 10-08-2022-ന് പുറപ്പെടുവിച്ച വിധിന്യായത്തിനെതിരെ നിരവധി റിട്ട് അപ്പീലുകൾ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ളതും ആയതിൽ ഹൈക്കോടതി 13-12-2022-ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ആയതുപ്രകാരം നിലവിലുള്ള ഒഴിവുകൾ അഡ്ജസ്റ്റ് ചെയ്തുകൊണ്ടും റിട്ട് ഹർജി നമ്പർ 19808/21-ലെ വിധിയിലെ നിർദ്ദേശം പാലിച്ചുകൊണ്ടും മറ്റുനിയമനങ്ങൾക്ക് അംഗീകാരം നൽകാവുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. പ്രസ്തുത വിധിന്യായം

നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ നിലവിൽ അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം തേടിയിട്ടുള്ളതും ആയത് ലഭ്യമാകുന്നമുറയ്ക്ക് തദനുസരണം നിയമനങ്ങൾ അംഗീകരിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ അടിയന്തരമായി തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്. അഡ്വക്കേറ്റ് ജനറലുമായി സംസാരിച്ച് ഒരു സ്കീം ബഹുമാനപ്പെട്ട കോടതി മുമ്പാകെ നൽകിയിട്ടുണ്ട്; രണ്ട് പ്രാവശ്യം അത് മാറ്റിവച്ചു. അദ്ധ്യാപകർക്ക് നിയമനം നൽകാൻ സാധിക്കുന്ന വിധത്തിൽ അനുകൂലവിധി താമസിയാതെയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭിന്നശേഷിക്കാർക്ക് നിശ്ചയിച്ചിട്ടുള്ള ശതമാനം സംവരണം നൽകിയാലേ മതിയാകൂ. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ ശമ്പളം നൽകുന്നതുമായി ബന്ധപ്പെട്ട കാര്യത്തിൽ ഒരുപ്രശ്നവുമില്ല. ഇതുവരെ അദ്ധ്യാപകരുടെ ശമ്പളം മുടങ്ങിയില്ല. ഇനിയും ഒരദ്ധ്യാപകനും ശമ്പളം മുടങ്ങുന്ന പ്രശ്നമില്ലെന്ന കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

(9) ചെറുകിട തോട്ടം തൊഴിലാളികളുടെ മിനിമം വേതനം വർദ്ധിപ്പിക്കൽ

ശ്രീ. എ. രാജ: സർ, തോട്ടം തൊഴിലാളികളുടെ മിനിമം വേതനം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് സബ്മിഷൻ ഉന്നയിക്കുന്നത്. സംസ്ഥാനത്ത് ഏറ്റവും കുറഞ്ഞ വേതനത്തിന് ജോലി ചെയ്യുന്നവരാണ്

തേയില, കാപ്പി, റബ്ബർ, ഏലം, കുരുമുളക് തുടങ്ങിയ മേഖലയിലെ തൊഴിലാളികൾ. ലിംഗവ്യത്യാസമില്ലാതെ മിനിമം വേതനം എഴുനൂറ് രൂപയാക്കുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഇടതുപക്ഷ സർക്കാരിന്റെ തൊഴിൽ വേതന നയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. തോട്ടം മേഖലയിൽ ജോലി ചെയ്യുന്നവരുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ കാലാവധി 31-12-2021-ൽ അവസാനിച്ചിരിക്കുകയാണ്. 01-01-2022 മുതൽ വേതനം പുതുക്കി നിശ്ചയിക്കണമെന്നാവശ്യപ്പെട്ട് ലേബർ കമ്മീഷണർ മുമ്പാകെ അംഗീകൃത ട്രേഡ് യൂണിയനുകൾ നോട്ടീസ് നൽകുകയുണ്ടായി. തുടർന്ന് പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ തൊഴിലാളി-തൊഴിലുടമ പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ തുടർച്ചയായി ചർച്ചകൾ നടത്തിയെങ്കിലും പരാജയപ്പെടുകയാണുണ്ടായത്. കേരളത്തിൽ ഏറ്റവും കുറഞ്ഞ വേതനത്തിൽ ജോലി ചെയ്യുന്ന ഏകദേശം രണ്ടര ലക്ഷത്തോളം വരുന്ന തോട്ടം തൊഴിലാളികളുടെ ന്യായമായ ആവശ്യം പരിഗണിച്ചുകൊണ്ട്, തൊഴിലാളികളുടെ വേതനമുയർത്തുന്നതിന് സർക്കാർ ഇടപെടൽ നടത്തണമെന്ന് സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ചെറുകിട തോട്ടം തൊഴിലാളികളെ സംബന്ധിച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ് ശ്രീ. എ. രാജ, എം.എൽ.എ. ഉന്നയിച്ചിട്ടുള്ളത്. മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തിയ മേഖലയാണ് ചെറുകിട തോട്ടം മേഖല. പ്രസ്തുത മേഖലയുടെ മിനിമം വേതനം നിശ്ചയിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതിയുടെ രണ്ടാമത്തെ ഉപസമിതിയെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവിറക്കിയിരുന്നു. മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള നടപടികളുമായി ഉപസമിതി മുന്നോട്ടുപോകവേ 2023 ജനുവരി 21-ന് ബോർഡിന്റെ കാലാവധി അവസാനിച്ചതിനെത്തുടർന്ന് തെളിവെടുപ്പുകൾ നിർത്തിവച്ചു. മിനിമം വേതന ഉപദേശക സമിതി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ബോർഡ് പുനഃസംഘടിപ്പിച്ച് ഉപസമിതികൾ രൂപീകരിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ കുറഞ്ഞ കൂലി 2019 ജനുവരി 1 മുതൽ പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിരുന്നു. ലേബർ കമ്മീഷണർ ചെയർമാനായ, വിവിധ തൊഴിലാളി-തൊഴിലുടമ-സർക്കാർ

പ്രതിനിധികളടങ്ങിയ ത്രികക്ഷി സമിതിയായ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് പൊതുവായ ഒരു ധാരണയിൽ എത്തിച്ചേരുന്നതിന്റെ അടിസ്ഥാനത്തിൽ 1948-ലെ മിനിമം വേതന നിയമം വകുപ്പ് 5(1) അല്ലെങ്കിൽ 5(2) പ്രകാരമാണ് സർക്കാർ തോട്ടം മേഖലയിലെ മിനിമം വേതനം നിശ്ചയിക്കുന്നത്. പ്രാഥമിക വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി, ആക്ഷേപങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചശേഷമാണ് മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് പുറത്തിറക്കുന്ന കൺസ്യൂമർ പ്രൈസ് ഇൻഡക്സ് പ്രകാരമുള്ള പോയിന്റിന്റെ അടിസ്ഥാനത്തിലാണ് തൊഴിലാളികളുടെ ഡി.എ. കണക്കാക്കുന്നത്. നിലവിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ചർച്ചകൾ മുഖേന തോട്ടം തൊഴിലാളികളുടെ മിനിമം വേതനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്ലാന്റേഷൻ മേഖലയിൽ മിനിമം വേതനം അവസാനമായി പുതുക്കി നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച 2021 ഫെബ്രുവരി 16-ലെ ഉത്തരവിന്റെ പ്രാബല്യം 2019 ജനുവരി 1 മുതലായിരുന്നു. ഇതിന്റെ കാലാവധി മൂന്ന് വർഷം തികയുന്ന 2022 ജനുവരി മാസം 1 മുതൽ പ്രസ്തുത വേതനം പരിഷ്കരിച്ച് ലഭിക്കുന്നതിന് അർഹതയുണ്ട്. പ്രസ്തുത വേതനം

പുതുക്കി നിശ്ചയിക്കണമെന്നാവശ്യപ്പെട്ട് സംയുക്ത ട്രേഡ് യൂണിയൻ 2022 ജൂണിൽ ലേബർ കമ്മീഷണർക്ക് സമർപ്പിച്ച ഡിമാൻഡ് നോട്ടീസിന്റെ അടിസ്ഥാനത്തിൽ 2022 ആഗസ്റ്റ് 19-ന് പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേരുകയുണ്ടായി. തുടർന്ന് 2022 നവംബർ 27, 2023 ജനുവരി 21, എന്നീ തീയതികളിൽ യോഗം ചേർന്ന് വിശദമായി ചർച്ച ചെയ്തുവെങ്കിലും കൂലിവർദ്ധനവിന്റെ കാര്യത്തിൽ സമവായത്തിലെത്താൻ സാധിച്ചില്ല. ഈ വിഷയത്തിൽ ഒരു പരിഹാരം കാണുന്നതിന്റെ ഭാഗമായി 2023 മാർച്ച് 4-ന് തൊഴിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേരുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ ഈ വിഷയത്തിന് പരിഹാരം കാണുന്നതിന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(10) <u>കാലിത്തീറ്റയിൽനിന്നുണ്ടായ വിഷബാധ</u>

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കാലിത്തീറ്റയിൽനിന്നുണ്ടായ വിഷബാധയേറ്റ് പശുക്കൾക്ക് രോഗബാധയുണ്ടാകുകയും മരണപ്പെടുകയും ചെയ്ത ഗുരുതരമായ സ്ഥിതിവിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കോട്ടയം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കാലിത്തീറ്റ കഴിച്ചതിനെത്തുടർന്ന് വിഷബാധയേറ്റ് പശുക്കൾ മരണപ്പെടുകയുണ്ടായി. കോട്ടയം ജില്ലയിലെ

പാമ്പാടിയിലാണ് ഈ പ്രശ്നം ആദ്യം റിപ്പോർട്ട് ചെയ്യപ്പെട്ടത്. ഇതുസംബന്ധിച്ച് മീഡിയ വൺ ചാനലിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടപ്പോൾ മൃഗ സംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥതലത്തിൽ പരാതികൾ നൽകുകയും അന്വേഷണത്തിന് ആവശ്യപ്പെടുകയും ചെയ്തു. ക്ഷീര വികസന വകുപ്പ് ഏറ്റവും നല്ല കർഷകനായി ആദരിച്ച കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ശ്രീ. ജോബി ജോസഫ് വട്ടക്കേരി എന്ന ക്ഷീര കർഷകന്റെ പന്ത്രണ്ട് പശുക്കൾക്ക് പെട്ടെന്ന് രോഗം ബാധിക്കുകയും ഒരു പശു മരണപ്പെടുകയും ചെയ്തു. ബാക്കി പശുക്കളെല്ലാം ഇപ്പോൾ രോഗാവസ്ഥയിലാണ്. കെ.എസ്. കാലിത്തീറ്റ കമ്പനി വിതരണം ചെയ്ത കെ.എസ്. സുപ്രീം എന്ന കാലിത്തീറ്റ കഴിച്ചതിനെത്തുടർന്നാണ് ഇത്തരത്തിൽ രൂക്ഷമായ സാഹചര്യമുണ്ടായത്. ഫാമുകളിൽ നൂറ് ലിറ്റർ പാൽവരെ കുറയുകയുണ്ടായി. കൃഷിക്കാർ ഇപ്പോൾ വലിയ നഷ്ടത്തിലാണ്. ഇന്നലെ കോട്ടയം ജില്ലയിലെ പുന്നത്തുറയിൽ ഒരു പശു ഇതുപോലെ രോഗം ബാധിച്ച് മരണപ്പെട്ടു. ഇത്തരത്തിൽ നിരവധി പശുക്കൾ മരണപ്പെടുന്ന സാഹചര്യമുണ്ടായി. പശുക്കളുടെ മൃതദേഹം പോസ്റ്റ്മോർട്ടം നടത്തേണ്ട സന്ദർഭത്തിൽ വകുപ്പുകൾ തമ്മിൽ തർക്കമുൾപ്പെടെയുള്ള പ്രശ്നങ്ങളുണ്ടായി. ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രിക്ക് പരാതി

കൊടുത്തപ്പോൾ ബഹുമാനപ്പെട്ട മന്ത്രിയും ഓഫീസും ഈ വിഷയത്തിൽ കാര്യക്ഷമമായി ഇടപെട്ടത് കർഷകർക്ക് അനുഗ്രഹമായി. ഇത്തരത്തിൽ പ്രശ്നമുണ്ടായ സ്ഥലങ്ങളിലെല്ലാം മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർ ജാഗ്രതയോടുകൂടി കാര്യങ്ങൾ ചെയ്യുന്നതിന് മുന്നോട്ടുവന്നത് ആശ്വാസമാണ്. ഇക്കാര്യത്തിൽ സമയോചിതമായ ഇടപെടൽ നടത്തുന്നതിനായി വകുപ്പുമന്ത്രിയും സർക്കാരും ചെയ്ത നല്ല കാര്യങ്ങൾ ഞാൻ പ്രത്യേകം എടുത്തുപറയുകയാണ്. എന്നാൽ പ്രസ്തുത കമ്പനി ഈ കാലിത്തീറ്റ ഇപ്പോഴും വിതരണം ചെയ്യുന്നുവെന്നതാണ് നിലവിലെ വിഷയം. അടിയന്തരമായി ഈ കാലിത്തീറ്റ പിൻവലിക്കുന്നതിന് തയ്യാറാകണം. ക്ഷീര കർഷകർക്ക് സംരക്ഷണവും പ്രോത്സാഹനവും നൽകുന്നതിനുവേണ്ടി ഗവൺമെന്റും ജനപ്രതിനിധികളുമെല്ലാം ശ്രമിക്കുമ്പോഴാണ് ഇതുപോലെ നിരുത്തരവാദപരമായ പെരുമാറ്റമുണ്ടാകുന്നത്. ഒരു കുടുംബത്തിന്റെ ആശ്രയമാണ് പശു. ബഹുമാനപ്പെട്ട മന്ത്രിതന്നെ എല്ലാ യോഗങ്ങളിലും അക്കാര്യം പ്രത്യേകം എടുത്തുപറയുന്നത് ജനപ്രതിനിധികളെന്ന നിലയിൽ ഞങ്ങളെല്ലാം കേൾക്കുന്നതാണ്. കാലിത്തീറ്റയുടെ അന്യായമായ വിലവർദ്ധനവ് വലിയ പ്രതിഷേധമുണ്ടാക്കിയിരിക്കുകയാണ്. എന്നാൽ പാവപ്പെട്ട കർഷകർ അന്യായവില നൽകി വാങ്ങുന്ന കാലിത്തീറ്റ കഴിച്ച്

പശുക്കൾ രോഗാവസ്ഥയിലേയ്ക്കെത്തുകയാണ്. ഇതിൽ വലിയ വിഷദ്രാവകമടങ്ങിയിട്ടുള്ളതിനാലാണ് കുടലുരുകി ചാണകത്തിലൂടെയും ഗോമൂത്രത്തിലൂടെയും രക്തം വരുന്നത്. ഇത്തരത്തിൽ പശുക്കൾ രോഗംബാധിച്ച് വീഴുന്നത് തുടരുന്നതിനാൽ ഈ കാലിത്തീറ്റ പിൻവലിക്കാൻ തയ്യാറാകണം. ഈ വിഷയത്തിൽ ഗൗരവമായ അന്വേഷണം നടത്തണം. പലസ്ഥലങ്ങളിലും പ്രശ്നം വ്യാപകമായി തുടരുകയാണ്. പശുക്കൾ രോഗാവസ്ഥയിലാകുന്നതുകാരണം ക്ഷീര കർഷകർ പ്രതിസന്ധിയിലായിരിക്കുകയാണ്. മൃഗസംരക്ഷണ വകുപ്പിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിക്കൊണ്ട് ഇക്കാര്യം അന്വേഷിക്കണം. പശുക്കൾ മരണപ്പെടുകയും രോഗാവസ്ഥയിലായതുകാരണം പാൽ ഉത്പാദനം കുറയുകയും ചെയ്തിട്ടും കൃഷിക്കാർക്ക് നഷ്ടപരിഹാരം കൊടുക്കാൻ കഴിയുന്ന തരത്തിലുള്ള ഇടപെടൽ കമ്പനി ഇതുവരെ നടത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ നഷ്ടപരിഹാരം കൊടുക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് കർശനമായ ഇടപെടലുണ്ടാകണം. കർഷകർക്കുണ്ടായ ബുദ്ധിമുട്ടിൽ അവരെ സഹായിക്കാൻ കഴിയുന്ന വിധത്തിലുള്ള കാര്യക്ഷമമായ ഇടപെടലിന് ഗവൺമെന്റും മൃഗസംരക്ഷണ വകുപ്പും നേതൃത്വം നൽകണമെന്ന്

ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ശ്രീ. മോൻസ് ജോസഫ്, എം.എൽ.എ. ഉന്നയിച്ച സബ്മിഷൻ വളരെ പ്രധാനപ്പെട്ട ഒന്നാണ്. കേരളത്തെ സംബന്ധിച്ച് ഇത്തരത്തിലുള്ള ഒരു സാഹചര്യം ഇതിനുമുമ്പ് അധികം കേട്ടിട്ടില്ല. കോട്ടയം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ കാലിത്തീറ്റ കഴിച്ചതിനെത്തുടർന്ന് വിഷബാധയേറ്റ ഒരു പശു മരണപ്പെടുകയും നിരവധി പശുക്കൾക്ക് രോഗബാധയുണ്ടാകുകയും ചെയ്തു. കോട്ടയം ജില്ലയിലെ ആർപ്പൂക്കര, കൊഴുവനാൽ ഉൾപ്പെടെയുള്ള പതിനൊന്നോളം ഗ്രാമപഞ്ചായത്തുകളിലാണ് രോഗബാധയുണ്ടായത്. 2023 ഫെബ്രുവരി 1-ാം തീയതി ചീഫ് വെറ്ററിനറി ഓഫീസറുടെ നേതൃത്വത്തിൽ എപ്പിഡമിയോളജിസ്റ്റ്, ലാബ് ഓഫീസർ എന്നിവരടങ്ങിയ വിദഗ്ദ്ധ സംഘം കന്നുകാലികൾക്ക് കാലിത്തീറ്റമൂലമുണ്ടായ ഭക്ഷ്യവിഷബാധയുടെ ചികിത്സാ പുരോഗതിയുടെ വിലയിരുത്തൽ നടത്തിയിരുന്നു. അസുഖംമൂലം പശുക്കൾ മരണപ്പെടുകയും രണ്ട് പശുക്കളുടെ ഗർഭമലസുകയും ചെയ്തു. കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മുളക്കുളം

പഞ്ചായത്തിലെ പൂഴിക്കോൽകരയിൽ ശ്രീ. ജോബി ജോസഫ് വട്ടക്കേരി എന്ന ക്ഷീര കർഷകന്റെ ഫാമിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഡിസീസിലെ ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ, കോട്ടയം ജില്ലാ മൃഗസംരക്ഷണ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ വെറ്ററിനറി ഡോക്ടർമാരുടെ സംഘം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുകയും ഫാമിലുണ്ടായിരുന്ന ശേഷിച്ച പശുക്കളുടെയും രണ്ട് പശുക്കിടാങ്ങളുടെയും രോഗാവസ്ഥ മാറി ആരോഗ്യം വീണ്ടെടുത്ത് വരുന്നതായും പാലുൽപ്പാദനം മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും പൂർവ്വസ്ഥിതിയിലായിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിരിക്കുകയുമാണ്. രാത്രികാല മൃഗ ചികിത്സാ ഡോക്ടർമാർക്ക് നിലവിലെ സാഹചര്യവുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും നൽകിയിട്ടുണ്ട്. എല്ലാവരും മുഴുവൻ സമയവും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്ഥിതിയാണ് കാണാൻ കഴിയുന്നത്. കോട്ടയം ജില്ലയിലെ പതിനൊന്ന് പഞ്ചായത്തുകളിൽ ലഭ്യമായിരിക്കുന്ന കണക്കനുസരിച്ച്, 23 കർഷകർക്കായി ഏകദേശം 104 കന്നുകാലികളെയാണ് രോഗം ബാധിച്ചത്. ഇന്നലെവരെയുള്ള കണക്കനുസരിച്ച്, എറണാകുളത്ത് 137-ഉം കോട്ടയത്ത് 245-ഉം ഇടുക്കിയിൽ 193-ഉം ആലപ്പുഴയിൽ 63-ഉം കൊല്ലത്ത് 19-മുൾപ്പെടെ ആകെ 657 പശുക്കൾക്കാണ് രോഗം ബാധിച്ചത്. എറണാകുളം - 1,

കോട്ടയം - 1, ഇടുക്കി - 4, ആലപ്പുഴ - 2 എന്നിങ്ങനെ 8 പശുക്കളാണ് ഇന്നലെവരെയുള്ള കണക്കുകൾപ്രകാരം മരണപ്പെട്ടത്. കെ.എസ്. കാലിത്തീറ്റ കഴിച്ച് പശുക്കൾ അവശനിലയിലായി എന്നാണ് കർഷകർ അറിയിച്ചിരിക്കുന്നത്. ശ്രീ. ജോബി ജോസഫ് വട്ടക്കേരിയുടെ ഫാമിൽ വളർത്തിയിരുന്ന 12 പശുക്കളിൽ ഒരെണ്ണം കെ.എസ്. സുപ്രീം കാലിത്തീറ്റ കഴിച്ചതിനെ തുടർന്ന് 01-02-2023-ന് മരണപ്പെട്ടതായി അന്നേദിവസം 3 മണിക്ക് കടുത്തുരുത്തി പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ IPC 429-ാം വകുപ്പുപ്രകാരം 207/2023 ആയി അന്നേദിവസംതന്നെ കേസ് രജിസ്റ്റർ ചെയ്യുകയും തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. പശുവിന്റെ മൃതശരീരം പോസ്റ്റ്മോർട്ടം നടത്തുന്നതിന് മുളക്കുളം ഗവൺമെന്റ് വെറ്ററിനറി സർജന് കടുത്തുരുത്തി പോലീസ് അപേക്ഷ നൽകുകയും പോസ്റ്റ്മോർട്ടം നടത്തുകയും ചെയ്തിട്ടുണ്ട്. വെറ്ററിനറി സർജൻ ശേഖരിച്ചുനൽകിയ സാമ്പിളുകൾ തിരുവനന്തപുരം കെമിക്കൽ ലബോറട്ടറിയിൽ പരിശോധനയ്ക്കയച്ച് പ്രസ്തുത കേസ്സിൽ തുടരന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത ഉരുക്കൾക്ക് ക്ഷീരവികസന വകുപ്പ് ആശ്വാസ ധനസഹായമായി കണ്ടിജൻസി ഫണ്ടിൽനിന്നും 15,000/- രൂപ കർഷകന്

അനുവദിക്കാറുണ്ട്. മരണപ്പെട്ട പശുക്കളുടെ ഉടമസ്ഥർക്ക് നിലവിലെ സാഹചര്യത്തിൽ പ്രസ്തുത തുക മാത്രമേ നൽകാൻ സാധിക്കുകയുള്ളൂ. കേരളത്തിൽ വിൽക്കപ്പെടുന്ന കെ.എസ്. കാലിത്തീറ്റയുടെ ഗുണനിലവാരം കർശനമായി പരിശോധിച്ച് നടപടിയെടുക്കുവാനുള്ള എല്ലാ സംവിധാനങ്ങളുമുണ്ടാകും. പരിശോധനകളുടെ റിസൾട്ട് ലഭിച്ചിട്ടില്ല. കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കൊണ്ടുവന്ന കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണമിശ്രിതം (ഉൽപാദനവും വിൽപനയും നിയന്ത്രിക്കൽ) ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയിലാണ്. കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെയുള്ളവർ അതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ബിൽ എത്രയുംപെട്ടെന്ന് നിയമസഭയിൽ അവതരിപ്പിക്കും. എല്ലാ ടെസ്റ്റുകളുടെയും റിസൾട്ട് ലഭിക്കുന്ന മുറയ്ക്ക് അടുത്ത നടപടിയിലേയ്ക്ക് പോകും. കർശന നിലപാടുകളാണ് മൃഗസംരക്ഷണ വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്.

**12.12 p.m]**

## VIII റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഒമ്പതാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ ഒമ്പതാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

## IX റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഒമ്പതാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ ഒമ്പതാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ ഒമ്പതാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## X. പ്രസ്താവന

പ്രതിപക്ഷ മെമ്പർമാരുടെ സത്യാഗ്രഹ സമരം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇതുവരെ വരാത്തതരത്തിലുള്ള ഏറ്റവും മോശമായൊരു

ബഡ്ജറ്റാണ് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. മഹാമാരി, പ്രളയം എന്നിങ്ങനെയുള്ള പ്രതിസന്ധികൾകൊണ്ട് തകർന്നിരിക്കുന്ന കേരളത്തിലെ ജനങ്ങളുടെമീതെ ഇടിത്തീപോലെ പെയ്തിറങ്ങുന്ന മറ്റൊരു മഹാദുരന്തമായി ഈ ബഡ്ജറ്റ് മാറുകയാണ്. ബഡ്ജറ്റിലെ നേരിട്ടുള്ള നികുതി നിർദ്ദേശങ്ങൾ 3,000 കോടി രൂപ, പരോക്ഷ നികുതി നിർദ്ദേശങ്ങൾ 1,000 കോടി രൂപ എന്നിങ്ങനെ 4,000 കോടി രൂപയുടെ അധികബാദ്ധ്യത കേരളത്തിലെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചിരിക്കുകയാണ്. അശാസ്ത്രീയമായ ഈ നികുതി നിർദ്ദേശങ്ങൾ കേരളത്തിന്റെ സമ്പദ്വ്യവസ്ഥയെ താളംതെറ്റിക്കാൻ പോകുകയാണ്. കേരളത്തിന്റെ ജനജീവിതത്തെയും ഇത് ഗൗരവമായി ബാധിക്കും. അതുകൊണ്ട് ഈ സഭയ്ക്കകത്ത് ഞങ്ങളൊരു പ്രതിഷേധ സമര പരിപാടിക്ക് തുടക്കം കുറിക്കുകയാണ്. സർക്കാരിന്റെ അശാസ്ത്രീയവും അന്യായവുമായ നികുതി നിർദ്ദേശങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, നജീബ് കാന്തപുരം, സി. ആർ. മഹേഷ്, ഡോ. മാത്യു കുഴൽനാടൻ എന്നീ നാല് എം.എൽ.എ.-മാർ ഈ സഭാകവാടത്തിനുമുന്നിൽ ഇന്നുമുതൽ സത്യാഗ്രഹ സമരം ആരംഭിക്കുകയാണെന്നകാര്യം അങ്ങയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്.

(സഭാകവാടത്തിൽ സത്യാഗ്രഹ സമരം ആരംഭിക്കുന്ന അംഗങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോയി.)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സാധാരണഗതിയിൽ ബഡ്ജറ്റ് ചർച്ചയുടെ അവസാനമാണ് അതുസംബന്ധിച്ചുള്ള അഭിപ്രായങ്ങൾ ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ബഡ്ജറ്റ് അവതരിപ്പിച്ച മന്ത്രി പറയുന്നത്. പക്ഷേ സാധാരണയിൽനിന്ന് വ്യത്യസ്തമായി ചർച്ച ആരംഭിക്കുന്ന സമയത്തുതന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇങ്ങനെയൊരഭിപ്രായം പറഞ്ഞതുകൊണ്ട് അതുസംബന്ധിച്ചുള്ള കാര്യങ്ങൾ പറയുകയാണ്. ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾ വളരെയേറെ അധികമാണെന്നാണ് അദ്ദേഹം പറഞ്ഞത്. എന്നാൽ ഈ സമയത്ത് കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടുകളെക്കുറിച്ചൊന്നും അദ്ദേഹം പറഞ്ഞതുമില്ല. കേന്ദ്രഗവൺമെന്റിന്റെ നടപടിക്രമമനുസരിച്ച് വലിയതോതിൽ സെസ്സും ടാക്സും ഏർപ്പെടുത്തുന്നുവെന്നത് ഒരു വസ്തുതയാണ്. അതോടൊപ്പം സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന്റെ തലേദിവസം അവതരിപ്പിച്ച കേന്ദ്രബഡ്ജറ്റിൽ കേരളത്തിന് ലഭിക്കേണ്ട 2700-ലധികം കോടി രൂപ

വെട്ടിക്കുറയ്ക്കുകയും മൂന്ന് മാസക്കാലത്തേയ്ക്കായി ബോറോയിംഗ് പരിധി 937 കോടി രൂപ മാത്രമായി നിജപ്പെടുത്തുകയും ചെയ്തു. നികുതി സംബന്ധിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ഒരു കാഴ്ചപ്പാടുണ്ട്. നികുതി പാടില്ലായെന്നൊരു സമീപനം സ്വീകരിക്കാൻ ഒരിക്കലും ഒരു ഗവൺമെന്റിനും കഴിയില്ല. നികുതി വേണ്ട എന്ന് പറയാൻ ഗവൺമെന്റിന് സാധിക്കുമോ? ഒരു കാര്യംമാത്രം അദ്ദേഹത്തിന്റെ ഓർമ്മയിലേയ്ക്കുവേണ്ടി പറയുകയാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 2011 മുതൽ നിരവധി പ്രാവശ്യം നികുതി വർദ്ധിപ്പിച്ചു. 2014-ൽ 21 ശതമാനമാക്കി വർദ്ധിപ്പിച്ച നികുതി ആ വർഷംതന്നെ 22 ശതമാനമാക്കുകയും ചെയ്തു. 2015-ൽ അത് 23.1 ശതമാനമാക്കി വർദ്ധിപ്പിച്ചു. ആ വർഷംതന്നെ 23.23 ശതമാനമായി ഡീസലിന്റെ വില വർദ്ധിപ്പിച്ചു. അവസാനം 2016-ൽ 24.52 ശതമാനമായി ഡീസലിന്റെ വില വർദ്ധിപ്പിക്കുകയും ചെയ്തു. എന്നാൽ പിണറായി വിജയൻ സർക്കാർ 01-06-2018-ൽ 22.76 ശതമാനമായി നികുതി കുറച്ചതിനുശേഷം ഇതുവരെ വർദ്ധനവ് വരുത്തിയിട്ടില്ല. യു.ഡി.എഫ്.-ന്റെ കാലത്ത് 2011 മുതൽ 2015 വരെ 17 തവണയാണ് പെട്രോളിന്റെ നികുതി വർദ്ധിപ്പിച്ചത്. അത് 24 ശതമാനത്തിൽനിന്ന് 31.8 ശതമാനമായി വർദ്ധിപ്പിച്ചു. യു.ഡി.എഫ്.-ന്റെ കാലത്തെ പെട്രോളിന്റെ വിലനിലവാര കണക്ക് എന്റെ

കൈവശമുണ്ട്. സത്യാഗ്രഹ സമരത്തിലിരിക്കുന്ന അംഗങ്ങൾ അതൊന്ന് വായിച്ചുനോക്കുന്നത് നല്ലതാണ്. 01-06-2018-ൽ പിണറായി വിജയൻ ഗവൺമെന്റ് പെട്രോളിന്റെ നികുതി 30.08 ശതമാനമായി കുറച്ചതിനുശേഷം വർദ്ധിപ്പിച്ചിട്ടേയില്ല. കേരളത്തിന്റെ വികസനത്തിനുവേണ്ടി പരിമിതമായ ചില നികുതികൾ വർദ്ധിപ്പിക്കേണ്ടിവരുമെന്നതിനാലാണ് ഞാൻ ഇക്കാര്യം സൂചിപ്പിച്ചത്. ഒരു ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ കേരളത്തിന്റെ താത്പര്യം കണക്കിലെടുത്ത് ആവശ്യമായ മിനിമം വരുമാനമെങ്കിലും ലഭിക്കുന്നതിനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുമ്പോൾ റിസ്കുണ്ടാകും. പക്ഷേ പേരുദോഷം കേൾക്കുമെന്നുപറഞ്ഞ് അങ്ങനെ ചെയ്യാതെ വ്യക്തിപരമായി കയ്യടി വാങ്ങിച്ച് ഈ സഭയിൽനിന്ന് പോകാനല്ല സർക്കാർ ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ താത്പര്യമാണ് മുന്നോട്ടുവച്ചത്.

കേന്ദ്രഗവൺമെന്റ് ഈടാക്കുന്ന പെട്രോളിന്റെയും ഡീസലിന്റെയും ടാക്സ് സംബന്ധിച്ച കണക്ക് എന്റെ കൈവശമുണ്ട്. ഒരു ലിറ്റർ പെട്രോളിൽനിന്നും സ്പെഷ്യൽ അഡീഷണൽ എക്സൈസ് ഡ്യൂട്ടിയായി 12 രൂപയും അഡീഷണൽ എക്സൈസ് ഡ്യൂട്ടിയായി റോഡ് ഇൻഫ്രാസ്ട്രക്ച്ചറിന് 18 രൂപയും പിരിക്കുന്നുണ്ട്. അതുപ്രകാരം കേരളത്തിൽ വിൽക്കുന്ന ഓരോ ലിറ്റർ പെട്രോളിൽനിന്ന് മുപ്പത് രൂപയും ഡീസലിൽനിന്ന് 27 രൂപയും സെസ്സ്/

സർചാർജ്ജ് ഇനത്തിൽ ഈടാക്കുന്നുണ്ട്. യഥാർത്ഥത്തിൽ അങ്ങനെ പിരിക്കാൻ കേന്ദ്രസർക്കാരിന് അവകാശമില്ല. കേന്ദ്ര ഗവൺമെന്റിന്റെമാത്രം അവകാശമല്ല സംസ്ഥാനത്തിന്റെ പെട്രോൾ നികുതി. എന്നാൽ അങ്ങനെ പിരിച്ചുകൊണ്ടുപോകുന്നതിനോ കഴിഞ്ഞ ദിവസം കേന്ദ്രബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ സംസ്ഥാനത്തിനടക്കം വലിയതോതിൽ വിഹിതം വെട്ടിക്കുറച്ചതിനോ പ്രതിപക്ഷത്തിന് ഒരു പ്രതിഷേധവുമില്ല. പകരം സംസ്ഥാന ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളൊക്കെ തടയാനാണ് ശ്രമിക്കുന്നത്. സാമൂഹികക്ഷേമ പ്രവർത്തനങ്ങളും വികസനകാര്യങ്ങളും നടത്തുന്നതും ശമ്പളവും പെൻഷനും നൽകുന്നതും സാധിക്കുമെങ്കിൽ തടയണമെന്ന തരത്തിലുള്ള പ്രതിപക്ഷത്തിന്റെ കാഴ്ചപ്പാട് അങ്ങേയറ്റം ദൗർഭാഗ്യകരവും കേരളത്തിന്റെ താൽപ്പര്യത്തിനെതിരുമാണ്. പ്രതിപക്ഷം ബി.ജെ.പി.യുടെ സാമ്പത്തിക നയങ്ങളെ സപ്പോർട്ട് ചെയ്യുന്ന സമീപനമെടുത്തതുകൊണ്ടാണ് ഞാൻ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, സഭാകവാടത്തിനുമുന്നിൽ സത്യാഗ്രഹമിരിക്കുമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസ്താവിച്ചുവെങ്കിലും അത് നിരാഹാര സത്യാഗ്രഹമാണോ സാധാരണ സത്യാഗ്രഹമാണോ എന്ന് വ്യക്തമാക്കിയിട്ടില്ല.

(സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ തിരികെ ഹാജരായി)

**12.20 p.m]**

## XI ധനകാര്യം

### 2023-2024 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. ചിറ്റയം ഗോപകുമാർ): സർ, 2023-24 സാമ്പത്തിക വർഷത്തേയ്ക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പൂർണ്ണമായി അനുകൂലിക്കുകയാണ്. ചർച്ച തുടങ്ങുന്നതിനുമുമ്പുതന്നെ പ്രതിപക്ഷം സമരം പ്രഖ്യാപിച്ചതുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുകൊണ്ട് ആവർത്തിക്കുന്നില്ല. കേരളത്തിന്റെ വികസനത്തിനും ക്ഷേമത്തിനുംവേണ്ടിയുള്ള ബഡ്ജറ്റാണ് ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത്. 1956-ൽ സി. അച്യുതമേനോൻ പുറത്തിറക്കിയ ഒരു ചെറുപുസ്തകമാണ് 1957-ലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തെരഞ്ഞെടുപ്പ് പ്രകടനപത്രികയായത്. "Towards a More Prosperous and Plentiful Kerala" എന്ന ശീർഷകത്തിലായിരുന്ന ആ ലഘുലേഖയിറങ്ങിയത്. അദ്ദേഹത്തോടൊപ്പം ഡോ. കെ. എൻ. രാജ്-ഉം ചേർന്നാണ് കേരള മോഡലിന്റെ പ്രാക്‌രൂപം തയ്യാറാക്കിയത്. കൂടുതൽ ഉൽപ്പാദനം, കൂടുതൽ

സമൃദ്ധി എന്നീ രണ്ട് കാര്യങ്ങൾക്കായിരുന്നു സി. അച്യുതമേനോന്റെ കുറിപ്പിൽ ഊന്നൽ നൽകിയിരുന്നത്. അതായത് ഉൽപ്പാദനത്തിലും വിതരണത്തിലും തുല്യമായ ഊന്നൽ നൽകി വികസനത്തിന്റെ ഭാഗത്ത് പ്രാധാന്യമുണ്ടാകണമെന്ന് അദ്ദേഹം പ്രത്യേകമായി സൂചിപ്പിച്ചു. ആരോഗ്യം, വിദ്യാഭ്യാസം എന്നിവയായിരുന്നു പ്രാധാന്യം കൊടുത്ത മറ്റ് രണ്ടുകാര്യങ്ങൾ. ഇന്നത്തെ ഭേദപ്പെട്ട പൊതുആരോഗ്യ സംവിധാനത്തിന്റെ അടിസ്ഥാനപ്രമാണം അദ്ദേഹത്തിന്റെ ആ പുസ്തകമായിരുന്നു. ഈ ബഡ്ജറ്റിന്റെ പുറംചട്ടയ്ക്ക് കോൺസ്റ്റാന്റിൻ ബ്രൻകുഷ് എന്ന റൊമാനിയൻ ശിൽപ്പിയുടെ 'ബഹിരാകാശ പക്ഷി' (Bird in Space) എന്ന അമൂർത്ത ശിൽപ്പത്തിന്റെ ചിത്രം നൽകിയത് ബോധപൂർവ്വമാണോ അവിചാരിതമാണോയെന്നറിയില്ല. പരിമിതികളെ അതിജീവിച്ചും ഭൗതിക ലോകത്തിന്റെ അതിരുകളെ ഭേദിച്ചും പുറത്തുകടക്കാനുള്ള ഒരു പക്ഷിയുടെ അദമ്യമായ ശ്രമമാണ് ഈ ശിൽപ്പത്തിലൂടെ പ്രതീകാത്മകമായി ശിൽപ്പി ചിത്രീകരിച്ചത്. ബഡ്ജറ്റിന്റെ ആമുഖവരികളിലൂടെ കടന്നുപോകുമ്പോൾ ഇതിന്റെ മുഖചിത്രം സാന്ദർഭികമായി തികച്ചും പ്രസക്തമാണെന്ന് കാണുന്നു. നോട്ട് നിരോധനം, അശാസ്ത്രീയമായ ജി.എസ്.ടി. നടപ്പാക്കൽ, ഓഖി ദുരന്തം, പ്രളയത്തുടർച്ച, കോവിഡ് മഹാവ്യാധി, യുദ്ധം, വിലക്കയറ്റം തുടങ്ങി

ഒന്നിനുപുറകെ മറ്റൊന്നെന്ന മട്ടിൽ നമ്മെ ഗ്രസിച്ച ദുരന്തപർവ്വങ്ങളെയാകെ മറികടന്ന് അതിജീവനത്തിന്റെയും വീണ്ടെടുപ്പിന്റെയും സ്വപ്നം സത്യമാക്കിയ ഈ ബഡ്ജറ്റ് തീർച്ചയായും നമ്മുടെ പ്രതീക്ഷകളെ യാഥാർത്ഥ്യത്തിലേയ്ക്ക് നയിക്കുന്നതായി കാണാം. സാഹചര്യങ്ങളെയാണ് നാം അതിജീവിച്ച് മുന്നോട്ടുപോകുന്നത്. എല്ലാ പ്രതിബന്ധങ്ങളെയും മറികടന്ന് കേരളത്തിലെ ജനങ്ങൾക്ക് പ്രശാന്തസുന്ദരമായ ഒരു ജീവിതം കെട്ടിപ്പടുക്കുന്നതിനാണ് ബഡ്ജറ്റിലൂടെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രമിച്ചത്. "അന്യമായ തുണയില്ലെങ്കിലെന്ത്, തന്നിലുള്ള ശക്തി ഇല്ലാതാകാതിരുന്നാൽപ്പോരെ" എന്ന് രബീന്ദ്രനാഥ് ടാഗോർ 'ഗീതാഞ്ജലി' എന്ന കൃതിയിൽ ചോദിക്കുന്നുണ്ട്. അതാണ് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഈ ബഡ്ജറ്റിലൂടെ പ്രകടിപ്പിച്ചിട്ടുള്ളത്.

'മേക്ക് ഇൻ കേരള' പദ്ധതിയുമായി ബന്ധപ്പെട്ട് ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി പരാമർശിച്ച ശ്രീ. സി. ബാലഗോപാലിന്റെ 'ബിലോ ദി റഡാർ' എന്ന പുസ്തകം കേവലം വ്യവസായ സംരംഭകനായ ഒരു റിട്ടയേർഡ് ഐ.എ.എസ്. ഉദ്യോഗസ്ഥന്റെ മനസ്സിലെ ഭാവനാചിത്രമല്ല നമ്മുടെ മുമ്പിൽ വരച്ചുകാട്ടുന്നത്; മറിച്ച് അന്തർദ്ദേശീയ തലത്തിൽ അറിയപ്പെടുന്ന ശ്രദ്ധേയനായ ഒരു സംരംഭകന്റെ മൂന്ന് പതിറ്റാണ്ട് കാലത്തെ കേരളത്തിലെ

വ്യവസായ അനുഭവത്തെപ്പറ്റിയുള്ള നേർക്കാഴ്ചകളായിരുന്നു. നല്ല വാർത്തകളേറെയുണ്ടായിട്ടും അവയൊന്നും നന്നായി ചർച്ച ചെയ്യപ്പെടുന്നില്ലെന്നുള്ള ധനകാര്യ വകുപ്പുമന്ത്രിയുടെ അഭിപ്രായത്തോട് ഞാനും യോജിക്കുന്നു. കേരളത്തെ 'കമ്മ്യൂണിസ്റ്റ് കേരളം' എന്ന് പരാമർശിച്ച് വ്യാവസായിക ലോകത്തുനിന്നും ഒറ്റപ്പെടുത്തി നിർത്തുന്നതിന് ഗൂഢലാക്കോടെ തുടങ്ങിയ പരിശ്രമം ഇന്നും തുടരുന്നുവെന്നത് നമുക്ക് കാണാം. ഇത്തരത്തിലുള്ള ക്ലീഷേകളും അപവാദങ്ങളും ആധിപത്യം പുലർത്തുന്ന ഈ വിഷയത്തിൽ യഥാർത്ഥ ചിന്തയും ചർച്ചയുമുണർത്തുകയെന്നതാണ് തന്റെ കൃതികളുടെ ഉദ്ദേശ്യമെന്നും ശ്രീ. സി. ബാലഗോപാൽ പറയുന്നു. ആഗോളതലത്തിൽ ശ്രദ്ധേയമായ അൻപത് പ്രമുഖ വ്യവസായ സംരംഭകരുടെ അനുഭവങ്ങളെയും കൂട്ടിച്ചേർത്ത് കേരളത്തിന്റെ ഇക്കോ സിസ്റ്റം ഹൈടെക് നിർമ്മാണ വ്യവസായങ്ങളെ അനുകൂലമായി പരിപോഷിപ്പിക്കുന്നുവെന്ന തന്റെ വാദത്തെ അദ്ദേഹം അടിവരയിട്ടുറപ്പിക്കുന്നു. 1970-കളിൽ കെൽട്രോൺ സ്ഥാപിച്ചുകൊണ്ട് ആധുനിക വ്യവസായത്തിന് അടിത്തറ സൃഷ്ടിച്ച സി. അച്യുതമേനോന്റെ ദീർഘവീക്ഷണത്തോടെയുള്ള നയങ്ങളാണ് സംസ്ഥാനത്തിന്റെ സാക്ഷരതയ്ക്കും ആരോഗ്യ രംഗത്തെ ശ്രദ്ധേയമായ പുരോഗതിക്കും വ്യവസായ

ഉൽപ്പാദനത്തിന്റെ വളർച്ചയും സാഹചര്യമൊരുക്കിയത്. സി. അച്യുതമേനോനാണ് സംസ്ഥാനത്ത് സാങ്കേതിക വൈദഗ്ധ്യമുള്ള മനുഷ്യശക്തിയുടെ അടിത്തറ സൃഷ്ടിച്ചതെന്ന് അഭിമാനത്തോടെ പറയാൻ കഴിയും. "ബിലോ ദി റഡാർ" എന്ന വായനാനുഭവത്തിന്റെ അവസാനം ഏതൊരു സംരംഭകന്റെയും മനസ്സിലെത്തുന്ന ആശയം "Below the red, we are quite safe" എന്നാകും. ഈ നാട്ടിൽ ചുവപ്പിന്റെ കീഴിൽ/തണലിൽ ഞങ്ങൾ തികച്ചും സുരക്ഷിതരാണെന്ന കാര്യത്തിൽ സംശയമില്ല. ഇതേ ആശയം തന്നെയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ബഡ്ജറ്റിലൂടെ ജനങ്ങളുടെ മനസ്സിലുമെത്തിച്ചേർന്നത്.

കേരളത്തെ വല്ലാതെ ഞെക്കിഞെരുക്കി കൊല്ലാൻവേണ്ടി കേന്ദ്രസർക്കാർ ക്രോധത്തോടെ നിൽക്കുന്ന അന്തരീക്ഷത്തിലാണ് ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചത്. കിഫ്ബി, കേരള സ്റ്റേറ്റ് സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി തുടങ്ങി ബഡ്ജറ്റിന് പുറത്ത് ധനം സമാഹരിക്കുന്ന സ്ഥാപനങ്ങളുടെ ബാദ്ധ്യതയെ സംസ്ഥാന സർക്കാരിന്റെ ബാദ്ധ്യതയായി പരിഗണിക്കുമെന്ന കേന്ദ്രനിലപാട് നമ്മുടെ കടമെടുക്കാനുള്ള ശേഷിയെ പരിമിതപ്പെടുത്തുകയാണ്. കേരളത്തിന്റെ സാമ്പത്തികസ്ഥിതി മോശമാകാതിരിക്കാനാണ് ധനകാര്യ വകുപ്പുമന്ത്രി പുതിയ നികുതി നിർദ്ദേശങ്ങൾ അവതരിപ്പിച്ചത്. കേന്ദ്ര സർക്കാർ

നികുതി വർദ്ധിപ്പിച്ച് മുഴുവൻ തുകയും കയ്യടക്കി കേരളത്തിന് അർഹമായ വിഹിതംപോലും നിഷേധിക്കുന്ന അവസരത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തതുപോലെ ക്ഷേമപെൻഷൻ ഉൾപ്പെടെയുള്ളവ കുടിശ്ശികയാക്കണോ; അതോ പരിമിതമായ വിഭവസമാഹരണത്തിലൂടെ ജനങ്ങളുടെ ക്ഷേമവും നാടിന്റെ വികസനവും നടപ്പാക്കണോ എന്നതിന്റെ ഉത്തരമാണ് എൽ.ഡി.എഫ്. സർക്കാർ ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവച്ചിട്ടുള്ളത്. ഈ യാഥാർത്ഥ്യം കാണാതെയാണ് ബഡ്ജറ്റിനെതിരെ ചിലർ ഉറഞ്ഞുതുള്ളുന്നത്. സംസ്ഥാനത്തിന് ലഭിക്കേണ്ട സഹായം ഓരോന്നായി നിഷേധിക്കുമ്പോൾ കേരളത്തിന് മറ്റെന്ത് മാർഗ്ഗമാണുള്ളതെന്നത് വിമർശകർ ചിന്തിക്കണ്ടേ? നമുക്കുള്ള വിഹിതം നൽകാതെ പരമാവധി ഞെക്കിഞെരുക്കിയില്ലാതാക്കാനാണ് കേന്ദ്രസർക്കാർ പരിശ്രമിക്കുന്നത്. നികുതി വരുമാനത്തിൽ കേരളത്തിന് കേവലം 1.9 ശതമാനം മാത്രമാണ് കേന്ദ്ര ബഡ്ജറ്റിലൂടെ ലഭിച്ചത്. ഉത്തർപ്രദേശിന് 18 ശതമാനമാണ് നൽകിയത്. ജനസംഖ്യാനുപാതത്തിൽ കേരളത്തേക്കാൾ കുറവുള്ള ഛത്തീസ്ഗഢിന് 3.4 ശതമാനവും ആസാമിന് 3.1 ശതമാനവും ഒഡീഷയ്ക്ക് 4.5 ശതമാനവും നൽകിയതിൽനിന്നും കേന്ദ്രസർക്കാരിന് കേരളത്തിനോട് ക്രൂരമായ അവഗണനയാണുള്ളതെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ

വാക്കുകളോട് ഞാൻ പൂർണ്ണമായി യോജിക്കുകയാണ്. നികുതി വരുമാനം 3.9 ശതമാനത്തിൽനിന്ന് 1.9 ശതമാനത്തിലേയ്ക്ക് കുറച്ചുകുത്തിയപ്പോൾ കേരളത്തിലെ ജനങ്ങൾക്ക് നഷ്ടമായത് 15,000 കോടി രൂപയാണ്. റവന്യൂ കമ്മി ഗ്രാന്റിനത്തിൽ കേരളത്തിന്റെ നഷ്ടം 6,700 കോടി രൂപയാണ്. മറ്റൊരു 12,000 കോടി രൂപയും കേരളത്തിന് നഷ്ടമായി. ആവശ്യമുള്ളതുപോയിട്ട് അർഹമായതുപോലും കേരളത്തിന് നൽകുന്നില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആവർത്തിച്ച് പറയുന്നത് സത്യമല്ലേ? ജി.എസ്.ടി. വിഹിതം കൂട്ടലും ജി.എസ്.ടി. നഷ്ടപരിഹാരം നീട്ടലും പ്രവാസി പാക്കേജും പട്ടിണി പാവങ്ങളുടെ ജോലിയുമടക്കമുള്ള സംസ്ഥാനത്തിന്റെ എല്ലാ ആവശ്യങ്ങളും ബഡ്ജറ്റിൽ ഭയരഹിതം നിരാകരിക്കപ്പെട്ടുവെങ്കിൽ കേന്ദ്ര അവഗണനയെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ വാക്കുകൾക്ക് ഏറെ പ്രസക്തിയുണ്ട്. വെള്ളമില്ലാതെ വരണ്ടുകീറിയ മണ്ണുകണ്ട് കർണ്ണാടക സംസ്ഥാനത്തിന് സഹസ്രകോടി സ്നേഹപൂർവ്വം നൽകുമ്പോൾ കേരളത്തിനും ഒരു കഷ്ടകാലമുണ്ടായിരുന്നുവെന്നത് ഓർക്കണം. കഴുത്തറ്റം വെള്ളത്തിൽ മുങ്ങി, നിലയില്ലാ കയത്തിൽ മുങ്ങിപ്പോകാതിരിക്കാൻ നമ്മൾ കഷ്ടപ്പെട്ട സമയത്ത് കേന്ദ്രസർക്കാർ നൽകിയ അരിക്ക് പണം ഈടാക്കരുതെന്ന് നമ്മൾ പ്രധാനമന്ത്രിയോട് കരഞ്ഞുപറഞ്ഞിട്ടും അത് തിരിച്ചുപിടിക്കാനാണ്

ബി.ജെ.പി. സർക്കാർ ശ്രമിച്ചത്. ജനവിരുദ്ധനായ മുഖ്യമന്ത്രിയെന്ന മുദ്രാവാക്യം വിളിച്ചുകൊണ്ട് കരിങ്കൊടിയുമായി ഇറങ്ങുന്നതിനുമുമ്പും പിടിച്ചുപറിയെന്ന് ധനകാര്യ വകുപ്പുമന്ത്രിയെ കുറ്റംപറഞ്ഞ് കോലം കത്തിക്കാനിറങ്ങുന്നതിനുമുമ്പും "കേന്ദ്ര സർക്കാരിന് കേരളത്തിനോട് ഇത്ര പകയെന്ത് " എന്നതാണ് പ്രതിപക്ഷം ആർജ്ജവത്തോടെ ചോദിക്കേണ്ട ചോദ്യം; പക്ഷേ അവരത് ചോദിക്കില്ല; അവർ ഇപ്പോഴും പഴയ അമ്മായിയമ്മമാരെപ്പോലെയാണ് പെരുമാറുന്നത്. മകൻ ചത്താലും വേണ്ടില്ല മരുമകളുടെ കണ്ണീരുകണ്ടാൽ മതിയെന്ന സമീപനമാണ് യു.ഡി.എഫ്. സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തെ ബി.ജെ.പി. ഗവൺമെന്റ് ശ്വാസംമുട്ടിച്ച് കൊല്ലുമ്പോഴും കേരളത്തിലെ ജനങ്ങളെ രക്ഷിക്കാൻവേണ്ടി പരിശ്രമിക്കുന്ന എൽ.ഡി.എഫ്.-നെ തകർക്കുകയെന്ന ലക്ഷ്യമാണ് യു.ഡി.എഫ്.-നുള്ളത്. ബഡ്ജറ്റിനെതിരെ ചിലർ കണ്ണടച്ചുനടത്തിയ വിമർശനങ്ങളുമുണ്ട്. പക്ഷപാതമെന്നതിന് സമീപകാല ചരിത്രത്തിൽ എത്രയോ തെളിവുണ്ട്. സംസ്ഥാനത്തെ സാഹചര്യം മനസ്സിലാക്കിയോ ഭാവിയെ കണ്ടുള്ള ബഡ്ജറ്റിലെ നിർദ്ദേശങ്ങളെ തിരിച്ചറിഞ്ഞോ അല്ല പലരും ബഡ്ജറ്റിനെ വിലയിരുത്തിയത്. 'ഷോക്ക്, അടിയോടടി, തലയ്ക്കടി, പകൽക്കൊള്ള, വഴിയാധാരം, ഊറ്റിപ്പിഴിഞ്ഞു' തുടങ്ങിയ നിഷേധപദങ്ങളാണ്

അവർ പറഞ്ഞത്. ഇതുപയോഗിച്ച് കേരളത്തിൽ അഴിഞ്ഞാടുന്നവരോട് നിങ്ങൾ ഏത് ലോകത്താണ് ജീവിക്കുന്നതെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. 80 ലക്ഷം കുടുംബങ്ങളിൽ 62 ലക്ഷത്തിനും ആനുകൂല്യം ലഭിക്കുന്നത് തടയാനാണോ നിങ്ങളുടെ പരിശ്രമം. ഈ ഹാലിളക്കുന്നവർ എന്തുകൊണ്ടാണ് കേന്ദ്ര സർക്കാരിനെതിരെ ഒരക്ഷരം മിണ്ടാത്തത്? കേന്ദ്ര സർക്കാർ തുടർച്ചയായി പെട്രോൾ, പാചകവാതകം എന്നിവയുടെ വില വർദ്ധിപ്പിച്ച അവസരത്തിലൊന്നും ഈ വാക്കുകൾ ആരും പറഞ്ഞില്ലല്ലോ. 9 രൂപയിൽനിന്ന് ഇന്ധനത്തീരുവ 32 രൂപയിലേയ്ക്കുയർത്തി. പെട്രോൾ വില കേന്ദ്രസർക്കാർ പന്ത്രണ്ടും കേരളത്തിൽ യു.ഡി.എഫ്. സർക്കാർ പതിമൂന്നും തവണ കൂട്ടി. 400 രൂപയായിരുന്ന പാചകവാതക സിലിണ്ടറിന് 1800 രൂപയായി വർദ്ധിപ്പിച്ചു. അന്നൊന്നും മിണ്ടാതിരുന്നവർ ഇന്ന് എന്തിനാണ് എതിർക്കുന്നത്. സംസ്ഥാനങ്ങൾക്ക് വരുമാനം വർദ്ധിപ്പിക്കാൻ പരിമിതമായ മാർഗ്ഗങ്ങളേയുള്ളൂവെന്ന് പറഞ്ഞാൽ അറിയാത്തവരല്ല ഇവർ. ഒരു നിരക്കും വർദ്ധിപ്പിക്കാൻ പാടില്ലെന്ന് പറഞ്ഞവർ ബഡ്ജറ്റിലെ മികച്ച നിർദ്ദേശങ്ങളെ കണ്ടതായി ഭാവിച്ചില്ല. വസ്തുതകളെ മുഴുവൻ മറച്ച് കേവലമായ ഇടതുപക്ഷ വിരോധത്തിന്റെ മനസ്സാണ് ഇവർക്കുള്ളത്. ഏറ്റവും മികച്ച ജനകീയ ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. കേരളത്തിന്റെ വികസന

മുന്നേറ്റത്തിന് കേന്ദ്രസർക്കാർ തടയിടുമ്പോൾ അതിനെ മുഖവിലയ്ക്കെടുക്കാതെ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമം ലക്ഷ്യമാക്കിയുള്ളതാണ് ഈ ബഡ്ജറ്റ്. 'എന്റെ ജീവിതം ഫലഭൂയിഷ്ഠമാക്കിയ മരങ്ങൾക്ക് ഞാൻ നന്ദി പറഞ്ഞു, എന്നാൽ എന്റെ ജീവിതം എന്നും ഹരിതാഭമാക്കി നിലനിർത്തിയ പുൽനാമ്പുകളെ ഓർക്കാൻ ഞാൻ വിട്ടുപോയി' എന്ന് രബീന്ദ്രനാഥ് ടാഗോർ പാടിയത് ഞാൻ ഓർക്കുകയാണ്. ജനങ്ങൾ യു.ഡി.എഫ്.-നെ മറന്നാലും ഈ ഭൂമിയെ ഹരിതാഭമാക്കുന്ന പുൽനാമ്പുകളായ എൽ.ഡി.എഫ്.-നെ മറക്കാതെ നെഞ്ചോട് ചേർത്തുപിടിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

പൂക്കളുണ്ടാകുന്നില്ലെങ്കിൽ ഫലങ്ങളുമുണ്ടാകില്ല; ഫലമായിത്തീരുന്നതിനു മുമ്പ് പൂവിന് ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ട്. ഫലത്തിനുവേണ്ടി ആർത്തിപിടിച്ച് നിൽക്കുന്നവർ ഒരിക്കൽപ്പോലും പൂവിന്റെ സൗന്ദര്യമറിയുന്നില്ല. ഏത് പൂവിന്റെയും ജന്മം ക്ഷണികമാണെങ്കിലും ആ ക്ഷണനേരം ലോകത്തിലെ ഏറ്റവും സുന്ദരമായ നിമിഷങ്ങളാണ്. ആ നിമിഷങ്ങളും കൂടിയറിയുമ്പോഴേ ഒരു കർഷകൻ യഥാർത്ഥ കർഷകനാകുന്നുള്ളൂ. മാമ്പൂക്കൾ വിരിയുമ്പോൾ കുയിലുകൾ പാടും, ശലഭങ്ങൾ നൃത്തമാടിവരും, കാറ്റിൽ ഹൃദ്യമായ സംഗീതം ഒഴുകിനടക്കും, മതിപ്പിക്കുന്ന ഗന്ധം എല്ലായിടത്തും പരക്കും. കിളികളും ശലഭങ്ങളും കാറ്റുമില്ലെങ്കിൽ

മാമ്പൂക്കൾ കണ്ണിമാങ്ങകളായി രൂപം മാറില്ല. കാലംതെറ്റി പെയ്തുപോകുന്ന മഴ മാമ്പൂക്കളെ കരിച്ചുകളയും. ഋതുക്കളും പ്രകൃതിയും കനിഞ്ഞെങ്കിൽ മാത്രമേ ഏത് പൂവും ഫലമായി മാറുകയുള്ളൂ. ഫലത്തിനുവേണ്ടി അത്യാഗ്രഹത്തോടെ ദിവസങ്ങളെണ്ണി കാത്തിരിക്കുന്നയാളിന് പവിത്രമായ പുഷ്പജന്മത്തെ കാണാനോ ഉൾക്കൊള്ളാനോ കഴിയില്ല. മരത്തിന്റെ ഭാവമാറ്റങ്ങളെയും വർഷങ്ങളെയും തൊട്ടറിയുന്നവനാണ് മണ്ണിനെ അറിയുന്നവൻ. അവന്റെ ജീവിതമാണ് സഫലമാകുന്നത്. അത്യാഗ്രഹം കാരണം ചിലർക്ക് പുഷ്പത്തെക്കാണാൻ കഴിയാതെ പോകുന്നു. പൂക്കൾ നമ്മിലേയ്ക്ക് പ്രപഞ്ചസൗന്ദര്യത്തെയാണ് കൊണ്ടുവരുന്നത്. അതാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ഈ ബഡ്ജറ്റിലൂടെ ചെയ്യുന്നത്.

കർഷകരെ സഹായിക്കാൻ ഈ ബഡ്ജറ്റിൽ 971.71 കോടി രൂപയാണ് മാറ്റിവച്ചത്. നാളികേരത്തിന്റെ താങ്ങുവില 32 രൂപയിൽനിന്നും 34 രൂപയാക്കി ഉയർത്തി. റബ്ബർ വിലയിടിവ് തടയാൻ 600 കോടി രൂപ മാറ്റിവച്ചു. കാർഷികമേഖലയെ സ്വയംപര്യാപ്തതയിലെത്തിക്കുന്നതിനാണ് ധനകാര്യ വകുപ്പുമന്ത്രി ശ്രമിച്ചിട്ടുള്ളത്. വിവിധ മേഖലകളെ മുൻനിർത്തി നിരവധി പദ്ധതികളാവിഷ്കരിച്ചിട്ടുണ്ട്. ലൈഫ് മിഷന് 1436.26 കോടി രൂപ നീക്കിവച്ചു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ

കേന്ദ്രസർക്കാർ തകർക്കാൻ ശ്രമിക്കുമ്പോൾ കേരളം അതിനെ നെഞ്ചോടുചേർത്തുകൊണ്ട് 230.10 കോടി രൂപയാണ് മാറ്റിവച്ചത്. കുടുംബശ്രീക്ക് 260 കോടി രൂപയും സാമൂഹ്യ സുരക്ഷാ പെൻഷന് 9764 കോടി രൂപയും സ്റ്റാർട്ടപ്പ് മിഷന് 90.52 കോടി രൂപയും കെ.എസ്.ആർ.ടി.സി.-ക്ക് 131 കോടി രൂപയും ഗൾഫ് മലയാളികളുടെ ഉയർന്ന വിമാനക്കൂലി പ്രശ്നം പരിഹരിക്കാൻ കോർപ്പസ് ഫണ്ടായി 15 കോടി രൂപയും മാറ്റിവച്ചു. നേത്രാരോഗ്യത്തിന് 50 കോടി രൂപ മാറ്റിവച്ചുകൊണ്ട് 'നേർക്കാഴ്ച' പദ്ധതിയിലൂടെ സൗജന്യപരിശോധനയും കണ്ണടയും കൊടുക്കാൻ തീരുമാനിച്ചത് ചെറിയ കാര്യമാണോ? അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് 150 കോടി രൂപയും തൊഴിലിടങ്ങളിൽ കുഞ്ഞുങ്ങളുടെ ക്രഷിനും വയോജനങ്ങളുടെ ഡേ-കെയർ സെന്ററിനുമായി 10 കോടി രൂപയും റോഡുകൾക്കും പാലങ്ങൾക്കും 1144.22 കോടി രൂപയും ആരോഗ്യമേഖലയ്ക്ക് 2828.33 കോടി രൂപയും വിനോദസഞ്ചാരത്തിന് 362 കോടി രൂപയും വകയിരുത്തി. കേരളീയ സ്ത്രീകളുടെ സ്വാഭിമാന പോരാട്ട ചരിത്രത്തിന്റെയും നവോത്ഥാന മുന്നേറ്റത്തിന്റെയും സ്മരണ കാലാതീതമാകണമെന്ന എൽ.ഡി.എഫ്. സർക്കാരിന്റെ ഇച്ഛാശക്തിയിൽ കൊല്ലം ജില്ലയിലെ പീരങ്കിമൈതാനത്ത് കല്ലുമാല സ്ക്വയർ യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി 5

കോടി രൂപ മാറ്റിവച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വികസനമേഖലകളിൽ വിവിധ പദ്ധതികൾക്ക് തുക മാറ്റിവച്ചു. ശബരിമല മാസ്റ്റർ പ്ലാനിന് 30 കോടി രൂപ വകയിരുത്തി. എല്ലാ മേഖലയുടെയും സമഗ്രക്ഷേമമാണ് ഗവൺമെന്റ് ഈ ബഡ്ജറ്റിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനെ കണ്ണടച്ച് എതിർക്കുന്നവരോട് ഒരു കാര്യമേ എനിക്ക് സൂചിപ്പിക്കാനുള്ളൂ. സൂര്യന്റെ നേർക്ക് പരിഹാസം ചൊരിഞ്ഞ് ക്ഷൗരക്കത്തി തന്റെ മൂർച്ചയെപ്പറ്റി അഭിമാനം കൊള്ളുമ്പോൾ ആ തിളക്കം സൂര്യന്റെ പ്രകാശത്തിലാണെന്ന് ക്ഷൗരക്കത്തിക്ക് അറിയാൻ കഴിയുന്നില്ലെന്ന യാഥാർത്ഥ്യം മനസ്സിലാക്കിയാൽ നന്നായിരുന്നു.

ഒന്നുരണ്ട് നിർദ്ദേശങ്ങൾകൂടി അങ്ങ് പരിഗണിക്കണം. റിട്ടയർ ചെയ്ത മാധ്യമ പ്രവർത്തകർക്ക് 10,000 രൂപയായിരുന്നു പെൻഷൻ നൽകിയിരുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 1000 രൂപ വർദ്ധിപ്പിച്ച് 11,000 രൂപയാക്കി. പക്ഷേ 500 രൂപയുടെ വർദ്ധനവ് മാത്രമാണ് ഇപ്പോൾ നൽകുന്നത്. അതുകൊണ്ട് നേരത്തെ എൽ.ഡി.എഫ്. ഗവൺമെന്റ് പ്രഖ്യാപിച്ച 1000 രൂപ വർദ്ധിപ്പിച്ച് പെൻഷൻ പുനഃസ്ഥാപിച്ച് നൽകണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. കൂടാതെ എല്ലാ മാസവും 5-ാം തീയതി പെൻഷൻ

ലഭ്യമാക്കണമെന്നും ആശ്രിത പെൻഷൻ കാലോചിതമായി പരിഷ്കരിക്കണമെന്നും ആവശ്യപ്പെടുകയാണ്. ആശാപ്രവർത്തകരുടെ ഓണറേറിയം വർദ്ധിപ്പിച്ച് അവരെ സ്ഥിരം ജീവനക്കാരായി നിയമിക്കണം. കർഷകത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യം കാലോചിതമായി പരിഷ്കരിക്കുന്നതിനും അവരുടെ അംശദായത്തിന് തുല്യമായ വിഹിതം ഗവൺമെന്റ് അടയ്ക്കാനും നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യം വർദ്ധിപ്പിക്കുന്നതിനും കുടിശ്ശിക കൊടുത്തുതീർക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം. സർവ്വീസ് പെൻഷൻകാരുടെ പെൻഷൻ പരിഷ്കരിക്കുകയും പെൻഷൻ/ക്ഷാമബത്ത കുടിശ്ശികകൾ നൽകുകയും ചെയ്യണം. 01-07-2024 പ്രാബല്യത്തിൽ ശമ്പള-പെൻഷൻ പരിഷ്കരണ നടപടി ആരംഭിക്കണം. മെഡിസെപ്പിലെ അപാകതകൾ പരിഹരിക്കണം. മെച്ചപ്പെട്ട നിലയിലാണ് ടൂറിസം മേഖലയിൽ കെ.ടി.ഡി.സി. പ്രവർത്തിക്കുന്നത്. കെ.ടി.ഡി.സി.-യുടെ ആഹാർ റെസ്റ്റോറന്റുകൾ പോലെ ആരാം ഹോട്ടലുകളുൾപ്പെടെയുള്ളവയും തെരഞ്ഞെടുത്ത് വൃത്തിയുള്ള ശുചിമുറികളാൽ ആകർഷകമായ രീതിയിൽ സാധാരണക്കാർക്ക് ഉപയോഗപ്രദമായ തരത്തിൽ വിപുലീകരിച്ച് ജനകീയമാക്കണം.

എന്റെ നിയോജകമണ്ഡലത്തിൽ സർക്കാർ നേരത്തെ അംഗീകരിച്ച പന്തളം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കണം. 2018-ലെ ബഡ്ജറ്റിൽ അടൂരിലെ സാംസ്കാരിക സമുച്ചയ നിർമ്മാണത്തിന് തുക വകയിരുത്തിയിരുന്നുവെങ്കിലും തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാത്തതിനാൽ അതിനാവശ്യമായ തുക അനുവദിക്കണം. അടൂരിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള കെൻകോസിന്റെ ഏക്കർ കണക്കിന് സ്ഥലം വെറുതെ കിടക്കുകയാണ്. വ്യവസായ വകുപ്പുമന്ത്രി മുൻകയ്യെടുത്ത് വ്യവസായ പാർക്കോ ഐ.ടി. പാർക്കോ പ്രസ്തുത സ്ഥലത്ത് സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഞാൻ നിരവധി പ്രാവശ്യം ഉന്നയിച്ച വിഷയമാണ് അടൂർ ആനന്ദപ്പള്ളി മരമടി മത്സരം. കേരളത്തിലൊട്ടാകെ മരമടി മത്സരം നടത്തുന്നതിനാവശ്യമായ നിയമനിർമ്മാണം കൊണ്ടുവരാമെന്ന് 2018-ൽ കൃഷി വകുപ്പുമന്ത്രിയും നിയമ വകുപ്പുമന്ത്രിയും ഉറപ്പുനൽകിയതാണ്. പ്രസ്തുത നിയമനിർമ്മാണം കൊണ്ടുവന്ന് അടൂർ ആനന്ദപ്പള്ളി മരമടി മത്സരം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സൂചിപ്പിക്കുകയാണ്.

സംസ്ഥാനത്തിന്റെ വികസന മുന്നേറ്റത്തിനെതിരെയുള്ള കേന്ദ്രസർക്കാരിന്റെ അപ്രഖ്യാപിത നിരന്തരയുദ്ധത്തെ പ്രതിരോധിക്കുക എന്നതായിരുന്നു സംസ്ഥാന ബഡ്ജറ്റ് വിഭാവനം ചെയ്യുന്നതിൽ ധനകാര്യ വകുപ്പുമന്ത്രി നേരിട്ട ഏറ്റവും വലിയ വെല്ലുവിളി. ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന പരിമിതിയെ മുതലെടുത്ത് വികലങ്ങളായ നയങ്ങളെ അടിച്ചേൽപ്പിക്കുന്നതിലൂടെ നേരിട്ടാക്രമിക്കാതെ നിഴൽയുദ്ധതന്ത്രത്തിൽ നമ്മെ കീഴടക്കുന്നതിനുള്ള കേന്ദ്രനീക്കത്തിനെതിരെയുള്ള സ്ഥായിയായ ചെറുത്തുനിൽക്കലിന്റെ സാദ്ധ്യത കണ്ടെത്തലിലാണ് ആഭ്യന്തര ഉല്പാദന സ്വയംപര്യാപ്തത എന്ന സൂത്രവാക്യത്തിൽ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി എത്തിച്ചേർന്നതെന്ന് ഞാൻ കരുതുന്നു. സംസ്ഥാന ആഭ്യന്തര തൊഴിൽ സംരംഭക നിക്ഷേപമേഖലകളെ പോഷിപ്പിക്കുന്നതിനുള്ള 'മേക്ക് ഇൻ കേരള' പദ്ധതി വിഭാവനത്തിലൂടെ ധനകാര്യ വകുപ്പുമന്ത്രി 'മേക്കർ ഓഫ് ന്യൂ കേരള' എന്ന വിശേഷണത്തെ ഈ ബഡ്ജറ്റിലൂടെ അന്വർത്ഥമാക്കിയിരിക്കുകയാണ്. സാമ്പത്തിക സ്വയംപര്യാപ്തതയിലേക്കുള്ള നവകേരളത്തിന്റെ നാഴികക്കല്ലായി ഈ ബഡ്ജറ്റ് ഏറെക്കാലം ജനമനസ്സിൽ നിറഞ്ഞുനിൽക്കുകതന്നെ ചെയ്യുമെന്ന് പറഞ്ഞുകൊണ്ട്,

ബഡ്ജറ്റിനെ ഒന്നുകൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. നന്ദകുമാർ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2023-24 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. ലോകം സാമ്പത്തികമാന്ദ്യത്തിന്റെയും വിലക്കയറ്റത്തിന്റെയും പിടിയിലമർന്നിരിക്കുകയും സംസ്ഥാനങ്ങൾ കേന്ദ്ര സർക്കാരിന്റെ നയങ്ങൾമൂലം പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് കേരളത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ചത്. നിലവിലെ പ്രയാസകരമായ ഘട്ടത്തിൽ സാമാന്യജനങ്ങളെ ചേർത്തുപിടിച്ച് കേരളത്തിന്റെ വളർച്ചയ്ക്കായുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. ലോകത്തൊമ്പാടുമുള്ള മുതലാളിത്തവ്യവസ്ഥ തകർച്ചയിലേയ്ക്ക് കൂപ്പുകുത്തുകയാണെന്ന് മുതലാളിത്ത സാമ്പത്തിക ശാസ്ത്രജ്ഞർ വിലയിരുത്തിയിട്ടുണ്ട്. ഐ.എം.എഫ്. (ഇന്റർനാഷണൽ മോണിറ്ററി ഫണ്ട്), വേൾഡ് ബാങ്ക്, ജി-20 എന്നിവയും ഇതുതന്നെയാണ് പറഞ്ഞത്. ഇതുസംബന്ധിച്ച് ഓക്സ്ഫാം റിപ്പോർട്ടും പുറത്തുവന്നിരിക്കുകയാണ്. കേരളം കടക്കെണിയിലാണെന്ന് പറയുന്ന പ്രതിപക്ഷവും എൽ.ഡി.എഫ്. വിരോധം വച്ചുപുലർത്തുന്ന ചില പത്രങ്ങളും ബ്യൂറോക്രാറ്റുകളും ലോകത്തിന്റെയും

ഇന്ത്യയുടെയും അവസ്ഥ കാണുന്നില്ല. പൊട്ടക്കിണറിൽ കിടക്കുന്ന തവളയെപ്പോലെ ഓരോ വിഷയങ്ങളെ സംബന്ധിച്ച് വിലയിരുത്തിക്കൊണ്ടിരിക്കുന്ന അവർ നിലവിലെ അവസ്ഥ കാണാൻ തയ്യാറാകുകയോ ഇതരസംസ്ഥാനങ്ങളെപ്പറ്റി മിണ്ടുകയോ കേന്ദ്രനയങ്ങളെക്കുറിച്ച് പരാമർശിക്കുകയോ ചെയ്യുന്നില്ല.

കേന്ദ്ര സർക്കാരിന്റെ റവന്യൂ ബോറോയിംഗ് 34 ശതമാനവും പലിശ 20 ശതമാനവുമാണ്. മറ്റ് സംസ്ഥാനങ്ങളുടെ കണക്ക് ഞാൻ പറയുന്നില്ല. കേന്ദ്ര ധനക്കമ്മി 6 ശതമാനമാണ്. പക്ഷേ, പ്രതിപക്ഷം ഇതൊന്നും കാണുന്നില്ല. ഫെബ്രുവരി 1-ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് നിരാശാജനകമാണ്. 2024-ലെ തെരഞ്ഞെടുപ്പ് മുന്നിൽക്കണ്ടുകൊണ്ടുള്ള ബഡ്ജറ്റാണെന്നാണ് പത്രങ്ങളെല്ലാം എഴുതിയത്. എന്നാൽ, അതിൽ ജനക്ഷേമ കാര്യങ്ങൾ ഇല്ലെന്നുമാത്രമല്ല, നിലവിൽ സംസ്ഥാനങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങൾപോലും വെട്ടിക്കുറയ്ക്കുകയാണ് ചെയ്തത്. വിലക്കയറ്റം രൂക്ഷമായ സമയത്ത് പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്താനുള്ള യാതൊരു നിർദ്ദേശവും കേന്ദ്ര ബഡ്ജറ്റിലില്ല എന്നത് അപലപനീയമാണ്. തൊഴിലുറപ്പ് പദ്ധതിക്ക് ദയാവധം പ്രഖ്യാപിച്ചിരിക്കുകയാണ്. ക്ഷേമ പദ്ധതികൾ മൊത്തത്തിൽ

വെട്ടിക്കുറച്ചിരിക്കുകയാണ്. ന്യൂനപക്ഷ വികസന പദ്ധതികൾക്കായുള്ള ഫണ്ട് 66.30 ശതമാനമാണ് വെട്ടിക്കുറച്ചത്. പെട്രോളിയം സബ്സിഡി 75.38 ശതമാനമായും എൽ.പി.ജി. സബ്സിഡി 65 ശതമാനമായും വെട്ടിക്കുറച്ചു. ആരോഗ്യ, വിദ്യാഭ്യാസ മേഖലകളിലും വൻ വെട്ടിക്കുറവ് വരുത്തി. വെട്ടിക്കുറവുകളുടെ കണക്ക് നിരത്തുകയാണെങ്കിൽ നിരവധിയുണ്ട്. എന്നാൽ, വരുമാന പരിധിയുണ്ടെങ്കിലും കേന്ദ്രം സാമ്പത്തികമായി ഞെരുക്കുമ്പോഴും കേരളം ക്ഷേമ പദ്ധതികളിലൊന്നുംതന്നെ വെട്ടിക്കുറവ് വരുത്തിയിട്ടില്ലെന്നത് ശ്രദ്ധേയമാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ ബഡ്ജറ്റിന്റെ പ്രത്യേകതകൾ ശ്രദ്ധിക്കണം. അടിസ്ഥാന സൗകര്യ വികസനം, സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനുള്ള പദ്ധതികൾ, മേക്ക് ഇൻ കേരള പദ്ധതി, വിഴിഞ്ഞം തുറമുഖ ഇടനാഴി, വ്യാവസായിക ഇടനാഴികൾ തുടങ്ങിയവയിലൂടെ വ്യാവസായിക മേഖലയുടെ കുതിപ്പിന് ലക്ഷ്യമിടുകയാണ്. മസ്തിഷ്ക ചോർച്ച തടയുന്നതിനും യുവതലമുറയ്ക്ക് ഇവിടെത്തന്നെ ജോലി ലഭ്യമാക്കുന്നതിനുമുള്ള ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. കാർഷിക മേഖലയ്ക്കും ബഡ്ജറ്റിൽ നല്ല പിന്തുണയാണ് നൽകിയിട്ടുള്ളത്. റബ്ബർ സബ്സിഡിക്ക് 600 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. നെൽകൃഷി വികസനത്തിനുള്ള തുകയും

നാളികേരത്തിന്റെ താങ്ങുവിലയും വർദ്ധിപ്പിച്ചു. അതോടൊപ്പം നാളികേരം വ്യാപകമായി സംഭരിക്കുന്നതിനുള്ള സംവിധാനംകൂടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതിദാരിദ്ര്യം ഇല്ലാതാക്കുന്നതിനുള്ള പദ്ധതികളും പ്രശംസനീയമാണ്. വിപണി ഇടപെടലിന് 2000 കോടി രൂപയാണ് നീക്കിവച്ചത്. എല്ലാവർക്കും നേത്രാരോഗ്യം എന്ന ലക്ഷ്യത്തോടെ എല്ലാ കുടുംബങ്ങളെയും കാഴ്ച പരിശോധനയ്ക്ക് വിധേയമാക്കുന്ന 'നേർക്കാഴ്ച പദ്ധതി' ശ്ലാഘനീയമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷം എൽ.ഡി.എഫ്. വിരുദ്ധ മഞ്ഞ കണ്ണടകൊണ്ടാണ് എല്ലാ വിഷയങ്ങളേയും കാണുന്നത്. അതുകൊണ്ട് അവർക്ക് നേർക്കാഴ്ച ലഭിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക കണ്ണട അനുവദിക്കാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം.

തൊഴിൽ മേഖലയെക്കുറിച്ച് ചില കാര്യങ്ങൾ പറയാതിരിക്കാൻ സാധിക്കില്ല. കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗത വ്യാവസായിക മേഖലയ്ക്ക് നൽകിയ സഹായം ശ്രദ്ധേയമാണ്. എന്നാൽ കള്ളുചെത്ത് വ്യവസായത്തെ വിസ്മരിച്ചത് ശരിയായില്ല; അവരെയും സഹായിക്കണം. ആശാവർക്കർമാരോട് സ്വീകരിക്കുന്ന സമീപനത്തിൽ മാറ്റം വരണം. അവർക്ക് കഴിഞ്ഞ ഗവൺമെന്റ് പ്രഖ്യാപിച്ച ആനുകൂല്യം നൽകിയിട്ടില്ല. നിരവധി ജോലികൾ അവരെ ഏൽപ്പിക്കുന്നതിനാൽ

അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും പരിഗണിക്കാൻ തയ്യാറാകണം. നമ്മുടെ രാജ്യത്ത് വളർന്നുവരുന്ന ഒരു വിഭാഗമായ ഗിഗ് പ്ലാറ്റ്ഫോം തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. കേരളത്തിലെ പൊതുഗതാഗതമാകെ തകർച്ചയിലാണ്. നഷ്ടത്തിന്റെ കണക്ക് പറഞ്ഞുകൊണ്ട് സ്വകാര്യ ബസ്സുകൾ നിത്യേനയെന്നോണം സറണ്ടർ ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പൊതുഗതാഗതം സംരക്ഷിക്കുന്നതിനും പൊതുയാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനും കെ.എസ്.ആർ.ടി.സി.-ക്ക് കൂടുതലായി ചെയ്യാൻ സാധിക്കുന്നതെന്താണെന്ന് ആലോചിക്കേണ്ടതുണ്ട്. എം.എൽ.എ.-മാരുമായി ചർച്ച ചെയ്ത് പ്രസ്തുത വിഷയം സംബന്ധിച്ച് പരിശോധന നടത്തണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. കേന്ദ്ര സർക്കാർ കേരളത്തെ സാമ്പത്തികമായി ഞെരുക്കുമ്പോൾ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നാം സ്വീകരിക്കേണ്ടിയിരിക്കുന്നു. എന്നാലത് സാമാന്യജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന നിലയിലായിരിക്കരുത് എന്നുമാത്രമേയുള്ളൂ. ഭൂമിയുടെ ന്യായവില 20 ശതമാനം വർദ്ധിപ്പിക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണം.

ബഹുമാനപ്പെട്ട പ്രതിപക്ഷം ഇവിടെ ബഹളം കൂട്ടിക്കൊണ്ടിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക-രാഷ്ട്രീയ നയങ്ങളെ സംബന്ധിച്ച് അവർക്ക് ഒരക്ഷരം പറയാനില്ല. പെട്രോളിനടക്കം നികുതി ചുമത്തുന്നതിനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിൽനിന്നും കവർന്നെടുത്തതിനെ സംബന്ധിച്ച് അവർ ഒരക്ഷരം സംസാരിക്കുന്നില്ല. 2016-ൽ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോഴുണ്ടായിരുന്ന അവസ്ഥ എന്തായിരുന്നുവെന്നത് അവർ മറക്കരുത്. അന്ന് ഖജനാവിന്റെ സ്ഥിതിയെന്തായിരുന്നു? കരാറുകാർക്ക് 3,000 കോടി രൂപയുടെ കുടിശ്ശിക, കാലിയായ ട്രഷറി പല ദിവസങ്ങളിലും അടച്ചിടേണ്ടിവരുന്ന അവസ്ഥ, ലാഭകരമല്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടുന്ന സാഹചര്യം, 600 രൂപ ക്ഷേമപെൻഷൻ കൊടുത്തിരുന്നത് മാസങ്ങളോളം കുടിശ്ശികയായി, വർദ്ധിച്ചുകൊണ്ടിരിക്കുന്ന ധന-റവന്യൂ കമ്മികൾ, കടലാസിൽ മാത്രമുണ്ടായിരുന്ന ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ തുടങ്ങിയ കാര്യങ്ങളൊന്നും മറക്കരുത്. ശ്രീ. രാഹുൽ ഗാന്ധിയുടെ ജോഡോ യാത്രയുമായി ബന്ധപ്പെട്ട് കോൺഗ്രസ് പ്രചരിപ്പിക്കുന്നത് 'വെറുപ്പിനെ കീഴടക്കിയ ജൈത്രയാത്ര' എന്നാണ്. എന്നാൽ വെറുപ്പിന്റെ രാഷ്ട്രീയത്തിന്റെ പരീക്ഷണശാലയായ ഗുജറാത്തിൽ യാത്ര പോയതേയില്ല. കാശ്മീരിൽ പ്രസംഗിച്ചപ്പോൾ ജമ്മു-

കാശ്മീർ സംസ്ഥാനത്തിന്റെ പ്രത്യേക അവകാശങ്ങൾ റദ്ദാക്കിയത് പുനഃസ്ഥാപിക്കാൻ ആവശ്യപ്പെട്ടതേയില്ല. ഏക സിവിൽ കോഡ്, അയോദ്ധ്യയിലെ രാമക്ഷേത്ര പ്രശ്നം എന്നിവയെക്കുറിച്ച് ഉറച്ചൊരു അഭിപ്രായം കോൺഗ്രസ് പ്രകടിപ്പിക്കുന്നില്ല. പിന്നെ എന്ത് വെറുപ്പിന്റെ കാര്യമാണ് അവർ പ്രകടിപ്പിക്കുന്നത്? ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറഞ്ഞത്, വാളയാറിനപ്പുറം കോൺഗ്രസ്സേയുള്ളൂവെന്നാണ്. ഇവർ യാഥാർത്ഥ്യബോധത്തോടെയാണോ പ്രശ്നങ്ങളെ കാണുന്നത്; ഇന്ത്യയിലെ അവസ്ഥയെന്താണ്? ഇന്ത്യയിലെ പ്രധാനപ്പെട്ട 10 സംസ്ഥാനങ്ങളിൽ കോൺഗ്രസ്സ് പാർട്ടിയുണ്ടോ; അവിടത്തെ പ്രധാന പ്രതിപക്ഷം ആരാണ്; അവിടെ ആരാണ് ഭരിക്കുന്നത്? ഇതൊന്നും മനസ്സിലാക്കാതെ, വാളയാറിനപ്പുറം കോൺഗ്രസ്സേയുള്ളൂവെന്ന് അദ്ദേഹം പറയുകയാണ്. പണ്ടൊരു മഹാൻ പറഞ്ഞു, "സ്വപ്നങ്ങൾ ഒരു കുതിരയായിരുന്നുവെങ്കിൽ ആ കുതിരപ്പുറത്ത് കയറി സവാരി ചെയ്യാമായിരുന്നു" എന്ന്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കണ്ടത് ആ സ്വപ്നത്തിലെ കുതിരയെ മാത്രമാണ്.

ഒരുകാര്യംകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ബഡ്ജറ്റിനോടൊപ്പം ഒരു R&D ബഡ്ജറ്റുകൂടി അവതരിപ്പിക്കുകയാണെന്ന്

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. പഴയതും പുതിയതുമായ വിജ്ഞാനത്തെ ഉൾച്ചേർത്തുകൊണ്ട് ഒരു കാഴ്ചപ്പാടുണ്ടാക്കുന്നത് നല്ല കാര്യമാണ്. സാധാരണയായി വിജ്ഞാനത്തിൽ പങ്കുവഹിക്കുന്നവർ ബുദ്ധിജീവികളും ടെക്നോക്രാറ്റുകളുമാണ്. അത് സ്വാഭാവികം മാത്രമാണ്. അതുകൊണ്ട് ലഭ്യമാകുന്ന വിജ്ഞാനം പ്രയോഗത്തിൽ കൊണ്ടുവരുമ്പോൾ പ്രസ്തുത ആളുകളുടെ പരമാവധി സഹായം ഉപയോഗപ്പെടുത്തണം. പക്ഷേ, അത് ബുദ്ധിയും വിവേകവുമായി ബന്ധപ്പെടുത്തിക്കൊണ്ടായിരിക്കണം. മാവോ സേതുങ്ങിന്റെ ഒരു ക്വട്ടേഷൻകൂടി ഉദ്ധരിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ Military Writings-ൽ പറഞ്ഞൊരു കാര്യം, " ബുദ്ധിജീവികളും സാങ്കേതിക വിദഗ്ദ്ധരും നമ്മുടെ മുതൽക്കൂട്ടാണ്. എന്നാൽ അവരുടെ ബുദ്ധിയോടൊപ്പം അനുഭവസമ്പത്തിന്റെ പ്രായോഗികതകൂടി ഉപയോഗപ്പെടുത്തണം" എന്നാണ്. അക്കാര്യംകൂടി ശ്രദ്ധിക്കുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു; ബഡ്ജറ്റിന് എല്ലാവിധ പിന്തുണയും നൽകുന്നു.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ എതിർക്കുകയാണ്. 'പഞ്ചതന്ത്രം' കഥയിൽ സന്യാസിയായി വേഷംകെട്ടിയ ഒരു കാട്ടുപൂച്ചയുടെ കഥയുണ്ട്. തീക്ഷ്ണദംഷ്ട്രം എന്നാണതിന്റെ പേര്. പുഴവക്കിൽ ദർഭപ്പുല്ലും കയ്യിൽപ്പിടിച്ച് മന്ത്രങ്ങൾ ഉരുക്കഴിച്ച് ധർമ്മാധർമ്മങ്ങളെക്കുറിച്ചും ദീനാനുകമ്പയെക്കുറിച്ചും പ്രസംഗിക്കലാണ് അതിന്റെ പരിപാടി. ഇതൊക്കെ കണ്ട് ഇയാൾ നല്ലൊരു സിദ്ധനാണെന്നും ധർമ്മിഷ്ഠനാണെന്നും കരുതി ഒരു കുരുവിയും മുയലും ഉപദേശം തേടിയെത്തിയപ്പോൾ പൂച്ച പറഞ്ഞു, 'പേടിക്കാതെ അടുത്തുവന്നോളൂ, ഞാൻ നരകകാരണമായ ഹിംസ ഉപേക്ഷിച്ച് ധർമ്മമാർഗ്ഗം സ്വീകരിച്ചിരിക്കുകയാണ്.' ദുഷ്ടനായ പൂച്ചയുടെ പഞ്ചാരവാക്കുകളിൽ വീണുപോയ കുരുവിയും മുയലും പൂച്ചയുടെ അടുത്തെത്തിയപ്പോൾ രണ്ടിനെയും പൂച്ച ഒറ്റചാട്ടത്തിന് പിടിച്ചുതിന്നു. ഇടതുസർക്കാരിന്റെ ബഡ്ജറ്റ് കേട്ടപ്പോൾ ഈ കഥയാണ് എനിക്ക് ഓർമ്മ വന്നത്. എല്ലാ ദിവസവും വൈകുന്നേരം 6 മണിക്ക് എന്തെല്ലാം പഞ്ചാരവാക്കുകളായിരുന്നു മാധ്യമങ്ങളിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ ജനങ്ങളോട് പറഞ്ഞിരുന്നത്. ഉറുമ്പിനുപോലും ഭക്ഷണം കൊടുക്കുന്ന കാര്യത്തെക്കുറിച്ചാണ് പറഞ്ഞത്. ദീനാനുകമ്പയുടെ മൂർത്തിമത്ഭാവമായ കേരളത്തിന്റെ മുഖ്യമന്ത്രി ഇപ്പോൾ

കേരളത്തിലെ ജനങ്ങളുടെമേൽ 4,000 കോടി രൂപയുടെ അധിക നികുതി അടിച്ചേൽപ്പിച്ചിരിക്കുകയാണ്. പഞ്ചതന്ത്രം കഥയിലെ കാട്ടുപൂച്ചയുടെ അതേ വാക്കുകൾ; എന്നിട്ട് ജനങ്ങളുടെ പണമെടുത്ത് അവർക്ക് കിറ്റും കൊടുത്തു. അങ്ങനെ മോഹവലയത്തിൽ വീണുപോയ ജനങ്ങളാണ് ഇടതുപക്ഷത്തെ വീണ്ടും അധികാരത്തിലേയ്ക്ക് കൊണ്ടുവന്നത്. അതോടെ കാട്ടുപൂച്ച അതിന്റെ യഥാർത്ഥ സ്വഭാവം പുറത്തുകൊണ്ടുവന്നു. ഇത്തവണ ബഡ്ജറ്റിലൂടെ ജനങ്ങളെയാകെ കശാപ്പ് ചെയ്തിരിക്കുകയാണ്. വീണ്ടും അധികാരത്തിലേറ്റി എന്ന ഏക കുറ്റമാണ് കേരളത്തിലെ ജനങ്ങൾ ചെയ്തത്. തങ്ങൾക്കൊരു കയ്യബദ്ധം പറ്റിയതാണെന്ന് ജനങ്ങൾക്കിപ്പോൾ ബോദ്ധ്യമുണ്ട്. 1957 മുതൽ ഇതുവരെയുള്ള ഗവൺമെന്റുകളിൽ കേരളത്തിലെ പാവപ്പെട്ട ജനങ്ങളുടെമേൽ 4,000 കോടി രൂപയുടെ അധിക ബാദ്ധ്യത അടിച്ചേൽപ്പിച്ച ആദ്യത്തെ ഗവൺമെന്റാണിതെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാകില്ല. പെട്രോൾ-ഡീസൽ വില വർദ്ധിപ്പിച്ച കാര്യം മാത്രമെടുത്താൽ സർക്കാർ എത്രമാത്രം ജനവിരുദ്ധമാണെന്നത് മനസ്സിലാകും. തേനീച്ച പൂവിൽനിന്ന് തേനെടുക്കുന്നതുപോലെയാണ് നികുതി പിരിവെന്ന് അർത്ഥശാസ്ത്രത്തിൽ ചാണക്യൻ പറയുന്നുണ്ട്. ഈ ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾ കാണുമ്പോൾ നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് തയ്യാറാക്കാൻ

കപ്പട്ടേഷൻ സംഘത്തെ ഏൽപ്പിച്ചുപോയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പെട്രോൾ വിലവർദ്ധനവിൽ ജനങ്ങൾ ഇപ്പോൾത്തന്നെ നട്ടംതിരിയുകയാണ്. നരേന്ദ്ര മോദി ഗവൺമെന്റ് ഓരോ ദിവസവും പെട്രോളിന്റെ വില വർദ്ധിപ്പിക്കുന്നു. അതിനെതിരെ സമരം ചെയ്തവരാണ് നമ്മളെല്ലാവരും. നിങ്ങളിപ്പോൾ നാട്ടിലെ ജനങ്ങളോട് പറയുന്നത് എന്താണ്; പെട്രോൾ, ഡീസൽ വിലവർദ്ധനവിനെതിരെ നമ്മളെല്ലാം സമരം ചെയ്തില്ലേ? ഇപ്പോൾ നിങ്ങൾ രണ്ട് രൂപ വില കൂട്ടിയപ്പോൾ നമ്മൾ ഉന്നയിച്ച വാദഗതികൾക്ക് എന്ത് മറുപടിയാണുള്ളത്; നിങ്ങളും ശ്രീ. നരേന്ദ്ര മോദിയും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്? കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ജനങ്ങളെ കൊള്ളയടിക്കുകയല്ലേ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാലിന്റെ വാക്കുകൾ വലിയൊരു തമാശയായാണ് എനിക്ക് തോന്നിയത്. അദ്ദേഹം പറയുന്നത്, പെട്രോളിന്റെ മേൽ സെസ്സ് ചുമത്തി ജനത്തെ പിഴിയാനുള്ള അവകാശം സംസ്ഥാനങ്ങൾക്ക് മാത്രമുള്ളതാണ് എന്നാണ്. അതായത്, കേന്ദ്രസർക്കാർ അധിക നികുതി ചുമത്തി ജനങ്ങളെ കൊള്ളയടിക്കുമ്പോൾ ഞങ്ങൾ നോക്കി നിൽക്കണോ എന്നാണ് അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടാൽ തോന്നുന്നത്. യഥാർത്ഥത്തിൽ രണ്ടുതരം കൊള്ളയാണ് ഇവിടെ

നടക്കുന്നത്. ഒന്ന്, കേന്ദ്രസർക്കാർ നികുതി കൂട്ടി കൊള്ളനടത്തുമ്പോൾ സംസ്ഥാനം നിർലജ്ജം അതിന്റെ പങ്ക് പറ്റുന്നു. രണ്ട്, കേരളം സ്വന്തം നിലയ്ക്ക് നികുതി കൂട്ടി ജനങ്ങളെ പറ്റിക്കുന്നു. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്ന സമയത്തെ കാര്യങ്ങൾ ഞങ്ങൾ വാക്കൗട്ട് ചെയ്ത സമയത്ത് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അധികനികുതി വരുമാനം നാലുതവണ വേണ്ടെന്നുവച്ച ഗവൺമെന്റായിരുന്നു അന്നത്തെ ഉമ്മൻ ചാണ്ടി ഗവൺമെന്റെന്നത് നിങ്ങൾ മറക്കരുത്. ഞങ്ങളത് ചെയ്തത് വലിയ മണ്ടത്തരമായിപ്പോയി എന്ന് നിങ്ങൾക്കിപ്പോൾ തോന്നുന്നുണ്ടാകും. കഴിഞ്ഞവർഷം രാജ്യത്തെ മിക്കവാറും സംസ്ഥാനങ്ങൾ പെട്രോളിന് വിലകുറച്ചു. പക്ഷേ, കേരളം കുറച്ചില്ല. ഇപ്പോൾ കേരളത്തിലെ പെട്രോളിന്റെയും ഡീസലിന്റെയും വില തമിഴ്നാടിനേക്കാളും കർണ്ണാടകത്തേക്കാളും കൂടുതലാണ്. ബഹുമാനപ്പെട്ട സ്പീക്കർക്ക് പെട്രോളടിക്കണമെങ്കിൽ തലശ്ശേരിയിൽനിന്നും നേരെ തൊട്ടടുത്ത മാഹിയിൽ പോയാൽ മതി. അവിടെ വളരെ വിലകുറച്ച് പെട്രോളും ഡീസലും കിട്ടും. ജനങ്ങളെ കൊള്ളയടിക്കുന്നത് നിങ്ങൾ നിർത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. 4,000 കോടി രൂപയുടെ അധിക നികുതി ബാദ്ധ്യത ജനങ്ങളുടെ തലയിൽ കെട്ടിവച്ചിട്ട് സാമൂഹ്യ സുരക്ഷയെക്കുറിച്ച് നിങ്ങൾ

സംസാരിക്കുന്നത് കാണുമ്പോൾ ജനങ്ങൾ അത്ഭുതപ്പെടുകയാണ്. നിങ്ങൾ പ്രളയ സെസ്സ് ഏർപ്പെടുത്തി. പക്ഷേ, പ്രളയ സെസ്സ് പിരിച്ചെടുത്തിട്ട് ജനങ്ങൾക്കുവേണ്ടി എന്താണ് ചെയ്തതെന്ന് ഇതുവരെ വ്യക്തമാക്കപ്പെട്ടിട്ടില്ല. നമ്മുടെ നാട്ടിലെ ചില കള്ളന്മാരുടെ മോഷണരീതിയാണ് എനിക്ക് ഓർമ്മ വരുന്നത്. പോക്കറ്റടിച്ചതിനുശേഷം പത്തോ ഇരുപതോ രൂപ പേഴ്സിലിട്ട് ഉടമസ്ഥന്റെ പോക്കറ്റിൽ തിരിച്ചുവയ്ക്കും. ഈ രീതിയാണ് ബഡ്ജറ്റിലൂടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചിട്ടുള്ളത്. ക്ഷേമ പെൻഷൻ നൽകാൻ പെട്രോൾ വില വർദ്ധിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നു. ക്ഷേമ പെൻഷൻ കൊടുക്കാൻവേണ്ടി എല്ലാ സാധനങ്ങൾക്കും വില കൂട്ടണോ? എലിയെ കൊല്ലാൻ ഇല്ലം ചുടുന്ന നടപടിയാണ് ചെയ്തിട്ടുള്ളത്. 1600 രൂപ ക്ഷേമ പെൻഷൻ ലഭിക്കുന്നവരുൾപ്പെടെ അമിത നികുതിഭാരം പേറേണ്ടവരാണെന്ന കാര്യം നിങ്ങളെങ്ങനെ മറക്കുന്നു? വൈദ്യുതി-വാട്ടർ ചാർജ്ജ് വർദ്ധനവുകാരണം ഇപ്പോൾത്തന്നെ ജനം വട്ടം കറങ്ങുന്ന അവസ്ഥയിലാണ്. ഭൂമിയുടെ ന്യായവില, രജിസ്ട്രേഷൻ ഫീസ്, കോർട്ട് ഫീ സ്റ്റാമ്പ് നിരക്ക്, വാഹന നികുതി, വീട്ടുകരം എന്നിവയെല്ലാം വർദ്ധിപ്പിക്കുകയാണ്. കേരളത്തിന്റെ ധനകാര്യ സ്ഥിതിയെന്താണ്? ഇതുസംബന്ധിച്ച് സി.&എ.ജി.-യുടെ കണക്ക്

പരിശോധിക്കാം. ഇന്നുവരെ കേരളത്തിലുണ്ടായ ഗവൺമെന്റുകളുടെ ആകെ കടം 1,57,370 കോടി രൂപയാണ്. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് അത് 3,32,592 കോടി രൂപയായി. കിഫ്ബി ഒഴികെയുള്ള കണക്കാണ് ഞാൻ പറയുന്നത്. നിങ്ങൾ കടം സൃഷ്ടിച്ചതിനാൽ ഇപ്പോൾ കേരളത്തിലെ ഓരോ കുട്ടിയും 1,05,000/- രൂപയുടെ കടക്കാരനായാണ് ജനിച്ചുവീഴുന്നത്. നിത്യനിദാന ചെലവുകൾക്കുവേണ്ടി മാത്രമാണ് നിങ്ങൾ കടമെടുക്കുന്നത്. സാധാരണഗതിയിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ കടമെടുക്കുന്നത് അതിനുവേണ്ടിയല്ല. That is not a good economics. നിങ്ങൾ ചെയ്യേണ്ടത് എന്താണ്? വരുമാന വർദ്ധനവിനുവേണ്ടിയുള്ള പദ്ധതികൾക്ക് മുതൽമുടക്കാൻ നിങ്ങൾ തയ്യാറായിട്ടില്ല. ശ്രീ. കെ. എൻ. ബാലഗോപാൽ പാവപ്പെട്ടവനെ ചാട്ടവാർകൊണ്ട് അടിക്കുകയും ധനികരെ എണ്ണ തേയ്പിക്കുകയുമാണ് ചെയ്യുന്നത്. അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടാൻ സർക്കാർ നടപടി സ്വീകരിക്കുന്നില്ലെന്നത് നമ്മൾ കാണേണ്ട കാര്യമാണ്. നിങ്ങൾ ധൂർത്ത് ഒഴിവാക്കുന്നില്ല. ധനകാര്യ വകുപ്പുമന്ത്രി ധൂർത്തിനെക്കുറിച്ച് പറയുമെന്നും ധൂർത്ത് ഒഴിവാക്കുന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ വയ്ക്കുമെന്നും വിചാരിച്ചു. പക്ഷേ ഒന്നും ചെയ്തില്ല. കിഫ്ബിയുടെ ചരമഗീതം ബഹുമാനപ്പെട്ട മന്ത്രി

എഴുതിയിരിക്കുന്നു. കിഫ്ബിയിലൂടെ ഇനിയൊരു പദ്ധതിയും നടക്കില്ല. കെ-റെയിൽ പദ്ധതിക്കുവേണ്ടി നിങ്ങൾ അനാവശ്യമായി പണം ചെലവഴിച്ചു. ഇല്ലാത്ത പദ്ധതികളുടെ പേരിൽ പണം ചെലവഴിക്കുകയാണ്. കിഫ്ബിയെക്കുറിച്ച് ഞങ്ങൾ അന്നുപറഞ്ഞതാണ്. ബഹുമാനപ്പെട്ട സ്പീക്കർ അന്നിവിടെ ഉണ്ടായിരുന്നല്ലോ; അദ്ദേഹത്തിനറിയാം. കിഫ്ബിയുടെ ബഡ്ജറ്റിനുപുറത്തുള്ള ധനസമാഹരണം അപകടത്തിലാണെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ ഒരു കുഴപ്പവുമില്ലെന്ന് നിങ്ങൾ വാദിച്ചു. ഇപ്പോൾ എന്താണ് സ്ഥിതി; നിങ്ങൾക്ക് പുതിയൊരു പദ്ധതി ഏറ്റെടുക്കാൻ കഴിയുന്നുണ്ടോ; കിഫ്ബിയെക്കുറിച്ച് സി. ആൻഡ് എ.ജി. പറഞ്ഞപ്പോൾ അതിനെതിരായി സഭയിൽ നിങ്ങൾ പ്രമേയം പാസ്സാക്കിയില്ലേ? ഇന്ന് സംസ്ഥാനത്തെ ജനങ്ങൾ ബുദ്ധിമുട്ടനുഭവിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്.

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.....

ശ്രീ. രമേശ് ചെന്നിത്തല: സർ, രണ്ടുമിനിട്ടുകൂടി.

മി. സ്പീക്കർ: അതുപറ്റില്ല. നിങ്ങൾ പഞ്ചതന്ത്രം കഥപറഞ്ഞ് സമയം കളഞ്ഞതാണ്. പ്ലീസ്....പ്ലീസ്....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ ബഡ്ജറ്റിൽ വന്നിരിക്കുന്ന നികുതി നിർദ്ദേശങ്ങൾ പാവപ്പെട്ട ജനങ്ങൾക്ക് താങ്ങാൻ കഴിയാത്തതാണ്;

സാധുക്കളെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. സർക്കാർ ലക്കുംലഗാനുമില്ലാതെ ധൂർത്തും അഴിമതിയുംകൊണ്ട് സംസ്ഥാനത്തെ ജനങ്ങളെ കബളിപ്പിക്കുകയാണ്. ധൂർത്തിന്റെ കണക്കുകൾ ഞാനിവിടെ പറയുന്നില്ല. അത് പറയാൻ പോയാൽ നമ്മൾ എങ്ങുമെത്തില്ല. സംസ്ഥാനത്തെ ജനങ്ങളുടെ തലയിൽ ഭാരമേറ്റിവച്ചുകൊണ്ട്, അവരെ ബുദ്ധിമുട്ടിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതിനെതിരെ അതിശക്തമായ ജനവികാരം കേരളത്തിൽ ഉയരുമെന്ന കാര്യത്തിൽ സംശയം വേണ്ട. പാർലമെന്റ് തെരഞ്ഞെടുപ്പ് വന്നാൽ യു.ഡി.എഫ്. കരിയില പോലെ പറന്നുപോകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നന്ദിപ്രമേയത്തിന് മറുപടി പറഞ്ഞപ്പോൾ സൂചിപ്പിക്കുകയുണ്ടായി. ഈ ജനവിരുദ്ധ ബഡ്ജറ്റ് അവതരിപ്പിച്ചതോടുകൂടി കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് മണ്ണാംകട്ടപോലെ ഒലിച്ച് പോകുമെന്ന കാര്യത്തിൽ തർക്കം വേണ്ട. ഇന്ന് കേരളത്തിലെ ജനങ്ങൾ നിങ്ങൾക്കെതിരാണ്. പൊതുകടം വർദ്ധിപ്പിച്ചും അനാവശ്യ ധൂർത്തും അഴിമതിയും നടത്തിയും കേരളത്തിലെ ജനങ്ങളെ കബളിപ്പിക്കുന്ന ഈ സർക്കാരിനെതിരെ അതിശക്തമായ പോരാട്ടവുമായി ഞങ്ങൾ മുന്നോട്ടുപോകുമെന്ന് അറിയിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. വി. ശശി</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ഇടതുപക്ഷ ഗവൺമെന്റിൽനിന്നും ഒരു ജനദ്രോഹ ബഡ്ജറ്റ് കേരളത്തിലെ ജനങ്ങൾ പ്രതീക്ഷിക്കുന്നില്ലെന്ന ഉത്തമബോദ്ധ്യമുള്ള ഒരാളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി. കേരളം ഭരിക്കുന്ന ഗവൺമെന്റും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും അത് അനുവദിക്കില്ലെന്നും ജനങ്ങൾക്കുറപ്പുണ്ട്. ആ ജനവിശ്വാസം ഉൾക്കൊണ്ടുതന്നെയാണ് ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ബഡ്ജറ്റിന്റെ ഉള്ളടക്കം വായിച്ച് വിലയിരുത്തുന്ന ഏതൊരാൾക്കും മറിച്ചൊരഭിപ്രായം രേഖപ്പെടുത്താനാകില്ലെന്നാണ് ഞാൻ കരുതുന്നത്. 2023 ഫെബ്രുവരി 3-ാം തീയതി സഭയിൽ അവതരിപ്പിച്ച 2023-24-ലെ ബഡ്ജറ്റിന്മേലുള്ള ചർച്ചയ്ക്കാണ് ഇന്ന് തുടക്കം കുറിക്കുന്നത്. നിർദ്ദേശങ്ങളും ഭേദഗതികളും വാദപ്രതിവാദങ്ങളുമെല്ലാം സഭയിൽ ഉയർന്നുവരും; പൊതുസമൂഹവും ചർച്ചകളിൽ പങ്കാളികളാകും. അങ്ങനെയൊരു ജനാധിപത്യ പ്രക്രിയയിലൂടെയാണ് ബഡ്ജറ്റ് പാസ്സാക്കുന്നത്. അങ്ങനെതന്നെയാകണം അത് പാസ്സാക്കേണ്ടത്. എന്നാൽ ബഡ്ജറ്റിന്മേലുള്ള പ്രതിപക്ഷ പ്രതികരണം കാണുമ്പോൾ അങ്ങനെയൊരു

സമീപനമല്ല സ്വീകരിച്ചിരിക്കുന്നതെന്ന് ഖേദപൂർവ്വം പറയേണ്ടിവരുന്നു. 2955 കോടി രൂപയുടെ അധികവിഭവ സമാഹരണത്തെക്കുറിച്ചുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഉയർത്തിപ്പിടിച്ച് കോലാഹലങ്ങളുടെ ഒരു തീമഴയ്ക്കാണ് പ്രതിപക്ഷം തുടക്കം കുറിച്ചിരിക്കുന്നത്. ബഡ്ജറ്റിന്റെ ആമുഖത്തിൽ വ്യക്തമാക്കിയിരുന്ന അധിക വിഭവ സമാഹരണത്തിലേയ്ക്ക് പ്രേരിപ്പിച്ച കാരണങ്ങൾകൂടി ഉൾപ്പെടുത്തി സമഗ്രമായ ചർച്ചയ്ക്ക് തീകൊളുത്തിയിരുന്നുവെങ്കിൽ എത്ര നന്നായിരുന്നുവെന്ന് ആഗ്രഹിച്ചുപോകുകയാണ്. കേരളത്തിലെ പ്രതിപക്ഷ പാർട്ടികൾക്ക് അങ്ങനെയൊരു കടമകൂടിയുണ്ടെന്നാണ് ജനങ്ങൾ കരുതുന്നത്.

രാജ്യത്ത് പൊതുവെയും കേരളത്തിൽ പ്രത്യേകിച്ചും കേന്ദ്ര സർക്കാർ സ്വീകരിച്ചുപോരുന്ന നടപടികൾ വളരെ ലളിതമായ കാര്യങ്ങളാണെന്ന് ആർക്കും കരുതാനാവില്ല. ഇന്ത്യയിലെ ഫെഡറൽ ധനവ്യവസ്ഥയിൽ വരുത്തിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളും ഒരിക്കലും ഒരു ചെറിയ വിഷയമല്ല. ഭരണഘടനാവിരുദ്ധമായ അധികാര കേന്ദ്രീകരണവും സംസ്ഥാനങ്ങളോടുള്ള വിവേചനവും അവഗണനയും അംഗീകരിക്കാനാവില്ല. അതെല്ലാം ഭരണഘടനാ വിരുദ്ധമാണെന്ന് മാത്രമല്ല കേരളത്തെ സംബന്ധിച്ചിടത്തോളം ആത്മാഭിമാനത്തിന്റെ പ്രശ്നം കൂടിയാണ്. ഈ വിഷയം പ്രതിപക്ഷം

ഗൗരവമായി കണ്ടിരുന്നുവെങ്കിൽ ചർച്ച അർത്ഥപൂർണ്ണവും ഫലപ്രദവുമാകുകയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ഉദ്ദേശ്യശുദ്ധിയെ ശ്ലാഘിക്കുകയും ചെയ്യുമായിരുന്നു. ഇനിയെങ്കിലും ഈ വിഷയം പ്രതിപക്ഷം വളരെ ഗൗരവമായി കാണുമെന്നുതന്നെയാണ് ഞാൻ കരുതുന്നത്.

പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് ഡിവിസിബിൾ പൂളിൽനിന്നും സംസ്ഥാനത്തിന് ലഭിച്ചിരുന്ന 3.875 ശതമാനം വിഹിതം 1.925 ശതമാനമാക്കി കുറച്ചതിലൂടെ നമുക്കുണ്ടായ നഷ്ടം പതിനായിരം കോടി രൂപയാണ്. റവന്യൂ കമ്മി ഗ്രാന്റിൽ 6,700 കോടി രൂപയുടെ നഷ്ടമുണ്ടായി. ജി.എസ്.ടി. നഷ്ടപരിഹാര വിഹിതത്തിലും 7,000 കോടി രൂപ കുറഞ്ഞു. പബ്ലിക് അക്കൗണ്ട് കട ബാദ്ധ്യതയാക്കി മാറ്റിയതുകാരണം 10,000 കോടി രൂപയുടെ നഷ്ടമുണ്ടായി. വിപണിയിൽനിന്നും കടമെടുക്കുന്നതിനുള്ള പരിധിയിൽ വരുത്തിയ കുറവുകാരണം 4,000 കോടി രൂപയുടെ വരുമാനമാണ് കുറഞ്ഞത്. ഇതിനെല്ലാംപുറമെ കിഫ്ബി, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനി എന്നിവ ബഡ്ജറ്റിന് പുറത്ത് സമാഹരിച്ച ധനംകൂടി സംസ്ഥാന സർക്കാരിന്റെ ബാദ്ധ്യതയായി പരിഗണിക്കുന്നതുകാരണം കടമെടുപ്പ് പരിധിയിൽ 3,100 കോടി രൂപയുടെ

കുറവുണ്ടാകുന്നു. ഇതെല്ലാംകൂടി നാൽപ്പതിനായിരത്തിൽപ്പരം കോടി രൂപയുടെ കുറവാണ് സംസ്ഥാനത്തുണ്ടായത്. ഈ അവഗണനയെ ന്യായീകരിക്കാനാകുമോ? ഇതുകണ്ട് ആഘോഷിക്കാൻ കേരളത്തിലെ ജനങ്ങൾ എന്തായാലും പ്രതിപക്ഷത്തോടൊപ്പമുണ്ടാകുമെന്ന് കരുതുന്നില്ല. ഗുരുതരമായ പ്രതികൂല സാഹചര്യത്തിലും സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യവികസനത്തിനും സാമൂഹിക സുരക്ഷാ മേഖലയിലെ ചെലവുകൾക്കും യാതൊരു മുടക്കവും വരുത്തിയിട്ടില്ല. ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവ പരിഷ്കരിക്കുകയും അതിന്റെ അധിക ബാധ്യത ഏറ്റെടുക്കുകയും ചെയ്തു. ചുരുക്കത്തിൽ ഒരു വശത്ത് മുമ്പൊരിക്കലുമില്ലാത്തവിധം ഭീമമായ വിഭവശോഷണവും മറുവശത്ത് അധികമായി ഏറ്റെടുക്കേണ്ടിവന്ന ചെലവുകളുടെ ബാധ്യതയുമാണ്. ഇവ രണ്ടും കൂട്ടിച്ചേർത്ത് വായിച്ചാണ് സർക്കാരിന്റെ ധനഞെരുക്കത്തെ സമഗ്രമായി വിലയിരുത്തേണ്ടതെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ അഭ്യർത്ഥന കണ്ടില്ലെന്ന് നടിക്കുന്നത് ശരിയല്ല. നടപ്പുസാമ്പത്തിക വർഷത്തേക്കാൾ വലിയ ധനഞെരുക്കമാണ് 2023-24 സാമ്പത്തിക വർഷത്തിലും പ്രതീക്ഷിക്കുന്നത്. റവന്യൂ കമ്മി ഗ്രാന്റിനത്തിൽ 2022-23-നേക്കാൾ 8,400 കോടി രൂപയുടെ കുറവാണുണ്ടാകാൻ പോകുന്നതെന്ന് ബഡ്ജറ്റ് ചൂണ്ടിക്കാണിക്കുന്നു. ജി.എസ്.ടി. നഷ്ടപരിഹാരം

നിർത്തലാക്കിയ വകയിൽ നഷ്ടപ്പെടുന്നത് 5,700 കോടി രൂപയാണ്. കൂടാതെ കടപരിധിയിലെ കുറവുമൂലമുണ്ടാകുന്ന 5,000 കോടി രൂപയും ഒരു ഹാർഡ് ബഡ്ജറ്റ് പ്രതിസന്ധിയിലേയ്ക്ക് സംസ്ഥാനത്തെ കൊണ്ടെത്തിച്ചിരിക്കുന്നുവെന്ന യാഥാർത്ഥ്യം ധനകാര്യ വകുപ്പുമന്ത്രി നമ്മുടെ മുന്നിൽ അവതരിപ്പിച്ചിരിക്കുകയാണ്. സംസ്ഥാനത്തിന്റെ നികുതി അധികാരങ്ങൾ പരിമിതമാണെന്നിരിക്കെ വായ്പാ പരിധിയും കർശനമായി നിയന്ത്രിക്കപ്പെട്ടിരിക്കുകയാണ്. ഈ സ്ഥിതിവിശേഷം കക്ഷിരാഷ്ട്രീയ ഭേദമെന്യേ വിലയിരുത്തി മുന്നോട്ടുപോകാൻ കഴിയണം. ഈ പുതിയ സാഹചര്യത്തിൽ ഒരു ത്രിതല നയം സർക്കാർ സ്വീകരിച്ചിരിക്കുകയാണ്. ഇന്ത്യൻ ഭരണഘടനയുടെ ഫെഡറൽ മൂല്യങ്ങളേയും സംസ്ഥാന ധനകാര്യയിടങ്ങളെയും സംരക്ഷിക്കുന്നതിന് വിവിധ സംസ്ഥാനങ്ങളെക്കൂടി പങ്കാളികളാക്കി യോജിച്ചൊരു ചെറുത്തുനില്പ് സംഘടിപ്പിക്കുകയെന്ന നിർദ്ദേശം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിൽ മുന്നോട്ടുവച്ചിട്ടുണ്ട്. കൂടാതെ ജി.എസ്.ടി.-നികുതി വകുപ്പുകളെ ശാസ്ത്രീയമായി പുനഃസംഘടിപ്പിച്ച് നികുതി ഭരണം കാര്യക്ഷമമാക്കാനും വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പാക്കാനും നടപടി സ്വീകരിക്കുകയാണ്. ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്തായിരിക്കണം അധിക വിഭവ സമാഹരണമെന്ന നിലയിൽ

മുന്നോട്ടുവച്ച ബഡ്ജറ്റ് നിർദ്ദേശങ്ങളെ വിലയിരുത്തേണ്ടത്. പെട്രോളിനും ഡീസലിനും ലിറ്ററിന് 2 രൂപ നിരക്കിൽ സാമൂഹ്യ സുരക്ഷ സെസ്സ് ഏർപ്പെടുത്തിക്കൊണ്ട് 800 കോടിയോളം രൂപ സമാഹരിച്ച് സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ടിലേയ്ക്ക് നൽകണമെന്ന നിർദ്ദേശം വലിയ വിമർശനം ഉയർത്തുകയാണ്. പ്രസ്തുത ഫണ്ട് സാമൂഹ്യ സുരക്ഷയ്ക്കല്ലാതെ മറ്റൊരു കാര്യത്തിനും വിനിയോഗിക്കില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്രസർക്കാർ പെട്രോളിന് 8.3 രൂപയിൽനിന്ന് 31.5 രൂപയായും ഡീസലിന് 2.10 രൂപയിൽനിന്ന് 30 രൂപയായും ഘട്ടംഘട്ടമായി നികുതി വർദ്ധിപ്പിച്ചശേഷം 10 രൂപയും 5 രൂപയും യഥാക്രമം കുറച്ചപ്പോൾ കേരളത്തിൽ ഡീസലിന് 12.30 രൂപയും പെട്രോളിന് 6.56 രൂപയും എന്ന നിരക്കിലാണ് വില കുറഞ്ഞത്. പെട്രോളിന് 2.30 രൂപയും ഡീസലിന് 1.56 രൂപയും അധികമായി കുറഞ്ഞത് കേരളം നികുതി നിരക്ക് കുറച്ചതുകൊണ്ടാണ്. അതുകൊണ്ട് കേരളം നികുതി കുറച്ചില്ലെന്ന് പറയുന്നത് ശരിയല്ല; കേരളത്തിൽ നികുതി കുറഞ്ഞിട്ടുണ്ട്. ഇത്തരത്തിലുള്ളതാണ് സംസ്ഥാനത്തിന്റെ മൂല്യാധിഷ്ഠിത നികുതിഘടന. കേന്ദ്രത്തേക്കാൾ സംസ്ഥാന സർക്കാർ വരുത്തിയ 2.30 രൂപയുടേയും 1.56 രൂപയുടേയും കുറവിലൂടെ ജനങ്ങൾക്ക് ഈ സാമ്പത്തിക വർഷം ഏകദേശം 500 കോടിയോളം രൂപയും അടുത്ത വർഷം ഏകദേശം 1000 കോടിയോളം

രൂപയുടേയും സഹായമുണ്ടാകുമെന്നതാണ് യാഥാർത്ഥ്യം. കേരളത്തിലുണ്ടായ നികുതി കുറവിനെ ആനുപാതിക കുറവെന്ന് പരാമർശിച്ച് കുറച്ചുകാണേണ്ടതില്ല. പകരം നമ്മുടെ നികുതി ഘടനയുടെ പ്രത്യേകതമൂലം നികുതി നിരക്കിൽ കേരളത്തിലും കുറവ് വരുത്തിയെന്നതന്നെ സൂചിപ്പിക്കേണ്ടിവരും; നികുതി കുറയ്ക്കൽ പ്രഖ്യാപനമുണ്ടായില്ലെന്നേയുള്ളൂ. ഇന്ധനവിലയിൽ 2 രൂപ വർദ്ധിപ്പിച്ചതൊന്നുമല്ല ഇവിടത്തെ പ്രശ്നം. കേരളം സ്വീകരിച്ചിരിക്കുന്ന സാമ്പത്തിക നയമാണ് പ്രതിപക്ഷത്തിനും കേന്ദ്രസർക്കാരിനും പ്രശ്നമാകുന്നത്. സ്വകാര്യസ്വത്തും കമ്പോളവൽക്കരണവും എല്ലാതലങ്ങളിലും ഉറപ്പുവരുത്തുകയെന്ന നവലിബറൽ നയത്തെ പരമാവധി ചെറുത്തുനിർത്താൻ നമ്മൾ ശ്രമിക്കുന്നുണ്ട്. കമ്പോളവൽക്കരണം ഉറപ്പാക്കാൻ ആദ്യം പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരിക്കുകയാണ് ചെയ്യേണ്ടത്; എന്നാൽ സംസ്ഥാന സർക്കാർ അത് ചെയ്യാതെ പൊതുമേഖലാ സ്ഥാപനങ്ങളെ പരിപോഷിപ്പിക്കുകയാണ്. കുടിവെള്ള വിതരണം, ഗതാഗതം തുടങ്ങിയ സർവ്വീസ് മേഖലകളിൽനിന്നെല്ലാം സർക്കാർ പിന്മാറണമെന്നാണ് പറയുന്നത്. പക്ഷേ നമ്മൾ അതും ചെയ്യുന്നില്ല. വിദ്യാഭ്യാസം, ആരോഗ്യം, പെൻഷൻ തുടങ്ങിയ സാമൂഹ്യക്ഷേമ മേഖലകളിൽ സർക്കാർ ഇടപെടാൻ പാടില്ലെന്നതാണ് നവ ഉദാരവൽക്കരണ നയം. എന്നാൽ സംസ്ഥാന സർക്കാർ പൂർണ്ണമായും ഈ

മേഖലകളിൽ ഇടപെട്ട് വലിയ സാമ്പത്തിക സഹായങ്ങളാണ് നൽകിക്കൊണ്ടിരിക്കുന്നത്. പെൻഷൻ സാർവ്വത്രികമാക്കുകയും 65 ലക്ഷം ആളുകൾക്ക് പെൻഷൻ നൽകുകയും ചെയ്തു. നവ ഉദാരവൽക്കരണ നയം നടപ്പാക്കുന്ന കേന്ദ്രസർക്കാർ ഒരിക്കലും നമുക്കനുകൂലമാകില്ല. നവലിബറലിസത്തിന്റെ സൃഷ്ടിയായ ധന ഉത്തരവാദിത്ത നിയമം ശക്തമായി സംസ്ഥാനത്തിനുമേൽ അടിച്ചേൽപ്പിക്കും. നമ്മൾ സ്വീകരിച്ചുപോരുന്ന ജനസൗഹൃദ സാമ്പത്തിക നയത്തിലുള്ള അമർഷം കൊണ്ടാണ് അവരിത് ചെയ്യുന്നത്. നമ്മൾ ഏറ്റെടുത്ത ദൗത്യം വളരെ വലുതാണ്. ഇതുവരെ നമുക്ക് വിജയിച്ച് മുന്നേറാൻ സാധിച്ചിട്ടുണ്ട്. ഇനിയും ഇതേ പാത പിന്തുടരണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നമുക്ക് മുന്നോട്ടുപോകാൻ ഊർജ്ജം പകരുന്ന ഒന്നാണ്. ബഡ്ജറ്റിലെ നിർദ്ദേശങ്ങളെല്ലാം അതേ നിലയിൽ വിലയിരുത്താൻ കഴിയണം. ഞാൻ ഈ ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുന്നു. ബഡ്ജറ്റ് അവതരിപ്പിച്ച ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അസാമാന്യ ധൈര്യത്തെക്കുറിച്ച് പ്രത്യേകം എടുത്തുപറയേണ്ടതാണ്. കോവിഡിനുശേഷം സാമ്പത്തികമായി നടുവൊടിഞ്ഞ് കഷ്ടപ്പെടുന്ന ജനങ്ങളുടെമേൽ ഇത്രയും ഭാരിച്ച

നികുതി അടിച്ചേൽപ്പിക്കാൻ അതീവ ധൈര്യമുള്ളവർക്ക് മാത്രമേ കഴിയുകയുള്ളൂ. പിച്ചച്ചട്ടിയിൽനിന്നും പൈസ തട്ടിയെടുക്കുന്ന ചില ദുഷ്ടന്മാരുണ്ട്. അതിനേക്കാൾ കഷ്ടമാണിത്. സാധാരണക്കാർ നിത്യവൃത്തിക്കുപോലും കഷ്ടപ്പെടുന്ന ഈ സമയത്ത് അവർ വാങ്ങുന്ന എല്ലാ സാധനങ്ങൾക്കും അധിക നികുതിയും സെസ്സും നിർദ്ദേശിച്ചിരിക്കുകയാണ്. പെട്രോളിന് രണ്ട് രൂപ സെസ്സ് ഏർപ്പെടുത്തിയതിനെക്കുറിച്ചല്ല ഞാൻ സൂചിപ്പിക്കുന്നത്; അത് ഈ സർക്കാരിന് പിൻവലിക്കാനുള്ളതാണെന്ന് എല്ലാവർക്കുമറിയാം. സി.പി.ഐ.(എം)-ന്റെ ഒരു സ്ഥിരം ടെക്നിക്കാണിത്. എല്ലാ അവശ്യസാധനങ്ങൾക്കും സർവ്വീസുകൾക്കും നികുതി കൂട്ടും. പിന്നീട് പ്രതിപക്ഷത്തിന്റെ ഉൾപ്പെടെ എല്ലാവരുടേയും എതിർപ്പുണ്ടാകുമ്പോൾ അത് പിൻവലിക്കും. അങ്ങനെ പിൻവലിക്കാനായി ഏർപ്പെടുത്തിയിരിക്കുന്നതാണ് പെട്രോൾ-ഡീസൽ സെസ്സ്. അതോടുകൂടി നികുതി വർദ്ധനവിനെക്കുറിച്ചുള്ള പ്രതിഷേധമെല്ലാം ഇല്ലാതാകുമെന്ന തന്ത്രം ഒരുതരം കണ്ണിൽ പൊടിയിടലാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ 99 സീറ്റ് നൽകി നിങ്ങളെ വീണ്ടും അധികാരത്തിലെത്തിച്ച ജനങ്ങളോടുതന്നെയാണ് ഇങ്ങനെയൊരു യുദ്ധപ്രഖ്യാപനം നടത്തേണ്ടത്. ഇത് യഥാർത്ഥത്തിൽ നികുതി പിരിവല്ല; നികുതി ഭീകരതയാണ്, കണ്ണിൽ ചോരയില്ലായ്മയാണ്. സംസ്ഥാനം അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണ്. ഭരണത്തിന്റെ ധൂർത്ത്,

സാമ്പത്തിക അച്ചടക്കമില്ലായ്മ എന്നിവയാണ് അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് സംസ്ഥാനത്തെ നയിച്ചത്. കഴിഞ്ഞ അഞ്ചുവർഷവും കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് ജി.എസ്.ടി. നഷ്ടപരിഹാരം നൽകിയിരുന്നു. ഈ സമയത്ത് ചരക്ക് സേവന നികുതി വകുപ്പിനെ പരിഷ്കരിച്ച് ശക്തിപ്പെടുത്തിയില്ല; നമ്മളെല്ലാവരും ഉറങ്ങിപ്പോയി എന്നുവേണമെങ്കിൽ പറയാം. മറ്റുള്ള സംസ്ഥാനങ്ങൾ 6% മുതൽ 11.5% വരെ നികുതി വർദ്ധനവിൽ വളർച്ച രേഖപ്പെടുത്തിയപ്പോൾ കേരളത്തിൽ അത് 2% മാത്രമായിരുന്നു. ഇക്കാര്യത്തിൽ കേരളം ഏറ്റവും പുറകിലാണ്. 4,000 കോടി രൂപയുടെ അധിക നികുതിയാണ് ബഡ്ജറ്റിൽ പ്രതീക്ഷിക്കുന്നത്. എന്നാൽ നികുതി ഇനത്തിൽ ലഭിക്കാൻ ബാക്കിയുള്ള 70,000 കോടി രൂപ പിരിച്ചെടുക്കാനുള്ള നടപടികളല്ലേ ആദ്യം ചെയ്യേണ്ടത്? ഫെയർ വാല്യുവിന്റെ അപാകത പരിഹരിക്കാതെ ഭൂമിയുടെ ന്യായവില 20% വർദ്ധിപ്പിച്ചു. രജിസ്ട്രേഷൻ ഫീസ്, അപേക്ഷാ ഫീസ്, പരിശോധനാ ഫീസ്, പെർമിറ്റ് ഫീസ് തുടങ്ങിയവയെല്ലാം വർദ്ധിപ്പിച്ചു. കരിങ്കൽ, ചെങ്കൽ തുടങ്ങിയ നിർമ്മാണ സാമഗ്രികൾക്കെല്ലാം വില കൂട്ടി. ഒരു വ്യക്തിയുടെ ഒന്നിലധികം വീടുകൾക്കും പ്രവാസികളുടെ അടച്ചിട്ടിരിക്കുന്ന വീടുകൾക്കും അധിക നികുതി ഏർപ്പെടുത്തി. ഈ ബഡ്ജറ്റ് നിർദ്ദേശം വന്നതോടുകൂടി രണ്ട് ദിവസംകൊണ്ട് ഫ്ലാറ്റുകൾക്ക് സ്ക്വയർ ഫീറ്റിന് 300 രൂപ

വരെ വിലകൂടിയെന്ന കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കണം. ഫ്ലാറ്റുകളിൽ താമസിക്കുന്നവരെല്ലാം വലിയ പണക്കാരാണോ?

നടപ്പ് സാമ്പത്തിക വർഷം അവസാനിക്കാൻ കഷ്ടിച്ച് രണ്ടുമാസം മാത്രം അവശേഷിക്കെ സംസ്ഥാനത്തിന്റെ നാളിതുവരെയുള്ള പദ്ധതിച്ചെലവ് 49% മാത്രമാണ്. ഏകദേശം 16,000 കോടിയോളം രൂപ പദ്ധതി വിഹിതത്തിൽ ചെലവഴിക്കാൻ ബാക്കിയുണ്ട്. വകയിരുത്തിയതിനുപോലും പണം കണ്ടെത്താനാകാത്ത സർക്കാരിന്റെ ബഡ്ജറ്റിലെ പുതിയ പ്രഖ്യാപനങ്ങൾ വെറുതേയാണെന്ന് മാത്രമേ പറയാൻ കഴിയുകയുള്ളൂ. 1,30,000 കോടി രൂപയുടെ സിൽവർ ലൈൻ പദ്ധതി നടപ്പാക്കാൻ പുറപ്പെട്ട സംസ്ഥാനമാണിത്. എന്നാൽ റോഡുകളുടെ അറ്റകുറ്റപ്പണി ചെയ്യാൻ 5-10 കോടി രൂപ ആവശ്യപ്പെട്ടാൽ ഫണ്ടില്ലെന്ന മറുപടിയാണ് ലഭിക്കുന്നത്. റോഡുകളുടെ ശോചനീയാവസ്ഥയെക്കുറിച്ച് അറിയിക്കുന്നതിന് മൊബൈൽ ആപ്പ്, മിനിസ്റ്റർ മീറ്റിംഗ്, എം.എൽ.എ. മീറ്റിംഗ്, മലപ്പുറം കത്തി എന്തെല്ലാമായിരുന്നു വാഗ്ദാനങ്ങൾ. ഇപ്പോൾ റോഡുകളെല്ലാം തകർന്നുകിടക്കുന്നു. കേന്ദ്രസർക്കാരിന്റെ എൻ.എച്ച്. പദ്ധതികളല്ലാതെ വേറൊന്നും സംസ്ഥാനത്ത് നടക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലെ അങ്ങാടിപ്പുറം-വളാഞ്ചേരി റോഡ്, റോഡാണോ തോടാണോയെന്ന് തിരിച്ചറിയാൻതന്നെ വളരെ പ്രയാസമാണ്. ഒരു ദശാബ്ദം

മുമ്പേ ബി.എം.&ബി.സി. ചെയ്ത റോഡാണത്. ഇതുസംബന്ധിച്ച് നിരവധി പ്രാവശ്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് നിവേദനം നൽകുകയും സഭയിൽ സബ്മിഷൻ അവതരിപ്പിക്കുകയും ചെയ്തു. 15 കോടി രൂപയോളമാണ് അതിന്റെ എസ്റ്റിമേറ്റ്. ബഡ്ജറ്റിൽ ഒരു നിയോജകമണ്ഡലത്തിന് ആകെ നൽകുന്നത് 5 കോടി രൂപയാണ്. കിഫ്ബിയിലേയ്ക്ക് ഒരു പദ്ധതിയും നൽകരുതെന്ന് ധനകാര്യ വകുപ്പുമന്ത്രി താക്കീത് ചെയ്തിരിക്കുകയാണ്. ഈ റോഡുകൾക്ക് ഫണ്ട് നൽകുന്നത് ആരാണ്; ഇതുപോലുള്ള പദ്ധതികൾ നടപ്പിലാക്കുന്നത് എങ്ങനെയാണ്? എന്റെ മുന്നിലെ സീറ്റിലുള്ള ബഹുമാനപ്പെട്ട അംഗം പറയുന്നതുപോലെ ഇപ്പോൾ റോഡിലിറങ്ങി നടക്കാൻ പറ്റാതായിരിക്കുന്നു. കാൻസർ രോഗികൾക്ക് മരുന്ന് വാങ്ങാനുള്ള ഫണ്ടിൽനിന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നേരത്തെ 3.5 കോടി രൂപയുടെ കുറവുവരുത്തി. രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്ന ഇക്കാലത്ത് നിലവിലുള്ള ഫണ്ട് വെട്ടിക്കുറയ്ക്കുന്ന നടപടി അർബുദം ബാധിച്ച ഈ സർക്കാരിന്റെ ആരോഗ്യ നയത്തിന് ഉദാഹരണമാണ്. അതുപോലെ, വൃക്ക മാറ്റിവച്ചവർക്ക് ജീവിതകാലം മുഴുവൻ കഴിക്കേണ്ട മരുന്ന് ആറുമാസക്കാലമായി കാരുണ്യ മെഡിക്കൽ സ്റ്റോറുകളിലില്ല. ശസ്ത്രക്രിയയ്ക്കുള്ള അനുബന്ധ വസ്തുക്കളുടെ വിതരണവും പ്രതിസന്ധിയിലാണ്. ഏകദേശം 200

കോടിയോളം രൂപ കുടിശ്ശികയുള്ളതിനാൽ വിതരണം നിർത്തിവയ്ക്കുമെന്നാണ് കേൾക്കുന്നത്. ഉന്നതവിദ്യാഭ്യാസ രംഗത്തെക്കുറിച്ച് പറയാതിരിക്കുന്നതാണ് ഭേദം. ഈ സർക്കാരിന്റെ കാലത്ത് ഗവർണറും സർക്കാരും തമ്മിൽ നടന്ന പോര് ഉന്നതവിദ്യാഭ്യാസ രംഗത്തെയും സംസ്ഥാനത്തെ സർവ്വകലാശാലകളെയും കുറിച്ച് ഇവിടെയുള്ള വിദ്യാർത്ഥികളിൽ സൃഷ്ടിച്ച അവമതിപ്പ് ചെറുതല്ല. ഉന്നത വിദ്യാഭ്യാസരംഗം കലുഷിതമാണെന്നും നിലവാരമില്ലാത്തതാണെന്നും ഗവർണർതന്നെ പത്രസമ്മേളനം നടത്തി പ്രഖ്യാപിക്കുമ്പോൾ വിദ്യാർത്ഥികൾ ഇവിടെ പഠിക്കാൻ തയ്യാറാകുന്നത് എങ്ങനെയാണ്? വാഴക്കുല ഡോക്ടറേറ്റ്, സർവ്വകലാശാലയിൽ നേതാക്കന്മാരുടെ ബന്ധുക്കൾക്ക് അനധികൃത നിയമനം എന്നിവ കാരണം സർവ്വകലാശാലകളിൽ കൃത്യമായൊന്നും നടക്കുന്നില്ലെന്നുള്ള തോന്നൽ പൊതുസമൂഹത്തിലുണ്ടാക്കിയിട്ടുണ്ട്.

കിഫ്ബി ഇപ്പോൾ മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രി പറയുന്നതുപോലെ ശരിക്കും കിംഫിയായി. 74,000 കോടി രൂപയുടെ 993 പദ്ധതികളിൽ ആകെ 6,200 കോടി രൂപയുടെ പദ്ധതികൾ മാത്രമാണ് പൂർത്തിയാക്കിയത്. 860 സ്കൂൾ കെട്ടിട നിർമ്മാണം ഏറ്റെടുത്തതിൽ 288 എണ്ണം മാത്രമാണ് പൂർത്തിയാക്കിയത്. കിഫ്ബിയിൽ ധാരാളം ടെക്നിക്കൽ

സ്റ്റാഫിനെയും ജീവനക്കാരെയും കരാർ വ്യവസ്ഥയിൽ ഉയർന്ന ശമ്പളത്തിൽ നിയമിച്ചതുമൂലമുണ്ടായ അധിക ചെലവ് വളരെ വലുതാണ്. തിരിച്ച് കിട്ടുമെന്ന് ഉറപ്പില്ലാത്തതിനാൽ കിഫ്ബിക്ക് കടം കൊടുക്കാൻ ആരും തയ്യാറാകുന്നുമില്ല. പണമില്ലാത്ത ഈ സാഹചര്യത്തിൽ പി.ഡബ്ല്യൂ.ഡി.-യെ റീവാമ്പ് ചെയ്ത് കിഫ്ബിയെ പിരിച്ചുവിടുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥിതി പറയാതിരിക്കുന്നതാണ് ഭേദം. 1000 കോടി രൂപ ടാക്സ് ഇനത്തിൽ പിരിക്കാനാണ് ബഡ്ജറ്റ് നിർദ്ദേശിക്കുന്നത്. അത് എവിടെനിന്ന് കിട്ടും? നവകേരളം ഇപ്പോൾ ശവകേരളമാണ്. ലൈഫ് മിഷൻ അവതാളത്തിലാണ്. ഹഡ്കോയിൽനിന്ന് ഇനിയും കടം ലഭിക്കുമെന്ന് ഒരു ഉറപ്പുമില്ല. കോടിക്കണക്കിന് രൂപയുടെ കടം കുടിശ്ശികയാണ്. ആർദ്രം പദ്ധതിപ്രകാരം എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയും കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാനുള്ള പദ്ധതിയും ഉപേക്ഷിച്ചിരിക്കുകയാണ്. വിദ്യാഭ്യാസ മിഷൻ പ്രകാരം 1000 വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുമെന്നാണ് ഇവിടെ പ്രസംഗിച്ചത്. എന്നാൽ അതിപ്പോൾ കോൾഡ് സ്റ്റോറേജിലല്ലേ; സമ്പൂർണ്ണ ഡിജിറ്റൽ

വിദ്യാഭ്യാസമെന്ന വാഗ്ദാനവും വെള്ളത്തിലാണ്. നഗരമാലിന്യ പ്ലാന്റുകൾ എന്ന പദ്ധതിയെക്കുറിച്ച് ആരും ഒന്നും പറയുന്നതേയില്ല. ഇതെല്ലാം ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ മറന്നുപോയോ? വിദ്യാർത്ഥികളുടെ ഉച്ചഭക്ഷണത്തിനായി വകയിരുത്തിയിരിക്കുന്നതിൽ 181 കോടി രൂപയുടെ കുറവുള്ളതിനാൽ ഈ പദ്ധതി പൂർണ്ണമായും അവതാളത്തിലാകും. ഒരു കുട്ടിക്ക് 8 രൂപയോളമാണ് സർക്കാർ നൽകുന്നത്. ഹെഡ്മാസ്റ്ററുടെ സ്വന്തം കാശോ നാട്ടുകാരുടെ സഹായമനസ്കത കൊണ്ടോ ആണ് ഇതുവരെയുള്ള കാര്യങ്ങൾ നടന്നുപോയത്. എൽ.എസ്.എസ്. (Lower Secondary Scholarship) പോലുള്ള സ്കോളർഷിപ്പുകളുടെ കുടിശ്ശിക നൽകാനാവശ്യമായ തുകയും വകയിരുത്തണം.

ഒരു വർഷം ഒന്നരലക്ഷം കോടി രൂപയാണ് പ്രവാസികൾ നാട്ടിലേയ്ക്ക് അയയ്ക്കുന്നത്. പ്രവാസി തിരിച്ചറിയൽ കാർഡ്, എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ് തുടങ്ങിയവയ്ക്ക് ജി.എസ്.ടി. ഏർപ്പെടുത്തുന്നത് കണ്ണിൽ ചോരയില്ലാത്ത പ്രവൃത്തിയാണ്. അത് പിൻവലിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്നതുപോലെ 15 കോടി രൂപ ചെലവിൽ എങ്ങനെയാണ് ചാർട്ടേർഡ് ഫ്ലൈറ്റ് വാങ്ങാൻ കഴിയുന്നത്? കർണ്ണാടകയിൽ പോയി ഡീസൽ അടിക്കാനാണ് സർക്കാർ

കെ.എസ്.ആർ.ടി.സി.-യോട് പറയുന്നത്. ജീവിക്കണമെങ്കിൽ മറ്റ് നാട്ടുകളിലേയ്ക്ക് പലായനം ചെയ്യൂവെന്നാണ് ഈ ബഡ്ജറ്റ് ജനങ്ങളോട് പറയുന്നത്. പലായനം ചെയ്യുന്നവർക്ക് വേണമെങ്കിൽ ഒരു എസ്കേപ്പ് ടാക്സുകൂടി സർക്കാരിന് ചുമത്താം. അതൊരു പുതിയ ആശയമാണെന്നത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേൾക്കണം.

ഇരുപത്തിരണ്ട് വർഷമായി നിമയസഭാംഗമായ ഞാൻ ഇതുവരെ ഇത്രയും മോശമായൊരു ബഡ്ജറ്റ് ഒരു ധനകാര്യ വകുപ്പുമന്ത്രിയും അവതരിപ്പിച്ച് കണ്ടിട്ടില്ല. ഇത്തരത്തിലൊരു ബഡ്ജറ്റ് അവതരിപ്പിക്കാൻ ആരൊക്കെയാണ് അങ്ങയോട് പറഞ്ഞത്? അങ്ങ് വ്യക്തിപരമായി വളരെ നല്ലൊരു മനുഷ്യനാണ്. ഇത്രയും അബദ്ധജടിലമായ തല്ലിപ്പൊളി ബഡ്ജറ്റിനെ ഞാൻ എതിർക്കുന്നു.

ചീഫ് വിപ്പ് (<u>ഡോ. എൻ. ജയരാജ്</u>): സർ, ഞാൻ ഈ ബഡ്ജറ്റ് നിർദ്ദേശങ്ങളെ പിന്തുണയ്ക്കുകയാണ്. എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി വ്യക്തിപരമായി വളരെ നല്ലൊരു മനുഷ്യനാണ്. പക്ഷേ അദ്ദേഹം സൂചിപ്പിച്ച ചില കാര്യങ്ങൾ ശരിയല്ലെന്ന് പറയാതിരിക്കാൻ കഴിയില്ല. കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകളുമായി ബന്ധപ്പെട്ട് ഞാൻ ചെറിയൊരു ബുക്ക്ലെറ്റ് തയ്യാറാക്കിയിട്ടുണ്ട്. കണക്കുകൾ

പറയുമ്പോൾ പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കാത്തതിനാൽ കൃത്യമായി ഗ്രാഫ് വരച്ചാണ് അത് തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് നികുതി വരുമാനമുണ്ടായിട്ടില്ലെന്നാണ് അദ്ദേഹം പറഞ്ഞൊരു കാര്യം. എന്നാൽ ജി.എസ്.ടി. വരുമാനം വർദ്ധിച്ചുവെന്നതിന് വ്യക്തമായ കണക്കുകൾ ഈ ബുക്ക്‌ലെറ്റിനകത്തുണ്ട്. കേരളത്തിന്റെ ധനകാര്യ രംഗത്ത് എന്തൊക്കെയോ കുഴപ്പമുണ്ടെന്നുള്ള രീതിയിൽ പ്രതിപക്ഷം സ്ഥിരമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്.

ഞാൻ ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്. കേരളത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ച് തെറ്റിദ്ധാരണ പരത്തുന്നവിധത്തിൽ ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ പറയുന്നുവെന്നതാണ് പ്രധാനപ്പെട്ട കാര്യം. ഇതിന് ആധികാരികമായി എടുക്കുന്ന രേഖ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ 'State of State Finances' എന്ന റിപ്പോർട്ടാണ്. യഥാർത്ഥത്തിൽ ഇത് തയ്യാറാക്കിയിരിക്കുന്നത് കേരളത്തിന്റെ നേരത്തെയുള്ള ജി.എസ്.ഡി.പി. (ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്റ്റ്)-യുടെ എസ്റ്റിമേറ്റഡ് റേറ്റിലാണ്. ആക്ച്വലിന്റെ അടിസ്ഥാനത്തിൽ കൃത്യമായ പരിശോധന നടത്തിയാൽ നേരത്തെയുള്ളതും ഈ കണക്കുകളും തമ്മിൽ വ്യത്യാസമുണ്ടെന്നുള്ളത് മനസ്സിലാക്കാൻ കഴിയും.

റിസർവ് ബാങ്ക് പറഞ്ഞത് തെറ്റാണെന്നല്ല ഞാൻ പറഞ്ഞത്. പക്ഷേ റിസർവ് ബാങ്കെടുത്ത ഡാറ്റയിലെ പ്രശ്നമാണ് ഇതിന് കാരണമാകുന്നത്. ആർ.ബി.ഐ. റിപ്പോർട്ടിൽ പറഞ്ഞതിനേക്കാൾ രണ്ട് ശതമാനം കുറവാണ് നിലവിലുള്ള കടവും ആഭ്യന്തര ഉൽപ്പാദനവും തമ്മിലുള്ള  വ്യത്യാസം. ഇത് പഴയ എസ്റ്റിമേറ്റഡ് റേറ്റിലെടുക്കുന്നതുകൊണ്ട് മാത്രമുണ്ടാകുന്ന തകരാറാണ്. എന്നാൽ അതുതന്നെ വീണ്ടും പറഞ്ഞുകൊണ്ട് സംസ്ഥാനത്ത് കുഴപ്പമുണ്ടെന്ന് വരുത്തി തീർക്കുന്നത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. ജി.എസ്.ഡി.പി.-യുടെയും ഡെബ്റ്റിന്റെയും റേഷ്യോ 39.1 ശതമാനമാണെന്നാണ് നേരത്തെ റിസർവ് ബാങ്ക് പറഞ്ഞത്. എന്നാൽ ആക്ച്വൽ കണക്കുകൾ പരിശോധിക്കുമ്പോൾ അത് 37.1 ശതമാനം മാത്രമാണുള്ളത്; രണ്ട് ശതമാനത്തിന്റെ വ്യത്യാസം വന്നിട്ടുണ്ട്. ഡെബ്റ്റ് റേഷ്യോ കുറഞ്ഞുവെന്നുള്ളത് യാഥാർത്ഥ്യമാണ്. ധനകാര്യ ഇൻഡിക്കേറ്ററിന്റെ കാര്യത്തിൽ ഗവൺമെന്റ് നിലപാടുകൾ/ധനകാര്യ മാനേജ്മെന്റ് ശരിയാണെന്ന് തെളിയിക്കുന്ന വളരെ പ്രധാനപ്പെട്ട കാര്യമാണിത്. ഡെബ്റ്റ് റേഷ്യോ 36.38 ശതമാനത്തിലേയ്ക്ക് താഴുമെന്നാണ് ബഡ്ജറ്റ്-ഇൻ-ബ്രീഫ് ഡോക്യുമെന്റിൽ സൂചിപ്പിക്കുന്നത്. അതിനാൽ അക്കാര്യത്തിൽ ഈ പറയുന്ന പ്രതിസന്ധിയില്ല.

വളരെ പ്രധാനപ്പെട്ട ചില ധനകാര്യ സൂചകങ്ങളെ സംബന്ധിച്ചാണ് അടുത്തതായി സൂചിപ്പിക്കാനുള്ളത്. സാധാരണഗതിയിൽ ഒരു സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റ് അല്ലെങ്കിൽ ബഡ്ജറ്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ അനലൈസ് ചെയ്യുമ്പോൾ കണക്കിലെടുക്കുന്നത് റവന്യൂ റസീപ്റ്റുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ഇതെല്ലാം കണക്കുകളായതിനാൽ അതിൽ ഒരു കള്ളവും പറയാൻ കഴിയില്ല. 2021-22-ൽ 1,16,640 കോടി രൂപയായിരുന്ന റവന്യൂ റെസീപ്റ്റ് 2022-23-ൽ 1,29,268 കോടി രൂപയായി ഉയർന്നുവെന്നത് കണക്കുകൾതന്നെ സൂചിപ്പിക്കുന്ന കാര്യമാണ്. ഏകദേശം 12,628 കോടി രൂപയുടെ വർദ്ധനവ് റവന്യൂ റെസീപ്റ്റിലുണ്ടായത് നല്ല ധനകാര്യ മാനേജ്മെന്റിന്റെ ലക്ഷണമല്ലേ എന്നതാണ് എന്റെ വിനീതമായ ചോദ്യം. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം (State's Own Tax Revenue) 2021-22-ൽ 58,340 കോടി രൂപയായിരുന്നത് 2022-23-ൽ 70,188 കോടി രൂപയായി വർദ്ധിച്ചു. അതായത് 11,848 കോടി രൂപയുടെ വർദ്ധനവ് തനത് നികുതി വരുമാനത്തിലുണ്ടായിട്ടുണ്ട്. ഇത് പ്രതിസന്ധിയുടെ കാലഘട്ടത്തിലുണ്ടായ വളരെ പ്രധാനപ്പെട്ട ഒരു മാറ്റമാണ്. അതുപോലെ സംസ്ഥാനത്തിന്റെ ധനക്കമ്മി (ഫിസ്കൽ ഡെഫിസിറ്റ്) 2021-2022-ൽ 4.11

ശതമാനമായിരുന്നത് 2022-2023 ആയപ്പോൾ 3.61 ശതമാനമായി കുറഞ്ഞു. ഫിസ്കൽ ഡെഫിസിറ്റ് റേറ്റ് കുറയുകയെന്നുള്ളത് നല്ലൊരു ഫിസ്കൽ മാനേജ്മെന്റിനെ സൂചിപ്പിക്കുന്ന പ്രധാന ഘടകമാണെന്നുള്ളതാണ് ഞാൻ പഠിച്ച ധനതത്വശാസ്ത്രം. ആ അർത്ഥത്തിൽ സർക്കാരിന്റെ ഫിസ്കൽ മാനേജ്മെന്റ് ഏറ്റവും മെച്ചപ്പെട്ടതാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അടുത്തതായി പറയാനുള്ളത് വരുമാനവും ചെലവും തമ്മിലുള്ള ബന്ധം സൂചിപ്പിക്കുന്ന റവന്യൂ കമ്മിയുമായി ബന്ധപ്പെട്ട കാര്യമാണ്. 2021-2022-ൽ 2.29 ശതമാനമായിരുന്ന റവന്യൂ കമ്മി 2022-2023 ആയപ്പോൾ 1.96 ശതമാനമായി കുറഞ്ഞുവെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ സൂചകങ്ങളാണ് പ്രധാനമായും ഒരു സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിനെ സംബന്ധിച്ച ആധികാരിക രേഖകൾ. ഈ കണക്കുകളെല്ലാം സൂചിപ്പിക്കുന്നത് പ്രതിസന്ധികൾക്കിടയിലും ഒരു നല്ല ഫിസ്കൽ മാനേജ്മെന്റിലൂടെ സംസ്ഥാന സർക്കാർ കടന്നുപോകുന്നുവെന്നാണ്. കേന്ദ്രസർക്കാർ പലവിധ സമ്മർദ്ദങ്ങളും ചെലുത്തി സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ മോശപ്പെടുത്തുന്ന കാര്യങ്ങളെക്കുറിച്ച് ആരും ഒരു വാക്കുപോലും പറഞ്ഞില്ല. യു.പി.എ. സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ തൊഴിലുറപ്പ് പദ്ധതിയെ

ഇല്ലാതാക്കാനുള്ള കേന്ദ്രശ്രമങ്ങളെക്കുറിച്ച് ഒരു വാക്കെങ്കിലും പ്രതിപക്ഷത്തുനിന്നുമുണ്ടാകുമെന്ന് പ്രതീക്ഷിച്ചുവെങ്കിലും ആരുടെ ഭാഗത്തുനിന്നും അത്തരമൊരു പരാമർശമുണ്ടായില്ല. സാമ്പത്തിക ഞെരുക്കത്തിനിടയിലും ഈ ബഡ്ജറ്റിലൊരു പ്രത്യേകതകൂടി കാണാൻ കഴിയും. രണ്ടാം തലമുറയിലെ കേരളത്തിന്റെ പ്രശ്നങ്ങളെയും ജനസംഖ്യാനുപാതത്തെയും മൈഗ്രേഷൻ ഉൾപ്പെടെയുള്ളവയെയും കൃത്യമായി അഡ്രസ്സ് ചെയ്ത് ഏറ്റവും ഭംഗിയായി ഇക്കാര്യങ്ങൾ നിർവ്വഹിക്കാനുള്ള ദീർഘകാല കാഴ്ചപ്പാടാണ് ബഡ്ജറ്റിൽ ഉള്ളതെന്ന് സൂചിപ്പിച്ചുകൊണ്ട് അതിനെ ഒരിക്കൽകൂടി പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. എല്ലാ മാധ്യമങ്ങളും ഒരുപോലെ ഇപ്രാവശ്യത്തെ ബഡ്ജറ്റിനെ രൂക്ഷമായി വിമർശിച്ചത് കേരളത്തിന്റെ ചരിത്രത്തിലെ ആദ്യത്തെ സംഭവമാണെന്ന് ആദ്യംതന്നെ ചൂണ്ടിക്കാണിക്കുകയാണ്. ബഡ്ജറ്റിനെ സംബന്ധിച്ച് മലയാള മനോരമ പത്രത്തിലെ "ഭരിക്കണം, പക്ഷേ ഭാരമാകരുത്" എന്ന തലക്കെട്ടിൽതന്നെ എല്ലാം അടങ്ങിയിട്ടുണ്ട്. എല്ലാ മാധ്യമങ്ങളും ഒരുപോലെ ബഡ്ജറ്റിനെ വിമർശിക്കുന്നതിന്റെ

കാരണമെന്താണ്? ഈ സർക്കാരിനുവേണ്ടി ബഹുമാന്യനായ ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബഡ്ജറ്റിലുള്ളത് കടുത്ത ജനദ്രോഹനയങ്ങളാണ്. ഈ ഗവൺമെന്റിന്റെ സമീപനത്തെ ഉദ്യോഗസ്ഥർ എങ്ങനെ കാണുന്നുവെന്നത് ഓഫീസേഴ്സ് ഗ്യാലറിയിൽ നോക്കിയാൽ മനസ്സിലാകും. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ), ശ്രീ. മഞ്ഞളാംകുഴി അലി തുടങ്ങിയ ബഹുമാനപ്പെട്ട അംഗങ്ങളൊക്കെ ഈ വിഷയം സ്ഥിരം ചൂണ്ടിക്കാണിക്കാറുള്ളതാണ്. ബഡ്ജറ്റിന്റെ ചർച്ച ആരംഭിച്ചിരിക്കുകയാണ്. ഈ ബഡ്ജറ്റ് അവതരിപ്പിച്ചതിനെ ഉദ്യോഗസ്ഥവൃന്ദം എങ്ങനെ കാണുന്നുവെന്നതിന്റെ ഏറ്റവും വലിയ തെളിവാണ് ശൂന്യമായ ഗ്യാലറി. ചീഫ് സെക്രട്ടറിയെ ഒഴിവാക്കിയാൽത്തന്നെയും ധനകാര്യ വകുപ്പിലെ ഏതെങ്കിലും പ്രധാന ഉദ്യോഗസ്ഥൻ ഗ്യാലറിയിലിരിക്കാൻ തയ്യാറാകുന്നുണ്ടോ? ധനകാര്യ വകുപ്പുമന്ത്രിയെയും ഈ സർക്കാരിനെയും ഉദ്യോഗസ്ഥ സംവിധാനം അംഗീകരിക്കുന്നില്ലെന്നതിന്റെ ഏറ്റവും വലിയ തെളിവല്ലേ; ഇത് നിയമസഭയെ വെല്ലുവിളിക്കുകയല്ലേ? ഇതെന്തൊരു അപമാനകരമായ കാര്യമാണ്. ഇതാണ് ഈ സർക്കാരിന്റെ കെടുകാര്യസ്ഥതയുടെ ഏറ്റവും വലിയ തെളിവെന്ന് ചൂണ്ടിക്കാണിക്കാൻ

ഞാൻ ആഗ്രഹിക്കുകയാണ്. 1996-ലാണ് ഞാൻ ജനപ്രതിനിധിയായി ആദ്യമായി നിയമസഭയിലെത്തിയത്. ഇത്രയും കാലത്തിനിടയിൽ ഇതുപോലെയൊരു ബഡ്ജറ്റ് കാണേണ്ടി വന്നിട്ടില്ല. ഇത് വളരെ നിർഭാഗ്യകരമാണ്. ശ്രീ. കെ. എൻ. ബാലഗോപാലും ഞാനുമൊക്കെ ഒരുമിച്ച് സെക്രട്ടേറിയറ്റിന്റെ മുമ്പിൽ കേരളത്തിന്റെ ആവശ്യങ്ങൾക്കുവേണ്ടി നിരാഹാര സത്യാഗ്രഹവും പോരാട്ടങ്ങളുമൊക്കെ നടത്തിയിട്ടുള്ളവരാണ്. അങ്ങയെപ്പോലെ ഒരാളിൽനിന്നും ഇത്തരമൊരു ബഡ്ജറ്റുണ്ടായത് ഒരിക്കലും പ്രതീക്ഷിക്കാത്ത കാര്യമാണ്. പക്ഷേ ഇത് അങ്ങയുടെ കുറ്റമാണെന്ന് ഞാൻ കരുതുന്നില്ല; ഈ സർക്കാരിന്റെ പരാജയമാണ്. എൽ.ഡി.എഫ്. സർക്കാർ ജനങ്ങളുടെ മുന്നിൽ ഒറ്റപ്പെട്ടിരിക്കുന്നതിന്റെ തെളിവാണ് ഈ ബഡ്ജറ്റെന്ന് പറയാനാഗ്രഹിക്കുകയാണ്.

എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച പ്രിയപ്പെട്ട ഡോ. എൻ. ജയരാജിന്റെ ഒരു ലഘുലേഖ ഇന്നത്തെ കവറിൽ എല്ലാവർക്കും ലഭിച്ചു. സമഗ്ര പുരോഗതി ലക്ഷ്യം വയ്ക്കുന്നതാണ് കേരള ബഡ്ജറ്റെന്നാണ് ഡോക്ടറേറ്റ് ലഭിച്ച അദ്ദേഹം അതിൽ എഴുതിയിരിക്കുന്നത്. എത്ര എഴുതിയാലും സമഗ്ര പുരോഗതിയുണ്ടാകുമോ, എന്തെങ്കിലും ന്യായം ഇതിലുണ്ടോ? ഡോ. എൻ. ജയരാജ് അടക്കമുള്ളവരോട് ഞാൻ ചോദിക്കട്ടെ, നമ്മുടെ കൃഷിക്കാരുടെ

അവസ്ഥയെന്താണ്, കാർഷിക മേഖലയ്ക്കുവേണ്ടി ബഡ്ജറ്റിൽ സ്വീകരിച്ച സമീപനമെന്താണ്? കാർഷിക മേഖലയെ പൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്. റബ്ബറിന് 250 രൂപ വില സ്ഥിരതാ ഫണ്ട് പ്രഖ്യാപിക്കുമെന്ന് എല്ലാവരും പ്രതീക്ഷിച്ചു. എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ റബ്ബറിന് 250 രൂപ തറവില നൽകുമെന്ന് പറഞ്ഞിരുന്നു. പക്ഷേ യു.ഡി.എഫ്.-ന്റെ കാലത്ത് നിശ്ചയിച്ച 150 രൂപയിൽനിന്നും 7 വർഷത്തെ എൽ.ഡി.എഫ് ഭരണകാലഘട്ടത്തിനുള്ളിൽ വന്നിരിക്കുന്ന വർദ്ധനവ് 20 രൂപയാണ്. റബ്ബർ കർഷകർ എങ്ങനെ പിടിച്ചുനിൽക്കും; അവർ ആത്മഹത്യയുടെ വക്കിൽ നിൽക്കുകയാണ്. എൽ.ഡി.എഫ്. പ്രഖ്യാപിച്ച 250 രൂപ ഈ ബഡ്ജറ്റിലുണ്ടാകുമെന്ന് റബ്ബർ കർഷകർ പ്രതീക്ഷയോടെ കാത്തിരുന്നു. ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിൽ റബ്ബറിന്റെ തറവില വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനമുണ്ടാകണമെന്ന് വീണ്ടും ആവശ്യപ്പെടുകയാണ്. ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങളെല്ലാം പിൻവലിച്ചില്ലെങ്കിൽ കേരളത്തിലെ ജനങ്ങൾ എങ്ങനെ ജീവിക്കും? കൃഷിയടക്കം സമസ്ത മേഖലകളും തകർന്നു. ഓട്ടോറിക്ഷ തൊഴിലാളികൾക്കും ഇരുചക്ര വാഹനം ഉപയോഗിക്കുന്നവർക്കും ജീവിക്കാൻ രക്ഷയില്ല, വീട്ടമ്മമാരും തകരുകയാണ്, എല്ലാ മേഖലയിലും

പ്രതിസന്ധിയുണ്ടാകുന്ന സാഹചര്യം നിലനിൽക്കുകയാണ്. നെൽകർഷകന്റെ അവസ്ഥയെന്താണ്? വലിയ തോതിൽ നെൽകൃഷിയിറക്കാൻ എല്ലാവരും ആഹ്വാനം ചെയ്യുന്നു. എന്നാൽ നെൽകൃഷിക്കായി ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്ന വിഹിതം ഇപ്രാവശ്യവും കുറഞ്ഞുപോയിരിക്കുകയാണ്. നെല്ല് സംഭരിച്ചതിന്റെ പണം പോലും കൊടുത്തുതീർക്കാൻ നടപടിയുണ്ടായിട്ടില്ല. ഇതുപോലെയുള്ള പ്രതിസന്ധി നെൽകൃഷി മേഖലയിലുണ്ടാകുന്നു. നാളികേരത്തിന്റെ താങ്ങുവിലയിൽ 2 രൂപ വർദ്ധിപ്പിച്ചിട്ട് എന്തെങ്കിലും കാര്യമുണ്ടോ? നാളികേര കർഷകരുടെ ആവശ്യം അങ്ങ് തിരിച്ചറിയണം. നാളികേര സംഭരണം സംസ്ഥാനത്ത് പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. കാർഷിക മേഖലയെ രക്ഷിക്കാൻ കഴിയുന്ന നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പെട്രോൾ-ഡീസൽ വിലവർദ്ധനവ് അന്യായമാണെന്ന് പറഞ്ഞ് ധനകാര്യ വകുപ്പുമന്ത്രിയടക്കം കേന്ദ്രസർക്കാരിനെ വിമർശിച്ചുകൊണ്ട് പ്രസ്താവനയിറക്കിക്കൊണ്ടിരുന്നപ്പോൾ ഓർക്കേണ്ട ഒരു കാര്യമുണ്ട്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലഘട്ടത്തിൽ പെട്രോൾ-ഡീസൽ വിലവർദ്ധനവുണ്ടായപ്പോൾ കേരളത്തിൽ സബ്സിഡി കൊടുത്തു. എന്നാൽ

നിങ്ങൾ കഴിഞ്ഞ 7 വർഷത്തിനുള്ളിൽ ഒരുപ്രാവശ്യം പോലും സബ്സിഡി കൊടുത്തിട്ടില്ലെന്ന് മാത്രമല്ല ഇപ്പോൾ വില വർദ്ധിപ്പിക്കുകയും ചെയ്തു. ഇത്രയും വലിയൊരു ദ്രോഹമാണ് ചെയ്തിരിക്കുന്നതെന്നുള്ളതിൽ പ്രതിഷേധമുണ്ട്. അതുപോലെ മദ്യത്തിന്റെ വില കൂട്ടിയിരിക്കുകയാണ്. വില കൂട്ടിയാൽ ആരെങ്കിലും മദ്യപാനം നിർത്തുമോ? ആരും കുടി നിർത്തില്ലെന്ന് മാത്രമല്ല കൂടുതൽ കുടിക്കുകയും വീട്ടുകാർക്ക് നൽകികൊണ്ടിരുന്ന പണം വീണ്ടും കുറയുകയും ആളുകൾ മയക്കുമരുന്ന് ഉപയോഗത്തിലേയ്ക്ക് തിരിയുകയും ചെയ്യും. ഇതുപോലെയുള്ള സാഹചര്യങ്ങൾ സൃഷ്ടിച്ചത് തികച്ചും നിർഭാഗ്യകരമാണെന്ന് ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച കാര്യങ്ങൾപോലും നടക്കാത്ത അവസ്ഥ പല നിയോജകമണ്ഡലങ്ങളിലും നിലനിൽക്കുകയാണ്. എന്റെ മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ സമയത്ത് കിഫ്ബിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച 35 കോടി രൂപയുടെ കുറവിലങ്ങാട് താലൂക്ക് ആശുപത്രി വികസനം ഏഴ് വർഷമായെങ്കിലും ഇതുവരെയും യാഥാർത്ഥ്യമായിട്ടില്ല. മണ്ഡലങ്ങളിലെ വികസന കാര്യങ്ങളിലെ പ്രതിസന്ധി പരിഹരിക്കാൻ സർക്കാരിന് കഴിയാത്ത അവസ്ഥയാണ്. 5 വർഷം മുമ്പ് കിഫ്ബിയിലുൾപ്പെടുത്തി പ്രഖ്യാപിച്ച ഇടക്കോലി-കോട്ടയം മെഡിക്കൽ കോളേജ് റോഡ് പ്രവൃത്തിയും

യാഥാർത്ഥ്യമായില്ല. നിയോജകമണ്ഡലങ്ങളിലെ വികസനരംഗത്തും ദയനീയ പരാജയമാണ്. റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് നിരവധി പദ്ധതികളുണ്ടെങ്കിലും ആവശ്യമായ ഫണ്ട് ലഭിച്ചാൽ മാത്രമേ പ്രയോജനമുള്ളൂ. റോഡുകളുടെ കുഴിയടയ്ക്കാൻ പോലും പണമില്ലാതെ വിഷമിക്കുകയാണ്. അത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം. മണ്ഡലങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് അർഹമായ പരിഗണന നൽകാൻ കഴിയുന്ന സാഹചര്യമുണ്ടാകണം. കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷന് ഈ ബഡ്ജറ്റിൽ 6 കോടി രൂപയാണ് മാറ്റിവച്ചിരിക്കുന്നത്. പരിവർത്തിത ക്രൈസ്തവ വിഭാഗങ്ങൾ ആവശ്യപ്പെടുന്ന സംവരണത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തടസ്സങ്ങൾ ഉന്നയിക്കുകയാണ്. അവർക്കർഹമായ ആനുകൂല്യങ്ങളെങ്കിലും നൽകണം. അവർക്കായി നീക്കിവച്ചിരിക്കുന്ന 6 കോടി രൂപ അപര്യാപ്തമായതിനാൽ തുക വർദ്ധിപ്പിച്ചുകൊടുക്കാനുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ബഹുമാനപ്പെട്ട സ്പീക്കർക്കടക്കം നമുക്കെല്ലാവർക്കും ആവശ്യമുള്ള സംവിധാനമാണ് 'ഗ്രാമവണ്ടി' പദ്ധതി. കെ.എസ്.ആർ.ടി.സി. ഇനി പുതിയതായി ബസുകൾ വാങ്ങാനുള്ള ലക്ഷണമൊന്നും കാണുന്നില്ല.

മാത്രമല്ല, കെ.എസ്.ആർ.ടി.സി. പ്രതിസന്ധിയിലുമാണ്. പല നിയോജകമണ്ഡലങ്ങളിലും ഗ്രാമവണ്ടി പദ്ധതിയുടെ ഗുണഫലം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾക്ക് പരിമിതികളുണ്ട്. ഇതിനായി എം.എൽ.എ. ഫണ്ട് നൽകാൻ കഴിയുന്ന സാഹചര്യമുണ്ടെങ്കിൽ നമുക്ക് പത്തോ പതിനൊന്നോ ലക്ഷം രൂപയ്ക്ക് ഒരു വാഹനം നിരത്തിലിറക്കാൻ സാധിക്കുമെന്നാണ് മനസ്സിലാക്കുന്നത്. അത് ഓടിക്കാൻ കെ.എസ്.ആർ.ടി.സി.യും തയ്യാറാണ്. ബഹുമാനപ്പെട്ട സ്പീക്കർകൂടി ഇടപെട്ട് ഗ്രാമവണ്ടി പദ്ധതിക്കുവേണ്ടി എം.എൽ.എ. ഫണ്ട് അനുവദിക്കുന്ന കാര്യത്തിൽ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. പ്രേംകുമാർ: സർ, ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. മുൻ പ്രതിപക്ഷനേതാവും 22 വർഷമായും 1996 മുതലും നിയമസഭാംഗമായവരും ഇവിടെ സംസാരിക്കുകയുണ്ടായി. എന്നാൽ അവരാരും നമ്മുടെ സംസ്ഥാനത്തിന് അർഹമായ ഭക്ഷ്യ സബ്സിഡിയിൽ തൊണ്ണൂറായിരം കോടി രൂപ കേന്ദ്രസർക്കാർ വെട്ടിക്കുറച്ചത് സംബന്ധിച്ച് ഒരക്ഷരം പറഞ്ഞില്ല. അത്തരമൊരു സാഹചര്യത്തിലാണ് ഈ രാജ്യത്ത് ഒരു സംസ്ഥാനവും മുന്നോട്ട് വരാത്ത നിലയിൽ വിലക്കയറ്റം തടയുന്നതിന്

രണ്ടായിരം കോടി രൂപ സംസ്ഥാന ബഡ്ജറ്റിലുൾപ്പെടുത്തിയത്. കേന്ദ്രസർക്കാർ 6.8 ശതമാനം മാത്രം സാമ്പത്തിക വളർച്ച നേടുന്ന സന്ദർഭത്തിലാണ് ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തിനും കഴിയാത്ത നിലയിൽ 12.1 ശതമാനം സാമ്പത്തിക വളർച്ച കൈവരിക്കുന്ന സംസ്ഥാനമായി കേരളം അഭിമാനത്തോടെ തല ഉയർത്തിപ്പിടിച്ച് നിൽക്കുന്നത്.

തൊഴിലുറപ്പ് പദ്ധതിക്ക് മുപ്പതിനായിരം കോടി രൂപ വെട്ടിക്കുറച്ച കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ച് ദിവസങ്ങൾക്കുശേഷമാണ് കേരളത്തിലെ സർക്കാർ 230 കോടി രൂപ പ്രസ്തുത പദ്ധതിക്കായി നീക്കിവയ്ക്കുന്നത്. ഗ്രാമവികസന ഫണ്ടിൽനിന്ന് 5113 കോടി രൂപയും കുട്ടികൾക്കുള്ള ഉച്ചഭക്ഷണ പദ്ധതിക്ക് 1200 കോടി രൂപയും കേന്ദ്രം വെട്ടിക്കുറച്ചതിനെ സംബന്ധിച്ച് പ്രതിപക്ഷത്തിന് ഒരക്ഷരം മിണ്ടാട്ടമില്ല. ശ്രീമതി നിർമ്മല സീതാരാമൻ അവതരിപ്പിച്ച ബഡ്ജറ്റിൽ മദ്രസ്സകൾക്കുള്ള സഹായം 93 ശതമാനം വെട്ടിക്കുറച്ചിട്ട് മുസ്ലീം ലീഗിനും മിണ്ടാട്ടമില്ല. കർഷക പെൻഷൻ 8,000 കോടി രൂപയും വളം സബ്സിഡിയിൽ 22 ശതമാനവും വിള ഇൻഷ്വറൻസ് പദ്ധതി വിഹിതവും വെട്ടിക്കുറച്ചു. അത്തരമൊരു സാഹചര്യത്തിലാണ് കാർഷിക മേഖലയ്ക്ക് 1380 കോടി രൂപ

അനുവദിക്കുകയും പാലക്കാട്ടും തൃശ്ശൂരും ആലപ്പുഴയിലും നെല്ല് സംഭരണ കേന്ദ്രങ്ങൾ തുടങ്ങാൻ തീരുമാനിക്കുകയും നാളികേരത്തിന്റെ താങ്ങുവില 34 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്ത നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിന്റെ ഭാഗമായി മുന്നോട്ടുവയ്ക്കുന്നത്. റബ്ബർ ബോർഡ് നിർത്തലാക്കാൻ കേന്ദ്രസർക്കാർ ആലോചിക്കുമ്പോഴാണ് റബ്ബർ സബ്സിഡിക്കായി 600 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ അനുവദിക്കുന്നത്. പട്ടികവർഗ്ഗ വികസനത്തിന് 859.50 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. സംസ്ഥാനങ്ങൾ വായ്പയെടുത്ത് ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നത് തടയുമെന്ന് കേന്ദ്രധനകാര്യ വകുപ്പുമന്ത്രി പറയുമ്പോഴാണ് സാമൂഹ്യസുരക്ഷ പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകുമെന്നും സംരക്ഷിക്കുമെന്നും ഈ ബഡ്ജറ്റിന്റെ ഭാഗമായി കേരളം ഉറപ്പുനൽകുന്നത്. ഇന്ത്യയിൽ ഏറ്റവും കുറവ് അതിദരിദ്രരുള്ള സംസ്ഥാനമായി കേരളം നിലകൊള്ളുമ്പോഴാണ് നിലവിലുള്ള ദരിദ്രരെക്കൂടി മോചിപ്പിക്കാൻ ഗ്യാപ്പ് ഫണ്ടായി 50 കോടി രൂപ ബഡ്ജറ്റിന്റെ ഭാഗമായി വകയിരുത്തുന്നത്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ 50.85 കോടി രൂപയും ഗൾഫ് മലയാളികളുടെ ഉയർന്ന വിമാനക്കൂലിപ്രശ്നം പരിഹരിക്കാൻ 15 കോടി രൂപയും സർക്കാർ ഓഫീസുകൾ ഭിന്നശേഷി സൗഹൃദമാക്കുന്ന 'ബാരിയർ ഫ്രീ കേരള'

പദ്ധതിക്കായി 9 കോടി രൂപയും ബഡ്ജറ്റിന്റെ ഭാഗമായി വകയിരുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യവികസനത്തിനായി പുതിയ കൺസോർഷ്യമെന്ന ആശയവും ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്നുണ്ട്. വീടുകളിൽ പൈപ്പ് ലൈൻ വഴി ഗ്യാസെത്തിക്കാനുള്ള പദ്ധതി യാഥാർത്ഥ്യമാക്കാനുള്ള ഇടപെടലുണ്ടാകുന്നുണ്ട്. സൗജന്യ ചികിത്സയിൽ കേരളം ഒന്നാമതാണ്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനവും മുന്നോട്ടുവയ്ക്കാത്ത സമ്പൂർണ്ണ പാർപ്പിടമെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ലൈഫ് പദ്ധതി പ്രകാരം എഴുപതിനായിരത്തോളം വീടുകൾകൂടി പൂർത്തീകരിക്കുന്നതിനുള്ള തുകയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. യു.ഡി.എഫ്. ഭരിക്കുമ്പോൾ പ്രതിമാസ ക്ഷേമപെൻഷനുവേണ്ടി 200 കോടി രൂപയാണ് നീക്കിവച്ചതെങ്കിൽ ഇപ്പോൾ എൽ.ഡി.എഫ്. 950 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് 33 ലക്ഷം ആളുകൾക്കാണ് സാമൂഹ്യസുരക്ഷ പെൻഷൻ നൽകുന്നതെങ്കിൽ ഇപ്പോൾ 63 ലക്ഷം ആളുകൾക്ക് നൽകുന്നുണ്ട്.

സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട കേന്ദ്രവിഹിതത്തെ സംബന്ധിച്ച് ഇവിടെ സംസാരിച്ചു. ഉത്തർപ്രദേശിന് 17.939 ശതമാനം കേന്ദ്രവിഹിതം ലഭിക്കുമ്പോൾ കേരളത്തിന് 1.925 ശതമാനം മാത്രമാണ് ലഭിക്കുന്നത്.

കേരളത്തെക്കാൾ ജനസംഖ്യ കുറവുള്ള സംസ്ഥാനങ്ങളായ ഛത്തീസ്ഗഢിനും ത്സാർഖണ്ഡിനും ഒഡീഷയ്ക്കും ആസാമിനും മൂന്ന് ശതമാനത്തിൽ കൂടുതൽ കേന്ദ്രവിഹിതം നീക്കിവയ്ക്കുന്നുണ്ട്. കേരളത്തിനോട് കാണിക്കുന്നത് വിവേചനമാണെന്ന് പറയാൻ യു.ഡി.എഫ്.-ന്റെ ഒരംഗംപോലും ഈ സഭയിലില്ലെന്നതാണ് ചർച്ചയുടെ ഭാഗമായി മനസ്സിലാക്കാൻ സാധിക്കുന്നത്. കിഫ്ബിക്ക് ഖജനാവിൽനിന്ന് ഒന്നും നീക്കിവച്ചിട്ടില്ലെന്നും ആകെ പൊളിഞ്ഞതിനാൽ അത് പിരിച്ചുവിടണമെന്നും പറയുന്നവർ ഡീറ്റെയിൽഡ് ബഡ്ജറ്റ് എസ്റ്റിമേറ്റ് വാല്യം-II വായിച്ചാൽ യാഥാർത്ഥ്യം മനസ്സിലാക്കാൻ സാധിക്കും. Share of Kerala Infrastructure Investment Fund Board from Motor Vehicle Tax - Rs. 2215 crore, Share of Kerala Infrastructure Investment Fund Board from Cess on Petrol and Diesel - Rs. 594 crore എന്നിങ്ങനെയാണ് കിഫ്ബിക്കുവേണ്ടി സർക്കാർ വകയിരുത്തിയിരിക്കുന്നത്. കിഫ്ബിയിലൂടെയല്ലാതെ വകുപ്പുകൾതന്നെ ആ പണം ഉപയോഗിച്ച് വർക്കുകൾ ചെയ്യാൻ പാടില്ലേയെന്ന് ചോദിക്കുന്നുണ്ട്. പണം ലിവറേജ് ചെയ്ത് പല മടങ്ങ് മൂലധനനിക്ഷേപം ഉറപ്പുവരുത്തുകയെന്നതാണ് കിഫ്ബിയുടെ ലക്ഷ്യം; അല്ലാതെ മുൻപ്രതിപക്ഷനേതാവ് പറഞ്ഞതുപോലെയല്ലെന്ന് ഈ

സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. അതുപോലെ പെട്രോളിനും ഡീസലിനും സെസ്സ് ഏർപ്പെടുത്തിയതുസംബന്ധിച്ച് വളരെ കൃത്യമായ ചർച്ചകൾക്കും സംവാദങ്ങൾക്കും സമൂഹം വിധേയമാകുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ നയമെന്താണെന്നും കേരളം ബദൽ ഉയർത്തിപ്പിടിക്കുന്നതെങ്ങനെയെന്നും സാധാരണക്കാർ ഉൾപ്പെടെയുള്ളവർ കൃത്യമായി കാണുന്നുണ്ട്. പെട്രോളിനുമേൽ ചുമത്തുന്ന ബേസിക് എക്സൈസ് ഡ്യൂട്ടി മാത്രമാണ് സംസ്ഥാനങ്ങൾക്ക് കേന്ദ്രം വീതംവയ്ക്കേണ്ടത്. കേരളത്തിൽ 14-09-2012-ൽ ഒരു ലിറ്റർ പെട്രോളിന് 1.20 രൂപയായിരുന്നു ബേസിക് എക്സൈസ് ഡ്യൂട്ടിയെങ്കിൽ 13-11-2014-ൽ 2.70 രൂപയായും 31-01-2016-ന് 9.48 രൂപയായും ഉയർത്തി. എന്നാൽ 06-05-2020 ആയപ്പോഴേയ്ക്കും അത് 2.98 രൂപയാക്കി കുറച്ചു. അതായത് സംസ്ഥാനങ്ങൾക്ക് വിഹിതം നൽകുന്ന പെട്രോളിന്റെ ബേസിക് എക്സൈസ് ഡ്യൂട്ടി 9.48 രൂപവരെയുണ്ടായിരുന്നത് 2.98 രൂപയായി കുറച്ചു. എന്നാൽ സംസ്ഥാനങ്ങൾക്ക് വിഹിതം നൽകേണ്ടാത്ത സ്പെഷ്യൽ അഡീഷണൽ എക്സൈസ് ഡ്യൂട്ടി 14-09-2012-ന് 6 രൂപയായിരുന്നത് 06-05-2020 ആയപ്പോഴേയ്ക്കും 12 രൂപയായി ഉയർത്തുകയും ചെയ്തു. അതിൽനിന്നും ഒരു രൂപപോലും സംസ്ഥാനങ്ങൾക്ക് നൽകേണ്ടതില്ല. പെട്രോളിന് സ്പെഷ്യൽ അഡീഷണൽ എക്സൈസ് ഡ്യൂട്ടിക്ക്

പുറമെ അഡീഷണൽ എക്സൈസ് ഡ്യൂട്ടിയെന്ന വേറൊരു നികുതി കൂടി ചുമത്തിയതിന്റെ ഫലമായി ഒരു ലിറ്ററിന് 14-09-2012-ന് 2 രൂപയായിരുന്നത് 06-05-2020 ആയപ്പോഴേയ്ക്കും 18 രൂപയായി. സംസ്ഥാനത്തിനുമാത്രം നികുതി ചുമത്താൻ അവകാശമുള്ളിടത്ത്, ഒരു ലിറ്റർ പെട്രോളിന് 30 രൂപ സെസ്സ് ചാർജ്ജായി കേന്ദ്രഗവൺമെന്റ് ഇവിടെനിന്ന് പിരിച്ചെടുക്കുന്നുണ്ട്. ഇതിന്റെ വിഹിതം സംസ്ഥാനങ്ങൾക്ക് നൽകേണ്ടതില്ല. ഡീസലിന്റെ കാര്യത്തിൽ 14-01-2012-ന് സംസ്ഥാനങ്ങൾക്ക് വിഹിതം നൽകേണ്ട ബേസിക് എക്സൈസ് ഡ്യൂട്ടി 1.46 രൂപയായിരുന്നു. അത് 01-07-2017-ന് 10.33 രൂപയായി വർദ്ധിപ്പിക്കുകയും 06-05-2020-ന് 4.83 രൂപയായി ചുരുക്കുകയും ചെയ്തു. സംസ്ഥാനങ്ങൾക്ക് വിഹിതം നൽകേണ്ട നികുതി 10.33 രൂപയിൽനിന്നും 4.83 രൂപയായി കുറച്ചു. സംസ്ഥാനങ്ങൾക്ക് വിഹിതം നൽകേണ്ടാത്ത സ്പെഷ്യൽ അഡീഷണൽ എക്സൈസ് ഡ്യൂട്ടി 2 രൂപയിൽനിന്ന് 9 രൂപയായി ഉയർത്തി. 2 രൂപയായിരുന്ന അഡീഷണൽ എക്സൈസ് ഡ്യൂട്ടി 18 രൂപയാക്കി. അങ്ങനെ സംസ്ഥാനത്തിന് വിഹിതം നൽകേണ്ടാത്ത നികുതി കേന്ദ്രസർക്കാർ ഇവിടെനിന്ന് പിരിച്ചുകൊണ്ടുപോകുന്നതിനെ സംബന്ധിച്ച് പറയാൻ കേരളത്തിലെ പ്രതിപക്ഷത്തിന് ശബ്ദമില്ലെന്നുള്ളതാണ് ഇതിൽനിന്ന് മനസ്സിലാക്കുന്നത്.

കേരളം നശിച്ചാലും കുഴപ്പമില്ല, കേരളത്തിന്റെ ഇടതുപക്ഷ ഭരണത്തിന്റെ ബദലിനെ ഞങ്ങൾ അംഗീകരിക്കില്ലെന്ന സമീപനം സ്വീകരിക്കുകയാണ്. കേരളത്തിലെ ഓട്ടോറിക്ഷാത്തൊഴിലാളികളും സാധാരണക്കാരും പാവപ്പെട്ടവരും കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ സമീപനത്തെ കൃത്യമായി തിരിച്ചറിഞ്ഞ് പ്രതിരോധിക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. കേരള സർക്കാർ നികുതി പിരിവിൽ അനാസ്ഥ കാണിക്കുന്നുവെന്നാണ് ആരോപിക്കുന്നത്. ഒരനാസ്ഥയും കേരളത്തിലെ ഗവൺമെന്റ് കാണിക്കുന്നില്ല. നികുതി പിരിവിന്റെ കാര്യത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ 25 ശതമാനം വളർച്ചയാണ് കൈവരിച്ചിട്ടുള്ളതെന്ന് കാണാൻ സാധിക്കും. തുടർസാക്ഷരതാ പ്രേരക്മാരുടെ പ്രശ്നങ്ങൾ പരിഹരിക്കാനും ആശാവർക്കർമാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കാനും നടപടി സ്വീകരിക്കണമെന്ന നിർദ്ദേശംകൂടി വച്ചുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ പൂർണ്ണമായി ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്. കാരണം, കേന്ദ്ര ബഡ്ജറ്റിൽ കേരളത്തിനുവേണ്ടി ഒന്നുംതന്നെയില്ലായിരുന്നു. കേന്ദ്രവിദേശകാര്യ വകുപ്പ് സഹമന്ത്രി

ശ്രീ. വി. മുരളീധരൻ ഒഴികെ ലോകത്താരും കേന്ദ്ര ബഡ്ജറ്റിൽ കേരളത്തിനെ പരിഗണിച്ചെന്ന് പറയുകയില്ല. കേരളത്തെ അവഗണിച്ച് കുട്ടിലാക്കുകയെന്നതാണ് കേന്ദ്ര ഗവൺമെന്റിന്റെ നിലപാട്. ആനക്കൂട്ടുണ്ടാക്കി ആനയെ അകത്തിട്ടുകുത്തുന്നതുപോലെ കേരളത്തിലെ ജനങ്ങളെ അടിച്ചും കുത്തിയും പീഡിപ്പിച്ചും മെരുക്കിയെടുക്കാൻ സാധിക്കുമെന്ന് കരുതുന്നത് കേന്ദ്ര ഗവൺമെന്റിന്റിന്റെ നയമാണ്. അവർക്ക് ജയിക്കാൻ സാധിക്കാത്ത സംസ്ഥാനങ്ങളിൽ ഗവർണർ മുതലുള്ളവരെ ഉപയോഗിച്ച് സർക്കാരിന്റെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തും. അതുപോലെ നമുക്ക് അർഹമായ ജി.എസ്.ടി. വിഹിതം കൃത്യമായി അനുവദിക്കുന്നില്ല. അത് കൃത്യസമയത്ത് ലഭിച്ചാൽ മാത്രമല്ലേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ കടം വാങ്ങാമെന്ന് വിചാരിച്ചാൽ വായ്പയെടുക്കാനുള്ള പരിധി കുറയ്ക്കുകയും ചെയ്തു. ഏകദേശം 3.5 കോടിയോളം ജനസംഖ്യയുള്ള കേരളത്തെ ആസാമിനെക്കാൾ മോശമായിട്ടാണ് കാണുന്നത്. ഹിമാലയപർവ്വത മേഖലയിൽ സ്ഥിതി ചെയ്യുന്ന സംസ്ഥാനങ്ങളെക്കാൾ ജനസംഖ്യയുള്ള കേരളത്തെ സാമ്പത്തികമായി പിഴിയുകയാണ്. കടുവയെ പിടിച്ച് സ്ക്യൂസിംഗ് മെഷിനിലിട്ടാൽ അത് അനങ്ങുകയില്ല. പിന്നീട് അതിനെ ഓപ്പറേഷൻ ചെയ്യുകയോ

കുത്തിവയ്ക്കുകയോ എന്തുവേണമെങ്കിലും ചെയ്യാം. അതുപോലെ കേരളത്തിലെ സർക്കാരിനെയും ജനങ്ങളെയും കേന്ദ്രഗവൺമെന്റ് സ്ക്വീസ് ചെയ്യുകയാണ്. ഞങ്ങൾക്ക് വോട്ട് ചെയ്തില്ലെങ്കിൽ നിങ്ങളെ ഞങ്ങൾ കൈകാര്യം ചെയ്യും; വായുവെടുത്ത് ജീവിക്കാൻപോലും സമ്മതിക്കില്ലെന്ന നിലപാടാണ് സ്വീകരിക്കുന്നത്. എങ്കിൽപ്പോലും അതിനെയെല്ലാം അതിജീവിക്കാൻ മാർഗ്ഗങ്ങളുണ്ട്. ചരിത്രം പരിശോധിച്ചാൽ അതിപുരാതനകാലം മുതൽ ഭരണാധികാരികൾ നികുതി പിരിക്കുന്നുണ്ടെന്ന് കാണാൻ കഴിയും. രാജ്യത്ത് നിലനിൽക്കുന്ന നികുതി സമ്പ്രദായങ്ങളെയും നിയമങ്ങളെയും അനുസരിച്ചുവേണം യഥാർത്ഥ മുസൽമാൻ ജീവിക്കേണ്ടതെന്ന് ഖുറാനിൽപ്പോലും പറയുന്നുണ്ട്. മദ്യം, കെട്ടിടം, വാഹനം എന്നിവയിന്മേലുള്ള നികുതി പിരിക്കാൻ മാത്രമേ സംസ്ഥാന സർക്കാരുകൾക്ക് അധികാരമുള്ളൂ. ആ മേഖലകളിലല്ലാതെ വേറെ എവിടെയാണ് നികുതി വർദ്ധിപ്പിക്കേണ്ടത്? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 153 പേജുകളുള്ള ഈ ബഡ്ജറ്റിൽ ഏതാണ്ട് 134 പേജുകളിലും നാടിന്റെ പുരോഗതിക്കുവേണ്ടിയുള്ള പദ്ധതികളാണ് മുന്നോട്ടുവച്ചിരിക്കുന്നത്. വ്യവസായ രംഗത്ത് പുതിയ സ്റ്റാർട്ടപ്പുകൾ കൊണ്ടുവരാനും നിലവിലുള്ള വ്യവസായങ്ങളുടെ വിജയം ജനങ്ങളെ അറിയിച്ചുകൊണ്ട് സബ്സിഡി നൽകി കൂടുതൽ

യുവതീയുവാക്കളെ ഇൻവെസ്റ്റ്മെന്റിലേയ്ക്ക് കൊണ്ടുവരാനും സാധിക്കണം. പുതിയ വ്യവസായങ്ങളിൽ സ്ത്രീകൾക്ക് ഏകദേശം 35 ശതമാനം സബ്സിഡി ലഭിക്കുന്നുണ്ട്. മുടക്കുമുതലിന്റെ ഒൻപത് ശതമാനം നിക്ഷേപകന് തിരികെ നൽകുന്ന വിധത്തിലുള്ള വ്യവസായ വകുപ്പിന്റെ പദ്ധതികളിലേയ്ക്ക് ചെറുപ്പക്കാർ ആകർഷിക്കപ്പെടുകയും കടന്നുവരികയും ചെയ്യുന്നുണ്ട്. ജനങ്ങളെ ആകർഷിക്കാൻവേണ്ടി നമ്മുടെ നാട്ടിൽ വിജയിച്ച വ്യവസായങ്ങളുടെ മോഡലുകൾ കാണിച്ചുകൊണ്ട് കേരളം വ്യവസായത്തിന് പറ്റിയ സ്ഥലമല്ലെന്ന ചിന്താഗതി മാറ്റുകയാണ്. കേരളം ഉത്പാദനമില്ലാത്ത, കൺസ്യൂമർ സംസ്ഥാനമാണെന്നും അതുകൊണ്ട് ജി.എസ്.ടി. വിഹിതം കുറയുമെന്നുമാണ് ജി.എസ്.ടി. ഏർപ്പെടുത്തിയപ്പോൾ പറഞ്ഞത്. ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 6 ശതമാനം മാത്രമായിരുന്ന ആഭ്യന്തര വ്യാവസായിക ഉത്പാദനം 18.5 ശതമാനത്തിലേയ്ക്ക് ഉയർന്നിരിക്കുന്നുവെന്നത് വളരെ വലിയ നേട്ടമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ വ്യാവസായിക ഉത്പാദനം വർദ്ധിച്ചിരിക്കുകയാണ്. പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുമന്ത്രി ഇവിടെ ഇരിപ്പുണ്ട്. അദ്ദേഹം ഇരിക്കുന്നതുകൊണ്ട് ഞാൻ പറയുന്നതല്ല, പുകഴ്ത്തിപറയേണ്ട കാര്യം തന്നെയാണ്. പട്ടികജാതി-പട്ടികവർഗ്ഗ

വിഭാഗത്തിലെ പാവപ്പെട്ട കുട്ടികൾക്ക് പഠിച്ചുയരാൻ കഴിയുന്ന പദ്ധതികൾ പ്രസ്തുത വകുപ്പ് പൂർണ്ണമായും ഉപയോഗിക്കുകയാണ്. ഒരു ട്രൈബൽ വിദ്യാർത്ഥിക്ക് പോസ്റ്റ് ഗ്രാജ്വേഷന് വിദേശത്തുപോയി പഠിക്കാൻ 25,00,000 രൂപ രണ്ടുദിവസം കൊണ്ട് അനുവദിച്ചുകൊടുക്കുന്നത് പ്രശംസനീയമായ പ്രവർത്തനമാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഇന്നലെ പട്ടികജാതി വകുപ്പിന്റെ ഒരു യോഗം ഞാൻ വിളിച്ചിരുന്നു. കൊല്ലം ജില്ലയിൽ പട്ടികജാതി വകുപ്പിന് ഈ വർഷം അനുവദിച്ച തുകയിൽ 94 ശതമാനവും ജനുവരി മാസത്തിൽത്തന്നെ ജില്ലാ ഓഫീസർ ഉപയോഗപ്പെടുത്തിയിരിക്കുന്നുവെന്ന് പറയുന്നത് ഒരു ഭരണത്തിന്റെ നേട്ടം തന്നെയാണ്. കാരണം, അനുവദിക്കുന്ന പണം പല വകുപ്പുകളും ഉപയോഗിക്കുന്നില്ല. അതുപോലെ, തൊഴിൽ വകുപ്പുമന്ത്രി ഇവിടെ ഇരിപ്പുണ്ട്. പല എസ്റ്റേറ്റുകളിലെയും ലയങ്ങളിൽ താമസിക്കാൻ കഴിയാത്ത അന്തരീക്ഷമാണ്. ലയങ്ങൾ നവീകരിക്കുന്നതിനായി കഴിഞ്ഞ ഗവൺമെന്റ് വകയിരുത്തിയിരുന്ന 10 കോടി രൂപയിൽ എത്ര ചെലവാക്കിയെന്ന് അറിയില്ല. ഈ വർഷം വീണ്ടും 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അത് വളരെ അത്യാവശ്യമുള്ള കാര്യമാണ്. വിദ്യാഭ്യാസ മേഖലയിലെ വളർച്ചയെക്കുറിച്ച് ഞാൻ പറയുന്നില്ല. നല്ല നിലയിൽ വളരുന്ന ഒരു

സാഹചര്യം വിദ്യാഭ്യാസ രംഗത്തുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കാനുള്ള പുതിയ പദ്ധതികൾക്കായി പണം വകയിരുത്തിയിട്ടുണ്ടെന്നുള്ളത് സന്തോഷമുള്ള കാര്യമാണ്.

റബ്ബറിന്റെ വിലക്കയറ്റത്തെക്കുറിച്ച് പറയുകയാണെങ്കിൽ റബ്ബറിന്റെ വില വർദ്ധിക്കേണ്ടതുതന്നെയാണ്. കേന്ദ്രഗവൺമെന്റ് റബ്ബർ ഇറക്കുമതി ചെയ്യുമ്പോൾ കേരളത്തിലെ കർഷകർ പട്ടിണിയാകുകയും കയറ്റുമതി ചെയ്യുമ്പോൾ പണക്കാരാകുകയും ചെയ്യുന്ന സ്ഥിതി മാറേണ്ടതുണ്ട്. കേരളത്തിൽ റബ്ബറധിഷ്ഠിത വ്യവസായങ്ങളുണ്ടായെങ്കിൽ മാത്രമേ നമുക്ക് പ്രയോജനമുള്ളൂ. ആഭ്യന്തര വിപണിയിൽ റബ്ബർ വാങ്ങാൻ ആളുണ്ടെങ്കിൽ നമുക്ക് നല്ല നിലയിൽ വളരാൻ കഴിയും. റബ്ബർ റിട്രെഡ്ഡിംഗ് മെറ്റീരിയൽ ഉത്പാദിപ്പിക്കുന്ന ഏതാണ്ട് 700 കമ്പനികൾ കേരളത്തിലുണ്ടായിരുന്നത് ദൗർഭാഗ്യവശാൽ നിലവിൽ എഴുപതിൽത്താഴെയായി കുറഞ്ഞിരിക്കുകയാണ്. ഇത് കഴിഞ്ഞ മുപ്പതോളം വർഷത്തെ കണക്കിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കണം. അത്തരത്തിൽ വരാതിരിക്കാനായി വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിൽനിന്ന് ഏറ്റെടുത്ത സ്ഥലത്ത് റബ്ബറധിഷ്ഠിത വ്യവസായത്തിന് ഒരു പുതിയ കമ്പനി (കേരള റബ്ബർ ലിമിറ്റഡ്) ആരംഭിക്കാൻ സർക്കാർ തീരുമാനിച്ച് മുന്നോട്ടുനീങ്ങുകയാണ്.

റബ്ബർ പാർക്കുകളടക്കമുള്ള സ്ഥലങ്ങളിൽ രണ്ട് കോടി രൂപ മുതൽ അഞ്ച് കോടി രൂപവരെ ചെലവാക്കി ചെറുപ്പക്കാരെ റബ്ബറധിഷ്ഠിത വ്യവസായങ്ങളിലേയ്ക്കും ചെറുകിട വ്യവസായങ്ങളിലേയ്ക്കും കൊണ്ടുവരാനുള്ള പദ്ധതികൾ സർക്കാർ തയ്യാറാക്കിവരുന്നു. ഇത്തരം പദ്ധതികളൊക്കെ വരുന്നത് നല്ലതാണ്. കാരണം, തൊഴിൽ ദാതാവും തൊഴിലാളിയും ഒരുപോലെയാണ്. തൊഴിൽ ദാതാവുണ്ടെങ്കിൽ മാത്രമേ തൊഴിലാളിയുള്ളൂ. അതിനുവേണ്ടിയുള്ള ശ്രമങ്ങളെ കണ്ടില്ലെന്ന് നടിക്കരുത്. റബ്ബർ കർഷകരെ സഹായിക്കുന്നതിനും റബ്ബറിന്റെ വിലസ്ഥിരത ഉറപ്പാക്കാനുമായി റബ്ബർ സബ്സിഡിക്കുള്ള ബഡ്ജറ്റ് വിഹിതം 600 കോടി രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. നാളികേരത്തിന്റെ സംഭരണ വില 32 രൂപയിൽനിന്ന് 34 രൂപയാക്കി വർദ്ധിപ്പിച്ചു. കർഷകരെ സഹായിക്കുന്നതിനായി ഇത്തരം ധാരാളം പദ്ധതികൾ മുന്നോട്ടുവച്ചിട്ടുണ്ട്. അതുപോലെ കയർ മേഖലയിലെ ആധുനികവൽക്കരണത്തിനുവേണ്ടി പണം മാറ്റിവച്ചിട്ടുണ്ട്. നമ്മൾ ഇതുവരെ കണ്ടിട്ടുള്ള കയറുത്പന്നങ്ങളല്ലാതെ ലോക വിപണിയിൽ വിൽക്കാൻ കഴിയുന്ന പുതിയ ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കാനുള്ള ശ്രമങ്ങൾ കയർ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ പൊതുമേഖലാ സ്ഥാപനങ്ങളായ കശുവണ്ടി ഫാക്ടറികളെ

ആധുനികവൽക്കരിച്ചുകൊണ്ട് തൊഴിലാളികൾക്ക് തൊഴിൽ നൽകുന്ന പുതിയ പദ്ധതിക്ക് 30 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. അതെല്ലാം നടപ്പിലായി വരുമ്പോൾ തൊഴിലാളികൾക്ക് ഏറ്റവും കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകാൻ ഈ സർക്കാരിന് കഴിയുമെന്ന് മാത്രമല്ല ആ മേഖലയിലെ സാധാരണക്കാരായ തൊഴിലാളികളെ രക്ഷിക്കാനും കഴിയും. കേരളത്തിലെ ഏറ്റവും വലിയ ക്ഷേമപദ്ധതിയായ ലൈഫ് പദ്ധതിയിൻകീഴിൽ നിലവിൽ ഓരോ പഞ്ചായത്തിലും അറുപതോളം അപേക്ഷകരുണ്ട്. ബഡ്ജറ്റിൽ 4000 കോടി രൂപയുടെ ടാക്സ് വർദ്ധനയൊക്കെ പറയുമ്പോഴും വീടുകൾ നിർമ്മിച്ചുനൽകാനായി 1436 കോടി രൂപയാണ് ലൈഫ് പദ്ധതിക്കുവേണ്ടിമാത്രം മാറ്റിവച്ചിരിക്കുന്നത്. ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടിയാണ് ടാക്സ് ഏർപ്പെടുത്തുന്നത്. അല്ലാതെ അതാരും വീട്ടിൽ കൊണ്ടുപോകുന്നില്ല.

എനിക്ക് ചില നിർദ്ദേശങ്ങളുംകൂടി വയ്ക്കാനുണ്ട്. നിയമസഭാ കവാടത്തിനുമുന്നിൽ നികുതി വർദ്ധനവിനെതിരെ ഒരു സമരം നടക്കുകയാണ്. വർദ്ധിപ്പിച്ച ഇന്ധന സെസ് രണ്ട് രൂപയിൽനിന്നും ഒരു രൂപയാക്കി കുറയ്ക്കുമെന്ന് കഴിഞ്ഞ രണ്ടുദിവസങ്ങളായി മാധ്യമങ്ങൾ പറയുന്നു. സർക്കാർ അങ്ങനെ കുറയ്ക്കുന്നുണ്ടെങ്കിൽ പ്രതിപക്ഷാംഗങ്ങൾ സത്യാഗ്രഹം

കിടന്നതുകൊണ്ടാണെന്ന് പറയാനിടവരും; അതിനുള്ള തന്ത്രമാണിത്. പ്രതിപക്ഷം ഒരു മുഴം മുമ്പേ എറിയുമ്പോൾ ഇടതുപക്ഷ മുന്നണിയിലെ എം.എൽ.എ.-മാർ അതിനും ഒരു മുഴം മുമ്പേ എറിയുകയാണ്. അങ്ങനെ എന്തെങ്കിലും കുറയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അത് പ്രതിപക്ഷ സമരം കൊണ്ടല്ല, ഇടതുപക്ഷ മുന്നണിയിലെ എം.എൽ.എ.-മാർ അഭ്യർത്ഥിച്ചിട്ടാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം. അതുപോലെ പ്രവാസികളുടെ പൂട്ടിയിട്ട വീടിന് ടാക്സ് ഏർപ്പെടുത്തിയത് ഒഴിവാക്കണം. കാരണം, മൂന്നും ആറും മാസം കൂടുമ്പോൾ നാട്ടിൽ വരുന്ന പ്രവാസികൾക്ക് ഹോട്ടലിൽ താമസിക്കാൻ കഴിയില്ല, അവർ കുടുംബവീട്ടിൽ താമസിക്കാനാഗ്രഹിക്കും. അതുകൊണ്ട് പ്രവാസികളുടെ അടച്ചിട്ടിരിക്കുന്ന വീടുകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള ടാക്സ് ഒഴിവാക്കണം. ശ്രീ. മാത്യു ടി. തോമസിന്റെ നാടായ തിരുവല്ലയിലെ ഏകദേശം ആളുകളും വിദേശത്തായതിനാൽ അവിടെയുള്ള എല്ലാ വീടുകൾക്കും ഇരട്ടി ടാക്സ് നൽകേണ്ടിവരും. വിദേശ മലയാളികൾ വീട് പൂട്ടിയിട്ടിരിക്കുന്നത് വേണ്ടാത്തതുകൊണ്ടല്ല, അവർ വരുമ്പോൾ താമസിക്കാൻ വേണ്ടിയാണ്. അതുകൊണ്ട് പ്രസ്തുത ടാക്സ് ഒഴിവാക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കണം. ഞാൻ സെസ്സിനെക്കുറിച്ച് പറഞ്ഞത് ബഹുമാനപ്പെട്ട മന്ത്രി

കേട്ടിട്ടുണ്ടാകുമെന്ന് വിശ്വസിക്കുന്നു. നിയമസഭാ കവാടത്തിനുമുന്നിൽ കുറച്ചുപേർ സത്യാഗ്രഹം കിടക്കുന്നുണ്ട്. ഞാനും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുമൊക്കെ സഭയുടെ പുറത്ത് നിരാഹാരം കിടന്നിട്ടുള്ളതാണ്. ഇന്നത്തെ സമരം നിരാഹാരമല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന് അത്രത്തോളം ഗൗരവമേയുള്ളൂ. അവർ സത്യാഗ്രഹം നടത്തിയിട്ടാണ് ഇന്ധന സെസ് ഒരു രൂപ കുറച്ചതെന്ന് പറയാൻവേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്. പക്ഷേ അങ്ങനെ പറയരുത്, ഇടതുപക്ഷ എം.എൽ.എ.-മാർ അഭ്യർത്ഥിച്ചിട്ടാണെന്ന് പറയണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ടാക്സ് കുറയ്ക്കുന്നില്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ടാക്സ് കുറയ്ക്കുമോ ഇല്ലയോയെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രസംഗത്തിലാണ് പറയേണ്ടത്. ഈ സത്യാഗ്രഹത്തിന് പിന്നിൽ സെസ് കുറയ്ക്കരുതെന്നുള്ള ഉദ്ദേശ്യമാണോയെന്നും ഞാൻ സംശയിക്കുന്നു. കാരണം പ്രതിപക്ഷം സത്യാഗ്രഹമിരിക്കുന്നതുകൊണ്ട് സെസ് കുറയ്ക്കില്ലെന്ന തീരുമാനം സർക്കാരിനെക്കൊണ്ടെടുപ്പിക്കുന്നതിനുവേണ്ടിയുള്ള ചതിയാണോയെന്നും സംശയിക്കേണ്ടിയിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, ടാക്സ് കുറയ്ക്കുന്നില്ലെന്ന് പറഞ്ഞപ്പോൾ അങ്ങ് ഹാപ്പി ആയോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ ഹാപ്പിയായതുകൊണ്ടല്ല, ടാക്സ് കുറയ്ക്കണ്ടെന്നുള്ള ഉദ്ദേശ്യം സത്യാഗ്രഹത്തിന്റെ പുറകിലുണ്ടോയെന്ന് ഞങ്ങൾ സംശയിക്കുന്നു. ഞാൻ അവസാനിപ്പിക്കുകയാണ്. എം.എൽ.എ. ഫണ്ട് വർദ്ധിപ്പിക്കണമെന്ന അഭ്യർത്ഥന കൂടിയുണ്ട്. 5 കോടി രൂപയുടെ 18 ശതമാനം ജി.എസ്.ടി.-യായി കേന്ദ്രഗവൺമെന്റ് ഈടാക്കുകയാണ്. 18 ശതമാനത്തിന്റെ കുറവ് എം.എൽ.എ. ഫണ്ടിൽ വന്നിട്ടുള്ളത് നമ്മുടെ വികസനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി വിചിന്തനം നടത്തിക്കൊണ്ട് എം.എൽ.എ. ഫണ്ട് വർദ്ധിപ്പിച്ച് തരണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. നികുതി വാങ്ങാതെ രാജ്യം ഭരിക്കാൻ കഴിയില്ല. അതുകൊണ്ട് അതിനൊന്നും അഭിപ്രായം പറയുന്നില്ല. വളരെ നല്ലനിലയിൽ ക്ഷേമപ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്ന അങ്ങയുടെ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. എം. വിജിൻ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേന്ദ്രസർക്കാർ അടിച്ചേൽപ്പിക്കുന്ന വിവിധ സാമ്പത്തിക ഞെരുക്കങ്ങളുടെയും തുടരുന്ന വിവേചനങ്ങളുടെയും

മധ്യത്തിൽനിന്നുകൊണ്ടാണ് കേരളത്തെ മുന്നോട്ടുനയിക്കാനുതകുന്ന ബഡ്ജറ്റ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. 2022-23-ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച സുപ്രധാന പദ്ധതികളിലും മേഖലകളിലും ശക്തമായ മുന്നേറ്റമുണ്ടാക്കാൻ ഇതിനോടകം കേരളത്തിന് സാധിച്ചിട്ടുണ്ട്. എന്നാൽ മുന്നേറ്റമുണ്ടാകുന്നില്ലെന്ന തരത്തിലുള്ള പ്രസംഗങ്ങളാണ് പ്രതിപക്ഷനിരയിൽനിന്നുള്ള ചില അംഗങ്ങൾ നടത്തിയത്. കേരളത്തിന്റെ ആരോഗ്യ-സാമൂഹ്യക്ഷേമ-വ്യവസായ-വിനോദസഞ്ചാര മേഖലകളിൽ ലക്ഷ്യംവച്ച നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് ഇതിനോടകം സാധിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയെ ഒരു ഹയർ എഡ്യൂക്കേഷൻ ഹബ്ബാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചതിന്റെ ഭാഗമായുള്ള ഉയർച്ച ഈ ഘട്ടത്തിൽ കാണാൻ സാധിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ രംഗത്ത് കുട്ടികൾ വർദ്ധിക്കുകയും സ്റ്റാർട്ടപ്പ് മേഖലയിൽ മുന്നേറ്റമുണ്ടാകുകയും ചെയ്തു. 2021-22-ൽ 21 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ സാധിച്ചു. സംരംഭകവർഷം പദ്ധതിയിലൂടെ ഒരു വർഷംകൊണ്ട് ഒരു ലക്ഷം സംരംഭങ്ങളെന്ന ലക്ഷ്യം എട്ടുമാസംകൊണ്ട് പൂർത്തീകരിക്കാനും അതുവഴി രണ്ട് ലക്ഷത്തിലധികം തൊഴിൽ നൽകാനും സാധിച്ചുവെന്നത് വലിയ നേട്ടമാണ്. അതോടൊപ്പം

സംസ്ഥാനത്തെ തനത് നികുതി വരുമാനവും വർദ്ധിച്ചു. നികുതി പിരിക്കുന്നില്ലെന്നുള്ള പ്രചരണങ്ങളൊക്കെ പ്രതിപക്ഷനിരയിൽനിന്നും വരുന്നുണ്ടെങ്കിലും കണക്കുകൾ സത്യസന്ധമായ കാര്യങ്ങളാണ് സൂചിപ്പിക്കുന്നത്. 10,860 കോടി രൂപയുടെ അധികവരുമാനം തനത് നികുതി വരുമാനത്തിന്റെ ഭാഗമായുണ്ടായിയെന്നത് എടുത്തുപറയേണ്ടതാണ്. നമ്മുടെ ആഭ്യന്തര ഉത്പാദന വളർച്ച 12.01 ശതമാനമാണ്. കേന്ദ്രം കടുത്ത പ്രതിബന്ധങ്ങളുയർത്തുമ്പോഴും ജനകീയ ബദൽ നീക്കിക്കൊണ്ട് അതിൽനിന്നും വ്യതിചലിക്കാതെ കേരള മോഡൽ മുന്നോട്ടുപോകുന്നുവെന്നത് ഏറെ അഭിനന്ദനാർഹമായ കാര്യമാണ്. കേന്ദ്ര സർക്കാർ നമ്മുടെ കടമെടുപ്പ് പരിധിയിൽ കുറവുവരുത്തിക്കൊണ്ട് ഇരുട്ടടി നൽകിയ സാഹചര്യത്തിലാണ് കേരള നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിച്ചത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം കേന്ദ്രം സമാഹരിക്കുന്ന ആകെ നികുതിയുടെ 1.925 ശതമാനം മാത്രമാണ് കേരളത്തിന് ലഭിച്ചിട്ടുള്ളത്. ആ കണക്കുകൾ എനിക്കുമുമ്പ് സംസാരിച്ച അംഗങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. പത്താം ധനകാര്യ കമ്മീഷന്റെ കാലത്ത് കേരളത്തിന് ലഭിച്ചത് 3.875 ശതമാനമാണെന്നതുകൂടി കൂട്ടിച്ചേർത്തുകൊണ്ടായിരിക്കണം ഈ കണക്കിനെ നാം കാണേണ്ടത്.

ജനസംഖ്യയിൽ കേരളത്തെക്കാൾ കുറവുള്ള ഛത്തീസ്ഗഢിന് 3.407 ശതമാനവും കേരളത്തിന് സമാനമായ ജനസംഖ്യയുള്ള ത്സാർഖണ്ഡിന് 3.307 ശതമാനവും തുകയാണ് അനുവദിച്ചത്. ഉത്തർപ്രദേശിനാണ് ഏറ്റവും കൂടുതൽ അനുവദിച്ചത്, 17.939 ശതമാനം. കേരളത്തിന് പതിനായിരക്കണക്കിന് കോടി രൂപയുടെ വരുമാനക്കുറവ് ഇതിലൂടെയുണ്ടായിയെന്നതും കേരളനാട് രാഷ്ട്രീയ ഭേദമെന്യേ വളരെ ഗൗരവത്തോടെ ചർച്ച ചെയ്യേണ്ടതാണ്. റവന്യൂ കമ്മി ഗ്രാന്റിൽ കുറവുവരുത്തിയതിലൂടെ കേരളത്തിന് 6,700 കോടി രൂപയുടെ നഷ്ടവും ജി.എസ്.ടി. നഷ്ടപരിഹാരം അവസാനിപ്പിച്ചതോടുകൂടി 7,000 കോടി രൂപയുടെ കുറവുമുണ്ടായി. കിഫ്ബിയേയും സാമൂഹ്യ പെൻഷനെയും തകർക്കാനായി കിഫ്ബിയുടെയും സോഷ്യൽ സെക്യൂരിറ്റി പെൻഷൻ കമ്പനിയുടെയും ബാധ്യത സംസ്ഥാന സർക്കാരിന്റെ ബാധ്യതയാക്കിയതിലൂടെ കടമെടുപ്പിൽ 3,100 കോടി രൂപ കുറയുന്ന സാഹചര്യമുണ്ടായി. വിപണിയിൽനിന്നുള്ള കടമെടുപ്പ് പരിധി കുറച്ചതിലൂടെ വിഭവസമാഹരണത്തിൽ 4,000 കോടി രൂപയുടെ കുറവുണ്ടായി. എന്നാൽ കേന്ദ്രഗവൺമെന്റ് സൃഷ്ടിച്ച സാമ്പത്തിക പ്രതിബന്ധങ്ങളെല്ലാം മറികടന്നുകൊണ്ട് സംസ്ഥാനത്തിന്റെ വികസനത്തെ

മുന്നോട്ടുനയിക്കാനുതകുന്ന ബഡ്ജറ്റാണ് കേരളത്തിന്റെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. കിഫ്ബി തകരാൻ പോകുന്നു, കിഫ്ബി ഇല്ലാതാകുന്നു, ഇതുസംബന്ധിച്ച് ഞങ്ങൾ അന്നേ പറഞ്ഞതല്ലേ എന്നൊക്കെ മുൻപ്രതിപക്ഷ നേതാവുൾപ്പെടെയുള്ളവർ പറഞ്ഞു. എന്നാൽ കിഫ്ബി ഇല്ലാതാകുന്നില്ലെന്നത് വ്യക്തമാക്കിക്കൊണ്ടുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. അതുകേട്ടിട്ടും പ്രതിപക്ഷാംഗങ്ങൾതന്നെയാണ് സത്യത്തിന് നിരക്കാത്ത കാര്യങ്ങൾ പ്രചരിപ്പിക്കുന്നത്. ഖജനാവിൽനിന്നുള്ള നികുതി വിഹിതം ഉറപ്പാക്കുകവഴി കിഫ്ബി തുടരുമെന്ന പ്രഖ്യാപനമാണ് ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവച്ചിട്ടുള്ളത്. പെട്രോളിനും ഡീസലിനും സെസ്സ് ഏർപ്പെടുത്തിയതിലൂടെ ലഭിക്കുന്ന തുക പാവപ്പെട്ട ജനങ്ങൾക്ക് ക്ഷേമപെൻഷനായി 1,600 രൂപ നൽകുന്നതിനാണ് ഉപയോഗിക്കുന്നതെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതാണ്. പെൻഷൻ വർദ്ധിപ്പിച്ചോയെന്ന ചോദ്യം പ്രതിപക്ഷമുയർത്തുമ്പോൾ അവർ തങ്ങളുടെ കാലത്തെ പ്രവർത്തനത്തെക്കുറിച്ചുകൂടി പരിശോധിക്കണം. നിങ്ങളുടെ കാലത്ത് കേരളത്തിൽ ക്ഷേമപെൻഷനായി 600 രൂപ മാത്രമാണ് നൽകിയത്. ഒരു രൂപപോലും വർദ്ധിപ്പിക്കാൻ ഉമ്മൻ ചാണ്ടി ഗവൺമെന്റ് തയ്യാറായിട്ടില്ലെന്ന

വസ്തുത നാം കാണണം. യു.ഡി.എഫ്. ഭരിക്കുമ്പോൾ 18 മാസത്തെ പെൻഷൻ തുക കുടിശ്ശികയുണ്ടായിരുന്നുവെന്നതുകൂടി ആത്മപരിശോധന നടത്തിയായിരിക്കണം നിങ്ങൾ പെൻഷന്റെ കാര്യം ചർച്ച ചെയ്യേണ്ടത്. 1473.61 കോടി രൂപ പെൻഷൻ കുടിശ്ശികയാക്കിയവരാണ് കേരളത്തിലെ ഇന്നത്തെ പ്രതിപക്ഷമെന്നുകൂടി ഓർക്കണം. അന്ന് 33 ലക്ഷം ആളുകൾക്കുമാത്രമാണ് പെൻഷൻ നൽകിയതെങ്കിൽ ഇപ്പോൾ പ്രതിമാസം 63 ലക്ഷം ആളുകളുടെ കൈകളിലേയ്ക്ക് 1,600 രൂപ വീതം പെൻഷൻ എത്തിക്കുന്ന സംവിധാനത്തിലേയ്ക്ക് കേരളം മാറിയിരിക്കുന്നു. ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾക്കെതിരെ ഇപ്പോൾ പ്രതിപക്ഷം സമരം നടത്തുകയാണ്. നിങ്ങളുടെ കാലത്ത് 600 രൂപപോലും കൊടുക്കാൻ കഴിയാത്ത സാമ്പത്തിക സ്ഥിതിയെക്കുറിച്ച് അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നടത്തിയ ഒരു പത്രസമ്മേളനം ഇപ്പോൾ സോഷ്യൽ മീഡിയായിൽ പ്രചരിക്കുന്നുണ്ട്. സമരം നടത്തുന്ന പ്രതിപക്ഷം അതുകൂടി കണ്ടും ചർച്ച ചെയ്തും ഈ നാടിനെ വിലയിരുത്തി പോകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. യു.ഡി.എഫ്.-ന്റെ കാലത്ത് ചെലവിനായി പ്രതിമാസം 2,000 കോടി രൂപ വേണ്ടിയിരുന്ന സ്ഥാനത്ത് ഇന്ന് 950 കോടി രൂപ മാത്രം മതിയെന്നതുകൂടി മനസ്സിലാക്കണം. ഇതെല്ലാം ജനങ്ങൾ

കാണുന്നുണ്ട്. ജനങ്ങളെല്ലാം ഗവൺമെന്റിനെതിരാണെന്ന് വരുത്തിതീർക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. കേരളത്തിൽ ബഡ്ജറ്റ് അവതരിപ്പിച്ച ദിവസം ഒരു മുഖ്യധാര മാധ്യമം ജനങ്ങളുടെ അഭിപ്രായം തേടാൻ പോയത് ലൈവായി നമ്മളെല്ലാവരും കണ്ടതാണ്. എന്തായിരുന്നു ജനങ്ങളുടെ അഭിപ്രായം? അവർ ഈ ബഡ്ജറ്റിനെ അംഗീകരിച്ചുകൊണ്ട് കേന്ദ്രസർക്കാരിനെ വിമർശിക്കുകയും അതിൽ ഒരക്ഷരം മിണ്ടാത്ത മാധ്യമത്തെയും പ്രതിപക്ഷത്തെയും വിമർശിക്കുകയും ചെയ്യുന്നത് ലൈവായി കേരളം കാണുന്ന സാഹചര്യമുണ്ടായില്ലേ; ഇതാണ് ജനങ്ങളുടെ മനസ്സ്. കേരള ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിനോടൊപ്പം കേരളത്തിലെ ജനങ്ങളുടെ മനസ്സുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടി അധികാരത്തിൽ വന്നപ്പോഴുള്ള സംസ്ഥാന നികുതിയുടെ കണക്കുകൾ ഇവിടെ സൂചിപ്പിച്ചു. അധികാരമൊഴിയുമ്പോൾ പെട്രോൾ നികുതി 31.80 ശതമാനവും ഡീസൽ നികുതി 24.52 ശതമാനവുമായിരുന്നു. ഇപ്പോൾ എൽ.ഡി.എഫ്.-ന്റെ കാലത്ത് പെട്രോൾ നികുതി 30.08 ശതമാനവും ഡീസൽ നികുതി 22.76 ശതമാനവുമാണ്. കേരള ഗവൺമെന്റ് ഈ ബഡ്ജറ്റിലൂടെ മുന്നോട്ടുവച്ച ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ സമയപരിമിതികൊണ്ട് ഞാൻ വിവരിക്കുന്നില്ല. വിലക്കയറ്റം നിയന്ത്രിക്കാനും പിടിച്ചുനിർത്താനും 2,000

കോടി രൂപയാണ് പ്രഖ്യാപിച്ചത്. അധികാരവികേന്ദ്രീകരണം കൂടുതൽ ഫലപ്രദമാക്കുന്നതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്ന തരത്തിലുള്ള ഒരു ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചത്. ദേശീയ വിദ്യാഭ്യാസ നയത്തിലൂടെ കച്ചവടം നടത്തുകയാണ് കേന്ദ്രഗവൺമെന്റ്. എന്നാൽ അതിനൊരു ബദലാണ് കേരളത്തിൽ അവതരിപ്പിച്ച ഈ ബഡ്ജറ്റ്. കേന്ദ്രസർക്കാർ നിർത്തലാക്കിയ ഒ.ബി.സി./ന്യൂനപക്ഷ സ്കോളർഷിപ്പ് പുനരാരംഭിക്കാൻ തീരുമാനിക്കുകയും കർഷകരെയും കാർഷിക മേഖലയെയും സംരക്ഷിക്കുകയും വ്യവസായമേഖലയുടെ വളർച്ചയ്ക്ക് 1250 കോടി രൂപ അനുവദിക്കുകയും ചെയ്ത ബഡ്ജറ്റാണിത്. കേരളത്തിന്റെ എല്ലാ മേഖലകളിലും മുന്നേറ്റമുണ്ടാക്കുന്ന ഈ ബഡ്ജറ്റിനെ സമരനാടകങ്ങളിലൂടെ നിങ്ങൾ അട്ടിമറിക്കാൻ ശ്രമിച്ചാലും കേരളത്തിലെ ജനങ്ങൾക്ക് യാഥാർത്ഥ്യമറിയാം. ഈ ബഡ്ജറ്റിനെ പൂർണ്ണമായും പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. ബാബു (നെന്മാറ)]

<u>ശ്രീ. പി. വി. അൻവർ</u>: സർ, ഈ ബഡ്ജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ബഡ്ജറ്റ് സമ്മേളനം കഴിഞ്ഞയുടൻതന്നെ നമ്മളെല്ലാവരും പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ രംഗത്തേയ്ക്കിറങ്ങുകയാണ്.

പ്രതിപക്ഷത്തെ സംബന്ധിച്ച് ഇപ്പോൾത്തന്നെ അതിന്റെ നെഞ്ചിടിപ്പ് ആരംഭിച്ചിരിക്കുകയാണ്. കേരളത്തിൽ കഴിഞ്ഞ നാലഞ്ചുമാസങ്ങളായി യു.ഡി.എഫ്.-ഉം കോൺഗ്രസ്സും അങ്ങോളമിങ്ങോളം പ്രസംഗിച്ച് നടക്കുന്നത്, സി.പി.ഐ.(എം.) ജോഡോ യാത്രയെ പിന്തുണയ്ക്കാതെ കളിയാക്കിയെന്നും നിലപാടില്ലാത്ത ഒരു പാർട്ടിയാണ് കോൺഗ്രസ്സെന്ന് പാർട്ടി സംസ്ഥാന സെക്രട്ടറി പറഞ്ഞുവെന്നുമൊക്കെയാണ്. ഈ രീതിയിലുള്ള വാർത്തകളും പ്രചരണങ്ങളും പ്രസംഗങ്ങളും സഭയ്ക്കകത്തും കഴിഞ്ഞ ദിവസങ്ങളിലായി നടക്കുകയാണ്. വർഗ്ഗീയതയ്ക്കെതിരെയും കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക നിലപാടുകൾക്കെതിരെയും കർഷകദ്രോഹ നടപടികൾക്കെതിരെയും പ്രതിപക്ഷത്തിന് പ്രത്യേകിച്ചും കോൺഗ്രസ്സിന് ഒരു നിലപാടുമില്ലായെന്നതന്നെയാണ് സി.പി.ഐ.(എം.) ചൂണ്ടിക്കാണിക്കുന്നത്. നാലായിരത്തി ചില്വാനം കിലോമീറ്ററാണ് ജോഡോ യാത്രയിൽ ബഹുമാനപ്പെട്ട രാഹുൽ ഗാന്ധി നടന്നത്. എന്നാൽ അതിൽ ഒരു സ്ഥലത്തുപോലും ഇന്ന് രാജ്യം നേരിടുന്ന ഏറ്റവും വലിയ പ്രശ്നമായ വർഗ്ഗീയതയ്ക്കെതിരെ പറഞ്ഞില്ലെന്ന് ഞങ്ങൾ ചൂണ്ടിക്കാണിക്കുമ്പോൾ, അതുമാത്രമേ പറഞ്ഞിട്ടുള്ളൂ എന്നരീതിയിലാണ് സഭയിൽ പ്രതിപക്ഷാംഗങ്ങൾ പ്രസംഗിച്ചത്. ജനവരി 27-ാം തീയതി '24' ന്യൂസ്

ചാനലിൽ നടന്ന ഒരു ചർച്ച ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അതിന്റെ അവതാരകനായി ശ്രീ. വേണുവും ബി.ജെ.പി.-യുടെ വക്താവായി ശ്രീ. കെ. ഗണേഷും കോൺഗ്രസ്സിന്റെ വക്താവായി അഡ്വ. അനിൽ ബോസുമാണ് പങ്കെടുത്തത്. അഡ്വക്കേറ്റ് അനിൽ ബോസ് കെ.പി.സി.സി.-യുടെ സാംസ്കാരിക വിഭാഗം സെക്രട്ടറിയും എ.ഐ.സി.സി.-യുടെ പ്രചാര വിഭാഗം ഭാരവാഹിയുംകൂടിയാണ്. രാജ്യമാകെ നടന്ന് ബി.ജെ.പി.-യേയും ശ്രീ. നരേന്ദ്ര മോദിയേയും വ്യക്തിഹത്യ ചെയ്യുന്ന യാത്രയല്ലേ നിങ്ങളുടേതെന്ന് ചർച്ചയ്ക്കിടയിൽ ബി.ജെ.പി.-യുടെ വക്താവ് ശ്രീ. കെ. ഗണേഷ് ചോദിച്ചു. വീഡിയോ ഇവിടെ പ്രദർശിപ്പിക്കാൻ മാർഗ്ഗമില്ലാത്തതുകൊണ്ട് അതിൽ പറഞ്ഞ കാര്യങ്ങൾ വായിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. ബി.ജെ.പി.-യുടെ വക്താവ് ശ്രീ. കെ. ഗണേഷ്, "നിങ്ങൾ മോദി വിരോധം പറഞ്ഞുകൊണ്ട് രാജ്യം മുഴുവൻ സഞ്ചരിച്ചാൽ ഇന്ത്യയിലെ ജനങ്ങൾ നിങ്ങളെ മുൻപ്രധാനമന്ത്രിയുടെ മകൻ എന്ന നിലയിൽ മാത്രം കാണാൻ വരും; അല്ലെങ്കിൽ പൊറോട്ട കഴിക്കാനോ കട്ടൻ ചായ കുടിക്കാനോ പോകുന്ന സ്ഥലത്ത്...." എന്ന് പറഞ്ഞ് പൂർത്തിയാക്കുന്നതിനുമുമ്പ് അവതാരകൻ ശ്രീ. വേണു ഇടപെട്ടുകൊണ്ട് ശ്രീ. രാഹുൽ ഗാന്ധിക്കൊപ്പം ഈ യാത്രയിലുടനീളമുള്ള അഡ്വക്കേറ്റ്

അനിൽ ബോസ് ഇപ്പോൾ ടെലിഫോൺ ലൈനിലുണ്ടെന്നും പറഞ്ഞ് അദ്ദേഹത്തോട് ചോദിക്കുകയാണ്, "എന്താണ് ഈ ഭാരത് ജോഡോ യാത്രയുടെ ഭാവി പരിപാടിയായി നിങ്ങൾ ആലോചിക്കുന്നത് " എന്ന്. 'ഏത് മഹാനാണ് ഇപ്പോൾ പറഞ്ഞത്; എനിക്കൊന്നും മനസ്സിലായില്ല' എന്നാണ് അതിന് അദ്ദേഹം മറുപടി പറഞ്ഞത്. കാരണം അദ്ദേഹം ടെലിഫോണിലാണ് സ്റ്റുഡിയോയിലല്ല. "ഞാൻ ഭാരത് ജോഡോ യാത്രയിലാണ്. ഞങ്ങൾ ഏതെങ്കിലും ഒരു വേദിയിൽ മോദി വിരോധം പറഞ്ഞതായി അദ്ദേഹത്തിന് ചൂണ്ടിക്കാണിക്കുവാൻ സാധിക്കുമോ" എന്ന് വീണ്ടും അദ്ദേഹം ചോദിക്കുകയാണ്. ആരുടെ ചോദ്യമാണിത്? ശ്രീ. പിണറായി വിജയന്റെയോ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററുടെയോ അല്ല. അദ്ദേഹം തുടരുകയാണ്, "ഏതെങ്കിലും ഒരു വേദി പറയാൻ കഴിയുമോ; കന്യാകുമാരിയിൽനിന്നും ആരംഭിച്ച് ബെനിഹാൽ കഴിഞ്ഞ് ശ്രീനഗറിലേയ്ക്ക് പോകുന്ന യാത്രാമധ്യേയാണ് ഇപ്പോൾ ഞാനുള്ളത്. ഇതുവരെയുള്ള യാത്രയിൽ പങ്കെടുത്ത മുഴുവൻസമയ പഥയാത്രികനായ ഞാൻ മോദി വിരോധമെന്ന വാക്ക് ഒരു സ്ഥലത്തും കേട്ടില്ല". ഈ യാത്രയിൽ ശ്രീ. നരേന്ദ്ര മോദിക്കെതിരെ ഒരു വാക്കുപോലും പറഞ്ഞത് കേട്ടില്ലെന്നാണ് 4080 കിലോമീറ്റർ ജാഥയിൽ നടന്ന കെ.പി.സി.സി.-യുടെ പ്രചാരക

വിഭാഗത്തിന്റെ ഭാരവാഹിയായ മുഴുവൻസമയ യാത്രികൻ പറയുന്നത്. 'വെറുപ്പിന്റെ രാഷ്ട്രീയത്തിനെതിരെ സ്നേഹത്തിന്റെ ഒരു തീർത്ഥയാത്ര എന്ന നിലയിലാണ് ഈ യാത്ര കടന്നുപോകുന്നത് ' എന്നാണ് അദ്ദേഹം പറയുന്നത്. അതായത് സ്നേഹം വിതറിപ്പോകുകയാണെന്നാണ്. ഇത് കേരളത്തിലെ ജനങ്ങൾ കേൾക്കേണ്ടതാണ്, ഇത് പി. വി. അൻവറിന്റെയോ ഇടതുപക്ഷത്തിന്റെയോ സി.പി.ഐ.(എം)-ന്റെയോ വാക്കല്ല, ഈ യാത്രയിൽ മുഴുനീളം പങ്കെടുത്ത കെ.പി.സി.സി.-യുടെ ഭാരവാഹി അഡ്വക്കേറ്റ് അനിൽ ബോസ് പറയുന്നതാണ്. അദ്ദേഹം തുടർന്ന് പറയുന്നത്, 'ഞങ്ങൾക്ക് അങ്ങനെ ആർ.എസ്.എസ്. വിരോധമുണ്ടെങ്കിൽ അടൽ ബിഹാരി വാജ്പേയിയുടെ....." എന്ന് പറഞ്ഞ് നിർത്തിയിട്ട് തുടർന്നു. "ഞാൻ സ്റ്റുഡിയോയിലല്ല, ഫോണിൽക്കൂടിയാണ് സംസാരിക്കുന്നത്. അതുകൊണ്ട് ആ പ്രിവിലേജ് എടുത്ത് എന്റെ നെഞ്ചത്ത് കയറാൻ വരരുത്, വല്ലാതെ വർത്തമാനം പറയരുത്" എന്ന് അദ്ദേഹം ബി.ജെ.പി. വക്താവിനോട് പറയുകയാണ്. അപ്പോൾ അവതാരകൻ ഇടപെട്ടുകൊണ്ട് 'ഇല്ലയില്ല ആരും ഒന്നും പറഞ്ഞിട്ടില്ല' എന്ന് പറഞ്ഞു. അഡ്വക്കേറ്റ് അനിൽ ബോസിന്റെ ഭാഷയാണിത്. നേർക്കുനേർ സംഭാഷണമാണ്. ഇത് തെളിവായി സഭയിൽ കൊണ്ടുവരാൻ ഞാൻ തയ്യാറാണ്. അല്ലെങ്കിൽ

കോൺഗ്രസ്സിന്റെ നേതാക്കന്മാർ ഇത് നിഷേധിക്കാൻ തയ്യാറാകണം. അദ്ദേഹം തുടരുകയാണ്, "ഇന്ത്യൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി ബി.ജെ.പി.യുടെ നേതാവാണ്. അദ്ദേഹത്തിന്റെ സ്മൃതി മണ്ഡപത്തിൽപോയി പുഷ്പാർച്ചന നടത്തി വരുന്ന ഞങ്ങൾ എന്തിനാണ് ബി.ജെ.പി.-യോട് ശത്രുത പുലർത്തുന്നത്?" ജോഡോ യാത്രയുമായി ബന്ധപ്പെട്ട് അടൽ ബിഹാരി വാജ്പേയിയുടെ സ്മൃതി മണ്ഡപത്തിൽപോയി പുഷ്പാർച്ചന നടത്തിയത് ആരെങ്കിലും അറിഞ്ഞോ; ഞങ്ങളാരും അറിഞ്ഞില്ല. ഒരു ചാനലും അങ്ങനെയൊരു വാർത്ത പുറത്തുവിട്ടിട്ടില്ല. ഒരു സാധു സംഘി കോൺഗ്രസ്സുകാരനായതുകൊണ്ട് നിഷ്കളങ്കനായ അയാളുടെ വായിൽനിന്നും വന്നുപോയതാണ്. ഇതിന് കോൺഗ്രസ് മറുപടി പറയണ്ടേ? അദ്ദേഹം വീണ്ടും പറയുകയാണ്, "അങ്ങനെ ശത്രുതയുണ്ടെങ്കിൽ അടൽ ബിഹാരി വാജ്പേയിയുടെ സ്മൃതി മണ്ഡപത്തിൽ ഞങ്ങൾ എന്തിന് പോകണം. ഈ ജോഡോ യാത്രയിൽ ഞങ്ങൾക്ക് രാഷ്ട്രീയപരമായോ വ്യക്തിപരമായോ ആരോടും വിരോധമില്ല. വെറുപ്പിനെതിരെയുള്ള സ്നേഹത്തിന്റെ തീർത്ഥയാത്രയാണിത്." ഇവരാണ് കേരളത്തിൽ സി.പി.ഐ. (എം.)-ഉം ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ബി.ജെ.പി.-യുമായി ചേർന്ന് മുന്നോട്ടുപോകുകയാണെന്ന് പറയുന്നത്. നമുക്കൊന്ന് പരിശോധിക്കാം.

കഴിഞ്ഞ അഞ്ചെട്ട് വർഷമായി ഇന്ത്യയിൽനിന്നും കോൺഗ്രസ്സ് വിട്ടുപോയവരുടെ ഒരു നിരതന്നെയുണ്ട്. മുഴുവൻ വായിക്കുകയാണെങ്കിൽ രണ്ടുദിവസമെടുക്കും. കഴിഞ്ഞ പത്ത് വർഷത്തിനിടയ്ക്ക് പന്ത്രണ്ട് മുഖ്യമന്ത്രിമാരാണ് കോൺഗ്രസ്സ് വിട്ട് ബി.ജെ.പി.-യിൽ ചേർന്നത്. ഇതൊന്നും നമുക്ക് പെട്ടെന്ന് മറക്കാൻ സാധിക്കുകയില്ല. എൻ.ഡി. തിവാരി, സർവ്വശ്രീ നാരായൺ റാണെ, വിജയ് ബഹുഗുണ, എൻ. ബീരേൻ സിംഗ് (മണിപ്പൂർ മുഖ്യമന്ത്രി), അമരീന്ദർ സിംഗ് (മുൻ പഞ്ചാബ് മുഖ്യമന്ത്രി), ദിഗംബർ കാമത്ത് (മുൻ ഗോവ മുഖ്യമന്ത്രി), നല്ലാരി കിരൺ കുമാർ റെഡ്ഡി (മുൻ ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി), പേമ ഖണ്ഡു (മുൻ അരുണാചൽ പ്രദേശ് മുഖ്യമന്ത്രി), ജഗദാംബികാ പാൽ (മുൻ ഉത്തർപ്രദേശ് മുഖ്യമന്ത്രി), എസ്. എം. കൃഷ്ണ (മുൻ കർണ്ണാടക മുഖ്യമന്ത്രി), മണിക് സാഹ (ത്രിപുര മുഖ്യമന്ത്രി), ഹിമന്ത ബിശ്വ ശർമ്മ (ആസാം മുഖ്യമന്ത്രി) തുടങ്ങിയവർ കോൺഗ്രസ്സിൽനിന്നും ബി.ജെ.പി.യിലേയ്ക്ക് പോയിട്ടുണ്ട്. ഇതിനുപുറമെ ഈയടുത്തകാലത്തായി ഉത്തരാഖണ്ഡിലെ 9 എം.എൽ.എ.-മാരും അരുണാചൽ പ്രദേശിലെ 43 എം.എൽ.എ.-മാരും മണിപ്പൂരിലെ 4 എം.എൽ.എ.-മാരും ഗുജറാത്തിലെ 16 എം.എൽ.എ.-മാരും ഗോവയിലെ 10 എം.എൽ.എ.-മാരും കർണ്ണാടകയിലെ 17 എം.എൽ.എ.-മാരും

മധ്യപ്രദേശിലെ 19 എം.എൽ.എ.-മാരും പുതുച്ചേരിയിലെ 5 എം.എൽ.എ.-മാരും ഉൾപ്പെടെ 180 ഓളം എം.എൽ.എ.-മാരും എം.പി.-മാരും കോൺഗ്രസ്സിൽനിന്നും ബി.ജെ.പി.-യിലേയ്ക്ക് പോയിട്ടുണ്ട്. മുസ്ലീം ലീഗ്/ജമാഅത്തെ ഇസ്ലാമി നേതാക്കളുടെ തോളിൽ കയ്യിട്ട് നടക്കുന്ന കേരളത്തിലെ കോൺഗ്രസ് എം.എൽ.എ.-മാരും നേതാക്കളും ഏത് സമയത്താണ് ബി.ജെ.പി.-യിലേയ്ക്ക് പോകുകയെന്ന് നമുക്ക് പറയാൻ സാധിക്കില്ല. കോൺഗ്രസ്സിൽനിന്നും ബി.ജെ.പി.-യിലേയ്ക്ക് പോയ കേന്ദ്ര മന്ത്രിമാരുടെ എണ്ണം നോക്കാം. സർവ്വശ്രീ ജ്യോതിരാദിത്യസിന്ധ്യ, റാവു ഇന്ദ്രജിത്ത് സിംഗ്, ജിതിൻ പ്രസാദ, ജഗദാംബിക പാൽ, സത്യപാൽ മഹാരാജ് (ഉത്തരാഖണ്ഡ്), രാം ദയാൽ ഉയി (ഛത്തീസ്ഗഢിലെ കോൺഗ്രസ് നേതാവ്), ഭരത് സിംഗ്, തരുൺ ഗൊഗോയ് (ആസാമിലെ കോൺഗ്രസ് നേതാവ്), ഹാർദ്ദിക് പട്ടേൽ (മഹാരാഷ്ട്ര പി.സി.സി. വർക്കിംഗ് പ്രസിഡന്റ്), ഹരിയാന മുൻമുഖ്യമന്ത്രി ഭജൻ ലാലിന്റെ മകനും സംസ്ഥാനത്തെ പ്രധാന നേതാവുമായ കുൽദീപ് ബിഷ്ണോയ്, ചൗധരി ബീരേന്ദർ സിംഗ് (ഹരിയാന), എൻ.ടി. രാമറാവുവിന്റെ മകളായ ശ്രീമതി ദഗ്ഗുബതി പുരന്ദേശ്വരി, ശ്രീമതി റീത്ത ബഹുഗുണ ജോഷി, ശ്രീമതി നജ്മ ഹെപ്തുള്ള തുടങ്ങിയവർ കോൺഗ്രസ്സിൽനിന്നും ബി.ജെ.പി.-യിലേയ്ക്ക്

പോയിട്ടുണ്ട്. 2014-ൽ ലോകസഭാ ഇലക്ഷൻ നടന്ന സമയത്ത് ലോകസഭാ എം.പി.-മാർ, കേന്ദ്രമന്ത്രിമാർ, എം.എൽ.എ.-മാർ എന്നിവരുൾപ്പെടെ 30 പേരാണ് കോൺഗ്രസ്സ് വിട്ടുപോയത്. ഈ രീതിയിൽ പോകുന്ന യു.ഡി.എഫ്.-നോടൊപ്പം കേരളത്തിലെ ജനങ്ങൾ നിൽക്കണമെന്നാണ് ഇവർ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ജനങ്ങൾക്ക് ഇക്കാര്യങ്ങൾ വളരെ വ്യക്തമാണ്. ഇന്ന് അവർക്ക് ഒരു രക്ഷയുമില്ല, അവർക്ക് ജനങ്ങളോട് പറയാനൊന്നുമില്ല. ബി.ജെ.പി.-യുമായി യോജിച്ച് സി.പി.ഐ.(എം.) പോകുന്നുവെന്ന കള്ളപ്രചരണം മാത്രമാണ് അവർക്ക് ജനങ്ങളോട് പറയാനുള്ളത്. അതിന്റെ ഏറ്റവും വലിയ ദൃഷ്ടാന്തമാണ് കേന്ദ്ര ബഡ്ജറ്റ്. അഞ്ച് പൈസയുടെ ആനുകൂല്യം കേരളത്തിന് ലഭിച്ചില്ലെന്നത് അതിന് തെളിവല്ലേ? കള്ള രാഷ്ട്രീയവും കളവും ചതിയുമാണ് കേരളത്തിലെ ജനങ്ങളോട് കാണിക്കുന്നത്. വർഗ്ഗീയതയുമായി ഒട്ടിച്ചേർന്നുള്ള കോൺഗ്രസ്സിന്റെയും ബി.ജെ.പി.യുടെയും ഈ പോക്ക് കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും. ഇതിനെതിരെയുള്ള പ്രചരണത്തിന്റെ ഭാഗമായി നടത്തുന്ന പാർട്ടിയുടെ സംസ്ഥാന ജാഥ കാസർഗോഡുനിന്നാരംഭിച്ച് തിരുവനന്തപുരത്ത് എത്തിച്ചേരുമ്പോൾ ലഭിക്കുന്ന ജനപിന്തുണ

കേരളത്തിലെ ജനങ്ങൾ കാണാൻ പോകുകയാണ്. ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, ജനവിരുദ്ധ ബഡ്ജറ്റ് നിർദ്ദേശങ്ങളെ ഞാൻ ശക്തമായി എതിർക്കുന്നു. കേരളത്തിലെ പൊതുജനവികാരം മാനിച്ചുകൊണ്ട് സഭാകവാടത്തിൽ സത്യാഗ്രഹ സമരമിരിക്കുന്ന നാല് പ്രതിപക്ഷ എം.എൽ.എ.-മാർക്ക് അഭിവാദ്യം നേരാൻകൂടി ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

"അരങ്ങത്തു മുന്നിരയിൽ
മുറുക്കിത്തുപ്പിയും ചുമ്മാ
ചിരിച്ചും കൊണ്ടിടം കണ്ണാൽ
കുറത്തിയെ കടാക്ഷിക്കും
കരനാഥന്മാർക്കുനേരേ
വിരൽചൂണ്ടിപ്പറയുന്നു
നിങ്ങളെന്റെ കറുത്തമക്കളെ ചുട്ടുതിന്നുന്നോ?
നിങ്ങളവരുടെ നിറഞ്ഞകണ്ണുകൾ ചൂഴന്നെടുക്കുന്നോ?
നിങ്ങൾ ഞങ്ങടെ കുഴിമാടം കുളം തോണ്ടുന്നോ?
നിങ്ങളോർക്കുക നിങ്ങളെങ്ങിനെ നിങ്ങളായെന്ന്!"

കടമ്മനിട്ട രാമകൃഷ്ണന്റെ 'കുറത്തി' എന്ന കവിതയിലെ ഈ വരികൾ അധികാരത്തിന്റെ മത്തുപിടിച്ച് മദോന്മത്തരായ, കടന്നുവന്ന വഴിത്താരകൾ മറന്ന രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ നേരെയുള്ള ജനങ്ങളുടെ ചോദ്യമായി ഇന്ന് മാറിയിരിക്കുന്നു. പാവപ്പെട്ടവന്റെയും അധ്വാനിക്കുന്നവന്റെയും ചോര നീരാക്കിയവന്റെയും രാഷ്ട്രീയം പറഞ്ഞ്

വളർന്നുവന്ന ഇടതുപക്ഷപ്രസ്ഥാനം അധികാരത്തിലെത്തിയപ്പോൾ അവരെ ചൂഷണം ചെയ്യുന്ന നടപടിയാണ് ഈ ബഡ്ജറ്റിലൂടെ പുറത്തുവന്നിരിക്കുന്നത്. ചുമക്കാവുന്നതിലധികം നികുതി ഭാരം ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചിരിക്കുകയാണ്. അവർ ഈ സർക്കാരിനെതിരെ വിരൽചൂണ്ടിക്കൊണ്ട് 'നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായി' എന്നാണ് ചോദിക്കുന്നത്. ശ്രീ. നരേന്ദ്ര മോദിയും സംഘ്പരിവാറും നടപ്പിലാക്കുന്നതിനേക്കാൾ തീവ്ര വലതുപക്ഷ നിലപാടുകളും നയങ്ങളുമാണ് ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങളായി പുറത്തുവന്നിരിക്കുന്നത്. ഇതിനെതിരെ ശക്തമായ ചോദ്യമാണ് ജനസമൂഹത്തിൽനിന്നും ഉയർന്നുവരുന്നത്. സ്വാശ്രയ കോളേജുകൾക്കെതിരെ സമരം ചെയ്യുകയും പാവപ്പെട്ട പാർട്ടി സഖാക്കളെ രക്തസാക്ഷികളാക്കി ബലികുടീരങ്ങളിൽ കുടിയിരുത്തുകയും ചെയ്ത നിങ്ങളിന്ന് വിദേശ സർവ്വകലാശാലകൾക്കുവേണ്ടി ചുവന്ന പരവതാനി വിരിക്കുകയാണ്. ഈ നേതൃത്വത്തിന്റെ ആദർശ ധീരത എവിടെപ്പോയി? കൂത്തുപറമ്പിലെ അഞ്ച് രക്തസാക്ഷികളെയും ശ്രീ. പുഷ്പനെയും ഓർത്തുകൊണ്ട് 'സ്മരണകളിരമ്പും രണസ്മാരകങ്ങളെ' എന്ന് കണ്ണൂരിലെ സഖാക്കൾ പാടുന്നത് ഇന്ന് സൗകര്യപ്രദമായി പാർട്ടി മറക്കുകയാണ്. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെ സമരം നടത്തിയതും

പരിയാരം മെഡിക്കൽ കോളേജിന്റെ ഭരണം പിടിച്ചെടുത്തതും എം.വി. രാഘവനെ പതിറ്റാണ്ടുകൾക്കുശേഷം ആശ്ലേഷിച്ചതും അദ്ദേഹത്തിന്റെ മകന് നിയമസഭാ സീറ്റ് നൽകിയതും ഈ കാപട്യത്തിന്റെ തെളിവാണ്. പാർട്ടി പറയുന്നതിനപ്പുറം ഒരു വാക്കുപോലുമില്ലാത്ത ശ്രീ. പുഷ്പൻ ഒരു എതിർശബ്ദവും ഉയർത്തിയിട്ടില്ല. വർഷങ്ങളുടെ കിടപ്പുജീവിതത്തിന്റെ സഹനമാകാം ആ മനസ്സിനെ പാകപ്പെടുത്തിയിട്ടുള്ളത്. കൂത്തുപറമ്പ് സംഭവത്തെ രാഷ്ട്രീയമായി കൈവിട്ടെങ്കിലും പാർട്ടി വേദികളിൽ ശ്രീ. പുഷ്പൻ ഇന്നും ആഘോഷിക്കപ്പെടുകയാണ്. ഇതുപോലെ മരിച്ച് ജീവിക്കുന്ന നിരവധി പുഷ്പൻമാരെ സാക്ഷിനിർത്തിയാണ് സി.പി.ഐ.(എം.) ഇപ്പോൾ വലതുപക്ഷ സാമ്പത്തിക നയങ്ങൾക്ക് ചൂട്ടുപിടിക്കുന്നത്. എന്നിട്ടാണ് "പുഷ്പനെയറിയാമോ, നിങ്ങൾക്ക് പുഷ്പനെയറിയാമോ" എന്ന് പാടുന്നത്. സി.പി.ഐ.(എം.)-ന്റെ മുഖത്തുനോക്കി കാലം ഒരിക്കൽ ചോദിക്കുന്ന സമയം വരും; പുഷ്പനെയറിയാമോ; നിങ്ങൾക്ക് പുഷ്പനെയറിയാമോയെന്ന്.

ഈ സാമ്പത്തിക വർഷത്തെ കേരള ബഡ്ജറ്റ് സംസ്ഥാന ചരിത്രത്തിലെ ഏറ്റവും വലിയ നികുതി കൊള്ളയ്ക്ക് കാരണമായിരിക്കുകയാണ്. ഇതിനെ നികുതി കൊള്ളയെന്ന് പറയുന്നതിനേക്കാൾ ഉചിതം നികുതി ഭീകരതയെന്ന്

വിശേഷിപ്പിക്കുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനപ്രിയ ബഡ്ജറ്റ് എന്നാണ് ഇതിനെ വിശേഷിപ്പിച്ചത്. പക്ഷേ ഇതൊരു ഹാർഡ് ബഡ്ജറ്റാണെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ ബഡ്ജറ്റിൽ ചൂണ്ടിക്കാണിച്ചു. യഥാർത്ഥത്തിൽ ഇവിടെ സംഭവിച്ചത് എന്താണ്? അടുത്ത വർഷം കേന്ദ്രത്തിൽനിന്നും കേരളത്തിന് ലഭിക്കേണ്ട നികുതി വിഹിതത്തിൽ 25,000 കോടി രൂപയുടെ കുറവുണ്ടാകുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. എന്നാൽ ഇതിന്റെ ഉത്തരവാദി സംസ്ഥാന സർക്കാർ മാത്രമാണ്. കിഫ്ബി പോലുള്ള സ്ഥാപനങ്ങളുടെ അധിക ബാധ്യതകളും സംസ്ഥാനത്തിന്റെ പൊതുകടം പരിധി വിട്ട് കുതിക്കുന്നതും കടബാധ്യതകൾ അനുവദനീയമായ പരിധിക്ക് മുകളിലേയ്ക്ക് പോകുന്നതുമെല്ലാം കേന്ദ്രസർക്കാരിന്റെ നിയന്ത്രണങ്ങൾക്ക് കാരണമായിയെന്നതാണ് യാഥാർത്ഥ്യം. ഇതെല്ലാം അരിയാഹാരം കഴിക്കുന്ന മലയാളികൾക്ക് നന്നായി മനസ്സിലാകുന്നുണ്ട്. സർക്കാരിന്റെ ധൂർത്തിനും സാമ്പത്തിക അച്ചടക്കമില്ലായ്മയ്ക്കും കേന്ദ്രസർക്കാരിനെ കുറ്റം പറഞ്ഞ് രക്ഷപ്പെടുന്ന പതിവ് രീതി ഇവിടെ നടപ്പാകാൻ പോകുന്നില്ല. വസ്തുതകൾ ഇതായിരിക്കെ തങ്ങളുടെ കഴിവുകേട് മറച്ചുവച്ച് അതെല്ലാം കേന്ദ്രസർക്കാരിന്റെ മാത്രം തലയിൽകെട്ടിവച്ച് കേരളത്തിലെ ജനങ്ങളിൽനിന്നും നികുതി കൂടുതലായി

ഈടാക്കി ഖജനാവ് നിറയ്ക്കുന്ന കാഴ്ചയാണ് ഇന്ന് കേരളം നിസ്സഹായതയോടുകൂടി നോക്കിക്കാണുന്നത്. ഇതാണോ മുഖ്യമന്ത്രിയടക്കമുള്ളവർ കൊട്ടിഘോഷിക്കുന്ന ജനക്ഷേമ ഭരണം; ഇതാണോ മുഖ്യമന്ത്രിയടക്കമുള്ളവർ നാഴികയ്ക്ക് നാൽപ്പതുവട്ടം വിളിച്ചുകൂവുന്ന നവകേരളം. നികുതി ഭീകരത അടിച്ചേൽപ്പിച്ച് സത്ഭരണത്തെക്കുറിച്ചും നവകേരളത്തെക്കുറിച്ചും പറയാൻ ലജ്ജയില്ലേ? ഫലത്തിൽ ഇടതുപക്ഷ സർക്കാരിന്റെ പിടിപ്പുകേടിന് ജനങ്ങൾ ബലിയാടാകുന്ന അവസ്ഥയാണ് നിലവിലുള്ളത്. നാട്ടുകാരെ പിഴിഞ്ഞ് ഖജനാവ് നിറയ്ക്കുന്ന സർക്കാർ പാഴ്ചെലവ് ഒഴിവാക്കാനുള്ള യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. മുന്നണിയിലെ പാർട്ടികളെ തൃപ്തിപ്പെടുത്താനും നേതാക്കളെ കുടിയിരുത്താനും സ്മാരകങ്ങൾ കെട്ടിപ്പൊക്കാനുംവേണ്ടി കോടിക്കണക്കിന് രൂപയല്ലേ ഈ ക്ഷാമകാലത്തും ചെലവഴിക്കാൻ സർക്കാർ മുതിരുന്നത്. 'ഉപ്പുതൊട്ട് കർപ്പൂരം വരെ, പിടിച്ചുപറി, പകൽക്കൊള്ള, ജനത്തെ പിഴിയൽ' തുടങ്ങിയ ആലങ്കാരിക പ്രയോഗങ്ങളെയെല്ലാം സാധൂവാക്കുന്നതായി കേരള ബഡ്ജറ്റ് മാറിയിരിക്കുന്നു. നാലായിരം കോടി രൂപയുടെ അധികഭാരമാണ് ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചിരിക്കുന്നത്. എടുത്തുപറയാവുന്ന ഒരു ക്ഷേമപദ്ധതിയും പ്രഖ്യാപിച്ചിട്ടില്ല, ക്ഷേമ പെൻഷനുകളിൽ വർദ്ധനവില്ല.

നൂറ് രൂപയുടെയെങ്കിലും വർദ്ധനവ് വരുത്താൻ സർക്കാർ തയ്യാറാകാത്തത് ജനങ്ങളോടുള്ള, പ്രത്യേകിച്ച് പാവപ്പെട്ടവരോടുള്ള വെല്ലുവിളിയായി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. തൊഴിലാളികളുടേതെന്ന് അവകാശപ്പെടുന്ന ഇടതുസർക്കാർ അവതരിപ്പിച്ച ഈ ബഡ്ജറ്റ്, വരുമാനം അങ്ങേയറ്റം കൂട്ടുന്ന പക്കാ മുതലാളി ബഡ്ജറ്റാണ്. 1,17,000 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്ന ബഡ്ജറ്റിൽ മൂലധനച്ചെലവ് വെറും 17,000 കോടി രൂപ മാത്രമാണ്. ഇതുകൊണ്ട് എന്ത് വികസനമാണ് നാട്ടിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; ഭാവിതലമുറയ്ക്കുവേണ്ടി എന്ത് സ്വപ്നങ്ങളാണ് നിങ്ങൾക്ക് നൽകാനുള്ളത്? കേരളത്തിലെ മനുഷ്യവിഭവശേഷി ഇവിടെത്തന്നെ ഉപയോഗിക്കണമെന്നും പുറത്തേയ്ക്കുള്ള പലായനം അവസാനിപ്പിക്കണമെന്നും പറയുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ളവർക്ക് ഭാവിയെക്കുറിച്ച് എന്ത് സ്വപ്നങ്ങളാണ് യുവജനങ്ങൾക്ക് നൽകാനുള്ളത്? നാല് ലക്ഷം കോടി രൂപയുടെ പൊതുകടമല്ലാതെ എന്തെങ്കിലും പ്രതീക്ഷകൾ നമ്മുടെ ചെറുപ്പക്കാർക്കായി നൽകാൻ നിങ്ങൾക്ക് സാധിക്കുന്നുണ്ടോ? നാളികേരത്തിന്റെ താങ്ങുവില 32 രൂപയിൽനിന്നും 34 രൂപയാക്കിയതിലൂടെ നാമമാത്ര വർദ്ധനവ് മാത്രമാണുണ്ടായത്. ഇതല്ലാതെ കർഷകർക്കുവേണ്ടി ഈ സർക്കാർ ചെയ്തത്

എന്താണ്? നെൽകർഷകരെയും റബ്ബറിന്റെ വിലയിടിവുമൂലം ജീവിതം പ്രതിസന്ധിയിലായ ലക്ഷക്കണക്കിന് റബ്ബർ കർഷകരെയും തിരിഞ്ഞുനോക്കിയോ? റബ്ബറിന് 250 രൂപ തറവിലയായി നിശ്ചയിക്കുമെന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞത് നടപ്പാക്കിയില്ലെന്ന് മാത്രമല്ല, കുടിശ്ശിക കൊടുത്തുതീർക്കാനാവശ്യമായ തുകപോലും വകയിരുത്തിയിട്ടില്ലെന്നുള്ളത് ഗൗരവമേറിയ കാര്യമാണ്. വന്യമൃഗങ്ങളുടെ ആക്രമണത്താൽ വലയുന്ന കേരളത്തിലെ മലയോര കർഷകരെ തിരിഞ്ഞുനോക്കാൻ ഈ സർക്കാർ ഒരു ശ്രമവും നടത്തിയിട്ടില്ല. പാവപ്പെട്ടവർക്ക് ആശ്വാസം നൽകുന്ന യാതൊന്നും ഈ ബഡ്ജറ്റിലില്ല. അവരുടെ നിത്യജീവിതം നരകതുല്യമാക്കുന്ന നികുതിഭാരമാണ് അടിച്ചേൽപ്പിച്ചിരിക്കുന്നത്. പെട്രോളിനും ഡീസലിനും രണ്ട് രൂപ സെസ് ഏർപ്പെടുത്താനുള്ള തീരുമാനം വലിയ പ്രത്യാഘാതങ്ങളാണ് സംസ്ഥാനത്തുണ്ടാക്കാൻ പോകുന്നത്. ഇന്ധനവില ഉയരുന്നതോടെ എല്ലാ സാധനങ്ങളുടെയും വില കൂടും. അതിനെക്കുറിച്ചെപ്പോഴും വാചാലരാകുന്ന ഇടതുപക്ഷ നേതാക്കൾ ഇപ്പോൾ മൗനം പാലിക്കുന്നതും ന്യായീകരിക്കാൻ ശ്രമിക്കുന്നതും തെറ്റാണ്. കേന്ദ്ര ഗവൺമെന്റിന്റെ കർഷകദ്രോഹ, ജനദ്രോഹ നടപടികളുടെ അതേ പാതയിലൂടെ മുന്നോട്ടുപോകുന്ന കേരളത്തിലെ

ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ തെറ്റായ നയങ്ങളിലൂടെയും ജനവിരുദ്ധ തീരുമാനങ്ങളിലൂടെയും നടപ്പാക്കിയ നികുതി വർദ്ധനവ് പിൻവലിച്ചുകൊണ്ട് കർഷകർക്കും പാവപ്പെട്ടവർക്കും കൂടുതൽ ആശ്വാസപദ്ധതികൾ പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് വർദ്ധിപ്പിക്കണമെന്ന് ശ്രീ. കെ. ബി. ഗണേഷ് കുമാർ ആവശ്യപ്പെട്ടതിനോട് യോജിക്കുന്നു. ഇക്കാര്യം സജീവമായി പരിഗണിക്കണമെന്ന നിർദ്ദേശംകൂടി മുന്നോട്ടുവയ്ക്കുന്നു. ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പോളിടെക്നിക്കിന് എ.ഐ.സി.റ്റി.ഇ. (All India Council for Technical Education)-യുടെ അംഗീകാരം ലഭിച്ചിട്ട് വർഷങ്ങളായി. ഏഴ് കോടി രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ ഈ പോളിടെക്നിക്കിന് പ്രവർത്തനാനുമതി നൽകാനും ആവശ്യമായ തസ്തികകൾ അനുവദിക്കാനും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിച്ചുകൊണ്ടും ബഡ്ജറ്റ് നിർദ്ദേശങ്ങളെ ശക്തമായി എതിർത്തുകൊണ്ടും എന്റെ വാക്കുകൾ നിർത്തുന്നു, നന്ദി.

ശ്രീ. കെ. ജെ. മാക്സി: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2023-24 വർഷത്തേയ്ക്ക് അവതരിപ്പിച്ച

ബഡ്ജറ്റിനെ ശക്തമായി പിന്താങ്ങുന്നു. പഞ്ചതന്ത്രം കഥയിലെ 'പൂച്ച സന്യാസി'യെപ്പറ്റി ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് സംസാരിച്ചു. നരേന്ദ്ര മോദി സർക്കാരിന്റെ ജനവിരുദ്ധനയങ്ങളുടെ ഫലമായി രൂപപ്പെട്ട പൊതുസാമ്പത്തിക പ്രതിസന്ധിക്ക് നടുവിൽനിന്നുകൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിച്ചതെന്ന് ഓർക്കണം. എൽ.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായ നവകേരള സൃഷ്ടിക്കായുള്ള പ്രയാണത്തിന് ഗതിവേഗം നൽകുന്നതാണ് ഈ ബഡ്ജറ്റ്. ഒരു സർക്കാരിനെ സാമ്പത്തികമായി ഞെരുക്കാവുന്നതിന്റെ സർവ്വസീമകളും ലംഘിക്കുകയും അർഹതപ്പെട്ട ജി.എസ്.ടി. വിഹിതംപോലും അനുവദിക്കാതെ സംസ്ഥാനത്തെ വരിഞ്ഞുമുറുക്കുകയുമാണ് കേന്ദ്രസർക്കാർ. ഈ ദുർഘട സാഹചര്യത്തിലാണ് ശ്രീ. കെ. എൻ. ബാലഗോപാൽ സർവ്വതല സ്പർശിയും നവീന ആശയങ്ങളാൽ സമ്പന്നവുമായ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. രാജ്യത്തെ ഏറ്റവും വലിയ പ്ലാന്റേഷൻ മേഖല കേരളത്തിലാണ്. കേന്ദ്രനയം കാരണം റബ്ബർ കർഷകർ വലിയ പ്രതിസന്ധി നേരിടുകയാണ്. റബ്ബർ കർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി റബ്ബർ സബ്സിഡിക്കുള്ള ബഡ്ജറ്റ് വിഹിതം 600 കോടി രൂപയായി വർദ്ധിപ്പിച്ച നടപടി ഈ മേഖലയെ ആശ്രയിക്കുന്ന ആയിരക്കണക്കിന് കർഷകർക്ക്

വളരെയധികം ഗുണം ചെയ്യുമെന്നതിൽ സംശയമില്ല. സ്കൂൾ-കോളേജ്-സർവ്വകലാശാല തലങ്ങളിലുള്ള വിദ്യാഭ്യാസത്തെ പുരോഗതിയിലെത്തിക്കുന്നതിനാണ് ഈ സർക്കാർ പ്രാധാന്യം നൽകുന്നത്. ഒരു വർഷം ഒരു സ്കൂൾ വിദ്യാർത്ഥിക്കുവേണ്ടി ഏകദേശം 50,000 രൂപയാണ് സർക്കാർ മുടക്കുന്നത്. ഇതിന്റെ പലമടങ്ങ് ഉന്നതവിദ്യാഭ്യാസ രംഗത്ത് ചെലവഴിക്കുന്നുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് ഇതൊരു മാതൃകയാണ്. വ്യവസായ വകുപ്പ് ഏറ്റെടുത്ത 'സംരംഭക വർഷം' പദ്ധതി, സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങൾ എന്നിവയോട് കേരളത്തിലെ യുവ സംരംഭക സമൂഹത്തിൽനിന്നും ലഭിച്ച ആവേശകരമായ പ്രതികരണമാണ് 'മേക്ക് ഇൻ കേരള' പോലുള്ള ബൃഹത് പദ്ധതി ഏറ്റെടുക്കാൻ സർക്കാരിന് ആത്മവിശ്വാസം നൽകിയത്. മേക്ക് ഇൻ കേരളയ്ക്കായി പദ്ധതിക്കാലയളവിൽ 1000 കോടി രൂപ അധികമായി അനുവദിച്ചുകൊണ്ടുള്ള തീരുമാനവും നടപ്പുവർഷം 100 കോടി രൂപ ഇതിലേയ്ക്കായി നീക്കിവയ്ക്കാനുള്ള നടപടിയും ശ്ലാഘനീയമാണ്. ഇതിലൂടെ സംസ്ഥാനത്തെ വ്യവസായമേഖലയ്ക്ക് പുത്തനുണർവ് വരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. കേരളത്തിൽനിന്നുള്ള മെഡിക്കൽ നഴ്സിംഗ് പ്രൊഫഷണലുകൾ ലോകത്തിനുതന്നെ മാതൃകയാണ്. 2023-24

സാമ്പത്തിക വർഷത്തിൽ 25 നഴ്സിംഗ് കോളേജുകൾ പുതുതായി ആരംഭിക്കുന്നതിന് 20 കോടി രൂപ വകയിരുത്തിയത് അഭിനന്ദനാർഹമാണ്. കൃഷിക്ക് സവിശേഷമായ പരിഗണനയാണ് സർക്കാർ നൽകുന്നത്. നെൽകൃഷി വികസനത്തിന് നൽകിയിരുന്ന 76 കോടി രൂപ 95.10 കോടി രൂപയായി ഉയർത്തിയതും നാളികേരത്തിന്റെ താങ്ങുവില 32 രൂപയിൽനിന്നും 34 രൂപയായി വർദ്ധിപ്പിച്ചതും ഈ രംഗത്തെ കർഷകർക്ക് വളരെയധികം ഉപകാരം ചെയ്യുന്ന കാര്യമാണ്. മത്സ്യബന്ധന ബോട്ടുകളെ ആധുനികവൽക്കരിക്കാൻ 10 കോടി രൂപയുടെ പുതിയ പദ്ധതി സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. കൂടാതെ മത്സ്യബന്ധന ബോട്ടുകളുടെ എഞ്ചിനുകൾ ഘട്ടംഘട്ടമായി പെട്രോൾ/ഡീസൽ എഞ്ചിനുകളാക്കി മാറ്റുന്നതിനുള്ള പുതിയ പദ്ധതിക്കായി 8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 'പുനർഗേഹം' പദ്ധതിക്ക് അനുവദിച്ചിരുന്ന 16 കോടി രൂപ 20 കോടി രൂപയായി വർദ്ധിപ്പിച്ചതും മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് 27 കോടി രൂപ വകയിരുത്തിയതും സ്വാഗതാർഹമാണ്. 2023-24-ൽ 10 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് 230.10 കോടി രൂപയും കുടുംബശ്രീക്ക് വിവിധ

പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി 260 കോടി രൂപയും ലൈഫ് മിഷന്റെ ഭാഗമായി 71861 വീടുകളും 30 ഭവന സമുച്ചയങ്ങളും നിർമ്മിക്കുന്നതിന് 1436.26 കോടി രൂപയും നീക്കിവച്ചത് അഭിനന്ദനാർഹമാണ്. 1991-92-നുശേഷം രാജ്യത്തെ ഏറ്റവും മോശം സാമ്പത്തിക പ്രകടനം കാഴ്ചവച്ചത് ബി.ജെ.പി. സർക്കാരിന്റെ 8 വർഷങ്ങളാണെന്ന് കണക്കുകളിൽനിന്നും വ്യക്തമാണ്. 2015-16-ൽ 8 ശതമാനത്തിലേറെ എത്തിയ സാമ്പത്തിക വളർച്ച കോവിഡിനുമുമ്പ് 4 ശതമാനമായി താഴ്ന്നു. നോട്ട് നിരോധനത്തെ തുടർന്നുണ്ടായ താഴോട്ടുള്ള വളർച്ചയിൽനിന്നും രാജ്യം ഇന്നും രക്ഷപ്രാപിച്ചിട്ടില്ല. സംസ്ഥാനങ്ങൾക്ക് നൽകുന്ന പലവിധ സഹായങ്ങളും നിലച്ചിരിക്കുകയാണ്. ബി.ജെ.പി. ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് പ്രധാനമന്ത്രി പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചിരിക്കുന്നു. കേരളമടക്കമുള്ള ബി.ജെ.പി. ഇതര സർക്കാരുകളെ സാമ്പത്തികമായി വരിഞ്ഞുമുറുക്കുന്ന സമീപനമാണ് കേന്ദ്രം തുടരുന്നത്. എൻ.ഡി.എ. സർക്കാർ നമ്മുടെ രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിനുനേരെ ദിനംപ്രതി വെല്ലുവിളികൾ ഉയർത്തിക്കൊണ്ടിരിക്കുകയാണ്. 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തപ്രകാരം സംസ്ഥാനങ്ങൾക്കുള്ള 42 ശതമാനം നികുതി വിഹിതം

നൽകാൻ തയ്യാറാകാതെ കേന്ദ്ര സർക്കാർ നമ്മുടെ സംസ്ഥാനത്തെ സാമ്പത്തിക അടിയന്തരാവസ്ഥയ്ക്ക് സമാനമായ അവസ്ഥയിലേയ്ക്ക് തള്ളിവിടുകയാണ്. 2014-15 മുതൽ 2022-23 വരെയുള്ള കാലളവിൽ കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകിയ ശരാശരി നികുതി വിഹിതം 32.54 ശതമാനം മാത്രമാണ്. ഇതുവഴി അതിഭീമമായ തുകയാണ് സംസ്ഥാനങ്ങൾക്ക് നഷ്ടമായത്.

മി. ചെയർമാൻ: പ്ലീസ്........കൺക്ലൂഡ്.......

ശ്രീ. കെ. ജെ. മാക്സി: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലച്ചുകൊണ്ട് കോൺഗ്രസ് തുടക്കംകുറിച്ച സ്വകാര്യവത്കരണ നയപരിപാടികൾ കൂടുതൽ വേഗത്തിലാക്കുന്നതിനുള്ള നടപടിയാണ് എൻ.ഡി.എ. സർക്കാർ സ്വീകരിക്കുന്നത്. കേന്ദ്രഭരണകാലത്ത് കോൺഗ്രസ് സൃഷ്ടിച്ച ശതകോടീശ്വരന്മാരുടെ എണ്ണത്തിൽനിന്ന് ഇന്ന് ഇന്ത്യയിൽ മുകേഷ് അംബാനിയും ഗൗതം അദാനിയുമടക്കമുള്ള ശതകോടീശ്വരന്മാരുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണ്. ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, അടിസ്ഥാന സൗകര്യവികസനവും ഭാവി വികസന ക്ഷേമപ്രവർത്തനങ്ങളും മുൻനിർത്തി ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിനെ ഞാൻ പിന്താങ്ങുന്നു. കേന്ദ്രഗവൺമെന്റ് സൃഷ്ടിച്ച സാമ്പത്തിക പ്രതിബന്ധങ്ങളെ ക്രിയാത്മകമായി മറികടന്ന് സംസ്ഥാനത്തെ വികസനപാതയിലൂടെ മുന്നോട്ടുനയിക്കാൻ ഈ ബഡ്ജറ്റിന് സാധിക്കുമെന്ന പ്രതീക്ഷയാണ് എനിക്കുള്ളത്. നമ്മുടെ രാജ്യത്ത് അധികാരവും വരുമാനവും കൂടുതലുള്ളത് കേന്ദ്ര ഗവൺമെന്റിനും ഉത്തരവാദിത്വവും കടമകളും കൂടുതലുള്ളത് സംസ്ഥാന ഗവൺമെന്റുകൾക്കുമാണ്. ജനങ്ങളുടെ പ്രധാന വികസനാവശ്യങ്ങൾ നിറവേറ്റേണ്ടത് സംസ്ഥാന ഗവൺമെന്റാണ്. ബി.ജെ.പി. അധികാരത്തിൽ വന്നതിനുശേഷം ഒരു മര്യാദയുമില്ലാതെ സംസ്ഥാനങ്ങളുടെ പരിമിതമായ സാധ്യതകളെക്കൂടി ഇല്ലാതാക്കുകയാണ്. ഈ സാമ്പത്തിക-രാഷ്ട്രീയ പശ്ചാത്തലത്തിൽനിന്നുകൊണ്ടുവേണം സംസ്ഥാന ബഡ്ജറ്റിനെ നോക്കിക്കാണേണ്ടത്. കേരളത്തിലെ പ്രതിപക്ഷത്തിനും കേന്ദ്ര ഭരണകക്ഷിക്കും ഒരു വിഭാഗം മാധ്യമങ്ങൾക്കും ഇതൊന്നും അറിയാത്തതല്ല. കേരളത്തിലെ പ്രതിപക്ഷവും കേന്ദ്ര ഭരണകക്ഷിയുമാണ് ഈയൊരു സാഹചര്യം ഇന്ത്യയിൽ സൃഷ്ടിച്ചത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ

ചോരയാണ് ഇവർക്കൊക്കെ വേണ്ടത്. അതിനുവേണ്ടി നടത്തുന്ന ഈ കോലാഹലങ്ങളെ കേരള ജനത അർഹിക്കുന്ന അവജ്ഞയോടുകൂടി തള്ളുമെന്ന് ഉറപ്പാണ്. കേരള ജനതയെ ഒറ്റിക്കൊടുക്കുന്നതിനുള്ള സമരമാണ് ഇപ്പോൾ സഭാകവാടത്തിന് മുന്നിൽ നടക്കുന്നതെന്ന് നാം തിരിച്ചറിയണം. സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെയാണ് 2018 മുതൽ കേരളം സഞ്ചരിച്ചത്. രണ്ട് ഘട്ടങ്ങളിലായി വന്ന പ്രളയത്തിൽ 50,000 കോടി രൂപയുടെ നഷ്ടമുണ്ടായി. അതൊക്കെ നാം തിരിച്ചുപിടിക്കുകയാണ്. പ്രളയത്തിൽ വെള്ളം കയറിയ എല്ലാ വീടുകൾക്കും 10,000 രൂപ മുതൽ ധനസഹായം നൽകി. കേരളത്തെ പുനർനിർമ്മിക്കാൻ ഒരു ലക്ഷം കോടി രൂപയെങ്കിലും വേണ്ടിവരും. റീബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയിലൂടെ നിരവധി പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടന്നുവരികയാണ്. ഇതിനിടയിലാണ് കോവിഡ് മഹാമാരിയുണ്ടായത്. ഈ രോഗം ഇന്ത്യയിൽ ആദ്യം റിപ്പോർട്ട് ചെയ്തത് തൃശ്ശൂരിലാണ്. ജനറൽ ആശുപത്രിയിൽനിന്നും മെഡിക്കൽ കോളേജിലേയ്ക്ക് ആദ്യത്തെ കോവിഡ് രോഗിയെ കൊണ്ടുവന്നതിന്റെ അന്ന് വൈകുന്നേരംതന്നെ അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവിടെ എത്തുകയുണ്ടായി. അതിന്റെ ചർച്ച നിങ്ങളെല്ലാവരും ശ്രദ്ധിച്ചതാണ്. മെഡിക്കൽ കോളേജിൽ

എത്ര പി.പി.ഇ. കിറ്റും ഗ്ലൗസുകളും മാസ്കുകളുമുണ്ടാകും; പി.പി.ഇ കിറ്റ് ആ സമയത്ത് കേരളത്തിൽ സർവ്വസാധാരണമായിരുന്നില്ല. നിപ വൈറസ് വന്നതിനെത്തുടർന്നാണ് നാം ഇതെല്ലാം കാണാൻ തുടങ്ങിയത്. നിപ വൈറസ് വ്യാപനം കോഴിക്കോടുനിന്നും തൃശ്ശൂരിലുമുണ്ടാകുമെന്ന പ്രതീക്ഷയിൽ അവിടെ ഒട്ടേറെ സംവിധാനങ്ങൾ കരുതിയിരുന്നു. അതുപോലെ കോവിഡ് രോഗവ്യാപനം തടയുന്നതിനും രോഗികളെ സംരക്ഷിക്കുന്നതിനും ചികിത്സ നൽകുന്നതിനും സൗജന്യമായി നടത്തിയ നിരവധി ഇടപെടലുകളുണ്ട്. സമയപരിമിതിമൂലം അവ ഓരോന്നും വിശദീകരിക്കുന്നില്ല. ഈ ഇടപെടലുകൾക്കായി ഗവൺമെന്റിന് 50,000 കോടി രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട്. എന്നാൽ ഗവൺമെന്റ് ഇവയെല്ലാം നിർവ്വഹിക്കുമ്പോൾ ഏതെങ്കിലുമൊരു വികസന പ്രവർത്തനം നമ്മുടെ സംസ്ഥാനത്ത് തടസ്സപ്പെട്ടിട്ടുണ്ടോ? പെൻഷൻ വർദ്ധിപ്പിക്കുന്നില്ലേയെന്ന് പ്രതിപക്ഷത്തുനിന്നും ചോദിച്ചു. എന്നാൽ നിങ്ങൾ ചെയ്തതുപോലെ പെൻഷൻ കുടിശ്ശികയാക്കി നിർത്തിയിട്ടുണ്ടോ? കടം വാങ്ങി ചെലവ് ചെയ്യരുതെന്നും ജനങ്ങൾക്ക് ആശ്വാസം നൽകുന്നത് കേന്ദ്രഗവൺമെന്റിന്റെ നയമല്ലെന്നുമാണ് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി കേരളത്തിൽ വന്നപ്പോൾ പറഞ്ഞത്. ആ ആശ്വാസം ജനങ്ങൾക്ക്

നൽകുമെന്നാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് പ്രഖ്യാപിച്ചത്. ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനും വികസനം മുന്നോട്ട് കൊണ്ടുപോകുന്നതിനുംവേണ്ടി ബഡ്ജറ്റിനുപുറത്തുനിന്ന് തുക കണ്ടെത്തിയതിനെ കേരളത്തിന്റെ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് നമ്മുടെ കടമെടുക്കാനുള്ള ശേഷിയെ പരിമിതപ്പെടുത്തുകയാണ് കേന്ദ്രഗവൺമെന്റ് ചെയ്യുന്നത്. ഫെഡറൽ ഭരണഘടനാ തത്വത്തിന് വിരുദ്ധമായ ഈ നടപടിക്കെതിരായി ഒരക്ഷരം സംസാരിക്കാൻ കേരളത്തിലെ പ്രതിപക്ഷം കൂട്ടാക്കുന്നില്ലെന്നതുകൊണ്ടാണ് ഇത് ഒറ്റിക്കൊടുക്കലാണെന്ന് സൂചിപ്പിച്ചത്. ഞാൻ നിയമസഭയിൽ വന്ന അവസരത്തിൽ കോവിഡ് വാക്സിൻ സൗജന്യമായി കൊടുക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്ന പ്രമേയത്തെ അനുകൂലിച്ചുകൊണ്ടാണ് ആദ്യം കൈപൊക്കിയത്. പ്രതിരോധ വാക്സിന് പണം ഏർപ്പെടുത്തിയ കേന്ദ്ര ഗവൺമെന്റിന്റെ നടപടിക്കെതിരെ അതിശക്തമായ പ്രതികരണമായിരുന്നു അത്. പണം ഈടാക്കിക്കൊണ്ട് കേരളത്തിൽ ഒരാൾക്കുപോലും വാക്സിൻ നൽകില്ലെന്നും പണം കൊടുത്ത് സംസ്ഥാന ഗവൺമെന്റ് വാങ്ങുന്ന വാക്സിൻ സൗജന്യമായി കൊടുക്കുമെന്നും മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചു. കേരള ജനത

അതൊരു ചലഞ്ചായി ഏറ്റെടുത്തപ്പോൾ അതിനാവശ്യമായ പണം പ്രവഹിക്കുകയാണ് ചെയ്തത്. സംസ്ഥാനത്തെ വികസനക്ഷേമ പദ്ധതികൾ നിലനിർത്തുമെന്ന് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചത് ഒരു ചലഞ്ചായി കേരള ജനത ഏറ്റെടുക്കും.

കോൺഗ്രസ് ഇപ്പോൾ വലിയ പ്രയാസത്തിലാണ്. ശ്രീ. രാഹുൽ ഗാന്ധി ഭാരത് ജോഡോ യാത്ര നടത്തിയതിന്റെ ബലത്തിൽ അടുത്ത തെരഞ്ഞെടുപ്പിൽ ജയിച്ചുവരുമെന്ന പ്രതീക്ഷയിലാണ്. ഉത്തർപ്രദേശിൽ ശ്രീ. രാഹുൽ ഗാന്ധി മത്സരിച്ച് ഒരു സീറ്റിലെങ്കിലും ബി.ജെ.പി.യെ തോൽപ്പിക്കണം. അവിടെനിന്നും ഒരു ബി.ജെ.പി. എം.പി.യെ കുറയ്ക്കാൻ ശ്രീ. രാഹുൽ ഗാന്ധിയുടെ മത്സരം കൊണ്ടാകണമെന്നുമാത്രമാണ് അക്കാര്യത്തിൽ നിർദ്ദേശിക്കാനുള്ളത്.

ബഡ്ജറ്റിന്റെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ഒന്നുരണ്ട് കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്ന്, തൃശ്ശൂർ-കുറ്റിപ്പുറം റോഡിൽ അമല നഗറിലെ കുപ്പിക്കഴുത്തുപോലെയുള്ള ഓവർ ബ്രിഡ്ജിനെ നാലുവരി പാതയാക്കി ഉയർത്തേണ്ടതുണ്ട്. നിലവിൽ അത് രണ്ടുവരി പാതയാണ്. അതേ റൂട്ടിൽ കിഫ്ബി മുഖേന നിലവിൽ ചെയ്യുന്ന പ്രവൃത്തിയുടെ ഭാഗമാക്കി പ്രസ്തുത ഓവർബ്രിഡ്ജിന്റെ

നിർമ്മാണപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകണമെന്നാണ് നിർദ്ദേശിക്കാനുള്ളത്. മറ്റൊന്ന്, വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മുളങ്കുന്നത്തുകാവിൽ കെൽട്രോൺ കമ്പനിയുടെ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ട വ്യവഹാര നടപടികളെല്ലാം ഒരു പ്രത്യേക ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. കുറച്ച് തുകകൂടി ലഭിച്ചാൽ അതേറ്റെടുക്കാൻ സാധിക്കുമെന്നതിനാൽ അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വടക്കാഞ്ചേരിയിലെ ടൂറിസം സാധ്യതകൾ, പ്രത്യേകിച്ച് ഓൺലൈൻ ടൂറിസം ഉൾപ്പെടെയുള്ളവ ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ട സഹായങ്ങൾകൂടി ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഈ ബഡ്ജറ്റിനെ പിന്തുണച്ചുകൊണ്ടും അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, 2023-2024 വർഷത്തെ ബഡ്ജറ്റിനെ ഹൃദയം നിറഞ്ഞ് കവിയുന്ന സന്തോഷത്തോടെ സ്വാഗതം ചെയ്യുകയാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ സ്ഫടിക തുല്യമായ തെളിമയും സ്ഫുടതയുമൊപ്പം ഒരു സന്ദേശവുമുണ്ട്. ആഗോളവൽക്കരണ കാലത്തിന് മറുപടിയില്ല, ഇത് തലയിലെഴുത്താണെന്ന് പറയുന്നവർക്ക് നൽകുന്ന സന്ദേശമാണത്.

പ്രതിരോധത്തിന്റെയും പ്രതിഷേധത്തിന്റെയും മുന്നേറ്റത്തിന്റെയും മാതൃകകൂടി ഈ ബഡ്ജറ്റിൽ കാണാൻ കഴിയും. നമ്മുടെ മുന്നിൽ സ്വയം സംസാരിക്കുന്ന ചില യാഥാർത്ഥ്യങ്ങളുണ്ട്. ഇന്ത്യയെന്ന ഫെഡറൽ സ്റ്റേറ്റ്, സംതൃപ്തമായ സംസ്ഥാനങ്ങൾ എന്ന കാഴ്ചപ്പാടിനെ തകർക്കുന്ന സമീപനം നരേന്ദ്ര മോദി സർക്കാർ സ്വീകരിച്ചതിന്റെ ഭാഗമായി കേരളം 40,000 കോടി രൂപയുടെ കുറവിനെ അഭിമുഖീകരിക്കുകയാണ്. കേരളത്തിന് ഡിവിസിബിൾ പൂളിൽനിന്നും 3.875 ശതമാനം വിഹിതം കിട്ടിയിരുന്നത് ഇത്തവണ 1.925 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. അതുവഴി 12,000 കോടി രൂപയുടെ കുറവുണ്ടാകുന്നു. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തിയതുവഴി 12,000 കോടി രൂപയുടെ കുറവും റവന്യൂ ന്യൂട്രൽ റേറ്റ് (Revenue Neutral Rate (RNR)) 16 ശതമാനത്തിൽനിന്ന് 11 ശതമാനമായി കുറച്ചതുവഴി 15,000 കോടി രൂപയുടെ കുറവുമുണ്ടാകുന്നു. ആകെ 40,000 കോടി രൂപയുടെ കുറവ് ഈ സാമ്പത്തിക വർഷമുണ്ടാകുമ്പോഴാണ് സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിച്ചത്. കഴിഞ്ഞ ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞുവെന്ന ചാരിതാർത്ഥ്യത്തോടെയാണ് ധനകാര്യ വകുപ്പുമന്ത്രി സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിച്ചത്. ചില ഉദാഹരണങ്ങൾ ഞാൻ പറയാം. ഗ്രാഫീനിൽ ഭാവി കേരളത്തിന്റെ അപാരമായ സാദ്ധ്യതകൾ

കണ്ടെത്തിയ ബഡ്ജറ്റായിരുന്നു കഴിഞ്ഞ വർഷത്തേത്. ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ-ന്റെ പ്രവർത്തനങ്ങൾക്കായി 86.41 കോടി രൂപയുടെ ഭരണാനുമതി നൽകിയതിനുശേഷമാണ് ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്നത്. മൂന്ന് സയൻസ് പാർക്കുകളും ഒരു ഡിജിറ്റൽ സയൻസ് പാർക്കും ആരംഭിക്കുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഡിജിറ്റൽ സയൻസ് പാർക്കിനായി ടെക്നോപാർക്കിൽ 10,000 സ്ക്വയർ ഫീറ്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. മേയ് മാസത്തോടെ അതിന്റെ പ്രവർത്തനം ആരംഭിക്കാൻ പോകുകയാണ്. പറയുന്ന വാക്കും ചെയ്യുന്ന പ്രവൃത്തിയും ഒന്നാകുന്ന ഒരു കാഴ്ചപ്പാട് എന്ന രീതിയിലുള്ള സമീപനമാണ് കേരളത്തിൽ കാണാൻ സാധിക്കുന്നത്. പ്രതിപക്ഷം ഇവിടെ ബഡ്ജറ്റിനെ എതിർക്കുന്നുണ്ട്. സംസ്ഥാന ബഡ്ജറ്റിന് രണ്ട് ദിവസം മുമ്പ് അവതരിപ്പിച്ച കേന്ദ്ര ബഡ്ജറ്റ് ഫെഡറൽ തത്വങ്ങളുടെ ലംഘനമാണ് നടത്തിയിരിക്കുന്നത്. ഇന്ത്യൻ ജനസംഖ്യയുടെ 2.59 ശതമാനം മലയാളികളാണ്. പക്ഷേ നമ്മുടെ സംസ്ഥാനത്തിന്റെ കേന്ദ്ര വിഹിതം 1.92 ശതമാനം മാത്രമാണ്. ഒറ്റനോട്ടത്തിൽത്തന്നെ ന്യായീകരിക്കാനാവാത്ത തെറ്റാണ് മലയാളികളോട് കേന്ദ്രസർക്കാർ ചെയ്യുന്നത്. കേന്ദ്ര ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഇവിടെയൊരു ഇലയനക്കംപോലും ഉണ്ടായില്ല. അക്രമാസക്ത സമരത്തിന്

തീ കൊളുത്തണമെന്ന് ആഹ്വാനം ചെയ്ത പ്രതിപക്ഷം കേന്ദ്ര ബഡ്ജറ്റ് വന്നപ്പോൾ നിശ്ശബ്ദരായി ഇരുന്നില്ലേ; എന്തെങ്കിലും ചലനം കേരളത്തിലുണ്ടായോ; എന്താണ് കേന്ദ്ര ബഡ്ജറ്റിന്റെ നഖചിത്രം? ഭക്ഷ്യ സബ്സിഡിയിൽ 33 ശതമാനം കുറവ്; അതായത് 89,844 കോടി രൂപയുടെ കുറവാണ് വന്നിരിക്കുന്നത്; തൊഴിലുറപ്പ് പദ്ധതിയിൽ 29,400 കോടി രൂപയുടെയും ഗ്രാമ വികസന ഫണ്ടിൽ 5,113 കോടി രൂപയുടെയും ഉച്ചഭക്ഷണ പരിപാടിയിൽ 1,200 കോടി രൂപയുടെയും കുറവ് വന്നിരിക്കുന്നു. മദ്രസ്സകൾക്കുള്ള സഹായം 93 ശതമാനം വെട്ടിക്കുറച്ചിരിക്കുന്നു. ഈ കണക്കുകൾക്ക് മുന്നിൽ എന്തുകൊണ്ടാണ് പ്രതിപക്ഷം നിശബ്ദത പാലിക്കുന്നത്? നമ്മുടെ നാട്ടിൽ സാധാരണ മനുഷ്യന്റെ ജീവിതം അസഹനീയമാകുന്ന തരത്തിൽ നിയോ ലിബറൽ നയങ്ങൾ നടപ്പാക്കാൻ കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നതിനെതിരെ യോജിച്ച പ്രക്ഷോഭത്തിന് നേതൃത്വം നൽകേണ്ട യു.ഡി.എഫ്. അപകടകരമായ നിശബ്ദത പാലിക്കുകയാണ് ചെയ്യുന്നത്. ഇവിടെ സത്യാഗ്രഹ സമരത്തിന് ആഹ്വാനം ചെയ്ത യു.ഡി.എഫ്. ചില കാര്യങ്ങൾ മറന്നുപോകുകയാണ്. പഞ്ചതന്ത്രം കഥയൊന്നും വേണ്ട, നമ്മുടെ നാട്ടിലെ സാധാരണ മനുഷ്യന്റെ അഭിപ്രായം മാത്രം മതി. കേന്ദ്രസർക്കാർ തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതം കുറച്ചു.

എന്നാൽ തൊഴിലുറപ്പ് പദ്ധതിയെ സംരക്ഷിക്കാനുള്ള സമീപനമാണ് കേരള സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇന്ന് നവമാധ്യമങ്ങളിലൂടെ വൈറലായ ഒരു ഓട്ടോറിക്ഷ ഡ്രൈവറുടെ അനുഭവമുണ്ട്. ഒരു മാസം പെട്രോൾ വില വർദ്ധനവുവഴി ഉണ്ടാകുന്ന നഷ്ടം ഇത്രയാണ്, മകൾ പഠിക്കുന്നത് സർക്കാർ സ്കൂളിലായതിനാൽ അവിടെനിന്നും ഉച്ചഭക്ഷണം കിട്ടുന്നുണ്ട്, അച്ഛനും അമ്മയ്ക്കും ക്ഷേമ പെൻഷൻ കിട്ടുന്നുണ്ട് എന്നിങ്ങനെ അയാൾ കണക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് പറയുന്നത്. പച്ചയായ ജീവിതാനുഭവങ്ങളുടെ അടിസ്ഥാനത്തിലാണ് അദ്ദേഹം വിശദീകരിക്കുന്നത്. മാധ്യമ പ്രതിനിധികൾക്ക് അബദ്ധം പറ്റിയില്ലേ; ലൈവ് ടെലികാസ്റ്റിനുവേണ്ടി മൈക്രോഫോണുമായി ജനങ്ങളെ സമീപിച്ചപ്പോൾ പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനവ് അവർ ഓർമ്മിപ്പിച്ചു. പെട്രോളിന്റെ വില 40 രൂപയിൽനിന്നും 110 രൂപയായും ഡീസലിന്റെ വില 35 രൂപയിൽനിന്നും 105 രൂപയായും ഗ്യാസ് സിലിണ്ടറിന്റെ വില 350 രൂപയിൽനിന്ന് 1080 രൂപയുമായത് എങ്ങനെയെന്നും അത് നയങ്ങളുടെ സൃഷ്ടിയാണെങ്കിൽ ഞങ്ങൾ ആ നയങ്ങളുടെ ഇരയായിരുന്നപ്പോൾ നിങ്ങൾ എവിടെയായിരുന്നുവെന്നുമാണ് അവർ ചോദിച്ചത്. ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടതിനുശേഷം ഏഷ്യാനെറ്റും മലയാള മനോരമയും

ഉൾപ്പെടെയുള്ള മാധ്യമങ്ങൾ കേരളത്തിലെ മൂന്നേകാൽ കോടി വരുന്ന മലയാളികളുടെ മുന്നിൽ നഗ്നരായി നിൽക്കുന്ന കാഴ്ച നമ്മൾ കണ്ടുകഴിഞ്ഞു. മാധ്യമങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്ന ഒരു പൊതുബോധത്തിനൊപ്പം ഒഴുകിപ്പോകുന്നവരല്ല കേരളത്തിലെ ജനങ്ങളെന്ന് കേരളം തെളിയിക്കുകയാണ്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ നമ്മളത് കണ്ടു; അത് ആവർത്തിക്കുകയാണ്. ലൈഫ് പദ്ധതിയിൽ വീട് നൽകാത്ത, ക്ഷേമപെൻഷനുകൾ നൽകാതെ കുടിശ്ശിക വരുത്തുന്ന, പാവപ്പെട്ട കുട്ടികൾക്ക് ഉച്ചഭക്ഷണം കൊടുക്കാത്ത കേരളത്തെയാണ് പ്രതിപക്ഷം സ്വപ്നം കാണുന്നത്. എന്നാൽ അങ്ങനെയൊരു കേരളത്തെ സൃഷ്ടിക്കാൻ ഇടതുപക്ഷം അനുവദിക്കുകയില്ലെന്ന പ്രഖ്യാപനമാണ് കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിലൂടെ നടത്തിയത്. കേരളം മുന്നോട്ട് കുതിക്കും. കേരളം ഒരു സ്പ്രിംഗ് ബോർഡിലാണ്; ഇവിടെനിന്നും ഊർന്ന് ഇറങ്ങുകയല്ല, കുതിച്ചുപൊന്തുകതന്നെ ചെയ്യും. പുതിയ തലമുറയ്ക്ക് മാറ്റത്തിനനുസരിച്ച് ഒരു പുതിയ ജീവിതം നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധവുമാണ്. പുതിയ കാലത്തിന്റെ സാങ്കേതിക വികാസത്തോടൊപ്പം സഞ്ചരിക്കുന്ന വികസിത രാജ്യങ്ങൾക്ക് മുന്നിൽനടക്കുന്ന ഒരു നാടാക്കി കേരളത്തെ മാറ്റിത്തീർക്കാനുള്ള

ഇച്ഛാശക്തിയുടെ പ്രതിഫലനമാണ് ഈ ബഡ്ജറ്റിൽ കാണാൻ സാധിക്കുന്നതെന്ന് വിനയത്തോടെ ഓർമ്മിപ്പിച്ചുകൊണ്ട് ബഡ്ജറ്റിനെ ഒരിക്കൽക്കൂടി പിന്തുണച്ച് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്താങ്ങുന്നു. കോവിഡ് മഹാമാരിയും സാമ്പത്തിക പ്രതിസന്ധിയും തീർത്ത വെല്ലുവിളികളെ അതിജീവിക്കാനായി സകലശേഷിയും ഉപയോഗിച്ച് കേരളം പരിശ്രമിക്കുമ്പോഴാണ് ഒടുങ്ങാത്ത പകയോടും രാഷ്ട്രീയ വിദ്വേഷത്തോടുംകൂടി നമ്മുടെ സംസ്ഥാനത്തെ വരിഞ്ഞുമുറുക്കാൻ കേന്ദ്രസർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്ര ബഡ്ജറ്റിൽ കേരളത്തെയാകെ അവഗണിക്കുന്ന സ്ഥിതിയാണുള്ളത്. അർഹമായ വിഹിതംപോലും നിഷേധിച്ചുകൊണ്ട് പ്രതിസന്ധികളുടെ നിലയില്ലാ കയങ്ങളിലേയ്ക്ക് കേരളത്തെ തള്ളിവിടുന്ന കാലത്താണ് നമ്മുടെ ബഡ്ജറ്റ് അവതരിപ്പിക്കപ്പെട്ടത്. വളരെയധികം പ്രാധാന്യമുള്ള ഒരു ബഡ്ജറ്റാണിത്. കേന്ദ്ര സർക്കാരിന്റെ അവഗണനയേയും സാമ്പത്തിക പ്രതിസന്ധിയേയും അതിജീവിച്ച് ബദൽ നയങ്ങളിലൂന്നിയ, ഭാവി കേരളത്തെ വിഭാവനം ചെയ്യുന്ന ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ ധനകാര്യ വകുപ്പുമന്ത്രിക്ക്

കഴിഞ്ഞുവെന്നത് അത്യധികം അഭിമാനം നൽകുന്ന കാര്യമാണ്. ഈ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

പ്രതിപക്ഷം ഇപ്പോൾ വല്ലാതെ കോലാഹലമുണ്ടാക്കുകയാണ്. നിങ്ങൾ എപ്പോഴും പരാമർശിക്കുന്ന ഒരു പ്രധാനപ്പെട്ട പത്രത്തിന്റെ ആദ്യത്തെ പേജിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്ന ദിവസം വന്ന വാർത്തയാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. 'കേരള ബഡ്ജറ്റ് ഇന്ന്, കടമെടുപ്പിൽ 2700 കോടി രൂപ വെട്ടി കേന്ദ്രം' എന്ന തലക്കെട്ടോടെ വന്ന വാർത്ത ഇങ്ങനെയാണ്, "ഇന്ന് ബഡ്ജറ്റ് അവതരിപ്പിക്കാനിരിക്കെ സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാർ വക മറ്റൊരു ഇരുട്ടടികൂടി. ഈ വർഷം കടമെടുക്കാവുന്ന തുകയിൽ 2700 കോടി രൂപകൂടി ഒറ്റയടിക്ക് കേന്ദ്രസർക്കാർ വെട്ടിക്കുറച്ചു." ഇവിടെ 'മറ്റൊരു ഇരുട്ടടി' എന്ന് പ്രത്യേകമായി സൂചിപ്പിക്കുന്നു. എത്രമാത്രം ഇരുട്ടടികളാണ് കേന്ദ്ര ഗവൺമെന്റ് ഈ സർക്കാരിനുമേൽ ഉണ്ടാക്കിയിട്ടുള്ളത്. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതുവഴി പ്രതിവർഷം പന്ത്രണ്ടായിരം കോടി രൂപയുടെ നഷ്ടമുണ്ടാകുന്നു. റവന്യൂ കമ്മി ഗ്രാന്റിനത്തിൽ 6,700 കോടി രൂപയുടെ നഷ്ടമുണ്ടാകുന്നു. വിപണിയിൽനിന്നുള്ള കടമെടുപ്പ് പരിധി കുറച്ചതുവഴി വിഭവ സമാഹരണത്തിലുണ്ടായ നഷ്ടം 4,000 കോടിയോളം രൂപ വരും.

ഡിവിസിബിൾ പൂളിൽനിന്നും കേരളത്തിന് നൽകുന്ന വിഹിതം 3.875 ശതമാനത്തിൽനിന്നും 1.925 ശതമാനമായി വെട്ടിക്കുറച്ചതിലൂടെ പതിനായിരത്തിലധികം കോടി രൂപയുടെ നഷ്ടമാണുണ്ടായിട്ടുള്ളത്. ക്യൂബയെന്ന രാജ്യത്തിനുമേൽ അമേരിക്ക ഏർപ്പെടുത്തിയ ഉപരോധത്തെ സംബന്ധിച്ച് എന്റെ ചെറുപ്പകാലത്ത് പഠിച്ചിട്ടുണ്ട്. ഒരു കൊച്ചു രാഷ്ട്രത്തെ ഇല്ലാതാക്കാൻ അമേരിക്ക നടത്തുന്ന പ്രവർത്തനങ്ങളെയെല്ലാം നിഷ്പ്രഭമാക്കിക്കൊണ്ട് ക്യൂബ മുന്നേറുന്ന സാഹചര്യമുണ്ടായി. ഈ രാജ്യം ഭരിക്കുന്ന ബി.ജെ.പി. സർക്കാർ നിരവധി രാഷ്ട്രീയ ഉപരോധങ്ങൾ സംഘടിപ്പിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ തകർക്കാൻ ശ്രമിക്കുകയാണ്. നിങ്ങൾ എത്ര തകർക്കാൻ ശ്രമിച്ചാലും അങ്ങനെയൊന്നും തകരുന്ന നാടല്ല കേരളമെന്ന് ഉറക്കെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പ്രളയകാലത്ത് കേരളത്തിന് നൽകിയ അരിയുടെ വിലയായ 205.81 കോടി രൂപ തിരികെ നൽകണമെന്ന് കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിരുന്നു. ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീം, എസ്.സി./എസ്.ടി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്, പിന്നാക്ക വിദ്യാർത്ഥി സ്കോളർഷിപ്പ് എന്നിവയെല്ലാം നിർത്തലാക്കുന്നതിനോ വെട്ടിക്കുറയ്ക്കുന്നതിനോ ഉള്ള സമീപനം കേന്ദ്ര ബഡ്ജറ്റിന്റെ ഭാഗമായി കാണുകയാണ്. പെട്രോളിന്റെ

വില വർദ്ധിച്ചതിന്റെ കാരണമെന്താണെന്ന് നമുക്കെല്ലാവർക്കും നന്നായി അറിയാവുന്നതാണ്. കേന്ദ്ര ഗവൺമെന്റ് എത്ര തവണയാണ് പെട്രോളിന്റെ വില വർദ്ധിപ്പിച്ചത്? കേന്ദ്ര സർക്കാരിന്റെ ഇത്തരം നയങ്ങൾക്കെതിരായും കേരളത്തെ തകർക്കാനുള്ള സമീപനങ്ങൾക്കെതിരായും പ്രതിപക്ഷം ഇപ്പോൾ എന്താണ് ചെയ്യുന്നത്? കേരളത്തിലെ പ്രതിപക്ഷം ബി.ജെ.പി.-ക്കൊപ്പം ചേർന്നുനിന്നുകൊണ്ട് സംസ്ഥാനത്തെ തകർക്കാനുള്ള പ്രവർത്തനമാണ് സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിനുവേണ്ടി വിവിധ കാര്യങ്ങൾ നടപ്പാക്കാൻ നിരവധി എം.പി.-മാരെ തെരഞ്ഞെടുത്ത് അയയ്ക്കുന്നുണ്ട്. ഈ സർക്കാരിനെതിരെ സമരം ചെയ്യുന്നതുകൊണ്ട് യാതൊരു കാര്യവുമില്ല. ഈ സർക്കാരിനെതിരെ സഭാകവാടത്തിനുമുൻപിൽ സമരം ചെയ്യുന്നവരെക്കൂടി പാർലമെന്റിലേയ്ക്ക് അയയ്ക്കണം. കേന്ദ്ര ഗവൺമെന്റ് കേരളത്തെ തകർക്കുന്നതിനെതിരെ സമരം ചെയ്യാൻകൂടി അവരെ പഠിപ്പിക്കണം. നമുക്ക് അർഹതപ്പെട്ടത് നേടിയെടുക്കാനായി പ്രതിപക്ഷം എം.പി.-മാരെ ഉപയോഗിക്കണം.

ആരോഗ്യ രംഗത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന പുതിയ കാലഘട്ടത്തിൽ ഏറ്റവും മനോഹരമായി ആരോഗ്യ മേഖലയെ കൊണ്ടുപോകാൻ 2828.33 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

നമ്മുടെ വിദ്യാർത്ഥികൾ പഠനത്തിനായി വിദേശ രാജ്യങ്ങളിലേയ്ക്ക് പോകുന്നതിനെയും അവരുടെ കുടിയേറ്റത്തെയും സംബന്ധിച്ച് ശ്രദ്ധക്ഷണിക്കലിന്റെ ഭാഗമായി സൂചിപ്പിക്കുകയുണ്ടായി. പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുമെന്ന് ബഡ്ജറ്റിൽ പറഞ്ഞിട്ടുണ്ട്. കേരളത്തിന് പുറത്തേയ്ക്ക് നിരവധി വിദ്യാർത്ഥികൾ നഴ്സിംഗ് പഠനത്തിനായി പോകുന്നുണ്ട്. താലൂക്ക്-ജനറൽ ആശുപത്രികളോടനുബന്ധിച്ച് പുതിയ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിലൂടെ നമ്മുടെ നാട്ടിൽത്തന്നെ ഇത്തരം വിദ്യാർത്ഥികൾക്ക് പഠിക്കാനും വിദ്യാർത്ഥി കുടിയേറ്റം പരമാവധി അവസാനിപ്പിക്കാനും കഴിയുമെന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. മുൻ നിയമസഭാ സാമാജികനും കവിയുമായ കടമ്മനിട്ട രാമകൃഷ്ണന്റെ കവിത നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മലയാളത്തിലേയ്ക്ക് വിവർത്തനം ചെയ്ത അദ്ദേഹത്തിന്റെ കവിതയിലെ ഏതാനും ചില വരികൾ ഞാനും ഉദ്ധരിക്കുകയാണ്.

"മനോഹരം മഹാവനം

ഇരുണ്ടഗാധമെങ്കിലും അനേകമുണ്ടു

കാത്തിടേണ്ട മാമകപ്രതിജ്ഞകൾ.....

അനക്കമറ്റ നിദ്രയിൽ ലയിപ്പതിന്നു മുൻപിലായി

എനിക്കതീവദൂരമുണ്ടവിശ്രമം നടക്കുവാൻ"

കവിതയുടെ അവസാന വരികളാൽത്തന്നെ ഈ ബഡ്ജറ്റിനെ അടയാളപ്പെടുത്താൻ സാധിക്കും. എല്ലാ പ്രതിസന്ധികൾക്കുമുപരിയായി നാടിനെ മുന്നോട്ടുനയിക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഏത് കൊടിയ അവഗണനകളേയും അതിജീവിച്ച് ഒരു രാഷ്ട്രീയ കുടിലതയ്ക്കും അടിയറവുപറയാതെയും ഒരു പ്രതിസന്ധിയുടെ ആഴത്തിലും മുങ്ങിത്താഴാതെയും യാതൊന്നിനുമുന്നിലും തകർന്നുപോകാതെയും ഈ നാടിനെ ഒന്നായി ചേർത്തുപിടിച്ചുകൊണ്ട് നവകേരളമെന്ന ലക്ഷ്യത്തിലേയ്ക്ക്, ജ്ഞാനസമൂഹമെന്ന ലക്ഷ്യത്തിലേയ്ക്ക് വികസനത്തിന്റെ പാതയിൽ നമുക്കതീവദൂരമുണ്ടവിശ്രമം നടക്കുവാൻ. ഈ യാത്രയ്ക്ക് കരുത്തുപകരുന്നതാണ് സംസ്ഥാന ബഡ്ജറ്റെന്ന് ഒരിക്കൽക്കൂടി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. കേരളത്തിലെ സമസ്ത മേഖലകളിലെയും ജനവിഭാഗങ്ങൾ ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ടേയിരിക്കുന്നതാണ് കഴിഞ്ഞ രണ്ടുദിവസമായി കാണാൻ കഴിയുന്നത്. ഈ സഭയിൽ ശ്രീ. രമേശ് ചെന്നിത്തല മുതൽ ആരംഭിച്ച എല്ലാ പ്രതിപക്ഷാംഗങ്ങളുടെ പ്രസംഗങ്ങളിലും

അങ്ങയുടെ ബഡ്ജറ്റിന്റെ പ്രയാസകരമായ അനുഭവം സൂചിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഉന്നതർ മുതൽ സാധാരണക്കാർവരെ ഈ ബഡ്ജറ്റിലെ പ്രയാസങ്ങൾ അനുഭവിക്കാൻ പോകുകയാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ രണ്ട് ബഡ്ജറ്റുകളും ജനങ്ങളെ നിരാശപ്പെടുത്തുന്നതായിരുന്നു. സംസ്ഥാന ചരിത്രത്തിലെ ഏറ്റവും അപ്രിയ ബഡ്ജറ്റായി അങ്ങയുടെ ഈ ബഡ്ജറ്റ് മാറിയതിൽ വളരെ പ്രയാസമുണ്ട്. സമസ്ത മേഖലകളിലും നികുതി വർദ്ധിപ്പിച്ചിരിക്കുന്നതുമൂലം സാധാരണക്കാരന്റെ ജീവിതം ദുഃസഹമാകുമെന്നതിൽ സംശയമില്ല. അടിസ്ഥാന വികസനത്തിന് പണം കണ്ടെത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടതിനാലാണ് ജനങ്ങളുടെമേൽ നാലായിരം കോടി രൂപ നികുതിയിനത്തിൽ അടിച്ചേൽപ്പിച്ചുകൊണ്ടുള്ള ബഡ്ജറ്റ് അവതരിപ്പിച്ചത്. ഇതൊരുതരം നികുതി ഭീകരതയായി മാറിപ്പോയെന്ന് പറയാതിരിക്കാൻ സാധിക്കില്ല. മുതലാളിയിൽനിന്ന് അല്ലെങ്കിൽ ഉള്ളവനിൽനിന്നുമെടുത്ത് ഇല്ലാത്തവന് കൊടുക്കുകയെന്നതാണ് സാധാരണ നിങ്ങളുടെ തത്വമെന്ന് പറയുന്നത്. വൈരുദ്ധ്യാത്മക ഭൗതികവാദത്തിന്റെ അടിസ്ഥാനത്തിൽ ആ തത്വം ഉപയോഗിക്കുന്ന ആളുകളാണ്. എന്നാൽ ഇവിടെ ഇല്ലാത്തവനെ ഏറ്റവും മോശമായ രൂപത്തിലേയ്ക്ക് കൊണ്ടുചെന്നെത്തിക്കുന്നതായി ഈ

ബഡ്ജറ്റ് മാറിയെന്ന് പറയാതിരിക്കാൻ വയ്യ. ഇത് മറ്റൊരു തരം കോർപ്പറേറ്റ് സഹായത്തിന്റെ ഭാഗമായി മാറിയെന്നുള്ളതാണ് പ്രയാസകരമായ കാര്യം. പ്രഖ്യാപനങ്ങൾക്കൊന്നും യാതൊരു വിശ്വാസ്യതയുമില്ലാതെയായി; കഴിഞ്ഞ കാലങ്ങളിൽ പറഞ്ഞതൊക്കെ ആവർത്തിക്കുകയാണ് ചെയ്യുന്നത്. കിഫ്ബിക്കുവേണ്ടി പണം കടമെടുത്തപ്പോൾ അങ്ങനെ ചെയ്യരുതെന്നും ഇതെല്ലാം ജനത്തിന് ഭാരമാകുമെന്നും ഞങ്ങളെല്ലാം പറഞ്ഞിരുന്നു. പക്ഷേ, കടമെടുത്തുകടമെടുത്ത് ഇന്ന് ആ കടമെല്ലാം ജനം കൊടുക്കേണ്ടിവരുന്ന അവസ്ഥയിലായി. ഇപ്പോൾ ആ കിഫ്ബിയെ അങ്ങ് മടക്കിവയ്ക്കുകയും കടംവീട്ടാൻ മാർഗ്ഗമില്ലാതെയുമായി. ചെലവ് ചുരുക്കുന്നതിനോ നികുതി പിരിക്കുന്നതിനോ കാര്യമായി ഒന്നും ചെയ്യുന്നുമില്ല. ഇന്ധനം, വാഹനം, മദ്യം, കെട്ടിടം, ഭൂമി, വെള്ളം എന്നിവയുടെ നികുതി വർദ്ധിപ്പിച്ചതിലൂടെ ഒരു മലയാളിക്കുപോലും പ്രയാസങ്ങളിൽനിന്നും മാറിനിൽക്കാൻ കഴിയാത്തവിധം കേരളത്തിലെ ജനങ്ങളെ പരിതാപകരമായ അവസ്ഥയിലാക്കി. കേന്ദ്രം കേരളത്തോട് അവഗണന കാണിക്കുന്നുവെന്നത് സത്യമാണ്. ഒരു സംസ്ഥാനത്തിന്റെ ഫെഡറൽ സംവിധാനത്തോടും കടമെടുപ്പിനോടും മറ്റ് ആവശ്യങ്ങളോടും അവഗണനാപരമായ നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നതെന്ന്

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും ഞങ്ങൾക്കും ബോധ്യമുള്ള കാര്യമാണ്. പക്ഷേ അതിനനുസരിച്ചുള്ള ഇക്കണോമിക് മാനേജ്മെന്റ് നടത്താൻ അങ്ങേയ്ക്ക് കഴിഞ്ഞില്ലെന്നതാണ് കാണാൻ കഴിയുന്നത്. അതിൽ അങ്ങ് പരാജയപ്പെട്ടുപോയി. വേദനയില്ലാതെ കാതുകുത്തുമെന്നും പ്രസവം നടത്തുമെന്നൊക്കെ നമ്മൾ പത്രങ്ങളിലൂടെ പരസ്യം കാണുന്നുണ്ട്. പക്ഷേ എങ്ങനെയാണ് വേദനയില്ലാതെ നികുതി പിരിച്ചെടുക്കുന്നത്? സാധാരണക്കാരായ ജനങ്ങൾ ഈ നികുതിഭാരം എങ്ങനെ സഹിക്കുമെന്നും എങ്ങനെ സഹിക്കാതിരിക്കുമെന്നും എനിക്ക് മനസ്സിലാകുന്നില്ല, അത് അങ്ങേയ്ക്കുമാത്രമേ മനസ്സിലാകുകയുള്ളൂ. ഈ ബഡ്ജറ്റിൽ അങ്ങ് ഒരുപാട് കാര്യങ്ങളെക്കുറിച്ച് പറഞ്ഞു. അതുസംബന്ധിച്ച് എല്ലാവരും സൂചിപ്പിച്ചതിനാൽ ആവർത്തിക്കുന്നില്ല.

നിങ്ങൾ ന്യൂനപക്ഷ സ്നേഹവുമായി നടക്കുകയും പ്രസംഗിക്കുകയുമെല്ലാം ചെയ്യുന്നുണ്ട്. പക്ഷേ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 173 കോടി രൂപ ന്യൂനപക്ഷക്ഷേമ വകുപ്പിനുവേണ്ടി നീക്കിവച്ചിരുന്നുവെങ്കിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 43 കോടി രൂപയായി കുറയുകയാണുണ്ടായത്. അതോടൊപ്പം മുന്നാക്ക-പിന്നാക്ക ഡിസ്പാരിറ്റിയും വളരെ വലുതാണ്. മറ്റുള്ളവർക്ക് കൊടുക്കുന്നതുകൊണ്ടല്ല, പക്ഷേ പിന്നാക്ക

വിഭാഗത്തിനുള്ള വിഹിതം കുറച്ചുകൊണ്ട് മറ്റുള്ളവരെ സഹായിക്കുന്ന നിലപാട് സ്വീകരിക്കുന്നിടത്താണ് നിങ്ങളുടെ ഇരട്ടത്താപ്പ് ബോദ്ധ്യമാകുന്നത്. കേന്ദ്രഗവൺമെന്റ് ന്യൂനപക്ഷ സ്കോളർഷിപ്പ് കുറച്ചപ്പോൾ അത് നൽകുന്നില്ലായെന്ന് പറഞ്ഞ് നിങ്ങൾ പ്രസംഗിക്കുകയാണ്. എന്നാൽ കേരളത്തിൽ എട്ടോളം പദ്ധതികളിലായി/മേഖലകളിലായി 10 കോടി രൂപയോളം സ്കോളർഷിപ്പ് നൽകുന്നതിനുള്ള അപേക്ഷപോലും ഇതുവരെ സ്വീകരിച്ചിട്ടില്ല. ന്യൂനപക്ഷ വിധവകൾക്കുള്ള ഫ്ലാഗ്ഷിപ്പ് പ്രോഗ്രാമെന്ന നിലയ്ക്ക് അവർക്ക് വീട് വയ്ക്കാനുള്ള പദ്ധതിയുണ്ടായിരുന്നു. എന്നാൽ അതിന് അനുമതി നൽകാത്ത അവസ്ഥ നിലവിലുണ്ട്. ന്യൂനപക്ഷ സ്കോളർഷിപ്പ് ജനസംഖ്യാനുപാതികമാക്കിയതുമൂലം കേരളത്തിലുണ്ടായ പ്രശ്നങ്ങൾ കഴിഞ്ഞ കാലങ്ങളിൽ നമ്മൾ കണ്ടതാണ്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ന്യൂനപക്ഷങ്ങളോട് വിരോധാഭാസ നിലപാട് സ്വീകരിക്കുന്നുവെന്നത് പരിതാപകരമാണ്. മദ്രസ്സാദ്ധ്യാപകരുടെ ക്ഷേമനിധി പെൻഷൻ, തീരദേശ-മലയോര മേഖലയിലുള്ള മുസ്ലീംങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കൽ എന്നിവയെക്കുറിച്ച് ബഡ്ജറ്റിൽ ഒരു കാര്യവും സൂചിപ്പിച്ചിട്ടില്ല. പ്രവാസികളുമായി ബന്ധപ്പെട്ട് ഒരുപാട് കാര്യങ്ങൾ ഇവിടെ പറഞ്ഞു.

എന്നാൽ ഗൾഫിൽ കേരളത്തിന്റെ വിദൂര പഠനകേന്ദ്രം തുടങ്ങുന്നതിനെ സംബന്ധിച്ച് യാതൊരു പരാമർശവും ബഡ്ജറ്റിലുണ്ടായില്ല. കേരളത്തിന്റെ ഏറ്റവും വലിയ ആഗ്രഹമായ അറബിക് സർവ്വകലാശാല നടപ്പിലാക്കണമെന്ന് പറയുമ്പോൾ വടി കാണിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്യുന്നത്. കേരളം ഒരു വൃദ്ധസദനമായി/വൃദ്ധകേന്ദ്രീകൃത സംസ്ഥാനമായി മാറുകയാണെന്നും നമ്മുടെ യുവാക്കളെല്ലാം വിദേശത്തേയ്ക്ക് പോകുകയാണെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ അങ്ങ് പറഞ്ഞിരുന്നു. ഇതിന് പരിഹാരം കാണേണ്ടത് ഗവൺമെന്റാണ്; അതിന് നടപടി സ്വീകരിക്കേണ്ടതല്ലേ? നമ്മൾ ശ്രമിച്ചാലല്ലേ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റമുണ്ടാക്കാൻ സാധിക്കൂ. രാഷ്ട്രീയ അതിപ്രസരം, നിയമനങ്ങളിലെ പ്രശ്നങ്ങൾ, അധ്യാപകർക്ക് ലഭിക്കേണ്ട കാര്യങ്ങളിൽ അവഗണനാപരമായ നിലപാട് സ്വീകരിക്കൽ എന്നിവയൊക്കെയാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇത് ഇന്നത്തെ മാതൃഭൂമി പത്രമാണ് (പത്രം ഉയർത്തിക്കാട്ടി). 'കേന്ദ്രം ഓർമ്മിപ്പിച്ചു, കേരളം കേട്ടില്ല' എന്നാണ് തലക്കെട്ട്. കേരളത്തിലെ കോളേജ് അദ്ധ്യാപർക്ക് ശമ്പള പരിഷ്കരണ കുടിശ്ശികയിനത്തിൽ 750 കോടി രൂപ ലഭിക്കാനുള്ളതിന് അപേക്ഷപോലും കേരളം കൊടുത്തില്ലെന്ന് പറയുമ്പോൾ എത്ര നിസ്സാരവൽക്കരിച്ചുകൊണ്ടാണ്

കേരളത്തിലെ വിദ്യാഭ്യാസ മേഖലയോട് അങ്ങും അങ്ങയുടെ ഗവൺമെന്റും നിലപാട് സ്വീകരിക്കുന്നതെന്നത് പരിശോധിക്കേണ്ട കാര്യമാണ്. മുഖ്യമന്ത്രിയും ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയും കേരളത്തെ വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുമെന്ന് പറയുമ്പോഴും അത്തരത്തിൽ മാറ്റങ്ങൾ വരുത്താനും വിദ്യാർത്ഥികളെ ഇവിടെ പിടിച്ചുനിർത്താനാവശ്യമായ കോഴ്സുകളാരംഭിക്കാനും അത് പഠിപ്പിക്കുന്ന അദ്ധ്യാപകരെ സഹായിക്കാൻ കഴിയുന്ന നിലപാടിലേയ്ക്ക് പോകാനും സാധിക്കേണ്ടതല്ലേ? ഞാൻ കൂടുതൽ പറഞ്ഞ് ആ മേഖലയിലേയ്ക്കൊന്നും പോകുന്നില്ല.

എന്റെ നിയോജകമണ്ഡലത്തെ സംബന്ധിച്ചിടത്തോളം പരിതാപകരമായ അവസ്ഥാവിശേഷമാണുള്ളത്. പത്തുപന്ത്രണ്ട് വർഷമായി കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസ് ഗതാഗതയോഗ്യമാക്കുന്നതിനായി ആവശ്യപ്പെടുകയാണ്. അവിടെയുള്ള റോഡിലൂടെ ആളുകൾക്ക് സഞ്ചരിക്കാൻ സാധിക്കുന്നില്ല; രോഗികളെ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോകാൻപോലും കഴിയാത്ത അവസ്ഥയാണ്. അത് ഗതാഗതയോഗ്യമാക്കാനുള്ള നിലപാടെങ്കിലും അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ ആയുർവ്വേദത്തിന്റെ മറുവാക്ക് എന്നുപറയുന്ന കോട്ടയ്ക്കലിനെ

ക്കുറിച്ചാണ് അടുത്തതായി പറയാനുള്ളത്. കോട്ടയ്ക്കൽ ആയുർവ്വേദ സർവ്വകലാശാല സംബന്ധിച്ച് കേരളത്തിന്റെ പ്രിയപ്പെട്ട എം.പി. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ സാഹിബ് പാർലമെന്റിൽ ചോദിച്ച ഒരു ചോദ്യത്തിന്, ആയുഷിനുകീഴിൽ അപേക്ഷ നൽകിയാൽ അതനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കാമെന്നാണ് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി മറുപടി നൽകിയത്. എന്നാൽ അതുപോലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നൽകിയിട്ടില്ല. ആഫ്രിക്കൻ രാജ്യത്തിലെ ഒരു പ്രസിഡന്റ് കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ വന്ന് ചികിത്സിച്ചപ്പോൾ രോഗം മാറിയത് സംബന്ധിച്ച് അദ്ദേഹം ക്വാട്ട് ചെയ്യുകയും ചെയ്തു. അത്രമാത്രം പ്രസക്തമായ ആയുർവ്വേദ ചികിത്സയാണ് കോട്ടയ്ക്കലിൽ ലഭ്യമാകുന്നതെന്നതുകൊണ്ടുതന്നെ അത് ഏറെ പ്രാധാന്യമർഹിക്കുന്നു. ഒരു അപേക്ഷ ലഭിച്ചാൽ അതൊരു ആയുർവ്വേദ സർവ്വകലാശാലയും റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി നടത്താനാവശ്യമായ പരിഗണന നൽകാമെന്നാണ് പറഞ്ഞത്. അതുകൊണ്ട് അപേക്ഷ നൽകുകയെങ്കിലും ചെയ്യണമെന്ന് സൂചിപ്പിക്കുകയാണ്. കോട്ടയ്ക്കലിലെ പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസ് പത്തുപതിനഞ്ച് വർഷങ്ങളായി പൂർത്തിയാകാതെ കിടക്കുകയാണ്. ഒരോവർഷം കഴിയുന്തോറും ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിലകൂടുന്നതിനാൽ ചെലവും

വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞകാലങ്ങളിൽ ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ ധാരാളം പദ്ധതികളുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഒരു അപേക്ഷ നൽകിയാലുടൻതന്നെ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ആയുർവ്വേദ സർവ്വകലാശാല അനുവദിക്കാനായി കാത്തിരിക്കുയാണെന്നാണ് ബഹുമാന്യനായ അംഗം പറഞ്ഞത്. കേരളത്തിന് എയിംസ് അനുവദിക്കണമെന്ന് വർഷങ്ങളായി ആവശ്യപ്പെട്ടിട്ടും നൽകിയോ? എന്തുകൊണ്ടാണ് അങ്ങേയ്ക്ക് അതിൽ ഒരു വിഷമവും ഇല്ലാത്തത്. വയനാട് മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായി ആവശ്യപ്പെട്ട തുകയും നൽകിയില്ല. അതുകൊണ്ട് ദയവായി അങ്ങിത് പറയരുത്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ പറഞ്ഞത് കോട്ടയ്ക്കൽ ആര്യവൈദ്യശാലയെക്കുറിച്ചാണ്. അവിടെ വന്ന് ചികിത്സിച്ച ഇന്ത്യൻ പ്രസിഡന്റായിരുന്ന വി. വി. ഗിരി മുതൽ ആവശ്യപ്പെട്ട കാര്യമാണ്. ഇന്ത്യൻ പ്രസിഡന്റായിരുന്ന ശ്രീമതി പ്രതിഭാ പാട്ടീൽ കഴിഞ്ഞ ആഴ്ച അവിടെ ചികിത്സയ്ക്ക് വന്നിരുന്നു. ആഫ്രിക്കൻ രാജ്യത്തെ ഒരു പ്രസിഡന്റ് അവിടെ ചികിത്സയ്ക്ക് വന്നിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി.

അബ്ദുറഹിമാനും അവിടെ ചികിത്സയ്ക്ക് വന്നിട്ടുണ്ട്. അവിടെ ഒരു ആയുർവ്വേദ സർവ്വകലാശാലയും റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കണമെന്നതാണ് ആവശ്യം. എയിംസ് അനുവദിക്കാത്തതിനെക്കുറിച്ചല്ല പറഞ്ഞത്.

മി. ചെയർമാൻ: പ്ലീസ്....കൺക്ലൂഡ്....

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ബഡ്ജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ പദ്ധതികൾ നടപ്പിലാക്കാനാവശ്യമായ എ.എസ്. നൽകണം. ഫയർ സ്റ്റേഷനുകളും ബൈപ്പാസുകളും കുറ്റിപ്പുറം താലൂക്ക് ആശുപത്രിയുമൊക്കെ അതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇതെല്ലാം പൂർത്തീകരിക്കാനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. അതിൽ ഏറ്റവും പ്രാധാന്യം നൽകി കഞ്ഞിപ്പുര-മൂടാൽ ബൈപ്പാസും കോട്ടയ്ക്കലിലെ പുത്തൂർ-ചെനയ്ക്കൽ ബൈപ്പാസും ഉൾപ്പെടുത്തിത്തരണമെന്നുകൂടി അങ്ങയോട് ആവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കുകയാണ്. ഉൽപ്പാദനം വർദ്ധിപ്പിച്ചും വിഭവങ്ങൾ നീതിയുക്തമായി വിതരണം നടത്തിയും സാമൂഹിക നീതിയിലധിഷ്ഠിതമായ മുന്നേറ്റം സൃഷ്ടിക്കാനാണ് ഈ ബഡ്ജറ്റ് ശ്രമിക്കുന്നത്. എല്ലാവരേയും ഉൾക്കൊള്ളാൻ ശ്രമിക്കണമെങ്കിൽ എല്ലാവർക്കും ഉപജീവനത്തിനുള്ള മാർഗ്ഗങ്ങൾ

സൃഷ്ടിക്കേണ്ടതുണ്ട്. അതിനായി വ്യക്തമായ ഗൃഹപാഠത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കൃത്യമായ പരിപാടികളുമായിട്ടാണ് എൽ.ഡി.എഫ്. സർക്കാരിന്റെ ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. യു.ഡി.എഫ്.-ലെ വളരെ മുതിർന്ന അംഗങ്ങൾപോലും ഇതുപോലൊരു മോശപ്പെട്ട ബഡ്ജറ്റ് കണ്ടിട്ടില്ലെന്ന് പറയുന്നത് കേട്ടു. അവർ ഇതുപറയുമ്പോൾ ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്ന പശ്ചാത്തലത്തെയും കേരളത്തെ തുറന്ന മനസ്സോടെയും കാണാൻ ശ്രമിക്കാത്തത് എന്തുകൊണ്ടാണെന്നാണ് ചോദിക്കാനുള്ളത്. കേരളത്തിന്റെ ഇന്നത്തെ അവസ്ഥയെന്താണ്? ഫെഡറലിസത്തിന് വലിയ വെല്ലുവിളി നേരിടുന്ന കാലത്താണ് നാം ജീവിക്കുന്നത്. കോവിഡ്, രണ്ട് പ്രളയങ്ങൾ, നോട്ട് നിരോധനം, ജി.എസ്.ടി., കേന്ദ്രവിഹിതത്തിലെ കുറവ് തുടങ്ങിയ പ്രതിസന്ധികളെയെല്ലാം അതിജീവിക്കാനുള്ള തീവ്രശ്രമത്തിലാണ് കേരള സർക്കാർ. കേരളത്തെ സ്നേഹിക്കുന്നവർ അതിനോടൊപ്പം നിൽക്കുകയല്ലേ വേണ്ടത്? എന്നാൽ ഒരുമിച്ച് നിൽക്കേണ്ട പ്രതിപക്ഷം അതിനെ തകർക്കാൻവേണ്ടി ശ്രമിക്കുന്ന ചിത്രമാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ അഥവാ എൽ.ഡി.എഫ്. സർക്കാരിന്റെ ചിറകരിയാൻ കാത്തുനിൽക്കുന്ന കരാളരൂപങ്ങളായി കേന്ദ്രസർക്കാർ ഒരു ഭാഗത്ത്

നിൽക്കുമ്പോൾ അവകാശങ്ങൾ നേടിയെടുക്കാൻ നാം ഒരുമിച്ച് പ്രവർത്തിക്കേണ്ട കാലമാണിതെന്നാണ് സൂചിപ്പിക്കാനുള്ളത്. 15-ാം ധനകാര്യ കമ്മീഷന്റെ നികുതി വിഭജനത്തിന്റെ ഘടനയനുസരിച്ച് സംസ്ഥാനങ്ങൾക്ക് 41 ശതമാനം ലഭിക്കേണ്ട സ്ഥാനത്ത് സെസ്സും സർചാർജ്ജും ഡിവിസിബിൾ പൂളിൽനിന്നുള്ള കുറവുംമൂലം 29 ശതമാനത്തിൽ താഴെയായി വിഹിതം കുറഞ്ഞതിനാൽ മൂവായിരം കോടി രൂപ കേരളത്തിന് നഷ്ടം വരുന്നു. കേന്ദ്രസർക്കാർ നമ്മുടെ സാമ്പത്തിക സ്രോതസ്സുകളും കടമെടുക്കാനുള്ള പരിധികളും വെട്ടിക്കുറച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. മറ്റ് സംസ്ഥാനങ്ങളിലില്ലാത്ത തരത്തിൽ വികസനപരിപാടികൾക്ക് സംസ്ഥാന വിഹിതം നൽകണമെന്ന് കേന്ദ്രസർക്കാർ കേരളത്തോട് ആവശ്യപ്പെട്ടിരിക്കുകയാണ്. നാഷണൽ ഹൈവേയ്ക്കുപോലും 25 ശതമാനം വിഹിതം നൽകണമെന്ന നിർദ്ദേശം കേരളത്തിന് മാത്രമായി അടിച്ചേൽപ്പിച്ചിരിക്കുകയാണ്. 5,580 കോടി രൂപയാണ് കഴിഞ്ഞ മൂന്ന് വർഷം കേരളം അതിനായി ചെലവാക്കിയത്. നമുക്ക് അർഹതപ്പെട്ട നികുതി വിഹിതംപോലും കേന്ദ്രത്തിൽനിന്നും ലഭിക്കാത്ത അവസ്ഥയുണ്ട്. കേന്ദ്രം സമാഹരിക്കുന്ന നികുതിയുടെ 1.925 ശതമാനം മാത്രം കേരളത്തിന് ലഭിക്കുമ്പോൾ ബി.ജെ.പി. ഭരിക്കുന്ന

സംസ്ഥാനങ്ങൾക്ക് സുഭിക്ഷമായി കൊടുക്കുകയാണ്. ഇതൊക്കെ പ്രതിപക്ഷം കാണണ്ടേ? കേന്ദ്രസർക്കാർ ഉത്തർപ്രദേശിന് 17 ശതമാനം വിഹിതവും സമാനമായ മറ്റ് സംസ്ഥാനങ്ങൾക്ക് മൂന്നും നാലും ശതമാനം വിഹിതവും കൊടുക്കുകയാണ്. ഇതുസംബന്ധിച്ച് പല അംഗങ്ങളും സൂചിപ്പിച്ചതിനാൽ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. കേന്ദ്രസർക്കാർ കർണ്ണാടകത്തിന് വരൾച്ചാ പാക്കേജ് നൽകുമ്പോൾ പ്രളയകാലത്ത് നൽകിയ അരിയുടെ വിലപോലും കേരളത്തിൽനിന്നും ഈടാക്കുകയാണ്. പ്രതിപക്ഷത്തിന് ഇതൊന്നും കാണാൻ കഴിയാത്തത് എന്തുകൊണ്ടാണ്? സാമ്പത്തിക പ്രതിസന്ധിയുള്ള ഈ കാലത്തും കേരളത്തിലെ ജനങ്ങളെ സർക്കാർ ചേർത്തുപിടിക്കുന്നത് എങ്ങനെയാണെന്നുള്ളത് പരിശോധിക്കേണ്ടതല്ലേ? കേന്ദ്ര ബഡ്ജറ്റ് പരിശോധിച്ചാൽ ഭക്ഷ്യസബ്സിഡി, തൊഴിലുറപ്പ് പദ്ധതി, ഉച്ചഭക്ഷണ പരിപാടി, യൂറിയ സബ്സിഡി, കർഷക പെൻഷൻ, ഗ്രാമവികസന ഫണ്ട്, ന്യൂനപക്ഷ സ്കോളർഷിപ്പ് തുടങ്ങിയവയിലെ വിഹിതത്തിൽ കുറവുവരുത്തുന്നുവെന്ന് കാണാൻ സാധിക്കും. അതുകൂടാതെ അതിസമ്പന്നരുടെ നികുതി വിഹിതവും കുറച്ചിരിക്കുകയാണ്. പാവപ്പെട്ടവന്റെ ജീവിത സാഹചര്യങ്ങളെ ശാക്തീകരിക്കാനുള്ള വിഹിതങ്ങൾ കുറച്ചുകൊണ്ട് സമ്പന്നരെ സഹായിക്കുന്ന

സമീപനമാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. പ്രതിപക്ഷം ഇതെല്ലാം സഭയിൽ ചർച്ച ചെയ്യാത്തത് എന്തുകൊണ്ടാണ്? അതിനൊരു ബദൽ സമീപനമല്ലേ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഈ ബഡ്ജറ്റിലൂടെ സ്വീകരിക്കുന്നത്. കേരളത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ മനുഷ്യമുഖം നോക്കേണ്ടതല്ലേ? കേരളത്തിലെ സാമൂഹ്യക്ഷേമ പെൻഷനുവേണ്ടിയാണ് സെസ്സുൾപ്പെടെ ഏർപ്പെടുത്തിയിരിക്കുന്നത്. സാമൂഹ്യക്ഷേമ പെൻഷൻ കേരളവും കേന്ദ്രവും നടപ്പിലാക്കുന്നത് എങ്ങനെയാണെന്ന് പരിശോധിക്കണം. സംസ്ഥാനത്ത് ഏകദേശം 62 ലക്ഷം പേർക്കാണ് 1,600 രൂപ നിരക്കിൽ സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്നത്. കേന്ദ്ര സർക്കാരിന്റെ വിഹിതം ആറോ ഏഴോ ലക്ഷം പേർക്കാണ് ലഭിക്കുന്നത്. ഈ സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്നതിനായി പ്രതിവർഷം ഏകദേശം 11,000 കോടി രൂപ കേരള സർക്കാർ മാറ്റിവയ്ക്കുകയാണ്. കേന്ദ്രവിഹിതമായി ലഭിക്കുന്ന 116 കോടി രൂപ കേരളം ചെലവാക്കുന്ന 11,000 കോടി രൂപയുടെ രണ്ട് ശതമാനംപോലും വരുന്നില്ല. കേന്ദ്രം പറയുന്ന രീതിയിലാണോ കേരളം സാമൂഹ്യക്ഷേമ പെൻഷൻ കൊടുക്കുന്നത്? ഒരു പാവപ്പെട്ടയാൾക്ക് 1,600 രൂപ പെൻഷൻ കൊടുക്കുമ്പോൾ 32 രൂപ മാത്രമാണ് കേന്ദ്രവിഹിതം ലഭിക്കുന്നത്. കേരളം

അങ്ങനെയാണ് അത് നടപ്പിലാക്കുന്നത്; കേരളത്തിന്റെ ആ കാഴ്ചപ്പാട് മനസ്സിലാക്കേണ്ടതല്ലേ? യു.ഡി.എഫ്. ഭരിക്കുമ്പോൾ നൽകാത്ത പെൻഷനാണ്. കാരുണ്യ ഇൻഷ്വറൻസ് പദ്ധതി 22 ലക്ഷം പേർക്ക് നൽകാൻ കേന്ദ്രം പറയുമ്പോഴും കേരളം 42 ലക്ഷം കുടുംബങ്ങൾക്കാണ് നൽകുന്നത്. അതിന് ചെലവാകുന്ന തുക കണക്കാക്കേണ്ടതല്ലേ; സാഹചര്യങ്ങൾക്കനുസരിച്ച് കാര്യങ്ങൾ മനസ്സിലാക്കേണ്ടതല്ലേ? കഴിഞ്ഞ പ്രാവശ്യം കാരുണ്യ ഇൻഷ്വറൻസ് പദ്ധതിക്കുവേണ്ടി കേരളം 1400 കോടി രൂപ ചെലവാക്കിയപ്പോൾ കേന്ദ്ര വിഹിതമായി 138 കോടി രൂപയാണ് ലഭിച്ചത്; അതായത് 10 ശതമാനം മാത്രം. കേരളം അത് ഏറ്റെടുക്കുകയല്ലേ ചെയ്തത്? സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ ശ്രമിക്കുന്ന ഗവൺമെന്റാണിത്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിൽ സംഭവിക്കുന്ന മാറ്റങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. ഒരു വിദ്യാർത്ഥിക്ക് 50,000 രൂപ ചെലവഴിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ രംഗത്ത് ഇടപെടുന്ന സർക്കാരാണിത്. അത്തരത്തിലുള്ള സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ മനുഷ്യമുഖം തകർക്കാനായി അനാവശ്യ വിവാദങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നത് സംസ്ഥാനത്തിന് ഗുണകരമല്ല. സംസ്ഥാന ഗവൺമെന്റിനെ പുറകോട്ടടിക്കാൻ കരാളഹസ്തവുമായി നിൽക്കുന്ന ബി.ജെ.പി. സർക്കാരിന്

സ്തുതി പാടുകയാണ് കേരളത്തിലെ പ്രതിപക്ഷം. ഭാവിതലമുറയ്ക്കുവേണ്ടിയുള്ള കരുതലല്ലേ ഈ ഗവൺമെന്റ് ചെയ്യുന്നത്? പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി പി.എം.എ.വൈ. (പ്രധാൻമന്ത്രി ആവാസ് യോജന) നടപ്പിലാക്കുമെന്ന് ബി.ജെ.പി.-ക്കാർ പറയുന്നു. ആ സ്കീമിന്റെ പ്രത്യേകതയെന്താണ്; കേരളത്തിൽ അത് നടപ്പിലാക്കുന്നത് എങ്ങനെയാണ്? നഗരപ്രദേശത്ത് വീട് വയ്ക്കാൻ രണ്ടര ലക്ഷം രൂപ മതിയെന്ന കേന്ദ്രസർക്കാർ നയം കാരണം അതിന്റെ 60 ശതമാനമായ വെറും ഒന്നരലക്ഷം രൂപയാണ് നൽകുന്നത്. എന്നാൽ കേരള ഗവൺമെന്റ് വീട് നിർമ്മിക്കാൻ 6 ലക്ഷം രൂപയാണ് നൽകുന്നത്. മനുഷ്യന്റെ ജീവിതപ്രശ്നങ്ങളിൽ കേരള സർക്കാരിന്റെ സമീപനമതാണ്. കേന്ദ്ര സർക്കാരിന്റെ നയമനുസരിച്ച് ഗ്രാമപ്രദേശത്ത് വീടുവയ്ക്കാൻ ഒന്നരലക്ഷം രൂപ മതിയെന്നാണ്. അതുകൊണ്ട് അതിന്റെ 60 ശതമാനമായ 72,000 രൂപ മാത്രമാണ് നൽകുന്നത്. ബാക്കി നാലുലക്ഷം രൂപ സംസ്ഥാന ഗവൺമെന്റാണ് കൊടുക്കുന്നത്. അങ്ങനെ പാവപ്പെട്ടവന്റെ ജീവിതം സംരക്ഷിക്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കുന്നത്. ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലെ സംസ്ഥാന സർക്കാരിന്റെ വിഹിതം കണക്കാക്കിയാൽ നമുക്കത്

മനസ്സിലാകും. നമ്മുടെ നാട്ടിലെ സാധാരണക്കാരുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ പണം കണ്ടെത്താനുള്ള പരിശ്രമത്തിന്റെ ഭാഗമായും സാമൂഹ്യനീതിയിലധിഷ്ഠിതമായ കേരളം സൃഷ്ടിക്കാനുമാണ് ഈ ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചപ്പോൾ സ്ഥിതി ഇതായിരുന്നോ? ഞാൻ കഴിഞ്ഞ 10 വർഷം മുൻപേ നിയമസഭാംഗമാണ്. 2011-16-ലെ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് പെട്രോളിന് 26.64 ശതമാനമായിരുന്ന ടാക്സ് 5.16 ശതമാനം വർദ്ധിപ്പിച്ച് 31.8 ശതമാനമാക്കിയിരുന്നു. നിലവിലെ പെട്രോളിന്റെ വില വച്ചുനോക്കുമ്പോൾ അന്ന് ഒരു ലിറ്ററിന് 5.50 രൂപയാണ് വർദ്ധിപ്പിച്ചത്. അങ്ങനെയുള്ളവരാണ് ഇപ്പോൾ മുതലക്കണ്ണീരൊഴുക്കുന്നത്. എൽ.ഡി.എഫ്. സർക്കാർ 30.08 ശതമാനമാക്കി അത് കുറച്ചു. യു.ഡി.എഫ്. ഗവൺമെന്റ് വർദ്ധിപ്പിച്ച നികുതിയിൽനിന്നും 1.72 ശതമാനം കുറച്ചത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. അതിന്റെ ഫലമായി കേരളത്തിൽ കഴിഞ്ഞ 7 വർഷക്കാലമായി ഒരു ലിറ്റർ പെട്രോളിന്റെ ലാഭമെന്ന് പറയുന്നത് 1.90 രൂപയാണ്. അത്രയും രൂപ ടാക്സ് കുറച്ച ഗവൺമെന്റാണ് പിണറായി വിജയന്റേതെന്ന് പ്രതിപക്ഷം മനസ്സിലാക്കണം. അങ്ങനെ ചെയ്തത് ജനങ്ങളെ സംരക്ഷിക്കാൻ വേണ്ടിയാണെന്നത് മുതലക്കണ്ണീരൊഴുക്കുന്നവർ

മനസ്സിലാക്കണം. കേരളത്തിലെ ജനങ്ങളെ ചേർത്തു പിടിക്കുന്ന ഈ ഗവൺമെന്റിനെ പ്രതിപക്ഷം നോക്കുന്നത് 'ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര തന്നെ കൊതുകിന്നു കൗതുകം' എന്നതുപോലെയാണ്. അത്തരം സമീപനങ്ങൾ മാറ്റണം. ആര് ചെയ്യുന്നുവെന്നുള്ളതല്ല, എന്തു ചെയ്യുന്നുവെന്നാണ് നോക്കേണ്ടത്. നന്മയുടെ പച്ചത്തുരുത്തായ കേരളത്തെയും ഇവിടത്തെ സാധാരണക്കാരെയും സംരക്ഷിക്കുന്നതിനായി കോർപ്പറേറ്റ് വിരുദ്ധ ബദൽ സമീപനമുണ്ടാക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ പിന്തുണയ്ക്കാൻ കേരളം എപ്പോഴും ഒപ്പമുണ്ടാകുമെന്ന് പ്രതിപക്ഷം തിരിച്ചറിയണം. ഈ ബഡ്ജറ്റ് അതിനുവേണ്ടിയുള്ളതാണ്; അതിനെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ ബഡ്ജറ്റിനെ എതിർക്കുകയാണ്. സമീപകാലത്ത് ഇത്രയധികം മാധ്യമ ശ്രദ്ധകിട്ടിയ ഒരു ബഡ്ജറ്റ് കേരളത്തിലുണ്ടായിട്ടില്ല. ഈ ബഡ്ജറ്റിനെ കേരളത്തിലെ പ്രധാനപ്പെട്ട മാധ്യമങ്ങൾ വിലയിരുത്തിയത് എങ്ങനെയാണെന്ന് ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. 'പിടിച്ചുപറി'യെന്ന് മാധ്യമം പത്രവും 'തീവെട്ടിക്കൊള്ള'യെന്ന് കേരള കൗമുദിയും വീക്ഷണം പത്രവും 'ഷോക്കിംഗ് കേരള'യെന്ന് മംഗളം പത്രവും 'പകൽക്കൊള്ള'യെന്ന് ചന്ദ്രിക

പത്രവും 'അയ്യോ! അടിയോടടി'യെന്ന് മലയാള മനോരമ പത്രവും 'വഴിയാധാരം' എന്ന് മാതൃഭൂമി പത്രവും 'ഇന്ധനക്കൊള്ള'യെന്ന് ദീപിക പത്രവും ബഡ്ജറ്റിനെ വിലയിരുത്തി. ഈ വർഷത്തെ ബഡ്ജറ്റ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചു, അദ്ദേഹം ഇതിനുമുൻപ് അവതരിപ്പിച്ച ബഡ്ജറ്റും നമ്മുടെ മുൻപിലുണ്ട്. യാതൊരു ക്രെഡിബിലിറ്റിയുമില്ലാത്ത ഒരു ബഡ്ജറ്റാണിത്. കാരണം അദ്ദേഹത്തിന്റെ കഴിഞ്ഞ ബഡ്ജറ്റിലെ ആദ്യത്തെ പ്രഖ്യാപനം തന്നെ ഈ ലോകത്തിന്റെ പ്രത്യേക സാഹചര്യത്തിലും ലോകമെമ്പാടുമുള്ള ദുഃഖത്തിന്റെ അന്തരീക്ഷത്തിലും ലോക സമാധാനത്തിനുവേണ്ടി രണ്ട് കോടി രൂപ നീക്കിവയ്ക്കുന്നു എന്നാണ്. സർവ്വശ്രീ ജോ ബൈഡൻ, വ്ലാഡിമർ പുടിൻ, ഇമ്മാനുവൽ മാക്രോൺ തുടങ്ങിയവർവരെ വളരെ സാകൂതം കേട്ട പ്രഖ്യാപനമാണത്. കേരളം നീക്കിവച്ച ഈ രണ്ട് കോടി രൂപയോടുകൂടി റഷ്യ-ഉക്രൈൻ യുദ്ധത്തിനടക്കം പരിസമാപ്തിയുണ്ടാകുമെന്ന് കരുതി. പക്ഷേ ലോകസമാധാനത്തെ ഓർത്തെങ്കിലും ആ രണ്ട് കോടി രൂപയിൽ രണ്ട് രൂപ ചെലവഴിക്കാൻ തയ്യാറായിട്ടില്ലെന്ന് പറയുമ്പോൾ ഈ ബഡ്ജറ്റിലെ ക്രെഡിബിലിറ്റി ചോദ്യം ചെയ്യപ്പെടുകയാണ്. അതുപോലെ കഴിഞ്ഞ ബഡ്ജറ്റിൽ ധനകാര്യ വകുപ്പുമന്ത്രി നടത്തിയ മറ്റൊരു സുപ്രധാനമായ

പ്രഖ്യാപനം 2023-24 ബഡ്ജറ്റിൽ 'പരിസ്ഥിതി ബഡ്ജറ്റ് ' എന്ന പേരിൽ പാരിസ്ഥിതിക ചെലവ് വിവരങ്ങളടങ്ങിയ ഒരു രേഖകൂടി അവതരിപ്പിക്കുമെന്നുള്ളതാണ്. എന്നാൽ ഈ ബഡ്ജറ്റ് ഡോക്യുമെന്റ്സിനകത്ത് ഒരു പാരിസ്ഥിതിക രേഖയും കാണുന്നില്ല. ഈ ബഡ്ജറ്റിൽ കണ്ണൂർ പെരളശ്ശേരിയിൽ എ.കെ.ജി. മ്യൂസിയം നിർമ്മിക്കുന്നതിനായി 6 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. 2018-ൽ ഡോ. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റ് എന്റെ കയ്യിലുണ്ട്. ഞങ്ങളും ബഹുമാനിക്കുന്ന നേതാവാണ് എ.കെ.ജി. ഗുരുവായൂർ സത്യാഗ്രഹത്തിന് കോൺഗ്രസ്സ് നേതാവായി നേതൃത്വം കൊടുത്ത എ.കെ.ജി.യുടെ ജന്മനാടായ പെരളശ്ശേരിയിൽ അദ്ദേഹത്തിന്റെ സ്മാരകം നിർമ്മിക്കുന്നതിനായി 10 കോടി രൂപ 2018-ലെ ബഡ്ജറ്റിൽ ഡോ. തോമസ് ഐസക് വകയിരുത്തിയിരുന്നു. സർക്കാർ അത് നിർമ്മിച്ചില്ലെന്ന് മാത്രമല്ല ശ്രീ. കെ. എൻ. ബാലഗോപാൽ ധനകാര്യ വകുപ്പുമന്ത്രിയായപ്പോൾ അത് 6 കോടി രൂപയായി ചുരുക്കുകയും ചെയ്തു. 10 കോടി രൂപ അനുവദിച്ചിരുന്നത് 6 കോടി രൂപയായി ചുരുക്കിയത് എ.കെ.ജി.-യോടുള്ള സ്നേഹക്കുറവുകൊണ്ടാണോ? എ.കെ.ജി. സ്മാരകത്തിന്റെ കാര്യത്തിൽ നടത്തിയ പ്രഖ്യാപനത്തിന്റെ സ്ഥിതി

ഇതാണെങ്കിൽ ഔട്ടർ റിംഗ് റോഡിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുള്ളതിന്റെ സ്ഥിതിയെന്താകും? കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 1000 കോടി രൂപയുടെ ഔട്ടർ റിംഗ് റോഡിന്റെ കാര്യം ഈ ബഡ്ജറ്റിലും അതുപോലെ ചേർത്തിരിക്കുകയാണ്. ഈ ബഡ്ജറ്റിന്റെ വിശ്വാസ്യത എന്താണ്? 2021-ലെ അങ്ങയുടെ ആദ്യ ബഡ്ജറ്റിൽ കേരളത്തിൽ വാക്സിൻ നിർമ്മാണ കമ്പനി സ്ഥാപിക്കുമെന്ന് പറഞ്ഞിരുന്നു. ഇപ്പോൾ പറയുന്നത് പേവിഷത്തിനെതിരെയുള്ള വാക്സിൻ വികസിപ്പിക്കുന്നതിനായി ഒരു സംരംഭം ആരംഭിക്കുമെന്നാണ്. 2021-ലെ പ്രഖ്യാപനം 2022-ഉം കഴിഞ്ഞ് 2023 തുടങ്ങിയിട്ടും എങ്ങുമെത്തിയിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക് ഇറക്കിയ ധവളപത്രത്തിലെ ഒരു വാചകം വായിക്കാം, " യാഥാർത്ഥ്യവും പ്രസ്താവനയും തമ്മിലുള്ള പൊരുത്തമില്ലായ്മ വാർഷിക ബഡ്ജറ്റിനെ കാൽപ്പനിക സ്വപ്നങ്ങളുടെ ആചാരമായി തരംതാഴ്ത്തുകയും അങ്ങനെ നിർഭാഗ്യവശാൽ സംസ്ഥാനം സാമ്പത്തിക കള്ളത്തരത്തിനുള്ളിലാണ് കഴിഞ്ഞുകൂടുന്നത്". ഇക്കാര്യം ഡോ. ടി. എം. തോമസ് ഐസക് അന്ന് പറഞ്ഞതാണെങ്കിലും അത് ശരിയാകുന്നത് ഈ സമയത്താണ്. നിയമസഭാ സമ്മേളനം നടക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിമാർ നയപരമായ

തീരുമാനങ്ങൾ പ്രഖ്യാപിക്കുന്നത് സഭയിലാണ്. എന്നാൽ ആ കീഴ്വഴക്കം ലംഘിച്ചുകൊണ്ട് നിയമസഭാ സമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ വെള്ളക്കരം വർദ്ധിപ്പിച്ചിരിക്കുകയാണ്. ഈ നടപടി നിയമസഭയോടുള്ള അവഹേളനമല്ലേ? ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അന്നുതന്നെ വെള്ളക്കരം വർദ്ധിപ്പിക്കാനുള്ള തീരുമാനത്തിന്റെ ഉത്തരവ് പുറത്തിറക്കി. പുതുക്കിയ വെള്ളക്കരം മാർച്ച് മാസം മുതലാണ് നിലവിൽ വരുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞിരുന്നു. എന്നാൽ കൂട്ടിയ വെള്ളക്കരം ഫെബ്രുവരി മാസം മുതൽ ഈടാക്കാൻ പോകുകയാണ്. ഇത് നിയമസഭയോടുള്ള അവഹേളനവും കീഴ്വഴക്കത്തിന്റെ പ്രശ്നവുമായതിനാൽ ബഹുമാനപ്പെട്ട ചെയർ ശ്രദ്ധിക്കുമെന്ന് കരുതുകയാണ്.

എൽ.ഡി.എഫ്-ന്റെ 'വികസന പരിപ്രേക്ഷ്യം' എന്ന ആശയമെല്ലാം പൊളിഞ്ഞു. കാരണം ഇന്നുവരെ നോക്കുമ്പോൾ പ്ലാൻ എക്സ്പെൻഡിച്ചർ 53 ശതമാനമേയുള്ളൂ. പ്ലാനിൽനിന്നും കിഫ്ബിയിലേയ്ക്ക് ഒറ്റച്ചാട്ടമായിരുന്നു. ഇപ്പോൾ പ്ലാനുമില്ല കിഫ്ബിയുമില്ല, വികസനവണ്ടി ഇടിച്ചുനിന്നിരിക്കുകയാണ്. രണ്ട് രൂപ ഇന്ധന നികുതി കൂട്ടി ജനങ്ങളെ പിഴിയുന്നത് സാമൂഹ്യസുരക്ഷാ പരിപാടികൾക്കാണെന്നാണ് പറയുന്നത്. ലൈഫ് മിഷന്റെ കാര്യം ശ്രീ. ജി. എസ്. ജയലാൽ പറയുകയുണ്ടായി.

അദ്ദേഹം പറയുന്നത് കേട്ടപ്പോൾ രണ്ടുരൂപ അധികമായി നികുതി കൂട്ടിയതിന് ആഹ്ലാദം പ്രകടിപ്പിച്ചുകൊണ്ട് കൊട്ടിയം ടൗണിൽ ഒരു സമ്മേളനം ഇന്ന് വൈകുന്നേരംതന്നെ വിളിച്ചുചേർക്കാവുന്നതാണെന്ന് തോന്നി. മുൻവർഷം ലൈഫ് മിഷനുവേണ്ടി 1871 കോടി രൂപയാണ് വകയിരുത്തിയതെങ്കിൽ ഈ വർഷം അത് 1436 കോടി രൂപയായി കുറഞ്ഞു. ലൈഫ് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്കായുള്ള അപേക്ഷകൾ കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പിനുമുമ്പ് സ്വീകരിച്ചതാണ്. പുതിയ പഞ്ചായത്ത് ഭരണസമിതി വന്നതിനുശേഷം ഏതെങ്കിലും പഞ്ചായത്തിൽ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയതായി വീട് നൽകിയിട്ടുണ്ടോ?

ശ്രീ. ജി. എസ്. ജയലാൽ: സർ, വഴങ്ങാമോ?

മി. ചെയർമാൻ: അങ്ങ് വഴങ്ങുന്നുണ്ടോ?

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എനിക്ക് സംസാരിക്കാൻ ഒരു മിനിട്ടുകൂടിയേയുള്ളൂ, അതുകൊണ്ട് വഴങ്ങുന്നില്ല. ആ അപേക്ഷകളുൾപ്പെട്ട അന്തിമ ലിസ്റ്റ് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. ഇപ്പോഴും പണം അനുവദിക്കുന്നത് പഴയ ലിസ്റ്റിലുള്ളവർക്കാണ്. വീടുകളുടെ എണ്ണത്തിൽപ്പോലും കുറവുണ്ടായിരിക്കുകയാണ്. നെല്ല് സംഭരണം

പൂർണ്ണമായി പരാജയപ്പെട്ടിരിക്കുകയാണ്; സമയബന്ധിതമായി ഒരു കരാറിലെത്താൻപോലും കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ കഴിഞ്ഞ ബഡ്ജറ്റിൽ കൊല്ലം-ചെങ്കോട്ട റോഡ് വികസനത്തിനായി 1000 കോടി രൂപ പ്രഖ്യാപിച്ചിരുന്നു. എന്റെ നിയോജകമണ്ഡലമായ കുണ്ടറയിൽ ഗതാഗതക്കുരുക്ക് രൂക്ഷമായതിനാൽ ഒരു മേൽപ്പാലത്തിനായുള്ള പദ്ധതിക്ക് നേരത്തേ ഭരണാനുമതി ലഭിച്ചതാണ്. എന്നാൽ 1000 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചതിനാൽ അത് തടസ്സപ്പെട്ടിരിക്കുകയാണ്. പ്രഖ്യാപിക്കപ്പെട്ട 1000 കോടി രൂപയുടെ പദ്ധതിയിൽനിന്നും തുക മാറ്റിവച്ചുകൊണ്ട് കുണ്ടറയിൽ മേൽപ്പാലം നിർമ്മിക്കുന്നതിനുവേണ്ടി പ്രത്യേകമായ ഒരു പദ്ധതി അനുവദിക്കാൻ തീരുമാനമുണ്ടാകണമെന്ന് കുണ്ടറയിലെ ജനങ്ങൾക്കുവേണ്ടി അങ്ങയോട് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ധൂർത്തിന് ഇവിടെ എന്തെങ്കിലും കുറവുണ്ടോ? രാഷ്ട്രീയ ഭിക്ഷാംദേഹികളെ ഡൽഹിയിൽ കുടിയിരുത്തുന്നതിനായി പ്രതിമാസം 5 ലക്ഷം രൂപ പാവപ്പെട്ട ജനങ്ങൾ കൊടുക്കണം. പെട്രോൾ, ഡീസൽ, ഭൂമിയുടെ ന്യായവില, വെള്ളക്കരം, വൈദ്യുതി ചാർജ്ജ് തുടങ്ങി എല്ലാത്തരം നികുതികളും വർദ്ധിപ്പിച്ചതിലൂടെ ലഭിക്കുന്ന പണം ശ്രീ. കെ. വി.

തോമസിനെപ്പോലുള്ള രാഷ്ട്രീയ ഭിക്ഷാംദേഹികളെ ഡൽഹിയിൽ കുടിയിരുത്തുന്നതിനായി ഉപയോഗിക്കുകയാണ്. ഈ പാവങ്ങൾ അതിനുള്ള പണം കൊടുക്കണമെന്ന് പറയുന്നത് അനീതിയല്ലേ? വിമർശനം മാത്രമല്ല പറയുന്നത്, ബഡ്ജറ്റിലുള്ള ചില നല്ലകാര്യങ്ങളെക്കുറിച്ചും പറയാം. സാനിട്ടറി നാപ്കിനുകൾക്ക് പകരം മെൻസ്ട്രുവൽ കപ്പുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂളുകളിലും കോളേജുകളിലും തൊഴിലിടങ്ങളിലും ബോധവൽക്കരണവും പ്രചാരണവും സംഘടിപ്പിക്കുമെന്ന പ്രഖ്യാപനം വളരെ നല്ലതാണ്. എന്റെ സ്നേഹിതൻ ശ്രീ. ഹൈബി ഈഡൻ എറണാകുളത്ത് 'Cup of Life' എന്ന ക്യാമ്പെയിൻ നടത്തിയത് വൻ വിജയമായിരുന്നു. അത് സംസ്ഥാന വ്യാപകമായി കൊണ്ടുവരുന്നുവെന്നുള്ളത് സന്തോഷകമായ കാര്യമാണ്. ജനങ്ങളെ ചേർത്തുനിർത്തുന്നതല്ല, ജനങ്ങളെ ചേർത്ത് ഞെരുക്കുന്ന, കഴുത്ത് ഞെരിച്ചുകൊണ്ട് അവരെ ജീവിക്കാൻ അനുവദിക്കാത്ത ഈ ബഡ്ജറ്റിനെതിരെ കേരളത്തിലെ ജനങ്ങൾക്കുവേണ്ടി സർവ്വശ്രീ ഷാഫി പറമ്പിൽ, നജീബ് കാന്തപുരം, സി. ആർ. മഹേഷ്, ഡോ. മാത്യു കുഴൽനാടൻ എന്നീ അംഗങ്ങൾ സഭാകവാടത്തിനുമുൻപിൽ നടത്തുന്ന

സത്യാഗ്രഹത്തെ അഭിവാദ്യം ചെയ്തുകൊണ്ടും ഈ ബഡ്ജറ്റിനെയും അതിലെ നിർദ്ദേശങ്ങളെയും എതിർത്തുകൊണ്ടും ഞാൻ നിർത്തുന്നു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2023-24 വർഷത്തേയ്ക്കുള്ള വികസന-ക്ഷേമ ബഡ്ജറ്റിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. പ്രതിപക്ഷം ഉയർത്തിയ എതിർപ്പുകൾ എത്രമാത്രം ശുഷ്കവും അർത്ഥമില്ലാത്തതുമാണെന്ന് ബഡ്ജറ്റ് പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാകും. ഇത് കൂടുതൽ ബോധ്യപ്പെടണമെങ്കിൽ കേന്ദ്രസർക്കാരിന്റെ അമൃതകാല ഇന്ത്യയെ വിലയിരുത്തുന്നത് നല്ലതാണ്. World Inequality Report-2022 പ്രകാരം ജനങ്ങളുടെ ശരാശരി വരുമാനത്തിൽ ഏറ്റവുമധികം അസമത്വം നിലനിൽക്കുന്ന രാജ്യങ്ങളുടെ മുൻപന്തിയിൽ നിൽക്കുന്നത് ഇന്ത്യയാണ്. രാജ്യത്തെ മൊത്തം വരുമാനത്തിന്റെ 22% എത്തുന്നത് ഒരു ശതമാനം വരുന്ന അതിസമ്പന്നരിലേയ്ക്കും 57% വരുമാനത്തിനുടമകൾ 10% വരുന്ന സമ്പന്നരുമാണ്. അടിത്തട്ടിലെ 50% ജനങ്ങളിലേയ്ക്ക് എത്തുന്നത് കേവലം 13% വരുമാനം മാത്രമാണ്. 2023 ജനുവരിയിൽ പുറത്തിറങ്ങിയ Oxfam India's Report-ൽ പറയുന്നത് 21 ഇന്ത്യൻ ധനാഢ്യരുടെ സ്വത്ത് ഇന്ത്യയിലെ 70 കോടി ജനങ്ങളുടെ സ്വത്തിനേക്കാൾ അധികമാണെന്നാണ്.

വൈരുദ്ധ്യമെന്ന് പറയട്ടെ, ഇന്ത്യയിലെ 70 കോടി ജനങ്ങളാണ് ജി.എസ്.ടി. വരുമാനത്തിന്റെ 64 ശതമാനവും സംഭാവന ചെയ്യുന്നത്. ധനാഢ്യരുടെ സംഭാവന കേവലം 3% മാത്രമാണ്. ആഗോളവത്കരണ നയങ്ങൾ ആരംഭിച്ചകാലം മുതൽ കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയമെന്നത് ചങ്ങാത്ത മുതലാളിത്തമാണ്. കുത്തക മുതലാളിമാരുമായി പരസ്പരം പങ്കുപറ്റി രാജ്യത്തിന്റെ പൊതുസമ്പത്ത് കൊള്ളയടിക്കുകയും അതിനനുയോജ്യമായ നയം ഒരുക്കിക്കൊടുക്കുകയും കുത്തകമുതലാളിമാർ ചോർത്തലിന് നേതൃത്വം നൽകുകയും ചെയ്യുന്നു. ഏറ്റവും ലളിതമായി പറഞ്ഞാൽ ഇന്ത്യയിൽ വർദ്ധിച്ചുവരുന്ന അസമത്വത്തിന്റെ മൂലകാരണം ഇതാണ്. ഇന്ത്യയിൽ ആഗോളവത്കരണ-സ്വകാര്യവത്കരണ നയങ്ങൾ നടപ്പാക്കാൻ ആരംഭിച്ച കോൺഗ്രസിനും ഇപ്പോഴത് നിർലജ്ജം മുന്നോട്ടുകൊണ്ടുപോകുന്ന ബി.ജെ.പി.-ക്കും ഇക്കാര്യത്തിൽ തുല്യപങ്കാണുള്ളത്. ഇത്തവണത്തെ കേന്ദ്ര ബഡ്ജറ്റിന്റെ അന്തസ്സത്ത ഇതുതന്നെയാണ്. കുത്തകമുതലാളിമാർ നൽകേണ്ട കോർപ്പറേറ്റ് നികുതിയിൽ ഇളവ് നൽകുക, പൊതുമേഖലാ സ്വത്ത് കൂട്ടതലായി വിറ്റുതുലയ്ക്കുക, പാവങ്ങൾക്കും കർഷകർക്കുമുള്ള സബ്സിഡികളും ക്ഷേമപ്രവർത്തനങ്ങളും വെട്ടിച്ചുരുക്കുക എന്നിവയൊക്കെയാണ് കേന്ദ്ര ബഡ്ജറ്റിന്റെ ഉള്ളടക്കം. മാത്രമല്ല,

തൊഴിലുറപ്പ് പദ്ധതിക്കും ആരോഗ്യ-വിദ്യാഭ്യാസ-കാർഷിക മേഖലകൾക്കുമുള്ള വകയിരുത്തലിലും വലിയ തോതിൽ വെട്ടിക്കുറയ്ക്കലുകൾ ഉണ്ടായിട്ടുണ്ട്. ബി.ജെ.പി. ഇതര ഗവൺമെന്റുകൾ ഭരിക്കുന്ന സംസ്ഥാനങ്ങളെ പ്രത്യേകിച്ച് കേരളത്തെ ദ്രോഹിക്കുന്ന നടപടികളാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. കേരളത്തിൽനിന്നും കേന്ദ്രസർക്കാർ നികുതിയിനത്തിൽ പിരിക്കുന്ന ഓരോ രൂപയിൽനിന്നും തിരിച്ചുനൽകുന്നത് 25 പൈസ മാത്രമാണ്. ഉത്തർപ്രദേശിൽനിന്നും പിരിക്കുന്ന ഓരോ രൂപയ്ക്കും 1.79 രൂപ തിരിച്ചുനൽകുന്ന സ്ഥാനത്താണ് നമ്മളോട് ഈ സമീപനം സ്വീകരിക്കുന്നത്. കേരളത്തോട് കാണിക്കുന്ന അവഗണന ഇതിലൊന്നും ഒതുങ്ങുന്നില്ല. നമ്മൾ ആവശ്യപ്പെട്ട ഒരു പദ്ധതിപോലും അനുവദിച്ചില്ല. റവന്യൂ കമ്മി ഗ്രാന്റും സർക്കാരിന്റെ വായ്പാ പരിധിയും വെട്ടിക്കുറയ്ക്കുകയും ജി.എസ്.ടി. നഷ്ടപരിഹാരം നൽകുന്നത് അവസാനിപ്പിക്കുകയും ചെയ്തു. ഭരണഘടന വിഭാവനം ചെയ്യുന്ന സഹകരണ ഫെഡറലിസമെന്ന അടിസ്ഥാന പ്രമാണത്തെ നിരാകരിക്കുന്ന നടപടികളാണ് ബഡ്ജറ്റിലുടനീളം നിഴലിച്ചുകണ്ടത്. എന്നാൽ ഇത്തരത്തിലുള്ള കേന്ദ്ര അവഗണനയ്ക്കിടയ്ക്കും നമ്മുടെ സംസ്ഥാനം വികസനക്കുതിപ്പിലാണെന്നുള്ള കാര്യത്തിൽ ആർക്കും സംശയമുണ്ടാകില്ല. കേരളം വലിയതോതിൽ വികസനക്കുതിപ്പ്

നടത്തിയതായി സംസ്ഥാന ആസൂത്രണ ബോർഡ് പുറത്തുവിട്ട 2021-22-ലെ സാമ്പത്തിക സർവ്വേ ഫലം ചൂണ്ടിക്കാണിക്കുന്നു. സംസ്ഥാന സമ്പദ്‌വ്യവസ്ഥ 12.01% വളർന്നു. എന്നാൽ രാജ്യത്തിന്റെ മൊത്തം വളർച്ച 6.5 ശതമാനമാണെന്നകാര്യം നാം ഓർക്കണം. കേരളത്തിലെ ജനങ്ങളുടെ പ്രതിശീർഷ വരുമാനം രാജ്യശരാശരിയേക്കാൾ 50% അധികമാണ്. മാത്രമല്ല, ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരവും കേരളത്തിൽ കുറവാണ്. കാർഷിക മേഖലയിൽ 4.64%, വ്യാവസായിക മേഖലയിൽ 3.90%, സേവന മേഖലയിൽ 17.30% എന്നിങ്ങനെ വികസനത്തിൽ വൻകുതിച്ചുചാട്ടമാണ് പ്രസ്തുത മേഖലകളിലെല്ലാമുണ്ടായത്. ഇന്ത്യയിൽ 7.41% തോതിൽ പണപ്പെരുപ്പമുണ്ടായപ്പോൾ കേരളത്തിൽ അത് 6.45 ശതമാനത്തിൽ പിടിച്ചുനിർത്താൻ നമുക്ക് കഴിഞ്ഞു. പൊതുവിതരണ മേഖലയിൽ സർക്കാർ നടത്തിയ ഇടപെടലിലൂടെയാണ് അതിന് സാധിച്ചത്. പുതിയ ഒരു വ്യവസായ വികസന സംസ്കാരം വളർത്തിയെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. ജനങ്ങളിലേയ്ക്ക് നേരിട്ടെത്തിക്കുന്ന ക്ഷേമപെൻഷന്റെ കാര്യത്തിൽ സമാനതകളില്ലാത്ത നേട്ടമാണ് നമുക്കുള്ളത്. നേരത്തേ അത് ചൂണ്ടിക്കാണിച്ചതിനാൽ ആവർത്തിക്കുന്നില്ല. 2016-ൽ യു.ഡി.എഫ്. ഗവൺമെന്റ് ഭരണം വിട്ടൊഴിയുന്ന സമയത്ത് നൽകിയിരുന്ന പെൻഷൻ തുക

600 രൂപ ആയിരുന്നെങ്കിൽ നിലവിൽ അത് 1,600 രൂപയായി വർദ്ധിപ്പിച്ചു. അന്ന് 35 ലക്ഷം പേർക്ക് പെൻഷൻ ലഭ്യമായെങ്കിൽ ഇന്ന് 62 ലക്ഷം പേർക്കാണ് നൽകുന്നത്. കേരളത്തിലെ വയോജനങ്ങളിൽ 77% ആളുകൾക്കും ഏതെങ്കിലുമൊരു പെൻഷൻ ലഭിക്കുന്നുണ്ടെന്നത് നമുക്ക് അഭിമാനകരമായ കാര്യമാണ്. നികുതി വർദ്ധനവിനെക്കുറിച്ചെല്ലാം വാചാലമായി സംസാരിക്കുമ്പോൾ യഥാർത്ഥത്തിൽ നിങ്ങൾ ഉദ്ദേശിക്കുന്നത് ഇപ്പോൾ പെൻഷൻ വാങ്ങുന്ന 77% വയോജനങ്ങൾക്ക് ലഭ്യമാകുന്ന പെൻഷൻ എങ്ങനെയെങ്കിലും ഇല്ലാതാക്കാൻ കഴിയുമോയെന്നല്ലേ; ആ ഒരു ഗൂഢതാത്പര്യമല്ലേ നിങ്ങളുടെ എതിർപ്പിന് പിന്നിലുള്ളത്? പെട്രോളിന്റെയും ഡീസലിന്റെയും സർചാർജ്ജ് വർദ്ധിപ്പിച്ചതിനെ സംബന്ധിച്ച് നിങ്ങൾ പറയുന്നുണ്ടല്ലോ, 108 രൂപ വരെ പെട്രോൾ ചാർജ്ജ് വർദ്ധിപ്പിച്ചപ്പോൾ നിങ്ങൾക്കുണ്ടാകാതിരുന്ന സങ്കടം പെട്രോളിന്റെ വില 110 രൂപ ആകുമ്പോൾ എങ്ങനെയുണ്ടായെന്ന് മനസ്സിലാക്കാൻ സാധിക്കുന്നില്ല. കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാനിൽ പെട്രോളിന്റെ വില ഒരു ലിറ്ററിന് 112 രൂപയാണ്. അവിടെ 112 രൂപയാണെങ്കിലും ഇവിടെ 110 രൂപയാകുമ്പോൾ വല്ലാത്ത ബേജാറും വിഷമവുമാണ്. നമ്മുടെ 110 രൂപയിലെ രണ്ട് രൂപ സംസ്ഥാനത്തെ 62 ലക്ഷത്തോളം വരുന്ന പാവപ്പെട്ടവർക്ക് പെൻഷൻ

കൃത്യമായി കൊടുക്കുന്നതിന് വേണ്ടിയാണെന്ന കാര്യം നിങ്ങൾ വിസ്മരിക്കരുത്. നിങ്ങൾക്കതിൽ വിഷമമുണ്ടാകാം. രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വരാൻ കാരണമായത് സംസ്ഥാനത്ത് ഈ ഗവൺമെന്റ് നടത്തിയ അത്യന്തം ശ്രദ്ധേയമായ ക്ഷേമപ്രവർത്തനങ്ങളും ഉജ്ജ്വലമായ വികസന പ്രവർത്തനങ്ങളുംകൊണ്ടാണെന്ന് നിങ്ങൾക്കറിയാം. സംസ്ഥാനത്ത് ക്ഷേമ പ്രവർത്തനങ്ങൾ തുടരാനോ വികസന പ്രവർത്തനങ്ങൾ നടത്താനോ അനുവദിക്കില്ലെന്ന നിങ്ങളുടെ നിലപാട് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. നിങ്ങൾ ഒളിഞ്ഞും തെളിഞ്ഞുമെല്ലാം വിഴിഞ്ഞം തുറമുഖ പദ്ധതിയെ എതിർക്കാൻ തയ്യാറായില്ലേ; അതിന്റെ കാര്യമെന്താണ്? വിഴിഞ്ഞം പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമായാൽ ഇവിടെയുണ്ടാകാൻ പോകുന്നതായ വമ്പിച്ച വികസന മുന്നേറ്റത്തെ നിങ്ങൾ ഭയപ്പെടുകയാണ്. കെ-റെയിൽ പദ്ധതിയെ നിങ്ങൾ എതിർത്തതിന്റെ കാരണമെന്താണ്; അതും മറ്റൊന്നുമല്ല, കെ-റെയിൽ ഈ ഗവൺമെന്റിന്റെ കാലത്ത് സ്ഥാപിതമായാൽ അത് സംസ്ഥാനത്തിന്റെ വികസന കുതിപ്പിനെ സൃഷ്ടിക്കുന്നതായിട്ടുള്ള വലിയ മുന്നേറ്റത്തെ നിങ്ങൾ ഭയപ്പെടുകയാണ്. അങ്ങനെ എല്ലാ വികസന പ്രവർത്തനങ്ങളെയും ക്ഷേമപ്രവർത്തനങ്ങളെയും

അട്ടിമറിക്കണമെന്നല്ലാതെ അതിനപ്പുറമുള്ള ഒരു താത്പര്യവും നിങ്ങൾക്കില്ല എന്നുള്ളതുകൊണ്ടാണ് ഇതിനെ എതിർക്കുന്നതെന്ന് ആർക്കും മനസ്സിലാക്കാൻ കഴിയും. നിങ്ങൾ മാധ്യമങ്ങളെ കൂട്ടുപിടിക്കുകയാണ്. നിങ്ങൾ വായിച്ചിട്ടുള്ള മാധ്യമങ്ങൾ ഏതുകാലത്താണ് ഇടതുപക്ഷത്തെ പിന്തുണച്ചിട്ടുള്ളത്. 2016-ൽ അധികാരത്തിൽവന്ന ഇടതുപക്ഷ ഗവൺമെന്റിനെയും നിലവിലുള്ള ഗവൺമെന്റിനെയും ഈ മാധ്യമങ്ങൾ പിന്തുണച്ചിട്ടുണ്ടോ? 2021-ലെ തെരഞ്ഞെടുപ്പിനുമുമ്പുള്ള ഏകദേശം ഒന്നര വർഷക്കാലം മാധ്യമങ്ങൾ ചെയ്ത പണി എന്താണ്; ദൃശ്യമാധ്യമങ്ങളും പ്രിന്റ് മീഡിയായും ഏതെല്ലാം മാർഗ്ഗങ്ങൾ ഉപയോഗിച്ച് ഈ ഗവൺമെന്റിനെ അപമാനിക്കാൻ ശ്രമിച്ചു. ഇപ്പോൾ രണ്ടുരൂപ സെസ് വർദ്ധിപ്പിച്ചതിനെതിരെ മാധ്യമങ്ങൾ നടത്തുന്ന വൻകോലാഹലത്തിന്റെ ആയിരം മടങ്ങല്ലേ നമ്മുടെ സംസ്ഥാനത്ത് 2021-ലെ തെരഞ്ഞെടുപ്പിന് ഒന്നര വർഷത്തിനുമുമ്പ് നിങ്ങൾ നിരന്തരമായി നടത്തിയത്. നിങ്ങൾ എന്താ വിചാരിച്ചത്; നിങ്ങൾ മന്ത്രിക്കുപ്പായം വരെ തയ്പിച്ചവരല്ലേ; മുഖ്യമന്ത്രി ആരായിരിക്കണമെന്ന് ചർച്ച ചെയ്തവരല്ലേ; വകുപ്പിനെക്കുറിച്ചും ചർച്ച ചെയ്തില്ലേ; പക്ഷേ, എന്തായി? ഈ സംസ്ഥാനത്തെ ജനങ്ങൾ അവരുടെ ജീവിതാനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് തീരുമാനങ്ങളെടുക്കുന്നത്. ചില ചാനലുകാർ

മൈക്കുംകൊണ്ട് പാവപ്പെട്ട ഓട്ടോറിക്ഷക്കാരന്റെ അടുത്തേയ്ക്ക് പോയി സെസ്സ് ഏർപ്പെടുത്തിയത് സംബന്ധിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് എന്താണ്? രണ്ടുരൂപ കൊടുക്കുന്നത് ഈ നാട്ടിലെ പാവപ്പെട്ടവന് പെൻഷൻ കൊടുക്കാൻവേണ്ടിയാണെന്ന് ഞങ്ങൾക്കറിയാം, എന്റെ വീട്ടിലേയ്ക്ക് ഈ പണം തിരികെ വരും, എന്റെ അച്ഛനും അമ്മയ്ക്കും ഈ പണം തിരികെകിട്ടും, അവർക്ക് നൽകാൻ വേണ്ടിയാണ് ഞങ്ങളുടെ കയ്യിൽനിന്ന് രണ്ടുരൂപ വാങ്ങിക്കുന്നത് എന്നാണ്. ലൈവായതുകൊണ്ട് അവർക്ക് കട്ട് ചെയ്യാൻ സാധിച്ചില്ല. എഡിറ്റ് ചെയ്യാൻ കഴിയുന്ന സാഹചര്യമുണ്ടായിരുന്നെങ്കിൽ അങ്ങനെ ചെയ്യുമായിരുന്നു. ഈ ഓട്ടോറിക്ഷ തൊഴിലാളി ഗവൺമെന്റിനെതിരെ സംസാരിക്കുമെന്ന ധാരണയോടുകൂടിയാണ് അദ്ദേഹത്തിന്റെ അടുത്തേയ്ക്ക് മൈക്കുമായി പോയത്. പക്ഷേ ഓട്ടോറിക്ഷ തൊഴിലാളി പറയുന്നതുകേട്ട് നാണംകെട്ടിട്ടും ഈ ക്ഷേമ പ്രവർത്തനത്തിന് പണം വിനിയോഗിക്കുന്നതാണോ നല്ലതെന്ന് വീണ്ടും ചോദിക്കുകയാണ്. അദ്ദേഹം പറഞ്ഞതുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം. രണ്ടുരൂപ കൊടുക്കുന്നതിന് യാതൊരു പ്രയാസവുമില്ല. കാരണം ഈ നാട്ടിലെ 62 ലക്ഷത്തോളം വരുന്ന കുടുംബങ്ങൾക്ക് 1,600 രൂപവച്ച് പെൻഷൻ കൊടുക്കുകയാണ്. 60 വയസ്സ് കഴിഞ്ഞ രണ്ടുപേർ വീട്ടിലുണ്ടെങ്കിൽ 3,200

രൂപയും സൗജന്യ അരിയും കിട്ടുമ്പോൾ കുടുംബം പട്ടിണിയില്ലാതെ കഴിയുന്ന സാഹചര്യം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെടുന്നതും അത് തുടരുന്നതും നിങ്ങൾക്ക് സഹിക്കാൻ കഴിയുന്നില്ല. വിഴിഞ്ഞം പദ്ധതിയുടെ ഭാഗമായുള്ള ഔട്ടർ റിംഗ് റോഡിന് കഴിഞ്ഞ ബഡ്ജറ്റിലും ഈ ബഡ്ജറ്റിലും തുക മാറ്റിവച്ചിട്ടുണ്ട്. കഴിഞ്ഞ ഒരു വർഷക്കാലം ഇതിനെ പുറകോട്ട് വലിക്കാൻ നിങ്ങൾ നടത്തിയ ശ്രമങ്ങളെന്തെല്ലാമാണെന്ന് നാട്ടുകാർക്കെല്ലാം അറിയാവുന്ന കാര്യമാണ്. നിങ്ങൾ നടത്തിയ സമരവും സമരാഭാസവും അതിനുപിന്നിൽ നടത്തിയ പ്രവർത്തനങ്ങളുമെല്ലാം ജനങ്ങൾക്കറിയാം. വിഴിഞ്ഞം പദ്ധതിയും ഔട്ടർ റിംഗ് റോഡും യാഥാർത്ഥ്യമാകുന്നതോടുകൂടി സംസ്ഥാനത്തെ മൂന്നുലക്ഷത്തോളം ജനങ്ങൾക്ക് പുതിയതായി തൊഴിലവസരങ്ങൾ ലഭിക്കുന്നതാണ്. അത്തരത്തിലുള്ള വലിയ പദ്ധതിയാണ് സംസ്ഥാനത്ത് വരുന്നത്. നിങ്ങൾ എത്രതന്നെ ശ്രമിച്ചാലും അത്തരം പദ്ധതികളൊന്നും ഇല്ലാതാക്കാൻ കഴിയില്ല. കാരണം സംസ്ഥാനത്തെ ജനങ്ങൾ ഒന്നടങ്കം ഇടതുപക്ഷ ജനാധിപത്യ മുന്നണിയോടൊപ്പമാണ്. ഇന്ന് രാവിലെ ബഹുമാനപ്പെട്ട മുൻ പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ ദീനാനുകമ്പയുടെ മൂർത്തിമത്ഭാവമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെന്ന് പറയുകയുണ്ടായി.

അദ്ദേഹം അത് സത്യസന്ധമായിത്തന്നെയാണ് പറഞ്ഞത്. ജനങ്ങളുടെ വിഷമകരമായ പരിതസ്ഥിതികളിലും സംസ്ഥാനം അനുഭവിച്ച ദുരന്ത സമാനമായ സാഹചര്യങ്ങളിലും ജനങ്ങളെ ചേർത്തുനിർത്തിയ ഒരു മുഖ്യമന്ത്രിയെ ദീനാനുകമ്പയുടെ ആൾരൂപമായാണ് സംസ്ഥാനം കണ്ടിട്ടുള്ളത്. ഓരോരുത്തരുടെയും കുടുംബനാഥനായാണ് അദ്ദേഹത്തെ ആ കാലഘട്ടത്തിൽ ജനങ്ങൾ കണ്ടത്. അതിന് തമാശയുടെ രൂപത്തിൽ ഒന്നും പറയേണ്ട കാര്യമില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് മണ്ണാംകട്ടപോലെ ഒലിച്ചുപോകണമെന്ന മുൻപ്രതിപക്ഷനേതാവിന്റെ ആഗ്രഹം സ്വപ്നം മാത്രമാണ്. വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളുമായി സംസ്ഥാനത്തെ മൂന്നരക്കോടിവരുന്ന ജനങ്ങളെ സംരക്ഷിച്ചുകൊണ്ട് എല്ലാപേർക്കും ഭവനവും ജീവിത സൗകര്യങ്ങളും നൽകിക്കൊണ്ട് ഒരു വികസിത കേരളമെന്ന സ്വപ്നത്തെ യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളുമായി ഈ ഗവൺമെന്റിനെ മുന്നോട്ടുപോകാൻ സഹായിക്കുന്ന ബഡ്ജറ്റാണിത്. ഈ ബഡ്ജറ്റിനെതിരെ നാല് അംഗങ്ങൾ ആഹാരവും കഴിച്ചിട്ട് സത്യാഗ്രഹം കിടക്കുന്നതിൽ ഒരു കാര്യവുമില്ല. സംസ്ഥാനത്തെ ദശലക്ഷക്കണക്കിനാളുകൾ ഈ ഗവൺമെന്റിന്റെ പിന്നിൽ ശക്തമായി അണിനിരക്കുന്നുണ്ടെന്നുള്ള കാര്യം നിങ്ങൾ മറക്കരുതെന്ന്

പറഞ്ഞുകൊണ്ട് ബഡ്ജറ്റിനെ സർവ്വാത്മനാ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>മി. ചെയർമാൻ</u>: ഓർഡർ....... ഓർഡർ....... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2023 ഫെബ്രുവരി മാസം 7-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 3.25-ന് പിരിഞ്ഞു.)

**അനുബന്ധം I**

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വെള്ളക്കര കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

6 (*66) ശ്രീ. ടി. ജെ. വിനോദ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റി പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സർക്കാർ ഓഫീസുകളിൽനിന്നുമായി ആയിരത്തി അറുനൂറോളം കോടി രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള ജല അതോറിറ്റി പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മറ്റുള്ളവ (ഗാർഹിക/ഗാർഹികേതര, വ്യാവസായിക) എന്നിവയിൽ നിന്നുമായി 1591.80 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സർക്കാർ ഓഫീസുകളിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കാതെ വെള്ളക്കരം കൂട്ടി ജനങ്ങൾക്ക് അധിക ബാധ്യത വരുത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

ഇപ്രകാരമുള്ള ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടില്ല. വാട്ടർ അതോറിറ്റിക്ക് വിവിധ സ്ഥാപനങ്ങളിൽനിന്നായി ലഭിക്കേണ്ടത് 1591.80 കോടി രൂപയാണ്. എന്നാൽ നിലവിൽ വാട്ടർ അതോറിറ്റിയുടെ സഞ്ചിത നഷ്ടം 2021-22 പ്രകാരം 4911.42 കോടി രൂപയാണ്. ഇതുകൂടാതെ വിവിധ കാര്യങ്ങളിലായി വാട്ടർ അതോറിറ്റിയുടെ ബാധ്യത 2,567.05 കോടി രൂപയാണ്. ആയതിനാൽ മറ്റ് ഓഫീസുകളിൽനിന്നുള്ള കുടിശ്ശിക പിരിച്ചെടുത്താൽപ്പോലും വാട്ടർ അതോറിറ്റിയുടെ സഞ്ചിത നഷ്ടം നികത്താനോ ഭാവിയിൽ നഷ്ടം ഉണ്ടാകാതിരിക്കാനോ കഴിയില്ല. കാരണം പിന്നീടും ഓരോ കിലോ ലിറ്ററിനും 11.93 രൂപ നഷ്ടം തുടരും. ആയതിനാലാണ് വെള്ളക്കരം ഉയർത്തേണ്ടി വന്നത്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സർക്കാർ ഓഫീസുകളിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽനിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശിക തുക അടയ്ക്കണമെന്ന് കാണിച്ച് കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകി. കൂടാതെ, സർക്കാർ സ്ഥാപനങ്ങൾ കുടിശ്ശിക അടയ്ക്കണമെന്ന് അറിയിച്ചുകൊണ്ട് ജലവിഭവ വകുപ്പ് സെക്രട്ടറി വകുപ്പ് സെക്രട്ടറിമാർക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ പ്രഖ്യാപിച്ച ആംനെസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി നിയമാനുസൃതമായ ഇളവുകൾ നൽകി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള തീവ്രശ്രമം നടത്തിയിരുന്നു. യുദ്ധകാലാടിസ്ഥാനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും 01-01-2023 മുതൽ 31-03-2023 വരെ വാർ റൂമുകൾ പ്രവർത്തിച്ചുവരുന്നു. മാത്രമല്ല, എല്ലാ സ്ഥാപനങ്ങളിലും വാട്ടർ അതോറിറ്റിയുടെ ഓഫീസർമാർ നേരിട്ടുപോയി കുടിശ്ശിക തുക അടയ്ക്കണമെന്ന് കാണിച്ച് കത്തുകളും നൽകുന്നു.

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പദ്ധതി

7 (*67) ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. വിജിൻ:

ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം മത്സ്യത്തൊഴിലാളികളുടെ തൊഴിൽ കൂടുതൽ അപായകരവും അനിശ്ചിതവുമാക്കിത്തീർക്കുന്ന സാഹചര്യത്തിൽ ആധുനിക ഉപകരണങ്ങളുടെ സഹായത്താൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്. കേന്ദ്ര കാലാവസ്ഥാ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകൾ അതിവേഗം മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളിൽ എത്തിക്കുന്നതിന് ഇന്ത്യൻ നാഷണൽ സെന്റർ ഫോർ ഓഷ്യൻ ഇൻഫർമേഷൻ സർവ്വീസസ് (INCOIS)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിലേയ്ക്ക് 1,45,778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ INCOIS-ന് കൈമാറിയിട്ടുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ, കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ അറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നൽകിവരുന്നുണ്ട്. ഇതുകൂടാതെ

കാലാവസ്ഥാ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തിയെന്നുറപ്പാക്കാനും കടൽ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

മത്സ്യബന്ധനത്തിന് പോകുമ്പോൾ നിർബന്ധമായും ലൈഫ്ജാക്കറ്റ് ധരിച്ചിരിക്കണമെന്നത് നിയമവിധേയമാക്കുകയും ആദ്യഘട്ടമായി 40000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തു.

ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക സഹായത്തോടെ കെൽട്രോൺ വഴി നിർമ്മിച്ച് നൽകുന്ന 1500 കിലോമീറ്റർ ചുറ്റളവുവരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുന്ന 941 നാവിക് ഉപകരണങ്ങളും 168 സാറ്റലൈറ്റ് ഫോണുകളും വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത യാനങ്ങൾക്ക് ഡാറ്റ് (ഡിസ്ട്രസ് അലർട്ട് ട്രാൻസ്മിറ്റർ), ജി.പി.എസ്., 300 മെക്കനൈസ്ഡ് ബോട്ടുകൾക്ക് ഹോളോഗ്രാഫിക് രജിസ്ട്രേഷൻ പ്ലേറ്റ് (HRP), വെസ്സൽ ട്രാക്കിംഗ് സംവിധാനം എന്നിവ സബ്സിഡിയോടെ നൽകുന്ന പദ്ധതി നടപ്പിലാക്കി.

2018-19 വർഷത്തെ കടൽ സുരക്ഷ പദ്ധതിയിലുൾപ്പെടുത്തി 500 ജി.പി.എസ്.-ഉം 1000 ലൈഫ്ബോയെയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതി പ്രകാരം 66 ജി.പി.എസ്.-കളും 132 ലൈഫ്ബോയെകളും 66 എക്കോസൗണ്ടറുകളും മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തെ സീ സേഫ്റ്റി എക്യുപ്മെന്റ്സ് ടു ട്രഡീഷണൽ ഫിഷിംഗ് ക്രാഫ്റ്റ് പദ്ധതി പ്രകാരം 1110 ജി.പി.എസ്., 64 ഡി.എ.റ്റി. എന്നിവ മത്സ്യത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ പദ്ധതി പ്രകാരം 360 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ്.-കളും 417 ഹാൻഡ് ഹെൽഡ് ജി.പി.എസ്.-കളും വിതരണം ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം കടൽ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 609 മൗണ്ടിംഗ് ജി.പി.എസ്.-കൾ വിതരണം ചെയ്യുന്ന പദ്ധതിക്ക് അനുമതി നൽകുകയും നാളിതുവരെ 450 ജി.പി.എസ്.-കൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ

ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY-യിൽ ഉൾപ്പെടുത്തി പത്ത് ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ പത്ത് പേർ വീതം അടങ്ങുന്ന മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് നൽകുന്ന പദ്ധതി ആവിഷ്കരിക്കുകയും ആദ്യഘട്ടമായി അഞ്ച് മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് മത്സ്യബന്ധന യാനങ്ങൾ നൽകുന്നതിനുള്ള ധാരണാപത്രം ഫിഷറീസ് ഡയറക്ടറും മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളും മത്സ്യഫെഡും തമ്മിൽ ഒപ്പുവയ്ക്കുയും അഞ്ച് യാനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള അഞ്ച് യാനങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

(ബി) പരിശീലനം നേടിയ കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിച്ചിട്ടുണ്ടോ; മത്സ്യബന്ധനത്തിലേർപ്പെടുന്നവർ കടലിലേയ്ക്ക് പോകുന്നതും വരുന്നതും രേഖപ്പെടുത്തുന്നതിനും അപായ സാഹചര്യമുണ്ടായാൽ വേണ്ട മുന്നറിയിപ്പുകൾ നൽകുന്നതിനും രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നതിനും കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി കേരളത്തിലെ തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ കടൽരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. 60 മത്സ്യഗ്രാമങ്ങളിലുംകൂടി 300 യാനങ്ങളും ഒരു യാനത്തിൽ മൂന്ന് തൊഴിലാളികൾ എന്ന കണക്കിന് 900 മത്സ്യത്തൊഴിലാളികളും കടൽരക്ഷാ സ്ക്വാഡിൽ ഉൾപ്പെടുന്നു. ഇതിനകം 719 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടലിൽ പോകുകയും തിരികെ വരികയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ വിവരം രേഖപ്പെടുത്തുന്നതിനായി മത്സ്യബന്ധന വകുപ്പ് നാഷണൽ ഇൻഫോർമാറ്റിക് സെന്ററുമായി ചേർന്ന് 'സാഗര' എന്ന മൊബൈൽ ആപ്ലിക്കേഷന് രൂപംകൊടുത്ത് മത്സ്യമേഖലയിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. നാളിതുവരെ 17038 യാനങ്ങളുടെയും 11627 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പർ ഉൾപ്പെടെയുള്ള മുഴവൻ വിവരങ്ങളും 'സാഗര'-യിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അടിയന്തര സന്ദർഭങ്ങളിൽ തീരക്കടലിൽ മുന്നറിയിപ്പുകൾ നൽകാനും 'സാഗര' മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്താൻ കഴിയും. നിലവിൽ സംസ്ഥാനത്തെ കടൽ മത്സ്യഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന

സാഗർമിത്രകളുടെ സഹായത്താൽ പ്രസ്തുത പ്രവൃത്തി തുടർന്നുവരുന്നുണ്ട്. കേന്ദ്ര കാലാവസ്ഥാ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകൾ അതിവേഗം മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളിൽ എത്തിക്കുന്നതിന് INCOIS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിലേയ്ക്ക് 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ INCOIS-ന് കൈമാറിയിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകളും എസ്.ടി.എം.എ., കെ.എസ്.ടി.എം.എ. എന്നിവിടങ്ങളിൽനിന്നും വരുന്ന മുന്നറിയിപ്പുകളും INCOIS വഴി മത്സ്യത്തൊഴിലാളികൾക്ക് കൈമാറുന്നു. ഇതുകൂടാതെ തീരദേശ ജില്ലകളിൽ മൈക്ക് അനൗൺസ്മെന്റ് വഴിയും തീരദേശ ആരാധനാലയങ്ങൾ, മത്സ്യത്തൊഴിലാളികളുടെ വാട്സ്ആപ് ഗ്രൂപ്പുകൾ, എഫ്.എം. റേഡിയോകൾ, തീരദേശ ജാഗ്രതാ സമിതികൾ എന്നിവ വഴിയും അപകട മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളിലേയ്ക്ക് എത്തിച്ച് നൽകുന്നുണ്ട്.

കടലിൽ അപകടത്തിൽപ്പെടുന്നവരെ അതിവേഗം രക്ഷിച്ച് പ്രഥമശുശ്രൂഷ നൽകി കരയിലെത്തിച്ച് തുടർചികിത്സ ഉറപ്പുവരുത്തുന്നതിന് ഫിഷറീസ് വകുപ്പ് മൂന്ന് മറൈൻ ആംബുലൻസുകൾ കൊച്ചിൻ ഷിപ്പ്യാർഡിൽ നിർമ്മിച്ച് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ

ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിപ്പിച്ചുവരുന്നു. ഇതുകൂടാതെ കടൽ പട്രോളിംഗിനും കടൽരക്ഷാ പ്രവർത്തനങ്ങൾക്കുമായി 11 പട്രോൾ ബോട്ടുകൾ വകുപ്പ് വാടകയ്ക്കെടുത്ത് ഒൻപത് തീരദേശ ജില്ലകളിലായി പ്രവർത്തിപ്പിച്ചുവരുന്നുണ്ട്. ഈ ബോട്ടുകളിൽ ലൈഫ് ഗാർഡുമാരുടെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികളുടെ തൊഴിൽ നഷ്ടത്തിന് സർക്കാർ ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ഉണ്ട്. 2020-21 കാലയളവിൽ കാലാവസ്ഥാ മുന്നറിയിപ്പ്, കോവിഡ്-19 എന്നീ സാഹചര്യങ്ങളിൽ ദുരിതാശ്വാസ സഹായമായി 36.126 കോടി രൂപ (SDRF, CMDRF) സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2021-ലെ കാലാവസ്ഥാ മുന്നറിയിപ്പുമൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 47.84 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. 2021-22-ലെ ടൗട്ടേ ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് 18.36 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് 2021-ൽ കോവിഡ് ദുരിതാശ്വാസത്തിന്റെ

ഭാഗമായി 32.47 കോടി രൂപ ധനസഹായം നൽകിയിട്ടുണ്ട്. 2022 ഏപ്രിൽ, മേയ്, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ അതിതീവ്ര ന്യൂനമർദ്ദ ചുഴലിക്കാറ്റ് സംബന്ധിച്ച കാലാവസ്ഥാ മുന്നറിയിപ്പുമൂലമുണ്ടായ 15 ദിവസത്തെ തൊഴിൽ നഷ്ടത്തിന് സമുദ്ര-അനുബന്ധ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 50.027 കോടി രൂപ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും സമ്പാദ്യസമാശ്വാസ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരുമായ മത്സ്യത്തൊഴിലാളികൾക്ക് ട്രോൾബാൻ കാലയളവിൽ 4,500/- രൂപ സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്.

## പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

8 (*68) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. പി. സുമോദ്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് കൃത്യസമയത്തുതന്നെ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ വിതരണം ചെയ്യുന്നതിൽ കേന്ദ്ര സർക്കാർ ഇടപെടൽ തടസ്സം സൃഷ്ടിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സ്കോളർഷിപ്പ് മുടക്കുന്ന തരത്തിലുള്ള ഇടപെടൽ മറികടന്ന് അർഹരായ വിദ്യാർത്ഥികൾക്കെല്ലാം തുക പൂർണ്ണമായും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2021-22 അധ്യയന വർഷം മുതൽ പട്ടികജാതി വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യാൻ കേന്ദ്ര സർക്കാരിൽനിന്നും നിർദ്ദേശം ലഭിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലുണ്ടായിരുന്ന സംവിധാനങ്ങളിൽ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തുകയുണ്ടായി. നിലവിൽ 2021-22 അധ്യയന വർഷം ലഭിച്ച സ്കോളർഷിപ്പ് അപേക്ഷകളിൽ സംസ്ഥാന വിഹിതം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്.

2022-23 അധ്യയന വർഷം മുതൽ സ്കോളർഷിപ്പ് വിതരണത്തിനായി കേന്ദ്ര സർക്കാരിന്റെ പുതുക്കിയ സാങ്കേതിക നിബന്ധനകൾ

കൊണ്ടുവരികയും പ്രസ്തുത നിബന്ധനകൾ പൂർത്തീകരിക്കുന്നതിന് സംസ്ഥാനത്തിനാവശ്യമായ സാങ്കേതിക സഹായങ്ങൾ യഥാസമയം നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസം നേരിട്ടതിനാൽ സ്കോളർഷിപ്പ് വിതരണത്തിൽ തടസ്സം നേരിടുകയും ചെയ്തെങ്കിലും സംസ്ഥാന സർക്കാരിന്റെ നിരന്തരമായ ഇടപെടലുകളിലൂടെ 2022 ഒക്ടോബർ മാസത്തോടുകൂടി അപേക്ഷ സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കാൻ സാധിക്കുകയും നവംബർ മാസത്തിൽ സ്കോളർഷിപ്പ് പോർട്ടൽ തുറന്നുകൊടുക്കുകയും ചെയ്തിട്ടുണ്ട്. പുതിയ സാങ്കേതികവിദ്യ ക്രമീകരണങ്ങൾ പൂർത്തിയാക്കി 2022-23 അധ്യയന വർഷത്തെ സ്കോളർഷിപ്പ് വിതരണം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) രണ്ടര ലക്ഷം രൂപയ്ക്കുമേൽ വാർഷിക വരുമാനമുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് നൽകുന്നുണ്ടോയെന്നും ഇവർക്ക് സംസ്ഥാന സർക്കാർ സ്കോളർഷിപ്പ് നൽകി വരുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

വാർഷിക വരുമാനം 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ സ്കോളർഷിപ്പ് അനുവദിക്കുന്നില്ല.

എന്നാൽ വാർഷിക വരുമാനം 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ പ്രത്യേകമായി ബഡ്ജറ്റിൽ തുക വകയിരുത്തി വരുമാനപരിധി ബാധകമാക്കാതെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു.

## വാത്സല്യ നിധി ഇൻഷ്വറൻസ് പദ്ധതി

9 (*69) ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന നിർത്തലാക്കിയത് പട്ടികജാതി പെൺകുട്ടികൾക്കുള്ള വാത്സല്യ നിധി ഇൻഷ്വറൻസ് പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ?

പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽനിന്നും എൽ.ഐ.സി. പിന്മാറിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പദ്ധതി ആവിഷ്കരിച്ചപ്പോൾ നൽകിയ വാഗ്ദാനങ്ങളിൽനിന്നും എൽ.ഐ.സി. പിന്മാറിയിട്ടുണ്ട്. പദ്ധതി പുനഃക്രമീകരിക്കുന്നതിന് ചർച്ച നടത്തിവരികയാണ്.

(സി) പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായവർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

വാത്സല്യനിധി പദ്ധതിയിൽ അംഗങ്ങളായ പട്ടികജാതി പെൺകുട്ടികളുടെ രക്ഷിതാക്കളിൽ ആദ്യ രക്ഷിതാവിന് മരണം/അംഗവൈകല്യം സംഭവിച്ചാൽ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരമുള്ള ഇൻഷ്വറൻസ് തുകയും വിദ്യാഭ്യാസാനുകൂല്യങ്ങളും പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന (PMJJBY) പോളിസി പ്രകാരമാണ് ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനിൽ (LIC)നിന്നും അനുവദിക്കേണ്ടത്. 01-06-2020-ന് പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന പോളിസി കേന്ദ്ര സർക്കാർ നിർത്തലാക്കിയതിനാൽ ടി ഇൻഷ്വറൻസ് തുകയും കുട്ടികൾക്ക് പ്രഖ്യാപിച്ചിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിക്കാൻ നിലവിൽ എൽ.ഐ.സി. തയ്യാറല്ല. ആയതിനാൽ വാത്സല്യനിധി പദ്ധതിയിൽ രജിസ്റ്റർ ചെയ്ത മുഴുവൻ പെൺകുട്ടികൾക്കും ആനുകൂല്യം

നൽകുംവിധം പദ്ധതി പുനഃക്രമീകരിക്കുന്നതിന് എൽ.ഐ.സി.-യുമായി സർക്കാർ തലത്തിൽ ചർച്ചകൾ നടത്തിവരികയാണ്.

**വെള്ളക്കരത്തിന്റെ നിരക്ക് വർദ്ധന**

10 (*70) ശ്രീ. സജീവ് ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സി. ആർ. മഹേഷ്:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റി ഭീമമായ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരള ജല അതോറിറ്റി ഭീമമായ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കേരള ജല അതോറിറ്റി ബോർഡ് അംഗീകരിച്ച് അക്കൗണ്ടന്റ് ജനറലിന് (ഓഡിറ്റ്) സമർപ്പിച്ച 2021-22 വാർഷിക കണക്കുപ്രകാരം 31-03-2022-ലെ സഞ്ചിത നഷ്ടം 4911.42 കോടി രൂപയാണ്. പ്രസ്തുത സാമ്പത്തിക വർഷത്തെ നഷ്ടം 824.33 കോടി രൂപയാണ്.

(ബി) എങ്കിൽ ഇപ്രകാരം നഷ്ടത്തിലാകാനുണ്ടായ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരള വാട്ടർ അതോറിറ്റി അതിന്റെ ആരംഭകാലം മുതൽ റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നത്. സർക്കാർ നൽകുന്ന പദ്ധതിയേതര ഗ്രാന്റാണ് ഈ റവന്യൂ കമ്മി നികത്തുന്നതിന് ഒരു പരിധിവരെ കേരള വാട്ടർ അതോറിറ്റിയെ സഹായിക്കുന്നത്. അംഗീകൃത താരിഫ് അനുസരിച്ച് ഉപഭോക്താക്കളിൽനിന്നും പിരിച്ചെടുക്കുന്ന വാട്ടർ ചാർജ്ജാണ് ജല അതോറിറ്റിയുടെ പ്രധാന വരുമാനമാർഗ്ഗം. ആയിരം ലിറ്റർ കുടിവെള്ളത്തിന് ഉൽപ്പാദന പ്രസരണ ചെലവ് 22.85 രൂപയും വരുമാനം 10.92 രൂപയുമാണ്. അതായത് ആയിരം ലിറ്റർ കുടിവെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരള വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടമുണ്ടാകുന്നു. ജലശുദ്ധീകരണത്തിനും വിതരണത്തിനും വരുന്ന ചെലവിനെക്കാൾ കുറഞ്ഞ തുകയ്ക്ക് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതിയെ ബാധിക്കുന്നു. വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, വൈദ്യുത ചെലവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പാതിരിച്ചടവ് (പലിശ ഉൾപ്പെടെ) എന്നിവയ്ക്കനുസൃതമായി കുടിവെള്ള ചാർജ്ജിൽ വർദ്ധനവുണ്ടാകുന്നില്ല. ഇവയെല്ലാം കേരളാ വാട്ടർ അതോറിറ്റി നഷ്ടത്തിലാകാൻ കാരണമാകുന്നു.

(സി) വെള്ളക്കരത്തിന്റെ നിരക്ക് വർദ്ധിപ്പിക്കാൻ തീരുമാനിച്ചത് ജല അതോറിറ്റിയുടെ നഷ്ടം നികത്താനാണോയെന്ന് വ്യക്തമാക്കാമോ?

വെള്ളക്കരത്തിന്റെ നിരക്ക് വർദ്ധിപ്പിക്കുന്നതുമൂലം ജല അതോറിറ്റിയുടെ റവന്യൂ കമ്മി ഒരുപരിധിവരെ കുറയ്ക്കുന്നതിനും നിലവിലെ ബാധ്യതകൾ കൊടുത്തുതീർക്കുന്നതിനും സാധിക്കും. കൂടാതെ വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കുകവഴി പൊതുജനങ്ങൾക്ക് തുടർച്ചയായി മെച്ചപ്പെട്ട സേവനങ്ങൾ നൽകാനും സഹായിക്കും. അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കാനും അതുവഴി ജലച്ചോർച്ച തടയാനും ഉപഭോക്തൃ സേവനം മെച്ചപ്പെടുത്താനും സാധിക്കും.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സർക്കാർ ഓഫീസുകളിൽനിന്നുമുള്ള കുടിശ്ശിക സമയബന്ധിതമായി പിരിച്ചെടുക്കാൻ സാധിക്കാത്തതാണ് ജല അതോറിറ്റി നഷ്ടത്തിലാകാനുള്ള പ്രധാന കാരണം എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഇപ്രകാരമുള്ള ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാട്ടർ അതോറിറ്റിക്ക് വിവിധ സ്ഥാപനങ്ങളിൽനിന്നായി ലഭിക്കേണ്ടത് 1591.80 കോടി രൂപയാണ്. എന്നാൽ നിലവിൽ വാട്ടർ അതോറിറ്റിയുടെ സഞ്ചിത നഷ്ടം 2021-22 പ്രകാരം 4911.42 കോടി രൂപയാണ്. ഇതുകൂടാതെ വിവിധ

കാര്യങ്ങളിലായി വാട്ടർ അതോറിറ്റിയുടെ ബാധ്യത എന്നുപറയുന്നത് 2,567.05 കോടി രൂപയാണ്. ആയതിനാൽ മറ്റ് ഓഫീസുകളിൽനിന്നുള്ള കുടിശ്ശിക പിരിച്ചെടുത്താൽപ്പോലും വാട്ടർ അതോറിറ്റിയുടെ സഞ്ചിത നഷ്ടം നികത്താനോ ഭാവിയിൽ നഷ്ടം ഉണ്ടാകാതിരിക്കാനോ കഴിയില്ല. കാരണം പിന്നീടും ഓരോ കിലോ ലിറ്ററിനും 11.93 രൂപ നഷ്ടം തുടരും. ആയതിനാലാണ് വെള്ളക്കരം ഉയർത്തേണ്ടിവന്നത്.

## ബഫർ സോൺ സംബന്ധിച്ച സുപ്രീം കോടതി വിധി

11 (*71) ശ്രീ. എ. രാജ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കിലോമീറ്റർ ചുറ്റളവ് ബഫർ സോണാക്കിയ വിധിയിൽ സുപ്രീംകോടതിയിൽനിന്നും ഇളവ് നേടിയിട്ടുണ്ടോ; ബഫർ സോൺ വിഷയത്തിലെ സങ്കീർണ്ണതകളും പ്രശ്നങ്ങളും കേന്ദ്ര സർക്കാരിനെയും

സുപ്രീംകോടതിയെയും ധരിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ വിധിപ്രകാരം വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും അതിർത്തിയിൽനിന്ന് ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ ഏർപ്പെടുത്തണമെന്ന നിർദ്ദേശത്തിന്മേൽ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽനിന്നും ഇളവ് നേടുന്നതിനും ടി വിഷയത്തിലെ സങ്കീർണ്ണതകളും പ്രശ്നങ്ങളും കേന്ദ്ര സർക്കാരിനെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും ധരിപ്പിക്കുന്നതിനുമായി വനം വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാനപ്രകാരം, ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുപ്രകാരം ഒരു കിലോമീറ്റർ ESZ-ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ

സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററുമായി (KSREC) ധാരണാപത്രത്തിൽ ഏർപ്പെട്ടു. സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്തുപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേനിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽനിന്നും ജനവാസ മേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും 10-08-2022-ലെ സ.ഉ.നം.44/2022/വനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 08-06-2022-ലും 05-07-2022-ലും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-06-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും പുനഃപരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം.25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ആയതിൽ സംസ്ഥാനത്തുനിന്ന് ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനായാണ് അപേക്ഷിച്ചിട്ടുള്ളത്. ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ KSREC-ന്റെ കരട് പഠന റിപ്പോർട്ട് അവതരിപ്പിച്ചു. ആയതിന്മേലുള്ള വിശദമായ ചർച്ചകളെ

തുടർന്ന് ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമെ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിനായി 30-09-2022-ലെ സ.ഉ.(സാധാ) നം.424/2022/വനം പ്രകാരം ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ദ്ധ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു.

വിദഗ്ദ്ധ പരിശോധന സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഉപഗ്രഹ സർവ്വേ സംബന്ധിച്ച് തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ പഞ്ചായത്ത്/വില്ലേജുതല സർവ്വേ നമ്പർ ഉൾപ്പെടെയുള്ള നിർമ്മിതികളുടെ വിവരങ്ങളും ഭൂപടങ്ങളും സഹിതമുള്ള സംക്ഷിപ്ത രൂപവും ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളും ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ/

നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച് പരാതികളുണ്ടെങ്കിൽ ആയത് ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ഫീൽഡുതല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി ജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ച 63615 പരാതികളിൽ 62640 പരാതികൾക്ക് 02-02-2023 വരെ പരിഹാരം കാണുകയും KSREC-ന്റെ അസറ്റ് മാപ്പർ ആപ് മുഖേന ഇതിനകം 79193 അസറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷിചേരുന്നതിനുള്ള അപേക്ഷ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ബഫർ സോൺ വിഷയത്തിൽ മൂന്നംഗ ബെഞ്ചിന്റെ വിധിയിൽ ഇളവ് വരുത്തുന്നതിന് ഇടയാക്കുംവിധം സംസ്ഥാന സർക്കാർ

സുപ്രീംകോടതിയിൽ വിശദീകരണം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷിചേരുന്നതിനുള്ള വിശദാംശങ്ങൾ ഉൾപ്പെടെയുള്ള അപേക്ഷ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

**ജൽജീവൻ മിഷൻ**

12 (*72) ഡോ. കെ. ടി. ജലീൽ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ ഭവനങ്ങളിൽ കുടിവെള്ള ലഭ്യത സാർവ്വത്രികമാക്കുന്നതിന് ലക്ഷ്യമിട്ട ജൽജീവൻ മിഷന്റെ പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷൻ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് ജൽജീവൻ മിഷൻ (JJM). കേന്ദ്ര-സംസ്ഥാന

സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ അംഗീകൃത ഗുണനിലവാര മാനദണ്ഡങ്ങൾ ഉറപ്പാക്കിക്കൊണ്ട് പ്രതിദിന ആളോഹരി ജലലഭ്യത ഏറ്റവും കുറഞ്ഞത് 55 ലിറ്റർ എന്ന കണക്കിൽ കുടിവെള്ളം ടാപ്പ് കണക്ഷനുകൾവഴി ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

സംസ്ഥാനത്താകെയുള്ള 70.69 ലക്ഷം ഗ്രാമീണ വീടുകളിൽ, 2020 ഏപ്രിലിലെ കണക്കനുസരിച്ച് 17.5 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകളാണ് (24.76%) നിലവിലുണ്ടായിരുന്നത്. ദേശീയതലത്തിൽ 2019-ൽ പദ്ധതി പ്രഖ്യാപിച്ചെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020-21 കാലയളവിലാണ്.

നിലവിൽ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുവേണ്ടിയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്ത് 5334736 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 40,203.61 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും ടാപ്പ് കണക്ഷനുകൾ വഴി കുടിവെള്ളം ലഭ്യമാകുന്നതാണ്.

ജൽജീവൻ മിഷൻ പദ്ധതിയിൽ ഏറ്റെടുത്ത പ്രവൃത്തികളിലുൾപ്പെടുത്തി 2020-21 കാലയളവിൽ 4.04 ലക്ഷം കുടിവെള്ള കണക്ഷനുകളും 2021-22 കാലയളവിൽ 6.64 ലക്ഷം കുടിവെള്ള കണക്ഷനുകളുമാണ് നൽകിയിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ ഭാഗമായുള്ള നിയന്ത്രണവും വെള്ളപ്പൊക്കവും പൈപ്പ് തുടങ്ങിയ മെറ്റീരിയൽസിന്റെ വിലവർദ്ധനവും കാരണം പദ്ധതി നിർവ്വഹണത്തിൽ തടസ്സങ്ങൾ നേരിട്ടിരുന്നു. 2022-23 സാമ്പത്തികവർഷം ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഇതുവരെ (01-02-2023 വരെ) 4.48 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇപ്രകാരം ജൽജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനുശേഷം നിലവിലെ കണക്കുപ്രകാരം ആകെയുള്ള കണക്ഷനുകളുടെ എണ്ണം 32.66 ലക്ഷമായി ഉയർന്നിട്ടുണ്ട്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 46.20% ആണ്. 2024-ഓടെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകാൻ ലക്ഷ്യമിട്ടാണ് പദ്ധതി പ്രവർത്തനം നടന്നുവരുന്നത്.

നിലവിൽ 39 പഞ്ചായത്തുകളിൽ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഗ്രാമീണ സ്കൂളുകളിലും അങ്കണവാടികളിലും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനക്കായി

അയ്യായിരത്തിൽപ്പരം കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകി പരിശോധനകൾ നടത്തിവരുന്നു. കൂടാതെ വാട്ടർ അതോറിറ്റിയുടെ 82 കുടിവെള്ള ഗുണനിലവാര പരിശോധന ലാബുകൾക്ക് എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ചിട്ടുണ്ട്.

പദ്ധതികൾക്കാവശ്യമായ സ്ഥലം എല്ലായിടത്തും ലഭ്യമല്ലാത്തതും പദ്ധതി ഘടകങ്ങൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത്, റെയിൽവേ, വനം, നാഷണൽ ഹൈവേ അതോറിറ്റി തുടങ്ങിയ വകുപ്പുകളിൽനിന്നും ലഭ്യമാകേണ്ട അനുമതികൾ ലഭിക്കുന്നതിലെ തടസ്സങ്ങളും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്.

(ബി) പദ്ധതി നിർവ്വഹണത്തിന്റെ ഏകോപനത്തിനും മേൽനോട്ടത്തിനും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ വിശദമാക്കുമോ?

ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുന്നത് പഞ്ചായത്തുകൾക്ക് കീഴിലാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി കേരള വാട്ടർ അതോറിറ്റി, ജലനിധി, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നീ ഏജൻസികൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ആസൂത്രണം മുതൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെയാണ് നടപ്പിലാക്കുന്നത്. ഇതിനായി ഗ്രാമീണതലത്തിൽ ഗ്രാമപഞ്ചായത്ത് വാട്ടർ

ആൻഡ് സാനിട്ടേഷൻ കമ്മിറ്റികൾ നിലവിലുണ്ട്. ഓരോ പദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചതിനുശേഷമാണ് ബന്ധപ്പെട്ട ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിട്ടേഷൻ മിഷനുകൾ അംഗീകരിച്ച് സംസ്ഥാന വാട്ടർ ആൻഡ് സാനിട്ടേഷൻ മിഷന്റെ അംഗീകാരത്തോടെ ഭരണാനുമതി നൽകിയിട്ടുള്ളത്.

ജൽജീവൻ മിഷൻ പദ്ധതി നിർവ്വഹണത്തിനായി ജില്ലാതലത്തിൽ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിട്ടേഷൻ മിഷനുകൾ നിലവിലുണ്ട്. ജൽജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി ബന്ധപ്പെട്ട ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിട്ടേഷൻ മിഷനുകൾ തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്.

ജൽജീവൻ മിഷൻ പദ്ധതി നിർവ്വഹണ മേൽനോട്ടത്തിനായി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിട്ടേഷൻ മിഷനും പദ്ധതിയുടെ പുരോഗതി തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്. കൂടാതെ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിട്ടേഷൻ മിഷൻ (SWSM) എക്സിക്യൂട്ടീവ് കമ്മിറ്റിയും ജൽജീവൻ മിഷൻ പദ്ധതിയുടെ

അവലോകനം നടത്തി പദ്ധതി നിർവ്വഹണം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. വകുപ്പുമന്ത്രി ജില്ലകൾതോറും നേരിട്ട് എം.എൽ.എ.-മാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംഗുകൾ വിളിച്ചുചേർത്ത് ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ, പദ്ധതിയുടെ പുരോഗതി കേന്ദ്ര സർക്കാർ നിരന്തരം വിലയിരുത്തുന്നുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. പദ്ധതി നിർവ്വഹണത്തിന്റെ വിവിധ തലങ്ങളിലും നിരന്തരം അവലോകന യോഗങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ പദ്ധതി നിർവ്വഹണത്തിന്റെ ഏകോപനത്തിനായി ഒരു സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ച് അതുവഴി പദ്ധതി പുരോഗതി നിരന്തരം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇപ്രകാരം അവലോകനം നടത്തി പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ യഥാസമയം

പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനുപുറമെ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പുരോഗതിയും തടസ്സങ്ങളുമുൾപ്പെടെയുള്ള വിവരങ്ങൾ പൊതുജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ, കേരള വാട്ടർ അതോറിറ്റിയുടെയും കേന്ദ്ര സർക്കാരിന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.

മേൽപ്പറഞ്ഞ സംവിധാനങ്ങളിലൂടെയും നടപടികളിലൂടെയും പദ്ധതിനിർവ്വഹണത്തിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ആവശ്യമായ ശ്രമങ്ങൾ നടത്തുന്നുണ്ട്.

(സി) പദ്ധതിയിൽ സംസ്ഥാനവും കേന്ദ്ര സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ചെലവഴിക്കുന്ന തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതിവിഹിതം 50:50 അനുപാതത്തിലാണ്. എന്നാൽ സംസ്ഥാനത്ത് ജൽജീവൻ മിഷൻ പദ്ധതി ചെലവിന്റെ 25% സംസ്ഥാന വിഹിതവും 15% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും 10%

ഗുണഭോക്തൃ വിഹിതവും 50% കേന്ദ്ര വിഹിതവും എന്ന അനുപാതത്തിൽ വഹിക്കത്തക്കതരത്തിലാണ് വിഭാവന ചെയ്തിട്ടുള്ളത്.

**പട്ടികജാതിയിൽപ്പെട്ടവരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിന് നടപടി**

13 (*73) <u>ശ്രീമതി കെ. കെ. രമ</u>:
<u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീമതി ഉമ തോമസ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിയിൽപ്പെട്ടവരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളാനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) പട്ടികജാതിയിൽപ്പെട്ടവരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളാനുള്ള പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നുള്ള വായ്പയും എത്ര തുക വരെ എഴുതിത്തള്ളാനുള്ള വ്യവസ്ഥകളുമാണ് പദ്ധതിയിലുള്ളത്; അതിനായുള്ള നിബന്ധനകൾ എന്തൊക്കെയാണ്?

(എ&ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 31-03-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ മുതലും പലിശയുമുൾപ്പെടെ ഒരു ലക്ഷം രൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളുന്ന പദ്ധതി 30-03-2015-ലെ സ.ഉ.(അച്ചടി)നം.24/2015/പജപവവിവ പ്രകാരം നടപ്പിലാക്കിയിരുന്നു. (ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു+) പ്രസ്തുത സമയപരിധിക്കുശേഷമുള്ള വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നത് സംബന്ധിച്ച് തീരുമാനം നിലവിൽ കൈക്കൊണ്ടിട്ടില്ല. പട്ടികജാതിയിൽപ്പെട്ടവരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളാനുള്ള വിഷയം സംബന്ധിച്ച് പരിശോധിച്ചുവരികയാണ്.

പട്ടികജാതി വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് മാത്രമാണ് മേൽ ഉത്തരവ് പ്രകാരം ആനുകൂല്യം നൽകിയിരുന്നത്. ഈ പദ്ധതിപ്രകാരം വായ്പ എഴുതിത്തള്ളുന്നതിനുള്ള നിബന്ധനകൾ ചുവടെ ചേർക്കും പ്രകാരമായിരുന്നു:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(i) 31-3-2010-നുമുമ്പ് തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിത്തീർന്ന വായ്പകളിൽ മുതലും പലിശയുമുൾപ്പെടെ ഒരു ലക്ഷം രൂപവരെ സർക്കാർ വഹിക്കുന്നതാണ്. പിഴപ്പലിശ, കുടിശ്ശിക ഈടാക്കുന്നതിനുണ്ടായ ചെലവ്, മറ്റേതെങ്കിലും ഇനത്തിൽ ഈടാക്കുന്ന തുക തുടങ്ങിയവ അതത് സ്ഥാപനങ്ങൾതന്നെ വഹിക്കേണ്ടതാണ്. അവശേഷിക്കുന്ന തുക വായ്പക്കാരന്റേതന്നെ ബാധ്യതയായിരിക്കും. പ്രസ്തുത തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ ഒറ്റത്തവണയായി അടയ്ക്കുന്നവർക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്.

(ii) വാർഷിക കുടുംബ വരുമാനം 1.50 ലക്ഷം രൂപ വരെയുള്ളവർക്ക് മാത്രമേ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുകയുള്ളൂ.

(iii) ഗുണഭോക്താവ് എടുത്തിട്ടുള്ള ഒരു വായ്പ മാത്രമേ ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പരിഗണിക്കപ്പെടുകയുള്ളൂ.

(iv) ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിനായി ഗുണഭോക്താക്കൾ ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

(v) ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വായ്പ കണക്ക് തീർപ്പാക്കുന്ന തീയതി വരെയോ പരമാവധി 31-3-2015 വരെയോ ഉള്ള പലിശ മാത്രമേ ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഈടാക്കാൻ പാടുള്ളൂ.

(സി) കൂടുതൽ പ്രയോജനം ലഭിക്കുംവിധം പദ്ധതി പുനരാവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

വിഷയം സംബന്ധിച്ച് പരിശോധിച്ചുവരികയാണ്.

**പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് സ്കോളർഷിപ്പ്**

14 (*74) ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ട് ലക്ഷം രൂപയിൽ കൂടുതൽ കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ നിഷേധിച്ച സാഹചര്യത്തിൽ വരുമാന പരിധിയില്ലാതെ മുഴുവൻ പട്ടികജാതി, പട്ടികവർഗ്ഗ

വിദ്യാർത്ഥികൾക്കും പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെറിറ്റിലോ/ റിസർവ്വേഷനിലോ പ്രവേശനം നേടുന്ന രണ്ടര ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനമുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാർ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നിഷേധിച്ചപ്പോൾ, സംസ്ഥാന സർക്കാർ പ്രത്യേകമായി ബഡ്ജറ്റിൽ തുക വകയിരുത്തി വരുമാനപരിധി ബാധകമാക്കാതെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി.

(ബി) പ്രീ-മെട്രിക്, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ വിദ്യാർത്ഥികൾക്ക് ലഭിക്കാനുള്ള മുഴുവൻ തുകയും സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2021-22 അധ്യയന വർഷം മുതൽ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് വിദ്യാർത്ഥികളുടെ അക്കൗണ്ടിലേയ്ക്ക് വിതരണം ചെയ്യാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. നിലവിൽ 2021-22 അധ്യയന വർഷം ലഭിച്ച

സ്കോളർഷിപ്പ് അപേക്ഷകളിൽ സംസ്ഥാന വിഹിതം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 2022-23 അധ്യയന വർഷം മുതൽ പുതിയ സാങ്കേതിക നിബന്ധനകൾ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത നിബന്ധനകളുമായി ബന്ധപ്പെട്ട സാങ്കേതിക സംവിധാനങ്ങൾ കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് യഥാസമയം ലഭ്യമാകുന്നതിൽ കാലതാമസം നേരിട്ടതിനാൽ വിദ്യാർത്ഥികളുടെ അപേക്ഷകൾ 2022 നവംബർ മുതൽ മാത്രമാണ് സ്വീകരിക്കാൻ കഴിഞ്ഞത്. പുതിയ സാങ്കേതിക സംവിധാനങ്ങളുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ പൂർത്തിയായി വരുന്നതോടൊപ്പം 2022-23 അധ്യയന വർഷത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർഥികളുടെ സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(സി) പട്ടികജാതി, പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് എല്ലാവിധ പിന്തുണയും നൽകി വിദ്യാഭ്യാസപരവും സാമൂഹികവുമായ പുരോഗതിയിലേയ്ക്ക് കൈപിടിച്ചുയർത്തുന്നതിനുവേണ്ടി സർക്കാർ നടപ്പിലാക്കുന്ന നൂതന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ ജനവിഭാഗങ്ങളെ വിദ്യാഭ്യാസപരവും സാമൂഹികവുമായ പുരോഗതിയിലേയ്ക്ക് കൈപിടിച്ചുയർത്തുന്നതിനുവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

**വിദ്യാഭ്യാസ സാമൂഹിക പദ്ധതികൾ:**

1. പ്രീ-മെട്രിക് & പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി
2. ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി
3. മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീ-മെട്രിക്/പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ
4. ഇതര സംസ്ഥാന പഠനം
5. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി
6. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം
7. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം
8. വിവിധ പൊതുപ്രവേശന പരീക്ഷകൾക്കുള്ള പരിശീലനം
9. ലാപ്ടോപ് വിതരണം
10. പഠനമുറി പദ്ധതി

11. മെന്റർ ടീച്ചർ പദ്ധതി

12. ഗോത്ര സാരഥി (വിദ്യാവാഹിനി) പദ്ധതി

13. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം

14. വിംഗ്സ്-വൈമാനിക പരിശീലന പരിപാടി

15. TRACE - തൊഴിൽ നൈപുണ്യ വികസന - പരിശീലന പദ്ധതി

16. സ്വയംതൊഴിൽ പദ്ധതികൾ

17. SAFE - ഭവന പൂർത്തീകരണ പദ്ധതി

18. ഭൂരഹിത പുനരധിവാസ പദ്ധതി

19. അംബേദ്കർ ഗ്രാമ വികസന പദ്ധതി

20. ദുർബല വിഭാഗ പുനരധിവാസ പദ്ധതി

(ഡി) പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് സംബന്ധിച്ച് നേരിട്ടോ ഇ-മെയിൽ/ഫോൺ മുഖേനയോ ഉള്ള പരാതികൾ പരിഹരിക്കുന്നതിനും കാലതാമസം കൂടാതെ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതിനുമായി ജില്ലാതലങ്ങളിലും ഡയറക്ടറേറ്റിലും Exclusive Customer Supporting System എന്ന നിലയിൽ സപ്പോർട്ടിംഗ് എഞ്ചിനീയർമാരെ

കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഓൺലൈനായി പരാതി സമർപ്പിക്കുന്നതിന് ഇ-ഗ്രാന്റ്സ് പോർട്ടലിൽ Grievance Redressal Software System ഏർപ്പെടുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാന്റ്സ് സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിന് വകുപ്പ് ടോൾഫ്രീ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, വകുപ്പുമന്ത്രിക്ക് നേരിട്ട് പരാതി നൽകുന്നതിനായി പ്രത്യേക ഇ-മെയിൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

**കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി**

15 (*75) ശ്രീമതി ദെലീമ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പ്രദേശത്തെ പ്രളയഭീഷണിയും കുടിവെള്ളക്ഷാമവും പരിഹരിക്കാൻ നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടം അറിയിക്കാമോ?

കുട്ടനാട് പ്രദേശത്തെ പ്രളയ സാഹചര്യം കണക്കിലെടുത്ത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രളയ ഭൂപടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. നിശ്ചിത

വർഷ ഇടവേളകളിൽ സംഭവിക്കാൻ സാധ്യതയുള്ള വെള്ളപ്പൊക്ക സാധ്യത പ്രവചന ഭൂപടങ്ങൾ 10, 25, 50, 100, 200, 500 മുതലായ വർഷങ്ങളുടെ കണക്കിലാണ് തയ്യാറാക്കിയിട്ടുള്ളത്. ഇത് പൊതുജനങ്ങൾക്ക് മനസ്സിലാക്കാൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രളയ സാഹചര്യത്തിൽ കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനായി 47-ഓളം റിലീഫ് ക്യാമ്പുകൾ കണ്ടെത്തി അതിന്റെ ലൊക്കേഷൻ മാപ്പ് ചെയ്യുകയും ജിയോ ഡാറ്റാബേസിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പ്രളയ സാധ്യതയുള്ള മേഖലകളിൽ വീടുകൾ നിർമ്മിക്കുമ്പോൾ ഉടമ ശ്രദ്ധിക്കേണ്ട കാര്യങ്ങളും ദുരന്ത പ്രതിരോധ അതിജീവന ശേഷിയുള്ള കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളുമടങ്ങിയ മാർഗ്ഗരേഖയും സുരക്ഷിത ഭവന നിർമ്മാണം എന്ന പ്രസിദ്ധീകരണവും പുറത്തിറക്കിയിട്ടുണ്ട്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ 2018-ലെ കേരള പ്രളയത്തിനുശേഷമുള്ള സപ്ലൈ ചെയിൻ ലോജിസ്റ്റിക്സിനെക്കുറിച്ച് ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് പഠനം നടത്തിയിട്ടുണ്ട്. പ്രാദേശിക ദുരന്തനിവാരണം ശക്തിപ്പെടുത്തുന്നതിനും ദുരന്തപ്രതികരണ സംവിധാനത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും കുട്ടനാട്

താലൂക്കിലെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും പഞ്ചായത്ത് ദുരന്തനിവാരണ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്.

കുട്ടനാട് മേഖലകളിൽ ബണ്ട് ഒരു പൊതുനിർമ്മിതി ആയതുകൊണ്ടും വെള്ളപ്പൊക്ക നിയന്ത്രണത്തിന് ഇത്തരം നിർമ്മാണങ്ങൾ ആവശ്യമായതുകൊണ്ടും ബണ്ട് സംരക്ഷണത്തിന് മണൽ നിറച്ച ചാക്കുകളോ ജിയോ ട്യൂബുകളോ ഇടുന്നതിനുള്ള തുക സംബന്ധിച്ച വിവരങ്ങൾ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി പുറത്തിറക്കിയിട്ടുള്ള ഓറഞ്ച് ബുക്കിൽ പരാമർശിച്ചിട്ടുണ്ട്.

2018-ലെ പ്രളയക്കെടുതിയിൽ നാശനഷ്ടങ്ങളുണ്ടായ 54493 കുടുംബങ്ങൾക്ക് അടിയന്തര സഹായമായി പതിനായിരം രൂപ നൽകിയിട്ടുണ്ട്. വർദ്ധിച്ചുവരുന്ന ദുരന്തസാഹചര്യം കണക്കിലെടുത്ത് കേരളത്തിലെ എല്ലാ താലൂക്ക് തലങ്ങളിലും ഇൻസിഡന്റ് റെസ്പോൺസ് സംവിധാനം നടപ്പിലാക്കിക്കൊണ്ട് അതത് ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി താലൂക്ക് തലങ്ങളിലുള്ള ഐ.ആർ.എസ്.-ന്റെ ഉത്തരവാദിത്വങ്ങളും ഘടനകളും വിവരിക്കുന്ന മാർഗ്ഗരേഖ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ കാലവർഷത്തിന്റെ ഭാഗമായി

കൈനകരി പഞ്ചായത്തിലെ വെള്ളപ്പൊക്കത്തെക്കുറിച്ചുള്ള മോക്ഡ്രിൽ, കുട്ടനാട് വിദ്യാഭ്യാസ ജില്ലയിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ 12 ഫയർ ഡെമോൺസ്ട്രേഷൻ മോക്ഡ്രില്ലുകൾ, രാമങ്കരി എൻ.എസ്.എസ്. എച്ച്.എസ്.എസ്.-ൽ ഫ്ലഡ് മോക്ഡ്രിൽ എന്നിവ സംഘടിപ്പിച്ചു.

കുട്ടനാട് പാക്കേജ് ഒന്നാംഘട്ടത്തിലുൾപ്പെടുത്തി 152 പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്ന പ്രവൃത്തികൾ നടപ്പിലാക്കിയതിലൂടെ 16365 ഹെക്ടർ കൃഷി ഏരിയ സംരക്ഷിക്കാൻ സാധിച്ചിട്ടുണ്ട്. 445 കി.മീ. നീളത്തിൽ പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണം സാധ്യമായി. കൂടാതെ 604 അനുബന്ധ നിർമ്മിതികളും നടപ്പിലാക്കിയിട്ടുണ്ട്. 280 കി.മീ. നീളത്തിൽ തോട് നവീകരണവും നടപ്പിലാക്കി.

2018, 2019 കാലഘട്ടത്തിലുണ്ടായ പ്രളയത്തിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്ന രണ്ടാം കുട്ടനാട് പാക്കേജിൽ 177 പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്. 211.08 കി.മീ. നീളത്തിൽ പുറംബണ്ട് ബലപ്പെടുത്തുന്നതുവഴി 4610 ഹെക്ടർ ഏരിയ സംരക്ഷിക്കാൻ സാധിക്കുന്നതാണ്.

കുട്ടനാട് ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായ 14 എം.എൽ.ഡി. ശുദ്ധീകരണശേഷിയുള്ള നീരേറ്റുപുറം ശുദ്ധീകരണശാലയിൽനിന്നും തലവടി, മുട്ടാർ, രാമങ്കരി, എടത്വ, പുളിങ്കുന്ന്, ചമ്പക്കുളം എന്നീ പഞ്ചായത്തുകളിൽ ജലവിതരണം നടത്തുന്നു. എന്നാൽ കുട്ടനാട്ടിലെ എല്ലാ പഞ്ചായത്തുകളിലും നീരേറ്റുപുറം ശുദ്ധീകരണശാലയിൽനിന്നുമുള്ള ജലം ലഭ്യമാക്കാൻ കഴിയുന്നില്ല.

തിരുവല്ല 33 എം.എൽ.ഡി. ശുദ്ധീകരണശാലയിൽനിന്നും വെളിയനാട് പഞ്ചായത്തിന് നാല് എം.എൽ.ഡി.-യും കുട്ടനാട്ടിലെ എടത്വ, തലവടി പഞ്ചായത്തുകളിലേയ്ക്ക് ശരാശരി 6 മുതൽ 9 എം.എൽ.ഡി. വരെയും ശുദ്ധജലം വിതരണം നടത്തുന്നു. അതിനാൽ കുട്ടനാട് പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പ്രത്യേക പരിഗണന നൽകി കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി ആരംഭിച്ച് അതിന്റെമാത്രം നടത്തിപ്പിനായി കേരള വാട്ടർ അതോറിറ്റിയുടെ ഡിവിഷനായ കിഫ്ബി പ്രോജക്ട് ഡിവിഷൻ ആലപ്പുഴയിൽ പ്രവർത്തിച്ചുവരുന്നു. കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കുവേണ്ടി കിഫ്ബി ധനസഹായത്തോടുകൂടിയുള്ള സമഗ്ര

കുടിവെള്ള പദ്ധതിക്ക് 289.54 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. കൂടാതെ ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി പ്രദേശത്തെ 13 പഞ്ചായത്തുകളിലായി 41081 ഗാർഹിക കണക്ഷനുകൾ നൽകുന്നതിന് 6961.7 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ പൂർത്തീകരണത്തോടെ കുട്ടനാട്ടിലെ ജനങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

(ബി) കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കുവേണ്ടി കിഫ്ബി ധനസഹായത്തോടുകൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയാണിത്. പ്രസ്തുത പദ്ധതിക്ക് 289.54 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. പമ്പാ നദി സ്രോതസ്സായിട്ടുള്ള ഈ പദ്ധതിക്ക് നീരേറ്റുപുറത്ത് 30 ദശലക്ഷം ലിറ്റർ പ്രതിദിന ഉല്പാദനക്ഷമതയുള്ള ജലശുദ്ധീകരണശാലയും 13 ഉന്നതതല ജലസംഭരണികളും 46.02 കിലോ മീറ്റർ ട്രാൻസ്മിഷൻ മെയിനും 895 കിലോ മീറ്റർ വിതരണ ശൃംഖലയുമാണ്

ഘടകങ്ങളായിട്ടുള്ളത്. ഈ പദ്ധതി ആറ് പാക്കേജുകളിലായി നടപ്പാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ട സ്ഥലമേറ്റെടുപ്പ് പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയുടെ ഉന്നതതല ജലസംഭരണികളുടെ സ്ട്രക്ചറൽ ഡിസൈൻ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി വഴിയും ജലശുദ്ധീകരണ ശാലയുടെ ഡിസൈൻ കേരള വാട്ടർ അതോറിറ്റി WASCON വഴിയും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

**പാക്കേജ് 1** - തലവടി പഞ്ചായത്തിലെ നിരേറ്റുപുറത്ത് ഇൻടേക്ക് സ്ട്രക്ചർ, റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികളാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദമായ എസ്റ്റിമേറ്റ് PRICE 3.0-യിൽ തയ്യാറാക്കിയിട്ടുണ്ട്. ടി പാക്കേജിലെ പ്രവൃത്തികൾ നടത്തുന്നതിനായി നീരേറ്റുപുറത്ത് കേരള ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തിനോട് ചേർന്ന് 125 സെന്റ് സ്ഥലം ലഭ്യമായിട്ടുണ്ട്. കൂടാതെ ടി സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, 2008 പ്രകാരം പരിവർത്തനാനുമതി ലഭ്യമായിട്ടുണ്ട്.

**പാക്കേജ് 2 -** തലവടിയിൽ 8 ലക്ഷം ലിറ്ററും എടത്വയിൽ 11 ലക്ഷം ലിറ്ററും വീയപുരത്ത് 4.75 ലക്ഷം ലിറ്ററും ശേഷിയുള്ള ഉന്നതതല ജലസംഭരണികൾ സ്ഥാപിക്കുന്നതിനും നീരേറ്റുപുറത്തെ ജലശുദ്ധീകരണശാലയിൽനിന്നും തലവടി, എടത്വ, വീയപുരം എന്നിവിടങ്ങളിലെ ഉന്നതതല ജലസംഭരണിയിലേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിനുംവേണ്ടിയുള്ള പ്രധാന ജലവിതരണ പൈപ്പുകളുടെ നിർമ്മാണമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദമായ എസ്റ്റിമേറ്റ് PRICE 3.0-യിൽ തയ്യാറാക്കിയിട്ടുണ്ട്. വീയപുരത്ത് ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനുവേണ്ടി പഞ്ചായത്തിന്റെ അധീനതയിൽനിന്നും കൈമാറിയ 20 സെന്റ് സ്ഥലം തണ്ണീർത്തടമാണെന്നാണ് പഞ്ചായത്ത് അറിയിച്ചിരിക്കുന്നത്. പ്രസ്തുത സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് അനുമതി ലഭ്യമാകേണ്ടതായിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്കായുള്ള അപേക്ഷകളും രേഖകളും പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്.

**പാക്കേജ് 3 -** നീരേറ്റുപുറത്തെ ജലശുദ്ധീകരണശാലയിൽനിന്നും മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, പുളിങ്കുന്ന്, കാവാലം, നെടുമുടി, ചമ്പക്കുളം, കൈനകരി എന്നിവിടങ്ങളിലെ ഉന്നതതല

ജലസംഭരണികളിലേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രധാന ജലവിതരണ പൈപ്പുകളുടെ നിർമ്മാണമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദമായ എസ്റ്റിമേറ്റ് PRICE 3.0-യിൽ തയ്യാറാക്കിയിട്ടുണ്ട്. ഈ പാക്കേജിന്റെ ഭാഗമായി പൈപ്പ്ലൈൻ സ്ഥാപിക്കേണ്ടതിൽ കെ.എസ്.ടി.പി.-ക്ക് കീഴിൽ പ്രവൃത്തി നടക്കുന്ന ആലപ്പുഴ ചങ്ങനാശ്ശേരി റോഡിൽ 9.4 കി.മീ. പമ്പിംഗ് മെയിൻ സ്ഥാപിക്കേണ്ടതുണ്ട്. പ്രസ്തുത റോഡിൽ കെ.എസ്.ടി.പി.-യുടെ കരാറുകാരൻ മുഖേന പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി 19-05-2022-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രവൃത്തി ചെയ്യുന്നതിനാവശ്യമായ 21.8 കോടി രൂപ 09-11-2022-ൽ കെ.എസ്.ടി.പി.-ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

**പാക്കേജ് 4 -** എടത്വ, വീയപുരം, തലവടി, തകഴി എന്നീ പഞ്ചായത്തുകളിൽ വിതരണശൃംഖല സ്ഥാപിക്കുന്നതിനും തകഴി പഞ്ചായത്തിൽ 6 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിയാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദമായ എസ്റ്റിമേറ്റ് PRICE 3.0-യിൽ തയ്യാറാക്കിയിട്ടുണ്ട്. തകഴി പഞ്ചായത്തിലെ ജലവിതരണ ശൃംഖല പൂർത്തീകരിക്കുന്നതിന് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന

റെയിൽവേ ക്രോസിംഗിനുള്ള അനുമതി ലഭ്യമാകേണ്ടതായിട്ടുണ്ട്. ഇതിന്റെ മണ്ണ് പരിശോധന എൻ.ഐ.റ്റി. കോഴിക്കോട് പൂർത്തീകരിച്ചു. തുടർനടപടികൾ പുരോഗമിക്കുന്നു.

**പാക്കേജ് 5 -** മുട്ടാറിൽ 3.5 ലക്ഷം ലിറ്ററും വെളിയനാട് 4.5 ലക്ഷം ലിറ്ററും നീലംപേരൂരിൽ 5.5 ലക്ഷം ലിറ്ററും ശേഷിയുള്ള ഉന്നതതല ജലസംഭരണികൾ സ്ഥാപിക്കുന്നതിനും ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തിയാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദമായ എസ്റ്റിമേറ്റ് PRICE 3.0-യിൽ തയ്യാറാക്കിയിട്ടുണ്ട്. വെളിയനാട് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെന്റ് സ്ഥലം 10-06-2022-ൽ കൈമാറിയിട്ടുണ്ട്. കൂടാതെ ടി സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് വെറ്റ് ലാൻഡ് കൺവെർഷന് അനുമതി ഉത്തരവ് 01-08-2022-ൽ ലഭ്യമായിട്ടുണ്ട്.

**പാക്കേജ് 6 -** രാമങ്കരിയിൽ 5.75 ലക്ഷം ലിറ്ററും പുളിങ്കുന്നിൽ 12 ലക്ഷം ലിറ്ററും കാവാലത്ത് 8 ലക്ഷം ലിറ്ററും കൈനകരിയിൽ 7 ലക്ഷം ലിറ്ററും നെടുമുടിയിൽ 8.5 ലക്ഷം ലിറ്ററും ചമ്പക്കുളത്ത് 5.5 ലക്ഷം ലിറ്ററും ശേഷിയുള്ള ഉന്നതതല ജലസംഭരണികൾ സ്ഥാപിക്കുന്നതിനും ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖല സ്ഥാപിക്കുന്നതിനുമായുള്ള

പ്രവൃത്തിയാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദമായ എസ്റ്റിമേറ്റ് PRICE 3.0-യിൽ തയ്യാറാക്കിയിട്ടുണ്ട്. പുളിങ്കുന്ന് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെന്റ് സ്ഥലം ലഭ്യമായിട്ടുണ്ട്. ടി സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം പരിവർത്തനാനുമതി ലഭ്യമാകേണ്ടതുണ്ട്.

PRICE 3.0 പ്രകാരം പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ജി.എസ്.ടി. കൂടിയതിനാലും ഡി.എസ്.ആർ. 2018 റേറ്റ് റിവിഷൻ വന്നതിനാലും എൽ.എസ്.ജി.ഡി. റോഡ് റെസ്റ്റൊറേഷൻ ഉൾപ്പെടുത്തിയതിനാലും ടി പദ്ധതി തുക 387.91 കോടി രൂപയായി വർദ്ധിച്ചു. അധിക തുകയായ 98.371 കോടി രൂപയുടെ ഭരണാനുമതി സർക്കാരിന്റെ പരിഗണനയിലാണ്.

10-01-2023-ൽ കിഫ്ബി ആസ്ഥാനത്ത് കുട്ടനാട് എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കുട്ടനാട് കുടിവെള്ള പദ്ധതിയിൽ നിലവിൽ അനുവദിക്കപ്പെട്ടിരിക്കുന്ന ഭരണാനുമതിയിൽ ഉൾപ്പെടുത്തി പാക്കേജുകളായി തിരിച്ച് ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു.

ശുദ്ധീകരണശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

(സി) പ്രളയം തടയുന്നതിനായി കുട്ടനാട് പാക്കേജിലുൾപ്പെടുത്തി ജലവിഭവ വകുപ്പ് മുഖേന നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ നിലവിലെ പുരോഗതി അറിയിക്കുമോ?

2018-ലുണ്ടായ അതിരൂക്ഷമായ വെള്ളപ്പൊക്കം കുട്ടനാട്ടിലെ ജനജീവിതത്തെയും സമ്പദ്‌വ്യവസ്ഥയെയും കാർഷിക മേഖലയെയും വലിയ രീതിയിൽ ബാധിക്കുകയുണ്ടായി. കുട്ടനാട്ടിൽ തുടർച്ചയായുണ്ടായ വെള്ളപ്പൊക്കത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കുട്ടനാട്ടിലെ വെള്ളപ്പൊക്ക കെടുതിയെക്കുറിച്ച് വിശദമായി അവലോകനം ചെയ്യുകയുണ്ടായി. കുട്ടനാട്ടിലുണ്ടായ വെള്ളപ്പൊക്കത്തിന്റെ മുഖ്യകാരണം എ.സി. കനാലിന്റെ നിർമ്മാണം പൂർത്തിയാകാത്തതും തോട്ടപ്പള്ളി സ്പിൽവേയുടെ ലീഡിംഗ് ചാനലിലും മറ്റും മണ്ണടിഞ്ഞ് നീരൊഴുക്ക് കുറഞ്ഞതിനാലും പൊഴിമുഖം വേണ്ടത്ര വീതിയില്ലാത്തതിനാലുമാണെന്നും പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം പൂർത്തീകരിക്കാത്തതുമാണെന്നുള്ള വസ്തുതയുടെ

അടിസ്ഥാനത്തിൽ കുട്ടനാട് പാക്കേജ് രണ്ടാംഘട്ടം നടപ്പിലാക്കാൻ തീരുമാനമായി.

2019-20 സാമ്പത്തിക വർഷം മുതൽ പ്ലാൻ സ്കീമിലും നബാർഡ്-ആർ.ഐ.ഡി.എഫ്. സ്കീമിലുമുൾപ്പെടുത്തി കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനും തോടുകളിൽനിന്നും എക്കലും ചെളിയും നീക്കം ചെയ്യുന്നതിനായും ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. 2019-2022 കാലഘട്ടത്തിൽ പ്ലാൻ സ്കീമിലുൾപ്പെടുത്തി 79.40 കോടി രൂപയാണ് കുട്ടനാടിനായി അനുവദിച്ചത്. 122 കി.മീ. നീളത്തിൽ ബണ്ട് ബലപ്പെടുത്തുന്നതിലൂടെ 2660 ഹെക്ടർ കൃഷി സംരക്ഷിക്കാൻ സാധിക്കുന്നതാണ്. കൂടാതെ 29.10 കോടി രൂപയുടെ ഏഴ് പ്രവൃത്തികൾ നബാർഡ് - ആർ.ഐ.ഡി.എഫ്. സ്കീമിലുൾപ്പെടുത്തിയും നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

2022-23-ൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി കുട്ടനാട്ടിൽ നടപ്പിലാക്കുന്ന പ്രവൃത്തികളെക്കുറിച്ചുള്ള വിവരങ്ങൾ താഴെപറയും പ്രകാരമാണ്:

### 1. പ്ലാൻ സ്കീം (Head of Account - 4711-01-103-84, പദ്ധതി വിഹിതം - 33 കോടി)

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022-23 ബഡ്ജറ്റിൽ കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തലിനും അനുബന്ധ നിർമ്മിതികൾക്കും കൂടാതെ തോടുകളിൽ നിന്നും എക്കലും ചെളിയും നീക്കം ചെയ്യുന്നതിനുമായി 33 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 38 പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ചില പ്രവൃത്തികൾക്ക് എഗ്രിമെന്റ് വച്ചു. ബാക്കി പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

**2. നബാർഡ്-ആർ.ഐ.ഡി.എഫ് (Head of Account – 4711-01-103-83, പദ്ധതി വിഹിതം -54 കോടി)**

പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനായി 54 കോടി രൂപയാണ് ഈ പദ്ധതിക്ക് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത്. ഈ തുകയുള്ള എട്ട് പ്രവൃത്തികളുടെ ഡി.പി.ആർ. നബാർഡിന് സമർപ്പിച്ചതിൽ 3221.61 ലക്ഷം രൂപയുള്ള നാല് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**3. പി.എം.കെ.എസ്.വൈ (PMKSY 50% CSS) പദ്ധതി വിഹിതം - 11 കോടി**

കുട്ടനാട് പാക്കേജ് ഒന്നാംഘട്ട പ്രവൃത്തികളുടെ പെൻഡിംഗ് ബിൽ മാറുന്നതിനായാണ് ഈ പദ്ധതിയിൽ 11 കോടി രൂപ

വകയിരുത്തിയിരിക്കുന്നത്. ഈ പദ്ധതിയിൽ പുതിയ പ്രവൃത്തികളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

**4. ബഡ്ജറ്റ് പ്രസംഗം - (വിഹിതം -20 കോടി)**

ബഡ്ജറ്റ് പ്രസംഗത്തിൽ കുട്ടനാടിനായി 20 കോടി രൂപ പ്രഖ്യാപിച്ചുവെങ്കിലും പ്രത്യേക ശീർഷകമൊന്നും അനുവദിച്ചുകിട്ടിയില്ല. 1569.84 ലക്ഷം രൂപയുള്ള 16 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

**റൂം ഫോർ റിവർ പദ്ധതി:**

പമ്പ, അച്ചൻകോവിൽ നദികളുടെ നവീകരണം, തോട്ടപ്പള്ളി സ്പിൽവേ, ലീഡിംഗ് ചാനൽ, ബൈപാസ്സ് കനാലുകളുടെ നവീകരണം, നദിയുടെ വീതിയും ആഴവും വർദ്ധിപ്പിക്കൽ, ഫ്ലഡ് റെഗുലേറ്ററുകളുടെ നിർമ്മാണം, പുലിമുട്ട് നിർമ്മാണം, ഹൈഡ്രോ ഡൈനാമിക് പഠനം, എ.സി. കനാൽ രണ്ടും മൂന്നും റീച്ചുകളുടെ നിർമ്മാണം എന്നിവ ഉൾപ്പെടുന്ന സമഗ്ര പദ്ധതി (റൂം ഫോർ റിവർ)യുടെ ഭാഗമായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) സ്കീമിലുൾപ്പെടുത്തി നടപ്പിലാക്കാവുന്നതാണ്. ഇതിനായി 500 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഹൈഡ്രോഡൈനാമിക് പഠനത്തിനും പ്രോജക്ട് തയ്യാറാക്കുന്നതിനുമായി 4.50 കോടി രൂപ RKI-ൽ വകയിരുത്തിയിട്ടുണ്ട്,

ഹൈഡ്രോ ഡൈനാമിക് പഠനത്തിനായുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് (MoU) 01-03-2021-ൽ ചെന്നൈ ഐ.ഐ.റ്റി.-യുമായി ഒപ്പുവച്ചു. ഫൈനൽ റിപ്പോർട്ട് 04-11-2022-ൽ ലഭ്യമായിട്ടുണ്ട്.

1. ലഘുവായ പരിഹാരങ്ങളും (soft solution)

2. ദൃഢമായ പരിഹാരങ്ങളും (hard solution)

- നദികളിൽ വന്നുചേരുന്ന അരുവികളിൽനിന്നും മാലിന്യങ്ങളും പോളകളും നീക്കംചെയ്യൽ, നദിയോട് ചേർന്നുകിടക്കുന്ന പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തൽ എന്നീ പ്രവൃത്തികളാണ് ലഘുവായ പരിഹാരങ്ങൾ വിഭാവനം ചെയ്യുന്നത്.

- റഗുലേറ്ററുകൾ, പെർഫറേറ്റഡ് ചെക്ക് ഡാമുകൾ പോലുള്ളവയുടെ നിർമ്മാണം എന്നിവയാണ് ദൃഢമായ പരിഹാരങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ലഘുവായ പരിഹാരങ്ങളുടെ 296.26 കോടി രൂപയുടെ പ്രൊപ്പോസൽ 17-11-2022-ൽ ആർ.കെ.ഐ.-ക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് അംഗീകാര പ്രക്രിയയിലാണ്.

**സമഗ്ര ജലവിഭവ മാനേജ്മെന്റ്**

16 (*76) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം പിന്തുടരുന്ന സമഗ്ര ജലവിഭവ മാനേജ്മെന്റിന്റെ ഫലമായി ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും ഭൂജല സംരക്ഷണശേഷി വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കാലാവസ്ഥാ വ്യതിയാനം സൃഷ്ടിച്ചിട്ടുള്ള ജലവിഭവത്തിലെ കുറവ് പരിഹരിക്കുന്നതിന്റെ ഭാഗമായി ജലസംരക്ഷണത്തിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ?

(എ&ബി) സംസ്ഥാനം പിന്തുടരുന്ന സമഗ്ര ജലവിഭവ മാനേജ്മെന്റിന്റെ ഭാഗമായി ഭൂജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ ഭൂജലവിഭവ സമ്പത്തിനെക്കുറിച്ച് സംസ്ഥാന ഭൂജലവകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി പഠനങ്ങൾ നടത്തിവരുന്നു. 2022 മാർച്ചിൽ പ്രസിദ്ധീകരിച്ച ഭൂജല വിഭവ മൂല്യനിർണ്ണയ റിപ്പോർട്ട് പ്രകാരം കേരള സംസ്ഥാനത്തെ ആകെ ഭൂജലസമ്പത്ത് 5.19 ബില്ല്യൺ ക്യൂബിക് മീറ്ററാണ്. 2020 മാർച്ചിലെ പഠന റിപ്പോർട്ട് പ്രകാരം

കേരള ഭൂജലസമ്പത്ത് 5.12 ബില്ല്യൺ ക്യൂബിക് മീറ്ററായിരുന്നു. 2022 മാർച്ചിൽ പ്രസിദ്ധീകരിച്ച പുതിയ റിപ്പോർട്ടുപ്രകാരം 0.07 BCM-ന്റെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

ഭൂജല വകുപ്പ് തുറന്ന കിണർ/കുഴൽക്കിണർ/മഴക്കുഴികൾ വഴിയുള്ള ഭൂജല സംപോഷണം, ചെറിയ തടയണകൾ, അടിയണകൾ, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം എന്നീ പ്രവർത്തനങ്ങൾ വകുപ്പിന്റെ പ്ലാൻ പദ്ധതിയായ 'ഭൂജലസംരക്ഷണവും സംപോഷണവും' മുഖേന നടപ്പിലാക്കിവരുന്നു. കൂടാതെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കിവരുന്ന 'ജൽ ശക്തി അഭിയാൻ'- Catch the rain programme- 2022-ന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ തനത് ഫണ്ട് ഉപയോഗപ്പെടുത്തി വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

കാലവർഷത്തിൽ ലഭിക്കുന്ന മഴ പ്രയോജനപ്പെടുത്തി കുടിവെള്ള സ്രോതസ്സുകൾ ജലസമൃദ്ധമാക്കുകയെന്ന ലക്ഷ്യത്തോടെ 2017-ൽ കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസുകളിൽ തുറന്ന കിണറുകൾക്ക് സമീപം മഴക്കുഴികൾ നിർമ്മിക്കുകയുണ്ടായി. 2016-17-ൽ ശാസ്താംകോട്ട പ്ലാന്റിൽ മഴവെള്ളം സംഭരിക്കാനും നിലവിലുള്ള ഉപയോഗശൂന്യമായ

കിണർ റീചാർജ് ചെയ്ത് ഉപയോഗയോഗ്യമാക്കുകയും ജലലഭ്യതയുള്ള സ്രോതസ്സുകൾക്ക് സമീപം ശാസ്ത്രീയമായ മഴക്കുഴികൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജലഅതോറിറ്റിയുടെ ജലശുദ്ധീകരണ ശാല, ഓഫീസ് കോമ്പൗണ്ട് എന്നിവിടങ്ങളിൽ പരമാവധി വൃക്ഷങ്ങൾ നട്ടും അത് പരിപാലിച്ചും ഭൂഗർഭജലവിതാനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

KRWSA നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതികളുടെ സ്രോതസ്സിന്റെ സുസ്ഥിരത ഉറപ്പുവരുത്താൻ ഭൂഗർഭ ജലപരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ജലസുരക്ഷാ രൂപരേഖ (Water Security Plan) തയ്യാറാക്കിയിട്ടുണ്ട്. അതിൽ നിർദ്ദേശിച്ച ശാസ്ത്രീയമായ നിർദ്ദേശങ്ങളനുസരിച്ച് അതത് സ്രോതസ്സിന് ഭൂമിയുടെ കിടപ്പനുസരിച്ച് സ്രോതസ്സിന്റെ ശേഷി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്ത് വേനൽക്കാലത്തുണ്ടാകാൻ സാധ്യതയുള്ള കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി ജലനിധി പദ്ധതിയിൽ ഭൂഗർഭ ജലപരിപോഷണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിൽ റീചാർജ്, തടയണകൾ (ചെറുതും വലുതും), ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented

Cross Bar), മണ്ണ് ഭിത്തി സംരക്ഷണം, മഴക്കുഴികൾ എന്നിവ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ കുടിവെള്ള സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ സഹായിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന നവകേരളം മിഷനിൽ ഉൾപ്പെട്ട ഹരിത കേരള മിഷൻ ഉപമിഷനായ 'ജലസമൃദ്ധി'-യുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് തലത്തിൽ നീർത്തട പ്ലാനുകളും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നീർത്തട മാസ്റ്റർ പ്ലാനുകളും തയ്യാറാക്കുകയും നീർത്തട പ്ലാനുകളിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ, റിഡ്ജ്-ടു-വാലി (മുകളിൽ നിന്ന് താഴേയ്ക്ക്) സമീപനം സ്വീകരിച്ചുകൊണ്ട് ജലസേചനവകുപ്പ്/പഞ്ചായത്ത് വകുപ്പുകളുടെ മേൽനോട്ടത്തിൽ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ പരിസ്ഥിതി സൗഹൃദവസ്തുക്കൾ ഉപയോഗിച്ച് ചെറുതടയണകൾ നിർമ്മിക്കുക, വലിയ തോടുകളിൽ ചരിവ് കണക്കാക്കി അടുത്തടുത്തായി തടയണകൾ നിർമ്മിക്കുക, കയർഭൂവസ്ത്രം ഉപയോഗിച്ച് ബണ്ടുകൾ ബലപ്പെടുത്തി പുല്ലുവച്ച് പിടിപ്പിച്ച് മണ്ണൊലിപ്പ് തടയുക തുടങ്ങിയ പ്രവർത്തനങ്ങൾ മുഖേന ജലസംരക്ഷണം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിലുറപ്പ് പദ്ധതി, വിവിധ വകുപ്പുകൾ/ഏജൻസികൾ എന്നിവ സംയുക്തമായും തനതായും

തോടുകളുടെയും നദികളുടെയും നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്. കൂടാതെ ജനകീയമായും ഇത്തരം പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. ഇതിലൂടെ ഉപരിതല ജലസ്രോതസ്സിന്റെ ശുചീകരണം, സംരക്ഷണം എന്നതോടൊപ്പം ഭൂജലപോഷണവും സാധ്യമാക്കിയിട്ടുണ്ട്. ജലസേചന വകുപ്പും ലഭ്യമായ ഫണ്ടുപയോഗിച്ച് പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട പഞ്ചായത്തിലെ ജലസമൃദ്ധി പദ്ധതി, പുഴയൊഴുകും മാണിക്കൽ (ongoing) ഇവയൊക്കെ ഉദാഹരണമാണ്.

(സി) സമഗ്ര ജലവിഭവ മാനേജ്മെന്റിന്റെ ഭാഗമായി പുഴകളെ ജലസംഭരണികളാക്കി മാറ്റുന്നതിനും മലിനീകരണം തടയുന്നതിനും പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നദികളിൽ ലഭ്യമാകുന്ന ജലം കൂടുതൽ കാലം നിലനിർത്തുന്നതിനും ആവർത്തിച്ചുണ്ടാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ തടയണകൾ, റെഗുലേറ്ററുകൾ എന്നിവ വഴി നദികളെത്തന്നെ ജലസംഭരണികളാക്കിമാറ്റി കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുന്നതിനുമുള്ള സമീപനമാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത്. ഉപ്പുവെള്ളം, ഓരുവെള്ളം എന്നിവ കയറുന്നത് നിയന്ത്രിക്കുന്നതിനും വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും

അതുവഴി കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും ഇത് ഉപകാരപ്രദമാണ്. കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകൾ മലിനപ്പെടാതിരിക്കുന്നതിന് സ്രോതസ്സുകൾക്ക് സമീപം മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും സ്രോതസ്സുകളുടെ ഇൻടേക്/ഗ്യാലറി/കിണർ എന്നിവയിൽ അടിഞ്ഞുകൂടുന്ന ചെളിയും മാലിന്യങ്ങളും കാലാകാലങ്ങളിൽ നീക്കം ചെയ്തും കമ്പിവേലികൾ കെട്ടിയും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും ജലസംരക്ഷണത്തിനായി പോസ്റ്ററുകൾ പതിപ്പിച്ചും വൈദ്യുതി വിളക്കുകൾ സ്ഥാപിച്ചും പായലുകൾ നീക്കം ചെയ്തും മലിനീകരണം തടഞ്ഞ് ഗുണനിലവാരം ഉറപ്പാക്കുന്നു.

നദികളിൽ ആവശ്യാനുസരണം ജലസംഭരണ പ്രവർത്തനങ്ങൾക്കുതകുന്ന വിവിധ ഘടനകളായ ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ എന്നിവ ഇറിഗേഷൻ വകുപ്പ് വിഭാവനം ചെയ്യുകയും നിർമ്മിക്കുകയും ചെയ്യുന്നുണ്ട്. ഇതുവഴി നദികളെ ചെറുസംഭരണികളായി പരിണമിപ്പിക്കുവാൻ കഴിയുന്നതും ജലലഭ്യത വർദ്ധിപ്പിക്കുവാനും ഭൂജല പോഷണത്തിനും സാധ്യമാകുന്നതുമാണ്.

(ഡി) സംസ്ഥാനത്ത് ലഭിക്കുന്ന മഴവെള്ളം പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് മണ്ണിന്റെ ജലസംരക്ഷണശേഷി

വർദ്ധിപ്പിക്കുന്നതിന് സമഗ്ര പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

KRWSA മുഖേന സംസ്ഥാന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുരപ്പുറ മഴവെള്ള സംഭരണവും ഭൂജല പരിപോഷണവും തുറന്ന കിണർ പരിപോഷണ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി കുടിവെള്ളക്ഷാമം നേരിടുന്ന ഗ്രാമപഞ്ചായത്തുകളെ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുകയും വ്യക്തിഗത കുടുംബങ്ങൾക്ക് 10000 ലിറ്റർ സംഭരണശേഷിയുള്ള ഫെറോ സിമന്റ് ടാങ്കുകൾ നിർമ്മിച്ച് മഴവെള്ളം സംഭരിച്ച് ജലദൗർലഭ്യം നേരിടുന്ന അവസരങ്ങളിൽ ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും ഭൂജല പരിപോഷണത്തിലൂടെ കിണറുകളുടെ ഉറവ ദീർഘകാലം നിലനിർത്തി ജലക്ഷാമത്തിന് ഒരുപരിധിവരെ പരിഹാരം കണ്ടെത്താനുമുള്ള പ്രവൃത്തികൾ നടപ്പാക്കുന്നുണ്ട്. വ്യക്തിഗത കുടുംബങ്ങളിൽ നിലവിലുള്ള തുറന്ന കിണറുകൾ പുരപ്പുറ മഴവെള്ളം ശേഖരിച്ച് റീചാർജ്ജ് ചെയ്യുന്നതിനും മഴക്കുഴികൾ നിർമ്മിച്ച് ഭൂജല പരിപോഷണത്തിനുമാവശ്യമായ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 785 മഴവെള്ള സംഭരണികളുടെ

നിർമ്മാണവും 531 തുറന്ന കിണറുകളെ ജലപരിപോഷണം നടത്തി സുരക്ഷിതമായ കുടിവെള്ള സ്രോതസ്സുകളാക്കി മാറ്റുന്ന പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്ര വികസനം

17 (*77) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദുരിതമനുഭവിക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളെ കണ്ടെത്തി മൈക്രോ പ്ലാനിംഗിലൂടെ അവരുടെ സാമൂഹിക പുനരധിവാസവും സാമ്പത്തിക ശാക്തീകരണവും ഉറപ്പാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുവേണ്ടി കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ ഓരോ കുടുംബത്തിനും

അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് “ HOME” (Household Oriented Micro planning for Empowerment). ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ അതിദാരിദ്ര്യ പട്ടികയിലുൾപ്പെട്ട ദുർബ്ബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും രണ്ടാംഘട്ടത്തിൽ ശേഷിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ ദുർബ്ബല വിഭാഗങ്ങളുടെയും മൂന്നാംഘട്ടത്തിൽ മറ്റ് പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെയും വിവരശേഖരണം നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. നിലവിൽ പട്ടികജാതിയിലെ അതിദുർബ്ബല വിഭാഗങ്ങളായിട്ടുള്ള അരുന്ധതിയാർ, ചക്ലിയൻ, നായാടി, കള്ളാടി, വേടൻ എന്നീ അഞ്ച് ഉപജാതി വിഭാഗങ്ങളുടെ സർവ്വേയും കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിനുമായി അനുമതി നൽകിയിട്ടുണ്ട്. ടി കുടുംബങ്ങളുടെ സാമൂഹ്യ പുനരധിവാസവും സാമ്പത്തിക ശാക്തീകരണവും ഉറപ്പാക്കി മുഖ്യധാരയിലെത്തിക്കുന്നതിന് നിലവിൽ പട്ടികജാതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽനിന്നും അനുയോജ്യമായ പദ്ധതികൾ തെരഞ്ഞെടുത്ത് നൽകുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. കൃഷിഭൂമി വാങ്ങുന്നതിനും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും ധനസഹായം

അനുവദിക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ദുർബ്ബല വിഭാഗങ്ങൾക്ക് കൃഷിഭൂമി വാങ്ങുന്നതിനായി പത്ത് ലക്ഷം രൂപയും ഗ്രൂപ്പ് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് അഞ്ച് ലക്ഷം രൂപയും വ്യക്തിഗത സ്വയംതൊഴിൽ സംരംഭങ്ങൾക്ക് മൂന്ന് ലക്ഷം രൂപയും നൽകി സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിന് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരുടെ സമഗ്ര വികസനത്തിനും ക്ഷേമത്തിനും പൊതുജന പങ്കാളിത്തത്തോടെ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പട്ടിക വിഭാഗം കുടുംബങ്ങളുടെ സമഗ്രവും സുസ്ഥിരവുമായ വികസനം ലക്ഷ്യമാക്കി ആവിഷ്കരിക്കുന്ന പദ്ധതിയാണ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം. ഓരോ പ്രദേശത്തും നിവസിക്കുന്ന കുടുംബങ്ങളെ ഒരു യൂണിറ്റായിക്കണ്ട് അവരുടെ ആവശ്യങ്ങളും പ്രശ്നങ്ങളും നേരിൽ സന്ദർശിച്ച് മനസ്സിലാക്കുകയും അത് പരിഹരിക്കുന്നതിന് ജനപ്രതിനിധികളുടെ സഹായത്തോടെ ജനകീയ കൂട്ടായ്മകൾ രൂപീകരിക്കുകയും ഇവരുടെ കൂടി പങ്കാളിത്തത്തോടെ പദ്ധതികൾ തയ്യാറാക്കാനും നടപ്പിലാക്കാനുമുള്ള ഉദ്യമമാണ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോഗ്രാം. കുട്ടികളിൽ വിദ്യാഭ്യാസ

ഉന്നമനം സാധ്യമാകുംവിധത്തിലുള്ള പഠന പിന്തുണ പദ്ധതികൾ, യുവാക്കൾക്കായി ഉയർന്ന ജോലികൾ പ്രാപ്തമാക്കുന്നതിനുള്ള കരിയർ ഗൈഡൻസ്, പരീക്ഷാ പരിശീലനങ്ങൾ, തൊഴിൽ പരിശീലനങ്ങൾ, സംരംഭകത്വ പരിശീലനം എന്നിങ്ങനെ യുവജന വിദ്യാർത്ഥി കേന്ദ്രീകൃതമായ പദ്ധതികൾക്കൊപ്പം ജീവിത നൈപുണികൾ ആർജ്ജിക്കുന്നതിനും വിദ്യാർത്ഥികളിൽ നേതൃത്വശേഷി വർദ്ധിപ്പിക്കുന്നതിനുമുതകുന്ന സോഫ്റ്റ് സ്കിൽ പരിശീലന പദ്ധതികളും നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

ഓരോ പ്രദേശത്തെയും ജനപ്രതിനിധികൾക്കൊപ്പംതന്നെ അതത് പ്രദേശത്തെ വിദ്യാസമ്പന്നരായ വ്യക്തികൾ, അദ്ധ്യാപകർ, സർക്കാർ, സർക്കാരിതര മേഖലയിൽ ജോലി ചെയ്യുന്നവർ, വിരമിച്ചവർ എന്നിങ്ങനെ സന്നദ്ധ പ്രവർത്തനം നടത്താൻ കഴിയുന്ന വ്യക്തികളെ കോർത്തിണക്കി അവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ വരുംതലമുറയെ പാകപ്പെടുത്തി പുതിയ ലോകക്രമത്തിനനുസൃതമായ കാഴ്ചപ്പാടുകൾ വളർത്തിയെടുക്കുന്നു. വകുപ്പിന്റെയും ഇതര സർക്കാർ സംവിധാനങ്ങളുടെയും പദ്ധതികളെയും ക്ഷേമപ്രവർത്തനങ്ങളെയും കോർത്തിണക്കി ഒരു പ്രദേശത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സമഗ്രമായ കാഴ്ചപ്പാടും ലക്ഷ്യംവയ്ക്കുന്നു.

സേവ് ക്ലബ്ബുകൾ, കുടുംബശ്രീ സംവിധാനങ്ങൾ എന്നിവയെ ഉപയോഗപ്പെടുത്തി സാമൂഹ്യ മുന്നേറ്റവും ഇതിലൂടെ സാധ്യമാകുന്നു. ആദ്യഘട്ടത്തിൽ വകുപ്പ് നടത്തുന്ന ഡിജിറ്റൽ സർവ്വേ പ്രകാരമുള്ള വിവര ശേഖരണം, അതിലെ കണ്ടെത്തലുകൾ എന്നിവ ഉപയോഗപ്പെടുത്തുകയും വിവിധ വികസന സംവിധാനങ്ങളെയും സന്നദ്ധ സംഘടനകളുടെ സേവനങ്ങളെയും കോർത്തിണക്കുന്ന തരത്തിൽ കർമ്മപദ്ധതി ആസൂത്രണം ചെയ്യുകയും ചെയ്യുന്നു. ഓരോ പ്രദേശത്തെയും കുടുംബങ്ങളുടെയും വ്യക്തികളുടെയും പോസിറ്റീവായ വളർച്ചയ്ക്കും വികസനത്തിനും പങ്കാളിത്താധിഷ്ഠിതമായി നടപ്പിലാക്കുന്ന പദ്ധതി സംബന്ധിച്ച് വിപുലമായ രൂപരേഖ തയ്യാറാക്കിവരികയാണ്.

(സി) ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭൂമിയും വീടും അനുവദിക്കുന്ന പദ്ധതിയിൽ കൈവരിച്ച നേട്ടം അറിയിക്കാമോ?

ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം 4020-ഉം 2022-23 സാമ്പത്തിക വർഷം (31-12-2022 വരെ) 2679-ഉം പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്.

നിലവിൽ ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കിവരുന്നത് ലൈഫ് മിഷൻ മുഖേനയാണ്. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വകുപ്പ് ഭൂമി അനുവദിക്കുന്നതിന് പുറമേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരവും ഭൂമി അനുവദിക്കുന്നുണ്ട്. ഇപ്രകാരം ഭൂമി ആർജ്ജിക്കുന്നവർക്ക് ലൈഫ് മിഷൻ മൂന്നാംഘട്ടം പ്രകാരം വീട് അനുവദിക്കുന്നുണ്ട്. ലൈഫ് മിഷൻ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട് ഭൂമി ആർജ്ജിച്ച 6543 പേർക്ക് വീട് അനുവദിച്ചതിൽ 4362 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചു. ആയതിനുപുറമേ വകുപ്പ് നൽകിയ ലിസ്റ്റ് പ്രകാരം ഭൂമി ആർജ്ജിച്ചവരിൽ 1559 പേർക്ക് വീട് അനുവദിച്ചതിൽ 357 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ആകെ മൂന്നാംഘട്ടത്തിൽ 8102 പേർക്ക് വീട് അനുവദിക്കുകയും 4719 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്തുവരുന്നു. കൂടാതെ വനാവകാശ നിയമ പ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖയും നൽകുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 198

പേർക്ക് 38.01 ഏക്കർ ഭൂമിയും നിക്ഷിപ്ത വനഭൂമി വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം 80 പേർക്ക് 15.20 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വനാവകാശ നിയമ പ്രകാരം 1369 പേർക്ക് 1699.04 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖയും നൽകിയിട്ടുണ്ട്. ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കുന്ന പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ 256 പേരെ ഭവനനിർമ്മാണത്തിനുള്ള ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്. ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭൂമി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കിവരികയാണ്.

## ശബരിമലയിലെ അരവണ നിർമ്മാണത്തിലുണ്ടായ അപാകത പരിഹരിക്കാൻ നടപടി

18 (*78) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ അരവണ നിർമ്മാണത്തിന് ഭക്ഷ്യയോഗ്യമല്ലാത്ത ഏലയ്ക്ക ഉപയോഗിച്ച സംഭവത്തെത്തുടർന്ന് അരവണ നിർമ്മാണം നിർത്തിവയ്ക്കാൻ ഹൈക്കോടതി ഉത്തരവിട്ടിരുന്നോ?

ഉത്തരവിട്ടിരുന്നു.

(ബി) അരവണ നിർമ്മിക്കാനുപയോഗിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ബോർഡ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) അരവണയിൽ ഭക്ഷ്യയോഗ്യമല്ലാത്ത സാധനങ്ങൾ ഉപയോഗിക്കുന്ന സാഹചര്യം തടയാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) അരവണ നിർമ്മിക്കാനുപയോഗിക്കുന്ന സാധനങ്ങളുടെ ടെൻഡറുകൾ ക്ഷണിക്കുന്ന വേളയിൽത്തന്നെ ആയതിന്റെ സാമ്പിളുകൾ ലഭ്യമാക്കി തിരുവനന്തപുരത്തെ ഫുഡ് സേഫ്റ്റി അനലിറ്റിക്കൽ ലാബിൽ പരിശോധിച്ച് ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പുവരുത്തിയശേഷം മാത്രമാണ് ടി സാധനങ്ങളുടെ ടെൻഡറുകൾ അംഗീകരിച്ച് നൽകുന്നത്. തുടർന്ന് സാധനങ്ങൾ ശബരിമലയിൽ എത്തിക്കുന്നതിനുമുമ്പ് ഫുഡ് സേഫ്റ്റിയുടെ പമ്പയിലെ ലാബിൽ പരിശോധിച്ച് ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പാക്കിയതിന് ശേഷമേ അരവണ നിർമ്മാണത്തിനായി

ശബരിമലയിലേയ്ക്ക് എത്തിക്കാറുള്ളൂ. അപ്രകാരം പരിശോധിക്കുന്ന സാധനങ്ങൾ മാത്രമേ അരവണ നിർമ്മാണത്തിനായി ഉപയോഗിക്കുന്നുള്ളൂ.

(ഡി) പ്രസ്തുത സംഭവത്തിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്നും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

ദേവസ്വം വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണം നടന്നുവരുന്നു. വിശദമായ അന്വേഷണ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

**ഇക്കോ സെൻസിറ്റീവ് സോൺ**

19 (*79) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റിലുമുള്ള പന്ത്രണ്ട് കിലോമീറ്റർ വരെയുള്ള ദൂരപരിധി പരിസ്ഥിതി സംവേദക മേഖലയാക്കണമെന്ന 2011-16-ലെ സർക്കാർ തീരുമാനത്തോട് ഈ സർക്കാരും കഴിഞ്ഞ സർക്കാരും അനുകൂല തീരുമാനം

എടുത്തിരുന്നോയെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുമ്പോൾ വനപ്രദേശത്തിന് പുറത്തുള്ള ജനവാസകേന്ദ്രങ്ങൾ പൂർണ്ണമായും ഒഴിവാക്കി സംരക്ഷിത മേഖലകൾക്ക് ചുറ്റും 0-12 കി.മീ. പാരിസ്ഥിതിക സംവേദക മേഖലയായി (ഇക്കോ സെൻസിറ്റീവ് സോൺ) വിജ്ഞാപനം ചെയ്യാനുള്ള 2011-16-ലെ സർക്കാർ തീരുമാനപ്രകാരമുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി 13-05-2013-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. പ്രസ്തുത പ്രൊപ്പോസലുകളിൽ 11 എണ്ണത്തിൽ കൃത്യമായ കളർ കോഡിലുള്ള ഭൂപടങ്ങൾ ഉൾപ്പെടുത്തി വീണ്ടും സമർപ്പിക്കുന്നതിന് 12-07-2017-ലെ കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിക്കുകയും അപ്രകാരം പ്രൊപ്പോസലുകളിൽ ഭേദഗതി വരുത്തി തയ്യാറാക്കി വരവെ അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് അന്നുനിലവിലുണ്ടായിരുന്ന നിശ്ചിത സമയപരിധിയായ 545 ദിവസങ്ങൾ കഴിഞ്ഞതിനാൽ ടി പ്രൊപ്പോസലുകൾ റദ്ദാവുകയും ചെയ്തു.

ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുമ്പോൾ പൂർണ്ണമായും വനപ്രദേശങ്ങൾ മാത്രം ഉൾപ്പെടുത്തുന്നത് ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ ഈ കാര്യം പിന്നീട് സർക്കാർ പുനഃപരിശോധിക്കുകയും സംസ്ഥാനത്ത് പ്രളയമുൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളിൽ വിലപ്പെട്ട മനുഷ്യജീവൻ നഷ്ടപ്പെടുന്നതുകൂടി കണക്കിലെടുത്തുകൊണ്ട് സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോൺ 0 മുതൽ 1 കി.മീ. ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് കഴിഞ്ഞ സർക്കാർ തീരുമാനിച്ച പ്രകാരം 31-10-2019-ലെ സ.ഉ.(കൈ) നം.29/2019/വനം പ്രകാരം അംഗീകാരം നൽകുകയും ചെയ്തു. എന്നാൽ ഇപ്രകാരം ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച കരട് നിർദ്ദേശങ്ങൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിൽ ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിനായി 28-09-2020-ൽ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയും ഇക്കോ സെൻസിറ്റീവ് സോണിൽനിന്നും ജനവാസ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/ പൊതുസ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും ഒഴിവാക്കിക്കൊണ്ട് കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര വനം-

പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. ടി തീരുമാനത്തിന്റെ വെളിച്ചത്തിൽ ജനവാസമേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/ പൊതുസ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളെയും പരമാവധി ഒഴിവാക്കിക്കൊണ്ടാണ് കരട് ഭേദഗതി നിർദ്ദേശം കേന്ദ്ര സർക്കാരിലേയ്ക്ക് വീണ്ടും സമർപ്പിച്ചിട്ടുള്ളത്.

വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിക്കുമ്പോൾ ജനവാസ മേഖല പൂർണ്ണമായും ഒഴിവാക്കണമെന്ന നിലപാടാണ് സർക്കാരിനുള്ളത്.

(ബി) ഉപഗ്രഹ സർവ്വേയിലെ വിവരങ്ങൾ സംബന്ധിച്ച ജനങ്ങളുടെ പരാതികളിന്മേൽ ഫീൽഡ് സർവ്വേയിലൂടെ വ്യക്തത വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC) നടത്തിയ ഉപഗ്രഹ സർവ്വേയുടെ കരട് പഠന റിപ്പോർട്ട് അവതരിപ്പിച്ചു. ആയതിന്മേലുള്ള വിശദമായ ചർച്ചകളെത്തുടർന്ന് ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമേ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ

വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിനായി 30-09-2022-ലെ സ.ഉ.(സാധാ)നം.424/2022/വനം പ്രകാരം ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ധ സമിതിയും സാങ്കേതിക വിദഗ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു. വിദഗ്ധ പരിശോധന സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഉപഗ്രഹ സർവ്വേ സംബന്ധിച്ച് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ പഞ്ചായത്ത്/വില്ലേജുതല സർവ്വേ നമ്പർ ഉൾപ്പെടെയുള്ള നിർമ്മിതികളുടെ വിവരങ്ങളും ഭൂപടങ്ങളും സഹിതമുള്ള സംക്ഷിപ്ത രൂപവും ജനവാസ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/ പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളും ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ/ നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു.

പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച പരാതികളുണ്ടെങ്കിൽ ആയത് ജനവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ഫീൽഡുതല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ് മുഖേന വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വനം വകുപ്പിൽനിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ച 63615 പരാതികളിൽ 62640 പരാതികൾക്ക് 02-02-2023 വരെ പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിന്റെ (KSREC) അസറ്റ് മാപ്പർ ആപ് മുഖേന ഇതിനകം 79193 അസറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്. ഇപ്രകാരം ഉപഗ്രഹ സർവ്വേയിലെ വിവരങ്ങൾ സംബന്ധിച്ച് ജനങ്ങൾക്കുണ്ടായ പരാതികളിന്മേൽ വ്യക്തത വരുത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കാൻ ഭൗതിക സ്ഥലപരിശോധനയിലൂടെ കഴിഞ്ഞിട്ടുണ്ട്.

(സി) പൊതുജന താല്പര്യം കണക്കിലെടുത്ത് കേസിൽ കക്ഷിചേരാനുള്ള സർക്കാർ തീരുമാനം സുപ്രീംകോടതി അംഗീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച മോഡിഫിക്കേഷൻ ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷിചേരുന്നതിനുള്ള അപേക്ഷ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

(ഡി) ഇതുസംബന്ധിച്ച് ജനങ്ങളുടെ ആശങ്കയകറ്റാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വനം

വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേനിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽനിന്നും ജനവാസ മേഖലകളെയും കൃഷിയിടങ്ങളെയും പൊതുസ്ഥാപനങ്ങളെയും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C)202/1995 കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും 10-08-2022-ലെ സർക്കാർ ഉത്തരവ് നമ്പർ 44/2022/വനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 08-06-2022-ലും 05-07-2022-ലും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-06-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി

ചർച്ച ചെയ്യുകയും പുനഃപരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം.25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ആയതിൽ സംസ്ഥാനത്തുനിന്ന് ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനായാണ് അപേക്ഷിച്ചിട്ടുള്ളത്.

## സമുദ്രോല്പന്ന കയറ്റുമതിയിൽ വന്ന കുറവ് പരിഹരിക്കാൻ നടപടി

20 (*80) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) ആഗോള സാമ്പത്തിക, വാണിജ്യ മേഖലകളിലെ തകർച്ച കാരണം ഇന്ത്യയുടെ സമുദ്രോല്പന്ന കയറ്റുമതിയിലുണ്ടായിട്ടുള്ള ഇടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2022-23 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ 2021-22-നെ അപേക്ഷിച്ച്

2.75% വർദ്ധനവാണ് കയറ്റുമതി മൂല്യത്തിൽ കാണുന്നത്. പട്ടിക ചുവടെ ചേർക്കുന്നു:

| 2021-22 ഏപ്രിൽ മുതൽ ഡിസംബർ വരെ | 2022-23 ഏപ്രിൽ മുതൽ ഡിസംബർ വരെ | വളർച്ച (ശതമാനത്തിൽ) |
|---|---|---|
| 6109.52 (മില്യൺ യു.എസ്. ഡോളർ) | 6277.71 (മില്യൺ യു.എസ്. ഡോളർ) | 2.75 |

(ബി) ഇന്ത്യയുടെ സമുദ്രോല്പന്ന കയറ്റുമതിയിലുണ്ടായിട്ടുള്ള ഇടിവ് കേരളത്തിന്റെ മത്സ്യബന്ധന മേഖലയെ ഏതെല്ലാം വിധത്തിൽ ബാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

2020-21 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2021-22-ൽ കേരളത്തിൽനിന്നുള്ള സമുദ്രോല്പന്ന കയറ്റുമതിയിലും കയറ്റുമതി മൂല്യത്തിലും വർദ്ധനവാണുണ്ടായിട്ടുള്ളത്. എന്നാൽ യൂണിറ്റ് വാല്യൂ റിയലൈസേഷൻ പരിഗണിക്കുമ്പോൾ ഡിസംബർ 2022 വരെയുള്ള കാലയളവിൽ ഡിസംബർ 2021 വരെയുള്ള കാലയളവിനേക്കാൾ നേരിയ കുറവ് കാണുന്നുണ്ട്. വിദേശത്തുനിന്നുള്ള സമുദ്രോല്പന്നങ്ങളുടെ ഓർഡറിലുണ്ടായ കുറവായിരിക്കാം ഇതിന് കാരണമെന്ന് കണക്കാക്കുന്നു. എങ്കിലും 2020-21 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് കയറ്റുമതിയുടെ അളവിലും മൂല്യത്തിലും വർദ്ധനവ് തന്നെയാണുള്ളത്. ഈ വർഷം കേരളത്തിൽ മത്സ്യബന്ധനത്തിലൂടെ ലഭിച്ച

മത്സ്യത്തിന്റെ അളവ് കൂടുതലായിരുന്നുവെങ്കിലും കയറ്റുമതിയിലൂടെ വലിയ തോതിലുള്ള നേട്ടങ്ങളുണ്ടാക്കാൻ സാധിച്ചിട്ടില്ല. ചൈനയിലേയ്ക്കുള്ള സമുദ്രോല്പന്നങ്ങളുടെ കയറ്റുമതിയിൽ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ഇത് ചെറുകിട മത്സ്യസംസ്കരണ ശാലകളെയും മത്സ്യത്തൊഴിലാളി മേഖലയെയും നേരിയ തോതിലെങ്കിലും ബാധിച്ചിട്ടുണ്ട്.

(സി) ഇന്ത്യയുടെ ആകെ സമുദ്രോല്പന്ന കയറ്റുമതിയുടെ ഒൻപത് ശതമാനം കൈകാര്യം ചെയ്യുന്ന കേരളത്തിന് പുതിയ ഓർഡറുകൾ ലഭിക്കുന്നതിന് ഇതുമൂലം കുറവ് വന്നിട്ടുണ്ടോ; എങ്കിൽ ഇത് ചെറുകിട മത്സ്യ സംസ്കരണശാലകളെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരളത്തിനും പുതിയ ഓർഡറുകളുടെ ലഭ്യതയിൽ കുറവുണ്ടായിട്ടുണ്ട്. ഇത് മത്സ്യോല്പന്ന കയറ്റുമതിയിൽ ഏർപ്പെട്ടിരിക്കുന്നവരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത് ചെറുകിട മത്സ്യസംഭരണശാലകളെ ബാധിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ സമുദ്രോല്പന്നങ്ങളുടെ പ്രധാന ഉപഭോക്താക്കളായ ചൈന, യു.എസ്. എന്നീ രാജ്യങ്ങളിലേയ്ക്കുള്ള കയറ്റുമതിയിൽവന്ന കുറവ് പരിഹരിക്കുന്നതിനായി പുതിയ വിപണി കണ്ടെത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

മുൻവർഷത്തെ അപേക്ഷിച്ച് 2022-23 സാമ്പത്തിക വർഷത്തിലെ ഏപ്രിൽ മുതൽ ഡിസംബർ വരെയുള്ള കാലയളവിൽ ചൈനയിലേയ്ക്കുള്ള കയറ്റുമതി മൂല്യത്തിൽ 26% വർദ്ധനവും യു.എസ്.-ലേയ്ക്കുള്ള കയറ്റുമതി മൂല്യത്തിൽ 22% കുറവുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പട്ടിക താഴെ ചേർക്കുന്നു.

| **രാജ്യം** | **മൂല്യം (മില്യൺ യു.എസ്. ഡോളറിൽ)** | | **വളർച്ച (%)** |
|---|---|---|---|
| | **2021-22 ഏപ്രിൽ മുതൽ ഡിസംബർ വരെ** | **2022-23 ഏപ്രിൽ മുതൽ ഡിസംബർ വരെ (പ്രൊവിഷണൽ)** | |
| ചൈന | 903 | 1141 | 26 |
| യു.എസ്.എ. | 2691 | 2080 | -22 |

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംഘവും നടത്തിയ യൂറോപ്പ് സന്ദർശനത്തെത്തുടർന്ന് സമുദ്രോല്പന്ന കയറ്റുമതിയിൽ മുൻപന്തിയിലുള്ള നോർവേ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് പഠിക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് പ്രസ്തുത രാജ്യങ്ങളിലെ വിദഗ്ധരായ ഉദ്യോഗസ്ഥരെ കേരളത്തിലേയ്ക്ക് ക്ഷണിക്കുകയും വിവിധ ഘട്ടങ്ങളിലായി വിശദമായ ചർച്ചകൾ നടത്തുകയുമുണ്ടായി. ഇതേ തുടർന്ന് നോർവേ മാതൃകയിൽ ഒരു സീഫുഡ് ഇന്നൊവേഷൻ കൗൺസിൽ

രൂപീകരിക്കുന്നതിന്റെ സാധ്യത പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു ഫിഷറീസ് ഇന്നൊവേഷൻ കൗൺസിൽ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുമുണ്ട്. ഇതിനായി 2023-24 സാമ്പത്തിക വർഷത്തിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റി (MPEDA) വിവിധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**വന്യജീവികളുടെ എണ്ണം വർദ്ധിക്കുന്നത് നിയന്ത്രിക്കാൻ നടപടി**

21 (*81) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ?

വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടില്ല.

(ബി) ജനവാസ മേഖലയിലേയ്ക്ക് വന്യമൃഗങ്ങൾ കടന്നുവരുന്നതിന്റെ കാരണം അവയുടെ എണ്ണം വർദ്ധിക്കുന്നതാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

വനത്തിനുള്ളിലെ അനിയന്ത്രിതമായ കാലിമേച്ചിൽ, സെന്ന പോലുള്ള അധിനിവേശ സസ്യങ്ങളുടെ വ്യാപനം തുടങ്ങിയവ വനത്തിന്റെ ആവാസ വ്യവസ്ഥയുടെ സന്തുലിതാവസ്ഥയെ തകിടം മറിക്കുന്നതും വന്യജീവികൾ കാട്ടിൽനിന്നും നാട്ടിലേയ്ക്കിറങ്ങുന്നതിന് ഒരു പരിധിവരെ കാരണമാകുന്നതുമാണ്.

(സി) എങ്കിൽ വന്യജീവികളുടെ എണ്ണം വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

വന്യജീവികളുടെ എണ്ണം നിയന്ത്രിക്കുന്നതിനായി പദ്ധതികളൊന്നും ഇതുവരെ ആവിഷ്കരിച്ചിട്ടില്ല.

## ശബരിമല വികസനത്തിന് അനുവദിച്ച കേന്ദ്ര ഫണ്ടിന്റെ വിനിയോഗം

22 (*82) ശ്രീ. സി. ആർ. മഹേഷ്:
ശ്രീമതി ഉമ തോമസ്:
ശ്രീ. ടി. ജെ. വിനോദ്:

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ തീർത്ഥാടന ടൂറിസം പദ്ധതിയിൽ ശബരിമല വികസനത്തിനായി 100 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിരുന്നോയെന്ന് വിശദമാക്കാമോ?

ശബരിമല വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാന ടൂറിസം വകുപ്പ് ഡയറക്ടർ മുഖേന ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതിക്ക് 99.98 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം ലഭിച്ചിരുന്നു.

(ബി) ആയതിൽ നാളിതുവരെ 20 കോടി രൂപയുടെ പദ്ധതിക്ക് മാത്രമാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി അനുമതി വാങ്ങിയത് എന്നത് വസ്തുതയാണോ; വിശദമാക്കാമോ?

അനുവദിച്ച തുകയിൽനിന്ന് ആർക്കിടെക്ചറൽ കൺസൾട്ടൻസി ഫീസ് കഴിച്ചുള്ള തുകയുടെ 20% ആദ്യഗഡുവായി താഴെപ്പറയുന്ന

പദ്ധതികളിലെ വിവിധ ഇനങ്ങൾ നടപ്പിലാക്കാനായി ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതിക്ക് നൽകിയിരുന്നു.

| | |
|---|---|
| ശബരിമല വികസനം - ശബരിമല-എരുമേലി-പമ്പ-സന്നിധാനം | **19,61,69,400/-** (പത്തൊൻപത് കോടി അറുപത്തിയൊന്ന് ലക്ഷത്തി അറുപത്തിഒൻപതിനായിരത്തി നാന്നൂറ് രൂപ മാത്രം) |
| ശ്രീപത്മനാഭസ്വാമി - ആറന്മുള - ശബരിമല | **1,23,60,000/-** (ഒരു കോടി ഇരുപത്തിമൂന്ന് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) |
| **ആകെ** | **20,85,29,400/-** (ഇരുപത് കോടി എൺപത്തിയഞ്ച് ലക്ഷത്തി ഇരുപത്തിഒൻപതിനായിരത്തി നാന്നൂറ് രൂപ മാത്രം) |

ടി 20.85 കോടി രൂപയും ചെലവഴിക്കുകയും ആയതിന്റെ ഉപയോഗ സാക്ഷ്യപത്രം (Utilization Certificate) ടൂറിസം വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 12.35 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചുകഴിഞ്ഞു. 3.94 കോടി രൂപയുടെ പ്രവൃത്തികൾ രണ്ട് മാസത്തിനകം പൂർത്തിയാകും.

(സി) പ്രസ്തുത പദ്ധതിയുടെ കാലാവധി അവസാനിക്കുന്നതിനുമുൻപ് ശേഷിക്കുന്ന തുക നഷ്ടമാകാതിരിക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ശബരിമല വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെയെല്ലാം വിശദമായ പദ്ധതിരേഖയും അടങ്കലും തയ്യാറാക്കിയത് കേന്ദ്ര ടൂറിസം മന്ത്രാലയം നിയോഗിച്ച രഘുരാമൻ അസോസിയേറ്റ്സ്, ചെന്നൈ ആണ്. ശബരിമലപോലെയുള്ള ഒരു വനപ്രദേശത്തിലെ ഭൂമിയുടെ കിടപ്പും ഘടനയും നോക്കാതെയാണ് പ്രസ്തുത ആർക്കിടെക്ട് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത്. ലഭിച്ചിട്ടുള്ള പദ്ധതിരേഖയും അടങ്കലും (DPR & Cost Estimate) വച്ച് മുൻഗണനാക്രമത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്കുകൾ ചെയ്യുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചപ്പോൾ പല വർക്കുകളും ചെയ്യാൻ കഴിയാത്ത സ്ഥിതിവന്നു. വനം വകുപ്പ് തിരുവിതാംകൂർ ദേവസ്വം ബോർഡിന് വിട്ടുനൽകാത്ത സ്ഥലത്തും നിർമ്മാണ പ്രവർത്തനങ്ങൾക്ക് പദ്ധതിരേഖയും അടങ്കലും തയ്യാറാക്കിയിരുന്നത് കാണുവാൻ കഴിഞ്ഞു.

ടൂറിസം വകുപ്പ് സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച് നൽകിയ കേന്ദ്ര ഫണ്ട് പാഴാകാതിരിക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് എഞ്ചിനീയർമാർ ടി ആർക്കിടെക്റ്റിന്റെ അനുമതിയോടെ തയ്യാറാക്കിയ അടങ്കൽ ഉപയോഗിച്ചാണ് പല വർക്കുകളും നടത്തിവന്നിരുന്നത്. ശബരിമലയുമായി ബന്ധപ്പെട്ട് വനം വകുപ്പ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുമായി കൂടിയാലോചിക്കാതെ കേന്ദ്ര ടൂറിസം ആർക്കിടെക്ട് തയ്യാറാക്കിയ പദ്ധതിരേഖയും അടങ്കലും (DPR & Cost Estimate) കാരണമാണ് കാലവധിക്കുമുമ്പ് പദ്ധതികൾ പൂർത്തിയാക്കാൻ കഴിയാതെ പോയത്. അനുവദിച്ച കേന്ദ്ര ഫണ്ട് പാഴാകാതിരിക്കാൻ പരമാവധി പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള ശ്രമങ്ങൾ ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതിയുടെയും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. ഇപ്പോൾ കേന്ദ്ര ടൂറിസം മന്ത്രാലയം (സ്വദേശ് ദർശൻ ഡിവിഷൻ) കേന്ദ്ര ടൂറിസം പദ്ധതികളുടെ തുക 99.98 കോടിയിൽനിന്നും 54.88 കോടി രൂപയായി കുറച്ച് 19-10-2022-ൽ പുതിയ ഉത്തരവിറക്കിയിട്ടുണ്ട്. ഈ പുതുക്കിയ ഭരണാനുമതി പ്രകാരമുള്ള 75.01% നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ട്.

നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുമായി മുന്നോട്ടുപോകാൻ കേന്ദ്ര ടൂറിസം മന്ത്രാലയം നിർദ്ദേശിച്ചിട്ടുണ്ട്.

## ബഫർ സോണിലെ ജനവാസ മേഖലാ നിർണ്ണയം

23 (*83) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇരുപത്തിമൂന്ന് സംരക്ഷിത വനപ്രദേശങ്ങൾക്ക് ചുറ്റുമുള്ള ഒരു കിലോമീറ്റർ പരിസ്ഥിതിലോല മേഖലയിലെ ജനവാസ പ്രദേശങ്ങൾ നിർണ്ണയിക്കാൻ സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ ഭൗതിക സ്ഥലപരിശോധനയുടെ പുരോഗതി വിശദമാക്കാമോ?

സർക്കാർ നിയോഗിച്ച വിദഗ്ദ്ധ പരിശോധനാ സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഉപഗ്രഹ സർവ്വേ സംബന്ധിച്ച് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ തയ്യാറാക്കിയ

പ്രാഥമിക റിപ്പോർട്ടിന്റെ പഞ്ചായത്ത്/വില്ലേജുതല സർവ്വേ നമ്പർ ഉൾപ്പെടെയുള്ള നിർമ്മിതികളുടെ വിവരങ്ങളും ഭൂപടങ്ങളും സഹിതമുള്ള സംക്ഷിപ്തരൂപവും ജനവാസ മേഖലകളെയും സർക്കാർ/അർദ്ധസർക്കാർ/പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളും ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ/ നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച പരാതികളുണ്ടെങ്കിൽ ആയത് നിർദ്ദിഷ്ട പ്രൊഫോർമയിൽ ഇ-മെയിൽ മുഖേനയും വനം വകുപ്പ് ജോയിന്റ് സെക്രട്ടറിക്ക് തപാൽ മാർഗ്ഗവും പഞ്ചായത്ത്/നഗരസഭാതലത്തിൽ ആരംഭിച്ച ഹെൽപ്പ് ഡെസ്കുകളിലും ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ഫീൽഡുതല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ് മുഖേന വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വനം വകുപ്പിൽനിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും

ജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ച 63615 പരാതികളിൽ 62640 പരാതികൾക്ക് 02-02-2023 വരെ പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിന്റെ (KSREC) അസറ്റ് മാപ്പർ ആപ് മുഖേന ഇതിനകം 79193 അസറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്. വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 30-10-2022, 24-11-2022, 04-12-2022, 11-12-2022, 20-12-2022, 24-12-2022, 27-12-2022, 30-12-2022, 11-01-2023, 28-01-2023 എന്നീ തീയതികളിലായി നാളിതുവരെ പത്ത് യോഗങ്ങൾ ചേർന്ന് തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. 28-12-2022-ലെ സ.ഉ. (സാധാ)നം.580/2022/വനം പ്രകാരം വിദഗ്ദ്ധ സമിതിയുടെ കാലാവധി 28-02-2023 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതി രൂപീകരിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും സർവ്വേ നടപടികൾ പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

30-09-2022-ലെ സ.ഉ.(സാധാ)നം.424/2022/വനം നമ്പർ ഉത്തരവ് പ്രകാരമാണ് വിദഗ്ദ്ധ സമിതി രൂപീകരിച്ചത്. പൊതുജന പങ്കാളിത്തത്തോടെ ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിനായി വിദഗ്ദ്ധ സമിതി ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്റെ ഖണ്ഡിക 42 (സി) നിർദ്ദേശിക്കുംപ്രകാരം സംരക്ഷിത പ്രദേശങ്ങളുടെ ഒരു കിലോമീറ്റർ പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC) ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ തയ്യാറാക്കിയ സ്ഥിതിവിവര കണക്കും ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെയും സർക്കാർ/അർദ്ധ സർക്കാർ/ പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര

സർക്കാരിന് സമർപ്പിച്ചിരുന്ന ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ വിശദമായ ഭൂപടങ്ങളും സർവ്വേ നമ്പരും ഉൾപ്പെടുത്തിക്കൊണ്ടും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് നിശ്ചിത പ്രൊഫോർമയിൽ വിവരങ്ങൾ/പരാതികൾ അറിയിക്കുന്നതിന് 2022 ഡിസംബർ 23 വരെയാണ് ആദ്യം സമയം അനുവദിച്ചിരുന്നത്. എന്നാൽ കൂടുതൽ ജനങ്ങൾക്ക് ഈ രേഖകൾ പരിശോധിക്കുന്നതിനും വിവരങ്ങൾ/പരാതികൾ സമർപ്പിക്കുന്നതിനുമുള്ള സാവകാശം ലഭിക്കുന്നതിനായി ടി വിവരങ്ങൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി 2023 ജനുവരി 7 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. ടി പരാതികൾ സ്വീകരിക്കുന്നതിനും തുടർനടപടികൾ കൈക്കൊള്ളുന്നതിനുമായി ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ തലത്തിൽ ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിരുന്നു. റവന്യൂ വകുപ്പുമായും കൂടിയാലോചിച്ചാണ് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നത്. ഈ വിഷയത്തിൽ ലഭിച്ച പരാതികളുടെ ബാഹുല്യം നിമിത്തം എല്ലാ പരാതികളും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ കൂടുതൽ സമയം ആവശ്യമായിവന്ന സാഹചര്യത്തിലാണ് 28-12-2022-ലെ സ.ഉ.(സാധാ)നം.580/2022/വനം

പ്രകാരം വിദഗ്ദ്ധ സമിതിയുടെ കാലാവധി 28-02-2023 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളത്.

(സി) വിദഗ്ദ്ധ സമിതിയുടെ ഭൗതിക സ്ഥലപരിശോധന എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നറിയിക്കാമോ;

(ഡി) പ്രസ്തുത സർവ്വേ നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) 28-12-2022-ലെ സ.ഉ.(സാധാ)നം.580/2022/വനം പ്രകാരം വിദഗ്ദ്ധ സമിതിയുടെ കാലാവധി 28-02-2023 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ടി സമയപരിധിക്കുള്ളിൽ ഭൗതിക സ്ഥലപരിശോധന പൂർത്തിയാക്കി റിപ്പോർട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**ലഹരിക്കെതിരെ യുവജന മുന്നേറ്റം**

24 (*84) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാർത്ഥികളിലും യുവജനങ്ങളിലും ലഹരി ഉപയോഗം വർദ്ധിക്കുന്ന സാഹചര്യത്തിൽ ലഹരിക്കെതിരെ യുവജന മുന്നേറ്റം സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് വിദ്യാർത്ഥികളിലും യുവജനങ്ങളിലും ലഹരി ഉപയോഗം വർദ്ധിക്കുന്ന സാഹചര്യത്തിൽ വിവിധ ബോധവത്കരണ പരിപാടികൾ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്നുണ്ട്. 'NO TO DRUGS' എന്ന മുദ്രാവാക്യം ഉയർത്തി സംസ്ഥാന സർക്കാർ സംഘടിപ്പിക്കുന്ന മയക്കുമരുന്നിനെതിരെ ജനകീയ പ്രതിരോധമൊരുക്കുവാനുള്ള വിപുലമായ പദ്ധതിയുടെ ഭാഗമായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ 2022 മാർച്ച് 30-ന് 140 നിയമസഭാ മണ്ഡലങ്ങളിലും ലഹരി ഉപയോഗത്തിനെതിരായി ജനസഭ എന്ന പേരിൽ സംഘടിപ്പിച്ച ജനകീയ കൂട്ടായ്മയിൽ മയക്കുമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ, ലഹരി വിരുദ്ധ പ്രതിജ്ഞ, ദീപം തെളിയിക്കൽ തുടങ്ങിയവ നടത്തി. മന്ത്രിമാർ, എം.എൽ.എ.-മാർ, ജനപ്രതിനിധികൾ, പ്രമുഖ വ്യക്തിത്വങ്ങൾ, പോലീസ്-എക്സൈസ് മേധാവികൾ, ആരോഗ്യ രംഗത്തെ പ്രമുഖർ, യുവജന ക്ലബ്ബുകളിലെ പ്രവർത്തകർ തുടങ്ങിയവർ പ്രസ്തുത പരിപാടിയിൽ

സംബന്ധിക്കുകയുണ്ടായി. ഈ പരിപാടിയിൽ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്. ലഹരിവിരുദ്ധ പ്രവർത്തനങ്ങളുടെ തുടർച്ചയായി ലോക ലഹരിവിരുദ്ധ ദിനമായ 2022 ജൂൺ 26-ന് 14 ജില്ലാ കേന്ദ്രങ്ങളിൽ യുവജനക്ഷേമ ബോർഡിന് കീഴിലുള്ള ടീം കേരള, യൂത്ത്-യുവ ക്ലബ്, ട്രാൻസ്ജെൻഡർ ക്ലബ്, 'അവളിടം' യുവതി ക്ലബ് എന്നിവയുടെ പങ്കാളിത്തത്തോടെ മയക്കുമരുന്നിനെതിരായി സൈക്കിൾ/ബൈക്ക് റാലി സംഘടിപ്പിച്ചു. 2022 നവംബർ 10-ന് എറണാകുളം ജില്ലയിലെ ഇൻഫോപാർക്കിലും 2022 നവംബർ 17-ന് തിരുവനന്തപുരം ജില്ലയിലെ ടെക്നോപാർക്കിലും ലഹരിക്കെതിരായി ഐ.ടി. പ്രൊഫഷണലുകളുടെ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി.

സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിലെ മദ്യം-മയക്കുമരുന്ന് ഉപയോഗം, റാഗിംഗ്-സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം, സ്ത്രീധനം എന്നിവ തടയുന്നതിനാവശ്യമായ ബോധവത്കരണവും അറിവും നൽകുന്നതിനായി സംസ്ഥാനത്തുടനീളമുള്ള കോളേജുകളെ ഏകോപിപ്പിച്ചുകൊണ്ട് യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി ബോധവത്കരണ കലാജാഥ 14 ജില്ലകളിലായി സംഘടിപ്പിക്കുവാൻ കേരള സംസ്ഥാന യുവജന കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൻപ്രകാരം

തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ടി പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായി മേൽപ്പറഞ്ഞ സാമൂഹ്യ വിപത്തുകൾക്കെതിരെയുള്ള ബോധവത്കരണം ലക്ഷ്യമിട്ട് യൂത്ത് ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ യുവാക്കളായ സന്നദ്ധ പ്രവർത്തകരുടെ ഒരു കൂട്ടായ്മ രൂപീകരിച്ച് സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ തുടങ്ങി യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ മേഖലകളിലും വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

ലഹരിക്കെതിരെ വിദ്യാർത്ഥികളെയും യുവജനങ്ങളെയും സംഘടിപ്പിക്കുന്നതിനായി കായിക യുവജനകാര്യ വകുപ്പ് ഹെൽത്ത് & ഫിറ്റ്നസ് അസസ്മെന്റ് ആൻഡ് ആന്റി-ഡ്രഗ് അവയർനെസ് ക്യാമ്പയിൻ നടപ്പിലാക്കിവരുന്നു. തുടർച്ചയായി 12 മണിക്കൂറിൽ ഏറ്റവുമധികം പെനാൽറ്റി കിക്കുകൾ ചെയ്തതിനുള്ള ഗിന്നസ് ലോക റെക്കോർഡ് എന്ന പരിപാടിയിൽ ചെറുപ്പക്കാർക്കും വിദ്യാർത്ഥികൾക്കുമായി മയക്കുമരുന്നിനെതിരെയുള്ള അവബോധം കൊണ്ടുവരുന്നതിന് ക്യാമ്പയിൻ

സംഘടിപ്പിച്ചിരുന്നു. കൂടാതെ, എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ലഹരിവസ്തുക്കളുടെ ദുരുപയോഗം ഇല്ലാതാക്കുന്നതിന് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം വിമുക്തി മിഷന്റെ ആഭിമുഖ്യത്തിൽ ലഹരിക്കെതിരെ സാമൂഹിക പ്രതിരോധം തീർക്കുന്നതിന് വിവിധ തരത്തിലുള്ള ബോധവത്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. എക്സൈസ് വകുപ്പ് രൂപീകരിച്ച ജനജാഗ്രതാ സമിതികളുടെ നേതൃത്വത്തിൽ ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ യുവജന പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്നു. ആദിവാസി-തീരദേശ മേഖലകളിലെ യുവാക്കളെ ലഹരിയിൽനിന്നും പിന്തിരിപ്പിക്കുന്നതിനും ആരോഗ്യ സംരക്ഷണത്തിനായും പ്രാദേശിക ക്ലബ്ബുകളുടെ സഹകരണത്തോടെ ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഫിറ്റ്നസ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. എൻ.ഡി.പി.എസ്. കേസ്സുകളിലുൾപ്പെട്ട 25 വയസിൽ താഴെ പ്രായമുള്ളവർ വീണ്ടും ലഹരി ഉപയോഗ സാധ്യതയിലേയ്ക്ക് പോകാതിരിക്കാൻ അവർക്ക് കൗൺസിലിംഗ്/ചികിത്സ നൽകിവരുന്നു.

(ബി) അത്യന്തം മാരകമായ സിന്തറ്റിക് ലഹരി വസ്തുക്കൾ സംസ്ഥാനത്തേയ്ക്കെത്തിക്കുന്ന വാഹകരായി പെൺകുട്ടികളുൾപ്പെടെയുള്ള യുവജനങ്ങൾ വ്യാപകമായി മാറുന്ന സാഹചര്യത്തിൽ ലഹരിയുടെ

ഉപയോഗം കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചും ലഹരി മരുന്നുകൾ കൈവശം വയ്ക്കുന്നതിനും വിപണനം നടത്തുന്നതിനും ലഭിക്കാവുന്ന ശിക്ഷകളെക്കുറിച്ചും യുവജനങ്ങളെ ബോധവാന്മാരാക്കുന്നതിന് യുവജനകാര്യ വകുപ്പ് കൂടുതൽ പ്രചാരണ പരിപാടികൾ നടപ്പിലാക്കുമോ; വിശദമാക്കാമോ?

യുവജനക്ഷേമ ബോർഡ് രൂപീകരിച്ച അവളിടം യുവതി ക്ലബ്ബുകളുടെ നേതൃത്വത്തിൽ 14 ജില്ലകളിലും സംഘടിപ്പിക്കുന്ന ലഹരിക്കെതിരായുള്ള ബോധവത്കരണ കലാജാഥ 2023 ഫെബ്രുവരി മുതൽ നിയമസഭാ മണ്ഡലങ്ങളിൽ പര്യടനം നടത്തുന്നതാണ്. ഓരോ ജില്ലയിലും 15 യുവതികൾ അടങ്ങുന്ന സംഘം നടത്തുന്ന കലാജാഥയിൽ തെരുവ് നാടകം, തെരുക്കൂത്ത്, ഫ്ലാഷ് മോബ്, ലഘു വീഡിയോ പ്രദർശനം, സംഗീത ശിൽപം, മയക്കമരുന്നിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചുള്ള പ്രഭാഷണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ജാഥയുടെ ജില്ലാതല പരിശീലനം എല്ലാ ജില്ലകളിലും പൂർത്തീകരിച്ചിട്ടുണ്ട്. ഓരോ നിയമസഭാമണ്ഡലത്തിലും സ്കൂൾ, കോളേജ്, പൊതുഇടങ്ങൾ എന്നിവ കേന്ദ്രീകരിച്ചാണ് പരിപാടികൾ സംഘടിപ്പിക്കുന്നത്.

കേരള സംസ്ഥാന യുവജന കമ്മീഷൻ സംഘടിപ്പിച്ചുവരുന്ന ബോധവത്കരണ പരിപാടികളിൽ ലഹരിയുടെ ഉപയോഗം

കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചും ലഹരി മരുന്നുകൾ കൈവശം വയ്ക്കുന്നതിനും വിപണനം നടത്തുന്നതിനും ലഭിക്കാവുന്ന ശിക്ഷകളെക്കുറിച്ചും യുവജനങ്ങളെ ബോധവാന്മാരാക്കുന്നതിനുള്ള സന്ദേശം നൽകുന്നുണ്ട്.

(സി) ലഹരിക്കടിമയാകുന്ന യുവജനങ്ങളെ കണ്ടെത്തി ലഹരിമുക്ത കേന്ദ്രങ്ങളിലെത്തിച്ച് ആവശ്യമായ ബോധവത്കരണവും ചികിത്സയും നൽകുന്നതിന് സംസ്ഥാന യൂത്ത് ആക്ഷൻ ഫോഴ്സിന്റെ സേവനം പ്രയോജനപ്പെടുത്തുമോ; വിശദമാക്കുമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് രൂപീകരിച്ച സന്നദ്ധ സേവന സേനയായ കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സിനെ 'ടീം കേരള' (കേരള യൂത്ത് ഫോഴ്സ്) എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. ലഹരിക്കടിമയാകുന്ന യുവജനങ്ങളെ കണ്ടെത്തി ലഹരിമുക്ത കേന്ദ്രങ്ങളിലെത്തിച്ച് ആവശ്യമായ ബോധവത്കരണവും ചികിത്സയും നൽകുന്നതിന് ടീം കേരളയുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള ഒരു പ്രൊപ്പോസൽ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ വിഭാവന ചെയ്തിട്ടുണ്ട്.

(ഡി) നോ ടു ഡ്രഗ്സ് എന്ന സന്ദേശത്തിലധിഷ്ഠിതമായി യുവജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ശക്തമായ പ്രചാരണ പരിപാടി സംസ്ഥാനത്തുടനീളം സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

നോ ടു ഡ്രഗ്സ് എന്ന സന്ദേശത്തിന്റെ ഭാഗമായി സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന മദ്യം-മയക്കുമരുന്ന് ഉപയോഗം, റാഗിംഗ്-സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം, സ്ത്രീധനം എന്നിവ തടയുന്നതിനാവശ്യമായ ബോധവത്കരണവും അറിവും നൽകുന്നതിനായി കേരള സംസ്ഥാന യുവജന കമ്മീഷൻ സംസ്ഥാനത്തുടനീളമുള്ള കോളേജുകളെ ഏകോപിപ്പിച്ചുകൊണ്ട് യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി ബോധവത്കരണ കലാജാഥ 14 ജില്ലകളിലായി സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൻപ്രകാരം തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ടി പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, യുവജന ക്ലബ്ബുകൾ തുടങ്ങി യുവജനങ്ങളുടെ പ്രാതിനിധ്യമുള്ള എല്ലാ

മേഖലകളിലും വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

സംസ്ഥാന യുവജനക്ഷേമ ബോർഡ് ലഹരിക്കെതിരെയായി തിരുവനന്തപുരത്തുള്ള കരിമഠം കോളനി, രാജാജി നഗർ എന്നിവിടങ്ങളിലെ ചെറുപ്പക്കാർക്കിടയിൽ " Real to Reel" എന്ന പേരിൽ ഒരാഴ്ച നീണ്ടുനിന്ന സിനിമാ നിർമ്മാണ ശിൽപശാല സംഘടിപ്പിച്ചു. ക്യാമ്പിന്റെ ഭാഗമായി ചലച്ചിത്ര മേഖലയിൽ പ്രവർത്തിക്കുന്ന പ്രമുഖർ വിവിധ ക്ലാസ്സുകൾ നയിക്കുകയുണ്ടായി. ലഹരിക്കെതിരെയുള്ള ബോധവത്കരണത്തിന്റെ ഭാഗമായി നിർമ്മിക്കുന്ന പ്രചരണ ചിത്രത്തിന്റെ സംവിധാനവും ഏകോപനവും നിർവ്വഹിച്ചത് കോളനിയിലെ ചെറുപ്പക്കാർതന്നെയാണ്.

**പട്ടിക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പഠന സഹായ പദ്ധതി**

25 (*85) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ യൂണിവേഴ്സിറ്റികളിലെ പഠനത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം, പുരോഗതി എന്നിവ അറിയിക്കുമോ?

കേരളീയരായ പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് വിദേശത്തെ മികച്ച യൂണിവേഴ്സിറ്റികളിൽ ബിരുദാനന്തര ബിരുദ, പി.എച്ച്.ഡി. കോഴ്സുകൾ പഠിക്കുന്നതിനായി ഓവർസീസ് സ്കോളർഷിപ്പ് ചുവടെ ചേർത്തിരിക്കുന്ന മാനദണ്ഡങ്ങൾക്ക് വിധേയമായി നടപ്പിലാക്കിവരുന്നു:

1) പ്രായപരിധി 35 വയസ്
2) WORLD TIMES RANKING-ൽ ഒന്ന് മുതൽ 500 റാങ്കിംഗ് വരെയുള്ള യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ ലഭിക്കുന്നവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്.
3) യോഗ്യതാ പരീക്ഷയിൽ 55% മാർക്ക് ലഭിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളെയും 50% മാർക്ക് ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെയുമാണ് പരിഗണിക്കുന്നത്.

4) പട്ടികജാതി വിദ്യാർത്ഥികൾക്ക് വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇത് ബാധകമല്ല.

5) പരമാവധി 25 ലക്ഷം രൂപയാണ് സ്കോളർഷിപ്പായി അനുവദിക്കുന്നത്.

6) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാനപരിധി ബാധകമല്ല. 12 ലക്ഷം വരെ വരുമാനപരിധിയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക പൂർണ്ണമായും പരമാവധി 25 ലക്ഷം രൂപയും 12 ലക്ഷത്തിനും 20 ലക്ഷത്തിനും വരുമാനപരിധിയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് യഥാർത്ഥ ട്യൂഷൻ ഫീസും മറ്റുള്ളവയും 50% അക്കോമഡേഷൻ & ലിവിംഗ് എക്സ്പെൻസും ലഭിക്കുന്നു. 20 ലക്ഷത്തിന് മുകളിൽ യഥാർത്ഥ ട്യൂഷൻ ഫീസ് മാത്രമേ ലഭിക്കുകയുള്ളൂ.

7) സോഷ്യൽ സയൻസ് & ഹ്യൂമാനിറ്റീസ്, കൊമേഴ്സ്, ആർട്സ്, ഫൈൻ ആർട്സ്, മ്യൂസിക് & അലൈഡ് സബ്ജക്ട്സ്, നിയമം തുടങ്ങിയ വിഷയങ്ങളിൽ രാജ്യത്തിനകത്ത് ഇല്ലാത്ത കോഴ്സുകൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 328 പട്ടികജാതി വിദ്യാർത്ഥികൾക്കും 22 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഓവർസീസ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്.

(ബി) ഐ.ഐ.റ്റി.-കളടക്കമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠനത്തിന് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള പദ്ധതി പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) സ്കോളർഷിപ്പ് നൽകുന്നതിനുള്ള മാനദണ്ഡങ്ങളും സ്കോളർഷിപ്പ് തുകയുടെ വിശദാംശവും അറിയിക്കുമോ?

(ബി&സി) 05-01-2023-ലെ സ.ഉ.(പി)1/2023/SCSTDD, സ.ഉ.(പി) 2/2023/SCSTDD എന്നീ ഉത്തരവുകൾ പ്രകാരം പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി പരിഷ്കരിച്ചിട്ടുണ്ട്. ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ, സെൻട്രൽ/സ്റ്റേറ്റ് യൂണിവേഴ്സിറ്റി/യു.ജി.സി. അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ, സംസ്ഥാന സർക്കാരിന്റെയോ കേന്ദ്രസർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റികളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശപ്രകാരമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ, കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ, NMC/AICTE തുടങ്ങിയ അംഗീകൃത

ഏജൻസികൾ, 11, 12 ക്ലാസുകൾക്ക് അംഗീകാരമുള്ള സ്കൂളുകൾ, കേന്ദ്ര/സംസ്ഥാന സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികൾ അഫിലിയേറ്റ്/അംഗീകരിച്ചതായ കോഴ്സ്/സ്ഥാപനങ്ങൾ, NCVT-യുടെ അംഗീകാരമുള്ള വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ എന്നീ സ്ഥാപനങ്ങളിലെ കോഴ്സുകൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്. സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന ഫീസും സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന നിരക്കിലുള്ള സ്റ്റേറ്റ് അക്കാഡമിക് അലവൻസ് തുകയുമാണ് ലഭിക്കുന്നത്.

## പരിസ്ഥിതിലോല മേഖല

26 (*86) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരിസ്ഥിതിലോല മേഖല വിഷയത്തിൽ പൊതുജനങ്ങളിൽനിന്നും അഭിപ്രായങ്ങൾ സ്വീകരിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

പരിസ്ഥിതി സംവേദക മേഖല വിഷയത്തിൽ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളിന്മേൽ പൊതുജനങ്ങളിൽ നിന്നും പരാതികൾ/വിവരങ്ങൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. ഇതുസംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന യോഗത്തിൽ ഈ വിഷയം സംബന്ധിച്ച് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC) ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ നടത്തിയ വിവരശേഖരണത്തിന്റെ കരട് റിപ്പോർട്ട് അവതരിപ്പിച്ചു. ആയതിന്മേലുള്ള വിശദമായ ചർച്ചകളെത്തുടർന്ന് ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമേ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിനായി 30-09-2022-ലെ സ.ഉ.(സാധാ) നം.424/2022/വനം പ്രകാരം ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ

ചെയർമാനായ ഒരു വിദഗ്ദ്ധ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിച്ചു.

വിദഗ്ദ്ധ പരിശോധനാ സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഉപഗ്രഹ സർവ്വേ സംബന്ധിച്ച് KSREC തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ പഞ്ചായത്ത്/ വില്ലേജുതല സർവ്വേ നമ്പർ ഉൾപ്പെടെയുള്ള നിർമ്മിതികളുടെ വിവരങ്ങളും ഭൂപടങ്ങളും സഹിതമുള്ള സംക്ഷിപ്തരൂപവും ജനവാസ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളും ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ/നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച പരാതികൾ/അഭിപ്രായങ്ങളുണ്ടെങ്കിൽ ആയത് ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ഫീൽഡുതല വിലയിരുത്തലിനായി ജനങ്ങളിൽനിന്നും ലഭിക്കുന്ന

വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ധ സമിതി തുടർനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ച 63615 പരാതികളിൽ 62640 പരാതികൾക്ക് 02-02-2023 വരെ പരിഹാരം കാണുകയും KSREC-ന്റെ അസറ്റ് മാപ്പർ ആപ് മുഖേന ഇതിനകം 79193 അസറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്.

(ബി) പരിസ്ഥിതിലോല മേഖല നിശ്ചയിക്കുമ്പോൾ ജനവാസ മേഖല പൂർണ്ണമായും ഒഴിവാക്കണമെന്ന സംസ്ഥാന സർക്കാർ നിലപാട് സംരക്ഷിച്ചുകിട്ടുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്; ഇക്കാര്യത്തിൽ ഭരണപരമായ നടപടികളോടൊപ്പം നിയമപരമായ നടപടികളും ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും സംവേദക മേഖല നിശ്ചയിക്കുമ്പോൾ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കി സംസ്ഥാന സർക്കാർ നിലപാട് സംരക്ഷിച്ച് കിട്ടുന്നതിനായ ഭരണപരവും നിയമപരവുമായ നടപടികൾ വനം വകുപ്പ് സ്വീകരിച്ചുവരികയാണ്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ W.P.(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേരുകയും ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പ്രകാരം ഒരു കിലോമീറ്റർ ESZ-ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് KSREC-മായി ധാരണാപത്രത്തിൽ ഏർപ്പെടുകയും ചെയ്തു. ടി യോഗതീരുമാനപ്രകാരം സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്തുപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. 07-07-2022-ൽ ഇക്കാര്യത്തിൽ ഒരു പ്രമേയം കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കി കേന്ദ്ര സർക്കാരിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേനിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽനിന്നും ജനവാസ മേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ W.P.(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും 10-08-2022-ലെ സ.ഉ. നമ്പർ 44/2022/വനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 08-06-2022-ലും 05-07-2022-ലും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-06-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി

ചർച്ച ചെയ്യുകയും പുനഃപരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം.25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ആയതിൽ സംസ്ഥാനത്തുനിന്ന് ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനായാണ് അപേക്ഷിച്ചിട്ടുള്ളത്.

ഈ വിഷയം സംബന്ധിച്ച് വനം, നിയമം, ജലവിഭവം, കൃഷി വകുപ്പുകളിലെ ബഹുമാനപ്പെട്ട മന്ത്രിമാരെയും വനം, നിയമം, ജലവിഭവം, കൃഷി, തദ്ദേശസ്വയംഭരണം, റവന്യൂ, എക്സൈസ്, ഭവനനിർമ്മാണം, വ്യവസായം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരെയും അഡ്വക്കേറ്റ് ജനറൽ, സുപ്രീംകോടതിയുടെ സ്റ്റാന്റിംഗ് കൗൺസൽ എന്നിവരെയും പങ്കെടുപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC) കരട് പഠന റിപ്പോർട്ട് അവതരിപ്പിച്ചു. ആയതിന്മേലുള്ള വിശദമായ ചർച്ചകളെ തുടർന്ന് ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമേ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിനായി

30-09-2022-ലെ സ.ഉ.(സാധാ) നം.424/2022/വനം പ്രകാരം ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ധ സമിതിയും സാങ്കേതിക വിദഗ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു.

വിദഗ്ധ പരിശോധന സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഉപഗ്രഹ സർവ്വേ സംബന്ധിച്ച് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ പഞ്ചായത്ത്/വില്ലേജുതല സർവ്വേ നമ്പർ ഉൾപ്പെടെയുള്ള നിർമ്മിതികളുടെ വിവരങ്ങളും ഭൂപടങ്ങളും സഹിതമുള്ള സംക്ഷിപ്ത രൂപവും ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളും ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ/നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച

പരാതികളുണ്ടെങ്കിൽ ആയത് നിർദ്ദിഷ്ട പ്രൊഫോർമയിൽ ഇ-മെയിൽ മുഖേനയും വനം വകുപ്പ് ജോയിന്റ് സെക്രട്ടറിക്ക് തപാൽ മാർഗ്ഗവും പഞ്ചായത്ത്/നഗരസഭാതലത്തിൽ ആരംഭിച്ച ഹെൽപ്പ് ഡെസ്കുകളിലും ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ഫീൽഡുതല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ് മുഖേന വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വനം വകുപ്പിൽനിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ചതിൽ 61567 പരാതികൾക്ക് 31-01-2023 വരെ പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിന്റെ (KSREC) അസറ്റ് മാപ്പർ ആപ് മുഖേന ഇതിനകം 79193 അസറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്. 28-12-2022-ലെ സ.ഉ.(സാധാ)നം.580/2022/വനം പ്രകാരം വിദഗ്ദ്ധ സമിതിയുടെ കാലാവധി 28-02-2023 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ

വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

## വനാതിർത്തിയിലെ ജനവാസം സംബന്ധിച്ച വിവരശേഖരണം

27 (*87) ശ്രീ. എം. എം. മണി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കണക്കിലെടുക്കുമ്പോഴും അതിന്റെ പേരിൽ മുഴുവൻ വികസനവും തടസ്സപ്പെടുത്താൻ കഴിയില്ലെന്ന സുപ്രീംകോടതിയുടെ പരാമർശത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ പരിസ്ഥിതി സംവേദക മേഖല വനാതിർത്തിയിൽ പരിമിതപ്പെടുത്തേണ്ടതിന്റെ ആവശ്യകത കോടതിയെ ബോധിപ്പിക്കുന്നതിന് ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും പരിസ്ഥിതി സംവേദക മേഖല നിശ്ചയിക്കുമ്പോൾ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യത്തിൽ ജനവാസ മേഖലകളും കൃഷിയിടങ്ങളും സർക്കാർ/അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളും ഒഴിവാക്കി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന കരട് പ്രൊപ്പോസലുകൾ അംഗീകരിച്ച് ലഭിക്കേണ്ടതിന്റെ ആവശ്യകത ബഹുമാനപ്പെട്ട സുപ്രീംകോടതിയെ ബോധിപ്പിക്കുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചുവരികയാണ്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ W.P.(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ വിധിയുടെ ഖണ്ഡിക 44(സി)-യിൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള ഒരു കിലോമീറ്റർ ESZ-ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററുമായി (KSREC) ധാരണാപത്രത്തിൽ ഏർപ്പെട്ടിരുന്നു.

സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളും കൃഷിയിടങ്ങളും സർക്കാർ/അർദ്ധ സർക്കാർ/ പൊതുസ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളും ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേനിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽനിന്നും ജനവാസ മേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ W.P.(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ

സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും 10-08-2022-ൽ 44/2022/വനം നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും പുനഃപരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ആയതിൽ സംസ്ഥാനത്തുനിന്ന് ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനായാണ് അപേക്ഷിച്ചിട്ടുള്ളത്.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച മോഡിഫിക്കേഷൻ/ക്ലാരിഫിക്കേഷൻ ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷിചേരുന്നതിനുള്ള അപേക്ഷ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വന്യജീവി സങ്കേതങ്ങളുടെ അതിർത്തിയിൽനിന്നും ഒരു കിലോമീറ്റർ പരിധിയിലുള്ള ജനവാസം സംബന്ധിച്ച

വിവരശേഖരണത്തിനായി രൂപീകരിച്ച അർദ്ധ ജുഡീഷ്യൽ സ്വഭാവമുള്ള വിദഗ്ധ സമിതിയുടെ പ്രവർത്തനം പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ?

സംരക്ഷിത പ്രദേശങ്ങൾക്കുചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ KSREC നടത്തിയ ഉപഗ്രഹ സർവ്വേയുടെ കരട് പഠന റിപ്പോർട്ട് അവതരിപ്പിച്ചു. ആയതിന്മേലുള്ള വിശദമായ ചർച്ചകളെത്തുടർന്ന് ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമേ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഭൗതിക സ്ഥലപരിശോധനയുടെ നടപടികൾക്കായാണ് 30-09-2022-ലെ സ.ഉ.(സാധാ) നം.424/2022/വനം പ്രകാരം ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ധ സമിതിയും സാങ്കേതിക വിദഗ്ധരുടെ സമിതിയും രൂപീകരിച്ചത്.

വിദഗ്ധ പരിശോധന സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഉപഗ്രഹ സർവ്വേ

സംബന്ധിച്ച് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ പഞ്ചായത്ത്/വില്ലേജുതല സർവ്വേ നമ്പർ ഉൾപ്പെടെയുള്ള നിർമ്മിതികളുടെ വിവരങ്ങളും ഭൂപടങ്ങളും സഹിതമുള്ള സംക്ഷിപ്ത രൂപവും ജനവാസ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളും ആയത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ/ നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച പരാതികൾ അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ആയതിന് 2022 ഡിസംബർ 23 വരെയാണ് ആദ്യം സമയം അനുവദിച്ചിരുന്നത്. എന്നാൽ കൂടുതൽ ജനങ്ങൾക്ക് ഈ രേഖകൾ പരിശോധിക്കുന്നതിനും വിവരങ്ങൾ/പരാതികൾ സമർപ്പിക്കുന്നതിനുമുള്ള സാവകാശം ലഭിക്കുന്നതിനായി ടി വിവരങ്ങൾ സമർപ്പിക്കുന്നതിനുള്ള സമയപരിധി 2023 ജനുവരി 7 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. ടി പരാതികൾ സ്വീകരിക്കുന്നതിനും തുടർനടപടികൾ

കൈക്കൊള്ളുന്നതിനുമായി ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭ തലത്തിൽ ഹെൽപ്പ് ഡെസ്കുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിരുന്നു. റവന്യൂ വകുപ്പുമായും കൂടിയാലോചിച്ചാണ് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നത്. ഫീൽഡുതല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ് മുഖേന വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വനം വകുപ്പിൽനിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. അപ്രകാരം ലഭിച്ച 63615 പരാതികളിൽ 62640 പരാതികൾക്ക് 02-02-2023 വരെ പരിഹാരം കാണുകയും KSREC-ന്റെ അസറ്റ് മാപ്പർ ആപ് മുഖേന ഇതിനകം 79193 അസറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്. വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 30-10-2022, 24-11-2022, 04-12-2022, 11-12-2022, 20-12-2022, 24-12-2022, 27-12-2022, 30-12-2022, 11-01-2023, 28-01-2023 എന്നീ തീയതികളിലായി നാളിതുവരെ പത്ത്

യോഗങ്ങൾ ചേർന്ന് തുടർനടപടികൾ സ്വീകരിച്ചുവരുകയാണ്. ഈ വിഷയത്തിൽ ലഭിച്ച പരാതികളുടെ ബാഹുല്യം നിമിത്തം എല്ലാ പരാതികളും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാൻ കൂടുതൽ സമയം ആവശ്യമായിവന്ന സാഹചര്യത്തിൽ 28-12-2022-ലെ സ.ഉ. (സാധാ)നം.580/2022/വനം പ്രകാരം വിദഗ്ധ സമിതിയുടെ കാലാവധി 28-02-2023 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

(സി) വനാതിർത്തിക്കുപുറത്ത് താമസിക്കുന്ന ഒരാളും കുടിയിറക്കപ്പെടില്ലെന്ന് ഉറപ്പുവരുത്തുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഈ വിഷയത്തിൽ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവിലെ വ്യവസ്ഥകളിൽനിന്ന് ഇളവ് ലഭിക്കുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചുവരികയാണ്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ W.P.(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ

അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേരുകയും ആയതിലെ തീരുമാനപ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവ് പ്രകാരം ഒരു കിലോമീറ്റർ ESZ-ൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ വനാതിർത്തി പരിശോധിച്ചശേഷം വിശദാംശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് KSREC-മായി ധാരണാപത്രത്തിൽ ഏർപ്പെട്ടു. ടി യോഗതീരുമാന പ്രകാരം സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാന പ്രകാരം വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി

നിർദ്ദേശങ്ങൾ അതേനിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽനിന്നും ജനവാസ മേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ W.P.(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും 10-08-2022-ലെ സ.ഉ.നമ്പർ 44/2022/വനം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ 08-06-2022-ലും 05-07-2022-ലും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും 30-06-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും കൂടിയ പ്രത്യേക യോഗങ്ങളിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയും പുനഃപരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം.25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ആയതിൽ സംസ്ഥാനത്തുനിന്ന് ഭേദഗതി വരുത്തി കേന്ദ്ര

സർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനായാണ് അപേക്ഷിച്ചിട്ടുള്ളത്.

**വന്യജീവികളുടെ ആക്രമണം തടയാൻ നടപടി**

28 (*88) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനവാസ മേഖലകളിലിറങ്ങിയ വന്യജീവികളുടെ ആക്രമണത്തിൽ കർഷകരടക്കം കൊല്ലപ്പെടുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

ജനവാസ മേഖലകളിൽ വന്യമൃഗങ്ങളിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും നാശമുണ്ടാക്കുന്ന ഭീഷണിയെ വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങാതിരിക്കുന്നതിനായി കഴിയുന്ന എല്ലാ മുൻകരുതലുകളും കൈക്കൊള്ളാറുണ്ട്. വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങാതിരിക്കുന്നതിനും ജനവാസമേഖലകളിലേയ്ക്ക് ഇറങ്ങുന്നവയെ

തിരികെ വനത്തിനുള്ളിലേയ്ക്ക് മടക്കി അയയ്ക്കുന്നതിനുമായി സ്ഥിരം വനം ജീവനക്കാർക്കുപുറമേ ആവശ്യത്തിന് ദിവസ വേതന ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം മരണപ്പെട്ടവരുടെ ആശ്രിതർ സമർപ്പിച്ച നഷ്ടപരിഹാരത്തിനായുള്ള അപേക്ഷകളിൽ അടിയന്തിര നടപടികൾ സ്വീകരിക്കുകയും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുക കൈമാറുകയും ചെയ്തുവരുന്നു. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ ജനപങ്കാളിത്തത്തോടെയുള്ള ജനജാഗ്രതാ സമിതികൾ മുഖേനയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് രൂപീകരിച്ച ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി മുഖേനയും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി അതത് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ നിയന്ത്രണവിധേയമാക്കാൻ പ്രായോഗികവും സംയോജിതവുമായ സമീപനവും ആവശ്യമാണ്. ഇക്കാര്യത്തിൽ സമൂഹത്തിലെ വിവിധ തലങ്ങളിൽനിന്ന് അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിനായി

എം.എൽ.എ.-മാർ, മറ്റ് ജനപ്രതിനിധികൾ, ശാസ്ത്രജ്ഞർ, സന്നദ്ധസംഘടനകൾ, വനം വകുപ്പുദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരിൽനിന്ന് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടി വെബ്സൈറ്റിൽ പൊതുനിർദ്ദേശങ്ങൾ ക്ഷണിക്കുന്ന ഒരു അറിയിപ്പ് പ്രസിദ്ധീകരിക്കുകയും പത്രങ്ങളിലും റേഡിയോയിലും പരസ്യം ചെയ്തതിൽ ലഭിച്ച 1600-ൽപ്പരം നിർദ്ദേശങ്ങൾ വിശകലനം ചെയ്യുകയും നിയമപരവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അഞ്ച് വർഷക്കാലയളവിലേയ്ക്ക് 620 കോടിയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുന്നതിനായി തയ്യാറാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) വയനാട്ടിലെ തൊണ്ടർനാട് പുതുശ്ശേരി വെള്ളാരംകുന്നിൽ ജനവാസ കേന്ദ്രത്തിലിറങ്ങിയ കടുവയുടെ ആക്രമണത്തിൽ കർഷകൻ മരിച്ച സംഭവത്തിൽ കുടുംബത്തിന് ആശ്വാസം നൽകാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വയനാട്ടിലെ തൊണ്ടർനാട് പുതുശ്ശേരി വെള്ളാരംകുന്നിൽ ജനവാസ കേന്ദ്രത്തിലിറങ്ങിയ കടുവയുടെ ആക്രമണത്തിൽ മരിച്ച കർഷകന്റെ കുടുംബത്തിന് പത്ത് ലക്ഷം രൂപ നഷ്ടപരിഹാരമായി നൽകുകയും ടിയാന്റെ

മകന് നോർത്ത് വയനാട് ഡിവിഷനിൽ മാനന്തവാടി റേഞ്ചിലെ മക്കിയാട് സ്റ്റേഷൻ പരിധിയിൽവരുന്ന മീൻമുട്ടി ഇക്കോ ടൂറിസം സെന്ററിൽ താൽക്കാലിക നിയമനം നൽകുകയും ചെയ്തു. കൂടാതെ ആശുപത്രി ചെലവിനത്തിലെ 11,773/- രൂപയുടെ ബിൽ വൈൽഡ് ലൈഫ് ട്രസ്റ്റ് ഓഫ് ഇന്ത്യ മുഖാന്തരം കൽപ്പറ്റയിലെ ലിയോ മേട്രോ കാർഡിയാക് സെന്റർ ഹോസ്പിറ്റലിൽ പേമെന്റ് നടത്തിയിട്ടുമുണ്ട്.

(സി) വന്യജീവികളുടെ ആക്രമണത്തിൽ ജനങ്ങൾ കൊല്ലപ്പെടുന്നത് തടയാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

വന്യജീവികളുടെ ആക്രമണത്തിൽ ജനങ്ങൾ കൊല്ലപ്പെടുന്നത് തടയാൻ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ഭാഗമായി ജനങ്ങൾക്ക് ഭീഷണിയാകുന്ന വന്യമൃഗങ്ങൾ വനത്തിന് പുറത്തേയ്ക്ക് ഇറങ്ങാതിരിക്കുന്നതിനായി വനാതിർത്തികളിൽ പ്രതിരോധ പ്രവർത്തനങ്ങൾ (സോളാർ ഫെൻസിംഗ്, ഹാംഗിംഗ് ഫെൻസ്, ആനമതിൽ, കിടങ്ങുകൾ മുതലായവ) നിലവിൽ നടത്തിവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് അടുത്ത പത്ത് വർഷത്തേയ്ക്കാവശ്യമായ 1,150 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി

കേരള വനം വകുപ്പ് ആസ്ഥാനത്തുനിന്നും സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25-01-2021-ൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്തുടനീളം വന്യജീവികളുടെ ആക്രമണം തടയാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്തുടനീളം വന്യജീവികളുടെ ആക്രമണം തടയാൻ സാഹചര്യങ്ങളുടെ ആവശ്യകത/ഗൗരവം മനസ്സിലാക്കി നടപടികൾ സ്വീകരിക്കുന്നുണ്ട്. വന്യമൃഗങ്ങൾ വനത്തിനോടുചേർന്ന ജനവാസ മേഖലകളിൽ ഇറങ്ങിയതായി ശ്രദ്ധയിൽപ്പെട്ടാൽ കൂടുകൾ സ്ഥാപിക്കുന്നതിനും സുരക്ഷിതമായി അവയെ പിടികൂടി തിരികെ വനത്തിൽ വിടുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനംകൂടി ഉപയോഗപ്പെടുത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

**അണക്കെട്ടുകളുടെ സുരക്ഷാ പരിശോധന**

29 (*89) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. പി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസേചന അണക്കെട്ടുകളുടെ സുരക്ഷാ പരിശോധന യഥാസമയം നടത്താറുണ്ടോയെന്ന് വിശദമാക്കാമോ; ഏറ്റവും ഒടുവിൽ നടത്തിയ പരിശോധനയുടെ വിശദാംശം അറിയിക്കുമോ?

സംസ്ഥാനത്ത് ജലസേചന വകുപ്പിനുകീഴിലുള്ള 16 ഡാമുകളുടെയും നാല് ബാരേജുകളുടെയും സുരക്ഷാപരിശോധന കാലവർഷത്തിനുമുമ്പും ശേഷവും കേന്ദ്ര ജലകമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നടത്തിവരുന്നു. ഇതുകൂടാതെ ഡാമുകളുടെ നവീകരണത്തിനും സുരക്ഷയ്ക്കുമായുള്ള ലോകബാങ്ക് ധനസഹായത്തോടെയുള്ള Dam Rehabilitation and Improvement Project (DRIP) Phase II പദ്ധതിയിൽ ഉൾപ്പെടുന്ന 15 ഡാമുകളുടെ വിശദമായ പരിശോധന, Dam Safety Review Panel (DSRP) വഴി നടത്തിയിട്ടുണ്ട്.

കേന്ദ്ര ജലകമ്മീഷന്റെ (CWC) മാർഗ്ഗനിർദ്ദേശപ്രകാരമുള്ള പരിശോധനയിൽ ഡാമിന്റെ എല്ലാ ഘടകങ്ങളിലെയും നിലവിലെ സ്ഥിതി പരിശോധിച്ച് CWC നിഷ്കർഷിച്ച പ്രോഫോർമയിൽ റിപ്പോർട്ട് തയ്യാറാക്കാറുണ്ട്. ഇതുപ്രകാരം മലങ്കര ഡാമിന്റെ പോസ്റ്റ് മൺസൂൺ പരിശോധന ആഗസ്റ്റ് 2022-നും മണിയാർ ബാരേജ്, ഭൂതത്താൻകെട്ട് ബാരേജ്, പഴശ്ശി ബാരേജ്, ശിരുവാണി, കാഞ്ഞിരപ്പുഴ എന്നീ ഡാമുകളുടെ

പോസ്റ്റ് മൺസൂൺ പരിശോധന സെപ്റ്റംബർ 2022-നും കാരാപ്പുഴ, പീച്ചി എന്നീ ഡാമുകളുടെ പോസ്റ്റ് മൺസൂൺ പരിശോധന ഒക്ടോബർ 2022-നും ചിമ്മിനി, വാഴാനി, നെയ്യാർ, മൂലത്തറ റെഗുലേറ്റർ എന്നീ ഡാമുകളുടെ പോസ്റ്റ് മൺസൂൺ പരിശോധന നവംബർ 2022-നും കല്ലട, വാളയാർ, ചുള്ളിയാർ, മീങ്കര, മലമ്പുഴ, പോത്തുണ്ടി, കുറ്റിയാടി, മംഗലം എന്നീ ഡാമുകളുടെ പോസ്റ്റ് മൺസൂൺ പരിശോധന ഡിസംബർ 2022-നും നടത്തി. ഡാമുകളുടെ കാലവർഷത്തിനുമുൻപും പിൻപുമുള്ള (Pre and Post monsoon) പരിശോധനകൾ അതത് ഡാമിന്റെ ചുമതലയുള്ള എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ വിഭാഗങ്ങളുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുമായി ചേർന്ന് നടത്തിവരുന്നു.

ഡാമുകളുടെ പൊതുവായ അവസ്ഥ, Dam Embankment, Slope, Crest, Drainage Seepage, Masonry and Concrete Dam Section Joints, Abutments, Gallery, Spillway Stilling Basin, Spillway/Sluice Gates, Hoist, Cranes, Valve, Pumps, Road തുടങ്ങിയ വിവിധ ഘടകങ്ങൾ വിശദമായി പരിശോധിച്ച് പ്രസ്തുത പരിശോധനയെ ആസ്പദമാക്കി

ആവശ്യമുള്ള നവീകരണം, പുനരുദ്ധാരണം, അറ്റകുറ്റപ്പണികൾ എന്നിവ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഏറ്റെടുത്ത് നടത്തിവരുന്നു.

(ബി) ഇതിനായി നിയോഗിക്കപ്പെട്ട സമിതിയുടെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കാമോ?

ഡാമുകളുടെ കാലവർഷത്തിനുമുൻപും പിൻപുമുള്ള (Pre and Post monsoon) പരിശോധനകൾ ഡാമിന്റെ മേൽനോട്ടം വഹിക്കുന്ന എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ മെക്കാനിക്കൽ, ഇലക്ട്രിക്കൽ എന്നീ വിഭാഗങ്ങളുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുമായി ചേർന്ന് നടത്തി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

DRIP Phase-II പദ്ധതിയിലുൾപ്പെട്ട ഡാമുകളുടെ നവീകരണത്തിനായി നിയോഗിക്കപ്പെട്ട Dam Safety Review Panel (DSRP) ഓരോ വിഷയത്തിലും വൈദഗ്ദ്ധ്യമുള്ളവരെ ഉൾപ്പെടുത്തി ഡാം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

27-04-2019-ലെ ജി.ഒ.(ആർ.റ്റി.)നം.293/2019/ഡബ്ല്യു.ആർ.ഡി. പ്രകാരം, കേന്ദ്ര ജലകമ്മീഷന്റെ പാനലിൽനിന്നും വിദഗ്ധരുൾപ്പെടെ ഏഴംഗ Dam Safety Review Panel (DSRP) 11 ഡാമുകളുടെ പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. എന്നാൽ ബാക്കിയുള്ള DRIP Phase II-ൽ

ഉൾപ്പെടുത്തിയ നാല് ഡാമുകളുടെ പരിശോധന കോവിഡ് വ്യാപനംമൂലം പ്രസ്തുത പാനലിന് നടത്താൻ കഴിയാതെവന്നു. ആയതിനാൽ സംസ്ഥാനത്തിനകത്തുള്ള വിദഗ്ധരെ ഉൾപ്പെടുത്തി 16-05-2022-ലെ ജി.ഒ. (ആർ.റ്റി.)നം.408/2022/ഡബ്ല്യു.ആർ.ഡി., 21-07-2022-ലെ ജി.ഒ. (ആർ.റ്റി.)നം.635/2022/ഡബ്ല്യു.ആർ.ഡി. എന്നിവ പ്രകാരം Dam Safety Review Panel പുനഃക്രമീകരിക്കുകയും ഇവരെ ഉൾപ്പെടുത്തി ബാക്കി നാല് ഡാമുകളുടെ പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ Dam Safety Act, 2021 പ്രകാരം അണക്കെട്ടുകളുടെ സുരക്ഷയും മേൽനോട്ടവും നിരീക്ഷിക്കുവാൻ State Committee on Dam Safety (SCDS), State Dam Safety Organization (SDSO) എന്നിവ രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ വിശദമായ രൂപരേഖയും ചട്ടങ്ങളും തയ്യാറാക്കിവരുന്നു.

(സി) സുരക്ഷാ പരിശോധനയിൽ നവീകരണമോ ഡീകമ്മീഷനിംഗോ ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഡാമുകളുടെ സുരക്ഷാ പരിശോധനയിൽ അത്യാവശ്യ അറ്റകുറ്റപ്പണികൾ സംസ്ഥാന ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് വർഷാവർഷം നടപ്പിലാക്കുകയും പ്രാധാന്യമുള്ള പ്രവൃത്തികളായ പുനരുദ്ധാരണം,

നവീകരണം എന്നിവ ആവശ്യമുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ അവ റിപ്പോർട്ടിൽ ഉൾപ്പെടുത്തി, DRIP II-ലെ Project Screening Templates (PSTs)-ൽ പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര ജലകമ്മീഷന് സമർപ്പിച്ച് അംഗീകാരം വാങ്ങിയശേഷം പ്രസ്തുത പ്രവൃത്തികൾ DRIP Phase II-ൽ ഉൾപ്പെടുത്തി നടത്തിവരുന്നു. ഡാമുകളുടെ ഡീ-കമ്മീഷനിംഗ് ആവശ്യമുള്ളതായി റിപ്പോർട്ടുകളൊന്നും നിലവിൽ ലഭിച്ചിട്ടില്ല.

(ഡി) അണക്കെട്ടുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി വിദേശ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എന്തെല്ലാം സഹായങ്ങൾ തേടിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

അണക്കെട്ടുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും അറ്റകുറ്റപ്പണികൾക്കും അവയുടെ നവീകരണ പ്രവർത്തനങ്ങൾക്കുംവേണ്ടി ലോകബാങ്ക് സഹായത്തോടെ ആരംഭിച്ച പദ്ധതിയാണ് ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP). ജലസേചന വകുപ്പിന്റെ കീഴിലുള്ള തെരഞ്ഞെടുത്ത അണക്കെട്ടുകളുടെ പ്രധാന പുനരുദ്ധാരണ പ്രവൃത്തികളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. 70:30 അനുപാതത്തിൽ ലോകബാങ്ക് ലോൺ:സംസ്ഥാന വിഹിതം എന്ന അടിസ്ഥാനത്തിലാണ് ഇത് ലഭ്യമാക്കുന്നത്. ഓരോ വർഷവും ആ പ്രത്യേക

വർഷത്തേയ്ക്കുള്ള കർമ്മ പദ്ധതി പ്രകാരം ബഡ്ജറ്റ് വിഹിതം തയ്യാറാക്കുന്നതും ചെലവുകളുടെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ അനുപാതമനുസരിച്ച് ലോൺ കൺപോണന്റിന്റെ റീ-ഇംപേഴ്സ്മെന്റ് ലഭ്യമാക്കുന്നതുമാണ് DRIP പദ്ധതിയുടെ രീതി.

DRIP Phase II-ൽ ലോകബാങ്കിന്റെയും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കിന്റെയും തുല്യ അനുപാതത്തിലാണ് ലോൺ വിഹിതം ലഭ്യമാക്കുന്നത്. ആറ് വർഷത്തെ (2021-27) കാലയളവിലേയ്ക്കുള്ള DRIP ഘട്ടം-II പദ്ധതിക്ക് കേരള സർക്കാരിന്റെ 240 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 70:30 അനുപാതത്തിൽ ബാങ്ക് ലോൺ:സംസ്ഥാന വിഹിതം എന്ന മുറയ്ക്കുതന്നെയാണ് ഫേസ് II-ലും തുക ലഭ്യമാക്കുന്നത്.

DRIP ഘട്ടം II-ൽ തെരഞ്ഞെടുത്ത 15 ഡാമുകൾ/ബാരേജുകളായ നെയ്യാർ, കല്ലട, മണിയാർ ബാരേജ്, ഭൂതത്താൻകെട്ട് ബാരേജ്, മലങ്കര, വാളയാർ, ചുള്ളിയാർ, മീങ്കര, മലമ്പുഴ, മംഗലം, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, കുറ്റിയാടി, കാരാപ്പുഴ, പഴശ്ശി എന്നിവയുടെ നവീകരണവും പുനരുദ്ധാരണ പ്രവൃത്തികളുമാണ് ഇതിൽ ഉൾപ്പെടുന്നത്.

## ഇറിഗേഷൻ ടൂറിസം പദ്ധതി

30 (*90) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം അറിയിക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകളുടെയും മറ്റ് സ്ഥലങ്ങളുടെയും വിനോദസഞ്ചാര സാധ്യത പ്രയോജനപ്പെടുത്തുന്നതിനായി ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി സ.ഉ.(കൈ)നം.68/2022/ജ.വി.വ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇറിഗേഷൻ വകുപ്പിനുകീഴിൽ വരുന്ന ജലാശയങ്ങളിൽ ബോട്ടിംഗ്, കുട്ടവഞ്ചി സഞ്ചാരം, കയാക്കിംഗ് എന്നിവ പോലുള്ള ജലവിനോദ പരിപാടികൾ നടപ്പാക്കിവരുന്നുണ്ടോ; ഇതിന്

പ്രാദേശികാടിസ്ഥാനത്തിൽ കരാറിൽ ഏർപ്പെടുന്നതിനടക്കം ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദാംശം അറിയിക്കുമോ?

ഉണ്ട്. കേരള ഇറിഗേഷൻ ആൻഡ് വാട്ടർ കൺസർവ്വേഷൻ ആക്ട് (അമന്റ്മെന്റ്) പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയറുമായാണ് കരാറിൽ ഏർപ്പെടേണ്ടത്.

(സി) ഏതൊക്കെ ഏജൻസികൾക്കാണ് കരാറിൽ ഏർപ്പെടുന്നതിന് യോഗ്യതയുള്ളത്; കരാറിന്റെ മാനദണ്ഡങ്ങൾ അറിയിക്കാമോ; മാനദണ്ഡങ്ങൾ പാലിക്കുന്ന പുതിയ ഏജൻസികളെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഓരോ ടൂറിസം പദ്ധതിയുടെയും പ്രസ്തുത സ്ഥലത്തിന്റെയും പ്രത്യേകതകളും അവിടെ വരുന്ന സഞ്ചാരികളുടെ രീതിയും അവരുടെ വിവിധ ആവശ്യങ്ങളും കണക്കിലെടുത്തുകൊണ്ടുമാത്രമേ എഗ്രിമെന്റുകളും അതിലെ കണ്ടീഷനുകളും അന്തിമമാക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യം വിശദമായി പരിശോധിച്ചുവരികയാണ്. അപ്രകാരം ഒരോ സ്ഥലത്തിനും ആവശ്യമായ രീതിയിലും വിനോദസഞ്ചാരികൾക്ക് ഏറ്റവും കൂടുതൽ സേവനങ്ങളും ഭൗതിക സാഹചര്യങ്ങളും ഒരുക്കുന്നതിനും സഹായകമായ രീതിയിലും അതോടൊപ്പം ജലസേചന വകുപ്പിന്റെ എല്ലാ സുരക്ഷയും മറ്റ് കാര്യങ്ങളും

ഉറപ്പാക്കിക്കൊണ്ടുമായിരിക്കും പ്രസ്തുത എഗ്രിമെന്റുകൾ തയ്യാറാക്കുക. ഇതിന് അന്തിമ രൂപമായിട്ടില്ല. വളരെ ഏകീകൃതവും എന്നാൽ വിനോദസഞ്ചാരികൾക്ക് സമഗ്രവും പുതുമയേറിയ സേവനങ്ങളും നൽകുന്നതിനായി വൃത്തിയും മറ്റ് സുരക്ഷാ സാഹചര്യങ്ങളും ഉറപ്പാക്കുന്ന രീതിയിലുള്ള പദ്ധതികളായിരിക്കും തയ്യാറാക്കുന്നത്. ഇതിനായി തീർച്ചയായും നിർവ്വഹണ ഏജൻസികളെ പരിശോധിച്ച് അവരുടെ പ്രൊപ്പോസലുകൾ പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്. ടൂറിസം അനുബന്ധ സേവനങ്ങൾ ഒരുക്കുന്നത് സാധാരണ പ്രക്രിയയല്ല, മറിച്ച് ഇതിലൊരു ക്രിയേറ്റിവിറ്റിയും ആർട്ട്, ടെക്നോളജി എന്നിവയും ഉൾപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ ഏതെങ്കിലുമൊരു പ്രത്യേക സ്ഥാപനത്തെ ഇതിനായി ഏൽപ്പിക്കാനാവില്ല. പകരം ഒരോ സ്ഥലത്തും അവർ കൊണ്ടുവരുന്ന ഏറ്റവും നൂതനമായ ക്രിയേറ്റീവായിട്ടുള്ള പ്രൊപ്പോസൽ പരിശോധിച്ചിട്ടായിരിക്കും അവരെ പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കുന്നത്.

(ഡി) ഇറിഗേഷൻ ടൂറിസം പദ്ധതിയിൽ ജലാശയങ്ങൾകൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഇറിഗേഷൻ വകുപ്പിനുകീഴിൽ ഡാമുകളും ബാരേജുകളുമായി ആകെ 16 സംവിധാനങ്ങളാണുള്ളത്. അതുകൊണ്ടുതന്നെ ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ ഏറ്റവും ആകർഷണമെന്ന് പറയുന്നത് പ്രസ്തുത ജലാശയങ്ങളാണ്. ഡാമുകളും ബാരേജുകളും കൂടാതെ മറ്റ് ജലാശയങ്ങളും ഇറിഗേഷൻ വകുപ്പിന്റെ പരിധിയിൽ വരുന്നുണ്ട്. ആയതും വളരെ പ്രകൃതിരമണീയമായതും സഞ്ചാരികൾക്ക് പുതുമയേറിയ അനുഭവം നൽകുന്നതുമായ പ്രദേശമാണ് പരിഗണിക്കുന്നത്. അതുകാരണം ജലസേചന വകുപ്പിന് കീഴിലുള്ള ബാരേജുകൾ, ഡാമുകൾ എന്നതുകൂടാതെ സാധ്യമായ എല്ലാ ജലാശയങ്ങളിലും പ്രസ്തുത പദ്ധതി വികസിപ്പിക്കുന്നതിന് ലക്ഷ്യമിട്ടാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

(ഇ) ഇറിഗേഷൻ ടൂറിസം പദ്ധതിക്കായി 2023-24 സാമ്പത്തിക വർഷം എത്ര തുക ചെലവഴിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ?

ടൂറിസം പദ്ധതിക്കായി 2023-24 ബഡ്ജറ്റിൽ അനുവദിക്കുന്ന തുക പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കും. എന്തെങ്കിലും കൂടുതൽ ആവശ്യമായി വരികയാണെങ്കിൽ ആയതിനുവേണ്ടി അധികം തുക പ്ലാനുകളുടെയും പദ്ധതികളുടെയും അടിസ്ഥാനത്തിൽ ആവശ്യപ്പെടാനുള്ള

നടപടികൾ സ്വീകരിക്കും. ഇതിൽ പ്രധാന കാര്യം ഇറിഗേഷൻ ടൂറിസം എന്നുപറയുന്നത് സർക്കാരിന്റെ പ്ലാൻ അല്ലെങ്കിൽ നോൺ-പ്ലാൻ ഗ്രാന്റ് മാത്രം പൂർണ്ണമായി ആശ്രയിച്ചുകൊണ്ട് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതല്ല. പകരം അവ വിനോദസഞ്ചാരികൾക്ക് പുതുമയേറിയ അനുഭവം നൽകുന്നതോടൊപ്പം സ്വയംസാമ്പത്തിക പര്യാപ്തമായ രീതിയിലേയ്ക്കും അവയുടെ അടിസ്ഥാന സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും വികസിപ്പിക്കാനുതകുന്ന അധിക വരുമാനം ലഭിക്കുന്ന രീതിയിലും അതോടൊപ്പം ജലസേചന വകുപ്പിന്റെ ആസ്തികൾക്കോ മറ്റ് നിർമ്മിതികൾക്കോ യാതൊരു തരത്തിലുള്ള സുരക്ഷാ വീഴ്ചയോ മറ്റ് നാശനഷ്ടങ്ങളോ ഉണ്ടാകാത്ത രീതിയിലും നടത്തുന്ന രീതിയിലായിരിക്കും ഇറിഗേഷൻ ടൂറിസം വികസിപ്പിക്കുന്നത്. ആയതിനാൽത്തന്നെ ഭാവിയിൽ സർക്കാരിന് വരുമാനം ലഭിക്കുന്ന തരത്തിലായിരിക്കും ഇറിഗേഷൻ ടൂറിസം വികസിപ്പിച്ച് നടപ്പിലാക്കുന്നത്.

# (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## ആദിവാസികൾക്ക് സ്വന്തമായി കിടപ്പാടം

1 (791) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരും സ്വന്തമായി വീടില്ലാത്തവരുമായ എത്ര ആദിവാസികൾ നിലവിലുണ്ട്; അവർക്ക് വീട് ലഭ്യമാക്കാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ രേഖകൾ പ്രകാരം ഭൂരഹിതരും ഭവനരഹിതരുമായ 24561 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. അർഹരായ എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ലൈഫ് മിഷൻ പദ്ധതി മുഖേന വീട് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആദിവാസി പുനരധിവാസ മിഷൻ നടപ്പിലാക്കുന്ന 'ലാൻഡ് ബാങ്ക് പദ്ധതി' മുഖേന ഭൂമി ലഭ്യമാകുന്ന പട്ടികവർഗ്ഗക്കാർക്ക് പുനരധിവാസ മിഷൻ മുഖേനയും വീട് അനുവദിക്കുന്നുണ്ട്.

ലൈഫ് മിഷൻ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ഒന്നാംഘട്ടത്തിൽ 18182 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും യഥാർത്ഥ നിർമ്മാണ

ചെലവ് അനുവദിച്ചുകൊണ്ട് 17400 വീടുകൾ പൂർത്തീകരിച്ചിട്ടുമുണ്ട്. ലൈഫ് മിഷൻ രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതരായ 3460 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും അതിൽ 3055 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ലൈഫ് മിഷൻ മൂന്നാംഘട്ടത്തിൽ ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയ 569 ഗുണഭോക്താക്കൾ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ആയതിൽ 384 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ശോച്യമായ വീടുകളിൽ താമസിക്കുന്ന 16070 പേരെ പട്ടികവർഗ്ഗ വികസന വകുപ്പ് കണ്ടെത്തി അഡീഷണൽ ലിസ്റ്റായി ലൈഫ് മിഷന് കൈമാറിയതിൽ ലൈഫ് മിഷൻ അർഹരെന്ന് കണ്ടെത്തിയ 8071 പേരിൽ 2736 പേരുടെ വീടുകളും ഭൂരഹിത ഭവനരഹിതരായി കണ്ടെത്തിയ 251 പേരിൽ 62 പേരുടെ വീടുകളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ആദിവാസികൾക്ക് സ്വന്തമായി കിടപ്പാടം എന്നത് യാഥാർത്ഥ്യമാക്കാനും ആയത് നശിപ്പിക്കാനോ മറ്റുള്ളവർക്ക് വിൽക്കാനോ മറ്റുള്ളവർ കൈയേറാനോ ഉള്ള സാധ്യതകൾ തടയുവാനുമായി എന്ത് നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വനാവകാശ നിയമ പ്രകാരം കൈവശരേഖകൾ നൽകിയും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവുപ്രകാരം വിട്ടുകിട്ടിയ നിക്ഷിപ്ത വനഭൂമിയിൽനിന്നും അനുവദിച്ചും ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വിലയ്ക്ക് വാങ്ങിയും പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കിവരുന്നുണ്ട്.

പട്ടികവർഗ്ഗക്കാരുടെ കൈവശഭൂമി ക്രയവിക്രയം ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ അനുമതി ആവശ്യമാണെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. ഭൂമി കൈയേറ്റം ശ്രദ്ധയിൽപ്പെട്ടാൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമം, 1989 പ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ഭൂരഹിത - ഭവനരഹിത പട്ടികജാതി കുടുംബങ്ങൾ

2 (792) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നിലവിൽ ഭൂരഹിതരായിട്ടുള്ള പട്ടികജാതി കുടുംബങ്ങളുടെയും ഭവനരഹിതരായിട്ടുള്ള പട്ടികജാതി കുടുംബങ്ങളുടെയും എണ്ണം എത്രയെന്ന് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) 2016 മുതൽ 2022 വരെയുള്ള കാലയളവിൽ എത്ര പട്ടികജാതി കുടുംബങ്ങൾക്ക് ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഭവനം അനുവദിച്ചിട്ടുണ്ടെന്നും എത്ര കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ടെന്നും പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## വീടുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള ധനസഹായം

3 (793) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി വകുപ്പ് നേരിട്ട് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

SAFE (Secure Accommodation and Facility Enhancement) പദ്ധതിപ്രകാരം ഭവന പുനരുദ്ധാരണത്തിനും ഭവന പൂർത്തീകരണത്തിനുമായി പട്ടികജാതി വിഭാഗക്കാർക്ക് രണ്ടുലക്ഷം രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരക്കിലും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 2.50 ലക്ഷം രൂപ നിരക്കിലും ധനസഹായം അനുവദിക്കുന്നുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിൽനിന്നുള്ള ഫണ്ടുകളും ലൈഫ് പാർപ്പിട പദ്ധതിയുടെ ഭാഗമാക്കി മാറ്റിയ സാഹചര്യത്തിൽ അർഹരായ മുഴുവൻ പേർക്കും വീടുകളുടെ അറ്റകുറ്റപ്പണികൾക്കായി ധനസഹായം അനുവദിക്കുവാൻ കഴിയാതെ വരുന്നുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലൈഫ് ഭവന പദ്ധതിക്കായി പട്ടികജാതി വികസന വകുപ്പ് ലൈഫ് മിഷന് തുക അനുവദിക്കുന്നുണ്ട്. കൂടാതെ, ഭവന പൂർത്തീകരണത്തിനും പുനരുദ്ധാരണത്തിനുമുള്ള SAFE പദ്ധതിയും വകുപ്പ് മുഖേന നടപ്പിലാക്കുന്നുണ്ട്. ആയതിന് പ്രത്യേകമായി തുക വകയിരുത്തിയിട്ടുമുണ്ട്.

(സി) വർഷങ്ങൾക്കുമുമ്പ് സർക്കാർ ധനസഹായത്തോടെ വീടുകൾ ഭാഗികമായി നിർമ്മിക്കുകയോ കാലപ്പഴക്കത്താൽ വാസയോഗ്യമല്ലാതാകുകയോ ചെയ്ത അർഹരായ അപേക്ഷകരുടെ വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അർഹരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനും ഭവന പൂർത്തീകരണത്തിനുമായി SAFE (Secure Accommodation and Facility Enhancement) പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നുണ്ട്.

**സേഫ് പദ്ധതിയുടെ മാനദണ്ഡങ്ങൾ**

4 (794) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് പദ്ധതി പ്രകാരം ഭവന പുനരുദ്ധാരണത്തിന് വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം 2010-നുമുമ്പ് വീട് പൂർത്തീകരിച്ചവർക്ക് വായ്പ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത മാനദണ്ഡത്തിൽ ഇളവുവരുത്തി 2010-നുമുമ്പ് വീട് പൂർത്തീകരിച്ച അർഹതയുള്ളവർക്കുകൂടി സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളുടെ ഭവന പൂർത്തീകരണ/പുനരുദ്ധാരണത്തിനായി രണ്ടുലക്ഷം രൂപ ധനസഹായം

അനുവദിക്കുന്ന സേഫ് പദ്ധതിയുടെ മാനദണ്ഡങ്ങൾ 27-9-2022-ലെ സ.ഉ. (സാധാ)നം.990/2022/പജപവവിവ, 30-12-2022-ലെ സ.ഉ. (കൈ)നം.59/2022/പജപവവിവ. എന്നീ ഉത്തരവുകൾ പ്രകാരമാണ് നിശ്ചയിച്ചിട്ടുള്ളത് (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു+). പ്രസ്തുത പദ്ധതിയിൽ 2010 ഏപ്രിൽ 1-നുശേഷം ഭവന പൂർത്തീകരണം നടത്തിയിട്ടുള്ള കുടുംബങ്ങളെയാണ് പരിഗണിക്കുന്നത്. പ്രസ്തുത മാനദണ്ഡത്തിൽ ഇളവ് വരുത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

### പട്ടികജാതി കുടുംബങ്ങളുടെ ഭവനനിർമ്മാണം

5 (795) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീടുവയ്ക്കാനുള്ള പദ്ധതിപ്രകാരം അനുവദിച്ച വീടുകളുടെ നിർമ്മാണം ഭൂരിഭാഗവും പാതിവഴിയിൽ നിലച്ച സ്ഥിതിയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇവയുടെ നിർമ്മാണം യഥാസമയം പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) വീട് നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തവരെ സഹായിക്കാനായി അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(എ-സി) സംസ്ഥാനത്ത് ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണ പദ്ധതി പ്രകാരം അനുവദിച്ച വീടുകളിൽ പരിമിത എണ്ണം വീടുകളുടെ നിർമ്മാണം നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും അവ നിർമ്മാണ സ്ഥലത്ത് എത്തിക്കുന്നതിനുമുള്ള അമിതമായ ചെലവും കാരണം യഥാസമയം പൂർത്തിയാക്കുന്നതിന് തടസ്സമായി നിൽക്കുന്നുണ്ട്.

ലൈഫ് മിഷൻ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി ഭവന പൂർത്തീകരണ പദ്ധതി നടപ്പിലാക്കിയിരുന്നു. കൂടാതെ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം/പുനരുദ്ധാരണം എന്നിവയ്ക്കായി രണ്ടുലക്ഷം രൂപവരെ നൽകുന്ന "SAFE" (Secure Accommodation and Facility

Enhancement) എന്ന പുതിയ പദ്ധതി 2022-23 സാമ്പത്തിക വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## ഭൂരഹിതരോ ഭവനരഹിതരോ ആയ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ

6 (796) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരോ ഭവനരഹിതരോ ആയ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയും ഭവനവും നൽകുന്നതിനായി ലൈഫ് പദ്ധതി കൂടാതെ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ലൈഫ് മിഷൻ പദ്ധതി കൂടാതെ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്തുവരുന്നു. വനാവകാശ നിയമപ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശരേഖയും നൽകുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽവന്നശേഷം ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം 198 പേർക്ക് 38.01 ഏക്കർ ഭൂമിയും നിക്ഷിപ്ത വനഭൂമി വിതരണം

ചെയ്യുന്ന പദ്ധതി പ്രകാരം 80 പേർക്ക് 15.20 ഏക്കർ ഭൂമിയും വിതരണം ചെയ്തിട്ടുണ്ട്. വനാവകാശ നിയമപ്രകാരം 1369 പേർക്ക് 1699.04 ഏക്കർ ഭൂമിയുടെ കൈവശാവകാശ രേഖയും നൽകിയിട്ടുണ്ട്.

ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി വാങ്ങി നൽകുന്നവർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വീട് അനുവദിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്നശേഷം ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന 255 പേർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.

ലൈഫ് പദ്ധതി കൂടാതെ, ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി ഭൂരഹിത പുനരധിവാസ പദ്ധതിയും പട്ടികജാതിയിലെ ദുർബല വിഭാഗത്തിൽപ്പെട്ട ഭൂരഹിത-ഭവനരഹിതർക്കായി ദുർബല പുനരധിവാസ പദ്ധതിയും നടപ്പിലാക്കിവരുന്നു. ലൈഫ് പട്ടികയിൽ നിന്നാണ് ഇതിനുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

(ബി) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്രപേർക്ക് ഇപ്രകാരം ഭവനങ്ങൾ നിർമ്മിച്ച് നൽകിയെന്നും ഇനി എത്രപേർക്ക് ഭവനങ്ങൾ നിർമ്മിച്ച് നൽകുവാനുണ്ടെന്നും വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ 2016-17 മുതൽ 2017-18 വരെയായി പട്ടികജാതി വികസന വകുപ്പ് മുഖേന 23801 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്.

2016-17 മുതൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മാണം ഏറ്റെടുത്ത ഭവനങ്ങളുടെ പൂർത്തീകരണം വകുപ്പിൽ നിന്നും തുക അനുവദിച്ച് നടപ്പിലാക്കിവരുന്നു. ആയത് പ്രകാരം 7540 വീടുകൾ ഏറ്റെടുത്തതിൽ നാളിതുവരെ 3461 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന വീടുകൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൂടാതെ മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ആദിവാസി പുനരധിവാസ മിഷൻ മുഖേന 1618 പേർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. ആയതിൽ 930 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവയുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

## മണ്ണാർക്കാട് മണ്ഡലത്തിലെ ഭവന-ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ

7 (797) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ ഭവന-ഭൂരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ലിസ്റ്റ് പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ഇവർക്ക് ഭൂമിയും വീടും നൽകുവാൻ സ്വീകരിച്ച നടപടി എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽപ്പെട്ടവർ ലൈഫ് പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന വിവരം ലഭ്യമാണോ; എങ്കിൽ ആയത് സംബന്ധിച്ച വിശദവിവരം നൽകുമോ?

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## പൂഞ്ഞാർ മണ്ഡലത്തിൽ വീട്/സ്ഥലം ഇല്ലാത്ത പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ

8 (798) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ സ്വന്തമായി വീട്, സ്ഥലം എന്നിവയില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ വിവരം തദ്ദേശസ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത മണ്ഡലത്തിൽ സർക്കാരിന്റെ വീട്/സ്ഥലം ലഭിക്കുന്നതിനുള്ള ഒരു പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ലാത്ത എത്ര കുടുംബങ്ങൾ നിലവിലുണ്ടെന്നും ഇവർക്ക് വീട്/സ്ഥലം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത അർഹതയുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിത-ഭവനരഹിത കുടുംബങ്ങളുള്ളതായി നിലവിൽ കണ്ടെത്തിയിട്ടില്ല. അപ്രകാരം അർഹതയുള്ളവർ ലിസ്റ്റിൽ ഉൾപ്പെടാത്തതായി കണ്ടെത്തുന്നപക്ഷം അവരെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഒരു പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ലാത്ത 57 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. കോട്ടയം ജില്ലയിലെ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്നതിനായി മീനച്ചിൽ താലൂക്കിൽ മോനിപ്പള്ളി വില്ലേജിൽ ലാൻഡ് ബാങ്ക് പദ്ധതിപ്രകാരം 2.15 ഏക്കർ ഭൂമി വാങ്ങിയിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സേഫ് പദ്ധതി

9 (799) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന 2016 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പട്ടികജാതി വിഭാഗങ്ങൾക്കായി നിർമ്മിച്ച് നൽകിയ വീടുകളുടെ എണ്ണവും ഇതിനായി ചെലവഴിച്ച തുകയും വ്യക്തമാക്കുമോ?

2016-17 സാമ്പത്തിക വർഷത്തിൽ 14906 കുടുംബങ്ങൾക്കും 2017-18 സാമ്പത്തിക വർഷത്തിൽ 8895 കുടുംബങ്ങൾക്കും ഭവന ധനസഹായം അനുവദിക്കുകയുണ്ടായി. പ്രസ്തുത വർഷങ്ങളിൽ ബന്ധപ്പെട്ട ശീർഷകത്തിൽനിന്നും യഥാക്രമം 232,35,94,800/- രൂപയും 381,30,81,266/- രൂപയും വീതം ചെലവഴിച്ചിട്ടുണ്ട്. 2018-19 മുതൽ ലൈഫ് മിഷൻ മുഖാന്തരമാണ് ഭവനനിർമ്മാണ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) മേൽപ്പറഞ്ഞ കാലയളവിൽ വകുപ്പ് മുഖേന എത്ര പട്ടികജാതി കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണത്തിനായി വായ്പ അനുവദിച്ചിട്ടുണ്ടെന്നും ഈ ഇനത്തിൽ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

പട്ടികജാതി കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണത്തിനായി പട്ടികജാതി വികസന വകുപ്പിൽനിന്നും വായ്പയൊന്നും അനുവദിച്ചിട്ടില്ല.

(സി) ലൈഫ് ഭവന പദ്ധതി മുഖേന പട്ടികജാതി കുടുംബങ്ങൾക്ക് കാര്യക്ഷമമായി ഭവനനിർമ്മാണ സഹായം അനുവദിക്കുവാൻ സാധിക്കുന്നില്ലെന്ന വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ച സേഫ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

ലൈഫ് ഭവന പദ്ധതി മുഖേന പട്ടികജാതി കുടുംബങ്ങൾക്ക് കാര്യക്ഷമമായി ഭവനനിർമ്മാണ സഹായം അനുവദിക്കുവാൻ സാധിക്കുന്നില്ലെന്ന വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലല്ല സേഫ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ലൈഫ് എന്നത് ഭവനനിർമ്മാണ പദ്ധതിയും സേഫ് എന്നത് 2010 ഏപ്രിൽ 1 മുതൽ സർക്കാർ ധനസഹായം നൽകിയതോ അല്ലാത്തതോ ആയ വീടുകൾ പൂർത്തീകരിക്കുന്നതിന്/പുനരുദ്ധാരണം ചെയ്യുന്നതിനുള്ള പദ്ധതിയുമാണ്. സേഫ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ 27-09-2022-ലെ സ.ഉ. (സാധാ)നം.990/2022/പജപവവിവ., 30-12-2022-ലെ സ.ഉ. (കൈ)നം.59/2022/പജപവവിവ. എന്നിവ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അവകാശരേഖ നൽകുന്നതിന് നടപടി

10 (800) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ കുമാരനെല്ലൂർ വില്ലേജിൽ ചുണ്ടത്തുംപൊയിൽ പ്രദേശത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പേർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് താലൂക്കിൽ കുമാരനെല്ലൂർ വില്ലേജിൽ ചുണ്ടത്തുംപൊയിൽ പ്രദേശത്ത് 14 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിക്കാനുണ്ട്.

(ബി) അവകാശരേഖ നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്നും ആയത് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ?

14 പട്ടികവർഗ്ഗ കുടുംബങ്ങളുടെ ഭൂമി റവന്യൂ വകുപ്പ് സർവ്വേ ചെയ്യുകയും രണ്ട് വർഷമായി ഭൂനികുതി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. എന്നാൽ ഇവർക്ക് പട്ടയം ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് കോഴിക്കോട് തഹസിൽദാർ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനനിർമ്മാണ സഹായം

11 (801) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2016 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നിർമ്മിച്ചുനൽകിയ വീടുകളുടെ എണ്ണവും ഇതിനായി ചെലവഴിച്ച തുകയും വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ വകുപ്പ് മുഖേന എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവന പുനരുദ്ധാരണത്തിനായി വായ്പ അനുവദിച്ചിട്ടുണ്ട്; ഈ ഇനത്തിൽ ആകെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ലൈഫ് ഭവന പദ്ധതി മുഖേന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് കാര്യക്ഷമമായി ഭവനനിർമ്മാണ സഹായം അനുവദിക്കുവാൻ സാധിക്കുന്നില്ലെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ചിട്ടുള്ള ബദൽ മാർഗ്ഗങ്ങൾ വ്യക്തമാക്കുമോ?

അർഹരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ലൈഫ് മിഷൻ മുഖേന ഭവനനിർമ്മാണ ധനസഹായം കാര്യക്ഷമമായി അനുവദിക്കുന്നുണ്ട്.

## വാമനപുരം നിയോജകമണ്ഡലത്തിലെ ട്രൈബൽ ഹോസ്റ്റലിന്റെ നിർമ്മാണം

12 (802) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ പാലോട് കേന്ദ്രമാക്കി കിഫ്ബി ഫണ്ടുപയോഗിച്ച് പട്ടികവർഗ്ഗക്കാർക്കായി നിർമ്മിക്കുന്ന ട്രൈബൽ ഹോസ്റ്റലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) എന്തുകൊണ്ടാണ് പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിയിയാത്തതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുക എത്രയാണെന്നും ഇതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്നും അറിയിക്കാമോ?

(എ-സി) വാമനപുരം നിയോജകമണ്ഡലത്തിൽ പാലോട് കേന്ദ്രമാക്കി യൂത്ത് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് വനാവകാശ പ്രകാരം 50 സെന്റ് സ്ഥലം ലഭിച്ചിരുന്നു. ആദ്യം ലഭിച്ച ഭൂമിയിൽ നിർമ്മാണം സാധ്യമല്ലാത്തതിനാൽ

നിർമ്മാണയോഗ്യമായ ഭൂമി പകരം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയുടെ മണ്ണ് പരിശോധനാ ഫലവും സ്ട്രക്ചറൽ ഡിസൈനും ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുന്നതും കിഫ്ബിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതുമാണ്. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെയാണ് പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി നിശ്ചയിച്ചിട്ടുള്ളത്.

## അംബേദ്കർ ഗ്രാമം പദ്ധതി

13 (803) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന അംബേദ്കർ ഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അംബേദ്കർ ഗ്രാമം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അംബേദ്കർ ഗ്രാമം പദ്ധതി

14 (804) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 2016 മുതൽ നാളിതുവരെ ഏതൊക്കെ കോളനികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വിശദാംശം നൽകാമോ?

പ്രസ്തുത മണ്ഡലത്തിൽ വട്ടപ്പാറ അംബേദ്കർ കോളനി, പുതുകിൽ എസ്.സി. കോളനി, അമ്പതേക്കർ എസ്.സി. കോളനി (2016-2017), പ്രതാപ്മേട് എസ്.സി. കോളനി, ചാരൽമേട് എസ്.സി. കോളനി (2021-2022) എന്നീ കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ളത്.

(ബി) ഇപ്രകാരം ഏറ്റെടുത്ത കോളനികളിൽ നടപ്പിലാക്കിയ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) സേനാപതി ഗ്രാമപഞ്ചായത്തിലെ പ്രതാപ്മേട് കോളനി, നെടുംകണ്ടം ഗ്രാമപഞ്ചായത്തിലെ ചാരൽമേട് കോളനി എന്നിവിടങ്ങളിൽ

അനുവദിച്ച ഈ പദ്ധതി ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) പുതുകിൽ എസ്.സി. കോളനി, വട്ടപ്പാറ അംബേദ്കർ കോളനി എന്നിവയിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. അമ്പതേക്കർ എസ്.സി. കോളനിയിൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. പ്രവൃത്തി അടിയന്തരമായി തുടങ്ങാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രതാപ്മേട് എസ്.സി. കോളനിയിൽ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചാരൽമേട് എസ്.സി. കോളനിയിൽ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. പ്രവൃത്തി അടിയന്തരമായി തുടങ്ങാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## അംബേദ്കർ ഗ്രാമം പദ്ധതി

15 (805) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 2016-17 മുതൽ 2022-23 വരെ എത്ര കോളനികൾ

നവീകരിക്കുന്നതിനായി ഫണ്ട് അനുവദിച്ചുവെന്ന് വിശദമാക്കുമോ; ഓരോ കോളനിക്കും അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതിയിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ നവീകരണ പ്രവൃത്തി പൂർത്തീകരിച്ച കോളനികൾ ഏതൊക്കെയാണ്; ഓരോ കോളനിയും നവീകരണ പ്രവൃത്തിക്ക് വിനിയോഗിച്ച തുക എത്രയാണെന്ന് വിശദമാക്കുമോ?

2016-17 വർഷത്തിൽ ഉൾപ്പെട്ട ചിന്നൻവിള കോളനി, ഭാസ്കർനഗർ കോളനി, പൂഴിക്കുന്ന് പനവിളാകം കോളനി എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത മൂന്ന് കോളനികളിൽ ചിന്നൻവിള കോളനിയുടെ ഫൈനൽ ബിൽ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ടി ബിൽ പ്രകാരം 80,99,426/- രൂപ ചെലവായിട്ടുണ്ട്. മറ്റ് രണ്ട് കോളനികളിലും ഏജൻസി ഫൈനൽ ബിൽ ലഭ്യമാക്കിയിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി

16 (806) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ 2016 മുതൽ നാളിതുവരെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ എത്ര ആദിവാസി ഊരുകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

ഇടുക്കി ജില്ലയിൽ 2016 മുതൽ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ 25 കോളനികളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ്; എത്ര ഊരുകളിൽ പ്രസ്തുത പദ്ധതി പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ട്; ഓരോ ഊരുകളുടെ പേരും പദ്ധതിയുടെ പുരോഗതിയും വിശദീകരിക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) ഇടുക്കി ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ ആദിവാസി ഊരുകളാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് മണ്ഡലം തിരിച്ച് വിശദാംശം നൽകാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി

17 (807) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷം പട്ടികവർഗ്ഗ വികസന വകുപ്പ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ ഏതൊക്കെ കോളനികൾക്കാണ് ഫണ്ട് അനുവദിച്ചതെന്നും പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ ചെമ്പക്കാട്, ബനതടി, ബീരിക്കുഞ്ചെ, വടക്കുമൂല - പനങ്ങാട്, നിരത്തുംതട്ട്, പള്ളംപടുക്ക, എലിക്കോട്ട്കയ എന്നീ കോളനികളെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ ചെമ്പക്കാട്, ബനതടി, ബീരിക്കുഞ്ചെ കോളനികളുടെ ഡി.പി.ആർ. ലഭിച്ചിട്ടുണ്ട്. ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും ഡി.പി.ആർ. തയ്യാറാക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് അറിയിക്കാമോ?

ടി കോളനികൾ സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്തുകളെയാണ് ഡി.പി.ആർ. തയ്യാറാക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത്.

(സി) ഡി.പി.ആർ. തയ്യാറാക്കാൻ ചുമതലപ്പെടുത്തിയ സ്ഥാപനങ്ങൾ ആയത് ചെയ്തിട്ടില്ലെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കാമോ?

ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏജൻസിയുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടാകുന്നപക്ഷം ആവശ്യമെങ്കിൽ ഏജൻസിയെ മാറ്റി പുതിയ ഏജൻസികളെ ചുമതലപ്പെടുത്തുന്നതാണ്.

**കൊടുവള്ളി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി**

18 (808) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ കിഴക്കോത്ത് ഗ്രാമപഞ്ചായത്തിലെ പന്നിയങ്കാട്ട് പുറായിൽ പട്ടികജാതി കോളനി, കട്ടിപ്പാറ ഗ്രാമപഞ്ചായത്തിലെ അംബേദ്കർ പട്ടികജാതി കോളനി എന്നിവ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് ഒരു കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ പദ്ധതി സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ നമ്പർ ഏതാണെന്ന് അറിയിക്കുമോ; പ്രസ്തുത വിഷയത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ&ബി) പ്രസ്തുത കോളനികളിലെ നിർവ്വഹണ ഏജൻസിയെ മാറ്റുന്ന വിഷയം വകുപ്പ് ഡയറക്ടറേറ്റിൽ Dev.C1-12395/21 നമ്പർ ഫയലിൽ നടപടി സ്വീകരിക്കുകയും പദ്ധതി നിർവ്വഹണം സ്റ്റീൽ ഇൻഡസ്ട്രീസ് കേരളാ ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയിട്ടുമുണ്ട്.

## അംബേദ്കർ ഗ്രാമവികസന പദ്ധതി

19 (809) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം മലമ്പുഴ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഈ കോളനികളിലെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, അനുവദിച്ച തുക എന്നീ വിശദാംശം ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## അരൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി

20 (810) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയുമായി ബന്ധപ്പെട്ട് അരൂർ മണ്ഡലത്തിൽ അനുവദിച്ച രണ്ട് പ്രവൃത്തികൾക്ക് നാളിതുവരെ ഭരണാനുമതി ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി എന്നത്തേയ്ക്ക് നൽകുമെന്നും പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

(ബി&സി) അംബേദ്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് പ്രസ്തുത മണ്ഡലത്തിൽനിന്നും ഉളവെയ്പ്പ് പട്ടികജാതി കോളനി, ഇളയപാടം ലക്ഷംവീട് കോളനി എന്നിവയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. അതിൽ ഉളവെയ്പ്പ് പട്ടികജാതി കോളനി നവീകരണത്തിനായി ഏജൻസി സമർപ്പിച്ച എസ്റ്റിമേറ്റിലെ ന്യൂനത പരിഹരിക്കുന്നതിനായുള്ള നടപടികളും ഇളയപാടം ലക്ഷംവീട് കോളനി നവീകരണത്തിനായുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഭരണാനുമതി നൽകി

പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## ആദിവാസി കോളനികളിലെ അടിസ്ഥാന സൗകര്യ വികസനം

21 (811) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസി കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ആദിവാസി മേഖലകളിലേയ്ക്കുള്ള റോഡ്, മറ്റ് ഗതാഗത സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) പട്ടികവർഗ്ഗ സങ്കേതങ്ങളിലേയ്ക്കുള്ള റോഡ്, വൈദ്യുതീകരണം, ശുദ്ധജല വിതരണം, കമ്മ്യൂണിറ്റി ഹാളുകൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ മെച്ചപ്പെടുത്താൻ അംബേദ്കർ

സെറ്റിൽമെന്റ് വികസന പദ്ധതി, കോർപ്പസ് ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി. ഫണ്ട് എന്നിവ മുഖേന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) കഴിഞ്ഞ വർഷം ഡിസംബറിൽ പാലക്കാട് അഗളിയിൽ ആദിവാസി യുവതിയെ പ്രസവവേദനയെത്തുടർന്ന് മൂന്ന് കിലോമീറ്ററോളം തുണി മഞ്ചലിൽ ചുമന്ന് കാട്ടുവഴികളിലൂടെ ആംബുലൻസിലെത്തിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

വനമേഖലയിലുള്ള കടുകുമണ്ണ ഊരിൽനിന്നും ഭവാനിപ്പുഴയ്ക്ക് കുറുകെയുള്ള തൂക്കുപാലം കടന്ന് ആംബുലൻസിന് എത്താൻ കഴിയുന്ന ഭാഗം വരെയുള്ള ദൂരം മാത്രം ഗർഭിണിയെ ചുമന്നുകൊണ്ടുപോയി ആംബുലൻസിലെത്തിക്കുകയും തുടർന്ന് കോട്ടത്തറ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുമുണ്ടായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദൂരപ്രദേശമായ കടുകുമണ്ണ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

## തിരൂരങ്ങാടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

22 (812) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം നവീകരണത്തിന് തെരഞ്ഞെടുത്തിട്ടുള്ള എസ്.സി. കോളനികൾ ഏതെല്ലാമാണെന്നും അവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതിയും വിശദമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ നാളിതുവരെ പൂർത്തീകരിച്ച നടപടികളും ഇനി പൂർത്തീകരിക്കാനുള്ള നടപടികളും ഏതൊക്കെയെന്ന് വിശദമാക്കാമോ?

(എ&ബി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിലെ അയ്യങ്കാളി കോളനി, മീൻകുഴി നഗരിയിൽ കറി കോളനി (2016-17), തിരൂരങ്ങാടി നഗരസഭയിലെ കണ്ണാടിത്തടം പട്ടികജാതി കോളനി, കൊട്ടുവാലക്കാട് പട്ടികജാതി കോളനി (2021-22) എന്നീ കോളനികളെയാണ് അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്.

2016-17 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട അയ്യങ്കാളി പട്ടികജാതി കോളനിയുടെ എസ്റ്റിമേറ്റിൽ വീട് റിപ്പയർ (58 എണ്ണം), അതിര് തിരിക്കൽ, പാർശ്വഭിത്തി നിർമ്മാണം എന്നീ പ്രവൃത്തികൾ ഉൾപ്പെട്ടിരുന്നുവെങ്കിലും ആറ് വീടുകളുടെ റിപ്പയർ മാത്രമാണ് പൂർത്തീകരിച്ചത്. ടി കോളനിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്. എന്നാൽ മൂന്ന് തവണ ടെൻഡർ വിളിച്ചിട്ടും ആരുംതന്നെ വർക്ക് എടുത്തിട്ടില്ലെന്ന് ഏജൻസിയായ കെയ്ക്കൊ (KAICO) അറിയിച്ചിട്ടുണ്ട്.

2016-17 വർഷത്തെ അംബേദ്കർ പദ്ധതിയിൽ ഉൾപ്പെട്ട മീൻകുഴി നഗരിയിൽ കറി കോളനിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ വീട് റിപ്പയർ (83 എണ്ണം), പാർശ്വഭിത്തി നിർമ്മാണം എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 50 വീടുകളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

2021-22 വർഷത്തിൽ തെരഞ്ഞെടുത്ത കണ്ണാടിത്തടം, കൊട്ടുവാലക്കാട് എന്നീ പട്ടികജാതി കോളനികൾ ഫീസിബിളല്ലാത്തതിനാൽ പദ്ധതി പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

## അംബേദ്കർ ഗ്രാമവികസന പദ്ധതി

23 (813) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന കോളനികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ കോളനിയിലും നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ-സി) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇരിക്കൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

24 (814) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെട്ട് നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അതിന്റെ പ്രവർത്തന പുരോഗതി എന്തെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെട്ടിട്ടും പ്രവൃത്തി ആരംഭിക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്നും ആയത് നാളിതുവരെയും ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്നും വിശദമാക്കാമോ?

(എ&ബി) അംബേദ്കർ ഗ്രാമ വികസന പദ്ധതി പ്രകാരം 2021-22 വർഷത്തിൽ ഇരിക്കൂർ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള എള്ളരഞ്ഞി കോളനി, പഞ്ചാംമൂല കോളനി എന്നീ രണ്ട് കോളനികളിൽ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ധാരണാപത്രം ഒപ്പിട്ട് പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

25 (815) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആകെ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കോളനികളെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) 2021-22 സാമ്പത്തിക വർഷത്തിൽ മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽനിന്നും ഉൾപ്പെടുത്തിയ കിഴക്കുംപുറം കോളനി നവീകരണത്തിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; ആയതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ?

പ്രസ്തുത കോളനിയുടെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഈ സാമ്പത്തിക വർഷം മണ്ണാർക്കാട് മണ്ഡലത്തിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്താൻ പ്രൊപ്പോസൽ നൽകിയിട്ടുള്ള കോളനികളുടെ വിശദാംശം നൽകുമോ?

ഈ സാമ്പത്തിക വർഷം കോളനികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കോങ്ങാട് നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി**

26 (816) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി കോങ്ങാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി കോളനികളെ വികസിപ്പിക്കുന്നതിനാണ് സർക്കാർ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കോങ്ങാട് നിയോജകമണ്ഡലത്തിലെ കോളനികളുടെ നവീകരണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## അഴീക്കോട് നിയോജകമണ്ഡലത്തിലെ അംബേദ്കർ കോളനി പദ്ധതികൾ

27 (817) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നിയോജകമണ്ഡലത്തിലെ അംബേദ്കർ കോളനി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള നോർത്ത് അംബേദ്കർ കോളനി പുല്ലൂപ്പി, അത്താഴകുന്ന് പുല്ലൂപ്പി കോളനി എന്നിവിടങ്ങളിലെ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പദ്ധതി വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശം നൽകുമോ?

(എ&ബി) അംബേദ്കർ ഗ്രാമ വികസന പദ്ധതി 2021-22 വർഷത്തിൽ ഉൾപ്പെട്ട അത്താഴകുന്ന് പുല്ലൂപ്പി കോളനി, നോർത്ത് അംബേദ്കർ കോളനി പുല്ലൂപ്പി എന്നീ കോളനികളിലെ എസ്റ്റിമേറ്റ് അംഗീകാരത്തിനായി ലഭ്യമായിട്ടുണ്ട്. എസ്റ്റിമേറ്റ് അംഗീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അംബേദ്കർ ഗ്രാമപദ്ധതി - നിർവ്വഹണ നടപടികൾ

28 (818) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമപദ്ധതി നിർവ്വഹണത്തിന് സർക്കാർ നിയന്ത്രിത ഏജൻസികളെത്തന്നെ നിശ്ചയിക്കണമെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിലവിലെ മാനദണ്ഡപ്രകാരം 04-07-2019-ലെ സ.ഉ.(അച്ചടി)നം.77/2019/ഫിൻ. പ്രകാരം നിശ്ചയിച്ചിട്ടുള്ള അംഗീകൃത സർക്കാർ ഏജൻസിയിൽനിന്ന് മാത്രമേ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സാധിക്കുകയുള്ളു.

(ബി) പ്രസ്തുത ഏജൻസികൾ ഏറ്റെടുത്ത മിക്ക കോളനി വികസന പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പുമന്ത്രി തലത്തിൽ നടത്തിയ അവലോകന യോഗങ്ങളിൽ നൽകിയ

കർശന നിർദ്ദേശത്തെത്തുടർന്ന് 2012-13 വർഷം മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ സ്വയംപര്യാപ്ത ഗ്രാമം/അംബേദ്കർ ഗ്രാമം പദ്ധതികളിൽ ഉൾപ്പെടുത്തിയിരുന്നതും എന്നാൽ പൂർത്തീകരിക്കാതെ കിടന്നിരുന്നതുമായ 84% കോളനികളിലെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(സി) എങ്കിൽ നിർവ്വഹണ ഏജൻസികളെ മാറ്റി സർക്കാർ വകുപ്പുകളെത്തന്നെ ചുമതലപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ ഭേദഗതികൾ പരിശോധിച്ചുവരുന്നു.

## അംബേദ്കർ ഗ്രാമം പദ്ധതി

29 (819) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുണ്ടെന്നും പ്രസ്തുത കോളനികളുടെ നിലവിലെ സ്ഥിതി

എന്താണെന്നും ഇവയിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുന്ന കോളനികൾ എത്രയാണെന്നും പ്രസ്തുത കോളനികളിൽ നടപ്പാക്കിവരുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

പട്ടികജാതി വികസന വകുപ്പ്

2009-10 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും 'കില'യും സംയുക്തമായി നടത്തിയ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്താകെ 26198 പട്ടികജാതി കോളനികളുണ്ട്. കോളനികളുടെ നിലവിലെ സ്ഥിതിവിവര ശേഖരണം നടത്തുന്നതിനുള്ള ഡിജിറ്റൽ സർവ്വേ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2016-17 മുതൽ 2021-22 വരെയുള്ള കാലഘട്ടത്തിൽ ആകെ 635 കോളനികളെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 202 കോളനികളിൽ പദ്ധതി അനുവദിച്ചത് ഈ സർക്കാർ അധികാരത്തിൽവന്നശേഷമാണ്.

കോളനികളിലെ റോഡ്/നടപ്പാത, ഡ്രെയിനേജ്, ഇന്റർനെറ്റ് കണക്ടിവിറ്റി സൗകര്യങ്ങൾ, കുടിവെള്ളത്തിനും ജലസേചനത്തിനുമുള്ള സൗകര്യങ്ങൾ, കോളനികളിലെ പൊതുസ്ഥലങ്ങളിലെയും വീടുകളിലെയും വൈദ്യുതീകരണം, സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ,

പൊതുസ്ഥലങ്ങളിലെയും വീടുകളിലെയും വൈദ്യുതീകരണം, സോളാർ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, പൊതുസ്ഥങ്ങളിലെയും വീടുകളിലെയും ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ, ഭവന പുനരുദ്ധാരണം, പൊതു ആസ്തികളുടെ മെയിന്റനൻസ്, പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സംരക്ഷണഭിത്തി നിർമ്മാണം, വനിതകൾക്കുള്ള സ്വയംതൊഴിൽ പദ്ധതികൾ മുതലായവയാണ് അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പ്രധാനപ്പെട്ട വികസന പ്രവർത്തനങ്ങൾ.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

സംസ്ഥാനത്ത് 6578 പട്ടികവർഗ്ഗ കോളനികളാണ് നിലവിലുള്ളത്. പ്രസ്തുത കോളനികളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 2017-18 വർഷത്തിൽ 94 കോളനികളിലും 2021-22 വർഷത്തിൽ 64 കോളനികളിലുമാണ് പദ്ധതികൾ അനുവദിച്ചിട്ടുള്ളത്.

സാമൂഹികമായും സാമ്പത്തികമായും പിന്നാക്കം നിൽക്കുന്ന സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. അടിയന്തരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ,

സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള അടിസ്ഥാന ആവശ്യങ്ങൾ, കുടിവെള്ളം, ശുചിത്വം, ജീവനോപാധികൾ ഉൾപ്പെടെയുള്ള പുനരധിവാസം എന്നിവ ഈ പദ്ധതിയിലുൾപ്പെടുന്നു.

(ബി) പ്രസ്തുത കോളനികളിലെ സ്ഥലവും വീടും മറ്റ് വിഭാഗക്കാർ കൈയേറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അംബേദ്കർ ഗ്രാമം പദ്ധതി**

30 (820) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംബേദ്കർ ഗ്രാമം പദ്ധതിയിലൂടെ തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ എന്തൊക്കെ നവീകരണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് അറിയിക്കാമോ?

അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ ഉൾപ്പെടുത്തുവാൻ സാധിക്കുന്ന പ്രവൃത്തികൾ 03-12-2021-

ലെ സ.ഉ.(കൈ)നം.54/2021/പജപവവിവ പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

(ബി) പ്രസ്തുത പദ്ധതിയിലൂടെ ഏതെല്ലാം കോളനികളാണ് നാളിതുവരെ നവീകരിച്ചതെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

അംബേദ്കർ ഗ്രാമം പദ്ധതിയിലൂടെ നാളിതുവരെ നവീകരിച്ചിട്ടുള്ള കോളനികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതിയിൽ കോളനികൾ ഉൾപ്പെടുത്തുന്നതിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

അടിസ്ഥാന സൗകര്യത്തിൽ പിന്നാക്കം നിൽക്കുന്നതും മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതുമായ കോളനികളെയാണ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്. ബന്ധപ്പെട്ട എം.എൽ.എ.-ക്ക് ഒരു നിയോജകമണ്ഡലത്തിൽനിന്നും രണ്ട് കോളനികളെ വീതം ശിപാർശ ചെയ്യുവാൻ സാധിക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

31 (821) ശ്രീ. വി. ശശി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 25 കുടുംബങ്ങളിൽ കൂടുതൽ താമസിക്കുന്ന എത്ര പട്ടികജാതി കോളനികളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ?

നിലവിൽ 2746 പട്ടികജാതി കോളനികളുണ്ട്.

(ബി) എങ്കിൽ പ്രസ്തുത കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അവിടെ വസിക്കുന്ന കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയും വിവിധ എസ്.സി.പി. പദ്ധതികൾ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും പ്രസ്തുത കോളനികളിലെ കുടുംബങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കുറഞ്ഞത് 30 പട്ടികജാതി കുടുംബങ്ങളെങ്കിലുമുള്ള

കോളനികളുടെ സമഗ്ര വികസനത്തിനായി അംബേദ്കർ ഗ്രാമ വികസന പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം നവീകരണ പ്രവർത്തനങ്ങൾക്കായി ഒരു കോളനിക്ക് പരമാവധി ഒരു കോടി രൂപവരെ അനുവദിക്കുന്നു.

## വെള്ളനാട് ഗ്രാമ പഞ്ചായത്തിലെ വെളിയന്നൂർ കുറുങ്കല്ലൂർ കോളനി വികസനം

32 (822) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വികസന വകുപ്പിന് കീഴിൽ 2019-20-ൽ അനുവദിച്ച വെള്ളനാട് ഗ്രാമപഞ്ചായത്തിലെ വെളിയന്നൂർ കുറുങ്കല്ലൂർ കോളനി വികസനവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

2019-20 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്ത വെള്ളനാട് ഗ്രാമപഞ്ചായത്തിലെ വെളിയന്നൂർ കുറുങ്കല്ലൂർ കോളനിയിലെ വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിന് കൂടിയ

മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിന്റെ അടിസ്ഥാനത്തിൽ ടി കോളനിയിൽ ഉൾപ്പെടുത്തേണ്ട വികസന പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

കോവിഡ് നിയന്ത്രണങ്ങൾ നിലനിന്നിരുന്നതിനാലും കോളനി നിവാസികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിയാത്തതിനാലും മോണിറ്ററിംഗ് കമ്മിറ്റിയെ തെരഞ്ഞെടുക്കുന്നതിനോ കോളനിയിലെ വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനോ സാധിക്കാത്ത സാഹചര്യമായതിനാലാണ് പദ്ധതി തുടങ്ങുന്നതിന് കാലതാമസം വന്നിട്ടുള്ളത്.

(സി) പ്രസ്തുത പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ?

പദ്ധതി അടിയന്തരമായി ആരംഭിക്കുന്നതിന് എത്രയുംവേഗം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ ജില്ലാ നിർമ്മിതി കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് സമയബന്ധിതമായി ലഭ്യമാക്കി എത്രയും വേഗത്തിൽ പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നവീകരണം

33 (823) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ നവീകരണത്തിനായി ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പട്ടികജാതി കോളനികളുടെ നവീകരണത്തിനായി കോളനികളുടെ ഭൗതിക സൗകര്യങ്ങളായ റോഡ്, കുടിവെള്ളം, സൈഡ് പ്രൊട്ടക്ഷൻ ഡ്രെയിനേജ്, ടോയ്‌ലറ്റ്, സ്ട്രീറ്റ് ലൈറ്റ്, ഹൗസ് റിപ്പയർ തുടങ്ങിയ പ്രവർത്തനങ്ങൾ അംബേദ്കർ ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തിയും കോർപ്പസ് ഫണ്ട് അനുവദിച്ചും നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ച തുക എത്രയെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പയ്യന്നൂർ നിയോജകമണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതി

34 (824) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഊരുകൂട്ടങ്ങളെയാണ് അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഊരുകൂട്ടങ്ങളിൽ ഡി.പി.ആർ. പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചവ ഏതെല്ലാമാണ്; ഓരോന്നിന്റെയും നിലവിലെ അവസ്ഥ അറിയിക്കാമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പട്ടുവയൽ, എയ്യൻകല്ല് എന്നീ കോളനികളെയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ പട്ടുവയൽ കോളനിയിലെ ഏഴ് പ്രവൃത്തികളിൽ ഭവനനിർമ്മാണം, ഭവന നവീകരണം, സ്ട്രീറ്റ് ലൈറ്റ്, നടപ്പാത, കിണർ നിർമ്മാണം എന്നീ അഞ്ച് പ്രവൃത്തികൾ പൂർത്തീകരിക്കുകയും രണ്ട് പദ്ധതികളുടെ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലുമാണ്. എയ്യൻകല്ല് കോളനിയിൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ബി) എയ്യൻകല്ല് ഊരുകൂട്ടത്തിലെ പ്രവൃത്തികൾ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

എയ്യൻകല്ല് കോളനിയിൽ ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം എന്നീ പ്രവൃത്തികളെയായിരുന്നു ഡി.പി.ആർ.-ൽ അംഗീകരിച്ചത്. എന്നാൽ കോളനിക്കാർക്ക് രണ്ട് പ്രവൃത്തികളും ആവശ്യമില്ല എന്നറിയിച്ചതിനെ തുടർന്ന് എയ്യൻകല്ല് കോളനിയിലെ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(സി) എയ്യൻകല്ല് ഊരുകൂട്ടത്തിൽ യോഗം ചേർന്ന് ഡി.പി.ആർ.-ൽ ആവശ്യമായ മാറ്റം വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

എയ്യൻകല്ല് കോളനിയിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഭേദഗതി വരുത്തിയ ഡി.പി.ആർ. പ്രകാരമുള്ള പ്രവൃത്തികൾ നടപ്പാക്കുന്ന വിഷയം പരിഗണിച്ചുവരികയാണ്.

**ഏറനാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

35 (825) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം കോളനി വികസന പദ്ധതിയിൽ ഉൾപ്പെട്ട കോളനികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ ഏജൻസികളുടെ വിവരം, പ്രവർത്തനങ്ങളുടെ നിലവിലുള്ള പുരോഗതി എന്നിവ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ഏറനാട് നിയോജകമണ്ഡലത്തിൽനിന്നും 2016-17 വർഷത്തിൽ വെള്ളാമ്പുറം പട്ടികജാതി കോളനിയെയും 2021-22 വർഷത്തിൽ കൊടിഞ്ഞാറുപൊയിൽ, കരിപ്പത്തിചാലിൽ എന്നീ കോളനികളെയുമാണ് അംബേദ്കർ ഗ്രാമം പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. ജില്ലാ നിർമ്മിതി കേന്ദ്രമാണ് ടി പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസി. ഇതിൽ വെള്ളാമ്പുറം പട്ടികജാതി കോളനിയിലെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ട്. മറ്റ് രണ്ട് കോളനികളിലെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകി പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അംബേദ്കർ ഗ്രാമം പദ്ധതി

36 (826) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ കോളനികൾ ഏതൊക്കെ; പ്രസ്തുത കോളനികളിലെ വിവിധ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

മഞ്ചേരി നിയോജകമണ്ഡലത്തിൽനിന്നും 2016-17 വർഷത്തിൽ തെരഞ്ഞെടുത്ത ആമയൂർ ചക്കിങ്ങൽകണ്ടി കോളനി, ഏറാഞ്ചേരി കോളനി എന്നിവിടങ്ങളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2019-20 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട ആര്യംപാടം കുറുങ്കാട്ടുകുന്ന് കോളനിയിലെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. 2021-22 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട പാക്കരത്ത് കോളനിയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് നൽകുകയും ആനക്കോട് കോളനിയിലെ എസ്റ്റിമേറ്റ് അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്തനുവദിച്ച അംബേദ്കർ ഗ്രാമം പദ്ധതി കോളനികളിൽ ഇനിയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) അടിയന്തരമായി പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ നിർവ്വഹണ ഏജൻസികളുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ് കോളനി നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിൽ കാലതാമസത്തിനിടയാക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടത്തിയ ഉന്നതതല അവലോകന യോഗങ്ങളിൽ നൽകിയ കർശന നിർദ്ദേശത്തെത്തുടർന്ന് നിലവിൽ പദ്ധതി നിർവ്വഹണം ത്വരിതഗതിയിലാണ്. പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികജാതി കോളനികളിൽ അനുവദിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതി

37 (827) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ ഏതിനെല്ലാം സർക്കാർ തലത്തിൽ ഫണ്ട് അനുവദിക്കപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) അനുവദിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതി കോളനികൾ തിരിച്ച് വിശദമാക്കാമോ?

(എ-സി) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 144 പട്ടികജാതി കോളനികളുണ്ട്. അംബേദ്കർ കോളനി, ചെറുവാനത്ത് മിത്തൽ കോളനി, മഞ്ഞളാട്കുന്ന് കോളനി, അരങ്ങിൽ എസ്.സി. കോളനി, നെരവത്ത് എസ്.സി. കോളനി, കരിമ്പിൽ കോളനി, പെരുവക്കാലായിൽ എസ്.സി. കോളനി എന്നീ കോളനികളിൽ കോർപ്പസ് ഫണ്ടിൽനിന്നും തുക അനുവദിച്ച് വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

ചിറക്കര എസ്.സി. കോളനിയിൽ 2021-22 വർഷത്തിലെ കോർപ്പസ് ഫണ്ടിൽനിന്നും തുക അനുവദിച്ച് കുടിവെള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടെങ്കിലും പുതിയ കിണറിനായി സ്ഥലം വിട്ടുകിട്ടിയിട്ടില്ലാത്തതിനാൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല. 2022-23 വർഷത്തിലെ കോർപ്പസ് ഫണ്ടിൽനിന്നും തുക അനുവദിച്ച പഴങ്കാവിൽ പട്ടികജാതി കോളനി റോഡ് പ്രവൃത്തി ആരംഭിച്ചിട്ടില്ല. ചെത്തിൽതാര കോളനി, പാണലിൽ കോളനി, കോട്ടക്കുന്ന് കോളനി എന്നീ കോളനികളെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2019-20-ൽ പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ള ചെത്തിൽതാര കോളനിയിൽ തർക്കം നിലനിൽക്കുന്നതിനാൽ പ്രവൃത്തി പുനരാരംഭിച്ചിട്ടില്ല. 2021-22 വർഷത്തിൽ തെരഞ്ഞെടുത്തിട്ടുള്ള പാണലിൽ കോളനി, കോട്ടക്കുന്ന് കോളനി എന്നീ കോളനികളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത നിയോജകമണ്ഡലത്തിലെ മറ്റ് കോളനികളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിവിധ വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

## പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ

38 (828) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയൽ നിയമ പ്രകാരം നടപടി ആവശ്യപ്പെട്ട് 2016 മേയ് മാസത്തിനുശേഷം എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; എത്ര കേസുകൾ രജിസ്റ്റർ ചെയ്തു; എത്ര കേസുകളിൽ കോടതിയിൽ എഫ്.ഐ.ആർ. നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമപ്രകാരം നടപടി ആവശ്യപ്പെട്ട് 2016 മേയ് മാസത്തിനുശേഷം 9450 പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൽ 7046 കേസുകൾ രജിസ്റ്റർ ചെയ്ത് കോടതിയിൽ എഫ്.ഐ.ആർ. സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.+

(ബി) പട്ടികജാതിക്കാർക്കെതിരായ അതിക്രമങ്ങളെ സംബന്ധിച്ച് ദേശീയ പട്ടികജാതി കമ്മീഷന് ലഭിച്ച എത്ര പരാതികളിൽ കേരളാ പോലീസിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്; എത്ര പരാതികളെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംബന്ധിച്ച് റിപ്പോർട്ട് നൽകി; എത്ര എണ്ണത്തിന് റിപ്പോർട്ട് നൽകാൻ ബാക്കിയുണ്ട്, വിശദമായ ലിസ്റ്റ് നൽകുമോ?

പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമങ്ങളെ സംബന്ധിച്ച് ദേശീയ പട്ടികജാതി കമ്മീഷന് ലഭിച്ച പരാതികളിൽ 489 എണ്ണത്തിന്മേൽ കേരളാ പോലീസിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ 472 പരാതികളെ സംബന്ധിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇനിയും 17 പരാതികളുടെ റിപ്പോർട്ട് നൽകാൻ ബാക്കിയുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.+

## കുറ്റകൃത്യങ്ങളിൽ ഇരകളാകുന്നവർക്ക് നഷ്ടപരിഹാരം

39 (829) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റകൃത്യങ്ങളിൽ ഇരകളാകുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് യഥാസമയം നഷ്ടപരിഹാരം ലഭിക്കാത്തതിനെത്തുടർന്ന് ദേശീയ പട്ടികജാതി കമ്മീഷൻ സ്വമേധയാ കേസെടുക്കുകയുണ്ടായോയെന്ന് അറിയിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുറ്റകൃത്യങ്ങൾക്ക് ഇരകളാകുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് നഷ്ടപരിഹാരം യഥാസമയം ലഭിക്കാത്തതുമായി ബന്ധപ്പെട്ട് ദേശീയ പട്ടികജാതി കമ്മീഷൻ കേരളത്തിൽ സ്വമേധയാ കേസുകളെടുത്തിട്ടില്ല.

(ബി) ഇത്തരം കേസുകളിൽ നഷ്ടപരിഹാരം നൽകുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത് ആരെയൊക്കെയാണ്; വിശദാംശം നൽകുമോ?

ജില്ലാതല വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റികളിലെ തീരുമാന പ്രകാരം ജില്ലാ പട്ടികജാതി വികസന ഓഫീസർമാരെയാണ് ഇത്തരം കേസുകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്.

പട്ടികജാതി-പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ നഷ്ടപരിഹാരം നൽകുന്നതിനായി, ടി കേസുകളുടെ എഫ്.ഐ.ആർ., അന്തിമ റിപ്പോർട്ട്, മറ്റ് ആവശ്യമായ രേഖകൾ എന്നിവ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സമയബന്ധിതമായി നൽകാൻ എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും പോലീസ് ആസ്ഥാനത്തുനിന്നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള എത്ര കേസുകളാണ് ഉണ്ടായിട്ടുള്ളതെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പ് മുഖേന നഷ്ടപരിഹാരം നൽകുന്നതിനായി 2021-ൽ 872-ഉം, 2022-ൽ 911-ഉം, 2023-ൽ 38-ഉം കേസുകളുമുൾപ്പെടെ ആകെ 1821 കേസുകളുടെ വിവരങ്ങൾ ലഭ്യമായിട്ടുണ്ട്.

(ഡി) ഈ കേസുകൾക്കെല്ലാംകൂടി ആകെ എത്ര രൂപയാണ് കുടിശ്ശികയായുള്ളതെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2021-ൽ 7,36,35,000/- രൂപ (ഏഴ് കോടി മുപ്പത്തിയാറ് ലക്ഷത്തി മുപ്പത്തയ്യായിരം രൂപ മാത്രം), 2022-ൽ 11,17,16,000/- രൂപ (പതിനൊന്ന് കോടി പതിനേഴ് ലക്ഷത്തി പതിനാറായിരം രൂപ മാത്രം), 2023-ൽ 65,50,000/- രൂപ (അറുപത്തഞ്ച് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) എന്നിങ്ങനെ ആകെ 19,19,01,000/- രൂപ (പത്തൊൻപത് കോടി പത്തൊൻപത് ലക്ഷത്തി ആയിരം രൂപ മാത്രം) നഷ്ടപരിഹാരം നൽകാൻ കുടിശ്ശികയായിട്ടുണ്ട്.

(ഇ) ഇതിനായി കോടതിയിൽ പോകാനോ കേസ് നടത്താനോ കഴിയാത്ത പട്ടികജാതിക്കാർക്കായി എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദാംശം നൽകുമോ?

കോടതിയിൽ പോകാനോ കേസ് നടത്താനോ കഴിയാത്ത പട്ടികജാതിക്കാർക്ക് സ്പെഷ്യൽ പ്രോസിക്യൂട്ടർ/പ്രോസിക്യൂട്ടർമാർ മുഖേനയും പട്ടികജാതി വികസന വകുപ്പ് രൂപീകരിച്ചിരിക്കുന്ന നിയമസഹായ സെല്ലായ JWALA (Justice, Welfare and Legal Assistance)യുടെ ഭാഗമായി തിരുവനന്തപുരത്ത് വെള്ളയമ്പലം, അയ്യങ്കാളി ഭവനിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്ന സ്റ്റേറ്റ് ലീഗൽ സെല്ലിൽ നിയമിതരായിരിക്കുന്ന ലീഗൽ അഡ്വൈസർ, അസിസ്റ്റന്റുമാർ എന്നിവർ മുഖേനയും ജില്ലകളിൽ നിയമിതരായിരിക്കുന്ന ലീഗൽ കൗൺസിലർമാർ മുഖേനയും നിയമ സഹായങ്ങൾ നൽകിവരുന്നു.

## ആദിവാസി ഊരുകളിലേയ്ക്ക് റോഡ് ഗതാഗതം

40 (830) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ആദിവാസി ഊരുകളിലേയ്ക്കും റോഡ് ഗതാഗതം ഉറപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഏതൊക്കെ ഊരുകളിലാണ് നാളിതുവരെ റോഡ് ഗതാഗത സൗകര്യം ലഭ്യമാക്കാൻ സാധിക്കാത്തത്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വനം വകുപ്പിന്റെ അനുമതി ആവശ്യമായ വിദൂരസ്ഥിത പട്ടികവർഗ്ഗ സങ്കേതങ്ങളിൽ റോഡ് ഗതാഗതം ഉറപ്പാക്കാൻ സാധിച്ചിട്ടില്ല. റോഡ് ഗതാഗതം ലഭ്യമല്ലാത്ത കോളനികളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) വനാവകാശ നിയമപ്രകാരം ഡെവലപ്മെന്റ് റൈറ്റ്സ് ലഭിക്കാത്തത് ആദിവാസി ഊരുകളിലേയ്ക്കുള്ള റോഡ് നിർമ്മാണത്തെയും മറ്റ് അടിസ്ഥാന സൗകര്യ വികസനത്തെയും ദോഷകരമായി ബാധിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

വനാവകാശ നിയമപ്രകാരം സാധ്യമായ പ്രദേശങ്ങളിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിന് അനുമതി ലഭിക്കാറുണ്ട്. എന്നാൽ വികസനാവകാശത്തിൽ പരാമർശിക്കുന്ന പരിധിയിൽപ്പെടുന്ന വിസ്തൃതിയിലും മരങ്ങളുടെ എണ്ണത്തിലും അധികരിക്കപ്പെടുന്ന പ്രദേശങ്ങളിൽ

കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥ മന്ത്രാലയത്തിന്റെ അനുമതി ആവശ്യമായി വരാറുണ്ട്. ഇത്തരം പ്രദേശങ്ങളിൽ റോഡ് നിർമ്മാണത്തിന് തടസ്സം നേരിടാറുണ്ട്. ഇത്തരത്തിൽ അനുമതി ആവശ്യമായ സന്ദർഭങ്ങളിൽ നിർവ്വഹണ ഏജൻസികൾ കേന്ദ്ര വനം വകുപ്പ് മന്ത്രാലയത്തിന്റെ 'പരിവേഷ്' പോർട്ടൽ വഴി അപേക്ഷ സമർപ്പിച്ച് അനുമതി തേടിവരുന്നുണ്ട്.

## വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ

41 (831) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗാർത്ഥികളെ കേന്ദ്ര/സംസ്ഥാന സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കാൻ എസ്.സി. വകുപ്പിന് കീഴിൽ വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്ത് ഇതിനകം എത്ര വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്;

(സി) പ്രസ്തുത സെന്ററുകളിലൂടെ എസ്.സി. വിദ്യാർത്ഥികൾക്ക് നൽകുന്ന സേവനങ്ങൾ വിശദമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിൽ എവിടെയെങ്കിലും വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ജില്ലാ ആസ്ഥാനമായ മലപ്പുറത്ത് വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ-ഡി) അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗ വിദ്യാർത്ഥികളെ വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും മറ്റുമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനായി കുറഞ്ഞത് 50 വിദ്യാർത്ഥികൾക്കെങ്കിലും ഒരേ സമയമിരുന്ന് ക്ലാസ് കേൾക്കുന്നതിന് പര്യാപ്തമായ ഹാൾ/മുറി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട്

02-11-2022-ന് എല്ലാ എം.എൽ.എ.-മാർക്കും വകുപ്പുമന്ത്രി കത്ത് നൽകിയിരുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ ഫീസ്, മെസ് ഫീസ്**

**42 (832)** <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസ്, മെസ് ഫീസ് ഇനങ്ങളിൽ എത്ര രൂപയാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസ് ആനുകൂല്യമായി (യഥാർത്ഥ താമസ ഭക്ഷണ ചെലവ് [ABLC]) നിലവിൽ പ്രതിമാസം പരമാവധി 4,500/- രൂപ അനുവദിച്ചുവരുന്നു. സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസിനത്തിൽ പരമാവധി 3,500/- രൂപവരെയും സ്വാശ്രയ പ്രൊഫഷണൽ കോഴ്സിന് പഠിക്കുന്ന

വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ/മെസ് ഫീസിനത്തിൽ പരമാവധി 4,500/- രൂപയും അനുവദിച്ചുവരുന്നു.

(ബി) പ്രസ്തുത തുക അപര്യാപ്തമായതിനാൽ ഫീസിനത്തിൽ അധികമായി വേണ്ടിവരുന്ന തുക വിദ്യാർത്ഥികളിൽനിന്നും മാനേജ്മെന്റ് നിർബന്ധമായി ഈടാക്കുന്നതായും തുക നൽകാൻ കഴിയാത്തവരുടെ സർട്ടിഫിക്കറ്റ് തടഞ്ഞുവയ്ക്കുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

സർട്ടിഫിക്കറ്റ് തടഞ്ഞുവയ്ക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൽ ഫീസുകൾ ലഭിച്ചില്ലെന്ന കാരണത്താൽ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുകൾ തടഞ്ഞുവയ്ക്കാൻ പാടില്ലെന്ന് സ്ഥാപന മേധാവികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഫീസിനത്തിൽ നൽകിവരുന്ന തുക അപര്യാപ്തമായതിനാൽ ആയത് പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സ്വാശ്രയ കോളേജുകളിലെ പ്രൊഫഷണൽ കോഴ്സുൾപ്പെടെ പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ Actual

Boardings and Lodging Charges (ABLC) ഏകീകരിച്ച് വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## പാലക്കാട് മെഡിക്കൽ കോളേജ് വിദ്യാർത്ഥികളുടെ പഠനനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടി

43 (833) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള പാലക്കാട് ഗവൺമെന്റ് മെഡിക്കൽ കോളേജ് ആരംഭിച്ചതിനുശേഷം എത്ര എം.ബി.ബി.എസ്. ബാച്ചുകൾ കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഓരോ ബാച്ചിലും വിജയിച്ച വിദ്യാർത്ഥികളുടെ എണ്ണം വർഷം തിരിച്ച് ലഭ്യമാക്കാമോ?

മൂന്ന് ബാച്ചുകൾ കോഴ്സ് പൂർത്തീകരിച്ചിട്ടുണ്ട്. 2014 ബാച്ചിൽ 97-ഉം 2015 ബാച്ചിൽ 99-ഉം 2016 ബാച്ചിൽ 93-ഉം വിദ്യാർത്ഥികൾ വീതം വിജയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കോളേജിലെ വിദ്യാർത്ഥികളുടെ മെച്ചപ്പെട്ട പഠനനിലവാരം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

മികച്ച അധ്യാപകർ, മെച്ചപ്പെട്ട ലാബ് സൗകര്യം, പുതിയ പതിപ്പ് പുസ്തകങ്ങളും ജേണലുകളുമുൾപ്പെടെയുള്ള ലൈബ്രറി സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജിന്റെ ടീച്ചിംഗ് ആശുപത്രിയായ ജില്ലാ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി എന്നിവിടങ്ങളിലെ ഐ.പി. വിഭാഗങ്ങളും വിദ്യാർത്ഥികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ പുതിയ ലാബുകൾ, ലബോറട്ടറികളിൽ ഇൻവെസ്റ്റിഗേഷൻ ചെയ്യാനുള്ള പുതിയ ഉപകരണങ്ങൾ, റേഡിയോളജി ഡിപ്പാർട്ട്മെന്റിൽ ആധുനിക ഉപകരണങ്ങൾ തുടങ്ങിയവയും സജ്ജമാക്കിയിട്ടുണ്ട്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒ.പി. മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ തുടങ്ങിയതുമൂലം വിദ്യാർത്ഥികൾക്ക് വിവിധ രോഗങ്ങളുള്ള രോഗികളെ ചികിത്സിക്കുന്നതിന് സാധിക്കുന്നതിനാൽ വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനത്തോടൊപ്പം പരിചയസമ്പത്തും ലഭിക്കുന്നുണ്ട്. ഇതിനുപുറമേ ഒഴിവുള്ള തസ്തികകളിൽ അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടിയും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

## കഴക്കൂട്ടം മണ്ഡലത്തിലെ കട്ടേല എം.ആർ.എസ്. ഹോസ്റ്റൽ നിർമ്മാണം

44 (834) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം മണ്ഡലത്തിലെ കട്ടേലയിലെ ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂൾ കോമ്പൗണ്ടിൽ നിർമ്മാണം നടന്നുവരുന്ന ഹോസ്റ്റലിന്റെ പണികൾ എപ്പോൾ പൂർത്തിയാകുമെന്ന് വിശദമാക്കാമോ?

(എ&ബി) കട്ടേല ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഹോസ്റ്റൽ കെട്ടിടം, സയൻസ് ലാബുകൾ, ഐ.ടി. ലാബ് എന്നീ സൗകര്യങ്ങളിലാണ് അപര്യാപ്തതയുണ്ടായിരുന്നത്. ഇവയിൽ സയൻസ് ലാബുകളുടെ പ്രവൃത്തി പൂർത്തീകരിച്ചു. ഐ.ടി. ലാബുകൾ നവീകരിക്കുന്നതിനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾ കോമ്പൗണ്ടിൽ ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം

പൂർത്തീകരണഘട്ടത്തിലാണ്. മാർച്ച് മാസത്തോടെ നിർമ്മാണം പൂർത്തിയാകുന്നതാണ്.

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് അധികമായി വേണ്ടിവരുന്ന ഫണ്ട് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതിക്കുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ബിരുദ, ബിരുദാനന്തര ബിരുദ യോഗ്യതയുള്ള പട്ടികവർഗ്ഗ വിഭാഗക്കാർ**

45 (835) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 25-ഉം 45-ഉം വയസ്സിനിടയിൽ പ്രായമുള്ള എത്ര പട്ടികവർഗ്ഗ വിഭാഗക്കാരുണ്ട്; ഇവരിൽ ബിരുദം, ബിരുദാനന്തര ബിരുദം എന്നീ യോഗ്യതകളുള്ള എത്രപേരുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത യോഗ്യതയുള്ളവരിൽ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളിലും ഐ.ടി, സ്വകാര്യ, പാരമ്പര്യ മേഖലകളിലും ജോലി നേടിയ സ്ത്രീകളുടെയും പുരുഷന്മാരുടെയും എണ്ണം വ്യക്തമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഉന്നത വിദ്യാഭ്യാസ ധനസഹായം

46 (836) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിയിലും പട്ടികഗോത്രവർഗ്ഗങ്ങളിലും ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിനായി ധനസഹായം നൽകിവരുന്ന പദ്ധതികളും ഓരോ പദ്ധതിയിലും അനുവദിക്കുന്ന തുകയും വിശദമാക്കാമോ?

സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നതപഠനത്തിനായി ധനസഹായം നൽകിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1) പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്

സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന

കംപൽസറി നോൺ-റീഫണ്ടബിൾ ഫീസ് അക്കാദമിക് അലവൻസ് ഇനത്തിൽ ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 8,500/-രൂപയും പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന ഹോസ്റ്റലേഴ്സായ വിദ്യാർത്ഥികൾക്ക് പ്രതിമാസം 4,500/- രൂപയും മറ്റ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഹോസ്റ്റലേഴ്സായ വിദ്യാർത്ഥികൾക്ക് പ്രതിമാസം 3,500/- രൂപയും ABLC ആയി അനുവദിക്കുന്നു.

2) <u>ഓവർസീസ് സ്കോളർഷിപ്പ്</u>

വിദേശപഠനത്തിനായി പരമാവധി 25,00,000/- രൂപ

3) <u>കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസിനുള്ള പഠനം</u>

രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷനിൽ പഠിക്കുന്ന മൂന്ന് പട്ടികജാതി വിദ്യാർത്ഥികൾക്കും രണ്ട് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഒരു മറ്റർഹ വിദ്യാർത്ഥിക്കും ഫീസ് സ്ട്രക്ച്ചർ പ്രകാരമുള്ള ഫീസ്.

4) <u>ലാപ്ടോപ് പദ്ധതി</u>

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്നു.

5) <u>മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കായുള്ള ധനസഹായം</u>

മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനം ലഭിച്ച പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കായി 10,000/- രൂപ, 5,000/- രൂപ വീതം നൽകുന്നു.

6) <u>എൻട്രൻസ് പരിശീലനത്തിനുള്ള ധനസഹായം</u>

പട്ടികജാതി വിദ്യാർത്ഥികൾക്ക് ഹയർ സെക്കന്ററിയോടൊപ്പം പരിശീലനത്തിന് 20,000/- രൂപ, ഹയർ സെക്കന്ററി പഠനത്തിനുശേഷം പരിശീലനത്തിന് 54,000/- രൂപ, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് NEET/JEE പ്രവേശന പരീക്ഷകൾക്ക് ഉന്നത നിലവാരമുള്ള സ്ഥാപനങ്ങളിൽ പരിശീലനം എന്നിവ നൽകിവരുന്നു.

7) <u>ബുക്ക് ബാങ്ക് പദ്ധതി</u>

പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് റഫറൻസ് പുസ്തകങ്ങൾ വാങ്ങുന്നതിന് 2,400/- മുതൽ 7,500/- രൂപ വരെയും സൂക്ഷിക്കുന്നതിന് അലമാര വാങ്ങുന്നതിന് 4,000/- രൂപയും നൽകുന്നു.

8) <u>സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം</u>

വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള തുക വർദ്ധിപ്പിക്കുന്നത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) ഇതിൽ കേന്ദ്ര സർക്കാർ സഹായത്തോടെ നടത്തുന്ന പദ്ധതികളും സംസ്ഥാന സർക്കാരിന്റെ പദ്ധതികളും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടത്തുന്ന പദ്ധതികളുമുണ്ടോ; വിശദാംശം നൽകുമോ?

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി ഒഴികെയുള്ള പദ്ധതികളെല്ലാം സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളാണ്. തുക പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുന്നു. വരുമാനം 2.5 ലക്ഷം രൂപയ്ക്ക് താഴെയുള്ള വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്നു. പട്ടികജാതി വിദ്യാർത്ഥികൾക്ക് 40% വിഹിതം സംസ്ഥാന സർക്കാരും 60% വിഹിതം കേന്ദ്ര സർക്കാരും നൽകുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 25% വിഹിതം സംസ്ഥാന സർക്കാരും 75% വിഹിതം കേന്ദ്ര സർക്കാരും നൽകുന്നു.

2.5 ലക്ഷം രൂപയ്ക്ക് മുകളിൽ വരുമാനപരിധിയുള്ള വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നൽകാത്ത സാഹചര്യത്തിൽ വരുമാനപരിധി ബാധകമാക്കാതെ പ്രസ്തുത വിദ്യാർത്ഥികൾക്ക് സംസ്ഥാന

സർക്കാർ പ്രത്യേകമായി ബഡ്ജറ്റിൽ തുക വകയിരുത്തി സംസ്ഥാന വിഹിതമായി സ്കോളർഷിപ്പ് അനുവദിക്കുന്നു.

(സി) നിലവിൽ എത്ര വിദ്യാർത്ഥികൾക്ക് ധനസഹായം നൽകിവരുന്നുണ്ടെന്നും ഓരോ പദ്ധതിയിലും ധനസഹായം അനുവദിക്കുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ?

സംസ്ഥാന സർക്കാർ/യൂണിവേഴ്സിറ്റി/സർക്കാർ ചുമതലപ്പെടുത്തിയ ഏജൻസികൾ/ഫീ ഫിക്സേഷൻ കമ്മിറ്റി തുടങ്ങിയവ നിശ്ചയിച്ച നിരക്കിലുള്ള ട്യൂഷൻ ഫീസ്, എക്സാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ ഉൾപ്പെടുന്ന കംപൽസറി നോൺ-റീഫണ്ടബിൾ ഫീസ് അക്കാദമിക് അലവൻസ് ഇനത്തിൽ ഡേ സ്കോളർ വിദ്യാർത്ഥികൾക്ക് പ്രതിവർഷം 8,500/- രൂപയും പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന ഹോസ്റ്റലേഴ്സായ വിദ്യാർത്ഥികൾക്ക് പ്രതിമാസം 4,500/- രൂപയും മറ്റ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഹോസ്റ്റലേഴ്സായ വിദ്യാർത്ഥികൾക്ക് പ്രതിമാസം 3,500/- രൂപയും ABLC ആയി അനുവദിക്കുന്നു. സംസ്ഥാന സർക്കാർ നൽകുന്ന സ്റ്റേറ്റ് അക്കാദമിക് അലവൻസുകൾ 09-01-2020-ലെ സ.ഉ.(അച്ചടി)നം.1/2020/പജപവവിവ പ്രകാരം അനുവദിച്ചുവരുന്നു. നിലവിൽ 15,861 പട്ടികവർഗ്ഗ

വിദ്യാർത്ഥികൾക്കും 1,84,300 പട്ടികജാതി വിദ്യാർത്ഥികൾക്കുമാണ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനുവദിച്ചുവരുന്നത്.

സ്കോളർഷിപ്പ് ലഭിക്കുന്നതിന് കേന്ദ്രഗവൺമെന്റ് 2.5 ലക്ഷം രൂപ വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ട്. 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ വരുമാനപരിധിയുള്ള വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് നൽകാത്ത സാഹചര്യത്തിൽ വരുമാനപരിധി ബാധകമാക്കാതെ പ്രസ്തുത വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ പ്രത്യേകമായി ബഡ്ജറ്റിൽ തുക വകയിരുത്തി സംസ്ഥാന വിഹിതമായി സ്കോളർഷിപ്പ് അനുവദിക്കുന്നു.

(ഡി) പ്രസ്തുത വിഭാഗങ്ങളിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ ഉന്നതപഠനത്തിനായി നൽകിവരുന്ന ധനസഹായ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

വിദേശപഠനത്തിനായി ഓവർസീസ് സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു. പരമാവധി 25 ലക്ഷം രൂപയാണ് സ്കോളർഷിപ്പായി അനുവദിക്കുന്നത്.

(ഇ) 2016 മുതൽ നാളിതുവരെ പ്രസ്തുത വിഭാഗങ്ങളിൽനിന്നും എത്രപേർക്ക് വിദേശ പഠനത്തിന് ധനസഹായം ലഭിച്ചുവെന്നും നിലവിൽ

എത്ര വിദ്യാർത്ഥികൾ പഠനം തുടരുന്നുവെന്നുമുള്ള വിശദാംശം വർഷം തിരിച്ച് വെളിപ്പെടുത്തുമോ?

| അദ്ധ്യയന വർഷം | വിദ്യാർത്ഥികളുടെ എണ്ണം | |
|---|---|---|
| | എസ്.സി. | എസ്.റ്റി. |
| 2016-17 | 0 | 1 |
| 2017-18 | 9 | 1 |
| 2018-19 | 5 | 1 |
| 2019-20 | 21 | 3 |
| 2020-21 | 17 | 3 |
| 2021-22 | 105 | 10 |
| 2022-23 | 223 | 13 |
| **ആകെ** | **380** | **32** |

ഇതിൽ 301 വിദ്യാർത്ഥികൾ നിലവിൽ പഠനം തുടരുന്നു.

## പുതുതലമുറ കോഴ്സുകൾക്കുള്ള സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടികൾ

47 (837) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പുതുതലമുറ കോഴ്സുകൾക്ക് പുതുതായി സ്കോളർഷിപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പുതുതായി സ്കോളർഷിപ്പ് നൽകുന്ന പുതുതലമുറ കോഴ്സുകളുടെ വിശദാംശം നൽകാമോ; കൂടുതൽ പുതുതലമുറ കോഴ്സുകൾക്ക് സ്കോളർഷിപ്പ് അനുവദിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) 05-01-2023-ലെ സ.ഉ.(പി) 1/2023/പജപവവിവ, സ.ഉ.(പി)2/2023/പജപവവിവ എന്നീ ഗവൺമെന്റ് ഉത്തരവുകൾ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് മാനദണ്ഡങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. ചുവടെ ചേർക്കുന്ന പുതുതലമുറ കോഴ്സുകൾ ഉൾപ്പെടെയുള്ള എല്ലാ കോഴ്സുകളും സ്കോളർഷിപ്പിനായി ഉൾപ്പെടുത്തിയിട്ടുണ്ട്:

1) ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ
2) സെൻട്രൽ/സ്റ്റേറ്റ് യൂണിവേഴ്സിറ്റി/യു.ജി.സി. അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ
3) ഡീംഡ് യൂണിവേഴ്സിറ്റികൾ (Deemed Universities)
4) സംസ്ഥാന/കേന്ദ്ര സർക്കാർ അംഗീകരിച്ച സ്വകാര്യ യൂണിവേഴ്സിറ്റികൾ
5) സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശ പ്രകാരമുള്ള ഫീ ഫിക്സേഷൻ

കമ്മിറ്റിയുടെ പരിധിയിൽ വരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ

6) 11, 12 ക്ലാസുകൾക്ക് അംഗീകാരമുള്ള സ്കൂൾ

7) കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ

8) NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികൾ, സംസ്ഥാന/കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികൾ (regulatory body) അഫിലിയേറ്റ്/അംഗീകരിച്ച കോഴ്സ്/സ്ഥാപനങ്ങൾ

9) NCVT-യുടെ അംഗീകാരമുള്ള വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ

**സംസ്ഥാന സർക്കാർ നൽകിവരുന്ന സ്കോളർഷിപ്പുകൾ**

48 (838) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗത്തിലുൾപ്പെട്ട വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കായി സംസ്ഥാന സർക്കാർ നൽകിവരുന്ന സ്കോളർഷിപ്പുകൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ എന്തെല്ലാം?

പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗത്തിലുൾപ്പെട്ട വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്കായി സംസ്ഥാന സർക്കാർ നൽകിവരുന്ന സ്കോളർഷിപ്പുകൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു:

1) പ്രീമെട്രിക് സ്കോളർഷിപ്പ്
2) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
3) ഓവർസീസ് സ്കോളർഷിപ്പ്
4) കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസിനുള്ള ധനസഹായം
5) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലന പദ്ധതി
6) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട പാരലൽ കോളേജ് വിദ്യാർത്ഥികൾക്കുള്ള ധനസഹായം
7) സമർത്ഥരായ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം
8) മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശനം ലഭിച്ച പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കായുള്ള ധനസഹായം
9) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് സിവിൽ സർവീസ് പരീക്ഷാ പരിശീലനം.

10) പട്ടികജാതി വിദ്യാർത്ഥികൾക്കായി സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് ധനസഹായം

11) പട്ടികജാതി വിദ്യാർത്ഥികൾക്കായി ട്യൂഷൻ ഫീസ് റീ-ഇമ്പേഴ്സ്മെന്റ് പദ്ധതി

12) പട്ടികജാതി വിദ്യാർത്ഥികൾക്കായി മ്യൂസിക് ഓർണമെന്റ്സ് പദ്ധതി

(ബി) ഇതിനായി ഈ സർക്കാർ കാലയളവിൽ എത്ര തുക വകയിരുത്തി; എത്ര തുക ചെലവാക്കി; എത്ര അപേക്ഷകരുണ്ടായിരുന്നു; എത്ര പേർക്ക് ആനുകൂല്യം ലഭ്യമാക്കി; വിശദാംശം ലഭ്യമാക്കുമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

## ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം

49 (839) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ പ്രാതിനിധ്യം കുറയുന്നത് ഒഴിവാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) പഠനം നടത്തിയിട്ടില്ല. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം കുറയുന്നത് ഒഴിവാക്കുന്നതിന് NEET/JEE മുതലായ പ്രവേശന പരീക്ഷകൾക്ക് പരിശീലനം നൽകിവരുന്നുണ്ട്. വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുപുറമേ പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നവർക്ക് ലാപ്ടോപ് വാങ്ങുന്നതിനുള്ള ധനസഹായം, പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം ലഭിക്കുന്നവർക്ക് പ്രാരംഭ ചെലവുകൾക്കായി ധനസഹായം, എഞ്ചിനീയറിംഗ് കോഴ്സുകൾ വിജയകരമായി പൂർത്തീകരിക്കാൻ സാധിക്കാത്തവർക്ക് കോഴ്സ് വിജയിക്കുന്നതിന് പ്രത്യേക റെമഡിയൽ കോച്ചിംഗ്, അർഹരായ M.Phil, PhD., M.Tech, M.Lit വിദ്യാർത്ഥികൾക്ക് ഫെലോഷിപ്പ്/കണ്ടിജന്റ് ഗ്രാന്റ് എന്നിവ അനുവദിച്ചുവരുന്നു. വിദ്യാർത്ഥികൾക്ക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ വകുപ്പുകൾ നടത്തിവരുന്നു. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ ആദ്യ റാങ്കുകൾ നേടുന്ന വിദ്യാർത്ഥികൾക്ക്

സ്വർണമെഡലും ഉയർന്ന മാർക്കുവാങ്ങി പാസ്സാകുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതിയും നൽകിവരുന്നു. വകുപ്പിന്റെ ഹോസ്റ്റലുകൾ ലഭ്യമാകാത്തവർക്ക് ABLC അനുവദിക്കുന്നുണ്ട്.

## കുട്ടനാട്ടിൽ മോഡൽ റെസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്നതിനുള്ള നടപടി

50 (840) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി മോഡൽ റെസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കുട്ടനാട് നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി മോഡൽ റെസിഡൻഷ്യൽ സ്കൂൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും നിലവിൽ പരിഗണനയിലില്ല.

(ബി) പ്രസ്തുത സ്കൂൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

അനുയോജ്യമായ സ്ഥലവും അനുബന്ധ സൗകര്യങ്ങളും ആവശ്യമായ വിദ്യാർത്ഥികളും ലഭ്യമാണെങ്കിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാവുന്നതാണ്.

**വിദേശത്ത് പഠിക്കുവാൻ ധനസഹായം**

51 (841) <u>ശ്രീ. എ. രാജ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശത്ത് പഠനം നടത്തുന്നതിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

കേരളീയരായ പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് വിദേശത്തെ മികച്ച യൂണിവേഴ്സിറ്റികളിൽ ബിരുദാനന്തര ബിരുദ, പി.എച്ച്.ഡി. കോഴ്സുകൾ പഠിക്കുന്നതിനായി ഓവർസീസ് സ്കോളർഷിപ്പ് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചുവരുന്നു.

1) പ്രായപരിധി 35 വയസ്സ്.

2) WORLD TIMES Ranking-ൽ 1 മുതൽ 500 റാങ്കിംഗ് വരെയുള്ള യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ ലഭിക്കുന്നവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നത്.

3) യോഗ്യതാ പരീക്ഷയിൽ 55% മാർക്ക് ലഭിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളെയും 50% മാർക്ക് ലഭിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെയുമാണ് പരിഗണിക്കുന്നത്.

4) പരമാവധി 25 ലക്ഷം രൂപയാണ് സ്കോളർഷിപ്പായി അനുവദിക്കുന്നത്.

5) പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാനപരിധി ബാധകമല്ല. 12 ലക്ഷംവരെ വരുമാനപരിധിയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക പൂർണ്ണമായും പരമാവധി 25 ലക്ഷം രൂപയും 12 ലക്ഷത്തിനും 20 ലക്ഷത്തിനും വരുമാനപരിധിയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് യഥാർത്ഥ ട്യൂഷൻ ഫീസും മറ്റുള്ളവയും 50% അക്കോമഡേഷൻ & ലിവിംഗ് എക്സ്പെൻസും ലഭിക്കുന്നു. 20 ലക്ഷത്തിന് മുകളിൽ യഥാർത്ഥ ട്യൂഷൻ ഫീസ് മാത്രമേ ലഭിക്കുകയുള്ളൂ.

6) സോഷ്യൽ സയൻസ് & ഹ്യൂമാനിറ്റീസ്, കൊമേഴ്സ്, ആർട്സ്, ഫൈൻ ആർട്സ്, മ്യൂസിക് & അലൈഡ് സബ്ജക്ട്സ്, നിയമം തുടങ്ങിയ വിഷയങ്ങളിൽ രാജ്യത്തിനകത്തില്ലാത്ത കോഴ്സുകൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്.

(ബി) ഈ പദ്ധതിയുടെ ധനസഹായം ലഭിക്കുന്നതിന് അപേക്ഷകർ സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

പദ്ധതിയുടെ ധനസഹായം ലഭിക്കുന്നതിന് അപേക്ഷകർ താഴെപ്പറയുന്ന രേഖകൾ/സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്.

1) എസ്.എസ്.എൽ.സി. ബുക്കിന്റെ പകർപ്പ്

2) ജനന സർട്ടിഫിക്കറ്റ്

3) പ്ലസ്-ടു, ഡിഗ്രി/ഗ്രാജ്വേഷൻ സർട്ടിഫിക്കറ്റുകൾ

4) യോഗ്യതാ പരീക്ഷാ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്

5) IELTS/TOEFL/GRE മറ്റ് ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ്

6) യൂണിവേഴ്സിറ്റി/ഇൻസ്റ്റിറ്റ്യൂഷനിൽനിന്നുള്ള ഓഫർ ലെറ്റർ

7) ജാതി സർട്ടിഫിക്കറ്റ്

8) വരുമാന സർട്ടിഫിക്കറ്റ്

9) ആധാർ കാർഡിന്റെ പകർപ്പ്

10) ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്

11) പാസ്പോർട്ടിന്റെ പകർപ്പ്

12) സ്റ്റുഡന്റ് വിസയുടെ പകർപ്പ്

(സി) ടൈംസ് ലോക യൂണിവേഴ്സിറ്റി റാങ്കിൽ ഏത് റാങ്ക് വരെയുള്ള യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ ലഭിക്കുന്നവർക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളതെന്ന് വിശദമാക്കാമോ?

1 മുതൽ 500 റാങ്ക് വരെയുള്ള യൂണിവേഴ്സിറ്റികളിൽ അഡ്മിഷൻ ലഭിക്കുന്നവർക്കാണ് വിദേശ പഠനത്തിനുള്ള വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ളത്.

(ഡി) ടൈംസ് ലോക യൂണിവേഴ്സിറ്റി റാങ്കിംഗിന്റെ ലിസ്റ്റ് ലഭ്യമാക്കാമോ?

Times Higher Education വെബ്സൈറ്റിൽ വിവിധ യൂണിവേഴ്സിറ്റികളുടെ ബന്ധപ്പെട്ട വർഷത്തെ റാങ്കിംഗ് പ്രസിദ്ധപ്പെടുത്തുന്നുണ്ട്. ആയത് വെബ്സൈറ്റിൽനിന്നും ലഭ്യമാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ്

52 (842) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ഗ്രാന്റ് വിതരണം ചെയ്യുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാർത്ഥികൾക്ക് അതാത് അധ്യയന വർഷങ്ങളിൽത്തന്നെ ധനസഹായം അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രീമെട്രിക് സ്കോളർഷിപ്പ് സമയബന്ധിതമായി വിതരണം ചെയ്തിട്ടുണ്ട്.

കേന്ദ്രസർക്കാർ നിർദ്ദേശാനുസരണം പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് 2022-23 അധ്യയന വർഷം മുതൽ PFMS (പബ്ലിക് ഫണ്ട് മോണിറ്ററിംഗ് സിസ്റ്റം) പോർട്ടൽ മുഖേനയാണ് വിതരണം ചെയ്യേണ്ടത്. ഇതിനായി നിലവിലെ ഇ-ഗ്രാന്റ്സ് പോർട്ടൽ PFMS പോർട്ടലുമായുള്ള ഇന്റഗ്രേഷൻ നടപടികൾ

പൂർത്തീകരിക്കേണ്ടതുണ്ട്. ഇന്റഗ്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ സാങ്കേതിക സഹായം കേന്ദ്രസർക്കാരിലെ PFMS അധികൃതരിൽനിന്നും യഥാസമയം ലഭിക്കാത്തതിനാൽ സ്കോളർഷിപ്പ് വിതരണത്തിൽ കാലതാമസം വന്നിരുന്നുവെങ്കിലും ആയത് പരിഹരിച്ച് സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ചികിത്സാ ധനസഹായമുൾപ്പെടെയുള്ള ധനസഹായങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും പ്രസ്തുത ധനസഹായങ്ങൾ അർഹരായ മുഴുവൻ പേർക്കും ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

അർഹരായ മുഴുവൻ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കാലതാമസം കൂടാതെ ചികിത്സാ ധനസഹായം വിതരണം ചെയ്തുവരുന്നു. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാധനസഹായം യഥാസമയം വിതരണം ചെയ്യുന്നതിനായി T-Grants ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## പഠനത്തിനും പരിശീലനത്തിനും നടപ്പാക്കിയിട്ടുള്ള പദ്ധതികൾ

53 (843) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനത്തിനും പരിശീലനത്തിനുമായി നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികൾ ഫണ്ടിന്റെ അപര്യാപ്തതമൂലം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) വിദ്യാർത്ഥികളുടെ ഭാവിയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനത്തിനും പരിശീലനത്തിനുമായി നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികൾ ഫണ്ടിന്റെ അപര്യാപ്തതമൂലം മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠനത്തിനായിട്ടുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വിതരണം നടത്തുന്നതിന് PFMS-SNA സമ്പ്രദായത്തിലൂടെ ആയിരിക്കണമെന്നുള്ള കേന്ദ്ര നിർദ്ദേശം നടപ്പിലാക്കുന്നതിൽ സാങ്കേതിക

തടസ്സങ്ങൾ നേരിട്ടതിനാൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിൽ തടസ്സം നേരിടുകയും ആയത് പരിഹരിക്കുന്നതിന്റെ ഭാഗമായി സർക്കാർ നിലവിലെ ഇ-ഗ്രാന്റ്സ് സമ്പ്രദായത്തിലൂടെ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് അനുമതി നൽകിയതിനാൽ സ്കോളർഷിപ്പുകൾ തടസ്സമില്ലാതെ വിതരണം ചെയ്യുന്നുണ്ട്.

## വിദ്യാഭ്യാസാനുകൂല്യങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ

54 (844) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

05-01-2023-ലെ സ.ഉ. (പി) 1/2023/പജപവവിവ, സ.ഉ. (പി) 2/2023/പജപവവിവ എന്നീ ഗവൺമെന്റ് ഉത്തരവുകൾ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികളുടെ പോസ്റ്റ്മെട്രിക്

സ്കോളർഷിപ്പ് മാനദണ്ഡങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പുതുതലമുറ കോഴ്സുകളെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കോഴ്സുകളാണ് ഈ ഉത്തരവ് പ്രകാരം നിലവിലുള്ളതെന്ന് വിശദമാക്കാമോ?

ഉണ്ട്.

(1) ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ

(2) സെൻട്രൽ/സ്റ്റേറ്റ് യൂണിവേഴ്സിറ്റി/യു.ജി.സി. അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ

(3) ഡീംഡ് യൂണിവേഴ്സിറ്റികൾ (Deemed Universities)

(4) സംസ്ഥാന/കേന്ദ്ര സർക്കാർ അംഗീകരിച്ച സ്വകാര്യ യൂണിവേഴ്സിറ്റികൾ

(5) സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശപ്രകാരമുള്ള ഫീ ഫിക്സേഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്മിറ്റിയുടെ പരിധിയിൽവരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ

(6) 11, 12 ക്ലാസുകൾക്ക് അംഗീകാരമുള്ള സ്കൂൾ

(7) കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ

(8) NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികൾ, സംസ്ഥാന/കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികൾ (regulatory body) അഫിലിയേറ്റ്/അംഗീകരിച്ചതായ കോഴ്സ്/സ്ഥാപനങ്ങൾ

(9) NCVT-യുടെ അംഗീകാരമുള്ള വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ

മേൽ സ്ഥാപനങ്ങളിലെ പുതുതലമുറ കോഴ്സുകൾ ഉൾപ്പെടെയുള്ള എല്ലാ കോഴ്സുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രസ്തുത ഉത്തരവ് പ്രകാരം സംസ്ഥാനത്തിന് പുറത്ത് ഈ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭ്യമാകുമോ; വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തിന് പുറത്ത് പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാകാൻ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

(സി&ഡി) ലഭ്യമാകും. സർക്കാർ/സർക്കാർ അംഗീകൃത ഏജൻസികൾ നടത്തുന്ന അഖിലേന്ത്യാതലത്തിലുള്ള പ്രവേശന പരീക്ഷയിലൂടെ മെറിറ്റ്/റിസർവ്വേഷൻ അടിസ്ഥാനത്തിൽ പ്രവേശനം നേടുന്നവർക്കും സുതാര്യവും നീതിയുക്തവുമായ രീതിയിൽ മെറിറ്റ്/റിസർവ്വേഷനിൽ സ്പോട്ട് അഡ്മിഷൻ നേടുന്നവർക്കും സ്കോളർഷിപ്പ് ലഭിക്കുന്നതാണ്.

(ഇ) പുതുതായി ഏതെങ്കിലും സ്ഥാപനങ്ങളെ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ

(2) സെൻട്രൽ/സ്റ്റേറ്റ് യൂണിവേഴ്സിറ്റി/യു.ജി.സി. അംഗീകാരമുള്ള സ്വയംഭരണ കോളേജുകൾ

(3) ഡീംഡ് യൂണിവേഴ്സിറ്റികൾ (Deemed Universities)

(4) സംസ്ഥാന/കേന്ദ്ര സർക്കാർ അംഗീകരിച്ച സ്വകാര്യ യൂണിവേഴ്സിറ്റികൾ

(5) സംസ്ഥാന സർക്കാരിന്റെയോ കേന്ദ്ര സർക്കാരിന്റെയോ അംഗീകാരമുള്ള യൂണിവേഴ്സിറ്റിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ളതും

ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശപ്രകാരമുള്ള ഫീ ഫിക്സേഷൻ കമ്മിറ്റിയുടെ പരിധിയിൽവരുന്നതുമായ സ്വകാര്യ പ്രൊഫഷണൽ സ്ഥാപനങ്ങൾ

(6) 11, 12 ക്ലാസ്സുകൾക്ക് അംഗീകാരമുള്ള സ്കൂൾ

(7) കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകാരമുള്ളതും ഡിപ്ലോമ കോഴ്സ് നടത്തുന്നതുമായ സ്ഥാപനങ്ങൾ

(8) NMC/AICTE തുടങ്ങിയ അംഗീകൃത ഏജൻസികൾ, സംസ്ഥാന/കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മറ്റ് നിയന്ത്രണ ഏജൻസികൾ (regulatory body) അഫിലിയേറ്റ്/അംഗീകരിച്ചതായ കോഴ്സ്/സ്ഥാപനങ്ങൾ

(9) NCVT-യുടെ അംഗീകാരമുള്ള വൊക്കേഷണൽ ട്രെയിനിംഗ് സ്ഥാപനങ്ങൾ.

## പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

55 (845) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽനിന്നും സംസ്ഥാനത്തിന് പുറത്ത് യൂണിവേഴ്സിറ്റികളിൽ പഠിക്കുന്ന എത്ര കുട്ടികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നുണ്ടെന്ന് ലിസ്റ്റ് സഹിതം വിശദമാക്കുമോ?

കണ്ണൂർ ജില്ലയിൽനിന്നും സംസ്ഥാനത്തിന് പുറത്ത് പഠിക്കുന്ന 17 പട്ടികജാതി വിദ്യാർത്ഥികൾക്കും ഒരു പട്ടികവർഗ്ഗ വിദ്യാർത്ഥിക്കും 82 പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്കും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) 2020-നുശേഷം എത്ര പേർക്ക് എന്തൊക്കെ കാരണത്താൽ പ്രസ്തുത സ്കോളർഷിപ്പ് നൽകിയിട്ടില്ല എന്നറിയിക്കുമോ?

2020-നുശേഷം ഓട്ടോണമസ് സ്ഥാപനങ്ങളിൽ പഠിക്കുന്ന 9 പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കോളർഷിപ്പ് നൽകിയിട്ടില്ല. 02-07-2009-ലെ സ.ഉ. (പി) നം.50/2009/പജപവവിവ ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരം ഓട്ടോണമസ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് സ്കോളർഷിപ്പിന് അർഹതയില്ല. എന്നാൽ പ്രസ്തുത ഉത്തരവിലെ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് 05-01-2023-ലെ സ.ഉ. (പി) നം.2/2023/പജപവവിവ പ്രകാരം സമഗ്രമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ടി ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 2022-23

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷം മുതൽ ഓട്ടോണമസ് സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കുന്നതുമാണ്. പട്ടികവർഗ്ഗ വിഭാഗ വിദ്യാർത്ഥികളിൽനിന്നും ലഭ്യമായ 3 അപേക്ഷകളിൽ 2 അപേക്ഷകർ ഈ അധ്യയന വർഷം പ്രവേശനം നേടിയവരായതിനാൽ സ്കോളർഷിപ്പ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മാനദണ്ഡങ്ങൾ പാലിക്കാതെ പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾ സമർപ്പിച്ച അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.

(സി) ബാംഗ്ലൂരിലെ എൻ.ഐ.എം.എച്ച്.എ.എൻ.എസ്. കോളേജിൽ പഠിക്കുന്ന എത്ര കുട്ടികൾക്ക് കണ്ണൂർ ജില്ലാ ഓഫീസിൽനിന്നും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ടെന്ന് അറിയിക്കുമോ; ഇതിൽ എത്ര കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടില്ലെന്നത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ?

ബാംഗ്ലൂരിലെ എൻ.ഐ.എം.എച്ച്.എ.എൻ.എസ്. കോളേജിൽ പഠിക്കുന്ന 4 വിദ്യാർത്ഥികൾക്ക് കണ്ണൂർ ജില്ലാ പട്ടികജാതി വികസന ഓഫീസിൽനിന്നും പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട്. 4 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുള്ള നടപടി

സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

## വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ

56 (846) ശ്രീ. പി. വി. അൻവർ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. വിജിൻ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഇത്തരം കേന്ദ്രങ്ങൾ വ്യാപിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ;

(ബി) പരിശീലന കേന്ദ്രങ്ങൾക്കാവശ്യമായ സാങ്കേതികവിദ്യ, പരിശീലകർ, ഭൗതിക സൗകര്യങ്ങൾ എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) പ്രസ്തുത കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

(എ-സി) ഉണ്ട്. അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗ വിദ്യാർത്ഥികളെ വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും മറ്റുമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനായി കുറഞ്ഞത് 50 വിദ്യാർത്ഥികൾക്കെങ്കിലും ഒരേ സമയമിരുന്ന് ക്ലാസ് കേൾക്കുന്നതിന് പര്യാപ്തമായ ഹാൾ/മുറി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 02-11-2022 തീയതിയിൽ എല്ലാ എം.എൽ.എ.-മാർക്കും വകുപ്പുമന്ത്രി കത്ത് നൽകിയിരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കൾ

57 (847) <u>ശ്രീ. വി. ശശി:</u> താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കളുടെ ഭൗതിക സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാലാനുസൃതമായി പുതിയ ട്രേഡുകൾ അനുവദിക്കുന്നതിനുംവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ 44 ഐ.ടി.ഐ.-കളാണ് പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത ഐ.ടി.ഐ.-കളിൽ മികച്ച തൊഴിൽ സാധ്യതയുള്ളതും കേന്ദ്ര സർക്കാരിന്റെ ഡയറക്ടറേറ്റ് ജനറൽ ഓഫ് ട്രെയിനിംഗ് (DGT) അംഗീകരിച്ചതുമായ സർവ്വേയർ, ഡ്രാഫ്റ്റ്സ്മാൻ (സിവിൽ), ഇലക്ട്രീഷ്യൻ, മെക്കാനിക് (മോട്ടോർ വെഹിക്കിൾ), ഇലക്ട്രോണിക് മെക്കാനിക്, പെയിന്റർ (ജനറൽ) എന്നീ ദ്വിവത്സര കോഴ്സുകളിലും വെൽഡർ, കാർപെന്റർ, പ്ലംബർ, സ്വീയിംഗ് ടെക്നോളജി എന്നീ ഏകവത്സര കോഴ്സുകളിലും ഡ്രൈവർ-കം-മെക്കാനിക് എന്ന 6 മാസത്തെ കോഴ്സിലുമാണ് നിലവിൽ പരിശീലനം നൽകിവരുന്നത്. വകുപ്പിന് കീഴിലുള്ള വിവിധ ഐ.ടി.ഐ.-കളിൽ നിലവിൽ പരിശീലനം നൽകുന്ന ട്രേഡുകളിലെ വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് നിലവിലെ റഗുലർ പരിശീലനത്തോടൊപ്പം ഹ്രസ്വകാല കോഴ്സുകൾ (Add on courses) ആരംഭിക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.ടി.ഐ.-കളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഓട്/ഷീറ്റ് മേഞ്ഞ കെട്ടിടങ്ങൾക്ക് പകരം ആധുനിക സൗകര്യങ്ങളോട് കൂടിയ കെട്ടിടങ്ങൾ നിർമ്മിക്കുകയും പുതിയ കെട്ടിട സൗകര്യങ്ങൾ അധികമായി വേണ്ട സ്ഥാപനങ്ങളിൽ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നതിനോടൊപ്പം പരിശീലന കേന്ദ്രങ്ങളിൽ ആവശ്യമായ അറ്റകുറ്റപ്പണികളും റെനൊവേഷൻ പ്രവൃത്തികളും നടത്തിവരുന്നു. വിവിധ ഐ.ടി.ഐ.-കളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ സജ്ജീകരിക്കുന്നതിനാവശ്യമായ വിവിധ ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങുന്നതിനുള്ള നടപടികൾ ഇതിനോടകം സ്വീകരിക്കുകയും ഇനിയും ആവശ്യമായവ സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. എല്ലാ ഐ.ടി.ഐ.-കളിലും ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ പരിശീലനത്തിനാവശ്യമായ പഠനോപകരണങ്ങൾ സംഭരിച്ച് നൽകുന്നു. വകുപ്പിന്റെ കീഴിലുള്ള എല്ലാ ഐ.ടി.ഐ.-കളിലും കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 2 ഐ.ടി.ഐ.-കളാണ് നിലവിലുള്ളത്. ഇടുക്കി ജില്ലയിലെ നാടുകാണി ഐ.ടി.ഐ.-യും തിരുവനന്തപുരം ജില്ലയിലെ കുട്ടമല ഐ.ടി.ഐ.-യുമാണ് പ്രസ്തുത സ്ഥാപനങ്ങൾ. ഇതിൽ നാടുകാണി ഐ.ടി.ഐ.-യുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അക്കാദമിക് ബ്ലോക്ക്, 100 പേർക്ക് താമസിക്കാൻ സൗകര്യമുള്ള ഹോസ്റ്റൽ ബ്ലോക്ക് എന്നിവയുടെ പ്രവർത്തനം പൂർത്തീകരിച്ചു. നാടുകാണി ഐ.ടി.ഐ.-യിൽ നിലവിലുള്ള പ്ലംബർ, ഇലക്ട്രീഷ്യൻ എന്നീ ട്രേഡുകൾക്ക് പുറമേ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിലെ കുട്ടമല ഐ.ടി.ഐ.-യുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കെട്ടിടം മെയിന്റനൻസ് ചെയ്യുന്നതിന് പി.ഡബ്ല്യു.ഡി. മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## മാവേലിക്കര നിയോജകമണ്ഡലത്തിലെ ഉമ്പർനാട് ഐ.ടി.ഐ.-യുടെ പുരോഗതിക്കുള്ള നടപടികൾ

58 (848) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള ഉമ്പർനാട് ഐ.ടി.ഐ.-യുടെ പുരോഗതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനായും കെട്ടിട നിർമ്മാണത്തിനായും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള മാവേലിക്കര ഐ.ടി.ഐ.-യിൽ കാർപെന്റർ എന്ന ഏകവത്സര ട്രേഡിലും (കോഴ്സ്) ഇലക്ട്രോണിക് മെക്കാനിക് എന്ന ദ്വിവത്സര ട്രേഡിലും പരിശീലനം നൽകിവരുന്നു. ഇലക്ട്രോണിക് മെക്കാനിക് ട്രേഡിലെ പരിശീലനത്തിനാവശ്യമായ പഠനോപകരണങ്ങൾ ഇ-ടെണ്ടർ വഴി സംഭരിക്കുകയും ഐ.ടി.ഐ.-യിലെ വിദ്യാർത്ഥികൾക്ക് അതത് ട്രേഡിലെ പരിശീലനത്തോടൊപ്പം കമ്പ്യൂട്ടർ പരിശീലനം ലഭിക്കുന്നതിലേയ്ക്കായി ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ കമ്പ്യൂട്ടർ ലാബും ഐ.ടി.ഐ.-യിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

മാവേലിക്കര ഐ.ടി.ഐ.-യുടെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനും കൂടുതൽ പുതിയ കോഴ്സുകൾ

ആരംഭിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് പുതിയ മൂന്നുനില കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിൽ ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണവും ഫസ്റ്റ് ഫ്ലോറിന്റെ സ്ട്രക്ച്ചറൽ വർക്കും പൂർത്തിയായിട്ടുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിലേയ്ക്കുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള വിവിധ ഐ.ടി.ഐ.-കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് നിലവിൽ പരിശീലനം നൽകുന്ന ട്രേഡുകളോടൊപ്പം ഹ്രസ്വകാല കോഴ്സുകൾ (Add on courses) ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് മാവേലിക്കര ഐ.ടി.ഐ.-യിൽ പുതുതായി ഇലക്ട്രീഷ്യൻ എന്ന ദ്വിവത്സര കോഴ്സ് കൂടി ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

### കോതമംഗലം നിയോജകമണ്ഡലത്തിലെ ജി.വി.എച്ച്.എസ്.എസ്.-ൽ ട്രൈബൽ ഹോസ്റ്റൽ നിർമാണം

59 (849) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ മാതിരപ്പിള്ളി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ ട്രൈബൽ ഹോസ്റ്റൽ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്കൂൾ കോമ്പൗണ്ടിൽ ഒഴിഞ്ഞുകിടക്കുന്ന 26 സെന്റ് സ്ഥലത്ത് ട്രൈബൽ ഹോസ്റ്റൽ നിർമ്മിക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്ഥലം പട്ടികവർഗ്ഗ വികസന വകുപ്പിന് പ്രീ മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് വേണ്ടി കൈമാറുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ഇ) നിരവധി ആദിവാസി കോളനികൾ കോതമംഗലം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതിനാൽ പ്രസ്തുത സ്കൂളിൽ ട്രൈബൽ ഹോസ്റ്റൽ അടിയന്തരമായി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ-ഇ) മാതിരപ്പിള്ളി ഗവൺമെന്റ് ഹൈസ്കൂൾ കോമ്പൗണ്ടിൽ ഒഴിഞ്ഞുകിടക്കുന്ന 26 സെന്റ് സ്ഥലത്ത് പ്രീ മെട്രിക് ഹോസ്റ്റൽ

നിർമ്മിക്കുന്നതിനായി പ്രസ്തുത ഭൂമി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറുന്നതിനായി കോതമംഗലം നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ ഫയൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പട്ടികവിഭാഗത്തിൽപ്പെട്ട യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം

60 (850) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് പുതുതലമുറ തൊഴിലുകളിൽ അവസരം സൃഷ്ടിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് വിവിധ മേഖലകളിലുള്ള പുതുതലമുറ തൊഴിലുകളിൽ അവസരം സൃഷ്ടിക്കാൻ തൊഴിൽ ഉറപ്പാക്കുന്ന വിവിധ നൈപുണ്യ വികസന

പരിശീലനങ്ങൾ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കിവരുന്നുണ്ട്. നൈപുണ്യ വികസന പരിശീലനങ്ങൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് ഉറപ്പാക്കുന്നതിന് പുറമേ സ്വദേശത്തും വിദേശത്തും തൊഴിൽ ലഭിക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പ്രസ്തുത പരിശീലനങ്ങൾകൊണ്ട് സാധിക്കുന്നതാണ്.

എഞ്ചിനീയറിംഗ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലാർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഓണറേറിയത്തോടുകൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. പരമാവധി രണ്ടുവർഷംവരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതാത് മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിനുതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ 2 വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുകവഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ-സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ

ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു. ഇവർക്ക് സർക്കാരിന്റെ തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതാണ്.

നിലവിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും 500 എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രെഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 എം.എസ്.ഡബ്ല്യു. ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും 18 നിയമ ബിരുദധാരികൾക്ക് ലീഗൽ അഡ്വൈസർ/ലീഗൽ കൗൺസിലർ/അസിസ്റ്റന്റുമാരായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിയമനം നൽകിയിട്ടുണ്ട്. നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപന മേഖലയിലുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. കൂടാതെ ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ

സാധ്യതയുള്ളതുമായ ഹ്രസ്വകാല നൈപുണ്യ വികസന കോഴ്സുകൾ കണ്ടെത്തി സംസ്ഥാന/കേന്ദ്ര/മറ്റ് തൊഴിൽ പരിശീലകരായ ഏജൻസികളുടെ അക്രെഡിറ്റേഷനുള്ള പരിശീലന സ്ഥാപനങ്ങൾവഴി പരിശീലനം നൽകിവരികയും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സംസ്ഥാനത്തിനകത്തും പുറത്തും അംഗീകാരമുള്ള തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകളും നൽകുകയും ചെയ്യുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് സ്വദേശത്തും വിദേശത്തും തൊഴിൽ ലഭ്യമാക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഉതകുന്ന തരത്തിലുള്ള വിവര സാങ്കേതികം, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വിവിധ അംഗീകൃത ഏജൻസികൾ മുഖേന വകുപ്പ് നടപ്പിലാക്കുകയും നൈപുണ്യ വികസന പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്ന പരിശീലനാർത്ഥികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) ഏതൊക്കെ മേഖലകളാണ് പുതുതലമുറ തൊഴിലുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

പട്ടികജാതി വികസന വകുപ്പ് ഐ.ടി., ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഓട്ടോമൊബൈൽ, ഏവിയേഷൻ, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, പ്ലാസ്റ്റിക് വ്യവസായം, ഓയിൽ & ഗ്യാസ്, മറൈൻ വ്യവസായം തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ മേഖലകളിലെ (ഡിജിറ്റൽ മീഡിയ മേഖല, ഓട്ടോമൊബൈൽസ് മേഖല, ഏവിയേഷൻ മേഖല) ഹ്രസ്വകാല കോഴ്സുകൾ പരിശീലിപ്പിക്കുകയും പരിശീലനാന്തരം പ്രസ്തുത മേഖലകളിൽ തൊഴിൽ ലഭ്യമാക്കുന്നതിനും കഴിയുന്നുണ്ട്.

(സി) ഇതുസംബന്ധിച്ച പരിശീലന പരിപാടികളുടെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കുമോ?

അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവജനതയ്ക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും അതിലൂടെ സ്ഥിരവരുമാനമുള്ള തൊഴിൽ ഉറപ്പുവരുത്തി സാമൂഹിക സാമ്പത്തിക ഉന്നമനം കൈവരിക്കുന്നതിനായി പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

2022-23 വർഷത്തെ പരിശീലനങ്ങൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി ഉത്തരവ് ലഭ്യമാക്കുകയും പരിശീലനാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനും പരിശീലന സ്ഥാപനവുമായി കരാറിൽ ഏർപ്പെടുന്നതിനും ആവശ്യമായ നടപടികൾ പട്ടികജാതി വികസന വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ വിവിധ നൈപുണ്യ വികസന പരിശീലന പരിപാടികൾ പ്രകാരം പരിശീലനം നേടിയ 319 പേർക്ക് പ്ലേസ്മെന്റ് നൽകിയിട്ടുണ്ട്.

തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പദ്ധതിയിലൂടെ അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് അവരവരുടെ താൽപ്പര്യത്തിനനുസരിച്ചും ആനുകാലിക പ്രാധാന്യമുള്ളതും തൊഴിൽ സാധ്യതയുള്ളതുമായ ഹ്രസ്വകാല തൊഴിൽ പരിശീലനങ്ങൾ നൽകുകയും സ്ഥിര ശമ്പളത്തോടുകൂടി പല നല്ല സംരംഭങ്ങളിലും തൊഴിൽ ലഭ്യമാക്കുന്നതിനോ പ്രസ്തുത മേഖലയിൽ സ്വന്തം രീതിയിൽ ഉപജീവനം കണ്ടെത്തുന്നതിനോ കഴിയുന്നുമുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിയ നൈപുണ്യ വികസന പരിശീലന പരിപാടികളിലൂടെ 5933 പേർക്ക് പരിശീലനം നൽകുന്നതിനും 2977 പേർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

## ട്രേസ് പദ്ധതിയുടെ വിശദാംശം

61 (851) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ യുവതീയുവാക്കൾക്കായി ആവിഷ്കരിച്ച ട്രേസ് പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് അവരുടെ പഠന മേഖലയ്ക്കനുസൃതമായ തൊഴിൽ പരിചയവും പരിശീലനവും നൽകി അവരുടെ കരിയർ ഉന്നതിയിലെത്തിക്കുന്നതിനും അതുവഴി മികവുറ്റ തൊഴിലുകൾക്ക് പ്രാപ്തരാക്കുന്നതിനും സജ്ജരാക്കുകയെന്ന ലക്ഷ്യത്തോടെ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്.

വിവിധ മേഖലകളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് വകുപ്പിന്റെയും മറ്റ് വകുപ്പുകളുടെയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാകുക വഴി തങ്ങളുടെ കരിയർ പ്രോജ്ജ്വലമാക്കുന്നതിന് കൂടുതൽ ആത്മവിശ്വാസവും അനുഭവപരിചയവും

സ്വായത്തമാകുന്നു. എഞ്ചിനീയറിംഗ്, നഴ്സിംഗ്, പാരാമെഡിക്കൽ, നിയമം, സോഷ്യൽ വർക്ക്, മാനേജ്മെന്റ്, അദ്ധ്യാപനം, ക്ലാർക്ക് തുടങ്ങി വിവിധ മേഖലകളിൽ പഠനം പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ് മാതൃകയിൽ ഓണറേറിയത്തോടുകൂടി പരിശീലനത്തിനും പ്രവൃത്തി പരിചയത്തിനും വകുപ്പ് അവസരമൊരുക്കുന്നു. പരമാവധി രണ്ടുവർഷംവരെ പരിശീലനത്തിന് നിയോഗിക്കുകയും പരിശീലന കാലയളവിൽ അതാത് മേഖലകളിൽ അനിവാര്യമായ നൈപുണ്യം കൈവരിക്കുന്നതിനുതകുന്ന പ്രത്യേക ട്രെയിനിംഗ് നൽകുകയും ചെയ്യുന്നു. സർക്കാർ തലത്തിൽ രണ്ട് വർഷം പ്രായോഗിക പരിശീലനം ലഭ്യമാകുക വഴി ആർജ്ജിക്കുന്ന പരിചയസമ്പത്തിലൂടെ ഏതൊരു മികച്ച സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെയും അഭിമുഖങ്ങളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ യുവാക്കളെ പ്രാപ്തരാക്കുന്നു.

നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും 500 എഞ്ചിനീയറിംഗ് ഉദ്യോഗാർത്ഥികൾക്ക് അക്രെഡിറ്റഡ് എഞ്ചിനീയർ/ഓവർസീയർമാരായി നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 114 എം.എസ്.ഡബ്ല്യൂ. ബിരുദധാരികൾക്ക് സോഷ്യൽ വർക്കർമാരായും 380 ബിരുദധാരികൾക്ക് അപ്രന്റീസ് ക്ലാർക്കുമാരായും 2400 പേർക്ക്

പ്രൊമോട്ടർമാരായും ഈ സർക്കാർ അധികാരത്തിൽവന്നശേഷം നിയമനം നൽകിയിട്ടുണ്ട്. ഇതിനുപുറമേ നിയമ ബിരുദധാരികളെ ഓണറേറിയം വ്യവസ്ഥയിൽ ലീഗൽ കൗൺസിലർ, ലീഗൽ അഡ്വൈസർ തസ്തികകളിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. നഴ്സിംഗ്, പാരാമെഡിക്കൽ, മാനേജ്മെന്റ്, അദ്ധ്യാപന മേഖലയിലുള്ള ഉദ്യോഗാർത്ഥികൾക്കുള്ള നിയമനം സംബന്ധിച്ചുള്ള വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ യോഗ്യത നേടിയ ഉദ്യോഗാർത്ഥികളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ലഭിക്കുന്നതിന് ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് Training for Career Excellence (TRACE) എന്ന പേരിൽ പദ്ധതി നടപ്പിലാക്കാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്ദേശിക്കുന്നത്.

**നോളജ് ഇക്കോണമി മിഷനിലൂടെ യുവാക്കളെ തൊഴിൽ സജ്ജരാക്കുന്നതിന് നടപടി**

62 (852) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>:
<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>:

<u>ശ്രീ. എം. മുകേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോളജ് ഇക്കോണമി മിഷനിലൂടെ യുവാക്കളെ തൊഴിൽ സജ്ജരാക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വികസന വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കേരള നോളജ് ഇക്കോണമി മിഷൻ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ രൂപപ്പെടുത്തിയ ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം എന്ന പോർട്ടലിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിലന്വേഷകരെ രജിസ്റ്റർ ചെയ്യിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നോളജ് ഇക്കോണമി മിഷനിലൂടെ യുവാക്കളെ തൊഴിൽ സജ്ജരാക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. വകുപ്പ് മുഖേന അഭ്യസ്തവിദ്യരായ യുവാക്കൾക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ, തൊഴിൽ ലഭ്യമാകുന്നതിനുള്ള മത്സര പരീക്ഷ പരിശീലന ധനസഹായം എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(ബി) അഭ്യസ്തവിദ്യരായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി സർക്കാർ സംവിധാനം ഉപയോഗപ്പെടുത്തി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. അഭ്യസ്തവിദ്യരായ പട്ടികജാതി പട്ടികവർഗ്ഗ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സ്ഥിരവരുമാനമുള്ള തൊഴിൽ ഉറപ്പുവരുത്തി സാമൂഹിക സാമ്പത്തിക ഉന്നമനം കൈവരിക്കുന്നതിനുമായി ഐ.ടി., ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, പ്ലാസ്റ്റിക് വ്യവസായം, ഓയിൽ & ഗ്യാസ്, മറൈൻ വ്യവസായം, എയർലൈൻ, എയർപോർട്ട് മേഖല, കാർഗോ മാനേജ്മെന്റ് തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളായ KASE (Kerala Academy for Skills Excellence), KELTRON (Kerala State Electronics Development Corporation Limited), CIPET (Central Institute of Petrochemicals Engineering & Technology), CDAC (Centre for Development of Advanced Computing), ASAP

(Additional Skill Acquisition Programme Kerala) എന്നിവ മുഖേന നടപ്പിലാക്കുന്നു.

(സി) ഇവർക്ക് സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് സഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി സ്കെയിലബിൾ ബിസിനസ്സുള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിനുതകുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി കേരള സ്റ്റാർട്ടപ്പ് മിഷനുമായി ചേർന്ന് വകുപ്പ് നടപ്പിലാക്കിവരുന്നു. ടി പദ്ധതിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന്റെ തിരുവനന്തപുരം മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ 5000 ചതുരശ്ര അടി സ്ഥലം 133.10 ലക്ഷം രൂപ വിനിയോഗിച്ച് ആവശ്യമായ സൗകര്യങ്ങളോടെ ഇൻകുബേഷൻ സെന്റർ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. നാമമാത്രമായ ലൈസൻസ് ഫീസ് മാത്രമാണ് പട്ടികജാതി വിഭാഗത്തിലുള്ളവരിൽനിന്ന് ഈടാക്കുന്നത്.

റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗങ്ങളിലുള്ളവർക്കായി ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്. നൂതന ആശയമോ ഉത്പന്നമോ ഉള്ളവരെയാണ്

മേൽപ്പറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത്. കേരള സ്റ്റാർട്ടപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ടപ്പ് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ടപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും പ്ലഗ് ആൻഡ് പ്ലേയ് വർക്ക് സ്റ്റേഷനും കോൺഫറൻസ്-മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ടപ്പ് ഡ്രീംസിൽ ലഭ്യമാണ്. പ്രീ ഇൻകുബേഷൻ വിഭാഗത്തിൽ 3 മുതൽ 6 മാസം കാലയളവുവരെയും ഇൻകുബേഷൻ വിഭാഗത്തിൽ 11 മാസം വരെയുമാണ് നൽകിവരുന്നത്. ഇതിനുശേഷം സ്റ്റാർട്ടപ്പുകൾ കൂടുതൽ സമയപരിധി ആവശ്യപ്പെടുന്ന മുറയ്ക്ക് വിലയിരുത്തലുകളോടെ കാലയളവ് ദീർഘിപ്പിക്കുന്നതാണ്.

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതിയുടെ ഘടകമായ ഒ.ബി.സി. പ്രൊഫഷണലുകൾക്ക് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകുന്ന പദ്ധതി സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹായത്തോടെ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കൂടി സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും.

## പട്ടികജാതി പട്ടികവർഗ്ഗ സംവരണം

63 (853) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നടത്തുന്ന നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ സംവരണം നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

പട്ടികജാതി/പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനും അവരുടെ അവസരങ്ങളും അവകാശങ്ങളും സംരക്ഷിക്കുന്നതിനുമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിൽ പി.എസ്.സി.-യുടെ മാതൃകയിൽ സംവരണക്രമം പാലിക്കുന്നതിനായി 21-12-1970-ലെ G.O(P)413/70/PD പ്രകാരം 100 പോയിന്റുള്ള സാമുദായിക സംവരണ പട്ടിക തയ്യാറാക്കി, സംവരണതത്വം പാലിച്ചാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനങ്ങൾക്കായി ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുന്നത്. അപ്രകാരം നൽകുന്ന നാമനിർദ്ദേശ പട്ടികയോടൊപ്പം നൽകുന്ന ആമുഖ കത്തിൽ നാമനിർദ്ദേശ പട്ടികയിൽനിന്നും അതാത് സംവരണ വിഭാഗങ്ങൾക്കായി നീക്കിവച്ചിരിക്കുന്ന ഒഴിവുകളിലേയ്ക്ക് ടി സംവരണ

വിഭാഗങ്ങളിൽനിന്നുതന്നെ നിയമനം നൽകേണ്ടതാണെന്നും യോഗ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തി നിയമനം നൽകി നിയമന നടപടി പൂർത്തിയാക്കി വിവരം അറിയിക്കാനും നിർദ്ദേശം നൽകുന്നുണ്ട്. ആയതുപ്രകാരം ഉദ്യോഗദായകർ നിയമനവിവരം ലഭ്യമാക്കുമ്പോൾ ആയതിൽ സംവരണക്രമം കൃത്യമായി പാലിച്ചിട്ടുണ്ടോയെന്നത് പരിശോധിച്ച് ഉറപ്പുവരുത്തുന്നു. സംവരണക്രമം തെറ്റിച്ച് നിയമനം നടത്തിയിട്ടുണ്ടെങ്കിൽ ടി ഉദ്യോഗാർത്ഥിയെ പിരിച്ചുവിട്ട് സംവരണക്രമം പാലിച്ച് നിയമനം നടത്താൻ ഉദ്യോഗദായകന് നിർദ്ദേശം നൽകുന്നു.

സംസ്ഥാനത്തെ വിവിധ വകുപ്പുകൾക്ക് കീഴിലെ മുഴുവൻ സ്ഥാപനങ്ങളിലെയും പി.എസ്.സി.-യുടെ പരിധിയിൽ വരാത്ത നിയമനങ്ങൾ (സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലെ സ്ഥിരം/കരാർ/താൽക്കാലികം) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തേണ്ടതും സ്ഥിരം ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങളിൽ സംവരണക്രമം, മുൻഗണന എന്നിവ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി അന്തിമമായി തെരഞ്ഞെടുത്ത് നിയമിക്കുന്ന ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ഉദ്യോഗദായകർ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അയച്ചുകൊടുത്ത് സ്ഥിരീകരണം

ലഭിച്ചശേഷംമാത്രം നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണെന്ന് കർശന നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മറികടന്ന് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിന് വിരുദ്ധമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന നടത്തുന്ന നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗ സംവരണം ഉൾപ്പെടെ യാതൊരുവിധ സംവരണക്രമങ്ങളും പാലിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് തുടർനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മറികടന്ന് കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിന് വിരുദ്ധമായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന ശുചിത്വ മിഷനിൽ നിയമനം നടന്നുവെന്നും സംവരണക്രമം പാലിച്ചിട്ടില്ലായെന്നും അറിയിച്ച് ശ്രീമതി സൗമ്യ എം.എസ്. എന്ന ഉദ്യോഗാർത്ഥിയുടെ പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതിയിന്മേൽ ശുചിത്വ മിഷനിൽ സ്ഥാപന പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ തിരുവനന്തപുരം ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടൻ ഒഴിവുകൾ നിയമപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം

നടത്തേണ്ടതാണോയെന്ന് പരിശോധിച്ച് നിയമപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനങ്ങളിലൊഴികെ മറ്റ് സ്ഥാപനങ്ങൾ മുഖേനയുള്ള നിയമനങ്ങളിൽ സംവരണക്രമം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പിന് അധികാരമില്ല.

## പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ ഒഴിവുകളുടെ വിശദാംശങ്ങൾ

64 (854) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ ഒഴിവുള്ള തസ്തികകളുടെ എണ്ണം എത്ര; വിശദാംശം നൽകാമോ?

**പട്ടികജാതി വികസന വകുപ്പ്:**

പട്ടികജാതി വികസന വകുപ്പിൽ വിവിധ തസ്തികകളിലായി 140 ഒഴിവുകൾ നിലവിലുണ്ട്. വിശദാംശം അനുബന്ധത്തിൽ ഉൾപ്പെടുത്തുന്നു.+

**പട്ടികവർഗ്ഗ വികസന വകുപ്പ്:**

വിവരം ശേഖരിച്ച് നൽകുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കാമോ; റിപ്പോർട്ട് ചെയ്ത രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

**പട്ടികജാതി വികസന വകുപ്പ്**

| തസ്തിക | ഒഴിവുകളുടെ എണ്ണം | റിപ്പോർട്ട് ചെയ്ത എണ്ണം |
|---|---|---|
| എസ്.സി.ഡി.ഒ. ഗ്രേഡ് II | 6 | 6 |
| ക്ലാർക്ക് | 21 | 1 |
| സ്റ്റിവർഡ് | 2 | 2 |
| നഴ്സറി സ്കൂൾ ടീച്ചർ | 7 | 3 |
| വാർഡൻ | 30 | 28 |
| ക്ലാർക്ക് ടൈപ്പിസ്റ്റ് | 2 | 2 |
| എൽ.ഡി. ടൈപ്പിസ്റ്റ് | 1 | 0 |
| ട്രെയിനിംഗ് ഇൻസ്ട്രക്ടർ | 4 | 2 |
| വാച്ച്മാൻ/ഒ.എ. | 13 | 13 |
| കുക്ക് | 41 | 40 |
| ആയ | 13 | 10 |

ഒഴിവുകൾ റിപ്പോർട്ട് ചെയ്തതിന്റെ രേഖകൾ ശേഖരിച്ച് നൽകുന്നതാണ്.

**പട്ടികവർഗ്ഗ വികസന വകുപ്പ്:**

വിവരം ശേഖരിച്ച് നൽകുന്നതാണ്

(സി) ഒഴിവുള്ള തസ്തികകളുടെ വിവരം ജില്ല തിരിച്ച് നൽകാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

**പട്ടികവർഗ്ഗ വികസന വകുപ്പ്:**

വിവരം ശേഖരിച്ച് നൽകുന്നതാണ്

## പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ സ്ഥാനക്കയറ്റം

65 (855) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-കളിൽ ഇൻസ്ട്രക്ടർമാരായി വകുപ്പിലെതന്നെ താഴ്ന്ന ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്ന ജീവനക്കാരെ യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-കളിൽ വകുപ്പിലെതന്നെ താഴ്ന്ന ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്ന ജീവനക്കാരെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഇൻസ്ട്രക്ടർമാരായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാനക്കയറ്റം നൽകി നിയമിക്കുന്നില്ല. എന്നാൽ സ്പെഷ്യൽ റൂൾ പ്രകാരം വകുപ്പിലെ ജീവനക്കാരിൽനിന്നും യോഗ്യതയുടെ അടിസ്ഥാനത്തിൽ പി.എസ്.സി. റിക്രൂട്ട്മെന്റ് മുഖേന ബൈ ട്രാൻസ്ഫർ നിയമനം നൽകുന്നുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിനുകീഴിൽ വരുന്ന മോഡൽ റെസിഡൻഷ്യൽ (എം.ആർ.എസ്.) സ്കൂളുകളിലും മറ്റ് അദ്ധ്യാപക യോഗ്യത വരുന്ന തസ്തികകളിലും യോഗ്യതയുടെ അടിസ്ഥാനത്തിൽ താഴ്ന്ന ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ വരുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ നിലവിൽ വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരാണ് ജോലി ചെയ്തുവരുന്നത്. പട്ടികജാതി വികസന വകുപ്പിലെ സ്പെഷ്യൽ റൂൾ പ്രകാരം താഴ്ന്ന ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് അദ്ധ്യാപക യോഗ്യത വരുന്ന തസ്തികകളിലേയ്ക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ നിലവിൽ സ്ഥാനക്കയറ്റം നൽകാൻ കഴിയില്ല. നഴ്സറി സ്കൂൾ ടീച്ചർ തസ്തികയിലേയ്ക്ക് "ആയ" തസ്തികയിൽനിന്നും

യോഗ്യതയുടെ അടിസ്ഥാനത്തിൽ ബൈ ട്രാൻസ്ഫർ മുഖേന നിയമനം നൽകുന്നുണ്ട്.

## കാസർഗോഡ് ജില്ലയിൽ പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പിൻകീഴിലുള്ള ഓഫീസുകൾ

66 (856) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക വിഭാഗക്ഷേമ വകുപ്പിൻകീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിശദവിവരങ്ങൾ നൽകാമോ?

കാസർഗോഡ് ജില്ലയിൽ പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പിന്നാക്ക വിഭാഗ വികസന വകുപ്പിൽ കാസർഗോഡ് ജില്ലയിൽ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ രണ്ട് ഓഫീസുകൾ കാസർഗോഡ്, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഏതെല്ലാം ഓഫീസുകൾ ഏതെല്ലാം സ്ഥലങ്ങളിൽ എത്രകാലമായി പ്രവർത്തിച്ചുവരുന്നെന്ന് അറിയിക്കാമോ; പ്രസ്തുത ഓഫീസുകളിലായി അനുവദിച്ചിരുന്ന തസ്തികകൾ ഏതൊക്കെയെന്ന് ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) പ്രസ്തുത ഓഫീസുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും എത്രകാലമായി ഒഴിവുകൾ നികത്താതെ കിടക്കുന്നുവെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിലവിൽ കാസർഗോഡ് ജില്ലയിൽ പ്രോജക്ട് അസിസ്റ്റന്റിന്റെ ഒരു ഒഴിവും (12-07-2021 മുതൽ) കാഞ്ഞങ്ങാട് ഉപജില്ലാ ഓഫീസിൽ അസിസ്റ്റന്റ് മാനേജർ (ഇന്റേണൽ ഓഡിറ്റ്)-ന്റെ ഒരു ഒഴിവും (01-04-2022 മുതൽ) ഒഴിഞ്ഞുകിടക്കുന്നുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പാലക്കാട് ജില്ലയിലെ കോർപ്പസ് ഫണ്ട് പ്രവൃത്തികൾ

67 (857) <u>ശ്രീ. കെ. ഡി. പ്രസേനൻ:</u> താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിലെ ആലത്തൂർ, കുഴൽമന്ദം, നെന്മാറ എന്നീ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസുകൾവഴി നടപ്പിലാക്കുന്ന കോർപ്പസ് ഫണ്ട് പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസന വകുപ്പിൻകീഴിൽ പാലക്കാട് ജില്ലയിലെ ആലത്തൂർ, കുഴൽമന്ദം, നെന്മാറ എന്നീ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസുകൾവഴി നടപ്പിലാക്കുന്ന കോർപ്പസ് ഫണ്ട് പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ

68 (858) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ എസ്.സി. കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

2022-23 സാമ്പത്തിക വർഷത്തിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ എസ്.സി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി മുല്ലപ്പള്ളിത്തടം എസ്.സി. കോളനി റോഡ് നവീകരണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. (വാർഡ് 15 വാഴക്കുളം) (അടങ്കൽ തുക - 12,38,000/- രൂപ).

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ടെണ്ടർ നടപടികൾ പൂർത്തിയായി കരാർ വച്ചിട്ടുണ്ട്.

(സി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ 2020-നുമുൻപ് അനുവദിച്ച കോർപ്പസ് ഫണ്ട് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

പൂർത്തീകരിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

## കോർപ്പസ് ഫണ്ട്

69 (859) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വിവിധ കോളനികളുടെ പ്രവൃത്തികൾക്കായി കോർപ്പസ് ഫണ്ട് ഉപയോഗിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പ് നടപ്പാക്കുന്ന അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന കുറ്റ്യാടി നിയോജകമണ്ഡലത്തിലെ തുരുത്തി കോളനിയിൽ അവശേഷിക്കുന്ന പ്രവൃത്തിയായ കുടിവെള്ള പദ്ധതി, കിണർ നിർമ്മാണം എന്നിവ 2022-23 കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു. എന്നാൽ കിണർ നിർമ്മിക്കാൻ ഉദ്ദേശിച്ച സ്ഥലം ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടതിന്റെ രേഖ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമല്ലാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. സ്ഥലം കിട്ടുന്ന മുറയ്ക്ക് നിർമ്മാണം ഏറ്റെടുക്കുന്നതാണ്.

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികൾ ഇല്ല.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ കോർപ്പസ് ഫണ്ട്**

70 (860) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര നിയോജകമണ്ഡലത്തിലെ മാവേലിക്കര, ഭരണിക്കാവ് എന്നീ ബ്ലോക്കുകളിൽ പട്ടികജാതി വികസന ഓഫീസുകൾ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളിൽ കോർപ്പസ് ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതുതായി അനുവദിച്ച പ്രവൃത്തികൾ ഏതൊക്കെയെന്ന് അറിയിക്കുമോ?

(എ&ബി) 2021-22-ൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+ 2022-23-ൽ പുതുതായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ച കോർപ്പസ് ഫണ്ട് പ്രവൃത്തികൾ - 1 എണ്ണം. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

**അരൂർ നിയോജകമണ്ഡലത്തിലെ കോർപ്പസ് ഫണ്ട് വിനിയോഗം**

71 (861) ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിൽ 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ കോർപ്പസ് ഫണ്ടിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചെന്ന് വിശദമാക്കാമോ?

(എ&ബി) 2020-21 സാമ്പത്തിക വർഷത്തിൽ അരൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് കോർപ്പസ് ഫണ്ടിൽ പദ്ധതികളൊന്നുംതന്നെ നടപ്പാക്കിയിട്ടില്ല. 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ നടത്തിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) അവയിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചെന്ന് വിശദമാക്കാമോ?

പദ്ധതികൾ പൂർത്തിയായിട്ടില്ല.

**കോർപ്പസ് ഫണ്ട് മുഖേനയുള്ള പ്രവൃത്തികൾ**

72 (862) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേന 2022-23 വർഷത്തേയ്ക്ക് നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേന 2022-23 വർഷത്തേയ്ക്ക് പ്രവൃത്തികളൊന്നുംതന്നെ ഏറ്റെടുത്തിട്ടില്ല.

(ബി) 2016 മുതൽ ഇതുവരെ ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേന നടപ്പാക്കുന്നതിന് നിർദ്ദേശിച്ച പ്രവൃത്തികളുടെ വിശദവിവരങ്ങൾ അറിയിക്കുമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

73 (863) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2022-23 വർഷത്തിൽ പുതിയ ഏതെല്ലാം പദ്ധതികളാണ് എസ്.സി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) 2021-22 വർഷം കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത വാഴപ്പള്ളി ഗ്രാമപഞ്ചായത്തിലെ പുതുച്ചിറ പട്ടികജാതി കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

7,34,848/- രൂപ (ഏഴുലക്ഷത്തി മുപ്പത്തി നാലായിരത്തി എണ്ണൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം) ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

2022-23 വർഷം കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 23,63,000/- രൂപ (ഇരുപത്തിമൂന്ന് ലക്ഷത്തി അറുപത്തി മൂവായിരം രൂപ മാത്രം) ഭരണാനുമതി തുക വകയിരുത്തി പായിപ്പാട് ഗ്രാമപഞ്ചായത്തിലെ അറുനൂറിൽ പുതുവൽ പട്ടികജാതി കോളനി റോഡ് സംരക്ഷണഭിത്തി നിർമ്മാണം എന്ന പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള കേന്ദ്ര സർക്കാർ പദ്ധതികൾ

74 (864) <u>ശ്രീ. വി. ശശി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി കേന്ദ്ര സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) ഓരോ പദ്ധതിക്കും 2020-21, 2021-22 വർഷങ്ങളിൽ ലഭ്യമായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികളും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന കേന്ദ്ര പദ്ധതികളും അനുബന്ധമായി ചേർക്കുന്നു.+

(സി) സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട ഏതെങ്കിലും പദ്ധതികൾക്ക് ധനസഹായം ലഭിക്കേണ്ടതായിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

ഉണ്ട്. 50% കേന്ദ്രസഹായത്തോടെ നടപ്പിലാക്കുന്ന POA ACT & PCR ACT പദ്ധതി പ്രകാരം അതിക്രമത്തിന് ഇരയാകുന്നവർക്കുള്ള ആശ്വാസ ധനസഹായം, മിശ്രവിവാഹ ധനസഹായം എന്നീ പദ്ധതികൾക്ക് നടപ്പുവർഷം കേന്ദ്രസഹായം ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ ലഭ്യമായിട്ടില്ല. 100% കേന്ദ്രവിഹിതം ലഭിക്കുന്ന PM-AJAY എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഉപപദ്ധതിയായ Grant in Aid for the Socio Economic betterment for the SCs എന്ന പദ്ധതിയുടെ കേന്ദ്രവിഹിതം കേന്ദ്രസർക്കാർ നേരിട്ട് SNA മുഖേനയാണ് ലഭ്യമാക്കുന്നത്. ഈ വർഷത്തെ പ്രോജക്ട് പ്രൊപ്പോസലുകൾ കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. ധനസഹായം ലഭ്യമാകുന്നതേയുള്ളൂ.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട ആർട്ടിക്കിൾ 275(1) പദ്ധതിക്കായി 2020-21 വർഷം 992.67 ലക്ഷം രൂപയുടെയും 2021-22 വർഷം 1557.70 ലക്ഷം രൂപയുടെയും ശിപാർശ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നു. എന്നാൽ 2021-22 വർഷം ശിപാർശ ചെയ്തിരുന്ന തുകയിൽ 707.05 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമാക്കിയിരുന്നുവെങ്കിലും തുക റിലീസ് ചെയ്തില്ല.

**പട്ടികജാതി വികസന കോർപ്പറേഷനിലെ ഫണ്ട് ക്രമക്കേട് സംബന്ധിച്ച അന്വേഷണം**

75 (865) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ പട്ടികജാതി വികസന കോർപ്പറേഷനിലെ ഫണ്ട് ക്രമക്കേട് സംബന്ധിച്ച വകുപ്പുതല അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) റിപ്പോർട്ട് ലഭിച്ചിട്ടില്ലെങ്കിൽ അന്വേഷണം പൂർത്തിയാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

(എ&ബി) തിരുവനന്തപുരത്തെ പട്ടികജാതി വികസന കോർപ്പറേഷനിൽ ഫണ്ട് ക്രമക്കേട് നടന്നെന്ന പരാതികളൊന്നും നിലവിലില്ല.

**അതിദരിദ്രരെ കണ്ടെത്താൻ നടത്തിയ സർവ്വേ**

76 (866) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. എം. മുകേഷ്:
ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിദരിദ്രരെ കണ്ടെത്താൻ നടത്തിയ സർവ്വേ പ്രകാരം ആകെയുള്ള അറുപത്തിനാലായിരം അതിദരിദ്ര കുടുംബങ്ങളിൽ നാലിൽ ഒരു ഭാഗം പട്ടികജാതി, പട്ടിക ഗോത്ര വിഭാഗങ്ങളിൽപ്പെട്ടവരാണെന്നതിനാൽ ഇവർക്കിടയിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് പ്രത്യേക ഊന്നൽ നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ അതിദാരിദ്ര്യ നിർണ്ണയ സർവ്വേ പ്രകാരം അതിദരിദ്രരായി 64006 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. അവരിൽ 12763 പട്ടികജാതി കുടുംബങ്ങളും 3021 പട്ടികവർഗ്ഗ കുടുംബങ്ങളും ഉൾപ്പെട്ടിരിക്കുന്നു.

പട്ടികയിൽ ഉൾപ്പെട്ട കുടുംബങ്ങളുടെ ക്ഷേമത്തിനായി വിവിധ വകുപ്പുകൾ മുഖേന സർക്കാർ പ്രത്യേക ഇടപെടലുകൾ നടത്തിവരുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പിന്നാക്കാവസ്ഥയിലുള്ള കുടുംബങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുവേണ്ടി കുടുംബാധിഷ്ഠിത സൂക്ഷ്മതല ആസൂത്രണത്തിലൂടെ ഓരോ കുടുംബത്തിനും അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് HOME (Household Oriented Micro-planning for Empowerment) പദ്ധതിപ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അതിദരിദ്ര ദുർബ്ബല വിഭാഗങ്ങൾക്കിടയിലെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് പ്രത്യേക ഊന്നൽ നൽകുന്നു.

(ബി) പട്ടികജാതികളിലെ ദുർബ്ബല വിഭാഗങ്ങളുടെയും പ്രാക്തന ഗോത്ര വർഗ്ഗത്തിൽപ്പെട്ടവരുടെയും വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികളുടെ ഫലപ്രാപ്തി വിലയിരുത്തുന്നുണ്ടോയെന്നറിയിക്കുമോ?

പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങളായിട്ടുള്ള അരുന്ധതിയാർ, ചക്ലിയൻ, നായാടി, കള്ളാടി, വേടൻ എന്നീ അഞ്ച് ഉപജാതി വിഭാഗങ്ങളുടെ സാമൂഹ്യപരവും വിദ്യാഭ്യാസപരവും സാമ്പത്തികപരവുമായ

ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതിയാണ് HOME (Household Oriented Micro-planning for Empowerment).

**നാല് ഘട്ടങ്ങളിലായാണ് പദ്ധതി നിർവ്വഹണം നടത്തുന്നത്:**

- കുടുംബാടിസ്ഥാനത്തിൽ സ്ഥിതി വിവരശേഖരണം
- ക്ലേശ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ പട്ടിക തയ്യാറാക്കൽ
- സൂക്ഷ്മതല പദ്ധതി രൂപീകരണം
- പദ്ധതി നിർവ്വഹണവും അവലോകനവും

പ്രസ്തുത പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തീകരിച്ച് കഴിഞ്ഞു.

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും ഫലപ്രാപ്തി യഥാസമയം വിലയിരുത്തുന്നുണ്ട്. നിയമസഭാ മണ്ഡലതലത്തിൽ എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ രൂപം നൽകിയിട്ടുള്ള മോണിറ്ററിംഗ് കമ്മിറ്റികളിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതാണ്. കൂടാതെ ജില്ലകളിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി, ജില്ലാ പ്ലാനിംഗ് കമ്മിറ്റി, ജില്ലാ വികസന സമിതി എന്നിവയും പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. വകുപ്പുമന്ത്രി തലത്തിൽ

നടത്തുന്ന അവലോകന യോഗങ്ങളിലും പദ്ധതികളുടെ പുരോഗതി പ്രത്യേകം വിലയിരുത്തപ്പെടുന്നു.

(സി) പട്ടികജാതി, പട്ടികഗോത്ര വർഗ്ഗക്കാർ അധിവസിക്കുന്ന മേഖലകളിൽ സ്ത്രീകൾക്കും കുട്ടികൾക്കും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുള്ള പദ്ധതി കാര്യക്ഷമമായി പ്രാവർത്തികമാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഫുഡ് സപ്പോർട്ട് പ്രോഗ്രാം, കമ്മ്യൂണിറ്റി കിച്ചൺ പ്രോഗ്രാം എന്നീ പദ്ധതികളാണ് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് വകുപ്പ് മുഖേന നടപ്പിലാക്കുന്നത്. ഗർഭിണികളും മുലയൂട്ടുന്നതുമായ സ്ത്രീകൾക്ക് പോഷകാഹാരം ഉറപ്പുവരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ട്. കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയിലൂടെ അട്ടപ്പാടി മേഖലയിലെ സ്ത്രീകളുടേയും കുട്ടികളുടേയും പോഷകാഹാരക്കുറവ് പരിഹരിക്കുവാൻ സാധിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിനായി പ്രത്യേക പദ്ധതി നിലവിലില്ല.

## വ്യക്തിഗത ആനുകൂല്യം വിതരണം ചെയ്യുന്നതിന് നടപടി

77 (867) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകിവരുന്ന വ്യക്തിഗത ആനുകൂല്യം വിതരണം ചെയ്യുന്നതിന് കാലതാമസമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യക്തിഗത ആനുകൂല്യ ഇനത്തിൽ നാളിതുവരെ എത്ര കുടിശ്ശികയാണുള്ളതെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ആനുകൂല്യം സമയബന്ധിതമായി നൽകുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വിശദമാക്കാമോ?

(എ-സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കാലതാമസം കൂടാതെ വ്യക്തിഗത ധനസഹായങ്ങൾ നൽകിവരുന്നുണ്ട്. മറ്റേതെങ്കിലും തരത്തിലുള്ള കാലതാമസമുണ്ടാകാതെ ധനസഹായങ്ങൾ സമയബന്ധിതമായി നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ

78 (868) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ പ്രകാരം 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ കുറ്റ്യാടി നിയോജകമണ്ഡലത്തിലെ എത്ര ഗുണഭോക്താക്കൾക്ക് ചികിത്സാസഹായം, ഏകവരുമാനദായകൻ മരണപ്പെട്ടതിനുള്ള സഹായം എന്നിവ ലഭ്യമാക്കിയിട്ടുണ്ട് എന്നത് അനുവദിച്ച തുക സഹിതം അറിയിക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായമായി 2021-22 സാമ്പത്തിക വർഷത്തിൽ 68 പേർക്ക് 18,18,500/- രൂപയും (പതിനെട്ട് ലക്ഷത്തി പതിനെട്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) 2022-23 സാമ്പത്തിക വർഷത്തിൽ 71 പേർക്ക് 10,53,000/- രൂപയും (പത്ത് ലക്ഷത്തി അമ്പത്തി മൂവായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായമായി 2021-22 സാമ്പത്തിക വർഷത്തിൽ 7 പേർക്ക്

14,00,000/- രൂപയും (പതിനാല് ലക്ഷം രൂപമാത്രം) 2022-23 സാമ്പത്തിക വർഷത്തിൽ 5 പേർക്ക് 8,50,000/- രൂപയും (എട്ട് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

## മേലുകാവ് പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള പദ്ധതികൾ

79 (869) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ മേലുകാവ് പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

പാലാ നിയോജകമണ്ഡലത്തിലെ മേലുകാവ് പഞ്ചായത്തിൽ ഈ സാമ്പത്തിക വർഷം പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി പഠന മുറികളുടെ നിർമ്മാണം, ഭവനനിർമ്മാണം, സേഫ് പദ്ധതി, വിവാഹ ധനസഹായം, വിദ്യാഭ്യാസത്തിനായുള്ള ധനസഹായം തുടങ്ങിയ പദ്ധതികൾ ഉൾപ്പെടുത്തിയുള്ള വികസന വിദ്യാഭ്യാസ ക്ഷേമപ്രവർത്തനങ്ങൾ നടന്നുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പാല നിയോജകമണ്ഡലത്തിലെ 2 ഗുണഭോക്താക്കൾക്ക് മരംമുറി മെഷീനും 3 ഗുണഭോക്താക്കൾക്ക് പുല്ലുവെട്ട് മെഷീനും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വിഭാഗക്കാരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനും മറ്റുമുള്ള ആനുകൂല്യങ്ങൾ മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള 2021-22 സാമ്പത്തിക വർഷത്തെ വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണം പൂർത്തീകരിച്ചിട്ടുള്ളതാണ്. പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട് പരിഷ്കരിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2022-23 സാമ്പത്തിക വർഷത്തെ സ്കോളർഷിപ്പ് വിതരണം നടത്തിവരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ സ്കോളർഷിപ്പുകൾക്കുള്ള ക്ലെയിമുകൾ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് തുക അനുവദിച്ചുവരുന്നുണ്ട്. യഥാസമയം സ്കോളർഷിപ്പ് ലഭിക്കാത്ത കുട്ടികൾക്ക് അവ നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കല്ലേപ്പുള്ളി കെൽപാം റൈസ് മിൽ

80 (870) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഫെബ്രുവരി 13-ാം തീയതി ഉദ്ഘാടനം കഴിഞ്ഞ പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ കല്ലേപ്പുള്ളിയിൽ സ്ഥിതി ചെയ്യുന്ന കെൽപാം റൈസ് മിൽ ഇപ്പോൾ പൂട്ടിക്കിടക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

കല്ലേപ്പുള്ളി മോഡേൺ റൈസ് മിൽ നിർമ്മിക്കാനും ടേൺ കീ അടിസ്ഥാനത്തിൽ ഉപയോഗിക്കാവുന്ന വിധത്തിൽ M/s കെൽപാമിന് (KELPALM) കൈമാറുന്നതിന് കരാറടിസ്ഥാനത്തിൽ നിർമ്മാണം ഏറ്റെടുത്തത് M/s കെൽ (KEL) എന്ന പൊതുമേഖലാ സ്ഥാപനമായിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ദേശം 85 ശതമാനം പൂർത്തിയാകുകയും ചെയ്തു. എന്നാൽ നിർമ്മാണം പൂർത്തിയാക്കുന്നതിനും കമ്മീഷനിംഗ് പ്രവർത്തങ്ങൾക്കുവേണ്ടി ഇനിയും 160 ലക്ഷം രൂപയുടെ ആവശ്യമുണ്ടെന്ന് M/s കെൽ അറിയിച്ചിട്ടിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഈ പദ്ധതിക്കായി ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഈ പദ്ധതിക്കായി പട്ടികജാതി വികസന വകുപ്പിൽനിന്നും ഇതേവരെ 5,82,46,401/- രൂപ (അഞ്ചുകോടി എൺപത്തിരണ്ട് ലക്ഷത്തി നാല്പത്തിയാറായിരത്തി നാന്നൂറ്റി ഒന്ന് രൂപമാത്രം) കെൽപാമിന് അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് സ്ഥിരം/താൽക്കാലിക നിയമനം നൽകിയെന്ന് വിശദമാക്കാമോ?

കെൽപാം റൈസ് മില്ലിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ നിയമനമൊന്നും നടത്തിയിട്ടില്ല.

(ഡി) മില്ലിൽ സ്ഥാപിച്ചിട്ടുള്ള യന്ത്രസാമഗ്രികളുടെ വാറന്റി കാലാവധി കഴിഞ്ഞിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വാറന്റി കാലാവധി കഴിഞ്ഞിട്ടില്ല.

## തൃശ്ശൂർ ജില്ലയിലെ ഗോത്രവിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള നടപടി

81(871) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി, കോടശ്ശേരി ഗ്രാമപഞ്ചായത്തുകളിലെ ഗോത്രവിഭാഗങ്ങൾ പോഷകാഹാരക്കുറവ് അഭിമുഖീകരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി മേഖലയിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ കാടർ കോളനിയിലെ പട്ടികവർഗ്ഗക്കാരിൽ പോഷകമൂല്യങ്ങൾ കുറവുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ഇത് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിന്റെ ഭാഗമായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഭക്ഷ്യ സഹായ പദ്ധതി പ്രകാരം കോളനികളിൽ പോഷകമൂല്യങ്ങളടങ്ങിയ ഭക്ഷ്യക്കിറ്റ് വിതരണം നടത്തുകയും ഗർഭിണികളിലും മുലയൂട്ടുന്ന അമ്മമാരിലും

ഉണ്ടാകുന്ന അവപോഷണം പരിഹരിക്കുന്നതിനായി ജനനി ജന്മരക്ഷാ പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിച്ചുവരികയും ചെയ്യുന്നുണ്ട്. ഈ വിഷയം ആരോഗ്യം, വനിതാ ശിശുവികസനം, തദ്ദേശ സ്വയംഭരണം, പൊതുവിതരണം എന്നീ വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത മേഖലയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒ.പി. ക്ലിനിക്, മൊബൈൽ മെഡിക്കൽ യൂണിറ്റ്, ആരോഗ്യ വകുപ്പിന്റെ പ്രൈമറി ഹെൽത്ത് സെന്റർ എന്നിവ മുഖേന നടത്തിവരുന്ന മെഡിക്കൽ ക്യാമ്പുകളിൽ കൃത്യമായ പരിശോധനകൾ നടത്തി ആവശ്യമായ മരുന്നുകൾ കോളനികളിൽ നൽകിവരുന്നുണ്ട്. പരിശോധനകളിൽ അവപോഷണം നേരിടുന്നവരിൽ ഡോക്ടർ നിർദ്ദേശിക്കുന്നവർക്ക് പ്രത്യേക പോഷകാഹാര കിറ്റുകൾ എത്തിച്ചു നൽകുന്നുണ്ട്. വനിതാ ശിശുവികസന വകുപ്പ് മുഖേന ആറ് വയസ്സിന് താഴെയുള്ള കുട്ടികൾക്കും കൗമാരക്കാർക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ഭക്ഷ്യവസ്തുക്കൾ നൽകിവരുന്നുണ്ട്.

UNICEF-ന്റെ സാമ്പത്തിക സഹായത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിയമിച്ചിട്ടുള്ള ട്രൈബൽ ഹെൽത്ത് ആൻഡ് ന്യൂട്രീഷ്യൻ കൺസൽട്ടന്റിന്റെ സേവനം, പ്രസ്തുത മേഖലയിലെ ആരോഗ്യ പോഷക

കാര്യങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തരൂർ മണ്ഡലത്തിലെ ക്രാഫ്റ്റ് വില്ലേജ് പദ്ധതി**

82 (872) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ ക്രാഫ്റ്റ് വില്ലേജ് നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ക്രാഫ്റ്റ് വില്ലേജ് ആരംഭിക്കുന്നതിനായി പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിലെ കണ്ണമ്പ്ര വില്ലേജ് വാർഡ് നമ്പർ 11, ബ്ലോക്ക് നമ്പർ 35, സർവ്വേ നമ്പർ 422 (1 മുതൽ 9 വരെ) ഉൾപ്പെട്ട 5.2 ഏക്കർ ഭൂമി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ പേരിൽ ലഭിക്കേണ്ടതുണ്ട്. ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ റവന്യൂ വകുപ്പിന്റെ പരിശോധനയിലാണ്. ഭൂമി കോർപ്പറേഷന്റെ പേരിൽ ലഭ്യമായാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഭൂമി കോർപ്പറേഷന്റെ പേരിൽ ലഭ്യമായാൽ മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**ചിറ്റാരി കണ്ടിവാതുക്കൽ റോഡ് വികസനം**

83 (873) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ ചെക്ക്യാട്-വളയം പഞ്ചായത്തിലെ ഉപയോഗയോഗ്യമല്ലാതായ ചിറ്റാരി കണ്ടിവാതുക്കൽ റോഡ് പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുമോ?

ചെക്ക്യാട്-വളയം പഞ്ചായത്തിലെ ചിറ്റാരി കണ്ടിവാതുക്കൽ റോഡ് പുനരുദ്ധരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ആയതിന് നിലവിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നബാർഡ് ആർ.ഐ.ഡി.എഫ്. 20 സ്കീമിൽ ഉൾപ്പെട്ടിരുന്ന ചിറ്റാരി കണ്ടിവാതുക്കൽ റോഡ് നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസിയായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നു. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 05-02-2016-ന് ക്ഷണിച്ച ടെണ്ടർ പ്രകാരം കരാർ ഏറ്റെടുത്ത കരാറുകാരൻ നിർമ്മാണം

നടത്താത്തതിനാൽ 28-06-16-ന് റീ-ടെണ്ടർ നടത്തിയിരുന്നു. തുടർന്ന് 19-08-2016-ന് കരാർ ഏറ്റെടുത്തയാൾക്ക് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി വലിയ തുക ബാധ്യതയുണ്ടായിരുന്നതിനാലും ബി.ഡി.എസ്. സംവിധാനത്തിലെ സാങ്കേതിക പിഴവും 2018, 2019 എന്നീ വർഷങ്ങളിലെ മഹാപ്രളയവുംമൂലം കരാറുകാരൻ റോഡ് നിർമ്മാണം പൂർത്തിയാക്കിയിരുന്നില്ല. തുടർന്ന് ടിയാൻ ഈ പ്രവൃത്തിയിൽനിന്നും പിൻവാങ്ങിയതിനാൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 08-12-2021-നും 21-12-2021-നും വീണ്ടും ടെണ്ടർ ക്ഷണിക്കുകയും പുതിയ കരാറുകാരനെ ചുമതലപ്പെടുത്തുകയുമായിരുന്നു. എന്നാൽ നബാർഡ് ആർ.ഐ.ഡി.എഫ്. 20 പദ്ധതിയുടെ കാലാവധി 31-03-2022-ന് അവസാനിച്ചതിനാലും പദ്ധതി നിർവ്വഹണത്തിന് കാലാവധി നീട്ടി നൽകാത്തതിനാലും നബാർഡ് ആർ.ഐ.ഡി.എഫ്. 20 പദ്ധതിയിൽ ചിറ്റാരി കണ്ടിവാതുക്കൾ റോഡ് നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുന്നതല്ല. ഈ റോഡിന്റെ ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വകുപ്പിന്റെ കോർപ്പസ് ഫണ്ടുപയോഗിച്ച് പൂർത്തീകരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ചികിത്സാ ധനസഹായം**

84 (874) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽനിന്നും നൽകിവരുന്ന അർഹതപ്പെട്ടവരുടെ ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകളിൽനിന്നും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ചികിത്സാ ധനസഹായം സമയബന്ധിതമായി വിതരണം ചെയ്തുവരുന്നു.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനുള്ള ചികിത്സാ ധനസഹായം സമയബന്ധിതമായി വിതരണം ചെയ്യുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സമയബന്ധിതമായി ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി നിലവിൽ ഓൺലൈൻ സംവിധാനം (T Grantz) ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വകുപ്പുമന്ത്രിക്ക് നേരിട്ടും

അപേക്ഷ നൽകാവുന്നതാണ്. പട്ടികവർഗ്ഗക്കാരുടെ ചികിത്സാ ധനസഹായം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സമയബന്ധിതമായി വിതരണം ചെയ്തുവരുന്നുണ്ട്. ധനസഹായം ഓൺലൈൻ ആപ്ലിക്കേഷൻ മുഖേനയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആദിവാസി ഊരുകളിലേയ്ക്ക് റോഡ് ഗതാഗത സൗകര്യങ്ങൾ**

85 (875) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആദിവാസി ഊരുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഏതൊക്കെ ആദിവാസി ഊരുകളിലേയ്ക്ക് നിലവിൽ റോഡ് ഗതാഗത സൗകര്യങ്ങൾ ലഭ്യമല്ലെന്നത് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 6578 പട്ടികവർഗ്ഗ ഊരുകളുണ്ട്. ആയതിന്റെയും റോഡ് ഗതാഗത സൗകര്യങ്ങളില്ലാത്ത ഊരുകളുടെയും ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) പ്രസ്തുത ഊരുകളിലേയ്ക്ക് റോഡ് ഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഗതാഗത സൗകര്യങ്ങളില്ലാത്ത ഊരുകളിലേയ്ക്ക് റോഡ് ഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ആദിവാസി മേഖലകളിലെ ഗതാഗത സൗകര്യങ്ങൾ

86 (876) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി കടുകുമണ്ണ ഊരിൽനിന്നും ഗർഭിണിയെ തുണി മഞ്ചലിലേറ്റി ആംബുലൻസിൽ കയറ്റേണ്ടിവന്ന സംഭവം സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

ഉണ്ട്. സർക്കാർ ഈ വിഷയം പരിശോധിക്കുകയും ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) ഭവാനിപ്പുഴയ്ക്ക് അക്കരെ കുറുമ്പ വിഭാഗത്തിൽപ്പെട്ട നൂറ്റിയെൺപതോളം കുടുംബങ്ങൾ താമസിക്കുന്ന ഊരുകളിലേയ്ക്ക് ഗതാഗതയോഗ്യമായ റോഡില്ലെന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഭവാനിപ്പുഴയ്ക്ക് അക്കരെയുള്ള കുറുമ്പ ഊരുകളിലേയ്ക്ക് ഗതാഗത സൗകര്യം ഏർപ്പെടുത്തുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ ആദിവാസി ഊരുകളിൽ മതിയായ ഗതാഗത സൗകര്യവും വൈദ്യുതിബന്ധവും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ ഇനിയും വൈദ്യുതീകരിക്കാത്ത കോളനികൾ വൈദ്യുതീകരിക്കുന്നതിന് കെ.എസ്.ഇ.ബി., അനെർട്ട് എന്നിവ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. വൈദ്യുതീകരിക്കാൻ സാധ്യമാകുന്ന എല്ലാ കോളനികളും വൈദ്യുതീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ വൈദ്യുതി വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് നിർദ്ദേശം നൽകിയിട്ടുണ്ട്. വിദൂരപ്രദേശങ്ങളിലായി സ്ഥിതി ചെയ്യുന്ന പട്ടികവർഗ്ഗ കോളനികളിലേയ്ക്ക്

റോഡ് ഗതാഗത സൗകര്യങ്ങൾ ഒരുക്കുന്നതിനായി വനാവകാശം (വികസനാവകാശം) വഴി അനുമതി ലഭ്യമാക്കി റോഡ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ വിദൂരസ്ഥിത കോളനികളിലേയ്ക്ക് റോഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇടമലക്കുടി റോഡ് നിർമ്മാണത്തിനുള്ള 13.7 കോടി രൂപയുടെ ഭരണാനുമതിയും തുകയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**ഗോത്രവർഗ്ഗ വനിതകൾക്ക് ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി**

87 (877) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീമതി ദെലീമ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ്ഗ വനിതകൾക്ക് ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഭക്ഷണം ഔദാര്യമല്ല അവകാശമാണ് എന്ന ആശയമുയർത്തി സർക്കാർ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പദ്ധതി നടത്തിപ്പിനായി ഗോത്രവർഗ്ഗ ഊരുകളിലും കോളനികളിലും പ്രത്യേകമായ യൂണിറ്റുകൾക്ക് രൂപം കൊടുത്തിട്ടുണ്ടോ; പ്രവർത്തന മേൽനോട്ടത്തിനായി പ്രത്യേക സെല്ലിന് രൂപം കൊടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഗോത്രവർഗ്ഗ വനിതകൾക്ക് ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ പദ്ധതി പ്രവർത്തനം എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ-സി) ഇല്ല. എന്നാൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കും പ്രകാരമുള്ള ഭക്ഷ്യധാന്യങ്ങൾ കൃത്യമായ അളവിലും ഗുണമേന്മയിലും പട്ടികവർഗ്ഗ വിഭാഗത്തിനും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തുടനീളമുള്ള പട്ടികവർഗ്ഗ കോളനികളിൽ സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 'ഭാസുര' എന്ന പേരിൽ പട്ടികവർഗ്ഗ വനിതാ കൂട്ടായ്മ രൂപീകരിക്കുകയും അതാത് കോളനികളിലെ ഒരു വനിതാ അംഗത്തെ ടി കൂട്ടായ്മയുടെ കൺവീനറായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

## വെർച്വൽ പി.ഇ.റ്റി.സി.-കൾ ആരംഭിക്കുന്നതിന് നടപടി

88 (878) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരായവർക്ക് കെ.പി.എസ്.സി., യു.പി.എസ്.സി. പരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനായി എല്ലാ ജില്ലകളിലും വെർച്വൽ പി.ഇ.റ്റി.സി.-കൾ ആരംഭിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ പി.ഇ.റ്റി.സി. പ്രവർത്തിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(എ&ബി) അഭ്യസ്തവിദ്യരായ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക വിഭാഗ വിദ്യാർത്ഥികളെ വിവിധ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും നൈപുണ്യ പരിശീലനം നൽകുന്നതിനും മറ്റുമായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനായി

കുറഞ്ഞത് 50 വിദ്യാർത്ഥികൾക്കെങ്കിലും ഒരേ സമയമിരുന്ന് ക്ലാസ്സ് കേൾക്കുന്നതിന് പര്യാപ്തമായ ഹാൾ/മുറി ഓരോ നിയോജകമണ്ഡലത്തിലും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 02-11-2022-ൽ എല്ലാ എം.എൽ.എ.-മാർക്കും വകുപ്പുമന്ത്രി കത്ത് നൽകിയിരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനകൾ

89 (879) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധനകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശങ്ങളും ബന്ധപ്പെട്ട ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലും റാന്നി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലും ധനകാര്യ ഇൻസ്പെക്ഷൻ (നോൺ ടെക്നിക്കൽ) വിഭാഗം

നടത്തിയ പരിശോധനകളിൽ കണ്ടെത്തിയിട്ടുള്ള വിഷയങ്ങൾ സംബന്ധിച്ച് നടപടികൾ പുരോഗമിക്കുകയാണ്.

**മഞ്ചേരി മണ്ഡലത്തിൽ നൽകിയ ചികിത്സാധനസഹായം**

90 (880) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി  സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ മഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിൽനിന്നും ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി എത്രപേർ അപേക്ഷ നൽകിയെന്നറിയിക്കാമോ?

2021 മുതൽ നാളിതുവരെ മഞ്ചേരി നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിൽനിന്നും ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി 194 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് എത്ര പേർക്ക് സഹായം നൽകിയെന്നും എത്ര തുക നൽകിയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത അപേക്ഷകളിൽ 161 അപേക്ഷകർക്ക് ആകെ 31,21,900/- രൂപ (മുപ്പത്തിയൊന്ന് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി തൊള്ളായിരം രൂപ മാത്രം) നാളിതുവരെ നൽകിയിട്ടുണ്ട്.

(സി) ഏതെങ്കിലും അപേക്ഷകൾ നിരസിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ; നിരസിക്കാനുള്ള കാരണം; ഇവ വിശദമാക്കാമോ?

പ്രസ്തുത അപേക്ഷകളിൽ 4 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1. ശ്രീമതി ഗീത കെ.സി (മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ അപേക്ഷ നിരസിച്ചു)
2. ശ്രീമതി ലക്ഷ്മി സി.സി. (വരുമാനം കൂടുതലാണ്)
3. ശ്രീ. ബാലകൃഷ്ണൻ പി. (50,000/- രൂപ മുമ്പ് ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്)
4. ശ്രീമതി സുമതി, കണ്ണമ്പള്ളി (മെഡിക്കൽ സർട്ടിഫിക്കറ്റിൽ ന്യൂനതകൾ പരിഹരിച്ച് അപേക്ഷ സമർപ്പിക്കാത്തതിനാൽ അപേക്ഷ നിരസിച്ചു)

(ഡി) പട്ടികജാതി, പിന്നാക്ക വിഭാഗങ്ങൾക്ക് ഏതൊക്കെ തരത്തിലുള്ള ചികിത്സാ ധനസഹായങ്ങളും വായ്പകളുമാണ് സർക്കാർ നൽകുന്നതെന്ന് വ്യക്തമാക്കാമോ?

<u>പട്ടികജാതി വിഭാഗം:</u>

മാരകമായ രോഗങ്ങൾ ബാധിച്ചവരും അത്യാഹിതങ്ങളിൽപ്പെട്ടവരുമായ 1,00,000/- രൂപയിൽത്താഴെ വാർഷിക

വരുമാനമുള്ള പട്ടികജാതി വിഭാഗത്തിന് ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം 50,000/- രൂപവരെ ചികിത്സാ ധനസഹായം അനുവദിക്കുന്നു. ഹൃദയശസ്ത്രക്രിയ, ക്യാൻസർ, കിഡ്നി തകരാർ മുതലായ ഗുരുതരമായ രോഗങ്ങൾക്ക് പരമാവധി 1,00,000/- രൂപവരെ ആശുപത്രി മുഖാന്തരം നൽകുന്നു. ചികിത്സാ ആവശ്യങ്ങൾക്കായി വായ്പകൾ നൽകുന്ന പദ്ധതി നിലവിലില്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിക്കുന്ന 50,000/- രൂപവരെയുള്ള ചികിത്സാ ധനസഹായം ബന്ധപ്പെട്ട ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് മുഖേനയാണ് ടിയാളുടെ ബാങ്ക് അക്കൗണ്ടിൽ നൽകുന്നത്. 50,000/- രൂപയ്ക്ക് മുകളിൽ അനുവദിക്കുന്ന തുക ബന്ധപ്പെട്ട ആശുപത്രി അക്കൗണ്ടിൽ നൽകുന്നു.

<u>പിന്നാക്ക വിഭാഗം:</u>

പിന്നാക്ക വിഭാഗങ്ങൾക്ക് നിലവിൽ ചികിത്സാ ധനസഹായം അനുവദിക്കുന്നില്ല.

(ഇ) പ്രസ്തുത വിഭാഗക്കാർക്ക് ലഭിക്കുന്ന ഓരോ സഹായവും വായ്പയും അത് നൽകുന്ന സ്ഥാപനങ്ങളും വായ്പാ തുകയുടെ പരിധിയും പലിശയും എന്നീ വിവരങ്ങൾ വിശദമാക്കാമോ?

പട്ടികജാതിവിഭാഗം - ധനസഹായം - പട്ടികജാതി വിഭാഗക്കാർക്ക് വിവിധ പദ്ധതികൾ മുഖേന ലഭ്യമാക്കി വരുന്ന സഹായങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

വായ്പ - കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽനിന്നും ലഭ്യമാക്കുന്ന വായ്പാ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+ പട്ടികജാതി പട്ടികവർഗ്ഗ വികസന ഫെഡറേഷനിൽ നിന്നും ഈ വിഭാഗത്തിലെ അംഗങ്ങൾ ഉൾപ്പെടുന്ന സഹകരണ സംഘങ്ങൾക്ക് വായ്പകൾ നൽകിവരുന്നു. വ്യക്തികൾക്ക് വായ്പ നൽകാറില്ല. 2021-22, 2022-23 സാമ്പത്തിക വർഷത്തിൽ സ്വാശ്രയ ഗ്രൂപ്പുകൾക്ക് നാല് ശതമാനം പലിശ നിരക്കിൽ 5 ലക്ഷം രൂപ വീതം 13 അംഗ സംഘങ്ങൾക്ക് 65 ലക്ഷം രൂപ വായ്പ നൽകിയിട്ടുണ്ട്.

പിന്നാക്ക വിഭാഗം - ധനസഹായം - പിന്നാക്ക വിഭാഗക്കാർക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

പിന്നോക്ക വിഭാഗം - വായ്പ - പിന്നാക്ക വിഭാഗക്കാർക്ക് വായ്പാ ഇനത്തിൽ കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷനിൽനിന്നും കോർപ്പറേഷന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലക്ഷ്യവിഭാഗത്തിൽപ്പെട്ട, പട്ടികജാതിയിൽനിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ടവർ, പട്ടികജാതിയിലേയ്ക്ക് ശിപാർശ ചെയ്യപ്പെട്ടവർ എന്നീ വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി വളരെ തുച്ഛമായ പലിശ നിരക്കിൽ വിവിധ വായ്പാ പദ്ധതികളും ടി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ പ്രോത്സാഹന/ധനസഹായ/പരിശീലന പദ്ധതികളും നൽകിവരുന്നുണ്ട്. കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പേറഷനിൽ കളിമൺ നിർമ്മാണ യൂണിറ്റ് വായ്പാ പദ്ധതി, കളിമൺ ഉൽപ്പന്ന വിപണനത്തിനുള്ള പ്രവർത്തന മൂലധന വായ്പാ പദ്ധതി, വിവാഹ ധനസഹായ വായ്പാ പദ്ധതി, സ്വയംസഹായ വായ്പാ പദ്ധതി എന്നിവ നിലവിലുണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന പിന്നാക്ക വിഭാഗ കോർപ്പറേഷനിലെ വായ്പാ പദ്ധതികൾ സംബന്ധിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ വികസന പദ്ധതികൾ

91 (881) <u>ശ്രീ. നജീബ് കാന്തപുരം:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ വിവിധ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വികസന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഏലംകുളം ഗ്രാമപഞ്ചായത്തിലെ നെല്ലിയാംകുന്ന് പട്ടികജാതി കോളനി, മേലാറ്റൂർ ഗ്രാമപഞ്ചായത്തിലെ പൂളക്കുഴി പട്ടികജാതി കോളനി, താഴേക്കോട് ഗ്രാമപഞ്ചായത്തിലെ മരുതാംപാറ പട്ടികജാതി കോളനി, മാട്ടറ അമ്പലക്കുന്ന് പട്ടികജാതി കോളനി, വെട്ടത്തൂർ ഗ്രാമപഞ്ചായത്തിലെ ഒറവിങ്ങൽ കോളനി, ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ കുന്നക്കാട്ടുകുഴി പട്ടികജാതി കോളനി എന്നീ കോളനികളെ 2016-17, 2019-20, 2020-21, 2021-22 വർഷങ്ങളിലെ പട്ടികജാതി വികസന വകുപ്പിന്റെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുണ്ട്.

കൂടാതെ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ കണ്ടംചിറ പട്ടികജാതി കോളനിയിൽ ശുദ്ധജല വിതരണ പദ്ധതി (2016-17), കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ ചേർത്തൊടി പള്ളിക്കത്ത് പട്ടികജാതി കോളനി നടപ്പാത നിർമ്മാണം (2021-22), വെട്ടത്തൂർ ഗ്രാമപഞ്ചായത്തിലെ ഉണ്ണിയമ്പത്ത് പട്ടികജാതി കോളനി സമഗ്രവികസനം എന്നീ പദ്ധതികളും നിലവിൽ നടന്നുകൊണ്ടിരിക്കുകയാണ്.

താഴെക്കോട് ഗ്രാമപഞ്ചായത്തിലെ ഇടിഞ്ഞാടി ആറാംകുന്ന് പട്ടികവർഗ്ഗ കോളനി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഓരോ കോളനിയിലും നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പുവർഷം പൂർത്തീകരിക്കാൻ സാധിക്കുമോയെന്ന് വിശദമാക്കുമോ?

(ബി&സി) 2016-17 വർഷത്തെ അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെട്ട നെല്ലിയാംകുന്ന്, പൂളക്കുഴി എന്നീ പട്ടികജാതി കോളനികളിലെ പ്രവൃത്തികൾ പൂർത്തീകരിച്ച് നിർവ്വഹണ ഏജൻസി

ഫൈനൽ ബിൽ സമർപ്പിച്ചിട്ടുണ്ട്. 2019 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട മരുതാംപാറ പട്ടികജാതി കോളനിയിൽ ഉൾറോഡ്, നടപ്പാത നിർമ്മാണം, സംരക്ഷണ ഭിത്തി എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, പൊതുകിണറുകളുടെ പുനരുദ്ധാരണം തുടങ്ങിയ അഡീഷണൽ പ്രവൃത്തികൾ ഉൾപ്പെടുത്തിയ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. ആയതുപ്രകാരമുള്ള പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. 2020-21 വർഷത്തെ പദ്ധതിയിൽ ഉൾപ്പെട്ട മാട്ടറ അമ്പലക്കുന്ന്, ഒറവിങ്ങൽ എന്നീ കോളനികളിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2021-22 വർഷത്തെ പദ്ധതിയിലുൾപ്പെട്ട കുന്നക്കാട്ടുകുഴി കോളനിയിലെ പ്രവൃത്തികളുടെ എസ്റ്റിമേറ്റിനും അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

2016-17 വർഷത്തെ കോർപ്പസ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിലെ കണ്ടംചിറ പട്ടികജാതി കോളനി ശുദ്ധജല വിതരണ പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് 2018 ഡി.എസ്.ആർ. പ്രകാരം തയ്യാറാക്കുന്നതിന് അനുമതി

നൽകിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് 9 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. 2021-22 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ ചേർത്തൊടി പള്ളിക്കുത്ത് പട്ടികജാതി കോളനി നടപ്പാത നിർമ്മാണം 60 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ആയതും ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നതാണ്. 25-11-2022-ന് ഭരണാനുമതി നൽകിയ വെട്ടത്തൂർ ഗ്രാമപഞ്ചായത്തിലെ ഉണ്ണിയമ്പത്ത് പട്ടികജാതി കോളനി സമഗ്ര വികസനം പദ്ധതിയുടെ ടെണ്ടർ നടപടികൾ നടന്നുവരികയാണ്.

ആറാംകുന്ന് പട്ടികവർഗ്ഗ കോളനിയിൽ ഊരുകൂട്ടം ചേർന്ന് പദ്ധതികളുടെ മുൻഗണനാ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഡി.പി.ആർ. തയ്യാറാക്കാൻ നിർവ്വഹണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഡി.പി.ആർ.-ന് അംഗീകാരം നൽകി പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## വാത്സല്യനിധി ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമതയോടെ നടപ്പാക്കാൻ നടപടി

92 (882) <u>ശ്രീ. മോൻസ് ജോസഫ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ ക്ഷേമത്തിന് എൽ.ഐ.സി.-യുമായി ചേർന്ന് നടപ്പാക്കിയ വാത്സല്യനിധി ഇൻഷ്വറൻസ് പദ്ധതിയിൽ അപേക്ഷ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

വാത്സല്യനിധി പദ്ധതിയിൽ അംഗങ്ങളായ പട്ടികജാതി പെൺകുട്ടികളുടെ രക്ഷാകർത്താക്കളിൽ ആദ്യത്തെയാൾക്ക് മരണം/ അംഗവൈകല്യം സംഭവിച്ചാൽ നൽകേണ്ട ഇൻഷ്വറൻസ് തുക എൽ.ഐ.സി.-യിൽനിന്നും അനുവദിച്ചിരുന്നത് കേന്ദ്ര സർക്കാർ നടപ്പിലാക്കിവന്നിരുന്ന പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന (PMJJBY) പോളിസി പ്രകാരമാണ്. സ്കൂൾ തലത്തിൽ ഒൻപതാം ക്ലാസ് മുതലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ടി പോളിസിയുമായി ബന്ധപ്പെടുത്തി ശിക്ഷ സഹയോഗ് യോജന മുഖേന അനുവദിക്കാനും നിശ്ചയിച്ചിരുന്നു. എന്നാൽ 01-06-2020-ൽ കേന്ദ്ര സർക്കാർ ടി പോളിസി നിർത്തലാക്കിയതിനാൽ പ്രസ്തുത ഇൻഷ്വറൻസ് തുകയും

വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിക്കാൻ എൽ.ഐ.സി. തയ്യാറല്ല. ടി സാഹചര്യത്തിൽ നിലവിലുള്ള പദ്ധതി മാനദണ്ഡങ്ങളിൽ അനുയോജ്യമായ മാറ്റങ്ങൾ വരുത്തി കൂടുതൽ ഗുണകരമായ രീതിയിൽ പദ്ധതി പുനരാവിഷ്കരിക്കുന്നതിനായി സർക്കാർ തലത്തിൽ എൽ.ഐ.സി.-യുമായി ചർച്ചകൾ നടത്തി വരുന്നതിനാൽ പുതിയ അപേക്ഷകൾ നിലവിൽ സ്വീകരിക്കുന്നില്ല.

(ബി) ഗുണഭോക്തൃ വിഹിതം നൽകാതെ കുട്ടിയുടെ ആരോഗ്യ പരിരക്ഷയും പഠനമികവും ഉറപ്പാക്കാൻ ആരംഭിച്ച പ്രസ്തുത പദ്ധതി ഇപ്പോൾ നിശ്ചലമായിരിക്കുന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പദ്ധതി നിശ്ചലമായ സാഹചര്യത്തിൽ ഇതിനോടകം പദ്ധതിയിൽ അംഗമായവർക്ക് വിദ്യാഭ്യാസാനുകൂല്യങ്ങളും രക്ഷിതാവ് മരിച്ചാലുള്ള ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കാമോ?

(ബി&സി) PMJJBY പോളിസി നിലവില്ലാത്ത സാഹചര്യത്തിൽ ടി പോളിസി പ്രകാരം നിശ്ചയിച്ചിരുന്ന ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനായി പുതിയ മാനദണ്ഡങ്ങൾ നിശ്ചയിച്ച്

വാത്സല്യനിധി പദ്ധതി പുനഃക്രമീകരിക്കുന്നതിന് എൽ.ഐ.സി.-യുമായി സർക്കാർ തലത്തിൽ ചർച്ചകൾ നടത്തിവരുന്നു.

(ഡി) പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിക്ക് പ്രചരണം കുറവായതിനാലാണ് അപേക്ഷകളുടെ എണ്ണം വർദ്ധിക്കാത്തതെന്ന ന്യൂനത പരിഹരിക്കാനും പദ്ധതി കാര്യക്ഷമതയോടെ നടപ്പാക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

വാത്സല്യനിധി പദ്ധതിയുടെ പ്രചാരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിയിരുന്നു.

(ഇ) പദ്ധതിയിൽ ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കാമോ; എല്ലാ സ്കൂളുകളിലും പദ്ധതിയുടെ പ്രചരണം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

**വാത്സല്യനിധി പദ്ധതിയിൽ ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ**:

1. 01-04-2017 മുതൽ ജനിച്ച പെൺകുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.
2. അപേക്ഷകയായ പെൺകുട്ടിയുടെ മാതാപിതാക്കളുടെ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം.

3. പെൺകുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിച്ചിരിക്കണം.

കുട്ടി ജനിച്ച് 9 മാസത്തിനുള്ളിൽ പദ്ധതിയിൽ അംഗമാകേണ്ടതിനാൽ സ്കൂളുകളിൽ പ്രചരണം നടത്തുന്നതിൽ പ്രസക്തിയില്ല.

**അംബേദ്കർ ഗ്രാമം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി**

93 (883) <u>ശ്രീ. കെ. എം. സച്ചിൻദേവ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ നവീകരണത്തിനായി നടപ്പിലാക്കിവരുന്ന അംബേദ്കർ ഗ്രാമം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ അവലോകന യോഗങ്ങളിൽ നൽകിയ കർശന നിർദ്ദേശത്തെത്തുടർന്ന് 2012-13 വർഷം മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ സ്വയംപര്യാപ്ത ഗ്രാമം/അംബേദ്കർ ഗ്രാമം പദ്ധതികളിൽ ഉൾപ്പെടുത്തിയിരുന്നതും എന്നാൽ പൂർത്തീകരിക്കാതെ

കിടന്നിരുന്നതുമായ 84% കോളനികളുടെയും പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ നിർവ്വഹിക്കുന്നതിലുള്ള തടസ്സമെന്താണെന്ന് അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിലവിലെ മാനദണ്ഡപ്രകാരം 04-07-2019-ലെ സ.ഉ. (അച്ചടി) നം.77/2019/ഫിൻ പ്രകാരം നിശ്ചയിച്ചിട്ടുള്ള അംഗീകൃത സർക്കാർ ഏജൻസിയിൽനിന്ന് മാത്രമേ നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കാൻ സാധിക്കുവെന്നതിനാൽ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ചുമതല ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുന്നതിന് നിർവ്വാഹമില്ല.

പട്ടികവർഗ്ഗ വകുപ്പ് മുഖേന നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഗ്രാമപഞ്ചായത്തുകളെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(സി) അബേദ്കർ ഗ്രാമം പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി പദ്ധതി നടത്തിപ്പിൽ കാലോചിതമായ മാറ്റം വരുത്തുവാൻ തയ്യാറാകുമോ?

പ്രസ്തുത പദ്ധതിയുടെ വ്യവസ്ഥകളിൽ മാറ്റം വരുത്തി കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി 03-12-2021-ലെ സ.ഉ.(കൈ) നം. 54/2021/ പജപവവിവ പ്രകാരം ഉത്തരവ് പരിഷ്കരിച്ചിട്ടുണ്ട്. പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ ഭേദഗതികൾ പരിശോധിച്ചുവരുന്നു.

## പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

94 (884) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വാസയോഗ്യമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകൾ പുനർനിർമ്മിക്കുന്നതിന് പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കി ലഭ്യമാക്കാമോ?

പട്ടികജാതി വികസന വകുപ്പ്

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

വകുപ്പ് വഴി നടപ്പിലാക്കുന്ന ഭവന പുനരുദ്ധാരണം, ലൈഫ് മിഷൻ ഒന്നാംഘട്ടം എന്നിവയിൽ ഉൾപ്പെടുത്തി പ്രസ്തുത നിയോജകമണ്ഡലത്തിലെ അമ്പൂരി ഗ്രാമപഞ്ചായത്തിലെ 20 കുടുംബങ്ങൾക്കും ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്തിലെ 3 കുടുംബങ്ങൾക്കും വെള്ളറട ഗ്രാമപഞ്ചായത്തിലെ ഒരു കുടുംബത്തിനും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വയംപര്യാപ്തത ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിനായി തെരഞ്ഞെടുത്ത കോളനികളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; നിർമ്മാണം ആരംഭിക്കാത്ത കോളനികളിലെ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>പട്ടികജാതി വികസന വകുപ്പ്</u>

പാറശ്ശാല ബ്ലോക്കിൽനിന്നും അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ള മലഞ്ചുറ്റ് കോളനിയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ലഭ്യമായിട്ടുണ്ട്. കൂടാതെ പെരുങ്കടവിള ബ്ലോക്കിൽനിന്നും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന്

തെരഞ്ഞെടുത്തിട്ടുള്ള കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ എ.കെ.ജി. കോളനിയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ്

പാറശ്ശാല നിയോജകമണ്ഡലത്തിൽനിന്നും അമ്പൂരി പഞ്ചായത്തിലെ തെന്മല പട്ടികവർഗ്ഗ കോളനിയെയാണ് അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, പുരവിമല തേക്കിൻമൂദ് റോഡ് ഇന്റർലോക്ക് രണ്ടാംഘട്ടം, പീയണിപ്പാറ – കണ്ണമാമ്മൂട് റോഡ് ഇന്റർലോക്ക് രണ്ടാംഘട്ടം, നടപ്പാത നിർമ്മാണം രണ്ടാം ഘട്ടം എന്നീ പ്രവൃത്തികൾ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**അരുവിക്കര നിയോജകമണ്ഡലത്തിലെ പട്ടികജാതി ചികിത്സാസഹായ അപേക്ഷകൾ**

95 (885) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര നിയോജകമണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലായി ലഭിച്ച

പട്ടികജാതി ചികിത്സാസഹായ അപേക്ഷകളിൽ, അപേക്ഷകരുടെ പേര് വിവരം, അനുവദിച്ച തുക, ഇനിയും തീർപ്പാക്കാനുള്ള അപേക്ഷകളുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്ത് തിരിച്ച് നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര നിയോജകമണ്ഡലത്തിലെ എട്ട് ഗ്രാമപഞ്ചായത്തുകളിലായി ലഭിച്ച പട്ടികജാതി ചികിത്സാസഹായ അപേക്ഷകളിൽ 192 പേർക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. 21 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. വിശദവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+

**പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകാൻ നടപടി**

96 (886) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി ഭൂമിയോ വീടോ ഇല്ലാത്ത എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് സ്ഥലവും വീടും നൽകുന്നതിന് എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

ഭൂരഹിത ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലൈഫ് മിഷൻ മുഖേന ഭൂമിയും വീടും അനുവദിക്കുന്നുണ്ട്. ഭൂരഹിതരുടെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട പട്ടികജാതിക്കാർക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി ധനസഹായം അനുവദിക്കുന്നുണ്ട്. ഭവനരഹിതരായവർക്ക് ലൈഫ് മിഷൻ മുഖേന ഭവനനിർമ്മാണ ധനസഹായവും അനുവദിക്കുന്നുണ്ട്.

ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന ലാൻഡ് ബാങ്ക് പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം എന്നീ പദ്ധതികളിലായി ഭൂമി വിതരണം ചെയ്തുവരുന്നു. വനാവകാശ നിയമ പ്രകാരം അർഹരായവർക്ക് ഭൂമിക്ക് കൈവശാവകാശ രേഖയും നൽകുന്നുണ്ട്. ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി വാങ്ങി നൽകുന്നവർക്ക് ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന വീട് അനുവദിക്കുന്നുണ്ട്.

## അരുവിക്കര നിയോജകമണ്ഡലത്തിലെ സാമൂഹ്യപഠന മുറികൾ

97 (887) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചുവരുന്ന സാമൂഹ്യ പഠനമുറികൾ ഏതെല്ലാമാണെന്ന വിവരം പഞ്ചായത്ത് തിരിച്ച് നൽകാമോ?

| ക്രമ നം. | സാമൂഹ്യപഠന മുറികൾ | പഞ്ചായത്ത് |
|---|---|---|
| 1 | പാങ്കാവ് | കുറ്റിച്ചൽ |
| 2 | പൊടിയം | കുറ്റിച്ചൽ |
| 3 | ചോനാംപാറ | കുറ്റിച്ചൽ |
| 4 | കടുക്കാമൂട് | വെള്ളനാട് |
| 5 | വാലിപ്പാറ | കുറ്റിച്ചൽ |
| 6 | മണ്ണാംകോണം | കുറ്റിച്ചൽ |
| 7 | ചെറുമണലി | വിതുര |
| 8 | നാരകത്തിൻകാല | വിതുര |
| 9 | ചാത്തൻകോട് | വിതുര |
| 10 | കാരയ്ക്കാൻകോട് | തൊളിക്കോട് |
| 11 | തമ്പരുകാല | വിതുര |
| 12 | മണിതുക്കി | വിതുര |
| 13 | ഒഴുകുപാറ | വിതുര |
| 14 | കരിപ്പാലം | വിതുര |

| | | |
|---|---|---|
| 15 | തേവിയാരുകുന്ന് | ആര്യനാട് |
| 16 | അരുവിയോട് | തൊളിക്കോട് |
| 17 | പൊടിയക്കാല | വിതുര |
| 18 | തലത്തുതക്കാവ് | വിതുര |
| 19 | മലയടി | തൊളിക്കോട് |

(ബി) ഈ സ്ഥാപനങ്ങളിൽ പഠന ഉപകരണങ്ങളുടെ അപര്യാപ്തതയുണ്ടോ; എങ്കിൽ വിശദമാക്കാമോ?

എല്ലാ സാമൂഹ്യ പഠനമുറികളിലും കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ ലഭ്യമാണ്. പുതിയതായി ആരംഭിച്ച പാങ്കാവ്, പൊടിയം, ചോനാംപാറ, കടുക്കാമൂട്, മലയടി എന്നീ സാമൂഹ്യപഠനമുറികളിൽ ടി.വി.-യും കമ്പ്യൂട്ടറും ലഭ്യമാക്കുന്നതിന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

## ആദിവാസി യുവജനങ്ങളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

98 (888) ശ്രീമതി സി. കെ. ആശ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ശശി:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര വിഭാഗങ്ങളിൽനിന്ന് വ്യത്യസ്തമായി സംസ്ഥാനത്തെ പ്രധാന പട്ടികവർഗ്ഗ വിഭാഗമായ പണിയ സമുദായത്തിൽപ്പെട്ടവരുടെ ആയുർദൈർഘ്യം കുറയുന്നതായും ജനസംഖ്യ അപകടകരമാംവിധം കുറയുന്നതായുമുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

അമിത മദ്യപാനം, പുകയില മുറുക്ക്, ലഹരി വസ്തുക്കളുടെ അമിതമായ ഉപയോഗം എന്നീ ശീലങ്ങൾമൂലം കാൻസർ, കരൾ സംബന്ധമായ രോഗങ്ങൾ, മറ്റ് ശാരീരിക-മാനസിക പ്രശ്നങ്ങൾ, ജീവിതശൈലീ രോഗങ്ങൾ എന്നിവയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സമീപകാലത്ത് വയനാട്ടിലെ ആദിവാസി വിഭാഗങ്ങളിൽപ്പെട്ട യുവാക്കളിലും കൗമാരക്കാരിലും ആത്മഹത്യാ പ്രവണത വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

വിശദമായ പരിശോധന നടത്തുന്നതാണ്.

(സി) നിസ്സാര പ്രശ്നങ്ങളിൽപ്പെടുന്ന യുവാക്കളും കൗമാരക്കാരും കടുത്ത മാനസിക സംഘർഷങ്ങളിൽപ്പെട്ട് ആത്മഹത്യ ചെയ്യുന്നതായുള്ള വാർത്തകളുടെ അടിസ്ഥാനത്തിൽ വയനാട്ടിലെ വിവിധ ആദിവാസി

വിഭാഗക്കാരായ യുവജനങ്ങളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) മദ്യപാനംമൂലം മാനസിക, ശാരീരിക ആരോഗ്യം നഷ്ടപ്പെട്ട് മാരകരോഗങ്ങൾക്കും ആത്മഹത്യാ പ്രവണതയ്ക്കും അടിമപ്പെടുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കളിൽ ബോധവൽക്കരണം നടത്തി അവരെ ആരോഗ്യപൂർണ്ണമായ ജീവിതത്തിലേയ്ക്ക് തിരികെ കൊണ്ടുവരുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(സി&ഡി) വയനാട് ജില്ലയിലെ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാനസിക പരിചരണവും പുനരധിവാസവും ഉറപ്പുവരുത്തുന്നതിനായി ട്രൈബൽ മെന്റൽ ഹെൽത്ത് പ്രോജക്ട് നടപ്പിലാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം മാനസിക പ്രശ്നങ്ങളുള്ളവരുടെ വീടുകളിൽ നേരിട്ടെത്തി ആവശ്യമായ ചികിത്സയും ബോധവൽക്കരണവും നൽകിവരുന്നു. കൂടാതെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, കൗൺസിലർമാർ, പ്രൊമോട്ടർമാർ എന്നിവർ വഴിയും ബോധവൽക്കരണവും ഈ കൂട്ടർക്ക് ആവശ്യമായ സേവനങ്ങളും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഉറപ്പുവരുത്തുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികവർഗ്ഗ വികസന വകുപ്പും C-DAC-മായി സഹകരിച്ചുകൊണ്ട് വയനാട് ജില്ലയിലെ മുഴുവൻ പട്ടികവർഗ്ഗക്കാരുടെയും ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി "ഡിജിറ്റലി കണക്റ്റഡ് ട്രൈബൽ ഏര്യാസ്" എന്ന ബൃഹത്പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ പദ്ധതികൾക്കായി നീക്കിവച്ച തുക

99 (889) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗക്ഷേമ പദ്ധതികൾക്കായി ഓരോ വർഷവും എത്ര തുക നീക്കിവച്ചു; അതിൽ ചെലവായ തുകയെത്ര; ചെലവഴിക്കാതെ ബാക്കിയായ തുക എത്ര; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ ക്ഷേമപദ്ധതികളുടെ നടത്തിപ്പിനായി നീക്കിവച്ച തുകയിൽ ഏറ്റവും കുറഞ്ഞ ശതമാനം

ചെലവഴിച്ച ജില്ലകൾ ഏതൊക്കെയെന്ന വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി വീട്**

100 (890) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതരും ഭവനരഹിതരുമായിട്ടുള്ളവരുടെയും പ്രസ്തുത വിഭാഗത്തിൽപ്പെട്ട ജീർണ്ണാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്ന കുടുംബങ്ങളുടെയും വൈദ്യുതീകരിക്കാത്ത വീടുകളിൽ താമസിക്കുന്ന കുടുംബങ്ങളുടെയും എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേൽപ്പറഞ്ഞ വിഭാഗങ്ങളുടെ ഭൂമി, ഭവന സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>പട്ടികജാതി വികസന വകുപ്പ്</u> - ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂരഹിത പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഭൂരഹിത കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി 3 മുതൽ 5 സെന്റ് വരെ ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ ഭവന പൂർത്തീകരണ/പുനരുദ്ധാരണത്തിനായി 2,00,000/-രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി 'സേഫ്' എന്ന പേരിൽ നടപ്പിലാക്കിവരുന്നു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u> - വനാവകാശ നിയമം, നിക്ഷിപ്ത വനഭൂമി വിതരണം, ലാൻഡ് ബാങ്ക് പദ്ധതി എന്നിവ മുഖേന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കൈവശാവകാശ രേഖ/പട്ടയം അനുവദിച്ച് നൽകുന്നു. കൂടാതെ ഭവന പൂർത്തീകരണ/പുനരുദ്ധാരണത്തിനായി 2,50,000/-രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി " സേഫ് " എന്ന പേരിൽ നടപ്പിലാക്കിവരുന്നു.

ഇതിനുപുറമേ ലൈഫ് മിഷൻ മുഖാന്തരം സംസ്ഥാനത്തെ ഭൂരഹിത ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ആർജ്ജിക്കുന്നതിനും ഭവനനിർമ്മാണത്തിനും ധനസഹായം അനുവദിച്ചുവരുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി വയോജന വിദ്യാഭ്യാസ പരിപാടിയും വിവേചനാധിഷ്ഠിത ഗ്രാന്റും

101 (891) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി  സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങൾ മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി വയോജന വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി പ്രകാരം ആലപ്പുഴ നിയോജകമണ്ഡലത്തിൽ നാളിതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന തുടർവിദ്യാഭ്യാസ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. എന്നാൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് മാത്രമായി പ്രത്യേക വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കുന്നില്ല.

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്കായി വിവേചനാധിഷ്ഠിത (ഡിസ്ക്രീഷനറി) ഗ്രാന്റുകൾ നൽകിവരുന്നുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ആലപ്പുഴ നിയോജകമണ്ഡലത്തിൽ എത്ര പേർക്കാണ് ഗ്രാന്റുകൾ ലഭ്യമായതെന്ന് തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

ബാധകമല്ല.

**പട്ടികജാതി വിഭാഗങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കാൻ പദ്ധതി**

102 (892) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദുർബ്ബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി വിഭാഗങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ?

പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനായി ദുർബ്ബല വിഭാഗ പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി 30-12-2022-ലെ സ.ഉ.(കൈ) നം.58/2022/പജപവവിവ പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾക്കുള്ള

മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യക്തിഗത സ്വയംതൊഴിൽ സംരംഭകർക്ക് പരമാവധി 3,00,000/- രൂപയും (മൂന്ന് ലക്ഷം), ഗ്രൂപ്പ് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് പരമാവധി 5,00,000/- രൂപയും (അഞ്ച് ലക്ഷം) 100% സബ്സിഡിയോടുകൂടി അനുവദിക്കുന്നു. ഒരു ലക്ഷം രൂപയിൽത്താഴെ വാർഷിക കുടുംബ വരുമാനമുള്ള ദുർബ്ബല വിഭാഗങ്ങൾക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നതാണ്.

**ഏക വരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായ പദ്ധതി**

103 (893) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം മണലൂർ നിയോജകമണ്ഡലത്തിലെ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ തോയക്കാവ് പുത്തമ്പള്ളി വീട്ടിൽ ശ്രീമതി അനിത സമർപ്പിച്ച അപേക്ഷയിന്മേൽ ധനസഹായം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഏകവരുമാനദായകൻ മരണപ്പെട്ട കുടുംബങ്ങൾക്കുള്ള ധനസഹായ പദ്ധതി പ്രകാരം ശ്രീമതി അനിത എന്നവർക്ക് 17-05-2022-ലെ സ.ഉ(സാധാ) നം. 500/2022/പജപവവിവ പ്രകാരം 2,00,000/- രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. അപേക്ഷകയ്ക്ക് തുക മാറി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് മണലൂർ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്രപേർക്ക് ധനസഹായം ലഭ്യമാക്കിയെന്നും അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് മണലൂർ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ 61 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 39 പേർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

## പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ചികിത്സാ ധനസഹായം

104 (894) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം നൽകുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

<u>പട്ടികജാതി വിഭാഗം</u> - പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ചികിത്സാ ധനസഹായം വിതരണം ചെയ്യുന്നതിനായി ഓൺലൈൻ സംവിധാനം (T-grants) ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വകുപ്പുമന്ത്രിക്ക് നേരിട്ടും അപേക്ഷ നൽകാവുന്നതാണ്.

<u>പട്ടികവർഗ്ഗ വിഭാഗം</u> - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ചികിത്സാ ധനസഹായം ലഭിക്കുന്നതിനായി നിശ്ചിത ഫാറത്തിലുള്ള അപേക്ഷയോടൊപ്പം അപേക്ഷകന്റെ/അപേക്ഷകയുടെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, റേഷൻ കാർഡ്/ആധാർ കാർഡ് പകർപ്പ്, ആശുപത്രി മേധാവി സാക്ഷ്യപ്പെടുത്തിയ ചികിത്സാ രേഖകളും അസ്സൽ ബില്ലുകളും, ചികിത്സ നടത്തിയത് സ്വകാര്യ ആശുപത്രിയിലാണെങ്കിൽ ഗവൺമെന്റ് മെഡിക്കൽ ഓഫീസറിൽനിന്നും ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ്, ചികിത്സാവശ്യത്തിനായി പഞ്ചായത്തിൽനിന്നും ധനസഹായം അനുവദിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം

എന്നിവ ഹാജരാക്കേണ്ടതാണ്. ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാനപരിധി ഒരു ലക്ഷം രൂപയാണ്. അപകടത്തെത്തുടർന്ന് ചികിത്സയിൽ കഴിയുകയാണെങ്കിൽ 25,000/- രൂപയും ക്യാൻസർ, ഹൃദയശസ്ത്രക്രിയ, വൃക്കമാറ്റിവയ്ക്കൽ, ഡയാലിസിസ്, ബ്രെയിൻ ട്യൂമർ, പക്ഷാഘാതം, ഹീമോഫീലിയ തുടങ്ങിയ മാരകരോഗങ്ങളുടെ ചികിത്സക്കായി ഒരു ലക്ഷം രൂപ വരെയും അനുവദിച്ച് നൽകാറുണ്ട്. മറ്റ് രോഗങ്ങൾക്ക് രോഗത്തിന്റെ തീവ്രതയനുസരിച്ച് 50,000/- രൂപ വരെ ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, പി.ഒ/ടി.ഡി.ഒ-മാർ, ജനപ്രതിനിധികൾ എന്നിവർ മുഖേനയോ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് നേരിട്ടോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. പട്ടികവർഗ്ഗക്കാരുടെ ചികിത്സാ ധനസഹായം ഓൺലൈൻ മുഖേന നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ചികിത്സാ ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള നടപടിക്രമങ്ങളിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ യഥാസമയം പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കാലതാമസം കൂടാതെ വിതരണം ചെയ്തുവരുന്നു.

(സി) കുട്ടികളിൽ കേൾവിക്കുറവ് പരിഹരിക്കാൻ കോക്ലിയർ ഇംപ്ലാന്റ് ചെയ്തവരുടെ മെഷീനിന്റെ പരിപാലനത്തിന് ഭാരിച്ച ചെലവ് വരുന്നതിനാൽ അതിനുള്ള ധനസഹായം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കോക്ലിയർ ഇംപ്ലാന്റ് ചെയ്യുന്നതിനായി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽനിന്നും സർക്കാരിൽ ലഭിക്കുന്ന അപേക്ഷകളിൽ ആവശ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ അർഹരായവർക്ക് ഒരു ലക്ഷം രൂപവരെ ധനസഹായം അനുവദിക്കാറുണ്ട്. എന്നാൽ കോക്ലിയർ മെഷീനിന്റെ പരിപാലനത്തിനായി പ്രത്യേകം തുക അനുവദിക്കുന്നില്ല. ആയത് അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ഷീ സ്മാർട്ട് കഫെ

105 (895) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ഷീ സ്മാർട്ട് കഫെ പരിശീലനം പൂർത്തിയാക്കിയവർക്ക് കഫേ നടത്തുന്നതിനുള്ള സൗകര്യങ്ങൾ എവിടെയെല്ലാമാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

1. അംബേദ്കർ ഭവൻ, മണ്ണന്തല

2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്, നന്ദാവനം

3. പൂവച്ചൽ ഗ്രാമപഞ്ചായത്ത്, കാട്ടാക്കട

4. മിനി സിവിൽ സ്റ്റേഷൻ, കാട്ടാക്കട

(ബി) കഫേ നടത്തുന്നതിനുള്ള ധനസഹായമായി അനുവദിച്ച തുക എത്രയാണെന്ന് അറിയിക്കുമോ; നിലവിൽ ഓരോ യൂണിറ്റിനും നീക്കിവച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; ഇനിയും തുക ലഭിക്കാത്ത യൂണിറ്റുകൾക്ക് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ; വിശദമാക്കുമോ?

പരിശീലനത്തിനും കഫേ സ്ഥാപിക്കുന്നതിനുമുൾപ്പെടെ 48 ലക്ഷം രൂപയുടെ പ്രോജക്ട് സമർപ്പിച്ചിരുന്നത്. ഓരോ കഫേ നിർമ്മാണത്തിനും 8,47,458/- രൂപയും (എട്ട് ലക്ഷത്തി നാൽപ്പത്തി ഏഴായിരത്തി നാനൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം) 18% ജി.എസ്.ടി. തുകയായ 1,52,542/-

രൂപയും (ഒരു ലക്ഷത്തി അമ്പത്തിരണ്ടായിരത്തി അഞ്ഞൂറ്റി നാൽപ്പത്തിരണ്ട് രൂപ മാത്രം) ചേർത്ത് 10 ലക്ഷം രൂപയാണ് ചെലവ്. ടി പദ്ധതി പ്രകാരമുള്ള 48 ലക്ഷം രൂപയും നിർവ്വഹണ ഏജൻസിയായ സ്റ്റേറ്റ് റിസോഴ്സ് സെന്റർ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്.

കഫേ പ്രോജക്ടിന് 28 ലക്ഷം രൂപയാണ് ഇതുവരെ സർക്കാർ അനുവദിച്ചത്. ഇനിയും 20 ലക്ഷം രൂപ കൂടി സ്റ്റേറ്റ് റിസോഴ്സ് സെന്ററിന് അനുവദിക്കാനുണ്ട്. പദ്ധതി പ്രകാരം യൂണിറ്റുകൾക്ക് തുക നേരിട്ട് അനുവദിച്ച് നൽകുന്നില്ല.

(സി) നിലവിൽ പട്ടികജാതി വികസന ഡയറക്ടറേറ്റ്, മണ്ണന്തല എന്നിവിടങ്ങളിലെ കഫേ നടത്തിപ്പ് പരിശീലനം പൂർത്തിയാക്കിയ സ്ത്രീകൾക്കാണോ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പരിശീലനം വിജയകരമായി പൂർത്തിയാക്കിയ സ്ത്രീകൾക്കാണ് കഫേ അനുവദിച്ചിട്ടുള്ളത്.

**ഉന്നതി പദ്ധതി**

106 (896) <u>ശ്രീ. വി. ജോയി</u>:
<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>:
<u>ശ്രീ. എം. രാജഗോപാലൻ</u>:

<u>ശ്രീ. കെ. വി. സുമേഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്കക്ഷേമ വകുപ്പുകളുടെ വികസന, വിദ്യാഭ്യാസ, ക്ഷേമപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി അവയെ ഉന്നതി പദ്ധതിയിൻകീഴിൽ കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വിവിധ പദ്ധതികൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിലൂടെ ഈ രംഗത്ത് എന്തെല്ലാം മാറ്റങ്ങൾ വരുത്തുവാൻ സാധിക്കുമെന്നാണ് വിലയിരുത്തുന്നതെന്ന് വിശദമാക്കുമോ?

(എ&ബി) പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക ക്ഷേമ വികസന വകുപ്പുകൾ നടപ്പിലാക്കുന്ന വികസന ക്ഷേമ പ്രവർത്തനങ്ങളെ പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളുടെയും നിർവ്വഹണ രീതികളുടെയും സമാന സ്വഭാവ സവിശേഷതകൾ കണക്കിലെടുത്ത് കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിന് 'ഉന്നതി' എന്ന പൊതുനാമധേയം സ്വീകരിക്കുന്നതാണ്. വിവിധ വകുപ്പുകളായി നിലകൊള്ളുമ്പോഴും അവയുടെ പ്രവർത്തനശൈലിയിലെയും ലക്ഷ്യവിഭാഗങ്ങളുടെ

പിന്നാക്കാവസ്ഥയിലെയും സമാനതകൾ ഉൾക്കൊണ്ട് പൊതുസമൂഹത്തിൽ പദ്ധതി നിർവ്വഹണം കൂടുതൽ സുതാര്യവും സ്വീകാര്യവുമാക്കുന്നതിന് പൊതുബ്രാൻഡിംഗ് ഉചിതമാണ്. ക്ഷേമ പദ്ധതികൾ ഗുണഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിന് നവമാധ്യമങ്ങൾവഴി പ്രചാരണങ്ങൾക്കും ഒരേ പദ്ധതി വിവിധ വകുപ്പുകൾ വ്യത്യസ്ത രീതികളിൽ നടപ്പിലാക്കുമ്പോൾ പൊതുസമൂഹത്തിൽ ഉണ്ടായേക്കാവുന്ന ആശയക്കുഴപ്പങ്ങൾ ലഘൂകരിക്കുന്നതിനും പദ്ധതി പ്രവർത്തനങ്ങളിൽ ഏകോപനം ഫലപ്രദമാക്കുന്നതിനും പ്രയോജനകരമാകും.

## പട്ടികഗോത്ര വിഭാഗത്തിൽപ്പെട്ടവർക്കായുള്ള ആരോഗ്യ, ക്ഷേമ പ്രവർത്തനങ്ങൾ

107 (897) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>:
<u>ശ്രീമതി ശാന്തകുമാരി കെ.</u>:
<u>ശ്രീ. പി. വി. അൻവർ</u>:
<u>ശ്രീ ഒ. ആർ. കേളു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടിക ഗോത്രവിഭാഗങ്ങളിൽപ്പെട്ട ഗർഭിണികളുടെയും അമ്മമാരുടെയും നവജാത ശിശുക്കളുടെയും ആരോഗ്യ

സംരക്ഷണത്തിന് പ്രത്യേകം ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗർഭിണികളുടെയും അമ്മമാരുടെയും നവജാതശിശുക്കളുടെയും ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകികൊണ്ട് വകുപ്പ് ജനനി ജന്മരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതിനുപുറമേ അട്ടപ്പാടിയിൽ നവജാതശിശു പരിചരണത്തിനായി 'വാത്സല്യസ്പർശം' വോളണ്ടിയർമാരെ നിയോഗിച്ചിട്ടുണ്ട്.

വനിതാ ശിശുവികസന വകുപ്പ് മുഖേന ഗർഭാവസ്ഥ മുതൽ കുഞ്ഞിന് രണ്ട് വയസ്സുവരെയുള്ള കാലഘട്ടത്തിൽ കുഞ്ഞിന്റെ സമഗ്ര വികസനം ലക്ഷ്യംവച്ച് നടപ്പിലാക്കുന്ന 'ആദ്യ 1000 ദിന പരിപാടി' പദ്ധതിയും അങ്കണവാടി പ്രീസ്കൂൾ കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം മുട്ടയും രണ്ട് ദിവസം പാലും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന 'പോഷകബാല്യം' പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനായുള്ള കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കി വരുന്നതിനൊപ്പം അട്ടപ്പാടിയിലെ ആദിവാസി ജനങ്ങളുടെ പോഷകക്കുറവ് പരിഹരിക്കുന്നതിനും ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിനും

ജീവിതശൈലിയിലുണ്ടാകേണ്ട മാറ്റങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനുമായി ഓരോ ഊരുകളും കേന്ദ്രീകരിച്ച് 'പെൺട്രിക കൂട്ട്' സംഘങ്ങൾ അട്ടപ്പാടിയിൽ രൂപീകരിച്ചിട്ടുണ്ട്.

(ബി) അട്ടപ്പാടിയിൽ ഹൈ റിസ്ക് വിഭാഗത്തിൽപ്പെടുന്ന ഗർഭിണികൾ ആനുപാതികമായി ഏറെ അധികമായതിനാൽ അട്ടപ്പാടി മേഖലയിലെ അമ്മമാർക്കും നവജാത ശിശുക്കൾക്കുമായി അമ്മവീട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഈ പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ ആരോഗ്യ വകുപ്പ് മുഖേന അമ്മവീട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(സി) പട്ടികഗോത്രങ്ങളിൽപ്പെട്ടവർക്കായി ആവിഷ്കരിച്ചിട്ടുള്ള സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതിയെക്കുറിച്ച് വ്യക്തമാക്കാമോ?

ഗർഭിണികളുടെയും നവജാതശിശുക്കളുടെയും ആരോഗ്യം മുൻനിർത്തി ജനനി ജന്മരക്ഷ പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കായി ആവിഷ്കരിച്ചിട്ടുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ആരോഗ്യ പരിപാലന സ്ഥാപനങ്ങളായ ഒ.പി. ക്ലിനിക്കുകളുടെ നടത്തിപ്പ്, ആശുപത്രികൾ വഴിയുള്ള മെഡിക്കൽ സഹായം, പ്രകൃതി

ദുരന്തങ്ങളും വിവിധ രോഗങ്ങളും ബാധിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് പട്ടികവർഗ്ഗ ആശ്വാസ നിധിയിൽ ഉൾപ്പെടുത്തി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം, ലഹരി ഉപയോഗത്തിനെതിരായുള്ള ബോധവത്കരണ ക്ലാസ്സുകൾ, മെഡിക്കൽ ക്യാമ്പ്, ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ, പട്ടികവർഗ്ഗ ഊരുകളിൽ പാരാമെഡിക്കൽ സൗകര്യങ്ങൾ തുടങ്ങിയ വിവിധ കാര്യങ്ങൾ ചെയ്തുവരുന്നുണ്ട്. എല്ലാ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിലും മെഡിക്കൽ കോളേജുകളിലും പട്ടികവർഗ്ഗക്കാർക്ക് സൗജന്യമായി രോഗനിർണ്ണയവും ചികിത്സയും മരുന്നുകളും സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ലഭ്യമാക്കിവരുന്നുണ്ട്. തുടർചികിത്സകളും മരുന്നുകളും ഈ പദ്ധതിവഴി ഉറപ്പുവരുത്തുന്നുണ്ട്.

## പിന്നാക്ക സമുദായങ്ങളുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള നടപടികൾ

108 (898) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u>
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ:</u>
<u>ശ്രീ. തോമസ് കെ. തോമസ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തെ 65 ശതമാനത്തിലധികം വരുന്ന മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യംവച്ച് 2011-ൽ രൂപീകൃതമായ പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രസ്തുത ജനവിഭാഗങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനായി നിലവിൽ നടപ്പാക്കിവരുന്ന വിവിധ വിദ്യാഭ്യാസ-വികസന-ക്ഷേമ പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവരുടെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് വിവിധ തരത്തിലുള്ള വായ്പാ പദ്ധതികൾ കുറഞ്ഞ പലിശ നിരക്കിൽ മാനദണ്ഡങ്ങൾക്കുവിധേയമായി നടപ്പിലാക്കിവരുന്നു. കോർപ്പറേഷൻ നൽകിവരുന്ന പ്രധാന വായ്പാ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ പിന്നാക്ക സമുദായ വിഭാഗത്തിൽപ്പെടുന്ന കളിമൺപാത്ര നിർമ്മാണ മേഖലയിലെ ജനവിഭാഗത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി രൂപീകരിച്ചിരിക്കുന്ന കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷൻ നടത്തിവരുന്ന വായ്പാ പദ്ധതികൾ/പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

കൂടാതെ പട്ടികജാതിയിൽനിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ടവരുടേയും പട്ടികജാതിയിലേയ്ക്ക് ശിപാർശ ചെയ്തിട്ടുള്ളവരുടെയും ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തനമാരംഭിച്ച കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, വളരെ തുച്ഛമായ പലിശ നിരക്കിൽ ടി വിഭാഗത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി വിവിധ ഭവന വായ്പകളും വിവാഹ വായ്പ, സ്വയംതൊഴിൽ വായ്പ, വ്യക്തിഗത വായ്പകൾ എന്നിവയും കൂടാതെ ടി വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി വിദേശ പഠനത്തിനുൾപ്പെടെയുള്ള വിദ്യാഭ്യാസ വായ്പകളും വിദ്യാഭ്യാസ പ്രോത്സാഹന/ധനസഹായ/ പരിശീലന പദ്ധതികളും നടപ്പിലാക്കിവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പിന്നാക്ക സമുദായങ്ങളിലെ പ്രൊഫഷണലുകൾക്ക് തൊഴിൽ സംരംഭം ആരംഭിക്കുവാൻ വകുപ്പ് സഹായം നൽകിവരുന്നുണ്ടോ; വ്യക്തമാക്കാമോ; പ്രസ്തുത വിഭാഗങ്ങൾക്ക് സിവിൽ സർവ്വീസ് ഉൾപ്പെടെയുള്ള മത്സര പരീക്ഷകൾക്ക് സർക്കാർ മേഖലയിൽ പരിശീലനം നൽകുന്നുണ്ടോ; വിശദമാക്കാമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കിവരുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതിയുടെ ഘടകമായ ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പ നൽകുന്ന പദ്ധതി സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെയാണ് നടപ്പാക്കിവരുന്നത്. ഈ പദ്ധതി പ്രകാരം വായ്പാ തുക അനുവദിക്കുന്നത് കോർപ്പറേഷനും വായ്പാ തുകയുടെ 20%, പരമാവധി 2 ലക്ഷം രൂപ വകുപ്പും ബാക്ക്-എൻഡ് സബ്സിഡിയായി അനുവദിക്കുകയും ചെയ്യുന്നു.

പിന്നാക്ക വിഭാഗങ്ങൾക്ക് മികച്ച ഉദ്യോഗം കരസ്ഥമാക്കുന്നതിനായി മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ്, ബാങ്കിംഗ് സർവ്വീസ്, സിവിൽ സർവ്വീസ്, UGC/NET/JRF, GATE/MAT തുടങ്ങിയ വിവിധ മത്സര പരീക്ഷാ

പരിശീലനങ്ങൾ നടത്തുന്നതിന് എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതി പ്രകാരം ധനസഹായം നൽകുന്നുണ്ട്.

- മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനത്തിനായി ആകെ അനുവദിക്കുന്ന പരമാവധി തുക - 30,000/- രൂപ.
- സിവിൽ സർവ്വീസ്: ആകെ അനുവദിക്കുന്ന പരമാവധി തുക – 25,000/- രൂപ.
- ബാങ്കിംഗ് സർവ്വീസ്: ആകെ അനുവദിക്കുന്ന പരമാവധി തുക 20,000/- രൂപ
- GATE/MAT, UGC/NET/JRF: ആകെ അനുവദിക്കുന്ന പരമാവധി തുക 25,000/- രൂപ

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങളിലെ പ്രൊഫഷണലുകൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയുടെ അടിസ്ഥാനത്തിൽ തുടങ്ങുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് സ്റ്റാർട്ടപ്പ് സ്വയംതൊഴിൽ എന്ന പേരിൽ പരമാവധി 20 ലക്ഷം രൂപ വരെ വിതരണം ചെയ്യുന്നു. ടി വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പുമായി സഹകരിച്ച് സബ്സിഡിയും അനുവദിക്കുന്നു. കൂടാതെ, കോർപ്പറേഷൻ ദേശീയ ഏജൻസികളുടെ ഫണ്ടുപയോഗിച്ച് മെറിറ്റടിസ്ഥാനത്തിൽ അഡ്മിഷൻ ലഭിച്ച പ്രൊഫഷണൽ/ടെക്നിക്കൽ/വൊക്കേഷണൽ കോഴ്സുകൾ ഇന്ത്യയ്ക്കകത്തും വിദേശത്തും പഠിക്കുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ

നിബന്ധനകൾക്ക് വിധേയമായി വിദ്യാഭ്യാസ വായ്പ അനുവദിച്ചുവരുന്നു. ഇതിനുപുറമേ കോർപ്പറേഷന്റെ തനത് ഫണ്ടുപയോഗിച്ച് പ്രൊഫഷണൽ/ ടെക്നിക്കൽ/വൊക്കേഷണൽ/ഡിപ്ലോമ/ഗവൺമെന്റ് അംഗീകൃത സർട്ടിഫിക്കറ്റ് കോഴ്സുകൾ ഇന്ത്യയ്ക്കകത്ത് പഠിക്കുന്നതിനായി പരമാവധി 3 ലക്ഷം രൂപ 6% പലിശ നിരക്കിൽ വിദ്യാശ്രീ എന്ന പേരിൽ വിദ്യാഭ്യാസ വായ്പയായി അനുവദിച്ചുവരുന്നു. കൂടാതെ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി പ്രൊഫഷണൽ കോഴ്സുകൾ പാസ്സായതും സ്വന്തമായി പ്രാക്ടീസ് ആരംഭിക്കാൻ ആഗ്രഹിക്കുന്നവരുമായ ലക്ഷ്യവിഭാഗത്തിൽപ്പെട്ടവർക്കായി പരമാവധി 5 ലക്ഷം രൂപ വായ്പ അനുവദിക്കുന്ന പ്രൊഫഷണലുകൾക്കുള്ള സ്റ്റാർട്ടപ്പ് വായ്പാ പദ്ധതിയും കൂടാതെ സിവിൽ സർവ്വീസ്, പി.എസ്.സി. കോച്ചിംഗ്, കരിയർ ഗൈഡൻസ് പരിശീലനം എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

## പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക സർവ്വേ

109 (899) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരുടെയും മറ്റ് പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരുടെയും സാമൂഹിക, സാമ്പത്തിക, ഔദ്യോഗിക ജീവിത നിലവാരം സംബന്ധിച്ച സ്ഥിതിവിവരം വിലയിരുത്തുന്നതിന് എന്തെങ്കിലും കണക്കെടുപ്പോ പഠനമോ ഈ അടുത്ത കാലത്ത് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

കേരളത്തിലെ പട്ടികജാതി-പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരുടെ സാമൂഹിക, സാമ്പത്തിക, ഔദ്യോഗിക ജീവിത നിലവാരം സംബന്ധിച്ച സ്ഥിതിവിവരം വിലയിരുത്തുന്നതിന് കണക്കെടുപ്പോ പഠനമോ ഈ അടുത്ത കാലത്ത് നടത്തിയിട്ടില്ല. എന്നാൽ പട്ടികജാതി ജനതയുടെ വിദ്യാഭ്യാസ, സാമ്പത്തിക, സാമൂഹിക വികസനത്തിനായുള്ള സമഗ്ര സർവ്വേ നടത്തി ഡാറ്റാബേസ് അപ്ഡേറ്റ് ചെയ്യുന്നതിനായി ഡിജിറ്റൽ സർവ്വേ നടത്താൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ പട്ടികവർഗ്ഗ ജനതയുടെ ജീവിത സ്ഥിതിവിവരം വിലയിരുത്തുന്നതിനായി ആരംഭിച്ച വിവരശേഖരണം പൂർത്തിയാക്കിയിട്ടുണ്ട്. ലഭ്യമായ വിവരങ്ങളുടെ വാലിഡേഷൻ പൂർത്തിയാക്കുന്ന മുറയ്ക്ക് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതാണ്.

## പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നടത്തുന്ന പരിപാടികൾ

110 (900) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട 8-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് നൽകിവന്നിരുന്ന സ്കോളർഷിപ്പ് അവസാനിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനമെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 50% കേന്ദ്രസഹായത്തോടെ നടപ്പാക്കിവന്നിരുന്ന ഒ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി, കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയം പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഒ.ബി.സി./ഇ.ബി.സി. പ്രീമെട്രിക് സ്കോളർഷിപ്പ് PM-YASASVI (PM Young Achievers Scholarship Award Scheme for Vibrant India for

OBC's) എന്ന പേരിൽ 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത കേന്ദ്ര തീരുമാനത്തിന് ബദലായി സംസ്ഥാനം സ്വീകരിച്ച നിലപാട് എന്താണെന്ന് വിശദമാക്കുമോ?

1 മുതൽ 8 വരെ ക്ലാസ്സുകളിലെ ഒ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്ക് നിലവിൽ ലഭിച്ചുകൊണ്ടിരുന്ന സ്കോളർഷിപ്പ് കേന്ദ്ര സർക്കാർ നിർത്തലാക്കിയ സാഹചര്യത്തിൽ, പ്രസ്തുത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുടർന്നും അനുവദിച്ച് നൽകുന്നതിനായി സംസ്ഥാന സർക്കാർ പ്രത്യേകമായി തുക വകയിരുത്തി പദ്ധതി ആവിഷ്കരിക്കുകയാണ്.

(സി) സംസ്ഥാനത്തെ പിന്നാക്ക വിഭാഗം വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി സർക്കാർ നടത്തുന്ന വിവിധ പരിപാടികൾ സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ പിന്നാക്ക വിഭാഗം വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന നടപ്പാക്കിവരുന്ന വിദ്യാഭ്യാസ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

111 (901) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ മനുഷ്യ വിഭവശേഷി ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുടെ മനുഷ്യ വിഭവശേഷി ഫലപ്രദമായി പ്രയോജനപ്പെടുത്തിക്കൊണ്ട് സാമ്പത്തിക ഉന്നമനം കൈവരിക്കുന്നതിനായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ വിവിധ സ്വയംതൊഴിൽ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഈ പദ്ധതികൾ പ്രകാരം നൽകുന്ന വായ്പകളുടെ പലിശ നിരക്ക് 4% മുതൽ 9% വരെയാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്ക് അവരുടെ അഭിരുചിക്കും മൂലധനാവശ്യത്തിനും അനുസൃതമായി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാവുന്ന വിധത്തിൽ ബെനിഫിഷ്യറി ഓറിയന്റഡ് പദ്ധതി, ലഘുവ്യവസായ യോജന,

മൾട്ടിപർപ്പസ് യൂണിറ്റ് ലോൺ, സ്റ്റാർട്ടപ്പ് സംരംഭകർക്കുള്ള വായ്പാ പദ്ധതി, പട്ടികവർഗ്ഗ സംരംഭകർക്കുള്ള വായ്പാ പദ്ധതി, പ്രവാസി പുനരധിവാസ വായ്പാ പദ്ധതി തുടങ്ങിയ വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പാക്കുന്നുണ്ട്.

(ബി) നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ അംഗീകൃത മൂലധനം എത്രയാണെന്ന് അറിയിക്കാമോ?

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ അംഗീകൃത മൂലധനം നിലവിൽ 300 കോടി രൂപയാണ്.

(സി) കോർപ്പറേഷൻ സ്ഥാപിതമായത് മുതൽ എത്ര കോടി രൂപ ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

കോർപ്പറേഷൻ സ്ഥാപിതമായത് മുതൽ 207265 ഗുണഭോക്താക്കൾക്കായി 1016.89 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ഇടത്തരം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നൽകിയ വായ്പകൾ സംരംഭവും തൊഴിലും സൃഷ്ടിക്കുന്നതിന് പ്രയോജനപ്പെട്ടിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഇടത്തരം തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നൽകിയ വായ്പകൾ സംരംഭവും തൊഴിലും സൃഷ്ടിക്കുന്നതിന് പ്രയോജനപ്പെട്ടിട്ടുണ്ടെന്നാണ് പ്രാഥമികമായ വിലയിരുത്തൽ. എന്നാൽ

ഇതുസംബന്ധിച്ച് സമഗ്രവും ശാസ്ത്രീയവുമായ വിലയിരുത്തൽ നടത്തുന്ന ഒരു പഠനം ഫണ്ടിന്റെ അപര്യാപ്തതമൂലം ഇതുവരെ ഉണ്ടായിട്ടില്ല.

(ഇ) വിദേശ സർവ്വകലാശാലകളിലോ സ്ഥാപനങ്ങളിലോ പഠനം നടത്തുന്നതിന് എത്ര വിദ്യാർത്ഥികൾക്ക് ധനസഹായം നൽകാൻ കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ടെന്നും എത്ര തുക വായ്പ നൽകിയെന്നും വെളിപ്പെടുത്താമോ?

വിദേശ സർവ്വകലാശാലകളിലോ സ്ഥാപനങ്ങളിലോ പഠനം നടത്തുന്നതിന് 26 വിദ്യാർത്ഥികൾക്കായി 210.42 ലക്ഷം രൂപയുടെ വായ്പ നൽകാൻ കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ട്.

(എഫ്) സ്ത്രീ ശാക്തീകരണ പദ്ധതി പ്രകാരം എത്ര വനിതാ സംരംഭങ്ങൾക്ക് വായ്പ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

സ്ത്രീ ശാക്തീകരണ പദ്ധതികൾ (ഗ്രൂപ്പ് & വ്യക്തിഗതം) പ്രകാരം 7167 വനിതാ സംരംഭങ്ങൾക്ക് 3386.30 ലക്ഷം രൂപയുടെ വായ്പ നൽകിയിട്ടുണ്ട്.

## ആചാരസ്ഥാനികർക്കും കോലധാരികൾക്കും നൽകുന്ന പ്രതിമാസ ധനസഹായം

112 (902) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആചാരസ്ഥാനികർക്കും കോലധാരികൾക്കും നൽകുന്ന പ്രതിമാസ ധനസഹായത്തിനുള്ള പുതിയ അപേക്ഷകൾ എപ്പോൾ ക്ഷണിക്കുമെന്ന് വ്യക്തമാക്കാമോ?

പരിശോധിക്കുന്നതാണ്.

(ബി) പ്രസ്തുത ധനസഹായം മാസംതോറും വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ആചാരസ്ഥാനികർക്കും കോലധാരികൾക്കും പ്രതിമാസ ധനസഹായമായി 1400/- രൂപ വീതം അനുവദിക്കുന്നതിന് ഒരു വർഷത്തേയ്ക്ക് 3,21,21,600/- രൂപ ആവശ്യമാണെങ്കിലും ഈ ആവശ്യത്തിനായി ബഡ്ജറ്റിൽ സർക്കാർ വകയിരുത്തിയിട്ടുള്ള സംഖ്യ 1,25,00,000/- രൂപയാണ്. 2022-2023 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായ 1,25,00,000/- രൂപയ്ക്ക് പുറമേ സർക്കാരിൽനിന്നും 1,66,98,000/- രൂപകൂടി അനുവദിച്ചത് വഴി കുടിശ്ശിക വിഹിതം വിതരണം

ചെയ്യാൻ സാധിച്ചിട്ടുണ്ട്. തുക മുടക്കമില്ലാതെ വിതരണം ചെയ്യുന്നതിലേയ്ക്കായി 2023-2024 സാമ്പത്തിക വർഷം ഇക്കാര്യത്തിലുള്ള ബഡ്ജറ്റ് വിഹിതം 2,50,00,000/- രൂപയായി ഉയർത്തിയിട്ടുണ്ട്.

**സ്വദേശ് ദർശൻ പദ്ധതി മുഖേനയുള്ള ശബരിമല വികസനം**

113 (903) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഡിസംബറിൽ സ്വദേശ് ദർശൻ തീർത്ഥാടന ടൂറിസം പദ്ധതിയിൽ ശബരിമല വികസനത്തിനായി കേന്ദ്രസർക്കാർ 100 കോടി രൂപ അനുവദിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ?

ശബരിമല വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിക്ക് 99.98 കോടി രൂപയുടെ പദ്ധതി അംഗീകാരം ലഭിച്ചിരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി 36 മാസത്തിനുള്ളിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കണമെന്ന വ്യവസ്ഥയിൽ ആദ്യഗഡുവായി 20

കോടി രൂപ സംസ്ഥാന സർക്കാരിന് അനുവദിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

അനുവദിച്ചിരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി സമയബന്ധിതമായി പദ്ധതികൾ തയ്യാറാക്കി നൽകുന്നതിൽ സംസ്ഥാന സർക്കാരിന് വീഴ്ചപറ്റി എന്നത് വസ്തുതയാണോ;

(ഡി) വനം വകുപ്പുമായുണ്ടായ തർക്കം ഹൈക്കോടതി ഇടപെട്ട് തീർപ്പുകല്പിച്ചിട്ടും ദേവസ്വം ബോർഡും ഉന്നതാധികാര സമിതിയും പദ്ധതി നടപ്പാക്കുന്നതിന് താല്പര്യം കാണിച്ചില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

(സി&ഡി) അനുയോജ്യമായ സ്ഥലം ലഭ്യമാകുന്നതിലെ താമസത്താൽ പദ്ധതിയിലെ ചില ഘടകങ്ങൾ ഒഴിവാക്കേണ്ടി വന്നിട്ടുണ്ട്. തുടർന്ന് 19-10-2022-ലെ SD5/6/2018/SD നമ്പർ ഉത്തരവ് പ്രകാരം പദ്ധതിയുടെ അനുമതി 54.88 കോടി രൂപയായി പരിഷ്കരിച്ചിട്ടുണ്ട്.

ശബരിമല വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെയെല്ലാം വിശദമായ പദ്ധതിരേഖയും അടങ്കലും (DPR and Cost Estimate)

തയ്യാറാക്കിയത് കേന്ദ്ര ടൂറിസം മന്ത്രാലയം നിയോഗിച്ച രഘുരാമൻ അസോസിയേറ്റ്സ്, ചെന്നൈയാണ്. ശബരിമലപോലെയുള്ള വന പ്രദേശത്തിലെ ഭൂമിയുടെ കിടപ്പും ഘടനയും നോക്കാതെയാണ് പ്രസ്തുത ആർക്കിടെക്ട് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത്. ലഭിച്ചിട്ടുള്ള പദ്ധതിരേഖയും അടങ്കലും (DPR & Cost Estimate) വച്ച് മുൻഗണനാക്രമത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി വർക്കുകൾ ചെയ്യുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് എഞ്ചിനീയറിംഗ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചപ്പോൾ പല വർക്കുകളും ചെയ്യാൻ കഴിയാത്ത സ്ഥിതിവന്നു. വനം വകുപ്പ് തിരുവിതാംകൂർ ദേവസ്വം ബോർഡിന് വിട്ടുനൽകാത്ത സ്ഥലത്തും നിർമ്മാണ പ്രവർത്തനങ്ങൾക്ക് പദ്ധതിരേഖയും അടങ്കലും തയ്യാറാക്കിയിരുന്നത് കാണുവാൻ കഴിഞ്ഞു.

(ഇ) പ്രസ്തുത പദ്ധതിയുടെ കാലാവധി അവസാനിക്കുന്നതിന് മുൻപ് ശേഷിക്കുന്ന തുക ലാപ്സാകാതിരിക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

പദ്ധതിയുടെ പുതുക്കിയ ഭരണാനുമതി പ്രകാരമുള്ള 75.01% നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തിയായിട്ടുണ്ട്. പ്രവൃത്തികളുടെ നിർമ്മാണ കാലാവധി

31-12-2023 വരെ ദീർഘിപ്പിച്ച് നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## ശബരിമല അരവണ നിർമ്മാണത്തിനുള്ള ഏലയ്ക്കയുടെ ടെൻഡർ നടപടികളും പരിശോധനയും

114 (904) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ശബരിമലയിൽ അരവണ നിർമ്മാണത്തിനുള്ള ഏലയ്ക്ക വിതരണം ചെയ്യുന്നതിനുള്ള ടെൻഡർ നടപടികളിൽ പങ്കെടുത്ത സ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഏത് സ്ഥാപനത്തിനാണ് ടെൻഡർ ലഭിച്ചത്; ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത സ്ഥാപനത്തിനാണോ ടെൻഡർ നൽകിയത്; വിശദാംശം നൽകുമോ?

ശബരിമലയിൽ അരവണ നിർമ്മാണത്തിനുള്ള ഏലയ്ക്ക വിതരണം ചെയ്യുന്നതിനുള്ള ടെൻഡർ നടപടികളിൽ പങ്കെടുത്ത സ്ഥാപനങ്ങൾ/വ്യക്തികൾ, ക്വാട്ട് ചെയ്ത തുക (കിലോഗ്രാമിന്) എന്നിവ ചുവടെ ചേർക്കുന്നു. കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. സുനിൽകുമാർ എൻ.-നാണ് ടെൻഡർ നൽകിയത്.

1. ശ്രീ. ബിനുചന്ദ്രൻ, ബിനു ഭവനം, അടൂർ - 1800/- രൂപ

2. ശ്രീ. വിഷ്ണു വി. എസ്., വേലിത്താനത്ത്, കുന്നേൽ, അരവിന്ദ അപ്പാർട്ട്മെന്റ് - 1744/- രൂപ

3. ശ്രീ. സതികുമാർ പി. വി., പീടിക, പറമ്പിൽ, കുറ്റപ്പുഴ പി.ഒ, പത്തനംതിട്ട - 2611/- രൂപ

4. ശ്രീ. സുനിൽകുമാർ എൻ., ഗ്യാലക്സി ഭവൻ, ചിറക്കളം, കായംകുളം - 1600/- രൂപ

(ബി) പ്രസ്തുത ടെൻഡർ പ്രകാരം വിതരണം ചെയ്ത ഏലയ്ക്കയുടെ അളവ് എത്ര; ഇതിൽ അരവണ നിർമ്മാണത്തിനായി ഉപയോഗിച്ചത് എത്ര; ശേഷിക്കുന്ന ഏലയ്ക്കയുടെ അളവ് എത്ര; വിശദാംശം നൽകുമോ?

വിതരണം ചെയ്ത ഏലയ്ക്കയുടെ അളവ് 7050 കിലോഗ്രാമാണ്. ഇതിൽ ഏകദേശം 6957.7 കിലോഗ്രാം അരവണ നിർമ്മാണത്തിനായി ഉപയോഗിച്ചു. ശേഷിക്കുന്ന ഏലയ്ക്കയുടെ അളവ് 92.3 കിലോഗ്രാം.

(സി) പ്രസ്തുത ഏലയ്ക്ക ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പാക്കാൻ ദേവസ്വം ബോർഡ് ഏതെങ്കിലും തരത്തിലുള്ള പരിശോധന നടത്തിയിരുന്നോ; എങ്കിൽ പ്രസ്തുത പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഏലയ്ക്ക ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പാക്കാൻ പമ്പയിലുള്ള ഭക്ഷ്യ സുരക്ഷാ ലാബിൽ പരിശോധിച്ചിരുന്നു. പരിശോധന റിപ്പോർട്ടുകൾ അനുബന്ധമായി ചേർക്കുന്നു.+

## ശബരിമലയിലെ അരവണ, അപ്പം എന്നിവയ്ക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസ്

115 (905) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ പ്രസാദങ്ങളായ അരവണ, അപ്പം എന്നിവയ്ക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ശബരിമലയിലെ പ്രസാദങ്ങളായ അരവണ, അപ്പം എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ സാധനങ്ങൾ പമ്പയിലെ ഭക്ഷ്യസുരക്ഷാ ലാബിൽ പരിശോധിച്ച് ഭക്ഷ്യയോഗ്യമാണെന്ന് ഉറപ്പുവരുത്തിയശേഷമാണ് പ്രസാദ നിർമ്മാണത്തിനായി ഉപയോഗിക്കുന്നത്. അപ്പം, അരവണ വഴിപാട് പ്രസാദങ്ങൾ ഫുഡ് സേഫ്റ്റി ആക്ടിന്റെ പരിധിയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുന്നതാണോയെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നിയമ വിഭാഗം പരിശോധിച്ചുവരികയാണ്.

(ബി) ഭക്ഷ്യയോഗ്യമല്ലെന്ന് കണ്ടെത്തിയ ഏലയ്ക്ക അരവണ നിർമ്മാണത്തിന് ഉപയോഗിക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഏലയ്ക്ക പമ്പയിലെ ലബോറട്ടറിയിൽ പരിശോധിച്ചപ്പോൾ കീടനാശിനി സാന്നിധ്യം കണ്ടെത്തിയിരുന്നോ; വ്യക്തമാക്കുമോ?

പമ്പ ഭക്ഷ്യസുരക്ഷാ ലാബിൽ ഏലയ്ക്ക പരിശോധിച്ച് തൃപ്തികരമെന്ന് കണ്ടതിനാലാണ് അരവണ നിർമ്മാണത്തിനായി ആയത് ഉപയോഗിച്ചിട്ടുള്ളത്.

**ശബരിമല വരുമാനം**

116 (906) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മണ്ഡലകാലം അവസാനിച്ചപ്പോൾ ശബരിമലയിൽനിന്നും ലഭിച്ച വരുമാനം എത്രയാണെന്നും അത് ഏതൊക്കെ ഇനങ്ങളിലാണെന്നും അറിയിക്കാമോ?

ഇക്കഴിഞ്ഞ ശബരിമല തീർത്ഥാടനകാലം അവസാനിച്ചപ്പോൾ ശബരിമലയിൽ ലഭിച്ച വരുമാനം 351 കോടി രൂപയോളമാണ്. കാണിക്കയായി ലഭിച്ച നാണയങ്ങൾ എണ്ണിത്തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. ശബരിമലയിലെ വരുമാനം പ്രധാനമായും വഴിപാട്, പ്രസാദം, കാണിക്ക, മുറിവാടക, സംഭാവന, കുത്തക മുതലായവയിൽനിന്നാണ് ലഭിച്ചിട്ടുള്ളത്.

(ബി) ഈ മണ്ഡലകാലത്ത് ശബരിമലയിൽ ഉദ്ദേശം എത്ര തീർത്ഥാടകർ എത്തിയിട്ടുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കാമോ?

ഇക്കഴിഞ്ഞ തീർത്ഥാടനകാലത്ത് 50 ലക്ഷത്തോളം തീർത്ഥാടകർ എത്തിയിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

**ശബരിമലയിൽ ക്യൂ കോംപ്ലക്സുകൾ ആധുനികവൽക്കരിക്കാനും റസ്ക്യൂ ബ്രിഡ്ജുകൾ നിർമ്മിക്കാനും നടപടി**

117 (907) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡല മകരവിളക്കുകാലത്തെ തിരക്ക് പരിഗണിച്ച് ശബരിമലയിലെ ക്യൂ കോംപ്ലക്സുകൾ ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ശബരിമലയിലെ വർദ്ധിച്ചുവരുന്ന തിരക്ക് പരിഗണിച്ച് ശരംകുത്തി - സന്നിധാനം പാതയിലുള്ള ക്യൂ കോംപ്ലക്സുകൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നതിന് സംസ്ഥാന പോലീസ് ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതി മുൻപാകെ സമർപ്പിച്ച നിർദ്ദേശങ്ങൾ സമിതി പരിശോധിക്കുകയും പോലീസ് നിർദ്ദേശിച്ച പ്രകാരമുള്ള ആധുനിക സംവിധാനങ്ങൾകൂടി ക്യൂ കോംപ്ലക്സുകളിൽ ഏർപ്പെടുത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പമ്പയിൽ റസ്ക്യൂ ബ്രിഡ്ജ് നിർമ്മിക്കുന്നതിനായി വനം വകുപ്പിൽനിന്നും ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; ഇപ്രകാരം ഭൂമി ഏറ്റെടുത്തതിന്റെ വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പമ്പയിൽ റെസ്ക്യൂ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖയും (DPR) അടങ്കലും (Cost estimate) തയ്യാറാക്കുന്നതിനുള്ള ചുമതല കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന M/s SPACE ART എന്ന കമ്പനിക്കാണ് ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതി നൽകിയിരിക്കുന്നത്. പദ്ധതിരേഖയും അടങ്കലും ലഭിച്ചതിനുശേഷം വനം-വന്യജീവി വകുപ്പിന്റെ പരിവേഷ് പോർട്ടലിൽ വിവരങ്ങൾ അപ്‌ലോഡ് ചെയ്യുമ്പോൾ മാത്രമേ വനം-വന്യജീവി വകുപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം

കാര്യങ്ങൾ നിർവ്വഹിക്കണമെന്ന വിവരം ലഭിക്കുകയുള്ളൂ. പരിവേഷ് പോർട്ടലിൽ വിവരങ്ങൾ നൽകുന്നതിനുള്ള നടപടിയും ടി കമ്പനിക്ക് തന്നെയാണ് നൽകിയിട്ടുള്ളത്.

## ശബരിമല മാസ്റ്റർ പ്ലാൻ

118 (908) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:

ശ്രീ. കെ. യു. ജനീഷ് കുമാർ:

ശ്രീ. ഡി. കെ. മുരളി:

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലയ്ക്കലും പമ്പയിലും സന്നിധാനത്തും ഇടത്താവളങ്ങളിലും മികച്ച അടിസ്ഥാന സൗകര്യമൊരുക്കി ഇപ്രാവശ്യത്തെ ശബരിമല തീർത്ഥാടനം സുഗമമാക്കാൻ ആലോചിച്ചിരുന്നോ; എങ്കിൽ അതിനായി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

കോവിഡിനുശേഷമുള്ള ശബരിമല തീർത്ഥാടനകാലം എന്ന നിലയിൽ വൻഭക്തജന തിരക്കുണ്ടാകുമെന്നത് മുന്നിൽക്കണ്ട് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി കാലേക്കൂട്ടി നടപടികൾ സ്വീകരിച്ചിരുന്നു. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ

ദേവസ്വം ബോർഡ് കൈക്കൊള്ളേണ്ടതായ മുന്നൊരുക്കങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബോർഡ് പ്രസിഡന്റിന്റെയും അംഗങ്ങളുടെയും ബോർഡിലെ ഉന്നത ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിലും 13-09-2022-ന് യോഗം ചേർന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. തുടർന്ന് 14-09-2022-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ബന്ധപ്പെട്ട എം.പി., എം.എൽ.എ.-മാർ എന്നിവരുടെ സാന്നിധ്യത്തിലും വിവിധ സർക്കാർ വകുപ്പ് മേധാവികളുടെ യോഗം ചേർന്ന് മുന്നൊരുക്കങ്ങൾ അവലോകനം ചെയ്തിരുന്നു. മേൽപ്പറഞ്ഞ യോഗങ്ങളിൽ കൈക്കൊണ്ട തീരുമാനങ്ങൾ നടപ്പിലാക്കുന്നതിലെ പുരോഗതി വിലയിരുത്തുന്നതിനായി 17-10-2022-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പമ്പയിൽ യോഗം ചേരുകയുണ്ടായി. തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ 18-10-2022-ന് എല്ലാ വകുപ്പുകളുടെയും യോഗം വിളിക്കുകയും മുന്നൊരുക്കങ്ങൾ വിലയിരുത്തുകയും ചെയ്തു. ശബരിമലയിലേയ്ക്ക് മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും

തീർത്ഥാടകർ ധാരാളമായി എത്തിച്ചേരുമെന്നതിനാൽ ശബരിമലയിൽ സ്വീകരിച്ചിരിക്കുന്ന ക്രമീകരണങ്ങൾ സംബന്ധിച്ച് ടി സംസ്ഥാനങ്ങളെ അറിയിക്കുന്നതിനും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആവശ്യങ്ങളും പരിഗണിക്കുന്നതിനുമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ എൻഡോവ്മെന്റ് വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും യോഗം 02-11-2022-ന് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി വിളിച്ച് ചേർത്തിരുന്നു. തുടർന്ന് പുനലൂർ, ചെങ്ങന്നൂർ, പന്തളം എന്നീ ഇടത്താവളങ്ങളിലെ മുന്നൊരുക്കങ്ങൾ വിലയിരുത്തുന്നതിനായി ടി സ്ഥലങ്ങളിൽവച്ച് 10-11-2022-ന് യോഗം ചേരുകയുണ്ടായി. മേൽപ്പറഞ്ഞ അവലോകന യോഗങ്ങൾ കൂടാതെ മറ്റ് വകുപ്പുകൾ കൈകാര്യം ചെയ്യുന്ന മന്ത്രിമാരും ശബരിമലയുമായി ബന്ധപ്പെട്ട് അവലോകന യോഗങ്ങൾ വിളിക്കുകയും തങ്ങളുടെ വകുപ്പുകളുടെ മുന്നൊരുക്കങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. വകുപ്പ് മേധാവികളുടെയും ജില്ലാ കളക്ടർമാരുടെയും നേതൃത്വത്തിലും മറ്റ് അനേകം യോഗങ്ങൾ നടക്കുകയുണ്ടായി.

2022-23-ലെ ശബരിമല മണ്ഡല മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ വിവിധ

വകുപ്പുകളുടെ ഏകോപനത്തിനും ശുചീകരണ പ്രവർത്തനങ്ങളും സ്ക്വാഡ് പ്രവർത്തനങ്ങളും ദുരന്തനിവാരണ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുമായി ഐ.എ.എസ്. കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനെ ശബരിമല അഡീഷണൽ ജില്ലാ മജിസ്ട്രേറ്റായി സർക്കാർ നിയമിച്ചിരുന്നു. അതൊടൊപ്പംതന്നെ സന്നിധാനം, പമ്പ, നിലയ്ക്കൽ ബേസ് ക്യാമ്പ് എന്നിവിടങ്ങളിൽ ഡ്യൂട്ടി മജിസ്ട്രേറ്റുമാരെയും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരെയും നിയോഗിച്ചിരുന്നു.

(ബി) ശബരിമല മാസ്റ്റർ പ്ലാൻപ്രകാരം നടത്തേണ്ട പ്രവൃത്തികൾ എന്തെല്ലാമാണെന്നും അതിലേയ്ക്കായി ഈ വർഷം എത്ര തുക നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ?

2050 വരെയുള്ള വികസന പ്രവർത്തനങ്ങൾ മുന്നിൽക്കണ്ട് തയ്യാറാക്കി നടപ്പാക്കിവരുന്ന ഒരു ബൃഹത് പദ്ധതിയാണ് ശബരിമല മാസ്റ്റർ പ്ലാൻ. ഓരോ വർഷവും നടപ്പിലാക്കേണ്ട വിവിധ വികസന പദ്ധതികൾക്ക് ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതി മുൻഗണനാക്രമം നിശ്ചയിച്ച് വാർഷിക പ്ലാനിൽ ഉൾപ്പെടുത്തുകയും അത് സർക്കാർ ബഡ്ജറ്റിൽ ചേർത്ത് ഫണ്ട് അനുവദിച്ചുവരികയുമാണ് ചെയ്തുവരുന്നത്. നടപ്പ് സാമ്പത്തിക വർഷം 28.4 കോടി രൂപ അടങ്കലുള്ള " Development of

Core Area at Nilakkal" എന്ന പ്രവൃത്തിക്ക് 25-12-2022-ലെ സ.ഉ. (സാധാ) നം.5231/2022/റവ നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും ഭരണാനുമതി നൽകിയിട്ടുണ്ട്.

കൂടാതെ ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതിയുടെ പൂർത്തീകരിച്ചതും നടന്നുകൊണ്ടിരിക്കുന്നതുമായ വിവിധ പദ്ധതികളുടെ പെൻഡിംഗ് ബില്ലുകൾ കൊടുക്കുന്നതിനായും ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതാധികാര സമിതിയുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായും കൂടി ആകെ 7,40,07,852/- രൂപ 2022-23-ലെ സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്.

(സി) ഇടത്താവളങ്ങളിൽ സൗകര്യമൊരുക്കുന്നതിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവൃത്തികളെക്കുറിച്ച് അറിയിക്കാമോ?

കിഫ്ബി ഫണ്ടുപയോഗപ്പെടുത്തി കഴക്കൂട്ടം, ചെങ്ങന്നൂർ, നിലയ്ക്കൽ, എരുമേലി, ചിറങ്ങര, ശുകപുരം, മണിയങ്കോട് എന്നിവിടങ്ങളിൽ ഇടത്താവളങ്ങളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി തിരുവിതാംകൂർ ദേവസ്വം ബോർഡിനെയും പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി (PMC) ആയി NBCC (India) Limited-നെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

മേൽപ്പറഞ്ഞ സ്ഥലങ്ങളിലെ ഇടത്താവളങ്ങളുടെ നിർമ്മാണം വളരെവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അരവണ നിർമ്മാണത്തിനായി ഭക്ഷ്യയോഗ്യമല്ലാത്ത ഏലയ്ക്ക ഉപയോഗിച്ചതിനെതിരെ നടപടി

119 (909) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യയോഗ്യമല്ലാത്ത ഏലയ്ക്ക അരവണ നിർമ്മാണത്തിനായി ഉപയോഗിച്ചുവെന്ന് കണ്ടെത്തിയതിനെത്തുടർന്ന് എത്ര ടിൻ അരവണ വിൽപ്പന നടത്താതെ സീൽ ചെയ്ത് മാറ്റേണ്ടിവന്നുവെന്നും ഏതൊക്കെ ബാച്ചിൽ നിർമ്മിച്ച അരവണയാണ് ഇപ്രകാരം മാറ്റേണ്ടിവന്നതെന്നും അവശേഷിച്ച ഭക്ഷ്യയോഗ്യമല്ലാത്ത എത്ര അളവ് ഏലയ്ക്ക പിടിച്ചെടുത്തുവെന്നും വിശദമാക്കാമോ?

ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 62 മുതൽ 69 വരെ ബാച്ചിൽപെട്ട 6,65,159 ടിൻ അരവണയും 92.3 കിലോഗ്രാം ഏലയ്ക്കയും സീൽ ചെയ്ത് മാറ്റിയിട്ടുണ്ട്.

(ബി) വിൽപ്പന ഉപേക്ഷിച്ചതിലൂടെ ദേവസ്വം ബോർഡിന് എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്; നഷ്ടപരിഹാരത്തുക കരാറുകാരനിൽനിന്ന്

ഈടാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏലയ്ക്ക ഉപയോഗിച്ച അരവണ ഉപേക്ഷിച്ചതിലൂടെ തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഏകദേശം 7 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. അരവണ നിർമ്മാണത്തിനുപയോഗിച്ച ഏലയ്ക്കയിൽ കീടനാശിനിയുടെ അളവ് കൂടുതലെന്ന് കണ്ടെത്തിയ സംഭവത്തിൽ ദേവസ്വം വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണം പുരോഗമിച്ചുവരുന്നു. വിശദമായ അന്വേഷണ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## ശബരിമലയിൽ ടെൻഡർ നടപടികൾ ആരംഭിക്കാനുണ്ടായ കാലതാമസം

120 (910) <u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ ഇക്കഴിഞ്ഞ മണ്ഡലകാല ആവശ്യങ്ങൾക്കുള്ള സാധനങ്ങൾ വാങ്ങുന്നതിന് ടെൻഡർ നടപടികൾ ആരംഭിച്ചത് എന്നാണ്; വിശദാംശം നൽകുമോ?

ഇക്കഴിഞ്ഞ മണ്ഡലകാല ആവശ്യങ്ങൾക്കുള്ള സാധനങ്ങൾ വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ 2022 ജൂൺ, ജൂലൈ മാസങ്ങളിൽ ആരംഭിച്ചിട്ടുള്ളതും ആദ്യ ഇ-ടെൻഡർ 2022 ജൂലൈ മാസം ആറാം തീയതി നടന്നിട്ടുള്ളതുമാണ്.

(ബി) ടെൻഡർ നടപടികൾ ആരംഭിക്കാൻ കാലതാമസം നേരിട്ടതിന്റെ കാരണം വ്യക്തമാക്കാമോ?

ടെൻഡർ നടപടികൾ ആരംഭിക്കാൻ കാലതാമസം നേരിട്ടിട്ടില്ല.

(സി) ടെൻഡർ നടപടികൾ ആരംഭിക്കാൻ വൈകിയതുമൂലം ഏലയ്ക്ക ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി വിലയിരുത്തുന്നുണ്ടോ; ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഏലയ്ക്ക ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി വിലയിരുത്താനാകില്ല. ഫുഡ് സേഫ്റ്റി പരിശോധനയിൽ മൂന്ന് തവണ ഏലയ്ക്ക ഭക്ഷ്യയോഗ്യമല്ലെന്ന്

കണ്ടെത്തിയതിനാൽ നാലാമതായി ക്വട്ടേഷൻ ക്ഷണിച്ച് പമ്പ ലാബിൽ പരിശോധന നടത്തി തൃപ്തികരമെന്ന് റിപ്പോർട്ട് ലഭിച്ചശേഷമാണ് ഏലയ്ക്ക അരവണ നിർമ്മാണത്തിനായി ഉപയോഗിച്ചിട്ടുള്ളത്.

**മണ്ഡലകാലത്തെ വരുമാനം**

121 (911) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിൽ കഴിഞ്ഞ വർഷം മണ്ഡല മകരവിളക്ക് കാലത്തെ ആകെ വരുമാനം എത്രയായിരുന്നു; ഈ സീസണിൽ ആകെ വരുമാനം എത്രയാണ്; കാണിക്കയായി ലഭിച്ച നാണയങ്ങൾ എണ്ണിത്തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

ശബരിമലയിൽ കഴിഞ്ഞ വർഷം (2021-22) മണ്ഡല മകരവിളക്ക് കാലത്ത് ലഭിച്ച ആകെ വരുമാനം 154,39,56,054/- രൂപയായിരുന്നു. ഇക്കഴിഞ്ഞ സീസണിൽ കണക്കാക്കിയിട്ടുള്ള വരുമാനം 351 കോടി രൂപയോളമാണ്. കാണിക്കയായി ലഭിച്ച നാണയങ്ങൾ എണ്ണിത്തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. നാണയങ്ങൾ എണ്ണുന്നതിന് യന്ത്ര സംവിധാനം അടക്കമുള്ള

പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സാധ്യതാ പഠനം തിരുവിതാംകൂർ ദേവസ്വം ബോർഡ് നടത്തിവരുന്നുണ്ട്.

(ബി) ശബരിമലയിൽ ഈ മണ്ഡല മകരവിളക്ക് കാലത്തുണ്ടായ തിരക്കിന്റെ പശ്ചാത്തലത്തിൽ അടുത്ത തീർത്ഥാടന കാലത്തേയ്ക്ക് എന്തൊക്കെ മുൻകരുതലുകളും അടിസ്ഥാന സൗകര്യവികസനവും നടത്തുമെന്ന് വ്യക്തമാക്കുമോ?

ശബരിമലയിൽ ഈ മണ്ഡല മകരവിളക്ക് കാലത്തുണ്ടായ തിരക്കിന്റെ പശ്ചാത്തലത്തിൽ അടുത്ത തീർത്ഥാടന കാലത്തേയ്ക്ക് കൂടുതൽ സൗകര്യങ്ങൾ കുറ്റമറ്റരീതിയിൽ ഏർപ്പെടുത്തുന്നതിന് സാധ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ മുന്നോടിയായി ഇക്കഴിഞ്ഞ മണ്ഡല മകരവിളക്ക് കാലത്തെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെയും വിവിധ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തി അടുത്ത വർഷത്തെ തീർത്ഥാടന കാലത്തിന് മുൻപായി കൂടുതലായി ഏർപ്പെടുത്തേണ്ട സൗകര്യങ്ങളും ക്രമീകരണങ്ങളും പരിശോധിക്കുന്നതിനായി ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെയും ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും യോഗം പമ്പയിൽ 16-02-2023-ന് ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയുള്ള തെരഞ്ഞെടുപ്പുകൾ

122 (912) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ വ്യാജ നിയമനത്തിന്റെ പേരിൽ പണം തട്ടിയെടുക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർക്ക് നിയമന തട്ടിപ്പുമായി ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പേരിൽ വ്യാജ നിയമനത്തിന് പണം തട്ടിയെടുത്തതായി ഒരു പരാതി രേഖാമൂലം കിട്ടിയിട്ടുണ്ട്. ആയത് തിരുവിതാംകൂർ ദേവസ്വം ബോർഡ് സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി) മുഖേന അന്വേഷണം നടത്തുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് സർവ്വീസിൽനിന്നും വിരമിച്ച ഒരു ഉദ്യോഗസ്ഥന്റെ പേരിൽ നിയമന തട്ടിപ്പ് സംബന്ധിച്ച പരാതി ലഭിച്ചിട്ടുണ്ട്. ആയതും അന്വേഷണത്തിന് നൽകിയിട്ടുണ്ട്.

(ബി) ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയുള്ള തെരഞ്ഞെടുപ്പുകൾ സുതാര്യവും കാര്യക്ഷമവുമായി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ പ്രവർത്തനങ്ങൾ അനായാസം ലഭ്യമാകുന്നതിന് സി-ഡിറ്റിന്റെ സഹകരണത്തോടുകൂടി വെബ്സൈറ്റ് ആരംഭിച്ചിട്ടുണ്ട്. ഉദ്യോഗാർത്ഥികളുടെ തെരഞ്ഞെടുപ്പ് നടപടികൾ കുറ്റമറ്റതും സത്വരവുമാക്കുന്നതിനുവേണ്ടി 'ദേവജാലിക' എന്ന പേരിൽ ഒരു ഓൺലൈൻ റിക്രൂട്ട്മെന്റ് മാനേജ്മെന്റ് സിസ്റ്റം സി-ഡാക്കിന്റെ സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. അപേക്ഷ സ്വീകരിക്കുന്നത് മുതൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമന ശിപാർശ നടത്തുന്നതുവരെയുള്ള എല്ലാ നടപടികളും ഇപ്പോൾ ഈ സോഫ്റ്റ്‌വെയർ മുഖേനയാണ് നടത്തിവരുന്നത്. എഴുത്ത് പരീക്ഷകളുടെ രഹസ്യ സ്വഭാവം കാത്തുസൂക്ഷിക്കുന്നതിനാവശ്യമായ നടപടികളും കൈക്കൊണ്ടിട്ടുണ്ട്. ഉദ്യോഗാർത്ഥികൾക്ക് ദേവജാലിക സോഫ്റ്റ്‌വെയറിൽ പി.എസ്.സി. മാതൃകയിൽ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്താനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനെ അറിയിക്കുന്ന ഒഴിവുകൾ ദേവജാലിക സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെ തസ്തിക, ദേവസ്വം ബോർഡ്, ഒഴിവുകളുടെ എണ്ണം,

യോഗ്യതകൾ, പ്രായപരിധി, അപേക്ഷാ ഫീസ്, അപേക്ഷിക്കുവാനുള്ള അവസാന തീയതി, പൊതുവിവരങ്ങൾ എന്നിവ വ്യക്തമാക്കിക്കൊണ്ട് ഒരു ലഘുവിജ്ഞാപനം തയ്യാറാക്കി 2 മലയാള പത്രങ്ങളിലും ഒരു ഇംഗ്ലീഷ് പത്രത്തിലും പ്രസിദ്ധീകരിക്കുകയും കൂടാതെ വിജ്ഞാപനം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

**ഗുരുവായൂർ ദേവസ്വത്തിലെ പ്രവൃത്തികളുടെ ഭരണാനുമതി**

123 (913) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന ചുമതല ആരിൽ നിക്ഷിപ്തമാണെന്ന് വ്യക്തമാക്കാമോ; ഓരോ ചുമതലക്കാർക്കും നിശ്ചയിച്ചിട്ടുള്ള എസ്റ്റിമേറ്റ് സാമ്പത്തിക പരിധി എത്രയെന്ന് അറിയിക്കാമോ; ഗുരുവായൂർ ദേവസ്വത്തിന് നേരിട്ട് ചെയ്യാവുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സാമ്പത്തിക പരിധി എത്രയാണെന്ന് അറിയിക്കാമോ?

ഗുരുവായൂർ ദേവസ്വം ഭരണസമിതിക്കാണ് ഭരണാനുമതി നൽകുവാനുള്ള ചുമതല. അഞ്ചുലക്ഷം രൂപയ്ക്ക് മുകളിലുള്ള പുതിയ

പ്രവൃത്തികൾക്ക് ഗുരുവായൂർ ദേവസ്വം കമ്മീഷണറുടെ മുൻകൂർ ധനവിനിയോഗാനുമതികൂടി ആവശ്യമാണ്.

(ബി) പ്രസ്തുത എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധന നടത്തുന്നതിന് നിശ്ചിത ശതമാനം ഫീസ് അല്ലെങ്കിൽ കമ്മീഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിരക്ക് അറിയിക്കാമോ;

(സി) പ്രസ്തുത നിരക്ക് ഏർപ്പെടുത്തിയിരിക്കുന്നത് ഏത് ഉത്തരവിന്റെ അഥവാ ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ബി&സി) എസ്റ്റിമേറ്റ് സൂക്ഷ്മപരിശോധന നടത്തുന്നത് ഗുരുവായൂർ ദേവസ്വം എഞ്ചിനീയറിംഗ് വിഭാഗമാണ്. എസ്റ്റിമേറ്റിന്റെ സൂക്ഷ്മപരിശോധനയ്ക്ക് ശമ്പളത്തിന് പുറമേ ഫീസുകളൊന്നും നിലവിൽ നൽകുന്നില്ല.

**ശബരിമല ഇടത്താവളം അനുവദിക്കാൻ നടപടി**

124 (914) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിലുള്ള പുതുക്കാട് കുറുമാലിക്കാവ് ക്ഷേത്രത്തിന്റെ ഉത്സവത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ധനസഹായം അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

മണ്ഡലകാല ക്രമീകരണങ്ങളുടെ ഭാഗമായി കൊച്ചിൻ ദേവസ്വം ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതുക്കാട് കുറുമാലിക്കാവ് ക്ഷേത്രത്തിന് മാത്രമായി പ്രത്യേക ധനസഹായം അനുവദിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ബി) ദേശീയപാത 544-നോട് ചേർന്ന്, കുറുമാലിപ്പുഴയുടെ തീരത്തിനടുത്തായി സ്ഥിതി ചെയ്യുന്ന കുറുമാലിക്കാവ് ക്ഷേത്രത്തിന്റെ സ്ഥലത്ത് ശബരിമല ഇടത്താവളം അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ?

പരിശോധിക്കുന്നതാണ്.

**മലബാർ ദേവസ്വം ബോർഡിന് നൽകിയ സാമ്പത്തിക സഹായം**

125 (915) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് 2016-2021 കാലയളവിൽ സർക്കാർ നൽകിയ ആകെ സാമ്പത്തിക സഹായം എത്രയെന്നും ഈ കാലയളവിൽ ഓരോ വർഷവും നൽകിയ സംഖ്യ എത്രയായിരുന്നുവെന്നും അറിയിക്കാമോ?

മലബാർ ദേവസ്വം ബോർഡിലേയ്ക്ക് 2016-2021 കാലയളവിൽ സർക്കാർ നൽകിയ സാമ്പത്തിക സഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **സർക്കാരിൽ നിന്നും വിവിധ ഇനങ്ങളിലായി ലഭിച്ച ഗ്രാന്റ്-ഇൻ-എയ്ഡ്** |
|---|---|
| 2016-2017 | 46,41,35,000 |
| 2017-2018 | 28,89,57,000 |
| 2018-2019 | 36,95,78,985 |
| 2019-2020 | 18,16,13,333 |
| 2020-2021 | 44,30,53,740 |
| **ആകെ** | **1,74,73,38,058** |

(ബി) 2021 മുതൽ ഇതുവരെ നൽകിയ സാമ്പത്തിക സഹായം എത്രയാണ്?

2021 മുതൽ ഇതുവരെ നൽകിയ സർക്കാർ ധനസഹായങ്ങൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **സർക്കാരിൽ നിന്നും വിവിധ ഇനങ്ങളിലായി ലഭിച്ച ഗ്രാന്റ്-ഇൻ-എയ്ഡ്** |
|---|---|
| 2021-2022 | 32,27,58,620 |
| 2022-2023 | 38,94,39,000 |
| (01-04-2022 മുതൽ 31-01-2023 വരെ) | |
| **ആകെ** | **71,21,97,620** |

(സി) 2011-16 കാലയളവിൽ മലബാർ ദേവസ്വം ബോർഡിന് നൽകിയിരുന്ന സാമ്പത്തിക സഹായം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

2011-2016 കാലയളവിൽ നൽകിയ സർക്കാർ ധനസഹായത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **വർഷം** | **സർക്കാരിൽ നിന്നും വിവിധ ഇനങ്ങളിലായി ലഭിച്ച ഗ്രാന്റ്-ഇൻ-എയ്ഡ്** |
|---|---|
| 2011-2012 | 20,80,00,000 |
| 2012-2013 | 23,49,00,000 |

| | |
|---|---|
| 2013-2014 | 18,16,80,000 |
| 2014-2015 | 3,62,97,000 |
| 2015-2016 | 13,00,00,000 |
| **ആകെ** | **79,08,77,000** |

## പുതിയേടം ക്ഷേത്രക്കുളത്തിന്റെ പുനരുദ്ധാരണം

126 (916) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ദേവസ്വം ബോർഡിനുകീഴിലുള്ള പുതിയേടം ക്ഷേത്രക്കുളം സർക്കാർ ഫണ്ട് ഉപയോഗിച്ച് പുനരുദ്ധരിക്കുന്നതിന് ദേവസ്വം ബോർഡ് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കൊച്ചിൻ ദേവസ്വം ബോർഡ് അപേക്ഷ സമർപ്പിച്ചിട്ടില്ല.

(ബി) എങ്കിൽ പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ബാധകമല്ല.

## ദേവസ്വം ബോർഡുകൾക്കുള്ള സാമ്പത്തിക സഹായം

127 (917) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകിവരുന്നുണ്ടോ; എങ്കിൽ കഴിഞ്ഞ അഞ്ചുവർഷം വിവിധ ദേവസ്വം ബോർഡുകൾക്ക് ലഭ്യമാക്കിയ സാമ്പത്തിക സഹായം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഹിന്ദു ക്ഷേത്രങ്ങൾ ഉൾപ്പെടെയുള്ള വിവിധ ആരാധനാലയങ്ങൾക്ക് സർക്കാർ നേരിട്ട് സാമ്പത്തിക സഹായം നൽകാറുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഹിന്ദു ക്ഷേത്രങ്ങളിൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രം ഒഴികെയുള്ളവയ്ക്ക് സർക്കാർ ദേവസ്വം വകുപ്പിൽനിന്ന് നേരിട്ട് സാമ്പത്തിക സഹായം നൽകുന്നില്ല. ദേവസ്വം ബോർഡുകൾക്കാണ് സർക്കാർ ധനസഹായം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുന്നത്. എന്നാൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് ആനുവൽ കോൺട്രിബ്യൂഷനായി ഓരോ വർഷവും 20 ലക്ഷം രൂപയും കോവിഡാനന്തരം സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ പലിശരഹിത വായ്പയായി 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ മണ്ഡലകാലത്തെ ശബരിമല ക്ഷേത്രത്തിലെ വരുമാനം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

കഴിഞ്ഞ മണ്ഡലകാലത്തെ ശബരിമല ക്ഷേത്രത്തിലെ വരുമാനം 351 കോടി രൂപയാണ്. കാണിക്കയായി ലഭിച്ച നാണയങ്ങൾ എണ്ണിത്തിട്ടപ്പെടുത്തിവരുന്നു.

**ആലപ്പുഴ ജില്ലയിലെ കാവുകളുടെ സംരക്ഷണം**

128 (918) <u>ശ്രീ. തോമസ് കെ. തോമസ്:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കാവുകളുടെ സംരക്ഷണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ വനമേഖലയില്ലാത്ത ജില്ലയെന്ന നിലയിൽ ആലപ്പുഴ ജില്ലയിലെ കാവുകളുടെ സംരക്ഷണത്തിന് കൂടുതൽ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകൾ, കുളങ്ങൾ, ആൽത്തറകൾ എന്നിവ സംരക്ഷിക്കുന്നതിനായി സർക്കാർ ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. പ്രസ്തുത പദ്ധതിക്കായി 2022-2023 സാമ്പത്തിക വർഷം ഒരു കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ ഉൾപ്പെട്ട് ധനസഹായം ലഭിക്കുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ ക്ഷേത്രം സ്ഥിതി ചെയ്യുന്ന പ്രദേശം ഏത് ദേവസ്വം ബോർഡിന്റെ അധികാരപരിധിയിലാണോ വരുന്നത്, പ്രസ്തുത ദേവസ്വം ബോർഡിന് കൈമാറുകയും ദേവസ്വം ബോർഡുകൾ അപേക്ഷ പരിശോധിച്ച് മാനദണ്ഡങ്ങൾ പാലിക്കുന്നവ ക്രോഡീകരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിലേയ്ക്ക് ലഭ്യമാക്കുകയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം നൽകിവരികയും ചെയ്യുന്നു.

## ദേവസ്വം ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും വികസനം

129 (919) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവസ്വം ബോർഡുകളുടെ വികസനത്തിനും ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങൾ നവീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആയതിനുവേണ്ടി എത്ര തുക വിനിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ശബരിമല ഇടത്താവളങ്ങളുടെ നിർമ്മാണത്തിനായി നിലയ്ക്കൽ, എരുമേലി, കഴക്കൂട്ടം, ചെങ്ങന്നൂർ, ശുകപുരം, മണിയൻകോട്, ചിറങ്ങര എന്നീ സ്ഥലങ്ങളെ ഉൾപ്പെടുത്തി 118.35 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ചുവരുന്നതും ഈ പദ്ധതികളെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികളുടെ പുരോഗതി കൃത്യമായി നിരീക്ഷിച്ചുവരികയുമാണ്.

കൂടാതെ ശബരിമല മാസ്റ്റർ പ്ലാൻ പദ്ധതി നടത്തിപ്പിനായി പ്ലാൻ ഫണ്ടിൽ 2022-23 സാമ്പത്തിക വർഷത്തിൽ 30 കോടി രൂപ വകയിരുത്തുകയും ആയതിൽനിന്നും നിലയ്ക്കൽ കോർ ഏരിയ വികസനത്തിനായി 28.4 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കൊച്ചിൻ ദേവസ്വത്തിന് കീഴിലുള്ള ചോറ്റാനിക്കര ക്ഷേത്രത്തിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപ ഒറ്റത്തവണ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) ദേവസ്വം ബോർഡുകളുടെ വികസനത്തിനും ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെ വികസനത്തിനുമായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ്, ആഡിറ്റോറിയം മുതലായ കെട്ടിടങ്ങൾ നിർമ്മിച്ച് വാടകയ്ക്ക് നൽകുന്നതിനും പാർക്കിംഗ് ഗ്രൗണ്ടായി ഉപയോഗിക്കുന്നതിനും തരിശുഭൂമി കൃഷിക്കായി ദേവഹരിതം പദ്ധതി, ക്ഷേത്രത്തോടുചേർന്ന് നക്ഷത്രവനം പദ്ധതി എന്നിവ

കൂടാതെ വരുമാനം ലഭിക്കുന്ന പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപ്പിൽ വരുത്തുന്നതിനുമുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. ശബരിമലയുടെ വികസനവുമായി ബന്ധപ്പെട്ട് ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കിഫ്ബി ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന ശബരിമല ഇടത്താവള സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മറ്റ് ക്ഷേത്രങ്ങളുടെ ശ്രീകോവിലുകളുടേയും അനുബന്ധ നിർമ്മിതികളുടേയും നിലവിലുള്ള ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിലെ ഒഴിഞ്ഞുകിടക്കുന്ന ഭൂമികളിൽ ഷോപ്പിംഗ് കോംപ്ലക്സ്, കൃഷി, പാർക്കിംഗ്, വെയർഹൗസ്, വർക്ക് ഷോപ്പ്, ട്രേഡ് ഫെയർ തുടങ്ങിയ ആവശ്യങ്ങൾക്ക് അനുവദിച്ച് നൽകുന്നതിന് ബോർഡ് നടപടി സ്വീകരിച്ചുവരുന്നു.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള തരിശ്ശായി കിടക്കുന്ന ഭൂമി കൃഷി, വാണിജ്യം മുതലായ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തി സ്ഥായിയായ വരുമാന മാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ക്ഷേത്ര ഭരണാധികാരികൾക്ക് നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

ചരിത്ര പ്രാധാന്യമുള്ളതും പൗരാണിക പ്രാധാന്യമുള്ളതുമായ ക്ഷേത്രങ്ങളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് " തീർത്ഥാടന ടൂറിസം" എന്ന പേരിൽ ഒരു പ്രോജക്ട് മലബാർ ദേവസ്വം ബോർഡിന്റെ സജീവ പരിഗണനയിലുണ്ട്.

കൂടൽമാണിക്യം ദേവസ്വത്തിനുകീഴിൽ വഴിപാടേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വ്യാപാര കോംപ്ലക്സ് പണി തീർത്ത് പാട്ടക്കരാർ പ്രകാരം നൽകിയിട്ടുണ്ട്. മറ്റൊരു വ്യാപാര സമുച്ചയമായ മണിമാളിക പ്രോജക്ട് താമസം കൂടാതെ ആരംഭിക്കുന്നതുമാണ്.

ഗുരുവായൂർ ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള തെക്കേനടയിൽ ഭക്തജനങ്ങൾക്ക് ഉപകാരപ്രദമായിട്ടുള്ള കല്യാണമണ്ഡപങ്ങളും ലോഡ്ജ് ബിൽഡിംഗും നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

## കുറ്റ്യാടി നിയോജകമണ്ഡലത്തിൽ ദേവസ്വം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾ

130 (920) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് 2021-22 സാമ്പത്തിക വർഷം മുതൽ കുറ്റ്യാടി നിയോജകമണ്ഡലത്തിൽ അനുമതി നൽകിയിട്ടുള്ള

പ്രവൃത്തികളുടെ വിശദാംശം അറിയിക്കാമോ; ഈ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ അനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ സർക്കാരിൽനിന്ന് അനുവദിക്കുന്ന ജീർണ്ണോദ്ധാരണ ഗ്രാന്റിന്റെ ഒരു വിഹിതമുപയോഗിച്ചും ക്ഷേത്രത്തിന്റെ തനത് ഫണ്ടുപയോഗിച്ചും ഭക്തജനങ്ങളിൽനിന്ന് കമ്മിറ്റികൾ മുഖേന പണം സമാഹരിച്ചുമാണ് നടത്തപ്പെടുന്നത്. 2021-2022 സാമ്പത്തിക വർഷം മുതൽ നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.+

## കണ്ണൂർ ജില്ലയിൽ ക്ഷേത്രകലാ അക്കാദമി ആസ്ഥാന മന്ദിര നിർമ്മാണത്തിനുള്ള നടപടികൾ

131 (921) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ണൂർ ജില്ലയിലെ ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി മാടായിക്കാവ് ദേവസ്വം ഉടമസ്ഥതയിലുള്ള സ്ഥലം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മലബാർ ദേവസ്വം ബോർഡിനുകീഴിൽ പ്രവർത്തിക്കുന്ന ക്ഷേത്രകലാ അക്കാദമിക്ക് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി കണ്ണൂർ ജില്ലയിലെ ശ്രീമാടായി തിരുവർക്കാട്ട് കാവ് ദേവസ്വത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം അക്കാദമിക്ക് പാട്ടത്തിന് നൽകുന്നതിന്, ഹിന്ദുമത ധർമ്മസ്ഥാപന നിയമത്തിലെ സെക്ഷൻ 29 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ നിന്നും ഇളവുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

## ഭരണഘടനയെക്കുറിച്ചും ജനാധിപത്യ മൂല്യങ്ങളെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനുള്ള പരിപാടികൾ

132 (922) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. എം. നൗഷാദ്:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനാധിപത്യ സംവിധാനത്തെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ഭരണഘടനയെക്കുറിച്ചും ജനാധിപത്യ മൂല്യങ്ങളെക്കുറിച്ചും പൊതുജനങ്ങളിലും യുവജന-വിദ്യാർത്ഥി സമൂഹങ്ങളിലും അവബോധം സൃഷ്ടിക്കുന്നതിനും സാഹോദര്യബോധമുള്ള ജനാധിപത്യ സമൂഹത്തെ വാർത്തെടുക്കുന്നതിനും സർക്കാർ നടത്തുന്ന പരിപാടികൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസ് എന്ന പരിപാടി നടപ്പിലാക്കുവാൻ തീരുമാനമെടുത്തിരുന്നോ; വിശദാംശം നൽകാമോ?

(എ&ബി) പാർലമെന്ററികാര്യ വകുപ്പിനുകീഴിലുള്ള പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലകളിലുള്ള സ്കൂളുകളിലും കോളേജുകളിലും ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസ് (FDSJ) അഥവാ ജനാധിപത്യത്തിനും സാമൂഹ്യനീതിക്കുമായുള്ള വേദി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിവരം എല്ലാ നിയമസഭാ സാമാജികരെയും അറിയിക്കുകയും ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസിന്റെ ഭാഗമാകുവാൻ സന്നദ്ധത അറിയിച്ച 140 സ്കൂളുകളിലും 38 കോളേജുകളിലും ഫോറം ഫോർ ഡെമോക്രസി ആൻഡ്

സോഷ്യൽ ജസ്റ്റിസ് രൂപീകരിച്ച് പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസിന്റെ ആഭിമുഖ്യത്തിൽ ജനപ്രതിനിധികളുടെ പങ്കാളിത്തത്തോടെ സ്കൂൾ തലത്തിൽ യൂത്ത് പാർലമെന്റ് മത്സരങ്ങൾ, സെമിനാറുകൾ, പ്രഭാഷണങ്ങൾ, ക്വിസ്/ഉപന്യാസ/പ്രസംഗ മത്സരങ്ങൾ എന്നിവ നടത്തിവരുന്നു. കോളേജ് തലത്തിൽ മോഡൽ പാർലമെന്റ് മത്സരങ്ങൾ, ഏകദിന/ദ്വിദിന സെമിനാറുകൾ, പ്രഭാഷണങ്ങൾ, ശില്പശാലകൾ, ക്വിസ്/ഉപന്യാസ/പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. ആയതിലേയ്ക്കായി സ്കൂൾ/കോളേജ് തലത്തിലെ അധ്യാപക കോ-ഓർഡിനേറ്റർമാർക്ക് വിവിധ തലങ്ങളിലുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഭരണഘടനയേയും ജനാധിപത്യ മൂല്യങ്ങളെയും പൊതുസമൂഹത്തിന് മുന്നിൽ പരിചയപ്പെടുത്തുന്നതിലേയ്ക്കായി വിവിധ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പ്രസ്തുത പരിപാടികൾക്ക് പുറമേ മന്ത്രി, എം.പി., ഭരണഘടനാ വിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനതല ഭരണഘടനാ ദിനാഘോഷവും പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ചിട്ടുണ്ട്. അതോടൊപ്പം സ്വാതന്ത്ര്യദിനം, മനുഷ്യാവകാശ ദിനം, റിപ്പബ്ലിക് ദിനം, പ്രധാന വ്യക്തികളുടെ അനുസ്മരണങ്ങൾ എന്നിവ വിവിധ സ്ഥാപനങ്ങളുമായി

സഹകരിച്ചുകൊണ്ട് നടപ്പിലാക്കിവരുന്നു. പരിപാടികളുടെ കൃത്യമായ നടത്തിപ്പിലേയ്ക്കായി സ്കൂൾ-കോളേജ് തലത്തിൽ അദ്ധ്യാപക-വിദ്യാർത്ഥി കോ-ഓർഡിനേറ്റർമാർ, ജില്ലാ കോ-ഓർഡിനേറ്റർമാർ എന്നിവരെയും തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) പ്രസ്തുത ലക്ഷ്യത്തിലേയ്ക്കെത്തുന്നതിനായി നൂതന കർമ്മ പരിപാടികൾ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ കോളേജ്, സർവ്വകലാശാലകളിലെ വിദ്യാർത്ഥി യൂണിയൻ പ്രതിനിധികൾക്കായി പാർലമെന്റ്-നിയമസഭാ അംഗങ്ങൾ, അക്കാദമിക/ഭരണ രംഗത്തെ വിദഗ്ദ്ധർ എന്നിവരുടെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള പരിശീലന പരിപാടികൾ, നിയമസഭാ മണ്ഡലങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി പ്രതിനിധികൾ മണ്ഡലം എം.എൽ.എ.-യുമായി മണ്ഡലത്തിലെ വികസനത്തെക്കുറിച്ചുള്ള വ്യത്യസ്ത തലത്തിലുള്ള കാഴ്ചപ്പാടുകൾ പങ്കുവയ്ക്കുന്ന പരിപാടി എന്നിവ ഫോറം ഫോർ ഡെമോക്രസി ആൻഡ് സോഷ്യൽ ജസ്റ്റിസിന്റെ കർമ്മ പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിന്റെ വേതനം വർദ്ധിപ്പിക്കാൻ നടപടി

133 (923) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിന്റെ വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിന് എന്ന് മുതൽ വേതന വർദ്ധനവ് നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) അഡീഷണൽ സ്റ്റാഫിന് മെച്ചപ്പെട്ട ജീവിത നിലവാരം പുലർത്തുന്നതിന് ആവശ്യമായ വേതനം ഇപ്പോൾ ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) നിയമസഭാ മണ്ഡലങ്ങളിൽ എം.എൽ.എ.-മാരുടെ കൂടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഇവർക്ക് ദിവസ വേതനക്കാരേക്കാൾ കുറഞ്ഞ വേതനമാണ് ലഭിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇത് പരിഗണിച്ച് എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിന് മെച്ചപ്പെട്ട വേതനം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ?

(എ-എഫ്) എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിന് നൽകിവരുന്ന വേതനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ലഭിച്ച അപേക്ഷ പരിശോധിച്ചുവരുന്നു.

**വനാതിർത്തികളിൽ സ്ഥിരം ജണ്ട**

134 (924) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തികളിൽ സ്ഥിരം ജണ്ട കെട്ടി വേർതിരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് വനാതിർത്തികൾ സ്ഥിരം ജണ്ട കെട്ടി വേർതിരിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. സെൻട്രൽ സർക്കിൾ തൃശ്ശൂരിന്റെ പരിധിയിൽവരുന്ന വനാതിർത്തികൾ ഇതിനോടകം പൂർണ്ണമായും ജണ്ട കെട്ടി വേർതിരിച്ചിട്ടുണ്ട്. മറ്റ് സർക്കിളുകളിൽ വനാതിർത്തി ഭൂമിയിൽ അടയാളപ്പെടുത്തുവാൻ ശേഷിക്കുന്ന ഭാഗങ്ങളിലും കോടതി കേസ്സുകൾ നിലനിൽക്കുന്നയിടങ്ങളിലും തർക്കം നിലനിൽക്കുന്ന പ്രദേശങ്ങളിലും ഇനിയും ജണ്ടകൾ സ്ഥാപിക്കുവാനുണ്ട്.

(ബി) ഏറനാട് നിയോജകമണ്ഡലത്തിൽ എവിടെയെല്ലാമാണ് സ്ഥിരം ജണ്ടകൾ കെട്ടിയിട്ടുള്ളതെന്നും ജണ്ട കെട്ടാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ഏതൊക്കെ വനാതിർത്തികളിലാണെന്നും വ്യക്തമാക്കാമോ?

ഏറനാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടതും പാലക്കാട് ഈസ്റ്റേൺ സർക്കിളിലെ നിലമ്പൂർ നോർത്ത് ഡിവിഷനിലെ എടവണ്ണ റേഞ്ചിലെ എടക്കോട് ഫോറസ്റ്റ് സ്റ്റേഷനിലെ കുളപ്പാടം മലവാരത്തിന്റെ മുഴവൻ വനാതിർത്തികളിലും കൊടുമ്പുഴ ഫോറസ്റ്റ് സ്റ്റേഷനിലെ ചെക്കുന്ന് മലവാരത്തിലെ സർവ്വേ പൂർത്തിയായ വനാതിർത്തികളിലും ഊർങ്ങാട്ടിരി മലവാരത്തിന്റെ സർവ്വേ പൂർത്തിയായ വനഭാഗങ്ങളിലും സ്ഥിരം ജണ്ടകൾ സ്ഥാപിച്ചിട്ടുണ്ട്.

ചെക്കുന്ന് മലവാരം, ഊർങ്ങാട്ടിരി മലവാരം തുടങ്ങിയ വനഭാഗങ്ങളിലെ സർവ്വേ പൂർത്തീകരിക്കാത്ത വനതിർത്തികളിലും പൊതുജനങ്ങളുമായി തർക്കം നിലനിൽക്കുന്ന സർവ്വേ പൂർത്തീകരിക്കാത്ത വനാതിർത്തികളിലും ജണ്ടകൾ നിർമ്മിക്കാനായിട്ടില്ല.

## വന്യമൃഗങ്ങളുടെ ആക്രമണം

135 (925) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ എടപ്പറ്റ പഞ്ചായത്തിലെ മൂനാടി പ്രദേശത്ത് രൂക്ഷമായ വന്യമൃഗശല്യം തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഈസ്റ്റേൺ സർക്കിളിന്റെ കീഴിലുള്ള നിലമ്പൂർ സൗത്ത് ഡിവിഷന്റെ പരിധിയിൽവരുന്ന മഞ്ചേരി നിയോജകമണ്ഡലത്തിൽ എടപ്പറ്റ പഞ്ചായത്തിലെ മൂനാടി പ്രദേശത്തെ രൂക്ഷമായ വന്യജീവിശല്യം തടയുന്നതിന് ടി ഭാഗത്ത് കാളികാവ് റേഞ്ചിലെ കരുവാരകുണ്ട് ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫ് നിരന്തര പട്രോളിംഗ് നടത്തുന്നുണ്ട്. ടി ഭാഗത്ത് സ്ഥിരമായി വാച്ചർമാരുടെയും സ്റ്റാഫിന്റെയും സാന്നിധ്യം ഉറപ്പുവരുത്തുന്നുണ്ട്. അടിയന്തര ഘട്ടങ്ങളിൽ ദ്രുതകർമ്മസേനയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്.

(ബി) കീഴാറ്റൂർ പഞ്ചായത്തിലെ മുള്ളിയകുറിശ്ശി പ്രദേശത്ത് പുലി, പന്നി ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ കൃഷി അടക്കമുള്ളവ നശിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൃഷിനാശം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കാളികാവ് റേഞ്ചിലെ കരുവാരകുണ്ട് ഫോറസ്റ്റ് സ്റ്റേഷനിലെ മുള്ളിയകുറിശ്ശി പ്രദേശത്ത് പുലിയുടെ സാന്നിധ്യമുണ്ടെന്നുള്ള വാർത്തയെത്തുടർന്ന് ടി സ്ഥലത്ത് ജീവനക്കാർ പരിശോധന നടത്തിയെങ്കിലും പുലിയെ കണ്ടെത്തിയിട്ടില്ല. ജനവാസമേഖലയിലിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും കൃഷിക്കും നാശം വരുത്തുന്ന കാട്ടുപന്നികളെ കൊല്ലുന്നതിനായി പൊതുജനങ്ങളുടെ അപേക്ഷയിന്മേൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓണററി വൈൽഡ് ലൈഫ് വാർഡൻ/ അധികാരപ്പെട്ട ഉദ്യോഗസ്ഥന് അത്തരം കാട്ടുപന്നികളെ കൊല്ലുന്നതിന്/ കൊല്ലിക്കുന്നതിന് ചീഫ് വൈൽഡ് ലൈഫ് വാർഡനിൽ നിക്ഷിപ്തമായ അധികാരം/നിബന്ധനകൾ ഉൾപ്പെടുത്തി 28-05-2022-ലെ സ.ഉ. (കൈ) നം.29/2022/വനം, 29-05-2022-ലെ സ.ഉ. (സാധാ) നം.239/2022/വനം എന്നീ ഉത്തരവുകൾ പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്.

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും പ്രസ്തുത പ്രദേശങ്ങളെയും കർഷകരെയും സംരക്ഷിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

വന്യമൃഗശല്യമുണ്ടാകുന്ന ഭാഗത്ത് ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫ് നിരന്തര പട്രോളിംഗ് നടത്തുകയും സ്ഥിരമായി വാച്ചർമാരുടെയും സ്റ്റാഫിന്റെയും സാന്നിധ്യം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. നിലവിൽ കാളികാവ് റേഞ്ചിന്റെ കീഴിൽ അമരമ്പലം കേന്ദ്രീകരിച്ച് ഒരു താൽക്കാലിക ദ്രുതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ സേവനം ഉപയോഗപ്പെടുത്തി വന്യമൃഗശല്യം തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ജണ്ട നിർമ്മാണ അഴിമതിയിലെ അന്വേഷണം**

136 (926) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽ 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ ജണ്ട നിർമ്മാണത്തിന് ചെലവഴിച്ച തുകയും പ്രസ്തുത പ്രവൃത്തിയിലെ ക്രമക്കേട് കാരണം സർക്കാരിനുണ്ടായ നഷ്ടവും നാളിതുവരെയുള്ള അന്വേഷണ പുരോഗതിയും ഓരോ നിർമ്മാണത്തിനും ചെലവഴിച്ച അടങ്കൽ തുക എത്രയാണെന്നും വിശദമാക്കുമോ?

തിരുവനന്തപുരം ഫോറസ്റ്റ് ഡിവിഷന്റെ പരിധിയിൽ 2019-20 സാമ്പത്തികവർഷം 149.94 ലക്ഷം രൂപയുടെയും 2020-21 സാമ്പത്തിക വർഷത്തിൽ 269.09 ലക്ഷം രൂപയുടെയും അടങ്കൽ തുക തയ്യാറാക്കിയിട്ടുള്ളതിൽ 2019-20 വർഷം 126.08 ലക്ഷം രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 304.70 ലക്ഷം രൂപയും ജണ്ട നിർമ്മാണത്തിന് ചെലവഴിച്ചിട്ടുള്ളതായി സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിരുവനന്തപുരം വനം ഡിവിഷനിലെ പാലോട് റേഞ്ചിലെ പെരിങ്ങമ്മല സെക്ഷനിൽ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട് ക്രമക്കേടുകൾ കണ്ടെത്തിയതിൽ 8,01,035/-രൂപ സർക്കാർ നഷ്ടമുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട അന്വേഷണം വിവിധ ഘട്ടങ്ങളിലാണെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) അറിയിച്ചിട്ടുണ്ട്. തിരുവനന്തപുരം വനം ഡിവിഷനിൽ ജണ്ട നിർമ്മാണവുമായുള്ള ക്രമക്കേടുകളിൽ ഉത്തരവാദികളായ ശ്രീ. ബി. അജിത്കുമാർ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ, ശ്രീ. ആർ. ബി. അരുൺകുമാർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്കെതിരെ ഫോറസ്റ്റ് വിജിലൻസ് വിഭാഗം അന്വേഷണം നടത്തി കർശന അച്ചടക്കനടപടി

സ്വീകരിക്കുന്നതിനും നഷ്ടം ഈടാക്കുന്നതിനും ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ തുടർനടപടി സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച അന്വേഷണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ വിജിലൻസിനും അന്വേഷണത്തിലെ കണ്ടെത്തലുകളിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-നും നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ബി) ക്രമക്കേടിന്റെ അന്വേഷണവും മേൽനോട്ടവും വനം വകുപ്പിലെ ഏത് വിഭാഗമാണ് നടത്തുന്നതെന്നും ചുമതലയുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് വനം വകുപ്പ് നടത്തിയ ജണ്ട നിർമ്മാണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച് വനം വിജിലൻസ് വിഭാഗം ഫോറസ്റ്റ് കൺസർവേറ്റർ (ഇൻസ്പെക്ഷൻ & ഇവാല്യുവേഷൻ) കോഴിക്കോട്/കോട്ടയം എന്നിവരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട ഫ്ലയിംങ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർ വിശദമായ അന്വേഷണം നടത്തിവരുന്നുണ്ടെന്ന്

വിജിലൻസ് വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരും അന്വേഷണവും വെരിഫിക്കേഷനും തുടർനടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) കുറ്റക്കാരായ ഉയർന്ന ഉദ്യോഗസ്ഥരെ രക്ഷിക്കുന്നതിനായി അന്വേഷണ മേൽനോട്ടം വഹിക്കുന്നവർ മനഃപൂർവ്വം കാലതാമസം വരുത്തി അന്വേഷണം അട്ടിമറിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമയപരിധി അടക്കം നിശ്ചയിച്ച് അന്വേഷണം പൂർത്തീകരിക്കാൻ ബന്ധപ്പെട്ടവർക്ക് കർശന നിർദ്ദേശം നൽകാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കല്ലുവെട്ടാംകുഴിയിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി കാത്തിരിപ്പ് കേന്ദ്രം**

137 (927) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ കുളത്തൂപ്പുഴ കല്ലുവെട്ടാംകുഴിയിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി ഒരു കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുന്നതിന് പി.ഡബ്ല്യു.ഡി., കെ.ആർ.എഫ്.ബി. എന്നീ വകുപ്പുകൾ

പഞ്ചായത്തിന് അനുമതി നൽകിയിരുന്നുവെങ്കിലും വനം വകുപ്പിന്റെ അനുമതി ലഭിക്കാത്തതിനെത്തുടർന്ന് പ്രസ്തുത കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കാൻ കഴിയുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വനഭൂമി വനേതര ആവശ്യത്തിന് അനുവദിക്കുന്നതിന് ബന്ധപ്പെട്ട യൂസർ ഏജൻസി, കേന്ദ്ര വന നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടുള്ള അപേക്ഷ പരിവേഷ് വെബ്പോർട്ടലിൽ ഓൺലൈനായി സമർപ്പിച്ച്, ഹാർഡ് കോപ്പിയുടെ പകർപ്പ് പുനലൂർ ഫോറസ്റ്റ് ഡിവിഷനിൽ സമർപ്പിക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട അപേക്ഷ പുനലൂർ ഫോറസ്റ്റ് ഡിവിഷനിൽ ലഭിച്ചിട്ടില്ലായെന്ന് കൊല്ലം സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി) സ്കൂൾ കുട്ടികളടക്കം പ്രദേശവാസികൾക്ക് ഉപകാരപ്രദമായ രീതിയിൽ കാത്തിരിപ്പ് കേന്ദ്രം നിർമ്മിക്കുന്നതിന് കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന് വനം വകുപ്പിന്റെ അനുമതി നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം (എ) യിൽ പറയുന്ന പ്രകാരമുള്ള അപേക്ഷ ലഭിക്കുന്നമുറയ്ക്ക് അപേക്ഷയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

## ജണ്ട നിർമ്മാണം

138 (928) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ നിലവിലെ വ്യവസ്ഥ പ്രകാരം വനാതിർത്തി വേർതിരിക്കുന്നതിനുള്ള ജണ്ട നിർമ്മാണപ്രവൃത്തികളിൽ മേൽനോട്ടം വഹിച്ച് അളവ് രേഖപ്പെടുത്തേണ്ടതും പരിശോധന നടത്തി ചെക്ക് മെഷർ ചെയ്ത് ബിൽ പാസ്സാക്കി തുക നൽകേണ്ടതും ഏതൊക്കെ തസ്തികകളിലെ ഉദ്യോഗസ്ഥരാണെന്ന് വ്യക്തമാക്കാമോ; ജണ്ട നിർമ്മാണ ക്രമക്കേടിന് പ്രസ്തുത ജീവനക്കാർ എല്ലാവരും ഉത്തരവാദികളാണോയെന്ന് വ്യക്തമാക്കുമോ?

വനാതിർത്തി വേർതിരിക്കുന്നതിനുള്ള ജണ്ടനിർമ്മാണ പ്രവൃത്തികൾക്കായി ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ആയത് മുഖാന്തരം കരാർ ഏറ്റെടുക്കുന്ന രജിസ്റ്റേർഡ് കോൺട്രാക്ടർമാർ മുഖേനയാണ് ജണ്ട നിർമ്മാണ ജോലികൾ നിർവ്വഹിച്ചുവരുന്നത്. ടി ജോലികളുടെ മേൽനോട്ട ചുമതല അതത് ഫോറസ്റ്റ് സ്റ്റേഷൻ/സെക്ഷൻ സ്റ്റാഫുകളുടെയും ബന്ധപ്പെട്ട ഡെപ്യൂട്ടി റേഞ്ച് ഫോറസ്റ്റ് ആഫീസർ, റേഞ്ച് ഫോറസ്റ്റ് ആഫീസർ എന്നിവരുടെയും നേതൃത്വത്തിലാണ്

നിർവ്വഹിക്കുന്നത്. കേരള ഫോറസ്റ്റ് കോഡ് വാല്യം 2 ഖണ്ഡിക 10.5.2 പ്രകാരം പ്രവൃത്തികളുമായി ബന്ധപ്പെട്ട വിവരങ്ങൾ മെഷർമെന്റ് ബുക്കിൽ അതത് ബീറ്റ് ഫോറസ്റ്റ് ആഫീസർ/സെക്ഷൻ ഫോറസ്റ്റ് ആഫീസർമാർ രേഖപ്പെടുത്തേണ്ടതുണ്ട്. ആയതിൽ പരിശോധന നടത്തി അളവുകളുടെ 25 ശതമാനം ചെക്ക് മെഷർ ചെയ്യേണ്ടത് ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ആഫീസറും 10 ശതമാനം ചെക്ക് മെഷർ ചെയ്യേണ്ടത് ഡിവിഷണൽ ഫോറസ്റ്റ് ആഫീസറുമാണ്. ഡിവിഷണൽ ഫോറസ്റ്റ് ആഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥൻ ടി പണികളുടെ ക്വാളിറ്റിയും അളവുകളും പരിശോധിച്ച് തൃപ്തികരമെന്ന് ചെക്ക് മെഷർമെന്റ് ചെയ്ത് ബിൽ പാസാക്കി നൽകുന്നു. ടി പ്രവൃത്തികൾക്ക് വീഴ്ചയുണ്ടായാൽ മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരും അളവ് പരിശോധിച്ച് രേഖപ്പെടുത്തിയവരും ബിൽ പാസ്സാക്കി തുക നൽകിയ ഉദ്യോഗസ്ഥരുൾപ്പെടെ എല്ലാവരും തങ്ങളുടെ നിയമപ്രകാരമുള്ള ഉത്തരവാദിത്വങ്ങൾക്ക് അനുസൃതമായി ടി വീഴ്ചകൾക്ക് ഉത്തരവാദികളാണ്.

(ബി) ജണ്ട നിർമ്മാണ ക്രമക്കേടുകളിൽ എത്രയുംവേഗം അന്വേഷണം പൂർത്തിയാക്കാനും കണ്ടെത്തലുകളിന്മേൽ തുടർനടപടി സ്വീകരിക്കാനും

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ജണ്ട നിർമ്മാണ ക്രമക്കേടുകൾ കണ്ടെത്തിയ കേസ്സുകളിൽ സർക്കാർ നഷ്ടം ഈടാക്കുന്നതും അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമടക്കമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുസംബന്ധിച്ച അന്വേഷണം എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ വിജിലൻസിനും അന്വേഷണത്തിലെ കണ്ടെത്തലുകളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം വനമേഖലയുടെ പരിധിയിലെ പെരിങ്ങമ്മല സെക്ഷനിലെ ജണ്ട നിർമ്മാണവുമായി ബന്ധപ്പെട്ട അഴിമതി ആരോപണത്തിൽ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്) അന്വേഷണം നടത്തി കുറ്റക്കാരായവർക്കെതിരെ തുടർനടപടി സ്വീകരിക്കുന്നതിന് ആവശ്യമായ ശിപാർശ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം)-ന് നൽകിയിട്ടുള്ളതാണ്.

(സി) തിരുവനന്തപുരം വനമേഖലയുടെ പരിധിയിൽ 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ നിർമ്മിക്കാത്ത ജണ്ടകൾ നിർമ്മിച്ചതായി വ്യാജബിൽ തയ്യാറാക്കി തുക മാറിയെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അപ്രകാരമുള്ള ജണ്ടകളുടെ എണ്ണവും മാറിയെടുത്ത തുകയും വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത വനമേഖലയിലെ ജണ്ട നിർമ്മാണ പ്രവൃത്തിയിലെ ക്രമക്കേടുകൾ എഞ്ചിനീയറിംഗ് കോളേജിലെ വിദഗ്ധ സമിതി അന്വേഷിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; റിപ്പോർട്ടിന്മേൽ സ്വീകരിച്ച അച്ചടക്ക നടപടി സംബന്ധിച്ച് വിശദീകരിക്കാമോ?

തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിലെ Centre for Industrial Training Consultancy and Sponsored Research (ITC & SR) വിഭാഗം തിരുവനന്തപുരം വനം ഡിവിഷനിലെ ജണ്ട നിർമ്മാണം പരിശോധിച്ച് നിരീക്ഷണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ടി റിപ്പോർട്ടിൽ ഇപ്രകാരം പരാമർശിച്ചിട്ടുണ്ട്. " So, based on the quality of construction adopted and quality of materials used for the jundas inspected, it can

be concluded that the constructed Jundas/Boundary Cairns are not confirming to estimate specifications and they are not fit for their intended purpose. ടി റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നതായി അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ വിജിലൻസ് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ചേമ്പ്ര വന സംരക്ഷണ സമിതി**

139 (929) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ചേമ്പ്ര വനസംരക്ഷണ സമിതിക്ക് വനം വകുപ്പിന്റെ രജിസ്ട്രേഷൻ ലഭിച്ചിട്ടുണ്ടോ; എങ്കിൽ രജിസ്ട്രേഷന്റെ വിശദാംശം വെളിപ്പെടുത്താമോ?

ഉണ്ട്. രജിസ്റ്റർ നമ്പർ 133-05/2008.

(ബി) ഈ സമിതിക്ക് കൃത്യമായ മൈക്രോപ്ലാനുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

ചേമ്പ്ര വനസംരക്ഷണ സമിതിക്ക് 2021-2026 വരെയുള്ള അംഗീകരിച്ച മൈക്രോപ്ലാൻ നിലവിലുണ്ട്. പ്രസ്തുത മൈക്രോപ്ലാനിൽ ശാസ്ത്രീയമായ വനവിഭവശേഖരണം, വനവിഭവങ്ങൾ മൂല്യവർദ്ധിത

ഉൽപന്നങ്ങളാക്കൽ, വിനോദസഞ്ചാരികൾക്ക് ആവശ്യമായ സുരക്ഷ/നിർദ്ദേശങ്ങൾ എന്നിവ നൽകുന്നതിന് വാച്ചർമാർ/ഗൈഡുമാർ എന്നിവരുടെ നിയമനം, നിശ്ചിത പ്രവേശന ഫീസ് ഏർപ്പെടുത്തൽ, വനത്തിലെ മാലിന്യനിക്ഷേപം തടയൽ, വനശോഷണം തടയൽ, കാട്ടുതീ പ്രതിരോധം, വനോൽപ്പന്നങ്ങളുടെ വിപണത്തിനായി ഇക്കോഷോപ്പ് എന്നിവ വിഭാവനം ചെയ്യുന്നു.

(സി) സമിതിയിൽ ജീവനക്കാരെ നിയമിക്കുന്ന മാനദണ്ഡം വ്യക്തമാക്കാമോ?

പങ്കാളിത്ത വനപരിപാലന നിയമാവലി/മാർഗ്ഗരേഖ പ്രകാരം വന സംരക്ഷണ സമിതി പൊതുയോഗം/എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനപ്രകാരമാണ് അംഗങ്ങളെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നത്.

(ഡി) സമിതിയുടെ നടത്തിപ്പിനുള്ള കമ്മിറ്റിയിൽ എത്ര അംഗങ്ങളാണുള്ളതെന്നും അവരെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡവും വ്യക്തമാക്കാമോ?

വനസംരക്ഷണ സമിതിയിലെ നടത്തിപ്പിന് 9 അംഗങ്ങളുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിയും കൂടാതെ എക്സ് ഓഫീഷ്യോ സെക്രട്ടറിയായി ഒരു

വനം ഉദ്യോഗസ്ഥനുമുണ്ട്. വനസംരക്ഷണ സമിതി ജനറൽ ബോഡിയാണ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. സമിതിയിലെ എക്സ് ഒഫീഷ്യോ സെക്രട്ടറിയെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിയമിക്കുന്നു. വനസംരക്ഷണ സമിതി എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ 3 വനിതാ അംഗങ്ങൾ നിർബന്ധമായുമുണ്ടായിരിക്കണം. എസ്.സി., എസ്.ടി. വിഭാഗക്കാർക്ക് ആനുപാതിക പ്രാതിനിധ്യമുണ്ടായിരിക്കണം. ബാക്കി വരുന്ന അംഗങ്ങളെ പൊതുവിഭാഗത്തിൽനിന്ന് തെരഞ്ഞെടുക്കുന്നു.

(ഇ) സമിതിയിൽ ഏത് വർഷം വരെയുള്ള ഓഡിറ്റാണ് നടത്തിയിട്ടുള്ളത്; ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

2022-ലാണ് മേൽ വനസംരക്ഷണ സമിതിക്ക് ഒരു സ്ഥിരം കമ്മിറ്റി രൂപപ്പെടുത്തിയത്. സമിതിയുടെ പ്രവർത്തനങ്ങൾ ഓഡിറ്റിംഗ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) സമിതിയുമായി ബന്ധപ്പെട്ട് അഴിമതി നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. പരാതിയിന്മേൽ ഡിവിഷൻ തലത്തിൽ അന്വേഷണം നടന്നുവരുന്നു. അടിയന്തരമായി അന്വേഷണം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ**

140 (930) ശ്രീ. സനീഷ്‌കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വെണ്ണനാട് വില്ലേജിൽ സർവ്വേ നമ്പർ 119/2-ൽ ഉൾപ്പെട്ട 94.77 ഹെക്ടർ സ്ഥലം റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

തൃശ്ശൂർ ജില്ലയിലെ വെണ്ണനാട് വില്ലേജിൽ സർവ്വേ നമ്പർ 119/2-ൽ ഉൾപ്പെട്ട 94.77 ഹെക്ടർ സ്ഥലം 22-02-2021-ലെ എസ്.ആർ.ഒ. നമ്പർ 226/2021 [15-02-2021-ലെ ജി.ഒ.(പി) നമ്പർ 3/2021/വനം] പ്രകാരം സെക്ഷൻ 4 നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളതും തൃശ്ശൂർ റവന്യൂ ഓഫീസറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുള്ളതുമാണ്. റിസർവ് വനമായി പ്രഖ്യാപിക്കുന്നതിനുള്ള തുടർനടപടികൾ സെറ്റിൽമെന്റ് ഓഫീസർ സ്വീകരിച്ചുവരുന്നു.

(ബി) പെരിങ്ങാട് പുഴയെ ആശ്രയിക്കുന്നവരുടെ ജീവിതത്തെയും ജീവനോപാധിയെയും പ്രസ്തുത നടപടി ബാധിക്കുമെന്നുള്ള പ്രദേശവാസികളുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റിസർവ് വനമായി വിജ്ഞാപനം ചെയ്യാനുദ്ദേശിക്കുന്ന ഭൂമിയിൽ ഏതെങ്കിലും നിയമസാധുതയുള്ള അവകാശങ്ങൾ ആർക്കെങ്കിലുമുണ്ടെന്ന അവകാശവാദമുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട രേഖകൾ സഹിതം സർക്കാർ നിയോഗിച്ചിട്ടുള്ള ഫോറസ്റ്റ് സെറ്റിൽമെന്റ് ഓഫീസറായ തൃശ്ശൂർ റവന്യൂ ഡിവിഷണൽ ഓഫീസറെ സമീപിക്കുമ്പോൾ, ആയത് നിയമപരമായി നിലനിൽക്കുന്നതാണെങ്കിൽ, അന്തിമ വിജ്ഞാപനം പ്രഖ്യാപിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഭൂമിയെ വിജ്ഞാപനത്തിൽനിന്നും ഒഴിവാക്കുന്നത് വഴിയോ നിയമപരമായി നിലനിൽക്കുന്ന ഏതെങ്കിലും അവകാശങ്ങളുണ്ടെങ്കിൽ ആയത് അംഗീകരിക്കുന്നത് വഴിയോ സ്വകാര്യ വ്യക്തികളുടെ ആശങ്കകളും പരാതികളും പരിഹരിക്കുന്നതാണ്.

(സി) റിസർവ് വനമായി പ്രഖ്യാപിക്കുന്ന ഇത്തരം പ്രദേശങ്ങളിൽ നടപ്പാക്കേണ്ടിവരുന്ന നിരോധനങ്ങളും നിയന്ത്രണങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കാമോ?

അന്തിമ വിജ്ഞാപനത്തിനുശേഷം മാത്രമേ നിരോധനങ്ങളും നിയന്ത്രണങ്ങളും സംബന്ധിച്ച് വ്യക്തത വരികയുള്ളൂ. കേരള വനനിയമം 1961 സെക്ഷൻ 7 പ്രകാരം സെക്ഷൻ 4 റിസർവ്വായി വിജ്ഞാപനം ചെയ്ത സ്ഥലത്ത് യാതൊരു വിധത്തിലുമുള്ള അംഗീകാരമില്ലാത്ത അവകാശവാദവും സൃഷ്ടിക്കാൻ പാടില്ലാത്തതും ടി സ്ഥലത്ത് അതിക്രമിച്ച് കടക്കാൻ പാടില്ലാത്തതും അവിടെനിന്ന് യാതൊരു വനോൽപ്പന്നവും മുറിച്ചെടുക്കുകയോ ശേഖരിക്കുകയോ നീക്കംചെയ്യുകയോ ചെയ്യാൻ പാടില്ലാത്തതും അങ്ങനെയുള്ള ഭൂമിക്ക് തീ വയ്ക്കുകയോ അതിന് അപകടമുണ്ടാക്കുന്ന വിധത്തിൽ കത്തിക്കുകയോ കത്തുന്ന തീ ഉപേക്ഷിച്ച് പോകുകയോ ചെയ്യാൻ പാടില്ലാത്തതുമാണ്. ടി സ്ഥലത്ത് ഗവൺമെന്റിന്റെ മുൻ അനുമതി കൂടാതെ യാതൊരു പട്ടയവും കൊടുക്കാൻ പാടില്ലാത്തതും അങ്ങനെ കൊടുക്കപ്പെട്ടിട്ടുള്ള പട്ടയങ്ങൾ അസാധുവായിരിക്കുന്നതുമാണ്.

(ഡി) റിസർവ് വനമായി പ്രഖ്യാപിക്കുന്ന പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ജനവാസ മേഖലയിൽ എന്തെങ്കിലും നിരോധനങ്ങളോ നിയന്ത്രണങ്ങളോ ഉണ്ടാകുമോയെന്ന വിവരം അറിയിക്കുമോ?

റിസർവ് വനമായി പ്രഖ്യാപിക്കുന്ന പ്രദേശങ്ങൾക്ക് ചുറ്റുമുള്ള ജനവാസ മേഖലയിൽ നിലവിൽ നിയമാനുസൃതമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**സംരക്ഷിത വനപ്രദേശങ്ങളിലെ ഉപഗ്രഹ പഠന സർവ്വേ**

141 (931) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഫർ സോൺ സംബന്ധിച്ച് സുപ്രീംകോടതി വിധി പ്രഖ്യാപിച്ച് ആറുമാസം കഴിഞ്ഞിട്ടും പ്രസ്തുത വിധി പ്രതികൂലമായി ബാധിക്കുന്ന സംസ്ഥാനത്തെ കർഷകരടക്കമുള്ളവരുടെ ആശങ്ക പരിഹരിക്കാൻ കഴിയാതെ വന്നിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയെത്തുടർന്ന് സംസ്ഥാനത്തെ കർഷകരടക്കമുള്ള ജനവിഭാഗങ്ങളുടെ ആശങ്കയെ ഗൗരവമായി കണ്ടുകൊണ്ട് ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി) കോടതി ഉത്തരവ് വന്ന് ഒരു മാസത്തിനുശേഷമാണ് സംസ്ഥാനത്തെ സംരക്ഷിത വനപ്രദേശങ്ങളിൽ ഉപഗ്രഹ പഠനം നടത്താൻ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിനുകീഴിലുള്ള കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയത് എന്നത് വസ്തുതയാണോ; എങ്കിൽ ഈ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിന്റെ ഖണ്ഡിക 44 (സി)-യിലെ നിർദ്ദേശപ്രകാരം സംരക്ഷിത പ്രദേശങ്ങളുടെ ഒരു കി.മീ. പരിധിയിലുള്ള സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച വിവരശേഖരണത്തിനായി കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൺവയോൺമെന്റ് സെന്ററുമായി (KSREC)

ധാരണാപത്രത്തിൽ ഏർപ്പെടാൻ തീരുമാനിച്ചിരുന്നു. തുടർന്ന്, KSREC വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ഓഫീസിലും സർക്കാർതലത്തിലും പരിശോധിച്ച് ഇതിന് ചെലവാകുന്ന തുക ഉചിതമായ ശീർഷകത്തിൽ ലഭ്യമാക്കിക്കൊണ്ടാണ് ഇതുസംബന്ധിച്ച് 05-07-2022-ൽ സർക്കാർ ഉത്തരവായിട്ടുള്ളത്. ഈ പ്രൊപ്പോസൽ പ്രകാരമുള്ള സർവ്വേയ്ക്കും അനുബന്ധ ജോലികൾക്കും സർക്കാർ ഫണ്ട് വിനിയോഗിക്കേണ്ടതായതിനാൽ ഫണ്ട് വിനിയോഗത്തിന്റെ സുതാര്യത ഉറപ്പാക്കുന്നതിനും നടപടിക്രമങ്ങൾ പാലിക്കുന്നതിനും വിവിധ തലങ്ങളിൽ ടി പ്രൊപ്പോസൽ പരിശോധിക്കേണ്ടിവന്നതിലെ സ്വാഭാവിക കാലതാമസം മാത്രമാണ് ഈ വിഷയത്തിൽ വന്നിട്ടുള്ളത്.

(സി) 2022 ആഗസ്റ്റ് 29-ന് കെ.എസ്.ആർ.ഇ.സി.-യുടെ സർവ്വേ റിപ്പോർട്ട് വനം വകുപ്പിന് ലഭിച്ചിരുന്നോ?

2022 ആഗസ്റ്റ് 29-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ KSREC ഉപഗ്രഹ സർവ്വേയുടെ കരട് പഠന റിപ്പോർട്ട് അവതരിപ്പിച്ചിരുന്നു.

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് പരസ്യപ്പെടുത്താൻ കാലതാമസമുണ്ടായതിന്റെ കാരണം വിശദമാക്കാമോ?

ഭൗതിക സ്ഥലപരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് രൂപീകൃതമായ വിദഗ്ദ്ധ സമിതി 04-12-2022-ൽ ചേർന്ന യോഗത്തിലാണ് ഇതുസംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായം കേൾക്കണമെന്ന വിഷയം ചർച്ചയായത്. ആയതിനെത്തുടർന്നാണ് 03-06-2022-ലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവിനോടൊപ്പം KSREC ഉപഗ്രഹ ചിത്രങ്ങൾ മുഖാന്തരം തയ്യാറാക്കിയ റിപ്പോർട്ട് പഞ്ചായത്ത്/വില്ലേജുതല സർവ്വേ നമ്പർ ഉൾപ്പെടെയുള്ള നിർമ്മിതികളുടെ വിവരങ്ങളും മാപ്പുകളും സഹിതം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്.

(ഇ) പരസ്യപ്പെടുത്തിയ റിപ്പോർട്ടിൽ വ്യാപകമായ പരാതികളുയർന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 20-12-2022-ലെ വിദഗ്ദ്ധ സമിതി യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുകയും ജനസാന്ദ്രത കൂടിയ പ്രദേശങ്ങൾ ഒഴിവാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ വിശദമായ ഭൂപടങ്ങളും സർവ്വേ നമ്പരും സഹിതം സർക്കാർ വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുകയും പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച പരാതികളുണ്ടെങ്കിൽ ആയത് നിർദ്ദിഷ്ട പ്രൊഫോർമയിൽ ഇ-മെയിൽ മുഖേനയും വനം വകുപ്പ് ജോയിന്റ് സെക്രട്ടറിക്ക് തപാൽ മാർഗ്ഗവും പഞ്ചായത്ത്/നഗരസഭാതലത്തിൽ ആരംഭിച്ച ഹെൽപ്പ് ഡെസ്കുകളിലും ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകുകയും ചെയ്തിരുന്നു. ഫീൽഡുതല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വനം വകുപ്പിൽനിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ചതിൽ 62285 പരാതികൾക്ക് 01-02-2023 വരെ പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിന്റെ (KSREC) അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 79911 അസ്സറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്.

## ഉപഗ്രഹ സർവ്വേ റിപ്പോർട്ട്

142 (932) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിലോല മേഖല നിർണ്ണയത്തിന് തയ്യാറാക്കിയ ഉപഗ്രഹ സർവ്വേ റിപ്പോർട്ടിനെതിരെ വന്നിട്ടുള്ള വ്യപകമായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 20-12-2022-ലെ വിദഗ്ദ്ധ സമിതി യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുകയും ജനവാസ മേഖല ഒഴിവാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ള ഇക്കോ സെൻസിറ്റീവ് സോൺ പ്രൊപ്പോസലുകൾ വിശദമായ ഭൂപടങ്ങളും സർവ്വേ നമ്പരും സഹിതം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച പരാതികളുണ്ടെങ്കിൽ ആയത് ജനവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകുകയും ചെയ്തിരുന്നു. ഫീൽഡുതല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ

സ്ഥാപനങ്ങളിൽനിന്നും വനം വകുപ്പിൽനിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ധ സമിതി തുടർനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ചതിൽ 61567 പരാതികൾക്ക് 31-01-2023 വരെ പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിന്റെ (KSREC) അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 79193 അസ്സറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്.

(ബി) ഇക്കാര്യത്തിൽ വനം, പരിസ്ഥിതി മന്ത്രാലയത്തിന്റെയും സുപ്രീംകോടതിയുടെയും നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വനം വകുപ്പിന് വീഴ്ച പറ്റിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഈ വിഷയത്തിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രായലത്തിന്റെയോ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയോ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വനം വകുപ്പിന് വീഴ്ച പറ്റിയിട്ടില്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവിലെ വ്യവസ്ഥകളിൽനിന്ന് ഇളവ് ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള എല്ലാ നടപടികളും ടി ഉത്തരവിന്

വിധേയമായിട്ടുള്ളതാണ്. ടി വിഷയത്തിൽ സംസ്ഥാനത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ജനവാസ മേഖലകളെയും സർക്കാർ/ അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിരുന്ന പ്രൊപ്പോസലുകൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അനുമതിയോടെ അംഗീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചുവരുന്നത്.

## സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം

143 (933) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വാഴൂർ സോമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന അപകടകരമായ സ്ഥിതിവിശേഷത്തിൽനിന്നും കരകയറുന്നതിനായി വനം വകുപ്പ് നടപ്പിലാക്കി വരുന്ന സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) അധിനിവേശ സസ്യങ്ങളെയും വൃക്ഷങ്ങളെയും പൂർണ്ണമായും ഒഴിവാക്കി തദ്ദേശീയ വൃക്ഷ ഇനങ്ങളെ കൂടുതലായി വച്ചുപിടിപ്പിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ?

(എ&ബി) 17-12-2021-ലെ സ.ഉ. (കൈ) നം. 29/2021/വനം പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച നയരേഖയിൽ വ്യാവസായിക ആവശ്യങ്ങൾക്കുവേണ്ടി കേരളത്തിലെ സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് വച്ചുപിടിപ്പിച്ചതും പിന്നീട് പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്കും ദോഷകരമാണെന്ന് കണ്ടെത്തിയതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിള തോട്ടങ്ങൾ ഘട്ടംഘട്ടമായി നീക്കം ചെയ്ത് അവയെ സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപനം നടത്താനും വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലെന്റാന, മൈക്കേനിയ തുടങ്ങിയ കളസസ്യങ്ങളെ നീക്കംചെയ്ത് സ്വാഭാവികമായി കാണപ്പെടുന്ന തദ്ദേശ ഇനം സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. ഉദ്ദേശം 27000 ഹെക്ടർ സ്ഥലത്ത് നടത്തേണ്ട ഈ ബൃഹത് പദ്ധതി രണ്ട്

പതിറ്റാണ്ടുകൊണ്ട് പൂർത്തീകരിക്കാനാണ് നയരേഖയിൽ ഉദ്ദേശിച്ചിട്ടുള്ളത്. ടി പദ്ധതിയുടെ ഭാഗമായി ഇതുവരെ ഉദ്ദേശം 965 ഹെക്ടർ വനഭൂമിയിൽ സ്വാഭാവിക വനപുനഃസ്ഥാപന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതും ഉദ്ദേശം 2872 ഹെക്ടർ സ്ഥലത്ത് സ്വാഭാവിക വനപുനഃസ്ഥാപന പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയുമാണ്. കൂടാതെ പുഴകളുടെ തീരങ്ങളിൽ ഉദ്ദേശം 28600 എണ്ണം വിവിധ ഇനത്തിൽപ്പെട്ട തൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. അധിനിവേശ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിന് വാച്ചർമാരെയും നിയോഗിച്ച് വരുന്നുണ്ട്. വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ 12300 ഹെക്ടർ വനഭൂമിയിൽ വ്യാപിച്ചുകിടക്കുന്ന അധിനിവേശ സസ്യമായ മഞ്ഞക്കൊന്ന നീക്കം ചെയ്യുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്.

(സി) വംശനാശ ഭീഷണി നേരിടുന്ന സസ്യ ഇനങ്ങളുടെ സംരക്ഷണത്തിനായി സ്പീഷീസ് കൺസർവേഷൻ പ്രോഗ്രാമും ജീൻ ബാങ്ക് രൂപീകരണവും നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) വനമേഖലയിലെ അപൂർവ്വങ്ങളും ഔഷധഗുണങ്ങളുള്ളതുമായ സസ്യ ഇനങ്ങളുടെയും വൃക്ഷങ്ങളുടെയും സംരക്ഷണത്തിന് പ്രത്യേക പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

(സി&ഡി) വംശനാശ ഭീഷണി നേരിടുന്ന സസ്യ ഇനങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ പീച്ചിയിലെ വനശാസ്ത്ര ഗവേഷണ കേന്ദ്രവുമായി (KFRI) ചേർന്നാണ് പ്രധാനമായും വനം വകുപ്പ് നടപ്പാക്കുന്നത്. അമിത ചൂഷണവും തനത് ആവാസവ്യവസ്ഥയുടെ ശോഷണവും നിമിത്തം നമ്മുടെ കാടുകളിൽ ഭയാനകമായ രീതിയിൽ എണ്ണത്തിൽ കുറഞ്ഞുപോയതും നിലനിൽപ്പിന് ഭീഷണി നേരിടുന്നതുമായ സസ്യങ്ങളെ സംരക്ഷിക്കുന്നതിന് പ്രത്യേക പരിഗണന നൽകിക്കൊണ്ട് ഒരു കർമ്മ പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ട്. ഈ കർമ്മ പദ്ധതിയുടെ ആദ്യഘട്ടത്തിലേയ്ക്ക് പരിഗണിച്ചിട്ടുള്ളത് മരമഞ്ഞൾ, ഊശിപ്പഴം, എബണി, കുടപ്പന, വെള്ളകിൽ എന്നിവയാണ്. ഇവയിൽ നാളിതുവരെ ശാസ്ത്രീയമായി ഉൽപ്പാദിപ്പിച്ച് പാകപ്പെടുത്തിയ മരമഞ്ഞളിന്റെ 19500-ൽപ്പരം തൈകൾ വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനിലെ ഷോളയാർ റേഞ്ചിലും നെല്ലിയാമ്പതിയിലെ നിത്യഹരിത വനങ്ങളിൽ 8000 തൈകളും അതിന്റെ തനത് ആവാസവ്യവസ്ഥയിൽ നട്ടുപിടിപ്പിക്കുകയുണ്ടായി. ഇതിന്റെ തനത് ആവാസവ്യവസ്ഥയ്ക്ക് പുറത്തേയ്ക്ക് നട്ടുവളർത്താൻ സാധിക്കുമോ എന്നറിയാനുള്ള പരീക്ഷണാർത്ഥം നെല്ലിയാമ്പതിയുടെ താഴ്വാരങ്ങളിൽ 250 തൈകൾ KFRI നട്ടുപിടിപ്പിച്ച് നിരീക്ഷിച്ചുവരുന്നുണ്ട്. ഇടുക്കിയിലെ

ഇരവികുളം ദേശീയ ഉദ്യാനത്തിന്റെയും മൂന്നാർ ഫോറസ്റ്റ് ഡിവിഷന്റെയും ചോലക്കാടുകളോട് ചേർന്നുള്ള മേഖലകളിൽ അക്കേഷ്യ, യൂക്കാലിപ്റ്റസ് പോലുള്ള വൈദേശീയ സസ്യങ്ങളെ നിർമ്മാർജ്ജനം ചെയ്ത പ്രദേശങ്ങളിൽ, സാധാരണയായി സമുദ്രനിരപ്പിൽനിന്നും 1500 മീറ്റർ ഉയരത്തിലുള്ള ചോലക്കാടുകളോട് ചേർന്ന് കണ്ടുവരുന്ന ഇനമായ ഊശിപ്പഴത്തിന്റെ ഏതാണ്ട് 34500 തൈകൾ വച്ചുപിടിപ്പിച്ചിട്ടുണ്ട്. വരണ്ട ആർദ്ര ഇലപൊഴിയും കാടുകളിലെ സൂക്ഷ്മ ആവാസവ്യവസ്ഥകളിൽ കണ്ടുവരുന്ന സസ്യയിനമായ എബണിയുടെ 2500 തൈകൾ, കഴിഞ്ഞ വർഷങ്ങളിൽ മണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷനിലെ അഗളി, അട്ടപ്പാടി എന്നീ ഫോറസ്റ്റ് റേഞ്ചുകളിൽ അവയുടെ തനത് ആവാസവ്യവസ്ഥകളിൽ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ആവാസവ്യവസ്ഥാ ശോഷണം കാരണം വംശനാശ ഭീഷണി നേരിടുന്ന കുടപ്പനയുടെ 600 തൈകൾ പുനരുൽപ്പാദന പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ വർഷം തൃശ്ശൂർ ഫോറസ്റ്റ് ഡിവിഷനിലെ മച്ചാട് ഫോറസ്റ്റ് റേഞ്ചിലെ പ്രദേശങ്ങളിൽ വച്ചുപിടിപ്പിച്ചിട്ടുണ്ട്. ദക്ഷിണ പശ്ചിമഘട്ടത്തിലെ നിത്യഹരിത വനങ്ങളിൽമാത്രം കണ്ടുവരുന്നതും മുൻകാലങ്ങളിലെ അമിത ചൂഷണം കാരണം വംശനാശ ഭീഷണി നേരിടുന്നതുമായ വളരെയധികം വ്യാവസായിക പ്രാധാന്യമുള്ള സ്ഥാനീയ

വൃക്ഷമായ വെള്ളകിലിന്റെ ഏകദേശം 40000 തൈകൾ ഇതുവരെ വാഴച്ചാൽ ഫോറസ്റ്റ് സ്റ്റേഷനിലെ വാഴച്ചാൽ റേഞ്ചിൽ അവയുടെ തനത് ആവാസവ്യവസ്ഥയിൽ നട്ടുപിടിപ്പിച്ചിട്ടുണ്ട്. വംശനാശ ഭീഷണി നേരിടുന്നതായ സസ്യങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി അടുത്ത വർഷങ്ങളിൽ നട്ടുപിടിപ്പിക്കുന്നതിനുവേണ്ടി വെള്ളകിൽ, നിറംപാലി, മരമഞ്ഞൾ, പാലി തുടങ്ങിയ ഇനങ്ങളുടെ തൈകൾ കെ.എഫ്.ആർ.ഐ.-യിലെ സെൻട്രൽ നഴ്സറിയിൽ തയ്യാറാക്കിവരുന്നുണ്ട്.

കൂടാതെ, വനസംരക്ഷണവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ ഉൾപ്പെടുത്തി KFDF ബഡ്ജറ്റ് ശീർഷകത്തിൽ അംഗീകാരം ലഭിച്ച 30-05-2022-ലെ GO(MS) No.30/2022/F&WLD പ്രകാരം KFDF പ്രോജക്ടിലെ ഒരു കമ്പോണന്റ് 'തനതായ ആവാസവ്യവസ്ഥയിൽ കടുത്ത വംശനാശ ഭീഷണി നേരിടുന്ന സസ്യജാലങ്ങളുടെ പരിപാലനം' എന്നതാണ്. അതിതീവ്ര വംശനാശ ഭീഷണി നേരിടുന്ന ഗണത്തിൽപ്പെട്ട സസ്യങ്ങളുടെ എണ്ണം പരമാവധി വർദ്ധിപ്പിച്ച് അതിതീവ്ര വംശനാശ വിഭാഗത്തിന് പുറത്തേയ്ക്ക് കൊണ്ടുവരുന്നതിനുപുറമേ അമിത ചൂഷണത്തിൽപ്പെട്ട എബണി (Diospyros ebenum), മരമഞ്ഞൾ (Coscinium fenestratum), കോഴിക്കാൽമുള്ള് (Berberis tinctoria), കുടപ്പന (Corypha umbraculifra),

വലിയ വെള്ളപ്പൈൻ (Vateria macrocarpa), ചെങ്കുറിഞ്ഞി (Gluta travancorica), നിറമ്പാലി/പെട്ടകമരം (Nageia wallachiana), കുളവ് (Kingiodendron pinnatum), തെള്ളിപ്പൈൻ (Canarium strictum), കിളിനാങ്ക് (Mesua ferrea var. Coromandelina strictum), ആറ്റുവഞ്ചി/നീർവഞ്ചി (Ochreinauclea missionis), കാന്തപ്പന/കാന്ത-കമുക്/കാട്ടുകമുക് (Bentinckia condopanna) തുടങ്ങിയ സസ്യങ്ങളെ സംരക്ഷിക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഇതിനായി, 2022-23 വർഷത്തിൽ 95.20 ലക്ഷം രൂപയും 2023-24 വർഷത്തിൽ 95.70 ലക്ഷം രൂപയും 2024-25 വർഷത്തിൽ 76.70 ലക്ഷം രൂപയും (ആകെ 267.60 ലക്ഷം രൂപ) മേൽപ്പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

## വണ്ടൂർ നിയോജകമണ്ഡലത്തിലെ ബഫർ സോൺ സംബന്ധിച്ച പരാതികൾ

144 (934) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതിലോല മേഖല സംബന്ധിച്ച് ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും സംവേദക മേഖല നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടായ ആശങ്കകൾ പരിഹരിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് സംരക്ഷിച്ച് കിട്ടുന്നതിനായി ഭരണപരവും നിയമപരവുമായ നടപടികൾ സ്വീകരിച്ചുവരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേർന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44 (സി)-യിൽ നിർദ്ദേശിക്കുന്ന പ്രകാരം ഒരു കിലോമീറ്റർ ESZ-ൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള വിവരശേഖരണത്തിനായി കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തി.

സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസ മേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള

നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ടി വിഷയത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(സി)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും 10-08-2022-ലെ സർക്കാർ ഉത്തരവ് നമ്പർ 44/2022/വനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി വിഷയത്തിൽ സംസ്ഥാന സർക്കാർ പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ആയതിൽ സംസ്ഥാനത്തുനിന്ന് ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനായാണ് അപേക്ഷിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ

ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമ ട ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ധ സമിതിയും സാങ്കേതിക വിദഗ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു.

വിദഗ്ധ പരിശോധനാ സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസമേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. തുടർന്ന് പൊതുജനാഭിപ്രായം കണക്കിലെടുത്തുകൊണ്ട് ജനവാസ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളിലെ ഭൂപടങ്ങൾ സർവ്വേ

നമ്പർ ഉൾപ്പെടെയും പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച് പരാതികൾ/ നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ചുള്ള പരാതികൾ ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ഫീൽഡുതല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വനം വകുപ്പിൽനിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ചതിൽ 61567 പരാതികൾക്ക് 31-01-2023 വരെ പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിന്റെ (KSREC) അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 79193 അസ്സറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ

കേന്ദ്ര സർക്കാർ സമർപ്പിച്ച ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷിചേരുന്നതിനുള്ള അപേക്ഷ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പരിസ്ഥിതിലോല മേഖല നിശ്ചയിക്കുന്നതിനുള്ള ഫീൽഡ് സർവ്വേ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവ് പ്രകാരം പരിസ്ഥിത സംവേദക മേഖല നിശ്ചയിക്കുന്നത് സംബന്ധിച്ച് ഭൗതിക സ്ഥലപരിശോധന അവസാനഘട്ടത്തിലാണ്. ആയതിനായി രൂപീകരിച്ച വിദഗ്ദ്ധ പരിശോധനാ സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) മലപ്പുറം ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളാണ് ബഫർസോൺ പരിധിയിൽ വരുന്നതെന്ന് വിശദമാക്കാമോ?

കരിമ്പുഴ വന്യജീവി സങ്കേതത്തിന്റെയും സൈലന്റ്‌വാലി ദേശീയോദ്യാനത്തിന്റെയും ഇക്കോ സെൻസിറ്റീവ് സോണിന്റെ പരിധിയിലായി മലപ്പുറം ജില്ലയിലെ വഴിക്കടവ്, കരുളായി, ചോക്കാട്,

അമരമ്പലം, കാളികാവ്, കരുവാരക്കുണ്ട് എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്നു.

(ഡി) വണ്ടൂർ നിയോജകമണ്ഡലത്തിൽനിന്ന് ബഫർ സോണുമായി ബന്ധപ്പെട്ട് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പരാതികൾക്ക് പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വണ്ടൂർ നിയോജകമണ്ഡലത്തിലെ കരിമ്പുഴ സാങ്ച്വറിയുമായി ബന്ധപ്പെട്ട് ചോക്കാട് പഞ്ചായത്തിൽനിന്നും 111 പരാതികൾ ലഭിക്കുകയും ആയവ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. സൈലന്റ്വാലി ദേശീയോദ്യാനവുമായി ബന്ധപ്പെട്ട് കരുവാരക്കുണ്ട്, കാളികാവ് പഞ്ചായത്തുകളിൽനിന്നും 238 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകളിന്മേലും പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്.

(ഇ) വണ്ടൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ വില്ലേജുകളിലെ ഏതൊക്കെ സർവ്വേ നമ്പർ ഭൂമികളാണ് ബഫർ സോൺ മേഖലയിൽ ഉൾപ്പെടുന്നതെന്ന് വിശദമാക്കാമോ?

വണ്ടൂർ നിയോജകമണ്ഡലത്തിലെ ചോക്കാട് വില്ലേജിലെ BL-129-9/1 Part,9/6, 7-6,part, 8, 9/5 part എന്നീ സർവ്വേ നമ്പരിൽപ്പെട്ട ഭൂമികളാണ് ഇക്കോ സെൻസിറ്റീവ് സോൺ മേഖലയിലുൾപ്പെടുന്നത്.

**ബഫർ സോൺ**

145 (935) ശ്രീ. എം. എം. മണി:
ശ്രീ. ആന്റണി ജോൺ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ വന്യജീവി സങ്കേതങ്ങൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവയ്ക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ ഏർപ്പെടുത്തിക്കൊണ്ടുള്ള കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനമുണ്ടായത് എപ്പോഴാണെന്ന് വെളിപ്പെടുത്താമോ?

സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖലകൾ (ഇക്കോ സെൻസിറ്റീവ് സോൺ) രൂപീകരിക്കുന്നതിനുള്ള നടപടികൾ 2002 മുതലാണ് കേന്ദ്ര സർക്കാർ ആരംഭിച്ചത്. ഇന്ത്യൻ ബോർഡ് ഫോർ വൈൽഡ് ലൈഫിന്റെ 2002 ജനവരി 21-ന് ചേർന്ന ഇരുപത്തിയൊന്നാമത് യോഗത്തിലാണ് വന്യജീവി സങ്കേതങ്ങൾക്കും

ദേശീയോദ്യാനങ്ങൾക്കും പുറത്തായി 10 കിലോമീറ്റർ ചുറ്റളവ് വരെയുള്ള പ്രദേശത്തെ പാരിസ്ഥിതിക സംവേദക മേഖലയായി പ്രഖ്യാപിക്കുന്നതിന് തീരുമാനിച്ചത്. WP(C) No. 460/2004, ഗോവ ഫൗണ്ടേഷൻസ് യൂണിയൻ ഓഫ് ഇന്ത്യ കേസ്സിലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 04-12-2006-ലെ ഉത്തരവുപ്രകാരം ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 09-02-2011-ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

(ബി) 2011-ൽ ബഫർ സോണിനെക്കുറിച്ച് പരിശോധിക്കുന്നതിന് സംസ്ഥാന വന്യജീവി ബോർഡിന്റെ ഉപസമിതികൾ രൂപീകരിച്ചിരുന്നോ; എങ്കിൽ പ്രസ്തുത ഉപസമിതി അദ്ധ്യക്ഷൻമാർ ആരൊക്കെ ആയിരുന്നുവെന്ന് അറിയിക്കാമോ?

സംസ്ഥാന വന്യജീവി ബോർഡിന്റെ 03-01-2013-ലെ യോഗത്തിലെ തീരുമാനത്തെത്തുടർന്ന് ഇക്കോ സെൻസിറ്റീവ് സോൺ രൂപീകരണം സംബന്ധിച്ച് മേഖലാടിസ്ഥാനത്തിൽ മൂന്ന് ഉപസമിതികൾ രൂപീകരിച്ചിരുന്നു. ടി ഉപസമിതിയുടെ അദ്ധ്യക്ഷന്മാരുടെ വിവരം ചുവടെ ചേർക്കുന്നു.

1. വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് - ശ്രീ. ടി. എൻ. പ്രതാപൻ, എം.എൽ.എ
2. വൈൽഡ് ലൈഫ് സർക്കിൾ, കോട്ടയം - ശ്രീ. വി. ഡി. സതീശൻ എം.എൽ.എ.
3. വൈൽഡ് ലൈഫ് സർക്കിൾ, തിരുവനന്തപുരം - ശ്രീ. എൻ. ഷംസുദ്ദീൻ എം.എൽ.എ.

(സി) ദേശീയ ഉദ്യാനങ്ങൾക്കും വന്യജീവി സങ്കേതങ്ങൾക്കുംചുറ്റും പന്ത്രണ്ട് കിലോമീറ്റർ വരെ ബഫർ സോണായി പ്രഖ്യാപിക്കണമെന്ന് 2013-ൽ സർക്കാർ തീരുമാനമെടുത്തിരുന്നോ;

(ഡി) ബഫർ സോൺ പന്ത്രണ്ട് കിലോമീറ്റർ എന്ന 2011-16 കാലത്തെ സർക്കാരിന്റെ തീരുമാനത്തിൽനിന്നും പൂജ്യം മുതൽ ഒരു കിലോമീറ്റർ എന്ന് നിജപ്പെടുത്തി സംസ്ഥാന മന്ത്രിസഭ തീരുമാനമെടുത്തിരുന്നോ?

(സി&ഡി) സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുമ്പോൾ വനപ്രദേശത്തിന് പുറത്തുള്ള ജനവാസകേന്ദ്രങ്ങൾ പൂർണ്ണമായും ഒഴിവാക്കി സംരക്ഷിത മേഖലകൾക്ക് ചുറ്റും 0-12 കി.മീ. പാരിസ്ഥിതിക സംവേദക മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) വിജ്ഞാപനം ചെയ്യാൻ സർക്കാർ

തീരുമാനിച്ചിരുന്നു. ആയത് പ്രകാരമുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കി 13-05-2013-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചു. പ്രസ്തുത പ്രൊപ്പോസലുകളിൽ 11 എണ്ണത്തിൽ കൃത്യമായ കളർ കോഡിലുള്ള ഭൂപടങ്ങൾ ഉൾപ്പെടുത്തി വീണ്ടും സമർപ്പിക്കുന്നതിന് 12-07-2017-ലെ കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിക്കുകയും അപ്രകാരം പ്രൊപ്പോസലുകളിൽ ഭേദഗതി വരുത്തി തയ്യാറാക്കിവരവെ അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള അന്ന് നിലവിലുണ്ടായിരുന്ന നിശ്ചിത സമയപരിധിയായ 545 ദിവസങ്ങൾ കഴിഞ്ഞതിനാൽ ടി പ്രൊപ്പോസലുകൾ റദ്ദാകുകയും ചെയ്തു. ഇക്കാര്യം പിന്നീട് സർക്കാർ പുനഃപരിശോധിക്കുകയും സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും 0 മുതൽ 1 കി.മീ. വരെ ഇക്കോ സെൻസിറ്റീവ് സോൺ ആയി തത്വത്തിൽ നിശ്ചയിച്ചുകൊണ്ട് കരട് വിജ്ഞാപന നിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിന് 23-10-2019-ലെ മന്ത്രിസഭാ യോഗ തീരുമാനപ്രകാരം അനുമതി നൽകുകയും അപ്രകാരം 31-10-2019-ലെ സ.ഉ. (കൈ) 29/2019/വനം നമ്പർ ആയി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

(ഇ) 2022 ജൂൺ 3-ലെ സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ ജനവാസ മേഖലകൾ ഒഴിവാക്കി ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖല നിർണ്ണയിക്കുന്നതിൽ ജനവാസമേഖലകൾ ഒഴിവാക്കി ലഭിക്കണമെന്ന സംസ്ഥാന സർക്കാർ നിലപാട് സംരക്ഷിച്ച് കിട്ടുന്നതിനായി ഭരണപരവും നിയമപരവുമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേർന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44 (സി)-യിൽ നിർദ്ദേശിക്കുന്ന പ്രകാരം ഒരു കിലോമീറ്റർ ESZ-ൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള വിവരശേഖരണത്തിനായി കേരള

സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തി. സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ടി വിഷയത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(സി) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും 10-08-2022-ലെ സർക്കാർ ഉത്തരവ് നമ്പർ 44/2022/വനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി വിഷയത്തിൽ സംസ്ഥാന സർക്കാർ

പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ആയതിൽ സംസ്ഥാനത്തുനിന്ന് ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനായാണ് അപേക്ഷിച്ചിട്ടുള്ളത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമേ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ധ സമിതിയും സാങ്കേതിക വിദഗ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു.

വിദഗ്ധ പരിശോധനാ സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസമേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ

തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. തുടർന്ന് പൊതുജനാഭിപ്രായം കണക്കിലെടുത്തുകൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളിലെ ഭൂപടങ്ങൾ സർവ്വേ നമ്പർ ഉൾപ്പെടെ, പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച് പരാതികൾ/നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇത് സംബന്ധിച്ചുള്ള പരാതികൾ നിർദ്ദിഷ്ട പ്രൊഫോർമയിൽ ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ഫീൽഡുതല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വനം വകുപ്പിൽനിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ചതിൽ 61567

പരാതികൾക്ക് 31-01-2023 വരെ പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിന്റെ (KSREC) അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 79193 അസ്സറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**ജനവാസ മേഖലകളെ പെരിയാർ കടുവ സങ്കേത പരിധിയിൽനിന്ന് ഒഴിവാക്കൽ**

146 (936) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽപ്പെട്ട എരുമേലി ഗ്രാമപഞ്ചായത്തിലെ 11, 12 വാർഡുകളായ എയ്ഞ്ചൽവാലി, പമ്പാവാലി പ്രദേശങ്ങളെ പെരിയാർ കടുവ സങ്കേത പരിധിയിൽനിന്ന് ഒഴിവാക്കാൻ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശത്തെ ജനവാസ മേഖലകൾ വനഭൂമിയിൽനിന്ന് ഒഴിവാക്കുന്നതിനും പെരിയാർ കടുവ സങ്കേതത്തിന്റെ അതിർത്തി

നിർണ്ണയത്തിൽ വ്യക്തത വരുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പമ്പാവാലി മേഖലയെ 1968-ൽ പെരിയാർ വന്യജീവി സങ്കേതത്തിൽനിന്ന് ഒഴിവാക്കി സർക്കാർ ഉത്തരവ് ഇറങ്ങിയെങ്കിലും ടി മേഖല പെരിയാർ ടൈഗർ റിസർവ്വിന്റെ ബഫർ സോണിന്റെ ഭാഗമായി തുടർന്നു. പെരിയാർ ടൈഗർ റിസർവ്വിന്റെ ബഫർ സോണിലായതിനാൽ മനുഷ്യവാസമേഖലയിലെ പ്രവർത്തനങ്ങൾ തുടരുന്നതിന് യാതൊരു തടസ്സവുമില്ലാത്തതാണ്.

09-01-2023-ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗം പമ്പാവാലി/എയ്ഞ്ചൽ വാലി മേഖലയെ പെരിയാർ ടൈഗർ റിസർവ്വിൽനിന്ന് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡ് മുൻപാകെ അവതരിപ്പിക്കുന്നതിന് തീരുമാനിക്കുകയും 19-01-2023-ൽ കൂടിയ സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡ് യോഗത്തിൽ ആയത് പരിഗണിക്കുകയും ചെയ്തു. ഇതുസംബന്ധിച്ച തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

**ബഫർ സോൺ**

147 (937) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബഫർ സോൺ സംബന്ധിച്ച് സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ച ഭൂപടങ്ങളിൽ റവന്യൂ ഭൂമി വനഭൂമിയായി രേഖപ്പെടുത്തിയത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്; ഏതൊക്കെ പ്രദേശങ്ങളാണ് ഇപ്രകാരം വനഭൂമിയായി രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വിസ്തീർണ്ണം സഹിതം വ്യക്തമാക്കുമോ?

ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച് സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ച ഭൂപടങ്ങളിൽ റവന്യൂ ഭൂമി വനഭൂമിയായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അപ്രകാരം സംഭവിച്ചിട്ടുണ്ടെന്ന രീതിയിൽ മൂന്ന് പരാതികൾ (തൃശ്ശൂർ ഡിവിഷൻ-2, പെരിയാർ വെസ്റ്റ് ഡിവിഷൻ-1) ലഭിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്ന ചിമ്മിനി വന്യജീവി സങ്കേതത്തിന്റെ ഇക്കോ സെൻസിറ്റീവ് സോൺ ഭൂപടത്തിൽ "പരിയാരം" എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നുവെന്ന് കാണിച്ച് സൈജു പി. സി. എന്നയാൾ 1006/23 നമ്പരായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ്

എൻവയോൺമെന്റ് സെന്റർ തയ്യാറാക്കി സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ചിമ്മിനി വന്യജീവി സങ്കേതത്തിന് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോണിൽ പരിയാരം എന്ന രേഖപ്പെടുത്തലുണ്ടായിരുന്നു. എന്നാൽ പരിയാരം പഞ്ചായത്ത് നിർദ്ദിഷ്ട ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നതല്ല. ഈ അപാകത ടി പ്രദേശത്തെ ജനങ്ങളിൽ ആശയക്കുഴപ്പവും ആശങ്കയും സൃഷ്ടിച്ചതായി മനസ്സിലാക്കിയതിനെത്തുടർന്ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ഭൂപടത്തിൽനിന്നും പരിയാരം എന്ന രേഖപ്പെടുത്തൽ ഒഴിവാക്കുന്നതിനായി 11-01-2023-ൽ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**ബഫർ സോൺ ഉത്തരവ്**

148 (938) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത വനമേഖലയ്ക്ക് ചുറ്റും ഒരു കിലോമീറ്റർ പ്രദേശം ബഫർ സോണിൽ ഉൾപ്പെടുത്തുന്നതിന് 23-10-2019-ലെ മന്ത്രിസഭാ യോഗം തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇക്കാര്യത്തിൽ 31-10-2019-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) 23-10-2019-ലെ മന്ത്രിസഭാ യോഗ തീരുമാനത്തിന്റെയും 31-10-2019-ലെ സ.ഉ. (കൈ) 29/2019/വനം നമ്പർ ഉത്തരവിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

**ബഫർ സോൺ മേഖലയുടെ ഉപഗ്രഹ സർവ്വേ**

149 (939) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ജൂൺ 3-ലെ സുപ്രീംകോടതി വിധി വന്നതിനുശേഷം ബഫർ സോൺ മേഖലയുടെ വിശദാംശം കണ്ടെത്തുന്നതിനായി സംസ്ഥാന സർക്കാർ ഉപഗ്രഹ സർവ്വേ നടത്താൻ തീരുമാനിച്ചതെന്നാണെന്നും ഏത് ഏജൻസിയാണ് ഉപഗ്രഹ സർവ്വേ നടത്തിയതെന്നും അറിയിക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവിനെ തുടർന്ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് ചേർന്ന യോഗത്തിലാണ് ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള വിവരശേഖരണം നടത്താൻ തീരുമാനിച്ചത്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സംസ്ഥാന സർക്കാരിന്റെ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC) മുഖാന്തരമാണ് ഉപഗ്രഹ സർവ്വേ നടത്തി വിവരങ്ങൾ ശേഖരിച്ചത്.

(ബി) ഉപഗ്രഹ സർവ്വേ പ്രകാരമുള്ള ഭൂപടം ലഭിച്ചത് എന്നാണെന്നും പ്രസ്തുത ഭൂപടം പ്രസിദ്ധീകരിച്ചത് എന്നാണെന്നും ഭൂപടം പ്രസിദ്ധീകരിക്കുന്നതിൽ കാലതാമസം നേരിടാൻ കാരണമെന്തായിരുന്നെന്നും വ്യക്തമാക്കുമോ?

സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന യോഗത്തിലാണ് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ കരട് റിപ്പോർട്ട് അവതരിപ്പിച്ചത്. ഭൗതിക സ്ഥലപരിശോധന നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് രൂപീകൃതമായ വിദഗ്ധ സമിതിയുടെ 04-12-2022-ൽ ചേർന്ന യോഗത്തിലാണ് ഇതുസംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായം കേൾക്കണമെന്ന വിഷയം ചർച്ചയായത്. ആയതിനെത്തുടർന്നാണ് KSREC ഉപഗ്രഹ ചിത്രങ്ങൾ

മുഖാന്തരം തയ്യാറാക്കിയ റിപ്പോർട്ടും സർവ്വേ നമ്പർ ഉൾപ്പെടെയുള്ള നിർമ്മിതികളുടെ വിവരങ്ങളും മാപ്പുകളും പഞ്ചായത്ത്/നഗരസഭ സംബന്ധിച്ച വിവരങ്ങൾ സഹിതം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ആയതിൽ കാലതാമസം നേരിട്ടിട്ടില്ല.

(സി) ഉപഗ്രഹ സർവ്വേയിൽ റവന്യൂ ഭൂമി വനഭൂമിയായി രേഖപ്പെടുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് ഇപ്രകാരം പിഴവ് സംഭവിച്ചതെന്നും വനഭൂമിയായി തെറ്റായി രേഖപ്പെടുത്തിയ സ്ഥലങ്ങൾ ഏതൊക്കെയാണെന്നും അവയുടെ വിസ്തീർണ്ണം എത്രയാണെന്നും വ്യക്തമാക്കുമോ?

ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച് സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ച ഭൂപടങ്ങളിൽ റവന്യൂ ഭൂമി വനഭൂമിയായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അപ്രകാരം സംഭവിച്ചിട്ടുണ്ടെന്ന രീതിയിൽ മൂന്ന് പരാതികൾ (തൃശ്ശൂർ ഡിവിഷൻ-2, പെരിയാർ വെസ്റ്റ് ഡിവിഷൻ-1) ലഭിച്ചിട്ടുണ്ട്.

കേരള സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്ന ചിമ്മിനി വന്യജീവി സങ്കേതത്തിന്റെ ഇക്കോ സെൻസിറ്റീവ് സോൺ ഭൂപടത്തിൽ "പരിയാരം" എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നുവെന്ന് കാണിച്ച്

സൈജു പി. സി. എന്നയാൾ 1006/23 നമ്പരായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഒരു റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. ടി വിഷയത്തിൽ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ തയ്യാറാക്കി സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ചിമ്മിനി വന്യജീവി സങ്കേതത്തിന് ചുറ്റുമുള്ള ഇക്കോ സെൻസിറ്റീവ് സോണിൽ പരിയാരം എന്ന രേഖപ്പെടുത്തലുണ്ടായിരുന്നു. എന്നാൽ പരിയാരം പഞ്ചായത്ത് നിർദ്ദിഷ്ട ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നതല്ല. ഈ അപാകത ടി പ്രദേശത്തെ ജനങ്ങളിൽ ആശയക്കുഴപ്പവും ആശങ്കയും സൃഷ്ടിച്ചതായി മനസ്സിലാക്കിയതിനെത്തുടർന്ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച ഭൂപടത്തിൽനിന്നും പരിയാരം എന്ന രേഖപ്പെടുത്തൽ ഒഴിവാക്കുന്നതിനായി 11-01-2023-ൽ KSREC-ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(ഡി) ഈ വിഷയത്തിൽ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പരാതികൾ ലഭിച്ചുവെന്നും ഏതൊക്കെ മേഖലകൾ സംബന്ധിച്ചാണ് പരാതി ലഭിച്ചതെന്നും വിശദമാക്കുമോ?

ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപനം സംബന്ധിച്ച് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച രേഖകൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക്

പരാതികളുണ്ടെങ്കിൽ ആയത് നിർദ്ദിഷ്ട പ്രൊഫോർമയിൽ അറിയിക്കുന്നതിന് 2023 ജനുവരി 7 വരെ അവസരം നൽകിയിരുന്നു. അപ്രകാരം ലഭിച്ച 63615 പരാതികളിൽ 02-02-2023 വരെ 62640 പരാതികൾക്ക് പരിഹാരം കാണുകയും ചെയ്തിട്ടുണ്ട്.

## ഉപഗ്രഹ സർവ്വേയുടെ അടിസ്ഥാനത്തിലുള്ള ഭൂപടം

150 (940) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഫർ സോൺ സംബന്ധിച്ച 2022 ജൂൺ 3-ലെ സുപ്രീംകോടതിയുടെ വിധി വന്നതിനുശേഷം തയ്യാറാക്കിയ ഉപഗ്രഹ സർവ്വേയെക്കുറിച്ച് പരാതികൾ ഉയർന്നതിന്റെ അടിസ്ഥാനത്തിൽ രണ്ടാമത് പ്രസിദ്ധീകരിച്ച ഭൂപടം തയ്യാറാക്കിയത് ഏത് ഏജൻസിയാണെന്നും എന്നാണ് പ്രസ്തുത ഭൂപടം തയ്യാറാക്കിയതെന്നും ഭൂപടത്തിൽ ഭൂമിയുടെ സർവ്വേ നമ്പർ ഉൾപ്പെടുത്തിയിരുന്നോയെന്നും വ്യക്തമാക്കുമോ?

ജനവാസ മേഖലയും സർക്കാർ/അർദ്ധസർക്കാർ/ പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് വനം വകുപ്പ് 2020 വർഷത്തിൽ തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകളുടെ ഭാഗമായിട്ടുള്ള ഭൂപടങ്ങളാണ് ഉപഗ്രഹ

സർവ്വേയെക്കുറിച്ച് പരാതികൾ വന്നതിനെത്തുടർന്ന് സർക്കാർ വെബ്സൈറ്റിൽ രണ്ടാമതായി പ്രസിദ്ധീകരിച്ചത്. ടി ഭൂപടങ്ങളിൽ സർവ്വേ നമ്പർ ഉൾപ്പെടുത്തിയിരുന്നില്ല. നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളത് ടി പ്രൊപ്പോസലുകളാണ്.

(ബി) പ്രസ്തുത ഭൂപടം സംബന്ധിച്ച് പരാതികളുയർന്നതിന്റെ അടിസ്ഥാനത്തിൽ സർവ്വേ നമ്പർ ഉൾപ്പെടുത്തി പിന്നീട് ഭൂപടം പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഇപ്രകാരം പ്രസിദ്ധീകരിച്ചത് എന്നാണെന്നും അറിയിക്കാമോ?

പ്രസ്തുത ഭൂപടം സംബന്ധിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ വ്യക്തത വരുത്തുന്നതിനായി കേരള സംസ്ഥാന റിമോർട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ ടി ഭൂപടങ്ങളിൽ പഞ്ചായത്തടിസ്ഥാനത്തിൽ സർവ്വേ നമ്പർ കൂടി ഉൾപ്പെടുത്തുകയും ആയത് 28-12-2022-ൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

(സി) പ്രസ്തുത ഭൂപടത്തിന്റെ അടിസ്ഥാനത്തിൽ ബഫർ സോൺ മേഖലയിൽ ഉൾപ്പെട്ടിട്ടുള്ള ജനവാസ കേന്ദ്രങ്ങൾ സംബന്ധിച്ച് പരാതി നൽകുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

ഇതുസംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചുവെന്നും എത്ര എണ്ണത്തിന് തീർപ്പ് കൽപ്പിച്ചുവെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സർക്കാർ പ്രസിദ്ധീകരിച്ച ഭൂപടത്തിന്റെ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് പരാതികൾ/നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ചുള്ള പരാതികൾ ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച വനം വകുപ്പ്/തദ്ദേശസ്വയംഭരണ വകുപ്പ് ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിക്കുകയാണ് ചെയ്യുന്നത്. അപ്രകാരം ലഭിച്ച 63615 പരാതികളിൽ 02-02-2023 വരെ 62640 പരാതികൾക്ക് പരിഹാരം കാണുകയും ചെയ്തിട്ടുണ്ട്. ഓരോ വന്യജീവി സങ്കേതം/നാഷണൽ പാർക്കുമായി ബന്ധപ്പെട്ട് ലഭിച്ചതും തീർപ്പാക്കിയതുമായ പരാതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

## കോന്നി മണ്ഡലത്തിലെ സംരക്ഷിത വനമേഖല

151 (941) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) കോന്നി നിയോജകമണ്ഡലത്തിലെ പട്ടയഭൂമിയിലെ തേക്ക്, ഈട്ടി, ചന്ദനം, എബണി ഒഴികെ കർഷകർ നട്ടുവളർത്തിയിട്ടുള്ള മരങ്ങൾ മുറിക്കുന്നതിന് നിയമ തടസ്സം നിലവിലുണ്ടോ; എങ്കിൽ ബന്ധപ്പെട്ട നിയമത്തിന്റെ വിശദാംശം വ്യക്തമാക്കാമോ?

കോന്നി നിയോജകമണ്ഡലത്തിൽ നിയമപരമായി പൂർണ്ണമായും ഉടമസ്ഥാവകാശമുള്ള പട്ടയഭൂമിയിലെ മരങ്ങൾ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളുമനുസരിച്ച് മുറിക്കുന്നതിന് വനം വകുപ്പുദ്യോഗസ്ഥർ തടസ്സം നിൽക്കുന്നില്ല. നിലവിലുള്ള ചട്ടപ്രകാരം മാനദണ്ഡങ്ങൾ പാലിച്ച് മരം മുറിക്കുന്നതിനുള്ള അനുമതി നൽകിവരുന്നുണ്ട്. ബന്ധപ്പെട്ട നിയമങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) മണ്ഡലത്തിലെ സംരക്ഷിത വനമേഖലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

കോന്നി നിയോജകമണ്ഡലത്തിലെ അരുവാപ്പുലം, കോന്നി, മലയാലപ്പുഴ, തണ്ണിത്തോട്, കലഞ്ഞൂർ, ചിറ്റാർ, സീതത്തോട് പഞ്ചായത്തുകളിൽ റിസർവ് വനമേഖലകളുണ്ട്. ആയതിൽ സീതത്തോട് പഞ്ചായത്തിലെ ഗവി, വാർഡ് 3-ൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ സംരക്ഷിത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വനമേഖലയിലുള്ള ബഫർ സോണിൽ ഉൾപ്പെട്ടുവരുന്ന പ്രദേശമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) സുപ്രീംകോടതി നിർദ്ദേശമനുസരിച്ച് സംരക്ഷിത വനമേഖലയിൽ ബഫർ സോൺ പരിധിയിൽവരുന്ന ജനവാസ മേഖല, പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിലും വാർഡുകളിലുമാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവുപ്രകാരം ഇക്കോ സെൻസിറ്റീവ് സോൺ നിർണ്ണയിച്ചാൽ കോന്നി നിയോജകമണ്ഡലത്തിന്റെ പരിധിയിൽവരുന്ന സീതത്തോട് പഞ്ചായത്തിലെ ഗവി വാർഡ്-3 ഇക്കോ സെൻസിറ്റീവ് പരിധിയിൽവരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഭൂമിയുടെ റീസ്റ്റോറേഷൻ നടപടികൾ

152 (942) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ മാലോത്ത് വില്ലേജ് അത്തിയടുക്കം വെസ്റ്റഡ് ഫോറസ്റ്റിൽ ഉൾപ്പെടാത്തതും കാലങ്ങളായി കൃഷിക്കാരുടെ കൈവശത്തിലുള്ളതും നികുതി ഒടുക്കിവരുന്നതുമായ ഭൂമിയുടെ റീസ്റ്റോറേഷൻ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കാസർഗോഡ് ഡിവിഷനിലെ കാഞ്ഞങ്ങാട് റേഞ്ചിന് കീഴിൽ മഞ്ചുചോല മലവാരം നിക്ഷിപ്തവനത്തോട് ചേർന്നുള്ള മാലോത്ത് വില്ലേജിൽ അത്തിയടുക്കം എന്ന പ്രദേശത്ത് Kerala Private Forests (Vesting and Assignment) Act 1971 പ്രകാരമുള്ള 18 ഒ.എ. കേസുകളിൽ (OA No. 29/2017 - OA No. 35/2017, OA No. 37/2017 - OA No. 42/2017, OA No. 2/2018 - OA No. 4/2018, OA No. 40/2018 - OA No. 41/2018) ഉൾപ്പെട്ട, ബഹുമാനപ്പെട്ട ഫോറസ്റ്റ് ട്രൈബ്യൂണൽ കോഴിക്കോട് നിക്ഷിപ്തവനമല്ലായെന്ന് ഉത്തരവായിട്ടുള്ള 40.97 ഏക്കർ സ്ഥലം വിട്ടുനൽകുന്നതിനുള്ള ശിപാർശയിന്മേൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ) & നിക്ഷിപ്തവനപാലകൻ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കൃഷിക്കാർക്ക് ഭൂമി വിട്ടുകൊടുക്കുന്ന നടപടികൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

അസിസ്റ്റന്റ് ഡയറക്ടർ, ഫോറസ്റ്റ് മിനി സർവ്വേ, കോഴിക്കോട്, സമർപ്പിച്ച മേൽ ഒ.എ. കേസുകളിൽ ഉൾപ്പെട്ട സ്ഥലങ്ങളുടെ അംഗീകൃത സർവ്വേ സ്കെച്ചുകളുടെ പരിശോധന നടത്തിവരുന്നു.

## പരിസ്ഥിതിലോല മേഖല

153 (943) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കിലോമീറ്റർ ചുറ്റളവ് പരിസ്ഥിതിലോല മേഖലയായി നിർണ്ണയിക്കണമെന്ന സുപ്രീംകോടതി വിധി ഇടുക്കി ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളെ ബാധിക്കുമെന്ന് അറിയിക്കുമോ?

വന്യജീവി സങ്കേതങ്ങളുടെയും ദേശീയോദ്യാനങ്ങളുടെയും ഒരു കിലോമീറ്റർ ചുറ്റളവ് പരിസ്ഥിതിലോല മേഖലയായി നിർണ്ണയിക്കണമെന്ന സുപ്രീംകോടതി വിധി ഇടുക്കി ജില്ലയിൽ ഉൾപ്പെടുന്ന വണ്ടിപ്പെരിയാർ, കുമളി, വാഴത്തോപ്പ്, മരിയാപുരം, കാമാക്ഷി, അയ്യപ്പൻകോവിൽ, ഏലപ്പാറ, അറക്കുളം, ഉപ്പുതറ, വെള്ളിയാമറ്റം, മൂന്നാർ, മറയൂർ, കാന്തല്ലൂർ, വട്ടവട, ദേവികുളം, ശാന്തൻപാറ, ചിന്നക്കനാൽ എന്നീ പഞ്ചായത്തുകളെ ബാധിക്കുന്നതാണ്.

(ബി) ജില്ലയിലെ ഓരോ പഞ്ചായത്തിലെയും ഏതൊക്കെ വാർഡുകളെ കോടതി വിധി ബാധിക്കുമെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

കോടതി വിധി ബാധിക്കുന്ന പഞ്ചായത്തുകളുടെ വിവരം വാർഡ് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

**വനസംരക്ഷണ സമിതികൾ മുഖാന്തരം നടപ്പാക്കിയ പദ്ധതികൾ**

154 (944) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഡി.എഫ്.ഒ.-യുടെ കീഴിൽവരുന്ന റേഞ്ചുകളിൽ നിലവിൽ എത്ര വനസംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെ സ്ഥലങ്ങളിലാണെന്നും വിശദമാക്കാമോ?

മൂന്നാർ ഡി.എഫ്.ഒ.-യുടെ കീഴിൽവരുന്ന വിവിധ റേഞ്ചുകളിലായി 12 വനസംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(ബി) വനസംരക്ഷണ സമിതികൾ മുഖാന്തരം 2010 മുതൽ 2022 വരെ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വനസംരക്ഷണസമിതികൾ മുഖാന്തരം 2010 മുതൽ 2022 വരെ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) വനസംരക്ഷണ സമിതികൾ മുഖാന്തരം ഇടമലക്കുടിയിൽ എത്ര വീടുകൾ നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; അതിൽ എത്ര വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

വനസംരക്ഷണ സമിതികൾ മുഖേന ഇടമലക്കുടിയിൽ 250 വീടുകൾ നിർമ്മിക്കാൻ തീരുമാനിച്ചതിൽ 149 എണ്ണത്തിന്റെ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**ബഫർ സോൺ സംബന്ധിച്ച ആശങ്ക പരിഹരിക്കാൻ നടപടി**

155 (945) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഫർ സോൺ നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് വനാതിർത്തിയിലും മറ്റും താമസിക്കുന്നവരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ ആശങ്ക അകറ്റുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ W.P (C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖല

നിർണ്ണയിക്കുന്നതിൽ ജനങ്ങൾക്കുണ്ടായ ആശങ്കകളെ ഗൗരവമായി കണ്ടുകൊണ്ട് ഇക്കോ സെൻസിറ്റീവ് സോണിൽനിന്നും ജനവാസമേഖലകൾ ഒഴിവാക്കി ലഭിക്കണമെന്ന സംസ്ഥാന സർക്കാർ നിലപാട് സംരക്ഷിച്ച് കിട്ടുന്നതിനായി ഭരണപരവും നിയമപരവുമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേർന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിലെ ഖണ്ഡിക 44 (സി)-യിൽ നിർദ്ദേശിക്കുന്ന പ്രകാരം ഒരു കിലോമീറ്റർ ESZ-ൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള വിവരശേഖരണത്തിനായി കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തി. സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയെയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന്

സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ടി വിഷയത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ W.P (C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും 10-08-2022-ലെ സർക്കാർ ഉത്തരവ് നമ്പർ 44/2022/വനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി വിഷയത്തിൽ സംസ്ഥാന സർക്കാർ പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ആയതിൽ സംസ്ഥാനത്തുനിന്ന് ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനായാണ് അപേക്ഷിച്ചിട്ടുള്ളത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ ഉപഗ്രഹചിത്രങ്ങളുടെ

സഹായത്തോടെയുള്ള സർവ്വേയ്ക്കുപുറമേ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ദ്ധ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു.

വിദഗ്ദ്ധ പരിശോധന സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. തുടർന്ന് പൊതുജനാഭിപ്രായം കണക്കിലെടുത്തുകൊണ്ട് ജനവാസ മേഖലകളെയും സർക്കാർ/അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളിലെ ഭൂപടങ്ങൾ സർവ്വേ

നമ്പർ ഉൾപ്പെടെയും പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച് പരാതികൾ/നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ചുള്ള പരാതികൾ ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ഫീൽഡുതല വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വനം വകുപ്പിൽ നിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി പരിശീലനം നൽകുകയും ജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ധ സമിതി തുടർനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ച 63615 പരാതികളിൽ 62640 പരാതികൾക്ക് 02-02-2023 വരെ പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിന്റെ (KSREC) അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 79193 അസ്സറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച ഹർജിയിൽ സംസ്ഥാന

സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉപഗ്രഹ സർവ്വേ നടത്തി നിശ്ചയിച്ച ബഫർ സോണിൽ ജനവാസമേഖലകൾ ഉൾപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിച്ച് പ്രസ്തുത മേഖലകളിലെ ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവ് പ്രകാരം വന്യജീവി സങ്കേതങ്ങൾ/ദേശീയോദ്യാനങ്ങൾ എന്നിവയുടെ നിർണ്ണയിക്കപ്പെട്ട അതിർത്തിക്ക് ചുറ്റും ഒരു കി.മീ. എന്ന ഏറ്റവും കുറഞ്ഞ ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിച്ചാൽ ആയതിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങൾ, വീടുകൾ, മറ്റ് നിർമ്മാണങ്ങൾ, വിവിധ പ്രവർത്തനങ്ങൾ എന്നിവയുടെ വിവരങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കണമെന്ന് ടി ഉത്തരവിന്റെ ഖണ്ഡിക 44 (സി) പ്രകാരം നിർദ്ദേശിച്ചിരുന്നു. ആയതിനായുള്ള വിവരശേഖരണമാണ് ഉപഗ്രഹസർവ്വേയിലൂടെ സർക്കാർ ഏജൻസിയായ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ (KSREC) മുഖാന്തരം നടത്തിയത്. ടി റിപ്പോർട്ട് സർക്കാർ വെബ്സൈറ്റിൽ

പ്രസിദ്ധീകരിച്ചതിനെത്തുടർന്ന് പൊതുജനങ്ങൾക്കുണ്ടായ ആശങ്ക പരിഗണിച്ചുകൊണ്ട്, ജനവാസ മേഖലകളെയും സർക്കാർ/അർദ്ധസർക്കാർ/ പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളിലെ ഭൂപടങ്ങൾ സർവ്വേ നമ്പർ ഉൾപ്പെടെയും പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച് പരാതികൾ/നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ചുള്ള പരാതികൾ നിർദ്ദിഷ്ട പ്രൊഫോർമയിൽ ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ജനങ്ങളിൽനിന്നും ലഭിച്ച വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച വനം വകുപ്പ്/തദ്ദേശസ്വയംഭരണ വകുപ്പ് ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിച്ചുവരികയാണ്. അപ്രകാരം ലഭിച്ച 63615 പരാതികളിൽ 62640 പരാതികൾക്ക് 02-02-2023 വരെ പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ്

എൻവയോൺമെന്റ് സെന്ററിന്റെ (KSREC) അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 79193 അസ്സറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്.

**കാസർഗോഡ് ജില്ലയിൽ വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമി**

156 (946) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വനം വകുപ്പിന്റെ അധീനതയിൽ എത്ര ഏക്കർ ഭൂമിയുണ്ടെന്നും അത് എവിടെയൊക്കെയാണെന്നും അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ ലഭ്യമായ കണക്കുകൾ പ്രകാരം കാസർഗോഡ്, കാഞ്ഞങ്ങാട് റേഞ്ചുകളിലായി 30371.7224 ഏക്കർ വനഭൂമിയുണ്ട്.

(ബി) സാമൂഹ്യ വനവൽക്കരണവുമായി ബന്ധപ്പെട്ട് നിലവിൽ എത്ര ഏക്കർ ഭൂമി വനം വകുപ്പ് പരിപാലിക്കുന്നുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

സാമൂഹ്യ വനവൽക്കരണവുമായി ബന്ധപ്പെട്ട് കാസർഗോഡ് സോഷ്യൽ ഫോറസ്ട്രി ഡിവിഷനുകീഴിൽ കുട്ടിവനം, സ്മൃതിവനം, വിദ്യാവനം, നക്ഷത്രവനം, അമൃതവനം, സ്ഥാപന വനവൽക്കരണം, തീരദേശ ബെൽറ്റ്

പ്ലാന്റേഷൻ എന്നീ വിവിധ പദ്ധതികളിലായി ഏകദേശം 73 ഏക്കർ ഭൂമി വനം വകുപ്പ് പരിപാലിച്ചുവരുന്നുണ്ട്.

**ബഫർ സോൺ**

157 (947) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതിലോല മേഖല നിർണ്ണയിക്കണമെന്ന സുപ്രീംകോടതി വിധി പാറശ്ശാല നിയോജകമണ്ഡലത്തിലെ അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലെ മലയോര കർഷകരെ ഭീതിയിലാഴ്ത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വന്യജീവി സങ്കേതങ്ങൾക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ പരിസ്ഥിതി സംവേദക മേഖല (ഇക്കോ സെൻസിറ്റീവ് സോൺ) നിർണ്ണയിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവ് അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ മലയോര മേഖലയിൽ ആശങ്കകൾ സൃഷ്ടിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിസ്ഥിതിലോല പ്രദേശങ്ങളിൽ ഒരു കിലോമീറ്റർ വരെ ബഫർ സോണായി കരുതുമെന്ന സുപ്രീംകോടതി വിധി പ്രസ്തുത പ്രദേശങ്ങളെ ഏത് രീതിയിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 08-06-2022-ലെ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനപ്രകാരം ഒരു കിലോമീറ്റർ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടാൻ സാധ്യതയുള്ള പ്രദേശങ്ങളിൽ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ മുഖേന ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള വിവരശേഖരണം നടത്തിയിട്ടുണ്ട്. ടി പ്രദേശങ്ങളിൽ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന യോഗത്തിലെ തീരുമാനത്തെ തുടർന്ന് 30-9-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 424/2022/വനം പ്രകാരം ഒരു വിദഗ്ദ്ധ പരിശോധനാ സമിതി രൂപീകരിച്ചിട്ടുണ്ട്. പൊതുജന പങ്കാളിത്തത്തോടെ ജനവാസ മേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ ടി സമിതി സ്വീകരിച്ചുവരികയാണ്. വിദഗ്ദ്ധ പരിശോധനാ സമിതിയുടെ പഠന

റിപ്പോർട്ടുകൂടി ലഭ്യമായാൽ മാത്രമേ സംരക്ഷിത വനമേഖലയ്ക്ക് ഒരു കിലോമീറ്റർ ചുറ്റളവിൽ ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിച്ചാൽ നെയ്യാർ വന്യജീവി സങ്കേതത്തിന്റെ സമീപപ്രദേശങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളെ ഏത് രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്താൻ സാധിക്കുകയുള്ളൂ. 28-12-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 580/2022/വനം പ്രകാരം വിദഗ്ദ്ധ സമിതിയുടെ കാലാവധി 28-02-2023 വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി) അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലെ ജനവാസമേഖലകളെ ബഫർ സോൺ പരിധിയിൽനിന്നും പൂർണ്ണമായും ഒഴിവാക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഇതിനായി നിയമനിർമ്മാണം നടത്തുന്നത് പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ?

നെയ്യാർ-പേപ്പാറ വന്യജീവി സങ്കേതങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് പ്രഖ്യാപിക്കുന്നതിനായി നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ പ്രൊപ്പോസൽ അമ്പൂരി, കള്ളിക്കാട് ഗ്രാമപഞ്ചായത്തുകളിലെ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ടുള്ളതാണ്. ആയത് ഉൾപ്പെടെയുള്ള, സംസ്ഥാനത്തെ

പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകൾ ഒഴിവാക്കിക്കൊണ്ട് നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C)202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ സംസ്ഥാനത്തെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് റിവ്യൂ പെറ്റീഷൻ 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയിൻമേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച മോഡിഫിക്കേഷൻ/ക്ലാരിഫിക്കേഷൻ ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ബഫർ സോൺ മേഖലകൾ**

158 (948) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളാണ് ബഫർ സോൺ പരിധിയിൽ ഉൾപ്പെട്ടിട്ടുള്ളത്; ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കൂരാച്ചുണ്ട് പഞ്ചായത്തിലെ പ്രദേശങ്ങളാണ് ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നത്.

(ബി) ബഫർ സോൺ പരിധിയിൽ വരുന്ന നിയോജകമണ്ഡലത്തിലെ ജനവാസ മേഖലയിലെ വിവരശേഖരണം പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; എത്ര കുടുംബങ്ങൾക്കാണ് ഇതുമായി ബന്ധപ്പെട്ട പരാതി നിലവിലുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കൂരാച്ചുണ്ട് പഞ്ചായത്തിലെ പ്രദേശങ്ങളാണ് ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്നത്. ഇക്കോ സെൻസിറ്റീവ് സോണുമായി ബന്ധപ്പെട്ട പരാതിയിൽ പഞ്ചായത്തുകളിലെ വാർഡ് അടിസ്ഥാനത്തിൽ രൂപീകൃതമായ ഹെൽപ്പ് ഡെസ്കുകൾ വഴിയാണ് പരിശോധന നടത്തിയത്. അപേക്ഷകൾ സ്വീകരിച്ചും ക്രോഡീകരിച്ചും

ഹെൽപ്പ് ഡെസ്കുകൾ വഴിയാണ്. ഇതിൽ റവന്യൂ, വനം വകുപ്പുദ്യോഗസ്ഥരും പങ്കെടുത്തിട്ടുണ്ട്. കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൺവയോൺമെന്റ് സെന്റർ തയ്യാറാക്കിയ അസറ്റ് മാപ്പർ എന്ന മൊബൈൽ ആപ്പ് ഉപയോഗിച്ചാണ് പരാതിയിൽ വിവരിക്കുന്ന കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ശേഖരിച്ച് നൽകിയത്. ഇതിനായി തെരഞ്ഞെടുക്കപ്പെട്ട ജീവനക്കാർക്ക് ഓൺലൈനായി പരിശീലനം നൽകിയത് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൺവയോൺമെന്റ് സെന്ററാണ്. കൂരാച്ചുണ്ട് പഞ്ചായത്തിൽനിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 928 അപേക്ഷകൾ സ്വീകരിച്ചിട്ടുണ്ട്. ആയതിൽ പരാതികൾ മുഴുവനും പരിശോധന നടത്തി അസറ്റ് മാപ്പറിൽ അപ്‍ലോഡ് ചെയ്ത് പരിഹരിച്ചിട്ടുള്ളതാണ്.

**താമരശ്ശേരി താലൂക്കിലെ ബഫർ സോൺ പ്രദേശങ്ങൾ**

159 (949) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയിൽനിന്നും ഒരു കിലോമീറ്റർ ദൂരം ബഫർ സോൺ ആക്കുകയാണെങ്കിൽ താമരശ്ശേരി താലൂക്കിലെ ഓരോ പഞ്ചായത്തിലെയും ഏതെല്ലാം പ്രദേശങ്ങൾ അതിൽ ഉൾപ്പെടുമെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് ഡിവിഷനിലെ മലബാർ വന്യജീവി സങ്കേതത്തിന്റെ വനാതിർത്തിയിൽനിന്നും ഒരു കി.മീ. ദൂരം ഇക്കോ സെൻസിറ്റീവ് സോൺ ആക്കുകയാണെങ്കിൽ താമരശ്ശേരി താലൂക്കിലെ താഴെപ്പറയുന്ന പ്രദേശങ്ങൾ അതിലുൾപ്പെടും.

1. പുതുപ്പാടി പഞ്ചായത്ത് - മേലെ കക്കാട് (പ്രെസ്ലി സ്റ്റീഫൻ എസ്റ്റേറ്റിന്റെ ഒരു ഭാഗവും ചേലവൂർ പ്ലാന്റേഷന്റെ ഒരു ഭാഗവും)
2. കട്ടിപ്പാറ പഞ്ചായത്ത്-വനപ്രദേശങ്ങൾ

(ബി) ഇക്കാര്യത്തിൽ താമരശ്ശേരി താലൂക്കിൽനിന്നും എത്ര പരാതികൾ ലഭിച്ചുവെന്നും അതിൽ എത്രയെണ്ണം പരിഹൃതമായെന്നും വ്യക്തമാക്കുമോ;

(സി) പരിഹരിക്കേണ്ട പരാതികൾ ഇനി എത്രയുണ്ടെന്നും അവ എങ്ങനെ പരിഹരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

(ബി&സി) മലബാർ വന്യജീവി സങ്കേതത്തിനുചുറ്റും ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് താമരശ്ശേരി താലൂക്കിൽ പുതുപ്പാടി പഞ്ചായത്തിൽ ഒരു പരാതി ലഭിച്ചിരുന്നു. ആയത് പരിഹരിച്ചിട്ടുണ്ട്.

**ബഫർ സോൺ**

160 (950) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത വനമേഖലയ്ക്ക് ചുറ്റും ജനവാസ മേഖലയുൾപ്പെടെയുള്ള ഒരു കിലോമീറ്റർ പ്രദേശം ബഫർ സോണിൽ ഉൾപ്പെടുത്തിയ 2022 ജൂൺ 3-ാം തീയതിയിലെ സുപ്രീംകോടതി വിധി വന്നതിനുശേഷം സർക്കാർ സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും പാരിസ്ഥിതിക സംവേദക മേഖല നിർണ്ണയിക്കുന്നതിൽ ജനവാസമേഖലകൾ ഒഴിവാക്കി ലഭിക്കണമെന്ന സംസ്ഥാന സർക്കാർ നിലപാട് സംരക്ഷിച്ച് കിട്ടുന്നതിനായി ഭരണപരവും നിയമപരവുമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 08-06-2022-ന് യോഗം ചേർന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി

ഉത്തരവിലെ ഖണ്ഡിക 44 (സി)-യിൽ നിർദ്ദേശിക്കുന്ന പ്രകാരം ഒരു കിലോമീറ്റർ ESZ-ൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ, ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെയുള്ള വിവരശേഖരണത്തിനായി കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ (KSREC)ചുമതലപ്പെടുത്തി. സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹുമാനപ്പെട്ട സുപ്രീംകോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ടി വിഷയത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടികൾക്ക് അംഗീകാരം നൽകിക്കൊണ്ടും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C) 202/1995 നമ്പർ കേസിലെ I.A.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും

10-08-2022-ലെ സർക്കാർ ഉത്തരവ് നമ്പർ 44/2022/വനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി വിഷയത്തിൽ സംസ്ഥാന സർക്കാർ പുന:പരിശോധനാ ഹർജി 17-08-2022-ൽ ഡയറി നം. 25588-2022 ആയി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുമുണ്ട്. ആയതിൽ സംസ്ഥാനത്തുനിന്ന് ഭേദഗതി വരുത്തി കേന്ദ്ര സർക്കാരിന് സമർപ്പിച്ച കരട് വിജ്ഞാപന നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിക്കാനായയാണ് അപേക്ഷിച്ചിട്ടുള്ളത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-08-2022-ൽ ചേർന്ന ഓൺലൈൻ യോഗത്തിൽ ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയുള്ള സർവ്വേയ്ക്ക് പുറമേ ഭൗതിക സ്ഥലപരിശോധനകൂടി നടത്തി വിശദമായ വിവരങ്ങൾ ശേഖരിക്കുന്നതിന് തീരുമാനിക്കുകയും ആയതിനായി 30-09-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം.424/2022/വനം പ്രകാരം ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ ചെയർമാനായ ഒരു വിദഗ്ദ്ധ സമിതിയും സാങ്കേതിക വിദഗ്ദ്ധരുടെ സമിതിയും രൂപീകരിക്കുകയും ചെയ്തു.

വിദഗ്ദ്ധ പരിശോധന സമിതി പൊതുജന പങ്കാളിത്തത്തോടെ ജനവാസമേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട്

തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. തുടർന്ന് പൊതുജനാഭിപ്രായം കണക്കിലെടുത്തുകൊണ്ട് ജനസാന്ദ്രത കൂടിയ പ്രദേശങ്ങളെയും സർക്കാർ/ അർദ്ധ സർക്കാർ/പൊതുസ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് പ്രൊപ്പോസലുകളിലെ ഭൂപടങ്ങൾ സർവ്വേ നമ്പർ ഉൾപ്പെടെയും പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച് പരാതികൾ/നിർദ്ദേശങ്ങൾ അറിയിക്കാനുള്ള പ്രൊഫോർമയും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ചുള്ള പരാതികൾ ജനുവരി 7-നകം അറിയിക്കുന്നതിന് അവസരം നൽകിയിരുന്നു. ഫീൽഡ് തലത്തിൽ വിലയിരുത്തലിനായി ജിയോ ടാഗിംഗ് നടത്തി മൊബൈൽ ആപ്പ് മുഖേന വിവരങ്ങൾ അപ്‌ലോഡ് ചെയ്യുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വനം വകുപ്പിൽനിന്നും നിയോഗിക്കപ്പെട്ടവർക്ക് ഓൺലൈനായി

പരിശീലനം നൽകുകയും ജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തി വിദഗ്ധ സമിതി തുടർനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം ലഭിച്ചതിൽ 61567 പരാതികൾക്ക് 31-01-2023 വരെ പരിഹാരം കാണുകയും കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിന്റെ (KSREC) അസ്സറ്റ് മാപ്പർ ആപ്പ് മുഖേന ഇതിനകം 79193 അസ്സറ്റുകൾ അപ്‌ലോഡ് ചെയ്തിട്ടുമുണ്ട്.

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത വിധി സംബന്ധിച്ച പുന:പരിശോധന ഹർജി സുപ്രീംകോടതി പരിഗണിച്ച അവസരത്തിൽ ഒരു കിലോമീറ്റർ ജനവാസ മേഖല ബഫർ സോണിൽ ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്ത 31-10-2019-ലെ സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ട് സംസ്ഥാനം പുതിയ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

31-10-2019-ലെ സർക്കാർ ഉത്തരവിൽ കൂടുതൽ വ്യക്തത വരുത്തിക്കൊണ്ട് 10-08-2022-ൽ സർക്കാർ ഉത്തരവ് നമ്പർ 44/2022/വനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. 2019-ലെ സർക്കാർ ഉത്തരവിനുശേഷം ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-09-2020-ൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം ജനസാന്ദ്രത കൂടിയ മേഖലകളെയും സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളെയും ഒഴിവാക്കിക്കൊണ്ട് തയ്യാറാക്കി അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്ന ഭേദഗതി നിർദ്ദേശങ്ങൾ അതേ നിലയിൽ അംഗീകരിച്ച് കിട്ടുന്നതിനും ഇക്കോ സെൻസിറ്റീവ് സോൺ നിശ്ചയിക്കുന്നതിൽനിന്നും ജനവാസ മേഖലകളും കൃഷിയിടങ്ങളും പൊതുസ്ഥാപനങ്ങളും പൂർണ്ണമായും ഒഴിവാക്കുന്നതിനും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP (C)202/1995 നമ്പർ കേസിലെ IA.1000/2003 നമ്പർ ഹർജിയിലെ 03-06-2022-ലെ ഉത്തരവിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിക്കുന്നതുൾപ്പെടെയുള്ള ഉചിതമായ നിയമനടപടികൾ സ്വീകരിക്കുന്നതിന് വനം വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടുമാണ് 10-08-2022-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

03-06-2022-ലെ വിധിയിന്മേൽ കേന്ദ്ര സർക്കാർ സമർപ്പിച്ച മോഡിഫിക്കേഷൻ ഹർജിയിൽ സംസ്ഥാന സർക്കാരിന് കക്ഷി ചേരുന്നതിനുള്ള അപേക്ഷ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

**തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ അതിർത്തി പുനർനിർണ്ണയം**

161 (951) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ അതിർത്തി പുനർനിശ്ചയിച്ച് ജനവാസ മേഖലകളെ ഒഴിവാക്കാൻ 19-01-2023-ൽ ചേർന്ന വനം-വന്യജീവി ബോർഡിന്റെ യോഗത്തിലെ തീരുമാനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത തീരുമാനങ്ങളിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ;

(സി) വനം-വന്യജീവി ബോർഡിന്റെ യോഗത്തിലെടുത്ത തീരുമാനങ്ങൾ നാഷണൽ വൈൽഡ് ലൈഫ് ബോർഡിന് കൈമാറി തുടർനടപടികൾ പൂർത്തീകരിച്ച് തട്ടേക്കാട് പക്ഷി സങ്കേതത്തിലെ

ജനവാസ മേഖലകളെ പൂർണ്ണമായും ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) കോതമംഗലം നിയോജകമണ്ഡലത്തിലെ തട്ടേക്കാട് പക്ഷി സങ്കേതത്തിന്റെ നോട്ടിഫൈഡ് അതിർത്തികളുള്ളിൽ വരുന്ന ജനവാസമേഖല ഒഴിവാക്കി, അതിർത്തി പുനർനിർണ്ണയം ചെയ്യുന്നതിനുള്ള നിർദ്ദേശം 19-01-2023-ന് കൂടിയ സ്റ്റേറ്റ് വൈൽഡ് ലൈഫ് ബോർഡ് മുൻപാകെ അവതരിപ്പിച്ചു. ആയതിന്മേൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്.

**ബഫർ സോൺ**

162 (952) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഗ്രഹ സർവ്വേയുടെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച ഭൂപടമനുസരിച്ച് എത്ര ഹെക്ടർ ഭൂമിയാണ് ബഫർ സോണിൽ ഉൾപ്പെട്ടിരുന്നത്; വ്യക്തമാക്കുമോ; ഇതിൽ എത്ര ഹെക്ടർ ഭൂമി ജനവാസ മേഖലയിലും എത്ര ഹെക്ടർ ഭൂമി കാർഷിക മേഖലയിലും ഉൾപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവ് പ്രകാരം പരിസ്ഥിതി സംവേദക മേഖല നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട ഉപഗ്രഹ സർവ്വേ നടത്തുന്നതിന് ചുമതലപ്പെടുത്തിയ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ ലഭ്യമാക്കിയ വിവരങ്ങളെ അടിസ്ഥാനമാക്കിയുള്ള മറുപടി ചുവടെ ചേർക്കുന്നു.

കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ നടത്തിയ ഉപഗ്രഹസർവ്വേ പ്രകാരം, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 03-06-2022-ലെ ഉത്തരവിൽ നിർദ്ദേശിക്കുന്ന തരത്തിൽ സംസ്ഥാനത്തെ സംരക്ഷിത പ്രദേശങ്ങൾക്ക് ചുറ്റും ഇക്കോ സെൻസിറ്റീവ് നിശ്ചയിച്ചാൽ ആയതിൽ 161731.9 ഹെക്ടർ പ്രദേശം ഉൾപ്പെടുന്നുണ്ട്. ആയതിൽ 101957 ഹെക്ടർ വനപ്രദേശവും കാർഷിക മേഖലയിലും ജനവാസമേഖലയിലുമായി 59780 ഹെക്ടർ ഭൂമിയുമാണുള്ളത്.

(ബി) മേൽപ്പറഞ്ഞ ഭൂപടത്തിൽ എത്ര ഹെക്ടർ റവന്യൂ ഭൂമി വനഭൂമിയായി രേഖപ്പെടുത്തിയിരുന്നുവെന്ന് വ്യക്തമാക്കുമോ; നഗരപ്രദേശങ്ങളിലും ജനവാസ മേഖലകളിലും കാർഷിക മേഖലകളിലും എത്ര ഹെക്ടർ ഭൂമി വനഭൂമിയായോ ബഫർ സോണായോ

ഉൾപ്പെടുത്തിയിരുന്നുവെന്ന വിശദാംശം ജില്ലതിരിച്ച് സ്ഥലപ്പേരും വിസ്തീർണ്ണവും സഹിതം ലഭ്യമാക്കുമോ?

ഇക്കോ സെൻസിറ്റീവ് സോൺ സംബന്ധിച്ച് സംസ്ഥാന സർക്കാർ പ്രസിദ്ധീകരിച്ച ഭൂപടങ്ങളിൽ റവന്യൂ ഭൂമി വനഭൂമിയായി രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ അപ്രകാരം സംഭവിച്ചുവെന്ന രീതിയിൽ മൂന്ന് പരാതികൾ ലഭിച്ചിരുന്നു. സംരക്ഷിത മേഖലയെ അടിസ്ഥാനപ്പെടുത്തിയാണ് കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ വിവരശേഖരണം നടത്തിയിട്ടുള്ളത്. ചില സംരക്ഷിത മേഖല ഒന്നിലധികം ജില്ലകളിൽ വ്യാപിച്ചിട്ടുണ്ട്. ഭൂവിനിയോഗത്തിന്റെ സംരക്ഷിതമേഖല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

## ബഫർ സോൺ

163 (953) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഫർ സോൺ സംബന്ധിച്ച സുപ്രീംകോടതി വിധിയെ തുടർന്ന് സർക്കാർ അന്തിമമായി പ്രസിദ്ധീകരിച്ച ഭൂപടമനുസരിച്ച് എത്ര ഹെക്ടർ ഭൂമിയാണ് ബഫർ സോണിൽ ഉൾപ്പെട്ടിരുന്നത്; ഇതിൽ എത്ര ഹെക്ടർ ഭൂമി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ജനവാസ മേഖലയിലും എത്ര ഹെക്ടർ ഭൂമി കാർഷിക മേഖലയിലും ഉൾപ്പെട്ടിരുന്നു; വിശദാംശം ലഭ്യമാക്കുമോ?

സംരക്ഷിത മേഖലയ്ക്കുചുറ്റും ഇക്കോ സെൻസിറ്റീവ് നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് ജനവാസ മേഖലകളും സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളും ഒഴിവാക്കിക്കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചതും നിലവിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലുള്ളതുമായ കരട് വിജ്ഞാപന ശിപാർശകളുടെ ഭാഗമായ ഭൂപടങ്ങളാണ് സർക്കാർ വെബ്സൈറ്റിൽ അന്തിമമായി പ്രസിദ്ധീകരിച്ചിട്ടുള്ളത്. ആയതിലെ വിവരങ്ങൾ സംരക്ഷിത മേഖലാടിസ്ഥാനത്തിൽ അനുബന്ധമായി ചേർക്കുന്നു.+

അനുബന്ധമായി ചേർത്തിട്ടുള്ളതിൽ Minimum ESZ ആയി കാണിച്ചിട്ടുള്ളത് ജനവാസകേന്ദ്രങ്ങളും അന്തർസംസ്ഥാന അതിർത്തികളും ഉൾപ്പെടുന്ന ഭാഗമാണ്. Maximum ESZ-ആയി കാണിച്ചിട്ടുള്ളത് വനപ്രദേശങ്ങളുമാണ്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 09-02-2011-ൽ പ്രസിദ്ധീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് സർക്കാർ ടി പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. ആയതിൽ ഇക്കോ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ ജനവാസമേഖല, കാർഷിക മേഖല എന്നിങ്ങനെ വേർതിരിച്ച് തയ്യാറാക്കാൻ നിർദ്ദേശമുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളെ ജനവാസമേഖല, കാർഷിക മേഖല എന്നിങ്ങനെ വേർതിരിച്ച് ശേഖരിക്കേണ്ട ആവശ്യകതയുണ്ടാകാത്തതിനാൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

(ബി) മേൽപ്പറഞ്ഞ ഭൂപടത്തിൽ എത്ര ഹെക്ടർ റവന്യൂ ഭൂമി വനഭൂമിയായി രേഖപ്പെടുത്തിയിരുന്നുവെന്ന് വ്യക്തമാക്കുമോ; നഗരപ്രദേശങ്ങളിലും ജനവാസ മേഖലകളിലും കാർഷിക മേഖലകളിലും എത്ര ഹെക്ടർ ഭൂമി വനഭൂമിയായോ ബഫർ സോണായോ ഉൾപ്പെടുത്തിയിരുന്നുവെന്ന വിശദാംശം ജില്ല തിരിച്ച് സ്ഥലപ്പേരും വിസ്തീർണ്ണവും സഹിതം ലഭ്യമാക്കുമോ?

ടി ഭൂപടങ്ങളിൽ റവന്യൂ ഭൂമി വനഭൂമിയായി രേഖപ്പെടുത്തിയിട്ടില്ല.

കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 09-02-2011-ൽ പ്രസിദ്ധീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമാണ് സർക്കാർ ടി പ്രൊപ്പോസലുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. ആയതിൽ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ നഗരപ്രദേശം, ജനവാസമേഖല,

കാർഷിക മേഖല എന്നിങ്ങനെ വേർതിരിച്ച് തയ്യാറാക്കാൻ നിർദ്ദേശമുണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളെ നഗരപ്രദേശം, ജനവാസമേഖല, കാർഷിക മേഖല എന്നിങ്ങനെ വേർതിരിച്ച് ശേഖരിക്കേണ്ട ആവശ്യകതയുണ്ടാകാത്തതിനാൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമല്ല.

## ബഫർ സോൺ

164 (954) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഫർ സോൺ വിഷയത്തിൽ ഫീൽഡ് പരിശോധന നടത്തുന്നതിനായി സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയ പ്രത്യേക സമിതി എന്തൊക്കെ കാര്യങ്ങളാണ് പരിശോധിച്ചത്; പ്രസ്തുത സമിതി നാളിതുവരെ ചേർന്ന യോഗങ്ങളുടെ മിനിട്ട്സ് ലഭ്യമാക്കുമോ?

ഇക്കോ സെൻസിറ്റീവ് സോൺ വിഷയത്തിൽ ഭൗതിക സ്ഥലപരിശോധന നടത്തുന്നതിനായി രൂപീകരിച്ച വിദഗ്ധസമിതി പൊതുജനപങ്കാളിത്തത്തോടെ ജനവാസമേഖലകൾ സംബന്ധിച്ച പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചുവരികയാണ്. ഇതുസംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം ലഭിച്ച വനം വകുപ്പ്/തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാർ മുഖേന വെരിഫിക്കേഷൻ നടത്തിയാണ് വിദഗ്ദ്ധ സമിതി തുടർനടപടി സ്വീകരിക്കുന്നത്. വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി 30-10-2022, 24-11-2022, 04-12-2022, 11-12-2022, 20-12-2022, 24-12-2022, 27-12-2022, 30-12-2022, 11-01-2023, 28-01-2023 എന്നീ തീയതികളിലായി നാളിതുവരെ പത്ത് യോഗങ്ങൾ ചേർന്നിട്ടുണ്ട്. ടി യോഗങ്ങളുടെ മിനിട്ട്സ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത സമിതി, റിപ്പോർട്ട്/ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട്/ഇടക്കാല റിപ്പോർട്ട് ലഭ്യമായിട്ടില്ല.

## പരിസ്ഥിതിക്ക് ദോഷകരമായ മരങ്ങൾ

165 (955) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) പരിസ്ഥിതിക്ക് ദോഷകരമായ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് ഉൾപ്പെടെയുള്ള മരങ്ങൾ തിരുവനന്തപുരം ജില്ലയിൽനിന്നും നിർമ്മാർജ്ജനം ചെയ്ത് പകരം മറ്റ് മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോയെന്ന് വിശദമാക്കാമോ?

വ്യാവസായികാവശ്യങ്ങൾക്കുവേണ്ടി കേരളത്തിലെ സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് വച്ചുപിടിപ്പിച്ചതും പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്ക് ദോഷകരമാണെന്ന് പിന്നീട് കണ്ടെത്തിയതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിള തോട്ടങ്ങൾ ഘട്ടംഘട്ടമായി നീക്കം ചെയ്ത് അവയെ സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. 17-12-2021-ലെ സ.ഉ. (കൈ) നം. 29/2021/വനം പ്രകാരം കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച നയരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലെന്റാന, മൈക്കേനിയ തുടങ്ങിയ കളസസ്യങ്ങളെ നീക്കംചെയ്ത് സ്വാഭാവികമായി കാണപ്പെടുന്ന തദ്ദേശ ഇനം സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും നയരേഖയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ടി

നയരേഖയിൽ വിഭാവനം ചെയ്തിട്ടുള്ള കാര്യങ്ങൾ നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം വനം ഡിവിഷന്റെ നിലവിലെ അംഗീകൃത വർക്കിംഗ് പ്ലാൻ പ്രകാരം 10 വർഷത്തിനുള്ളിൽ ഉദ്ദേശം 2726 ഹെക്ടർ വനഭൂമിയിൽ സ്വാഭാവിക വന പുനഃസ്ഥാപന പ്രവർത്തനങ്ങൾ നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) എങ്കിൽ ഏതെല്ലാം മരങ്ങളാണ് പകരം വച്ചുപിടിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾക്കനുസരിച്ചുള്ള വൃക്ഷങ്ങളായിരിക്കും സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത്. ചെമ്മണ്ണ്, വെട്ടുകല്ല് തുടങ്ങിയവയുള്ള പ്രദേശങ്ങളിൽ ഇരുൾ, കരിമരുത്, മാവ്, പ്ലാവ്, കാഞ്ഞിരം, അത്തി, ആൽ എന്നീ വൃക്ഷങ്ങളും എക്കൽ നിറഞ്ഞ സമുദ്ര തീരങ്ങളിൽ പൂവരശ്, തെങ്ങ്, വാക, വേലിപ്പരുത്തി, നോനി, കുടംപുളി എന്നീ വൃക്ഷങ്ങളും പുഴ-നദീതീരങ്ങളിൽ മുള, ഈറ്റ, നാങ്ക്, വെൺകട്ട, വെട്ടി, പുന്ന, കാര, അമ്പഴം, വെൺതേക്ക്, കിളിമരം, അത്തി, പൂവം, ആറ്റുവഞ്ചി എന്നീ വൃക്ഷങ്ങളും സമതല പ്രദേശങ്ങളിൽ അശോകം, ആര്യവേപ്പ്, കുടംപുളി, പതിമുഖം, മന്ദാരം, കണിക്കൊന്ന, മുള, പേര, ചരൽപ്പഴം, എബണി, കുടപ്പന,

കിളിനാങ്ക് എന്നീ വൃക്ഷങ്ങളും വെള്ളക്കെട്ടുള്ള താഴ്ന്ന പ്രദേശങ്ങളിൽ മണിമരുത്, നീർമരുത്, ഉങ്ങ്, ചോലവേങ്ങ, ഞാവൽ, പമ്പരകുമ്പിൾ, കടമ്പ് എന്നീ വൃക്ഷങ്ങളും ഉയരം കൂടിയ പ്രദേശങ്ങളിൽ മഴകാഞ്ഞിരം, ഈട്ടി, കുളമാവ്, വാലി, മരോട്ടി, വയണ, ചോലപ്പൂവം, പൂശിപ്പഴം, വലിയവെള്ളപ്പൈൻ, ചെങ്കുറിഞ്ഞി, എണ്ണപ്പയിൻ, കുന്തിരിക്കം, നിറമ്പാലി, കൊണ്ടപ്പന എന്നീ വൃക്ഷങ്ങളും വച്ചുപിടിപ്പിക്കുന്നതിനായിരിക്കും പ്രാധാന്യം നൽകുന്നത്.

തിരുവനന്തപുരം വനം ഡിവിഷനിൽ സ്വാഭാവിക വന പുനഃസ്ഥാപനത്തിന്റെ ഭാഗമായി മലവേപ്പ്, വട്ട, കുമ്പിൾ, മാവ്, പ്ലാവ്, ഞാവൽ തുടങ്ങിയ മരങ്ങളാണ് നിലവിലെ അംഗീകൃത വർക്കിംഗ് പ്ലാൻ പ്രകാരം നട്ടുപിടിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

**ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ വിദ്യാവനം പദ്ധതി**

166 (956) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; കൂടുതൽ

സ്കൂളുകളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ മണ്ഡലത്തിലെ ഓരോ വിദ്യാലയത്തിലും ഈ വർഷം എത്ര വൃക്ഷത്തൈകളാണ് നട്ടുപിടിപ്പിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ?

(എ&ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ ഒന്നുംതന്നെ വിദ്യാവനം പദ്ധതി നാളിതുവരെ നടപ്പാക്കിയിട്ടില്ല. സ്കൂളുകളിൽനിന്നും ഫോറസ്ട്രി ക്ലബ് മുഖേന അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് സ്ഥല പരിശോധന നടത്തി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**ഗ്രീൻ ഗ്രാസ് പദ്ധതി**

167 (957) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ ഗ്രീൻ ഗ്രാസ് എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് വനമേഖലയിൽ അനധികൃതമായി നിക്ഷേപിക്കുന്ന പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കംചെയ്ത് വനങ്ങളുടെ സ്വാഭാവിക അവസ്ഥ നിലനിർത്തി പരിസ്ഥിതിയെയും മണ്ണിനെയും സംരക്ഷിക്കുന്നതിനായി ' പ്രോജക്ട് ഗ്രീൻ ഗ്രാസ്സ്' എന്ന പദ്ധതി വനം വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് സർക്കാർ ഉത്തരവ് 24-12-2019-ലെ ജ.ഒ.(ആർ.റ്റി.) നമ്പർ 506/2019/വനം പ്രകാരം 871.50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2019-20 വർഷം മുതൽ മൂന്ന് വർഷമാണ് ഈ പദ്ധതിയുടെ കാലാവധി.

വനം വകുപ്പ് ജീവനക്കാർ, വനസംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങൾ, വിവിധ എൻ.ജി.ഒ.-കൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ, തദ്ദേശസ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, ടൂറിസം വകുപ്പ്, പരിസ്ഥിതി വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പ്, വൈദ്യുതി വകുപ്പ്, ഗതാഗത വകുപ്പ്, ശുചിത്വ മിഷൻ, വിവിധ ഏജൻസികൾ എന്നിവരുടെ പങ്കാളിത്തത്തോടെ വനമേഖലയിലെ പ്രധാന മാലിന്യ നിക്ഷേപയിടങ്ങളിലെ മാലിന്യം നീക്കുകയും മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ സൂചന ബോർഡുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് കണ്ടെത്തുന്നതിനും കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് കണ്ടെത്തുന്നതിനായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുകയും മാലിന്യം സ്ഥിരമായി നിക്ഷേപിക്കുന്ന സ്ഥലങ്ങളിൽ തുടർച്ചയായി പട്രോളിംഗ് നടത്തുകയും ചെയ്യുന്നുണ്ട്.

(സി) വനമേഖലയിൽ മാലിന്യം നിക്ഷേപിച്ചവർക്കെതിരെ ഗ്രീൻ ഗ്രാസ് പദ്ധതിയുടെ ഭാഗമായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

വനമേഖലയിൽ മാലിന്യം നിക്ഷേപിച്ചതിനെതിരെ എടുത്ത കേസുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

കോട്ടയം-10, ഇടുക്കി-3, തൃശ്ശൂർ-2, മലപ്പുറം-4.

**സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനം**

168 (958) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനവുമായി ബന്ധപ്പെട്ട് വനമേഖലയിലൂടെ ഒഴുകുന്ന നദികളുടെ തീരങ്ങളിൽ മരങ്ങളും സസ്യങ്ങളും വച്ചുപിടിപ്പിക്കുന്ന പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

വ്യാവസായികാവശ്യങ്ങൾക്കുവേണ്ടി കേരളത്തിലെ സ്വാഭാവിക വനങ്ങൾ വെട്ടിത്തെളിച്ച് വച്ചുപിടിപ്പിച്ചതും പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്ക് ദോഷകരമാണെന്ന് പിന്നീട് കണ്ടെത്തിയതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, യൂക്കാലിപ്റ്റസ്, വാറ്റിൽ തുടങ്ങിയ വിദേശ ഏകവിള തോട്ടങ്ങൾ ഘട്ടംഘട്ടമായി നീക്കംചെയ്ത് അവയെ സ്വാഭാവിക വനങ്ങളായി പുനഃസ്ഥാപനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. 17-12-2021-ലെ സ.ഉ. (കൈ) നം. 29/2021/വനം പ്രകാരം കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച നയരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലെന്റാന, മൈക്കേനിയ തുടങ്ങിയ കളസസ്യങ്ങളെ നീക്കംചെയ്ത് സ്വാഭാവികമായി കാണപ്പെടുന്ന

തദ്ദേശ ഇനം സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുന്ന മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളും നയരേഖയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

കേരളത്തിലെ നദികളുടെയും റിസർവ്വോയറുകളുടേയും വൃഷ്ടി പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനായി അനുയോജ്യമായ വൃക്ഷത്തൈകൾ, മുള, ഈറ്റ തുടങ്ങിയവ പൊതുജന പങ്കാളിത്തത്തോടുകൂടി നട്ടുപിടിപ്പിക്കുകയും ഇതിനാവശ്യമായ വൃക്ഷത്തൈകൾ തൊഴിലുറപ്പ് പദ്ധതി മുഖേനയും വനം വകുപ്പിന്റെ സാമൂഹ്യവനവത്കരണ വിഭാഗം മുഖേനയും ഉൽപ്പാദിപ്പിച്ച് യഥാസമയം വിതരണം ചെയ്യാനും ടി നയരേഖയിൽ ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കടൽക്ഷോഭത്തിൽനിന്നും തീരപ്രദേശത്തെ സംരക്ഷിക്കുന്നതിനായി തീരദേശ ജനതയുടെ പൂർണ്ണ പങ്കാളിത്തത്തോടുകൂടി അനുയോജ്യമായ സസ്യങ്ങൾ വച്ചുപിടിപ്പിച്ച് തീരവനം നിർമ്മിക്കാനും ടി നയരേഖയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

## ദേവികുളം താലൂക്കിൽ റീലൊക്കേഷൻ ഓഫ് പ്രൈവറ്റ് സെറ്റിൽമെന്റ്സ് ഇൻ ഫോറസ്റ്റ് പദ്ധതി

169 (959) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന റീ-ലൊക്കേഷൻ ഓഫ് പ്രൈവറ്റ് സെറ്റിൽമെന്റ്സ് ഇൻ ഫോറസ്റ്റ് എന്ന

പദ്ധതിയുമായി ബന്ധപ്പെട്ട് ദേവികുളം താലൂക്കിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ താലൂക്കിലെ ഏതെല്ലാം സെറ്റിൽമെന്റുകൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

(എ&ബി) റീ-ബിൽഡ് കേരള ഡെവലപ്മെന്റ് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് കാന്തല്ലൂർ റേഞ്ചിലെ മറയൂർ വനം ഡിവിഷനിൽ പുതുവെട്ട്, കുണ്ടക്കടവ് എന്നീ സെറ്റിൽമെന്റുകൾക്ക് നാലാമത്തെ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ഇപ്രകാരം അംഗീകരിച്ച പുതുവെട്ട്, കുണ്ടക്കടവ് എന്നീ സെറ്റിൽമെന്റുകളിലെ 7 അർഹതപ്പെട്ട കുടുംബങ്ങൾക്ക് പദ്ധതി തുക മുഴുവനും ഇതിനകം നൽകിയിട്ടുള്ളതാണ്.

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ദേവികുളം താലൂക്കിൽ ലഭിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

റീ-ബിൽഡ് കേരള ഡെവലപ്മെന്റ് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് കാന്തല്ലൂർ റേഞ്ചിലെ മറയൂർ വനം ഡിവിഷനിൽ പുതുവെട്ട് (9 അപേക്ഷകൾ), കുണ്ടക്കടവ് (18 അപേക്ഷകൾ) എന്നീ

സെറ്റിൽമെന്റുകളിൽനിന്നും 27 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ടി അപേക്ഷകൾ കാന്തല്ലൂർ പഞ്ചായത്തിൽനിന്നുമാണ് ലഭ്യമായിട്ടുള്ളത്.

**സ്വയം ഭൂമി വിട്ടൊഴിയൽ പദ്ധതി**

170 (960) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരളയുടെ ഭാഗമായി വനം വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന സ്വയം ഭൂമി വിട്ടൊഴിയൽ പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

റീ-ബിൽഡ് കേരളയുടെ ഭാഗമായി വനം വകുപ്പിന് കീഴിൽ നടപ്പാക്കി വരുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിൽ ആശങ്കയുണ്ടാകാത്ത രീതിയിൽ വനം വകുപ്പ് ഉദ്യോഗസ്ഥർ പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും അവരുടെ ആകുലതകൾ നേരിൽ കേട്ട് പരിഹരിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കോതമംഗലം താലൂക്കിൽ എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

റീ-ബിൽഡ് കേരള ഡെവലപ്മെന്റ് സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് കോതമംഗലം താലൂക്കിൽ കുരിക്കളം,

തെക്കുമ്മൽ എന്നീ സെറ്റിൽമെന്റുകൾക്ക് ഏഴാമത്തെ സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അംഗീകാരം നൽകിയിട്ടുള്ളതാണ്. ടി സെറ്റിൽമെന്റിൽനിന്നും ലഭിച്ച അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ച് വരുന്നു.

(സി) പദ്ധതിയുമായി മുന്നോട്ടുപോകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതി ജനങ്ങൾ കേരളമൊട്ടാകെ അംഗീകരിച്ച അവസ്ഥയാണ് ഇന്നുള്ളത്. കേരളത്തിലുടനീളമുള്ള വനം ഡിവിഷനുകളിൽ ആയതിൻപ്രകാരമുള്ള അപേക്ഷകൾ ലഭിച്ച് തുടങ്ങിയിട്ടുമുണ്ട്. നിരവധി ആൾക്കാർ പദ്ധതി പ്രയോജനപ്പെടുത്തുന്നതിനാൽ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയുമായി മുന്നോട്ടുപോകാനാണ് ഉദ്ദേശിക്കുന്നത്.

**വനവൽക്കരണ പദ്ധതികൾ**

171 (961) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി നടത്തിവരുന്ന നഗരവനം, അമൃതവനം, വൃക്ഷസമൃദ്ധി തുടങ്ങിയ പദ്ധതികൾ വടക്കാഞ്ചേരി

നിയോജകമണ്ഡലത്തിൽ എവിടെയെല്ലാമാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

വൃക്ഷസമൃദ്ധി പദ്ധതി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരി മുനിസിപ്പാലിറ്റി, തെക്കുംകര, അടാട്ട്, അവണ്ണൂർ, കൈപ്പറമ്പ്, കോലഴി, മുളങ്കുന്നത്തുകാവ്, തോളൂർ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കിയിട്ടുണ്ട്. അമൃതവനം, നഗരവനം എന്നിവ ടി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടില്ല.

(ബി) മറ്റ് സ്ഥലങ്ങളിൽക്കൂടി വിദ്യാവനം, നഗരവനം, അമൃതവനം, വൃക്ഷസമൃദ്ധി പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

അനുയോജ്യമായ സ്ഥലം ലഭ്യമായാൽ പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

**കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിലെ വികസന പദ്ധതികൾ**

172 (962) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ വിവിധ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് എത്ര തുകയാണ് കേന്ദ്ര വിഹിതമായി ലഭ്യമായതെന്ന് അറിയിക്കാമോ?

കൊടികുത്തിമല ഇക്കോ ടൂറിസം കേന്ദ്രത്തിൽ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ 'നഗർവൻ യോജന' പദ്ധതി പ്രകാരം 60 ലക്ഷം രൂപ അനുവദിക്കുകയും ആയതിൽ 42 ലക്ഷം രൂപ റിലീസ് ചെയ്തിട്ടുമുണ്ട്.

(ബി) പ്രസ്തുത തുക ഉപയോഗിച്ച് നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികൾ വിശദമാക്കുമോ?

പ്രസ്തുത തുക ഉപയോഗിച്ച് താഴെപ്പറയുന്ന പ്രവൃത്തികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്.

1. കൊടികുത്തിമലയിലെ നഗരവനം പദ്ധതി പ്രദേശത്ത് ഫെൻസിംഗ് നിർമ്മാണം.
2. കൊടികുത്തിമലയിലെ നഗരവനം പദ്ധതി പ്രദേശത്ത് പ്രവേശന കവാടം നിർമ്മാണം, സൗന്ദര്യവൽക്കരണം.
3. ഓപ്പൺ എയർ കൺസർവേഷൻ, എഡ്യൂക്കേഷൻ ഡിസ്പ്ലേ, സൈനേജസ്/ട്രീ നെയിം ബോർഡ് എന്നിവ നടപ്പാക്കൽ.

4. തീം അടിസ്ഥാനത്തിൽ തോട്ടങ്ങളുടെ രൂപീകരണം (നക്ഷത്ര വനം, ഔഷധ വനം മുതലായവ)

5. കല്ല് പതിപ്പിച്ച നടപ്പാത നിർമ്മാണം

6. ഔട്ട് ഡോർ എഡ്യൂക്കേഷൻ സെന്റർ

7. മണ്ണ് -ജല സംരക്ഷണ പ്രവൃത്തികൾ

8. സഞ്ചാരികൾക്ക് ഇരിക്കുന്നതിനും വിശ്രമിക്കുന്നതിനുമുള്ള സംവിധാനങ്ങൾ

9. ടോപ്പ് സ്റ്റേഷനിൽ സഞ്ചാരികൾക്കുള്ള സൗകര്യങ്ങളൊരുക്കൽ

10. ബേസ് സ്റ്റേഷനിൽ ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം

11. വനശ്രീ ഇക്കോ ഷോപ്പ്, സുവനീർ ഷോപ്പുകളുടെ നിർമ്മാണം

12. സഞ്ചാരികൾക്കുള്ള സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തൽ

13. കുടിവെള്ള വിതരണം, ജലസേചന സംവിധാനങ്ങൾ

14. മാലിന്യ നിർമ്മാർജ്ജന സംവിധാനം

(സി) പ്രസ്തുത ഫണ്ടുപയോഗിച്ചുകൊണ്ടുള്ള പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

ടി പ്രവൃത്തികൾ 2023-24 വർഷത്തിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മിയാവാക്കി മോഡൽ വനവത്കരണ പദ്ധതി**

173 (963) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള മിയാവാക്കി മോഡൽ വനവത്കരണ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കുമോ?

മിയാവാക്കി വനങ്ങൾ വനം വകുപ്പ് ഇപ്പോൾ നടപ്പാക്കുന്നില്ല. എന്നാൽ ഇതേ തത്വം ഉൾക്കൊള്ളിച്ച് അതിസാന്ദ്ര നഗരവനങ്ങളും വിദ്യാലയങ്ങളിൽ വിദ്യാവനങ്ങളും നടപ്പാക്കിവരുന്നുണ്ട്. നാളിതുവരെ 16 നഗരവനവും 75 വിദ്യാവനവും സൃഷ്ടിച്ച് സംരക്ഷിച്ചുവരുന്നു.

(ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കിയിട്ടുണ്ടോ?

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2020-21 വർഷത്തിൽ ശ്രീരാമകൃഷ്ണ ഗുരുകുല വിദ്യാമന്ദിരം ഹയർ സെക്കണ്ടറി സ്കൂൾ, പുറനാട്ടുകര; 2022-23 വർഷത്തിൽ ശ്രീരാമചന്ദ്രാ യു.പി. സ്കൂൾ, എടക്കളത്തൂർ എന്നീ സ്കൂളുകളിൽ വിദ്യാവനം പദ്ധതി നടപ്പാക്കിയിട്ടുണ്ട്. നഗരവനം പദ്ധതി ഇവിടെ നടപ്പാക്കിയിട്ടില്ല.

(സി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അനുയോജ്യമായ സ്ഥലം ലഭ്യമായാൽ നഗരവനം പദ്ധതി നടപ്പാക്കാവുന്നതാണ്.

## വനം വകുപ്പിന്റെ അധീനതയിലുള്ള ടൂറിസം സെന്ററുകൾ

174 (964) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ അധീനതയിലുള്ള ടൂറിസം സെന്ററുകൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വനം വകുപ്പിന്റെ അധീനതയിൽ 60 ഇക്കോ-ടൂറിസം കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ആയതിന്റെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) വകുപ്പിന്റെ കീഴിൽ ഇൻസ്പെക്ഷൻ ബംഗ്ലാവ്, റിസോർട്ട്, റെസ്റ്റ് ഹൗസുകൾ എന്നിവ നിലവിൽ എവിടെയെല്ലാമുണ്ടെന്നും പ്രസ്തുത സ്ഥലങ്ങളിലെ താമസത്തിനുള്ള ബുക്കിംഗ് ഏത് രീതിയിലാണെന്നും വ്യക്തമാക്കുമോ; ഇൻസ്പെക്ഷൻ ബംഗ്ലാവ്, റിസോർട്ട്, റെസ്റ്റ് ഹൗസുകൾ എന്നിവയുമായി ബന്ധപ്പെടുവാൻ ഫോൺ നമ്പർ നിലവിലുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

വനം വകുപ്പിന്റെ കീഴിൽ നിലവിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവ്, റെസ്റ്റ് ഹൗസുകൾ എന്നിവയും അവയുടെ ഫോൺ നമ്പറുകളുടെ വിശദവിവരവും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അനുബന്ധമായി ചേർക്കുന്നു.+ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ എന്നിവരുടെ ഓഫീസ് ലാൻഡ് ഫോൺ മുഖേന വനം വകുപ്പിന്റെ അധീനതയിലുള്ള ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ ബുക്ക് ചെയ്യാവുന്നതാണ്.

(സി) വകുപ്പിന്റെ ടൂറിസം സെന്ററുകളിലെ 2021-22 കാലഘട്ടത്തിലെ മൊത്തം വരുമാനം സെന്ററുകൾ തിരിച്ച് ലഭ്യമാക്കുമോ?

വനം വകുപ്പിന്റെ കീഴിലുള്ള ടൂറിസം സെന്ററുകളിലെ 2021-22 കാലഘട്ടത്തിലെ ആകെ വരുമാനം അനുബന്ധമായി ചേർക്കുന്നു.+

(ഡി) വനം വകുപ്പിന്റെ റിസോർട്ടുകളിലും ഇൻസ്പെക്ഷൻ ബംഗ്ലാവുകളിലും ഓൺലൈൻ ബുക്കിംഗ് സൗകര്യം ഏർപ്പെടുത്താൻ സാധിക്കുമോ; ആയതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

വനം വകപ്പിന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ മിക്കവയും വനത്തിനകത്തും വനത്തോട് ചേർന്നുള്ള പ്രദേശങ്ങളിലുമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ WP(C) 202/1995-ലെ IA 23534-2355-ലെ 05-07-2018-ലെ വിധി പ്രകാരം സെൻട്രൽ എംപവേർഡ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കമ്മിറ്റിയുടെ മാർഗ്ഗനിർദ്ദേശപ്രകാരമാണ് വനം വകുപ്പ് ഇൻസ്പെക്ഷൻ ബംഗ്ലാവുകളുടെ നിയന്ത്രണവും പരിപാലനവും നടത്തേണ്ടത്. ടി മാർഗ്ഗനിർദ്ദേശം ടി വിധി പ്രസ്താവനയിൽ എടുത്ത് പറഞ്ഞിട്ടുള്ളതിൽ ഫോറസ്റ്റ് ഓഫീസേഴ്സിന് വനത്തിനുള്ളിൽ വനം വന്യജീവി സംരക്ഷണവും വനപരിപാലനവുമായി ബന്ധപ്പെട്ട ഡ്യൂട്ടിയുടെ ഭാഗമായി ക്യാമ്പ് ചെയ്യേണ്ടി വരുമെന്നും മറ്റ് താമസ സൗകര്യങ്ങളില്ലാത്ത ഇത്തരം പ്രദേശങ്ങളിൽ ഫോറസ്റ്റ് റസ്റ്റ് ഹൗസുകളും ഇൻസ്പെക്ഷൻ ബംഗ്ലാവുകളും ഫോറസ്റ്റ് ഓഫീസേഴ്സിന് ഡ്യൂട്ടിയുടെ ഭാഗമായി ക്യാമ്പ് ചെയ്യാനായി നിർമ്മിച്ചിട്ടുള്ളവയാണെന്നും ഇത്തരം ഫോറസ്റ്റ് റെസ്റ്റ് ഹൗസുകളിലും ഇൻസ്പെക്ഷൻ ബംഗ്ലാവുകളിലും വളരെ കുറച്ച് മുറികൾ മാത്രമേയുള്ളൂവെന്നും പറഞ്ഞിട്ടുണ്ട്. ടി സാഹചര്യത്തിൽ വനം വകുപ്പിന്റെ റിസോർട്ടുകളിലും ഇൻസ്പെക്ഷൻ ബംഗ്ലാവുകളിലും പൊതുജനങ്ങൾക്ക് ഓൺലൈൻ റിസർവേഷൻ സംവിധാനം നടപ്പിലാക്കാൻ നിർവ്വാഹമില്ല.

**ഫയർ വാച്ചർ നിയമനം**

175 (965) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ വിവിധ വനം ഡിവിഷനുകളിലും ചെന്തുരുണി വന്യജീവി സങ്കേതത്തിലുമായി കാട്ടുതീ തടയുന്നതിനായി ഫയർ വാച്ചർ നിയമനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പുനലൂർ നിയോജകമണ്ഡലത്തിന് പരിധിയിൽ കൊല്ലം സതേൺ സർക്കിളിനുകീഴിൽ വരുന്ന പുനലൂർ, തെന്മല, തിരുവനന്തപുരം, അച്ചൻകോവിൽ എന്നീ വനം ഡിവിഷനുകളിലായി കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 322 ഫയർ വാച്ചർമാരെ അംഗീകൃത അടങ്കൽ പ്രകാരം നിയോഗിച്ചിട്ടുണ്ട്. അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിളിന് കീഴിൽവരുന്ന ചെന്തുരുണി വന്യജീവി ഡിവിഷനിൽ എൻ.എം.ആർ. വാച്ചർമാരായി ജോലി നോക്കുന്ന ജീവനക്കാരാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇതോടൊപ്പം ടി ഡിവിഷന് കീഴിൽ പ്രവർത്തിച്ചുവരുന്ന വിവിധ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ മുഖേന ഫയർ ഗ്യാംഗുകൾ രൂപീകരിച്ചും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നുണ്ട്.

(ബി) വനമേഖലയോടുചേർന്നുള്ള സ്ഥലവാസികളെ ഫയർ വാച്ചർമാരായി ദിവസവേതനാടിസ്ഥാനത്തിൽ ജനുവരി ഒന്ന് മുതൽ മാർച്ച്

മുപ്പത്തിയൊന്ന് വരെയുള്ള മൂന്നുമാസക്കാലത്തേയ്ക്ക് നിയമിക്കുന്നതിന് തീരുമാനമെടുത്തിരുന്നോ; വിശദമാക്കാമോ; ആയതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

വനമേഖലയോടുചേർന്ന് താമസിക്കുന്ന പ്രദേശവാസികളെയും വന സംരക്ഷണ സമിതി/ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി എന്നിവയിലെ അംഗങ്ങളെയുമാണ് ഫയർ വാച്ചർമാരായി ജനുവരി മുതൽ മാർച്ച് വരെയുള്ള മൂന്നുമാസ കാലയളവിൽ അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾക്കായി ദിവസവേതനാടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നിയോഗിക്കാറുള്ളത്. നിലവിൽ കൊല്ലം സതേൺ സർക്കിളിന് കീഴിൽ വരുന്ന പുനലൂർ, തെന്മല, തിരുവനന്തപുരം, അച്ചൻകോവിൽ എന്നീ വനം ഡിവിഷനുകളിലായി കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 322 ഫയർ വാച്ചർമാരെ അംഗീകൃത അടങ്കൽ പ്രകാരം നിയോഗിച്ചിട്ടുണ്ട്.

അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിളിന് കീഴിൽവരുന്ന ചെന്തുരുണി വന്യജീവി ഡിവിഷനിൽ എൻ.എം.ആർ. വാച്ചർമാരായി ജോലി നോക്കുന്നവരാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇതോടൊപ്പം ടി ഡിവിഷന് കീഴിൽ പ്രവർത്തിച്ചുവരുന്ന വിവിധ ഇക്കോ

ഡെവലപ്മെന്റ് കമ്മിറ്റികൾ മുഖേന ഫയർ ഗ്യാംഗുകൾ രൂപീകരിച്ചും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

(സി) പുനലൂർ മണ്ഡലത്തിലെ വിവിധ വനം ഡിവിഷനുകളിലും ചെന്തുരുണി വന്യജീവി സങ്കേതത്തിലും ഫയർലൈൻ, ഫയർ ബ്രേക്കർ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി താൽക്കാലിക ഫയർ വാച്ചർമാരെ സമയബന്ധിതമായി നിയമിക്കുന്നതിന് നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ?

പുനലൂർ നിയോജകമണ്ഡലത്തിന് പരിധിയിൽ കൊല്ലം സതേൺ സർക്കിളിനുകീഴിൽ വരുന്ന വിവിധ വനം ഡിവിഷനുകളിൽ ഫയർലൈൻ, ഫയർ ബ്രേക്ക് പ്രവർത്തനങ്ങൾ ഇ-ടെണ്ടർ മുഖേനയും വന സംരക്ഷണ സമിതി അംഗങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനായി ടി സമിതികൾ വഴിയുമാണ് നടപ്പാക്കിവരുന്നത്. പുനലൂർ നിയോജകമണ്ഡലത്തിലെ സതേൺ സർക്കിളിന്റെ പരിധിയിൽവരുന്ന വനം ഡിവിഷനുകളിൽ ഫയർ പ്രൊട്ടക്ഷൻ ജോലികൾക്കായി താൽക്കാലിക ഫയർ വാച്ചർമാരെ സമയബന്ധിതമായി നിയോഗിച്ചിട്ടുണ്ട്.

**വനം വന്യജീവി വകുപ്പിന്റെ കീഴിലുള്ള ഓഫീസുകൾ**

176 (966) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വന്യജീവി വകുപ്പിന്റെ കീഴിൽ കാസർകോട് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിശദവിവരം നൽകാമോ; ഏതെല്ലാം ഓഫീസുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകൾ എത്രകാലമായി പ്രവർത്തിക്കുന്നുണ്ടെന്നും അവിടെ അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഓഫീസുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും എത്രകാലമായി ഒഴിവുകൾ നികത്താതെ കിടക്കുന്നുവെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

(എ-സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.+

## ഗാർഹികാവശ്യങ്ങൾക്കുള്ള തടിയുടെ വിൽപ്പന

177 (967) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) ഗാർഹികാവശ്യങ്ങൾക്കുള്ള തടിയുടെ ചില്ലറ വിൽപ്പന, വനം വകുപ്പിന്റെ കീഴിലുള്ള ഏതൊക്കെ തടി വിൽപ്പന ഡിവിഷനുകൾ മുഖേനയാണ് നടത്താറുള്ളത്; ഏതൊക്കെ മരത്തടിയുടെ ചില്ലറ വിൽപ്പനയാണ് നടത്തുന്നതെന്ന് ഡിവിഷൻ തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

ഗാർഹികാവശ്യങ്ങൾക്കുള്ള തടിയുടെ ചില്ലറ വിൽപ്പന വനം വകുപ്പിന്റെ കീഴിലുള്ള തിരുവനന്തപുരം, പുനലൂർ, കോട്ടയം, പെരുമ്പാവൂർ, പാലക്കാട്, കോഴിക്കോട് തടി വിൽപ്പന വിഭാഗം ഡിവിഷനുകൾ മുഖേനയാണ് നടത്തുന്നത്. തടിയുടെ ലഭ്യതയ്ക്കനുസൃതമായി പ്രധാനമായും II, III, IV ക്ലാസ്സുകളിൽപ്പെട്ട നല്ല ക്വാളിറ്റി തേക്ക് തടികളാണ് ടി തടി വിൽപ്പന ഡിവിഷനുകളിലൂടെ ചില്ലറ വിൽപ്പന നടത്തിവരുന്നത്.

വിവിധ തടി വിൽപ്പന ഡിവിഷനുകളിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ ഇതുവരെ നടന്ന വിൽപ്പന:

തിരുവനന്തപുരം - 53.540 ക്യു.മീ

പുനലൂർ - 109.750 ക്യു.മീ

കോട്ടയം - 33.362 ക്യു.മീ.

പെരുമ്പാവൂർ - 285.033 ക്യു.മീ.

പാലക്കാട് - 180.612 ക്യു.മീ.

കോഴിക്കോട് - 83.000 ക്യു.മീ.

ആകെ - 745.297 ക്യൂബിക് മീറ്റർ.

(ബി) തടി വിൽപ്പനയ്ക്കായി പത്രങ്ങൾ മുഖേന പരസ്യം നൽകാറുണ്ടോ; എങ്കിൽ ഏതൊക്കെ പത്രങ്ങളിലാണ് നിലവിൽ പരസ്യം നൽകാറുള്ളതെന്ന് അറിയിക്കാമോ?

പബ്ലിക് റിലേഷൻസ് വകുപ്പ്, പ്രസ് ക്ലബ്, ജില്ലാ ഇൻഫർമേഷൻ ഓഫീസ് എന്നിവ മുഖേന പ്രാദേശികമായി ഏറ്റവും പ്രചാരത്തിലുള്ള ദിനപ്പത്രങ്ങളിൽ തടി വിൽപ്പന സംബന്ധിച്ച പരസ്യം നൽകാറുണ്ട്.

(സി) തടിയുടെ ചില്ലറ വിൽപ്പന സംബന്ധിച്ച വാർത്തകൾ പ്രാദേശികമായി സർക്കുലേഷൻ കൂടുതലുള്ള പത്രങ്ങളിലും ദൃശ്യ മാധ്യമങ്ങളിലും പ്രസിദ്ധപ്പെടുത്തി കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തടിയുടെ ചില്ലറ വിൽപ്പന സംബന്ധിച്ച പരസ്യങ്ങൾ പ്രാദേശികമായി ഏറ്റവും പ്രചാരത്തിലുള്ള ദിനപ്പത്രങ്ങളിലും നവമാധ്യമങ്ങൾ, എഫ്.എം. റേഡിയോ, പ്രാദേശിക ചാനൽ എന്നിവ മുഖേനയും നൽകാറുണ്ട്. കൂടാതെ പഞ്ചായത്ത്, വില്ലേജ്, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ പരസ്യം

പതിപ്പിച്ചും തടിയുടെ ചില്ലറ വിൽപ്പന സംബന്ധിച്ച വിവരങ്ങൾ കൂടുതൽ ജനങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## വനശ്രീ ഉത്പന്നങ്ങൾ

178 (968) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനശ്രീ ഉത്പന്നങ്ങൾ വിനോദ സഞ്ചാരികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

വനശ്രീ ഉത്പന്നങ്ങൾ വിനോദസഞ്ചാരികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നതിനായി വനം വകുപ്പിന്റെ കീഴിൽ രണ്ട് മൊബൈൽ യൂണിറ്റുകളുൾപ്പെടെ 69 വനശ്രീ ഇക്കോ ഷോപ്പുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത ഉത്പന്നങ്ങൾ വിൽക്കുന്നതിന് എല്ലാ നിയോജകമണ്ഡലങ്ങളിലും ഔട്ട്ലെറ്റുകൾ സ്ഥാപിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

പ്രസ്തുത ഉത്പന്നങ്ങൾ വിൽക്കുന്നതിന് നിലവിൽ 34 നിയോജകമണ്ഡലങ്ങളിൽ വനശ്രീ ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.

അവയുടെ നിയോജകമണ്ഡലം അടിസ്ഥാനമാക്കിയുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(സി) ഉത്പന്നങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

നിലവിൽ വനം വകുപ്പിന്റെ കീഴിലുള്ള ചാലക്കുടി വനവികസന ഏജൻസി വികസിപ്പിച്ച www.vanasree.in എന്ന ഇ-കോമേഴ്സ് പ്ലാറ്റ്ഫോം വഴി വനവിഭവങ്ങൾ ഓൺലൈൻ മുഖേന വിപണനം നടത്തിവരുന്നു.

**തരൂർ നിയോജകമണ്ഡലത്തിലെ ജനങ്ങൾക്ക് നിരാക്ഷേപ പത്രം**

179 (969) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ നിയോജകമണ്ഡലത്തിലെ ജനങ്ങൾക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് വനം വകുപ്പിന്റെ നിരാക്ഷേപ പത്രത്തിനായി എത്ര അപേക്ഷകൾ നാളിതുവരെ ലഭിച്ചിട്ടുണ്ടെന്ന് പേര് വിവരങ്ങൾ സഹിതം വ്യക്തമാക്കാമോ?

തരൂർ നിയോജകമണ്ഡലത്തിലെ ജനങ്ങൾക്ക് പട്ടയം അനുവദിക്കുന്നത് സംബന്ധിച്ച് വനം വകുപ്പിന്റെ നിരാക്ഷേപ പത്രത്തിനായി അപേക്ഷകളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) അതിൽ എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്നും ഇനി എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാനുണ്ടെന്നും വിശദമാക്കാമോ?

മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

**അഗസ്ത്യാർകൂടം ട്രെക്കിംഗ്**

180 (970) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗസ്ത്യാർകൂടം ട്രെക്കിംഗിൽ സഞ്ചാരികൾക്ക് പങ്കെടുക്കുന്നതിനുള്ള സമയവും നടപടിക്രമങ്ങളും വിശദമാക്കുമോ?

അഗസ്ത്യാർകൂടം ട്രെക്കിംഗ് നിലവിൽ രണ്ട് രീതിയിലാണ് നടത്തിവരുന്നത്. സീസണൽ ട്രെക്കിംഗും ഓഫ് സീസൺ ട്രെക്കിംഗും. അഗസ്ത്യാർകൂടം മേഖലയിൽ അധിവസിക്കുന്ന ആദിവാസി ഗോത്രവർഗ്ഗത്തിന്റെ ആചാരാനുഷ്ഠാനവുമായി ബന്ധപ്പെട്ട് സീസണൽ ട്രെക്കിംഗ് മലയാള മാസമായ മകരത്തിൽ ആരംഭിച്ച് അതേ വർഷം കുംഭ മാസത്തിലെ ശിവരാത്രിനാളിൽ അവസാനിക്കുന്ന വിധത്തിലാണ് കാലങ്ങളായി ക്രമീകരിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലയാള മാസമായ മകരത്തിൽ തുടങ്ങി ശിവരാത്രിക്ക് 2 ദിവസത്തിനുമുമ്പ് വരെയുള്ള ദിവസങ്ങളിലേയ്ക്ക് മുൻകൂറായി സഞ്ചാരികൾക്ക് ടിക്കറ്റ് ബുക്ക് ചെയ്ത് ട്രെക്കിംഗിൽ പങ്കെടുക്കാവുന്നതാണ്.

ഗോത്രവർഗ്ഗത്തിന്റെ ആചാരാനുഷ്ഠാനവുമായി ബന്ധപ്പെട്ട് ശിവരാത്രിക്ക് മുമ്പുള്ള അവസാന 2 ദിവസങ്ങളിൽ പൊതുസഞ്ചാരികൾക്ക് പ്രവേശനം അനുവദിക്കാറില്ല. സീസണൽ ട്രെക്കിംഗിന് മുന്നോടിയായി ട്രെക്കിംഗ് വിശദാംശം വനം വകുപ്പിന്റെ വെബ്സൈറ്റിലും പ്രമുഖ ദിനപത്രങ്ങളിലും പരസ്യപ്പെടുത്താറുണ്ട്. ഓഫ് സീസൺ ട്രെക്കിംഗ് സംബന്ധിച്ച് ബുക്കിംഗ് തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷൻ ഓഫീസിലൂടെ നടത്തിവരുന്നു. 2023 വർഷത്തെ ട്രെക്കിംഗ് സീസണിലെ സമയവും നടപടിക്രമങ്ങളും അടങ്ങുന്ന വിശദമായ കുറിപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത ട്രെക്കിംഗിന് നിയന്ത്രണങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. യുനെസ്കോ പൈതൃകപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അഗസ്ത്യാർകൂടം മേഖലയിലെ പാരിസ്ഥിതിക സന്തുലിതാവസ്ഥയും ജൈവസമ്പത്തും നിലനിർത്തുകയെന്ന ഉദ്ദേശ്യത്തോടെ നിയന്ത്രിതമായി അതാത് വർഷങ്ങളിൽ സർക്കാർ ഉത്തരവിൽ വിവക്ഷിച്ചിട്ടുള്ള ഫീസ് ഈടാക്കി സഞ്ചാരികൾക്ക് പ്രവേശനം അനുവദിക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) കൂടുതൽ സഞ്ചാരികൾക്ക് ട്രെക്കിംഗ് പ്രയോജനപ്രദമാക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

ഉത്തരം " ബി" -യിൽ പരാമർശിക്കുംവിധം സംരക്ഷിത മേഖലയായതുകൊണ്ടുതന്നെ നിയന്ത്രിതമായി മാത്രമേ സഞ്ചാരികളെ പ്രവേശിപ്പിക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ കാലാവസ്ഥയ്ക്കനുസൃതമായി ഓഫ് സീസൺ ട്രെക്കിംഗ് അനുവദിക്കുന്നത് നിലവിൽ കൂടുതൽ സഞ്ചാരികൾക്ക് പ്രയോജനപ്പെടുന്നുണ്ട്.

(ഡി) വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും ട്രെക്കിംഗ് കേന്ദ്രങ്ങളുടെയും വിവരവും നടപടിക്രമങ്ങളും ജില്ല തിരിച്ച് വിശദമാക്കുമോ?

നിലവിൽ 60 കേന്ദ്രങ്ങളിലാണ് വനം വകുപ്പ് ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നത്. നിലവിലെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷിതവും അപകടസാധ്യത കുറവുമായ സ്ഥലങ്ങളിലാണ് വനം വകുപ്പ് ട്രെക്കിംഗ് പരിപാടികൾ നടപ്പാക്കിവരുന്നത്. വനം വകുപ്പ് നടപ്പാക്കുന്ന ഇക്കോ ടൂറിസം പരിപാടികളുടെയും ഇക്കോ ടൂറിസവുമായി

ബന്ധപ്പെട്ട് വനം വകുപ്പ് നടപ്പാക്കുന്ന ട്രെക്കിംഗ് പരിപാടികളുടെയും ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## ഭക്ഷ്യയോഗ്യമായ വനവിഭവങ്ങളുടെ വിൽപ്പന

181 (971) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങളിൽനിന്നും ശേഖരിക്കുന്ന ഭക്ഷ്യയോഗ്യമായ വനവിഭവങ്ങൾ ഏതെല്ലാം കേന്ദ്രങ്ങളിലൂടെയാണ് വിൽപ്പന നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വനങ്ങളിൽനിന്നും വനാശ്രിതർ ശേഖരിക്കുന്ന ഭക്ഷ്യയോഗ്യമായ വനവിഭവങ്ങൾ വനസംരക്ഷണ സമിതികൾ ശേഖരിച്ച് വനം വകുപ്പിന്റെ കീഴിലുള്ള രണ്ട് മൊബൈൽ യൂണിറ്റുകളുൾപ്പെടെ 69 വനശ്രീ ഇക്കോ ഷോപ്പുകൾ വഴി വിൽപ്പന നടത്തുന്നുണ്ട്.

(ബി) ഇവ ഓൺലൈൻ മുഖേന വിൽപ്പന നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

നിലവിൽ വനം വകുപ്പിന്റെ കീഴിലുള്ള ചാലക്കുടി വന വികസന ഏജൻസി വികസിപ്പിച്ച www.vanasree.in എന്ന ഇ-കോമേഴ്സ് പ്ലാറ്റ്ഫോം വഴി വനവിഭവങ്ങൾ ഓൺലൈൻ മുഖേന വിപണനം നടത്തിവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കൂടാതെ കേരളത്തിലെ എല്ലാ വനവികസന ഏജൻസികളും ശേഖരിക്കുന്ന വനവിഭവങ്ങൾ വിപണനം ചെയ്യുന്നതിനായി ഒരു ഓൺലൈൻ സംവിധാനം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം**

182 (972) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണംമൂലമുള്ള കൃഷിനാശത്തിന് കർഷകർക്ക് നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

വന്യജീവികളുടെ ആക്രമണംമൂലമുള്ള കൃഷിനാശം സംഭവിച്ചവർക്ക് 1980-ലെ The Kerala Rules for Payment of Compensation to Victims of Attack by Wild Animals പ്രകാരമാണ് നഷ്ടപരിഹാരം നൽകുന്നത്. 05-04-2018-ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/വനം പ്രകാരമുള്ള നിരക്കിലാണ് നഷ്ടപരിഹാരം നൽകിവരുന്നത്. നിലവിലെ നിരക്ക് അനുബന്ധമായി ചേർക്കുന്നു.+ കൂടാതെ 08-01-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 02/2015/വനം പ്രകാരം കൃഷിനാശം സംഭവിച്ച ഓരോ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിളയ്ക്കുമുള്ള നഷ്ടപരിഹാരം നൽകുന്നതിന് നിശ്ചയിച്ച നിരക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) നഷ്ടപരിഹാരത്തിനായി സമർപ്പിച്ച അപേക്ഷകളിൽ എന്നുവരെയുള്ള അപേക്ഷകളിൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും ആയതിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിൽ നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളുടെയും നൽകിയ തുകയുടെയും വിശദവിവരം സർക്കിൾ തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(സി) വിളനാശത്തിനുള്ള നഷ്ടപരിഹാര നിരക്ക് അവസാനമായി പരിഷ്ക്കരിച്ചത് എന്നാണെന്നറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

വിളനാശത്തിന് അവസാനമായി 05-04-2018-ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/വനം പ്രകാരം പുതുക്കിയ നിരക്കിൽ നഷ്ടപരിഹാരം നൽകിവരുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ഡി) കൃഷി ചെലവുകളും അനുബന്ധ ചെലവുകളും വർദ്ധിച്ച സാഹചര്യത്തിൽ നഷ്ടപരിഹാര നിരക്ക് കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പരിശോധിച്ചുവരുന്നു.

**വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവർക്കുള്ള നഷ്ടപരിഹാരം**

193 (973) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികൾ ജനവാസ മേഖലകളിലേയ്ക്ക് കടന്ന് മനുഷ്യരെയും വളർത്തുമൃഗങ്ങളെയും ആക്രമിക്കുന്നതും കൃഷിനാശം സൃഷ്ടിക്കുന്നതും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽ വന്യജീവികൾ ജനവാസ മേഖലകളിലിറങ്ങി നാശനഷ്ടങ്ങളുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യമൃഗങ്ങൾ ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങാതിരിക്കുന്നതിനും ജനവാസമേഖലകളിലേയ്ക്ക് ഇറങ്ങുന്നവയെ തിരികെ വനത്തിനുള്ളിലേയ്ക്ക് മടക്കി അയയ്ക്കുന്നതിനുമായി സ്ഥിരം വനം ജീവനക്കാർക്കുപുറമേ ആവശ്യത്തിന് ദിവസവേതന ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ ജനപങ്കാളിത്തത്തോടെയുള്ള ജനജാഗ്രതാ സമിതികൾ മുഖേനയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് രൂപീകരിച്ച ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി

മുഖേനയും ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നുണ്ട്. വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും പരിപാലിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി വരികയും ചെയ്യുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി അതാത് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് അടുത്ത 10 വർഷത്തേയ്ക്കാവശ്യമായ 1150 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25-01-2021-ൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി അഞ്ചുവർഷ കാലയളവിലേയ്ക്ക് 620 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുന്നതിനായി സമർപ്പിച്ചത് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) വന്യജീവി ആക്രമണം തടയുന്ന പ്രവർത്തനങ്ങൾക്കായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സംസ്ഥാനത്തിന് 2016 മുതൽ നാളിതുവരെ

അനുവദിച്ചിട്ടുള്ള ഫണ്ട് എത്രയാണെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

മനുഷ്യ-വന്യമൃഗസംഘർഷം ലഘൂകരിക്കുന്നതിനായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 2016 മുതൽ നാളിതുവരെ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) അനുവദിച്ച ഫണ്ട് പൂർണ്ണമായും ചെലവഴിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിലാണ് കേന്ദ്ര വിഹിതം ലഭിച്ചത് എന്നതിനാലാണ് അനുവദിച്ച ഫണ്ട് അതാത് വർഷങ്ങളിൽ പൂർണ്ണമായും വിനിയോഗിക്കാൻ സാധിക്കാത്തത്.

(ഡി) 2016 മുതൽ നാളിതുവരെ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; അവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

2016 മുതൽ നാളിതുവരെ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും അവയ്ക്ക് നൽകിയ നഷ്ടപരിഹാര തുകയുടെയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

**കാട്ടാന ആക്രമണം തടയാൻ നടപടി**

184 (974) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടാന അടക്കമുള്ള വന്യമൃഗങ്ങളുടെ ആക്രമണം കൂടിവരുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കാട്ടാന അടക്കമുള്ള വന്യമൃഗങ്ങളുടെ ആക്രമണം കൂടിവരുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ട്. പാലക്കാട്, വയനാട്, ഇടുക്കി ജില്ലകളിലെ വനം വകുപ്പിന്റെ വിവിധ ഡിവിഷനുകളിൽ കാട്ടാനയടക്കമുള്ള വന്യജീവികളുടെ ആക്രമണം റിപ്പോർട്ട് ചെയ്യുന്നുണ്ട്. വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എന്നിവ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്തുവരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂട്ടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പുദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) അട്ടപ്പാടിയിൽ നാല് മാസത്തിനിടെ കാട്ടാനയുടെ ആക്രമണത്തിൽ നാല് ആളുകൾ കൊല്ലപ്പെട്ട സാഹചര്യത്തിൽ കാട്ടാനയുടെ ആക്രമണം തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അട്ടപ്പാടി റേഞ്ചുൾപ്പെടുന്ന മണ്ണാർക്കാട് ഡിവിഷനിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിനായി 87.40 കി.മീ. സൗരോർജ്ജവേലി, 7.44 കി.മീ. ആന പ്രതിരോധ കിടങ്ങ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 76.50 കി.മീ സൗരോർജ്ജ വേലിയുടെ നിർമ്മാണ പ്രവൃത്തി പുരോഗമിക്കുന്നുണ്ട്. ജനവാസ മേഖലകളിലേയ്ക്കിറങ്ങുന്ന കാട്ടാനകളുടെ ആക്രമണം ഫലപ്രദമായി തടയുന്നതിന് മണ്ണാർക്കാട്

കേന്ദ്രീകരിച്ച് ഒരു സ്ഥിരം ദ്രുതകർമ്മ സേനയും അഗളി, പുതൂർ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് താൽക്കാലിക ദ്രുതകർമ്മ സേനകളും വളരെ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. പ്രശ്നബാധിത പ്രദേശങ്ങളിൽ സ്ഥിരം ജീവനക്കാരെ കൂടാതെ പ്രദേശവാസികളായ താൽക്കാലിക വാച്ചർമാരെയും നിയോഗിച്ചിട്ടുണ്ട്.

(സി) അട്ടപ്പാടി ഷോളയൂരിൽ കാട്ടാനയുടെ ആക്രമണത്തിൽ ഊത്തുക്കുഴി ഊരിലെ ലക്ഷ്മണൻ എന്നയാൾ കൊല്ലപ്പെട്ട സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

കാട്ടാനയുടെ ആക്രമണത്തിൽ 03-12-2022-ൽ ലക്ഷ്മണൻ എന്നയാൾ കൊല്ലപ്പെട്ടിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം ടിയാന്റെ ആശ്രിതർക്ക് 10 ലക്ഷം രൂപ സമാശ്വാസ ധനസഹായത്തിന് അർഹതയുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ആശ്രിതർക്ക് അടിയന്തര ധനസഹായമായി 10,000/- രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക ആവശ്യമായ രേഖകൾ സമർപ്പിച്ചതിനുശേഷം ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് അനുവദിക്കുന്നതാണ്.

(ഡി) സംസ്ഥാനത്തുടനീളം കാട്ടാന ആക്രമണം തടയാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

സംസ്ഥാനത്തുടനീളം കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ ജനവാസ മേഖലകളിൽ ഇറങ്ങിയതായി ശ്രദ്ധയിൽപ്പെട്ടാൽ അവയെ വനത്തിനുള്ളിലേയ്ക്ക് മടക്കി അയയ്ക്കുന്നതിനായി നടപടികൾ സ്വീകരിക്കാറുണ്ട്. ഇതിനായി കൂടുകൾ സ്ഥാപിക്കുകയും അടിയന്തര ഘട്ടങ്ങളിൽ മയക്കുവെടിവച്ച് അവയെ പിടികൂടുകയും സുരക്ഷിതമായി തിരികെ വനത്തിലേയ്ക്ക് വിടുകയും ചെയ്തുവരുന്നു. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട്, ഇടുക്കി ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും റാപ്പിഡ് റെസ്പോൺസ് ടീമുകളും പ്രവർത്തിച്ചുവരുന്നുണ്ട്.

## വന്യജീവികൾ ജനവാസകേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നത് തടയാൻ നടപടി

185 (975) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ ജനവാസകേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിന്റെ കാരണങ്ങളും പ്രതിരോധമാർഗ്ഗങ്ങളും സംബന്ധിച്ച് ഡെറാഡൂണിലെ വന്യജീവി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുമായി ചേർന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കാമോ?

കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള സംസ്ഥാനതല സ്ട്രാറ്റജി രൂപീകരിക്കുന്നതിനുള്ള പഠനത്തിനായി വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, കേരള വനം വകുപ്പ്, പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ എന്നിവരുമായി ചേർന്ന് 13-11-2018-ൽ ഒരു എം.ഒ.യു. ഒപ്പുവയ്ക്കുകയും ആയതുപ്രകാരം പ്രസ്തുത പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഇടക്കാല റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ടി പഠനം നടത്തിയതുമായി ബന്ധപ്പെട്ട പ്രോജക്ട് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുന്നത് താഴെപ്പറയുന്ന കാരണങ്ങളാലാണെന്ന് കണ്ടെത്തിയിട്ടുള്ളതാണ്. ആയത് ചുവടെ ചേർക്കുന്നു.

1. കാടിന് ചുറ്റുമുള്ള കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിച്ചിരിക്കുന്നു. കൃഷി സമ്പ്രദായം മാറി, കർഷകർ കരിമ്പ്, വാഴപോലുള്ള വാണിജ്യ വിളകൾ വർദ്ധിച്ച തോതിൽ കൃഷി ചെയ്യാനാരംഭിച്ചു.
2. വന്യജീവികളുടെ എണ്ണത്തിലുള്ള വർദ്ധനവ്.
3. മനുഷ്യരും വളർത്തുമൃഗങ്ങളും വന്യജീവി മേഖലകളിൽ സഞ്ചരിക്കുന്നതും തങ്ങുന്നതും ചിലപ്പോൾ അപകടങ്ങൾക്കിടയാക്കുന്നു.
4. ആവാസ മേഖലകൾ ചെറുകഷണങ്ങളായി മുറിഞ്ഞുപോകുന്നതുമൂലം വന്യജീവികളുടെ സ്വൈരവിഹാരം തടസ്സപ്പെടുന്നതിനും വന്യജീവികൾ ജനവാസ മേഖലകളിലേയ്ക്കിറങ്ങുന്നതിനും കാരണമാകുന്നു.
5. അധിനിവേശ വിദേശ സസ്യങ്ങളും ജീവികളും വന്യജീവികൾക്ക് ഭക്ഷ്യലഭ്യത കുറയ്ക്കുന്നു.
6. യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശ ഇനം സസ്യങ്ങൾ വനത്തിനുള്ളിലും പുൽമേടുകളിലും മറ്റും തോട്ടമായി മുൻകാലങ്ങളിൽ നട്ടുവളർത്തിയത് ആവാസ വ്യവസ്ഥകളുടെ ഗുണനിലവാരം നശിപ്പിച്ചു.

7. ആധുനിക വാർത്താവിനിമയ വിവരസങ്കേതിക സൗകര്യങ്ങൾ വർദ്ധിച്ച അളവിൽ ഉപയോഗപ്പെടുത്തുന്നതുമൂലം മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

(ബി) പഠന റിപ്പോർട്ടിലെ പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി വന്യമൃഗങ്ങൾ ജനവാസകേന്ദ്രങ്ങളിൽ ഇറങ്ങുന്നത് തടയുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

അന്തിമ റിപ്പോർട്ട് നാളിതുവരെ ലഭിച്ചിട്ടില്ല. വന്യജീവികൾ ജനവാസ മേഖലകളിൽ ഇറങ്ങാതിരിക്കുന്നതിനായി വനാതിർത്തികളിൽ സോളാർ ഫെൻസിംഗ്, ഹാങിംഗ് ഫെൻസിംഗ്, ആന മതിൽ, ആന പ്രതിരോധ കിടങ്ങുകൾ എന്നിവ നിർമ്മിക്കാറുണ്ട്.

## ആനകളുടെ എണ്ണം

186 (976) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ ആകെ എത്ര നാട്ടാനകൾ നിലവിലുണ്ട്; ആനയുടെ പേര്, വയസ്സ്, ഉയരം, കൊമ്പൻ/പിടി/മോഴ, ഉടമയുടെ പേര് എന്നീ വിവരങ്ങൾ ജില്ല തിരിച്ച് നൽകാമോ?

സംസ്ഥാനത്ത് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ ആകെ 280 ആനകളുണ്ട്. ആനയുടെ പേര്, വയസ്സ്, ഉയരം, കൊമ്പൻ/പിടി/മോഴ, ഉടമയുടെ പേര് എന്നീ വിവരങ്ങൾ ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ബി) ദേവസ്വം ബോർഡുകളുടെയോ വനം വകുപ്പൊഴികെ മറ്റ് വകുപ്പുകളുടെയോ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ എത്ര ആനകളുണ്ട്; ആനയുടെ പേര്, വയസ്സ്, ഉയരം, കൊമ്പൻ/പിടി/മോഴ, ഉടമയുടെ പേര് എന്നീ വിവരങ്ങൾ ജില്ല തിരിച്ച് നൽകാമോ?

ദേവസ്വം ബോർഡുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ഉടമസ്ഥതയിൽ 109 ആനകളുണ്ട്. ആനയുടെ പേര്, വയസ്സ്, ഉയരം, കൊമ്പൻ/പിടി/മോഴ, ഉടമയുടെ പേര് എന്നീ വിവരങ്ങൾ ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(സി) വനം വകുപ്പിന്റെ ഉടമസ്ഥതയിൽ പരിപാലിക്കുന്ന ആനകളുടെ എണ്ണം എത്ര; അവയുടെ പേര്, വയസ്സ്, ഉയരം, കൊമ്പൻ/പിടി/മോഴ, ഉടമയുടെ പേര് എന്നീ വിവരങ്ങൾ ജില്ല തിരിച്ച് നൽകാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വനം വകുപ്പിന്റെ ഉടമസ്ഥതയിൽ പരിപാലിക്കുന്ന ആനകളുടെ എണ്ണം 41 ആണ്. അവയുടെ പേര്, വയസ്സ്, ഉയരം, കൊമ്പൻ/പിടി/മോഴ, ഉടമയുടെ പേര് എന്നീ വിവരങ്ങൾ ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

**വന്യജീവി അക്രമണംമൂലമുണ്ടായ ജീവഹാനി, കൃഷിനാശം**

187 (977) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവി ആക്രമണംമൂലമുണ്ടായ ജീവഹാനി, കൃഷിനാശം എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവി ആക്രമണംമൂലം 187 പേർക്ക് ജീവഹാനിയും 10091 പേർക്ക് കൃഷിനാശവുമുണ്ടായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വന്യജീവി ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

മൃഗങ്ങൾ ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങാതിരിക്കുന്നതിനും ജനവാസമേഖലകളിലേയ്ക്ക് ഇറങ്ങുന്നവയെ തിരികെ വനത്തിനുള്ളിലേയ്ക്ക് മടക്കി അയയ്ക്കുന്നതിനുമായി സ്ഥിരം വനം ജീവനക്കാർക്കുപുറമേ ആവശ്യത്തിന് ദിവസ വേതന ജീവനക്കാരെയും നിയോഗിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ ജനപങ്കാളിത്തത്തോടെയുള്ള ജനജാഗ്രതാ സമിതികൾ മുഖേനയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് രൂപീകരിച്ച ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി മുഖേനയും ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്നുണ്ട്. വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, സൗരോർജ്ജ തൂക്കുവേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും പരിപാലിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തിവരികയും ചെയ്യുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി അതാത് സർക്കിൾ ചീഫ് ഫോറസ്റ്റ്

കൺസർവേറ്റർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ നിയന്ത്രണ വിധേയമാക്കാൻ പ്രായോഗികവും സംയോജിതവുമായ സമീപനം ആവശ്യമാണ്. മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് അടുത്ത 10 വർഷത്തേയ്ക്കാവശ്യമായ 1150 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25-01-2021-ൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി അഞ്ചുവർഷ കാലയളവിലേയ്ക്ക് 620 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുന്നതിനായി സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) വന വിസ്തൃതിക്കനുസരിച്ചല്ല വന്യജീവികളുടെ എണ്ണപ്പെരുപ്പമെന്നതുകൊണ്ട് അവയുടെ ജനനനിയന്ത്രണം സാദ്ധ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ ജനനനിയന്ത്രണത്തിനായി നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(സി) വന്യജീവികൾ കാടിറങ്ങിവരുന്നതിന് കാരണമായി പറയുന്ന വനത്തിനകത്തെ ഭക്ഷ്യവസ്തുക്കളുടെ ദൗർലഭ്യം, കാലാവസ്ഥാ വ്യതിയാനം

നിമിത്തമുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരമായി പദ്ധതികൾ നടപ്പാക്കിവരുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മണൽച്ചാക്ക്, ബ്രഷ്‌വുഡ് എന്നിവ ഉപയോഗിച്ച് താൽക്കാലിക തടയണകളും സ്ഥിരം തടയണകളും നിർമ്മിക്കുന്നു. വനത്തിനുള്ളിൽ കുളങ്ങൾ, നീർച്ചാലുകൾ തുടങ്ങിയവയിലെ ചെളി, മണ്ണ് എന്നിവ നീക്കംചെയ്ത് ഉപയോഗയോഗ്യമാക്കുന്നുണ്ട്. ഭക്ഷണലഭ്യത ഉറപ്പാക്കുന്നതിന് വയലുകളുടെ അറ്റകുറ്റപ്പണികൾ, നിയന്ത്രിത കത്തിക്കൽ, കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ യഥാസമയം നടത്തിവരുന്നു. അധിനിവേശ സസ്യങ്ങളുടെ വ്യാപനം തടയുന്നതിന് നബാർഡ്/ആർ.കെ.ഡി.പി. പദ്ധതികളിലുൾപ്പെടുത്തി ഇവ നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വനത്തിനകത്ത് മുള ഉൾപ്പെടെയുള്ള തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നുണ്ട്. കൂടാതെ ഇക്കോ-റീസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തുന്നുണ്ട്. വ്യാവസായികാവശ്യത്തിനായി വച്ചുപിടിപ്പിച്ചിട്ടുള്ള ഏകവിള തോട്ടങ്ങൾ വർക്കിംഗ് പ്ലാൻ വ്യവസ്ഥയ്ക്കുവിധേയമായി ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## വന്യജീവി ആക്രമണം

188 (978) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര മേഖലകളിൽ നാളിതുവരെയും കാണാത്ത രീതിയിൽ വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

മലയോര മേഖലകളോട് ചേർന്നുള്ള ജനവാസമേഖലകളിൽ വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വന്യജീവി ആവാസ മേഖലകളുടെ വിഘടനവും അതുമൂലമുണ്ടായിട്ടുള്ള വനാതിർത്തികളുടെ വർദ്ധനവും വനമേഖലകളിൽ ടൂറിസം ഉൾപ്പടെയുള്ള പ്രവൃത്തികളിലൂടെ മനുഷ്യരുടെ സാന്നിദ്ധ്യം വർദ്ധിച്ചതും വന്യജീവികൾ ജനവാസമേഖലകളിലേയ്ക്ക് കൂടുതലായി പ്രവേശിക്കുന്നതിന് കാരണമാകുന്നുണ്ട്. വന്യജീവികളുടെ പരമ്പരാഗത സഞ്ചാരപാതകൾ/ ആനത്താരകൾ എന്നിവ വിവിധതരം നിർമ്മാണ പ്രവൃത്തികൾമൂലം തടസ്സപ്പെടുത്തുന്നത് കാട്ടാന ഉൾപ്പടെയുള്ള വന്യമൃഗങ്ങളിൽ അസ്വസ്ഥതയും പ്രകോപനവും ഉണ്ടാക്കുന്നുണ്ട്. ആയതും മനുഷ്യ-വന്യജീവി സംഘർഷത്തിന് കാരണമാകുന്നുണ്ട്. ഇതോടൊപ്പം മാംസഭുക്കുകളല്ലാത്ത

വന്യമൃഗങ്ങൾ വനാതിർത്തികളോട് ചേർന്നുള്ള ജനവാസ മേഖലകളിലെ കാർഷിക വിളകൾ ഭക്ഷണമാക്കുന്നതിനും പ്രായാധിക്യം, പരുക്ക്, മറ്റ് അസുഖങ്ങൾ എന്നിവമൂലം ബുദ്ധിമുട്ടുന്ന മാംസഭുക്കുകൾ വളർത്തുമൃഗങ്ങളെ ഇരയാക്കുന്നതിനും ജനവാസമേഖലകളിലേയ്ക്ക് ഇറങ്ങുന്നതായി കാണുന്നുണ്ട്.

(ബി) വന്യജീവി ആക്രമണം തടയുന്നതിനുവേണ്ടി 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ വനം വകുപ്പ് ഓരോ ഡിവിഷനിലും എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നതിന്റെ വിശദവിവരം നൽകാമോ?

വന്യജീവി ആക്രമണം തടയുന്നതിനുവേണ്ടി 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിൽ വനം വകുപ്പ് ഓരോ ഡിവിഷനിലും ചെലവഴിച്ച തുകയും വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) മലയോര മേഖലയിലെ ജനജീവിതം ദുസ്സഹമാക്കുന്ന വന്യജീവി ആക്രമണം തടയാൻ നിലവിലെ നിയമത്തിൽ മാറ്റം വരുത്തുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിനെ സമീപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ?

കേന്ദ്ര നിയമത്തിൽ മാറ്റങ്ങൾ നിർദ്ദേശിക്കേണ്ടതുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## വന്യജീവി സംരക്ഷണ നിയമം ഭേദഗതി

189 (979) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംരക്ഷിത വനമേഖലയ്ക്ക് പുറത്ത് മനുഷ്യജീവന് ഭീഷണിയാകുന്ന വന്യമൃഗങ്ങളുടെ നിയന്ത്രിത വേട്ടയാടലിന് അനുമതി നൽകാൻ വന്യജീവി (സംരക്ഷണ) നിയമം ഭേദഗതി ചെയ്യണമെന്ന പ്രൊഫസർ മാധവ് ഗാഡ്ഗിലിന്റെ നിർദ്ദേശത്തോട് യോജിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി തുടർനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വന്യമൃഗങ്ങളുടെ നിയന്ത്രിത വേട്ടയാടലിന് അനുമതി നൽകാൻ വന്യജീവി (സംരക്ഷണ) നിയമത്തിൽ ഭേദഗതി ചെയ്യണമെന്നുള്ള പ്രൊഫസർ മാധവ് ഗാഡ്ഗിലിന്റെ നിർദ്ദേശം സർക്കാർ തലത്തിൽ പരിശോധിച്ചിട്ടില്ല. 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിൽ ഭേദഗതി വരുത്താനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്.

## വന്യമൃഗങ്ങളെ പിടികൂടുന്നതിനായുള്ള ദൗത്യങ്ങൾ

190 (980) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് ജനവാസ മേഖലയിൽ പ്രശ്നം സൃഷ്ടിച്ച വന്യമൃഗങ്ങളെ പിടികൂടുന്നതിനായി എത്ര ദൗത്യങ്ങൾ നടപ്പാക്കിയിട്ടുണ്ട്; ഓരോ ദൗത്യത്തിനും ചെലവഴിച്ച തുക വ്യക്തമാക്കുമോ?

മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് ജനവാസമേഖലയിൽ പ്രശ്നം സൃഷ്ടിച്ച വന്യമൃഗങ്ങളെ പിടികൂടുന്നതിനായി 41 ദൗത്യങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ആകെ 52,89,414 രൂപ ടി ദൗത്യങ്ങൾക്ക് ചെലവഴിച്ചിട്ടുണ്ട്.

(ബി) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ജനവാസ മേഖലയിലിറങ്ങിയ വന്യമൃഗങ്ങളെ പിടികൂടുന്നതിനോ വനമേഖലയിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനോ ഉള്ള ദൗത്യങ്ങൾക്കിടയിൽ എത്ര ഉദ്യോഗസ്ഥർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ ജനവാസ മേഖലയിലിറങ്ങിയ വന്യമൃഗങ്ങളെ പിടികൂടുന്നതിനോ വനമേഖലയിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനോ ഉള്ള ദൗത്യങ്ങൾക്കിടയിൽ മൂന്ന് ഉദ്യോഗസ്ഥർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്.

**വന്യമൃഗ ആക്രമണങ്ങൾ**

191 (981) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗ ആക്രമണങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് എന്നത് സംബന്ധിച്ച ഔദ്യോഗിക പഠനങ്ങളെന്തെങ്കിലും നടത്തുകയുണ്ടായോയെന്ന് വ്യക്തമാക്കുമോ?

മലയോര മേഖലകളോടുചേർന്നുള്ള ജനവാസ മേഖലകളിൽ വന്യമൃഗങ്ങൾ പ്രവേശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളെയും പ്രതിരോധ മാർഗ്ഗങ്ങളെയുംക്കുറിച്ച് പഠനം നടത്തിവരുന്നുണ്ട്. ടി പഠനത്തിലെ ഇടക്കാല കണ്ടെത്തലുകൾക്കൂടി ഉൾപ്പെടുത്തി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും 2021 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ വിശദമായ ഒരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രോജക്ട് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യജീവി

സംഘർഷങ്ങൾ വർദ്ധിക്കുന്നതിന് വന്യജീവികളുടെ എണ്ണത്തിലുള്ള വർദ്ധനവും ഒരു കാരണമായി കണ്ടെത്തിയിട്ടുള്ളതാണ്. മേൽ വിഷയത്തിൽ ഒരു അന്തിമ പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ലാത്തതാണ്.

(ബി) വന്യമൃഗ ആക്രമണങ്ങൾ വർദ്ധിക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

വന്യജീവി ആവാസ മേഖലകളുടെ വിഘടനവും അതുമൂലമുണ്ടായിട്ടുള്ള വനാതിർത്തികളുടെ വർദ്ധനവും വനമേഖലകളിൽ ടൂറിസം ഉൾപ്പടെയുള്ള പ്രവൃത്തികളിലൂടെ മനുഷ്യരുടെ സാന്നിദ്ധ്യം വർദ്ധിച്ചതും വന്യജീവികൾ ജനവാസമേഖലകളിലേയ്ക്ക് കൂടുതലായി പ്രവേശിക്കുന്നതിന് കാരണമാകുന്നുണ്ട്. വന്യജീവികളുടെ പരമ്പരാഗത സഞ്ചാരപാതകൾ/ ആനത്താരകൾ എന്നിവ വിവിധ തരം നിർമ്മാണ പ്രവൃത്തികൾമൂലം തടസ്സപ്പെടുത്തുന്നത് കാട്ടാന ഉൾപ്പടെയുള്ള വന്യമൃഗങ്ങളിൽ അസ്വസ്ഥതയും പ്രകോപനവുമുണ്ടാക്കുന്നുണ്ട്. ആയത് മനുഷ്യ-വന്യജീവി സംഘർഷത്തിനും കാരണമാകുന്നുണ്ട്. ഇതോടൊപ്പം മാംസഭുക്കുകളല്ലാത്ത വന്യമൃഗങ്ങൾ വനാതിർത്തികളോട് ചേർന്നുള്ള ജനവാസ മേഖലകളിലെ കാർഷിക വിളകൾ ഭക്ഷണമാക്കുന്നതിനും പ്രായാധിക്യം, പരുക്ക്, മറ്റ് അസുഖങ്ങൾ

എന്നിവമൂലം ബുദ്ധിമുട്ടുന്ന മാംസഭുക്കുകൾ വളർത്തുമൃഗങ്ങളെ ഇരയാക്കുന്നതിനും ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങുന്നതായി കാണുന്നുണ്ട്.

(സി) 2019 മുതൽ നാളിതുവരെ സംസ്ഥാനത്ത് നടന്ന വന്യജീവി ആക്രമണങ്ങളുടെയും മനുഷ്യവാസ കേന്ദ്രങ്ങളിലേയ്ക്കുള്ള മൃഗങ്ങളുടെ കടന്നുകയറ്റങ്ങളുടെയും എണ്ണം എത്ര വീതമാണ്; വർഷവും മൃഗങ്ങളുടെ ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2019 മുതൽ 2022 വരെ സംസ്ഥാനത്ത് നടന്ന വന്യജീവി ആക്രമണത്തിൽ മരിച്ചവരുടെയും പരിക്ക് പറ്റിയവരുടെയും എണ്ണം അനുബന്ധമായി ചേർക്കുന്നു.+ മനുഷ്യവാസ കേന്ദ്രങ്ങളിലേയ്ക്ക് വന്യജീവികൾ കടന്നുകയറിയതിന്റെ എണ്ണവും ഇനവും തിരിച്ച് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ഡി) ഈ കാലയളവിൽ വന്യജീവി ആക്രമണങ്ങളും കടന്നുകയറ്റങ്ങളും നേരിടുന്നതിനായി ചെലവാക്കിയിട്ടുള്ള തുക എത്രയാണ്; വർഷവും മൃഗങ്ങളുടെ ഇനവും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2018-19 കാലയളവ് മുതൽ 30-11-2022 വരെ വന്യജീവി ആക്രമണങ്ങളും കടന്നുകയറ്റങ്ങളും നേരിടുന്നതിനായി ചെലവാക്കിയിട്ടുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

തുക സംബന്ധിച്ച വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.[+] മൃഗങ്ങളുടെ ഇനം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ഇ) 2010 മുതൽ ഓരോ വർഷവും സംസ്ഥാനത്ത് മൃഗങ്ങൾ എത്ര എണ്ണം വീതമാണുണ്ടായിരുന്നതെന്ന് അറിയിക്കുമോ?

ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ് 2019 പ്രകാരമുള്ള വിവിധ വന്യമൃഗങ്ങളുടെ എണ്ണം 2002, 2011 എന്നീ വർഷങ്ങളിലേത് അനുബന്ധമായി ചേർക്കുന്നു.[+]

ഡങ് കൗണ്ട് മെതേഡ് പ്രകാരമുള്ള കാട്ടാനകളുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.[+] കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റി നടത്തിയ സെൻസസ് പ്രകാരമുള്ള കേരളത്തിലെ കടുവകളുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.[+]

(എഫ്) വനത്തിനുള്ളിൽ ചില ഇനം മൃഗങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതാണ് ഇത്തരം ആക്രമണങ്ങൾക്ക് കാരണമെന്ന് കരുതുന്നുണ്ടോ; എങ്കിൽ മൃഗങ്ങളുടെ ആവാസ വ്യവസ്ഥ സന്തുലിതമായി നിലനിർത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വനത്തിനുള്ളിൽ ചില ഇനം മൃഗങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വന്യജീവികളുടെ ആവാസ വ്യവസ്ഥ സന്തുലിതമായി നിലനിർത്തുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം എന്നിവ നടത്തിവരുന്നുണ്ട്. കൂടാതെ വന്യജീവികൾക്ക് ഭക്ഷണലഭ്യത ഉറപ്പുവരുത്തുന്നതിനായി മുള, തദ്ദേശീയ സസ്യങ്ങൾ എന്നിവ വച്ചുപിടിപ്പിക്കുന്നുണ്ട്. കൂടാതെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപന പ്രവർത്തനങ്ങളും വിവിധ പദ്ധതികൾ പ്രകാരം നടപ്പിലാക്കിവരുന്നുണ്ട്.

**വന്യജീവി ആക്രമണത്താലുള്ള കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ നടപടി**

192 (982) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം വർദ്ധിച്ചുവരുന്നതായ സാഹചര്യം പഠനവിധേയമാക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്ത് വന്യജീവി ആക്രമണം വർദ്ധിച്ചുവരുന്ന സാഹചര്യം പഠനവിധേയമാക്കുന്നുണ്ട്.

(ബി) വന്യജീവികളുടെ എണ്ണം വർദ്ധിക്കുന്നത് നിരീക്ഷിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

നിശ്ചിത ഇടവേളകളിൽ വന്യജീവി സെൻസസ് നടത്തിവരുന്നുണ്ട്. വന്യജീവികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നില്ല. വന്യജീവികളുടെ എണ്ണം വർദ്ധിക്കുന്നത് തടയുന്നതിനായി ഇതുവരെ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(സി) വർദ്ധിച്ചുവരുന്ന വന്യജീവികൾക്ക് കാട്ടിനുള്ളിൽ ആവശ്യമായ ഭക്ഷണം ലഭിക്കാത്ത സാഹചര്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

വന്യജീവികൾ ജനവാസകേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനായി ഭക്ഷണലഭ്യതയും ജലലഭ്യതയും ഉറപ്പുവരുത്തുന്ന നടപടികളുടെ ഭാഗമായി വനത്തിനകത്ത് കുളങ്ങളുടെ നിർമ്മാണം,

ചെക്കഡാമുകളുടെ നിർമ്മാണം, ആയവയുടെ അറ്റകുറ്റപ്പണികൾ, സ്വഭാവിക വന പുന:സ്ഥാപന പ്രവർത്തനങ്ങൾ എന്നിവ നടത്തിവരുന്നുണ്ട്.

(ഡി) മനുഷ്യജീവനും സ്വത്തിനും ഭീഷണിയാകുന്ന മൃഗങ്ങളിൽനിന്ന് നേരിടുന്ന ആക്രമണം തടയാൻ 1972-ലെ വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യാൻ കേന്ദ്ര വനം മന്ത്രാലയത്തോട് ശിപാർശ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

കേന്ദ്ര വന്യജീവി സംരക്ഷണ നിയമത്തിൽ ഭേദഗതി നിർദ്ദേശം സമർപ്പിക്കേണ്ടതുണ്ടോയെന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണം**

193 (983) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്കിറങ്ങുന്നതിനുള്ള കാരണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളും സംബന്ധിച്ച് നടത്തിയ പഠനം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള സംസ്ഥാനതല സ്ട്രാറ്റജി രൂപീകരിക്കുന്നതിനുള്ള പഠനത്തിനായി വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, കേരള വനം വകുപ്പ്, പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ എന്നിവർ ചേർന്ന് 13-11-2018-ൽ ഒരു എം.ഒ.യു. ഒപ്പുവയ്ക്കുകയും ആയതുപ്രകാരം പ്രസ്തുത പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പഠനം പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) പ്രസ്തുത പഠനം പൂർത്തിയായിട്ടില്ലെങ്കിൽ ഇടക്കാല റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് നടത്തിയ പ്രസ്തുത പഠനത്തിന്റെ ഇടക്കാല റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

## വന്യജീവി ആക്രമണം ലഘൂകരിക്കാൻ നടപടി

194 (984) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള റാപ്പിഡ് റെസ്പോൺസ് ടീം (ആർ.ആർ.റ്റി.) ഏതെല്ലാം ഡിവിഷനുകളിൽ നിലവിലുണ്ടെന്ന് വിശദമാക്കുമോ; എല്ലാ ഡിവിഷനുകളിലും ആർ.ആർ.റ്റി. രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

വന്യജീവികൾ ജനവാസ മേഖലകളിലിറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുന്ന അടിയന്തര സാഹചര്യമുണ്ടാകുമ്പോൾ സമയോചിതമായി പ്രവർത്തിച്ച് വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ തുരത്തുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി.) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് രൂപീകരിച്ച സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+ കൂടാതെ കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിൽ 7 ആർ.ആർ.റ്റി.-കൾ താത്കാലികമായി പ്രവർത്തിച്ചുവരുന്നു. നിലവിൽ രൂപീകരിച്ചിട്ടുള്ള ആർ.ആർ.റ്റി.-കൾക്ക് പുറമേ കാസർഗോഡ്, കൽപ്പറ്റ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി എന്നിവിടങ്ങളിൽ ആർ.ആർ.റ്റി അനുവദിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(ബി) റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥിരം തസ്തികകൾ അനുവദിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ ആവശ്യാനുസരണം ജീവനക്കാരെ റൊട്ടേഷൻ അടിസ്ഥാനത്തിൽ നിയോഗിച്ച് ആർ.ആർ.റ്റി. പ്രവർത്തിച്ചുവരുന്നു. വിവിധ ആർ.ആർ.റ്റി.-കൾക്ക് Bolero Camper, Mahindra Scorpio Getaway പോലുള്ള മൾട്ടിപർപ്പസ് വാഹനങ്ങളടക്കം 17-ഓളം വാഹനങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ വന്യമൃഗങ്ങളെ പിടികൂടി ഉൾക്കാട്ടിൽ വിടുന്നതിനായി പലതരം കൂടുകൾ നൽകിയിട്ടുണ്ട്. Camera traps, Digital Camera, Rifle, knife, Snake handling kit, amplifier mike and speaker unit, 12 bore pump action gun, torch തുടങ്ങിയ അത്യാവശ്യ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്. കൂടുതൽ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(സി) മനുഷ്യ-വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; നിലവിൽ സ്വീകരിച്ചുവരുന്ന പ്രതിരോധ മാർഗ്ഗങ്ങൾ എത്രത്തോളം കാര്യക്ഷമമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

1. വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.
2. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോടുചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.

3. നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 15 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു.
4. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
5. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.
6. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.
7. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും

ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

8. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.

9. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

10. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

11. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി സംസ്ഥാന തലത്തിൽത്തന്നെ 5 വർഷത്തേയ്ക്കുള്ള 620 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി വനം വകുപ്പ് ആസ്ഥാനത്തുനിന്നും സമർപ്പിച്ചത് സർക്കാരിന്റെ പരിഗണനയിലാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി 60:40 എന്ന അനുപാതത്തിൽ കേന്ദ്ര ധനസഹായം ലഭ്യമാക്കണമെന്ന അഭ്യർത്ഥനയുമായി ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിയെ 22-11-2021-ന് സമീപിച്ചിട്ടുള്ളതാണ്.

(ഡി) വന്യജീവി ആക്രമണം കൂടിയ മേഖലകളിൽ ഫ്രണ്ട്ലൈൻ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പ്രദേശവാസികളെ ഉൾപ്പെടുത്തിക്കൊണ്ട് സ്പെഷ്യൽ സ്ക്വാഡ് രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ തദ്ദേശീയരും ജനപ്രതിനിധികളും വന ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ 07-02-2017-ലെ സ.ഉ. (സാധാ)നം.51/2017/വനം പ്രകാരം രൂപീകരിച്ച് 2017 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ

ചെയർപേഴ്സൺ അദ്ധ്യക്ഷനും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ വൈസ്ചെയർപേഴ്സൺ ഉപാദ്ധ്യക്ഷനും ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എന്നിവർ അംഗങ്ങളുമായ 261 ജനജാഗ്രതാ സമിതികൾ നിലവിൽ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

**ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ ഇറങ്ങുന്നത് തടയാൻ നടപടി**

195 (985) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ അയ്യല്ലൂർ മേഖലയിലെ ജനവാസ കേന്ദ്രത്തിൽ പുലി ഇറങ്ങിയതുമായി ബന്ധപ്പെട്ട് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

20-12-2022-ന് രാവിലെ മട്ടന്നൂർ നിയോജകമണ്ഡലത്തിലെ അയ്യല്ലൂർ മേഖലയിലെ ജനവാസകേന്ദ്രത്തിൽ പുലിയെ കണ്ടതായി അറിയിച്ചതിനെത്തുടർന്ന് വനം വകുപ്പുദ്യോഗസ്ഥർ സ്ഥലത്തെത്തി നിരീക്ഷണത്തിനായി ക്യാമറകൾ സ്ഥാപിക്കുകയും ടി പ്രദേശത്തും ശിവപുരം, ഇടവേലിക്കൽ, ഇല്ലംമൂല, പരിയാരം, വെമ്പടി എന്നിവിടങ്ങളിലുൾപ്പെടെ പട്രോളിംഗ് നടത്തുകയും ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. തുടർന്ന് പരിശോധനയ്ക്കായി സ്ഥാപിച്ച

ക്യാമറയിൽ 21-12-2022-ന് പുലിയുടെ ദൃശ്യം ലഭ്യമായതിനെത്തുടർന്ന് പട്രോളിംഗ് ശക്തമാക്കി. 2022 ഡിസംബർ 21 മുതൽ 24 വരെയുള്ള ദിവസങ്ങളിൽ ടി മേഖലകളിൽ രാത്രികാലം ഉൾപ്പെടെ പട്രോളിംഗ് നടത്തുകയും സ്ഥാപിച്ച ക്യാമറകൾ പരിശോധിക്കുകയും ചെയ്തു. എന്നാൽ പിന്നീട് പുലിയുടെ സാന്നിദ്ധ്യമുണ്ടായതായി കണ്ടെത്തിയിട്ടില്ല.

(ബി) പുലിയെ പിടികൂടുന്നതിനാവശ്യമായ കൂട് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പുലിയെ പിടികൂടുന്നതിന് കൂട് സ്ഥാപിക്കുന്നതിന് നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ (NTCA) മാർഗ്ഗനിർദ്ദേശപ്രകാരമുള്ള അനുമതിക്കായി നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും പിന്നീട് ആ ഭാഗത്ത് പുലിയുടെ സാന്നിദ്ധ്യം റിപ്പോർട്ട് ചെയ്യപ്പെടാത്തതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) മേഖലയിലെ ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങൾ ഇറങ്ങുന്നത് തടയുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കാമോ?

പുലിയെ കണ്ടെത്തിയ അയ്യല്ലൂർ ഭാഗത്തേയ്ക്ക് കൊട്ടിയൂർ റേഞ്ചിലെ തൊട്ടടുത്ത വനത്തിലേയ്ക്ക് (തോലമ്പ്ര വി.എഫ്.സി. നമ്പർ 71) 9

കിലോമീറ്ററും ആറളം വന്യജീവി സങ്കേതത്തിലേയ്ക്ക് 21 കിലോമീറ്ററും ദൂരമുണ്ട്. ടി വനഭാഗങ്ങളിൽനിന്നും പുലി കടന്നുവന്നതായി റിപ്പോർട്ടുകളൊന്നുമില്ല. കണ്ണൂർ വനം ഡിവിഷനിൽ കൊട്ടിയൂർ റേഞ്ചിന്റെ പരിധിയിലെ വെണ്ടേക്കുംചാൽ, തില്ലങ്കേരി ഭാഗങ്ങളിൽ പുലിയുടെ സാന്നിദ്ധ്യം പുതുതായി റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ടി പ്രദേശങ്ങളിൽ വനം വകുപ്പ് പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. ടി മേഖലയിൽ ആർ.ആർ.റ്റി.-യും കൊട്ടിയൂർ റേഞ്ച് ഫീൽഡ് സ്റ്റാഫും അതീവ ജാഗ്രത പുലർത്തി വരുന്നുണ്ട്.

**കാട്ടാനശല്യം തടയുന്നതിന് നടപടി**

196 (986) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ കരിമ്പ ഗ്രാമപഞ്ചായത്തിലെ മൂന്നേക്കർ പ്രദേശത്ത് ജനവാസമേഖലയിൽ തുടർച്ചയായുണ്ടാകുന്ന കാട്ടാനശല്യം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

മണ്ണാർക്കാട് ഡിവിഷനിൽ ഉൾപ്പെട്ട കോങ്ങാട് നിയോജകമണ്ഡലത്തിലെ കരിമ്പ ഗ്രാമപഞ്ചായത്തിലെ മൂന്നേക്കർ പ്രദേശത്ത് കാട്ടാനകൾ ഇറങ്ങിയാലുടൻതന്നെ പാലക്കയം ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫും ദ്രുതകർമ്മസേന അംഗങ്ങളും സ്ഥലത്തെത്തി ആനയെ തുരത്തി കാട്ടിലേയ്ക്ക് അയയ്ക്കാറുണ്ട്. തുടർച്ചയായ ദിവസങ്ങളിൽ കാട്ടാന ഇറങ്ങുകയാണെങ്കിൽ ടി സ്ഥലത്ത് ദ്രുതകർമ്മസേന ക്യാമ്പ് ചെയ്ത് ആനയെ തുരത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ടി പ്രദേശത്ത് 5 കി.മീ. സൗരോർജ്ജവേലി നിർമ്മിച്ചിട്ടുണ്ട്. ആയതോടൊപ്പം വന്യമൃഗങ്ങളെ നിരീക്ഷിക്കുന്നതിനും സൗരോർജ്ജവേലിയുടെ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുമായി വാച്ചർമാരെ നിയോഗിച്ചിട്ടുണ്ട്.

(ബി) കാട്ടാനശല്യംമൂലം ഈ പ്രദേശത്തുണ്ടായ കൃഷിനാശം സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; കൃഷിനാശം സംഭവിച്ചവർക്ക് അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ടി പ്രദേശത്ത് കാട്ടാന കൃഷി നശിപ്പിച്ചതുമായി ബന്ധപ്പെട്ട് 2021-ൽ 4 അപേക്ഷകളും 2022-ൽ 2 അപേക്ഷകളും ലഭ്യമായിട്ടുണ്ട്.

അപേക്ഷകളിലെല്ലാം പരിശോധന പൂർത്തിയായിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് നഷ്ടപരിഹാരത്തുക അനുവദിക്കുന്നതാണ്.

**വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം**

197 (987) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും കൊല്ലപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്കും നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

1980-ലെ Kerala Rules for Payment of Compensation to Victims of Attack by Wild Animals പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 05-04-2018-ലെ സ.ഉ (കൈ) നം. 17/2018/വനം ഉത്തരവ് പ്രകാരമാണ് നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നത്.

(ബി) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ടെന്നും എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്നും അറിയിക്കുമോ?

മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ 755 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. 6710 പേർക്ക്

പരിക്കേറ്റിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ സർക്കിൾ തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(സി) ഇവരിൽ വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടവരുടെ എത്ര കുടുംബങ്ങൾക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്; നഷ്ടപരിഹാരം അനുവദിക്കാത്ത എത്ര കേസുകളുണ്ടെന്നും അതിന്റെ കാരണവും വ്യക്തമാക്കുമോ; ഇവർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) മേൽപ്പറഞ്ഞവരിൽ വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ എത്ര പേർക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്; നഷ്ടപരിഹാരം അനുവദിക്കാത്ത എത്ര കേസുകളുണ്ടെന്നും അതിന്റെ കാരണവും വ്യക്തമാക്കുമോ; ഇവർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(സി&ഡി) വിവരം അനുബന്ധമായി ചേർക്കുന്നു.+ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നഷ്ടപരിഹാരം അനുവദിച്ച് നൽകുന്നതാണ്.

### വന്യമൃഗ ആക്രമണം

198 (988) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) കഴിഞ്ഞ 10 വർഷക്കാലയളവിൽ സംസ്ഥാനത്ത് കാട്ടാന, പുലി, കടുവ, കാട്ടുപന്നി എന്നിവയുടെ ആക്രമണത്തിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്, എത്രപേർക്ക് പരിക്കേറ്റിട്ടുണ്ടെന്ന വിവരം ഇനം തിരിച്ച് വ്യക്തമാക്കുമോ?

കഴിഞ്ഞ 10 വർഷക്കാലയളവിലെ കണക്ക് ഇനം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ബി) കാട്ടാന, പുലി, കടുവ, കാട്ടുപന്നി എന്നീ മൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേൽക്കുന്നവർക്കും കൊല്ലപ്പെടുന്നവരുടെ കുടുംബാംഗങ്ങൾക്കും നഷ്ടപരിഹാരം അനുവദിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

Kerala Rules for Payment of Compensation to Victims of Attack by Wild Animals, 1980 പ്രകാരമുള്ള 05-04-2018-ലെ സർക്കാർ ഉത്തരവ് (കൈ) നം. 17/2018/വനം പ്രകാരമാണ് നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നത്.

(സി) കഴിഞ്ഞ 10 വർഷക്കാലയളവിൽ എത്രപേർക്ക് ഇപ്രകാരം നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കഴിഞ്ഞ 10 വർഷക്കാലയളവിൽ ഇപ്രകാരം 11877 അപേക്ഷകൾക്ക് നഷ്ടപരിഹാരം അനുവദിച്ചിട്ടുണ്ട്. 325 അപേക്ഷകൾ നിരസിച്ചിട്ടുണ്ട്.

**മൂന്നാർ മേഖലയിൽ വന്യജീവി ആക്രമണം തടയാൻ നടപടി**

199 (989) ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ മേഖലയിൽ വന്യജീവി ആക്രമണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, അറിയിക്കുമോ?

മൂന്നാർ വനം ഡിവിഷന്റെ പരിധിയിൽ വനാതിർത്തിയോട് ചേർന്ന ജനവാസമേഖലകളിൽ വന്യജീവികളുടെ സാന്നിദ്ധ്യം കൂടുതലായുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മൂന്നാർ, ദേവികുളം, മാങ്കുളം, മറയൂർ മേഖലകളിൽ വന്യജീവി ആക്രമണം തടയുന്നതിന് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മൂന്നാർ, ദേവികുളം, മാങ്കുളം, മറയൂർ എന്നീ മനുഷ്യ-വന്യജീവി സംഘർഷം കൂടുതലായി അനുഭവപ്പെടുന്ന മേഖലകളിൽ പഞ്ചായത്ത് തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുള്ളതും നിശ്ചിത ഇടവേളകളിൽ ടി സമിതി യോഗം ചേർന്ന് വന്യജീവി ആക്രമണ

പ്രതിരോധമാർഗ്ഗങ്ങൾ ചർച്ച ചെയ്യുകയും പ്രദേശത്തിനും സാഹചര്യങ്ങൾക്കും ഇണങ്ങുന്ന രീതിയിലുള്ള പ്രതിരോധ സംവിധാനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തുവരുന്നു. മുൻപ് വന്യജീവിശല്യം കൂടുതലായി അനുഭവപ്പെട്ടിരുന്ന ജനവാസമേഖലയോട് ചേർന്നുള്ള വനാതിർത്തികളിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുകയും ട്രെഞ്ചുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. നിരീക്ഷണ ക്യാമറകൾ ഉപയോഗിച്ചും ആർ.ആർ.റ്റി., വനം വകുപ്പ് സ്റ്റാഫുകൾ, വാച്ചർമാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തിയും ജനവാസമേഖലയോട് ചേർന്നുള്ള പ്രദേശങ്ങളിൽ വന്യജീവികളുടെ സാന്നിദ്ധ്യം നിരീക്ഷിച്ചുവരുന്നു. വാട്ട്സ്ആപ് ഗ്രൂപ്പ്, എസ്.എം.എസ്. അലർട്ട് സിസ്റ്റം, മുന്നറിയിപ്പ് ബോർഡുകൾ എന്നിവ മുഖേനയും ജനങ്ങൾക്ക് വന്യജീവി ആക്രമണത്തെ സംബന്ധിച്ച മുന്നറിയിപ്പുകൾ നൽകിവരുന്നു. വേനൽക്കാലങ്ങളിൽ വനപ്രദേശങ്ങളിലെ നീരുറവകൾ വറ്റിപ്പോകുന്നത് തടയാനും ജലലഭ്യത ഉറപ്പാക്കാനുമായി മണൽ ചാക്ക്, ബ്രഷ് വുഡ് തുടങ്ങിയവ ഉപയോഗിച്ച് താൽക്കാലിക ജൈവതടയണകൾ നിർമ്മിച്ചുവരുന്നുണ്ട്. നിലവിലുള്ള ചെക്ക്ഡാമുകളിൽ ചെളി, മണ്ണ് എന്നിവ നീക്കംചെയ്ത് ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തദ്ദേശവാസികൾക്ക് ബോധവത്കരണ

ക്ലാസുകളും നൽകിവരുന്നു. ദിവസവേതന വാച്ചർമാരെ ഉൾപ്പെടുത്തി സൗരോർജ്ജവേലികൾ പരിപാലിക്കുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ സ്ഥലങ്ങളിൽ താൽക്കാലിക ആർ.ആർ.റ്റി.-കളും രൂപീകരിച്ച് വന്യമൃഗങ്ങളുടെ സഞ്ചാരം നിരീക്ഷിക്കുകയും വന്യജീവികൾ ജനവാസമേഖലകളിൽ ഇറങ്ങിയാൽ കാട്ടിലേയ്ക്ക് മടക്കി അയയ്ക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം കൈകാര്യം ചെയ്യുന്നതിൽ നോർത്തേൺ വൈൽഡ് ലൈഫ് സർക്കിളിൽനിന്നും നിയോഗിച്ച വൈദഗ്ധ്യമുള്ള വെറ്ററിനറി ഡോക്ടർ ഉൾപ്പെടെ 6 പേരുള്ള ഒരു ടീമിനെ ചിന്നക്കനാൽ-ആനയിറങ്കൽ ഭാഗത്ത് കാട്ടാനകളുടെ നീക്കങ്ങൾ നിരീക്ഷിക്കുന്നതിനും ജനവാസമേഖലയിൽ ഇറങ്ങുന്നത് തടയുന്നതിനായി നിയോഗിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

മറയൂർ ഡിവിഷനിൽ വന്യജീവികൾ സ്ഥിരമായി ഇറങ്ങുന്ന സ്ഥലങ്ങളിൽ 21 കി.മീ. സോളാർ ഫെൻസിംഗ്, 800 മീറ്റർ ട്രഞ്ച് എന്നിവ നാളിതുവരെ നിർമ്മിച്ചിട്ടുണ്ട്. മാങ്കുളം ഡിവിഷനിൽ കാട്ടാനശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ള മാങ്കുളം, ആനക്കുളം പ്രദേശങ്ങളിൽ 25.05 കി.മീ. സോളാർ ഫെൻസിംഗ്, 1.68 കി.മീ. ട്രെഞ്ച്, 1.2 കി.മീ. ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവ നിർമ്മിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി

സംഘർഷം ലഘൂകരിക്കുന്നതിനാവശ്യമായ ഹാങ്ങിംഗ് ഫെൻസിംഗ്, സോളാർ ഫെൻസിംഗ്, ട്രെഞ്ച് മുതലായവ നിർമ്മിക്കുന്നതിനായി നബാർഡ്-ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തിയ 9.91 കോടിയുടെ പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ചിന്നക്കനാൽ, ആനയിറങ്കൽ ഭാഗത്തിന് മാത്രമായി 1.94 കോടി രൂപയുടെ പദ്ധതി ടി.എസ്.പി.-യിലും MOEF-നും സമർപ്പിച്ചിട്ടുണ്ട്.

(സി) വന്യജീവി ആക്രമണം ഫലപ്രദമായി തടയുന്നതിന് പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

വന്യജീവിശല്യം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ ക്യാമറ സ്ഥാപിച്ച് നിരീക്ഷണം നടത്തിവരുന്നു. വനസംരക്ഷണ ഭാഗമായുള്ള പട്രോളിംഗ് നീരിക്ഷണത്തിന് M-STrIPES എന്ന സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിന് ജീവനക്കാർക്ക് പരിശീലനവും അടിസ്ഥാന സൗകര്യങ്ങളുള്ള ഫോണുകളും ലഭ്യമാക്കിയിട്ടുണ്ട്.

മാങ്കുളം ഡിവിഷനിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത സെൻസിംഗ് ഉപകരണങ്ങളും മൊബൈൽ ആപ്ലിക്കേഷനുകളും ഉപയോഗപ്പെടുത്തി സന്ദേശങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കുന്നതിലൂടെ

ജനങ്ങളെ ജാഗരൂകരാക്കി ജനവാസമേഖലകളിൽ വന്യജീവി ആക്രമണങ്ങളും അതുമൂലമുണ്ടാകുന്ന അപകടങ്ങളും ഒരു പരിധിവരെ കുറയ്ക്കുവാൻ സഹായകമാകുന്ന സാങ്കേതികവിദ്യയിലൂന്നിയുള്ള സംവിധാനം പരീക്ഷണ ഘട്ടത്തിലാണ്. കൂടാതെ സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപന പദ്ധതികളും ആരംഭിച്ചിട്ടുള്ളതാണ്.

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് എത്ര തുകയുടെ പ്രൊപ്പോസലുകളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷനുകീഴിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഹാങിംഗ് സോളാർ പവർ ഫെൻസിംഗിനായി 330.07 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഹൈറേഞ്ച് സർക്കിളിൽ മൂന്നാർ, മറയൂർ, മാങ്കുളം ഡിവിഷനുകളിലായി 11.85 കോടി രൂപയുടെ പ്രോപ്പോസലും നിലവിലുണ്ട്.

**മനുഷ്യ - വന്യജീവി സംഘർഷങ്ങൾ**

200 (990) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ സംസ്ഥാനത്തെ വനമേഖലയിൽ വന്യമൃഗങ്ങളുടെ എണ്ണം വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വനം-പരിസ്ഥിതി മന്ത്രാലയവും വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും അംഗീകരിച്ച രീതികൾ അവലംബിച്ചാണ് വന്യജീവികളുടെ എണ്ണം തിട്ടപ്പെടുത്തുന്നത്. വ്യത്യസ്ത വർഗ്ഗങ്ങളിൽപ്പെട്ട ജീവികൾക്ക് വ്യത്യസ്ത രീതികളാണ് കണക്കെടുപ്പിനായി അവലംബിച്ചുവരുന്നത്. ഒരു ഇനത്തിൽപ്പെട്ട വന്യമൃഗത്തിന്റെ ഏകദേശ എണ്ണമാണ് ഈ രീതിയിലൂടെ കണ്ടെത്താൻ സാധിക്കുന്നത്. കണക്കെടുപ്പ് നടത്തുന്ന സീസൺ, കണക്കെടുപ്പിന് അവലംബിച്ച രീതി (Direct count/Indirect method), കാലാവസ്ഥാ വ്യതിയാനം, ആവാസവ്യവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ തുടങ്ങിയ ഘടകങ്ങളെ ആശ്രയിച്ച് ഓരോ മേഖലയിലും കാണപ്പെടുന്ന വന്യമൃഗങ്ങളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടാകാറുണ്ട്. ആയതിനാൽ വനമേഖലയിൽ വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചതായി പറയാൻ കഴിയില്ല.

(ബി) വന്യമൃഗങ്ങളുടെ എണ്ണം വർദ്ധിച്ചത് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുന്നതിന് കാരണമായതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

വന്യമൃഗങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടില്ല. വനം പോലുള്ള ആവാസവ്യവസ്ഥയ്ക്ക് അതിന്റേതായ സന്തുലിതാവസ്ഥ നിലവിലുള്ളതാണ്. പ്രസ്തുത ആവാസവ്യവസ്ഥയിലെ ആഹാരശൃംഖലയിൽ സസ്യങ്ങളും സസ്യഭുക്കുകളും മാംസ്യഭുക്കുകളുമായ വന്യമൃഗങ്ങൾ സഹവസിക്കുന്നു. സസ്യഭുക്കുകളുടെ എണ്ണം പുല്ലുൾപ്പെടെയുള്ള ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ സാന്ദ്രതയുമായി ബന്ധപ്പെട്ടിരിക്കുന്നു. സസ്യഭുക്കുകളുടെ എണ്ണം കൂടുന്ന സാഹചര്യത്തിൽ അവയെ ഭക്ഷിച്ച് ജീവിക്കുന്ന മാംസഭുക്കുകളുടെയും എണ്ണം ആനുപാതികമായി കൂടുന്നതും തദ്വാരാ സസ്യഭുക്കുകളുടെ എണ്ണം കുറയുന്നതും അതുവഴി ടി സസ്യഭുക്കുകളെ ഭക്ഷിച്ച് ജീവിക്കുന്ന മാംസഭുക്കുകളുടേയും എണ്ണം കുറയുന്നതുമാണ്. ഇരയുടെ എണ്ണത്തിലും അവയെ ഭക്ഷിച്ച് ജീവിക്കുന്ന മാംസഭുക്കുകളായ വന്യമൃഗങ്ങളുടെ എണ്ണത്തിലുമുള്ള പാരസ്പര്യം ചെറിയ ഏറ്റക്കുറച്ചിലുകൾക്കുള്ളിൽ നിലനിൽക്കുന്നതായി ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. വനത്തിനുള്ളിലെ അനിയന്ത്രിതമായ

കാലിമേച്ചിൽ, സെന്ന പോലുള്ള അധിനിവേശ സസ്യങ്ങളുടെ വ്യാപനം തുടങ്ങിയവ വനത്തിന്റെ ആവാസ വ്യവസ്ഥയുടെ സന്തുലിതാവസ്ഥയെ തകിടം മറിക്കുന്നതും വന്യജീവികൾ കാട്ടിൽനിന്നും നാട്ടിലേയ്ക്കിറങ്ങുന്നതിന് ഒരു പരിധിവരെ കാരണമാകുന്നതുമാണ്. ചില സീസണുകളിൽ ആന പോലുള്ള വന്യജീവികളുടെ അന്തർസംസ്ഥാന പലായനവും നടന്നുവരുന്നുണ്ട്. കേരളത്തിൽ ഈ വർഷം കാട്ടാനകളുടെ കണക്കെടുപ്പ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതുപോലെ വയനാട് മേഖലയിൽ കടുവയുടെ കണക്കെടുപ്പും ഈ വർഷം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും പരിഹാര നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കുന്നതിന്റെ ചില കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1. ആവാസ മേഖലകൾ ചെറുകഷണങ്ങളായി മുറിഞ്ഞുപോകുന്നതുമൂലം വന്യജീവികളുടെ സ്വൈര വിഹാരം തടസ്സപ്പെടുകയും ആയതുമൂലം വന്യജീവികൾ ജനവാസ മേഖലകളിലേയ്ക്കിറങ്ങുകയും ചെയ്യുന്നു.

2. മനുഷ്യരും വളർത്തുമൃഗങ്ങളും വനത്തിനുള്ളിൽ സഞ്ചരിക്കുന്നതും തങ്ങുന്നതും ചിലപ്പോൾ അപകടങ്ങൾക്കിടയാക്കുന്നു.

3. അധിനിവേശ വിദേശ സസ്യങ്ങളും ജീവികളും വന്യജീവികൾക്ക് ഭക്ഷ്യലഭ്യത കുറയ്ക്കുന്നു.

4. യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശ ഇനം സസ്യങ്ങൾ മുൻകാലങ്ങളിൽ പുൽമേടുകളിലും വനത്തിനുള്ളിലും മറ്റും തോട്ടമായി നട്ടുവളർത്തിയത് ആവാസ വ്യവസ്ഥകളുടെ ഗുണനിലവാരമില്ലാതാക്കി.

5. ആധുനിക വാർത്താവിനിമയ വിവര സങ്കേതിക സൗകര്യങ്ങൾ വൻതോതിൽ ഉപയോഗപ്പെടുത്തുന്നതുമൂലം മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

6. വനത്തിനോടുചേർന്നുള്ള പ്രദേശങ്ങളിൽ ടൂറിസ്റ്റുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്.

7. കാടിന് ചുറ്റും കൃഷി ചെയ്യുന്ന കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിച്ചതും കൃഷി സമ്പ്രദായം മാറിയതും കർഷകർ കരിമ്പ്, വാഴ പോലുള്ള വാണിജ്യ വിളകൾ വർദ്ധിച്ച തോതിൽ കൃഷി ചെയ്യാനാരംഭിച്ചതും ഒരുകാരണമാണ്.

സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ അയയ്ക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമുകളുടെ (ആർ.ആർ.റ്റി.) സേവനം വിനിയോഗിച്ചുവരുന്നു. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് എട്ട് സ്ഥിരം റാപ്പിഡ് റെസ്പോൺസ് ടീമുകൾ നിലമ്പൂർ നോർത്ത്, വയനാട്, പാലക്കാട്, കണ്ണൂർ, റാന്നി, കോഴിക്കോട്, മണ്ണാർക്കാട്, പേപ്പാറ എന്നിവിടങ്ങളിലും ഏഴ് താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ കാസർഗോഡ്, കൽപ്പറ്റ, മലയാറ്റൂർ, മൂന്നാർ, പുനലൂർ, അട്ടപ്പാടി, പീരുമേട് എന്നിവിടങ്ങളിലും പ്രവർത്തിച്ചുവരുന്നു.
- സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ

ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്.

- വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം മൂന്നാർ വനത്തിനോടുചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.
- കുങ്കിയാനകളെ ഉപയോഗിച്ച് കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്.
- മനുഷ്യ ജീവനും സ്വത്തിനും നിരന്തരം നാശം വരുത്തുന്ന ആന, കടുവ, പുലി തുടങ്ങിയ വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് തുരത്താൻ കഴിയാതെ വരുന്നപക്ഷം ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.
- മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പുദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ

ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 261 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

- കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്.
- വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്.

## വന്യജീവി ആക്രമണം

201 (991) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം നേരിടുന്നതിനായി പ്രത്യേക പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ എന്നാണ് പദ്ധതി രേഖ തയ്യാറാക്കിയതെന്നും അതുപ്രകാരം നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് അടുത്ത 10 വർഷത്തേയ്ക്കാവശ്യമായ 1150 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25-01-2021-ൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി അഞ്ചുവർഷ കാലയളവിലേയ്ക്ക് 620 കോടിയുടെ ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുന്നതിനായി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഡ്രോണുകൾ ഉപയോഗിച്ചും ഉപഗ്രഹ സംവിധാനത്തിലൂടെയും വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് ഏതൊക്കെ മേഖലകളിലാണ് ഈ പദ്ധതി നാളിതുവരെ നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഡ്രോണുകൾ ഉപയോഗിച്ച് വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ടി 620 കോടി രൂപയുടെ

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മലയാറ്റൂർ ഡിവിഷൻ, സൗത്ത് വയനാട് ഡിവിഷൻ എന്നിവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡ്രോണുകൾ ഉപയോഗിച്ച് നിരീക്ഷണം നടത്തിയിട്ടുണ്ട്. വനാന്തർഭാഗത്തുനിന്നും ജനവാസ മേഖലകളിലേയ്ക്ക് വന്യജീവികൾ കടക്കുന്നത് നിരീക്ഷിക്കുന്നതിന് ജി.പി.എസ്., ക്യാമറ ട്രാപ്പ്, നിരീക്ഷണ ക്യാമറകൾ, ഡിജിറ്റൽ (സെൻസർ) വാൾ, എസ്.എം.എസ്. അലർട്ട് സിസ്റ്റം, റിയൽ ടൈം മോണിറ്ററിംഗ് സംവിധാനം എന്നീ സാങ്കേതികവിദ്യകളും ഉപയോഗപ്പെടുത്തുന്നുണ്ട്.

**വന്യജീവി ശല്യം നിയന്ത്രിക്കുന്നതിനുള്ള ഫണ്ട്**

202 (992) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവി ശല്യം നിയന്ത്രിക്കുന്നതിനും വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനും വന്യമൃഗങ്ങൾക്ക് സുരക്ഷ ഒരുക്കുന്നതിനുമായി ഓരോ വർഷവും ചെലവാക്കിയ തുക എത്രയാണെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വന്യജീവിശല്യം നിയന്ത്രിക്കുന്നതിനും വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥ

സംരക്ഷിക്കുന്നതിനും വന്യമൃഗങ്ങൾക്ക് സുരക്ഷ ഒരുക്കുന്നതിനുമായി വിവിധയിനം സ്കീമുകളിൽ ഓരോ വർഷവും ചെലവാക്കിയ തുക അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) ഈ കാലയളവിൽ ഓരോ വർഷവും കേന്ദ്ര വിഹിതമായി വകയിരുത്തിയിരുന്ന തുകയും സംസ്ഥാന സർക്കാർ നീക്കിവച്ച വിഹിതവും എത്ര വീതമാണെന്ന് അറിയിക്കുമോ?

ഈ കാലയളവിലെ സംസ്ഥാന പദ്ധതികളിലെ സംസ്ഥാന സർക്കാർ വിഹിതം അനുബന്ധമായി ചേർത്തിരിക്കുന്നു.+ അംഗീകരിച്ച വാർഷിക പദ്ധതി രൂപരേഖ പ്രകാരം വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) 2016 മുതൽ ഈ ഇനങ്ങളിൽ ഓരോ വർഷവും സംസ്ഥാനം വിനിയോഗിച്ച തുക എത്രയാണെന്ന് ഇനം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2016-17 സാമ്പത്തികവർഷം മുതൽ ഈ ഇനങ്ങളിൽ ഓരോ വർഷവും സർക്കാർ വിനിയോഗിച്ച തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഡി) ഈ ഇനങ്ങളിൽ സ്ഥിരം ആസ്തികൾക്കായും ആവർത്തന ചെലവുകൾക്കായും ചെലവാക്കാൻ കഴിയുന്ന തുകയുടെ ശതമാനം എത്ര വീതമാണെന്ന് അറിയിക്കുമോ?

വന്യജീവി വിഭാഗം കൈകാര്യം ചെയ്യുന്ന പദ്ധതികളിൽ പ്രോജക്ട് ടൈഗർ സ്കീം ഒഴികെ ബാക്കി എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികളിലും സ്ഥിരം ആസ്തികളുടെയും ആവർത്തന ചെലവുകളുടെയും ചെലവഴിക്കാൻ കഴിയുന്ന തുക 60:40 അനുപാതത്തിലാണ്. എന്നാൽ പ്രോജക്ട് ടൈഗർ സ്കീമിൽ സ്ഥിരം ആസ്തികൾക്കുള്ള വിഹിതം 60:40 അനുപാതത്തിലും ആവർത്തന ചെലവുകൾക്കുള്ള വിഹിതം 50:50 അനുപാതത്തിലുമാണ്.

(ഇ) ഈ ഇനങ്ങളിലുണ്ടാകുന്ന ആവർത്തന ചെലവുകൾ എന്തൊക്കെയാണ്; 2016 മുതൽ ഇവയ്ക്കായി ഓരോ വർഷവും ചെലവാക്കിയിട്ടുള്ള തുക എത്രവീതമാണെന്ന് അറിയിക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രോജക്ട് ടൈഗർ സ്കീമിൽ ആന്റിപോച്ചിംഗ് സ്ക്വാഡുകളുടെ പ്രവർത്തനം, എലിഫന്റ് സ്ക്വാഡുകളുടെ പ്രവർത്തനം എന്നിവയും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ, വാച്ച് ടവറുകൾ, പാലങ്ങൾ, റോഡുകൾ, കെട്ടിടങ്ങൾ, ആന്റിപോച്ചിംഗ്

ക്യാമ്പ്ഷെഡ്ഡുകൾ, ട്രെക്ക് പാത്തുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ, കൂടാതെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ പ്രവൃത്തികൾ എന്നിവയ്ക്കൊപ്പം കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ട്രെയിനിംഗുകൾ, നേച്ചർ ക്യാമ്പുകൾ തുടങ്ങി വിവിധയിനം പ്രവൃത്തികളിൽ ആവർത്തന ചെലവുകൾ വരുന്നുണ്ട്. ഇവയ്ക്കായി ഓരോ വർഷവും ചെലവാക്കിയിട്ടുള്ള തുകയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## വന്യമൃഗങ്ങൾ വിള നശിപ്പിച്ചതിനുള്ള നഷ്ടപരിഹാരം

203 (993) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വന്യമൃഗങ്ങൾ വിള നശിപ്പിച്ചതിന്റെ ഭാഗമായി എത്ര അപേക്ഷകൾ നഷ്ടപരിഹാരത്തിനായി ലഭിച്ചിട്ടുണ്ട്; എത്ര അപേക്ഷകളിൽ സഹായം അനുവദിച്ചിട്ടുണ്ട്; എത്ര അപേക്ഷകളിൽ തീരുമാനമെടുക്കാൻ അവശേഷിക്കുന്നുണ്ട്; വിശദാംശം ജില്ലതിരിച്ച് ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ വന്യമൃഗങ്ങൾ വിളകൾ നശിപ്പിച്ചതിന്റെ ഭാഗമായി ലഭിച്ച അപേക്ഷകളുടെ വിശദാംശം ജില്ല തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## വന്യജീവി ആക്രമണങ്ങൾക്കിരയായവർക്കും കൃഷി നാശം സംഭവിച്ചവർക്കും നഷ്ടപരിഹാരം

204 (994) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങൾക്കിരയായവർക്കും കൃഷി നഷ്ടപ്പെട്ടവർക്കും അർഹമായ നഷ്ടപരിഹാരം നൽകുന്നില്ലെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വന്യജീവി ആക്രമണങ്ങൾക്കിരയായവർക്കും കൃഷി നഷ്ടപ്പെട്ടവർക്കും 08-01-2015-ലെ സ.ഉ. (കൈ)നമ്പർ 02/2015/വനം, 05-04-2018-ലെ സ.ഉ. (കൈ)നമ്പർ 17/2018/വനം എന്നീ സർക്കാർ ഉത്തരവ് പ്രകാരമാണ് നഷ്ടപരിഹാരം നൽകുന്നത്. എന്നാൽ നഷ്ടപരിഹാരത്തിന് നൽകാവുന്ന തുക വർദ്ധിപ്പിക്കുന്നതിനായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ നഷ്ടപരിഹാരത്തിനായി നിലവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കാനുണ്ട്; വിശദവിവരം ലഭ്യമാക്കാമോ?

നഷ്ടപരിഹാരത്തിനായി നിലവിൽ ലഭിച്ച അപേക്ഷകളുടെയും തീർപ്പാക്കാനുള്ള അപേക്ഷകളുടെയും വിവരം സർക്കിൾ അടിസ്ഥാനത്തിലുള്ളത് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) നഷ്ടപരിഹാരം നൽകുന്നതിന് എത്ര തുകയാണ് ആവശ്യമായി വരുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

## വന്യജീവി ആക്രമണത്തിനിരയായവർക്കുള്ള നഷ്ടപരിഹാരം

205 (995) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കുമുള്ള നഷ്ടപരിഹാരം ഏത് വർഷം വരെയുള്ളവർക്ക് നൽകിയെന്ന് സർക്കിൾ തിരിച്ച് വിവരം ലഭ്യമാക്കുമോ?

വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണപ്പെട്ടവർക്കും കൃഷിനാശം സംഭവിച്ചവർക്കുമുള്ള നഷ്ടപരിഹാരം നൽകിയ വിവരം (വർഷം) സർക്കിൾ തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇത്തരത്തിലുള്ള നഷ്ടപരിഹാരം കൊടുത്തുതീർക്കാൻ ഇനി എത്ര രൂപ ആവശ്യമുണ്ടെന്ന് സർക്കിൾ തിരിച്ച് വിവരം ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നഷ്ടപരിഹാരം കൊടുത്തുതീർക്കാനാവശ്യമായ തുകയുടെ വിവരം സർക്കിൾ തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

## കൃഷി സംരക്ഷണത്തിന് സ്വീകരിച്ച നടപടി

206 (996) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ പാലമേൽ ഗ്രാമപഞ്ചായത്തിൽ കാട്ടുപന്നികൾ കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ അവിടെ കൃഷി സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ജനവാസ മേഖലകളിലിറങ്ങി മനുഷ്യന്റെ ജീവനും സ്വത്തിനും കൃഷിക്കും നാശംവരുത്തുന്ന കാട്ടുപന്നികളെ കൊല്ലുന്നതിനായി 28-05-2022-ലെ സർക്കാർ ഉത്തരവ് (കൈ) നം. 29/2022/വനം, 31-05-2022-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 239/2022/വനം എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 31-05-2022-ലെ KFDHQ/3331/2021-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

CWW/WL11 നം. ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചീഫ് വൈൽഡ് ലൈഫ് വാർഡൻ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

**വണ്ടൂർ നിയോജകമണ്ഡലത്തിലെ ജനവാസ കേന്ദ്രങ്ങളിലെ വന്യമൃഗശല്യം**

207 (997) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ കേന്ദ്രങ്ങളിലെ വന്യമൃഗശല്യം തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ജനവാസ മേഖലകളിൽ വന്യമൃഗ സാന്നിദ്ധ്യവും ആക്രമണവുമുള്ള/ ഉണ്ടാകാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ അപകട മുന്നറിയിപ്പ് നൽകുന്നതിനായി ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും ജനവാസമേഖലകളിലിറങ്ങുന്ന വന്യമൃഗങ്ങളെ കാട്ടിലേയ്ക്ക് കയറ്റിവിടുന്നതിന് കൂടുതൽ പ്രാദേശിക ദിവസവേതന വാച്ചർമാരെ നിയോഗിച്ചുമുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നുണ്ട്. വനാതിർത്തിയിൽ സോളാർ ഫെൻസിംഗ്, ഹാങിംഗ് ഫെൻസ്, ആനമതിൽ, ട്രഞ്ച് നിർമ്മാണം എന്നിവ ചെയ്തുവരുന്നു. ജനവാസ മേഖലകളിൽ വന്യമൃഗങ്ങളിറങ്ങിയാൽ എസ്.എം.എസ്. അലർട്ട് സിസ്റ്റം വഴി ജനങ്ങൾക്ക് ജാഗ്രത നിർദ്ദേശം നൽകുന്നു. ക്യാമറ, Digital (Sensor)

wall എന്നിവ ഉപയോഗിച്ച് വന്യമൃഗങ്ങളെ നിരീക്ഷിക്കുകയും ചെയ്യുന്നു. ആവശ്യമായ സന്ദർഭങ്ങളിൽ ഡ്രോൺ ഉപയോഗിച്ച് നിരീക്ഷണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിനായി ജനപ്രതിനിധികളും വാച്ചർമാരും പ്രദേശവാസികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് ജനജാഗ്രത സമിതികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വനമേഖലയോടുചേർന്നുള്ള റോഡിന് ഇരുവശത്തുമുള്ള അടിക്കാടുകൾ വെട്ടിമാറ്റി (vista clearance) ദൃശ്യയോഗ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ജനവാസ കേന്ദ്രങ്ങളിലെ വന്യമൃഗശല്യം തടയുന്നതിന് ഫെൻസിംഗ്, കാനനിർമ്മാണം എന്നീ പദ്ധതികൾ നിലവിലുണ്ടോ; എങ്കിൽ വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിൽ ഇവ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ജനവാസ കേന്ദ്രങ്ങളിലെ വന്യമൃഗശല്യം തടയുന്നതിന് ഫെൻസിംഗ്, കാനനിർമ്മാണം എന്നീ പദ്ധതികൾ നിലവിലുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കൂടുതലുള്ള പ്രദേശങ്ങളിൽ സോളാർ പവർ ഫെൻസ്, ഹാങിംഗ് ഫെൻസ്, എലിഫന്റ് പ്രൂഫ് ട്രെഞ്ച് എന്നിവ ആവശ്യകത/ഫണ്ടിന്റെ ലഭ്യത എന്നിവ അനുസരിച്ച് നടത്തിവരുന്നുണ്ട്.

(സി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കും സാമ്പത്തിക സഹായം നൽകി വരുന്നുണ്ടോ; എങ്കിൽ ഇത് എത്രയാണെന്ന് വ്യക്തമാക്കാമോ; നൽകിവരുന്ന സാമ്പത്തിക സഹായം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണപ്പെട്ടവരുടെ അനന്തരാവകാശികൾക്കും സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്.

വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരത്തുക നൽകി വരുന്നത് 05-04-2018-ലെ സ.ഉ. (എം.എസ്) 17/2018/വനം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. 25-10-2022-ലെ സ.ഉ. (കൈ) 50/2022/വനം നമ്പർ ഉത്തരവുപ്രകാരം തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണത്താൽ മരണപ്പെടുന്നവർക്കുകൂടി സ.ഉ. (എം.എസ്) 17/2018/വനം നമ്പർ ഉത്തരവ് ബാധകമാക്കിയിട്ടുണ്ട്. രണ്ട് ഉത്തരവുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+ സാമ്പത്തിക സഹായം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്.

(ഡി) വണ്ടൂർ നിയോജകമണ്ഡലത്തിലെ മമ്പാട്, കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തുകളിൽ വന്യമൃഗശല്യം രൂക്ഷമായ സാഹചര്യത്തിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഫെൻസിംഗ് സ്ഥാപിക്കൽ, കാന നിർമ്മാണം, ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെ പട്രോളിംഗ് എന്നിവ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കാമോ?

വണ്ടൂർ നിയോജകമണ്ഡലത്തിലെ മമ്പാട് ഗ്രാമപഞ്ചായത്തിൽ എടക്കോട് ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ തുടിപൊയിൽ-അത്തിക്കടവ് 2.5 കി.മീ. സൗരോർജ്ജ വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ചെരച്ചാൻ-റൂബി വരെ 4 കി.മീ. സൗരോർജ്ജവേലി നിർമ്മിക്കുന്നതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. രുദ്രക്കുളം, ഓടായിക്കൽ ഭാഗത്ത് സൗരോർജ്ജ വിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിൽ വന്യമൃഗശല്യം രൂക്ഷമായ മേഖലകളിൽ സ്റ്റാഫുകൾ നിരന്തരമായി പട്രോളിംഗ് നടത്തിവരുന്നുണ്ട്.

## നിലമ്പൂർ നിയോജകമണ്ഡലത്തിലെ വനാതിർത്തികളിലെ വന്യമൃഗശല്യം

208 (998) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റ്, വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-2, വാല്യം 2-ൽ (ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ) പേജ് നമ്പർ-6, ക്രമനമ്പർ-

118 ആയി നിലമ്പൂർ നിയോജകമണ്ഡലത്തിലെ വനാതിർത്തികളിൽ വന്യമൃഗശല്യം തടയുന്നതിന് കരിങ്കല്ലുപയോഗിച്ചുള്ള ട്രഞ്ച് നിർമ്മാണവും റെയിൽ ഫെൻസിംഗ് സ്ഥാപിക്കലും എന്ന പ്രവൃത്തി 10 കോടി രൂപ മതിപ്പുതുക കണക്കാക്കി വനം വകുപ്പ് മുഖാന്തരം നടപ്പാക്കാൻ നിർദ്ദേശിച്ചിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, ആയതുപ്രകാരം Elephant Proof Trenches (Stone pitched) എന്ന പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിനായി വിശദമായ അടങ്കലും പ്രൊപ്പോസലും തയ്യാറാക്കി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (പി&ഡി) സമർപ്പിച്ചത് സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഇരുപത് ശതമാനമായ രണ്ടുകോടി രൂപ ധനകാര്യ വകുപ്പ് ഇതേ ബഡ്ജറ്റ് അനുബന്ധത്തിൽ വകയിരുത്തിയിരുന്നോ; എങ്കിൽ വനം വകുപ്പ് മുഖാന്തരം നിർവ്വഹിക്കേണ്ട പ്രസ്തുത പ്രവൃത്തികളുടെ ഭരണാനുമതി ലഭ്യമാക്കുന്നതിന് ആരാണ് വിശദമായ എസ്റ്റിമേറ്റടക്കമുള്ള പ്രൊപ്പോസൽ സമർപ്പിക്കേണ്ടതെന്ന് അറിയിക്കാമോ?

2022-23 വർഷത്തെ സംസ്ഥാന ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II, വാല്യം-II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ)-ൽ

പേജ് നമ്പർ-6 ക്രമനമ്പർ-118 ആയി നിലമ്പൂർ നിയോജകമണ്ഡലത്തിലെ വനാതിർത്തികളിൽ കരിങ്കല്ലുപയോഗിച്ചുള്ള ട്രെഞ്ച് നിർമ്മാണം, റെയിൽ ഫെൻസിംഗ് സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ പ്രതിപാദിച്ചിരുന്നു. ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽനിന്നും വിശദമായ അടങ്കൽ തയ്യാറാക്കി വനം വകുപ്പ് ആസ്ഥാനം മുഖേന ഭരണാനുമതിക്കും തുക അനുവദിക്കുന്നതിലേയ്ക്കുമായി സർക്കാരിലേയ്ക്ക് സമർപ്പിക്കുകയാണ് ചെയ്യുന്നത്.

(സി) പ്രസ്തുത വിഷയത്തിൽ ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ച് നിലമ്പൂർ എം.എൽ.എ. നിലമ്പൂർ നോർത്ത്, നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് കത്ത് നൽകിയിരുന്നോ; എങ്കിൽ കത്തിന്റെ പകർപ്പുകൾ നൽകാമോ; കത്തിന്മേൽ രണ്ട് ഡി.എഫ്.ഒ.-മാരും സ്വീകരിച്ച നടപടി വിശദമാക്കാമോ; ഇക്കാര്യത്തിൽ ഡി.എഫ്.ഒ.-മാർ മേലുദ്യോഗസ്ഥർക്ക് അയച്ച കത്തുകളുടെ പകർപ്പും സ്പഷ്ടീകരണം ആവശ്യപ്പെട്ട് അയച്ച കത്തുകളുണ്ടെങ്കിൽ അവയുടെ പകർപ്പും അനുവദിക്കാമോ; പ്രസ്തുത ഫയലുകൾ ഇപ്പോൾ ഏത് കാര്യാലയത്തിലാണെന്നും ബന്ധപ്പെടേണ്ട ഉദ്യോഗസ്ഥരുടെ വിവരങ്ങളും അറിയിക്കാമോ?

പ്രസ്തുത വിഷയത്തിൽ ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് ബഹുമാനപ്പെട്ട നിലമ്പൂർ എം.എൽ.എ. 21-11-2022-ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിലമ്പൂർ സൗത്തിനും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിലമ്പൂർ നോർത്തിനും കത്തുകൾ നൽകിയിരുന്നു. ബഹുമാനപ്പെട്ട നിലമ്പൂർ എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ നിലമ്പൂർ സൗത്ത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ Elephant Proof Trenches (Stone pitched) എന്ന പ്രവൃത്തിക്ക് വനം വകുപ്പിന്റെ ശീർഷകങ്ങളിൽ തുക വകയിരുത്തുന്നതിനും ഭരണാനുമതി ലഭിക്കുന്നതിനുമായി വിശദമായ അടങ്കൽ സഹിതം 396.50 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി 05-01-2023-ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പാലക്കാട് മുഖേന പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പി&ഡി)-ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച ശിപാർശയും അനുബന്ധരേഖകളും ഭരണാനുമതിയും ആവശ്യമായ ഫണ്ടും ലഭ്യമാക്കുന്നതിനായി സർക്കാരിലേയ്ക്ക് സമർപ്പിച്ചത് പരിശോധിച്ചുവരികയാണ്. പ്രസ്തുത ശിപാർശയിൽ അധിക വിവരങ്ങൾ സമർപ്പിക്കാൻ 12-01-2023-ലെ പി6-234/2023 നമ്പർ കത്ത് മുഖേന ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഈസ്റ്റേൺ സർക്കിൾ പാലക്കാടിനോട്

വനം വകുപ്പ് ആസ്ഥാനത്തുനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട നിലമ്പൂർ എം.എൽ.എ.-യുടെ കത്തിൽ സ്വീകരിക്കേണ്ട തുടർനടപടികൾ ആരാഞ്ഞുകൊണ്ട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിലമ്പൂർ നോർത്ത്, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഈസ്റ്റേൺ സർക്കിൾ പാലക്കാട് മുഖേന ഉചിത മാർഗ്ഗേണ നിർദ്ദേശം നൽകുന്നതിനായി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (പി&ഡി)-ക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഡി) വനം വകുപ്പിന്റെ ആന്വൽ പ്ലാൻ ഓഫ് ഓപ്പറേഷനിൽ (എ.പി.ഒ.) ഉൾപ്പെട്ട പദ്ധതികൾക്ക് മാത്രമേ വനം വകുപ്പുദ്യോഗസ്ഥർ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാൻ പാടുള്ളൂവെന്ന സർക്കാർ ഉത്തരവ് പ്രാബല്യത്തിലുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

നിലവിൽ അതാത് സാമ്പത്തിക വർഷത്തിൽ അംഗീകരിച്ച ആന്വൽ പ്ലാൻ ഓഫ് ഓപ്പറേഷൻ (ഭരണാനുമതി) പ്രകാരമുള്ള പ്രവൃത്തികൾ മാത്രമാണ് അതാത് സാമ്പത്തിക വർഷത്തിൽ ചെയ്തുവരുന്നത്. കേരള ഫോറസ്റ്റ് കോഡ് വാല്യം-I അദ്ധ്യായം 10-ൽ പ്രതിപാദിക്കുന്നത് പ്രകാരമാണ് ഇത്തരം പ്രവൃത്തികൾ നടത്തിവരുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ഇ) സംസ്ഥാന ബഡ്ജറ്റ് അനുബന്ധങ്ങളിൽ നിർദ്ദേശിക്കുന്ന ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ നിർവ്വഹിക്കുന്നതിന് വനം വകുപ്പിന് ആന്വൽ പ്ലാൻ ഓഫ് ഓപ്പറേഷൻ പ്രകാരം ബാധ്യതയില്ലായെങ്കിൽ അക്കാര്യം എം.എൽ.എ.-യെ ഉത്തരവുകൾ സഹിതം രേഖാമൂലം അറിയിക്കുമോ; വിശദമാക്കാമോ?

ആന്വൽ പ്ലാൻ ഓഫ് ഓപ്പറേഷനിൽ ഉൾപ്പെടാത്തതും എന്നാൽ ബഡ്ജറ്റ് പ്രകാരം ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ സർക്കാരിൽനിന്നും ഭരണാനുമതി ലഭ്യമാക്കി ആന്വൽ പ്ലാൻ ഓഫ് ഓപ്പറേഷൻ റിവൈസ് ചെയ്ത് ഉൾപ്പെടുത്തി ചെയ്യാവുന്നതാണ്.

(എഫ്) നിലമ്പൂർ നിയോജകമണ്ഡലത്തിലെ വനാതിർത്തികളിൽ വന്യമൃഗശല്യം തടയുന്നതിന് 2022-23 സാമ്പത്തിക വർഷത്തിൽ ഇരുപത് ശതമാനം തുക ധനകാര്യ വകുപ്പ് നീക്കിവച്ചതും വനം വകുപ്പ് മുഖാന്തരം നിർവ്വഹിക്കേണ്ടതുമായ ഏകപ്രവൃത്തിയുടെ തുക 2023 മാർച്ച് 31-ന് ലാപ്സാകുന്നപക്ഷം ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാനും ഫണ്ട് ലാപ്സാക്കാതിരിക്കാനുമുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

## പാലക്കാട് ജില്ലയിൽ വന്യജീവി ആക്രമണം നേരിട്ടവർക്ക് നഷ്ടപരിഹാരം

209 (999) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ 2016-2022 വർഷക്കാലയളവിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങളാൽ കൊല്ലപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും വിശദാംശം നൽകുമോ?

പാലക്കാട് ജില്ലയിൽ 2016-2022 വർഷക്കാലയളവിൽ വന്യമൃഗങ്ങളുടെ ആക്രമണങ്ങളാൽ കൊല്ലപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും അർഹമായ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; എങ്കിൽ നഷ്ടപരിഹാര തുക സംബന്ധിച്ച വിശദാംശം നൽകാമോ?

വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും അർഹമായ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) പാലക്കാട് ജില്ലയിൽ വന്യജീവി ആക്രമണത്താലുണ്ടായ കൃഷിനാശം തിട്ടപ്പെടുത്തിയിട്ടുണ്ടോ; കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

പാലക്കാട് ജില്ലയിൽ വന്യജീവി ആക്രമണത്താലുണ്ടായ കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകിയ നഷ്ടപരിഹാരത്തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

## വന്യജീവി ആക്രമണങ്ങൾ തടയാൻ നടപടി

210 (1000) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനത്തിനോടുചേർന്നുള്ള പ്രദേശങ്ങളിലും ഉൾപ്രദേശങ്ങളിലും വന്യജീവികൾ മനുഷ്യരുടെ സ്വൈര്യജീവിതത്തിന് വിഘാതമാകുന്ന തരത്തിൽ ഗുരുതരമായ സാഹചര്യം സൃഷ്ടിച്ചിട്ടുള്ളത് പരിഹരിക്കാൻ ഫലപ്രദമായ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ജനങ്ങൾക്ക് ഭീഷണിയാകുന്ന വന്യമൃഗങ്ങൾ വനത്തിന് പുറത്തേയ്ക്ക് ഇറങ്ങാതിരിക്കുന്നതിനാവശ്യമായ പ്രതിരോധ പ്രവർത്തനങ്ങൾ വനാതിർത്തികളിൽ (സോളാർ ഫെൻസിംഗ്, ഹാങ്ങിംഗ് ഫെൻസ്, ആനമതിൽ, കിടങ്ങുകൾ മുതലായവ) നിലവിൽ നടത്തിവരുന്നുണ്ട്. വന്യജീവികൾ ജനവാസ മേഖലകളിലിറങ്ങിയാൽ അവയെ തിരികെ കാട്ടിലേയ്ക്ക് വിടുന്നതിനായി ആർ.ആർ.റ്റി., കുങ്കി സ്ക്വാഡ് എന്നിവയുടെ സേവനവും ഉപയോഗപ്പെടുത്തിവരുന്നു. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുവേണ്ടി അഞ്ചുവർഷ കാലയളവിലേയ്ക്ക് 620 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുന്നതിനായി സർക്കാർ പരിശോധിച്ചുവരികയാണ്. മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് അടുത്ത 10 വർഷത്തേയ്ക്കാവശ്യമായ 1150 കോടി രൂപയുടെ ഒരു ബൃഹത് പദ്ധതി സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25-01-2021-ൽ സമർപ്പിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിന് അതാത് സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാരെ നോഡൽ ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്.

(ബി) വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണത്തിന് കാരണമാകുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പെരിയാർ കടുവ സംരക്ഷണ ഫൗണ്ടേഷൻ നടത്തിയ പഠനത്തിലെ കണ്ടെത്തലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളെയും പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച് പഠനം നടത്തിവരുന്നുണ്ട്. ടി പഠനത്തിലെ ഇടക്കാല കണ്ടെത്തലുകൾ കൂടി ഉൾപ്പെടുത്തി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും 2021 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ വിശദമായ ഒരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ടി പ്രോജക്ട് പ്രൊപ്പോസലിലെ മാർഗ്ഗനിർദ്ദേശങ്ങൾ താഴെപ്പറയുന്നു.

1. വന്യമൃഗങ്ങൾ മനുഷ്യന്റെ വാസസ്ഥലത്തേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയാനുള്ള പ്രതിരോധ വേലികൾ നിർമ്മിക്കുക.
2. മനുഷ്യരും വന്യജീവികളും തമ്മിലുള്ള സമ്പർക്കം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

3. മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായി ഫലപ്രദമായ അടിസ്ഥാന സൗകര്യങ്ങളും മാനവ വിഭവശേഷിയും വികസിപ്പിക്കുക.
4. വന്യജീവിമൂലമുള്ള നാശത്തിന് നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ്, ലൈഫ് ഇൻഷ്വറൻസ്, എക്സ്ഗ്രേഷ്യ എന്നിവ നടപ്പിൽവരുത്തുക.
5. ലൈൻ ഡിപ്പാർട്ടുമെന്റുകളെക്കൂടി ഉൾപ്പെടുത്തുക.
6. ജനങ്ങളുടെ പങ്കാളിത്തത്തോടെയുള്ള നടപടികൾ ശക്തിപ്പെടുത്തുക.
7. പുൽമേടുകളും ജലസ്രോതസ്സുകളും ഉൾപ്പെടെയുള്ള ആവാസവ്യവസ്ഥ മെച്ചപ്പെടുത്തി വനത്തിനുള്ളിൽതന്നെ വന്യജീവികൾക്ക് ആവശ്യത്തിന് ഭക്ഷണവും വെള്ളവും ലഭ്യമാക്കുക.
8. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുതകുന്ന അവബോധം പൊതുജനങ്ങളിൽ വളർത്തുകയും ആയതിനായി പരിശീലനങ്ങളും ഗവേഷണങ്ങളും നടത്തുക.

(സി) വന്യജീവികളുടെ വർദ്ധനവ് നിയന്ത്രിക്കുന്നതിന് വിഘാതമായ നിയമങ്ങളും സുപ്രീംകോടതി വിധിയും യുക്തിസഹമായി തിരുത്തിക്കിട്ടുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ആയത് പരിശോധിക്കുന്നതാണ്.

## തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റ് ജീവഹാനി സംഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരം

211 (1001) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റ് ജീവഹാനി സംഭവിക്കുന്നവർക്ക് എത്ര രൂപയാണ് നഷ്ടപരിഹാരമായി നൽകുന്നത്; വനത്തിനുള്ളിലും വനത്തിന് പുറത്തുവച്ചും നടക്കുന്ന അപകടങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വ്യത്യസ്തമാണോ; നഷ്ടപരിഹാരത്തുക ലഭിക്കാൻ അപേക്ഷ സമർപ്പിക്കേണ്ടത് സംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ?

വന്യജീവി ആക്രമണവുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരത്തുക നൽകി വരുന്നത് 05-04-2018-ലെ സ.ഉ. (എം.എസ്) 17/2018/വനം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. 25-10-2022-ലെ സ.ഉ. (കൈ) 50/2022/വനം നമ്പർ ഉത്തരവ് പ്രകാരം തേനീച്ച, കടന്നൽ എന്നിവയുടെ ആക്രമണത്താൽ മരണപ്പെടുന്നവർക്കുകൂടി സ.ഉ. (എം.എസ്) 17/2018/വനം നമ്പർ ഉത്തരവ് ബാധകമാക്കിയിട്ടുണ്ട്. നഷ്ടപരിഹാരത്തുക

ലഭിക്കുന്നതിനായി ഇ-ഡിസ്ട്രിക്ട് മുഖേന അപേക്ഷ സമർപ്പിക്കേണ്ടതാണ്. രണ്ട് ഉത്തരവുകളുടെയും പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഇത്തരത്തിലുള്ള അപകടങ്ങളിൽ നഷ്ടപരിഹാരത്തുക നൽകുന്നതിന് ഏത് തീയതി മുതലാണ് പ്രാബല്യം നൽകിയിട്ടുള്ളത്?

25-10-2022-ലെ സർക്കാർ ഉത്തരവ് (കൈ) നം.50/22/വനം പ്രകാരം തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റ് ജീവഹാനി സംഭവിക്കുന്നവർക്ക് സർക്കാർ ഉത്തരവ് തീയതി മുതലാണ് പ്രാബല്യമുള്ളത്.

(സി) തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റ് ഗുരുതരമായി പരിക്കേൽക്കുന്നവർക്ക് എന്തെങ്കിലും നഷ്ടപരിഹാരത്തിന് അർഹതയുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിലുള്ള അപകടത്തിൽപ്പെട്ട് പരിക്കേറ്റവർക്ക് ചികിത്സാച്ചെലവ് നൽകുന്ന കാര്യം പരിഗണിക്കുമോ?

ടി ഉത്തരവ് പ്രകാരം തേനീച്ച, കടന്നൽ എന്നിവയുടെ കുത്തേറ്റ് ജീവഹാനി സംഭവിക്കുന്നവർക്ക് മാത്രമാണ് നഷ്ടപരിഹാരത്തിന് അർഹതയുള്ളത്. അപകടത്തിൽപ്പെട്ട് പരിക്കേറ്റവർക്ക് ചികിത്സാച്ചെലവ് നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## ജലസേചന വകുപ്പിലെ ജീവനക്കാരുടെ സ്ഥാനക്കയറ്റം

212 (1002) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിൽ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിന് വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ?

ജലസേചന വകുപ്പിൽ ടെക്നിക്കൽ വിഭാഗത്തിലെയും മിനിസ്റ്റീരിയൽ വിഭാഗത്തിലെയും ഗസറ്റഡ് തസ്തികകളിൽ ഡി.പി.സി. മുഖേന സ്ഥാനക്കയറ്റം നൽകിവരുന്നു. നോൺ ഗസറ്റഡ് തസ്തികകളിൽ ഒഴിവുകളുണ്ടാകുന്നമുറയ്ക്ക് സ്ഥാനക്കയറ്റം നൽകിവരുന്നു.

(ബി) സാങ്കേതിക വിഭാഗം ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിൽ കാലതാമസം നേരിടുന്നുവെന്ന പരാതി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

സാങ്കേതിക വിഭാഗം ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചിട്ടുണ്ട്.

(സി) മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിൽ വകുപ്പ് സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗം ജീനക്കാർക്ക് സമയബന്ധിതമായി സ്ഥാനക്കയറ്റം നൽകുന്നില്ലെന്ന പരാതി പരിഹരിക്കാൻ വകുപ്പ് സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദവിവരം ലഭ്യമാക്കുമോ?

(സി&ഡി) ജലസേചന വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് മുൻകാലങ്ങളിൽ സ്ഥാനക്കയറ്റം നൽകിയതിലുള്ള അനോമലികളുമായി ബന്ധപ്പെട്ട് വിവിധ കോടതി വ്യവഹാരങ്ങളും സ്റ്റേ ഉത്തരവുകളും ഉണ്ടായിരുന്നതിനാൽ മേൽവിഭാഗം ജീവനക്കാർക്ക് സമയബന്ധിതമായി സ്ഥാനക്കയറ്റം നൽകാൻ കഴിഞ്ഞിരുന്നില്ല. 21-01-2023-ലെ സ.ഉ(സാധാ)നം.79/2023/ജ.വി.വ. ഉത്തരവുപ്രകാരം വിവിധ കോടതി ഉത്തരവുകൾ പാലിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ സ്ഥാനക്കയറ്റം നൽകുന്നതിലുണ്ടായിരുന്ന തടസ്സങ്ങൾ മാറിയിട്ടുണ്ട്.

**ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സ് മാനേജ്മെന്റ്, റൂം ഫോർ റിവർ**

213 (1003) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ ഭാവിയിലുണ്ടാകാൻ സാധ്യതയുള്ള പ്രളയത്തിന്റെ തോത് ലഘൂകരിക്കുന്നതിനുവേണ്ടി ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സ്

മാനേജ്മെന്റ്, റൂം ഫോർ റിവർ എന്നിവ നടപ്പാക്കുന്നതിനായി സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കേരളത്തിൽ ഭാവിയിലുണ്ടാകാൻ സാധ്യതയുള്ള പ്രളയത്തിന്റെ തോത് ലഘൂകരിക്കുന്നതിനുവേണ്ടി ഇന്റഗ്രേറ്റഡ് വാട്ടർ റിസോഴ്സ് മാനേജ്മെന്റ്, റൂം ഫോർ റിവർ എന്നിവ നടപ്പാക്കുന്നതിനായി സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ

214 (1004) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന മൈനർ/മേജർ ഇറിഗേഷൻ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## പാറക്കടവ് അങ്കണവാടി കെട്ടിടത്തിന് ജലസേചന വകുപ്പിന്റെ ഭൂമി വിട്ടുനൽകാൻ നടപടി

215 (1005) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ, ഐ.സി.ഡി.എസ്. പാറക്കടവ് അങ്കണവാടി സെന്റർ നം. 135-നായി കെട്ടിടം നിർമ്മിക്കുന്നതിന് ജലസേചന വകുപ്പിന്റെ പുറമ്പോക്ക് ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച് ജലസേചന വകുപ്പ് എറണാകുളം, പ്രോജക്ട് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് 13-03-2020-ന് ഇ 5/597/2020 നമ്പറായി നൽകിയ കത്തിൽ ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-II നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതുസംബന്ധിച്ചുള്ള കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) രണ്ട് വർഷങ്ങൾക്കുശേഷവും ഈ വിഷയത്തിലെ ഫയലിൽ തീർപ്പുണ്ടാകാത്തതിൽ ഉദ്യോഗസ്ഥതലത്തിൽ വീഴ്ചയുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കുമോ;

(സി) ഐ.സി.ഡി.എസ്. പാറക്കടവ് അങ്കണവാടിക്ക് എത്രയും വേഗം പുറമ്പോക്ക് ഭൂമി വിട്ടുനൽകുന്നതിനായുള്ള നടപടി സ്വീകരിക്കുമോ; ആയതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ വ്യക്തമാക്കുമോ?

(എ-സി) ഈ വിഷയത്തിലെ റിപ്പോർട്ട് പ്രോജക്ട്-2, ചീഫ് എഞ്ചിനീയർ 23-06-2020-ലെ പിജി2/1649/2020 കത്തുപ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും ഇതുസംബന്ധിച്ച് 06-01-2021-ൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം തേടുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്നും അഭിപ്രായം ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്. ചീഫ് എഞ്ചിനീയറുടെ 23-06-2020-ലെ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**ജലസ്രോതസ്സുകളും ജലലഭ്യതയും സംബന്ധിച്ചുള്ള വിവര സമാഹരണം**

216 (1006) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളും ജലലഭ്യതയും സംബന്ധിച്ചുള്ള വിവരം സമാഹരിക്കുന്നതിന് ആധുനിക സാങ്കേതികവിദ്യാധിഷ്ഠിതമായി ജലവിഭവ വിവര സംവിധാനം (കേരള വാട്ടർ റിസോഴ്സസ് ഇൻഫർമേഷൻ സിസ്റ്റം) വികസിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

നടപടി സ്വീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) വേനൽക്കാലത്തുണ്ടാകുന്ന ജലക്ഷാമം പരിഹരിക്കുന്നതിനും പ്രളയ നിയന്ത്രണത്തിനും നീർത്തടാടിസ്ഥാനത്തിലുള്ള സമഗ്ര വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(സി) നദികളെത്തന്നെ ജലസംഭരണികളാക്കി ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും ഭൂജലപോഷണത്തിനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

നദികളിൽ പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യാനുസരണം ജലസംഭരണ പ്രവർത്തനങ്ങൾക്കുതകുന്ന വിവിധ ഘടനകളായ ചെക്ക്ഡാമുകൾ, റെഗുലേറ്ററുകൾ എന്നിവ വിഭാവനം ചെയ്യുകയും നിർമ്മിക്കുകയും ചെയ്യാറുണ്ട്. ഇതുവഴി നദികളെത്തന്നെ ചെറുജലസംഭരണികളായി പരിണമിപ്പിക്കാൻ കഴിയും. കൂടാതെ ഈ പ്രവർത്തനങ്ങൾ ജലലഭ്യത വർദ്ധിപ്പിക്കുന്നതിനും ഭൂജലപോഷണത്തിനും കാരണമാകുന്നു. ഈ ഘടനകളിലൂടെ ജലം നിയന്ത്രിക്കുന്നതുവഴി പാരിസ്ഥിതിക നീരൊഴുക്ക് നിലനിർത്താനും സാധിക്കുന്നു.

**പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

217 (1007) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും പദ്ധതിക്ക് അനുവദിച്ച തുക എത്രയാണെന്നും അതിന്റെ ഭരണാനുമതിയുടെ പകർപ്പും ലഭ്യമാക്കാമോ?

(എ&ബി) ജൽജീവൻ മിഷൻ പദ്ധതി പ്രകാരം പയ്യന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങളും ഭരണാനുമതി നൽകിയ ഉത്തരവുകളുടെ പകർപ്പുകളും അനുബന്ധമായി ചേർക്കുന്നു.+

## നബാർഡ് ഫണ്ട്

218 (1008) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് ധനസഹായം ഉപയോഗിച്ച് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഇറിഗേഷൻ, വാട്ടർ അതോറിറ്റി വകുപ്പുകൾ മുഖാന്തരം ഏതെല്ലാം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാണ് അനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ, വിശദാംശം നൽകുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് ധനസഹായം ഉപയോഗിച്ച് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഇറിഗേഷൻ, വാട്ടർ അതോറിറ്റി വകുപ്പുകളുടെ കീഴിൽ പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടില്ല.

**കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട്**

219 (1009) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായ പെരുവണ്ണാമൂഴി ഡാം കേന്ദ്രീകരിച്ച് എന്തൊക്കെ ടൂറിസം പദ്ധതികളാണ് നിലവിൽ നടന്നുവരുന്നത്; വ്യക്തമാക്കുമോ?

കുറ്റ്യാടി ജലസേചന പദ്ധതിയുടെ ഭാഗമായ പെരുവണ്ണാമൂഴി ഡാം കേന്ദ്രീകരിച്ച് ടൂറിസം മാനേജ്മെന്റ് കമ്മിറ്റി മുഖേന നടപ്പിലാക്കുന്ന ഡാം

ടൂറിസം പദ്ധതി, ചക്കിട്ടപ്പാറ സർവ്വീസ് സഹകരണ ബാങ്കുമായി ഒരുമിച്ച് നടപ്പാക്കുന്ന ബോട്ടിംഗ് എന്നിവയാണ് നടന്നുവരുന്നത്.

(ബി) ടൂറിസവുമായി ബന്ധപ്പെട്ട ഏതൊക്കെ പദ്ധതികളാണ് ഈ മേഖലയ്ക്ക് അനുയോജ്യമാകുകയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ടൂറിസവുമായി ബന്ധപ്പെട്ട് അനുയോജ്യമായ പദ്ധതികൾ വിലയിരുത്തുന്നതിനായി പദ്ധതികൾ വിഭാവനം ചെയ്തുവരുന്നു.

(സി) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിന്റെ 1052 ഹെക്ടർ ഏരിയയിൽ വ്യാപിച്ചുകിടക്കുന്ന റിസർവോയറിൽ വിവിധ വിസ്തീർണ്ണത്തിൽ പതിമൂന്നോളം ചെറിയ ദ്വീപുകളുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഡാമിന്റെ സംഭരണ ശേഷിക്കനുസരിച്ച് (പരമാവധി അളവ്) ജലം സംഭരിച്ചശേഷം ബാക്കിവരുന്ന സ്ഥലങ്ങളിൽ ഈ ദ്വീപുകളെ ബന്ധിപ്പിച്ച് ഒരു ടൂറിസം പ്രോജക്ട് നടപ്പാക്കാനാവശ്യമായ സാദ്ധ്യതകൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(സി&ഡി) ഉണ്ട്. ഇറിഗേഷൻ ടൂറിസത്തിന്റെ ഭാഗമായി പ്രസ്തുത ദ്വീപുകളെ ബന്ധിപ്പിച്ച് ഒരു ടൂറിസം പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

(ഇ) ഓരോ ദ്വീപിലും പക്ഷി സങ്കേതം, കൺവെൻഷൻ സെന്റേഴ്സ്, കോട്ടേജുകൾ, വാച്ച്ടവർ, നടപ്പാതകൾ, റിക്രിയേഷൻ ഫെസിലിറ്റീസ് എന്നിവ ഉൾപ്പെടുത്തി ഒരു ഇന്റർനാഷണൽ ടൂറിസം സെന്റർ എന്ന രീതിയിൽ വികസിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുമോ; വ്യക്തമാക്കുമോ?

ഓരോ ദ്വീപുകളും റിസർവോയറിനുള്ളിലായതിനാൽ റിസർവോയറിന്റെ ഫുൾ റിസർവോയർ ലെവലും മാക്സിമം വാട്ടർ ലെവലും പരിഗണിച്ച് പദ്ധതി നടപ്പാക്കുന്ന സാധ്യതകൾ പരിശോധിക്കുന്നതാണ്.

**കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

220 (1010) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പിന് കീഴിൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാം; ഓരോന്നിന്റെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ജലവിഭവ വകുപ്പിന് കീഴിൽ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്നതും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

## പൂക്കോട്ടുമണ്ണ ലിഫ്റ്റ് ഇറിഗേഷൻ ഫേസ് -2 പദ്ധതി

221 (1011) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചുങ്കത്തറ പൂക്കോട്ടുമണ്ണ റെഗുലേറ്ററിനോടനുബന്ധിച്ച രണ്ടാംഘട്ട പ്രവൃത്തിയായ പൂക്കോട്ടുമണ്ണ ലിഫ്റ്റ് ഇറിഗേഷൻ ഫേസ്-2 പദ്ധതിയുടെ എസ്റ്റിമേറ്റടക്കമുള്ള പ്രൊപ്പോസൽ ജലസേചന വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ; തുകയടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ; ഫയൽ ഏത് വിഭാഗത്തിലാണെന്നും ഫയൽ നമ്പരടക്കമുള്ള വിവരങ്ങളും അറിയിക്കാമോ;

(ബി) നബാർഡ് ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തുന്നതിന് ടി പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ; ആയതിന്റെ തൽസ്ഥിതിയും മുൻഗണനാക്രമവും തുടർനടപടികളും ലഭ്യമാക്കാമോ?

(എ&ബി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ചുങ്കത്തറ പൂക്കോട്ടുമണ്ണ റെഗുലേറ്ററിനോടനുബന്ധിച്ച് രണ്ടാംഘട്ട പ്രവൃത്തിയായ പൂക്കോട്ടുമണ്ണ ലിഫ്റ്റ് ഇറിഗേഷൻ ഫേസ്-2 പദ്ധതിയുടെ 1180 ലക്ഷം തുക

വരുന്ന വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് നബാർഡ് ആർ.ഐ.ഡി.എഫ്. XXVIII പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കോഴിക്കോട് എം.ഐ.സി. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും DB2-3252/2022 നം. കത്തുപ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ അതേസമയം ജി.എസ്.ടി.-യിലുള്ള വർദ്ധനവ് 18-07-2022-ന് നിലവിൽ വന്നതിനാൽ ജി.എസ്.ടി. 18% നിരക്കിൽ 1300 ലക്ഷം രൂപ കണക്കാക്കി ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കിയെങ്കിലും, നിലവിൽ നബാർഡ് പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് താൽക്കാലിക സാങ്കേതികാനുമതികൂടി ലഭ്യമാക്കിയശേഷം മാത്രമേ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് നബാർഡിൽ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. ആയതുപ്രകാരം 1300 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് PRICE 3 മുഖേന താൽക്കാലിക സാങ്കേതികാനുമതി നൽകുന്നതിനായി ലഭ്യമാക്കിയെങ്കിലും സാങ്കേതികമായ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ അവ പരിഹരിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് എസ്റ്റിമേറ്റ് പുന:സമർപ്പിക്കുന്ന മുറയ്ക്ക് താത്കാലിക സാങ്കേതികാനുമതി

നൽകി നബാർഡ് ആർ.ഐ.ഡി.എഫ്.-ന്റെ പുതിയ ട്രാഞ്ചെയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**മങ്കട കീഴ്ത്തൃക്കോവിൽ ക്ഷേത്രത്തിന്റെ കടലുണ്ടിപുഴയോട് ചേർന്ന ഭാഗത്ത് സംരക്ഷണഭിത്തി നിർമ്മാണം**

222 (1012) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ പടിഞ്ഞാറ്റുമുറി കീഴ്ത്തൃക്കോവിൽ ക്ഷേത്രത്തിന്റെ കടലുണ്ടിപുഴയോട് ചേർന്നുള്ള ഭാഗം ശക്തമായ മഴയിൽ ഇടിഞ്ഞുതാഴ്ന്ന് ക്ഷേത്രംതന്നെ അപകടാവസ്ഥയിലായ സാഹചര്യത്തിൽ, പുഴയോരം ഭിത്തികെട്ടി സംരക്ഷിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) മങ്കട നിയോജകമണ്ഡലത്തിൽ കീഴ്ത്തൃക്കോവിൽ ക്ഷേത്രത്തിന്റെ കടലുണ്ടിപ്പുഴയോടുചേർന്ന ഭാഗത്തെ പ്രവൃത്തി സ്ഥലം ആർ.എം.എഫ്. ജില്ലാ സബ്കമ്മിറ്റി പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 23.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൈസ് ഐ.ഡി. 2020/93/IA

പ്രകാരം ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു. കൂടാതെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് മേൽപ്രവൃത്തി എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തുന്നതിനും പ്രൊപ്പോസൽ തയ്യാറാക്കിയിരുന്നു. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രവൃത്തി ഏറ്റെടുക്കാനായില്ല.

2022 സെപ്റ്റംബർ ആദ്യവാരത്തിലുണ്ടായ ശക്തമായ മഴയിൽ പ്രസ്തുത സ്ഥലം കൂടുതൽ ഇടിയുകയും ഇതിന് പരിഹാരം കാണുന്നതിനായി ബഹുമാനപ്പെട്ട മങ്കട നിയോജകമണ്ഡലം എം.എൽ.എ. കൂട്ടിലങ്ങാടി പഞ്ചായത്ത് ഓഫീസിൽവച്ച് 06-09-2022-ൽ മീറ്റിംഗ് വിളിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് പ്രകാരം പ്രസ്തുത സ്ഥലം സംരക്ഷിക്കുന്നതിന് പുതിയ നിരക്ക് പ്രകാരം ഒന്നാം ഘട്ടമായി 35 ലക്ഷം രൂപയും രണ്ടാംഘട്ടമായി 15 ലക്ഷം രൂപയും ചെലവ് വരുന്നതാണ്. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

**നെയ്യാറിന്റെ ബണ്ട് പുനഃസ്ഥാപിക്കാൻ നടപടി**

223 (1013) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അമരവിള, പുല്ലാമലയിൽ നെയ്യാറിന്റെ ബണ്ട് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത ബണ്ട് പുനഃസ്ഥാപിക്കുന്നതിന് ഡി.പി.ആർ. പ്രകാരം തുക അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; എത്ര തുകയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അമരവിള-പുല്ലാമലയിൽ 2018-ലെ പ്രളയത്തിൽ തകർന്ന ബണ്ട് പുനഃനിർമ്മിക്കുന്നതിലേയ്ക്കായി " Construction of breached bund at Pullamala left bank of Neyyar River at Amaravila in Neyyattinkara Constituency" എന്ന പ്രവൃത്തിയുടെ 370 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായെങ്കിലും ബഡ്ജറ്റ് പ്രൊവിഷനില്ലാത്തതിനാൽ ഈ വർഷം പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല.

## ചാലക്കുടി പുഴയിൽ സംയോജിത നദീതട പ്ലാൻ

224 (1014) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പുഴയിൽ സംയോജിത നദീതട പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ചാലക്കുടി പുഴയിൽ സംയോജിത നദീതട പ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തി നിലവിൽ ജലസേചന വകുപ്പ് നടപ്പിലാക്കിയിട്ടില്ല.

(ബി) നടപ്പ് ജലവർഷം കേരള ഷോളയാറിൽ കൂടുതൽ വൈദ്യുതി ഉത്പാദിപ്പിച്ചതുമൂലം പറമ്പിക്കുളം-ആളിയാർ പ്രോജക്ടിന്റെ പ്രധാന നദിയായ ചാലക്കുടി പുഴയിലെ വേനൽക്കാല ജലലഭ്യതയിൽ കുറവുവരാനിടയുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) പി.എ.പി. കരാറിന്റെ ഷെഡ്യൂൾ-II ഖണ്ഡിക-2 പ്രകാരം കേരളത്തിന് ഒരു ജലവർഷം (ജൂലൈ 1 മുതൽ ജൂൺ 30 വരെ) 12300 എം.സി.എഫ്.റ്റി. ജലത്തിനാണ് അർഹതയുള്ളത്. കൂടാതെ എല്ലാ വർഷവും സെപ്തംബർ 1-നും ഫെബ്രുവരി 1-നും കേരളാ ഷോളയാറിൽ പൂർണ്ണ സംഭരണി നിരപ്പായ (FRL) +2663.00 അടി എത്തിക്കണമെന്ന വ്യവസ്ഥയുമുണ്ട്.

ഈ ജലവർഷത്തിൽ ജൂലൈ ഒന്ന് മുതൽ ഫെബ്രുവരി ഒന്ന് വരെ 7.267 റ്റി.എം.സി. ജലമാണ് വൈദ്യുത ഉത്പാദനത്തിനായി കേരള ഷോളയാറിൽ

ഉപയോഗിച്ചത്. കേരള ഷോളയാറിൽ സാധാരണഗതിയിൽ മൺസൂൺ മാസങ്ങളായ ജൂലൈ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ 3.50 റ്റി.എം.സി. മുതൽ 4.50 റ്റി.എം.സി. വരെ ജലം ഉപയോഗിക്കാറുണ്ട്. ഈ വർഷം കനത്ത മഴ ലഭിച്ചതിനാൽ പ്രളയ നിയന്ത്രണംകൂടി കണക്കിലെടുത്ത് 4.25 റ്റി.എം.സി. വരെ ജലം പ്രസ്തുത കാലയളവിൽ ഉപയോഗിച്ചിട്ടുണ്ട്.

പി.എ.പി. കരാർ പ്രകാരം പ്രതിവർഷം കേരള ഷോളയാറിൽനിന്നും 12.3 റ്റി.എം.സി. അടി ജലം കേരളത്തിന് ഉപയോഗിക്കാവുന്നതാണ്. ആയതിനാൽ ബാക്കിയുള്ള 5.033 റ്റി.എം.സി. (12.3-7.267) ജലം ഈ വേനൽക്കാലത്തെ ആവശ്യത്തിനായി ലഭ്യമാണ്. 02-02-2023-ലെ കണക്ക് പ്രകാരം നിലവിൽ കേരള ഷോളയാറിൽ 5.227 റ്റി.എം.സി. (98.7%) ജലം ലഭ്യമാണ്. കേരള ഷോളയാറിൽനിന്നും സാധാരണഗതിയിൽ എല്ലാ വർഷവും ചാലക്കുടിപ്പുഴയിൽ ലഭിക്കുന്ന ജലം ഈ വർഷവും ലഭിക്കുന്നതാണ്.

**തിരൂർ പുഴ ശുദ്ധീകരിച്ച് സൈഡ് കെട്ടി സംരക്ഷിക്കുന്നതിന് നടപടി**

225 (1015) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ പുഴ ശുദ്ധീകരിച്ച് സൈഡ് കെട്ടി സംരക്ഷിക്കണമെന്ന ആവശ്യത്തിന്മേൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജലസേചന ചീഫ് എഞ്ചിനീയർക്ക് 10-07-2022-ന് ജലസേചന വകുപ്പിൽനിന്നും നൽകിയ കത്തിനെത്തുടർന്ന് ചീഫ് എഞ്ചിനീയറിൽനിന്ന് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ലഭ്യമായിട്ടില്ല.

(ബി) തിരൂർ പുഴയുടെ ശോചനീയാവസ്ഥ പരിഗണിച്ച് മാലിന്യങ്ങൾ നീക്കി സൈഡുകൾ കെട്ടി പുഴ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പുഴയുടെ ശോചനീയാവസ്ഥ പരിഗണിച്ച് മാലിന്യങ്ങൾ നീക്കി സൈഡുകൾ കെട്ടി പുഴ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെച്ചേർക്കും പ്രകാരമാണ്.

തിരൂർ പുഴയിൽ വിവിധയിടങ്ങളിലായി അടിഞ്ഞുകൂടിയ എക്കലും അവശിഷ്ടങ്ങളും നീക്കം ചെയ്യുന്നതിന് 2.91 ലക്ഷം രൂപയുടെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ 'റൂം ഫോർ റിവർ' പദ്ധതിയിലുൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. തിരൂർ പുഴ മാലിന്യമുക്തമാക്കുന്നതിനും സൈഡ് കെട്ടി സംരക്ഷിക്കുന്നതിനും 2022-23 ബഹുമാനപ്പെട്ട നാഷണൽ ഗ്രീൻ

ട്രിബ്യൂണലിന്റെ (എൻ.ജി.ടി.) ആക്ഷൻ പ്ലാനിൽ "General - Rejuvenation of Tirur Ponnani Puzha"- Cleaning and Development of old Ponnani Thodu at Thazhepalam in Tirur Municipality and strengthening the right bank of Tirur Ponnani Puzha at Porur ward No. I in Tirur municipality- General Civil work Rs. 30.10 Lakh എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

Flood Damage (FD) പദ്ധതിയിലും ആർ.എം.എഫ്. പദ്ധതിയിലുമുൾപ്പെടുത്തി താഴെപ്പറയുന്ന 2 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

1) General - Flood damage- repairs to the left bank of Tirur Ponnani puzha at upstream side of Ezhur bridge in Tirur Municipality - General civil work- Rs. 27.90 Lakh.

2) General - Flood damage - protecting the left bank of Tirur river at Annara in ward No. 36 in Tirur Municipality-General Civil/work- Rs. 13.40 Lakh.

ബഹുമാനപ്പെട്ട നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ നിർദ്ദേശപ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ നോർത്ത് സർക്കിൾ, കോഴിക്കോട് ചെയർമാനായിട്ടുള്ള സമിതി, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, ഇറിഗേഷൻ വകുപ്പ് ഉൾപ്പെടെയുള്ള വകുപ്പുകളുടെ പ്രവൃത്തികളിലുൾപ്പെടുത്തി തിരൂർ പുഴ മാലിന്യമുക്തമാക്കുന്നതിന് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും അതിന്റെയടിസ്ഥാനത്തിൽ പ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നുണ്ട്. മാസംതോറുമുള്ള സമിതി യോഗത്തിൽ തിരൂർ പുഴയുടെ മാലിന്യത്തോത് കുറഞ്ഞുവരുന്നതായി പൊല്യൂഷൻ കൺട്രോൾ ബോർഡ്, മലപ്പുറം സൂചിപ്പിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളുടേയും ഏകോപന പ്രവർത്തനത്തിലൂടെ മാത്രമേ തിരൂർ പുഴ മാലിന്യവിമുക്തമാക്കുവാൻ സാധിക്കുകയുള്ളൂ. തിരൂർ പുഴയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പ്രവൃത്തികളുടെ പ്രൊപ്പോസലുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

## വണ്ണാത്തിപ്പുഴയുടെ നീരൊഴുക്ക് തടസ്സമാകുന്ന രീതി

226 (1016) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ) പയ്യന്നൂർ-കല്യാശ്ശേരി നിയോജകമണ്ഡലങ്ങളുടെ അതിർത്തി പങ്കിടുന്ന വണ്ണാത്തിപ്പുഴയിൽ മീങ്കുഴി ഡാം പ്രദേശത്ത് മണലും ചെളിയും നിറഞ്ഞത് കാരണം പുഴയുടെ ശരിയായ ഒഴുക്ക് തടസ്സപ്പെടുകയും മഴക്കാലത്ത് പുഴയുടെ കരപ്രദേശങ്ങളിൽ വെള്ളം കയറുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന രീതിയിൽ പുഴയിൽ നിറഞ്ഞ ചെളിയും മണലും നീക്കം ചെയ്യാനാവശ്യമായ നടപടികൾ പരിഗണനയിലുണ്ടോ; അറിയിക്കാമോ?

'റൂം ഫോർ റിവർ' പദ്ധതിയിലുൾപ്പെടുത്തി പ്രസ്തുത പുഴയിൽനിന്നും ചെളിയും മണലും ഭാഗികമായി നീക്കം ചെയ്തിരുന്നു. പുഴയുടെ വെള്ളക്കൂടുതൽ കാരണം അടിഞ്ഞുകൂടിയ ചെളിയും മണലും പൂർണ്ണമായും നീക്കം ചെയ്യാൻ സാധിച്ചിട്ടില്ല.

**വാളയാർ കനാൽ നവീകരണം**

227 (1017) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ 16 കോടി രൂപ വകയിരുത്തി മലമ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന വാളയാർ കനാൽ നവീകരണം ഒന്നാംഘട്ടം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഭരണാനുമതി ലഭിച്ച് 6 മാസം കഴിഞ്ഞിട്ടും പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നാളിതുവരെ ലഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ?

വാളയാർ കനാൽ നവീകരണ പദ്ധതിക്കായി സിവിൽ പ്രവൃത്തികളും മെക്കാനിക്കൽ പ്രവൃത്തികളും ഉൾപ്പെടുന്നുണ്ട്. സിവിൽ പ്രവൃത്തികൾ രണ്ട് സെക്ഷൻ ഓഫീസുകളുടെ പ്രവർത്തന പരിധിയിൽ ഉൾക്കൊള്ളുന്നതാകയാൽ ഭരണപരമായ സൗകര്യത്തിന് സിവിൽ പ്രവൃത്തികളുടെ മൂന്ന് എസ്റ്റിമേറ്റുകളും മെക്കാനിക്കൽ പ്രവൃത്തിയുടെ ഒരു എസ്റ്റിമേറ്റും തയ്യാറാക്കേണ്ടിവന്നു. സാങ്കേതികാനുമതിക്കായുള്ള പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ പരിഹരിച്ച് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

2023 മാർച്ച് ആദ്യവാരം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പെരുമ്പുഴ തോട് നവീകരണം**

228 (1018) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ തുക അനുവദിക്കുകയും ഭരണാനുമതി ലഭ്യമാക്കുകയും ചെയ്ത തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പെരുമ്പുഴ തോട് നവീകരണ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമാക്കിയോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

(എ&ബി) മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ എടരിക്കോട് തെന്നല ഗ്രാമപഞ്ചായത്തിലെ പെരുമ്പുഴ തോട് വി.സി.ബി. നിർമ്മാണവും പാർശ്വഭിത്തി സംരക്ഷണവും പ്രവൃത്തി സംബന്ധിച്ച എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ

പരിശോധിച്ചുവരുന്നു. സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി സമയബന്ധിതമായി ആരംഭിക്കാവുന്നതാണ്.

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നിയുക്ത ന്യൂകട്ട്-ജലസേചന പദ്ധതി**

229 (1019) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലുൾപ്പെട്ട പാലത്തിങ്ങൽ മുതൽ പൂരപ്പുഴ വരെയുള്ള ന്യൂ-കട്ട് പുഴ ആഴംകൂട്ടി സൈഡ് കെട്ടി റെഗുലേറ്റർ നിർമ്മിക്കുന്നതിനായുള്ള ന്യൂ-കട്ട് ജലസേചന പദ്ധതി എന്ന പേരിലെ പ്രവൃത്തിയുടെ പുരോഗതി എന്തെല്ലാമെന്ന് വിശദമാക്കുമോ?

ന്യൂ-കട്ട് റെഗുലേറ്ററിനെ ലോക്ക്-കം-റെഗുലേറ്ററായി പുനർനിർമ്മിക്കുന്നതിനായുള്ള പര്യവേക്ഷണ പ്രവൃത്തി കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണുള്ളതെന്ന വിവരവും ഫയൽ നമ്പരും ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കുമോ?

പ്രസ്തുത പര്യവേക്ഷണ പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റിന് (PRICE ID IRR/IA/EST/5501/2022-3-1-1) ഇറിഗേഷൻ ഡിവിഷൻ, മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയർ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പര്യവേക്ഷണ പ്രവൃത്തി പൂർത്തീകരിച്ചശേഷം ഡിസൈൻ വിംഗിൽനിന്നും ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ സാധിക്കുകയുള്ളൂ.

(സി) ഈ പ്രവൃത്തി പൂർത്തീകരിക്കുകയാണെങ്കിൽ തിരൂരങ്ങാടി, താനൂർ, വള്ളിക്കുന്ന് എന്നീ നിയോജകമണ്ഡലങ്ങളിലെ കുടിവെള്ളം, കാർഷിക ജലസേചനം എന്നീ മേഖലകളിലെ പ്രശ്നങ്ങൾക്ക് പൂർണ്ണ പരിഹാരമാകുമെന്ന വിവരം ശ്രദ്ധയിൽവന്നിട്ടുണ്ടോ; വിശദമാക്കുമോ?

ലോക്ക്-കം-റെഗുലേറ്ററായി പുനർനിർമ്മിക്കുന്നതിന് പര്യവേക്ഷണ പ്രവൃത്തികൾക്കായുള്ള നടപടികൾ ആരംഭിച്ചിട്ടേയുള്ളൂ എന്നതിനാൽ മറ്റ് വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല.

**തോട്-കുളം നവീകരണ പ്രവൃത്തികൾക്ക് ഭരണാനുമതി**

230 (1020) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സമ്പത്തിക വർഷത്തിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ തോട്-കുളം നവീകരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്;

(ബി) ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കുമോ?

(എ&ബി) ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ആലുവ കാഞ്ഞൂർ പഞ്ചായത്തിലെ വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധാരണം

231 (1021) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ കാഞ്ഞൂർ പഞ്ചായത്തിലെ നൂറ്റിപ്പാടം, വെള്ളാരപ്പിള്ളി പുഞ്ച എന്നിവിടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുന്നതിന് വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന 13-04-2022-ലെ എം.ഐ.1/42/2022/ജ.വി.വ. നമ്പർ സർക്കാർ കത്തിൽ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ നാളിതുവരെ എന്തെല്ലാം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ നടപടികൾ സ്വീകരിച്ച് കാഞ്ഞൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് മറുപടി നൽകണമെന്ന നിർദ്ദേശം പാലിച്ചിട്ടുണ്ടോ; എങ്കിൽ മറുപടി കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) 13-04-2022-ലെ എം.ഐ.1/42/2022/ജ.വി.വ. നമ്പർ സർക്കാർ കത്ത് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ 20-06-2022-ലെ ഡബ്ല്യൂ2/പിറ്റിഎൻ/59247/2022 എന്ന ഫയൽ നമ്പർ പ്രകാരം പുറത്തെഴുത്തിലൂടെ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലേയ്ക്ക് റിപ്പോർട്ടിനായി നൽകിയിരുന്നു. ആയതനുസരിച്ച് കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ നൂറ്റിപ്പാടം, വെള്ളാരപ്പിള്ളി പുഞ്ച എന്നിവിടങ്ങളിൽ നെൽക്കൃഷി പുനരാരംഭിക്കുന്നതിനും വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധരിക്കുന്നതിനുംവേണ്ടി പ്രസ്തുത വാർഡിലെ മെമ്പറോടൊപ്പം അപേക്ഷയിൽ പറയുന്ന പ്രദേശം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 30-07-2022-ൽ സന്ദർശിച്ചു. ഈ പാടശേഖരങ്ങളുടെ പ്രധാന ജലസ്രോതസ്സായ ചിറ കാടുകയറി അതിനടുത്തേയ്ക്ക് എത്തിപ്പെടാൻ പറ്റാത്ത

അവസ്ഥയിലാണുള്ളത്. ഇത് വെട്ടിത്തെളിച്ച് അതിനടുത്തേയ്ക്ക് ആളുകൾക്ക് എത്തിപ്പെടാവുന്ന രീതിയിൽ മാറ്റിയാലേ ചിറയുടെ അതിർത്തികൾ കണ്ടെത്താനും ചിറയുടെ നിലവിലെ സ്ഥിതി എന്താണെന്ന് മനസ്സിലാക്കാനും അതിനനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കാനും സാധിക്കുകയുള്ളൂ. ഇക്കാര്യം പഞ്ചായത്ത് അധികാരികളെ ബോധ്യപ്പെടുത്തിയിട്ടുള്ളതും ആയത് കാടുവെട്ടിത്തെളിച്ച് നൽകാമെന്ന് അവർ ഉറപ്പുനൽകിയിരുന്നതുമാണ്. ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് 30-7-2022, 13-12-2022, 16-1-2023 എന്നീ തീയതികളിൽ പഞ്ചായത്ത് സെക്രട്ടറിക്ക് കത്തുകൾ നൽകിയിട്ടുള്ളതും പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ളവരെ നേരിൽക്കണ്ട് ഇക്കാര്യം ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ ഇതുവരേയും ഈ പ്രദേശം കാടുവെട്ടിത്തെളിച്ച് ലഭ്യമായിട്ടില്ല. ഇതുസംബന്ധിച്ച കത്തിടപാടുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) മേൽ പരാമർശിച്ച സ്ഥലങ്ങളിൽ നെൽക്കൃഷി ആരംഭിക്കുന്നതിനുവേണ്ടി വെള്ളാരപ്പിള്ളി ചാൽ പുനരുദ്ധരിക്കുന്ന പ്രവൃത്തി എത്രയുംവേഗം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൂറ്റിപ്പാടം, വെള്ളാരപ്പിള്ളി പുഞ്ച എന്നിവിടങ്ങളിലെ പ്രധാന ജലസ്രോതസ്സായ ചിറ പഞ്ചായത്ത് അധികൃതർ സമ്മതിച്ചിരുന്നതുപോലെ കാടുവെട്ടിത്തെളിച്ച് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**ശൃംഗപുരം കനാൽ നവീകരണം**

232 (1022) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നഗരസഭാ വാർഡ് 18-ലെ ശൃംഗപുരം കനാലിന്റെ ഇരുകരകളും തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ?

കൊടുങ്ങല്ലൂർ നഗരസഭ വാർഡ് 18-ലെ ശൃംഗപുരം കനാലിന്റെ ഇരുകരകളും തകർന്നത് സംരക്ഷിക്കുന്നതിനായി ഡി.പി.ആർ. തയ്യാറാക്കി എൻ.ഡി.എം.എഫ്.-ൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കാനായി സമർപ്പിച്ചിരുന്നുവെങ്കിലും എൻ.ഡി.എം.എഫ്.-ന്റെ ഗൈഡ്ലൈൻസ് പ്രകാരം NDMF-ൽ ഉൾപ്പെടുത്തി അനുമതി നൽകാൻ സാധിക്കില്ല.

ആയതിനാൽ മറ്റേതെങ്കിലും ഉചിതമായ ശീർഷകത്തിലുൾപ്പെടുത്തി ഡി.പി.ആർ. സമർപ്പിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കണ്ണമ്മൂല-ആക്കുളം ആമയിഴഞ്ചാൻ തോട് നവീകരണം**

233 (1023) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആമയിഴഞ്ചാൻ തോടിന്റെ കണ്ണമ്മൂല പാലം മുതൽ ആക്കുളം വരെയുള്ള നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

ആമയിഴഞ്ചാൻ തോടിന്റെ കണ്ണമ്മൂല മുതൽ ആക്കുളം വരെയുള്ള നവീകരണ പ്രവർത്തനങ്ങൾക്കായി 27-02-2020-ലെ G.O (Rt) No. 187/2020/WRD പ്രകാരം 24,99,96,764/- (ഇരുപത്തിനാല് കോടി തൊണ്ണൂറ്റിയൊൻപത് ലക്ഷത്തി തൊണ്ണൂറ്റാറായിരത്തി എഴുന്നൂറ്റിയറുപത്തിനാല് രൂപ മാത്രം) ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഇതിലുൾപ്പെടുന്ന പ്രധാന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. +

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

ഡ്രെയിനേജ് പൈപ്പ്‌ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ഭൂമി ലഭിക്കുന്നതിനുള്ള തടസ്സം കാരണം വാട്ടർ അതോറിറ്റി പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. തോട്ടിലെ വൃത്തിഹീനമായ അവസ്ഥ കാരണം പ്രവൃത്തി ചെയ്യുന്നതിന് പണിക്കാരെ കിട്ടാതെ വരികയും കോൺട്രാക്ടർക്ക് പല തവണ പ്രവൃത്തി നിർത്തിവയ്ക്കേണ്ടി വരികയും ചെയ്തു. കൂടാതെ, പ്രവൃത്തിയുടെ ഭാഗമായി ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കേണ്ടിവന്നതും പ്രവൃത്തിയുടെ പുരോഗതിയെ ബാധിച്ചു.

(സി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന് അനുവദിച്ച കാലാവധിയുടെ വിശദവിവരം അറിയിക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ സ്ഥലം 8 മാസക്കാലാവധിയോടുകൂടിയാണ് കോൺട്രാക്ടർക്ക് കൈമാറിയത്. ടി കാലാവധി 18-04-2022-ൽ അവസാനിച്ചിരുന്നു. എന്നാൽ ഈ കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 15-12-2022 വരെ കാലാവധി നീട്ടിനൽകിയിരുന്നു. നിലവിൽ ടി കാലാവധി 17-04-2023 വരെ നീട്ടുന്നതിനുള്ള കോൺട്രാക്ടറുടെ അപേക്ഷ 31-01-2023-ന് എഗ്രിമെന്റ്

അതോറിറ്റിക്ക് ലഭ്യമായിട്ടുണ്ട്. ആയതിന്മേലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുവാൻ കഴിയാത്ത കരാറുകാരനെ ഒഴിവാക്കി സമയബന്ധിതമായി ആയത് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ആമയിഴഞ്ചാൻ തോടിന്റെ പ്രവൃത്തിയിലുൾപ്പെടുത്തിയിട്ടുള്ള വാട്ടർ അതോറിറ്റിയുടെ സ്വീവേജ് ലൈൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം പൂർണ്ണമായും കരാറുകാരന് കൈമാറാൻ സാധിച്ചിട്ടില്ല. സ്ഥലം കൈയേറ്റം ഒഴിപ്പിച്ചും ഏറ്റെടുക്കാനുള്ള വസ്തു ഏറ്റെടുത്തും കരാറുകാരന് കൈമാറുന്ന മുറയ്ക്ക് സമയബന്ധിതമായി കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചില്ലായെന്നുണ്ടെങ്കിൽ കരാറുകാരനെ ഒഴിവാക്കുന്നത് പരിഗണിക്കാവുന്നതാണ്.

**തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കുണ്ടൂർ തോട് നവീകരണം**

234 (1024) <u>ശ്രീ. കെ. പി. എ. മജീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ തിരൂരങ്ങാടി നഗരസഭ, നന്നമ്പ്ര ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലൂടെയുള്ള കുണ്ടൂർ തോടിന്റെ

നവീകരണത്തിന് സംസ്ഥാന ബഡ്ജറ്റിൽ കിഫ്ബി മുഖേന പതിനഞ്ച് കോടി രൂപ വകയിരുത്തിയ പ്രവൃത്തിയുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ.-ലെ അപാകത പരിഹരിച്ച് കിഫ്ബിക്ക് ലഭ്യമാക്കിയിട്ടുണ്ടോ; ആയതിന് കിഫ്ബി ധനാനുമതി ലഭ്യമാക്കിയോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ എന്തെല്ലാം നടപടികൾ നാളിതുവരെ പൂർത്തീകരിച്ചെന്നും എന്തെല്ലാം നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കാമോ?

(എ-ഡി) 06-01-2021-ലെ സ.ഉ(സാധാ)16/2021/ജ.വി.വ. പ്രകാരം പ്രസ്തുത പ്രവൃത്തി കിഫ്ബി ധനസഹായത്തോടെ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ലിമിറ്റഡ് (KIIDC) മുഖേന നടപ്പാക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി. ഇതിന്റെയടിസ്ഥാനത്തിൽ പ്രൈസ് സോഫ്റ്റ്വെയർ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഡിസൈനും ഡ്രോയിംഗുകളും തയ്യാറാക്കി ഡി.പി.ആർ.

KIIDC-ൽനിന്നും കിഫ്ബിക്ക് സമർപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത ഡി.പി.ആർ.-ന്റെ സൂക്ഷ്മ പരിശോധന സി.എം.ഡി. മുഖേന നടന്നുവരുന്നു. തുടർന്ന് കിഫ്ബിയിൽനിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കണ്ണൂർ നിയോജകമണ്ഡലത്തിലെ ജലപാത**

235 (1025) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ നിയോജകമണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന സംസ്ഥാന ജലപാതയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

കോവളം മുതൽ ബേക്കൽ വരെ കായലുകളെയും പുഴകളെയും ബന്ധിപ്പിച്ചുകൊണ്ട് വിഭാവനം ചെയ്തിട്ടുള്ള വെസ്റ്റ് കോസ്റ്റ് കനാൽ ജലപാതയുടെ ഭാഗമായി വരുന്ന മാഹി-വളപട്ടണം റീച്ചിൽ അഞ്ചരക്കണ്ടി പുഴയെയും വളപട്ടണം പുഴയെയും ബന്ധിപ്പിക്കുന്നതിനായുള്ള കൃത്രിമ കനാൽ കടന്നുപോകുന്നത് കണ്ണൂർ നിയോജകമണ്ഡലത്തിൽ കൂടിയാണ്. ഈ ഭാഗത്ത് കനാലിന്റെ പെഗ്ഗ് മാർക്കിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന്റെ ഭാഗമായി സാമൂഹികാഘാത പഠനം നടന്നുവരുന്നു.

(ബി) പ്രസ്തുത ജലപാത എപ്പോൾ നിർമ്മാണമാരംഭിക്കും; വിശദമാക്കുമോ?

മാഹി-വളപട്ടണം റീച്ചിന്റെ നിർമ്മാണ പ്രവൃത്തികൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള വാട്ടർവേയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL)-ന്റെ മേൽനോട്ടത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടന്നുവരുന്നു. ടി റീച്ചിന്റെ ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ഇതിന്റെ ഡി.പി.ആർ. നാറ്റ്പാക് തയ്യാറാക്കിവരുന്നു.

**വെള്ളരിത്തോട് നവീകരണം**

236 (1026) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വെള്ളരിത്തോട് നവീകരിക്കുന്നതിന് ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

2022-23 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം-2 വാല്യം 2-ൽ ക്രമനമ്പർ 1420 ആയി ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിലുൾപ്പെടുത്തി കോഴിക്കോട് ജില്ലയിലെ വെള്ളരിത്തോട്

നവീകരണ പ്രവൃത്തിക്ക് എസ്റ്റിമേറ്റ് തുകയുടെ ഇരുപത് ശതമാനമായ 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു.

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) പ്രസ്തുത പ്രവൃത്തിക്ക് 19-01-2023-ലെ G.O.(Rt) No.67/2023/WRD പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## സ്ലഡ്ജ് ലഗൂണിന് ചുറ്റും പൂന്തോട്ടവും നടപ്പാതയും ഒരുക്കി പാർക്ക് നിർമ്മിക്കുന്നതിനുള്ള നടപടി

237 (1027) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിലെ മീനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായ തൊളിക്കോട് സ്ലഡ്ജ് ലഗൂണിന് ചുറ്റും ജലവിഭവ വകുപ്പിന് സ്വന്തമായുള്ള ആറേക്കർ ഭൂമി ഉപയോഗശൂന്യമായി കാടുപിടിച്ച് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇവിടെ ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമിയിലെ സ്ലഡ്ജ് ലഗൂണിന് ചുറ്റും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ നിലയിൽ പൂന്തോട്ടവും നടപ്പാതയും ഒരുക്കി മനോഹരമായ പാർക്ക് നിർമ്മിക്കുന്നതിന് കൊല്ലം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും തയ്യാറാക്കി നൽകിയിട്ടുള്ള ഒരു കോടി ഇരുപത്തിയഞ്ചുലക്ഷത്തി ഇരുപത്തയ്യായിരം രൂപയുടെ പദ്ധതി സാധ്യത പരിശോധിക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തി അനുവദിക്കുമോ; വിശദമാക്കുമോ?

(ബി&സി) 31-12-2022-ൽ നടന്ന ഡി.ഡി.സി. മീറ്റിംഗിൽ തൊളിക്കോട് മീനാട് കുടിവെള്ള പദ്ധതിയുടെ ഭാഗമായ തൊളിക്കോട് സ്ലഡ്ജ് ലഗൂണിന് ചുറ്റും പൂന്തോട്ടവും നടപ്പാതയും ഒരുക്കുന്നതിന് വാട്ടർ അതോറിറ്റി മുൻകയ്യെടുക്കണമെന്ന് പുനലൂർ എം.എൽ.എ. നിർദ്ദേശിച്ചിരുന്നു. മീനാടിനും സമീപ ഗ്രാമങ്ങൾക്കുംവേണ്ടിയുള്ള JICA assisted Water Supply Project-മായി ബന്ധപ്പെട്ട് ലഗൂണിനായി ഏറ്റെടുത്ത ഭൂമി വികസിപ്പിക്കുന്നതിനുവേണ്ടിയാണ് നിർദ്ദേശം. പുനലൂർ മുനിസിപ്പാലിറ്റിയിലെ 27-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ടി ലഗൂൺ

ഉൾപ്പെടുന്ന പ്രദേശത്തിന്റെ ആകെ വിസ്തീർണ്ണം ഏകദേശം 6 ഏക്കറാണ്. ഇഴജന്തുക്കളുടെ ശല്യമുള്ള ടി പ്രദേശം ഇടതൂർന്ന സസ്യങ്ങളും ചതുപ്പ് നിലങ്ങളും കാടും നിറഞ്ഞ് സമീപവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി മുനിസിപ്പാലിറ്റിയിൽ നിരന്തരമായി പരാതി ഉന്നയിക്കുന്നുണ്ട്. ഒരു ചെറിയ കുളവും പെരിഫെറൽ ഏരിയയുമുള്ള ലഗൂൺ പ്രദേശം നടപ്പാതയായും കുട്ടികളുടെ പാർക്കായും വികസിപ്പിച്ച് വിനോദത്തിനായി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാവുന്നതാണ്. ടി പ്രവൃത്തി ഈ വർഷത്തെ സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി 1,25,25,000/- രൂപയുടെ Rough cost estimate തയ്യാറാക്കിയിട്ടുണ്ട്. തകർന്നുകിടക്കുന്ന കോമ്പൗണ്ട് ഭിത്തിയുടെ നിർമ്മാണം, പ്രദേശത്തെ മണ്ണ് നിരപ്പാക്കൽ, ലഗൂൺ ഭാഗത്തെ വേലി സ്ഥാപിക്കൽ, ലാൻഡ് സ്കേപ്പിംഗ്, പൂന്തോട്ട പരിപാലനം, ബാഡ്മിന്റൺ ടർഫ് വികസിപ്പിക്കൽ, ഓഫീസ് റൂം, സ്റ്റോർ റൂം, ശുചിമുറി സൗകര്യങ്ങൾ, സോളാർ പാനലുകൾ സ്ഥാപിക്കൽ എന്നിവ ഈ പദ്ധതിയിലുൾപ്പെടുന്നു. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കിയാൽ കേരള വാട്ടർ അതോറിറ്റിയുടെ ഈ ഭൂമി ഒരു പാർക്കായി ഡെവലപ് ചെയ്ത് പൊതുജനങ്ങൾക്കായി തുറന്നുനൽകാനും പ്രവേശനത്തിന് നാമമാത്രമായ ഫീസ് ഈടാക്കാനും അതിൽനിന്ന് കെ.ഡബ്ല്യു.എ.-യ്ക്ക് Non water Revenue

(ജലേതര വരുമാനം) കണ്ടെത്താനും കഴിയുന്നതാണ്. പ്രസ്തുത പ്രവൃത്തി 2023-24 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാനിലുൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ബേബി ഡാം ബലപ്പെടുത്തുന്നതിന് മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ നിർദ്ദേശം

238 (1028) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിലെ ബേബി ഡാം ബലപ്പെടുത്തുന്നതിന് 15 മരങ്ങൾ മുറിച്ചുമാറ്റണമെന്ന മുല്ലപ്പെരിയാർ മേൽനോട്ട സമിതിയുടെ 06-06-2022, 18-08-2022 തീയതികളിലെ നിർദ്ദേശം സംബന്ധിച്ച് കേരള-തമിഴ്നാട് ചീഫ് സെക്രട്ടറിതല യോഗത്തിൽ ചർച്ച ചെയ്തിട്ടുണ്ടോ; എങ്കിൽ കൈക്കൊണ്ട തീരുമാനം എന്താണ്; പ്രസ്തുത യോഗത്തിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കുമോ?

മുല്ലപ്പെരിയാർ ബേബി ഡാം ബലപ്പെടുത്തുന്ന പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് അണക്കെട്ടിന് താഴെയുള്ള പ്രദേശത്ത് നിൽക്കുന്ന 15 മരങ്ങൾ നീക്കംചെയ്യാനുള്ള അനുമതി ലഭ്യമാക്കണമെന്ന

തമിഴ്നാടിന്റെ ആവശ്യമുൾപ്പെടെ മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട് ഏറെക്കാലമായുള്ള വിഷയങ്ങളിൽ തീരുമാനം കൈക്കൊള്ളുന്നതിനായി കേരള-തമിഴ്നാട് ചീഫ് സെക്രട്ടറിമാരുടെ തലത്തിൽ ചർച്ച നടത്തി സമവായത്തിലെത്തണമെന്നാണ് 06-06-2022, 18-08-2022 എന്നീ തീയതികളിൽ ചേർന്ന മേൽനോട്ട സമിതിയുടെ യോഗങ്ങളിൽ ചെയർമാൻ നിർദ്ദേശിച്ചത്. അതിൻപ്രകാരം 12-12-2022-ൽ ചെന്നൈയിൽ നടന്ന കേരള-തമിഴ്നാട് ചീഫ് സെക്രട്ടറിമാരുടെ യോഗത്തിൽ ബേബി ഡാമിന്റെ താഴെയുള്ള പ്രദേശത്തെ 15 മരങ്ങൾ മുറിച്ചുനീക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്ന വിഷയം തമിഴ്നാട് ഉന്നയിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ ഒരു അന്തിമ തീരുമാനമായിട്ടില്ല. യോഗത്തിന്റെ മിനിട്ട്സ് ലഭ്യമായിട്ടില്ല.

(ബി) മുല്ലപ്പെരിയാർ ബേബി ഡാമിൽ 15 മരങ്ങൾ മുറിച്ചുമാറ്റുന്നത് സംബന്ധിച്ച 05-11-2021-ലെ സർക്കാർ ഉത്തരവിന്റെയും പ്രസ്തുത ഉത്തരവ് റദ്ദാക്കിക്കൊണ്ട് 11-11-2021-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെയും പകർപ്പ് ലഭ്യമാക്കുമോ?

05-11-2021-ലെ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ പ്രൊസീഡിംഗ്സ് - ഓർഡർ നം. KFDHQ/3859/2021-

CWW-WL4-ന്റെയും 11-11-2021-ലെ G.O(Ms) No.23/2021/ F&WLD-ന്റെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**തെന്മല ഡാമിന്റെ സംഭരണശേഷി ഉയർത്തുന്നതിന് നടപടി**

239 (1029) ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട തെന്മല ഡാം സ്ഥാപിതമായ നാൾ മുതൽ ഉണ്ടായിട്ടുള്ള എക്കലും ചെളിയും പ്രളയവും ഉരുൾപ്പൊട്ടലുംമൂലമുള്ള അവശിഷ്ടങ്ങളും അടിഞ്ഞ് ആയതിന്റെ സംഭരണശേഷി 20 ശതമാനത്തോളം കുറഞ്ഞിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

KERI പീച്ചിയുടെ പഠനം പ്രകാരം മൊത്തം സംഭരണശേഷിയുടെ (504.92mm3) 5% മാത്രമേ സിൽറ്റ് അടിഞ്ഞുകൂടിയിട്ടുള്ളൂ.

(ബി) പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഗവേഷക സംഘം തെന്മല ഡാമിൽ നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സ) മൂന്ന് ജില്ലകളിലേയ്ക്ക് കുടിവെള്ളത്തിന്റെ പ്രധാന സ്രോതസ്സായ ഇവിടെ സംഭരണശേഷി ഉയർത്തുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ജലസേചന പദ്ധതിയായതിനാൽ സംഭരണശേഷി വർദ്ധിപ്പിക്കാൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**തരൂർ നിയോജകമണ്ഡലത്തിലെ അയ്യപ്പൻകുടം ഡാം**

240 (1030) <u>ശ്രീ. പി. പി. സുമോദ്</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ നിയോജകമണ്ഡലത്തിലെ അയ്യപ്പൻകുടം ഡാമിന്റെ അറ്റകുറ്റപ്പണികൾക്കായി വകുപ്പിന്റെ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തുന്നത് പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

തരൂർ നിയോജകമണ്ഡലത്തിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന അയ്യപ്പൻകുടം ഡാമിൽ ചോർച്ചമൂലം ജലസംഭരണം നടത്താൻ കഴിയുന്നില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം എം.എൽ.എ.-യുമായി നടത്തിയ സംയുക്ത സ്ഥലപരിശോധനയുടെ അടിസ്ഥാനത്തിൽ വലിയ തോതിലുള്ള ജലചോർച്ച തടയുന്നതിനുവേണ്ടി അടിയന്തരമായി എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ

എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ, സെൻട്രൽ സർക്കിൾ, എറണാകുളത്തിന്റെ കാര്യാലയത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തി പ്രാവർത്തികമാക്കാവുന്നതാണ്.

## ചെല്ലൻകാവ് മിനി ഡാം നിർമ്മാണം

241 (1031) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ നാല് കോടി രൂപ അനുവദിച്ച മലമ്പുഴ നിയോജകമണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനി ഡാം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് മൈനർ ഇറിഗേഷൻ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(എ&ബി) മലമ്പുഴ നിയോജകമണ്ഡലത്തിലെ പുതുശ്ശേരി പഞ്ചായത്തിലെ ചെല്ലൻകാവ് മിനിഡാം നിർമ്മാണത്തിനായി സ്ഥലപരിശോധന നടത്തി പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതിക്കായി പദ്ധതിരേഖ സമർപ്പിക്കുമ്പോൾ സ്ഥലലഭ്യതയെക്കുറിച്ച്

സാക്ഷ്യപത്രം നൽകേണ്ടതായിട്ടുണ്ട്. എന്നാൽ വില്ലേജ് രേഖകൾ പ്രകാരം ചെല്ലൻകാവ് ഏരിയയുടെ ഉടമസ്ഥാവകാശം സ്വകാര്യവ്യക്തിയുടെ പേരിലാണെന്ന് പുതുശ്ശേരി വില്ലേജിൽനിന്ന് അറിയാൻ കഴിഞ്ഞു. ഈ വിവരം ഭൂരേഖ തഹസിൽദാറിനെ അറിയിക്കുകയും ചെല്ലൻകാവ് ഏരിയയുടെ സർവ്വേ നടപടികൾ പൂർത്തിയാക്കി വില്ലേജ് റിക്കാർഡുകളിൽ ഉടമസ്ഥാവകാശത്തിൽ മാറ്റംവരുത്തി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് തഹസിൽദാർ (ഭൂരേഖ) പാലക്കാടിന് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും കത്ത് നൽകുകയും ചെയ്തു. ഇതിന് മറുപടിയായി പുതുശ്ശേരി സെൻട്രൽ വില്ലേജിൽ ചെല്ലൻകാവ് ഏരിയയ്ക്കായി ജലസേചന വകുപ്പിനുവേണ്ടി സ്ഥലം ഏറ്റെടുക്കലിനുശേഷം വില്ലേജ് റിക്കോർഡുകളിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ലെന്ന് തഹസിൽദാർ (ഭൂരേഖ) പാലക്കാട് അറിയിച്ചിട്ടുണ്ട്. വില്ലേജ് റിക്കോർഡുകളിൽ മാറ്റം വരുത്തുന്ന നടപടികൾ നിർവ്വഹിക്കുന്നതിന് താലൂക്ക് സർവ്വേയർ, പുതുശ്ശേരി സെൻട്രലിനെ ചുമതലപ്പെടുത്തിയെന്ന വിവരം പാലക്കാട് മൈനർ ഇറിഗേഷൻ സെക്ഷൻ കാര്യാലയത്തെ അറിയിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിൽനിന്നും ടി ഏരിയയുടെ അതിർത്തി നിർണ്ണയിച്ച് വില്ലേജ് റിക്കോർഡുകളിൽ മാറ്റംവരുത്തി നൽകുന്ന

മുറയ്ക്ക് തയ്യാറാക്കിയ പദ്ധതി രേഖ ഭരണാനുമതിക്കായി സമർപ്പിക്കാവുന്നതാണ്.

(സി) പ്രസ്തുത പദ്ധതിയുടെ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി മൈനർ ഇറിഗേഷൻ വകുപ്പ്, റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകിയ കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി പാലക്കാട് മൈനർ ഇറിഗേഷൻ സെക്ഷൻ കാര്യാലയത്തിൽനിന്നും റവന്യൂ വകുപ്പിന് 16-08-2021, 29-09-2021, 15-02-2022, 21-07-2022, 10-08-2022, 01-12-2022 എന്നീ തീയതികളിൽ നൽകിയ കത്തുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

## കളത്തിങ്ങൽപാറ മൂഴിക്കൽതോടിന് കുറുകെ വി.സി.ബി. നിർമ്മിക്കാൻ നടപടി

242 (1032) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ കളത്തിങ്ങൽപാറ മൂഴിക്കൽ തോടിന് കുറുകെ വി.സി.ബി. (വാക്വം സർക്യൂട്ട് ബ്രേക്കർ) നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പ് പ്രൈസ് മുഖേന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തയ്യാറാക്കിയ എസ്റ്റിമേറ്റിന് അനുമതി നൽകിയിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മൈനർ ഇറിഗേഷന്റെ ക്ലാസ്സ്-1 പദ്ധതിയിൽ മലപ്പുറം ജില്ലയിൽ പ്രാഥമിക പരിഗണനയ്ക്ക് അർഹമായ പ്രസ്തുത പ്രവൃത്തിക്ക് സമയബന്ധിതമായി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകാമോ; വ്യക്തമാക്കുമോ;

(സി) സാമ്പത്തിക വർഷം അവസാനിക്കാൻ മാസങ്ങൾമാത്രം ശേഷിക്കുന്ന സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച പ്രവൃത്തിക്ക് ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും നൽകി ടെണ്ടർ നടപടികളിലേയ്ക്ക് അടിയന്തരമായി കടക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) മൂന്നിയൂർ ഗ്രാമപഞ്ചായത്തിലെ കളത്തിങ്ങൽ പാറ മൂഴിക്കൽ തോടിനുകുറുകെ വി.സി.ബി. നിർമ്മിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ഭരണാനുമതിക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിരുന്നെങ്കിലും ചില

തിരുത്തലുകൾക്കായി ടി എസ്റ്റിമേറ്റ് തിരികെ നൽകുകയുണ്ടായി. ന്യൂനതകൾ പരിഹരിച്ച് ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് സമയബന്ധിതമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**കാപ്പാട് - കൊയിലാണ്ടി തീരദേശറോഡ്**

243(1033) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പാട്-കൊയിലാണ്ടി തീരദേശ റോഡിലെ ഏതെങ്കിലും ഭാഗം ജലസേചന വകുപ്പിന്റെ കീഴിൽ വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എവിടെയാണെന്ന് കൃത്യമായി വ്യക്തമാക്കുമോ?

(എ&ബി) കാപ്പാട്-കൊയിലാണ്ടി തീരദേശ റോഡിലെ ഒരു ഭാഗവും ജലസേചന വകുപ്പിന്റെ കീഴിൽ വരുന്നതല്ല.

**നാദാപുരം നിയോജകമണ്ഡലത്തിലെ പുഴയുടെ സംരക്ഷണഭിത്തി നിർമ്മാണം**

244 (1034) ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ പുളിക്കൂൽ കക്കംവെള്ളി പുഴയുടെ സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കുവാൻ (സി.ഇ.

(ഐ&എ)6365/വി.ഐ.പി.-എം. (ഡബ്ല്യു.ആർ.)2021) നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) പുളിക്കൽ കക്കംവെള്ളി തോടിന് ഏകദേശം 5 കി.മീറ്റർ നീളമുണ്ട്. ഇതിൽ 52 മീറ്റർ ഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായി 8 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി (PRICE ID2019/7782/IA) പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറുകാനെ ഏൽപ്പിച്ചിട്ടുമുണ്ട്. തോടിന്റെ ശേഷിക്കുന്ന ഭാഗങ്ങൾ പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**അരുവിക്കര ഡാമിന്റെ റിസർവോയറിന് ചുറ്റും സംരക്ഷണ വേലി നിർമ്മിക്കുന്ന പദ്ധതി**

245 (1035) ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര ഡാമിന്റെ റിസർവോയറിന് ചുറ്റും സംരക്ഷണ വേലി നിർമ്മിക്കുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിവരം അറിയിക്കാമോ?

അരുവിക്കര ഡാമിന്റെ റിസർവോയറിന് ചുറ്റും സംരക്ഷണ വേലി നിർമ്മിക്കുന്നതിനായി ഒന്നാംഘട്ടം 1000 മീറ്റർ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയും രണ്ടാംഘട്ടം 1650 മീറ്റർ ബ്ലോക്ക് പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് ഫണ്ടുപയോഗിച്ചും പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാംഘട്ടം 900 മീറ്റർ സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. ടി മൂന്ന് ഘട്ടങ്ങളിലായി ആകെ 3550 മീറ്റർ സംരക്ഷണ വേലിയാണ് നിർമ്മിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെയും അനുബന്ധ രേഖകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ ഭരണാനുമതികൾ അനുബന്ധമായി ചേർക്കുന്നു.+

## കുറ്റ്യാടിപ്പുഴയുടെ തീരസംരക്ഷണം

246 (1036) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ തുറയൂർ, ചെറുവണ്ണൂർ, ചങ്ങരോത്ത്, ചക്കിപ്പാറ പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന കുറ്റ്യാടി പുഴയുടെ തീരം ഇടിഞ്ഞുതകരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പുഴയുടെ തീരം സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; നിലവിൽ തീരം കെട്ടിസംരക്ഷിച്ചത് ഏതെല്ലാം ഭാഗത്താണെന്നും ഇനി എത്ര ഭാഗം കെട്ടിസംരക്ഷിക്കേണ്ടതുണ്ടെന്നും വിശദമാക്കാമോ;

(സി) ശേഷിക്കുന്ന ഭാഗം കെട്ടിസംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) 2020-21 വർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തി 22-01-2021-ലെ G.O (Rt.) No.45/2021/WRD പ്രകാരം കുറ്റ്യാടി പുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തികൾക്കായി 10 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പേരാമ്പ്ര നിയോജകമണ്ഡലത്തിലുൾപ്പെടുന്ന ചെറുവണ്ണൂർ, ചങ്ങരോത്ത് എന്നീ പഞ്ചായത്തുകളിലായി 2760m നീളത്തിൽ തീരസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തുറയൂർ പഞ്ചായത്തിൽവരുന്ന കുറ്റ്യാടി പുഴയുടെ ഇടതുകര 280m നീളത്തിൽ കെട്ടി സംരക്ഷിച്ചിട്ടുണ്ട്.

## പെരിയാറിന്റെ കുട്ടമശ്ശേരി മനഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി

247 (1037) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ, കീഴ്മാട് ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിൽ പെരിയാറിന്റെ കുട്ടമശ്ശേരി മനഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി നൽകിയ അപേക്ഷയിന്മേൽ (6989/വി.ഐ.പി./എം(ഡബ്ല്യു.ആർ.)/2022) ജലവിഭവ വകുപ്പ് സെക്രട്ടറി (ഇ-6014102) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ആലുവ കീഴ്മാട് ഗ്രാമപഞ്ചായത്തിലെ 5-ാം വാർഡിൽ പെരിയാറിന്റെ കുട്ടമശ്ശേരി മനഭാഗത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി നൽകിയ അപേക്ഷ ഐ.ആർ2/50/2023/ജ.വി.വ. നമ്പർ ഫയലിൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)-ക്ക് നടപടികൾക്കും റിപ്പോർട്ടിനുമായി അയച്ചിട്ടുണ്ട്. സർക്കാർ കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് അനുവദിച്ച് പ്രവൃത്തി എത്രയുംവേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി&സി) ഈ വിഷയവുമായി ബന്ധപ്പെട്ട് "Urgent side protection works to the left bank of Periyar river near Kuttamassery in Ward No.5 of Keezhmad Panchayath" എന്ന പ്രവൃത്തിക്കായി 21 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയുമനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

**കാപ്പിലങ്ങാട് റോഡിന് സമീപം പെരിയാർ നദീതീരത്ത് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി**

248 (1038) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ, ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ കാപ്പിലങ്ങാട് റോഡിന് സമീപം പെരിയാർ നദീതീരത്തുള്ള കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന് സംക്ഷണഭിത്തി നിർമ്മിക്കണമെന്ന അപേക്ഷയിന്മേൽ (5354/വി.ഐ.പി./എം.(ഡബ്ല്യൂ.ആർ.)/2022) (ഫയൽ നമ്പർ സി.ഇ.ഐ.എ./647/2022/ഡബ്ല്യൂ.4) ചീഫ് എഞ്ചിനീയർ (ഐ&എ) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത വിഷയത്തിൽ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്കായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് അനുവദിച്ച് പ്രവൃത്തി എത്രയും വേഗം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ-സി) ആലുവ ചെങ്ങമനാട് ഗ്രാമപഞ്ചായത്തിലെ കാപ്പിലങ്ങാട് റോഡിന് സമീപം പെരിയാർ തീരത്തുള്ള കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിന് സംരക്ഷണഭിത്തി നിർമ്മിക്കണമെന്ന ശ്രീമതി സാവിത്രി ജെ.-യുടെ അപേക്ഷ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും തൃശ്ശൂർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് അടിയന്തരമായി നടപടി സ്വീകരിക്കുന്നതിനും റിപ്പോർട്ടിനുമായി നൽകുകയുണ്ടായി. പ്രസ്തുത പരാതിയിന്മേൽ "Urgent side protection works to the right bank of Periyar river near Kappilangatt road in ward no. 15 of Chengamanad Panchayath" എന്ന പ്രവൃത്തിക്കായി 13.70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 07-07-2022-ൽ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷ നമ്പറിൽ ഉള്ളടക്കം ചെയ്തിരുന്ന ശ്രീമതി ദിവ്യ ജയകുമാറിന്റെയും ശ്രീ. ടി. കെ. സുബ്രഹ്മണ്യത്തിന്റെയും പരാതിയിന്മേൽ "Urgent side protection

works to the right bank of Periyar river near East Desom, Thalappilly Road in Ward No. 15 of Chengamanad Panchayath" എന്ന പ്രവൃത്തിക്കായി 28.80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയുമനുസരിച്ച് പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. പ്രസ്തുത വിഷയങ്ങളിൽ നടത്തിയ കത്തിടപാടുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

**തീരസംരക്ഷണത്തിനായുള്ള പദ്ധതികൾ**

249 (1039) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണംമൂലം തീരം കടലെടുക്കുന്നത് തടയുന്നതിനും തീരസംരക്ഷണത്തിനും നിലവിൽ ഉപയോഗിക്കുന്ന സംവിധാനങ്ങളും സാങ്കേതികവിദ്യയും എന്തൊക്കെയാണ്?

കടൽത്തീരത്ത് സംരക്ഷണഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ സാധാരണയായി CWPRS പൂനെ, ഐ.ഐ.റ്റി. ചെന്നൈ മുതലായ സ്ഥാപനങ്ങളിൽനിന്നും ഡിസൈൻ ലഭ്യമാക്കി അനുയോജ്യമായ സ്ഥലങ്ങളിൽ കരിങ്കല്ലുപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനുകളുമാണ് നിർമ്മിച്ചുവരുന്നത്. ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥലങ്ങളിൽ ജിയോബാഗുകളിൽ മണൽ നിറച്ചും അടിയന്തരമായി കടൽത്തീരത്തെ സംരക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളുംമൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കാൻ സുസ്ഥിരമായ നൂതന പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കുന്നതിന്റെ ഭാഗമായി കടലാക്രമണം രൂക്ഷമായ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സംയോജിത കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം ജലസേചന വകുപ്പിന്റെ എസ്.പി.വി.-യായ കെ.ഐ.ഐ.ഡി.സി. മുഖേന നടപ്പിലാക്കിവരുന്നു. തീരപ്രദേശത്തിന്റെ ഘടനയനുസരിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കൽ, തീരപോഷണം (beach nourishment) പോലുള്ള പ്രകൃതി സൗഹാർദ്ദ തീരസംരക്ഷണ മാർഗ്ഗങ്ങളും മറ്റ് അനുയോജ്യമായ നിർമ്മിതികളും അവലംബിക്കുന്നതിനുള്ള സാധ്യത എന്നിവ പരിശോധിച്ചുവരുന്നു.

(ബി) നിലവിലുള്ള രീതിയിലെ തീരസംരക്ഷണ പദ്ധതികൾ നടപ്പാക്കുന്നതുമൂലം പല ബീച്ചുകളുടെയും സൗന്ദര്യം നഷ്ടമാകുന്നതായും ബീച്ചിലേയ്ക്കുള്ള പ്രവേശനം അസാധ്യമാകുന്നതായും

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി വിദേശ മാതൃകയിലുള്ള നൂതന സാങ്കേതികവിദ്യയിലധിഷ്ഠിതമായ പദ്ധതികൾ പരീക്ഷിക്കുന്നതിനും അവ വിജയിച്ചാൽ സംസ്ഥാനത്തൊട്ടാകെ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കടപ്പുറം ഗ്രാമപഞ്ചായത്തിലെ വെളിച്ചെണ്ണപ്പടി, മുനക്കക്കടവ് പ്രദേശങ്ങളിലെ തീരശോഷണം

250 (1040) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കടപ്പുറം ഗ്രാമപഞ്ചായത്തിലെ വെളിച്ചെണ്ണപ്പടി, മുനക്കക്കടവ് പ്രദേശങ്ങളിൽ വലിയ രീതിയിൽ തീരശോഷണം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത പ്രദേശങ്ങളിൽ കടലാക്രമണ ഭീഷണി നേരിടുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കടപ്പുറം ഗ്രാമപഞ്ചായത്തിലെ വെളിച്ചെണ്ണപ്പടി, മുനക്കക്കടവ് പ്രദേശങ്ങളിൽ ജിയോ ബാഗ് ഉപയോഗിച്ച്

താൽക്കാലിക കടൽഭിത്തി നിർമ്മിച്ചിട്ടുണ്ട്. അഞ്ചങ്ങാടി മുതൽ മുനക്കക്കടവ് വരെ കടൽഭിത്തി നിർമ്മിക്കുന്നതിന് 12 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കേരളത്തിൽ ശക്തമായ കടലാക്രമണം നേരിടുന്ന തീരങ്ങളെ സംരക്ഷിക്കുന്നതിനുള്ള നടപടി**

251 (1041) ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ശക്തമായ കടലാക്രമണം നേരിടുന്ന തീരങ്ങളെ ഹോട്ട് സ്പോട്ടുകളായി തിരിച്ച് സംരക്ഷണമൊരുക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; ഇതിന് മുൻഗണന നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാപ്പാട് തീരം മുൻഗണനാ പട്ടികയിൽ എത്രാമത്തേതാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) മുൻകാലങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ തീരപ്രദേശം കടലാക്രമണത്തിന് വിധേയമാകുന്നുണ്ട് എന്നതിനുപുറമേ അതിന്റെ രൂക്ഷതയും വർദ്ധിക്കുന്നതായി കാണുന്നു. കേരളത്തിന്റെ തീരപ്രദേശത്ത് ആവർത്തിച്ചുണ്ടാകുന്ന കടലാക്രമണത്തെക്കുറിച്ച് പഠനം നടത്തുന്നതിന്

CWPRS പൂനെ, NCCR ചെന്നൈ, ഐ.ഐ.റ്റി. ചെന്നൈ പോലുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് വിശദമായ പഠനം നടന്നുവരുന്നു.

2021-2022 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 വർഷംകൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുന്ന 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയുണ്ടായി. ഇന്നത്തെ പരിസ്ഥിതിക്കനുയോജ്യമായ കടലാക്രമണ പ്രതിരോധ നിർമ്മിതികൾ ഡിസൈൻ ചെയ്യുന്നതിനുവേണ്ടി വിശദമായ പഠനം നടത്താൻ ചെന്നൈ കേന്ദ്രമായുള്ള National Center for Coastal Research (NCCR) എന്ന വിദഗ്ദ്ധ സ്ഥാപനവുമായി 22-09-2021-ലെ സർക്കാർ ഉത്തരവ് നം. 496/2021/ജ.വി.വ. പ്രകാരം എം.ഒ.യു. ഒപ്പുവയ്ക്കുകയുമുണ്ടായി. ടി സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്താൻ കടലാക്രമണം ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിക്കുന്ന കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, ഒറ്റമശ്ശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നീ പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളായി തെരഞ്ഞെടുക്കുകയുണ്ടായി. ഇതിൽ കോഴിക്കോട് ജില്ലയിലെ കാപ്പാട് പ്രദേശത്ത് NCCR-ലെ വിദഗ്ദ്ധരുടെ സാന്നിദ്ധ്യത്തിൽ

ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരികയാണ്. പഠനത്തിനുശേഷം ടി പ്രദേശത്തെ തീരസംരക്ഷണത്തിനായി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

(സി) ഇതിനകം എത്ര തീരങ്ങളെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട പ്രവർത്തനം വിശദമാക്കാമോ?

കിഫ്ബി ധനസഹായത്തോടെ എറണാകുളം ജില്ലയിലെ ചെല്ലാനത്ത് CP 976-നും CP 1052-നും ഇടയിൽ 10 കി.മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ നവീകരണം - ഘട്ടം I, CP 986-നും CP 1026-നും ഇടയിൽ 7.35 കി.മീറ്റർ നീളത്തിൽ കടൽഭിത്തിയുടെ നവീകരണ പദ്ധതി, ചേർത്തല നിയോജകമണ്ഡലത്തിലെ ഒറ്റമശ്ശേരി, ആലപ്പുഴയിലെ കാട്ടൂർ-പൊള്ളേത്തായ്, അമ്പലപ്പുഴയിലെ കാക്കാഴം, ഹരിപ്പാട് മണ്ഡലത്തിലെ വട്ടച്ചാൽ-നെല്ലാനിക്കൽ തുടങ്ങിയ ഇടങ്ങളിൽ പുലിമുട്ടുകൾ ഉപയോഗിച്ചുള്ള തീരദേശ സംരക്ഷണ പദ്ധതി എന്നിവ കരാർ നടപ്പാക്കി പ്രവൃത്തികൾ KIIDC മുഖേന നടപ്പിലാക്കിവരുന്നു. NCCR-ന്റെ ഡിസൈൻ പ്രകാരം തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള 51 കോടി രൂപയുടെ

എസ്റ്റിമേറ്റിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി. പ്രസ്തുത പദ്ധതി കിഫ്ബിയുടെ സാമ്പത്തിക അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

ആലപ്പാട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് NCCR-ന്റെ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. മറ്റൊരു ഹോട്ട്സ്പോട്ടായ ശംഖുമുഖം പ്രദേശത്ത് NCCR പഠനം നടത്തി ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കാൻ തീരുമാനിക്കുകയും ആയതിന്റെ ഡിസൈൻ പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് പ്രദേശങ്ങളിൽ തീരപ്രദേശത്തിന്റെ ഘടനയനുസരിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുക, തീരപോഷണം (beach nourishment) പോലുള്ള പ്രകൃതി സൗഹാർദ്ദ തീരസംരക്ഷണ മാർഗ്ഗങ്ങളും മറ്റ് അനുയോജ്യമായ നിർമ്മിതികളും അവലംബിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

**കടലാക്രമണം തടയുന്നതിനായുള്ള മാർഗ്ഗങ്ങൾ**

252 (1042) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നത് മുതൽ കടലാക്രമണം തടയുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനായി ആകെ എത്ര തുകയാണ് ചെലവാക്കിയിട്ടുള്ളതെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽവന്നത് മുതൽ കടലാക്രമണം തടയുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിന് ചെലവാക്കിയ തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെച്ചേർക്കുന്നു.

| സാമ്പത്തിക വർഷം | ചെലവാക്കിയ തുക (ലക്ഷത്തിൽ) |
|---|---|
| 2021-22 | 2862.97 |
| 2022-23 | 607.68 |

(ബി) നിലവിൽ സംസ്ഥാനം സ്വീകരിച്ചുപോരുന്ന കടലാക്രമണ നിയന്ത്രണ മാർഗ്ഗങ്ങൾ ഏതൊക്കെയാണെന്നും അതിൽ ഏറ്റവും കൂടുതൽ കടലാക്രമണത്തെ അതിജീവിക്കാൻ സാധിക്കുന്നത് ഏത് നിയന്ത്രണ മാർഗ്ഗത്തിലൂടെയാണെന്നാണ് സർക്കാർ കണ്ടെത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

കടൽത്തീരത്ത് സംരക്ഷണഭിത്തിയില്ലാത്ത സ്ഥലങ്ങളിൽ സാധാരണയായി CWPRS പൂനെ, ഐ.ഐ.ടി. ചെന്നൈ മുതലായ

സ്ഥാപനങ്ങളിൽനിന്നും ഡിസൈൻ ലഭ്യമാക്കി അനുയോജ്യമായ സ്ഥലങ്ങളിൽ കരിങ്കല്ലുപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനുകളുമാണ് നിർമ്മിച്ചുവരുന്നത്. ഹ്രസ്വകാലാടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോബാഗുകളിൽ മണൽ നിറച്ചും അടിയന്തരമായി കടൽത്തീരത്തെ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളുംമൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കാൻ തീരഘടനയ്ക്ക് അനുയോജ്യമായ സുസ്ഥിര നൂതന പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതായിട്ടുണ്ട്. കടലാക്രമണം രൂക്ഷമായ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സംയോജിത കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം ജലസേചന വകുപ്പിന്റെ എസ്.പി.വി.-യായ KIIDC മുഖേന നടപ്പിലാക്കിവരുന്നു. തീരപ്രദേശത്തിന്റെ ഘടനയനുസരിച്ച് അനുയോജ്യമായ മറ്റ് സ്ഥലങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കൽ, തീരപോഷണം (beach nourishment) പോലുള്ള പ്രകൃതി സൗഹാർദ്ദ തീരസംരക്ഷണ മാർഗ്ഗങ്ങളും മറ്റ് അനുയോജ്യമായ നിർമ്മിതികളും അവലംബിക്കുന്നതിനുള്ള സാധ്യത എന്നിവ പരിശോധിച്ചുവരുന്നു.

നിലവിൽ സംസ്ഥാനത്ത് കടലാക്രമണ നിയന്ത്രണത്തിനായി വിവിധതരം സംവിധാനങ്ങൾ ഉപയോഗിച്ചുവരുന്നു. ഓരോ തീരപ്രദേശത്തെയും കടലാക്രമണ വ്യാപനത്തിനനുസരിച്ച് കടൽഭിത്തികൾ, ഗ്രോയിനുകൾ, ടെട്രാപോഡുകൾ, ജിയോബാഗുകൾ, ജിയോ ട്യൂബുകൾ എന്നിവയാണ് തീരസംരക്ഷണത്തിനായി ഉപയോഗിക്കുന്നത്. ഓരോ തീരപ്രദേശത്തിനും ആ പ്രദേശത്ത് അനുയോജ്യമായ നിർമ്മിതികളാണ് അവലംബിക്കുന്നത്. ആയതിനാൽ ഏത് കടലാക്രമണ നിയന്ത്രണ മാർഗ്ഗമാണ് മെച്ചപ്പെട്ടതെന്ന് സാമാന്യവൽക്കരിക്കാൻ സാധിക്കുകയില്ല.

(സി) സംസ്ഥാനത്ത് എത്ര ദൂരം കടൽത്തീരമാണ് നിലവിൽ കടൽഭിത്തി കെട്ടി സംരക്ഷിച്ചിട്ടുള്ളതെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടൽഭിത്തി നിർമ്മാണത്തിനായി മാത്രം ആകെ എന്ത് തുകയാണ് ചെലവാക്കിയിട്ടുള്ളതെന്നും വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

നിലവിലെ രേഖകൾ പ്രകാരം 365.464 കി.മീ. കടൽത്തീരമാണ് കടൽഭിത്തി കെട്ടി സംരക്ഷിച്ചിട്ടുള്ളത്. എന്നാൽ ഇതിൽ പല ഭാഗങ്ങളിലും കടൽഭിത്തി പൂർണ്ണമായോ ഭാഗികമായോ തകർന്ന അവസ്ഥയിലുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടൽഭിത്തി

നിർമ്മാണത്തിനായി ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ചെലവാക്കിയ തുക (ലക്ഷത്തിൽ) |
|---|---|
| 2021-22 | 2862.97 |
| 2022-23 | 607.68 |

(ഡി) കടൽഭിത്തികൾ കെട്ടുമ്പോൾ കടൽഭിത്തിയോടൊപ്പം ഒലിച്ചുപോയ റോഡുകളോ മണ്ണോകൂടി പുനഃസ്ഥാപിക്കുന്ന പ്രവൃത്തി ചെയ്യാതിരിക്കുന്നതിനാൽ തൊട്ടടുത്തുള്ള വർഷത്തെ കടലാക്രമണത്തിൽതന്നെ നിർമ്മിച്ച കടൽഭിത്തി തകർന്നുപോകുന്ന സാഹചര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത് പരിഹരിക്കുന്നതിനായി സർക്കാർ ഏതൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(ഡി&ഇ) പ്രസ്തുത സാഹചര്യം ചിലയിടങ്ങളിൽ സംഭവിക്കാറുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കാൻ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സംയോജിതമായിട്ടുള്ള പദ്ധതി പഠനങ്ങൾക്കുശേഷം ആസൂത്രണം ചെയ്യാവുന്നതാണ്.

**തീര സംരക്ഷണം**

253 (1043) ശ്രീ. പി. നന്ദകുമാര്‍:
ശ്രീ. എം. നൗഷാദ്:
ശ്രീ. എന്‍. കെ. അക്ബര്‍:
ശ്രീ. കെ. എന്‍. ഉണ്ണികൃഷ്ണന്‍: താഴെക്കാണുന്ന ചോദ്യങ്ങള്‍ക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്താല്‍ കടലാക്രമണം രൂക്ഷമായിട്ടുള്ളതിനാല്‍ തീരസംരക്ഷണത്തിനായി ആവിഷ്കരിച്ചിട്ടുള്ള ബൃഹത് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

സംരക്ഷണഭിത്തിയില്ലാത്ത സ്ഥലങ്ങളില്‍ സാധാരണയായി CWPRS പൂനെ, ഐ.ഐ.ടി. ചെന്നൈ മുതലായ സ്ഥാപനങ്ങളില്‍നിന്നും ഡിസൈന്‍ ലഭ്യമാക്കി അനുയോജ്യമായ സ്ഥലങ്ങളില്‍ കരിങ്കല്ലുപയോഗിച്ചുള്ള കടല്‍ഭിത്തിയും ഗ്രോയിനുകളുമാണ് നിര്‍മ്മിച്ചുവരുന്നത്. ഹ്രസ്വകാലാടിസ്ഥാനത്തില്‍ അനുയോജ്യമായ സ്ഥലങ്ങളില്‍ ജിയോബാഗുകളില്‍ മണല്‍ നിറച്ചും അടിയന്തരമായി കടല്‍ത്തീരത്തെ സംരക്ഷിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളുംമൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കാന്‍ കരിങ്കല്ലിന്റെ ലഭ്യതക്കുറവുകൂടി പരിഗണിച്ച്

മറ്റ് സുസ്ഥിരമായ നൂതന പരിഹാര മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതായിട്ടുണ്ട്. ആയതിനായി CWPRS (Central Water and Power Research Station) Pune, IIT Chennai, NCCR (National Centre for Coastal Research Chennai) എന്നീ വിദഗ്ദ്ധ സ്ഥാപനങ്ങളുടെ സഹായം ലഭ്യമാക്കുന്നുണ്ട്. 2021-2022 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 വർഷംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്ന 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി കിഫ്ബി ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പാക്കാൻ തീരുമാനിക്കുകയുണ്ടായി. ആയതിന്റെ ഭാഗമായി Kerala Sustainable Coastal Protection and Climate Resilience Planning Project" എന്ന ബൃഹത് പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 100 കോടി രൂപ 2022-23 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) പരിസ്ഥിതിക്കനുയോജ്യമായ കടലാക്രമണ പ്രതിരോധ നിർമ്മിതികൾ രൂപകല്പന ചെയ്യുന്നതിന് വിദഗ്ദ്ധ ഏജൻസിയെ ഏൽപ്പിച്ചിരുന്നോ;

(സി) കരിങ്കല്ലിന്റെ ലഭ്യതക്കുറവും പാരിസ്ഥിതികാഘാതവും പരിഗണിച്ച് ജിയോ ട്യൂബുൾപ്പെടെ പാരിസ്ഥിതികാഘാതമില്ലാത്തതും

ചെലവ് കുറഞ്ഞതുമായ ബദൽ മാർഗ്ഗങ്ങൾ അവലംബിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നുണ്ടോ; വിശദമാക്കുമോ?

(ബി&സി) പരിസ്ഥിതിക്കനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി National Centre for Coastal Research (NCCR) എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്താൻ ധാരണയായിട്ടുണ്ട്. ഇതിൽ കടലാക്രമണം ഏറ്റവും കൂടുതൽ രൂക്ഷമായി ബാധിക്കുന്ന കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട്, കളമശ്ശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ്, എന്നീ പ്രദേശങ്ങൾ ഹോട്ട്സ്പോട്ടുകളായി തെരഞ്ഞെടുക്കുകയുണ്ടായി. ഇതുസംബന്ധിച്ച് NCCR-മായി 3 വർഷത്തെ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പഠനം നടത്തി തീരപ്രദേശത്തിനനുയോജ്യമായ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു. ഇതിൽ കടലാക്രമണം ഏറ്റവും രൂക്ഷമായ എറണാകുളം ജില്ലയിലെ ചെല്ലാനം പ്രദേശത്ത് ടെട്രാപോഡ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സംയോജിത കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും നിർമ്മാണം ജലസേചന വകുപ്പിന്റെ എസ്.പി.വി.-യായ KIIDC മുഖേന നടപ്പിലാക്കിവരുന്നു.

NCCR-ന്റെ ഡിസൈൻ പ്രകാരം തിരുവനന്തപുരം ജില്ലയിലെ കൊല്ലംകോട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് 51 കോടി രൂപയുടെ എസ്റ്റിമേറ്റിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ ആലപ്പാട് പ്രദേശത്ത് ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിന് NCCR-ന്റെ ഡിസൈൻ പ്രകാരമുള്ള 172.50 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. മറ്റൊരു ഹോട്ട്സ്പോട്ടായ ശംഖുമുഖം പ്രദേശത്ത് NCCR പഠനം നടത്തി ഓഫ്ഷോർ ബ്രേക്ക് വാട്ടർ നിർമ്മിക്കാൻ തീരുമാനിക്കുകയും ആയതിന്റെ ഡിസൈൻ പൂർത്തിയാക്കി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. മറ്റ് പ്രദേശങ്ങളിൽ തീരപ്രദേശത്തിന്റെ ഘടനയനുസരിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുക, തീരപോഷണം (beach nourishment) പോലുള്ള പ്രകൃതി സൗഹാർദ്ദ തീരസംരക്ഷണ മാർഗ്ഗങ്ങളും മറ്റ് അനുയോജ്യമായ നിർമ്മിതികളും അവലംബിക്കുന്നതിനുള്ള സാധ്യത എന്നിവ പരിശോധിച്ചുവരുന്നു.

ഹോട്ട്സ്പോട്ടിലുൾപ്പെടാത്ത രൂക്ഷമായ കടലാക്രമണം നേരിടുന്ന മറ്റ് പ്രദേശങ്ങളിൽ ലോകബാങ്ക് മുതലായ ഏജൻസികളുടെ സഹായത്തോടെ

അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. ജിയോട്യൂബ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണവും പഠനം നടത്തി അനുയോജ്യമായ പ്രദേശങ്ങളിൽ അവലംബിക്കാവുന്നതാണ്.

## കണ്ണൂർ പയ്യാമ്പലം ബീച്ച് വാക് വേ ഘട്ടം II-ന്റെ പ്രവൃത്തി

254 (1044) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ പയ്യാമ്പലം ബീച്ച് വാക് വേ ഘട്ടം II-ന്റെ പ്രവൃത്തി വിഭാവനം ചെയ്തിരിക്കുന്നത് വകുപ്പിന്റെ അധീനതയിലുള്ള കടൽഭിത്തിയിലായതിനാൽ വകുപ്പിൽനിന്നുള്ള എൻ.ഒ.സി. ടൂറിസം വകുപ്പിന് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) എൻ.ഒ.സി. നൽകുന്നതിന് തടസ്സങ്ങളുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) പയ്യാമ്പലം ബീച്ച് വാക്-വേ സൗന്ദര്യവൽക്കരണം ഫേസ്-2 എന്ന ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി നിരാക്ഷേപ പത്രം അനുവദിച്ചുതരണമെന്നാവശ്യപ്പെട്ട് സ്റ്റീൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് ഓഫ് കേരള (SILK) ഡെപ്യൂട്ടി ജനറൽ മാനേജരിൽനിന്നും അപേക്ഷ ലഭിച്ചിരുന്നു. എന്നാൽ നിരാക്ഷേപ പത്രം അനുവദിക്കുന്നതിന് ബന്ധപ്പെട്ട

വകുപ്പിൽനിന്ന് അപേക്ഷ ലഭ്യമാക്കണമെന്നുള്ളതിനാൽ ആയത് ലഭ്യമാക്കുവാൻ ടൂറിസം വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഗുരുവായൂർ നിയോജകമണ്ഡലത്തിലെ കടൽഭിത്തി, പാർശ്വഭിത്തി പ്രവൃത്തികൾക്ക് ഭരണാനുമതി**

255 (1045) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 2022-23 ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലെ കടൽഭിത്തി നിർമ്മാണം, ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ വെസ്റ്റ് കോസ്റ്റ് കനാലിന്റെ പാർശ്വഭിത്തി നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എന്നത്തേയ്ക്ക് ഭരണാനുമതി നൽകാൻ സാധിക്കുമെന്നും ആയത് നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണവും വ്യക്തമാക്കുമോ?

(എ&ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ 2022-23 ബഡ്ജറ്റിൽ 20% തുക വകയിരുത്തിയിട്ടുള്ള പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിലെ

കടൽഭിത്തി നിർമ്മാണ പ്രവൃത്തിക്ക് 447 ലക്ഷം രൂപയുടെ ഡി.പി.ആർ. സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിലെ വെസ്റ്റ് കോസ്റ്റ് കനാലിന്റെ പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തിക്ക് 152.80 ലക്ഷം രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ഉപ്പുവെള്ള പ്രതിരോധ ബണ്ട്**

256 (1046) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലുൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണത്തിന് സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഭരണാനുമതി ലഭ്യമായിട്ടില്ല. 2022-23 ബഡ്ജറ്റിൽ അനുബന്ധം രണ്ടിൽ (വാല്യം-II) ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ക്രമനമ്പർ 720 ആയി കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ 10 ഗ്രാമപഞ്ചായത്തുകളിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണ പ്രവൃത്തികൾക്കായി 400 ലക്ഷം

രൂപ അടങ്കൽ തുകയുടെ 20 ശതമാനമായ 80 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതുപ്രകാരം 10 പഞ്ചായത്തുകളിലെ (കല്ല്യാശ്ശേരി, കണ്ണപുരം, ചെറുകുന്ന്, മാട്ടൂൽ, മടായി, ചെറുതാഴം, കുഞ്ഞിമംഗലം, കടന്നപ്പിള്ളി-പാണപ്പുഴ, ഏഴോം, പട്ടുവം) 15 പ്രവൃത്തികൾക്കായി 398.7 ലക്ഷം രൂപയുടെ ഭരണാനുമതിക്കായി ഡി.പി.ആർ. ലഭിച്ചിരുന്നുവെങ്കിലും സമർപ്പിച്ച പ്രൊപ്പോസലുകളിൽ ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണ പ്രവൃത്തികൾ ഏതെന്ന് കൃത്യമായി രേഖപ്പെടുത്തി ജി.എസ്.ടി. 18% കൂടി ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കാവുന്നതാണ്.

## ആനങ്ങാടി ബീച്ചിലെ കടൽ ഭിത്തി നിർമ്മാണം

257 (1047) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് പഞ്ചായത്തിലെ ആനങ്ങാടി ബീച്ചിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് ജലസേചന വകുപ്പ് തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസലിന് കിഫ്ബിയുടെ അനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) കിഫ്ബിയുടെ അനുമതിക്കായി 2022 മേയ് മാസം നൽകിയ ശിപാർശയിന്മേൽ നാളിതുവരെ നടപടികൾ പുരോഗമിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാലതാമസം സംബന്ധിച്ച് കിഫ്ബിയുടെ വിശദീകരണം ലഭിച്ചിട്ടുണ്ടോ;

(സി) ഇരുന്നൂറ്റിയെട്ട് ലക്ഷം രൂപ എസ്റ്റിമേറ്റിട്ടിരിക്കുന്ന പ്രസ്തുത പ്രവൃത്തി കിഫ്ബിയുടെ നിബന്ധനകൾ അനുസരിച്ച് നടപ്പിലാക്കാൻ സാധിക്കുമോയെന്ന കാര്യത്തിൽ എത്രയുംവേഗം തീരുമാനമെടുക്കാൻ കിഫ്ബിയോട് ആവശ്യപ്പെടുമോ;

(ഡി) കിഫ്ബിയുടെ അനുമതി ലഭ്യമായില്ലെങ്കിൽ ജലസേചന വകുപ്പിന്റെ പ്ലാൻ/നോൺ പ്ലാൻ ഹെഡ്ഡിൽനിന്നും തുക അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-ഡി) പ്രസ്തുത പ്രൊപ്പോസലിന് ധനസഹായം നൽകുന്നതിന് കിഫ്ബി ചില നിയന്ത്രണങ്ങൾ പ്രകടിപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസൽ അടിയന്തര ശ്രദ്ധ ആവശ്യമായതിനാൽ ധനസഹായം നൽകുന്നതിനുള്ള ഇതര മാർഗ്ഗങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

## കോലഞ്ചേരി പെരിയാർ വാലി ഇറിഗേഷൻ പ്രോജക്റ്റ് ഇൻസ്പെക്ഷൻ ബംഗ്ലാവ്

258 (1048) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോലഞ്ചേരി പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട് (പി.വി.ഐ.പി.) കോളനിയിലെ ഇൻസ്പെക്ഷൻ ബംഗ്ലാവ് 2022-23 വർഷത്തെ കർമ്മപദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

കോലഞ്ചേരി പെരിയാർവാലി ഇറിഗേഷൻ പ്രോജക്ട് (പി.വി.ഐ.പി.) കോളനിയിലെ ഇൻസ്പെക്ഷൻ ബംഗ്ലാവ് നവീകരിക്കുന്നതിന് 2022-23 വർഷത്തെ കർമ്മപദ്ധതിയിലുൾപ്പെടുത്തി 16.15 ലക്ഷം രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) ഇൻസ്പെക്ഷൻ ബംഗ്ലാവ് നവീകരിക്കുന്നതിനായി അനുവദിച്ച തുകയെത്രയെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഇൻസ്പെക്ഷൻ ബംഗ്ലാവ് നവീകരിക്കുന്നതിനായി അനുവദിച്ച തുക 16.15 ലക്ഷം രൂപയാണ്. 15% പണികൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. ആയതിനാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ലാത്തതാകുന്നു.

**വരന്തരപ്പിള്ളി പഞ്ചായത്തിലെ ഉപ്പുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

259 (1049) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി പഞ്ചായത്തിലെ ഉപ്പുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഒന്നാംഘട്ടം നിർമ്മാണത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ?

നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏതുഘട്ടത്തിലാണെന്നും എന്നേയ്ക്ക് നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുമെന്നും അറിയിക്കാമോ?

വരന്തരപ്പിള്ളി പഞ്ചായത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഒന്നാം ഘട്ടം നടപ്പിലാക്കുന്നതിനായി 04-01-2023-ലെ ഉടമ്പടി നമ്പർ 06/എസ്.ഇ.എം.ഐ.സി.സി./2022-23 പ്രകാരം ശ്രീ. കെ. കൃഷ്ണൻകുട്ടി എന്ന കരാറുകാരൻ ഉടമ്പടിവച്ചിട്ടുള്ളതും 10-01-2023-ൽ എട്ടുമാസം പൂർത്തീകരണ കാലാവധിയോടുകൂടി സൈറ്റ് കൈമാറിയിട്ടുള്ളതുമാണ്. പ്രവൃത്തി പുരോഗമിച്ചുവരികയാണ്.

(സി) ഉപ്പുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പൂർത്തീകരണത്തിനായി രണ്ടാംഘട്ടം നിർമ്മാണത്തിനായി തുക അനുവദിക്കുന്നതിനും അനുമതി ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പുതുക്കിയ ജി.എസ്.ടി. പ്രകാരം റിവൈസ് ചെയ്തിട്ടുള്ള രണ്ടാംഘട്ട പ്രവൃത്തിക്കായുള്ള 242 ലക്ഷം രൂപയുടെ ഡി.പി.ആർ. സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡ്

260 (1050) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ ഏനാമാവ് റെഗുലേറ്ററുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പിന്റെ ആസ്തിയിൽപ്പെട്ട ഒരു കിലോമീറ്ററോളം വരുന്ന അപ്രോച്ച് റോഡ് ടാറിംഗ് ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പ് സമ്മതപത്രം ആവശ്യപ്പെട്ടിരുന്നോയെന്ന് അറിയിക്കാമോ?

തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ ഏനാമാവ് റെഗുലേറ്ററുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പിന്റെ ആസ്തിയിൽപ്പെട്ട 780

മീറ്റർ നീളം വരുന്ന അപ്രോച്ച് റോഡ് ബി.എം.&ബി.സി. ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പ് സമ്മതപത്രം ആവശ്യപ്പെട്ടുകൊണ്ട് ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂർ, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിരുന്നു.

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പിന് പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് 22-04-2022-ലെ ജി1-2450/2022/ എൻ.ഒ.സി. നമ്പർ ഉത്തരവ് പ്രകാരം തൃശ്ശൂർ, ഇറിഗേഷൻ സെൻട്രൽ സർക്കിൾ, സൂപ്രണ്ടിംഗ് എഞ്ചിനീയർ നിബന്ധനകളോടുകൂടി എൻ.ഒ.സി. അനുവദിച്ച് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പ്രവൃത്തി ചെയ്യുമ്പോൾ ഏനാമാക്കൽ റെഗുലേറ്ററിന്റെ സ്ട്രക്ച്ചറിൽ കേടുപാടുകൾ സംഭവിക്കാൻ പാടുള്ളതല്ലെന്ന എൻ.ഒ.സി. അനുവദിച്ച് ഉത്തരവിലെ നാലാമത്തെ നിബന്ധന പാലിച്ചുകൊണ്ട് ടി പ്രവൃത്തി ചെയ്യുവാൻ സാധിക്കുകയില്ലെന്ന് കാണിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പ് 01-06-2022-ന് കത്ത് നൽകുകയാണുണ്ടായത്. ഇതിനെത്തുടർന്ന് ഈ നിബന്ധന ഒഴിവാക്കി പ്രവൃത്തി ചെയ്യുന്നതിന് പൊതുമരാമത്ത് വകുപ്പിന് 22-09-2022-ന് വീണ്ടും എൻ.ഒ.സി. നൽകിയിട്ടുള്ളതാണ്. എന്നാൽ നിലവിൽ റോഡിന്റെ അവസ്ഥ കൂടുതൽ ശോചനീയമായിട്ടുള്ളതിനാൽ നേരത്തെ അംഗീകരിച്ച

എസ്റ്റിമേറ്റിലുൾപ്പെട്ടിട്ടുള്ള ഇനങ്ങൾപോലും പൊതുമരാമത്ത് വകുപ്പിന് പൂർത്തീകരിക്കാൻ പറ്റാത്ത അവസ്ഥയാണെന്നും ആയതിനാൽ പ്രസ്തുത പ്രവൃത്തിയിൽ ഇറിഗേഷൻ റോഡ് ഉൾപ്പെടുത്താൻ നിർവ്വാഹമില്ലായെന്നും കാണിച്ച് പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 18-11-2022-ലെ കത്ത് പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂരിനെ അറിയിച്ചിട്ടുള്ളതാണ്.

(സി) പ്രസ്തുത അപ്രോച്ച് റോഡ് അഭിവൃദ്ധിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

27-08-2022-ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ ജില്ലാ വികസന സമിതി യോഗനിർദ്ദേശ പ്രകാരം പ്രസ്തുത ഭാഗം റീ-ടാറിംഗ് ചെയ്യുന്നതിന് "Emergency work for Enamakkal regulator road for the year 2022-23" എന്ന പ്രവൃത്തിക്ക് 37.7 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി, ഫണ്ടിന്റെ അഭാവം നിമിത്തം 15-11-2022-ലെ കത്ത് മുഖേന സർക്കാരിൽ അംഗീകാരത്തിനായി ലഭ്യമാക്കി. ടി ഫണ്ടിനായി തൃശ്ശൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ ജില്ലാ കളക്ടർക്കും ബഹുമാനപ്പെട്ട തൃശ്ശൂർ പാർലമെന്റംഗത്തിനും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഈ പ്രവൃത്തിയുടെ അപ്രൂവ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിവരികയാണ്.

## ജലവിഭവ വകുപ്പ് ആലത്തൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ

261 (1051) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് മുഖേന ആലത്തൂർ നിയോജകമണ്ഡലത്തിൽ 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

(എ&ബി) ജലവിഭവ വകുപ്പ് മുഖേന ആലത്തൂർ നിയോജകമണ്ഡലത്തിൽ 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിൽ അനുവദിച്ച പദ്ധതികളും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.+

## കീഴ്തണ്ടിലം ആൻഡ് മുട്ടിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി

262 (1052) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുന്നംകുളം നിയോജകമണ്ഡലത്തിലെ കീഴ്തണ്ടിലം ആൻഡ് മുട്ടിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

വടക്കാഞ്ചേരി പുഴയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്ക് 04-02-2021-ലെ G.O.(Rt) No. 81/2021/WRD പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളാണ് തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിൽ വടക്കാഞ്ചേരി പുഴയ്ക്ക് കുറുകെ കീഴ്ത്തണ്ടിലത്ത് റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണവും (₹14,40,00,000.00) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ മുട്ടിക്കലിൽ സംസ്ഥാന പാത 50-നെയും കോട്ടപ്പുറം വില്ലേജിലെ മുട്ടിയിക്കൽ-അട്ടത്തറ റോഡിനെയും ബന്ധിപ്പിച്ച് വടക്കാഞ്ചേരി പുഴയ്ക്ക് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണവും (₹11,90,00,000.00). പ്രസ്തുത പദ്ധതികൾക്ക് സാമ്പത്തികാനുമതി ലഭിക്കുന്നതിനായി കിഫ്ബി മാനദണ്ഡപ്രകാരമുള്ള ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചുവെങ്കിലും അനുമതി കിഫ്ബിയിൽനിന്ന് ലഭ്യമായിട്ടില്ല.

## കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ്

263 (1053) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പര്യവേക്ഷണ പ്രവൃത്തി പൂർത്തിയാക്കി വിശദമായ എസ്റ്റിമേറ്റ് ഭരണാനുമതി ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ നട്ടിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പര്യവേക്ഷണ പ്രവൃത്തി 12-12-2022-ന് പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. ടി പ്രവൃത്തിയുടെ ഡിസൈൻ ഐ.ഡി.ആർ.ബി.-യിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## ഉളിയം റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി

264 (1054) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തെക്കൻ ഭാഗങ്ങളിലെ നെൽക്യഷിക്ക് ഗുണപ്രദമാകുന്ന ഉളിയം റെഗുലേറ്റർ-കം-ബ്രിഡ്ജ് എന്ന് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഡി.പി.ആർ. എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കാസർഗോഡ് ജില്ലയിലെ തെക്കൻ ഭാഗങ്ങളിൽ കൃഷിക്ക് ഗുണപ്രദമാകുന്ന ഉളിയംകടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രോജക്ടിന്റെ ഡി.പി.ആർ. തയ്യാറാക്കിവരികയാണ്. 2023 ഫെബ്രുവരി 25-ഓടെ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഡി.പി.ആർ.-ന് അനുമതി നൽകി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കാവുന്നതാണ്.

## കരിച്ചാൽക്കടവ് സ്ലൂയിസ്-കം-ബ്രിഡ്ജ് പദ്ധതി

265 (1055) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിലെ കരിച്ചാൽക്കടവ് സ്ലൂയിസ്-കം-ബ്രിഡ്ജ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വിശദമാക്കാമോ?

(എ&ബി) കുന്നംകുളം നിയോജകമണ്ഡലത്തിലെ കരിച്ചാൽക്കടവ് ചെക്ക് ഡാം-കം-ബ്രിഡ്ജ് പദ്ധതിയുടെ ദീർഘിപ്പിച്ച് നല്കിയ പൂർത്തീകരണ കാലാവധി 31-01-2023-ന് അവസാനിച്ചതാണ്. പ്രവൃത്തി ഏകദേശം 30 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. നിലവിലുള്ള കരാറുകാരനെ

നഷ്ടോത്തരവാദിത്വത്തിൽ റദ്ദ് ചെയ്ത് പ്രവൃത്തി റീ-അറേഞ്ച് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### മലപ്പുറം നാമ്പ്രാണി കടവിൽ പുതിയ റെഗുലേറ്റർ

266 (1056) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നഗരസഭയിലെ കടലുണ്ടിപ്പുഴയ്ക്ക് കുറുകെ നാമ്പ്രാണി കടവിൽ ജലസേചന വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള ഒരു പുതിയ റെഗുലേറ്റർ നിർമ്മിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

മലപ്പുറം നഗരസഭയിലെ കടലുണ്ടിപ്പുഴയ്ക്ക് കുറുകെ നാമ്പ്രാണി കടവിൽ ജലസേചന വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള പുതിയ റെഗുലേറ്റർ നിർമ്മിക്കുന്ന പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തിക്ക് തുക ഡെപ്പോസിറ്റ് ചെയ്തത് പ്രകാരം പദ്ധതി തുടങ്ങുന്നതിനുവേണ്ട പ്രാഥമിക പ്രവൃത്തികൾ സൈറ്റിൽ തുടങ്ങിയിട്ടുണ്ട്. നിലവിലുള്ള നാമ്പ്രാണി തടയണ രണ്ട് ഭാഗങ്ങളിലായി പൊട്ടിച്ച് ജലനിരപ്പ് താഴ്ത്തിയാൽ മാത്രമേ പുഴയിലുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. തടയണ പൊട്ടിക്കുന്നതിനുള്ള നിരാക്ഷേപ പത്രം (എൻ.ഒ.സി.) കേരള വാട്ടർ

അതോറിറ്റിയിൽനിന്നും ലഭിക്കുന്നതിന് അപേക്ഷ നല്കിയിട്ടുണ്ടെങ്കിലും ഇതുവരെ ലഭ്യമായിട്ടില്ല.

(ബി) ആയതിന് നഗരസഭ, ജലസേചന വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുക എത്രയാണ്; ജലസേചന വകുപ്പിന്റെ വിഹിതം എത്രയാണ്; പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

മേൽ പ്രവൃത്തിയുടെ ആകെ എസ്റ്റിമേറ്റ് തുക 22 കോടി രൂപയാണ്. ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ മേൽ പ്രവൃത്തി രണ്ട് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിനാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഒന്നാംഘട്ട പ്രവൃത്തിക്ക് എസ്റ്റിമേറ്റ് പ്രകാരം 12.5 ശതമാനം സെന്റേജ് ഉൾപ്പെടെ 16.40 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ആയതിലേയ്ക്ക് 15.77 കോടി രൂപയാണ് മലപ്പുറം മുനിസിപ്പാലിറ്റി നിലവിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. ജലസേചന വകുപ്പ് വിഹിതമൊന്നും നീക്കിവച്ചിട്ടില്ല. രണ്ടാംഘട്ട പ്രവൃത്തിക്കായി 5.60 കോടി രൂപയാണ് ആവശ്യമായിട്ടുള്ളത്. ആയതിന് നിലവിൽ ഇതുവരെ ഫണ്ട് ലഭ്യമായിട്ടില്ല. എഗ്രിമെന്റ് പ്രകാരം 24-12-2023 വരെയാണ് ഒന്നാംഘട്ട പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി.

(സി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഒന്നാംഘട്ട പ്രവൃത്തിക്ക് മലപ്പുറം മുനിസിപ്പൽ കൗൺസിലിന്റെ 18.60 കോടി രൂപയുടെ ഭരണാനുമതിയും ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) 16.40 കോടി രൂപയുടെ സാങ്കേതികാനുമതിയും നല്കിയിട്ടുണ്ട്. രണ്ടാംഘട്ട പ്രവൃത്തിക്ക് ഭരണാനുമതി നല്കിയിട്ടില്ല.

**കഞ്ചിക്കട്ടയിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ**

267 (1057) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുമ്പള പുഴയ്ക്ക് കുറുകെ കഞ്ചിക്കട്ടയിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നടപ്പ് സാമ്പത്തിക വർഷത്തിൽ നബാർഡിന് സമർപ്പിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ?

കുമ്പള പുഴയ്ക്ക് കുറുകെ കഞ്ചിക്കട്ടയിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നടപ്പ് സാമ്പത്തിക വർഷത്തിൽ

ലഭിച്ചിട്ടില്ല. നബാർഡ് ട്രാഞ്ചെ XXVII-ൽ പ്രൊപ്പോസൽ നല്കിയെങ്കിലും നബാർഡിൽനിന്നും അനുമതി ലഭ്യമായില്ല.

## മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഷിറിയ പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രവൃത്തി

268 (1058) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഷിറിയ പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ സാങ്കേതികാനുമതി വൈകുന്നതിനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സാങ്കേതികാനുമതിയും ടെണ്ടർ നടപടികളും പൂർത്തീകരിച്ച് പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ&ബി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഷിറിയ പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന ബംബ്രാണ റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടില്ല. പദ്ധതിയുടെ സാങ്കേതികാനുമതിക്കായി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നല്കിയ

എസ്റ്റിമേറ്റിൽ സാങ്കേതികമായ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ അവ പരിഹരിക്കുന്നതിനായി എസ്റ്റിമേറ്റ് തിരികെ കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി സമയബന്ധിതമായി ആരംഭിക്കാവുന്നതാണ്.

**ചാലിയാർ പുഴയ്ക്ക് കുറുകെ പുതിയ ഹൈ ലെവൽ ബാരേജ് റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നത്**

269 (1059) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ചാലിയാർ പുഴയ്ക്ക് കുറുകെ നിലമ്പൂർ നഗരസഭയിലെ കളത്തിൻകടവിൽ പുതിയ ഹൈ ലെവൽ-ബാരേജ് റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കണമെന്ന് അഭ്യർത്ഥിച്ച് എം.എൽ.എ. ജലവിഭവ വകുപ്പുമന്ത്രി, ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ ചീഫ് എഞ്ചിനീയർ എന്നിവർക്ക് നല്കിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഇതുസംബന്ധിച്ച് ഫയൽ നമ്പരുണ്ടെങ്കിൽ ലഭ്യമാക്കുമോ; സർക്കാർ ഇക്കാര്യത്തിൽ എന്ത് തീരുമാനമാണ് എടുക്കാനുദ്ദേശിക്കുന്നതെന്നും അറിയിക്കുമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിൽ ചാലിയാർ പുഴയ്ക്ക് കുറുകെ നിലമ്പൂർ നഗരസഭയിലെ കളത്തിൻകടവിൽ പുതിയ ഹൈ ലെവൽ-ബാരേജ് റെഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കണമെന്നഭ്യർത്ഥിച്ച് എം.എൽ.എ. ജലവിഭവ വകുപ്പുമന്ത്രിക്ക് നല്കിയ കത്ത് ജലവിഭവ (എം.ഐ.) വകുപ്പിലെ എം.ഐ. 2/33/2023/ജ.വി.വ. നമ്പർ ഫയലിൽ നടപടികൾ സ്വീകരിച്ചുവരുന്നു. ടി വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

(ബി) കിഫ്ബി വഴി ഇത്തരത്തിൽ ഒരു പ്രൊപ്പോസൽ നിലവിലുള്ളതിനാൽ എം.എൽ.എ.-യുടെ അഭ്യർത്ഥനയിൽ തുടർനടപടികൾ വേഗത്തിലാക്കാൻ സാധിക്കുമോ; മന്ത്രിതലത്തിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ഇതിനായി വിളിച്ച് ചേർക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ;

(സി) 9 പഞ്ചായത്തുകളുടെ കുടിവെള്ള സ്രോതസ്സ് എന്ന പ്രാധാന്യമുള്ളതിനാൽ ഈ പദ്ധതിയുടെ വിശദമായ പഠനത്തിനായി അടിയന്തര നിർദ്ദേശം നൽകുമോ; വിശദമായ പഠനം കിഫ്ബിയും

നിർദ്ദേശിച്ചിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യം ഗൗരവത്തിലെടുക്കുമോ; പഠനത്തിനായി ഫണ്ട് അനുവദിക്കുമോ;

(ഡി) ഹൈ ലെവൽ-ബാരേജുകൾ സംസ്ഥാനത്ത് നിലവിൽ നിർമ്മിച്ചിട്ടില്ലാത്തതിനാൽ ഉന്നതതല ഉദ്യോഗസ്ഥ സംഘത്തെ ഇത്തരം റെഗുലേറ്ററുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിലേയ്ക്ക് സന്ദർശനത്തിനും പഠനത്തിനുമയയ്ക്കാൻ നടപടി സ്വീകരിക്കുമോ?

(ബി-ഡി) ജലവിഭവ മന്ത്രിതലത്തിൽ 11-01-2023-ൽ ഈ വിഷയം ചർച്ച ചെയ്യുകയും പ്രസ്തുത സ്ഥലവും ഡിസൈനും പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. 13-01-2023-ൽ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ കിഫ്ബിയിൽവച്ച് നടന്ന ചർച്ചയിൽ പ്രസ്തുത സ്ഥലത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് റെഗുലേറ്ററിന്റെ ventway കൂട്ടി നിലവിലെ ഡിസൈൻ പുതുക്കി എസ്റ്റിമേറ്റ് രണ്ടുമാസത്തിനകം സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു. അതിനുള്ള നടപടികൾ കെ.ഐ.ഐ.ഡി.സി.-യിൽ സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ**

270 (1060) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചനം, കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി, ഭൂജലം, ശുദ്ധജല വിതരണവും ശുചീകരണവും എന്നീ വകുപ്പുകളുടെ കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിശദവിവരങ്ങൾ നൽകാമോ; ഏതെല്ലാം ഓഫീസുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എത്രകാലമായി പ്രസ്തുത ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഓഫീസുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും എത്ര കാലമായി ഒഴിവുകൾ തുടരുന്നുവെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

(എ-സി) ജലസേചനം, ഭൂജലം, ശുദ്ധജല വിതരണവും ശുചീകരണവും എന്നീ വകുപ്പുകളുടെ കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിശദവിവരങ്ങളും അനുവദിച്ച തസ്തികകളും ഒഴിഞ്ഞുകിടക്കുന്ന തസ്തികകളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ജലസേചന വകുപ്പിൽ ഓൺലൈൻ പൊതുസ്ഥലംമാറ്റം

271 (1061) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പൊതുസ്ഥലംമാറ്റ ഉത്തരവ് ജലസേചന വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ജലസേചന വകുപ്പിൽ ഓൺലൈൻ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആരാണ് സോഫ്റ്റ്‌വെയർ തയ്യാറാക്കിയതെന്ന് അറിയിക്കുമോ?

സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടില്ല.

(സി) ജലസേചന വകുപ്പിൽ ഓൺലൈൻ സ്ഥലംമാറ്റം നടപ്പിലാക്കിയിട്ടില്ലെങ്കിൽ ആയത് നടപ്പിലാക്കാതിരിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല.

(ഡി) ജലസേചന വകുപ്പിൽ ഓൺലൈൻ സ്ഥലംമാറ്റം നടപ്പിൽ വരുത്തുന്നതിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, പെർമനെന്റ് എംപ്ലോയി നമ്പർ എന്നിവ ലഭ്യമാക്കുമോ?

ശ്രീമതി പൂർണ്ണ എസ്. വൈ., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (അഡ്മിനിസ്ട്രേഷൻ), പെൻ നമ്പർ - 613634.

(ഇ) അഡ്മിനിസ്ട്രേറ്റീവ് കൺവീനിയൻസ് എന്ന പേരിൽ ജലസേചന വകുപ്പിന്റെ സ്ഥലംമാറ്റ ഉത്തരവുകളിൽ ജീവനക്കാരെ ഉൾപ്പെടുത്തുന്നതിന്റെ മാനദണ്ഡം സംബന്ധിച്ച ചട്ടം, ഉത്തരവ്, സർക്കുലർ, നിർദ്ദേശം എന്നിവയുണ്ടെങ്കിൽ വ്യക്തമാക്കുമോ?

ഓഫീസിന്റെ കാര്യക്ഷമതയ്ക്കും സുഗമമായ പ്രവർത്തനത്തിനും ആവശ്യമായിട്ടുള്ള സ്ഥലമാറ്റങ്ങളാണ് അഡ്മിനിസ്ട്രേറ്റീവ് കൺവീനിയൻസ് എന്ന പേരിൽ ജലസേചന വകുപ്പിൽ നടപ്പിലാക്കുന്നത്. ഇത് 25-02-2017-ലെ സ.ഉ.(പി)നം.3/2017/ഉ.ഭ.പ.വ. ഉത്തരവിലെ മാനദണ്ഡപ്രകാരമാണ് നടപ്പിലാക്കുന്നത്.

**ഇറിഗേഷൻ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം**

272 (1062) <u>ശ്രീ. എം. എം. മണി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2985-ന്റെ (ബി) പിരിവിൽ പറയുന്ന

കേസ് കാരണം ഇറിഗേഷൻ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പ്രൊമോഷൻ നടക്കാത്തതിനാൽ ഫസ്റ്റ്, സെക്കൻഡ്, തേർഡ് ഗ്രേഡ് സിവിൽ ഓവർസിയർ തസ്തികകളിൽ സ്ഥാനനക്കയറ്റംമൂലമുണ്ടാകേണ്ട ഒഴിവുകളുണ്ടാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ രീതിയിൽ നാളിതുവരെ നികത്താത്ത ഫസ്റ്റ്, സെക്കൻഡ്, തേർഡ് ഗ്രേഡ് സിവിൽ ഓവർസിയർ തസ്തികകളിലെ ഒഴിവുകളുടെ ആകെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പ്രൊമോഷൻ നടക്കുന്നതിനനനുസൃതമായാണ് ഒന്നാംതരം ഓവർസിയർ (സിവിൽ), രണ്ടാംതരം ഓവർസിയർ (സിവിൽ), മൂന്നാംതരം ഓവർസിയർ (സിവിൽ) എന്നീ തസ്തികകളിൽ ഒഴിവുകളുണ്ടാകുന്നത്. നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ ഒന്നാംതരം ഓവർസിയർ (സിവിൽ) തസ്തികയിൽനിന്നും സ്ഥാനക്കയറ്റം വഴി നികത്തേണ്ട 104 ഒഴിവുകളുണ്ട്. ഈ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖേന നികത്തപ്പെടുമ്പോൾ അത്രയും ഒഴിവുകൾ ഓവർസിയർ തസ്തികയിലുമുണ്ടാകുന്നതാണ്.

(ബി) പ്രസ്തുത ചോദ്യത്തിനുള്ള ഉത്തരത്തിലെ (സി) പിരിവിൽ സൂചിപ്പിച്ചിരുന്ന സ്പഷ്ടീകരണം സർക്കാരിൽനിന്ന് ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ; ലഭ്യമായിട്ടില്ലെങ്കിൽ ആയത് ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തിന്റേയും നാളിതുവരെയുള്ള ഓർമ്മക്കുറിപ്പുകളുടേയും പകർപ്പ് ലഭ്യമാക്കാമോ; ലഭ്യമായിട്ടുണ്ടെങ്കിൽ സർക്കാരിൽനിന്നും ലഭിച്ച സ്പഷ്ടീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ചീഫ് എഞ്ചിനീയർ (ഐ&എ) ആവശ്യപ്പെട്ടിരുന്ന സ്പഷ്ടീകരണം നൽകിയിട്ടില്ല. ഇക്കാര്യം എ 3/225/2021/ജ.വി.വ. നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. ഈ വിഷയത്തിൽ ചീഫ് എഞ്ചിനീയർ (ഐ&എ)-യിൽനിന്നും ഓർമ്മക്കുറിപ്പുകൾ ലഭിച്ചിട്ടില്ല. സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ചീഫ് എഞ്ചിനീയർ (ഐ&എ)-യുടെ കത്ത് അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ജലവിഭവ വകുപ്പിലെ തസ്തികകൾ

273 (1063) <u>ശ്രീ. എ. രാജ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസത്തിനുശേഷം ജലവിഭവ വകുപ്പിൽ എത്ര അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), ഓവർസിയർ ഗ്രേഡ് I/II/III

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തസ്തികകൾ ഏതൊക്കെ ഓഫീസുകളിലായി പുതിയതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

2016 മേയ് മാസത്തിനുശേഷം ജലവിഭവ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), ഓവർസിയർ ഗ്രേഡ് I/II/III തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

(ബി) ജലവിഭവ വകുപ്പിലെ സാങ്കേതിക വിഭാഗത്തിന്റെ വിപുലീകരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രൊപ്പോസലുകളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

ജലവിഭവ വകുപ്പിൽ വൈജ്ഞാനിക ഭരണ നിർവ്വഹണം (Knowledge Administration) നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 01-06-2022-ലെ സ.ഉ(സാധാ)നം.479/2022/ജ.വി.വ. പ്രകാരം ജലവിഭവ വകുപ്പ് സെക്രട്ടറി ചെയർമാനായി രൂപീകരിക്കപ്പെട്ട വകുപ്പുതല സമിതിയുടെ 21-11-2022-ന് കൂടിയ യോഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി, ഭൂജല വകുപ്പ് എന്നിവർ പൂർണ്ണമായ പ്രൊപ്പോസലുകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ജലസേചന വകുപ്പിൽനിന്നും പ്രൊപ്പോസൽ ലഭ്യമായിട്ടില്ല. ആയതുംകൂടി ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

## ടേക്ക് എ ബ്രേക്ക് പദ്ധതിക്ക് ഇറിഗേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലം അനുവദിക്കുന്നതിനുള്ള നടപടി

274 (1064) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ പന്ത്രണ്ട് ഇന പരിപാടിയിലുൾപ്പെടുത്തി ജില്ലാ കളക്ടറുടെ അനുമതിയുടെ അടിസ്ഥാനത്തിൽ മൊകേരി ഗ്രാമപഞ്ചായത്തിൽ ഇറിഗേഷൻ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് പ്രോജക്ട് വയ്ക്കുകയും ഡി.പി.സി.-യുടെ അംഗീകാരം ലഭിക്കുകയും ചെയ്തെങ്കിലും സ്ഥലം അനുവദിക്കുന്ന കാര്യത്തിൽ ഇതുവരെ തീരുമാനമാകാത്ത കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സമീപ പഞ്ചായത്തുകളിൽ ഇറിഗേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ടേക്ക് എ ബ്രേക്ക് പദ്ധതിക്ക് ഇത്തരം സ്ഥലം അനുവദിച്ചിട്ടുണ്ടെങ്കിലും മൊകേരി ഗ്രാമപഞ്ചായത്തിൽ അനുവദിക്കാത്ത കാര്യം സർക്കാർ പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ പ്രഖ്യാപിത പദ്ധതികളിലൊന്നായ ടേക്ക് എ ബ്രേക്ക് പദ്ധതിക്ക് ഇറിഗേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലം അനുവദിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ?

(ബി&സി) ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കുന്നതിന് മൊകേരി പഞ്ചായത്തിന് ജലസേചന വകുപ്പിന്റെ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച വിഷയത്തിന്മേൽ ചീഫ് എഞ്ചിനീയറോട് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. ചീഫ് എഞ്ചിനീയറിൽനിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

**കായംകുളം നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ**

275 (1065) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ കായംകുളം നിയോജകമണ്ഡലത്തിൽ ജലസേചന (മൈനർ/മേജർ) വകുപ്പ് വഴി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

2016 മുതൽ നാളിതുവരെ കായംകുളം നിയോജകമണ്ഡലത്തിൽ ജലസേചന (മൈനർ/മേജർ) വകുപ്പുവഴി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കാഞ്ഞിരമുഴി ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി

276 (1066) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് ജലസേചനം നടത്താൻ വിഭാവനം ചെയ്തിട്ടുള്ള കോഴിക്കോട് ജില്ലയിലെ കാഞ്ഞിരമുഴി ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണം സർക്കാർ ഏജൻസികൾക്ക് ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ;

(സി) ഈ പദ്ധതി എങ്ങനെ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-ഡി) കാഞ്ഞിരമുഴി ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയുടെ ഒന്നാംഘട്ട പ്രർത്തനങ്ങളുടെ ഭാഗമായി സിവിൽ മെക്കാനിക്കൽ പ്രവൃത്തികൾക്കായി 70 ലക്ഷം രൂപയുടെ ഭരണാനുമതിയും കൂടാതെ സ്റ്റേജ് 1-ലുൾപ്പെട്ട 10 ഹെക്ടർ സ്ഥലത്ത് മൈക്രോ ഇറിഗേഷൻ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള മൈക്രോ ഇറിഗേഷൻ സിസ്റ്റം സ്ഥാപിക്കുന്ന പ്രവൃത്തിക്ക് 35.40 ലക്ഷം രൂപയുടെ ഭരണാനുമതിയും നല്കിയിട്ടുള്ളതാണ്. സിവിൽ പ്രവൃത്തി നിലവിൽ നടന്നുകൊണ്ടിരിക്കുകയുമാണ്. മൈക്രോ ഇറിഗേഷൻ സിസ്റ്റം സ്ഥാപിക്കുന്ന പ്രവൃത്തി മൂന്ന് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും കരാറുകാർ ആരുംതന്നെ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല. പദ്ധതിയുടെ രണ്ടാംഘട്ടമായി 85 ഹെക്ടറിൽക്കൂടി മൈക്രോ ഇറിഗേഷൻ നടപ്പിലാക്കുന്നതിന് 23-08-2022-ലെ G.O.(Rt) No.771/2022/WRD ഉത്തരവ് പ്രകാരം 508 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. ആയതിനാൽ ഈ പദ്ധതിയുടെ സ്റ്റേജ് 1-ന്റെയും സ്റ്റേജ് 2-ന്റെയും പ്രവൃത്തികൾ സംയുക്തമായി ഉൾക്കൊള്ളിച്ചുകൊണ്ട് മൈക്രോ ഇറിഗേഷൻ സിസ്റ്റത്തിന്റെ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. എന്നാൽ ടി പ്രവൃത്തി ഈ വർഷംതന്നെ പൂർത്തിയാക്കുവാൻ പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്ന സാഹചര്യത്തിൽ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ

പദ്ധതികൾ നടപ്പിലാക്കുന്നതിൽ പ്രാവീണ്യമുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (KIIDC)-നെ പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ ചുമതലപ്പെടുത്തിക്കൊണ്ട് 01-02-2023-ലെ സ.ഉ.(സാധാ)നം. 132/2023/WRD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പാറശ്ശാല നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

277 (1067) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് വിവിധ പദ്ധതികളിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളും നടപ്പിലാക്കിയ പ്രവൃത്തികളും ഏതൊക്കെയാണെന്ന് അനുവദിച്ച തുകയുൾപ്പെടെ അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് വിവിധ പദ്ധതികളിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളും നടപ്പിലാക്കിയ പ്രവൃത്തികളും അനുവദിച്ച തുകയും

നിലവിലെ സ്ഥിതിയും ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

**ചാട്ടുകുളം മൈനർ ഇറിഗേഷൻ പദ്ധതി**

278 (1068) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം നിയോജകമണ്ഡലത്തിലെ ചാട്ടുകുളം മൈനർ ഇറിഗേഷൻ പുനരുദ്ധാരണ പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ?

കുന്നംകുളം നിയോജകമണ്ഡലത്തിലെ ചാട്ടുകുളം പുനരുദ്ധാരണമെന്ന പ്രവൃത്തിക്ക് 11-01-2022-ലെ സ.ഉ.(സാധാ) നം.21/2022/ജ.വി.വ. പ്രകാരം 2,69,00,000/- രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റിൽ വന്ന ന്യൂനതകൾ പരിഹരിക്കുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ന്യൂനതകൾ പരിഹരിച്ച് എസ്റ്റിമേറ്റ് സമർപ്പിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നല്കി പ്രവൃത്തി പ്രാവർത്തികമാക്കാവുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാഞ്ഞിരപ്പുഴ ഉദ്യാനത്തിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതിന്റെ ബിൽ മാറിനൽകാത്തത്

279 (1069) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കാഞ്ഞിരപ്പുഴ ഉദ്യാനത്തിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതിന്റെ ബിൽ യഥാസമയം മാറിനൽകാത്തതുമായി ബന്ധപ്പെട്ട് കോങ്ങാട് എം.എൽ.എ. 13-10-2022-ൽ നൽകിയ കത്തിന്റെയടിസ്ഥാനത്തിൽ അന്വേഷണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതുസംബന്ധിച്ച അറിയിപ്പ് ഏത് തീയതിയിലാണ് ചീഫ് എഞ്ചിനീയർ (ഐ&എ)-ക്ക് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ഇറിഗേഷൻ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും ഇതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥന് നിർദ്ദേശം നൽകിയ തീയതി വ്യക്തമാക്കാമോ?

(എ&ബി) കാഞ്ഞിരപ്പുഴ ഉദ്യാനത്തിൽ വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചതിന്റെ ബിൽ യഥാസമയം മാറിനൽകാത്തതുമായി ബന്ധപ്പെട്ട് കോങ്ങാട് എം.എൽ.എ. 13-10-2022-ൽ നൽകിയ കത്തിന്റെയടിസ്ഥാനത്തിൽ ഇതിനെപ്പറ്റിയുള്ള സമഗ്രമായ

അന്വേഷണത്തിനും സത്വര റിപ്പോർട്ടിനുമായി പാലക്കാട് മൈനർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ. സുരേഷ് ബാബുവിനെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത വിവരങ്ങൾ സൂചിപ്പിച്ചുകൊണ്ട് റിപ്പോർട്ട് ലഭ്യമാക്കുവാൻ 09-11-2022-ലെ കത്ത് പ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നല്കിയിരുന്നു. അതിൻപ്രകാരം ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 24-01-2023-ലെ CEIA/4870/2022-Vig7 നമ്പർ ഉത്തരവ് പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ?

ഇതുസംബന്ധിച്ച അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**നാദാപുരം നിയോജകമണ്ഡലത്തിലെ കളിവീട് അങ്കണവാടി കെട്ടിട നിർമ്മാണത്തിന് ഭൂമി**

280 (1070) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിലെ കളിവീട് അങ്കണവാടി കെട്ടിട നിർമ്മാണത്തിന്

ഇറിഗേഷൻ വകുപ്പിൽനിന്നും ഭൂമി ലഭ്യമാക്കുവാൻ നൽകിയ അപേക്ഷയിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഭൂമി എന്നത്തേയ്ക്ക് ലഭ്യമാക്കുവാൻ കഴിയുമെന്ന് പറയാമോ?

(എ&ബി) നാദാപുരം നിയോജകമണ്ഡലത്തിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിലെ കളിവീട് അങ്കണവാടി കെട്ടിട നിർമ്മാണത്തിന് ഭൂമി അനുവദിക്കുന്നതിനായുള്ള അപേക്ഷയിൽ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. തുടർന്ന് സർക്കാരിൽനിന്നും സാമൂഹ്യനീതി വകുപ്പിന്റെ ശിപാർശയുൾപ്പെടെ പ്രൊപ്പോസൽ ആവശ്യപ്പെട്ട പ്രകാരം ആയതുൾപ്പെടെ ചീഫ് എഞ്ചിനീയറിൽനിന്നും ലഭിച്ച കത്തിന്റെയടിസ്ഥാനത്തിൽ വിശദമായ റിപ്പോർട്ട് ചീഫ് എഞ്ചിനീയർ, പ്രോജക്ട് 1-നോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

## അനുമതിയില്ലാതെ നിർമ്മിച്ച മത്സ്യമാർക്കറ്റ് പകൽ വീടായി പരിവർത്തനം ചെയ്യുന്നതിന്

281 (1071) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിലെ കായക്കൊടി ഗ്രാമപഞ്ചായത്തിൽ ഇറിഗേഷൻ വകുപ്പിന്റെ ഭൂമിയിൽ മത്സ്യമാർക്കറ്റിനായി പഞ്ചായത്ത് നിർമ്മിച്ച കെട്ടിടം പൊളിച്ചുമാറ്റണമെന്ന ഇറിഗേഷൻ വകുപ്പിന്റെ ഉത്തരവ് നടപ്പിലാക്കുന്നതിനുപകരം പ്രസ്തുത കെട്ടിടം പാട്ടക്കരാർ വ്യവസ്ഥയിൽ പകൽ വീടായി പരിവർത്തനം ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്ത് നല്കിയിട്ടുള്ള അപേക്ഷ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇറിഗേഷൻ വകുപ്പ് ഭൂമി പാട്ടക്കരാർ വ്യവസ്ഥയിൽ തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിന്മേൽ പദ്ധതി വിഭാഗം-1 ചീഫ് എഞ്ചിനീയറിൽനിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ**

282 (1072) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ 2022-23 കാലയളവിൽ മേജർ ഇറിഗേഷൻ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ; അനുവദിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ 2022-23 കാലയളവിൽ മേജർ ഇറിഗേഷൻ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ 2022-23 കാലയളവിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ 2022-23 കാലയളവിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ**

283 (1073) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2016 മുതൽ 2022 വരെ മൈനർ, മേജർ ഇറിഗേഷൻ വകുപ്പുകൾ മുഖേന ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ പൂർത്തീകരിച്ചിട്ടുള്ളതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികളും അതിന്റെ വിശദാംശവും നൽകുമോ?

(എ&ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2016 മുതൽ 2022 വരെ മൈനർ, മേജർ ഇറിഗേഷൻ വകുപ്പുകൾ മുഖേന ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളും ഇതിൽ പൂർത്തീകരിച്ച പദ്ധതികളും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

## കോങ്ങാട് നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കിവരുന്ന പ്രവൃത്തികൾ

284 (1074) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് നിയോജകമണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശം ഓരോ പ്രവൃത്തിയുടെയും പുരോഗതി വിവരം സഹിതം വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വൈപ്പിൻ നിയോജകമണ്ഡലത്തിലെ ബോട്ട് ജെട്ടികളുടെ പുനരുദ്ധാരണം

285 (1075) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയിലെ പ്രധാനപ്പെട്ട ബോട്ട് ജെട്ടികളായ കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ചെറുവൈപ്പ്, മനപ്പിള്ളി, പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ചെറായി തുടങ്ങിയവയുടെ പുനരുദ്ധാരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

കുഴുപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ചെറുവൈപ്പ്, മനപ്പിള്ളി ബോട്ട് ജെട്ടികളുടെ സിവിൽ വർക്കുകൾക്കായി 84,00,000/- രൂപ വീതമുള്ള എസ്റ്റിമേറ്റും പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ചെറായി ബോട്ട് ജെട്ടിയുടെ സിവിൽ വർക്കുകൾക്കായി 97,00,000/- രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് സമർപ്പിക്കപ്പെട്ട ഇരുന്നൂറ്റി അറുപത്തിയഞ്ചുലക്ഷം രൂപയുടെ പ്രൊപ്പോസലിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ അനുമതി നൽകുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ?

(ബി&സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മാത്രമേ ടി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാൻ കഴിയുകയുള്ളൂ.

**കുന്നംകുളം നിയോജകമണ്ഡലത്തിലെ കിടായിച്ചിറ, ചെമ്മണ്ണൂർ പദ്ധതികൾ**

286 (1076) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം നിയോജകമണ്ഡലത്തിൽ ജലസേചന വകുപ്പിനുകീഴിൽ വരുന്ന കിടായിച്ചിറ സംരക്ഷണ പദ്ധതി, ചെമ്മണ്ണൂർ-പുത്തൻകുളം നവീകരണ പദ്ധതി എന്നിവയുടെ പുരോഗതി വിശദമാക്കാമോ?

കുന്നംകുളം നിയോജകമണ്ഡലത്തിലെ കിടായിച്ചിറ പുനരുദ്ധാരണം എന്ന പ്രവൃത്തിക്ക് 10-01-2023 സ.ഉ.(സാധാ) നം.32/2023/ജ.വി.വ. പ്രകാരം 300 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുന്നതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. കുന്നംകുളം നിയോജകമണ്ഡലത്തിലെ ചെമ്മണ്ണൂർ പുത്തൻകുളം നവീകരണം എന്ന

പ്രവൃത്തിക്ക് 11-01-2023-ലെ സ.ഉ. (സാ.ധാ.) നം.44/2023/ജ.വി.വ. പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്.

**കോതമംഗലം നിയോജകമണ്ഡലത്തിലെ ആമോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

287 (1077) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ ആമോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുകയുടെ ഭരണാനുമതിയാണ് ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പദ്ധതിക്കായി സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്നും പ്രസ്തുത എസ്റ്റിമേറ്റുകളിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികളും വ്യക്തമാക്കുമോ;

(ഡി) പദ്ധതിയുടെ പമ്പ് ഹൗസ് സ്ഥാപിക്കുന്നതിന് വാട്ടർ അതോറിറ്റിയുടെ സ്ഥലം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് സ്ഥലം ലഭ്യമാക്കാത്തതെന്ന് വ്യക്തമാക്കുമോ; സ്ഥലം വേഗത്തിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

(എ-ഡി) ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് 12.65 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി 10-03-2022-ലെ GO(Rt) No 183/2022/WRD ഉത്തരവ് പ്രകാരം നല്കിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള ആവോലിച്ചാൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിനോട് ചേർന്ന് പമ്പ് ഹൗസ് നിർമ്മിച്ച് പമ്പ് സെറ്റുപയോഗിച്ച് പെരിയാറിൽനിന്നും പൈപ്പിലൂടെ ജലം പമ്പ് ചെയ്ത് പേരക്കുത്ത് തോട്ടിൽ എത്തിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയുന്നത്.

കേരള വാട്ടർ അതോറിറ്റിയുടെ കോമ്പൗണ്ടിനുള്ളിൽ സ്ഥല പരിമിതിയുള്ളതിനാൽ ഹൊറിസോണ്ടൽ പമ്പ് സെറ്റിന് പകരം വെർട്ടിക്കൽ പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും ട്രാൻസ്ഫോർമർ ബിൽഡിംഗ് നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പമ്പ് ഹൗസ് നിർമ്മാണത്തിനാവശ്യമായ സ്ഥലത്തിന് കേരള വാട്ടർ അതോറിറ്റിയുടെ എൻ.ഒ.സി. ലഭ്യമായിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിനും പെരിയാറിനുമിടയ്ക്ക് വടക്ക് പടിഞ്ഞാറേ മൂലയിലുള്ള പഞ്ചായത്ത്/പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ട് വക പുറമ്പോക്ക് ഭൂമി ലഭ്യമായാൽ മാത്രമേ ടി പദ്ധതിക്കുവേണ്ട 11 കെ.വി. സപ്ലൈ ലൈനിനാവശ്യമായ പോസ്റ്റുകൾ സ്ഥാപിക്കുവാനും എർത്തിംഗ് സംവിധാനം പ്രാവർത്തികമാക്കുന്നതിനും സാധിക്കുകയുള്ളൂ.

കവളങ്ങാട് പഞ്ചായത്തിൽനിന്നും പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്. പമ്പ് ഹൗസിന്റെ ഡിസൈനിൽ മെക്കാനിക്കൽ വിഭാഗത്തിന്റെയും ഇലക്ട്രിക്കൽ വിഭാഗത്തിന്റെയും അഭിപ്രായപ്രകാരം ചില മാറ്റങ്ങൾ വരുത്തുന്നതിന് ഐ.ഡി.ആർ.ബി.-ക്ക് നല്കിയിട്ടുണ്ട്. ഫൈനൽ ഡിസൈൻ ഐ.ഡി.ആർ.ബി.-യിൽനിന്ന് ലഭ്യമായാൽ ഉടൻ വിശദമായ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി തയ്യാറാക്കുന്നതാണ്. സിവിൽ വിഭാഗത്തിൽ 412.07 ലക്ഷം രൂപ, മെക്കാനിക്കൽ വിഭാഗത്തിൽ 554 ലക്ഷം രൂപ, ഇലക്ട്രിക്കൽ വിഭാഗത്തിൽ 134 ലക്ഷം രൂപ എന്നിങ്ങനെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ഇ) പ്രസ്തുത പദ്ധതിക്കായി വനം വകുപ്പിൽനിന്നും അനുമതി ലഭ്യമായിട്ടുണ്ടോ; വനം വകുപ്പിന്റെ അനുമതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും എന്തുകൊണ്ടാണ് വനം വകുപ്പിന്റെ അനുമതി വൈകുന്നതെന്നും വ്യക്തമാക്കുമോ?

പദ്ധതിക്കായി വനം വകുപ്പിൽനിന്നും അനുമതി ലഭ്യമായിട്ടില്ല. ആവോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പൈപ്പ് സ്ഥാപിക്കാൻ ഫോറസ്റ്റിന്റെ അനുമതിക്കായി ഓൺലൈൻ വെബ്സൈറ്റായ പരിവേഷ് (Parivesh) വഴി 16-12-2021-ന് അപേക്ഷ സമർപ്പിക്കുകയും ആയതുപ്രകാരം

ഡി.എഫ്.ഒ.-യുടെ സാന്നിധ്യത്തിൽ 16-03-2022-ൽ സ്ഥലപരിശോധന നടത്തുകയും ചെയ്തുവെങ്കിലും പ്രസ്തുത സ്ഥലത്ത് മലയോര ഹൈവേ റോഡിന്റെ വീതി 12 മീറ്ററാക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ വിവിധ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തണമെന്ന് അറിയിച്ചതിൻ പ്രകാരം മലയോര ഹൈവേയുടെയും വാട്ടർ അതോറിറ്റിയുടെയും ജലസേചന വകുപ്പിന്റെയും സംയുക്ത പരിശോധന 22-03-2022-ൽ ഡി.എഫ്.ഒ.-യുടെ നേതൃത്വത്തിൽ നടത്തുകയും ചെയ്തു. മലയോര ഹൈവേയുടെ അലൈൻമെന്റിനുള്ളിൽ പൈപ്പ് ലൈൻ വന്നതിനാൽ അലൈൻമെന്റ് മാറ്റി വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയുണ്ടായി. ആയത് പ്രകാരം 16-09-2022-ൽ പരിവേഷ് പോർട്ടൽവഴി പ്രൊപ്പോസൽ പുനർസമർപ്പിച്ചിട്ടുണ്ട്. അപ്‌ലോഡ് ചെയ്ത ഡോക്യുമെന്റിന്റെ ഏരിയയിൽ വ്യത്യാസം കാണുന്നുവെന്ന് ഡി.എഫ്.ഒ.-യുടെ ഓഫീസിൽനിന്നും 8-12-2022-ൽ അറിയിക്കുകയും പരിവേഷ് പോർട്ടൽ അപ്ഡേഷൻ നടക്കുന്നതിനാൽ ഏരിയ ഓൺലൈൻവഴി തിരുത്തുവാൻ സാധിക്കാത്തതിനാൽ ഡി.എഫ്.ഒ.-യെ നേരിട്ട് കാണുകയും പോർട്ടലിൽ അപ്ഡേഷൻ നടക്കുന്നതിനാൽ അപേക്ഷ പുനഃസമർപ്പിക്കേണ്ടെന്നും ഓഫ്‌ലൈൻ മുഖേന അപേക്ഷ പരിഗണിക്കുന്നതിന് ഏരിയയിൽ വന്നിട്ടുള്ള

വ്യത്യാസങ്ങൾ കാണിച്ചുകൊണ്ട് കത്ത് നൽകുവാനും നിർദ്ദേശം നൽകി. ആയതുപ്രകാരം പ്രസ്തുത അനുമതിക്കായി ഓഫ്‌ലൈൻ മുഖേന അപേക്ഷ പരിഗണിക്കുന്നതിന് 13-12-2022-ൽ കത്ത് സമർപ്പിച്ചിരുന്നു. എന്നാൽ കണ്ണൂർ സാറ്റലൈറ്റ് ഓഫീസിൽനിന്നും 23-01-2023-ൽ ടെലിഫോൺ മുഖേന അറിയിച്ചതിൻപ്രകാരം നിലവിൽ ഓൺലൈൻ മുഖേന അപേക്ഷ പരിഗണിക്കാൻ കഴിയുന്നതിനാൽ പുതിയ അപേക്ഷ പരിവേഷ് പോർട്ടൽ വഴി 23-1-2023-ൽ സമർപ്പിച്ചിട്ടുണ്ട്.

(എഫ്) കോതമംഗലം നിയോജകമണ്ഡലത്തിലെ പ്രധാന പദ്ധതിയായ ആമോലിച്ചാൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് വേഗത്തിൽ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

പമ്പ് ഹൗസിന്റെ ഡിസൈനിൽ മെക്കാനിക്കൽ വിഭാഗത്തിന്റെയും ഇലക്ട്രിക്കൽ വിഭാഗത്തിന്റെയും അഭിപ്രായ പ്രകാരം ചില മാറ്റങ്ങൾ വരുത്തുന്നതിന് ഐ.ഡി.ആർ.ബി.-ക്ക് നല്കിയിട്ടുണ്ട്. ഐ.ഡി.ആർ.ബി.-യിൽനിന്നും അന്തിമ ഡിസൈൻ ലഭിച്ചാലുടൻ സാങ്കേതികാനുമതിക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്. വനം വകുപ്പിന്റെ അനുമതികൂടി

ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി വേഗത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പുതിയ ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ്

288 (1078) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഇറിഗേഷൻ ഇലക്ട്രിക്കൽ വിംഗിന് പ്രൈസ്-3 സോഫ്റ്റ്‌വെയർ മുഖാന്തരം ഉന്നത തലങ്ങളിലുള്ള ഓഫീസിലേയ്ക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം ഈ വർഷത്തെ ഇറിഗേഷൻ പമ്പ്ഹൗസുകളിലെ കൃഷിക്കായുള്ള പമ്പിംഗിലെ കാലതാമസം നേരിടുന്നതിന് ഇറിഗേഷൻ പമ്പ്ഹൗസുകളിൽ പകരം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിഹരിക്കുകയും ഇറിഗേഷൻ ഇലക്ട്രിക്കൽ വിംഗിന് PRICE 3.0 software മുഖാന്തരം ഉന്നത തലത്തിലുള്ള ഓഫീസുകളിലേയ്ക്ക് എസ്റ്റിമേറ്റ് സമർപ്പിക്കാൻ സാധിക്കുകയും സോഫ്റ്റ്‌വെയർ സംബന്ധമായ പ്രശ്നങ്ങളുണ്ടാകുന്ന പക്ഷം അത് എൻ.ഐ.സി.-യുമായി ബന്ധപ്പെട്ട ഐ.റ്റി. സെൽ യഥാസമയം പരിഹരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ 2022-23 സാമ്പത്തിക വർഷത്തിൽ

ഇലക്ട്രിക്കൽ പ്രവൃത്തികളുടെ ആനുവൽ മെയിന്റനൻസിനുവേണ്ടി സമർപ്പിച്ച പ്രവൃത്തികൾക്ക് യഥാസമയം ഫണ്ട് അനുവദിച്ചിട്ടുണ്ട്.

(സി) മലപ്പുറം ജില്ലയിലെ ഇറിഗേഷൻ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ കാലതാമസം ഒഴിവാക്കാൻ മലപ്പുറം ജില്ലയിൽ പുതുതായി ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് അനുവദിക്കാൻ സങ്കേതിക തടസ്സങ്ങളുണ്ടോ;

(ഡി) നിലവിൽ തൃശ്ശൂർ, മലപ്പുറം, പാലക്കാട് ജില്ലകൾക്കായി തൃശ്ശൂർ ചാലക്കുടിയിൽ ഒരു സബ് ഡിവിഷനാണുള്ളതെന്ന സാഹചര്യത്തിൽ മലപ്പുറം കേന്ദ്രമായി പുതുതായി ഇറിഗേഷൻ ഇലക്ട്രിക്കൽ സബ് ഡിവിഷൻ ഓഫീസ് അനുവദിക്കുമോ?

(സി&ഡി) നിലവിൽ പരിഗണനയിലില്ല.

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ**

289 (1079) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ അംബേദ്കർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലെ പ്രധാന കനാലിന്റെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

അംബേദ്കർ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ നിലവിലുള്ള ലീഡിംഗ് ചാനൽ സ്ഥിതി ചെയ്യുന്നത് സ്വകാര്യ വ്യക്തിയുടെ അധീനതയിലുള്ള സ്ഥലത്താണെന്ന് ഒരു തർക്കം ഉന്നയിച്ചിട്ടുണ്ട്. ആയതിനാൽ നിർമ്മാണ സാമഗ്രികൾ പ്രവൃത്തി സ്ഥലത്തേയ്ക്ക് കൊണ്ടുപോകുന്നതിനും ടിയാൻ തടസ്സവാദം ഉന്നയിച്ചിട്ടുണ്ട്. വിവിധ തലങ്ങളിൽ ചർച്ച നടന്നെങ്കിലും ഇതുവരെയും ഫലവത്തായിട്ടില്ല. പാടശേഖരത്തിലൂടെ പ്രവൃത്തി നടപ്പിലാക്കുന്നതിനുവേണ്ട സാമഗ്രികൾ എത്തിക്കണമെങ്കിൽ ഏകദേശം 400 മീറ്റർ ഹെഡ് ലീഡ് ആവശ്യമാണ്. ആയതിനാൽ ലീഡിംഗ് ചാനലിന്റെ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. ടി തർക്കം എത്രയുംവേഗം പരിഹരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു. ലീഡിംഗ് ചാനലിന്റെ നിർമ്മാണ പ്രവൃത്തിയല്ലാതെ ടി പദ്ധതിയിൽ വേറെ പ്രവൃത്തിയൊന്നും നിലവിലില്ല.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ കാരമൂട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലെ പമ്പ് ഹൗസ് നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ടി പ്രവൃത്തിയിലുൾപ്പെട്ട പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പമ്പിംഗ് ആരംഭിക്കുന്നതിനുമുമ്പ് പൂർത്തീകരിച്ചിട്ടുണ്ട്. പമ്പ് ഹൗസിന്റെ നവീകരണ പ്രവൃത്തികൾ ഉടൻതന്നെ ആരംഭിക്കാവുന്നതാണ്.

## പെരിയാർ വാലിയുടെ സ്ഥലത്ത് പൊതുകളിസ്ഥലം നിർമ്മിക്കുന്നതിനുള്ള നടപടി

290 (1080) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന പെരിയാർ വാലിയുടെ സ്ഥലത്ത് ഒരു പൊതുകളിസ്ഥലം നിർമ്മിക്കുവാനായി സ്ഥലം വിട്ടുനൽകണമെന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഐ.ആർ.1/112/2021/ഡബ്ല്യൂ.ആർ.ഡി. എന്ന ഫയലിൽ പ്രോജക്റ്റ്-2 ചീഫ് എഞ്ചിനീയർ ഇറിഗേഷൻ വകുപ്പിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ട് എത്രനാൾ ആയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫയലിൽ റിപ്പോർട്ടാവശ്യപ്പെട്ട് ആറ് മാസത്തോളമായിട്ടും റിപ്പോർട്ട് ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) മേൽ പ്രദേശത്ത് ഒരു പൊതുകളിസ്ഥലമില്ലെന്നുള്ളതും വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന പ്രസ്തുത സ്ഥലം പ്രദേശവാസികൾ കളിക്കാൻ ഉപയോഗിക്കുന്നതും പരിഗണിച്ച് ഇവിടെ ഒരു പൊതുകളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി-ഇ) ഇതിന്മേൽ പ്രോജക്ട്-2 ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

## മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം അങ്കണവാടി നിർമ്മാണത്തിന്

291 (1081) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ, ഉഴവൂർ ഗ്രാമപഞ്ചായത്തുകളിലെ മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം

അങ്കണവാടി നിർമ്മാണത്തിന് അനുവദിക്കുന്നത് സംബന്ധിച്ച് ഇറിഗേഷൻ ചീഫ് എഞ്ചിനീയർ സ്വീകരിച്ച നടപടിയെന്താണെന്ന് അറിയിക്കാമോ?

27-03-2021-ൽ മേൽ വിഷയത്തെ സംബന്ധിച്ച റിപ്പോർട്ട് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും സർക്കാരിൽ ലഭിച്ചിട്ടുണ്ട്. 17-05-2022-ൽ ഒരു അങ്കണവാടിക്ക് കുറഞ്ഞത് എത്ര സ്ഥലം ആവശ്യമായി വരുമെന്നുള്ളത് സംബന്ധിച്ച വിവരം വനിത-ശിശുക്ഷേമ വകുപ്പിൽനിന്നും ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള മറുപടി 01-02-2023-ൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഇറിഗേഷൻ ചീഫ് എഞ്ചിനീയർ പ്രസ്തുത ഫയലിന്മേൽ തീരുമാനമെടുക്കാതെ എത്ര നാൾ മാറ്റിവച്ചിരുന്നു എന്നറിയിക്കാമോ?

ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ കാലതാമസമുണ്ടായിട്ടില്ല. സർക്കാരിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിഷയത്തിൽ വനിത-ശിശുവികസന ഡയറക്ടർ മറുപടി നൽകിയിട്ട് എത്ര മാസമായി എന്നറിയിക്കാമോ?

20-08-2022-ൽ ചീഫ് എഞ്ചിനീയറുടെ കാര്യലയത്തിൽ വനിത-ശിശു വികസന ഡയറക്ടറുടെ മറുപടി ലഭിച്ചിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ സ്ഥലം മറ്റ് ഡിപ്പാർട്ടുമെന്റുകൾക്ക് അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്കെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എം.വി.ഐ.പി. വക സ്ഥലം മറ്റ് ഡിപ്പാർട്ടുമെന്റുകൾക്ക് അനുവദിച്ചിട്ടില്ല.

## കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുഴൽക്കിണറുകളുടെ നിർമ്മാണവും പരിപാലനവും

292 (1082) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ പഞ്ചായത്തിലെ രണ്ട് കുഴൽക്കിണറുകളുടെ നിർമ്മാണം സംബന്ധിച്ച് ഭൂജല വകുപ്പിൽ സമർപ്പിച്ചിരുന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;

(ബി) കുഴൽക്കിണർ നിർമ്മാണത്തിന് 6,81,233/- രൂപയുടെ അനുമതി ലഭിക്കുകയും എന്നാൽ കുഴൽകിണർ നിർമ്മാണം 3,94,181/- രൂപ ചെലവഴിച്ചുകൊണ്ട് 2021-2022 സാമ്പത്തിക വർഷത്തിൽത്തന്നെ

പൂർത്തീകരിക്കുകയും ചെയ്തുവെങ്കിലും ഈ വരൾച്ചാ കാലഘട്ടത്തിലും ജനങ്ങൾക്ക് ആയതിൽനിന്നും ജലം ലഭ്യമാകാത്തതിനുള്ള കാരണം വ്യക്തമാക്കാമോ?

(എ&ബി) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മാഞ്ഞൂർ പഞ്ചായത്തിലെ രണ്ട് കുഴൽക്കിണർ നിർമ്മാണം ഭൂജലവകുപ്പിന്റെ തനത് ഫണ്ടുപയോഗിച്ച് പൂർത്തീകരിച്ചു. വകുപ്പിന് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ശീർഷകത്തിൽ 4 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ നീക്കിയിരിപ്പുള്ളത്. ടാങ്കർ ലോറിയിൽ ജലമെത്തിക്കുന്നതും മറ്റ് ജലസ്രോതസ്സുകൾ യാതൊന്നുമില്ലാതെ കുടിവെള്ളക്ഷാമം അതിരൂക്ഷമായ സ്ഥലങ്ങൾക്കും എസ്.സി./എസ്.ടി. കോളനികൾക്കും മുൻഗണന നൽകിയാണ് പദ്ധതി അനുവദിച്ചുവരുന്നത്. ചോദ്യത്തിൽ പരാമർശിച്ചിരിക്കുന്ന സ്ഥലങ്ങളിൽ നിലവിലുള്ള കുഴൽക്കിണറുകളുടെ ജലം, ജൽജീവൻ പദ്ധതിയുടെ ഭാഗമായി ഉപയോഗിച്ച് കുടിവെള്ളം എത്തിക്കുവാനാണ് പദ്ധതിയിടുന്നത്.

(സി) 2021-22 കാലഘട്ടത്തിൽ പണി പൂർത്തീകരിച്ചശേഷവും ഭരണാനുമതി ലഭ്യമായ തുകയിൽ അവശേഷിക്കുന്ന തുക ഉപയോഗിച്ച്

ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ കുടിവെള്ളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

2021-22 സാമ്പത്തിക വർഷത്തിൽ കുഴൽക്കിണർ നിർമ്മാണത്തിന് മാത്രമാണ് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. തുടർന്ന് ഫണ്ടിന്റെ അപര്യാപ്തതമൂലം തുടർനടപടി സ്വീകരിക്കുവാൻ സാധിച്ചില്ല. പ്രസ്തുത സ്ഥലങ്ങളിൽ നിലവിലുള്ള കുഴൽക്കിണറുകളുടെ ജലം, ജൽജീവൻ പദ്ധതിയുടെ ഭാഗമായി ഉപയോഗിച്ച് കുടിവെള്ളം എത്തിക്കുവാനാണ് പദ്ധതിയിടുന്നത്.

(ഡി) ആദ്യഘട്ടത്തിൽ കുഴൽക്കിണർ നിർമ്മാണവും പിന്നീട് കുഴൽക്കിണറിലെ ജലലഭ്യതയ്ക്കനുസരിച്ച് ജലവിതരണ പദ്ധതിയും എന്നിങ്ങനെ രണ്ട് ഘട്ടങ്ങളിലായാണ് ഭൂജല വകുപ്പ് മിനി ജലവിതരണ പദ്ധതികൾക്ക് അനുമതി നൽകുന്നതെന്നിരിക്കെ ഉദ്യോഗസ്ഥ അനാസ്ഥ കാരണം പ്രസ്തുത പദ്ധതിയുടെ ഉപകരണങ്ങൾ തുരുമ്പെടുത്ത് നശിച്ചിട്ടും ഇത് പരിഹരിക്കുന്നതിനായി ഭൂജല വകുപ്പ് കഴിഞ്ഞ രണ്ട് വർഷക്കാലമായി എന്ത് നടപടി സ്വീകരിച്ചുവെന്നത് വ്യക്തമാക്കാമോ?

വകുപ്പിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് കുഴൽക്കിണർ നിർമ്മാണം മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ. പ്ലാൻ ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് തുടർനടപടി

സ്വീകരിക്കാൻ സാധിക്കാതിരുന്നത്. തുരുമ്പെടുത്ത് നശിക്കുന്ന രീതിയിലുള്ള ഉപകരണങ്ങളൊന്നും പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥാപിച്ചിട്ടില്ല. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് എപ്പോൾ വേണമെങ്കിലും കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് സജ്ജമാണ്.

(ഇ) പ്രസ്തുത പദ്ധതി സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് അറിയിക്കാമോ; ഭൂജല വകുപ്പ് മിനി ജലവിതരണത്തിന് കോട്ടയം ജില്ലയിൽ എവിടെയൊക്കെ 2021-22, 2022-23 കാലഘട്ടത്തിൽ ജലവിതരണം നടത്തിയെന്ന് അറിയിക്കാമോ?

2021-22 സാമ്പത്തിക വർഷത്തിൽ കുഴൽക്കിണർ, വകുപ്പിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതിന് ഭരണ സാങ്കേതികാനുമതി നൽകി പ്രവൃത്തി പൂർത്തീകരിച്ചിരുന്നു. കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് പ്ലാൻ ഫണ്ടിന്റെ അപര്യാപ്തതയുള്ളതിനാൽ പ്രസ്തുത സ്ഥലങ്ങളിൽ നിലവിലുള്ള കുഴൽക്കിണറുകളുടെ ജലം, ജൽജീവൻ പദ്ധതിയുടെ ഭാഗമായി ഉപയോഗിച്ച് കുടിവെള്ളം എത്തിക്കാനാണ് പദ്ധതിയിടുന്നത്. കോട്ടയം ജില്ലയിലെ വിവിധ പദ്ധതികളുടെ പട്ടിക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഗ്രൗണ്ട് വാട്ടർ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ

293 (1083) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഗ്രൗണ്ട് വാട്ടർ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കുടിവെള്ള പദ്ധതികൾ ഉപഭോക്തൃ സമിതി പരിപാലിച്ചുവരുന്നു. പൂർത്തീകരിച്ച കുഴൽക്കിണർ ഉപയോഗിച്ച് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ശുദ്ധജല ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ

294 (1084) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>:
<u>ശ്രീമതി യു. പ്രതിഭ</u>:
<u>ശ്രീ. പി. നന്ദകുമാർ</u>:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജലലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിനായി നിലവിലുള്ള പദ്ധതികൾ വിപുലീകരിച്ചും പുതിയ പദ്ധതികൾ ആവിഷ്കരിച്ചും ശുദ്ധജലം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2024-ൽ ജൽജീവൻ മിഷൻ പദ്ധതി പൂർത്തിയാകുന്നതോടെ ഗ്രാമീണ മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും കുടിവെള്ള കണക്ഷൻ നൽകാൻ കഴിയും. നഗരപ്രദേശങ്ങളിൽ വാട്ടർ കണക്ഷൻ ആവശ്യമുള്ള ഉപഭോക്താക്കൾക്ക് നഗര ശുദ്ധജല പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ കിഫ്ബി, അമൃത്, ആർ.കെ.ഐ., സംസ്ഥാന പദ്ധതി, നബാർഡ് എന്നിവയുടെ ഫണ്ടുകൾ ഉപയോഗിച്ച് നിലവിലുള്ള പദ്ധതികൾ വിപുലീകരിച്ചും പുതിയ പദ്ധതികൾ ആവിഷ്കരിച്ചും ശുദ്ധജലം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജല അതോറിറ്റിയുടെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം കുടിവെള്ള പദ്ധതികൾക്കുവേണ്ടിയുള്ള ജലസ്രോതസ്സുകൾ, ജലശുദ്ധീകരണശാലകൾ,

പമ്പിംഗ് സ്റ്റേഷനുകൾ, വിതരണ ശൃംഖലകൾ എന്നിവയിൽനിന്നും നിശ്ചിത ഇടവേളകളിൽ ജലസാമ്പിളുകൾ ശേഖരിച്ച് ജില്ലാ ലാബുകളിൽ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി എല്ലാ ജില്ലകളിലും കേരള വാട്ടർ അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജല ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ജനകീയ പങ്കാളിത്തം ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ജൽജീവൻ മിഷന്റെ സഹായത്തോടെ ഗ്രാമീണ മേഖലകളിലുള്ള കിണർ, കുഴൽക്കിണർ തുടങ്ങിയ കുടിവെള്ള സ്രോതസ്സുകളിലെ ജലം ഫീൽഡ് ടെസ്റ്റ് കിറ്റുപയോഗിച്ച് കുടുംബശ്രീയുമായി സഹകരിച്ച് ടെസ്റ്റ് ചെയ്തുവരുന്നു. കാലവർഷത്തിനുമുമ്പും ശേഷവും ജലശുദ്ധീകരണശാലയുമായി ബന്ധപ്പെട്ടുള്ള ഇൻടേക്ക് പോയിന്റിൽനിന്നും ജലം ശേഖരിച്ച് എറണാകുളം ജില്ലയിലെ നെട്ടൂരിലുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പെസ്റ്റിസൈഡ് വിഭാഗത്തിൽ 7 ഘടകങ്ങളും ഹെവി മെറ്റൽ വിഭാഗത്തിൽ 11 ഘടകങ്ങളും മറ്റ് വിഭാഗങ്ങളിലായി 25 ഘടകങ്ങളും കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം അറിയുന്നതിന് മൈക്രോബയോളജി ടെസ്റ്റുകളും നടത്തിവരുന്നുണ്ട്. ഭൗതിക-രാസ-

ജൈവഘടകങ്ങൾ അനുവദനീയമായ പരിധിക്കപ്പുറം കണ്ടെത്തുകയാണെങ്കിൽ അവയ്ക്കുള്ള പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് ജലശുദ്ധീകരണശാലയുമായി ബന്ധപ്പെട്ട ഓഫീസുകൾക്ക് നിർദ്ദേശം നൽകിവരുന്നു.

(ബി) സ്കൂളുകളിൽ ജല ഗുണനിലവാര പരിശോധനയ്ക്കുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതിനുള്ള പ്രത്യേക പരിശീലനം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും നൽകിവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ജൽജീവൻ മിഷന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിന്റെ ജില്ലാ ഓഫീസിനുകീഴിൽ 55 സ്കൂളുകളിൽ ടെസ്റ്റിംഗ് ലാബുകൾ സജ്ജീകരിച്ചിട്ടുണ്ട്. പ്രസ്തുത ലാബുകൾ ഉപയോഗപ്പെടുത്തി സ്കൂൾ നിലനിൽക്കുന്ന ജില്ലയിലെ മുഴുവൻ പ്രദേശങ്ങളും വിഭജിച്ച് ഓരോ സ്കൂളിന്റെ കീഴിൽ വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. ഇതിനാവശ്യമായ പരിശീലനം ജൽജീവൻ മിഷന്റെ കീഴിൽ നൽകാനായി ജില്ലാതല ജലശുചിത്വ മിഷൻ തീരുമാനിച്ചിട്ടുള്ളതും ഇതിനാവശ്യമായ പരിശീലനം നടത്തുന്നതിന് KEY Resource Centre ആയ 'അന്ത്യോദയ' എന്ന സന്നദ്ധ സംഘടനയോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. ഇതിന്റെ ഷെഡ്യൂൾ തയ്യാറായിവരുന്നു. കേരളത്തിലെ

പൊതുവിദ്യാലയങ്ങളിലെയും അങ്കണവാടികളിലെയും കുടിവെള്ളം ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പരിശോധന നടത്തിവരികയാണ്. മാർച്ച് മാസത്തോടെ പരിശോധന പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. വിദ്യാഭ്യാസ വകുപ്പിൽനിന്നും ആവശ്യപ്പെടുന്ന മുറയ്ക്ക് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇതുസംബന്ധിച്ച് ആവശ്യമായ പരിശീലനം നൽകുന്നതാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമീണ മേഖലയിൽ ശുദ്ധജല കണക്ഷനുകൾ നൽകുന്നതിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; കൂടുതൽ കണക്ഷനുകൾ നൽകുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

ഉണ്ടായിട്ടുണ്ട്. കേന്ദ്ര-സംസ്ഥാനങ്ങളുടെ സംയോജിത പദ്ധതിയായ ജൽജീവൻ മിഷൻ പദ്ധതി 2024-ൽ പൂർത്തിയാകുന്നതോടെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുവാൻ കഴിയും. ഈ സർക്കാർ അധികാരത്തിൽ വരുന്നതുവരെ 22,43,081 ലക്ഷം കുടിവെള്ള കണക്ഷനുകളാണ് നിലവിലുണ്ടായിരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 10,23,038 പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ട്.

## ജൽജീവൻ മിഷൻ പദ്ധതി ത്വരിതപ്പെടുത്താൻ സ്വീകരിച്ച നടപടി

295 (1085) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിൽ എത്ര കുടിവെള്ള കണക്ഷനുകൾ നൽകിയെന്ന് വിശദമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിൽ ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഗ്രാമീണ മേഖലയിൽ നൽകിയ കുടിവെള്ള കണക്ഷനുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും നൽകിയ തുക എത്രയെന്ന് വേർതിരിച്ച് വ്യക്തമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതിക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകിയ തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതി ത്വരിതപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് ജൽജീവൻ പദ്ധതി നിർവ്വഹണത്തിനായി സംസ്ഥാന-ജില്ലാ-ഗ്രാമതലങ്ങളിൽ വിവിധ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ജൽജീവൻ പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിവിധ തലങ്ങളിൽ ഉദ്യോഗസ്ഥർ നിരന്തരം വിലയിരുത്തുന്നുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. ബഹുമാനപ്പെട്ട സംസ്ഥാന മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിലുൾപ്പെടുത്തി പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ജില്ലകൾതോറും നേരിട്ട് എം.എൽ.എ.-മാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംഗുകൾ വിളിച്ചുചേർത്ത് ജൽജീവൻ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതി പ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ പദ്ധതിയുടെ പുരോഗതി കേന്ദ്ര സർക്കാർ നിരന്തരം വിലയിരുത്തുന്നുണ്ട്. പദ്ധതി നിർവ്വഹണത്തിന്റെ ഏകോപനത്തിനായി സംസ്ഥാന തലത്തിൽ ഒരു സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിച്ച് പദ്ധതി പുരോഗതി നിരന്തരം വിലയിരുത്തുകയും ഏകോപന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ വിവിധ വകുപ്പുകളിൽനിന്നും ലഭ്യമാകേണ്ടുന്ന അനുമതികൾക്കായി

ബന്ധപ്പെട്ട വകുപ്പുകളുമായി ആവശ്യമായ ഇടപെടലുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്നുണ്ട്. പദ്ധതി നിർവ്വഹണ പുരോഗതി പൊതുജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ കേരള വാട്ടർ അതോറിറ്റിയുടെയും കേന്ദ്രസർക്കാരിന്റെയും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം അവലോകനം നടത്തി പദ്ധതി നിർവ്വഹണത്തിൽ തടസ്സങ്ങൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**ജൽജീവൻ മിഷന്റെ പ്രവർത്തനം**

296 (1086) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ളമെത്തിക്കുന്ന ജൽജീവൻ മിഷന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷൻ നൽകി കുടിവെള്ള ലഭ്യത ഉറപ്പാക്കുവാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് ജൽജീവൻ മിഷൻ (JJM). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ

അംഗീകൃത ഗുണനിലവാര മാനദണ്ഡങ്ങൾ ഉറപ്പാക്കിക്കൊണ്ട് പ്രതിദിന ആളോഹരി ജലലഭ്യത ഏറ്റവും കുറഞ്ഞത് 55 ലിറ്റർ എന്ന കണക്കിൽ കുടിവെള്ളം ടാപ്പ് കണക്ഷനുകൾവഴി ലഭ്യമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

സംസ്ഥാനത്താകെയുള്ള 70.69 ലക്ഷം ഗ്രാമീണ വീടുകളിൽ, 2020 ഏപ്രിലിലെ കണക്കനുസരിച്ച് 17.5 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകളാണ് (24.76%) നിലവിലുണ്ടായിരുന്നത്. ദേശീയ തലത്തിൽ 2019-ൽ പദ്ധതി പ്രഖ്യാപിച്ചുവെങ്കിലും കേരളത്തിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചത് 2020-21 കാലയളവിലാണ്. നിലവിൽ ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ നല്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്ത് 53,34,736 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 40,203.61 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും ടാപ്പ് കണക്ഷനുകൾവഴി കുടിവെള്ളം ലഭ്യമാകുന്നതാണ്.

ജൽജീവൻ മിഷൻ പദ്ധതിയിൽ ഏറ്റെടുത്ത പ്രവൃത്തികളിലുൾപ്പെടുത്തി 2020-21 കാലയളവിൽ 4.04 ലക്ഷം കുടിവെള്ള കണക്ഷനും 2021-22

കാലയളവിൽ 6.64 ലക്ഷം കുടിവെള്ള കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ ഭാഗമായുള്ള നിയന്ത്രണവും വെള്ളപ്പൊക്കവും പൈപ്പ് തുടങ്ങിയ മെറ്റീരിയൽസിന്റെ വില വർദ്ധനവും കാരണം പദ്ധതി നിർവ്വഹണത്തിൽ തടസ്സങ്ങൾ നേരിട്ടിരുന്നു. 2022-23 സാമ്പത്തിക വർഷം ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഇതുവരെ (01-02-2023 വരെ) 4.48 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇപ്രകാരം ജൽജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനുശേഷം നിലവിലെ കണക്ക് പ്രകാരം ആകെയുള്ള കണക്ഷനുകളുടെ എണ്ണം 32.66 ലക്ഷമായി ഉയർന്നിട്ടുണ്ട്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 46.20% ആണ്. 2024-ഓടെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുവാൻ ലക്ഷ്യമിട്ടാണ് പദ്ധതി പ്രവർത്തനം നടന്നുവരുന്നത്. നിലവിൽ 39 പഞ്ചായത്തുകളിൽ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഗ്രാമീണ സ്കൂളുകളിലും അങ്കണവാടികളിലും ശുദ്ധജല ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനയ്ക്കായി 5000-ത്തിൽപ്പരം കുടുംബശ്രീ വനിതകൾക്ക് പരിശീലനം നൽകി പരിശോധനകൾ നടത്തിവരുന്നു. കൂടാതെ വാട്ടർ അതോറിറ്റിയുടെ 82 കുടിവെള്ള ഗുണനിലവാര പരിശോധന ലാബുകൾക്ക് എൻ.എ.ബി.എൽ.

അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതികൾക്കാവശ്യമായ സ്ഥലം എല്ലായിടത്തും ലഭ്യമല്ലാത്തതും പദ്ധതി ഘടകങ്ങൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത്, റെയിൽവേ, നാഷണൽ ഹൈവേ അതോറിറ്റി, വനം വകുപ്പ് തുടങ്ങിയ മറ്റ് വകുപ്പുകളിൽനിന്നും ലഭ്യമാകേണ്ട അനുമതികൾ ലഭിക്കുന്നതിലെ തടസ്സങ്ങളും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നുണ്ട്.

(ബി) അപ്രകാരം ലഭിക്കുന്ന കുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പുവരുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും (എസ്.ആർ.ഐ.) 14 ജില്ലാ ലാബുകളും 69 ഉപജില്ലാ ലാബുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 2020-21, 2021-22 കാലയളവിൽ നിലവിലുണ്ടായിരുന്ന 14 ജില്ലാ ലാബുകളുടെയും 32 ഉപജില്ലാ ലാബുകളുടെയും കൂടാതെ അധികമായി സ്ഥാപിച്ച 37 ഉപജില്ലാ ലാബുകളുടെയും നവീകരണ പ്രക്രിയ പൂർത്തിയാക്കിയിട്ടുണ്ട്. ഇവയിൽ പാലാ, കാരഡ്ക്ക എന്നീ രണ്ട് ഉപജില്ലാ ലാബുകളൊഴികെ മറ്റ് എല്ലാ

ലാബുകൾക്കും 2021-22 കാലയളവിൽ എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ ലഭിച്ചിട്ടുള്ളതാണ്. ഈ ലാബുകളുടെ പ്രവർത്തനത്തിനാവശ്യമായ ഉയർന്ന ഗുണനിലവാരത്തിലുള്ള ലാബ് ഉപകരണങ്ങൾ, കെമിക്കലുകൾ, ഗ്ലാസ് വെയറുകൾ എന്നിവ ലഭ്യമാക്കിയിട്ടുള്ളതാകുന്നു. കൂടാതെ കെമിസ്റ്റുമാർ അടക്കമുള്ള ജീവനക്കാരെ ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഇതിനുവേണ്ടി നിയമിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലകളിൽനിന്ന് എല്ലാ മാസവും ഓരോ ഉപജില്ലാ ലാബുകളും ഇരുന്നൂറ്റിയമ്പതോളം ജലസാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ പരിശോധിച്ചുവരുന്നുണ്ട്. ഇതിൽനിന്നും തെരഞ്ഞെടുക്കുന്ന സാമ്പിളുകൾ ജില്ലാ ലാബുകളിൽ പരിശോധിക്കുകയും കൂടുതൽ പരിശോധന ആവശ്യമുള്ള സാമ്പിളുകൾ നെട്ടൂരിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് റെഫറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ (എസ്.ആർ.ഐ.) പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ജല ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ജനകീയ പങ്കാളിത്തം ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ജൽജീവൻ മിഷന്റെ സഹായത്തോടെ ഗ്രാമീണ മേഖലകളിലുള്ള കിണർ, കുഴൽക്കിണർ തുടങ്ങിയ കുടിവെള്ള സ്രോതസ്സുകളിലെ ജലം ഫീൽഡ് ടെസ്റ്റ് കിറ്റുപയോഗിച്ച് കുടുംബശ്രീയുമായി സഹകരിച്ച് പരിശോധിച്ചുവരുന്നു.

(സി) ജൽജീവൻ മിഷന് പുറമെയുള്ള വിവിധ കുടിവെള്ള പദ്ധതികളിലെ വെള്ളത്തിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനും ശുദ്ധത ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി ജല അതോറിറ്റിയുടെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം കുടിവെള്ള പദ്ധതികളുടെ ജല സ്രോതസ്സുകളിൽനിന്നും ജലശുദ്ധീകരണശാലകളിൽനിന്നും പമ്പിംഗ് സ്റ്റേഷനുകളിൽനിന്നും വിതരണ ശൃംഖലകളിൽനിന്നും നിശ്ചിത ഇടവേളകളിൽ ജലസാമ്പിളുകൾ ശേഖരിച്ച് ജില്ലാ ലാബുകളിൽ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മൺസൂണിനുമുമ്പും ശേഷവും കുടിവെള്ള വിതരണ പദ്ധതികളുടെ ഇൻടേക്ക് പോയിന്റിൽനിന്നും ജലം ശേഖരിച്ച് നെട്ടൂരിലുള്ള സ്റ്റേറ്റ് റെഫറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പെസ്റ്റിസൈഡ് കീടനാശിനി (പെസ്റ്റിസൈഡ്) വിഭാഗത്തിൽ 7 ഘടകങ്ങളും

ഘനലോഹങ്ങളുടെ (ഹെവി മെറ്റൽ) വിഭാഗത്തിൽ 11 ഘടകങ്ങളും മറ്റ് വിഭാഗങ്ങളിലായി 25 ഘടകങ്ങളും കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം അറിയുന്നതിന് മൈക്രോബയോളജി ടെസ്റ്റുകളും നടത്തിവരുന്നുണ്ട്. ഭൗതിക/രാസ/ജൈവഘടകങ്ങൾ അനുവദനീയമായ പരിധിക്കപ്പുറം വരികയാണെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ജല ശുദ്ധീകരണശാലയുമായി ബന്ധപ്പെട്ട ഓഫീസുകളിൽ നിർദ്ദേശം നൽകുകയും ചെയ്തുവരുന്നുണ്ട്.

**ജൽജീവൻ മിഷൻ കുടിവെള്ള പദ്ധതി**

297 (1087) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽജീവൻ മിഷൻ മുഖേന കുടിവെള്ള വിതരണം നടത്തുന്ന പദ്ധതിക്ക് ആകെ എത്ര രൂപയാണ് ചെലവ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ജൽജീവൻ മിഷൻ പദ്ധതിയിലൂടെ ഗ്രാമീണ മേഖലയിൽ കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി 40,203.61 കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) ഇതിൽ കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം എന്നിവ എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ജൽജീവൻ പദ്ധതിയുടെ 50% കേന്ദ്ര വിഹിതം, 25% സംസ്ഥാന വിഹിതം, 15% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം, 10% ഗുണഭോക്തൃ വിഹിതം എന്ന നിരക്കിലാണ് നിശ്ചയിച്ചിട്ടുള്ളത്.

(സി) തദ്ദേശസ്ഥാപനങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ ഇതിലുണ്ടോ; എങ്കിൽ എത്ര രൂപ വീതമാണെന്നുള്ളത് വ്യക്തമാക്കുമോ; പ്രസ്തുത വിഹിതം സംസ്ഥാന സർക്കാർ നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അപ്രകാരം തീരുമാനമെടുക്കുമോ?

പദ്ധതി ചെലവിന്റെ 15% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും 10% ഗുണഭോക്തൃ വിഹിതവുമായയാണ് നിശ്ചയിച്ചിട്ടുള്ളത്.

(ഡി) ഈ പദ്ധതിയിൽ സംസ്ഥാനത്ത് എത്ര കണക്ഷൻ നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും അതിൽ എത്ര കണക്ഷൻ ഇതുവരെ നൽകിയെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ജൽജീവൻ മിഷൻ പദ്ധതിയിലൂടെ ഗ്രാമീണ മേഖലയിൽ 5334736 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാനാണ്

ലക്ഷ്യമിട്ടിട്ടുള്ളത്. അതിൽ 31-01-2023 വരെ 1515840 കണക്ഷൻ നൽകിയിട്ടുണ്ട്.

(ഇ) കണക്ഷൻ നൽകുന്നതിന് ട്രഞ്ച് എടുത്ത തദ്ദേശസ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ നന്നാക്കുന്നതിന് പണം നീക്കിവച്ചിട്ടുണ്ടോ; എങ്കിൽ ട്രഞ്ച് എടുത്ത എല്ലാ ഗ്രാമീണ റോഡുകളും പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ ഒന്നും രണ്ടും മൂന്നും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാർ (എസ്.എൽ.എസ്.എസ്.സി.) അംഗീകരിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം റോഡുകൾ താൽക്കാലികമായി പുനഃസ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുനഃസ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിലാണ്. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ അൺറ്റൈഡ് ഗ്രാന്റും ഇതിനായി പഞ്ചായത്തുകൾക്ക് ഉപയോഗിക്കുവാൻ അനുമതിയുണ്ട്. നാലും അഞ്ചും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് അനുമതി നേടി ഭരണാനുമതി

നൽകിയ പദ്ധതികളിൽ റോഡുകളുടെ പുനഃസ്ഥാപനത്തിനുള്ള തുകകൂടി എസ്റ്റിമേറ്റിലുൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്.

(എഫ്) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ജൽജീവൻ മിഷൻ പദ്ധതി 2024 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**കോഴിക്കോട് ജില്ലയിലെ ജൽജീവൻ മിഷൻ പദ്ധതി**

298 (1088) ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി, ചാത്തമംഗലം ജലശുദ്ധീകരണശാല നിർമ്മാണ കരാറിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് ഒരു കരാറുകാരനിലേയ്ക്ക് എത്തിച്ചേരുന്ന വിധത്തിലാണ് മാനദണ്ഡങ്ങൾ രൂപപ്പെടുത്തിയിരിക്കുന്നതെന്ന പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ

പരാതിയുടെ അടിസ്ഥാനത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇതിലെ കുറ്റക്കാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ-സി) ഇതുസംബന്ധിച്ച് സർക്കാരിൽ ലഭിച്ച പരാതി 27-12-2022-ലെ B2/178/2022-WRD കത്ത് പ്രകാരം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്മേൽ വിശദമായ പരിശോധന നടന്നുവരുന്നു. അത് പൂർത്തിയാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

**ജൽജീവൻ മിഷൻ പദ്ധതി**

299 (1089) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ താഴെക്കോട്, ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ പ്രവർത്തനം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ താഴെക്കോട്, ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ വിവിധ പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) ഒന്നാംഘട്ടത്തിൽ ഇരുപഞ്ചായത്തുകളിലായി എത്ര കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

താഴെക്കോട്, ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 13086 കണക്ഷനുകളാണ് നൽകാൻ ഉദ്ദേശിക്കുന്നത്.

**കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

300 (1090) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതി മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജൽജീവൻ മിഷൻ പദ്ധതി പ്രകാരം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.+

(ബി) ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിയ പല വീടുകളിലും കൃത്യമായി വെള്ളം ലഭിക്കുന്നില്ലെന്ന് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(ബി&സി) എല്ലാ വീടുകളിലും കുടിവെള്ളം ലഭിക്കുന്നുണ്ട്. ചില സമയങ്ങളിൽ വിതരണ പൈപ്പ് ലൈനുകളിലുണ്ടാകുന്ന ലീക്കേജുമൂലം വെള്ളം ലഭിക്കുന്നില്ലെന്ന പരാതി ലഭിക്കാറുണ്ട്. പരാതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ കരാറുകാർ മുഖേന പൈപ്പുകളുടെ അറ്റകുറ്റപ്പണി നടത്തി ജലവിതരണം സുഗമമാക്കാറുണ്ട്.

**ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ**

301 (1091) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി ഗ്രാമപഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ 9 പഞ്ചായത്തുകളിലെ ജൽജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

(ബി) ജലനിധി, ഗ്രാമപഞ്ചായത്തുകളുടെ തനത് കുടിവെള്ള പദ്ധതി എന്നിവ നിലനിൽക്കുന്ന പ്രസ്തുത നിയോജകമണ്ഡലത്തിൽ ജൽജീവൻ പദ്ധതി നടപ്പിലാക്കുമ്പോൾ ഒരേ പ്രദേശത്ത് രണ്ട് കുടിവെള്ള പദ്ധതിയും രണ്ട് കണക്ഷനും വരാൻ സാധ്യതയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതുസംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തലത്തിലാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോയെന്ന് അറിയിക്കാമോ?

നിലവിൽ ഏതെങ്കിലും ശുദ്ധജലവിതരണ പദ്ധതിവഴി കുടിവെള്ള കണക്ഷൻ ലഭ്യമായതും ജൽജീവൻ മിഷൻ മാർഗ്ഗരേഖ പ്രകാരം ദേശീയ ശരാശരിയായ ഒരാൾക്ക് ഒരു ദിവസം 55 ലിറ്റർ എന്ന നിരക്കിൽ ജലലഭ്യതയുള്ളതുമായ കുടുംബങ്ങൾക്ക് പുതുതായി കണക്ഷൻ നൽകുന്നില്ല. അപ്രകാരം ലഭിക്കാത്ത കുടുംബങ്ങൾക്ക് ജൽജീവൻ പദ്ധതിവഴി കണക്ഷൻ നൽകുന്നുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ജൽജീവൻ മിഷൻ പദ്ധതിയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട്

302 (1092) ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ നെയ്യാറ്റിൻകര നഗരസഭ, അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്തുകളിൽ ജൽജീവൻ പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ സ്ഥലത്തും എത്ര കോടി രൂപയുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) ആണ് അംഗീകരിച്ചതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024-ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണ് ജൽജീവൻ മിഷൻ പദ്ധതി. ആയതിനാൽ നെയ്യാറ്റിൻകര നഗരസഭ പ്രസ്തുത പദ്ധതിയിലുൾപ്പെടുന്നതല്ല. നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി ഡി.പി.ആർ. പരിശോധിച്ച് അംഗീകാരം നൽകിയ പ്രവൃത്തികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഏതൊക്കെ പഞ്ചായത്തുകളിലാണ് പ്രവൃത്തി ആരംഭിച്ചതെന്ന് വിശദമാക്കുമോ?

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലുൾപ്പെടുന്ന അതിയന്നൂർ, ചെങ്കൽ, കാരോട്, കുളത്തൂർ, തിരുപുറം എന്നീ പഞ്ചായത്തുകളിൽ ജൽജീവൻ മിഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

**കൃഷിക്കാരുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി**

303 (1093) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിലെ വേങ്ങാടിക്കൽ പമ്പ് ഹൗസിൽ ഒരു വർഷത്തിന് മുൻപ് സ്ഥാപിച്ച 40 എച്ച്.പി. മോട്ടോർ ഇതുവരെ പ്രവർത്തനക്ഷമമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാര്യക്ഷമമായി വെള്ളം പമ്പ് ചെയ്യാൻ സാധിക്കാത്തത് കാരണം നെൽക്കൃഷി ചെയ്യാൻ സാധിക്കാതെ നിരവധി കൃഷിക്കാർ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സ്വീകരിക്കുന്ന അടിയന്തര നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

പഴയ 60 HP മോട്ടോർ പമ്പ് സെറ്റ് ഉപയോഗിച്ചാണ് കഴിഞ്ഞ വർഷം വരെ പമ്പിംഗ് നടത്തിയിരുന്നത്. എല്ലാ വർഷവും നിരവധി തവണ റിപ്പയർ ചെയ്തുകൊണ്ടാണ് ഈ പമ്പ് സെറ്റ് പ്രവർത്തിപ്പിക്കാറുള്ളത്. എന്നാൽ പ്രസ്തുത പമ്പ് സെറ്റ് കഴിഞ്ഞ സീസൺ അവസാനിക്കുന്ന സമയത്ത് റിപ്പയർ ചെയ്തിട്ടും പ്രവർത്തനക്ഷമമാകാതെ വന്നതിനാൽ പുതിയ 60 HP പമ്പ് സെറ്റ് സ്ഥാപിച്ച് ഇപ്പോൾ പമ്പിംഗ് നടത്തിവരികയാണ്. അതുപ്രകാരം കൃഷി ചെയ്യാനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. കൂടാതെ കേടായ 40 HP പമ്പ് സെറ്റ് റിപ്പയർ ചെയ്യുന്നതിനുള്ള പ്രവൃത്തി 60 ശതമാനം പുരോഗതിയിലുമാണ്.

## ജലവിഭവ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ തസ്തികകളിലെ ഒഴിവുകൾ

304 (1094) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ; അവയിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്യാനുള്ളവ എത്രയാണെന്നും

അവ റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ?

ജലസേചന വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പി.എസ്.സി. വഴി നികത്തേണ്ട 20 ഒഴിവുകൾ 24-01-2023-ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ 65 ഒഴിവുകളിൽ 64 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 01-02-2023-ൽ നിലവിൽവന്ന ഒരു ഒഴിവ് റിപ്പോർട്ട് ചെയ്യാനുണ്ട്. ഭൂജല വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തിക നിലവിലില്ല.

(ബി) വകുപ്പിൽ ഓവർസിയർ ഗ്രേഡ് I, II, III (സിവിൽ) തസ്തികകളിൽ നേരിട്ടുള്ള നിയമനത്തിനുള്ളവയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ; അവയിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തവ എത്രയാണെന്നും റിപ്പോർട്ട് ചെയ്യാനുള്ളത് എത്രയാണെന്നും വിശദമാക്കാമോ?

ജലസേചന വകുപ്പിൽ ഓവർസിയർ ഗ്രേഡ് I (സിവിൽ) തസ്തികയിൽ നിലവിലുള്ള 46 ഒഴിവുകളും ഓവർസിയർ ഗ്രേഡ് II (സിവിൽ) തസ്തികയിൽ

നിലവിലുള്ള 45 ഒഴിവുകളും ഓവർസിയർ ഗ്രേഡ് III (സിവിൽ) തസ്തികയിൽ നിലവിലുള്ള 98 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള വാട്ടർ അതോറിറ്റിയിൽ ഓവർസിയർ ഗ്രേഡ് 3/ട്രെയ്സർ തസ്തികയിൽ 178 ഒഴിവുകളിൽ 136 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 30 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ഓവർസിയർ ഗ്രേഡ്2/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2 തസ്തികയിലുള്ള 121 ഒഴിവുകളിൽ 119 ഒഴിവുകളും ഓവർസിയർ ഗ്രേഡ് 1/ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 തസ്തികയിലെ 10 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭൂജല വകുപ്പിൽ ഓവർസിയർ തസ്തിക നിലവിലില്ല.

(സി) ജലവിഭവ വകുപ്പിലെ ഗ്രേഡ് III (സിവിൽ) ഓവർസിയർ തസ്തികയുടെ നിലവിലുള്ള ഇൻകമ്പൻസി രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ജലസേചന വകുപ്പിലെ ഗ്രേഡ് III (സിവിൽ) ഓവർസിയർമാരുടെ ഇൻകമ്പൻസി വിവരങ്ങൾ ഡിജിറ്റലായിട്ടാണ് സൂക്ഷിച്ചിട്ടുള്ളത്. ആയതിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.+ കേരള വാട്ടർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതോറിറ്റിയിലെ നിലവിലെ 412 ഓവർസിയർ ഗ്രേഡ് 3 ജീവനക്കാരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

## ജലശുദ്ധീകരണ പ്ലാന്റുകളുടെ പ്രവർത്തനക്ഷമത

305 (1095) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിന് ഉപയോഗിക്കുന്ന ജലശുദ്ധീകരണ പ്ലാന്റുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

സംസ്ഥാനത്ത് കുടിവെള്ള വിതരണത്തിന് ഉപയോഗിക്കുന്ന ജലശുദ്ധീകരണ പ്ലാന്റുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് ചില പ്രാഥമിക പഠനങ്ങൾ നടത്തിവരുന്നു. സർക്കാർ സ്ഥാപനമായ എനർജി മാനേജ്മെന്റ് സെന്ററും (EMC) കേരള വാട്ടർ അതോറിറ്റി എനർജി ഓഡിറ്റ് വിഭാഗവും പ്ലാന്റുകൾ സന്ദർശിച്ച് പ്ലാന്റുകളുടെ വിവിധ ഘടകങ്ങളുടെ പ്രവർത്തനക്ഷമതയും പമ്പുകളുടെ കാര്യക്ഷമതയും പരിശോധിക്കുന്നുണ്ട്. പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഫണ്ടുകളുടെ ലഭ്യതയനുസരിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുവാനുള്ള പ്രവൃത്തികൾ നടത്തിവരുന്നു. കൂടാതെ കൊച്ചി കറുക്കുറ്റി കുടിവെള്ള സ്കീമിന്റെ പ്രവർത്തന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓഡിറ്റ്, ജല ശുദ്ധീകരണശാലയുൾപ്പെടെ ഒരു പൈലറ്റ് പ്രോജക്ടായി ബ്യൂറോ വെരിറ്റസ് (BV) എന്ന സ്ഥാപനം മുഖേന നടത്തുകയുണ്ടായി. കൂടുതൽ വിശദാംശങ്ങളോടെ ഈ പൈലറ്റ് പഠനം നടത്തുവാനും ഇതുപോലുള്ള പഠനങ്ങൾ മറ്റ് ജലശുദ്ധീകരണശാലകളിലേയ്ക്ക് വ്യാപിപ്പിക്കുവാനും ആലോചനയുണ്ട്. കേരള വാട്ടർ അതോറിറ്റി ക്വാളിറ്റി കൺട്രോൾ വിഭാഗവും ജലശുദ്ധീകരണ പ്ലാന്റുകൾ സന്ദർശിച്ച് റിപ്പോർട്ട് നൽകാറുണ്ട്.

(ബി) കാലപ്പഴക്കം ചെന്ന പ്ലാന്റുകൾ വരുത്തിവയ്ക്കുന്ന ജലപ്രതിസന്ധിയും ഊർജ്ജനഷ്ടവും പരിഹരിക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

സ്റ്റേറ്റ് പ്ലാൻ, ജൽജീവൻ മിഷൻ, അമൃത്, കിഫ്ബി തുടങ്ങിയ പദ്ധതികളിലുൾപ്പെടുത്തി കാലപ്പഴക്കം ചെന്ന പ്ലാന്റുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ ഊർജ്ജനഷ്ടം പരിഹരിക്കുന്നതിന് സർക്കാർ സ്ഥാപനമായ എനർജി മാനേജ്മെന്റ് സെന്ററും (EMC) കേരള വാട്ടർ അതോറിറ്റി എനർജി ഓഡിറ്റ് വിഭാഗവും പ്ലാന്റുകൾ സന്ദർശിച്ച് പ്ലാന്റുകളുടെ വിവിധ ഘടകങ്ങളുടെ പ്രവർത്തന ക്ഷമതയും പമ്പുകളുടെ കാര്യക്ഷമതയും പരിശോധിക്കുന്നുണ്ട്.

പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഫണ്ടുകളുടെ ലഭ്യതയനുസരിച്ച് കാര്യക്ഷമത വർദ്ധിപ്പിക്കുവാനുള്ള പ്രവൃത്തികൾ നടത്തിവരുന്നു.

**കേരള വാട്ടർ അതോറിറ്റി ഉല്പാദിപ്പിക്കുന്ന ശുദ്ധജലവും വിതരണവും**

306 (1096) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി 2010 മുതൽ 2022 വരെയുള്ള കാലയളവിൽ ഉത്പാദിപ്പിച്ച ശുദ്ധജലത്തിന്റെ അളവ് ദശലക്ഷം ലിറ്റർ യൂണിറ്റ് അളവിൽ വർഷം തിരിച്ച് പട്ടികയാക്കി ലഭ്യമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയിൽ 2010 മുതൽ 2022 വരെയുള്ള കാലയളവിൽ ഉത്പാദിപ്പിച്ച ശുദ്ധജലത്തിന്റെ അളവ് വർഷം തിരിച്ച് പട്ടിക രൂപത്തിൽ അനുബന്ധമായി ചേർക്കുന്നു.+

(ബി) 2010 മുതൽ 2022 നവംബർ വരെയുള്ള കാലയളവിലെ ശുദ്ധജല ഉല്പാദനത്തിന്റെ ചെലവ് ഒരു കിലോ ലിറ്ററിന് ഓരോ വർഷത്തിലും എത്രയാണെന്നത് സംബന്ധിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2010 മുതൽ 2022 നവംബർ വരെയുള്ള കാലയളവിലെ ശുദ്ധജല ഉല്പാദനത്തിന്റെ ചെലവ് സംബന്ധിച്ച കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(സി) കേരള വാട്ടർ അതോറിറ്റിക്ക് 2002 മുതൽ 2022 വരെ നൽകിയിട്ടുള്ള നോൺ പ്ലാൻ ഗ്രാന്റ്, പ്ലാൻ ഫണ്ട് എന്നിവ വാട്ടർ അതോറിറ്റി വിനിയോഗിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം റവന്യൂവർഷം തിരിച്ച് വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റിക്ക് 2002 മുതൽ 2022 വരെ നൽകിയിട്ടുള്ള നോൺ പ്ലാൻ ഗ്രാന്റ്, പ്ലാൻ ഫണ്ട് എന്നിവ വർഷം തിരിച്ച് അനുബന്ധമായി ചേർക്കുന്നു.+

(ഡി) 1 കിലോ ലിറ്റർ ശുദ്ധജലം ഉല്പാദിപ്പിക്കാനുണ്ടാകുന്ന ചെലവ് എന്തൊക്കെ മാനദണ്ഡങ്ങളും സൂത്രവാക്യവും ഉപയോഗിച്ചാണ് കണക്കാക്കുന്നതെന്ന് അറിയിക്കാമോ?

ശുദ്ധജലവിതരണവും അതിന്റെ അനുബന്ധ പ്രവർത്തനങ്ങൾക്കായി കേരള വാട്ടർ അതോറിറ്റിക്ക് ഒരു വർഷം ചെലവാകുന്ന ആകെ ചെലവിനെ ഒരു വർഷത്തെ ആകെ വിതരണത്തിന് ലഭ്യമായ കുടിവെള്ളത്തിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അളവിലേയ്ക്ക് പരിവർത്തനം ചെയ്താണ് ഒരു കിലോ ലിറ്ററിന് ചെലവാകുന്ന തുക കണക്കാക്കുന്നത്.

(ഇ) നിലവിൽ കേരള വാട്ടർ അതോറിറ്റി ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവൃത്തിക്കുന്നതെന്നത് വ്യക്തമാക്കുമോ; എങ്കിൽ ലാഭം/നഷ്ടം എത്ര കോടി രൂപയെന്ന് അറിയിക്കുമോ?

കേരള ജല അതോറിറ്റി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കേരള ജല അതോറിറ്റി ബോർഡ് അംഗീകരിച്ച് അക്കൗണ്ട് ജനറലിന് (ഓഡിറ്റ്) സമർപ്പിച്ച 2021-22 വാർഷിക കണക്ക് പ്രകാരം 31-03-2022-ലെ സഞ്ചിത നഷ്ടം 4911.42 കോടി രൂപയാണ്. പ്രസ്തുത സാമ്പത്തിക വർഷത്തെ നഷ്ടം 824.33 കോടി രൂപയാണ് (മുൻ കാലയളവിലെ ക്രമപ്പെടുത്തലുൾപ്പെടെ).

(എഫ്) നോൺ റവന്യൂ വാട്ടർ (NRW) എന്താണെന്നും അത് നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്നും വ്യക്തമാക്കുമോ; നോൺ റവന്യൂ വാട്ടർ, നോൺ വാട്ടർ റവന്യൂ (മറ്റിതര വരുമാനം) എന്നീ ഇനങ്ങളിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ ലഭിച്ച നഷ്ടവും വരുമാനവും സംബന്ധിച്ച വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ?

ആകെ ഉല്പാദിപ്പിക്കുന്ന ജലത്തിന്റെ അളവും വിതരണ ശൃംഖലവഴി ഉപഭോക്താവിന്റെ പക്കലെത്തി ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും

തമ്മിലുള്ള വ്യത്യാസത്തെ വരുമാനരഹിത ജലമായാണ് (Non-Revenue Water) കണക്കാക്കുന്നത്. ഇത് പ്രധാനമായും രണ്ട് ഘടകങ്ങളെ ആശ്രയിച്ചാണ് കണക്കാക്കുന്നത് - പൈപ്പുകളിലൂടെയും മറ്റും ചോർച്ച കാരണം യഥാർത്ഥത്തിലുണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ, മോഷണം തുടങ്ങിയവ കാരണം ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്താൻ കഴിയാത്തതുകൊണ്ടുള്ള നഷ്ടവും (വാണിജ്യ നഷ്ടം). കേരള വാട്ടർ അതോറിറ്റിയുടെ മൊത്തം ഉത്പാദനശേഷിയും ആകെ ബിൽ ചെയ്യുന്ന വെള്ളത്തിന്റെ അളവും കണക്കിലെടുത്ത് വരുമാനരഹിത ജലത്തിന്റെ അളവ് (Non-Revenue Water) ഏകദേശം 40-45 ശതമാനത്തോളമാണെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ ഭൗതിക നഷ്ടവും (Physical Loss) വാണിജ്യ നഷ്ടവും (Commercial loss) ഉൾപ്പെടുന്നു. അതോറിറ്റിയെ സംബന്ധിച്ച് ഇവ വേർതിരിച്ച് നിർണ്ണയിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. ആയതിനാൽ നോൺ റവന്യൂ വാട്ടർ, നോൺ വാട്ടർ റവന്യൂ (മറ്റിതര വരുമാനം) എന്നീ ഇനങ്ങളിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ ലഭിച്ച നഷ്ടവും വരുമാനവും സംബന്ധിച്ച വിശദാംശം ലഭ്യമല്ല. ആകെയുള്ള വരുമാനരഹിത ജലത്തിൽ 20%-25% മാത്രമാണ്

ഭൗതിക നഷ്ടം സംഭവിക്കുന്നതെന്നാണ് പ്രാഥമിക പഠനങ്ങൾ സൂചിപ്പിക്കുന്നത്.

## ഗുണനിലവാരം ഉറപ്പുവരുത്തിയ കുടിവെള്ളം സാർവ്വത്രികമായി ലഭ്യമാക്കുന്നതിന് നടപടി

307 (1097)ശ്രീ. എം. വിൻസെന്റ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ജലവിതരണ പദ്ധതികളുടെ വ്യാപ്തി വർദ്ധിപ്പിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയ കുടിവെള്ളം സാർവ്വത്രികമായി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിലുള്ള ജലവിതരണ പദ്ധതികളുടെ വ്യാപ്തി വർദ്ധിപ്പിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയ കുടിവെള്ളം സാർവ്വത്രികമായി ലഭ്യമാക്കുന്നതിന് ജൽജീവൻ മിഷൻ പദ്ധതി, കിഫ്ബി, അമൃത് 1.0, അമൃത് 2.0, റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI), സ്റ്റേറ്റ് പ്ലാൻ, നബാർഡ് RIDF എന്നീ പദ്ധതികളിലൂടെ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) കേരള വാട്ടർ അതോറിറ്റിയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തീകരിച്ച് പ്രവർത്തനസജ്ജമാക്കി ശുദ്ധജലവിതരണ മേഖല വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

സംസ്ഥാനത്താകെയുള്ള 70.69 ലക്ഷം ഗ്രാമീണ വീടുകളിൽ, 2020 ഏപ്രിലിലെ കണക്കനുസരിച്ച് 17.5 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകളാണ് (24.76%) നിലവിലുണ്ടായിരുന്നത്. ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 2020-21 കാലയളവിൽ 4.04 ലക്ഷം കുടിവെള്ള കണക്ഷനും 2021-22 കാലയളവിൽ 6.64 ലക്ഷം കുടിവെള്ള കണക്ഷനുകളാണ് നൽകിയിട്ടുള്ളത്. കോവിഡ് മഹാമാരിയുടെ ഭാഗമായുള്ള നിയന്ത്രണവും വെള്ളപ്പൊക്കവും പൈപ്പ് തുടങ്ങിയ മെറ്റീരിയൽസിന്റെ വില വർദ്ധനവും കാരണം പദ്ധതി നിർവ്വഹണത്തിൽ തടസ്സങ്ങൾ നേരിട്ടിരുന്നു. 2022-23 സാമ്പത്തിക വർഷം ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 01-02-2023-ലെ കണക്കനുസരിച്ച് 4.48 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇപ്രകാരം ജൽജീവൻ മിഷൻ പദ്ധതി ആരംഭിച്ചതിനുശേഷം നിലവിലെ കണക്ക് പ്രകാരം ആകെയുള്ള കണക്ഷനുകളുടെ എണ്ണം 32.65 ലക്ഷമായി ഉയർന്നിട്ടുണ്ട്. ഇത് ആകെ ഗ്രാമീണ വീടുകളുടെ 46.20% ആണ്. 2024-ഓടെ എല്ലാ വീടുകളിലും

കുടിവെള്ള കണക്ഷൻ നൽകുവാൻ ലക്ഷ്യമിട്ടാണ് പദ്ധതി പ്രവർത്തനം നടന്നുവരുന്നത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന കിഫ്ബി പദ്ധതികൾ (3649.851 കോടി രൂപയുടെ കുടിവെള്ള പദ്ധതികളും 284.61 കോടി രൂപയുടെ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളും) എല്ലാംതന്നെ 2024 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇവ കൂടാതെ, 31-3-2022-ലെ ഉത്തരവ് പ്രകാരം 5 കുടിവെള്ള പദ്ധതികളുടെ രണ്ടാം ഘട്ടത്തിനായി 521.2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ DER ഫണ്ടിംഗ് സാംഗ്ഷനുവേണ്ടിയുള്ള പരിശോധനയ്ക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. അമൃത് 1.0 പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന 16 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു. 2023 മാർച്ച് മാസത്തോടുകൂടി എല്ലാ പ്രവൃത്തികളും പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ (RKI) ഉൾപ്പെടുത്തി നടന്നുകൊണ്ടിരിക്കുന്ന 8 പ്രവൃത്തികൾ 2023 ഡിസംബർ മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) പൊതുസ്ഥലങ്ങളിൽ ശുദ്ധമായ കുടിവെള്ളം നൽകാൻ കേരള വാട്ടർ അതോറിറ്റി നടത്തിയ ഇടപെടലുകൾ വിശദമാക്കാമോ?

ജല അതോറിറ്റിയുടെ കീഴിലുള്ള ക്വാളിറ്റി കൺട്രോൾ വിഭാഗം കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകളിൽനിന്നും ശുദ്ധീകരണശാലകളിൽനിന്നും പമ്പിംഗ് സ്റ്റേഷനുകളിൽനിന്നും വിതരണ ശൃംഖലകളിൽനിന്നും നിശ്ചിത ഇടവേളകളിൽ ജലസാമ്പിളുകൾ ശേഖരിച്ച് ജില്ലാ ലാബുകളിൽ ഗുണനിലവാരം പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മൺസൂണിനുമുമ്പും ശേഷവും ജലശുദ്ധീകരണശാലയുമായി ബന്ധപ്പെട്ടിട്ടുള്ള ഇൻടേക്ക് പോയിന്റിൽനിന്നും ജലം ശേഖരിച്ച് നെട്ടൂരിലുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പെസ്റ്റിസൈഡ് വിഭാഗത്തിൽ 7 ഘടകങ്ങളും ഹെവി മെറ്റൽ വിഭാഗത്തിൽ 11 ഘടകങ്ങളും മറ്റ് വിഭാഗങ്ങളിലായി 25 ഘടകങ്ങളും കോളിഫോം ബാക്ടീരിയയുടെ സാന്നിദ്ധ്യം അറിയുന്നതിന് മൈക്രോബയോളജി ടെസ്റ്റുകളും നടത്തിവരുന്നുണ്ട്. രാസ/ജൈവ ഘടകങ്ങൾ അനുവദനീയമായ പരിധിക്കപ്പുറം വരുകയാണെങ്കിൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ജലശുദ്ധീകരണശാലയുമായി ബന്ധപ്പെട്ട ഓഫീസുകളിൽ നിർദ്ദേശം നൽകുകയും ചെയ്തുവരുന്നുണ്ട്.

## പാലാ നിയോജകമണ്ഡലത്തിലെ മേലുകാവ് പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം

308 (1098) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന മേലുകാവ് പഞ്ചായത്തിലെ ജനങ്ങൾ കടുത്ത കുടിവെള്ളക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രദേശത്തെ ജനങ്ങളുടെ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പാലാ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന മേലുകാവ് പഞ്ചായത്തിൽ നിലവിൽ ചെറുകിട ജലവിതരണ പദ്ധതികളാണുള്ളത്. ജലക്ഷാമം രൂക്ഷമായ ഈ പഞ്ചായത്തിനെ ജൽജീവൻ മിഷനിലുൾപ്പെടുത്തി 13 പഞ്ചായത്തുകൾക്കായി മലങ്കര ഡാം സ്രോതസ്സായി പരിഗണിച്ച് സമഗ്ര ശുദ്ധജല പദ്ധതിക്ക് 28-10-2022-ലെ G.O.(Rt) No. 960/2022/WRD പ്രകാരം 1250.10 കോടിയുടെ ഭരണാനുമതി നൽകി. ഈ പദ്ധതിക്കായി മേലുകാവ് പഞ്ചായത്തിൽ 3568 ഗാർഹിക കണക്ഷനുകൾ നൽകുന്നതിലേയ്ക്കായി 75.12 കോടി രൂപയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഈ പഞ്ചായത്തിലെ പദ്ധതിക്കായി ജലസംഭരണികൾ നിർമ്മിക്കുന്നതിനായി 9 സ്ഥലങ്ങളിൽ ഭൂമി ലഭ്യമാകാനുണ്ട്. ഭൂമി ലഭ്യമാക്കി നൽകുന്നതിന്

പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ഭൂമി ലഭ്യമാകുന്നത് കണക്കാക്കിയാണ് പദ്ധതി രൂപകൽപ്പന ചെയ്തിട്ടുള്ളത്. സാങ്കേതിക അനുമതി ലഭിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു. ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് മുൻപായി ജലസംഭരണികൾ നിർമ്മിക്കുന്നതിനുള്ള ഭൂമി പഞ്ചായത്ത് ഏറ്റെടുത്ത് നൽകേണ്ടതുണ്ട്. 2024-ഓടുകൂടി ഈ പ്രവൃത്തി പൂർത്തീകരിച്ച് ഈ പഞ്ചായത്തിലെ എല്ലാ ഭവനങ്ങളിലും ശുദ്ധജലലഭ്യത ഉറപ്പുവരുത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**വാട്ടർ ചാർജ്ജ് കുടിശ്ശിക**

309 (1099) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വാട്ടർ ചാർജ്ജ് കുടിശ്ശികയിനത്തിൽ അടയ്ക്കാനുള്ള ആകെ തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

വാട്ടർ ചാർജ്ജ് കുടിശ്ശികയിനത്തിൽ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടയ്ക്കാനുള്ള ആകെ തുക 1188.24 കോടി രൂപയാണ്.

(ബി) വാട്ടർ ചാർജ്ജ് അടയ്ക്കുന്നതിനായി ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടും കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കുടിശ്ശിക വരുത്തിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങൾക്ക് വാട്ടർ അതോറിറ്റിയുടെ ഓഫീസുകളിൽനിന്നും കുടിശ്ശിക തുക അടയ്ക്കണമെന്ന് കാണിച്ച് കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക അടയ്ക്കണമെന്ന് കാണിച്ച് ജലവിഭവ വകുപ്പ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർക്ക് കത്ത് നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതിയിലുൾപ്പെടുത്തി നിയമാനുസൃതമായ ഇളവുകൾ നൽകി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള തീവ്രശ്രമം നടത്തിവരുന്നു. യുദ്ധകാലാടിസ്ഥാനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുവേണ്ടി എല്ലാ ഓഫീസുകളിലും 01-01-2023 മുതൽ 31-03-2023 വരെ വാർ റൂമുകൾ പ്രവർത്തിച്ചുവരുന്നു. ഈ കാലയളവിലും കുടിശ്ശിക തുക അടയ്ക്കാത്ത കണക്ഷനുകൾ വിച്ഛേദിക്കാവുന്നതാണ്.

## വേമ്പനാട്ടുകായലിലെ പരിസര പ്രദേശങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് നടപടി

310 (1100) <u>ശ്രീമതി ദെലീമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേമ്പനാട്ടുകായലിന്റെ പരിസര പ്രദേശങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് 2022-23 ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

(എ&ബി) വേമ്പനാട്ടുകായലിന്റെ പരിസര പ്രദേശങ്ങളിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് 2022-23 ബഡ്ജറ്റിൽ തുക അനുവദിക്കപ്പെട്ടിട്ടില്ല. എന്നാൽ ബഡ്ജറ്റ് സ്പീച്ച് ഖണ്ഡിക 148-ൽ ആലപ്പുഴ, കോട്ടയം ജില്ലകളിലെ വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കുന്നതിനുള്ള പദ്ധതികൾക്കായി 33 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ബഡ്ജറ്റ് സ്പീച്ച് ഖണ്ഡിക 89-ൽ അഷ്ടമുടി, വേമ്പനാട് കായൽ ശുചീകരണത്തിനായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

അനുബന്ധമായി ചേർത്തിട്ടുള്ള പദ്ധതികളും സർക്കാർ പരിശോധിച്ച് നടപടി സ്വീകരിക്കാവുന്നതാണ്.

## വാട്ടർ ചാർജ്ജ് കുടിശ്ശിക

311 (1101) ശ്രീമതി ഉമ തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ ചാർജ്ജ് കുടിശികയിനത്തിൽ പിരിഞ്ഞ് കിട്ടാനുള്ള ആകെ തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

12/2022-ലെ ഡിമാൻഡ് കളക്ഷൻ ബാലൻസ് (ഡി.സി.ബി.) പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് ഉപഭോക്താക്കളിൽനിന്നും കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക 1591.80 കോടി രൂപയാണ്.

(ബി) വാട്ടർ ചാർജ്ജ് കുടിശ്ശികയായി സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഗാർഹിക ഉപഭോക്താക്കൾ, ഗാർഹികേതര ഉപഭോക്താക്കൾ എന്നിവർ അടയ്ക്കാനുള്ള തുക ഇനംതിരിച്ച് വ്യക്തമാക്കുമോ?

- ഗാർഹികം - 190.63 കോടി രൂപ
- ഗാർഹികേതരം - 133.09 കോടി രൂപ (സർക്കാർ പൊതുമേഖല ഒഴികെ)
- മറ്റുള്ളവ -79.84 കോടി രൂപ
- പൊതുമേഖലാ സ്ഥാപനങ്ങൾ - 10.57 കോടി രൂപ

- സർക്കാർ ഓഫീസുകൾ - 222.12 കോടി രൂപ
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ - 955.55 കോടി രൂപ

(സി) ഓരോ വിഭാഗത്തിലുമുള്ള കുടിശ്ശിക ആകെ കുടിശ്ശികയുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

- സർക്കാർ സ്ഥാപനങ്ങൾ - 13.95 %
- പൊതുമേഖലാ സ്ഥാപനങ്ങൾ - 0.66 %
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ - 60.03 %
- ഗാർഹിക ഉപഭോക്താക്കൾ - 11.98 %
- ഗാർഹികേതര ഉപഭോക്താക്കൾ - 8.36 %
- മറ്റുള്ളവ - 5.02 %

## വാട്ടർ ചാർജ്ജ് വർദ്ധനവ്

312 (1102) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികവായ്പ അനുവദിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ വ്യവസ്ഥ പ്രകാരം 2021 മുതൽ ഓരോ വർഷവും വാട്ടർ ചാർജ്ജിൽ അഞ്ച് ശതമാനം താരിഫ് വർദ്ധനവ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഓരോ വർഷവും ലഭിക്കുന്ന അധിക വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ?

ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു വർഷം 35.79 കോടി രൂപ അധിക വരുമാനമായി ലഭിക്കുന്നു.

(ബി) ഇപ്രകാരം താരിഫ് ഈടാക്കുന്നത് എത്ര വർഷത്തേയ്ക്കാണെന്ന് അറിയിക്കുമോ; പ്രസ്തുത താരിഫ് വർദ്ധന പിൻവലിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഇപ്രകാരം താരിഫ് ഈടാക്കുന്നത് എത്ര വർഷത്തേയ്ക്കാണെന്ന് ഉത്തരവിൽ പ്രതിപാദിക്കുന്നില്ല. നിലവിൽ ഈ ചാർജ്ജ് വർദ്ധനവ് പിൻവലിക്കാൻ തീരുമാനിച്ചിട്ടില്ല.

(സി) അഞ്ച് ശതമാനം താരിഫ് വർദ്ധനവിനോടൊപ്പം ലിറ്ററിന് ഒരു പൈസ നിരക്കിൽ വാട്ടർ ചാർജ്ജ് ഉയർത്തുകയുംകൂടി ചെയ്യുമ്പോൾ ഉപഭോക്താക്കൾക്ക് വലിയ ബാധ്യതയുണ്ടാകുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വാട്ടർ ചാർജ്ജ് വർദ്ധനവ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

1000 ലിറ്റർ (ഒരു കിലോ ലിറ്റർ) ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് 22.85 രൂപ വാട്ടർ അതോറിറ്റിക്ക് ചെലവാകുന്നുണ്ട്. എന്നാൽ ശരാശരി 10.92 രൂപ മാത്രമാണ് ഒരു കിലോ ലിറ്റർ ജലത്തിൽനിന്നും വരുമാനമായി ലഭിക്കുന്നത്. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം

ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം വരുന്നുണ്ട്. ഒരു ലിറ്റർ കുടിവെള്ളത്തിന് ഒരു പൈസ നിരക്കിൽ വർദ്ധിപ്പിക്കുന്നതുവഴി ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസം 1000 ലിറ്റർ ജലത്തിന് 14.41 രൂപ വർദ്ധിക്കുന്നതും ഇതിനോടൊപ്പം 01-04-2023 മുതൽ 5 ശതമാനം കൂടി വർദ്ധിക്കുകയാണെങ്കിൽ ഒരു കിലോ ലിറ്ററിന് 15.13 രൂപ മാത്രമേ വരുന്നുള്ളൂ. അതായത് ഉല്പാദന ചെലവിനോടടുത്ത് അപ്പോഴും എത്തുന്നില്ല. മാത്രമല്ല, ജലശുദ്ധീകരണത്തിനും വിതരണത്തിനും വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതുവഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടാകുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പാ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവയ്ക്കനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവുണ്ടാകുന്നില്ല. ഇതുമൂലം വാട്ടർ അതോറിറ്റിക്ക് 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ (എ.ജി.-ക്ക് ഓഡിറ്റിന് നൽകിയത്) പ്രകാരം 4911.42 കോടി രൂപയാണ് സഞ്ചിത നഷ്ടം. വൈദ്യുതി ചാർജ്ജിനത്തിൽ  കെ.എസ്.ഇ.ബി.-ക്ക് 1263.64 കോടി രൂപ വാട്ടർ അതോറിറ്റി നൽകാനുണ്ട്. മാത്രമല്ല 2018 മുതൽക്കുള്ള പെൻഷൻ

ആനുകൂല്യങ്ങളും പി.എഫ്. ഉൾപ്പെടെയുള്ള മറ്റാനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് 137.06 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. ഈ സാഹചര്യത്തിലാണ് വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള കേരള വാട്ടർ അതോറിറ്റിയുടെ ശിപാർശ അംഗീകരിക്കാൻ തീരുമാനിച്ചത്.

**വെള്ളക്കര കുടിശ്ശിക പിരിക്കുന്നതിന് നടപടി**

313 (1103) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന് ഈടാക്കുന്ന കരത്തിന്റെ നിരക്ക് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ 1000 ലിറ്റർ (ഒരു കിലോ ലിറ്റർ) ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് 22.85 രൂപ വാട്ടർ അതോറിറ്റിക്ക് ചെലവാകുന്നുണ്ട്. എന്നാൽ ശരാശരി 10.92 രൂപ മാത്രമാണ് ഒരു കിലോ ലിറ്റർ ജലത്തിൽനിന്നും വരുമാനമായി ലഭിക്കുന്നത്. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം വരുന്നുണ്ട്.

ജലശുദ്ധീകരണത്തിനും വിതരണത്തിനും വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതുവഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷമുണ്ടാകുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പാ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവയ്ക്കനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവുണ്ടാകുന്നില്ല.

വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി.-ക്ക് 1263.64 കോടി രൂപ വാട്ടർ അതോറിറ്റി നൽകാനുണ്ട്. മാത്രമല്ല, 2018 മുതൽക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും പി.എഫ്. ഉൾപ്പെടെയുള്ള മറ്റാനുകൂല്യങ്ങളും ജീവനക്കാർക്ക് കൊടുക്കാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്ത വകയിൽ കരാറുകാർക്ക് 137.06 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. സ്കീമുകളുടെ പ്രായാധിക്യം കാരണം ഓപ്പറേഷനും മെയിന്റനൻസും ചെലവുകളും ഗണ്യമായി വർദ്ധിച്ചു. ജലവിതരണ, മലിനജല മേഖലകളിൽ സമയബന്ധിതമായ നവീകരണം അനിവാര്യമാണ്. ഇതിന് തുക കണ്ടെത്തേണ്ടതുണ്ട്. അതിനാൽ വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കുകവഴി പൊതുജനങ്ങൾക്ക് തുടർച്ചയായി മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ

സാധിക്കും. ആയതിനാൽ വാട്ടർ ചാർജ്ജ് വർദ്ധനവ് ഒഴിവാക്കാൻ നിർവ്വാഹമില്ലെന്ന് കാണുന്നു. ഈ സാഹചര്യത്തിലാണ് വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കുന്നതിനുള്ള കേരള വാട്ടർ അതോറിറ്റിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചത്.

(ബി) ജല അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ എത്ര തുകയാണ് പിരിഞ്ഞുകിട്ടാനുള്ളതെന്ന് അറിയിക്കുമോ; ഇതിൽ സർക്കാർ ഓഫീസുകൾ, തദ്ദേശസ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഗാർഹിക ഉപഭോക്താക്കൾ, ഗാർഹികേതര ഉപഭോക്താക്കൾ എന്നിവരുടെ കുടിശ്ശിക ഇനംതിരിച്ച് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് വാട്ടർ ചാർജ് കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള ആകെ തുക 1591.80 കോടി രൂപയാണ്.

•ഗാർഹികം -190.63 കോടി രൂപ

•ഗാർഹികേതരം -133.09 കോടി രൂപ (സർക്കാർ പൊതുമേഖല ഒഴികെ)

•മറ്റുള്ളവ -79.84 കോടി രൂപ

•പൊതുമേഖലാ സ്ഥാപനങ്ങൾ -10. 57 കോടി രൂപ

•സർക്കാർ ഓഫീസുകൾ - 222.12 കോടി രൂപ

•തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ - 955.55 കോടി രൂപ

(സി) വെള്ളക്കര കുടിശ്ശിക പിരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

വാട്ടർ ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശക്തമായ പല നടപടികളും വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. കൃത്യമായി ബില്ലടയ്ക്കാത്ത ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും അടയ്ക്കാത്തപക്ഷം ഡിസ്കണക്ഷൻ നടത്തുകയും ചെയ്യുന്നു. അധിക കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളുടെ കുടിശ്ശിക നിവാരണം ചെയ്യുന്നതിന് ആംനസ്റ്റി പദ്ധതിപ്രകാരം വാട്ടർ ചാർജ് അടയ്ക്കുന്നതിന് ക്രമീകരണം ചെയ്തുവരുന്നു. കൂടാതെ സമയബന്ധിതമായി കുടിശ്ശിക തീർക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന വാർ റൂം എല്ലാ സെക്ഷൻ തലത്തിലും സബ്ഡിവിഷൻ തലത്തിലും ഡിവിഷൻ തലത്തിലും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഉപഭോക്താവ് ആവശ്യപ്പെടുന്നമുറയ്ക്ക് തവണകളായി കുടിശ്ശികയടയ്ക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

സർക്കാർ ഓഫീസുകളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽനിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശികത്തുക അടയ്ക്കണമെന്ന് കാണിച്ച് കത്ത് മുഖേനയും നേരിട്ടും

അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക അടയ്ക്കണമെന്ന് കാണിച്ച് ജലവിഭവ വകുപ്പുസെക്രട്ടറി വകുപ്പുസെക്രട്ടറിമാർക്ക് കത്ത് നൽകിയിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി നിയമാനുസൃതമായ ഇളവുകൾ നൽകി കുടിശ്ശികത്തുക പിരിച്ചെടുക്കാനുള്ള തീവ്രശ്രമം നടത്തിവരുന്നു. യുദ്ധകാലാടിസ്ഥാനത്തിൽ കുടിശ്ശികത്തുക പിരിച്ചെടുക്കുന്നതിനുവേണ്ടി എല്ലാ ഓഫീസുകളിലും 01-01-2023 മുതൽ 31-03-2023 വരെ വാർ റൂമുകൾ പ്രവർത്തിച്ചുവരുന്നു. ഈ കാലയളവിലും കുടിശ്ശികത്തുക അടയ്ക്കാത്ത കണക്ഷനുകൾ വിച്ഛേദിക്കുന്നതാണ്.

(ഡി) വിതരണത്തിനായി ഉൽപ്പാദിപ്പിക്കുന്ന വെള്ളത്തിന്റെ എത്ര ശതമാനമാണ് വിതരണം ചെയ്യാൻ കഴിയുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ 40 മുതൽ 45 ശതമാനം വരെ വരുമാനരഹിത ജലമായാണ് കണക്കാക്കുന്നത്. ഇതിൽ പൈപ്പുകളിലൂടെയും മറ്റുമുള്ള ചോർച്ച കാരണമുണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം), മീറ്റർ തകരാർ, മോഷണം തുടങ്ങിയ കാരണങ്ങൾകൊണ്ട് ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്തുവാൻ കഴിയാത്തതുമൂലമുള്ള

നഷ്ടവും (വാണിജ്യ നഷ്ടം) ഉൾപ്പെടുന്നു. പൈപ്പ് കണക്ഷനുകളുടെ ചോർച്ചമൂലം പ്രതിദിന വിതരണത്തിനായി തയ്യാറാക്കുന്ന വെള്ളത്തിന്റെ നഷ്ടം (ഭൗതിക നഷ്ടം) 20 മുതൽ 25 ശതമാനംവരെയാണ്.

(ഇ) പൈപ്പ് പൊട്ടിയും മറ്റും വെള്ളം പാഴാകുന്നത് തടയുന്നതിനും യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിനും ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

പൈപ്പുകൾ പൊട്ടുന്നതുമൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിന് റണ്ണിംഗ് കോൺട്രാക്ടർ മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗിച്ചും പൊട്ടിയ പൈപ്പിന്റെ ഭാഗങ്ങൾ അടിയന്തരമായി മാറ്റിസ്ഥാപിച്ച് ജലനഷ്ടം ഒഴിവാക്കിവരുന്നു. 'Aqualoom' എന്ന സോഫ്റ്റ്‌വെയർ മുഖേന ലീക്കുകൾ രജിസ്റ്റർ ചെയ്യുകയും അവ നന്നാക്കിയിട്ടുണ്ടോയെന്ന് കൃത്യമായി നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. ബ്ലൂ ബ്രിഗേഡ് സംവിധാനം നിലവിൽ എല്ലാ ഡിവിഷനുകളിലും രൂപീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി അറ്റകുറ്റപ്പണി നടത്താത്ത റണ്ണിംഗ് കോൺട്രാക്ടർമാരിൽനിന്നും പിഴ ഈടാക്കാറുണ്ട്. കൂടാതെ ജലനഷ്ടം ഒഴിവാക്കുന്നതിന് പ്രസ്തുത ലീക്ക് ബ്ലൂ ബ്രിഗേഡ് വഴിയോ അതോറിറ്റി നേരിട്ടോ അറ്റകുറ്റപ്പണി ചെയ്ത് പൂർത്തിയാക്കാറുണ്ട്.

സംസ്ഥാന പ്ലാനിൽ ഉൾപ്പെടുത്തിയും ജെ.എം., അമൃത്, കിഫ്ബി പോലുള്ള മറ്റ് പദ്ധതികളിൽ ഉൾപ്പെടുത്തിയും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നുണ്ട്. കൂടാതെ നഗരസഭ, മുനിസിപ്പാലിറ്റി പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തിയിലുൾപ്പെടുത്തിയും കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കാറുണ്ട്.

## കുടിവെള്ള നിരക്ക് വർദ്ധനവ്

314 (1104) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള കണക്ഷനുകളുള്ള ഗാർഹിക ഉപഭോക്താക്കൾ വെള്ളം ഉപയോഗിക്കുന്നില്ലെങ്കിലും നൽകേണ്ട മിനിമം ചാർജ്ജ് നിലവിൽ എത്രയാണ്; ഇത്തരത്തിൽ മിനിമം ചാർജ്ജ് കണക്കാക്കുന്ന മാനദണ്ഡം അറിയിക്കുമോ?

കുടിവെള്ള കണക്ഷനുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് മിനിമം വാട്ടർ ചാർജ്ജ് ഒരു മാസം 22.05 രൂപ എന്ന നിരക്കിലും ദ്വൈമാസം 44.10 എന്ന നിരക്കിലുമാണ്. ഒരു മാസം 5000 ലിറ്റർ ജലത്തിനാണ് മിനിമം കണക്കാക്കുന്നത്.

(ബി) ലിറ്ററിന് ഒരു പൈസ നിരക്ക് വർദ്ധനവ് നടപ്പാക്കിയാൽ മിനിമം ചാർജ്ജ് എത്രയായി വർദ്ധിക്കുമെന്ന് അറിയിക്കുമോ; ഇപ്രകാരം നിരക്ക് വർദ്ധനവ് നടപ്പാക്കിയാൽ മിനിമം ചാർജ്ജ് നിലവിലെ നിരക്കിന്റെ എത്ര ഇരട്ടിയാകുമെന്ന് വ്യക്തമാക്കുമോ?

ഒരു ലിറ്റർ കുടിവെള്ളത്തിന് ഒരു പൈസ നിരക്കിൽ വർദ്ധിപ്പിക്കുമ്പോൾ ഗാർഹിക ഉപഭോക്താക്കൾക്ക് മാസം 5000 ലിറ്റർ വരെയുള്ള ജലത്തിന് 22.05 രൂപയിൽനിന്നും 72.05 രൂപയായും വർദ്ധിക്കും. മിനിമം ചാർജ്ജ് നിലവിലെ നിരക്കിന്റെ മൂന്ന് മടങ്ങിലധികം വർദ്ധനവാകും. എന്നാൽ ബി.പി.എൽ. കുടുംബങ്ങൾക്ക് പ്രതിമാസം 15000 ലിറ്റർ ജലം സൗജന്യമായി നൽകിവരുന്നത് തുടരും.

(സി) സാധാരണക്കാരായ ഉപഭോക്താക്കൾക്ക് അമിത ബാധ്യത വരുത്തുന്ന നിരക്ക് വർദ്ധന ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ 1000 ലിറ്റർ (ഒരു കിലോ ലിറ്റർ) ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് 22.85 രൂപ വാട്ടർ അതോറിറ്റിക്ക് ചെലവാകുന്നുണ്ട്. എന്നാൽ ശരാശരി 10.92 രൂപ മാത്രമാണ് ഒരു കിലോ ലിറ്റർ ജലത്തിൽനിന്നും വരുമാനമായി ലഭിക്കുന്നത്. അതായത് ഒരു കിലോ

ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം വരുന്നുണ്ട്. ജലശുദ്ധീകരണത്തിനും വിതരണത്തിനും വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതുവഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷമുണ്ടാകുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പാ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവയ്ക്കനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവുണ്ടാകുന്നില്ല.

വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി.-ക്ക് 1263.64 കോടി രൂപ വാട്ടർ അതോറിറ്റി നൽകാനുണ്ട്. മാത്രമല്ല 2018 മുതൽക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും പി.എഫ്. ഉൾപ്പെടെയുള്ള മറ്റ് ആനുകൂല്യങ്ങളും ജീവനക്കാർക്ക് കൊടുക്കാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്തവകയിൽ കരാറുകാർക്ക് 137.06 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. രാസവസ്തുക്കൾ, അറ്റകുറ്റപ്പണികളുടെ ഉപകരണങ്ങൾ, കൂലി തുടങ്ങിയവയുടെ വില വർദ്ധിച്ചു. കൂടാതെ സ്കീമുകളുടെ പ്രായാധിക്യം കാരണം ഓപ്പറേഷൻ മെയിന്റനൻസ് ചെലവുകളും ഗണ്യമായി വർദ്ധിച്ചു. ജലവിതരണ, മലിനജല മേഖലകളിൽ സമയബന്ധിതമായ നവീകരണം അനിവാര്യമാണ്. ഇതിന് തുക

കണ്ടെത്തേണ്ടതുണ്ട്. അതിനാൽ വാട്ടർ ചാർജ് വർദ്ധിപ്പിക്കുകവഴി പൊതുജനങ്ങൾക്ക് തുടർച്ചയായി മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ സഹായിക്കും. എന്നിരുന്നാലും 6.5 ലക്ഷം ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ഉപഭോക്താക്കൾക്ക് പ്രതിമാസം 15000 ലിറ്റർ ജലം സൗജന്യമായി നൽകിവരുന്നത് തുടരും. ഈ സാഹചര്യത്തിൽ വാട്ടർ ചാർജ് വർദ്ധനവ് ഒഴിവാക്കാൻ നിർവ്വാഹമില്ലെന്ന് കാണുന്നു.

## വാട്ടർ ചാർജ്ജ്

315 (1105) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ ചാർജ്ജ് നിർണ്ണയിക്കുന്ന വിവിധ സ്ലാബുകൾ ഏതൊക്കെയാണ്?

വാട്ടർ ചാർജ്ജ് സ്ലാബ് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഓരോ സ്ലാബിലും വാട്ടർ ചാർജ്ജ് നിർണ്ണയിക്കുന്നതിനും മിനിമം ചാർജ്ജ് നിർണ്ണയിക്കുന്നതിനുമുള്ള മാനദണ്ഡവും നിലവിലെ നിരക്കും വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓരോ സ്ലാബിലും വാട്ടർ ചാർജ്ജ് നിർണ്ണയിക്കുന്നതിനും മിനിമം ചാർജ്ജ് നിർണ്ണയിക്കുന്നതിനുമുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1.നിലവിലെ താരിഫ്.

2.ഓരോ സ്ലാബിലും നിലവിലെ ഉപഭോക്താക്കളുടെ ജല ഉപയോഗക്രമം.

3.അവസാനം താരിഫ് പുനർനിർണ്ണയിച്ചതിന് ശേഷമുള്ള കാലയളവ്.

4.ഇതര സംസ്ഥാനങ്ങളിലെ താരിഫ് നിരക്ക്.

5.ജല അതോറിറ്റിയുടെ ദൈനംദിന ആവശ്യങ്ങൾക്കുള്ള ചെലവുകളുടെ ഘടന.

6.നിരക്ക് വർദ്ധനവുമൂലം ജനങ്ങൾക്കുണ്ടാകാവുന്ന പ്രഭാവം.

7.സർക്കാരിൽനിന്നുള്ള പദ്ധതിയേതര വിഹിതത്തിന്റെ ലഭ്യത.

8.അറ്റകുറ്റപ്പണികൾ, വൈദ്യുതി ചാർജ്ജ്, ജീവനക്കാരുടെ കാലാകാലങ്ങളിലുണ്ടാകുന്ന ശമ്പളം, പെൻഷൻ തുടങ്ങിയവയിലെ വർദ്ധനവ്.

9.നിലവിലെ വിവിധ സ്ലാബുകളിൽനിന്നും പിരിഞ്ഞുകിട്ടുന്ന തുകയുടെ ഘടന.

നിലവിലെ നിരക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ലിറ്ററിന് ഒരു പൈസ നിരക്കിൽ വാട്ടർ ചാർജ്ജ് ഉയർത്തുമ്പോൾ ഓരോ സ്ലാബിലും വാട്ടർ ചാർജ്ജിലുണ്ടാകാവുന്ന അടിസ്ഥാന വർദ്ധനവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു.+

**വാട്ടർ ചാർജ്ജ് വർദ്ധനവ്**

316 (1106) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ ചാർജ്ജ് ലിറ്ററിന് ഒരു പൈസ വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് വാട്ടർ ചാർജ്ജ് ലിറ്ററിന് ഒരു പൈസ വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ 1000 ലിറ്റർ (ഒരു കിലോ ലിറ്റർ) ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് 22.85 രൂപ വാട്ടർ അതോറിറ്റിക്ക് ചെലവാകുന്നുണ്ട്. എന്നാൽ ശരാശരി 10.92 രൂപ മാത്രമാണ് ഒരു കിലോ ലിറ്റർ ജലത്തിൽനിന്നും വരുമാനമായി ലഭിക്കുന്നത്. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം വരുന്നുണ്ട്.

ജലശുദ്ധീകരണത്തിനും വിതരണത്തിനും വരുന്ന ചെലവിനേക്കാൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതുവഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷമുണ്ടാകുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വിലവർദ്ധനവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പാ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവയ്ക്കനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവുണ്ടാകുന്നില്ല.

വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി.-ക്ക് 1263.64 കോടി രൂപ വാട്ടർ അതോറിറ്റി നൽകാനുണ്ട്. മാത്രമല്ല 2018 മുതൽക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും പി.എഫ്. ഉൾപ്പെടെയുള്ള മറ്റാനുകൂല്യങ്ങളും ജീവനക്കാർക്ക് കൊടുക്കാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്തവകയിൽ കരാറുകാർക്ക് 137.06 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. സ്കീമുകളുടെ പ്രായാധിക്യം കാരണം ഓപ്പറേഷൻ മെയിന്റനൻസ് ചെലവുകളും ഗണ്യമായി വർദ്ധിച്ചു. ജലവിതരണ, മലിനജല മേഖലകളിൽ സമയബന്ധിതമായ നവീകരണം അനിവാര്യമാണ്. ഇതിന് തുക കണ്ടെത്തേണ്ടതുണ്ട്. അതിനാൽ വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കുകവഴി പൊതുജനങ്ങൾക്ക് തുടർച്ചയായി മെച്ചപ്പെട്ട സേവനങ്ങൾ നൽകാൻ സഹായിക്കും. ഈ

സാഹചര്യത്തിലാണ് വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന കേരള വാട്ടർ അതോറിറ്റിയുടെ ശിപാർശ അംഗീകരിക്കുവാൻ തീരുമാനിച്ചത്.

(ബി) പ്രസ്തുത വാട്ടർ ചാർജ്ജ് വർദ്ധനവിലൂടെ എത്ര കോടി രൂപ അധിക വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ലിറ്ററിന് ഒരു പൈസ വർദ്ധിപ്പിച്ചാൽ 401.61 കോടി രൂപ അധിക വാർഷിക വരുമാനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) വാട്ടർ ചാർജ്ജ് കുടിശ്ശികയിനത്തിൽ നിലവിൽ പിരിഞ്ഞു കിട്ടാനുള്ള തുക എത്രയാണ്; കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടി സ്വീകരിച്ചുകൊണ്ട് വാട്ടർ ചാർജ്ജ് വർദ്ധന ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വാട്ടർ ചാർജ്ജ് കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള ആകെത്തുക 1591.80 കോടി രൂപയാണ്. വാട്ടർ ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശക്തമായ പല നടപടികളും വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. കൃത്യമായി ബിൽ അടയ്ക്കാത്ത ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും അടയ്ക്കാത്തപക്ഷം ഡിസ്കണക്ഷൻ നടത്തുകയും ചെയ്യുന്നു. ഉപഭോക്താവ് ആവശ്യപ്പെടുന്നമുറയ്ക്ക് തവണകളായി കുടിശ്ശിക അടയ്ക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

സർക്കാർ ഓഫീസുകളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽനിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശികത്തുക അടയ്ക്കണമെന്ന് കാണിച്ച് കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക അടയ്ക്കണമെന്ന് കാണിച്ച് ജലവിഭവ വകുപ്പുസെക്രട്ടറി, വകുപ്പുസെക്രട്ടറിമാർക്കും കത്ത് നൽകിയിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതിയിലുൾപ്പെടുത്തി നിയമാനുസൃതമായ ഇളവുകൾ നൽകി കുടിശ്ശികത്തുക പിരിച്ചെടുക്കാനുള്ള തീവ്രശ്രമം നടത്തിവരുന്നു. യുദ്ധകാലാടിസ്ഥാനത്തിൽ കുടിശ്ശികത്തുക പിരിച്ചെടുക്കുന്നതിനുവേണ്ടി എല്ലാ ഓഫീസുകളിലും 01-01-2023 മുതൽ 31-03-2023 വരെ വാർ റൂമുകൾ പ്രവർത്തിച്ചുവരുന്നു. ഈ കാലയളവിലും കുടിശ്ശികത്തുക അടയ്ക്കാത്ത കണക്ഷനുകൾ വിച്ഛേദിക്കും. കുടിശ്ശിക പിരിച്ചെടുത്താൽ ടി തുക നിലവിലെ ബാധ്യതകൾ കൊടുത്തുതീർക്കുവാനേ സാധിക്കുകയുള്ളൂ. വാട്ടർ അതോറിറ്റി വൻസാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ചാർജ്ജ് വർദ്ധനവ് ഒഴിവാക്കാൻ നിർവ്വാഹമില്ലെന്ന് കാണുന്നു.

## വാട്ടർ ചാർജ്ജ് കുടിശ്ശിക

317 (1107) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ ചാർജ്ജ് കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള ആകെത്തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

12/2022-ലെ ഡിമാൻഡ് കളക്ഷൻ ബാലൻസ് (ഡി.സി.ബി.) പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് ഉപഭോക്താക്കളിൽനിന്നും കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക 1591.80 കോടി രൂപയാണ്.

(ബി) പ്രസ്തുത തുക പിരിച്ചെടുക്കുന്നതിനായി ഈ സർക്കാരിന്റെ കാലഘട്ടത്തിൽ ആംനെസ്റ്റി സ്കീമുകൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ എത്ര തുക ഈ സ്കീം മുഖേന പിരിച്ചെടുക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആവിഷ്കരിച്ചിട്ടുണ്ട്. ആംനെസ്റ്റി പദ്ധതി പ്രകാരം 42.16 കോടി രൂപ പിരിച്ചെടുക്കുവാൻ സാധിച്ചു. 118.90 കോടി രൂപ തവണകളായി അടയ്ക്കുവാനും അനുമതി നൽകിയിട്ടുണ്ട്.

## വെള്ളക്കരത്തിന്റെ അടിസ്ഥാന താരിഫിലുണ്ടായ വർദ്ധനവ്

318 (1108) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ടി. ജെ. വിനോദ്:

ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളക്കരം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തീരുമാനിച്ചിട്ടുണ്ട്. ഒരു ലിറ്റർ കുടിവെള്ളത്തിന് ഒരു പൈസ നിരക്കിൽ വർദ്ധിപ്പിക്കുവാനാണ് തീരുമാനിച്ചത്.

(ബി) കേന്ദ്ര സർക്കാരിന്റെ അധികവായ്പാ വ്യവസ്ഥ പ്രകാരം 2021 മുതൽ എല്ലാ വർഷവും അടിസ്ഥാന താരിഫിൽ അഞ്ച് ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേന്ദ്ര സർക്കാരിന്റെ അധികവായ്പാ വ്യവസ്ഥയനുസരിച്ച് 10-02-2021-ലെ G.O.(Ms)No.9/2021/WRD ഉത്തരവ് പ്രകാരം അഞ്ച് ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(സി) വെള്ളക്കരത്തിന്റെ അടിസ്ഥാന താരിഫിൽ അഞ്ച് ശതമാനം വർദ്ധനവ് എല്ലാ വർഷവും നടത്തുന്നതിനുപുറമേ വീണ്ടും വെള്ളക്കരം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

തീരുമാനിച്ചിട്ടുണ്ട്. 1000 ലിറ്റർ (ഒരു കിലോ ലിറ്റർ) ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് 22.85 രൂപ വാട്ടർ അതോറിറ്റിക്ക്

ചെലവാകുന്നുണ്ട്. എന്നാൽ ശരാശരി 10.92 രൂപ മാത്രമാണ് ഒരു കിലോ ലിറ്റർ ജലത്തിൽനിന്നും വരുമാനമായി ലഭിക്കുന്നത്. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം വരുന്നുണ്ട്. ഒരു ലിറ്റർ കുടിവെള്ളത്തിന് ഒരു പൈസ നിരക്കിൽ വർദ്ധിപ്പിക്കുന്നതുവഴി ഗാർഹിക ഉപഭോക്താക്കൾക്ക് പ്രതിമാസം 1000 ലിറ്റർ ജലത്തിന് 14.41 രൂപ വർദ്ധിക്കുന്നതും ഇതിനോടൊപ്പം 01-04-2023 മുതൽ അഞ്ച് ശതമാനം കൂടി വർദ്ധിക്കുകയാണെങ്കിൽ ഒരു കിലോ ലിറ്ററിന് 15.13 രൂപ മാത്രമേ വരുന്നുള്ളൂ. അതായത് ഉല്പാദന ചെലവിനോടടുത്ത് അപ്പോഴും എത്തുന്നില്ല. മാത്രമല്ല, ജലശുദ്ധീകരണത്തിനും വിതരണത്തിനും വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതുവഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷമുണ്ടാകുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വിലവർദ്ധനവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പാ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവയ്ക്കനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവുണ്ടാകുന്നില്ല. ഇതുമൂലം വാട്ടർ അതോറിറ്റിക്ക് 2021-22 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ (എ.ജി.-ക്ക് ഓഡിറ്റിന് നൽകിയത്) പ്രകാരം 4911.42 കോടി

രൂപയാണ് സഞ്ചിത നഷ്ടം. വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി.-ക്ക് 1263.64 കോടി രൂപ വാട്ടർ അതോറിറ്റി നൽകാനുണ്ട്. മാത്രമല്ല 2018 മുതൽക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും പി.എഫ്. ഉൾപ്പെടെയുള്ള മറ്റാനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്തവകയിൽ കരാറുകാർക്ക് 137.06 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. ഈ സാഹചര്യത്തിലാണ് വാട്ടർ ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള കേരള വാട്ടർ അതോറിറ്റിയുടെ ശിപാർശ അംഗീകരിക്കാൻ തീരുമാനിച്ചത്.

**വെള്ളക്കര വർദ്ധനവ്**

319 (1109) ശ്രീ. എ. പി. അനിൽ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവസാനമായി വെള്ളക്കരം വർദ്ധിപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ?

25-09-2014-ലെ G.O(Ms)No.88/2014/WRD, 30-09-2014-ലെ G.O(Ms)No.92/2014/WRD ഉത്തരവുകൾ പ്രകാരമാണ് സംസ്ഥാനത്ത് അവസാനമായി വെള്ളക്കരം വർദ്ധിപ്പിച്ചിട്ടുള്ളത്. എന്നാൽ കേന്ദ്ര സർക്കാരിന്റെ അധിക വായ്പാ വ്യവസ്ഥയനുസരിച്ച് 2021 മുതൽ

10-02-2021-ലെ GO(MS)No.9/2021/WRD ഉത്തരവ് പ്രകാരം പ്രതിവർഷം അഞ്ച് ശതമാനം വാട്ടർ ചാർജ്ജ് വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(ബി) ഗാർഹിക-ഗാർഹികേതര വ്യവസായ ഉപഭോക്താക്കളെ ബാധിക്കുന്ന രീതിയിൽ വെള്ളക്കരം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

എല്ലാത്തരം ഉപഭോക്താക്കൾക്കും ഒരു ലിറ്റർ കുടിവെള്ളത്തിന് ഒരു പൈസ നിരക്കിൽ വർദ്ധിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) കുടിവെള്ള വിതരണം സ്വകാര്യ കമ്പനി മുഖേന നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

കുടിവെള്ള വിതരണം സ്വകാര്യ കമ്പനി മുഖേന നടപ്പിലാക്കാൻ ആലോചിക്കുന്നില്ല.

**വെള്ളക്കര കുടിശ്ശിക ഈടാക്കാൻ നടപടി**

320 (1110) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിക്ക് നിലവിൽ വെള്ളക്കര കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക എത്രയാണെന്ന് അറിയിക്കാമോ?

കേരള വാട്ടർ അതോറിറ്റിക്ക് നിലവിൽ വാട്ടർ ചാർജ്ജ് കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക 1591.80 കോടി രൂപയാണ്.

(ബി) ഇപ്രകാരം കുടിശ്ശികയടയ്ക്കാനുള്ള വൻകിട സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും എത്ര തുകയാണെന്നും അറിയിക്കാമോ?

കുടിശ്ശിക അടയ്ക്കാനുള്ള വൻകിടസ്ഥാപനങ്ങളുടെ ലിസ്റ്റും തുകയും ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.+

•സംസ്ഥാന സർക്കാർ - 222.18 കോടി രൂപ

•പൊതുമേഖല സ്ഥാപനങ്ങൾ - 10.57 കോടി രൂപ

•LSGD (പൊതുടാപ്പുകൾ) - 955.55 കോടി രൂപ

(സി) എന്തുകൊണ്ടാണ് ഇവരിൽനിന്നും കുടിശ്ശികത്തുക ഈടാക്കാൻ സാധിക്കാത്തതെന്ന് അറിയിക്കാമോ?

വാട്ടർ അതോറിറ്റിയുടെ 75 ശതമാനം കുടിശ്ശികകളും നൽകാനുള്ളത് സർക്കാർ, പൊതുമേഖല, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. കുടിശ്ശികയുള്ള എല്ലാ ഉപഭോക്താക്കൾക്കും കുടിശ്ശികത്തുക അടയ്ക്കണമെന്നുകാണിച്ച് നോട്ടീസുകൾ നൽകിവരുന്നുണ്ട്. സർക്കാർ ഓഫീസുകളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽനിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശികത്തുക

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടയ്ക്കണമെന്നുകാണിച്ച് കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക അടയ്ക്കണമെന്ന് കാണിച്ച് ജലവിഭവ വകുപ്പുസെക്രട്ടറി, വകുപ്പുസെക്രട്ടറിമാർക്ക് കത്ത് നൽകിയിട്ടുണ്ട്.

സർക്കാർ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി നിയമാനുസൃതമായ ഇളവുകൾ നൽകി കുടിശ്ശികത്തുക പിരിച്ചെടുക്കാനുള്ള തീവ്രശ്രമം നടത്തിവരുന്നു. ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ ആശുപത്രികൾ, സ്കൂളുകൾ, അങ്കണവാടികൾ എന്നിവയുടെയും പൊതുടാപ്പുകളുടേയും കണക്ഷൻ വിച്ഛേദിക്കുന്നത് ജനജീവിതത്തെ സാരമായി ബാധിക്കുമെന്നതിനാൽ അത്തരം നടപടികൾ വാട്ടർ അതോറിറ്റി കൈക്കൊള്ളാറില്ല.

(ഡി) സർക്കാർ വെള്ളക്കരം കൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ?

തീരുമാനിച്ചിട്ടുണ്ട്. ഒരു ലിറ്റർ കുടിവെള്ളത്തിന് ഒരു പൈസ നിരക്കിൽ വർദ്ധിപ്പിക്കുവാനാണ് തീരുമാനിച്ചത്.

## ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി

321 (1111) <u>ശ്രീ. വി. കെ. പ്രശാന്ത്:</u>

ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. ഡി. പ്രസേനൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ജല അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് താഴെ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്നു.

- മീറ്ററിംഗുകളും ബില്ലിംഗും കളക്ഷനും 100 ശതമാനത്തിൽ എത്തിക്കുക.
- ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിന് പാരമ്പര്യേതര ഊർജ്ജോപഭോഗം കൂട്ടുക.
- പദ്ധതികളുടെ സമയബന്ധിത പൂർത്തീകരണത്തിന് നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുക, പദ്ധതികളുടെ പുരോഗതി കൃത്യമായി മോണിറ്റർ ചെയ്യുക.

•ജീവനക്കാരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം നൽകുക.

• വാട്ടർ സപ്ലൈ സ്കീമുകൾ വിശദമായ ഓഡിറ്റിംഗ് നടത്തി നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി നവീകരിക്കുക.

(ബി) സംസ്ഥാന ജല അതോറിറ്റിയുടെ സാങ്കേതിക വിഭാഗം ശക്തിപ്പെടുത്തുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉയർന്നുവന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന ജല അതോറിറ്റിയുടെ സാങ്കേതിക വിഭാഗം ശക്തിപ്പെടുത്തുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാങ്കേതിക വിഭാഗത്തിലെ തസ്തികകൾ കാലാനുസൃതമായി മാറ്റുന്നതിനുമായി വൈജ്ഞാനിക ഭരണപരിഷ്കാരവുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ജല അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ ലാബുകളുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

എസ്.ആർ.ഐ. സ്റ്റേറ്റ് ലാബും 14 ജില്ലാ ലാബുകളും 69 ഉപജില്ലാ ലാബുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. 2020-21, 2021-22

കാലയളവിലെ ജൽജീവൻ മിഷൻ പദ്ധതിപ്രകാരം നിലവിലുണ്ടായിരുന്ന 14 ജില്ലാ ലാബുകളുടെയും 32 ഉപജില്ലാ ലാബുകളുടെയും കൂടാതെ അധികമായി സ്ഥാപിച്ച 37 ഉപജില്ലാ ലാബുകളുടെയും നവീകരണ പ്രക്രിയ പൂർത്തിയാക്കിയിട്ടുണ്ട്. ഇവയിൽ പാലാ, കാരഡ്ക്ക എന്നീ രണ്ട് ഉപജില്ലാ ലാബുകളൊഴികെ മറ്റെല്ലാ ലാബുകൾക്കും 2021-22 കാലയളവിൽ എൻ.എ.ബി.എൽ. അക്രെഡിറ്റേഷൻ ലഭിച്ചിട്ടുള്ളതാണ്. ഈ ലാബുകളുടെ പ്രവർത്തനത്തിനാവശ്യമായ ഉയർന്ന ഗുണനിലവാരത്തിലുള്ള ലാബ് ഉപകരണങ്ങൾ, കെമിക്കലുകൾ, ഗ്ലാസ് വെയറുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. ഗുണനിലവാര പരിശോധനാ ലാബുകൾക്ക് പുറമേ ഓരോ ജില്ലയിലെയും പഞ്ചായത്തടിസ്ഥാനത്തിൽ കുടുംബശ്രീവഴി വനിതകൾക്ക് ഫീൽഡ് ടെസ്റ്റ് കിറ്റ് (എഫ്.റ്റി.കെ.) ഉപയോഗിച്ച് ജല ഗുണനിലവാര പരിശോധനയ്ക്കുള്ള പരിശീലനം നൽകുകയും ജലസാമ്പിളുകൾ പഞ്ചായത്തടിസ്ഥാനത്തിൽ പരിശോധന നടത്തി പ്രസ്തുത പരിശോധനാഫലം കേന്ദ്ര ജലശക്തി മന്ത്രാലയത്തിന്റെ ഓൺലൈൻ പോർട്ടലായ ഇ-ജൽ ശക്തി പോർട്ടലിൽ യഥാസമയം രേഖപ്പെടുത്തിവരികയും ചെയ്യുന്നു.

(ഡി) പുതുതായി പ്രവർത്തനമാരംഭിച്ച ഗുണപരിശോധനാ ലാബുകൾ പൂർണ്ണമായും കാര്യക്ഷമമമായിട്ടുണ്ടോ; അതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

പുതുതായി ആരംഭിച്ച 37 ഉപജില്ലാ ലാബുകളിലും ജൈവമാലിന്യ പരിശോധനയൊഴികെയുള്ള ബാക്കിയെല്ലാ പ്രവർത്തനങ്ങളും പൂർണ്ണമായും സജ്ജമാക്കിയിട്ടുണ്ട്. പുതിയതായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

**കേരള വാട്ടർ അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക**

322 (1112) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിക്ക് ഉപഭോക്താക്കളിൽനിന്നും കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക എത്രയെന്ന് വെളിപ്പെടുത്തുമോ?

12/2022-ലെ ഡിമാൻഡ് കളക്ഷൻ ബാലൻസ് (ഡി.സി.ബി.) പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് ഉപഭോക്താക്കളിൽനിന്നും കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക 1591.80 കോടി രൂപയാണ്.

(ബി) ഇതിൽ ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കളുടെ കുടിശ്ശിക എത്രയെന്നും സർക്കാർ വകുപ്പുകളുടെ കുടിശ്ശിക എത്രയാണെന്നും ഇനംതിരിച്ച് വ്യക്തമാക്കുമോ?

•ഗാർഹികം - 190.63 കോടി രൂപ

•ഗാർഹികേതരം - 133.09 കോടി രൂപ(സർക്കാർ പൊതുമേഖല ഒഴികെ)

•മറ്റുള്ളവ – 79.84 കോടി രൂപ

•പൊതുമേഖലാ സ്ഥാപനങ്ങൾ - 10. 57 കോടി രൂപ

•സർക്കാർ ഓഫീസുകൾ - 222.12 കോടി രൂപ

•തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ - 955.55 കോടി രൂപ

(സി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും ആയിനത്തിൽ പിരിച്ചെടുത്ത കുടിശ്ശിക തുക എത്രയെന്നും വിശദമാക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങൾനിന്നും സർക്കാർ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽനിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശികത്തുക അടയ്ക്കണമെന്ന് കാണിച്ച് കത്ത് മുഖേനയും നേരിട്ടും അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക അടയ്ക്കണമെന്ന് കാണിച്ച് ജലവിഭവ വകുപ്പുസെക്രട്ടറി, വകുപ്പുസെക്രട്ടറിമാർക്ക് കത്ത് നൽകിയിട്ടുണ്ട്.

സർക്കാർ പ്രഖ്യാപിച്ച ആംനെസ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി നിയമാനുസൃതമായ ഇളവുകൾ നൽകി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള തീവ്രശ്രമം കേരള വാട്ടർ അതോറിറ്റി നടത്തിവരുന്നു. യുദ്ധകാലാടിസ്ഥാനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുവേണ്ടി എല്ലാ ഓഫീസുകളിലും 01-01-2023 മുതൽ 31-03-2023 വരെ 'വാർ റൂമുകൾ' പ്രവർത്തിച്ചുവരുന്നു. ആംനെസ്റ്റി സ്കീം പ്രകാരം 01-02-2023 വരെ 42.16 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. 118.90 കോടി രൂപ തവണകളായി അടയ്ക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

**വെള്ളം പാഴായിപ്പോകുന്നതുമൂലം ജല അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം**

323 (1113) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റി പ്രതിദിനം വിതരണം ചെയ്യുന്ന വെള്ളത്തിന്റെ 40 മുതൽ 45 ശതമാനം വരെ പാഴായിപ്പോകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇപ്രകാരം ജലം പാഴായിപ്പോകുന്നതുമൂലം ജല അതോറിറ്റിക്കുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ജല വിതരണ പൈപ്പുകൾ വഴിയുള്ള ചോർച്ച, ജല മോഷണം, മീറ്ററുകൾ പ്രവർത്തിക്കാതിരിക്കുന്ന അവസ്ഥ എന്നിവമൂലം അതോറിറ്റിക്ക് നഷ്ടമുണ്ടാകുന്നുണ്ടോ; വ്യക്തമാക്കുമോ?

(എ-സി) ജലവിതരണ പൈപ്പുകൾ വഴിയുള്ള ചോർച്ച, ജല മോഷണം, മീറ്ററുകൾ പ്രവർത്തിക്കാതിരിക്കുന്ന അവസ്ഥ എന്നിവമൂലം അതോറിറ്റിക്കുണ്ടായ നഷ്ടം സംബന്ധിച്ചുള്ള വിശദമായ പഠനം ഇതുവരെയും നടത്തിയിട്ടില്ല. ആകെ ഉല്പാദിപ്പിക്കുന്ന ജലത്തിന്റെ അളവും 'വിതരണ ശൃംഖല' വഴി ഉപഭോക്താവ് ഉപയോഗിക്കപ്പെടുന്ന ജലത്തിന്റെ അളവും തമ്മിലുള്ള വ്യത്യാസത്തെ വരുമാനരഹിത ജലമായാണ് (Non-Revenue Water) കണക്കാക്കുന്നത്. ഇത് പ്രധാനമായും രണ്ട് ഘടകങ്ങളെ ആശ്രയിച്ചാണ് കണക്കാക്കുന്നത് - പൈപ്പുകളിലൂടെയും മറ്റും ചോർച്ച കാരണം യഥാർത്ഥത്തിലുണ്ടാകുന്ന നഷ്ടവും (ഭൗതിക നഷ്ടം) മീറ്റർ തകരാർ, മോഷണം തുടങ്ങിയവ കാരണം ജലത്തിന്റെ ശരിയായ ഉപയോഗം തിട്ടപ്പെടുത്താൻ കഴിയാത്തത് കാരണമുണ്ടാകുന്ന നഷ്ടവും (വാണിജ്യ നഷ്ടം). കേരള വാട്ടർ അതോറിറ്റിയുടെ മൊത്തം ഉത്പാദനശേഷിയും ആകെ ബിൽ ചെയ്യുന്ന വെള്ളത്തിന്റെ അളവും കണക്കിലെടുത്ത് വരുമാനരഹിത ജലത്തിന്റെ അളവ് (Non-Revenue Water) ഏകദേശം 40 മുതൽ 45

ശതമാനത്തോളമാണെന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ ഭൗതിക നഷ്ടവും (Physical Loss) വാണിജ്യ നഷ്ടവും (Commercial loss) ഉൾപ്പെടുന്നു. അതോറിറ്റിയെ സംബന്ധിച്ച് ഇവ വേർതിരിച്ച് നിർണ്ണയിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല. എങ്കിലും ആകെയുള്ള വരുമാനരഹിത ജലത്തിൽ 20 മുതൽ 25 ശതമാനം മാത്രമാണ് ഭൗതിക നഷ്ടം സംഭവിക്കുന്നതെന്നാണ് പ്രാഥമികമായി വിലയിരുത്തപ്പെടുന്നത്.

(ഡി) ഇത്തരത്തിലുണ്ടാകുന്ന വരുമാനനഷ്ടം കുറയ്ക്കുന്നതിനായി ജല അതോറിറ്റി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

കാലഹരണപ്പെട്ട പൈപ്പുകൾ, സ്റ്റേറ്റ് പ്ലാൻ, ജൽജീവൻ മിഷൻ, അമൃത്, കിഫ്ബി എന്നീ പദ്ധതികളിലൂടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തികളിലൂടെയും മാറ്റി സ്ഥാപിച്ച് ചോർച്ച പരിഹരിക്കാറുണ്ട്. ജലമോഷണം തടയുന്നതിന് എൻ.ആർ.ഡബ്ല്യൂ.എം. യൂണിറ്റ് പരിശോധന നടത്തി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രവർത്തിക്കാത്ത മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനായി പൊതുജനങ്ങളെ ബോധവത്കരിക്കുകയും ഉപഭോക്താക്കളെ വിവരമറിയിക്കുകയും മാറ്റി സ്ഥാപിക്കാത്ത മീറ്ററുകൾ ജല അതോറിറ്റി മാറ്റി സ്ഥാപിച്ച് ഇതിനുള്ള തുക ബില്ലിൽനിന്നും ഈടാക്കുകയും ചെയ്യുന്നുണ്ട്. മീറ്ററുകൾ മാറ്റിവയ്ക്കാത്ത ഉപഭോക്താക്കളുടെ കണക്ഷൻ

വിച്ഛേദിക്കുകയും ചെയ്യുന്നു. പൈപ്പുകൾ പൊട്ടുന്നതുമൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിന് റണ്ണിംഗ് കോൺട്രാക്ടർ മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനമുപയോഗിച്ചും പൊട്ടിയ പൈപ്പിന്റെ ഭാഗം അടിയന്തരമായി മാറ്റി സ്ഥാപിച്ച് ജലനഷ്ടം ഒഴിവാക്കിവരുന്നു. കൂടാതെ കുടിവെള്ളം പാഴാകുന്നത് തടയുന്നതിനായി സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടപ്പിലാക്കിവരുന്നു. മീറ്ററിംഗിൽ കൂടുതൽ കൃത്യതയും വ്യക്തതയും കൈവരിക്കുന്നതിന് അതോറിറ്റി മീറ്റർ പോളിസി രൂപപ്പെടുത്തിയിട്ടുണ്ട്. 100 ശതമാനം മീറ്ററിംഗും ബില്ലിംഗും ലക്ഷ്യമിട്ട് അതിനൂതന സാങ്കേതിക സംവിധാനമായ ഓട്ടോമേറ്റഡ് മീറ്റർ റീഡിംഗ് (AMR) പഠന വിഷയമാക്കിയിട്ടുണ്ട്.

## ജല അതോറിറ്റിക്ക് ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി

324 (1114) <u>ശ്രീ. മഞ്ഞളാംകുഴി അലി:</u>
<u>ശ്രീ. പി. ഉബൈദുള്ള:</u>
<u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u>
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിക്ക് കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കിയിട്ടുണ്ടോ; കുടിശ്ശിക വരുത്തിയതിൽ സർക്കാർ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

12/2022-ലെ ഡിമാൻഡ് കളക്ഷൻ ബാലൻസ് (ഡി.സി.ബി.) പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് ഉപഭോക്താക്കളിൽനിന്നും കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക 1591.80 കോടി രൂപയാണ്.

സർക്കാർ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.

- പൊതുമേഖലാ സ്ഥാപനങ്ങൾ - 10. 57 കോടി രൂപ
- സർക്കാർ ഓഫീസുകൾ - 222.12 കോടി രൂപ
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ - 955.55 കോടി രൂപ

(ബി) ജല അതോറിറ്റി നിലവിലെ താരിഫ് നിരക്കുകൾ പുതുക്കി നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം പ്രതിവർഷം താരിഫിൽ ലഭിക്കുന്ന വർദ്ധനവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ?

തീരുമാനിച്ചിട്ടുണ്ട്. പ്രതിവർഷം താരിഫിൽ 401.61 കോടി രൂപയുടെ വർദ്ധനവാണ് കണക്കാക്കിയിട്ടുള്ളത്.

(സി) ജല അതോറിറ്റിക്ക് ലഭിക്കാനുള്ള കുടിശ്ശിക കൃത്യമായി പിരിച്ചെടുത്ത് താരിഫ് വർദ്ധനവ് ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

വാട്ടർ ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശക്തമായ പല നടപടികളും വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. കൃത്യമായി ബിൽ അടയ്ക്കാത്ത ഉപഭോക്താക്കൾക്ക് ഡിസ്കണക്ഷൻ നോട്ടീസ് നൽകുകയും അടയ്ക്കാത്തപക്ഷം ഡിസ്കണക്ഷൻ നടത്തുകയും ചെയ്യുന്നു. അധിക കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളുടെ കുടിശ്ശിക നിവാരണം ചെയ്യുന്നതിന് ആംനസ്റ്റി പദ്ധതിപ്രകാരം വാട്ടർ ചാർജ്ജ് അടയ്ക്കുന്നതിന് ക്രമീകരണം ചെയ്തുവരുന്നു. കൂടാതെ സമയബന്ധിതമായി കുടിശ്ശിക തീർക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന വാർ റൂം എല്ലാ സെക്ഷൻ തലത്തിലും സബ് ഡിവിഷൻ തലത്തിലും ഡിവിഷൻ തലത്തിലും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഉപഭോക്താവ് ആവശ്യപ്പെടുന്നമുറയ്ക്ക് തവണകളായി കുടിശ്ശികയടയ്ക്കുന്നതിന് ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

സർക്കാർ ഓഫീസുകളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അതോറിറ്റിയുടെ എല്ലാ ഓഫീസുകളിൽനിന്നും ബന്ധപ്പെട്ട വകുപ്പുകൾക്ക് കുടിശ്ശിക തുക അടയ്ക്കണമെന്ന് കാണിച്ച് കത്ത് മുഖേനയും നേരിട്ടും

അറിയിപ്പുകൾ നൽകിയിട്ടുണ്ട്. കൂടാതെ സർക്കാർ സ്ഥാപനങ്ങളിൽനിന്നും കുടിശ്ശിക അടയ്ക്കണമെന്ന് കാണിച്ച് ജലവിഭവ വകുപ്പുസെക്രട്ടറി, വകുപ്പുസെക്രട്ടറിമാർക്ക് കത്ത് നൽകിയിട്ടുണ്ട്. സർക്കാർ പ്രഖ്യാപിച്ച ആംനസ്റ്റി പദ്ധതിയിലുൾപ്പെടുത്തി നിയമാനുസൃതമായ ഇളവുകൾ നൽകി കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള തീവ്രശ്രമം നടത്തിവരുന്നു. യുദ്ധകാലാടിസ്ഥാനത്തിൽ കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുവേണ്ടി എല്ലാ ഓഫീസുകളിലും 01-01-2023 മുതൽ 31-03-2023 വരെ വാർ റൂമുകൾ പ്രവർത്തിച്ചുവരുന്നു. ഈ കാലയളവിലും കുടിശ്ശിക തുക അടയ്ക്കാത്ത കണക്ഷനുകൾ വിച്ഛേദിക്കുന്നതാണ്. എന്നിരുന്നാലും വാട്ടർ അതോറിറ്റി വൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ ചാർജ്ജ് വർദ്ധനവ് ഒഴിവാക്കാൻ നിർവ്വാഹമില്ലെന്ന് കാണുന്നു.

**വെള്ളക്കരത്തിലെ വർദ്ധനവ്**

325 (1115) <u>ശ്രീ. അൻവർ സാദത്ത്</u>:
<u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>:
<u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെള്ളക്കരം ലിറ്ററിന് ഒരു പൈസയെന്ന തോതിൽ വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

തീരുമാനിച്ചിട്ടുണ്ട്.

(ബി) വാട്ടർ അതോറിറ്റി ആയിരം ലിറ്റർ വെള്ളമാണോ ഒരു യൂണിറ്റായി കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിലവർദ്ധനവ് യൂണിറ്റടിസ്ഥാനത്തിന് പകരം ലിറ്ററടിസ്ഥാനത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കുമോ?

കേരള വാട്ടർ അതോറിറ്റി ആയിരം ലിറ്റർ വെള്ളമാണ് ഒരു യൂണിറ്റായി കണക്കാക്കുന്നത്. വെള്ളത്തിന്റെ അളവുകോൽ ലിറ്ററിലായതിനാലാണ് താരിഫ് വർദ്ധനവ് ലിറ്ററടിസ്ഥാനത്തിൽ നടപ്പിലാക്കാൻ തീരുമാനിച്ചത്.

(സി) വെള്ളക്കരം ലിറ്ററിന് ഒരു പൈസ വർദ്ധിപ്പിച്ചാൽ ഓരോ യൂണിറ്റ് (ആയിരം ലിറ്റർ) വെള്ളത്തിനും 10 രൂപ നിരക്കിൽ വർദ്ധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) വെള്ളക്കരം ലിറ്ററിന് ഒരു പൈസ വർദ്ധിപ്പിച്ചാൽ 10 യൂണിറ്റ് ശരാശരി ഉപഭോഗമുള്ള ഒരു കുടുംബത്തിന്റെ ബില്ലിൽ മൂന്നിരട്ടിയോളം വർദ്ധനവുണ്ടാകുമെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത്രയും ഭീമമായ വർദ്ധനവ് തീരുമാനിക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ?

ഒരു ലിറ്റർ കുടിവെള്ളത്തിന് ഒരു പൈസ നിരക്കിൽ വർദ്ധിപ്പിക്കുന്നത് മുഖേന ഗാർഹിക ഉപഭോക്താക്കൾക്ക് മാസം 5000 ലിറ്റർ വരെയുള്ള ജലത്തിന് 22.05 രൂപയിൽനിന്നും 72.05 രൂപയായി വർദ്ധിക്കും. എന്നാൽ ബി.പി.എൽ. കുടുംബങ്ങൾക്ക് പ്രതിമാസം 15000 ലിറ്റർ ജലം സൗജന്യമായി നൽകിവരുന്നത് തുടരും.

ജലശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതുവഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷമുണ്ടാകുന്നത്. വർഷാവർഷം വർദ്ധിച്ചുവരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പാ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവയ്ക്കനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവുണ്ടാകുന്നില്ല. വൈദ്യുതി ചാർജ്ജിനത്തിൽ കെ.എസ്.ഇ.ബി.-ക്ക് 1263.64 കോടി രൂപ വാട്ടർ അതോറിറ്റി നൽകാനുണ്ട്. മാത്രമല്ല 2018 മുതൽക്കുള്ള പെൻഷൻ ആനുകൂല്യങ്ങളും പി.എഫ്. ഉൾപ്പെടെയുള്ള മറ്റാനുകൂല്യങ്ങളും ജീവനക്കാർക്ക് നൽകാനുണ്ട്. അറ്റകുറ്റപ്പണികൾ ചെയ്തവകയിൽ കരാറുകാർക്ക് 137.06 കോടി രൂപ കൊടുത്തുതീർക്കാനുണ്ട്. ഈ സാഹചര്യത്തിലാണ് വാട്ടർ ചാർജ്ജ്

വർദ്ധിപ്പിക്കാനുള്ള കേരള വാട്ടർ അതോറിറ്റിയുടെ ശിപാർശ അംഗീകരിക്കാൻ തീരുമാനിച്ചത്.

**കോട്ടക്കൽ നഗരസഭയിലെ കുടിവെള്ള പദ്ധതി**

326 (1116) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നഗരസഭയിലെ കുടിവെള്ള പദ്ധതിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൻമേൽ ചീഫ് എഞ്ചിനീയറുടെ ഓഫീസ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ഫയൽ നമ്പർ സഹിതം വിശദമാക്കുമോ?

(എ&ബി) കോട്ടക്കൽ നഗരസഭയിലെ കുടിവെള്ള പദ്ധതിയുടെ ഭാഗമായി പുതിയ ടാപ്പ് കണക്ഷനുകൾ നൽകുന്നതിനും വിതരണ ശൃംഖല സ്ഥാപിക്കൽ/പഴയ പൈപ്പുകൾ മാറ്റിസ്ഥാപിക്കൽ എന്നിവയ്ക്കായി 14.99 കോടി രൂപയുടെ ഭരണാനുമതി അമൃത് 2-ൽ ഉൾപ്പെടുത്തി ലഭിക്കുന്നതിനായി SMMU-ലേയ്ക്ക് ശിപാർശ നൽകുന്നതിനുള്ള നടപടിയും ജലസംഭരണികൾ/ വിതരണശൃംഖല സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനായി

132.65 കോടി രൂപയുടെ ഭരണാനുമതി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു.

ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ ഫയൽ നമ്പർ

1.3452/D5E/2022/CENR-KKD

2.3363/D4/2022/CENR-KKD

**കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ട്**

327 (1117) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ട് നിർമ്മാണ പുരോഗതി വിശദമാക്കാമോ; പ്രസ്തുത പ്രോജക്ട് എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കാമോ?

കഴക്കൂട്ടം-മുട്ടത്തറ സ്വീവറേജ് പ്രോജക്ടിന്റെ നിർമ്മാണ പുരോഗതി അനുബന്ധമായി ചേർക്കുന്നു.+

പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലവുമായി ബന്ധപ്പെട്ട് സ്ഥലവാസികളുടെ എതിർപ്പുള്ളതിനാൽ പ്രോജക്ട് പൂർത്തീകരിക്കാനായിട്ടില്ല. പ്രശ്നത്തിന് പരിഹാരമുണ്ടാകുകയാണെങ്കിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് 2023 ഡിസംബർ മാസത്തോടെ പ്രോജക്ട് കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായ അരശുംമൂട്-കുഴിവിള സ്ട്രെച്ചിന്റെ പ്രവൃത്തി പുരോഗതി വിശദമാക്കാമോ; പ്രസ്തുത സ്ട്രെച്ചിന്റെ പ്രവൃത്തികൾ എപ്പോൾ പൂർത്തിയാകുമെന്ന് അറിയിക്കാമോ?

പ്രവൃത്തിയുടെ 74 ശതമാനം പൂർത്തിയായിട്ടുണ്ട്. മുഴുവൻ ഭാഗവും 2023 മാർച്ച് മാസത്തോടെ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി ആക്കുളം, മെഡിക്കൽ കോളേജ് വാർഡുകളിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

പ്രോജക്ടിന്റെ ഭാഗമായുള്ള ആക്കുളം, മെഡിക്കൽ കോളേജ് വാർഡുകളിലെ എല്ലാ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്.

(ഡി) പേട്ട-ആനയറ റോഡിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന സ്വീവറേജ് മെയിൻ ലൈനിന്റെ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തി കേരള റോഡ് ഫണ്ട് ബോർഡിന്റെ ഉടമസ്ഥതയിലുള്ള റോഡ് പുനരുദ്ധാരണ പ്രവൃത്തികളോടൊപ്പമേ നിർവ്വഹിക്കുകയുള്ളൂ. വാട്ടർ അതോറിറ്റിയുടെ സ്വീവറേജ് മെയിൻ ലൈൻ ഉൾപ്പെടെയുള്ള യൂട്ടിലിറ്റികൾ

മാറ്റിസ്ഥാപിക്കുന്നതിനുള്ള കോമ്പോസിറ്റ് ടെണ്ടർ ചെയ്യാനാണ് ഫണ്ടിംഗ് ഏജൻസിയായ കിഫ്ബി നിർദ്ദേശിച്ചിരിക്കുന്നത്. സ്വീവറേജ് മെയിൻ ലൈൻ മാറ്റിസ്ഥാപിക്കുന്നതിന് 4.26 കോടി രൂപയുടെ എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി സമർപ്പിച്ചിരുന്നു. 24-11-2022-ൽ നടന്ന 116-ാമത്തെ ടെക്നിക്കൽ കമ്മിറ്റിയിൽ സൂക്ഷ്മപരിശോധന നടത്തി ഭേദഗതികൾ നിർദ്ദേശിച്ച് എസ്റ്റിമേറ്റ് പുനഃസമർപ്പിക്കുവാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റിൽ തിരുത്തലുകൾ വരുത്തി കേരള റോഡ് ഫണ്ട് ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. അടുത്ത ടെക്നിക്കൽ കമ്മിറ്റിയിൽ എസ്റ്റിമേറ്റ് പുനഃപരിശോധിച്ച് പ്രൈസ് സോഫ്റ്റ്‌വെയർ മുഖേന സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതാണെന്ന് റോഡ് ഫണ്ട് ബോർഡ് അറിയിച്ചിട്ടുണ്ട്. ടെണ്ടർ നടപടി പൂർത്തിയാകുന്നമുറയ്ക്ക് സ്വീവറേജ് മെയിൻ ലൈനിന്റെ പ്രവൃത്തികളും ആരംഭിക്കുന്നതാണ്.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

328 (1118) <u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രോജക്ടായ അതിയന്നൂർ-കോട്ടുകാൽ കുടിവെള്ള പദ്ധതിയുടെ പൂർത്തിയായ

പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ധനസഹായത്തോടെയുള്ള അതിയന്നൂർ-കോട്ടുകാൽ കുടിവെള്ള പദ്ധതിയുടെ ഭാഗമായ കിണറിന്റെയും സംപ്, പമ്പ് ഹൗസ് എന്നിവയുടെയും പ്രവൃത്തികൾ പൂർത്തിയായി. ബാക്കിയുള്ള പ്രവൃത്തികൾ ത്വരിതഗതിയിൽ പുരോഗമിക്കുന്നു. ഓരോ ഘടകങ്ങളുടെയും പുരോഗതി ശതമാനാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

**പോങ്ങിൽ ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും:-**

•സബ്സ്റ്റേഷൻ കെട്ടിടം - 90%

•ക്ലോറിൻ റൂം - 90%

•ക്ലോറിനേറ്റർ - 80%

•സംപും പമ്പ്ഹൗസും - 100%

•ട്രാൻസ്ഫോർമർ, പമ്പ്സെറ്റുകൾ തുടങ്ങിയവ വിതരണം ചെയ്ത് സ്ഥാപിക്കൽ - 80%

•പ്രധാന കെട്ടിടം - 80%

•ഓഫീസ് റൂം, ലാബ്, സൊല്യൂഷൻ ടാങ്ക് റൂം - 80%

•ഫിൽട്ടർ ഹൗസ് - 70%

•പൈപ്പ് ഗ്യാലറി - 50%

•ലാമെല്ലാ ക്ലാരിഫൈയർ - 90%

•ഫ്ലോക്കുലേറ്റർ - 90%

•റീസൈക്ലിംഗ് യൂണിറ്റ് - 0%

•എയ്റേറ്റർ - 20%

•ഉപരിതല ജലസംഭരണിയുടെ നിർമ്മാണം - 35%

**പിരായുംമൂട് കിണറും പമ്പ്ഹൗസും**

•6 മീറ്റർ വ്യാസമുള്ള കിണർ - 100%

•റാ വാട്ടർ പമ്പ് ഹൗസ് - 90%

•സബ്സ്റ്റേഷൻ - 25%

•നടവഴിപ്പാലം - 80%

•ചുറ്റുമതിൽ - 15%

•ട്രാൻസ്ഫോർമർ, പമ്പ്സെറ്റുകൾ തുടങ്ങിയവ വിതരണം ചെയ്ത് സ്ഥാപിക്കൽ - 80%

•500 മില്ലി മീറ്റർ വ്യാസമുള്ള ഡക്ടൈൽ അയൺ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ - 85%

•റോഡ് പുനസ്ഥാപന പ്രവൃത്തികൾ - 40%

പദ്ധതി 2023 മേയ് മാസത്തോടെ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ചന്തവിള, കാട്ടായിക്കോണം, കഴക്കൂട്ടം, പള്ളിത്തുറ വാർഡുകളിൽ കുടിവെള്ളം

329 (1119) ശ്രീ. കടകംപള്ളി സുരേന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ചന്തവിള, കാട്ടായിക്കോണം, കഴക്കൂട്ടം, പള്ളിത്തുറ വാർഡുകളിൽ കുടിവെള്ളമെത്തിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ ചന്തവിള, കാട്ടായിക്കോണം, കഴക്കൂട്ടം, പള്ളിത്തുറ വാർഡുകളുൾപ്പെടെ 14 വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്നതിനായി അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തി താഴെപ്പറയുന്ന രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിന് സമർപ്പിച്ചിട്ടുണ്ട്.

1. Providing FHTC for all wards (Partial coverage as Phase I) under Kazhakuttam Section- 9.326 കോടി രൂപ.
2. Providing FHTC for all wards (Partial coverage as Phase II) under Kazhakuttam Section-6.405 കോടി രൂപ.

കൂടാതെ അമൃത് 1.0-ന്റെ സേവിംഗ്സിലുൾപ്പെടുത്തി ചന്തവിള, കാട്ടായിക്കോണം, കഴക്കൂട്ടം, പള്ളിത്തുറ വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി ലൈൻ സ്ഥാപിക്കുന്നതിനും ജലസംഭരണി നിർമ്മിക്കുന്നതിനുമായി 13 കോടി രൂപയുടെ പദ്ധതിയും സമർപ്പിച്ചിട്ടുണ്ട്. മേൽപ്രവൃത്തികൾ 20-12-2022-ൽ കൂടിയ SLTC യോഗത്തിൽ അംഗീകരിക്കുകയും തുടർന്ന് 23-1-2023-ൽ കൂടിയ SHPSC യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന് ഭരണാനുമതി ഉടൻ പ്രതീക്ഷിക്കുന്നു. ഭരണാനുമതി ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്.

(ബി) ടെക്നോപാർക്ക്, ചന്തവിള, കിൻഫ്രാ പാർക്ക്, മേനംകുളം കിൻഫ്രാ അപ്പാരൽ പാർക്ക്, വി.എസ്.എസ്.സി. എന്നിവിടങ്ങളിൽ കുടിവെള്ള വിതരണത്തിനായി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതി വിശദമാക്കാമോ?

ടെക്നോപാർക്ക്, മേനംകുളം, കിൻഫ്രാ പാർക്ക് എന്നിവിടങ്ങളിൽ നിലവിലുള്ള പദ്ധതിയിൽനിന്നും കുടിവെള്ളം വിതരണം നടത്തുന്നുണ്ട്. കിൻഫ്രാ പാർക്കിലേയ്ക്ക് കുടിവെള്ളം എത്തിക്കുന്നതിലേയ്ക്കായി നിലവിലുള്ള പദ്ധതിയിലുൾപ്പെട്ട ഉള്ളൂമല കുന്നിലെ ജലസംഭരണി മുതൽ കിൻഫ്ര പാർക്ക്

വരെ 150 മില്ലി മീറ്റർ വ്യാസമുള്ള DI പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി കിൻഫ്രയുടെ നിക്ഷേപത്തുകയിൽ പൂർത്തീകരിച്ചിട്ടുണ്ട്. കണക്ഷൻ നൽകുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. പേരൂർക്കട, മൺവിള ട്രാൻസ്മിഷൻ മെയിൻ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുന്നമുറയ്ക്ക് ഇവിടങ്ങളിലേയ്ക്ക് കൂടുതൽ ജലം ലഭ്യമാക്കാനും വി.എസ്.എസ്.സി. ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്താനും സാധിക്കും.

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വിശദമാക്കാമോ?

പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് സാങ്കേതികാനുമതി നൽകി പ്രവൃത്തിയാരംഭിക്കാൻ കഴിയുന്നതാണ്. പ്രവൃത്തി അവാർഡ് ചെയ്യുന്ന തീയതി മുതൽ 18 മാസംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പയ്യന്നൂർ കുടിവെള്ള പദ്ധതി

330 (1120) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള ചപ്പാരപ്പടവിലെ കിണർ നിർമ്മാണപ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ?

നാട്ടുകാരുടെയും പഞ്ചായത്തിന്റെയും എതിർപ്പുമൂലം കോൺട്രാക്ടർക്ക് പ്രവൃത്തിയാരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രവൃത്തി നിർവ്വഹണത്തിനുള്ള ഉത്തരവ് 29-03-2020-ൽ നൽകിയിരുന്നുവെങ്കിലും 2022-ലും പ്രവൃത്തിയാരംഭിക്കുവാൻ സാധിച്ചിട്ടില്ല. സാധന സാമഗ്രികളുടെ വിലയിൽ വന്ന വർദ്ധനവും പ്രവൃത്തി അനിശ്ചിതമായി നീണ്ടുപോകുന്നതുകൊണ്ടും കോൺട്രാക്ടർ ഈ പ്രവൃത്തിയിൽനിന്ന് വിടുതൽ ലഭിക്കാൻ അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി ഉത്തര മേഖല ചീഫ് എഞ്ചിനീയറുടെ ഉത്തരവ് പ്രകാരം വിടുതൽ നൽകിയിട്ടുണ്ട്.

(ബി) പ്രാദേശിക പ്രശ്നങ്ങൾ പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

കിണർ നിർമ്മാണത്തിന് പാറ പൊട്ടിക്കുന്നതിനുള്ള ജില്ലാ കളക്ടറുടെ അനുമതി 25-11-2021-ന് ലഭിച്ചു. തുടർന്ന് കിണറിന്റെ നിർമ്മാണം ആരംഭിച്ചപ്പോൾ നാട്ടുകാരുടെ എതിർപ്പുമൂലം പ്രവൃത്തി 03-01-2022-ന് നിർത്തിവയ്ക്കേണ്ടിവന്നു. അതോടൊപ്പം പഞ്ചായത്ത് നിയന്ത്രണത്തിലുള്ള

പുറമ്പോക്ക് അനധികൃതമായി കയ്യേറി നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നുവെന്നാരോപിച്ച് പ്രവൃത്തി നിർത്തിവയ്ക്കാൻ 03-01-2022-ന് ചപ്പാരപ്പടവ് പഞ്ചായത്ത് സെക്രട്ടറി നോട്ടീസ് നൽകി. ഇതേത്തുടർന്ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 11-01-2022-ന് വിളിച്ചുചേർത്ത യോഗത്തിൽ നിർമ്മാണപ്രവൃത്തിയുമായി മുന്നോട്ടുപോകുവാനും പ്രതിഷേധം ഉണ്ടാകുകയാണെങ്കിൽ പോലീസ് സഹായം തേടാനും തീരുമാനിച്ചിരുന്നു. കിണർ നിർമ്മാണ പ്രവൃത്തിക്കാവശ്യമായ എല്ലാ സഹായങ്ങളും കേരള വാട്ടർ അതോറിറ്റിക്ക് നൽകുവാൻ ചപ്പാരപ്പടവ് പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് 13-01-2022-ന് കത്ത് നൽകുകയും ചെയ്തിരുന്നു. പ്രവൃത്തികൾ തുടരുന്നത് തടയുമെന്ന നിലപാടിൽ പ്രതിഷേധക്കാർ ഉറച്ചുനിൽക്കുന്ന സാഹചര്യത്തിൽ പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകുന്നതിനുവേണ്ടി ജില്ലാ കളക്ടറുടെ നിർദ്ദേശമനുസരിച്ച് പോലീസ് സംരക്ഷണം നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തളിപ്പറമ്പ് പോലീസ് ഇൻസ്പെക്ടർക്ക് കത്ത് നൽകുകയും ചെയ്തു. പോലീസ് സംരക്ഷണത്തിൽ പ്രവൃത്തികൾ പുനരാരംഭിക്കാൻ കരാറുകാരനോട് ആവശ്യപ്പെട്ടെങ്കിലും കടുത്ത എതിർപ്പ് ചൂണ്ടിക്കാട്ടി കരാറുകാരൻ പ്രവൃത്തി

പുനരാരംഭിക്കാൻ മുന്നോട്ടുവന്നില്ല. കിണർ നിർമ്മാണപ്രവൃത്തി നാട്ടുകാരും പഞ്ചായത്ത് പ്രതിനിധികളും ചേർന്ന് തടസ്സപ്പെടുത്തുന്നതിനാൽ പ്രവൃത്തി തുടങ്ങുന്നതിനാവശ്യമായ അനുകൂല സാഹചര്യമുണ്ടാക്കിത്തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചപ്പാരപ്പടവ് പഞ്ചായത്ത് സെക്രട്ടറിക്കും 08-07-2022-ന് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത വിഷയം ജില്ലാ വികസന സമിതി യോഗത്തിൽ ചർച്ച ചെയ്തിട്ടുള്ളതും കുറേക്കാലമായി പരിഹാരമാകാതെ കിടക്കുന്നതിനാൽ പകരം സംവിധാനം പ്രദേശത്ത് നടപ്പിലാക്കാൻ സാധിക്കുമോ എന്നതുസംബന്ധിച്ച് ജലസേചനം, കെ.ഐ.ഐ.ഡി.സി., മണ്ണ് സംരക്ഷണം എന്നീ വകുപ്പുകളുമായി ചേർന്ന് ഒരു യോഗം 22-10-2022-ന് ചേർന്നിരുന്നു. പ്രസ്തുത വിഷയത്തെക്കുറിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജില്ലാ വികസന സമിതി യോഗം നിർദ്ദേശിച്ചതനുസരിച്ച് വാട്ടർ അതോറിറ്റി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) തടസ്സങ്ങൾ പരിഹരിച്ച് പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

മുൻകരാർ റദ്ദുചെയ്ത് DSR 2018 നിരക്കിൽ പുതിയ എസ്റ്റിമേറ്റും മുൻകരാറുകാരനെ ഒഴിവാക്കിക്കൊണ്ടുള്ള ഉത്തരവും കിഫ്ബിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കാലതാമസമില്ലാതെ കിഫ്ബിയുടെ

ഭരണാനുമതി ലഭിക്കുകയാണെങ്കിൽ 2024 മെയ് 31-ഓടുകൂടി പദ്ധതി പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ, പൂതക്കുളം പ്രദേശങ്ങൾക്കായി കുടിവെള്ള പദ്ധതി

331 (1121) ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ നഗരസഭ, പൂതക്കുളം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലേയ്ക്കായി ഒരു ചെറുകിട കുടിവെള്ള പദ്ധതി ആരംഭിക്കുന്നതിനായി വാട്ടർ അതോറിറ്റി കൊല്ലം പ്രോജക്ട് ഡിവിഷൻ ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ നഗരസഭ, പൂതക്കുളം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ചാത്തന്നൂർ നിയോജകമണ്ഡലത്തിൽത്തന്നെയുള്ള ഇത്തിക്കരയാറോ പള്ളിമൻ ആറോ സ്രോതസ്സായി ഒരു ചെറുകിട പദ്ധതി വിഭാവന ചെയ്യുന്നതിനുവേണ്ടി ചാത്തന്നൂർ എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം 18-11-2022-ൽ കേരള വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു യോഗം വിളിക്കുകയുണ്ടായി. ഈ

യോഗത്തിൽ, നിലവിൽ വർക്കല നിയോജകമണ്ഡലത്തിലെ പള്ളിക്കൽ-മടവൂർ-നാവായിക്കുളം കുടിവെള്ള പദ്ധതിക്കായി ആദിച്ചനെല്ലൂരിലുള്ള ഇത്തിക്കരയാറ്റിൽ ഒരു പുതിയ കിണറും പമ്പ് ഹൗസും ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട പദ്ധതിയുടെ ഇൻടേക്കിൽ നിന്നും 10 MLD ജലം ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ-പൂതക്കുളം പ്രദേശങ്ങൾക്ക് നൽകാൻ കഴിയുമോയെന്ന് പരിശോധിക്കാൻ തീരുമാനിച്ചു. തുടർന്ന് സ്ഥലപരിശോധന നടത്തുകയുണ്ടായി. എന്നാൽ നിർദ്ദിഷ്ട പദ്ധതിയുടെ ഇൻടേക്ക് പമ്പ് ഹൗസിൽ ഒരു പമ്പ് സെറ്റ് കൂടി സ്ഥാപിക്കാനുള്ള സ്ഥലപരിമിതിയുള്ളതിനാൽ എം.എൽ.എ. തന്നെ നിർദ്ദേശിച്ച ഇത്തിക്കരയാറിൽ ഇത്തിക്കര പാലത്തിന് സമീപമുള്ള സ്ഥലം പദ്ധതിക്ക് അനുയോജ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. തുടർന്ന് പദ്ധതിക്കായി നിർദ്ദേശിച്ച ജലസ്രോതസ്സിലെ ജലലഭ്യത ഉറപ്പുവരുത്താൻ തീരുമാനിക്കുകയും ആയതിനായി ഇറിഗേഷൻ വകുപ്പിനോട് തടയണ നിർമ്മിക്കേണ്ട ആവശ്യകത പഠനവിധേയമാക്കാൻ അഭ്യർത്ഥിക്കുകയും ചെയ്തു. ഇറിഗേഷൻ വകുപ്പിൽനിന്നും പഠന റിപ്പോർട്ട് ലഭിച്ച് ജലലഭ്യത

ഉറപ്പുവരുത്തിയശേഷം എത്രയുംവേഗം എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) പരവൂർ, പൂതക്കുളം പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകി ആയത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നത് വ്യക്തമാക്കുമോ?

ജലലഭ്യത ഉറപ്പാക്കിയാൽത്തന്നെ ഉപ്പുവെള്ളം സ്രോതസ്സിൽ കലരാൻ സാധ്യതയുള്ളതിനാൽ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്. റെഗുലേറ്റർ കം ബ്രിഡ്ജ് കൂടി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ കിഫ്ബി ചാത്തന്നൂർ കുടിവെള്ള പദ്ധതിയിൽ ശേഷിച്ച ഭരണാനുമതി തുക അപര്യാപ്തമായിവരികയും അധികമായിവരുന്ന തുക കണ്ടെത്തേണ്ടതായും വരും. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകിയുള്ള പ്രാരംഭ പ്രവൃത്തികൾ ചെയ്തുവരുന്നു. നിലവിൽ ഈ പ്രദേശം പൂർണ്ണമായും JICA പദ്ധതിയെയാണ് ആശ്രയിക്കുന്നത്. കൂടാതെ അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തി പരവൂർ മുനിസിപ്പാലിറ്റിയിലെ JICA ഗ്യാപ് ക്ലോസിംഗ് പ്രവൃത്തികളും പൂതക്കുളം പ്രദേശത്ത് നിലവിലുള്ള ഉന്നതതല ജലസംഭരണിയുടെ പുനരുദ്ധാരണവും ഉൾപ്പെടുത്തിയ

പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തോടുകൂടി പരവൂർ മുനിസിപ്പാലിറ്റിയിലെ ജലദൗർലഭ്യം നല്ലൊരു അളവുവരെ പരിഹരിക്കാൻ കഴിയുന്നതാണ്.

(സി) പ്രസ്തുത പദ്ധതി നിർദ്ദേശം സംബന്ധിച്ച തുടർനടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

പ്രസ്തുത പദ്ധതിയിൽ നിർദ്ദേശിച്ച ഇത്തിക്കരയാറിലെ ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കും തടയണ നിർമ്മിക്കേണ്ട ആവശ്യകത പഠന വിധേയമാക്കുവാനുംവേണ്ടി ഇറിഗേഷൻ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ 10 MLD പ്ലാന്റ് നിർമ്മിക്കുവാനനുയോജ്യമായ സ്ഥലമേറ്റെടുത്ത് നൽകുന്നതിനായി പരവൂർ മുനിസിപ്പാലിറ്റിയോടും പൂതക്കുളം പഞ്ചായത്തിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

**മലപ്പുറം നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം**

332 (1122) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ മേൽമുറി കുടിവെള്ള പദ്ധതി, ഇരുമ്പുഴി കരുമാഞ്ചേരിപറമ്പ് കുടിവെള്ള പദ്ധതി എന്നിവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) മേൽമുറി കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദീകരിക്കാമോ?

(എ&ബി) മലപ്പുറം നിയോജകമണ്ഡലത്തിലെ മലപ്പുറം മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ട പാണക്കാട്, മേൽമുറി (ഭാഗികം) വില്ലേജുകളുൾപ്പെടുത്തി കുടിവെള്ള വിതരണം മെച്ചപ്പെടുത്തുന്നതിനായി 8.507 കോടി രൂപയുടെ പ്രൊപ്പോസൽ അമൃത് 2.0 പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി State Mission Management Unit (AMRUT - KERALA) (SMMU)-ൽ സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 7.5 MLD ജലശുദ്ധീകരണശാലയുടെയും 4.5 LL OHSR-ന്റെയും നിർമ്മാണം ഉൾപ്പെടുന്നു.

ജൽജീവൻ മിഷനിലുൾപ്പെടുത്തി ആനക്കയം പഞ്ചായത്തിൽ നിലവിൽ നടന്നുവരുന്ന പദ്ധതിയിൽനിന്നും ഇരുമ്പുഴി കരുമാഞ്ചേരിപറമ്പ് ഉൾപ്പെട്ട പഞ്ചായത്തിലെ വാർഡ് 1, 2, 3, 17 മുതൽ 23 വരെയുള്ള പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്താൻ സാധിക്കില്ല. അതിനാൽ പ്രസ്തുത പ്രദേശങ്ങളിലേയ്ക്കുകൂടി കുടിവെള്ളമെത്തിക്കുന്നതിനായി കടലുണ്ടിപ്പുഴയിൽ പുതിയ കിണറും ട്രീറ്റ്മെന്റ് പ്ലാന്റും വിതരണ ശൃംഖലയിൽ നിലവിൽ പൈപ്പ്ലൈൻ സ്ഥാപിക്കാത്ത പ്രദേശങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന

പ്രവൃത്തികൂടിയുൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി ജൽജീവൻ മിഷൻ പദ്ധതിയിൽ നൽകിയിട്ടുണ്ട്. മേൽമുറി കുടിവെള്ളം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടില്ല.

(സി) കരുമാഞ്ചേരിപറമ്പ് കുടിവെള്ള പദ്ധതി ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇരുമ്പുഴി കരുമാഞ്ചേരിപറമ്പ് ഉൾപ്പെട്ട ആനക്കയം പഞ്ചായത്തിലെ പുതുക്കിയ പദ്ധതിക്ക് 2697 ലക്ഷം രൂപയുടെ ഭരണാനുമതി ജൽജീവൻ മിഷനിൽ നൽകിയിട്ടുണ്ട്. ശുദ്ധീകരണശാലയുടെയും മറ്റ് ഘടകങ്ങളുടെയും ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കിവരുന്നു.

(ഡി) രൂക്ഷമായ കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടി പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കാമോ?

സമയബന്ധിതമായി പൂർത്തീകരിക്കേണ്ട പദ്ധതിയാണ് ജൽജീവൻ മിഷൻ. അതിനാൽ ഭരണാനുമതി നൽകിയ പദ്ധതികൾ സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി

333 (1123) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

(എ&ബി) കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം, നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കുവേണ്ടി കിഫ്ബി ധനസഹായത്തോടുകൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയാണിത്. പ്രസ്തുത പദ്ധതിക്ക് 289.54 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ട്. പമ്പാനദി സ്രോതസ്സായിട്ടുള്ള ഈ പദ്ധതിക്ക് നീരേറ്റുപുറത്ത് 30 ദശലക്ഷം ലിറ്റർ പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണശാലയും 13 ഉന്നതതല ജലസംഭരണികളും 46.02 കിലോമീറ്റർ ട്രാൻസ്മിഷൻ മെയിനും 895 കിലോ മീറ്റർ വിതരണ ശൃംഖലയുമാണ് ഘടകങ്ങളായിട്ടുള്ളത്. ഈ പദ്ധതി 6

പാക്കേജുകളിലായി നടപ്പാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. പദ്ധതി പ്രവർത്തനങ്ങൾക്കുവേണ്ട സ്ഥലമേറ്റെടുപ്പ് പൂർത്തിയായിട്ടുണ്ട്. ഈ പദ്ധതിയുടെ ഉന്നതതല ജലസംഭരണികളുടെ സ്ട്രക്ച്ചറൽ ഡിസൈൻ, രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി വഴിയും ജലശുദ്ധീകരണശാലയുടെ ഡിസൈൻ കേരള വാട്ടർ അതോറിറ്റി WASCON വഴിയും പൂർത്തീകരിച്ചിട്ടുണ്ട്.

കിഫ്ബി ധനസഹായത്തോടുകൂടി കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ ജില്ലയിൽ നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി ഒരു പ്രത്യേക പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് ഉറപ്പുവരുത്താനായി വിവിധ തലങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ പദ്ധതികളുടെ ദൈനംദിന പുരോഗതി വിലയിരുത്തുന്നതിനായി Pask software ഉപയോഗിച്ചുവരുന്നു. പദ്ധതിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി നിയമസഭാ സമാജികരും ജില്ലാ കളക്ടറും കേരള സംസ്ഥാന പ്ലാനിംഗ് ബോർഡും കിഫ്ബി ഉദ്യോഗസ്ഥരും കേരള വാട്ടർ അതോറിറ്റി ഉന്നതതല ഉദ്യോഗസ്ഥരും പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

പദ്ധതി പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

പാക്കേജ്-1: തലവടി പഞ്ചായത്തിലെ നിരേറ്റുപുറത്ത് ഇൻടേക്ക് സ്ട്രക്ചർ, റോ വാട്ടർ പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികളാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദമായ എസ്റ്റിമേറ്റ് PRICE 3.0-ൽ തയ്യാറാക്കിയിട്ടുണ്ട്. ടി പാക്കേജിലെ പ്രവൃത്തികൾ നടത്തുന്നതിനായി നീരേറ്റുപുറത്ത് കേരള ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തിനോടുചേർന്ന് 125 സെന്റ് സ്ഥലം ലഭ്യമായിട്ടുണ്ട്. കൂടാതെ ടി സ്ഥലത്ത് നിർമ്മാണപ്രവൃത്തികൾ നടത്തുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം പരിവർത്തനാനുമതി ലഭ്യമായിട്ടുണ്ട്.

പാക്കേജ്-2: തലവടിയിൽ 8 ലക്ഷം ലിറ്ററും എടത്വയിൽ 11 ലക്ഷം ലിറ്ററും വീയപുരത്ത് 4.75 ലക്ഷം ലിറ്ററും ശേഷിയുള്ള ഉന്നതതല ജലസംഭരണികൾ സ്ഥാപിക്കുന്നതിനും നീരേറ്റുപുറത്തെ ജല ശുദ്ധീകരണശാലയിൽനിന്നും തലവടി, എടത്വ, വീയപുരം എന്നിവിടങ്ങളിലെ ഉന്നതതല ജലസംഭരണിയിലേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രധാന ജലവിതരണ പൈപ്പുകളുടെ നിർമ്മാണവുമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദമായ

എസ്റ്റിമേറ്റ് PRICE 3.0-ൽ തയ്യാറാക്കിയിട്ടുണ്ട്. വീയപുരത്ത് ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനുവേണ്ടി പഞ്ചായത്തിന്റെ അധീനതയിൽനിന്നും കൈമാറിയ 20 സെന്റ് സ്ഥലം തണ്ണീർത്തടമാണെന്നാണ് പഞ്ചായത്ത് അറിയിച്ചിരിക്കുന്നത്. പ്രസ്തുത സ്ഥലത്ത് നിർമ്മാണപ്രവൃത്തികൾ നടത്തുന്നതിന് അനുമതി ലഭ്യമാകേണ്ടതായിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്കായുള്ള അപേക്ഷകളും രേഖകളും പഞ്ചായത്തിൽ സമർപ്പിച്ചിട്ടുണ്ട്.

<u>പാക്കേജ് -3</u>: നീരേറ്റുപുറത്തെ ജലശുദ്ധീകരണശാലയിൽനിന്നും മുട്ടാർ, വെളിയനാട്, നീലംപേരൂർ, രാമങ്കരി, പുളിങ്കുന്ന്, കാവാലം, നെടുമുടി, ചമ്പക്കുളം, കൈനകരി എന്നിവിടങ്ങളിലെ ഉന്നതതല ജലസംഭരണികളിലേയ്ക്ക് ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രധാന ജലവിതരണ പൈപ്പുകളുടെ നിർമ്മാണമാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദമായ എസ്റ്റിമേറ്റ് PRICE 3.0-ൽ തയ്യാറാക്കിയിട്ടുണ്ട്. ഈ പാക്കേജിന്റെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതിൽ കെ.എസ്.ടി.പി.-ക്ക് കീഴിൽ പ്രവൃത്തി നടക്കുന്ന ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിൽ 9.4 കിലോ മീറ്റർ പമ്പിംഗ് മെയിൻ സ്ഥാപിക്കേണ്ടതുണ്ട്. പ്രസ്തുത റോഡിൽ കെ.എസ്.ടി.പി.-യുടെ കരാറുകാരൻ

മുഖേന പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി 19-05-2022-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രവൃത്തി ചെയ്യുന്നതിനാവശ്യമായ 21.8 കോടി രൂപ 09-11-2022-ൽ കെ.എസ്.ടി.പി.-ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

പാക്കേജ്-4: എടത്വ, വീയപുരം, തലവടി, തകഴി എന്നീ പഞ്ചായത്തുകളിൽ വിതരണ ശൃംഖലയും തകഴി പഞ്ചായത്തിൽ 6 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണിയും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദമായ എസ്റ്റിമേറ്റ് PRICE 3.0-ൽ തയ്യാറാക്കിയിട്ടുണ്ട്. തകഴി പഞ്ചായത്തിലെ ജലവിതരണ ശൃംഖല പൂർത്തീകരിക്കുന്നതിന് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന റെയിൽവേ ക്രോസിംഗിനുള്ള അനുമതി ലഭ്യമാകേണ്ടതായിട്ടുണ്ട്. ഇതിന്റെ മണ്ണ് പരിശോധന എൻ.ഐ.റ്റി. കോഴിക്കോട് പൂർത്തീകരിച്ചു. തുടർനടപടികൾ പുരോഗമിക്കുന്നു.

പാക്കേജ്-5: മുട്ടാറിൽ 3.5 ലക്ഷം ലിറ്ററും വെളിയനാട് 4.5 ലക്ഷം ലിറ്ററും നീലംപേരൂരിൽ 5.5 ലക്ഷം ലിറ്ററും ശേഷിയുള്ള ഉന്നതതല ജലസംഭരണികളും ടി പഞ്ചായത്തുകളിൽ വിതരണ ശൃംഖലയും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദമായ എസ്റ്റിമേറ്റ് PRICE 3.0-ൽ

തയ്യാറാക്കിയിട്ടുണ്ട്. വെളിയനാട് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെന്റ് സ്ഥലം 10-06-2022-ൽ കൈമാറിയിട്ടുണ്ട്. കൂടാതെ ടി സ്ഥലത്ത് നിർമ്മാണപ്രവൃത്തികൾ നടത്തുന്നതിന് വെറ്റ് ലാൻഡ് കൺവേർഷന് 01-08-2022-ൽ അനുമതി ഉത്തരവ് ലഭ്യമായിട്ടുണ്ട്.

പാക്കേജ് -6: രാമങ്കരിയിൽ 5.75 ലക്ഷം ലിറ്ററും പുളിങ്കുന്നിൽ 12 ലക്ഷം ലിറ്ററും കാവാലത്ത് 8 ലക്ഷം ലിറ്ററും കൈനകരിയിൽ 7 ലക്ഷം ലിറ്ററും നെടുമുടിയിൽ 8.5 ലക്ഷം ലിറ്ററും ചമ്പക്കുളത്ത് 5.5 ലക്ഷം ലിറ്ററും ശേഷിയുള്ള ഉന്നതതല ജലസംഭരണികളും ടി പഞ്ചായത്തുകളിൽ വിതരണശൃംഖലയും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയാണ് ടി പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിശദമായ എസ്റ്റിമേറ്റ് PRICE 3.0-ൽ തയ്യാറാക്കിയിട്ടുണ്ട്. പുളിങ്കുന്ന് പഞ്ചായത്തിൽ ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനായി 20 സെന്റ് സ്ഥലം ലഭ്യമായിട്ടുണ്ട്. ടി സ്ഥലത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം പരിവർത്തന അനുമതി ലഭ്യമാകേണ്ടതുണ്ട്.

PRICE 3.0 പ്രകാരം പുതുക്കി തയ്യാറാക്കിയ എസ്റ്റിമേറ്റനുസരിച്ച് ജി.എസ്.ടി. കൂടിയതിനാലും DSR 2018 റേറ്റ് റിവിഷൻ വന്നതിനാലും

എൽ.എസ്.ജി.ജി. റോഡ് റിസ്റ്റൊറേഷൻ ഉൾപ്പെടുത്തിയതിനാലും ടി പദ്ധതി തുക 387.91 കോടി രൂപയായി വർദ്ധിച്ചു. അധിക തുകയായ 98.371 കോടി രൂപയുടെ ഭരണാനുമതി സർക്കാരിന്റെ പരിഗണനയിലാണ്.

10-01-2023-ൽ കിഫ്ബി ആസ്ഥാനത്ത് കുട്ടനാട് എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കുട്ടനാട് കുടിവെള്ള പദ്ധതിയിൽ നിലവിൽ അനുവദിക്കപ്പെട്ടിരിക്കുന്ന ഭരണാനുമതിയിൽ ഉൾപ്പെടുത്തി പാക്കേജുകളായി തിരിച്ച് ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു. ശുദ്ധീകരണശാലയുടെയും അനുബന്ധ ഘടകങ്ങളുടെയും പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു.

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

2024-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ഡി) പ്രസ്തുത പദ്ധതി വിജയകരമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായിട്ടുള്ള കൃത്യമായ മേൽനോട്ടം ഉറപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

കിഫ്ബി ധനസഹായത്തോടുകൂടി കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ ജില്ലയിൽ നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി

പൂർത്തിയാക്കുന്നതിനുവേണ്ടി ഒരു പ്രത്യേക പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് ഉറപ്പുവരുത്താനായി വിവിധ തലങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. കൂടാതെ പദ്ധതികളുടെ ദൈനംദിന പുരോഗതി വിലയിരുത്തുന്നതിനായി Pask software ഉപയോഗിച്ചുവരുന്നു. പദ്ധതിയുടെ പുരോഗതി ത്വരിതപ്പെടുത്തുന്നതിനായി നിയമസഭാ സമാജികരും ജില്ലാ കളക്ടറും കേരള സംസ്ഥാന പ്ലാനിംഗ് ബോർഡും കിഫ്ബി ഉദ്യോഗസ്ഥരും കേരള വാട്ടർ അതോറിറ്റി ഉന്നതതല ഉദ്യോഗസ്ഥരും പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്.

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ജൽജീവൻ പദ്ധതി**

334 (1124) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ജൽജീവൻ പദ്ധതിയിലുൾപ്പെടുത്തി കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ?

ജൽജീവൻ മിഷൻ പദ്ധതിയിൽ ആകെ ഭരണാനുമതി നൽകിയ 30714 FHTC-യിൽനിന്ന് 28016 FHTC-കൾക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യുകയും അതിൽ 20473 FHTC-കൾക്ക് വർക്ക് അവാർഡ് ചെയുകയും ചെയ്തു. ജൽജീവൻ മിഷൻ പദ്ധതിപ്രകാരം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.+ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതികളുടെ വിശദവിവരവും അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ളതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ മറ്റ് പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മണ്‍വിള, പുതുകുന്ന് കുടിവെള്ള സംഭരണികളില്‍ കുടിവെള്ളം എത്തിക്കുന്നതിന് നടപടി

335 (1125) <u>ശ്രീ. കടകംപള്ളി സുരേന്ദ്രന്‍</u>: താഴെക്കാണുന്ന ചോദ്യങ്ങള്‍ക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പേരൂര്‍ക്കടയില്‍നിന്നും മണ്‍വിള, പുതുകുന്ന് കുടിവെള്ള സംഭരണികളില്‍ കുടിവെള്ളം എത്തിക്കുന്നതിനായി പൈപ്പ്ലൈന്‍ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ?

തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കുന്ന പ്രധാന ജലവാഹിനി കുഴലുകളിലൊന്നാണ് പേരൂര്‍ക്കട മുതല്‍ മണ്‍വിളവരെ സ്ഥാപിച്ചിട്ടുള്ള പി.എസ്.സി. ജലവാഹിനിക്കുഴലുകള്‍. എന്നാല്‍ കാലപ്പഴക്കം കാരണം ടി ജലവാഹിനിക്കുഴലുകള്‍ക്ക് നാശം സംഭവിക്കുകയും അടിക്കടി ചോര്‍ച്ചകളുണ്ടാകുകയും ചെയ്യുന്നു. ഇതുമൂലം നഗരത്തിലും സമീപപ്രദേശങ്ങളിലും കുടിവെള്ളമെത്തിക്കുന്നതിന് പലപ്പോഴും തടസ്സം നേരിടുകയും അതോടൊപ്പം ജലവാഹിനിക്കുഴലുകളിലുണ്ടാകുന്ന ചോര്‍ച്ചകള്‍ കാരണം റോഡുകള്‍ക്ക് നാശം സംഭവിക്കുകയും ചെയ്യുന്നുണ്ട്. ഇതിന് പരിഹാരമെന്ന നിലയില്‍ പേരൂര്‍ക്കട മുതല്‍ മണ്‍വിളവരെയുള്ള

കാലപ്പഴക്കംചെന്ന പ്രധാന പി.എസ്.സി. ജലവാഹിനിക്കുഴലുകൾ മാറ്റി പുതിയ മൈൽഡ് സ്റ്റീൽ ജലവാഹിനിക്കുഴലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി വിഭാവനം ചെയ്യുകയും കിഫ്ബി വഴി 63.72 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. അമൃത് പദ്ധതിയിലുൾപ്പെടുത്തി അരുവിക്കരയിൽ പുതുതായി നിർമ്മാണം പൂർത്തീകരിച്ച 75 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാലയിൽനിന്നുമുള്ള ശുദ്ധജലവുംകൂടി തിരുവനന്തപുരം നഗരത്തിലെത്തിച്ച് തിരുവനന്തപുരം ശുദ്ധജല വിതരണ പദ്ധതി ശാക്തീകരിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 14-01-2020-ൽ M/s ടോംകോ എഞ്ചിനീയറിംഗ് കമ്പനിക്ക് പ്രവൃത്തിക്കുള്ള അനുമതി നൽകുകയും 12 മാസംകൊണ്ട് പൂർത്തീകരിക്കേണ്ട പദ്ധതിക്ക് 05-02-2020-ൽ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. തുടർന്ന് മാർച്ച് 2020-ന് കോവിഡ് മഹാമാരിയോടനുബന്ധിച്ചുള്ള ലോക്ക്ഡൗൺ, കർഫ്യൂ മുതലായവ കാരണം റോഡ് മുറിക്കുന്നതിനുള്ള അനുമതി 30-12-2020-ൽ മാത്രമേ ലഭിച്ചുള്ളൂ. അതിനാൽ 11-01-2021-ൽ മാത്രമേ കരാർ കമ്പനിക്ക് പ്രവൃത്തിക്കായി റോഡ് കൈമാറാൻ കഴിഞ്ഞുള്ളൂ. കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പ്രവൃത്തി തുടങ്ങാൻ താമസിച്ചതിനാൽ 30-03-2022 വരെ പിഴകളൊന്നും കൂടാതെ കരാർ ദീർഘിപ്പിച്ച് നൽകി. ദീർഘിപ്പിച്ച് നൽകിയ

കാലയളവിൽ 37 ശതമാനം പ്രവൃത്തികൾ മാത്രമാണ് പൂർത്തീകരിച്ചത്. കരാർ കമ്പനി റേറ്റ് റിവിഷൻ, പിഴകൂടാതെ കരാർ റദ്ദാക്കൽ തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വ്യവഹാരം സമർപ്പിക്കുകയും പ്രവൃത്തി നിർത്തിവച്ചിരിക്കുകയുമാണ്. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിനെത്തുടർന്ന് പ്രസ്തുത പ്രവൃത്തി നിലവിലെ കരാർപ്രകാരംതന്നെ പൂർത്തീകരിക്കാനായി കരാറുകാരന് 6 മാസംകൂടി സമയമനുവദിക്കാൻ കേരള ജല അതോറിറ്റി ബോർഡിൽ തീരുമാനമെടുക്കുകയും അതനുസരിച്ച് പ്രവൃത്തി പൂർത്തീകരിക്കാൻ 6 മാസംകൂടി സമയം അനുവദിച്ചുകൊണ്ട് 01-11-2022-ൽ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 01-11-2022-ലെ മാനേജിംഗ് ഡയറക്ടറുടെ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് കരാർ കമ്പനി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ വീണ്ടും വ്യവഹാരം സമർപ്പിച്ചിട്ടുണ്ട്. നിലവിലെ കരാർപ്രകാരം റേറ്റ് റിവിഷൻ നല്കാൻ കഴിയില്ലെന്ന് കേരള ജല അതോറിറ്റി തീരുമാനമെടുക്കുകയും ആയത് ഹൈക്കോടതിയെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അടിയന്തരമായി പൂർത്തിയാക്കേണ്ട പ്രസ്തുത പ്രവൃത്തി പകുതിവഴിയിൽ നിലച്ചുപോയതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

റേറ്റ് റിവിഷൻ, കരാർ റദ്ദാക്കൽ തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചുകൊണ്ട് കരാർ കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വ്യവഹാരം സമർപ്പിച്ചതിനാലാണ് പദ്ധതി പാതിവഴിയിൽ നിലച്ചത്. കോടതിവ്യവഹാരത്തിൽ അനുകൂലവിധി സമ്പാദിക്കുന്നതിനും ബഹുമാനപ്പെട്ട കോടതിയുടെ ഇടക്കാല ഉത്തരവിനെത്തുടർന്ന് നിലവിലുള്ള കരാർ കമ്പനിയെക്കൊണ്ടുതന്നെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടിയും സ്വീകരിച്ചിരുന്നു. എന്നാൽ കരാർ കമ്പനി പ്രവൃത്തികൾ പുനരാരംഭിക്കാൻ തയ്യാറായിട്ടില്ല. 16-01-2023-ൽ നടന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2021-23)-യുടെ യോഗത്തിൽ കരാറുകാരനുമായി ഒരു ഹിയറിംഗ് നടത്തുന്നതിനുള്ള നിർദ്ദേശം കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രവൃത്തി പൂർത്തീകരിക്കാൻ 6 മാസംകൂടി സമയം അനുവദിച്ചുകൊണ്ട് 01-11-2022-ൽ കരാർ കമ്പനിക്ക് ഉത്തരവ് നൽകിയിരുന്നു. എന്നാൽ കരാർ കമ്പനി, പ്രവൃത്തികൾ പുനരാരംഭിക്കുകയോ ആയത് സംബന്ധിച്ച് പ്രതികരിക്കുകയോ ചെയ്തിട്ടില്ല. എന്നാൽ 01-11-2022-ലെ മാനേജിംഗ് ഡയറക്ടറുടെ ഉത്തരവിനെ ചോദ്യം ചെയ്തുകൊണ്ട് കരാർ കമ്പനി കേരള ഹൈക്കോടതിയിൽ വീണ്ടും വ്യവഹാരം സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത വ്യവഹാരത്തിനെതിരെ വസ്തുത വിവരണപ്പത്രിക സമർപ്പിക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

16-01-2023-ൽ നടന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതി (2021-23)-യുടെ യോഗത്തിൽ കരാറുകാരനുമായി ഒരു ഹിയറിംഗ് നടത്തുന്നതിനുള്ള നിർദ്ദേശം കേരള വാട്ടർ അതോറിറ്റിക്ക് നൽകിയിട്ടുണ്ട്.

(ഡി) ഈ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ?

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള വ്യവഹാരത്തിൽ അന്തിമ വിധിയായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാനാകുകയുള്ളൂ.

**വർക്കല നിയോജകമണ്ഡലത്തിൽ കുടിവെള്ള സംഭരണി**

336 (1126) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ കുടിവെള്ള വിതരണത്തിനായി സംഭരണികൾ സ്ഥാപിക്കുന്നതിനുള്ള ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

വർക്കല നിയോജകമണ്ഡലത്തിലെ കുടിവെള്ള വിതരണത്തിനായി സംഭരണികൾ സ്ഥാപിക്കുന്നതിനുള്ള ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത ഭൂമി വാട്ടർ അതോറിറ്റിക്ക് വിട്ടുകിട്ടുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

8.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിനായി പള്ളിക്കൽ വില്ലേജിൽ 15 സെന്റ് സ്ഥലവും 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിനായി നാവായിക്കുളം വില്ലേജിൽ 15 സെന്റ് സ്ഥലവും 20 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിക്കുന്നതിനായി കുടവൂർ വില്ലേജിൽ 10 സെന്റ് സ്ഥലവും ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും സ്ഥലങ്ങൾ അനുവദിച്ചുകൊണ്ട് 07-

07-2022-ൽ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ജലസംഭരണിയുടെ നിർമ്മാണത്തിനായി കുടവൂർ വില്ലേജിൽ അനുവദിച്ച ഭൂമി അളന്നതിട്ടപ്പെടുത്തിയപ്പോൾ കുറവുള്ളതിനാൽ തൊട്ടടുത്തുള്ള സ്വകാര്യ ഭൂമികളിൽനിന്നുകൂടി ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

## മത്സ്യമേഖലയെയും മത്സ്യത്തൊഴിലാളികളെയും സംരക്ഷിക്കാൻ നടപടി

337 (1127) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാവ്യതിയാനവും മത്സ്യക്കുഞ്ഞുങ്ങളെ വ്യാപകമായി പിടിക്കലും അമിതതോതിലെ മത്സ്യബന്ധനവും അശാസ്ത്രീയ മത്സ്യബന്ധനവും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾമൂലം കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സമുദ്ര മത്സ്യലഭ്യതയിലുണ്ടായ ഇടിവും ആയത് മത്സ്യ മേഖലയെത്തന്നെ എത്തരത്തിൽ ബാധിച്ചുവെന്നും വ്യക്തമാക്കുമോ?

വർദ്ധിച്ച മത്സ്യബന്ധന സമ്മർദ്ദം, ചെറുമത്സ്യങ്ങളെ പിടിക്കൽ, ജലമലിനീകരണം, കണ്ടൽക്കാടുകളുടെ തിരോധാനം, കാലാവസ്ഥാവ്യതിയാനം, ആഗോളതാപനം തുടങ്ങിയ നിരവധി

കാരണങ്ങളാൽ മത്സ്യസമ്പത്തിന് മുൻകാലങ്ങളെ അപേക്ഷിച്ച് ശോഷണം സംഭവിക്കുന്നുവെന്ന് കേന്ദ്രസർക്കാർ സ്ഥാപനമായ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CMFRI)-യുടെ പഠനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത് മത്സ്യബന്ധന മേഖലയിൽ ഗുരുതര പ്രതിസന്ധികളുണ്ടാക്കുമെന്ന് മനസ്സിലാക്കിയിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് കടൽമത്സ്യത്തിന്റെ ലഭ്യത 2017-18 വരെ കുറഞ്ഞുവന്നിരുന്നതായി വിലയിരുത്തിയിട്ടുണ്ട്. എന്നാൽ കെ.എം.എഫ്.ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ കെ.എം.എഫ്.ആർ. ചട്ടം നടപ്പാക്കുകയും ചെയ്തതുവഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും കടൽ മത്സ്യസമ്പത്ത് 2018-19-ൽ 6.09 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിക്കുകയും ചെയ്തു. എന്നാൽ തുടർന്നുള്ള രണ്ടുവർഷങ്ങളിൽ (2019-20, 2020-21) കടൽ മത്സ്യലഭ്യതയിൽ കുറവുണ്ടായിരുന്നു. ഈ വർഷങ്ങളിൽ മത്സ്യലഭ്യത കുറയാനുള്ള പ്രധാന കാരണങ്ങൾ കോവിഡ് പ്രതിസന്ധിയും കാലാവസ്ഥ മുന്നറിയിപ്പുമൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതുമാണ്. എന്നാൽ 2021-22 വർഷത്തിൽ മത്സ്യലഭ്യത 6.01 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചിരുന്നു. 2022-23 വർഷം

രണ്ടാംപാദമായപ്പോൾ മത്സ്യോത്പാദനം 3.08 ലക്ഷം മെട്രിക് ടണ്ണായിട്ടുണ്ട്. ഇത് മത്സ്യോല്പാദനത്തിന്റെ വർദ്ധനവാണ് പ്രകടമാക്കുന്നത്.

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ തടയാനും മത്സ്യസമ്പത്ത് വർദ്ധിപ്പിച്ച് മത്സ്യമേഖലയെയും ഒപ്പം മത്സ്യത്തൊഴിലാളികളെയും സംരക്ഷിക്കാനും ഈ സർക്കാർ നടത്തിവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

അശാസ്ത്രീയ മത്സ്യബന്ധനവും മത്സ്യക്കുഞ്ഞുങ്ങളെ വ്യാപകമായി പിടിക്കുന്നതും നിരോധിത വലകളുടെ ഉപയോഗവും മത്സ്യവിഭവ ശോഷണത്തിന് കാരണമാകുമെന്നുകണ്ട് സർക്കാർ ഉപരിതല ട്രോളിംഗ്, മിഡ് വാട്ടർ ട്രോളിംഗ്, പഴ്സീനിംഗ് എന്നീ മത്സ്യബന്ധന രീതികൾ കേരളത്തിന്റെ സമുദ്രാതിർത്തിയിൽ നിരോധിച്ചിട്ടുണ്ട്. അതുപോലെ രാത്രികാല ട്രോളിംഗ്, കരവലി എന്നിവയും നിരോധിച്ചിട്ടുണ്ട്. ഇതിനുപുറമെ രാസവസ്തുക്കൾ, ഡൈനാമിറ്റ് എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനം, തള്ള മത്സ്യങ്ങളെ കൂട്ടത്തോടെ നശിപ്പിക്കുന്ന ഫിഷ് അഗ്രിഗേറ്റിംഗ് ഡിവൈസസ് (FAD) ഉപയോഗിച്ചുള്ള മത്സ്യബന്ധനം എന്നിവയും കെ.എം.എഫ്.ആർ. ആക്ടിൽ ഭേദഗതി വരുത്തി നിരോധിച്ചിട്ടുണ്ട്. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി കെ.എം.എഫ്.ആർ. ആക്ടിൽ കാലോചിതമായി

ഭേദഗതി വരുത്തുകയും കെ.എം.എഫ്.ആർ. ചട്ടങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. ട്രോൾ നെറ്റുകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കി. പ്രധാനപ്പെട്ട എല്ലാ വലകളുടെയും വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്ററിന് മുകളിൽ നീളവും 250 എച്ച്.പി.-ക്ക് മുകളിൽ ഇന്ധനക്ഷമതയുള്ളതുമായ യാനങ്ങൾക്ക് തീരക്കടലിൽ (12 നോട്ടിക്കൽ മൈൽവരെ) മത്സ്യബന്ധന ലൈസൻസ് നിരോധിച്ചു. ചെറുമത്സ്യങ്ങളെ വൻതോതിൽ പിടിച്ച് വളം നിർമ്മാണത്തിനും മത്സ്യത്തീറ്റ നിർമ്മാണത്തിനും മറ്റും ഉപയോഗിക്കുന്നത് മത്സ്യസമ്പത്തിന്റെ ശോഷണത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കി കേരള തീരത്ത് സുലഭമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം നിശ്ചയിച്ച് വിജ്ഞാപനമിറക്കുകയും ആയത് നടപ്പിലാക്കുകയും ചെയ്തു. കൂടാതെ ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് മൺസൂൺ കാലത്ത് ട്രോൾബാൻ നടപ്പിലാക്കിവരുന്നു. ട്രോൾബാൻ 47 ദിവസത്തിൽനിന്നും 52 ദിവസമായി വർദ്ധിപ്പിച്ചു. കടലിൽ കൃത്രിമ ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിന് കൃത്രിമപ്പാര് നിക്ഷേപിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ട്.

അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി ചെറുമത്സ്യങ്ങളുടെയും മത്സ്യസമ്പത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് മത്സ്യത്തൊഴിലാളികളെ ബോധവത്കരിക്കാൻ ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾക്ക് രൂപം നൽകിയിട്ടുണ്ട്. സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ നേതൃത്വത്തിൽ ഇതിനകം 9 മറൈൻ ജില്ലകളിലും മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. എൻഫോഴ്സ്മെന്റ് ശക്തമാക്കുന്നതിനായി ഫിഷറീസ് സ്റ്റേഷനുകൾ ഇല്ലാതിരുന്ന ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ 4 ജില്ലകളിൽ ഫിഷറീസ് സ്റ്റേഷനുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. അനധികൃത മത്സ്യബന്ധനം നിയന്ത്രിക്കുന്നതിനും തടയുന്നതിനുമായി ഫിഷറീസ് വകുപ്പും മറൈൻ എൻഫോഴ്സ്മെന്റും സംയുക്തമായി കടൽ പട്രോളിംഗ് ശക്തമാക്കുകയും ചെയ്തിട്ടുണ്ട്. കെ.എം.എഫ്.ആർ. ആക്ട്, റൂൾ എന്നിവ ലംഘിക്കുന്ന മത്സ്യബന്ധന യാനങ്ങളെ കണ്ടുകെട്ടി നിയമം അനുശാസിക്കുന്ന പിഴയടക്കമുള്ള ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**മത്സ്യത്തൊഴിലാളികളെ യന്ത്രവൽകൃത മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് നടപടി**

338 (1128) <u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത രീതിയിൽ സുരക്ഷിതമല്ലാതെ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ബോട്ടുകൾ പുതുതായി നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) സുരക്ഷിതമല്ലാത്ത പരമ്പരാഗത യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ളതും സ്ഥിരതയോടെ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി

പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളുമായ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉൾപ്പെട്ട 10 പേർ വീതം അടങ്ങുന്ന ജെ.എൽ.ജി. ഗ്രൂപ്പുകൾ/എസ്.എച്ച്.ജി. ഗ്രൂപ്പുകൾ/മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ FFPO (ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ) എന്നിവരാണ് ഗുണഭോക്താക്കൾ. ഇതിനായുള്ള ബോട്ടിന്റെ വില 1.20 കോടി രൂപയായിരുന്നു. എന്നാൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ ആവശ്യം പരിഗണിച്ച് കൂടുതൽ സൗകര്യങ്ങളുൾപ്പെടുത്തി പരിഷ്കരിച്ച് തയ്യാറാക്കുന്ന ബോട്ടിന്റെ വില 1.50 കോടി രൂപയാണ്. പദ്ധതിപ്രകാരം സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം രൂപ (40 ശതമാനം)യുമാണ്. ബാക്കിയുള്ള 102 ലക്ഷം രൂപ ഗുണഭോക്തൃ വിഹിതമാണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30 ശതമാനം (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റായി അനുവദിക്കുന്നതിനും ബാക്കി 70 ശതമാനം (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽനിന്നും CMEDP ലോൺ മുഖേന ലഭ്യമാക്കുന്നതിനും ഉത്തരവായിട്ടുണ്ട്.

19-01-2023-ന് ബോട്ട് നിർമ്മാണം സംബന്ധിച്ച് ത്രികക്ഷികരാർ കൊച്ചിൻ ഷിപ്പ്‌യാർഡ്, ഫിഷറീസ് വകുപ്പ്, ഗുണഭോക്തൃ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ എന്നിവർ ചേർന്ന് ഒപ്പുവച്ചു. ആദ്യഘട്ടമായി കൊച്ചിൻ ഷിപ്പ്‌യാർഡിൽ നിർമ്മാണം പൂർത്തിയാക്കിയ 5 യാനങ്ങൾ ഗുണഭോക്തൃ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ബാക്കിയുള്ളവയുടെ നിർമ്മാണം കൊച്ചിൻ ഷിപ്പ്‌യാർഡിന്റെ Malpe കപ്പൽ നിർമ്മാണശാലയിൽ പുരോഗമിച്ചുവരുന്നു. കൂടാതെ ടി പദ്ധതിയിൽ അംഗങ്ങളായ സഹകരണ സംഘങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 30 മത്സ്യത്തൊഴിലാളികൾക്ക് നാഷണൽ കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (NCDC)-യുടെ സാമ്പത്തിക സഹായത്തോടെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (CIFT)-യുടെ നേതൃത്വത്തിൽ ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള മൂന്നുദിവസത്തെ പരിശീലനം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ (NIFAM)-ൽവച്ച് നൽകിയിട്ടുണ്ട്.

**സംസ്ഥാന തീരദേശ പരിപാലന അതോറിറ്റി**

339 (1129) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

1986-ലെ പരിസ്ഥിതി (സംരക്ഷണ) നിയമത്തിന്റെ സെക്ഷൻ 3-ന്റെ ഉപവിഭാഗങ്ങൾ (1), (3) പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയമാണ് തീരദേശ പരിപാലന അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ മേൽനോട്ടത്തിനും നിയന്ത്രണത്തിനും വിധേയമായിട്ടാണ് തീരദേശ പരിപാലന അതോറിറ്റി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത്. അതോറിറ്റിയുടെ പ്രധാന പ്രവർത്തനങ്ങൾ സർക്കാരിനെ അറിയിച്ചും വരുന്നു.

(ബി) കാലാവധി കഴിഞ്ഞ അതോറിറ്റി പുന:സംഘടിപ്പിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത അതോറിറ്റിയുടെ പുന:സംഘടനയുമായി ബന്ധപ്പെട്ട ശിപാർശകൾ കേന്ദ്ര പരിസ്ഥിതി-കാലാവസ്ഥ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

(ബി&സി) കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിനായി അംഗങ്ങൾ, വിദഗ്ധ അംഗങ്ങൾ, നിയമ വിദഗ്ധൻ, സന്നദ്ധ സംഘടനാംഗം എന്നിവരുടെ ഒരു പാനൽ കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് നൽകിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ കേന്ദ്ര വനം-പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയമാണ് തീരദേശ പരിപാലന അതോറിറ്റി പുന:സംഘടിപ്പിച്ച് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടത്.

(ഡി) അതോറിറ്റി രൂപീകരിച്ചിട്ടില്ലാത്തതിനാൽ മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

29-10-2022-ന് കൂടിയ തീരദേശ പരിപാലന അതോറിറ്റിയുടെ അവസാനത്തെ യോഗത്തിൽ അതുവരെ ലഭിച്ച പൂർണ്ണമായ അപേക്ഷകൾ പരമാവധി പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ഈ യോഗത്തിൽ സമർപ്പിക്കാൻ കഴിയാത്തതും 29-10-2022-നശേഷം ലഭിച്ചതുമായ

മത്സ്യത്തൊഴിലാളികൾ ഉൾപ്പടെയുള്ളവരുടെ അപേക്ഷകൾ മാത്രമാണ് നിലവിൽ തീർപ്പാക്കാനാകാതെ കേരള തീരദേശ പരിപാലന അതോറിറ്റിയിലുള്ളത്.

## ഫിഷ് ലാൻഡിംഗ് സെന്റർ

340 (1130) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ 24-07-2018-ലെ 610/2018 നമ്പർ ഉത്തരവ് പ്രകാരം വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിലേയ്ക്കുള്ള വഴിക്കും പാർക്കിംഗ് ഏരിയയ്ക്കുംവേണ്ട 12.552 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനായി 251 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ട് നാലരവർഷം കഴിഞ്ഞിട്ടും സ്ഥലമേറ്റെടുക്കാൻ സാധിക്കാത്തതിന് കാരണം വിശദമാക്കാമോ;

(ബി) ബി.റ്റി.ആർ.-ൽ പുരയിടവും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിൽ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഫിഷ് ലാന്റിംഗ് സെന്റർ എന്നത്തേയ്ക്ക് പ്രവർത്തനസജ്ജമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ-സി) 251.04 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ച വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിനായുള്ള 12.552 സെന്റ് സ്ഥലമേറ്റെടുക്കുന്ന നടപടികൾ റവന്യൂ വകുപ്പ് മുഖാന്തരമാണ് സ്വീകരിക്കുന്നത്. അക്വിസിഷനുവേണ്ടിയുള്ള 11(1) നോട്ടിഫിക്കേഷൻ 11-09-2022-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. 19(1) പ്രഖ്യാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിക്കായി പുതുവൈപ്പ് വില്ലേജിൽ ബ്ലോക്ക് 10-ൽ റീസർവ്വേ 292/1-ൽനിന്നും ഏറ്റെടുക്കുന്ന സ്ഥലം പുരയിടമായി 11(1) വിജ്ഞാപനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ, സെൻട്രൽ സർവ്വേ ഓഫീസിൽനിന്നും ലഭിച്ച 1076, 1077 എന്നീ പഴയ സർവ്വേ പ്ലാൻ പ്രകാരം റീസർവ്വേ 292/1-ൽപ്പെട്ട ഭൂമി പരിശോധിച്ചതിൽ മേൽപ്പറഞ്ഞ സർവ്വേ നം. 1076/1, 1077/1-ന്റെ ഭാഗമായി കാണപ്പെടുന്നതാണ്. ഈ സാഹചര്യത്തിൽ റീസർവ്വേ 292/1-ലായി നിലനിർത്തിയിരിക്കുന്ന സബ്ഡിവിഷനിൽ സർവ്വേ നമ്പർ 1076/1-ൽപ്പെട്ടത് നിലത്തിന്റെ ഭാഗവും 1077/1-ൽപ്പെട്ടത് പുരയിടത്തിന്റെ ഭാഗവുമായി ഉൾപ്പെട്ടുവരുന്നു. സ്ഥലമേറ്റെടുക്കുന്നതിന് കണക്കാക്കിയ തുക

എത്രയാണെന്ന് അറിയിക്കാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എറണാകുളം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ 02-02-2023-ലെ കത്തുപ്രകാരം എൽ.എ. സ്പെഷ്യൽ തഹസിൽദാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഫിഷ് ലാന്റിംഗ് സെന്റർ പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാക്കുന്നതിന് 8.75 സെന്റ് സ്ഥലംകൂടി ഏറ്റെടുക്കേണ്ടതുണ്ടെന്നും, ആയതിന്റെ ചെലവ് കൂടി ഉൾപ്പെടുത്തി 417 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഫിഷറീസ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നമുറയ്ക്ക് ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഫിഷറീസ് വകുപ്പിന്റെ സ്ഥലം വിട്ടുനൽകുന്നതിനുള്ള അപേക്ഷ**

341 (1131) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ വാർഡ് 67-ൽ ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം പ്രാഥമികാരോഗ്യ കേന്ദ്രം

നിർമ്മിക്കാൻ വിട്ടുനൽകുന്നതിന് കോഴിക്കോട് കോർപ്പറേഷന്റെ അപേക്ഷ ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ആയതിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുമോ?

ഇക്കാര്യത്തിൽ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം

342 (1132) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മികച്ച വിദ്യാഭ്യാസം ഉറപ്പാക്കി മുഖ്യധാരയിലെത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് വിവിധ വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ നടപ്പിലാക്കിവരുന്നു. മത്സ്യത്തൊഴിലാളികളുടെ

മക്കളായ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായ ആനുകൂല്യങ്ങൾ നൽകിവരുന്നു. നടപ്പ് സാമ്പത്തിക വർഷം പ്ലാൻ-നോൺപ്ലാൻ ഇനങ്ങളിലായി ആകെ 32.21 കോടി രൂപ വിദ്യാഭ്യാസാനുകൂല്യമായി വിതരണം ചെയ്തിട്ടുണ്ട്.

പ്രീ-മെട്രിക്കിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ മുഖേനയും +2 മുതലുള്ള ക്ലാസ്സുകളിലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 2017-18 മുതൽ ഇ-ഗ്രാന്റ്സ് പദ്ധതിവഴിയും അനുവദിച്ചുവരുന്നു. കൂടാതെ 'വിദ്യാതീരം' പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, സിവിൽ സർവ്വീസ് കോച്ചിംഗ്, എൻ.ഐ.ടി./ഐ.ഐ.ടി. എൻട്രൻസ് പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) പ്രസ്തുത കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ തീരദേശത്തെ 10 ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ വിവിധ ബോധവൽക്കരണ

പരിപാടികൾ, കരിയർ ഗൈഡൻസ് പ്രോഗ്രാം എന്നിവ നടപ്പിലാക്കിവരുന്നു. ടി സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ താമസം, ഭക്ഷണം, യൂണിഫോം, സ്റ്റഡി ടൂർ, സ്പെഷ്യൽ കോച്ചിംഗ് തുടങ്ങിയ സൗകര്യങ്ങളും നൽകുന്നു. കൂടാതെ പോലീസ് വകുപ്പുമായി ചേർന്ന് കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികളുടെ കണക്കെടുപ്പ് നടന്നുവരുന്നു. സ്കൂളുകളിലെ കായിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകി മികച്ച കായികതാരങ്ങളാക്കി മാറ്റുന്നതിനും സ്പോർട്സ് ഫൗണ്ടേഷൻ കേരളയുമായി ചേർന്ന് ഒരു പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വിദ്യാതീരം പദ്ധതിയിലുൾപ്പെടുത്തി ടി സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത കുട്ടികളുടെ വിദ്യാഭ്യാസ പരിപോഷണത്തിനായി പുതിയ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠനനിലവാരം ഉയർത്തുന്നതിനായി തീരദേശ മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ടി.വി., പ്രൊജക്ടർ, പ്രിന്റർ എന്നീ ആധുനിക പഠനസഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് 'പ്രതിഭാതീരം' എന്ന

പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ടി സ്കൂളുകളിലെ കായിക അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്ക് കായിക പരിശീലനം നൽകി മികച്ച കായികതാരങ്ങളാക്കി മാറ്റുന്നതിനും സ്പോർട്സ് ഫൗണ്ടേഷൻ കേരളയുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## നീർക്കടവിൽ മിനി ഫിഷ് ലാന്റിംഗ് സെന്റർ

343 (1133) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് നീർക്കടവിൽ മിനി ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ബീച്ചിന്റെ ഘടനയെക്കുറിച്ച് പ്രാഥമിക പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

അഴീക്കോട് നീർക്കടവിൽ മിനി ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പ്രാഥമിക പഠനം നടത്തുന്നതിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനുള്ള പദ്ധതി അംഗീകരിച്ച് പ്രവൃത്തി വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

പ്രാഥമിക പഠനം നടത്തിയതിനുശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

**പുനർഗേഹം പദ്ധതി**

344 (1134) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി പാർപ്പിട പുനരധിവാസ പദ്ധതിയായ പുനർഗേഹത്തിൽ ഉൾപ്പെടുത്തി എത്രപേർക്കാണ് ഇതുവരെ വീട് നൽകാൻ കഴിഞ്ഞിട്ടുള്ളതെന്നും എത്ര രൂപയാണ് ഇതിനായി ചെലവഴിച്ചതെന്നും അറിയിക്കുമോ?

പുനർഗേഹം പദ്ധതിപ്രകാരം 5435 ഗുണഭോക്താക്കൾക്ക് പുനരധിവാസം ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. 1895 പേർ വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 390 ഫ്ലാറ്റുകൾ

ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 1184 ഫ്ലാറ്റുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. 3861 കുടുംബങ്ങൾ ഭൂമി കണ്ടെത്തുകയും ആയതിൽ ജില്ലാ കളക്ടർ അദ്ധ്യക്ഷനായ സമിതി വില നിർണ്ണയിച്ചിട്ടുമുണ്ട്. 331.5 കോടി രൂപ പുനർഗേഹം പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

(ബി) പദ്ധതിയിൽ ഇനിയും നടപ്പാക്കാനുള്ള പ്രോജക്ടുകൾ എന്തൊക്കെയെന്നും ഇതിന്റെ നിർവ്വഹണം സംബന്ധിച്ച ചുമതല ഏത് എജൻസിക്കാണ് നൽകിയിട്ടുള്ളതെന്നും അറിയിക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത പദ്ധതിയിലെ വീടുകളുടെയും ഫ്ലാറ്റുകളുടെയും നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഗൃഹനിർമ്മാണത്തിലെ പുതിയ സാദ്ധ്യതകളും സാങ്കേതികവിദ്യകളും ഉപയോഗിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പുനർഗേഹം പദ്ധതിപ്രകാരം അനുവദിക്കുന്ന ധനസഹായം പ്രയോജനപ്പെടുത്തി ഗുണഭോക്താക്കൾ സ്വന്തം നിലയിലാണ് ഭവനനിർമ്മാണം നടത്തുന്നത്. വ്യക്തിഗത ഭവനനിർമ്മാണത്തിൽ നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പദ്ധതിപ്രകാരമുള്ള ഫ്ലാറ്റ് നിർമ്മാണത്തിൽ നൂതന സാങ്കേതികവിദ്യകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രയോജനപ്പെടുത്തുന്നത് സംബന്ധിച്ച് നിർമ്മാണ ഏജൻസികളുമായി ചർച്ച ചെയ്യുന്നുണ്ട്.

**തീരദേശ വികസന കോർപ്പറേഷൻ മുഖേനയുള്ള പ്രവൃത്തികൾ**

345 (1135) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന ഭരണാനുമതി ലഭ്യമാക്കുന്നതിനായി ഏതൊക്കെ പ്രവൃത്തിയുടെ എസ്റ്റിമേറ്റുകളാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) ഇതിൽ ഏതെങ്കിലും പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭ്യമാക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടില്ല.

**മത്സ്യസംസ്കരണവും വിപണനവും ആദായകരമാക്കാൻ നടപടി**

346 (1136) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപയോഗത്തിനാവശ്യമായ മത്സ്യം തദ്ദേശീയമായി ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപഭോഗത്തിനാവശ്യമായ മത്സ്യം പൂർണ്ണതോതിൽ തദ്ദേശീയമായി ലഭിക്കുന്നില്ല. സംസ്ഥാനത്തിന്റെ പ്രതിവർഷ മത്സ്യഉപഭോഗം 8.17965 ലക്ഷം മെട്രിക് ടണ്ണാകുന്നു. 2021-22 വർഷത്തിൽ സംസ്ഥാനത്തിന്റെ ആകെ മത്സ്യോല്പാദനം 8.26230 ലക്ഷം മെട്രിക് ടണ്ണും മത്സ്യം കയറ്റുമതി 1.8243 ലക്ഷം മെട്രിക് ടണ്ണുമാണ്. ആയതിനാൽ ആകെ ആഭ്യന്തര ഉപഭോഗത്തിന് തദ്ദേശീയമായി ലഭിക്കുന്നത് 6.438 ലക്ഷം മെട്രിക് ടൺ മത്സ്യമാണ്. അതായത്, 1.74165 ലക്ഷം മെട്രിക് ടൺ മത്സ്യം മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള വരവിനെ ആശ്രയിച്ചാണ്. ഈ കുറവ് ഒരു പരിധിവരെ മത്സ്യകൃഷിയിലൂടെ പരിഹരിക്കുന്നതിന് ലക്ഷ്യമിടുന്നു.

(ബി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിൽ പങ്കാളികളാക്കാനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്.

(സി) മത്സ്യബന്ധനവും സംസ്കരണവും വിപണനവും ഉൾപ്പെടെയുള്ളവ ആദായകരമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

തീരദേശ ലേലംവഴി മത്സ്യസഹകരണ സംഘങ്ങൾ ശേഖരിക്കുന്ന മത്സ്യം മത്സ്യഫെഡ് നേരിട്ട് മത്സ്യസംഭരണ കേന്ദ്രങ്ങളിൽ സംഭരിച്ച് അവ ഫിഷ് മാർട്ടുകൾവഴി വിപണനം ചെയ്തുവരുന്നു. കൊച്ചിയിലെ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ മത്സ്യം സംഭരിക്കുകയും അവ ശീതീകരിച്ച് കയറ്റുമതി ചെയ്യുകയും ചെയ്തുവരുന്നു. പ്ലാന്റിൽ വിവിധതരം അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ) കട്‌ലറ്റ്, പീര എന്നീ ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നു. കൂടാതെ മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ് എന്ന പേരിൽ റെഡി ടു ഈറ്റ് & റെഡി ടു കുക്ക് വിഭവങ്ങളായ ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, രണ്ടുതരം ഫിഷ് കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല

എന്നിവ ഫിഷ് മാർട്ടുകൾവഴി വിപണനം ചെയ്തുവരുന്നു. കൊല്ലം ജില്ലയിൽ ശക്തികുളങ്ങരയിൽ കോമൺ പ്രീ-പ്രോസസിംഗ് സെന്ററും മത്സ്യ സംഭരണകേന്ദ്രമായി പ്രവർത്തിക്കുന്നു.

സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി ആധുനിക രീതിയിലുള്ള എയർകണ്ടീഷൻ സംവിധാനത്തോടുകൂടി 57 ഫിഷ് മാർട്ടുകളും സഹകരണ സംഘം/ബാങ്കുമായി സഹകരിച്ച് 57 ഫ്രാഞ്ചൈസി മാർട്ടുകളും 15 അന്തിപ്പച്ച മൊബൈൽ മാർട്ടുകളും പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ എല്ലാ നിയോജകമണ്ഡലങ്ങളിലും ഫിഷ് മാർട്ടുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ഓൺലൈൻ മത്സ്യവിപണനം മറ്റ് ജില്ലകളിലെ ഉപഭോക്താക്കൾക്കും എത്തിക്കുന്നതിനായി പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കുട്ടനാട്ടിൽ കൂടുതൽ പദ്ധതികൾ**

347 (1137) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ഏറ്റവും കൂടുതൽ അധിവസിക്കുന്ന കുട്ടനാട്ടിൽ, അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ പദ്ധതികൾ നടപ്പാക്കുമോ?

മത്സ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് കുട്ടനാട് ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടത്തിവരുന്നുണ്ട്. ഇന്റഗ്രേറ്റഡ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ഇൻ അക്വാട്ടിക് ഇക്കോ സിസ്റ്റം എന്ന പദ്ധതിപ്രകാരം 8 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ കുട്ടനാട് പ്രദേശത്തെ വിവിധ ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇതുവഴി 240 ടൺ അധിക ഉത്പാദനം പ്രതീക്ഷിക്കുന്നു. കൂടാതെ സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി 25 എണ്ണം കൂട് കൃഷി യൂണിറ്റുകൾ ഉൾപ്പെടെയുള്ള വിവിധ മത്സ്യകൃഷി പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു.

കുട്ടനാട് പ്രദേശത്ത് അധിവസിക്കുന്ന മൽസ്യത്തൊഴിലാളികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി ഇത്തരം പദ്ധതികൾ വരുംവർഷങ്ങളിലും നടപ്പാക്കുന്നതിനൊപ്പം കൂടുതൽ പദ്ധതികൾ നടപ്പാക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്.

(ബി) ഉൾനാടൻ ജലാശയങ്ങളിൽ നാടൻ മത്സ്യക്കുഞ്ഞുങ്ങളെ കൂടുതലായി നിക്ഷേപിക്കുന്നതിന് നടപടികളുണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നടപടിയെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യവിത്ത് നിക്ഷേപിച്ച് മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനും 2022-23 സാമ്പത്തിക വർഷം 463 ലക്ഷം രൂപയുടെ ഇന്റഗ്രേറ്റഡ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് ഇൻ അക്വാട്ടിക് ഇക്കോ സിസ്റ്റം എന്ന പദ്ധതിയുടെ പ്രവർത്തനം പുരോഗമിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ചെമ്മീൻ, കരിമീൻ ഉൾപ്പെടെയുള്ള 162 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാൻ ലക്ഷ്യമിടുന്നു. കൂടാതെ സംസ്ഥാനത്തെ ജലസംഭരണികളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്ന റിസർവ്വോയർ പദ്ധതി നടപ്പാക്കുന്നതിന് 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് മണിയാർ, പമ്പ, പൊൻമുടി, മാട്ടുപ്പെട്ടി, ഇരട്ടയാർ, ആനയിറങ്ങൽ, മീങ്കര, പോത്തുണ്ടി, കാഞ്ഞിരപ്പുഴ, പഴശ്ശി പെരിങ്ങൽക്കുത്ത്, ഷോളയാർ (ലോവർ) എന്നീ 12 റിസർവ്വോയറുകളിൽ 78,97,450 മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

തദ്ദേശയിനത്തിൽപ്പെട്ട എൻഡമിക് കാർപ്, എൻഡമിക് ക്യാറ്റ് ഫിഷ്, കരിമീൻ, കുയിൽ മത്സ്യം തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെ പെരിങ്ങൽക്കുത്ത്, ഷോളയാർ (ലോവർ) എന്നീ റിസർവ്വോയറുകളിൽ പദ്ധതിയുടെ ഭാഗമായി നിക്ഷേപിക്കുന്നതാണ്.

## തവനൂർ നിയോജകമണ്ഡലത്തിലെ പുനർഗേഹം പദ്ധതി

348 (1138) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തവനൂർ നിയോജകമണ്ഡലത്തിലെ പുറത്തൂർ പടിഞ്ഞാറേക്കര, മംഗലം കൂട്ടായി എന്നീ പ്രദേശങ്ങളിൽ പുനർഗേഹം പദ്ധതിയുടെ ഭാഗമായി മത്സ്യത്തൊഴിലാളികൾക്കായി ഫ്ലാറ്റ് നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

തവനൂർ നിയോജകമണ്ഡലത്തിലെ പുറത്തൂർ പടിഞ്ഞാറേക്കര, മംഗലം കൂട്ടായി എന്നീ പ്രദേശങ്ങളിൽ സർക്കാർ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി ഫ്ലാറ്റ് നിർമ്മിച്ച് മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഇവിടങ്ങളിൽ ഭൂമി

കണ്ടെത്തുന്നതിന് ജില്ലാ ഫിഷറീസ് ഓഫീസ് മുഖേന നടപടി സ്വീകരിച്ചുവരുന്നു.

## ഫിഷറീസ് വകുപ്പിന്റെ ഭൂമി കൊയ്പ്പാടി സ്കൂളിന് അനുവദിക്കുന്ന നടപടി

349 (1139) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കുമ്പള കൊയ്പ്പാടി കടപ്പുറം സർക്കാർ എൽ.പി. സ്കൂളിലെ അടിസ്ഥാന ഭൗതികസൗകര്യം മെച്ചപ്പെടുത്തുന്നതിനും കളിസ്ഥലം ഒരുക്കുന്നതിനും കൂടുതൽ ഭൂമി ആവശ്യമായിവന്നതിനാൽ, സ്കൂളിനോട് ചേർന്നുള്ളതും വെറുതെ കിടക്കുന്നതുമായ ഫിഷറീസ് വകുപ്പിന്റെ ഭൂമി മത്സ്യത്തൊഴിലാളികളുടെ മക്കൾമാത്രം പഠിക്കുന്ന പ്രസ്തുത സ്കൂളിന് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത സ്കൂളിന് ഈ ഭൂമി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സ്കൂൾ അധികൃതർ മഞ്ചേശ്വരം എം.എൽ.എ. മുഖേന നൽകിയ നിവേദനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഫയലിന്റെ വിശദവിവരം ലഭ്യമാക്കാമോ?

(എ-സി) നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

**മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിന് ഭരണാനുമതി**

350 (1140) ഡോ. കെ. ടി. ജലീൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര മാർക്കറ്റുകൾ നവീകരിക്കുന്നതിനാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കുമോ?

(എ&ബി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ തെരഞ്ഞെടുത്ത 51 മത്സ്യമാർക്കറ്റുകൾ ആധുനികവൽക്കരിക്കുന്നതിനായി 137.81 കോടി രൂപയുടെ കിഫ്ബി ധനസഹായം ലഭ്യമായിട്ടുണ്ട്.

(സി) ഇതിന്റെ പ്രവൃത്തി ഏതുവരെയായി എന്ന് വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വർക്കല പുത്തൻചന്ത മാർക്കറ്റ് നവീകരണം

351 (1141) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല പുത്തൻചന്ത മാർക്കറ്റ് നവീകരണത്തിന്റെ ദർഘാസ് അനുമതിക്കായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ അയച്ചിട്ടുള്ള കത്തിന്മേൽ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത മാർക്കറ്റിന്റെ നവീകരണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വർക്കല പുത്തൻചന്ത മാർക്കറ്റ് നവീകരണത്തിന്റെ ദർഘാസിന് അനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## മത്സ്യമേഖലയിൽ ചെറുകിട തൊഴിൽ സംരംഭങ്ങൾ

352 (1142) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയിൽ ചെറുകിട തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിനും വിപുലീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി.), ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി.) എന്നീ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടി മത്സ്യഫെഡ് നടപ്പിലാക്കുന്ന ടേം വായ്പ പദ്ധതിപ്രകാരം സ്വയംതൊഴിൽ ചെയ്യുന്നതിന് വ്യക്തികൾക്ക് ഈടുവച്ചിട്ടുള്ള വായ്പകൾ നൽകിവരുന്നു. കൂടാതെ ഈ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടി പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വയംസഹായ ഗ്രൂപ്പുകൾക്ക് ചെറുകിട തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിന് മൈക്രോഫിനാൻസ് വായ്പയും നൽകിവരുന്നു.

സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന മത്സ്യത്തൊഴിലാളി വനിതകളെ സാഫിന്റെ പ്രവർത്തക ഗ്രൂപ്പുകളായി മാറ്റി ബദൽ ജീവനോപാധി മേഖലയിൽ ചെറുകിട തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ധനസഹായം നൽകുന്നു. 2 മുതൽ 5 വരെ

മത്സ്യത്തൊഴിലാളി വനിതകളടങ്ങുന്ന ചെറുകിട തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് പരമാവധി ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. സംരംഭം ആരംഭിക്കുന്നതിന് കേരള ബാങ്ക് മുഖേന ലോൺ ലഭ്യമാക്കുന്നു.

സംരംഭങ്ങളുടെ സുസ്ഥിര നിലനിൽപ്പിനും ബിസിനസ്സ് വിപുലീകരിക്കുന്നതിനുമായി വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നു. ബാങ്കുകൾവഴി ഗ്രൂപ്പുകൾ കണ്ടെത്തുന്ന ലോണിന്റെ പലിശ, ഗ്രൂപ്പുകളുടെ അക്കൗണ്ടിലേയ്ക്ക് നൽകിവരുന്നു. യൂണിറ്റുകൾക്ക് ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായും നിലവിലെ ഗ്രൂപ്പുകൾക്ക് വിവിധതരം സാങ്കേതിക പരിശീലനങ്ങൾ നൽകുന്നതിനുമായും കപ്പാസിറ്റി ബിൽഡിംഗ് ട്രെയ്നിംഗ് നൽകുന്നു. തീരമൈത്രി യൂണിറ്റുകൾക്ക് അവരുടെ സാങ്കേതികവിദ്യാ നവീകരണത്തിനും പുതിയ യന്ത്രങ്ങൾ വാങ്ങുന്നതിനുമായി സഹായം നൽകുന്നു.

(ബി) ചെറുകിട തൊഴിൽ സംരംഭകർക്ക് സാങ്കേതികവിദ്യ പരിശീലിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മത്സ്യഫെഡ് മുഖേന പ്രാഥമിക സംഘങ്ങളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വയംസഹായ ഗ്രൂപ്പുകൾക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മത്സ്യഫെഡ് പരിശീലനം നൽകുന്നുണ്ട്. സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായും നിലവിലെ ഗ്രൂപ്പുകൾക്ക് അവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി സാങ്കേതിക പരിശീലനങ്ങൾ നൽകുന്നു. ഒരു ദിവസത്തെ ഓപ്പർച്യൂണിറ്റി ഗൈഡൻസ് പ്രോഗ്രാം, മൂന്ന് ദിവസത്തെ റെസിഡൻഷ്യൽ അച്ചീവ്മെന്റ് മോട്ടിവേഷൻ & മാനേജ്മെന്റ് ട്രെയിനിംഗ്, രണ്ട് ദിവസത്തെ മാനേജീരിയൽ ട്രെയിനിംഗ്, അക്കൗണ്ടിംഗ് & ബുക്ക് കീപ്പിംഗ് ട്രെയിനിംഗ്, 'സി' ഗ്രേഡ് യൂണിറ്റ് ഇന്റർവെൻഷൻ ട്രെയിനിംഗ് പ്രോഗ്രാം, സ്കിൽ ട്രെയിനിംഗ് എന്നിവ സാഫ് യൂണിറ്റുകൾക്കായി നൽകുന്നു. കൂടാതെ ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിന് സംരംഭകൾക്ക് സ്കിൽ അപ്ഗ്രഡേഷൻ ട്രെയിനിംഗുകൾ നൽകുന്നു. പരിചയസമ്പന്നരായ ഫാക്കൽറ്റികളുടെ സഹായത്തോടെ ഗ്രൂപ്പായും

യൂണിറ്റുകളിൽ നേരിട്ടും സ്കിൽ ട്രെയിനിംഗുകൾ നൽകിവരുന്നു. മാറിവരുന്ന ടെക്നോളജിക്കനുസരിച്ച് യൂണിറ്റുകളെ അപ്ഗ്രേഡ് ചെയ്യുന്നതിനായി നൂതന ഉപകരണങ്ങളെക്കുറിച്ച് അവബോധം നൽകി അവ വാങ്ങുന്നതിന് ധനസഹായം നൽകിവരുന്നു.

**കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളിലെ തസ്തികകൾ**

353 (1143) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിംഗ്, ഫിഷറീസ്, സർവ്വകലാശാല എന്നീ വകുപ്പുകളുടെ കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഓഫീസുകളുടെ വിശദവിവരങ്ങൾ നൽകാമോ; ഏതെല്ലാം ഓഫീസുകൾ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കാലമായി ഈ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അനുവദിച്ച തസ്തികകൾ ഏതൊക്കെയാണെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ;

(സി) ഈ ഓഫീസുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഏതൊക്കെയാണെന്നും എത്രകാലമായി ഒഴിവുകൾ തുടരുന്നുവെന്നും ഓഫീസ് തിരിച്ച് വ്യക്തമാക്കാമോ?

(എ-സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.+

## ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരണം

354 (1144) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നയത്തിന്റെ ഭാഗമായി ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ നയത്തിന്റെ ഭാഗമായി മത്സ്യകർഷകരുടെ ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കുന്നതിന്റെ ഭാഗമായി ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മത്സ്യകർഷകർക്ക് കേരള മത്സ്യബന്ധന സമുദ്രഗവേഷണ സർവ്വകലാശാലയിൽ (KUFOS) വച്ച് സംസ്ഥാനതല ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. ഇതിനുപുറമേ തിരുവനന്തപുരം,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആലപ്പുഴ എന്നീ ജില്ലകളിൽ മത്സ്യകർഷകർക്കായി ജില്ലാതല ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലയിൽ ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കുന്നതിനായി ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. കൂടാതെ എഫ്.എഫ്.പി.ഒ.- യുടെ ക്ലസ്റ്റർ ബേസ്ഡ് ബിസിനസ് ഓർഗനൈസേഷനായി അഡാക്കിനെ ചുമതലപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ നാഷണൽ കോപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന് (എൻ.സി.ഡി.സി.) സമർപ്പിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാരിന്റെ നയത്തിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികളുടെ ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (എഫ്.എഫ്.പി.ഒ.) രൂപീകരിക്കണമെന്ന് നാഷണൽ കോപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.സി.ഡി.സി.) മത്സ്യഫെഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നിലവിൽ അത്തരത്തിലുള്ള എഫ്.എഫ്.പി.ഒ. രൂപീകരിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാകുമ്പോൾ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രസക്തി നഷ്ടമാകുമെന്ന

ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആശങ്ക പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മത്സ്യബന്ധന മേഖലയിലെ ആധുനികവത്കരണം**

355 (1145) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മത്സ്യബന്ധന മേഖലയിൽ ആധുനികവത്കരണത്തിലൂടെ കൂടുതൽ മത്സ്യബന്ധനം നടത്തുവാനും ശാസ്ത്രീയ മത്സ്യസംസ്കരണം ഉറപ്പാക്കുവാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കൂടുതൽ മത്സ്യലഭ്യത ഉറപ്പാക്കുന്നതിനും ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി സുരക്ഷിതമായ ആധുനിക യന്ത്രവൽകൃത മത്സ്യബന്ധന രീതിയിലേയ്ക്ക് പരിവർത്തനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ആദ്യഘട്ടമായി നിർമ്മാണം പൂർത്തിയാക്കിയ 5 യാനങ്ങൾ രജിസ്ട്രേഷൻ

നടത്തി ഗുണഭോക്താക്കളായ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഓഖി ദുരന്തത്തിൽ മത്സ്യബന്ധന യാനങ്ങൾ പൂർണ്ണമായും അപകടത്തിൽപ്പെട്ട് തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ സുരക്ഷിതമായ 120 എഫ്.ആർ.പി. യൂണിറ്റുകൾ നൽകുന്നതിന് ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 988 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി എഫ്.ആർ.പി. യാനങ്ങൾ നൽകുന്നതിനായി 412 ലക്ഷം രൂപയുടെ പദ്ധതി മത്സ്യഫെഡ് വഴി നടപ്പിലാക്കി.

2021-22 സാമ്പത്തിക വർഷം PMMSY പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം രൂപ ചെലവുവരുന്ന 100 എഫ്.ആർ.പി. യൂണിറ്റുകൾ വിതരണം ചെയ്യുന്നതിന് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

'Motorization of country crafts' എന്ന പദ്ധതിയിലുൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 40 HP വരെയുള്ള എഞ്ചിൻ വാങ്ങുന്നതിന് പരമാവധി 30,000/- രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം 30 ലക്ഷം രൂപയാണ്

പദ്ധതി തുക. 100 മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിയിലൂടെ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

'Sea safety equipments to traditional fishing craft' പദ്ധതിപ്രകാരം 2021-22 സാമ്പത്തിക വർഷം ആധുനിക സ്കാനിംഗ് സോണാർ ഫെസിലിറ്റിയുള്ള 360 മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ്. -കളും 417 ഹാൻഡ് ഹെൽഡ് ടൈപ്പ് ജി.പി.എസ്.-കളും വിതരണം ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം സീ സേഫ്റ്റി പദ്ധതിയിലുൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 609 മൗണ്ടിംഗ് ജി.പി.എസ്.-കൾ വിതരണം ചെയ്യുന്ന പദ്ധതിക്ക് 399 ലക്ഷം രൂപയുടെ അനുമതി നൽകുകയും ഇതുവരെ 450 പേർക്ക് മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ്. വിതരണം ചെയ്തിട്ടുമുണ്ട്.

ശാസ്ത്രീയ മത്സ്യസംസ്കരണം ഉറപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽനിന്നും നേരിട്ടും തീരദേശ ലേലംവഴി മത്സ്യഫെഡിന്റെ മത്സ്യത്തൊഴിലാളി പ്രാഥമിക സഹകരണ സംഘങ്ങൾ മുഖേനയും ശേഖരിക്കുന്ന മത്സ്യം മത്സ്യഫെഡിന്റെ മത്സ്യ സംഭരണകേന്ദ്രങ്ങളിൽ എത്തിക്കുന്നു. കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽ മത്സ്യം ശീതീകരിച്ച് കയറ്റുമതി

ചെയ്യുകയും മത്സ്യം സംസ്കരിച്ച് വിവിധതരം മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ഫിഷ് മാർട്ടുകൾ, അന്തിപ്പച്ച യൂണിറ്റുകൾ, സഹകരണ സംഘങ്ങളുടെ ഫ്രാഞ്ചൈസി മാർട്ടുകൾ എന്നിവവഴി വിപണനം ചെയ്തും വരുന്നു. കൊല്ലം ശക്തികുളങ്ങരയിലുള്ള മത്സ്യഫെഡ് കൈറ്റോസൺ പ്ലാന്റിൽ ചെമ്മീൻതോട് സംസ്കരിച്ച് കൈറ്റോൺ ഗുളികകൾ നിർമ്മിച്ചുവരുന്നു.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ അധീനതയിൽ കൊല്ലം ശക്തികുളങ്ങരയിൽ ഒരു മത്സ്യസംസ്കരണ പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽനിന്നും ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുത്ത വിവിധ മൂല്യവർദ്ധിത മത്സ്യോൽപ്പന്നങ്ങൾ "ഡ്രിഷ് കേരള" എന്ന ബ്രാന്റിൽ വിപണിയിൽ എത്തിച്ചുവരുന്നു.

(ബി) മത്സ്യബന്ധന മേഖലയിൽ പരമ്പരാഗത രീതിയിൽനിന്നും വ്യത്യസ്തമായി മറ്റ് വിദേശരാജ്യങ്ങളിൽ ഉപയോഗിക്കുന്ന തരത്തിലുള്ള മത്സ്യബന്ധന യാനങ്ങളും ആധുനിക മത്സ്യബന്ധന രീതികളും മറ്റും നടപ്പാക്കാൻ ഉദ്ദേശ്യമുണ്ടോ; ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; അറിയിക്കുമോ?

പരമ്പരാഗത രീതിയിൽനിന്നും വ്യത്യസ്തമായി വിദേശരാജ്യങ്ങളിൽ ഉപയോഗിക്കുന്ന തരത്തിലുള്ള മത്സ്യബന്ധന യാനങ്ങളും ആധുനിക മത്സ്യബന്ധന രീതികളും ഉപയോഗിക്കുന്നതിന് ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിനായി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് 2020-21 വർഷം കേന്ദ്ര സർക്കാരിൽനിന്നും അംഗീകാരം ലഭ്യമായിട്ടുണ്ട്.

ആദ്യഘട്ടമായി നിർമ്മാണം പൂർത്തിയാക്കിയ 5 യാനങ്ങൾ രജിസ്ട്രേഷൻ നടത്തി ഗുണഭോക്തൃ പ്രാഥമിക സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരമ്പരാഗത മത്സ്യബന്ധന മേഖലയിൽ നിലവിൽ ഉപയോഗിക്കുന്ന മറൈൻ പ്ലൈവുഡ് വള്ളത്തിന് പകരം സുരക്ഷിതമായ എഫ്.ആർ.പി. വള്ളങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പൂർണ്ണമായും എഫ്.ആർ.പി.-യിൽ നിർമ്മിതവള്ളത്തിന്റെ പരീക്ഷണ ഓട്ടം നടത്തിവരുന്നു.

പരമ്പരാഗത മത്സ്യബന്ധന യാനങ്ങളിൽ ഉപയോഗിക്കുന്ന മണ്ണെണ്ണ എഞ്ചിനുകൾക്ക് പകരം കൂടുതൽ ആദായകരവും ശേഷിയുള്ളതുമായ ബദൽ ഇന്ധന എഞ്ചിനുകളുടെ സാധ്യത പരിശോധിച്ചുവരുന്നു. ഇതിന്റെ ഭാഗമായി മണ്ണെണ്ണ എഞ്ചിനുകളിൽ LPG Conversion kit ഘടിപ്പിച്ച്

മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ പരീക്ഷണ ഓട്ടം നടത്തിവരുന്നു. ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളികളുടെ അഭിപ്രായങ്ങളും പ്രതികരണങ്ങളും വിലയിരുത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) ഫിഷിംഗ് ഹാർബറുകൾ ആധുനിക സംവിധാനങ്ങളോടെ പരിഷ്ക്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഫിഷിംഗ് ഹാർബറുകളിലെ അടിസ്ഥാന സൗകര്യങ്ങളായ ജലവിതരണ സംവിധാനം, ഡ്രെയിനേജ് സൗകര്യങ്ങൾ, വൈദ്യുതീകരണം എന്നിവ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള കെട്ടിടങ്ങൾ ആധുനികവത്കരിക്കുന്നതിനും മത്സ്യം ശുചിയായ സാഹചര്യത്തിൽ കൈകാര്യം ചെയ്യുന്നതിനുമായി mechanical conveyor system, pressure washer, cleaning ഉപകരണങ്ങൾ എന്നിവയെല്ലാം ഹാർബറിൽ സജ്ജമാക്കുന്നതിനുള്ള പ്രവൃത്തികളും ഫിഷിംഗ് ഹാർബർ ആധുനികവത്കരണ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷിംഗ് ഹാർബർ, കൊല്ലം ജില്ലയിലെ ആലപ്പാട്, അഴീക്കൽ ഫിഷിംഗ് ഹാർബർ എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ ആധുനികവൽക്കരണ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ 5,094 കോടി

രൂപയുടെ വിശദമായ പദ്ധതിക്ക് രൂപരേഖ NABARD RIDF XXVIII സ്കീമിലുൾപ്പെടുത്തി അംഗീകാരം ലഭ്യമായിട്ടുണ്ട്.

**മാവേലിക്കര നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ**

356 (1146) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മത്സ്യബന്ധന വകുപ്പ് മാവേലിക്കര നിയോജമണ്ഡലത്തിൽ 2021-22, 2022-23 കാലയളവിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

മത്സ്യബന്ധന വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ 2021-22, 2022-23 കാലയളവിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദവിവരം യഥാക്രമം അനുബന്ധമായി ചേർക്കുന്നു.+

**പട്ടാമ്പി നിയോജകമണ്ഡലത്തിൽ മത്സ്യകർഷകർക്ക് നൽകിവരുന്ന സേവനങ്ങൾ**

357 (1147) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഉൾനാടൻ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യകർഷകർക്ക് ഏതെല്ലാം തരത്തിലുള്ള സേവനങ്ങൾ നൽകുന്നുണ്ടെന്ന വിവരം അറിയിക്കാമോ?

പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനാവിഷ്കൃത പദ്ധതികളായ സുഭിക്ഷ കേരളം, ജനകീയ മത്സ്യകൃഷി, കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന എന്നിവവഴി വിവിധ മത്സ്യകൃഷി സബ്സിഡികൾ, മത്സ്യകൃഷി പരിശീലനം തുടങ്ങിയവ നൽകിവരുന്നു.

2022-23 സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി കാർപ്പ് മത്സ്യകൃഷിക്കായി സൗജന്യ മത്സ്യക്കുഞ്ഞുങ്ങളേയും ആസാംവാള മത്സ്യകൃഷിക്കായി മത്സ്യക്കുഞ്ഞുങ്ങളുടെ വിലയുടെ 70 ശതമാനം സബ്സിഡിയും നൽകിവരുന്നു. കൂടാതെ പടുതാക്കുളങ്ങളിലെ മത്സ്യകൃഷി, ബയോഫ്ലോക്ക് മത്സ്യകൃഷി തുടങ്ങിയവയ്ക്കായി മത്സ്യക്കുഞ്ഞുങ്ങളുടെ വിലയുടെ 70 ശതമാനവും തീറ്റയുടെ വിലയുടെ 40 ശതമാനവും സബ്സിഡിയായി നൽകിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യസമ്പദ് യോജനയുടെ ഭാഗമായി റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റവും ബയോഫ്ലോക്ക് യൂണിറ്റുകളും സ്ഥാപിച്ചുവരുന്നു. 7.5

ലക്ഷം യൂണിറ്റ് ചെലവുവരുന്ന പദ്ധതിക്ക് ജനറൽ വിഭാഗത്തിന് യൂണിറ്റ് കോസ്റ്റിന്റെ 40 ശതമാനം സബ്സിഡിയും എസ്.സി/എസ്.റ്റി. വനിതാ വിഭാഗത്തിന് 60 ശതമാനം സബ്സിഡിയും നൽകിവരുന്നുണ്ട്. നൽകിയ സഹായങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത സേവനങ്ങൾ പട്ടാമ്പി നിയോജകമണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് ലഭ്യമാകുന്നതെന്ന വിവരം ലഭ്യമാക്കാമോ?

ജനകീയ മത്സ്യകൃഷി നടപ്പിലാക്കിവരുന്ന മുനിസിപ്പാലിറ്റി/ പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1) പട്ടാമ്പി മുനിസിപ്പാലിറ്റി

2) കൊപ്പം ഗ്രാമപഞ്ചായത്ത്

3) കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത്

4) മുതുതല ഗ്രാമപഞ്ചായത്ത്

5) ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

6) തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത്

7) വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

8) വിളയൂർ ഗ്രാമപഞ്ചായത്ത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സുഭിക്ഷ കേരളം പദ്ധതി നടപ്പിലാക്കിയ മുനിസിപ്പാലിറ്റി/ പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1) പട്ടാമ്പി മുനിസിപ്പാലിറ്റി

2) കൊപ്പം ഗ്രാമപഞ്ചായത്ത്

3) കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത്

4) മുതുതല ഗ്രാമപഞ്ചായത്ത്

5) ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത്

6) വല്ലപ്പുഴ ഗ്രാമപഞ്ചായത്ത്

7) വിളയൂർ ഗ്രാമപഞ്ചായത്ത്

പ്രധാനമന്ത്രി മത്സ്യസമ്പദ് യോജന നടപ്പിലാക്കുന്ന മുനിസിപ്പാലിറ്റി/ പഞ്ചായത്തുകളുടെ വിവരം ചുവടെ ചേർക്കുന്നു:

1) പട്ടാമ്പി മുനിസിപ്പാലിറ്റി

2) കൊപ്പം ഗ്രാമപഞ്ചായത്ത്

3) വിളയൂർ ഗ്രാമപഞ്ചായത്ത്

(സി) ഇത്തരം മത്സ്യക്കൃഷിക്ക് താൽപ്പര്യമുള്ള കർഷകരെ ആകർഷിക്കുന്നതിനായി മണ്ഡലാടിസ്ഥാനത്തിൽ സർക്കാർതലത്തിൽ സെമിനാറുകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

മണ്ഡലാടിസ്ഥാനത്തിൽ നടത്തിയിട്ടില്ല.

**മണ്ണെണ്ണ എഞ്ചിനുകൾ എൽ.പി.ജി.-യിലേയ്ക്ക് മാറ്റുന്നതിനുള്ള പദ്ധതി**

358 (1148) ശ്രീ. വി. ജോയി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയ്ക്ക് പര്യാപ്തമായ തോതിൽ മണ്ണെണ്ണ ലഭ്യമാക്കാൻ കേന്ദ്രസർക്കാർ തയ്യാറാകാത്ത സ്ഥിതിയുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ; നിലവിൽ കേന്ദ്ര സർക്കാർ മണ്ണെണ്ണയ്ക്ക് എത്ര രൂപയാണ് വിലയായി ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണയുടെ കാൽഭാഗംപോലും കേന്ദ്രം സബ്സിഡിരഹിത മണ്ണെണ്ണ (നോൺ പി.ഡി.എസ്.) ആയി അനുവദിക്കുന്നില്ല. നടപ്പുവർഷത്തേയ്ക്ക് ആവശ്യമായ പരമാവധി മണ്ണെണ്ണ നേടിയെടുക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുകയാണ്. 2022 ഏപ്രിൽ മുതൽ നാളിതുവരെ 7160 കിലോ ലിറ്റർ മണ്ണെണ്ണ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ആയത്

മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തുവരുന്നു. കേന്ദ്രസർക്കാർ മണ്ണെണ്ണയ്ക്ക് 76 രൂപ 50 പൈസയാണ് ഈടാക്കുന്നത്.

(ബി) ഓരോ ലിറ്റർ മണ്ണെണ്ണയ്ക്കും സംസ്ഥാനം 25 രൂപ നിരക്കിൽ സബ്സിഡി നൽകുന്നുണ്ടെങ്കിലും കേന്ദ്രസർക്കാർ മണ്ണെണ്ണയ്ക്ക് വൻതോതിൽ വില വർദ്ധിപ്പിക്കുന്നത് മത്സ്യബന്ധനത്തിലേർപ്പെടുന്നവരെ പ്രതിസന്ധിയിലാക്കുന്നതിനാൽ മണ്ണെണ്ണ എഞ്ചിനുകൾ എൽ.പി.ജി.-യിലേയ്ക്ക് മാറ്റുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. പരമ്പരാഗത മത്സ്യബന്ധന എഞ്ചിനുകൾ എൽ.പി.ജി. ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ എൽ.പി.ജി. കിറ്റുകൾ സബ്സിഡിയോടുകൂടി നൽകുന്നതുമായി ബന്ധപ്പെട്ട് 7 ലക്ഷം രൂപയുടെ പൈലറ്റ് പദ്ധതി നടപ്പാക്കുന്നുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽനിന്നും തെരഞ്ഞെടുത്ത 10 മത്സ്യത്തൊഴിലാളികൾക്ക് എൽ.പി.ജി. കിറ്റുകൾ വിതരണം ചെയ്യുകയും എൽ.ഒ.റ്റി. അടിസ്ഥാനത്തിലുള്ള എൽ.പി.ജി. കിറ്റുകൾ യാനങ്ങളിൽ സ്ഥാപിച്ച് പഠനം നടത്തിവരുന്നു.

(സി) മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി. ഉപയോഗിക്കുന്നതുവഴി നിലവിലെ വിലയിൽ ശരാശരി ഒരു ബോട്ടിലിന് പ്രതിദിന ചെലവിൽ എത്ര കുറവുണ്ടാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

കേരളത്തിലാകെ 34024 ഒ.ബി.എം. ഘടിപ്പിച്ച വള്ളങ്ങൾ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും 9.9 എച്ച്.പി.-യുള്ള മണ്ണെണ്ണ എഞ്ചിനുകളാണ് ഉപയോഗിക്കുന്നത്. ഒരു 9.9 എച്ച്.പി. എഞ്ചിന് ഒരു മണിക്കൂർ പ്രവർത്തിപ്പിച്ച് മത്സ്യബന്ധനം നടത്തുന്നതിന് 8 ലിറ്റർ മണ്ണെണ്ണ ആവശ്യമാണ്. ദിവസേന 7 മണിക്കൂർ മത്സ്യബന്ധനം നടത്തുമ്പോൾ ഒരു മാസത്തെ മണ്ണെണ്ണയുടെ ഉപയോഗം (25 പ്രവൃത്തി ദിനങ്ങൾക്ക്) 1400 ലിറ്ററായി കണക്കാക്കപ്പെടുന്നു. നിലവിൽ മണ്ണെണ്ണയുടെ മാർക്കറ്റ് വിലയായി ലിറ്ററിന് 124 രൂപയായി കണക്കാക്കുമ്പോൾ ഒരു മാസം മത്സ്യബന്ധനം നടത്തുന്നതിന് 1,73,600 രൂപ മണ്ണെണ്ണയിനത്തിൽ പരമ്പരാഗത മത്സ്യത്തൊഴിലാളി ചെലവാക്കുന്നു. എന്നാൽ മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കുമ്പോൾ എഞ്ചിൻ 1 മണിക്കൂറിൽ പ്രവർത്തിപ്പിക്കുന്നതിന് 3.2 കിലോഗ്രാം എൽ.പി.ജി. ആവശ്യമാണ്. ദിവസേന 7 മണിക്കൂർ മത്സ്യബന്ധനം നടത്തുമ്പോൾ ഒരു മാസത്തെ (25 പ്രവൃത്തി ദിനങ്ങൾക്ക്)

എൽ.പി.ജി.-യുടെ ആവശ്യം 560 കിലോഗ്രാമായി കണക്കാക്കാം. എൽ.പി.ജി.-യുടെ വില കിലോഗ്രാമിന് 105 രൂപയായി കണക്കാക്കുമ്പോൾ ഒരു മാസം മത്സ്യബന്ധനം നടത്തുന്നതിന് 58,800 രൂപ ചെലവാകും. ഇപ്രകാരം എൽ.പി.ജി.-യിലേയ്ക്ക് മാറുമ്പോൾ മത്സ്യത്തൊഴിലാളിക്ക് പ്രതിമാസം ഇന്ധനയിനത്തിൽ 1,14,800 രൂപ ലാഭിക്കാൻ കഴിയുമെന്ന് കണക്കാക്കപ്പെടുന്നു. മത്സ്യബന്ധനത്തിന് മണ്ണെണ്ണയ്ക്ക് പകരം എൽ.പി.ജി. ഇന്ധനമായി ഉപയോഗിക്കുമ്പോൾ മത്സ്യത്തൊഴിലാളിക്ക് 66 ശതമാനം ചെലവ് കുറയ്ക്കാൻ കഴിയുമെന്നാണ് പഠനങ്ങളിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്.

## മത്സ്യവിത്തുകളുടെ ഉല്പാദനം

359 (1149) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യവിത്തുകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ ഹാച്ചറികൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി വകുപ്പിന് കീഴിലുള്ള ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും മത്സ്യവിത്തുകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. പത്തനംതിട്ട ജില്ലയിലെ പോളച്ചിറ, കോട്ടയം ജില്ലയിലെ പള്ളം, പാലക്കാട് ജില്ലയിലെ മീങ്കര, ചുള്ളിയാർ, കോഴിക്കോട് ജില്ലയിലെ കല്ലാനോട് എന്നീ ഹാച്ചറികളിലെ അടിസ്ഥാനസൗകര്യം വികസിപ്പിക്കുകയും അതുവഴി ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ ഗുണമേന്മയുള്ള കല്ലുമ്മക്കായുടെയും സമുദ്രമത്സ്യങ്ങളുടെയും വിത്തുൽപ്പാദനത്തിനായി 50 ലക്ഷം ഉൽപ്പാദനശേഷിയുള്ള വിത്തുൽപ്പാദനകേന്ദ്രം സ്ഥാപിക്കുന്നതിനായി 500 ലക്ഷം രൂപയുടെ ഭരണാനുമതിയും ആലപ്പുഴ ജില്ലയിൽ ശുദ്ധജല ആറ്റുകൊഞ്ചിന്റെ ഗുണമേന്മയുള്ള വിത്തുൽപ്പാദനം ലക്ഷ്യമിട്ട് 50 ലക്ഷം ശേഷിയുള്ള ഹാച്ചറി സ്ഥാപിക്കുന്നതിന് 176.20 ലക്ഷം രൂപയുടെ ഭരണാനുമതിയും

നൽകിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ കോഴിക്കോട് ജില്ലയിലെ കല്ലാനോട് ഫിഷ് സീഡ് ഹാച്ചറിയിൽ ഒരു തിലാപ്പിയ ഹാച്ചറി സ്ഥാപിക്കുന്നതും ഇടുക്കി ജില്ലയിലെ ചെങ്കുളത്ത് ഒരു കാർപ്പ് മത്സ്യവിത്ത് ഹാച്ചറി സ്ഥാപിക്കുന്നതും പരിഗണനയിലാണ്. നടപ്പ് സാമ്പത്തിക വർഷം സർക്കാരിന്റെ കീഴിലുള്ള ഫിഷ് സീഡ് ഫാമുകൾ/ഹാച്ചറികൾ എന്നിവയിലായി 542 ലക്ഷം മത്സ്യവിത്തുകൾ ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള 156.95 ലക്ഷം രൂപയുടെ ഓപ്പറേഷണൽ മാനേജ്മെന്റ് ഓഫ് ഫിഷ് സീഡ് ഫാംസ് 2022-23 (ആക്ഷൻ പ്ലാൻ) എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ കരിമീൻ, വരാൽ എന്നിവയുടെ ഗുണമേന്മയുള്ള വിത്തുൽപ്പാദനം ലക്ഷ്യമിട്ട് 14 ജില്ലകളിലുമായി 'ബാക്ക് യാർഡ് ഫിഷ് സീഡ് പ്രൊഡക്ഷൻ' എന്ന പദ്ധതിക്ക് 430 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കിവരികയുമാണ്. അടിസ്ഥാനസൗകര്യ വികസനത്തിനായി ഭരണാനുമതി നൽകിയ നെയ്യാർ, ഓടയം, അഴീക്കോട്, പീച്ചി, വളഞ്ഞവഴി, പുതിയങ്ങാടി, പൊയ്യ, മലമ്പുഴ നൈൽ തിലാപ്പിയ എന്നീ ഹാച്ചറികളുടെ നിർമ്മാണപ്രവർത്തനം ഉടൻതന്നെ പൂർത്തീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുണ്ട്.

**ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം**

360 (1150) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ചൂട്ടാട് മഞ്ച ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നതിന് ഫിഷറീസ് ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം പരിശോധിച്ചുവരുന്നു.

**ഹാർബർ മാനേജ്മെന്റ് സൊസൈറ്റി**

361 (1151) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീൻപിടുത്ത ഹാർബറുകളുടെ പരിപാലനത്തിന് സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുള്ളതെന്ന് വ്യക്തമാക്കാമോ?

2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ടിലെ 9-ാം വകുപ്പ് 1-ാം ഉപവകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 9 തീരദേശ ജില്ലകളിൽ 21 ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ നിലവിൽ വന്നിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) മുനമ്പം ഹാർബറിൽ പ്രവർത്തിക്കുന്ന രീതിയിൽ പങ്കാളിത്ത സൊസൈറ്റികൾ എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

മുനമ്പം ഹാർബറിൽ പ്രവർത്തിക്കുന്ന രീതിയിൽ പങ്കാളിത്ത സൊസൈറ്റികൾ സംസ്ഥാനത്ത് വേറെ ഹാർബറുകളിലൊന്നും നിലവിലില്ല.

**അജാനൂർ മത്സ്യബന്ധന തുറമുഖം**

362 (1152) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) അജാനൂർ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) അജാനൂർ മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അതോടൊപ്പംതന്നെ സി.ആർ.ഇസഡ്. ക്ലിയറൻസ് (CRZ Clearance) ലഭ്യമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നു. നിയമാനുസൃത നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്.

**കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസന പദ്ധതി**

363 (1153) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസന പദ്ധതിയുടെ ഭാഗമായി നടത്താനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസന പദ്ധതിയുടെ ഭാഗമായി വല നെയ്യുന്നതിനായി നെറ്റ് മെന്റിംഗ് ഷെഡ്, മത്സ്യത്തൊഴിലാളികൾക്കായി വിശ്രമ മന്ദിരം, ലോക്കർ മുറികൾ, മത്സ്യം കേടുവരാതെ സൂക്ഷിക്കുന്നതിനായി കോൾഡ് സ്റ്റോറേജ്, അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ്, ഹാർബറിലെ ശുദ്ധജല സംവിധാനം മെച്ചപ്പെടുത്തുന്നതിനായി 25000 ലിറ്റർ കപ്പാസിറ്റിയുള്ള ഓവർ ഹെഡ് ടാങ്ക്, സൗത്ത് ബ്രേക്ക് വാട്ടറിനോട് ചേർന്ന് ബെർത്തിംഗ് ജെട്ടി, ഹൈമാസ്റ്റ് ലൈറ്റുകൾ, നിലവിലെ ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്തൽ എന്നിങ്ങനെ മത്സ്യമേഖലയെ സ്വാധീനിക്കുന്ന സുപ്രധാന ഘടകങ്ങളുൾപ്പെടുത്തിയുള്ള 24.60 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ബേസിനും ചാനലുമുൾപ്പെടെ ഡ്രഡ്ജ് ചെയ്യുവാനായി 5.60 കോടി രൂപയുടെ എസ്റ്റിമേറ്റ് PMMSY-ലുൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം പ്രതീക്ഷിക്കുന്നു.

**തീരദേശ റോഡുകളുടെ പുനരുദ്ധാരണം**

364 (1154) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കോടാട്ടിൽ-മുക്കത്തക്കടവ് റോഡ്, വള്ളിക്കുന്ന്-ചെറുകുന്നത് റോഡ് എന്നീ തീരദേശ റോഡുകൾ പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) തീർത്തും സഞ്ചാരയോഗ്യമല്ലാത്ത പ്രസ്തുത റോഡുകളുടെ നവീകരണത്തിനായി സമീപകാലത്ത് പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കോടാട്ടിൽ-മുക്കത്തക്കടവ് റോഡ്, വള്ളിക്കുന്ന്-ചെറുകുന്നത് റോഡ് എന്നീ തീരദേശ റോഡുകൾക്ക് പുതുക്കിയ ജി.എസ്.ടി. നിരക്കിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുക യഥാക്രമം 84.70, 138.50 ലക്ഷം രൂപയാണ്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീരദേശറോഡുകൾ നവീകരിക്കുന്നതിന് എത്ര രൂപ ചെലവഴിച്ചു; ജില്ല/നിയോജകമണ്ഡലം/ അനുവദിച്ച തുക എന്നിവയുടെ വിശദാംശം നൽകുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## തീരദേശ റോഡുകളുടെ നവീകരണം

365 (1155) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ തീരദേശ റോഡുകൾ നവീകരിക്കുന്നതിനായി ഇതുവരെ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിൽ ഉൾപ്പെടുത്തി 305 റോഡുകൾക്ക് 16,125.56 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ തീരദേശ റോഡുകളുടെ നവീകരണത്തിനായി 2022 ജൂൺ മുതൽ ഇതുവരെ ഏതെല്ലാം റോഡുകൾക്ക് എത്ര തുകവീതം അനുവദിച്ചുവെന്ന് നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലപ്പുറം ജില്ലയിലെ തീരദേശ റോഡുകളുടെ നവീകരണത്തിനായി 2022 ജൂൺ മുതൽ ഇതുവരെ ഭരണാനുമതി നൽകിയ റോഡുകളുടെ നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.+

## മണലൂർ നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകളുടെ പുനരുദ്ധാരണം

366 (1156) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണലൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിന് അനുമതി നൽകുകയുണ്ടായി; അറിയിക്കുമോ?

മണലൂർ നിയോജകമണ്ഡലത്തിൽ 3 തീരദേശ റോഡുകളുടെ നവീകരണത്തിന് അനുമതി നൽകിയിട്ടുണ്ട്.

| ക്രമ നം. | വർഷം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2021-22 | വാടാനപ്പിള്ളി പഞ്ചായത്ത് വാർഡ് 5&3-ലെ കുടിവെള്ള പൈപ്പ് ലൈൻ ഇടുന്നതിനുവേണ്ടി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണം | 59.00 |
| 2 | 2022-23 | വാടാനപ്പിള്ളി പഞ്ചായത്തിലെ ചിലങ്ക ബീച്ച് | 31.00 |

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | | | |
|---|---|---|---|
| | | റോഡിന്റെ നിർമ്മാണം | |
| 3 | 2022-23 | വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ പള്ളിനട കയർ സംഘം റോഡിന്റെ പുനരുദ്ധാരണം | 23.30 |

(ബി) പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(സി) ഈ പ്രവൃത്തികൾ പൂർത്തീകരിക്കാൻവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

(ബി&സി) ഭരണാനുമതി നൽകിയ മേൽറോഡുകളിൽ ക്രമനമ്പർ (1) പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ക്രമനമ്പർ (2), (3) പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ തീരദേശറോഡുകളുടെ നവീകരണം

367 (1157) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവീകരണം, അറ്റകുറ്റപ്പണി എന്നിവയ്ക്കായി കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ഏതെല്ലാം തീരദേശ റോഡുകളെയാണ് തെരഞ്ഞെടുത്തത്; അറിയിക്കുമോ?

നവീകരണം, അറ്റകുറ്റപ്പണി എന്നിവയ്ക്കായി കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന തീരദേശ റോഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

1. വെസ്റ്റ് ഹിൽ റൈസ് മിൽ റോഡ് മുതൽ ചക്കോരത്ത് കുളം റോഡ് വരെ-വാർഡ് നം.67
2. വരക്കൽ ഓവൽതൊടി ഫുട്ട്പാത്ത്/ഡ്രെയിനേജ് നിർമ്മാണം - വാർഡ് 72
3. പൂഴിയിൽ ഇ.വി.എൻ. കളരി പറമ്പത്ത് ഫുട്ട്പാത്ത്/ഡ്രെയിനേജ് നിർമ്മാണം - വാർഡ് 72
4. കോയ റോഡ് ബീച്ച് നിർമ്മാണം, ഡ്രെയിനേജ് -വാർഡ് 72
5. ചൊവ്വരുകണ്ടി കടപ്പുറം മുതൽ ബീച്ച് റോഡ് വരെ റോഡ് നവീകരണവും ഡ്രെയിനേജ് നിർമ്മാണവും

(ബി) ഇതിന് അനുമതി നൽകിയിട്ടുണ്ടോയെന്നും എത്ര ഫണ്ടാണ് അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

താഴെപ്പറയുന്ന റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. വരക്കൽ ഓവൽതൊടി ഫുട്ട്പാത്ത്/ഡ്രെയിനേജ് നിർമ്മാണം - 15.80 ലക്ഷം രൂപ
2. പൂഴിയിൽ ഇ.വി.എൻ. കളരി പറമ്പത്ത് ഫുട്ട്പാത്ത്/ഡ്രെയിനേജ് നിർമ്മാണം - 10.70 ലക്ഷം രൂപ
3. കോയ റോഡ് ബീച്ച് നിർമ്മാണം, ഡ്രെയിനേജ് - 17.00 ലക്ഷം രൂപ

**മലമ്പുഴ നിയോജകമണ്ഡലത്തിലെ റോഡുകളുടെ നവീകരണം**

368 (1158) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ച് ഏതെല്ലാം റോഡുകളാണ് നവീകരിക്കുന്നതെന്ന് അറിയിക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിൽ പുതുശ്ശേരി പഞ്ചായത്തിലെ കോരയാർപുഴ -കൊളയക്കോട് - കുന്നാച്ചി റോഡ് നവീകരിക്കുന്നുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

മേൽ റോഡിന് 50 ലക്ഷം രൂപയാണ് അനുവദിച്ചത്. 546 മീറ്റർ കോൺക്രീറ്റ് റോഡ്, 150 മീറ്റർ സൈഡ് കെട്ട് എന്നിവയാണ് ഈ

പ്രവൃത്തിയിലുൾപ്പെട്ടിട്ടുള്ളത്. റോഡ് പ്രവൃത്തി പൂർത്തിയായി. സൈഡ് കെട്ട് പ്രവൃത്തി ഉടൻ പൂർത്തീകരിക്കുന്നതാണ്.

## മണ്ണെണ്ണ സബ്സിഡി

369 (1159) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണ്ണെണ്ണ വില ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ മത്സ്യഫെഡ് മുഖേന മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന സബ്സിഡി തുക ലിറ്ററിന് 25 രൂപയിൽനിന്നും ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

സബ്സിഡി വർദ്ധിപ്പിക്കാൻ നിലവിൽ തീരുമാനിച്ചിട്ടില്ല.

## മണിമലയിൽ ആധുനിക ഫിഷ് മാർക്കറ്റും വെയർഹൗസും

370 (1160) ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയ്ക്ക് സമീപം മണിമലയിൽ ആധുനിക ഫിഷ് മാർക്കറ്റ്, ഫിഷറീസ് വെയർഹൗസ് എന്നിവ

സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; ഈ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ;

(ബി) ഇതുസംബന്ധിച്ച സാധ്യതാപഠനത്തിന്റെ റിപ്പോർട്ടിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും പ്രസ്തുത പദ്ധതിക്ക് എന്നത്തേയ്ക്ക് അനുമതി ലഭ്യമാക്കാനാകുമെന്നും അറിയിക്കാമോ?

(എ&ബി) കോട്ടയം ജില്ലയിൽ മണിമലയിൽ പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയ്ക്കരികിൽ നിലവിലുള്ള മാർക്കറ്റ് വിപുലീകരിച്ച് ആധുനിക ഫിഷ് മാർക്കറ്റും വെയർഹൗസും സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക സാധ്യതാപഠനം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നടത്തിയിട്ടുണ്ട്.

## പുതുക്കാട് നിയോജകമണ്ഡലത്തിലെ തീരദേശ റോഡുകളുടെ നവീകരണം

371 (1161) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നവീകരണത്തിനായി പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട ഏതെല്ലാം

റോഡുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ആയതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ?

തീരദേശ റോഡുകളുടെ നവീകരണത്തിനായി 2021-22 സാമ്പത്തിക വർഷത്തിൽ പുതുക്കാട് നിയോജകമണ്ഡലത്തിലെ ചുവടെ പറയുന്ന 2 റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. വാസുപുരം - മാഞ്ഞൂർ റോഡ് - 30.20 ലക്ഷം രൂപ
2. ആർ.കെ.എൽ.പി. സ്കൂൾ റോഡ്, പാഴായി - 38 ലക്ഷം രൂപ

(ബി) പുതുക്കാട് ഗ്രാമപഞ്ചായത്തിൽപ്പെട്ട സ്നേഹപുരം-കണച്ചൻകടവ് റോഡ്, പറപ്പൂക്കര ഗ്രാമപഞ്ചായത്തിലെ നന്തിക്കര-പള്ളിത്താഴം റോഡ് എന്നീ തീരദേശ റോഡുകളുടെ നിർമ്മാണപ്രവൃത്തികൾക്ക് അനുമതി ലഭ്യമാക്കാമോ; വിശദമാക്കുമോ?

നിലവിൽ ഭരണാനുമതി നൽകിയിട്ടില്ല.

## പാലയാട് തുരുത്തി പാലം നിർമ്മാണം

372 (1162) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാർബർ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന മണിയൂർ ഗ്രാമപഞ്ചായത്തിലെ പാലയാട് തുരുത്തി പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കോഴിക്കോട് ജില്ലയിലെ മണിയൂർ പഞ്ചായത്തിലെ പാലയാട് തുരുത്തിയിലേയ്ക്കുള്ള പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പ്രവൃത്തി ഭാഗികമായി പൂർത്തീകരിക്കുകയും റിംഗ് ബണ്ടിന്റെ പ്രവൃത്തി അവസാന ഘട്ടത്തിലുമാണ്. മേൽപ്രവൃത്തിയിൽ 3 മീറ്റർ ആഴത്തിൽ തെങ്ങിൻകുറ്റിയടിച്ച് മൂന്നറകളുള്ള 3 ബോക്സ് കൾവർട്ടുകൾ ഉൾപ്പെടുത്തിയാണ് പാലം വിഭാവനം ചെയ്തിരുന്നത്. നിർമ്മാണത്തിന് മുന്നോടിയായി ടെസ്റ്റ് പൈലിംഗ് നടത്തിയപ്പോൾ മണ്ണിന്റെ ബിയറിംഗ് കപ്പാസിറ്റി വളരെ കുറവാണെന്ന് കാണുകയുണ്ടായി. തുടർന്ന് ബഹുമാനപ്പെട്ട കുറ്റ്യാടി എം.എൽ.എ.-യുടെ നേതൃത്വത്തിൽ 29-10-2022-ന് മണിയൂർ വില്ലേജ് ഓഫീസിൽവച്ച് യോഗം ചേരുകയും ടി യോഗത്തിൽ സൈറ്റിലെ സോയിൽ ടെസ്റ്റ് ഒരു അംഗീകൃത ഏജൻസിയെക്കൊണ്ട് പരിശോധിപ്പിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമുണ്ടായി. ആയതുപ്രകാരം 03-01-2023-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സൈറ്റ് പരിശോധിക്കുകയും സോയിൽ സ്റ്റബിലിറ്റി വളരെ

കുറവായതിനാൽ മണ്ണ് പരിശോധന നടത്തുന്നതിന് കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമായതിനുശേഷം ടെസ്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്രയും പെട്ടെന്ന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പാലത്തിന്റെ കരാർ കാലാവധി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

ഉടമ്പടി കാലാവധിയായ 14-02-2022-നുള്ളിൽ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുവാൻ കരാറുകാരന് സാധിക്കാത്തതിനാൽ 29-02-2022 വരെയും തുടർന്ന് 15-02-2023 വരെയും പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

നിർമ്മാണത്തിന് മുന്നോടിയായി ടെസ്റ്റ് പൈലിംഗ് നടത്തിയപ്പോൾ മണ്ണിന്റെ ബിയറിംഗ് കപ്പാസിറ്റി വളരെ കുറവാണെന്ന് കാണുകയുണ്ടായി. തുടർന്ന് ബഹുമാനപ്പെട്ട കുറ്റ്യാടി എം.എൽ.എ.-യുടെ നേതൃത്വത്തിൽ 29-10-2022-ന് മണിയൂർ വില്ലേജ് ഓഫീസിൽവച്ച് യോഗം ചേരുകയും ടി യോഗത്തിൽ സൈറ്റിലെ സോയിൽ ടെസ്റ്റ് ഒരു അംഗീകൃത

ഏജൻസിയെക്കൊണ്ട് പരിശോധിപ്പിച്ചതിനുശേഷം തുടർനടപടികൾ സ്വീകരിക്കുന്നതിന് തീരുമാനമുണ്ടായി. ആയതുപ്രകാരം 03-01-2023-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സൈറ്റ് പരിശോധിക്കുകയും സോയിൽ സ്റ്റബിലിറ്റി വളരെ കുറവായതിനാൽ മണ്ണ് പരിശോധന നടത്തുന്നതിന് കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമായതിനുശേഷം ടെസ്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്രയും പെട്ടെന്ന് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പാലം പൂർത്തിയാകുന്നതുവരെ തുരുത്തിയിൽ താമസിക്കുന്നവർക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിന് എന്തെങ്കിലും ബദൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

റിംഗ് ബണ്ടിനുവേണ്ടി കെട്ടിയുയർത്തിയ മണൽത്തിട്ടയുടെ മുകളിലൂടെ തുരുത്തിയിലേയ്ക്ക് യാത്ര ചെയ്യുന്നതിനുള്ള താൽക്കാലിക സൗകര്യം ഒരുക്കിയിട്ടുണ്ട്.

## ചാത്തന്നൂരിലെ റോഡ് പ്രവൃത്തികൾ

373 (1163) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ചുമതലയിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഭരണാനുമതി തുക എത്രയെന്നും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ട് റോഡുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

1) 2021-2022 - ആദിച്ചനല്ലൂർ ചിറ-കുണ്ടമൺറോഡ്, ആദിച്ചനല്ലൂർ പഞ്ചായത്ത് - തുക -100 ലക്ഷം രൂപ

2) 2022-2023 - ഒഴുക്കുപാറ-കൊച്ചാലുംമൂട് റോഡ് - തുക - 34.20 ലക്ഷം രൂപ

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ഗതാഗത യോഗ്യമാക്കുന്നതിനായി ഭരണാനുമതി നൽകിയ റോഡുകളിൽ ഏതെല്ലാം

റോഡുകൾക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് മേൽപ്പറഞ്ഞ രണ്ട് പ്രവൃത്തികളും കരാറിലേർപ്പെട്ട് പുരോഗമിക്കുകയാണ്.

(സി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച റോഡുകളിൽ ഏതെല്ലാം റോഡുകളുടെ നവീകരണപ്രവൃത്തികൾ ആരംഭിക്കാനുണ്ടെന്നും നവീകരണപ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

ആദിച്ചനല്ലൂർ ചിറ-കുണ്ടമൺചിറ റോഡ് പ്രവൃത്തിക്ക് 26-10-2021-ൽ ഭരണാനുമതി നൽകിയെങ്കിലും 40 എം.എം. ചിപ്പിംഗ് കാർപ്പെറ്റിന് പകരം ബി.എം.&ബി.സി. റോഡ് നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ആയതുപ്രകാരം 26-08-2022-ൽ സാങ്കേതികാനുമതി നൽകി 11-10-2022-ൽ കരാറിലേർപ്പെട്ട് പ്രവൃത്തി പുരോഗമിച്ചുവരുന്നു.

21-11-2022-ൽ കരാറിലേർപ്പെട്ട ഒഴുക്കുപാറ-കൊച്ചാലുംമൂട് റോഡ് പ്രവൃത്തിയിലെ DR Packing, PCC belt എന്നീ പ്രവൃത്തികൾ നടന്നുവരവെ ഭിത്തി കെട്ടുന്ന പ്രവൃത്തിയിൽ തർക്കം വന്നതിനാൽ പ്രവൃത്തിയിപ്പോൾ

തടസ്സപ്പെട്ടിരിക്കുകയാണ്. ജനപ്രതിനിധികളും നാട്ടുകാരുമായി ചർച്ച നടത്തി തർക്കം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**മുനമ്പം ഫിഷിംഗ് ഹാർബറിൽ മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കാൻ നടപടി**

374 (1164) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ മുനമ്പം ഫിഷിംഗ് ഹാർബറിൽ മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള എഴുപത്തിയഞ്ച് സെന്റ് ഭൂമി മെഗാ ഫുഡ് പാർക്കിനായി കെ.എസ്.ഐ.ഡി.സി.-ക്ക് കൈമാറിയിട്ടുണ്ടോ; പ്രസ്തുത ഭൂമി കൈമാറുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

(എ&ബി) പദ്ധതിക്കായി 75 സെന്റ് ഭൂമി കെ.എസ്.ഐ.ഡി.സി.-ക്ക് പാട്ടത്തിന് നൽകുന്നത് സംബന്ധിച്ചുള്ള നടപടി റവന്യൂ വകുപ്പ് മുഖാന്തരം സ്വീകരിച്ചുവരുന്നു.

(സി) ഈ പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എത്രയെന്നും നിർമ്മാണപ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

പദ്ധതിക്കായി ഫിഷറീസ് വകുപ്പ് തുക വകയിരുത്തിയിട്ടില്ല. വ്യവസായ വകുപ്പിന് കീഴിലുള്ള കെ.എസ്.ഐ.ഡി.സി.-യാണ് പദ്ധതി നടപ്പാക്കുന്നത്.

**അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉൻമൂലനം ചെയ്യാൻ നടപടി**

375 (1165) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവോത്ഥാന കേരളം ആർജ്ജിച്ച യുക്തിചിന്തയും ശാസ്ത്രബോധവും നവോത്ഥാനമൂല്യങ്ങളും പിന്നോട്ടടിക്കുംവിധം അന്ധവിശ്വാസങ്ങളും നാടുനീങ്ങിപ്പോയ അനാചാരങ്ങളും വീണ്ടും കേരളത്തിൽ ആചാരങ്ങളുടെ പേരിൽ കടന്നുവരുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഉൻമൂലനം ചെയ്യുന്നതിനായി സാംസ്കാരിക മണ്ഡലത്തിലുള്ള

പ്രസ്ഥാനങ്ങളുടെയും സാംസ്കാരിക, സാഹിത്യ പ്രവർത്തകരുടെയും സഹായത്തോടെ ഒരു പദ്ധതി സ്കൂൾതലം മുതൽ നടപ്പാക്കുന്നതിനും പൊതുമണ്ഡലത്തിൽ കൂടുതലാളുകളിലേയ്ക്ക് ഇതെത്തിക്കുന്നതിനും എന്തെങ്കിലും പരിപാടി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മയക്കുമരുന്ന്, അനാചാരം, അന്ധവിശ്വാസം തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ സാംസ്കാരിക വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ ഒരു മാസം നീണ്ടുനിന്ന ആശയപ്രചരണ, ബോധവത്കരണ പരിപാടിയുടെ ഉദ്ഘാടനം 28-10-2022-ന് പാളയത്തുള്ള അയ്യങ്കാളി ഹാളിൽവച്ച് ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രി നിർവ്വഹിക്കുകയുണ്ടായി. സാംസ്കാരിക വകുപ്പിന്റെ വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൽ സംസ്ഥാനത്തൊട്ടാകെ നിയോഗിച്ചിട്ടുള്ള വജ്രജൂബിലി ഫെലോഷിപ്പ് കലാകാരന്മാരുടെ നേതൃത്വത്തിലാണ് ആശയപ്രചരണ ബോധവത്കരണ പരിപാടി നടപ്പിലാക്കിയത്. കൂടാതെ സമൂഹത്തിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉന്മൂലനം ചെയ്യേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയായതിനാലും സാമൂഹിക തിന്മകളെ പ്രതിരോധിക്കുന്നതിനുള്ള ഇത്തരം മനോഭാവം രൂപപ്പെടേണ്ടത്

ശൈശവകാലം മുതലുള്ള കുട്ടികളുടെ വിദ്യാഭ്യാസ കാലഘട്ടത്തിലായതിനാലും വരുന്ന പാഠ്യപദ്ധതി പരിഷ്കരണത്തിൽ കുട്ടികളിൽ ശാസ്ത്രബോധം വളർത്തുന്നതിനുള്ള കൂടുതൽ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**ഷാർജ കൾച്ചറൽ സെന്റർ**

376 (1166) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഷാർജ ഗവൺമെന്റിന്റെ സഹായത്തോടെ സാംസ്കാരിക ഉന്നമനത്തിനായി ഷാർജ കൾച്ചറൽ സെന്റർ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇൻഡോ-ഷാർജ സാംസ്കാരിക കേന്ദ്രം പദ്ധതിയുടെ നിർമ്മാണത്തിന് ഷാർജ ഗവൺമെന്റിന്റെ സാമ്പത്തിക സഹായം ഉറപ്പാക്കിക്കൊണ്ടുള്ള ഔദ്യോഗിക അറിയിപ്പുകളൊന്നും നാളിതുവരെയും സർക്കാരിൽ ലഭിച്ചിട്ടില്ല. പ്രവാസികാര്യ വകുപ്പുവഴി ഇതിനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്.

**പാരമ്പര്യകലകളുടെ സംരക്ഷണവും പ്രോത്സാഹനവും**

377 (1167) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:

ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യകലകളുടെ സംരക്ഷണവും പ്രോത്സാഹനവും ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശവും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ;

(ബി) ഏതൊക്കെ സ്ഥാപനങ്ങൾ മുഖേനയാണ് ആയത് നടപ്പാക്കിവരുന്നതെന്നും എല്ലാ ജില്ലകളിലും പ്രാദേശിക കേന്ദ്രങ്ങൾ സ്ഥാപിച്ച് പാരമ്പര്യകലകളുടെ വ്യാപനം സാധ്യമാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ;

(സി) ദേശീയ, അന്തർദ്ദേശീയ വേദികളിൽ കേരളത്തിന്റെ പാരമ്പര്യകലകൾ അവതരിപ്പിക്കുന്നതിന് പ്രാപ്തമാക്കുന്ന വിധത്തിൽ യുവതീ യുവാക്കൾക്ക് പരിശീലനം നൽകുന്നതിന് പദ്ധതി രൂപീകരിക്കുമോ?

(എ-സി) സംസ്ഥാനത്ത് പാരമ്പര്യകലകളുടെ സംരക്ഷണവും പ്രോത്സാഹനവും ലക്ഷ്യമിട്ട് സാംസ്കാരിക വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ക്ലാസ്സിക്കൽ, സമകാലീന, നാടോടി വിഭാഗങ്ങളിൽപ്പെട്ട കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ കുട്ടികളിലും

യുവാക്കളിലും ആഭിമുഖ്യമുണർത്തുകയെന്ന ലക്ഷ്യത്തോടെ യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശികതലത്തിൽ കലാരൂപങ്ങൾ പരിപോഷിപ്പിക്കുകവഴി സാംസ്കാരിക ഉന്നമനം സാധ്യമാക്കുന്നതിനുമായി സാംസ്കാരിക വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് "യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ്" പദ്ധതി. പ്രസ്തുത പദ്ധതിയിൽ തെയ്യം, തിറ, പൂരക്കളി, മറത്തുകളി, കണ്യാർകളി, നാടൻപാട്ട്, ചവിട്ടുനാടകം, മാർഗ്ഗംകളി, മുടിയേറ്റ്, പടയണി, മാപ്പിളകലകൾ, കോൽക്കളി, വിൽപ്പാട്ട്, തിരുവാതിരക്കളി, പാക്കനാർ തുള്ളൽ, വഞ്ചിപ്പാട്ട്, ഗദ്ദിക, തോൽപ്പാവക്കൂത്ത്, കാക്കാരശ്ശി നാടകം എന്നീ നാടൻകലകളിൽ പരിശീലനം നൽകിവരുന്നു. കലാപരിശീലകർക്ക് സാംസ്കാരിക വകുപ്പ് പ്രതിമാസം 10,000/- രൂപ വീതവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 7,500/- വീതവും ഉൾപ്പെടെ 17,500/- രൂപ ഫെലോഷിപ്പ് തുകയായി നൽകിവരുന്നു. പഠിതാക്കൾക്ക് വിവിധ വേദികളിൽ പാരമ്പര്യകലകൾ അവതരിപ്പിക്കുന്നതിന് പര്യാപ്തമാകുന്ന രീതിയിലാണ് വജ്രജൂബിലി പദ്ധതിയിൽ പരിശീലനം നൽകിവരുന്നത്.

ഗ്രാമീണ കലാകാരന്മാരുടേയും കരകൗശല വിദഗ്ധരുടെയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കലാ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതിയിൻകീഴിൽ പാരമ്പര്യകലകൾ പ്രോത്സാഹിപ്പിച്ചുവരുന്നു. പരമ്പരാഗത കരകൗശല പ്രവൃത്തികൾക്കൊപ്പം പ്രാചീന കലാരൂപങ്ങളും പുനരുജ്ജീവിപ്പിക്കാനും ഇതുമായി ബന്ധപ്പെട്ട കലാകാരന്മാർക്ക് ഉപജീവനം ഉറപ്പുവരുത്താനുമുള്ള പ്രവർത്തനങ്ങളും പദ്ധതിയിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള ഫോക്‌ലോർ അക്കാദമി, മാപ്പിളകലാ അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തിലൂടെ സീതക്കളി, ചവിട്ടുനാടകം, കാക്കാരശ്ശി നാടകം, വഞ്ചിപ്പാട്ട്, പടയണി, മാപ്പിളപ്പാട്ട്, പാടിപ്പറയൽ, അറബന മുട്ട് തുടങ്ങി കേരളത്തിൽ അന്യംനിന്നുപോകുന്ന വിവിധ കലാരൂപങ്ങളെ പുനരുജ്ജീവിപ്പിക്കാനും കലാകാരന്മാരുടെ ഉപജീവന സുസ്ഥിരത വർദ്ധിപ്പിക്കുന്നതിനുംവേണ്ട നടപടികൾ ആസൂത്രണം ചെയ്തുവരുന്നു.

സാംസ്കാരിക വ്യാപനം പദ്ധതിയിലുൾപ്പെടുത്തി സാംസ്കാരിക വിനിമയ പരിപാടിയുടെ ഭാഗമായി പാരമ്പര്യകലകൾ വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ദേശീയ-അന്തർദ്ദേശീയ തലങ്ങളിലും സംഘടിപ്പിച്ചുവരുന്നുണ്ട്. ഗ്രാമീണമേഖലയിലും ചെറുപട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദികൾ ലഭ്യമല്ലാത്തിടങ്ങളിൽ മതിയായ സ്ഥലസൗകര്യമുള്ള പാതയോരങ്ങളോ പൊതുയിടങ്ങളോ കണ്ടെത്തി 'നാട്ടരങ്ങ്' എന്ന പേരിൽ രംഗവേദികൾ സ്ഥാപിക്കുന്ന സാംസ്കാരിക വകുപ്പിന്റെ പദ്ധതിയിൻ കീഴിൽ പാരമ്പര്യ കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം ലഭിക്കുന്നുണ്ട്.

ഗോത്രകലകൾ, നാടൻകലകൾ, അനുഷ്ഠാനകലകൾ, ക്രിസ്തീയ കലാരൂപങ്ങൾ, മാപ്പിളകലാരൂപങ്ങൾ, ക്ഷേത്രകലകൾ, ശാസ്ത്രീയകലകൾ, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, ചിത്രകല, ശില്പകല, ഫോട്ടോഗ്രാഫി, ഇതര ജനകീയകലകളായ മാജിക്, സർക്കസ്സ്, സൈക്കിൾ യജ്ഞം എന്നിവയും ട്രാൻസ്ജെൻഡേഴ്സ്, ഭിന്നശേഷിക്കാർ, അന്ധഗായക സംഘം, കാരുണ്യാലയങ്ങളിലെ കലാസംഘങ്ങൾ, ജയിൽ അന്തേവാസികളിൽനിന്നുള്ള കലാസംഘങ്ങൾ എന്നിവരെയുൾപ്പെടുത്തി അതാത് കലാസംഘങ്ങളുടെ ഇടയിലേയ്ക്കിറങ്ങിച്ചെന്ന് തനിമയോടെ

കലാവതരണങ്ങൾ ചിത്രീകരിക്കുകയും വരാനിരിക്കുന്ന തലമുറയ്ക്കുവേണ്ടി കേരളീയ കലാരൂപങ്ങൾ സാംസ്കാരിക വകുപ്പിൽ ശേഖരിച്ച് വയ്ക്കുകയും ചെയ്യുന്ന 'മഴമിഴി' - മൾട്ടി മീഡിയ മെഗാ സ്ട്രീമിങ് സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. സാംസ്കാരിക വകുപ്പ്, കേരള ചലച്ചിത്ര അക്കാദമി, കേരള ലളിതകലാ അക്കാദമി, ഫോക്‌ലോർ അക്കാദമി, ഗുരു ഗോപിനാഥ് നടനഗ്രാമം, സംഗീത നാടക അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തിലാണ് മഴമിഴി മൾട്ടിമീഡിയ മെഗാ സ്ട്രീമിങ് സംഘടിപ്പിക്കുന്നത്.

കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗത്തിലെ കലാസമൂഹത്തിന് ഉണർവ്വേകുവാനും ഗോത്രകലകളിലെ ആയിരം പ്രതിഭകൾക്ക് മൂവായിരം രൂപ വീതം പ്രതിഫലം നൽകാനും സംസ്ഥാനത്തെ 5 ജില്ലകളിൽ 11 ദിനങ്ങളിലായി തളിർമിഴി ഗോത്രകലായാത്രാ 2023 ഫെബ്രുവരി 25 മുതൽ മാർച്ച് 25 വരെ സംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി, വയനാട് ജില്ലയിലെ കൽപ്പറ്റ, കാസർഗോഡ് ജില്ലയിലെ ബദിയടുക്ക, ഇടുക്കി ജില്ലയിലെ മറയൂർ, തിരുവനന്തപുരം/കൊല്ലം അതിർത്തി പ്രദേശമായ കുളത്തുപ്പുഴ

എന്നിവിടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിൽക്കണ്ട് ആസ്വദിക്കാവുന്ന വേദികളിലും ലോകത്തെ വിവിധയിടങ്ങളിലെ മലയാളികൾക്ക് ഓൺലൈൻവഴി കണ്ട് ആസ്വദിക്കാവുന്ന രീതിയിലും വ്യത്യസ്തമായ ശൈലിയിലാണ് തളിർമിഴി ഗോത്രകലായാത്ര എന്ന പരിപാടി സംഘടിപ്പിക്കുന്നത്. മന്നാൻകൂത്ത്, ഇരുളനൃത്തം, പളിയനൃത്തം, എരുതുകളി, മലപുലയാട്ടം, മറയൂരാട്ടം, രാമർകൂത്ത്, ഊരാളികൂത്ത്, കൊക്കരചാറ്റ്, ചോണ കളി (കാണി), മുളംചെണ്ട, അട്ടപ്പാടി ഗോത്രകലകൾ, തുടികൊട്ടുപാട്ട്, ഗദ്ദിക, കമ്പളനാട്ടി, വേടൻപാട്ട്, വിളക്കുകെട്ട് കളി, പൂപ്പടയാട്ടം, കാട്ടുപാട്ട്, ചാറ്റ്പാട്ടുകൾ, ആദിവാസിപാട്ട്, മംഗലംകളി, ഇരുളനൃത്തവും പാട്ടും, ലക്കുടിയ നൃത്തം, കൊറഗ നൃത്തം, തോട്ടിയാട്ടം, കൂനാട്ട്, കോൽക്കളി, കസ്യാട്ട, വട്ടക്കളി, ദവിലാട്ടം, തുടിതാളം, നാടൻപാട്ട്, ഹരിചന്ദ്രകൂത്ത്, മെലയാട്ട്, ഊടാട്ട്, മധുരവീരൻ കൂത്ത്, റുഡുഗ നൃത്തം, കൂത്ത്, കുമ്മിയടി, കമ്പാട്ടം, തുമ്പികളി, മാവിലരുടെ വംശീയപാട്ടുകൾ, മറമൂടാൻ കളി, കൂന്തൽകളി, കാട്ടുനായ്ക്കൾ നൃത്തം, മുദ്ദ്ഗ നൃത്തം, കുറുമ്പ നൃത്തം, കാടർ നൃത്തം, സൊല്ലേലം കളി, മുറംകിലുക്കി പാട്ട്, മുതുവാൾ ആട്ടം, കമ്പ് കളി, ചവിട്ട് കളി, മുടിയാട്ടം, ചോനൻ കളി, കൊരമ്പ നൃത്തം, ചോണൻ കളി, കുളിയാട്ടം, മാൻപാട്ട്, മുഡുകനൃത്തം, വടി നൃത്തം, മലങ്കുത്ത്, കമ്പടി കളി എന്നീ

ഗോത്രകലകളാണ് ഗോത്രകലായാത്രയിൽ അവതരിപ്പിക്കുന്നത്. സാംസ്കാരിക വകുപ്പ്, കിർത്താഡ്സിന്റെ സഹകരണത്തോടെയാണ് ഗോത്രകലായാത്ര സംഘടിപ്പിക്കുന്നത്.

വൈവിധ്യമാർന്ന സംസ്കാരങ്ങൾ മൺമറഞ്ഞുപോകുന്ന കലാരൂപങ്ങൾ സംരക്ഷിക്കാനും ഉണർത്താനും അവ പുതുതലമുറയ്ക്കായി ആർക്കൈവ് ചെയ്യാനും ഇന്ത്യൻ ദ്വീപുകളിലെ പാരമ്പര്യ കലാവതരണങ്ങൾ, കേരളത്തിലെ കോളനികൾ കേന്ദ്രീകരിച്ചുള്ള കലാവിഷ്കാരങ്ങൾ, തീരദേശ പ്രദേശങ്ങൾ കേന്ദ്രീകരിച്ചുള്ള കലാവിഷ്കാരങ്ങൾ എന്നിവ ഐലന്റ് ആൻഡ് കോളനി ഫെസ്റ്റ് എന്ന പേരിൽ സംഘടിപ്പിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നുണ്ട്.

സാംസ്കാരിക വകുപ്പിനുകീഴിൽ പാരമ്പര്യകലകൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്ഥാപിതമായ കേരള ഫോക്‌ലോർ അക്കാദമി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. അന്യംനിന്നുപോകുന്ന നാടൻകലകൾ പുതിയ തലമുറയ്ക്ക് പകർന്നുകൊടുക്കുന്നതിന് 10 വയസ് മുതൽ 17 വയസ്സുവരെയുള്ള 300 കുട്ടികൾക്ക് ഒരു വർഷത്തേയ്ക്ക് സ്റ്റൈപ്പന്റ് നൽകുന്നുണ്ട്. നാടൻകലാരംഗത്ത് പ്രവർത്തിക്കുന്ന കലാകാരന്മാർക്ക് അവാർഡ്/ഫെലോഷിപ്പ് നൽകി ആദരിക്കുന്നുണ്ട്. കേരളത്തിൽ

അന്യംനിന്നുകൊണ്ടിരിക്കുന്ന നാടൻ കലാരൂപങ്ങൾ, പ്രാദേശികമായുള്ള കലാരൂപങ്ങൾ എന്നിവ മറ്റ് ജില്ലകളിലും പരിചയപ്പെടുത്തുന്നതിന് ജില്ലാതലത്തിൽ നാടൻ കലാമത്സരങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. കേരളത്തിലെ ആദിവാസി സംസ്കൃതിയും കലയും പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. നാടൻകലകളെക്കുറിച്ചുള്ള പുസ്തകങ്ങൾ, പൊലിചാതുർമാസിക എന്നിവ പ്രസിദ്ധീകരിക്കുന്നുണ്ട്. കോളേജുതലത്തിലും സ്കൂൾതലത്തിലും വിദ്യാർത്ഥികൾക്ക് നാടൻകലാ അവബോധം സൃഷ്ടിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഫോക്‌ലോർ ക്ലബ്ബുകൾ രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഫോക്‌ലോർ അക്കാദമിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലയിലും 'ഗ്രാമസന്ധ്യ' എന്ന പേരിൽ സെമിനാറുകളും നാടൻ കലാവതരണങ്ങളും നടപ്പിലാക്കിവരുന്നു. ദേശീയ-അന്തർദ്ദേശീയ സാംസ്കാരിക വിനിമയത്തിന്റെ ഭാഗമായി അന്താരാഷ്ട്ര നാടൻ കലോത്സവം (International Folklore Fest) കേരളത്തിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നാടൻ കലാരൂപങ്ങൾ പരിശീലിപ്പിക്കുന്നതിനായി ഫോക്‌ലോർ അക്കാദമിയുടെ

സബ് സെന്ററുകൾ കോട്ടയം ജില്ലയിലെ വെള്ളാവൂരിലും കണ്ണൂർ ജില്ലയിലെ കണ്ണപുരത്തും പ്രവർത്തിച്ചുവരുന്നു.

മലയാളം മിഷൻ മുഖേന ആദിവാസി ഗോത്രസമുദായങ്ങളിലെ കലാകാരന്മാരെയുൾപ്പെടുത്തി ഓൺലൈൻ റേഡിയോയായ "റേഡിയോ മലയാള"ത്തിൽ "പയമേ പണലി" എന്ന പരിപാടി പ്രക്ഷേപണം ചെയ്തുവരുന്നു. ഇതിലൂടെ കലാകാരന്മാർക്ക് പ്രതിഫലവും നൽകിവരുന്നുണ്ട്.

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകല അക്കാദമി മുഖേന മാപ്പിളപ്പാട്ട്, ഒപ്പന, കോൽക്കളി, വട്ടപ്പാട്ട്, ദഫ്മുട്ട്, അറബനമുട്ട് എന്നീ കലകളിൽ പരിശീലനം നൽകിവരുന്നു. അക്കാദമിയുടെ കോഴിക്കോട് ജില്ലയിലെ നാദാപുരത്തുള്ള ഉപകേന്ദ്രംവഴിയും പരിശീലനം നൽകിവരുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പിക് മകായ് എന്ന സ്ഥാപനവുമായി സഹകരിച്ചുകൊണ്ട് ദേശീയതലത്തിൽ മാപ്പിളകലകൾ അവതരിപ്പിച്ചുവരുന്നു. യു.എ.ഇ. ആസ്ഥാനമായി മാപ്പിളകലകളുടെ പഠനത്തിനും അവതരണത്തിനുമായി മാപ്പിളകല അക്കാദമി യു.എ.ഇ.-ൽ ഒരു ചാപ്റ്റർ ആരംഭിച്ചിട്ടുണ്ട്. ഖത്തറിൽ അക്കാദമിക്ക് ഒരു കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

കേരള സ്റ്റേറ്റ് ജവഹർ ബാലഭവനിലെ പാഠ്യവിഷയങ്ങളിൽ മോഹിനിയാട്ടം, നാടൻപാട്ട്, ഓട്ടൻതുള്ളൽ തുടങ്ങിയ പാരമ്പര്യ കലകൾ ഉൾപ്പെടുത്തി 4 വയസ് മുതൽ 16 വയസ്സുവരെയുള്ള കുട്ടികൾക്കും കൂടാതെ 17 വയസ്സിനുമേൽ പ്രായമുള്ള മുതിർന്നവർക്കും കലകൾ അഭ്യസിപ്പിച്ചുവരുന്നു. കേരളത്തിലെ പാരമ്പര്യ കലകളായ കളമെഴുത്ത്, ചുവർചിത്രകല, വിവിധ മാധ്യമങ്ങളിലുള്ള ശില്പകല തുടങ്ങിയവ കേരള ലളിതകലാ അക്കാദമി സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിന്റെ തനത് പാരമ്പര്യകലയായ ചുമർചിത്രകല പരിപോഷിപ്പിക്കുന്നതിനായി സാംസ്കാരികകാര്യ വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന വാസ്തുവിദ്യാ ഗുരുകുലം ചുവർചിത്ര കലാപ്രദർശനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. ഈ കലയിൽ താല്പര്യമുള്ളവർക്കായി വിവിധ കാലദൈർഘ്യമുള്ള കോഴ്സുകളും നടത്തിവരുന്നു. കേരളത്തിലെ പ്രാചീന ക്ഷേത്രങ്ങൾ, ക്രൈസ്തവ ദേവാലയങ്ങൾ, പുരാതന കെട്ടിടങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലെ ചുവർചിത്രങ്ങൾ സംരക്ഷിക്കുന്നതിനുള്ള വിവിധ പദ്ധതികളും ഗുരുകുലം ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. പാരമ്പര്യകലകളെ സംബന്ധിച്ചും അവയുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി പൈതൃക പഠനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും സെമിനാറുകൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) പാരമ്പര്യകലകളുടെ പ്രോത്സാഹനത്തിനായി പ്രവർത്തിച്ചുവരുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിവരുന്ന ധനസഹായം കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പാരമ്പര്യകലകളുടെ പ്രോത്സാഹനത്തിനായി പ്രവർത്തിച്ചുവരുന്ന സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിവരുന്ന ധനസഹായം കാലോചിതമായി പരിഷ്കരിക്കുന്ന വിഷയം ആലോചിച്ചുവരുന്നു.

**ലെനിൻ രാജേന്ദ്രന്റെ പേരിൽ തീയേറ്ററും സാംസ്കാരിക സമുച്ചയവും നിർമ്മിക്കുന്നതിന് നടപടി**

378 (1168) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലെനിൻ രാജേന്ദ്രന്റെ ജന്മനാട്ടിൽ അദ്ദേഹത്തിന്റെ പേരിൽ തീയേറ്ററും സാംസ്കാരിക സമുച്ചയവും നിർമ്മിക്കുന്നതിനുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) അനുയോജ്യമായ സ്ഥലം കണ്ടെത്തി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) ലെനിൻ രാജേന്ദ്രന്റെ സ്മാരകമായി അദ്ദേഹത്തിന്റെ ജന്മനാടായ തിരുവനന്തപുരം ജില്ലയിൽ ഊരൂട്ടമ്പലത്ത് സാംസ്കാരിക

കേന്ദ്രവും തീയേറ്ററും സ്ഥാപിക്കുന്നതിന് 2020-21 ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. ഊരൂട്ടമ്പലം ജംഗ്ഷന് സമീപം ടി പദ്ധതിക്ക് ഏകദേശം 110 സെന്റ് സ്ഥലം അനുയോജ്യമെന്ന് മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു. പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി കൂടിയാലോചിച്ച് നടപടികൾ ത്വരിതപ്പെടുത്താൻ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത സ്മാരകത്തിനായുള്ള ഭൂമി സംബന്ധിച്ച വിവരങ്ങൾ, പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ ലഭ്യമാക്കാൻ മലയിൻകീഴ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് സാംസ്കാരിക വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ആലത്തൂർ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങൾ

379 (1169) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളൊന്നുംതന്നെ നിലവിലില്ല.

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതെല്ലാം സാംസ്കാരിക കേന്ദ്രങ്ങൾക്ക് വകുപ്പ് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന സാംസ്കാരിക കേന്ദ്രങ്ങൾക്ക് വകുപ്പിൽനിന്ന് ധനസഹായം അനുവദിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

## കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ

380 (1170) ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ നടത്തിപ്പിന് എത്ര രൂപയാണ് സംസ്ഥാന സർക്കാർ അനുവദിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതിന് ഏതെങ്കിലും സ്വകാര്യ സ്ഥാപനത്തെയോ ഏജൻസിയെയോ ഏൽപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ് ഏൽപ്പിച്ചതെന്ന് വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ&ബി) കോട്ടയം ഡി.സി. കിഴക്കേമുറി ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കേരള ലിറ്ററേച്ചർ ഫെസ്റ്റിവലിന് നടപ്പ് സാമ്പത്തിക വർഷത്തെ 2205-00-102-08-58 (നോൺ സാലറി) എന്ന ശീർഷകത്തിൽ വകയിരുത്തിയ 10 ലക്ഷം രൂപയിൽനിന്നും 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**തരൂർ മണ്ഡലത്തിലെ പദ്ധതികൾ**

381 (1171) ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പിനുകീഴിൽ നടത്തിവരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

തരൂർ നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് മുഖേന വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയും നാട്ടരങ്ങ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

കേരളത്തിന്റെ കലാ സാംസ്കാരിക സമ്പന്നതയെ സംരക്ഷിക്കുക, പ്രചരിപ്പിക്കുക, നിശ്ചിത യോഗ്യത നേടിയ യുവകലാകാരന്മാർക്ക്

പ്രോത്സാഹനം നൽകുക എന്നിവ ലക്ഷ്യമാക്കി ആയിരം യുവകലാകാരന്മാരെ തെരഞ്ഞെടുത്ത് സംസ്ഥാനത്തെ വിവിധ ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ക്ലസ്റ്ററുകളിലായി വിന്യസിച്ചുകൊണ്ട് പ്രായഭേദമെന്യേയുള്ള പഠിതാക്കൾക്കായി സാംസ്കാരിക വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കലാപരിശീലനം നൽകിവരുന്ന പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. ഈ പദ്ധതിയിൻകീഴിൽ കലാപരിശീലനം നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട പരിശീലകർക്ക് പ്രതിമാസം 10,000/- രൂപ വീതം സാംസ്കാരിക വകുപ്പും 7,500/- രൂപ വീതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉൾപ്പെടെ 17,500/- രൂപ ഫെലോഷിപ്പ് തുകയായി നൽകിവരുന്നു. പദ്ധതിയുടെ ഭാഗമായി തരൂർ നിയോജകമണ്ഡലത്തിന് കീഴിൽ കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് ക്ലസ്റ്ററിൽ മൂന്നും ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് ക്ലസ്റ്ററിൽ നാലും പഠനകേന്ദ്രങ്ങൾ നിലവിലുണ്ട്. പ്രസ്തുത പഠനകേന്ദ്രങ്ങളിലായി 7 കലാപരിശീലകർ നിലവിൽ വിവിധ കലാരൂപങ്ങൾക്ക് പരിശീലനം നൽകിവരുന്നു. ഗ്രാമീണ മേഖലകളിലും ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതുയിടങ്ങൾ ലഭ്യമല്ലാത്തിടങ്ങളിൽ അനുയോജ്യമായ പാതയോരങ്ങൾ കണ്ടെത്തി

രംഗവേദികൾ സ്ഥാപിക്കുന്ന നാട്ടരങ്ങ് പദ്ധതി തരൂർ നിയോജകമണ്ഡലത്തിലെ വടക്കഞ്ചേരിയിൽ നിർമ്മാണം പൂർത്തീകരിച്ച് 13-09-2020-ന് ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഇതിന്റെ മേൽനോട്ടം വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിനാണ്. കൂടാതെ സാംസ്കാരിക വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ തൃശ്ശൂർ മേഖല കേന്ദ്രം തരൂർ നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ചലച്ചിത്ര പ്രദർശനം നടത്തിവരുന്നു.

**പയ്യന്നൂർ തീയേറ്റർ കോംപ്ലക്സ് നിർമ്മാണം**

382 (1172) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഡി.സി.-യുടെ പയ്യന്നൂർ തീയേറ്റർ കോംപ്ലക്സ് നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥയെന്താണെന്ന് അറിയിക്കാമോ?

പയ്യന്നൂർ പുതിയ ബസ് സ്റ്റാൻഡിനടുത്ത് നിർമ്മാണത്തിലിരിക്കുന്ന തീയേറ്റർ സമുച്ചയത്തിന്റെ സിവിൽ, ഇലക്ട്രിക്കൽ ജോലികൾ പുരോഗമിച്ചുവരുന്നു. തീയേറ്റർ എഞ്ചിനീയറിംഗ് വർക്കുകളുടെ ടെണ്ടറിംഗ്

നടപടികളാരംഭിച്ചു. മാർച്ച് മാസം പകുതിയോടെ ടെണ്ടർ നടപടികൾ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് എപ്പോൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഈ വർഷം അവസാനത്തോടെ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കാസർഗോഡ് ജില്ലയിൽ യൂത്ത് ക്ലബ്ബുകൾ മുഖേനയുള്ള പദ്ധതികൾ**

383 (1173) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണത്തിനും പുരോഗതിക്കും യുവജനക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

തൊഴിൽ പരിശീലനങ്ങൾ, സാംസ്കാരിക കൂട്ടായ്മകൾ, ഗോത്രകലകളുടെയും പാരമ്പര്യ കലകളുടെയും പ്രോത്സാഹനം, അക്കാദമിക് പ്രതിഭകൾക്ക് അനുമോദനങ്ങൾ, പരീക്ഷാ പരിശീലനം, ബോധവൽക്കരണ ക്ലാസ്സുകൾ, സ്പോർട്സ് കിറ്റ് വിതരണം, ക്ലബ്ബുകളുടെ മികച്ച പ്രവർത്തനങ്ങൾ

വിലയിരുത്തിയുള്ള ധനസഹായ വിതരണം, മികച്ച ക്ലബ്ബുകൾക്കുള്ള അവാർഡ് നൽകുക തുടങ്ങിയ പദ്ധതികളാണ് യൂത്ത് ക്ലബ്ബുകളുടെ ശാക്തീകരണത്തിനും പുരോഗതിക്കുംവേണ്ടി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കിവരുന്നത്.

(ബി) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷം യൂത്ത് ക്ലബ്ബുകൾ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശവും ക്ലബ്ബുകൾക്ക് അനുവദിച്ച ഗ്രാന്റ് സംബന്ധിച്ച വിവരവും ലഭ്യമാക്കുമോ?

കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷം യൂത്ത് ക്ലബ്ബുകൾ മുഖേന നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ വിശദാംശവും ക്ലബ്ബുകൾക്ക് അനുവദിച്ച ഗ്രാന്റ് സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) പ്രസ്തുത പദ്ധതികൾക്കും പരിപാടികൾക്കും യൂത്ത് ക്ലബ്ബുകളെ തെരഞ്ഞെടുക്കുന്നതിനുള്ള അർഹത/മുൻഗണന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്യലും ബോർഡിന്റെ പ്രവർത്തനങ്ങളിലുള്ള സഹകരണം, കലാ-സാംസ്കാരിക-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാമൂഹ്യ-വിദ്യാഭ്യാസ മേഖലകളിലുള്ള പ്രവർത്തനങ്ങൾ എന്നിവ വിലയിരുത്തിയുമാണ് യൂത്ത് ക്ലബ്ബുകളെ തെരഞ്ഞെടുക്കുന്നത്.

(ഡി) യുവജനക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ യൂത്ത് ക്ലബ്ബുകളുടെ വിശദവിവരം ലഭ്യമാക്കുമോ?

യുവജനക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ യൂത്ത് ക്ലബ്ബുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഇ) പ്രസ്തുത ബോർഡിൽ രജിസ്റ്റർ ചെയ്യുന്നതിന് എന്തൊക്കെ നടപടി ക്രമങ്ങളാണുള്ളതെന്നും ഹാജരാക്കേണ്ട രേഖകൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

www.youthclub.kerala.gov.in എന്ന വെബ് പോർട്ടൽ മുഖേനയാണ് അപേക്ഷകൾ ക്ഷണിക്കുന്നത്. ഇതിലേയ്ക്ക് ക്ലബ്ബിന്റെ ബൈലോ, സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഇതിന്റെ അഭാവത്തിൽ അതാത് പ്രദേശത്തെ ജനപ്രതിനിധിയുടെ സാക്ഷ്യപത്രം എന്നിവ ഓൺലൈൻ മുഖേന അപ്‌ലോഡ് ചെയ്ത് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്യാവുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള വായനശാല, ഇതിന് കീഴിലുള്ള യുവജനവേദി എന്നിവയെ യുവജനക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്യാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ?

സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾ/സംഘടനകൾ/വായനശാലകൾ എന്നിവയ്ക്ക് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ അഫിലിയേറ്റ് ചെയ്യാവുന്നതാണ്.

**യുവജനക്ഷേമ വകുപ്പ് മുഖേന നൽകുന്ന പദ്ധതികൾ/സഹായങ്ങൾ**

384 (1174) ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകൾ, മറ്റ് യുവജന സംഘങ്ങൾ എന്നിവയ്ക്ക് യുവജനക്ഷേമ വകുപ്പ് നൽകുന്ന പദ്ധതികൾ, സഹായങ്ങൾ എന്നിവ പട്ടികരൂപത്തിൽ നൽകാമോ?

സംസ്ഥാനത്ത് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകൾ, മറ്റ് യുവജന സംഘങ്ങൾ എന്നിവയ്ക്ക് യുവജനക്ഷേമ വകുപ്പ് നൽകുന്ന പദ്ധതികൾ, സഹായങ്ങൾ എന്നിവ പട്ടികരൂപത്തിൽ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികൾ, സഹായങ്ങൾ എന്നിവയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ട വിധം വിശദമാക്കാമോ?

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽനിന്നും തൊഴിൽ പരിശീലനങ്ങൾ, ധനസഹായം, മത്സരപരീക്ഷ, ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ അവാർഡുകൾ എന്നിവയ്ക്കായി നേരിട്ടോ, യൂത്ത് - യുവാ ക്ലബ്ബുകൾ മുഖേനയോ ജില്ലാ യുവജനകേന്ദ്രം വഴിയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്. കായിക യുവജന കാര്യാലയം മുഖേന ധനസഹായം ലഭിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്ന സമയത്ത് നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും കായിക യുവജന കാര്യാലയത്തിൽ നേരിട്ടോ തപാൽ മുഖേനയോയാണ് സമർപ്പിക്കേണ്ടത്.

**യുവജനക്ഷേമ പദ്ധതികൾ**

385 (1175) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവജനക്ഷേമം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നതെന്ന് വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവജനക്ഷേമം ലക്ഷ്യമാക്കി കേരളോത്സവം, ടീം കേരള (വോളന്ററി ആക്ഷൻ ഫോഴ്സ്), അഡ്വഞ്ചർ ആക്ടിവിറ്റീസ് (ട്രക്കിംഗ്, സാഹസിക ക്യാമ്പ്, സാഹസിക കാർണിവൽ, അമ്പെയ്ത്ത് പരിശീലനം, ബീച്ച് ഫെസ്റ്റ്), യുവമാധ്യമപ്രവർത്തക ക്യാമ്പ്, യുവസാഹിത്യ ക്യാമ്പ്, സ്വാമി വിവേകാനന്ദൻ യുവപ്രതിഭാ പുരസ്കാരം, അവളിടം യൂത്ത് ക്ലബ്ബ് - യുവാ ക്ലബ്ബ് (ധനസഹായ വിതരണം), കതിർ കാർഷിക ക്ലബ്ബ്, ഫ്ലാറ്റ് ക്ലബ്ബ്, ട്രൈബൽ സ്പോർട്സ് ക്ലബ്ബ്, വിവാഹ കൗൺസിലിംഗ് ക്ലാസ്സുകൾ, ലഹരിവിരുദ്ധ ക്യാമ്പയിൻ, ഫിഫ വേൾഡ് കപ്പ് - ബിഗ് സ്ക്രീൻ പ്രദർശനം, മത്സരപരീക്ഷാ പരിശീലനം, മണിനാദം (നാടൻ പാട്ട് മത്സരം), കായിക വികസന പ്രവർത്തനങ്ങൾ (സെവൻസ് ഫുട്ബോൾ, കബഡി, വോളിബോൾ മത്സരങ്ങൾ), ട്രാൻസ്ജെൻഡേഴ്സ് ശാക്തീകരണം, ഷോർട്ട് ഫിലിം ഡോക്യുമെന്ററി ഫെസ്റ്റിവൽ, ശാസ്ത്ര ക്വിസ്, മാരിവില്ല് ഫെസ്റ്റ് (ട്രാൻസ്ജെൻഡേഴ്സ് ഫെസ്റ്റ്), ട്രൈബൽ സ്പോർട്സ് മത്സരങ്ങൾ, ഓൺലൈൻ ഡെലിവറി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

യുവജനങ്ങളുടെ നേതൃത്വപരമായ കഴിവുകൾ വളർത്തിയെടുക്കാനും ജില്ലാഭരണകൂടത്തിന് യുവവിദ്യാർത്ഥികളുടെയും പ്രൊഫഷണലുകളുടെയും

കഴിവുകൾ പ്രയോജനപ്പെടുത്താനും ലക്ഷ്യമിട്ടുകൊണ്ട് കായിക യുവജന കാര്യാലയം ചീഫ് മിനിസ്റ്റേഴ്സ് യംഗ് കേരള ഇന്റേൺഷിപ്പ് എന്ന പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്.

കേരള സംസ്ഥാന യുവജന കമ്മീഷന്റെ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. മദ്യം-മയക്കമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്ക് പ്രാതിനിധ്യമുള്ള മേഖലകളിലും കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക.
2. സെമിനാറുകൾ, സിമ്പോസിയം, വർക്ക്ഷോപ്പ് സംഘടിപ്പിക്കുക.
3. ദേശീയ യുവജനദിനത്തിന്റെ ഭാഗമായി ഇന്റർ യൂണിവേഴ്സിറ്റി പ്രസംഗ മത്സരവും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക.
4. യുവജനങ്ങൾക്കുള്ള സൗജന്യ നിയമ സഹായം നൽകുക.
5. യൂത്ത് ഫെസിലിറ്റേഷൻ പ്രോഗ്രാം

   i) ഗ്രീൻ യൂത്ത് പദ്ധതിയിലൂടെ തരിശുഭൂമി കണ്ടെത്തി കൃഷി നടത്തുക, മാലിന്യനിർമ്മാർജ്ജനം, പരിസ്ഥിതി പ്രവർത്തനങ്ങൾ.

   ii) യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രോഗ്രാം

6. പരാതികൾ പരിഹരിക്കുന്നതിനായി അദാലത്ത്, ലോക്കൽ ലെവൽ സിറ്റിംഗ്സ്
7. യൂത്ത് ഐക്കൺ അവാർഡ് പദ്ധതി
8. പാർശ്വവൽക്കൃത യുവജനങ്ങളുടെ ശാക്തീകരണം/ ആരോഗ്യപരിപാലനം
9. സ്ത്രീധനത്തിനെതിരെ ബോധവൽക്കരണ ക്യാമ്പയിൻ, നിയമ സഹായം, കൗൺസിലിംഗ്
10. യുവാക്കൾക്കുള്ള ബോധവത്കരണ ജാഥ.

കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും പ്രത്യേകിച്ച് യുവാക്കൾക്ക് കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിനായി കായികക്ഷമതാ പദ്ധതി കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) പുതിയ എന്തെല്ലാം പദ്ധതികളാണ് യുവജനക്ഷേമ ബോർഡിന് കീഴിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

2023-24 സാമ്പത്തിക വർഷം ബോർഡ് പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളായ ഇന്റർനാഷണൽ യൂത്ത് ഫിലിം ഫെസ്റ്റിവൽ, ഹൈവേ വോളന്റീയർ & ബൈക്ക് ആംബുലൻസ്, തീരദേശ കായികോത്സവം, പെർഫോർമൻസ് സിറ്റി, പാലിയേറ്റീവ് കെയർ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാനുദ്ദേശിക്കുന്നു.

## സംസ്ഥാന യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ

386 (1176) <u>ഡോ. എൻ. ജയരാജ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

യുവാക്കളെ വിദ്യാസമ്പന്നരാക്കുന്നതിനും ശാക്തീകരിക്കുന്നതിനും വേണ്ടി പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിനും യുവാക്കളുടെ സംരക്ഷകനായി വർത്തിക്കുന്നതിനുംവേണ്ടി അർദ്ധ ജുഡീഷ്യൽ അധികാരങ്ങളോടെ നിയമപ്രകാരം രൂപീകരിക്കപ്പെട്ട സ്ഥാപനമാണ് കേരള സംസ്ഥാന യുവജന കമ്മീഷൻ. കമ്മീഷന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:-

1. യുവജനങ്ങളുടെ പരാതികൾ സ്വീകരിക്കുകയും അതിന്മേൽ തുടർനടപടികൾ സ്വീകരിച്ച് വിചാരണ നടത്തി തീർപ്പുകൽപ്പിക്കുകയും ചെയ്യുക.

2. മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ,

മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്ക് പ്രാതിനിധ്യമുള്ള മേഖലകളിലും കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക.

3. സെമിനാറുകൾ, സിമ്പോസിയം, വർക്ക്ഷോപ്പ് എന്നിവ സംഘടിപ്പിക്കുക.

4. ദേശീയ യുവജനദിനത്തിന്റെ ഭാഗമായി ഇന്റർയൂണിവേഴ്സിറ്റി പ്രസംഗ മത്സരവും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക.

5. യുവജനങ്ങൾക്ക് സൗജന്യ നിയമസഹായം നൽകുക.

6. യൂത്ത് ഫെസിലിറ്റേഷൻ പ്രോഗ്രാം

(i) ഗ്രീൻ യൂത്ത് പദ്ധതിയിലൂടെ തരിശുഭൂമി കണ്ടെത്തി കൃഷി നടത്തുക, പരിസ്ഥിതി സംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം.

(ii) യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രോഗ്രാം

7. പരാതികൾ പരിഹരിക്കുന്നതിനായി അദാലത്ത്, ലോക്കൽ ലെവൽ സിറ്റിംഗ്സ്

8. യൂത്ത് ഐക്കൺ അവാർഡ് പദ്ധതി

9. പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ആരോഗ്യ പരിപാലനം.

10. സ്ത്രീധനത്തിനെതിരെ ബോധവൽക്കരണ ക്യാമ്പയിൻ, നിയമ സഹായം, കൗൺസിലിംഗ്

11. യുവാക്കൾക്കുള്ള ബോധവൽക്കരണ ജാഥ

(ബി) പ്രസ്തുത കമ്മീഷന്റെ രൂപീകരണം മുതൽ നാളിതുവരെ നടത്തിയ മികച്ച പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ?

കേരള സംസ്ഥാന യുവജന കമ്മീഷന്റെ പ്രവർത്തനമാരംഭിച്ച കാലയളവിൽത്തന്നെ നിരവധി വിഷയങ്ങളിൽ കമ്മീഷൻ ഇടപെടുകയുണ്ടായി. യുവജനങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങളായ വിദ്യാഭ്യാസ വായ്പാ നിഷേധം, തൊഴിലിടങ്ങളിലുൾപ്പെടെ വിവിധ മേഖലകളിൽ യുവാക്കളനുഭവിക്കുന്ന അവകാശനിഷേധം തുടങ്ങിയ വിഷയങ്ങളിൽ ലഭിച്ച പരാതികൾക്ക് പരിഹാരം തേടുന്നതിന് കമ്മീഷൻ ശ്രമിക്കുകയുണ്ടായി.

കമ്മീഷന്റെ രൂപീകരണം മുതൽ എല്ലാ വർഷവും താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്ക് പ്രാതിനിധ്യമുള്ള മേഖലകളിലും കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

2. സെമിനാറുകൾ, സിമ്പോസിയം, വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു.

3. ദേശീയ യുവജനദിനത്തിന്റെ ഭാഗമായി ഇന്റർ യൂണിവേഴ്സിറ്റി പ്രസംഗ മത്സരവും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക.

4. യുവജനങ്ങൾക്കുള്ള സൗജന്യ നിയമസഹായം നൽകുക.

5. പരാതികൾ പരിഹരിക്കുന്നതിനായി അദാലത്ത്, ലോക്കൽ ലെവൽ സിറ്റിംഗ്സ് നടത്തുക.

6. യൂത്ത് ഐക്കൺ അവാർഡ് പദ്ധതി.

കൂടാതെ, 2018 മുതൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന യുവജനങ്ങൾക്ക് സൗജന്യ നിയമസഹായം നൽകുന്ന യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ എന്ന പദ്ധതിയും യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാമായ ഗ്രീൻ യൂത്ത് പദ്ധതിയിലൂടെ തരിശുഭൂമി കണ്ടെത്തി കൃഷി നടത്തുക, പരിസ്ഥിതി പ്രവർത്തനം, മാലിന്യ നിർമ്മാർജ്ജനം എന്നിവയും

യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

കമ്മീഷൻ പ്രവർത്തനമാരംഭിച്ച 2013 മുതലുള്ള വിവിധ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) യുവജനങ്ങൾക്ക് ജില്ലാതല പരിപാടികളിലൂടെ ലഹരി വിമുക്തി, കരിയർ ഗൈഡൻസ്, തൊഴിൽ നിയമ അവബോധം, പൗരബോധം എന്നിവയിൽ പ്രാവീണ്യം വരുത്തുന്നതിന് സാധ്യമാകുന്ന തരത്തിൽ പുതിയ കർമ്മപദ്ധതി ആരംഭിക്കാമോ; വ്യക്തമാക്കാമോ?

നിലവിൽ മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ബോധവൽക്കരണ പരിപാടികൾ, വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, ഗ്രീൻ യൂത്ത് പദ്ധതി, യുവാക്കൾക്കുള്ള ബോധവൽക്കരണ ജാഥ എന്നീ പദ്ധതികൾ കമ്മീഷൻ നടപ്പിലാക്കിവരുന്നുണ്ട്.

## യുവജന കമ്മീഷന്റെ പ്രവർത്തനം

387 (1177) ഡോ. എം. കെ. മുനീർ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങളുടെ ക്ഷേമത്തിനും വികസനത്തിനുമായി യുവജന കമ്മീഷൻ പ്രവർത്തിക്കുന്നുണ്ടോ?

പ്രവർത്തിക്കുന്നുണ്ട്.

(ബി) കമ്മീഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

കമ്മീഷൻ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:-

1. മദ്യം-മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ, തീവ്രവാദം എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും യുവാക്കൾക്ക് പ്രാതിനിധ്യമുള്ള മേഖലകളിലും കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

2. സെമിനാറുകൾ, സിമ്പോസിയം, വർക്ക്ഷോപ്പ് സംഘടിപ്പിക്കുക.

3. ദേശീയ യുവജന ദിനത്തിന്റെ ഭാഗമായി ഇന്റർ യൂണിവേഴ്സിറ്റി പ്രസംഗ മത്സരവും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക.

4. യുവജനങ്ങൾക്ക് സൗജന്യ നിയമസഹായം നൽകുക.

5. യൂത്ത് ഫെസിലിറ്റേഷൻ പ്രോഗ്രാം

(i) ഗ്രീൻ യൂത്ത് പദ്ധതിയിലൂടെ തരിശുഭൂമി കണ്ടെത്തി കൃഷി നടത്തുന്നു.

(ii) യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് പ്രോഗ്രാം

6. പരാതികൾ പരിഹരിക്കുന്നതിനായി അദാലത്ത്, ലോക്കൽ ലെവൽ സിറ്റിംഗ്സ്

7. യൂത്ത് ഐക്കൺ അവാർഡ് പദ്ധതി

8. പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം/ആരോഗ്യ പരിപാലനം.

9. സ്ത്രീധനത്തിനെതിരെ ബോധവൽക്കരണ ക്യാമ്പയിൻ, നിയമസഹായം, കൗൺസിലിംഗ്

10. യുവാക്കൾക്കുള്ള ബോധവൽക്കരണ ജാഥകൾ

(സി) പ്രസ്തുത പദ്ധതികളിൽ യുവജന പങ്കാളിത്തമുറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

പരസ്യ പ്രചരണങ്ങളിലൂടെയും കമ്മീഷൻ അംഗങ്ങൾ, സ്റ്റേറ്റ് കോ-ഓർഡിനേറ്റർമാർ, ജില്ലാ കോ-ഓർഡിനേറ്റർമാർ എന്നിവരുടെ പ്രവർത്തനങ്ങളിലൂടെയും പ്രസ്തുത പദ്ധതികളിൽ യുവജന പങ്കാളിത്തം ഉറപ്പാക്കുന്നു.

(ഡി) കമ്മീഷൻ ചെയർപേഴ്സന്റെ ശമ്പളം പുതുക്കി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ടോ; ഇതനുസരിച്ച് കുടിശ്ശികയായി നൽകേണ്ട തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

2018-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ചെയർപേഴ്സന്റെ ശമ്പളം ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. 23-01-2023-ലെ സ.ഉ(സാധാ)നം. 37/2023/എസ്.വൈ.എ. പ്രകാരം കമ്മീഷൻ ചെയർപേഴ്സന് 06-01-2017 മുതൽ 1,00,000/- രൂപ പ്രതിമാസ വേതനം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. കുടിശ്ശികയായി 7,90,645/- രൂപയോളം നൽകേണ്ടതുണ്ട്.

**യുവജന കമ്മീഷൻ അദ്ധ്യക്ഷയുടെ ശമ്പള കുടിശ്ശിക**

388 (1178) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജന കമ്മീഷൻ അദ്ധ്യക്ഷയുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചെടുത്തിട്ടുള്ള തീരുമാനമെന്താണെന്ന് വിശദമാക്കുമോ?

2014-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ആക്ടിൽ ചെയർപേഴ്സൺ ഗവൺമെന്റ് സെക്രട്ടറിയുടെ പദവിയുള്ള ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള അങ്ങനെയുള്ള ശമ്പളവും ബത്തകളും നൽകേണ്ടതുമാണെന്നും ചെയർപേഴ്സന്റെ കാലാവധി 3 വർഷമാണെന്നും രണ്ടിൽ കൂടുതൽ തവണ ഔദ്യോഗിക സ്ഥാനം വഹിക്കാൻ കഴിയില്ലെന്നും പറയുന്നു. 2018-ലെ കേരള സംസ്ഥാന യുവജന കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ചെയർപേഴ്സന്റെ ശമ്പളം ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. സിറ്റിംഗ് ഫീ, യാത്രാബത്ത, മറ്റ് ബത്തകൾ എന്നിവയ്ക്കായി ചെയർപേഴ്സനെ ഗ്രേഡ്-I/ക്ലാസ്-I ആയി പരിഗണിക്കേണ്ടതാണെന്നും പ്രസ്തുത ചട്ടത്തിൽ പറയുന്നു.

(ബി) നിലവിലെ യുവജന കമ്മീഷൻ അദ്ധ്യക്ഷയ്ക്ക് ശമ്പള കുടിശ്ശികയനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ കുടിശ്ശികയായി എത്ര രൂപ നൽകേണ്ടി വരുമെന്നതിന്റെ വിശദാംശം നൽകുമോ?

23-01-2023-ലെ സ.ഉ.(സാധാ)നം.37/2023/എസ്.വൈ.എ. പ്രകാരം യുവജന കമ്മീഷൻ അദ്ധ്യക്ഷയ്ക്ക് ശമ്പള കുടിശ്ശികയനുവദിച്ച് ഉത്തരവായിട്ടുണ്ട്. കുടിശ്ശികയായി 7,90,645/- രൂപയോളം നൽകേണ്ടതുണ്ട്.

(സി) ഇതുസംബന്ധിച്ച് യുവജന കമ്മീഷൻ അദ്ധ്യക്ഷ നൽകിയ 20-08-2022-ലെ 698/എ 1/2018/കേ.സം.യു.ക. കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

യുവജന കമ്മീഷൻ അദ്ധ്യക്ഷ നൽകിയ 20-08-2022-ലെ 698/എ 1/2018/കേ.സം.യു.ക. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

**യുവജനങ്ങൾക്കായി കായിക വിനോദ പരിപാടികൾ**

389 (1179) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡിൽ യുവജനങ്ങൾക്കായി കായിക-വിനോദ പരിപാടികൾ പ്രോത്സാഹിപ്പിക്കാൻ നിലവിൽ സംവിധാനമുണ്ടോ;

(ബി) ഇല്ലെങ്കിൽ യുവജനങ്ങൾക്കായി ഇത്തരം സംവിധാനമേർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

1. ജില്ലാതല പുരുഷ-വനിതാ കബഡി ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനതലത്തിൽ കാസർഗോഡ് ജില്ലയിൽവച്ച് 2023 ഫെബ്രുവരി മാസം കബഡി മത്സരം സംഘടിപ്പിക്കുന്നു.

2. സംസ്ഥാനതല വോളിബോൾ മത്സരം: കണ്ണൂർ ജില്ലയിൽ യുവജനങ്ങൾക്കായി 2023 മാർച്ച് അവസാന വാരത്തോടുകൂടി സംസ്ഥാനതല വോളിബോൾ മത്സരം സംഘടിപ്പിക്കുന്നു.

3. സെവൻസ് ഫുട്ബോൾ: യുവ കായികതാരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി സംസ്ഥാന യുവജനക്ഷേമ ബോർഡ് 2022 സെപ്റ്റംബർ 1 മുതൽ എല്ലാ ജില്ലകളിലും ഫുട്ബോൾ മത്സരം (സെവൻസ്) സംഘടിപ്പിക്കുകയും 2022 നവംബർ 19, 20 തീയതികളിൽ മലപ്പുറം

ജില്ലയിൽവച്ച് സംസ്ഥാനതല സെവൻസ് ഫുട്ബോൾ മത്സരം സംഘടിപ്പിക്കുകയും ചെയ്തു.

4. സംസ്ഥാന കേരളോത്സവത്തിന്റെ ഭാഗമായി പഞ്ചായത്തുതലം മുതൽ മത്സരിച്ച് വിജയികളായ കായികതാരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനതല കേരളോത്സവം 2022 ഡിസംബർ അവസാന വാരം സംഘടിപ്പിച്ചു.

5. 2022 നവംബർ, ഡിസംബർ മാസങ്ങളിൽ ഖത്തറിൽ വച്ചുനടന്ന ഫിഫ ലോകകപ്പ് ഫുട്ബോളിനെ വരവേൽക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 140 നിയോജകമണ്ഡലങ്ങളിലും യൂത്ത് ക്ലബ്ബുകൾ മുഖാന്തരം ബിഗ് സ്ക്രീൻ പ്രദർശനം സംഘടിപ്പിക്കുകയും 14 ജില്ലകളിലും വിളംബര ജാഥകൾ നടത്തുകയും ചെയ്തു. ലോകകപ്പ് ഫൈനൽ മത്സരം കേരളോത്സവ സംസ്ഥാനതല വേദിയിൽ ബിഗ് സ്ക്രീനിൽ പ്രദർശിപ്പിക്കുകയുണ്ടായി.

**യുവജന കമ്മീഷൻ അദ്ധ്യക്ഷയ്ക്ക് അനുവദിച്ച ശമ്പള കുടിശ്ശിക**

390 (1180) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജന കമ്മീഷൻ അദ്ധ്യക്ഷയുടെ ശമ്പളം നിർണ്ണയിച്ചുകൊണ്ട് സർക്കാർ ഉത്തരവിറങ്ങിയത് എന്നാണെന്നും മുൻകാല പ്രാബല്യത്തോടെ ശമ്പളം നിർണ്ണയിച്ച് നൽകിയാണോ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നുമുള്ള വിശദാംശം നൽകുമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഉത്തരവിന് വിരുദ്ധമായി വർദ്ധിപ്പിച്ച ശമ്പളത്തിന് മുൻകാല പ്രാബല്യത്തോടെ കുടിശ്ശിക അനുവദിക്കണമെന്നാവശ്യപ്പെട്ട് യുവജന കമ്മീഷൻ അദ്ധ്യക്ഷ കത്ത് നൽകിയിരുന്നോ; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) മേൽപ്പറഞ്ഞ കത്തിന്റെ അടിസ്ഥാനത്തിൽ യുവജന കമ്മീഷൻ അദ്ധ്യക്ഷയ്ക്ക് ശമ്പള കുടിശ്ശിക അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് ഇപ്രകാരം അനുവദിച്ച് നൽകിയതെന്നും ഇതുസംബന്ധിച്ച് സർക്കാർ പ്രത്യേക ഉത്തരവിറക്കിയിട്ടുണ്ടോയെന്നും അറിയിക്കാമോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പും ഇതുസംബന്ധിച്ച ഫയലിന്റെ പകർപ്പും ലഭ്യമാക്കുമോ?

(എ-സി) 06-01-2017-ലെ സ.ഉ(സാധാ)നം.3/2017/കാ.യു.വ. പ്രകാരം (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+) യുവജന കമ്മീഷൻ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയർപേഴ്സന്റെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച വിഷയത്തിന്മേൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതുവരെ നിലവിലെ ചെയർപേഴ്സണായ കുമാരി ചിന്ത ജെറോമിന് പ്രതിമാസം 50,000/- രൂപ അഡ്വാൻസ് ശമ്പളവും ഔദ്യോഗിക യാത്രകൾക്ക് ഒന്നാം ക്ലാസ് കേരള സർക്കാർ ഉദ്യോഗസ്ഥർക്കുള്ള യാത്രാബത്ത, ദിനബത്ത എന്നിവയും ഔദ്യോഗിക വാഹനത്തിനും സർക്കാർ ഗസ്റ്റ് ഹൗസ്/റസ്റ്റ് ഹൗസ് താമസത്തിനും തിരുവനന്തപുരത്ത് ഔദ്യോഗിക താമസത്തിനുമായി പ്രതിമാസം 50,000/-നുമേൽ ശമ്പളത്തിന് ആനുപാതികമായ നിരക്കിലുള്ള വീട് വാടകബത്തയ്ക്കും (2,500/- രൂപ) അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽപ്രകാരം ചെയർപേഴ്സൺ അഡ്വാൻസ് ശമ്പളമായി 50,000/- രൂപ കൈപ്പറ്റിവരവെ 26-05-2018-ലെ സ.ഉ(അച്ചടി)5/2018/കാ.യു.വ. (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+) പ്രകാരം കമ്മീഷൻ ചട്ടങ്ങൾ നിലവിൽവന്നു. ടി ചട്ടങ്ങളിൽ ചെയർപേഴ്സന്റെ ശമ്പളം ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

ചട്ടങ്ങൾ രൂപീകരിക്കുന്നതുവരെ ചെയർപേഴ്സന്റെ ശമ്പളം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ചെയർപേഴ്സനായി നിയമിതയായത് മുതൽ ചട്ടങ്ങൾ രൂപവൽക്കരിക്കപ്പെട്ട കാലയളവ് വരെ കൈപ്പറ്റിയ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശമ്പളത്തെ സംബന്ധിച്ച് അനിശ്ചിതത്വം നിലനിൽക്കുകയാണെന്നും ആയതിനാൽ 14-10-2016 മുതൽ 25-05-2018 വരെയുള്ള കാലയളവിൽ വാങ്ങിയ അഡ്വാൻസ് തുകയെ സംബന്ധിച്ച വ്യക്തതയും അഡ്വാൻസായി കൈപ്പറ്റിയ തുകയും യുവജന കമ്മീഷൻ ചട്ടങ്ങൾ പ്രകാരം നിജപ്പെടുത്തിയ ശമ്പളവും തമ്മിലുള്ള കുടിശ്ശിക അനുവദിക്കണമെന്നും യുവജന കമ്മീഷൻ ചെയർപേഴ്സൺ 20-08-2022-ലെ 698/എ 1/2018/കേ.സം.യു.ക. നമ്പർ കത്ത് (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+) പ്രകാരം ആവശ്യപ്പെടുകയുണ്ടായി. സർക്കാർ ഇക്കാര്യം പരിശോധിക്കുകയും കേരള സംസ്ഥാന യുവജന കമ്മീഷൻ ചെയർപേഴ്സൺ കുമാരി ചിന്ത ജെറോമിന് 06-01-2017 മുതൽ ഒരു ലക്ഷം രൂപ പ്രതിമാസ വേതനം അനുവദിച്ചുകൊണ്ട് 23-01-202-ലെ സ.ഉ.(സാധാ)നം.37/2023/S&YA (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+) പ്രകാരം ഉത്തരവാകുകയും ചെയ്തു. B2/266/2022-SYA നമ്പർ ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**അനുബന്ധം-II**

<u>നക്ഷത്രചിഹ്നമിട്ട 65-ാം നമ്പർ ചോദ്യത്തിന് ശ്രീ. കെ. ബാബു (നെന്മാറ) ഉന്നയിച്ച ഉപചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ ബാക്കിഭാഗം</u>

| നിരോധിക്കപ്പെടുന്നത് (Prohibited) | നിയന്ത്രിക്കപ്പെടുന്നത് (Regulated) |
|---|---|
| വാണിജ്യ ഖനനം | മരങ്ങൾ മുറിച്ചു മാറ്റുക |
| തടിമില്ലുകൾ സ്ഥാപിക്കുക | ഹോട്ടലുകളും റിസോർട്ടുകളും ആരംഭിക്കുക |
| മലിനീകരണമുണ്ടാകുന്ന വ്യവസായങ്ങൾ ആരംഭിക്കുക | കാർഷിക മേഖലയിലെ ഗുരുതരമായ മാറ്റം |
| വിറകിന്റെ വാണിജ്യ ഉപയോഗം | പ്രകൃതിദത്ത ജലത്തിന്റെ വ്യവസായിക ഉപയോഗം |
| വൻകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുക | ഇലക്ട്രിക് കേബിളുകൾ സ്ഥാപിക്കുക |
| അപകടകരമായ വസ്തുക്കളുടെ ഉൽപ്പാദനവും ഉപയോഗവും | ഹോട്ടലുകൾ, ലോഡ്ജുകൾ എന്നിവയ്ക്ക് ചുറ്റും വേലി സ്ഥാപിക്കുക |
| ടൂറിസത്തിന്റെ ഭാഗമായി നാഷണൽ പാർക്കുകൾക്ക് മുകളിലൂടെയുള്ള ആകാശയാത്ര | റോഡ് വീതി കൂട്ടുക |
| ജലാശയങ്ങളിൽ മലിന വസ്തുക്കൾ നിക്ഷേപിക്കുക | വാണിജ്യാവശ്യത്തിനായുള്ള വാഹനങ്ങളുടെ രാത്രികാല യാത്ര |
| | വിദേശ പക്ഷി ജന്തുജാലങ്ങളെ കൊണ്ടുവരിക |
| | കുന്നിൻ ചരിവുകളുടെയും നദീതീരങ്ങളുടെയും സംരക്ഷണത്തിനായുള്ള പ്രവൃത്തികൾ |

| | |
|---|---|
| | വായു/വാഹന മലിനീകരണം |
| | പരസ്യ ബോർഡുകൾ സ്ഥാപിക്കുക |

**അനുബന്ധം-III**

പതിനഞ്ചാം കേരള നിയമസഭയുടെ മൂന്നാം സമ്മേളനത്തിൽ 29-10-2021-ലെ 4577-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന് ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി നൽകിയ പുതുക്കിയ മറുപടി

**കാസർഗോഡ് ജില്ലയിലെ കാറഡുക്ക പഞ്ചായത്തിലെ കാട്ടുപന്നി ശല്യം**

(4577) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാറഡുക്ക പഞ്ചായത്തിൽ പി. കുഞ്ഞമ്പു നായർ എന്ന 66 വയസ്സുകാരൻ സ്കൂട്ടറിൽ യാത്ര ചെയ്യവേ കാട്ടുപന്നിയെ ഇടിച്ച് റോഡിലേയ്ക്ക് തെറിച്ചുവീണ് മരിച്ച സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 02-10-2021 രാവിലെയാണ് ടി സംഭവമുണ്ടായത്. മംഗലാപുരം ആശുപത്രിയിൽ വച്ച് ടിയാൻ അന്നേ ദിവസം മരണപ്പെട്ടു.

(ബി) ഈ പ്രദേശത്ത് വർഷങ്ങളായി കാട്ടുപന്നി ശല്യം വ്യാപകമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാറഡുക്ക പഞ്ചായത്ത് കാറഡുക്ക റിസർവ് ഫോറസ്റ്റിന് സമീപമാണ്. ആയതിനാൽ, കാട്ടുപന്നികൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ കൃഷിയിടങ്ങളിൽ കൂടുതലായി ഇറങ്ങുന്നുണ്ട്. കാസർഗോഡ് ഡിവിഷനിൽ ജനവാസ കേന്ദ്രത്തിൽ ഇറങ്ങി കാർഷിക വിളകൾക്ക് നാശം ഉണ്ടാക്കുന്ന വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിനായി 6 ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ചുവരുന്നുണ്ട്. ജനവാസ കേന്ദ്രങ്ങളിലുള്ള കാട്ടുപന്നികളെ സർക്കാർ ഉത്തരവ് പ്രകാരം കൊല്ലുന്നതിനുള്ള നടപടി വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ 9 കാട്ടുപന്നികളെ ഇപ്രകാരം കൊന്നിട്ടുണ്ട്. കാട്ടുപന്നികളെ വെടിവച്ച് കൊല്ലുന്നതിനായി കാസർഗോഡ് ഡിവിഷനിൽ കർഷകരായുള്ള 37 പേരെ അവരുടെ അപേക്ഷപ്രകാരം എംപാനൽ ചെയ്ത് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ കർഷകരായ 11 പേർക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടെ എത്രപേർക്ക് ജീവൻ നഷ്ടപ്പെട്ടു എന്നും എത്രപേർക്ക് പരിക്കേറ്റു എന്നും വ്യക്തമാക്കാമോ; മരണപ്പെട്ടവർക്കും പരുക്കേറ്റവർക്കും നൽകിയ ധനസഹായങ്ങളെക്കുറിച്ച് വിശദാംശം നൽകാമോ?

വ്യക്തമാക്കാം. കാസർഗോഡ് ജില്ലയിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ കഴിഞ്ഞ 15 വർഷത്തിനിടെ 7 പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. ധനസഹായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | വർഷം | ധനസഹായം നൽകിയ തുക |
|---|---|---|---|
| 1 | ആയിഷാബി | 2015 | 5,00,000/- |
| 2 | ജോസ് മാടത്തിൽ | 2018 | 10,00,000/- |
| 3 | കെ. കെ. കൃഷ്ണൻ | 2018 | 10,00,000/- |
| 4 | വെള്ളൻ | 2020 | 10,00,000/- |
| 5 | രാജേഷ് | 2020 | 5,00,000/- |
| 6 | എത്തപ്പ നായിക്ക് | 2020 | 5,00,000/- |
| 7 | കുഞ്ഞമ്പു നായർ | 2021 | ധനസഹായം നൽകിയിട്ടില്ല |

31 പേർക്ക് പന്നിയുടെ ആക്രമണംമൂലം പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽപ്പെട്ട 26 പേർക്ക് ധനസഹായം നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പരിക്കേറ്റവരുടെ എണ്ണം | ധനസഹായം നൽകിയ തുക |
|---|---|---|
| 2012 | 5 | 24,460.00 |
| 2013 | 1 | 10,710.00 |
| 2014 | 1 | 11,285.00 |
| 2015 | 9 | 1,27,966.00 |
| 2017 | 4 | 2,10,032.00 |
| 2019 | 4 | 1,27,965.00 |
| 2020 | 2 | 57,236.00 |

5 പേർക്ക് ധനസഹായം നൽകാൻ ബാക്കിയുണ്ട്. ധനസഹായം നൽകാൻ ബാക്കിയുള്ള 5 അപേക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | എണ്ണം | ധനസഹായം നൽകാൻ ബാക്കിയുള്ള തുക |
|---|---|---|
| 2020 | 2 | 37,100.00 |
| 2021 | 3 | 83,300.00 |
| ആകെ | 5 | 1,20,400.00 |

(ഡി) 2021 ഒക്ടോബർ 2-ന് മരണപ്പെട്ട കുഞ്ഞമ്പു നായരുടെ കുടുംബത്തിന് എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോയെന്നും ഇനി എന്തൊക്കെ സഹായം നൽകുമെന്നും വ്യക്തമാക്കാമോ?

നിലവിൽ സാമ്പത്തിക സഹായം നൽകിയിട്ടില്ല. കാട്ടുപന്നിമൂലം ജീവഹാനി സംഭവിക്കുന്ന കേസ്സുകളിൽ അനന്തരാവകാശിക്ക് 10 ലക്ഷം രൂപയുടെ നഷ്ടപരിഹാരത്തിന് അർഹതയുണ്ട്. നഷ്ടപരിഹാരത്തിനുള്ള അപേക്ഷ ലഭിച്ചിട്ടില്ല. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പോലീസ് റിപ്പോർട്ടിന്റെയും പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നഷ്ടപരിഹാര തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.